# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

### വാല്യം 13

**ഓച്ചിറ ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

### വാല്യം 14

**കരുനാഗപ്പള്ളി ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

### വാല്യം 15

**ശാസ്താംകോട്ട ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

### വാല്യം 16

**വെട്ടിക്കവല ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

### വാല്യം 17

**പത്തനാപുരം ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

### വാല്യം 18

**അഞ്ചൽ ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

### വാല്യം 19

**കൊട്ടാരക്കര ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

### വാല്യം 20

**ചിറ്റുമല ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

### വാല്യം 21

**ചവറ ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

### വാല്യം 22

**അഞ്ചാലുംമൂട് ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

### വാല്യം 23

**മുഖത്തല ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

### വാല്യം 24

**ഇത്തിക്കര ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

### വാല്യം 25

**ചടയമംഗലം ബ്ലോക്ക്**

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

### വാല്യം 26

**മല്ലപ്പള്ളി ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

### വാല്യം 27

**പുളിക്കീഴ് ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറുപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

8

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. പുത്യക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ നങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

| വാല്യം 141 |
|---|

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

| വാല്യം 142 |
|---|

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

| വാല്യം 143 |
|---|

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

| വാല്യം 144 |
|---|

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

| വാല്യം 145 |
|---|

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

| വാല്യം 146 |
|---|

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

| വാല്യം 147 |
|---|

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

| വാല്യം 148 |
|---|

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

| വാല്യം 149 |
|---|

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജെ
11. ബദിയടുക്ക

| വാല്യം 150 |
|---|

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

| വാല്യം 151 |
|---|

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

| വാല്യം 152 |
|---|

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# കടപ്പുറം പഞ്ചായത്ത്
# പ്രഥമ വികസന റിപ്പോർട്ട്

1996



## ഒമ്പതാം പദ്ധതി
## ജനകീയ പദ്ധതി



“എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ
വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്;
എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്താൻ
വിഭവങ്ങളില്ലതാനും.”

**മഹാത്മാഗാന്ധി**

17

# പഞ്ചായത്ത് ഭരണസമിതി

| | | | |
|---|---|---|---|
| 1. | N.T. സൈനബ ടീച്ചർ | പ്രസിഡണ്ട് | 9-ാം വാർഡ് |
| 2. | K.D. വീരമണി | വൈസ് പ്രസിഡണ്ട് | 10-ാം വാർഡ് |
| 3. | V.K. ശാഹു ഹാജി | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 5-ാം വാർഡ് |
| 4. | ബീവാത്തു ടീച്ചർ | | 1-ാം വാർഡ് |
| 5. | P.V. മൊയ്തീൻ | | 2-ാം വാർഡ് |
| 6. | ഫാത്തിമാ ബക്കർ | | 3-ാം വാർഡ് |
| 7. | P. ബീരാൻ സാഹിബ് | | 4-ാം വാർഡ് |
| 8. | P.V. സുലൈഖ ടീച്ചർ | | 6-ാം വാർഡ് |
| 9. | റാഫി വലിയകത്ത് | | 7-ാം വാർഡ് |
| 10. | V.S. അപ്പു | | 8-ാം വാർഡ് |

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1. B.K.C. തങ്ങൾ
2. C.H. അബ്ദുൽ റഷീദ്
3. അറക്കൽ മുഹമ്മദ്
4. T. മൂസകുട്ടി ഹാജി
5. C.S. ശാഹുൽ ഹമീദ്
6. P.C. ശാഹു
7. P. ഷംസുദ്ദീൻ
8. P.C. കോയമോൻ
9. P. ബീരാൻ സാഹിബ്
10. റാഫി വലിയകത്ത്
11. P.C. ഉമ്മർ
12. C. അബ്ദുൽ മജീദ്
13. ശ്രീ. അയ്യപ്പകുട്ടി മാസ്റ്റർ
14. V.K. ശാഹുൽ ഹമീദ് ഹാജി
15. സുലൈഖ ടീച്ചർ
16. ശ്രീ. ഉണ്ണികൃഷ്ണൻ
17. ശ്രീ. വേലായുധൻ മാസ്റ്റർ
18. V.K. കുഞ്ഞാലു
19. K.D. വീരമണി
20. സൈനബ ടീച്ചർ
21. V.K. ഷംസുദ്ദീൻ ഹാജി
22. P.P. കുഞ്ഞിമുഹമ്മദ്
23. K.S. ദാസൻ
24. R.T. ജലീൽ
25. A.K. ഹംസ
26. T.K. ഹുസൈൻ
27. Mrs. H. ഷബീന (കൃഷി ഓഫീസർ)
28. K.M. ഇബ്രാഹിം
29. L.S. മുഹമ്മദുണ്ണി
30. ഓമന L നായർ (H.M. അൽ-അറഫ)
31. K.M. അബ്ദുറഹിമാൻ (പ്രിൻസിപ്പാൾ V.H.S.)
32. റഷീദ് (ഗ്രാമസേവകൻ)
33. K.M. കാദർ
34. മമ്മു മാസ്റ്റർ (പ്രിൻസിപ്പൾ ഫോക്സ്)
35. T.K. ഹമീദ്
36. K.S. നഹാസ്
37. R.S. മുഹമ്മദ്മോൻ
38. C. ഹസ്സൻ കോയ
39. P.C. സെയ്തുമുഹമ്മദ് മാസ്റ്റർ
40. M. അഹമു മാസ്റ്റർ

19


## മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ




ജ. P.C. ഹമീദ് ഹാജി




ജ. P.V. മൊയ്തീൻ
II-ാം വാർഡ് മെമ്പർ



ജ. B.K.C. തങ്ങൾ
പ്രഥമ പഞ്ചായത്ത് പ്രസിഡണ്ട്



ജ. T.K. ഹുസൈൻ




ജ. T. മൂസകുട്ടി ഹാജി

20


# പഞ്ചായത്ത് ഭരണ സമിതി




N.T. സൈനബ ടീച്ചർ
പ്രസിഡണ്ട്




K.D. വീര മണി
വൈ. പ്രസിഡണ്ട്



V.K. ശാഹു ഹാജി
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ




P. ബീരാൻ സാഹിബ്



റാഫി വലിയകത്ത്



P.V. സുലൈഖ ടീച്ചർ




P.V. മൊയ്തീൻ




ബീവാത്തു ടീച്ചർ




ഫാത്തിമ ബക്കർ




V.S. അപ്പു



C.H. അബ്ദുൽ റഷീദ്
ജില്ലാ പഞ്ചായത്ത് മെമ്പർ



അറക്കൽ മുഹമ്മദ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



I.T. ലോനപ്പൻ
പഞ്ചായത്ത് സെക്രട്ടറി

## പഞ്ചായത്ത് ജീവനക്കാർ

1. I.T. ലോനപ്പൻ സെക്രട്ടറി
2. C.R. പ്രേമൻ മാസ്റ്റർ (HC)
3. V.V. ദിവാകരൻ (UDC)
4. V.B. ശകുന്തള (UDC)
5. രഘു വി.ബി. (LDC)
6. സലാഹുദ്ദീൻ പി.പി. (LDC)
7. മിനി കെ.ആർ. (LDC)

22

# ഉള്ളടക്കം


1. ആമുഖം ........................................ 8
2. പഞ്ചായത്ത് പൊതുവിതരണം ........................................ 9
3. ചരിത്രം ........................................ 10
4. ഭൂപ്രകൃതി ........................................ 14
5. സാമൂഹ്യ സാമ്പത്തിക മേഖലകൾ
    - 5-1 കൃഷിയും ജലസേചനവും ........................................ 16
    - 5-2 മത്സ്യബന്ധനവും മൃഗസംരക്ഷണവും ........................................ 21
    - 5-3 വിദ്യാഭ്യാസം ........................................ 27
    - 5-4 കുടിവെള്ളവും പൊതുജനാരോഗ്യവും ........................................ 33
    - 5-5 വ്യവസായം ........................................ 38
    - 5-6 സഹകരണം ........................................ 41
    - 5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും ........................................ 44
    - 5-8 ഊർജ്ജവും ഗതാഗതവും ........................................ 48
    - 5-9 സംസ്ക്കാരം ........................................ 57
    - 5-10 വനിതാക്ഷേമം ........................................ 59
    - 5-11 പട്ടികജാതി പട്ടികക്ഷേമം ........................................ 62
    - 5-12 വിഭവ സമാഹരണം ........................................ 66

# ആമുഖം

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനങ്ങൾക്ക് പങ്കാളിത്തം വരുന്നതിലൂടെ വികസന പ്രവർത്തനങ്ങൾക്ക് വേഗതയും അതിൽ ജനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്തവും ഉണ്ടാവുന്നു. അധികാര വികേന്ദ്രീകരണത്തോടൊപ്പം വികേന്ദ്രീകൃത ആസൂത്രണവും പ്രാവർത്തികമാക്കാൻ കഴിഞ്ഞാലേ പ്രാദേശികാവശ്യങ്ങളുടെ പൂർത്തീകരണം തദ്ദേശീയവിഭവങ്ങളുടെ അടിസ്ഥാനത്തിൽ നിർവ്വഹിക്കുവാൻ കഴിയൂ.

ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു. ഇന്ത്യയുടെ സമഗ്രവികസനം ഗ്രാമോദ്ധാരണത്തിലൂടെ മാത്രമേ സാദ്ധ്യമാകൂ എന്ന തിരിച്ചറിവായിരുന്നു സ്വയം പര്യാപ്തമായ ഗ്രാമസ്വരാജിനുവേണ്ടി വാദിക്കാൻ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിജിയെ പ്രേരിപ്പിച്ചത്.

ആസൂത്രണത്തിലെ ഡിപ്പാർട്ട്മെന്റലിസത്തിന്റെ ഫലമായി മുകൾതട്ടിൽ നിന്ന് പദ്ധതികൾ താഴോട്ടൊഴുകിയെത്തുമ്പോഴേക്കും പദ്ധതി വിഹിതം ചോർന്നുപോകുന്ന അവസ്ഥയ്ക്കൊരു പരിഹാരമെന്നോണമാണ് അധികാര വികേന്ദ്രീകരണത്തിനും പഞ്ചായത്ത് രാജ് നിയമത്തിനും വേണ്ടി മുൻകൈയെടുക്കാൻ അന്തരിച്ച പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയെ പ്രേരിപ്പിച്ചത്.

കേരളത്തിൽ പഞ്ചായത്ത് രാജ് സംവിധാനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ മുൻപെ തന്നെ ആരംഭിച്ചിട്ടുണ്ട്. 1967-ൽ അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയായിരുന്ന അഹമ്മദ് കുരിക്കൾ കേരളനിയമസഭയിൽ പഞ്ചായത്ത് രാജ് ബിൽ കൊണ്ടുവന്നെങ്കിലും അത് പാസ്സാക്കിയെടുക്കാൻ കഴിഞ്ഞില്ല. എങ്കിലും 73,74 ഭരണഘടന ഭേദഗതിയുടെ ഭാഗമായി കേരള നിയമസഭയിൽ പഞ്ചായത്തീ രാജ് നിയമം പാസ്സാക്കിയെടുക്കാൻ അദ്ദേഹത്തിന്റെ പിൻമുറക്കാർക്ക് കഴിഞ്ഞു.

അധികാര വികേന്ദ്രീകരണമെന്നാൽ സ്ഥാപനങ്ങളുടെ മേൽനോട്ടമാണെന്ന (മേൽപോട്ട് നോക്കൽ) അവസ്ഥക്കുപകരം അധികാരത്തോടുകൂടി സമ്പത്തും താഴെക്കിടയിൽ എത്തിയാൽ മാത്രമേ ജനങ്ങളുടെ അഭിലാഷങ്ങൾക്കനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിയൂ. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേണ്ടിയാണ് ജനകീയാസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. ലക്ഷക്കണക്കായ ഗ്രാമീണ ജനത നാടിന്റെ വികസന പ്രശ്നങ്ങൾ ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്ന രീതിയിലൂടെ കേരളം ലോകത്തിന് തന്നെ മാതൃകയാവുകയാണ്.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി ഒക്ടോബർ 2-ാം തീയതി ഏകദേശം നൂറ് പ്രാദേശിക പ്രവർത്തകർക്ക് (എൽ.ആർ.പി.) പരിശീലനം നൽകുകയുണ്ടായി. സംസ്ഥാനതല പരിശീലനത്തിലും, ജില്ലാതല പരിശീലനത്തിലും നമ്മുടെ പഞ്ചായത്തിൽ നിന്നും പ്രതിനിധികളുണ്ടായിട്ടുണ്ട്. ഗ്രാമസഭകളിൽ ശരാശരി 150-200 പേർ പങ്കെടുത്തിരുന്നു. വിശദമായ ചർച്ചയും, നിർദ്ദേശങ്ങളും ഉയർന്നുവരികയുണ്ടായി. രണ്ടാം ഘട്ടത്തിലെ പരിശീലനത്തിൽ സ്ത്രീകളുൾപ്പെടെ 97 പേർ പങ്കെടുത്തു. പഞ്ചായത്തിലെ വിവിധ മേഖലകളിലെ പ്രഗത്ഭരായ മുപ്പതോളം പേർ നിരന്തരമായി അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്ത കാര്യങ്ങളാണ് ഗ്രാമസഭ റിപ്പോർട്ട് ക്രോഡീകരണത്തോടൊപ്പം ഈ വികസന റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

പോരായ്മകളേറെയുണ്ട്, മൂർത്തമായ നിർദ്ദേശങ്ങൾ ഇനിയുമുണ്ടായിട്ടില്ല. എങ്കിലും കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായ ഒരു ജനകീയ കൂട്ടായ്മ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പിന്നിലുണ്ടായിട്ടുണ്ട് എന്നത് അഭിമാനപൂർവ്വം അനുസ്മരിക്കുന്നു. ഈ ജനകീയ കൂട്ടായ്മക്ക് സ്ഥായീഭാവം നൽകി അവഗണിക്കപ്പെടുന്ന ഈ അവികസിത ഗ്രാമ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനു വേണ്ടിയുള്ള നിരന്തര പോരാട്ടത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കാം. പോരായ്മകളോടെ തന്നെ ഈ കരട് രേഖ ചർച്ചക്കും കൂട്ടിച്ചേർക്കലനുമായി ഈ നാടിന്റെ ഉപ്പ് ചേർന്നലിഞ്ഞവർക്ക് മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കടപ്പുറം ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | : | കടപ്പുറം |
| ബ്ലോക്ക് പഞ്ചായത്ത് | : | ചാവക്കാട് |
| താലൂക്ക് | : | ചാവക്കാട് |
| ജില്ല | : | തൃശ്ശൂർ |
| നിയമസഭ മണ്ഡലം | : | ഗുരുവായൂർ |
| ലോകസഭ മണ്ഡലം | : | തൃശ്ശൂർ |
| വിസ്തീർണ്ണം | : | 9.63 ച.കി.മീ. |
| **അതിരുകൾ** | | |
| കിഴക്ക് | : | കനോലി കനാൽ |
| പടിഞ്ഞാറ് | : | അറബിക്കടൽ |
| തെക്ക് | : | ചേറ്റുവ പുഴ |
| വടക്ക് | : | ചാവക്കാട് മുനിസിപ്പാലിറ്റി |
| ജനസംഖ്യ | : | 22994 |
| സ്ത്രീ | : | 11589 |
| പു. | : | 11405 |
| ജനസാന്ദ്രത | : | 2388 ച. കി.മീറ്ററിന് |
| സാക്ഷരതാ നിരക്ക് | : | 84% |
| വാർഡുകളുടെ എണ്ണം | : | 10 |
| സ്ത്രീ സംവരണം | : | 4 |
| പട്ടികജാതി സംവരണം | : | 1 |
| ജനറൽ | : | 5 |
| പ്രസിഡന്റിന്റെ പേര് | : | N.T. സൈനബ ടീച്ചർ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | K.D. വീരമണി |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | V.K. ശാഹുഹാജി |

# ചരിത്ര സാംസ്ക്കാരിക പശ്ചാത്തലം

പഴയ മദ്രാസ് സംസ്ഥാനത്തെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലായിരുന്ന പൊന്നാനി താലൂക്കിൽപ്പെട്ട കടപ്പുറം ഒരുമനൂയർ വില്ലേജുകൾ ചേർന്നതായിരുന്നു ഒരുമനയൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ നിന്നും ഭൂമി ശാസ്ത്രപരമായി വേർതിരിക്കപ്പെട്ട, കനോലി കനാലിന്റെ കിഴക്കും പടിഞ്ഞാറുമായി രണ്ട് പ്രദേശങ്ങളും 1968-ൽ വിഭജിച്ച് കിഴക്ക് ഭാഗത്തുള്ള പ്രദേശത്തെ ഒരുമനയൂർ പഞ്ചായത്തെന്നും പടിഞ്ഞാറ് ഭാഗത്തെ അതായത് കടപ്പുറം വില്ലേജും, ഒരുമനയൂർ വില്ലേജിന്റെ വട്ടേകാട് ദേശവും ചേർന്നുള്ള ഭാഗത്തെ കടപ്പുറം പഞ്ചായത്തെന്നും നാമകരണം ചെയ്തു. ഭൂപരിഷ്ക്കരണം വരുന്നതുവരെ ജന്മികുടിയാൻ സമ്പ്രദായമായിരുന്നു ഇവിടെ നിലനിന്നിരുന്നത്. ഭൂ ഉടമകളായ ജന്മിമാരിൽ നിന്നും കൃഷി ഭൂമി പാടത്തിനെടുത്ത് കുടിയാന്മാരും ഇടത്തരക്കാരും കൃഷി ചെയ്തിരുന്നു.

പടിഞ്ഞാറ് അറബിക്കടലും കിഴക്ക് കനോലിക്കനാലും തെക്ക് ചേറ്റുവ പുഴയും അഴിയും വടക്ക് ചാവക്കാട് മുനിസിപ്പാലിറ്റിയും ഈ പഞ്ചായത്തിന് അതിരിടുന്നു. വ്യവസായ വാണിജ്യരംഗത്ത് സമ്പുഷ്ടമായ പൈതൃകം അവകാശപ്പെടാനുള്ള കടപ്പുറം പഞ്ചായത്ത് ഇന്ന് ഉല്പാദനരംഗത്ത് തികഞ്ഞ മുരടിപ്പ് വേദനയോടെ അനുഭവിച്ചറിയുന്നു. ഉത്പാദന രംഗത്തെ ഈ മുരടിപ്പിൽ നിന്നും നാടിനെയും നാട്ടുകാരെയും താങ്ങിനിർത്തുന്നത് ഗൾഫ്നാട് എന്ന ആശ്രയ കേന്ദ്രവും അവിടത്തെ നിസ്തുലരായ അറബികളുമാണ്.

പഞ്ചായത്തിന്റെ പടിഞ്ഞാറ് തീരത്തോട് ചേർന്ന് അതിബൃഹത്തായ മത്സ്യവ്യവസായ സംസ്ക്കരണ ശൃംഖലതന്നെ ഉണ്ടായിരുന്നു. കിഴക്ക് കായലോരത്തോട് ചേർന്ന് സമൃദ്ധമായ കയറുല്പന്ന മേഖല, നാട്ടില പഴമക്കാരുടെ മനസ്സിൽ നിന്നും മായാറായിട്ടില്ല.

പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നും അറബി നാടുകളിൽ നിന്നും പായ്കപ്പലുകളും ഉരുകളും വന്ന് ഈ പഞ്ചായത്തിന്റെ തെക്കെ അതിർത്തിയായ ചേറ്റുവ അഴി കടന്ന് ഈ പഞ്ചായത്തിലെ കായൽ തീരങ്ങളിൽ പാണ്ടികശാലകൾ കെട്ടി നാണ്യവിളകൾ കയറ്റികൊണ്ടുപോവുകയും വിപണനം നടത്തുകയും ചെയ്തിരുന്നു. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ അഞ്ചങ്ങാടിയിൽ ബ്രിട്ടീഷുകാരനായ ബ്രണ്ണൻ സായ്പ് വ്യാപാര സ്ഥാപനം നടത്തിയതായും രേഖകളുണ്ട്. പായ്കപ്പലുകൾക്കും ഉരുകൾക്കും ഗതാഗതം നടത്തുന്നതിന് സഹായമാകുന്നതിനും ചേറ്റുവ അഴിയുടെ സ്ഥാന നിർണ്ണയത്തിനുമായി ഈ പഞ്ചായത്തിൽ ഒരു കൂറ്റൻ കൊടിമരം ഉണ്ടായിരുന്നത് പ്രസിദ്ധമാണ്.

ചങ്ങനാശ്ശേരി, തമിഴ്നാട്ടിലെ തൂത്തുകുടി, നാഗപട്ടണം എന്നിവിടങ്ങളിലേക്കും സിലോണിലേക്കും നേരിട്ട് ഇവിടെ നിന്നും മത്സ്യ കയറ്റുമതി ചെയ്തിരുന്നു. പൊന്നാക്കാരൻ കോയ, സി. കുഞ്ഞിമൊയ്തു, പി.സി. മുഹമ്മദുണ്ണി ഹാജി, കടവിൽ അബ്ദു റഹിമു, പുതിയകത്ത് കുട്ടി തുടങ്ങിയവർ കയറ്റുമതി വ്യാപാരത്തിലെ പ്രമുഖരായിരുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ് സംസ്ഥാന സർക്കാരിന്റെ കീഴിൽ അഞ്ചങ്ങാടിയിൽ സ്ഥാപിച്ചിരുന്ന ഫിഷ്ക്യൂറിൻഗ്യാഡ് (മത്സ്യസംസ്കരണ ശാല) ഈ പ്രദേശത്തെ സ്ത്രീകളുൾപ്പെടെ ആയിരക്കണക്കിന് നാട്ടുകാർക്ക് തൊഴിൽ മേഖല സൃഷ്ടിച്ചിരുന്നു. ഈ സംസ്ക്കരണ കേന്ദ്രം മണ്ണടിഞ്ഞുപോവുകയും അവിടെ ഗവ: ഹൈസ്ക്കൂളിന്റെ പുതിയ കെട്ടിടവും ഗ്രൗണ്ടും ഉയർന്നുവരികയും ചെയ്തു.

മുൻകാലങ്ങളിൽ ഈ പ്രദേശങ്ങളിൽ നെൽകൃഷി, മഞ്ഞൾ, ചേമ്പ്, കൂർക്ക്, പയറ്, റാഗി പുല്ല്, കപ്പ മുതലായ ഭക്ഷ്യകൃഷികളും രാമച്ചം തുടങ്ങിയ ഔഷധ സസ്യങ്ങളും ഇവിടെ കൃഷി ചെയ്തിരുന്നു. എന്നാൽ കനോലി കനാലിൽ ചേറ്റുവായിലുള്ള ഒരുമനയൂർ ലോക്ക് വളരെ വർഷങ്ങൾക്കു മുമ്പ് കേടുവന്നു, അതു പുതുക്കി പണിയാതിരുന്നത് മൂലം ഉപ്പുവെള്ളം കനാലിലൂടെയും അതുമായി ബന്ധപ്പെട്ട തോടുകളിലൂടെയും പഞ്ചായത്തിന്റെ ഉൾഭാഗത്തേക്കു കയറിയതുമൂലം ഫലഭൂയിഷ്ടമായ

ഭൂമികളിൽ ഉപ്പുരസം കയറുകയും നെൽകൃഷിയും, ഇടവിള കൃഷികളും നിശ്ശേഷം ഇല്ലാതാവുകയും, തെങ്ങുകൃഷി മാത്രമായി പഞ്ചായത്തിൽ അവശേഷിക്കുകയും ചെയ്തു.

ബ്രിട്ടീഷുകാരുടെ ഭരണക്കാലത്തുതന്നെ തൊഴിൽ തേടി വിദേശരാജ്യങ്ങളായ സിലോൺ, ബർമ്മ, മലേഷ്യ എന്നിവിടങ്ങളിലും, ഇന്ത്യയിലെ തന്നെ ബോംബെ, ഹൈദ്രാബാദ്, അഹമ്മദാബാദ്, മദ്രാസ്, ആസ്സാം മുതലായ സ്ഥലങ്ങളിലേക്കും ആളുകൾ പോയിരുന്നു.

1960 കളിൽ കടപ്പുറത്തുണ്ടായ ബേപ്പ് സമരം മത്സ്യബന്ധനരംഗത്തുണ്ടായ ചരിത്രപരമായ തൊഴിൽ സമരമായിരുന്നു. നിരന്തരമായ ചൂഷണങ്ങൾക്ക് വിധേയരായിക്കൊണ്ടിരുന്ന തൊഴിലാളികൾ മുതലാളിമാർക്ക് നേരെ നടത്തിയ പ്രസ്തുത സമരം അക്രമാസക്തമാവുകയും ദിവസങ്ങളോളം നീണ്ടുനിന്ന രക്തരൂക്ഷിതമായ സംഘട്ടനത്തിലൂടെ ഉപരിവർഗ്ഗത്തിന്റെ മേൽ അടിസ്ഥാനവർഗ്ഗം വിജയം വരിച്ചുകൊണ്ടാണ് പര്യവസാനിച്ചത്.

പഞ്ചായത്തിലെ ഭൂരിപക്ഷം മുസ്ലീം സമൂഹമാണ്. ഹിന്ദു വിഭാഗത്തിൽപ്പെട്ട മുക്കുവരും പട്ടിക ജാതിക്കാരും നാമമാത്രമായ ക്രിസ്ത്യാനികളും ഇവിട അധിവസിക്കുന്നു. ബുഖാറയിലെ സയ്യദ് കുടുംബങ്ങൾ നൂറ്റാണ്ടുകൾക്ക് മുമ്പ് റഷ്യയിലെ ബുഖാറയിൽ നിന്നുമെത്തിയ നബി കുടുംബത്തിലെ പിൻമുറക്കാരാണ്. ഈ നാട്ടിൽ ജീവിച്ചിരുന്ന സയ്യിദ് ബുഖാരി തങ്ങൾ, അലി അഹമ്മദ് ഉപ്പാപ്പ, ഫഖീർ സാഹിബ് ഉപ്പാപ്പ, വട്ടേക്കാട് ബർദാൽ തങ്ങൾ, കാട്ടിൽ ഹജ്ജുമ്മ എന്നിവരുടെ ഖബറിടങ്ങൾ (മറവ് ചെയ്ത സ്ഥലം) ഇന്ന് ജാതി മതഭേദമെന്യേ എല്ലാവരുടെയും തീർത്ഥാടന കേന്ദ്രങ്ങളാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നാടോടികളായ നായാടികൾ ഈ പ്രദേശത്തെ പ്രത്യേക ജന വിഭാഗമായിരുന്നു.

പ്രസിദ്ധമായ പുന്നക്കച്ചാൽ ചന്ദനക്കുടം, വേലകൾ, പൂരം എന്നീ പ്രാദേശിക ഉത്സവങ്ങളിൽ ജാതിമതഭേദം കൂടാതെ എല്ലാവരും സജീവമായി പങ്കെടുത്തിരുന്നു.

ഈ പഞ്ചായത്തിൽ എല്ലാ മത വിഭാഗക്കാരും പരസ്പരസ്നേഹവും ബഹുമാനവും നിലനിർത്തിയിരുന്നു എന്ന് മാത്രമല്ല ഇന്നേവരെ ഈ നാട്ടിൽ യാതൊരു വർഗ്ഗീയ സംഘട്ടനങ്ങളോ സംഘർഷങ്ങളോ ഉണ്ടായിട്ടില്ല എന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പഞ്ചായത്ത് നിവാസികൾക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

1948-ൽ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച യുവജനസംഘം ഗ്രാമീണ വായനശാല & ഗ്രന്ഥാലയം ആദ്യത്തെ സാംസ്ക്കാരിക സംരംഭമാണ്. മലബാർ ലോക്കൽ ലൈബ്രറി അതോറിറ്റിയിൽ അംഗത്വമുണ്ടായിരുന്ന ഈ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ രണ്ടാംലോക മഹായുദ്ധകാലത്തെ ഭക്ഷ്യക്ഷാമത്തിൽ നിന്നും പട്ടിണിയിൽനിന്നും നാടിനെ രക്ഷിക്കാൻ നൂറ് കണക്കിന് ഏക്കർ തരിശ്ഭൂമി കൃഷി ചെയ്തു വറുതിക്ക് ഒരാശ്വാസമുണ്ടാക്കിയെന്നത് എടുത്തു പറയേണ്ട സാംസ്ക്കാരിക പ്രവർത്തനങ്ങളിലൊന്നാണ്.

ഈ നാട്ടുകാരിൽ സ്ത്രീകളുൾപ്പെടെ 95% ജനങ്ങളും അറബി ഭാഷയിൽ സാക്ഷരരായിരുന്നു. ഏകദേശം 10% ജനങ്ങൾക്ക് മാത്രമാണ് മാതൃഭാഷയിൽ സാക്ഷരതയുണ്ടായിരുന്നത്. ബഹുഭൂരിപക്ഷവും ആശയവിനിമയത്തിന് 'അറബി മലയാള'മാണ് മാധ്യമ ഭാഷയായി ഉപയോഗിച്ചിരുന്നത്. നാട്ടിൽ പുരാതനമായുണ്ടായിരുന്ന ഗുരുകുലം കണക്കെയുള്ള ഓത്തുപള്ളികൾ ഈ പ്രദേശത്തെ അക്ഷരാഭ്യാസത്തിൽ മികച്ച സംഭാവനകൾ അർപ്പിച്ച സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു. പള്ളികളിലെ ദർസുകളോടനുബന്ധിച്ചുള്ള ആയിരക്കണക്കായ പുസ്തക ശേഖരങ്ങളിൽ (കുതുബ്ഖാന) നാടിന്റെ വ്യാപാരവാണിജ്യ ചരിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

പള്ളി ദർസുകളിൽ കർമ്മശാസ്ത്രം, തത്വചിന്ത, ജ്യോതിശാസ്ത്രം, തർക്കശാസ്ത്രം തുടങ്ങി മത വിദ്യാഭ്യാസ രംഗത്ത് തന്നെ വിവിധ ശാഖകളിൽ ഉന്നതപഠനം നടത്തിയിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽത്തന്നെ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. അഞ്ചങ്ങാടിയിൽ ബോർഡ് സ്കൂൾ എന്നറിയപ്പെട്ടിരുന്ന കടപ്പുറം മാപ്പിള എലിമെന്ററി സ്കൂളാണ് ആദ്യമായി വിദ്യാഭ്യാസ സ്ഥാപനമായി പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചത്. സ്വാതന്ത്ര്യത്തിനുമുമ്പു തന്നെ സ്ഥാപിച്ച മാട് എൽ.പി.എസ്. എരട്ടപ്പുഴ,

ജി.എൽ.പി.എസ്. എന്നിവ ഇന്നും പ്രശസ്തമായ നിലവാരം പുലർത്തുന്നുണ്ട്. പഞ്ചായത്തിലെ ഏക ഗവ; ഹൈസ്ക്കൂൾ ഇവിടെ അനുവദിക്കുന്നതിന് നിലവിലുണ്ടായിരുന്ന നിയമത്തിൽ ഇളവനുവദിച്ചു കൊണ്ടാണ് അന്നത്തെ വിദ്യാഭ്യാസ വകുപ്പു മന്ത്രി സി.എച്ച്. മുഹമ്മദ് കോയ സാഹിബ് ഉത്തരവിറക്കിയത്.

ആരോഗ്യപരിപാലന രംഗത്തും സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ പുരോഗതിയുടെ പാത തെളിച്ചു തുടങ്ങിയിരുന്നു. നാട്ടു ചികിത്സയും പാരമ്പര്യ രീതികളും മാത്രമായിരുന്ന ഇവിടെ ആയ്യുർവ്വേദ ചികിത്സാ സമ്പ്രദായത്തിലായിരുന്നു കൂടുതൽ പേരും ആകൃഷ്ടരായിരുന്നത്. കുട്ടാപ്പു വൈദ്യർ, ശങ്കരൻ വൈദ്യർ (തെണ്ടി വൈദ്യർ), കുഞ്ഞപ്പ വൈദ്യർ തുടങ്ങിയവർ ഈ മേഖലയിലെ പ്രമുഖരായിരുന്നു. കൂടാതെ മതാചാരപ്രകാരമുള്ള ചികിത്സാരീതികളും അന്ധവിശ്വാസങ്ങളും അന്ന് നിലനിന്നിരുന്നു.

കൊല്ലവർഷം 1116 ലെ കൊടുങ്കാറ്റ് ഈ പഞ്ചായത്തിൽ ഒട്ടേറെ ദുരിതങ്ങൾ വിതറിയ സംഭവമായിരുന്നു. വീടുകളും കുടിലുകളും തകർന്നുപോയ ആ സംഭവത്തിന് ശേഷം അവശേഷിച്ച വീടുകളിൽ ജാതിമതഭേദമെന്യേ എല്ലാവരും ഒരുമിച്ച് കഴിഞ്ഞുകൂടി.

പഞ്ചായത്തിലെ ആദ്യത്തെ റോഡ് ബ്ലാങ്ങാട് കാടും ചാവക്കാടും ബന്ധിപ്പിക്കുന്ന മഹാത്മാഗാന്ധിറോഡാണ്. പഞ്ചായത്ത് നിലവിൽ വന്നതിന് ശേഷം ആദ്യമായി റോഡ് നിർമ്മിക്കാൻ കഴിഞ്ഞത് അഹമ്മദ് കുരിക്കളുടെ സഹായത്തോടെ ഫിഷറീസ് വകുപ്പിന്റെ കീഴിൽ ബ്ലാങ്ങാട് മുതൽ മുനക്കക്കടവ് വരെയുള്ള റോഡാണ്. റോഡ് പണിപൂർത്തിയാകുന്നതിന്റെ മുമ്പ് തന്നെ മരണപ്പെട്ട അദ്ദേഹത്തിന്റെ പേരാണ് ഈ റോഡിന് നൽകിയത്. ഭൂരഹിതരായ നൂറ് കണക്കിന് മത്സ്യതൊഴിലാളികൾക്ക് തീരദേശത്തെ കയ്യേറ്റ ഭൂമിക്ക് പട്ടയം നൽകുന്നതിൽ ജ: അഹമ്മദ് കുരിക്കൾ ചെയ്ത സേവനം പ്രത്യേകം എടുത്തപറയേണ്ടതാണ്. രൂക്ഷമായ കടലാക്രമണത്തിൽ നിന്ന് ഈ നാടിനെ രക്ഷിക്കുന്നതിന് കടൽഭിത്തി നിർമ്മാണമാരംഭിക്കാൻ മുൻമന്ത്രി K.K. ബാലകൃഷ്ണൻ, M.P. ഗംഗാധരൻ എന്നിവർ ചെയ്ത സേവനം ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാൻ കഴിഞ്ഞ ഒരുമനയൂർ മൂന്നാം കല്ല് പാലം എടുത്ത് പറയാവുന്ന വികസന നേട്ടങ്ങളിലൊന്നാണ്. ഫിഷ്‌ലാന്റിങ്ങ് സെന്റർ, ബാർ മൗത്ത് റോഡ്, വട്ടേകാട് – അഞ്ചങ്ങാടി റോഡ് മുതലായവയും ഈ ഗണത്തിൽ പെടുന്നു.

വിവാദങ്ങൾ നിറഞ്ഞ കടപ്പുറം പഞ്ചായത്ത് രൂപീകരണം നീണ്ടകാലത്തെ പരിശ്രമത്തിന്റെയും വിശ്രമമില്ലാത്ത പോരാട്ടത്തിന്റെയും അനന്തരഫലമത്രെ. ക്രമസമാധാന പ്രശ്നവും നിയമകുരുക്കുകളും അതിജീവിച്ച് പഞ്ചായത്ത് രേഖകളൊക്കെ വഞ്ചിയിലാക്കി പോലീസ് കാവലോടെ കടത്തികൊണ്ടുവന്ന ചിരത്രം ഈ പഞ്ചായത്തിന്റെ മാത്രം സവിശേഷതയാണ്. പഞ്ചായത്ത് ആസ്ഥാനം മാറ്റുന്നത് സംബന്ധിച്ച് നിലനിന്ന വിവാദമാണ് ഒരുമനയൂർ പഞ്ചായത്ത് വിഭജനത്തിലേക്കും അതുവഴി കടപ്പുറം പഞ്ചായത്ത് രൂപീകരണത്തിലേക്കും നയിച്ചത്. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ജ: ബി. കെ.സി. തങ്ങളുടെയും മെമ്പർ പി.കെ. മൊയ്തുണ്ണി ഹാജിയുടെയും മറ്റും ശ്രമങ്ങളാണ് ഈ വിവാദങ്ങളെ ജയിച്ചടക്കാൻ കടപ്പുറത്തിന് കഴിഞ്ഞത്. പി.സി. ഹമീദ് ഹാജിയും എ.കെ. സെയ്തുമുഹമ്മദ് സാഹിബും, ബി.കെ. ആറ്റക്കോയ തങ്ങളും അവഗണിക്കാൻ കഴിയാത്ത സേവനങ്ങളാണ് ഇക്കാര്യത്തിൽ നിർവ്വഹിച്ചത്.

വികസനരംഗത്ത് നിലനിന്ന നിശ്ചലാവസ്ഥയിൽ നിന്നും ചെറിയ ചലനങ്ങളിലൂടെ നാടിനെ പുരോഗതിയിലേക്ക് നയിക്കാൻ കഴിഞ്ഞത് 1967 ലെ ഇം.എം.എസ്. മന്ത്രിസഭയിലെ അംഗങ്ങളായ അഹമ്മദ് കുരിക്കളുടെയും സി.എച്ച്. മുഹമ്മദ്കോയ സാഹിബിന്റെയും പിന്തുണയോടെയായിരുന്നു. കൂടാതെ കേരള മന്ത്രിസഭയിലെ അംഗങ്ങളായിരുന്ന അവുക്കാദർകുട്ടിനഹ, പി.കെ.കെ. ബാവ, കെ.കെ. ബാലകൃഷ്ണൻ, എം.പി. ഗംഗാധരൻ തുടങ്ങിയവർക്കും ഈ നിയോജകമണ്ഡലത്തെ വളരെക്കാലം കേരളനിയമസഭയിൽ പ്രതിനിധാനം ചെയ്ത ബി.വി. സീതി തങ്ങളും ഈ പഞ്ചായത്തിന്റെ വികസന ചരിത്രത്തിൽ വിസ്മരിക്കാൻ കഴിയാത്ത വ്യക്തിത്വങ്ങളാണ്.


മുൻ പഞ്ചായത്തു പ്രസിഡണ്ടുമാരായ ബി.കെ.സി. തങ്ങൾ, പി.സി. ഹമീദ് ഹാജി, പി.വി.

മൊയ്തീൻ, ടി. മൂസക്കുട്ടി ഹാജി, ടി.കെ. ഹുസയിൻ തുടങ്ങിയവരൊക്കെ തന്നെ ഈ പഞ്ചായത്തിന്റെ വികസനത്തിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം വട്ടേക്കാട് പി.കെ. മൊയ്തുണ്ണി ഹാജിയുടെ സംഭാവനയാണ്. ഈ പഞ്ചായത്ത് ഇന്ന് രണ്ടാം ഗ്രേഡ് പഞ്ചായത്താണ്. ഇവിടെ സെക്രട്ടറിയുൾപ്പെടെ ഏഴ് ജീവനക്കാരുണ്ട്.

പകൽ മുഴുവൻ കടലിലും കരയിലും ജോലി ചെയ്ത് വൈകുന്നേരങ്ങളിൽ വിശാലമായ മണൽ പ്രദേശങ്ങളിൽ ഒരുമിച്ചുകൂടി നാട്ടുവിശേഷങ്ങൾ ചർച്ച ചെയ്യുകയും ആശയ സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്ത ധന്യമുഹൂർത്തങ്ങൾ അവസാനിക്കാറായ പഴയ തലമുറക്ക് ഓർമ്മ ബാക്കിയാക്കി നാട് നീങ്ങിയിരിക്കുന്നു.

പച്ചപ്പുൽ പടർന്ന കിടന്ന കുന്നുകളും വിശാലമായ മണൽപ്രദേശങ്ങളും കശുമാവിൻ തോട്ടങ്ങളും വിവിധയിനം കൃഷികളും പുഴകളും തോടുകളും തിങ്ങി നിറഞ്ഞ ഈ മണ്ണ് എല്ലാം വറ്റി വരണ്ട ഊഷരഭൂമിയായി കോൺക്രീറ്റ് വനങ്ങളെ താങ്ങി നിർത്തുന്ന അസ്ഥിവാരങ്ങൾക്ക് ഇടം നൽകാൻ കഴിയാതെ വീർപ്പ് മുട്ടുന്നു.

കേവലം റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനപ്പുറം, ഉൽപാദനരംഗം പുഷ്ടിപ്പെടുത്തി, തദ്ദേശീയമായ തൊഴിൽ മേഖലകൾ സൃഷ്ടിച്ച ജനങ്ങളുടെ ജീവിതനിലവാരം ക്രമാനുഗതമായി മെച്ചപ്പെടുത്താനുള്ള പുതിയ വികസന സമീപനം വളർത്തിയെടുക്കാനും അതുവഴി ഇന്നിന്റെ പ്രതിസന്ധികളെയും വെല്ലുവിളികളെയും അതിജീവിക്കുവാനും ഒരുമയോടെ നീങ്ങുന്ന ഈ നാടിന്റെ നേതൃത്വത്തിന് കഴിയട്ടെ.



# ഭൂപ്രകൃതി

കടപ്പുറം ഗ്രാമപഞ്ചായത്ത് 9.63 ച: കി.മീറ്റർ വിസ്തൃതിയിൽ നീണ്ടുകിടക്കുന്ന ഒരു പ്രദേശമാണ്. ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ കഴിഞ്ഞ അര നൂറ്റാണ്ട് കാലഘട്ടത്തിൽ കാര്യമായ മാറ്റങ്ങളാണുണ്ടായത്. കടൽ തീരത്തോട് ചേർന്നുകിടക്കുന്ന മണൽകുന്നുകളും, താഴ്ന്ന സമതലപ്രദേശവും, അല്പം ഉയർന്ന് കായലിനോട് ചേർന്നുകിടക്കുന്ന കളിമൺ കലർന്ന പ്രദേശവും ആണ് ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. കടലിനോട് ചേർന്നു കിടക്കുന്ന ഭാഗം ഒഴിച്ചാൽ ബാക്കി പ്രദേശങ്ങൾ തെങ്ങ്, കവുങ്ങ് മുതലായ കൃഷിഭൂമികളും, തോടുകളും, നെൽവയലുകളുമായിരുന്നു. വിശാലമായ പച്ചപ്പുൽപ്രദേശങ്ങളും ഇവിടെ ധാരാളമായി കാണപ്പെട്ടിരുന്നു.

എന്നാൽ ഇന്ന് ഭൂപ്രകൃതിയിൽ സാരമായ മാറ്റം കാണപ്പെടുന്നതിന്റെ മുഖ്യകാരണം ഈ പഞ്ചായത്തിലെ ജനസാന്ദ്രതയുടെ വർദ്ധനവാണ്. പാർപ്പിട സൗകര്യത്തിനായി കടൽത്തീരത്തെ മണൽകുന്നുകൾ ഉപയോഗിച്ച് വയലുകൾ നികത്തി പുരയിടങ്ങളാക്കി മാറ്റി. നെൽകൃഷി ആദായകരമല്ലാതായതിനെ തുടർന്ന്, കൂടുതൽ മെച്ചപ്പെട്ട വരുമാനം നൽകുന്ന തെങ്ങുകൃഷി നടത്തുന്നതിന്നായും വയലുകൾ നികത്തി. അതോടെ വയലുകളും, പച്ചപ്പുൽ മൈതാനങ്ങളും അപ്രത്യക്ഷമാവുകയും ചെയ്തു.

വടക്ക് ചാവക്കാട് മുനിസിപ്പാലിറ്റിയും തെക്ക് ചേറ്റുവാ അഴിയും പടിഞ്ഞാറ് അറബിക്കടലും കിഴക്ക് കനോലി കനാലും എന്നിങ്ങനെ മൂന്നുഭാഗം വെള്ളത്താലും ഒരു ഭാഗം കരയുമായും ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ഉപദ്വീപാണ് കടപ്പുറം ഗ്രാമപഞ്ചായത്ത്.

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്നായി തരം തിരിക്കാം.

പട്ടികെ താഴെ ചേർത്തിരിക്കുന്നു.

### പഞ്ചായത്തിൽ
### മൺതരങ്ങളുടെ പട്ടിക

| മൺതരങ്ങൾ | വിസ്തൃതി | ശതമാനം |
|---|---|---|
| മണൽ | 1408 ഹെക്ടർ | 80.92% |
| കളിമൺ കലർന്ന പ്രദേശം | 84 ഹെക്ടർ | 4.83% |

### ഭൂപ്രകൃതി മേഖലകൾ

| ഭൂവിഭാഗം | വിസ്തൃതി | ശതമാനം |
|---|---|---|
| കടൽതീരം | 472 ഹെക്ടർ | 27.13% |
| തീരസമതലം | 1020 ഹെക്ടർ | 58.62% |
| പുഴ | 248 ഹെക്ടർ | 14.25% |

## ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരപം കടപ്പുറം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 11405 പുരുഷന്മാരും 11589 സ്ത്രീകളും അടക്കം 22994 ആണ്. ഇവരിൽ 14946 പേർ മുസ്ലീം സമുദായക്കുരം, 8030 ഹിന്ദുക്കളും 18 പേർ ക്രിസ്ത്യാനികളും ആണ്. 2414 പട്ടികജാതിക്കാർ ഈ പഞ്ചായത്തിലുണ്ട്.


5064 കുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ താമസിക്കുന്നത്. 50% ത്തിൽ കൂടുതൽ പേരും ദരിദ്രരേഖക്ക് താഴെയുള്ള തൊഴിലാളികളാണ്. മത്സ്യതൊഴിലാളികൾ, കർഷകതൊഴിലാളികൾ, മറ്റു കൂലിപ്പണിക്കാർ എന്നിവർ ഇവരിൽപ്പെടുന്നു. 25% പേർ വിദേശരാജ്യങ്ങളിലും, മറ്റു സംസ്ഥാനങ്ങളിലും പോയി ജോലിചെയ്ത് ജീവിക്കുന്നവരാണ്.

ഉന്നത വിദ്യാഭ്യാസം നേടിയവർ ഇവിടെ കുറവാണ്. വിദ്യാസമ്പന്നരിൽ ഭൂരിഭാഗവും തൊഴിൽരഹിതരാണ്. മൊത്തം ജനസംഖ്യയിൽ 15% പേർക്ക് മാത്രമേ S.S.L.C. വിദ്യാഭ്യാസ യോഗ്യത ഉള്ളൂ. 8048 നിരക്ഷരർ ഉണ്ടായിരുന്ന ഈ പ്രദേശത്ത് സാക്ഷരതാ പ്രവർത്തനഫലമായി ഒരു പരിധിവരെ സാക്ഷരതാനിരക്ക് കൂട്ടാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പരിതാപകരമായ അവസ്ഥയിലാണ് ഇന്നും ഈ രംഗത്തുള്ളത്. മൊത്തം ജനങ്ങളിൽ 40% പേർ തൊഴിൽരഹിതരാണ്.

## ജലപ്രകൃതി

ഇവിടെ ശരാശരി 3130 മി. മീറ്റർ മഴ വർഷം തോറും ലഭിച്ചുവരുന്നുണ്ട്. ജൂൺ, ജൂലായ്, ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ യഥാക്രമം 769, 759, 443, 257, 301 മി.മീറ്റർ തോതിലാണത്ര മഴ ലഭിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളായ ചേറ്റുവാ പുഴയിലും, കനോലി കനാലിലും ഉപ്പുകലർന്ന വെള്ളമാണുള്ളത്. അതിന്നിടയിലുള്ള മുല്ലപ്പുഴയും മത്തികായലും കനോലികനാലുമായി ബന്ധപ്പെട്ടതായതുകൊണ്ട് വേനൽക്കാലത്തു ഉപ്പുവെള്ളം അവയിലും വ്യാപിക്കുന്നുണ്ട്.

എല്ലാ വീട്ടുവളപ്പുകളിലും, കൃഷിയിടങ്ങളിലും കുളങ്ങൾ ഉണ്ടായിരുന്നു. വർദ്ധിച്ചുവരുന്ന ജനസാന്ദ്രതമൂലം ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനും മറ്റുമായി ഈ കുളങ്ങളിൽ ബഹുഭൂരിപക്ഷവും തൂർത്ത് കഴിഞ്ഞു. ഇപ്പോൾ 300-ഓളം ചെറുകുളങ്ങളും 30.85 കി.മീറ്റർ സ്വകാര്യതോടുകളും ഈ പഞ്ചായത്തിലുണ്ട്. വേനൽകാലങ്ങളിൽ മിക്ക കുളങ്ങളും, തോടുകളും വറ്റിവരണ്ടുപോകുന്നു. ബാക്കിയുള്ളവയിൽ വെള്ളം ഉപ്പുരസമായിത്തീരുകയും ചെയ്യുന്നു. കുഴിച്ചാൽ ശുദ്ധജലം ലഭിക്കുന്ന ഏകദേശം 4 ച.കി.മീറ്റർ സ്ഥലം ഇവിടെയുണ്ട്. കൂടുതൽ ആഴത്തിൽ കുഴിച്ചാൽ ഈ ഭാഗങ്ങളിലും ഉപ്പുരസമുള്ള വെള്ളമായിത്തീരുന്നു.



# കൃഷി

കടപ്പുറം തികച്ചും ഒരു കാർഷിക ഗ്രാമമാണ്. ഭൂപരിഷ്ക്കരണനിയമം നടപ്പിൽ വരുന്നതു വരെ ജന്മി കുടിയാൻ സമ്പ്രദായമായിരുന്നു ഇവിടെ നിലനിന്നിരുന്നത്. ഭൂവുടമകളായ ജന്മിമാരിൽനിന്നും കൃഷി ഭൂമി പാട്ടത്തിന് എടുത്തായിരുന്നു കുടിയാന്മാരും, ഇടത്തരക്കാരും കൃഷി ചെയ്തിരുന്നത്. കൃഷിനാശം സംഭവിച്ചാലും പാട്ടം നൽകേണ്ടി വരുന്ന കാലഘട്ടമായിരുന്നു അത്. കൊല്ല വർഷം 1116 ഇടവ മാസത്തിൽ ഉണ്ടായ കൊടുങ്കാറ്റിൽ ഒട്ടനവധി മരങ്ങൾ കടപുഴകി വീണ് നശിച്ചുപോയി. പല വീടുകളും നിലംപൊത്തി. ഓലക്കുടിലുകൾ കാറ്റത്ത് പറന്നുപോയി. ഇതൊക്കെ സംഭവിച്ചിട്ടും കാര്യമായ ജീവഹാനി സംഭവിച്ചില്ല എന്നുള്ളതായിരുന്നു ആശ്വാസം. ദുരിതാശ്വാസകേന്ദ്രങ്ങളൊന്നും ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ അവശേഷിച്ച വീടുകളിൽ ജനങ്ങൾ ജാതിമതഭേദം കൂടാതെ ഒന്നിച്ചു കഴിഞ്ഞു. പഴമക്കാർ ഇന്നും ഓർക്കുന്ന സംഭവം.

പഞ്ചായത്തിലെ മണൽപ്രദേശങ്ങൾക്ക് പുറമെ അപൂർവ്വമായി ചില ചേടിപ്രദേശവുമുണ്ട്. തെങ്ങ്, നെല്ല്, കശുമാവ്, പലതരം നാടൻമാവ്, പുളി, പ്ലാവ്, ബോംബായി മുരിങ്ങ എന്നീ ഫലവൃക്ഷങ്ങളും, കരിവേപ്പ് (ആര്യവേപ്പ്), പുന്ന തുടങ്ങിയ മരങ്ങളും, കൂർക്ക, പയർ, ചേമ്പ്, റാഗി പുല്ല്, എള്ള്, മരച്ചീനി, കാച്ചിൽ തുടങ്ങിയ പച്ചക്കറിയിനങ്ങളും ഇവിടെ കൃഷി ചെയ്തുവന്നിരുന്നു. കൂടാതെ മത്സ്യബന്ധനമേഖലയായ ഈ പ്രദേശത്ത് വലകൾ നെയ്യുന്നതിനാവശ്യമായ ചണവും (വക്കൂര്) ധാരാളമായി കൃഷി ചെയ്തിരുന്നു. അങ്ങിനെ നാനാവിധമായ ഫലവൃക്ഷ സസ്യജാലങ്ങൾ നിറഞ്ഞുനിന്നിരുന്ന ഈ ഗ്രാമഭംഗി സ്മൃതി ചിത്രങ്ങളായി പ്രായം ചെന്നവർ ഇന്നും മനസ്സിൽ സൂക്ഷിക്കുന്നു.

പ്രധാന നാണ്യവിള തെങ്ങും, ധാന്യവിള നെല്ലുമായിരുന്നു. പുഞ്ച, പാണ്ടി, തവളക്കണ്ണൻ, വെള്ള പൊക്കാളി, ചിറ്റ്യാനി, വട്ടൻ, കൊടിയൻ എന്നിങ്ങനെയുള്ള നെല്ലിനങ്ങളാണ് പ്രധാനമായും കൃഷി ചെയ്തിരുന്നത്. കാലാവസ്ഥയെ ആശ്രയിച്ചുള്ള കൃഷിയായിരുന്നു നടത്തിയിരുന്നത്. ആ കാലഘട്ടത്തിൽ മേൽപ്പറഞ്ഞ നാടൻ വിത്തിനങ്ങൾക്ക് നല്ല പ്രതിരോധശേഷിയുണ്ടായിരുന്നു. കന്നുകാലികളെക്കൊണ്ട് നിലം ഉഴുതുമറിച്ച് നിരപ്പാക്കി വിത്തുവിതക്കുകയായിരുന്നു പതിവ്. നല്ല വെള്ളം കിട്ടുന്ന തോടുകളിൽ നിന്നും, കുളങ്ങളിൽ നിന്നും വെള്ളം തേകിയും, ചക്രം ചവിട്ടിയും പാടങ്ങളിലേക്ക് ജലസേചനം നടത്തിയിരുന്നു. പഞ്ചായത്തിൽ മണൽത്തിട്ടകൾ കൂടുതലായി കാണുന്ന മേപ്പുറം പറമ്പുകളിൽ കശുമാവ് കൃഷി ചെയ്തിരുന്നു. ബാക്കി സ്ഥലങ്ങൾ മുഴുവൻ തന്നെ തെങ്ങുകൃഷിയാണ് നടപ്പാക്കിയിരുന്നത്. കവുങ്ങ്, വാഴ, പച്ചക്കറികൾ തുടങ്ങിയ ഇടവിളകളുമുണ്ടായിരുന്നു.

തെങ്ങിനും, നെല്ലിനും, മറ്റുവിളകൾക്കും വളമായി ഉപയോഗിച്ചിരുന്നത് ചാണകവും, പച്ചിലവളവും, ആട്ടിൻക്കാട്ടവും പുഴയിൽനിന്നും ലഭിച്ചിരുന്ന ചളിയും, കല്ലുമ്മൽക്കായ എന്നിവയും കടലിൽനിന്നുള്ള മത്സ്യവും ആയിരുന്നു. ചിതൽകേടിന് നെൽകൃഷി സ്ഥലങ്ങളിൽ വെണ്ണീർതൂകിയിരുന്നു. പാടങ്ങളിലെ തവളകൂട്ടങ്ങൾ നെല്ലിലുണ്ടായിരുന്ന പുഴുക്കളെ തിന്നുമായിരുന്നു. ആയതിനാൽ പുഴുക്കേട് കുറവായിരുന്നു. മുൻകാലങ്ങളിൽ പാടത്തും പറമ്പിലും പണിയെടുക്കുവാൻ ധാരാളം തൊഴിലാളികളെ ലഭ്യമായിരുന്നു. ഏഴും, എട്ടും മേനി വിളവ് ലഭിച്ചിരുന്നു.

അമ്പതുകളുടെ അവസാനത്തോടെ കുടിയായ്മ നിയമം പാട്ടക്കുടിയാന്മാർക്ക് സംരക്ഷണം നൽകിയതോടെ പാടം നികത്തി തെങ്ങ് നടാൻ തുടങ്ങി. 1971 ലെ ഭൂപരിഷ്ക്കരണനിയമം ഇതിന് ആക്കം കൂട്ടി. നാളികേരത്തിന് താരതമ്യേന മെച്ചപ്പെട്ട വിലകിട്ടി തുടങ്ങിയതോടെ നെൽകൃഷിയിൽ നിന്നും തെങ്ങുകൃഷിയിലേക്ക് ജനങ്ങൾ തിരിഞ്ഞു. അത് കൂടുതൽ ആദായകരവുമായി തീർന്നു. വിദ്യാഭ്യാസ സൗകര്യം വർദ്ധിച്ചതോടെ കർഷകതൊഴിലാളികളുടെ പിൻമുറക്കാർ വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, ജോലിതേടി മറ്റു മേഖലയിലേക്കും, സ്ഥലങ്ങളിലേക്കും തിരിയുകയും ചെയ്തു. ഇത് കർഷകതൊഴിലാളികളുടെ എണ്ണ

ത്തിൽ കുറവുണ്ടാക്കി. ഇവിടുത്തെ മണൽഭൂമിയിൽ മഴ പെയ്തു നിറയുന്ന വെള്ളം കൂടുതൽ സമയം ഭൂമിയുടെ ഉപരിതലത്തിൽ തങ്ങി നില്ക്കാതെ വളരെ വേഗം താഴ്ന്നുപോകുന്നുണ്ട്. ജലസേചനം നടത്തുന്നതോടൊപ്പം കൃഷികൾക്ക് ചെയ്യുന്ന വളം ഫിൽറ്ററിൽ എന്നു കണക്കേ ഭൂമിക്കടിയിലേക്ക് ആഴ്ന്നുപോകുന്നുണ്ട്. ആയതിനാൽ കേരളത്തിന്റെ കിഴക്കൻ മേഖലയിലേതിനേക്കാൾ കൂടുതൽ വളവും കൂടുതൽ ജലസേചനവും ഈ പ്രദേശത്ത് ചെയ്യേണ്ടി വരുന്നുണ്ട്.

1740 ഹെക്ടർ ഭൂമി വരുന്ന ഈ പഞ്ചായത്തിൽ 248 ഹെക്ടർ സ്ഥലവും ജലാശയങ്ങളാണ്. കടലിൽനിന്നും ചേറ്റുവാ അഴിയിലൂടെ കടന്നുവരുന്ന ഉപ്പുവെള്ളം ഈ ജലാശയങ്ങളിൽ കലർന്നിരിക്കുന്നു. 1492 ഹെക്ടർ കൃഷി സ്ഥലങ്ങളിൽ ഉപ്പുവെള്ളം കയറി നശിച്ചതായ നെൽപ്പാടങ്ങളുണ്ട്. ബാക്കി സ്ഥലങ്ങളിൽ പ്രധാനമായ കൃഷി തെങ്ങാണ്.

പഞ്ചായത്തിലെ ഉയർന്ന മണൽതിട്ടകളായിരുന്ന മേപ്പുറം പറമ്പുകൾ കാലക്രമത്തിൽ നിരപ്പായി കഴിഞ്ഞിരിക്കുന്നു. താഴ്ന്ന പ്രദേശങ്ങളിലേക്ക് നീർക്കെട്ടുകൾ അടയ്ക്കുന്നതിനും, നെൽകൃഷി നിന്നുപോയ പാടങ്ങൾ നികത്തുന്നതിനും, പുഴ തൂർക്കുന്നതിനുമായി വഞ്ചികളിലും, പിന്നീട് ലോറികളിലുമായി മണ്ണുകൾ നീക്കം ചെയ്തിരുന്നു. ഇതുമൂലം മേപ്പുറം പറമ്പുകളിലുണ്ടായിരുന്ന കശുമാവുകൃഷി നാമമാത്രമായി ചുരുങ്ങുകയും പകരം തെങ്ങുകൃഷി വ്യാപിക്കുകയുമുണ്ടായി. ചേറ്റുവാ പുഴയിൽ നിന്നും ഉപ്പുവെള്ളം കനോലികനാലിലൂടെ കടന്ന് ഈ പഞ്ചായത്തിൽ വ്യാപിക്കാതിരിയ്ക്കുന്നതിനായി 1936 ൽ ബ്രിട്ടീഷുകാരുടെ ഭരണക്കാലത്ത് ചേറ്റുവായിൽ കനോലികനാലിന്ന് കുറുകെ ഒരുമനയൂർ ലോക്ക് എന്ന ഒരു ചീപ്പ് കെട്ടിയിരുന്നു. ഈ ലോക്ക് ഉദ്ദേശം 10 വർഷമായി കേടുവന്ന് കിടക്കുകയാണ്. അതിന്റെഫലമായി ഈ വഴി ഉപ്പുവെള്ളം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇടത്തോടുകളിലൂടെ കടന്നു കയറുകയും കൃഷിയിടങ്ങൾ ഉപയോഗശൂന്യമാവുകയും ചെയ്തു. മാത്രമല്ല തെങ്ങുകളുടെ ഉൽപാദനക്ഷമത കുറയുവാനും, നാളികേരത്തിന്റെ തൂക്കം കുറയുവാനും ഇതുമൂലം ഇടവരുന്നു. മഴക്കാലമായാൽ പഞ്ചായത്തിലെ പുഴയോരഭൂമികൾ മണ്ണൊലിച്ചു പോയി നഷ്ടപ്പെട്ടുപോകുന്നുണ്ട്. ഈ പഞ്ചായത്തിൽ 7 k.m. കടലോരമാണ്. വർഷം തോറുമുണ്ടാകുന്ന കടലാക്രമണംമൂലം കഴിഞ്ഞ 30 വർഷത്തിനിടക്ക് 750 മീറ്റരോളം കരകാർന്നുതിന്നു കഴിഞ്ഞിട്ടുണ്ട്. നിറയെ കായ്ഫലങ്ങളുണ്ടായിരുന്ന ആയിരക്കണക്കിന് തെങ്ങുകൾ കഴിഞ്ഞ ജൂലായ്, ആഗസ്റ്റ് മാസങ്ങളിലുണ്ടായ കടലാക്രമണത്തിൽ വീണുപോയിട്ടുണ്ട്.

| സ്ഥലവിവരം | കുടുംബങ്ങൾ കൈവശക്കാർ | നിരക്ക് |
|---|---|---|
| 2 ഏക്കറിൽ കൂടുതലുള്ളവർ | 200 | 5% |
| 1 ഏക്കറിനും 2 ഏക്കറിനും മദ്ധ്യേ | 400 | 10% |
| 1 ഏക്കറിനും 30 സെന്റിന്നും മദ്ധ്യേ | 1000 | 25% |
| 30 സെന്റിൽ താഴെ | 2400 | 60% |

ഈ പഞ്ചായത്തിലെ 60% കുടുംബങ്ങളും 30 സെന്റ് സ്ഥലത്തിൽ കുറവുള്ളവരാണ്. 1960 കളിൽ ഇവിടുത്തുകാർ ജോലിതേടി വ്യാപകമായി ഗൾഫ് രാജ്യങ്ങളിലേക്ക് പോവുകയും സാമ്പത്തികനില കുറേയേറെ ഭദ്രമാവുകയും ചെയ്തതിനെതുടർന്ന് മോടിയുള്ള ഭവനങ്ങൾ പഞ്ചായത്തിൽ ധാരാളമായി ഉയർന്ന് വന്നിട്ടുണ്ട്. ഇതുണ്ടാക്കുന്നതിനായി പല സ്ഥലങ്ങളും നികത്തുകയും, നിരത്തുകയും ചെയ്യേണ്ടി വന്നു. മഴ പെയ്ത് നിറയുന്ന അധിക ജലം പുഴയിലേയ്ക്കും മറ്റും ഒഴുകിപോകുന്നതിന്നുണ്ടായിരുന്ന പരമ്പരാഗത തോടുകൾ പലതും ഇങ്ങിനെ നികത്തപ്പെട്ടുപോയി. ചെറിയ തുണ്ടുഭൂമികൾ ക്രയവിക്രയം ചെയ്തു, വീടുകൾ വെച്ചു മതിൽ കെട്ടി സംരക്ഷിച്ചു. ഈ സമുച്ചയങ്ങൾക്കുള്ളിൽ അകപ്പെട്ടുപോയ പലരുടേയും സ്ഥലങ്ങളും കുടിലുകളും മഴക്കാലത്ത് വെള്ളക്കെട്ടുകളായി മാറി. അവിടങ്ങളിലെ കൃഷികൾക്ക് നാശം സംഭവിച്ചു.

ചാവക്കാട് N.E.S. ബ്ലോക്ക് 1960-ൽ ആരംഭിച്ചതോടെയാണ് ശാസ്ത്രീയകൃഷിരീതികളെപ്പറ്റിയൊക്കെ ഈ നാട്ടുകാർ കേട്ടുതുടങ്ങിയത്. നാമ

മാത്രമായി അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈകൾ, രാസവളങ്ങൾ എന്നിവ വിതരണം ചെയ്തതും ആ കാലഘട്ടം മുതൽക്കാണ്. എന്നാൽ (ഇവിടുത്തെ മണ്ണിന്റെ പ്രത്യേകതകൊണ്ടോ എന്താണെന്നറിയില്ല) അത്തരം തൈകൾ ഇവിടെ ഇതുമൂലം വിജയകരമായില്ല. ഇവിടെ തന്നെ കർഷകർ ഉത്പാദിപ്പിക്കുന്ന തൈകൾ തന്നെയാണ് ഇപ്പോഴും നട്ടുവളർത്തുന്നത്. രാസവളപ്രയോഗങ്ങൾ ഇപ്പോൾ മുൻകാലത്തേക്കാൾ കൂടുതൽ ഉപയോഗിക്കുന്നുണ്ടെങ്കിലും കൂടുതൽ വ്യാപകമായി ഉപയോഗിച്ചു വരുന്നത് ജൈവവളങ്ങളാണ്.

| കൃഷികൾ | വിസ്തീർണ്ണം (ഹെക്ടർ കണക്കിൽ) | നിരക്ക് |
|---|---|---|
| തെങ്ങ് | 1400 ഹെക്ടർ | 80-55% |
| നെല്ല് | ഇല്ല | - |
| കവുങ്ങ് | 4 ഹെക്ടർ | 0.23% |
| വാഴ | 2 ഹെക്ടർ | 0.11% |
| കശുമാവ് | 2 ഹെക്ടർ | 0.11% |

## പച്ചക്കറികൾ ഇടവിളകളായി

മുൻകാലങ്ങളിൽ പഞ്ചായത്തിലെ തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ കൃഷികൾക്ക് ജലസ്രോതസ്സുകളായ കുളം, കിണർ, തോടുകൾ എന്നിവയിൽ നിന്നും ജലസേചനം നടത്താൻ സാധിച്ചിരുന്നു. എന്നാൽ ചേറ്റുവായിലുള്ള ഒരുമനയൂർ ലോക്ക് കേടുവന്നതോടെ മേൽപ്പറഞ്ഞ ജലസ്രോതസ്സുകളിൽ ഉപ്പുവെള്ളം കയറുകയുണ്ടായി. തന്മൂലം ജലസേചനസൗകര്യം നഷ്ടപ്പെട്ടു. 1987ൽ കൃഷിഭവൻ പഞ്ചായത്തിൽ ആരംഭിച്ചതോടെ കൃഷിക്കാർക്ക് സബ്സിഡിയായും മറ്റും കിണർകുഴിക്കാനും മോട്ടോറുകൾ ഉപയോഗിച്ച് വെള്ളം പമ്പു ചെയ്യാനും, അതുവഴി കൃഷി മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ 60% ത്തോളം വരുന്ന തുണ്ടുഭൂമി കൈവശക്കാർക്ക് അതിന്റെ പ്രയോജനം ലഭിക്കാതെ പോകുന്നുണ്ട്. 30 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുന്നതിന് കഴിഞ്ഞവർഷം വരെയും സബ്സിഡി ലഭിച്ചിരുന്നില്ല. അത് ഈ വർഷം മുതൽ നടപ്പാക്കിയിട്ടുണ്ട്. തെങ്ങു കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രധാനപ്രശ്നം നാളികേരത്തിനുള്ള വിലയിടിവും, കൂലിചെലവിൽ വന്ന വർദ്ധനയുമാണ്. തെങ്ങിന്റെ കട കിളയ്ക്കുന്നതിനും, വളം തൂവുന്നതിനും മറ്റും പുരുഷന് 100 രൂപായും സ്ത്രീകൾക്ക് 65 രൂപായുമാണ് കൂലി ചിലവ്. തെങ്ങുകയറ്റത്തിന് 100 തെങ്ങിന് 250 രൂപായും, പൊളികൂലി 1000 തേങ്ങക്ക് 100 രൂപായും നൽകേണ്ടതുണ്ട്. ഉൽപാദനശേഷി കൂട്ടുന്നതിനായി ഉപയോഗിക്കുന്ന ജൈവവളങ്ങൾ, രാസവളങ്ങൾ എന്നിവക്ക് ഉയർന്ന വിലയാണ് കർഷകർ നൽകി വരുന്നത്. വാഴ, പച്ചക്കറി എന്നിവയുടെ കൃഷി വളരെ കുറഞ്ഞ നിലയിലായിപ്പോയിട്ടുണ്ടിവിടെ. തമിഴ്നാട്ടിൽനിന്നുള്ള പച്ചക്കറികൾ താരതമ്യേന കുറഞ്ഞ വിലക്ക് ഈ പ്രദേശത്ത് നിത്യേന എന്ന മട്ടിൽ ലഭിക്കുന്നത് ഈനാട്ടിലെ പച്ചക്കറി കൃഷി ക്ഷയിക്കുവാൻ കാരണമായിരിക്കുന്നു.

## *പരിഹാര മാർഗ്ഗങ്ങൾ:-*

1. കടലാക്രമണം തടയുന്നതിന്നായി കടൽഭിത്തിക്കെട്ടാൻ ബാക്കിയുള്ള ഭാഗങ്ങളിൽ കടൽഭിത്തിക്കെട്ടുകയും, ഭാഗികമായി തകർന്ന കടൽഭിത്തി ശക്തിപ്പെടുത്തുകയും ചെയ്യുക. മാത്രമല്ല; കടൽഭിത്തിയിൽനിന്നും 100 മീറ്റർ വരെ കടലിലേക്ക് ഒലിമുട്ടുകൾ സ്ഥാപിക്കുക. ഇത് കടൽഭിത്തിയുടെ 200 മീറ്റർ അകലങ്ങളിലായിരിയ്ക്കയും വേണം.

2. പഞ്ചായത്തിന്റെ ഉൾഭാഗങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന്ന് ചേറ്റുവായിലുള്ള ഒരുമനയൂർ ലോക്ക് പുതുക്കിപ്പണിയുകയും. മാടിനേയും കറുകമാടിനെയും ബന്ധിപ്പിക്കുന്ന സ്ലൂയിസ് - കം - ബ്രിഡ്ജ് നിർമ്മിക്കുകയും ചെയ്യുക.

3. മണ്ണൊലിപ്പ് തടയുന്നതിന്നും, കരയിലെ ഈർപ്പം നിലനിർത്തുന്നതിന്നും വേണ്ടി കായലിന്റേയും, പുഴയുടേയും ഓരങ്ങളിലുള്ള കരകൾ സൈഡു കെട്ടി സംരക്ഷിക്കുക.

4. പഞ്ചായത്തിൽ ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് ഉപദേശം നൽകുന്നതിന്നും, അത്യുൽപാദനശേഷിയുള്ളു വിത്തിനങ്ങൾ വിതരണം ചെയ്യു

ന്നതിനും, കൃഷികൾക്കുണ്ടാകുന്ന രോഗങ്ങളെ തടയുന്നതിനും മറ്റുമുള്ള ഉപദേശം നൽകുന്നതിനും കൃഷിഭവനിൽ ഇപ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥന്മാരെ കൊണ്ടുമാത്രം സാധിക്കാതെ വരുന്നതിനാൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുക. കടപ്പുറം ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ ഓഫീസ് ഒട്ടും സൌകര്യപ്രദമല്ലാത്ത ഒരു കൊച്ചു മുറിയിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലമെടുത്ത് സൌകര്യപ്രദമായ കെട്ടിടം കൃഷിഭവനായി ഉപയോഗിക്കുക.

5. രാസവളങ്ങൾക്ക് സബ്സിഡി ഏർപ്പെടുത്തുക.

6. തെങ്ങു കൃഷിക്കാരുടെ സഹകരണ സംഘം രൂപീകരിച്ച് ഒരു കൊപ്ര സംസ്കരണശാലയും, ഓയിൽമില്ലും സ്ഥാപിക്കുക.

7. പച്ചക്കറി വ്യാപാരാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് സൗജന്യമായി വിത്തുകൾ, സാങ്കേതിക ഉപദേശം എന്നിവയും ധനസഹായവും നൽകുക. ഇവർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വാങ്ങുന്നതിന് സിവിൽ സപ്ളൈസ് കോർപ്പറേഷൻ വക സ്റ്റാൾ തുറക്കുകയോ പഞ്ചായത്തിൽ ഒരു വിപണനകേന്ദ്രം ആരംഭിക്കുകയോ ചെയ്യുക.

8. തെങ്ങു കൃഷിക്കാർക്ക് വളം സ്ഥലത്ത് എത്തിക്കുന്നതിന്നും, കേരോല്പന്നങ്ങൾ വിപണനകേന്ദ്രങ്ങളിൽ എത്തിയ്ക്കുന്നതിനും ആവശ്യമായ ഗതാഗത സൌകര്യങ്ങൾ ഏർപ്പെടുത്തുക.

9. കൃഷിയുമായി ബന്ധപ്പെട്ട കർഷകതൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുകയും, കർഷകതൊഴിലാളി സഹകരണസംഘം രൂപീകരിക്കുകയും ചെയ്യുക.

10. വിള ഇൻഷൂറൻസ് കൂടുതൽ പ്രയോജനപ്രദമാവുന്ന രീതിയിൽ നടപ്പിലാക്കുക.

11. മഴക്കാലത്ത് മാസങ്ങളോളം പുരയിടങ്ങളിലും, കൃഷി സ്ഥലങ്ങളിലും വെള്ളം കെട്ടിനില്ക്കുന്നത് പുഴയിലേക്ക് ഒഴുക്കി വിടുന്നതിന്നാവശ്യമായ കാനകൾ നിർമ്മിക്കുക.

12. വാർഡുകളിലെ കൃഷി വികസന സമിതികൾ പുനരുജ്ജീവിപ്പിക്കുകയും, അതുവഴി ഗ്രൂപ്പ് ഫാമിങ്ങ് നടപ്പാക്കുകയും ചെയ്യുക.

## ജലസേചനം

ഈ പഞ്ചായത്തിൽ ജലസേചന പദ്ധതികളുടെ സൗകര്യമില്ല. ശുദ്ധജലം വഹിച്ചൊഴുകുന്ന നീർച്ചാലുകളോ, പുഴകളോ ഇവിടെ ഇല്ല. ജനസാന്ദ്രത കൂടുതലായ ഒരു പഞ്ചായത്തായതുകൊണ്ട് ചെറിയ തുണ്ടുഭൂമികളുടെ ഉടമകളാണ് ഏറെയും. 60% പേരും മുപ്പതുസെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. പഞ്ചായത്തിന്റെ അധീനതയിൽ പൊതുകുളങ്ങൾ ഒന്നും തന്നെയില്ല. ചേറ്റുവാ അഴിയിലൂടെ ചേറ്റുവാ പുഴയിലെത്തുന്ന ഉപ്പുവെള്ളം കേടുവന്നു കിടക്കുന്ന ഒരുമനയൂർ ലോക്കിലൂടെ ഈ പഞ്ചായത്തിലുള്ള തോടുകളിലും, മറ്റു ജലാശയങ്ങളിലും ഉപ്പുരസം കലർത്തിയിരിക്കുകയാണ്.

| പഞ്ചായത്തിലെ ജലസ്രോതസ്സുകൾ | എണ്ണം | നിരക്ക് |
|---|---|---|
| കിണറുകൾ | 976 | 25% |
| ചാമ്പുപൈപ്പുകൾ | 463 | 11.6% |
| സ്വകാര്യകുളങ്ങൾ | 80 | 2% |
| തോടുകൾ (ഉപ്പുവെള്ളം മാത്രം) | 48 | 1% |

### *പരിഹാരങ്ങൾ*

1. കൂടുതൽ കിണറുകൾ, ചാമ്പുപൈപ്പുകൾ, മോട്ടോറുകൾ എന്നിവ സ്ഥാപിക്കുന്നതിന് കർഷകന് ധനസഹായം നൽകുക.

2. പഞ്ചായത്തിൽ ഉപ്പുവെള്ളം തടയുന്നതിന്നായി ചേറ്റുവായിലെ ഒരുമനയൂർ ലോക്ക് പുതുക്കിപ്പണിയുകയും, മാടിനേയും കറുകമാടിനേയും ബന്ധിപ്പിക്കുന്ന സ്ലയിസ്-കം-ബ്രിഡ്ജ് പണിയുകയും ചെയ്യുക.

3. മണൽഭൂമിയായിട്ടുള്ള ഈ പഞ്ചായത്തു

പ്രദേശത്തെ ജലനിരപ്പ് വേനൽക്കാലങ്ങളിൽ കൂടുതൽ താഴ്ന്നുപോകാതെ നിലനിർത്തുന്നതിന് വേണ്ടിയും, മണ്ണിലെ ഈർപ്പം പരമാവധി സംരക്ഷിക്കുന്നതിന്നു വേണ്ടിയും കൃഷിയിടങ്ങളിൽ ഇടക്കിടെ കുഴികൾ നിർമ്മിച്ച് ജലം കെട്ടി നിർത്തുക.

4. ജലസേചനത്തിനായി വെച്ചിട്ടുള്ള പമ്പുസെറ്റുകൾക്ക് വൈദ്യുതി കണക്ഷനുകൾക്ക് മുൻഗണന നൽകുക.

5. കാർഷിക ജലസേചനങ്ങൾക്ക് വൈദ്യുതി സൗജന്യമാക്കുക. കടപ്പുറം ഗ്രാമപഞ്ചായത്തിലെ, തോടുകൾ കുളങ്ങൾ, മറ്റു നീർതടാകങ്ങൾ എന്നിവ ശുദ്ധജലമേഖലയാക്കുന്നതിനുവേണ്ടി, പഞ്ചായത്തിനകത്തേക്ക് ഉപ്പുവെള്ളം പ്രവേശിക്കാവുന്ന സ്ഥലങ്ങളിൽ ചീപ്പുകൾ നിർമ്മിക്കുക.



## മൃഗസംരക്ഷണം

കടപ്പുറം പഞ്ചായത്തിൽ ഏതാണ്ട് അൻപതുവർഷം മുൻപ് എണ്ണൂറു കുടുംബങ്ങൾ മാത്രമാണുണ്ടായിരുന്നത്. ഈ എണ്ണൂറു കുടുംബങ്ങളിൽ എഴുപതുശതമാനം വീടുകളിലും എരുമ, പശു, കാള, ആട്, കോഴി എന്നിവ ഉണ്ടായിരുന്നു. ഇതിൽ തന്നെ നാലോ അഞ്ചോ കുടുംബങ്ങൾ ആടുകളേയും, പശുക്കളേയും ഇരുപത്തി അഞ്ചിനും അമ്പതിനും ഇടയിൽ വളർത്തി പോന്നിരുന്നു. കടലോരങ്ങളിൽ വളരെയധികം പുറംപോക്കുസ്ഥലങ്ങളും, പഞ്ചായത്തിന്റെ മറ്റു സ്ഥലങ്ങളിലുമായി പുല്ലുകൾ വളർന്നു നില്ക്കുന്ന തുറസ്സായ സ്ഥലങ്ങളും ധാരാളമുണ്ടായിരുന്നു. പല കുടുംബക്കാരും കന്നുകാലികളെ കയറിൽ കെട്ടിയിടുന്ന പതിവില്ലായിരുന്നു. പശുക്കളേയോ ആടുകളേയോ പ്രസവം അടുക്കാറായ സന്ദർഭങ്ങളിൽ മാത്രമാണ് വീടുകളിലേക്ക് തെളിച്ചു കൊണ്ടുവരിക പതിവുള്ളൂ. കന്നുകാലികളെ വളർത്തുന്നതിന്നായി തീറ്റച്ചെലവായി ഉടമസ്ഥന് യാതൊന്നും ചെലവാക്കേണ്ടി വന്നിരുന്നില്ല. ഉൽപാദിപ്പിക്കുന്ന പാൽ സ്വന്തം ഉപയോഗം കഴിച്ച് ബാക്കി വരുന്നവ ചായക്കടകളിൽ വിൽക്കുകയായിരുന്നു സാധാരണ. എന്നിട്ടും മിച്ചം വരുന്ന പാൽ തൈരാക്കി അതിൽ നിന്ന് നെയ്യ് വേർതിരിച്ചെടുത്ത് സൂക്ഷിക്കുകയായിരുന്നു പതിവ്. ചില കുടുബക്കാർ പശു, ആട് എന്നിവയെ വളർത്താൻ കൊടുക്കുക എന്ന പതിവും ഉണ്ടായിരുന്നു. മൃഗപരിപാലനത്തിൽ താല്പര്യമുള്ളവരും, ദരിദ്രരുമായ ജനങ്ങൾക്ക് പശുവിനേയോ ആടിനേയോ വളർത്താൻ കൊടുത്താൽ ആദ്യപ്രസവം നടന്നുകഴിഞ്ഞാൽ തിരിച്ചേല്പിക്കണമെന്നായിരുന്നു വാക്കാൽ നിബന്ധന. പശുവിനെ കുട്ടിയോടൊപ്പം തിരിച്ചേല്പ്പിച്ചാൽ ഒരു പ്രതിഫലസംഖ്യയും ആടിനെ കുട്ടികളോടൊപ്പം തിരിച്ചേല്പ്പിച്ചാൽ ഒരു കുട്ടിയേയും, വളർത്തിയ ആളിന്ന് കൊടുക്കുക പതിവായിരുന്നു. കന്നുകാലി മേച്ചിൽ സ്ഥലങ്ങളിൽനിന്ന് ചാണകം ശേഖരിച്ച് വില്പന നടത്തുന്നവരും അന്നുണ്ടായിരുന്നു. ഈ പ്രദേശത്തെ തെങ്ങ്, കമുക്, നെൽകൃഷി, വാഴ, പച്ചക്കറികൾ എന്നിവയ്ക്ക വളമായി കന്നുകാലികളുടെ ചാണകം മുഖ്യമായി ഉപയോഗപ്പെടുത്തി പോന്നിരുന്നു. ചുരുക്കത്തിൽ പാൽ, വളം, മാംസം എന്നിവയ്ക്കായി മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ട ഗതികേടും അന്നില്ലായിരുന്നു. 1967ന് ശേഷം പുറംപോക്കു സ്ഥലങ്ങളിൽ വീടുകൾ പുതിയതായി പൊങ്ങിവരികയും, ആ സ്ഥലങ്ങൾക്ക് പട്ടയം കൊടുക്കുകയും, തുറസ്സായ സ്ഥലങ്ങളിൽ തെങ്ങുകൃഷി വ്യാപകമാവുകയും ചെയ്തതോടെ മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞു കുറഞ്ഞു വന്നു. കുടുംബങ്ങളിൽ നിന്നും വേറിട്ടു താമസിക്കുന്നവർക്കായി പുതിയ പുരയിടങ്ങളും സൃഷ്ടിക്കപ്പെട്ടു. ഇതിനെ തുടർന്ന് കയറില്ലാതെ അഴിച്ചുവിടപ്പെടുന്ന കന്നുകാലി കൂട്ടങ്ങൾ പുരയിടങ്ങൾക്കും, കൃഷി സ്ഥലങ്ങൾക്കും ഭീഷണിയായി തുടങ്ങി. അതിന്റെ ഫലമായി കന്നുകാലി കൂട്ടങ്ങളെ സ്വതന്ത്രമായി മേയാൻ വിടുന്ന പതിവ് ഇല്ലാതാവുകയും, വീടിനോടനുബന്ധിച്ച് തൊഴുത്തുകൾ ഉണ്ടാക്കി പരിപാലനം തുടർന്നുപോരുകയും ചെയ്തു. ഈ കന്നുകാലികളെ തെങ്ങിൻ പറമ്പുകളിലും, പുൽപ്രദേശങ്ങളിലും കയറുപയോഗിച്ച് കെട്ടിയിട്ട് വളർത്താനും ആരംഭിച്ചു. കുടുംബങ്ങളുടെ അനുപാതത്തിനനുസരിച്ചുള്ള വർദ്ധന ഈ രംഗത്ത് ഉണ്ടായില്ല. പണ്ടു മുതൽക്ക് തന്നെ കോഴികൾ ഇല്ലാത്ത വീടുകൾ ഉണ്ടായിരുന്നില്ല. എന്നാൽ താറാവിനെ ആദ്യം ആരും തന്നെ വളർത്തിയിരുന്നില്ല. ഇവിടെയുള്ള നെൽപാടങ്ങളിലും ആഴം കുറഞ്ഞ കായൽ തടാകങ്ങളിലും പുറമെ നിന്നുള്ള നാടോടി താറാവു വളർത്തുകാർ താറാവു കൂട്ടങ്ങളുമായി എത്തി മേച്ചൽ നടത്തി പോകുമായിരുന്നു. ഏതാണ്ട് 1970 ന് ശേഷമാണ് ഇവിടുത്തെ പല വീടുകളിലും മുട്ടക്കുവേണ്ടിമാത്രം നാമമാത്രമായുള്ള താറാവു വളർത്തൽ ആരംഭിയ്ക്കുന്നത്. എന്നാൽ ഇവയൊന്നും തന്നെ വ്യാവസായിക അടിസ്ഥാനത്തിൽ വളർന്നില്ല. പറമ്പുകൾ ഉഴുന്നതിന് അത് തൊഴിലാക്കിയിരുന്ന നാലോ അഞ്ചോ കുടുംബങ്ങൾ കാളകളേയും, പോത്തുകളേയും ഉഴവുമാടുകളായി ഈ പഞ്ചായത്തു പ്രദേശത്ത് വളർത്തിയിരുന്നു. 1967ന് ശേഷം പഞ്ചായത്തിൽ വന്ന മാറ്റങ്ങൾ പൊടുന്നനെയായിരുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം പ്രകടമായ ഒരു പഞ്ചായത്താണ് ഇത്. ചെറിയ പല കുടിലുകളും വാർപ്പ് കെട്ടിടങ്ങളായി. ഈ കെട്ടിടങ്ങൾ മതിലുകൾ കെട്ടി സംരക്ഷിക്ക

പ്പെട്ടു. റോഡുകളും വ്യാപാരസ്ഥാപനങ്ങളും വർദ്ധി ച്ചുവന്നു. കനോലി കനാലിൽ കൂടി ഉപ്പുവെള്ളം കട ക്കാതിരിക്കാനായി ചേറ്റുവായിൽ നിർമ്മിച്ചിരുന്ന ഒരു മനയൂർ ലോക്ക് കേടുവരികയും അതിലൂടെ ഉപ്പു വെള്ളം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കയറുകയും ചെയ്തതോടെ നെൽകൃഷി പാടെ നിന്നുപോയി. തന്മൂലം കന്നുകാലികൾക്കാവശ്യ മായ വൈക്കോൽ മറുനാടുകളിൽ നിന്നും വന്നിരു ന്നതിനാൽ വലിയ വില കൊടുക്കേണ്ടി വരുന്നു. സങ്കരയിനം കന്നുകാലികളെ കൂടുതൽ ലാഭത്തി ന്നായി വാങ്ങി സംരക്ഷിക്കുന്ന പ്രവണത ഇവി ടെയും നിലവിൽ വന്നു. പുല്ല് കന്നുകാലികൾക്ക് കൊടുക്കാൻ കഴിയാത്തതുകൊണ്ട് കാലിത്തീറ്റ കളും, കഞ്ഞിയും നൽകി വളർത്തേണ്ടി വരുന്നുണ്ട് ഇപ്പോൾ. കന്നുകാലികളെ വളർത്തുന്നതിൽ എണ്ണ ത്തിൽ കുറവു വന്നിട്ടുണ്ട്.

| | 1966 | 1976 | 1986 | 1996 |
|---|---|---|---|---|
| പശു | 708 | 303 | 402 | 580 |
| കന്നുകുട്ടികൾ | 415 | 98 | 143 | 170 |
| എരുമ | 309 | 124 | 117 | 94 |
| കാള | 229 | 107 | 98 | 32 |
| ആട് | 1416 | 1040 | 911 | 1005 |
| കോഴി | 12007 | 11096 | 8422 | 9500 |
| താറാവ് | 3 | 102 | 318 | 400 |

കഴിഞ്ഞ മുപ്പതുവർഷമായി ജനപ്പെരുപ്പത്തി ന്റേയും, കുടുംബ വളർച്ചയുടേയും അനുപാതം എടുത്തു നോക്കുമ്പോൾ കന്നുകാലി വളർത്തലിൽ കാര്യമായ കുറവാണ് കാണുന്നത്. മുൻപ് മാംസ ത്തിന്നായി ഇവിടങ്ങളിൽ തന്നെ ഉണ്ടായിരുന്ന മൃഗ ങ്ങളെയാണ് ഉപയോഗിച്ചിരുന്നത്. എങ്കിൽ ഇപ്പോൾ ഇതിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. മാംസത്തിന്റെ ഉപഭോഗം കൂടിവരുന്നതായാണ് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഉണ്ടായി ട്ടുള്ളത്. അൻപതുവർഷം മുൻപ് എണ്ണൂറ് കുടുംബ ങ്ങൾ മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അത് അയ്യായിരം കുടുംബങ്ങളായി വളർന്നിരിക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ വേണം മേൽകാ ണുന്ന കണക്കുകൾ വിലയിരുത്താൻ. ഈ പഞ്ചാ യത്തു പ്രദേശത്ത് ഒരു ദിവസം ഉദ്ദേശം 15 പോത്തു കളേയും 10 ആടുകളേയും നാമമാത്രമായി കാളക ളേയും അറത്തു വില്ക്കുന്നുണ്ട്. ഇതിന്നനുസരിച്ച് കന്നുകാലി വളർത്തൽ വികസന സാധ്യതയുള്ള ഒന്നാണെന്ന് പറയേണ്ടതില്ലല്ലോ. ഈ പഞ്ചായ ത്തിൽ നാടൻ കന്നുകാലികളെ വളർത്തുന്നതിൽ താല്പര്യം ജനങ്ങളിൽ കുറഞ്ഞു വന്നു. വളർത്താ നുള്ള ചെലവിൽ വന്ന വർദ്ധനവും. അത് നിക ത്താൻ തക്ക വരുമാനം ലഭിക്കാതെ പോയതുമാണ് ഇതിന് കാരണം. കൂടാതെ പശുക്കൾക്ക് പൊതുവെ അസുഖങ്ങൾ വന്നാൽ ഇവിടത്തുകാർ 7 കിലോമീ റ്റർ അകലെയുള്ള മണത്തലയിലുള്ള മൃഗാശുപത്രി യിലാണ് കൊണ്ടു പോയിരുന്നത്. 1990-ൽ മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായ ത്തിലെ അടിതിരുത്തിയിൽ ഒരു ICDP സബ്ബ്സെന്റർ അനുവദിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സബ്ബ്സെന്റർ പഞ്ചായത്തിന്റെ ഒരു അറ്റത്തായതു കൊണ്ട് പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങൾക്കും സൌകര്യപ്രദമായിട്ടില്ല. 1996 ഏപ്രിൽ മുതൽ അഞ്ചങ്ങാടി സെന്ററിലുള്ള പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലെക്സിൽ ഒരു മൃഗാശുപത്രി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ആവശ്യമായ മരു ന്നുകളോ ഒരു ഡോക്ടർ പോലുമോ ഇല്ലാതെയാണ് പ്രവർത്തനം നടന്നു വരുന്നത്. ക്ഷീരവിതരണ സഹ കരണ സംഘങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായ ത്തിൽ നിലവിലില്ല. കോഴി, താറാവു വളർത്തു കേന്ദ്രങ്ങളും ഇവിടെയില്ല. കന്നുകാലിത്തീറ്റ, കോഴി തീറ്റ എന്നിവക്ക് വില കൂടുതൽ ആയതിനാലും, കന്നുകാലികൾക്കും കോഴി, താറാവ് എന്നിവക്കുമു ണ്ടാകുന്ന അസുഖങ്ങളും മൂലം പലരും ഈ രംഗത്തു സജീവമാകുവാൻ വിമുഖത പ്രകടിപ്പിക്കു കയാണ്. താല്പര്യമുള്ള ദരിദ്ര ജനവിഭാഗങ്ങൾക്ക് വലിയ വില കൊടുത്ത് പശുക്കളേയോ, എരുമക ളേയോ വാങ്ങി നിലനിർത്തുവാൻ കഴിയാത്ത അവ സ്ഥയും ഉണ്ട്. ഇറച്ചിക്കോഴികളെ തമിഴ്നാട്ടിൽ നിന്നും ലോറികളിൽ കൊണ്ടുവന്ന് അവയെ വാങ്ങി വിൽക്കുന്ന കടകൾ മാത്രമാണ് ഇവിടെ പ്രവർത്തി ക്കുന്നത്. കന്നുകാലികൾക്ക് തീറ്റപ്പുല്ലുകൾ തെങ്ങു കൃഷികൾക്കിടവിളയായി വളർത്താനുള്ള സൗകര്യ മുണ്ടെങ്കിലും അവയുടെ വിത്ത് കർഷകർക്ക് ലഭി ക്കാത്ത അവസ്ഥയുണ്ട്.

മൃഗസംരക്ഷണ രംഗത്ത് കാണുന്ന മേൽപ്പറഞ്ഞ പല പ്രശ്നങ്ങൾക്കും താഴെ പറയുന്ന പരിഹാരങ്ങൾ നിർദ്ദേശിക്കുകയാണ്.

1. കർഷകർക്ക് ഉൽപ്പാദനശേഷി കൂടിയ കാലികളേയും, കോഴി, താറാവ് എന്നിവയേയും വാങ്ങി സംരക്ഷിക്കുന്നതിന് ധനസഹായം നൽകുക.

2. പഞ്ചായത്തിൽ താല്ക്കാലിക കെട്ടിടത്തിൽ നിലവിലുള്ള ഒരു മൃഗാശുപത്രിക്ക് പുറമേ, ബ്ലാങ്ങാടു ഭാഗത്ത് മറ്റൊരു മൃഗാശുപത്രിയും കൂടി അനുവദിയ്ക്കുകയും ഇവയ്ക്കാവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കുകയും കൂടാതെ മൃഗാശുപത്രികളിൽ മരുന്നും, ആവശ്യമായ ഉദ്യോഗസ്ഥരേയും നിയമിക്കുക.

3. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ രണ്ടു ക്ഷീര ഉൽപാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക, കാലിത്തീറ്റ, കോഴിത്തീറ്റ, വൈക്കോൽ തുടങ്ങിയ സബ്സിഡിയോടെ തീറ്റ വസ്തുക്കൾ ഈ സൊസൈറ്റികൾ വഴി ചുരുങ്ങിയ നിരക്കിൽ വിതരണം ചെയ്യുക, പാൽ ഉല്പാദകർക്ക് ന്യായമായ വില ലഭ്യമാക്കുക.

4. ഇറച്ചികോഴികളെ വളർത്തുന്നതിന് ആവശ്യമായ സാങ്കേതികോപദേശം നൽകുകയും, അത്തരം കേന്ദ്രങ്ങൾ നടത്തുന്നതിന് ധനസഹായം നൽകുകയും ചെയ്യുക.

5. തീറ്റപ്പുൽ കൃഷിക്കാവശ്യമായ വിത്തും വളവും പഞ്ചായത്തു മുഖേന ലഭ്യമാക്കുക.

6. കന്നുകാലികളെ വളർത്തുന്നതിന്നാവശ്യമായ തൊഴുത്തുകൾ നിർമ്മിയ്ക്കുന്നതിനുള്ള ധനസഹായം വ്യാപകമായി വിതരണം ചെയ്യുക.

7. ചാണകം ഉപയോഗിച്ചുള്ള ഗോബർ ഗ്യാസ് പ്ലാന്റുകൾക്ക് ആവശ്യമായ ധനസഹായവും, സാങ്കേതിക ഉപദേശവും, പഞ്ചായത്തിൽ തന്നെ ലഭ്യമാക്കുക.

8. കാലിതീറ്റ, കോഴിതീറ്റ എന്നിവ പ്രാദേശികമായി ഈ പഞ്ചായത്തിൽ ലഭ്യമാകുന്ന ഉണക്ക മത്സ്യം, കൊപ്രാ, പിണ്ണാക്ക് എന്നിവ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കുക.

9. കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങളായ കുളമ്പുരോഗം, അകിടുവീക്കം, പനി തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ ശേഖരിച്ചുവെക്കുക. കോഴികൾക്കുണ്ടാകുന്ന കോഴിവസന്ത, വസൂരി തുടങ്ങിയ രോഗങ്ങൾക്ക് വാക്സിനേഷനും മരുന്നുകളും ഏർപ്പെടുത്തുക.

10. കർഷകർക്ക് നല്ലയിനം ആടിനെ സാമ്പത്തിക സഹായത്തോടു കൂടി വിതരണം ചെയ്യുക.

11. പേവിഷബാധ തടയുവാൻ നായക്കൾക്ക് കുത്തിവെപ്പുകൾ നടത്തുക.

12. ഈ രംഗത്ത് സംയോജിത വികസന പദ്ധതികൾ നടപ്പിലാക്കുക.

## മത്സ്യബന്ധനം



ഈ പഞ്ചായത്ത് പ്രദേശം കടലോരപ്രദേശവും കായലോരപ്രദേശങ്ങളും അടങ്ങിയതാണ്. അതുകൊണ്ട്തന്നെ ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിൽമേഖല മത്സ്യബന്ധനമാണ്.

1960–ന് മുൻപ് ഈ പഞ്ചായത്ത് പ്രദേശത്ത് കടൽ മത്സ്യബന്ധനത്തിനും കായൽ മത്സ്യബന്ധനത്തിനും പലവിധ നാടൻ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. പരമ്പരാഗത മത്സ്യബന്ധനരീതിപ്രകാരം അഞ്ച് പേർ കയറുന്ന 94 വഞ്ചികളും 3 പേർ കയറുന്ന 20 ലൂപ്പ് വഞ്ചികളും പുറം കടലിൽ നിന്ന് മത്സ്യബന്ധനത്തിനായി ഒഴുക്കുവലകളും, ചൂണ്ട

മുതലായ ഉപകരണങ്ങളും ഉപയോഗിച്ചിരുന്നു. ഊന്നുവല, വീശുവല മുതലായ വലകളും, ചൂണ്ടൽ, ഒറ്റികുരുത്തി മുതലായ ഉപകരണങ്ങളും ചെറിയ കൊതുമ്പുവള്ളങ്ങളും കായൽ മത്സ്യബന്ധനത്തിന് ഉപയോഗിച്ചു വന്നിരുന്നു.

ആ കാലഘട്ടത്തിൽ നാടൻ വലകൾ നിർമ്മിക്കുന്നതിനായി നൂൽ നൂൽക്കുന്നന്നതിലും ചണം കൃഷി ചെയ്ത് ചണനൂൽ പിരിക്കുന്നതിലും, ഇവ ഉപയോഗിച്ച് വലനെയ്യുന്നതിലും ഈ പ്രദേശത്തെ സ്ത്രീപുരുഷഭേദമില്ലാതെ ജനങ്ങൾ ഏർപ്പെട്ടിരുന്നു.

മത്സ്യസംസ്ക്കരണ പ്രവർത്തനങ്ങളിലും ധാരാളം സ്ത്രീ പുരുഷന്മാരും ഏർപ്പെട്ടിരുന്നു. മൊത്തത്തിൽ ഈ പഞ്ചായത്ത് പ്രദേശത്തെ മത്സ്യബന്ധനരംഗത്തെ മുൻകാല ചരിത്രം വിശകലനം ചെയ്താൽ വളരെ ജീവസുറ്റ പ്രക്രിയയായിരുന്നു നടന്നിരുന്നത് എന്ന് കാണാം. മുൻകാലങ്ങളിലെ മത്സ്യബന്ധനരീതി സംബന്ധിച്ച ഉപകരണങ്ങളുടെയും , ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെയും വിവരങ്ങൾ കാണിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

| തോണികളുടെ ഇനം | തോണികളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | മത്സ്യബന്ധന മേഖല |
|---|---|---|---|
| നാടൻവള്ളം | 94 | 470 | കടൽ |
| ലൂപ്പ് വഞ്ചി | 20 | 60 | കടൽ |
| ചൂണ്ട വഞ്ചി | 30 | 90 | കടൽ |
| ഊന്നുവല | 37 | 74 | കായൽ |
| കൊതുമ്പു വഞ്ചി | 40 | 80 | കായൽ |

മേൽകാണിച്ച മത്സ്യബന്ധനരീതിയിൽ സ്രാവ്, ഏട്ട, ആവോലി, തീരണ്ടി, കുടുത, അയക്കൊറ മുതലായ വലിയ മത്സ്യങ്ങളും ചെമ്മീൻ, അയില, മത്തി, കൂന്തൾ, മുള്ളൻ, വെളൂരി മുതലായവയും സുലഭമായി ലഭിച്ചിരുന്നു. വിദേശനാണ്യം നേടിത്തന്നിരുന്ന ചെമ്മീൻ പുഴുങ്ങി ഉണക്കിതല്ലി പരിപ്പ് എടുത്ത് സിലോൺ, റങ്കൂൺ, മലായ, തൃത്തുക്കുടി, പാലക്കാട്, ചാലക്കുടി, ചങ്ങനാശ്ശേരി, തിരൂർ മുതലായ സ്ഥലങ്ങളിലേക്ക് ഇവിടെ നിന്ന് കയറ്റി അയച്ചിരുന്നു. മറ്റു മത്സ്യങ്ങൾ ഉപ്പിട്ട് ഉണക്കിയാണ് സൂക്ഷിച്ചിരുന്നതും വിപണനത്തിനായി ഉപയോഗിച്ചിരുന്നതും. മത്സ്യസംസ്ക്കരണത്തിനും ഉണക്കിസൂക്ഷിക്കാനുമായി അക്കാലത്ത് "ചാപ്പ"കൾ ഉണ്ടായിരുന്നു.

സമൃദ്ധമായ മത്സ്യസമ്പത്തും തൊഴിലാളികൾക്ക് തൊഴിൽ സാധ്യതയും ഉണ്ടായിരുന്നുവെങ്കിലും അക്കാലത്തെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജനങ്ങളുടെ സാമ്പത്തിക നില പരിതാപകരമായിരുന്നു. മത്സ്യബന്ധനത്തിലേർപ്പെട്ടവർക്ക് സ്വന്തമായി വള്ളങ്ങളോ മറ്റുപകരണങ്ങളോ ഇല്ലാത്തതും മത്സ്യബന്ധന മേഖലയിലെ കുത്തക ജന്മിമാരുടെ കീഴിൽ പണയപ്പെടുത്തിയ നിലയിലുള്ള പാരമ്പര്യ സമ്പ്രദായവും കടബാധ്യതയും ഈ തൊഴിലാളികളെ നിത്യ ദാരിദ്ര്യത്തിൽ കഴിയാൻ നിർബന്ധിതരാക്കി.

1960ന് ശേഷം ഈ പ്രദേശത്ത് മത്സ്യമേഖലയിൽ പ്രകടമായ മാറ്റം കണ്ടുവരുന്നു. മത്സ്യബന്ധനത്തിലും വിപണനത്തിലും നേരിടുന്ന പലവിധ പോരായ്മകൾ ഈ രംഗത്തെ മുരടിപ്പിന് കാരണമായി. മത്സ്യമേഖലയിൽ വളരെ വിപുലമായ വികസനസാധ്യതകളുള്ള പ്രദേശമാണ് കടപ്പുറം പഞ്ചായത്ത്. എന്നാൽ പരമ്പരാഗതമായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന ഭൂരിഭാഗം തൊഴിലാളികളും ഇന്ന് പിൻമുറക്കാരെ ഈ രംഗത്ത് പ്രോത്സാഹിപ്പിക്കുന്നില്ല. കുടുംബത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കത്തക്കവരുമാനം ഈ തൊഴിലിൽ നിന്ന് ലഭ്യമല്ലാത്തതിനാൽ മിക്കവരും തൊഴിൽ തേടി അന്യനാടുകളിൽ പോകുന്നു. പ്രധാനമായും അറബുനാടുകളിൽ പോയി ജോലി എടുക്കുന്നവരാണ്. പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും കാരണം ഈ പ്രദേശത്തെ ഗൾഫ് വരുമാനക്കാരുടെ വർദ്ധനവാണ്. ഇന്ന് നിലവിലുള്ള തൊഴിലാളികൾക്ക് പ്രോത്സാഹനം ലഭിക്കത്തക്ക സംരഭങ്ങൾ ഒന്നും ഇവിടെയില്ല. സ്വന്തമായി വള്ളമൊ, വലയൊ ഇവിടെയുള്ള തൊഴിലാളികൾക്ക് ഇല്ലാത്തതിനാൽ പിടിക്കുന്ന മത്സ്യത്തിന്റെ ശരിയായ വരുമാനം ഇവർക്ക് ലഭിക്കുന്നില്ല. വിപണന കാര്യത്തിലും ഈ പഞ്ചായത്തിൽ സൗകര്യമില്ല. ഇ പഞ്ചായത്തിലെ മത്സ്യമേഖല പുഷ്ടി

പ്പെടുത്താനും മത്സ്യതൊഴിലാളികളുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, തൊഴിൽ സൗകര്യത്തിനുമായി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ പഞ്ചായത്തിന്റെ കീഴിൽ മത്സ്യ സംസ്ക്കരണ കേന്ദ്രവും വിപണനസൗകര്യത്തിനായി ശേഖരണവും, വിതരണവും നിയന്ത്രിക്കുന്ന സഹകരണസംഘവും ഉണ്ടാക്കേണ്ടതാണ്. ഈ രംഗത്ത് തൊഴിലാളികൾക്ക് പ്രോത്സാഹനം ലഭിക്കത്തക്ക സഹായങ്ങൾ സർക്കാർ തലത്തിൽ ലഭ്യമാക്കുക വഴി ഈ മേഖല പുഷ്ടിപ്പെടുന്നു. മത്സ്യമേഖലയിലെ വളരെയധികം പ്രശ്നങ്ങൾ പല ഗ്രാമസഭകളിൽ നിന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

*പ്രശ്നങ്ങൾ*

1. മത്സ്യബന്ധനത്തിനും വിപണനത്തിനും ജനങ്ങൾ താൽപര്യം പ്രകടിപ്പിക്കുന്നില്ല.

2. ഈ പ്രദേശത്ത് ലഭ്യമാക്കുന്ന മത്സ്യസമ്പത്ത് ഇവിടെയുള്ള ജനങ്ങൾക്ക് പ്രയോജനകരമാകുന്നില്ല.

3. മത്സ്യസംസ്ക്കരണശാലകളുടെ അഭാവം വളരെ അധികം തൊഴിലാളികളുടെ തൊഴിൽ അവസരം നഷ്ടമാക്കുന്നു.

4. കടൽക്ഷോഭം മൂലം എല്ലാ വർഷവും ധാരാളം തൊഴിലാളികളുടെ വീടും ഭൂമിയും നഷ്ടമാവുന്നു.

5. ഈ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന മത്സ്യം വിറ്റഴിക്കുന്നതിന് ഇടനിലക്കാർ രംഗത്തിറങ്ങുന്നത് വലിയ പ്രയാസമുണ്ടാക്കുന്നു.

6. ഈ വിഭാഗത്തിലെ ജനങ്ങൾക്കിടയിൽ നില നില്ക്കുന്ന നിത്യ ദാരിദ്ര്യവും, പകർച്ചാവ്യാധികളും ഈ രംഗത്തെ മുരടിപ്പിക്കാൻ കാരണമാക്കുന്നു.

*നിർദ്ദേശങ്ങളും സാധ്യതകളും*

1. ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വള്ളവും, വലയും സൗജന്യമായി ലഭ്യമാക്കുക.

2. കടലോര പ്രദേശത്ത് താമസിക്കുന്നവർക്ക് ജീവനും സ്വത്തിനും സംരക്ഷണമായി കടൽഭിത്തി നിർമ്മാണം ഫലപ്രദമാക്കുക.

3. ഈ പഞ്ചായത്തിൽ ലഭിക്കുന്ന മത്സ്യം വിറ്റഴിക്കാൻ ഈ പഞ്ചായത്തിൽ തന്നെ സൗകര്യമുള്ള മാർക്കറ്റുകൾ ഉണ്ടാക്കുക.

4. മത്സ്യ ശേഖരണത്തിനും, വിപണനത്തിനും വേണ്ടി മത്സ്യസഹകരണസംഘങ്ങൾ സ്ഥാപിക്കുക.

5. ഈ പഞ്ചായത്തിൽ പീലിംഗ് ഷെഡുകൾ നിർമ്മിക്കുകമൂലം വളരെയധികം പേർക്ക് തൊഴിൽ സാധ്യത ഉണ്ടാകുന്നു. വ്യാവസായിക രീതിയിൽ വളർത്തികൊണ്ടുവരിക.

6. ഇവിടെ നിലവിലുള്ള ഏക ഐസ് ഫാക്ടറി 10 ടൺ കപ്പാസിറ്റിയുടേതാണ്. ഇതിൽ ഉല്പാദിപ്പിക്കുന്ന ഐസ് ഈ പഞ്ചായത്തിൽ ലഭിക്കുന്ന മത്സ്യം സൂക്ഷിക്കാൻ പര്യാപ്തമല്ലാത്തതിനാൽ സാമ്പത്തികനഷ്ടം വരുത്തി മറ്റു സ്ഥലത്തു നിന്ന് വാങ്ങേണ്ടി വരുന്നു. ഇതിന് പരിഹാരമായി കൂടുതൽ കപ്പാസിറ്റിയുള്ള രണ്ട് ഐസ് ഫാക്ടറികൾ കൂടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സർക്കാർ നിയന്ത്രണത്തിൽ സ്ഥാപിക്കണം.

7. ഈ പഞ്ചായത്തിലെ 2-ാം വാർഡിൽ ഏകദേശം ആറ് ഏക്കറോളം വരുന്ന മത്സ്യവളർത്തു കേന്ദ്രം ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ വകയായി പ്രവർത്തനരഹിതമായി കിടക്കുന്നുണ്ട്. ഇത് പഞ്ചായത്തിന് വിട്ട് കിട്ടാനുള്ള നടപടി എടുക്കുകയും സൊസൈറ്റി രൂപീകരിച്ച് മത്സ്യം വളർത്തുക.

8. ശുദ്ധജല മത്സ്യങ്ങളെ വളർത്താൻ സൗകര്യപ്രദമായ ജലാശയങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുണ്ട്. മിച്ച ഭൂമിയായി പതിച്ച് നൽകിയ ഈ ജലാശയങ്ങൾ ഉപയോഗമില്ലാത്ത അവസ്ഥയിലാണ്. ഇങ്ങിനെയുള്ള സ്ഥലങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കുകയോ പതിച്ച് കിട്ടിയവരെ സംഘടിപ്പിച്ച് കൂട്ടായി മത്സ്യം വളർത്താനുള്ള പ്രോത്സാഹനവും സഹായധനവും നിർദ്ദേശങ്ങളും നൽകുകയോ ചെയ്യുക.

9. ഈ പഞ്ചായത്തിലെ കായൽ മത്സ്യസമ്പത്ത് നാൾക്കുനാൾ കുറഞ്ഞുവരുന്നത് ഒഴിവാ

ക്കാനായി പുഴകളുടെയും മറ്റു ജലാശയങ്ങളുടേയും ഇരുകരകളും തൂർത്ത് കയ്യേറുന്ന പ്രവണത പൂർണ്ണമായും നിർത്താനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

10. അഴിമുഖത്ത് ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ ഊന്നുവലകൾ കെട്ടിനിർത്തുന്ന പ്രവണത മാറ്റി അഴിമുഖത്ത് നിന്ന് മാറ്റി സ്ഥാപിക്കാൻ നിർദ്ദേശിക്കുന്നത് കൊണ്ട് ബോട്ട് ഗതാഗതത്തിനുള്ള തടസ്സം നീങ്ങിക്കിട്ടുകയും അപകടങ്ങൾ ഒഴിവാക്കുവാനും കഴിയും.

11. മത്സ്യ ബന്ധനത്തിലും അതനോടനുബന്ധിച്ച മറ്റ് തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നവർക്ക് മത്സ്യഫെഡിന്റെ എല്ലാവിധ സഹായങ്ങളും അർഹമായ നിലയിൽ ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കുക.

12. കടൽക്ഷോഭം മൂലം വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് മത്സ്യഫെഡിന്റെ കീഴിലുള്ള സ്ഥലങ്ങളിൽ വീടുകൾ വെച്ച് പുനരധിവാസ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. വീടുകൾക്ക് കേട്പാട് സംഭവിച്ചവർക്ക് അറ്റകുറ്റപ്പണികൾക്കായി സഹായധനം അനുവദിക്കുകയും ചെയ്യേണ്ടതാണ്.



# വിദ്യാഭ്യാസം

ഏതൊരു ദേശത്തിന്റേയും സാമൂഹ്യ സാംസ്ക്കാരിക മേഖലയിൽ വിദ്യാഭ്യാസത്തിന് ഒരു നിർണ്ണായക പങ്കുണ്ട്. 18-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടം വരെ ഈ പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായിരുന്നു. ഇക്കാലത്ത് ഭൂരിഭാഗം ജനങ്ങളും വിദ്യാഭ്യാസമില്ലാത്തവരായിരുന്നു. എന്നാൽ അറബി-മലയാളം, ഉറുദു-അറബി എന്നിവയിൽ പഠനം നടത്താൻ സൗകര്യപ്രദമായ കുടിപ്പള്ളിക്കൂടങ്ങളും ഓത്ത് പള്ളികളും മദ്രസ്സകളും ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്നു. ഇത്തരത്തിലുള്ള ചില മദ്രസകളിൽ ഇംഗ്ലീഷ്, കണക്ക്, ചരിത്രം മുതലായ വിഷയങ്ങളിൽ പഠനം നടത്തിയിരുന്നു. പെൺകുട്ടികളെ വിദ്യാലയങ്ങളിൽ അയച്ച് പഠിപ്പിക്കാൻ അക്കാലത്ത് ജനങ്ങൾ തൽപരരായിരുന്നില്ല. ദൂരപ്രദേശങ്ങളിൽ പോകേണ്ട അവസ്ഥ ഇതിന് കാരണമായിക്കാണാം. പൊതുവെ സ്ത്രീകൾക്ക് സ്കൂൾ വിദ്യാഭ്യാസം ലഭിക്കത്തക്ക പ്രോത്സാഹനം ലഭ്യമായിരുന്നില്ല.

19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഈ പ്രദേശത്തെ ആദ്യത്തെ സർക്കാർ സ്കൂൾ സ്ഥാപിതമായി. കടപ്പുറം എലിമെന്ററി സ്കൂൾ എന്ന പേരിൽ അഞ്ചങ്ങാടി ഭാഗത്താണ് ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചത്. ഇവിടെയുള്ള സാമൂഹിക സാംസ്ക്കാരിക വളർച്ചയിൽ തൽപരരായ ഉന്നത വ്യക്തികളുടെയും സാമൂഹ്യപ്രവർത്തകരുടേയും നിരന്തര പരിശ്രമഫലമായിട്ടാണ് ഈ നേട്ടം കൈവരിച്ചത്. കടപ്പുറം പഞ്ചായത്ത് രൂപീകൃതമായതിന് ശേഷം 1967 E.M.S. മന്ത്രിസഭയിൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന C.H. മുഹമ്മദ് കോയ സാഹിബിന്റെ പ്രത്യേക താൽപര്യപ്രകാരം 1968-ൽ ഈ സ്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 1992-ൽ ഈ ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തി. വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്ത് കൈവരിച്ച ഏറ്റവും സുപ്രധാനമായ നേട്ടമായി ഇതിനെ കണക്കാക്കാം.

ഇന്ന് ഈ പഞ്ചായത്തിൽ നിലവിലുള്ള മിക്ക സ്കൂളുകളും സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് പ്രവർത്തനമാരംഭിച്ചവയാണ്. ഇന്ന് നിലവിലുള്ള സ്കൂളുകളിൽ സർക്കാർ തലത്തിലും എയിഡഡ് തലത്തിലുമായി ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും രണ്ട് യു.പി. സ്കൂളുകളും 4 എൽ.പി. സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വകാര്യതലത്തിൽ പ്രവർത്തിക്കുന്ന ഒരു റെക്കഗ്നൈസ്ഡ് ഇംഗ്ലീഷ് ഹൈസ്കൂളും രണ്ട് അൺറെക്കഗ്നൈസ്ഡ് ഇംഗ്ലീഷ് എൽ.പി. സ്കൂളുകളും ഉണ്ട്. ഈ പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകളുടെ പേര് വിവരങ്ങളും 1991 മുതൽ 96 വരെയുള്ള വിദ്യാർത്ഥികളുടെ എണ്ണവും പട്ടികയാക്കി ചുവടെ വിശദീകരിക്കുന്നു.

## കടപ്പുറം പഞ്ചായത്തിലെ വിദ്യാലയവിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|
| | | | 91-92 | 92-93 | 93-94 | 94-95 | 95-96 | ആൺ | പെൺ | ആകെ |
| 1. | G.H.S.S. കടപ്പുറം | സർക്കാർ | 1285 | 1260 | 1179 | 1110 | 934 | - | - | 31 |
| 2. | G.F.U.P.S. കടപ്പുറം | " | - | - | - | - | 522 | 6 | 10 | 16 |
| 3. | G.L.P.S. എരട്ടപ്പുഴ | " | 222 | 228 | 226 | 221 | 224 | 2 | 7 | 9 |
| 4. | A.M.U.P.S.വട്ടേക്കാട് | എയിഡ് | 615 | 607 | 621 | 627 | 582 | 3 | 21 | 24 |
| 5. | A.M.L.P.S. കറുകമാട് | " | - | - | - | - | 167 | 3 | 4 | 7 |
| 6. | H.A.A.M.L.P.S. മാട് | " | 253 | 271 | 270 | 243 | 253 | 2 | 7 | 9 |
| 7. | P.V.M.A.L.P.S. ബ്ലാങ്ങാട് | " | - | - | - | - | 224 | 1 | 8 | 9 |

## കടപ്പുറം പഞ്ചായത്തിലെ ഇംഗ്ലീഷ് സ്കൂളുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | മാനേജ് മെന്റ് | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | റെക്കഗ് നൈസ്ഡ് | ഫോക്കസ് ഇസ്ലാമിക് ഇംഗ്ലീഷ് ഹൈസ്ക്കൂൾ തൊട്ടാപ്പ് | 527 | 474 | 1001 | 13 | 42 | 55 |
| 2. | അൺറെക്കഗ് നൈസ്ഡ് | അൽ അറഫ ഇംഗ്ലീഷ് സ്കൂൾ, കടപ്പുറം | – | – | 190 | – | – | – |
| 3. | " | അൻസാർ ഇംഗ്ലീഷ് സ്കൂൾ ബ്ലാങ്ങാട് | – | – | 112 | 2 | 8 | 10 |

ഈ പ്രദേശത്ത് നിലവിലുള്ള വിദ്യാലയ വിവരങ്ങൾ വിശകലനം ചെയ്താൽ സർക്കാർ തലത്തിലും എയ്ഡഡ് തലത്തിലുമുള്ള സ്കൂളുകളുടെ സൗകര്യങ്ങൾ അപര്യാപ്തമാണ്. ഈ പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്ക്കൂളായ G.H.S.S. ന് അത്യാവശ്യ കെട്ടിട സൗകര്യങ്ങളോ മറ്റ് ഭൗതിക സൗകര്യങ്ങളോ ഇല്ല. ഈ സ്ഥാപനത്തിന്റെ എൽ.പി. വിഭാഗം ഫിഷറീസ് ആശ്വാസകേന്ദ്രത്തിലും യു.പി. വിഭാഗം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. G.F.U.P. സ്കൂളിന്റെ L.P. വിഭാഗം ഓലമേഞ്ഞ ഷെഡ്ഡിൽ ആണ് പ്രവർത്തിക്കുന്നത്. 70 വർഷത്തിലേറെ പഴക്കമുള്ള G.L.P.S. എരട്ടപ്പുഴ ഇന്നും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 8 ഡിവിഷനുകളിലായി പ്രവർത്തിക്കുന്ന ഈ സ്കൂളിൽ മൂന്ന് ക്ലാസ്സുകൾക്കുള്ള സൗകര്യം മാത്രമേയുള്ളൂ. ഇവിടെ നിലവിലുള്ള വിദ്യാലയ സൗകര്യങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

## കടപ്പുറം പഞ്ചായത്തിലെ വിദ്യാലയ സൗകര്യങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | G.H.S.S. കടപ്പുറം | 100 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | G.F.U.P.S.കടപ്പുറം | 119 | ഉണ്ട് | ഉണ്ട് | ഇല്ല | 300 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 3. | G.L.P.S. എരട്ടപ്പുഴ | 25 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4. | A.M.U.P.S. വട്ടേക്കാട് | 60 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | A.M.L.P.S. കറുകമാട് | 50 | ഉണ്ട് | ഇല്ല | ഇല്ല | 300 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 6. | H.A.A.M.L.P.S. മാട് | 75 | ഉണ്ട് | ഇല്ല | ഇല്ല | 320 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 7. | P.V.M.A.L.P.S. ബ്ലാങ്ങാട് | 40 | ഉണ്ട് | ഇല്ല | ഇല്ല | 312 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | **ഇംഗ്ലീഷ് സ്കൂളുകൾ** | | | | | | | | | | | |
| 1. | ഫോക്കസ് ഇസ്ലാമിക് ഇംഗ്ലീഷ് ഹൈസ്ക്കൂൾ, തൊട്ടാപ്പ് | 300 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 2. | അൽ അറഫ ഇംഗ്ലീഷ് സ്കൂൾ | 100 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | അൻസാർ ഇംഗ്ലീഷ് സ്കൂൾ | 75 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

മൊത്തം സ്കൂളുകളുടെ സൗകര്യങ്ങൾ വിശകലനം ചെയ്താൽ എയ്ഡഡ് സ്കൂളിലെയും സ്ഥിതി മെച്ചമല്ല. സ്വകാര്യമാനേജ്മെന്റിന്റെ നിയന്ത്രണത്തിനായി പ്രവർത്തിക്കുന്ന ഈ വിദ്യാലയങ്ങൾക്ക് യാതൊരു ആനുകൂല്യങ്ങളും സർക്കാരിൽ നിന്ന് ലഭ്യമല്ല. കൂടാതെ ഈ പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ വർഷം തോറും കുട്ടികളുടെ എണ്ണവും പഠന നിലവാരത്തിലും നിലവാരവും കുറഞ്ഞുവരുന്നതായി വ്യക്തമാകുന്നു. വിദ്യാഭ്യാസ രീതിയിലുള്ള അപാകത, രക്ഷിതാക്കളുടെ അശ്രദ്ധയും താല്പര്യമില്ലായ്മയും വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത, സ്കൂളുകളിൽ എത്താനുള്ള ഗതാഗത സൗകര്യക്കുറവ്, ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആവിർഭാവവും ആകർഷണീയതയും. സർക്കാർ, എയിഡഡ് സ്കൂളുകളുടെ പഠനനിലവാരത്തകർച്ചക്കും അംഗസംഖ്യാക്കുറവിനും കാരണമായിത്തീർന്നിരിക്കുന്നു.

സാമ്പത്തികമായി താഴെക്കിടിയിൽ നില്ക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണ് സർക്കാർ സ്കൂളുകളിലും എയിഡഡ് സ്കൂളുകളിലും പഠിക്കുന്നവരിൽ ഭൂരിഭാഗവും. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി അയൽപ്രദേശങ്ങളിൽ പോകേണ്ടതായി വരുന്നതിനാൽ ആദ്യം മുതൽ ഹൈസ്ക്കൂൾ സൗകര്യമുള്ള സ്കൂളുകളിൽ പോകാൻ കുട്ടികളും രക്ഷിതാക്കളും താൽപര്യം കാണിക്കുന്നു. ഈ പ്രദേശത്തെ വിദ്യാർത്ഥികൾ മറ്റു പ്രദേശങ്ങളിൽ പോയി പഠിക്കുന്നത് തടയാനായി ഈ പഞ്ചായത്തിൽ തന്നെ മെച്ചപ്പെട്ട ഹൈസ്ക്കൂൾ സൗകര്യം ഉണ്ടാക്കേണ്ടതാണ്. എല്ലാ വിദ്യാലയങ്ങളുടെയും, നിയന്ത്രണം സർക്കാർ ഏറ്റെടുത്ത് അപാകതകൾ ദുരീകരിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യത്തിനായി ഒരു കോളേജ് ഇവിടെ പ്രവർത്തനമാരംഭിക്കേണ്ടതാണ്. തൊഴിൽരഹിതർ വർദ്ധിച്ചുവരുന്ന ഈ ഘട്ടത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി കാര്യക്ഷമമായി പ്രവർത്തിക്കത്തക്ക സ്ഥാപനങ്ങൾ ഉണ്ടാക്കുക വഴി വിദ്യാഭ്യാസം തുടർന്നു പോകാൻ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം ലഭിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനവും ഈ കാര്യത്തിൽ പ്രോത്സാഹനം ലഭിക്കത്തക്കതാണ്. ട്യൂഷൻ സെന്ററുകൾ, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കമ്പ്യൂട്ടർ കോഴ്സ് സെന്ററുകൾ മുതലായ അനൗപചാരിക വിദ്യക്കുതകുന്ന സ്ഥാപനങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ഹൈസ്ക്കൂളിന്റെ S.S.L.C. വിജയശതമാനം ഉയർത്താനായി കുട്ടികളെ പഠനത്തിൽ ഉൽസുകരാക്കേണ്ടതാണ്. അതിനായി അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ആത്മാർത്ഥമായ പ്രവർത്തനങ്ങളും സാംസ്ക്കാരിക സംഘടനാ പ്രവർത്തകരുടെ സേവനവും ലഭ്യമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്ക്കൂളായ G.H.S.S. കടപ്പുറത്തിന്റെ S.S.L.C. വിജയശതമാനം പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു. അതിഭീകരമായ നിലവാരത്തകർച്ച ഇതിൽ ദൃശ്യമാണ. സംസ്ഥാന ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് അപമാനകരമായ നിലയിലെത്തി നിൽക്കുന്നു. കൂട്ടായ ജനകീയ ഇടപെടലുകളും ബോധവൽക്കരണവും അത്യന്താപേക്ഷിതമാണ്. പഞ്ചായത്ത് തല ശ്രമങ്ങൾ ആസൂത്രിതമായി നടത്തേണ്ട രംഗമാണിത്.

## S.S.L.C. വിജയശതമാനം

| ക്രമനമ്പർ | പരീക്ഷ എഴുതിയ വർഷം | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | വിജയശതമാനം |
|---|---|---|---|
| 1 | 91-92 | 86 | 8 |
| 2 | 92-93 | 111 | 4.5 |
| 3 | 93-94 | 78 | 6.4 |
| 4 | 94-95 | 86 | 8 |
| 5 | 95-96 | 101 | 1.9 |

## നിലവിലുള്ള വിദ്യാലയങ്ങൾക്ക് ലഭ്യമാക്കേണ്ട ഭൗതിക സൗകര്യങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | കെട്ടിടം | മുറികൾ | ഭൗതികാവശ്യങ്ങൾ | | | ഫർണ്ണീച്ചറുകൾ | | | | | വൈദ്യുതി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | പാചകപ്പുര | ലൈബ്രറി | ലാബറട്ടറി | ബെഞ്ച് | ഡസ്ക് | കസേര | മേശ | അലമാര | T.V. Radio |
| 1 | G.H.S.S. കടപ്പുറം | U.P. and L.P. വിഭാഗം | 3 | 1 | 1 | 1 | 100 | 100 | 20 | 20 | 3 | -1 |
| 2 | G.F.U.P.S. കടപ്പുറം | L.P. വിഭാഗം | 3 | 1 | 1 | 1 | 50 | 50 | 15 | 10 | 5 | 1 |
| 3 | A.M.U.P.S. വട്ടേക്കാട് | - | 3 | 1 | 1 | 1 | 20 | 10 | 6 | 6 | 2 | -1 |
| 4 | A.M.L.P.S. കറുകമാട് | - | 3 | 1 | 1 | 1 | 15 | 15 | 5 | 5 | 1 | 1 |
| 5 | G.L.P.S. എരട്ടപ്പുഴ | L.P.വിഭാഗം | 2 | 1 | 1 | + | 20 | 20 | 6 | 6 | 2 | 1 |
| 6 | H.A.A.M.L.P.S. മാട് | - | 2 | 1 | 1 | + | 15 | 25 | 2 | 2 | 1 | 1 |
| 7 | P.V.M.A.L.P.S. ബ്ലാങ്ങാട് | - | 2 | 1 | 1 | - | 25 | 25 | 5 | 8 | 2 | 1 |

കടപ്പുറം പഞ്ചായത്തിൽ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി 23 അംഗൻ വാടികൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചക്ക് പ്രധാന പങ്ക് വഹിക്കുന്ന ഈ സ്ഥാപനങ്ങൾക്കുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. 21 അംഗൻ വാടികൾക്കും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. ഇവയുടെ പ്രവർത്തനം പഞ്ചായത്ത് ഏറ്റെടുത്ത് ഈ സ്ഥാപനങ്ങളുടെ പുരോഗതിക്ക് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അത്യാവശ്യ കെട്ടിടം, പോഷകാഹാരം, പഠനോപകരണങ്ങൾ, കുട്ടികളുടെ മാനസികോല്ലാസത്തിന് അത്യാവശ്യമായ കളികോപ്പുകൾ എന്നിവ ലഭ്യമാക്കുകയും ഈ സ്ഥാപനങ്ങളുടെ ജീവനക്കാർക്ക് തൃപ്തികരമായ വേതനം നൽകുകയും ചെയ്യുക വഴി ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം ഒരു പരിധി വരെ കാര്യക്ഷമമാക്കാൻ കഴിയും.

*പ്രശ്നങ്ങൾ :-*

1. വിദ്യാഭ്യാസ നിലവാരം കുറഞ്ഞുവരുന്നു.

2. പഠിപ്പ് തുടരാതെ ഇടക്ക് വെച്ച് ധാരാളം കുട്ടികൾ കൊഴിഞ്ഞുപോകുന്നു.

3. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കാര്യക്ഷമമല്ല.

4. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

5. കോളേജ് വിദ്യാഭ്യാസത്തിന് വളരെ ദൂരെയുള്ള കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നു.

6. വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ സമയങ്ങളിൽ വേണ്ടത്ര ബസ്സ് സർവ്വീസ് ഇല്ല.

7. തൊഴിൽരഹിതമായ അഭ്യസ്ഥവിദ്യരുടെ എണ്ണം വർദ്ധിച്ചുവരുന്നു.

8. സർക്കാർ സ്കൂളുകളിലെ വിജയശതമാനം വളരെ കുറഞ്ഞുവരുന്നു.

9. വിദ്യാലയങ്ങളിൽ അച്ചടക്കരാഹിത്യം വളർന്നുകൊണ്ടിരിക്കുന്നു.

മേൽക്കാണിച്ച പ്രശ്നങ്ങൾക്കുള്ള മുഖ്യകാരണങ്ങളായി ഈ പഞ്ചായത്തിലെ ഗ്രാമസഭാ റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത് ഇപ്രകാരമാണ്.

വിദ്യാലയങ്ങളുടെ കെട്ടിടസൗകര്യക്കുറവ്, പഠനോപകരണങ്ങളുടെ അപര്യാപ്തത, അദ്ധ്യാപകരുടെ സ്ഥലമാറ്റം കാരണം സംഭവിക്കുന്ന കുറവുകൾ, പാഠപുസ്തകങ്ങൾ ലഭ്യമാകാനുള്ള കാലതാമസം, രക്ഷിതാക്കളുടെ സഹകരണക്കുറവ്, അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധത്തിന്റെ ഉലച്ചൽ, ഒന്നാം തരത്തിലെ ഓൾ പ്രൊമോഷൻ, മറ്റു ക്ലാസ്സുകളിൽ പഠന നിലവാരം നോക്കാതെയുള്ള നിർബന്ധ പ്രമോഷൻ, മാനസികവും സാംസ്ക്കാരികവുമായ വളർച്ചക്കാവശ്യമായ വായനശാലകളുടെ കുറവ്, അക്രമത്തിനും അച്ചടക്കരാഹിത്യത്തിനും ആക്കം കൂട്ടുന്ന വിധത്തിലുള്ള സ്കൂൾ രാഷ്ട്രീയം എന്നിവ വിദ്യാഭ്യാസ വികസനത്തിന് വെല്ലുവിളിയായിത്തീർന്നിരിക്കുന്നു.

*നിർദ്ദേശങ്ങളും സാദ്ധ്യതകളും :-*

1. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറക്കുക.

2. പഞ്ചായത്തിലെ എല്ലാ സ്കൂളുകളും സർക്കാർ ഏറ്റെടുത്ത് ആവശ്യമായ കെട്ടിടം, പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.

3. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ അടിയന്തിരമായി സർക്കാർ ഏറ്റെടുക്കുക.

4. എല്ലാ വിദ്യാലയങ്ങളിലും P.T.A. കമ്മറ്റികളും മാതൃസംഗമപരിപാടികളും സംഘടിപ്പിക്കുകയും വിദ്യാലയങ്ങളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് പരിശ്രമിക്കാൻ ഈ കമ്മറ്റികളിൽ നിന്ന് തന്നെ ഒരു സമിതി ഉണ്ടാക്കുകയും ചെയ്യുക.

5. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് പ്രത്യേകം പരിശീലനം കൊടുക്കാനുള്ള നടപടി ഉണ്ടാക്കുക.

6. സ്കൂളുകളുടെ പ്രശ്നങ്ങൾ പഠിക്കാനും

വേണ്ട ഉപദേശങ്ങൾ നിർദ്ദേശിക്കാനും നടപ്പിലാക്കാനും പഞ്ചായത്ത് സമിതി രൂപീകരിക്കുക.

7. അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതരുടെ പ്രശ്നം പരിഹരിക്കാൻ വിവിധ മേഖലകളിലുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക. (പല ഗ്രാമങ്ങളിൽ നിന്നും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.)

8. ഹൈസ്ക്കൂളിലെ S.S.L.C. വിജയശതമാനം ഉയർത്താനായി കുട്ടികൾക്ക് പ്രയാസമുള്ള വിഷയങ്ങളിൽ സൗജന്യമായി പരിശീലനം നൽകുക.

9. ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടി ഈ പഞ്ചായത്തിൽ ഒരു കോളേജ് സ്ഥാപിക്കുക.


10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ നൽകുക.

11. സർക്കാർ സ്കൂളിലെ അദ്ധ്യാപകരുടെ അടിക്കടിയുള്ള സ്ഥലമാറ്റം നിർത്തിവെച്ച് മൂന്നു വർഷമെങ്കിലും ഒരേ സ്കൂളിൽ സേവനമനുഷ്ഠിക്കാനുള്ള നടപടി സ്വീകരിക്കുക.

12. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ കോഴ്സുകൾ കൂടുതൽ കാര്യക്ഷമമാക്കുക. ഓരോ വിഷയത്തിനും പ്രഗത്ഭരായ അദ്ധ്യാപകരെ നിയമിക്കുക. പഠനോപകരണങ്ങളും പ്രാക്ടിക്കൽ സൗകര്യങ്ങളും ലഭ്യമാക്കുക.

13. കലാകായിക രംഗങ്ങളിൽ വിദ്യാർത്ഥികൾക്ക് അഭിരുചിയും പ്രാവീണ്യവും നേടുന്നതിന് പഞ്ചായത്ത് തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

14. U.P. ഹൈസ്ക്കൂൾ തലങ്ങളിൽ N.C.C., സ്കൗട്ട്, ഗൈഡ് എന്നിവ നിലനിർത്തുകവഴി സ്കൂൾ അന്തരീക്ഷം സമാധാനപരവും അച്ചടക്കപൂർണ്ണമായിത്തീരുന്നു.



# ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം

## ആരോഗ്യം

ആരോഗ്യരംഗത്ത് ലോകശ്രദ്ധ പിടിച്ചുപറ്റിയ സംസ്ഥാനമായ കേരളത്തിൽ ശോചനീയമായ അവസ്ഥയിൽ കഴിയുന്ന ഒരു തീരദേശപ്രദേശമാണ് കടപ്പുറം ഗ്രാമപഞ്ചായത്ത്. ആരോഗ്യപരിപാലനത്തിലും ശുചിത്വത്തിലും ഏറ്റവും ഉയർന്ന നിലവാരം പുലർത്തിയിരുന്ന ഒരു പ്രദേശമായിരുന്നു ഈ പഞ്ചായത്ത്. ഓരോ വീടിനും ഓരോ കുളങ്ങളുണ്ടായിരുന്ന ഇവിടെ കുറഞ്ഞ ജനസാന്ദ്രതമൂലം പരിസരശുചീകരണത്തിലും ശ്രദ്ധിച്ചിരുന്നു. പ്രാർത്ഥനക്ക് വേണ്ടി ശുചിത്വം പാലിച്ചിരുന്നതിനാൽ ജനങ്ങളിലെ ശുചിത്വബോധം വളർത്തിയിരുന്നു. നല്ല കായികാദ്ധ്വാനികളായിരുന്ന നാട്ടുകാർക്ക് നല്ല ആരോഗ്യവും അന്നുണ്ടായിരുന്നു. മുൻകാലങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നത് നാട്ടുവൈദ്യമാണ്. കേട്ടറിവും നാട്ടറിവും ഉപയോഗിച്ചുള്ള സ്വയം ചികിത്സാരീതിയും, കളരി മുറ പ്രകാരമുള്ള ചികിത്സ, പാരമ്പര്യചികിത്സ, ഒറ്റമൂലി, മതാചാരപ്രകാരമുള്ള ചരടുകെട്ടൽ വെള്ളം മന്ത്രിക്കൽ, വെറ്റില മന്ത്രിക്കൽ, പിഞ്ഞാണമെഴുത്ത്, ഹൈക്കല്ല് കെട്ടൽ (ഉറുക്ക് കെട്ടൽ) എന്നിവയാണ് ചികിത്സയായി നടത്തി വന്നിരുന്നത്. ആധുനിക ചികിത്സാ രംഗത്തേക്കുള്ള ആദ്യ കാൽവെപ്പായി ഈ പഞ്ചായത്തിലെ അഞ്ചങ്ങാടി പ്രദേശത്താണ് ഒരു ആയ്യുർവ്വേദ മെഡിക്കൽ സെന്റർ പ്രവർത്തനം ആരംഭിച്ചത്. അവിടെ ഒരു ഫാർമിസ്റ്റ് മാത്രമെ അക്കാലത്തുണ്ടായിരുന്നുള്ളൂ. പിന്നീട് ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡണ്ട് P.T. ഭാസ്ക്കരപണിക്കർ, ഒരാശുപത്രിക്കാവശ്യമായ സ്ഥലം ലഭിക്കുകയാണെങ്കിൽ ആശുപത്രി അനുവദിക്കാമെന്ന് ഉറപ്പ് തന്നതിന്റെ അടിസ്ഥാനത്തിൽ കീപാടൻ കോയകുട്ടി തങ്ങളുടെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റി രൂപീകരിച്ച് നടത്തിയ പ്രവർത്തനഫലമായി ആശുപത്രിക്കാവശ്യമായ സ്ഥലം വിലക്കെടുത്ത് കെട്ടിട നിർമ്മാണം തുടങ്ങി. കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതിനുമുമ്പ് തന്നെ, ഡോക്ടർ ഗോവിന്ദനുണ്ണിയുടെ സേവനത്തോട് കൂടി ആശുപത്രിയുടെ പ്രവർത്തനം P.C. മുഹമദുണ്ണി ഹാജിയുടെ സ്വകാര്യ കെട്ടിടത്തിൽ ആരംഭിച്ചു.

ചാവക്കാട് N.E.S. ബ്ലോക്കിന്റെ ആവിർഭാവത്തോടെ ബ്ലോക്ക് തല ലീഡിംഗ് P.H.C. യായി ഇതിനെ ഉയർത്താൻ അന്നത്തെ BDC മെമ്പർ കൂടിയായിരുന്ന മുൻപഞ്ചായത്ത് പ്രസിഡണ്ട് B.K.C. തങ്ങളുടെ ശ്രമഫലമായി കഴിഞ്ഞു. കൂടാതെ 1980-ൽ ഒരു സ്റ്റാഫ് ക്വാർട്ടേഴ്സും 89--ൽപുതിയ ബ്ലോക്കും നിർമ്മിക്കാൻ കഴിഞ്ഞു. ഹെൽത്ത് സെന്ററിന്റെ ആദ്യ കാലങ്ങളിൽ സാമാന്യം മെച്ചപ്പെട്ട രീതിയിലാണ് സേവനം ലഭിച്ചിരുന്നത് അന്ന് ഈ പഞ്ചായത്തിൽ 800-ഓളം കുടുംബങ്ങളെ ഉണ്ടായിരുന്നുള്ളൂ. ഇന്ന് 5000-ൽ ഏറെ വീടുകളും 25000-ഓളം ജനങ്ങളും അധിവസിക്കുന്ന ഈ പഞ്ചായത്തിലെ ആശുപത്രിയുടെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്.

ആദ്യകാലങ്ങളിൽ ഈ പ്രദേശത്ത്, കോളറ, വസൂരി, മന്ത്, രക്താദിസാരം, മലമ്പനി എന്നീ സാംക്രമികരോഗങ്ങൾ നിലനിന്നിരുന്നു. 1942-ൽ കോളറ ബാധിച്ച് നൂറോളം പേർ മരിക്കുകയുണ്ടായി. 1954-ൽ രക്താദിസാരവും, കോളറയും, 400-ൽ അധികം വീടുകളിൽ പടർന്ന് പിടിക്കുകയും അതിൽ പതിനഞ്ചോളം പേർ മരിക്കുകയും ചെയ്തു.

ഇപ്പോൾ ആശുപത്രിയുടെ കീഴിൽ 4 സബ്സെന്ററുകൾ ഉണ്ടെങ്കിലും, 10-ാം വാർഡിലുള്ള സബ്സെന്ററിന് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. അതിന്റെ പ്രവർത്തനവും ഭാഗീകമാണ്. ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി വേണ്ടത്ര സ്റ്റാഫോ, ഫർണ്ണീച്ചറോ മറ്റ് ഉപകരണങ്ങളോ ഒന്നും തന്നെ ഇത് വരെ ലഭിച്ചിട്ടില്ല. അതിനാൽ ഇന്ന് വളരെ ദയനീയമായ അവസ്ഥയിലാണ് ഈ ആശുപത്രി പ്രവർത്തിക്കുന്നത്.

## പകർച്ചവ്യാധി വിവരങ്ങൾ

| രോഗങ്ങൾ | 1992 | 93 | 94 | 95 | 96 |
|---|---|---|---|---|---|
| മലേറിയ | 11 | 19 | 19 | 19 | 12 |
| ചിക്കൻപോക്സ് | 17 | 16 | 7 | 12 | – |
| അഞ്ചാംപനി | 26 | 13 | 11 | 35 | 3 |
| സയേറിയ | 860 | 565 | 620 | 920 | – |
| ടൈഫോയ്ഡ് | 2 | 3 | 1 | – | – |
| ഗ്യാസ്ട്രോ എൻറ്റൈറ്റിസ് | 24 | 18 | 14 | 10 | – |

## ആശുപത്രി ഉദ്യോഗസ്ഥരുടെ വിവരങ്ങൾ
## 20-11-96 ലുള്ള അവസ്ഥ

| തസ്തികകളുടെ പേര് | നിലവിലുള്ള പോസ്റ്റ് | ഇപ്പോഴുള്ളത് | ഒഴിഞ്ഞ് കിടക്കുന്നത് |
|---|---|---|---|
| മെഡിക്കൽ ഓഫീസർ | 3 | ഇല്ല | 3 |
| ഫാർമസിസ്റ്റ് | 1 | ഇല്ല | 1 |
| സ്റ്റാഫ് നഴ്സ് | 5 | 1 | 4 |
| ഓഫ്താൽമിക് അസിസ്റ്റന്റ് | 1 | ഇല്ല | 1 |
| പാർട്ടൈം ക്ലീനർ | 1 | ഇല്ല | 1 |
| ഹെൽത്ത് സൂപ്പർവൈസർ | 1 | ഇല്ല | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 2 | ഇല്ല | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 | ഇല്ല | 3 |
| ലേഡി സൂപ്പർവൈസർ | 1 | ഇല്ല | 1 |
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 2 | 2 | ഇല്ല |
| നഴ്സിംഗ് അസിസ്റ്റന്റ് | 3 | 3 | ഇല്ല |
| ഹോസ്പിറ്റൽ അറ്റന്റന്റ് | 3 | 3 | ഇല്ല |
| ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 9 | 9 | ഇല്ല |
| ക്ലാർക്ക് | 2 | 1 | 1 |
| പ്യൂൺ | 1 | 1 | ഇല്ല |
| ഡ്രൈവർ | 1 | 1 | ഇല്ല |

## സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പ്രൈമറി ഹെൽത്ത് സെന്റർ, കടപ്പുറം | ഹെൽത്ത് സെന്റർ ആശുപത്രി | സ്വന്തം കെട്ടിടം | തസ്തിക 34 | 1956 | ലേഡി ഡോക്ടർ ഇല്ല. രാത്രി കാലങ്ങളിൽ ഡോക്ടറുടെ സേവനങ്ങൾ ലഭിക്കുന്നില്ല. ഇവിടെ നിയമിക്കുന്ന ഡോക്ടർമാർ വളരെ വേഗം സ്ഥലം മാറ്റപ്പെടുന്നു. ആവശ്യമായ മരുന്നുകൾ ഇല്ല. ആധുനിക ചികിത്സാ ഉപകരണങ്ങൾ ഇല്ല. സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ആരുമില്ല. |

സമീപ പ്രദേശങ്ങളിൽ ധാരാളം സ്വകാര്യ ആശുപത്രികൾ ഉയർന്നുവന്നപ്പോൾ ഈ പഞ്ചായത്തിൽ വട്ടേക്കാട്ട് പ്രദേശത്ത് നിർമ്മിച്ച ഏക സ്വകാര്യ ആശുപത്രി കുടിവെള്ളം ലഭിക്കാത്തതിന്റെ പേരിൽ താമസിയാതെ പ്രവർത്തനരഹിതമായി.

ഗൾഫ് മുന്നേറ്റ പ്രദേശമായി ഈ പഞ്ചായത്തിനെ അറിയപ്പെടുന്നുവെങ്കിലും 60% ൽ അധികം പേർ ഇപ്പോഴും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. പോഷകാഹാരക്കുറവ്, ചികിത്സാ സൗകര്യകുറവ് എന്നീ കാരണങ്ങളാൽ പൊതുജനാരോഗ്യപരമായ കാര്യത്തിൽ തൃപ്തികരമായ ഒരു വികസനം ഉണ്ടായിട്ടില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലഭ്യമായ സൗകര്യങ്ങൾ അനുസരിച്ച് സമയാസമയങ്ങളിൽ പോഷണകുറവ് പരിഹരിക്കുന്നതിന് വേണ്ട നടപടികളും പ്രതിരോധ കുത്തിവെപ്പുകളും മറ്റും നൽകി വരാറുണ്ട്. എങ്കിലും ഇത് തീരെ പര്യാപ്തമല്ല.

***നിർദ്ദേശങ്ങൾ:-***

1. ഇപ്പോഴുള്ള P.H.C.യെ ഒരു മദർ PHC യായി ഉയർത്തുക.

2. അത്യാവശ്യ ഉപകരണങ്ങൾ ലഭ്യമാക്കുക.

3. ഓരോ വിഭാഗത്തിന്റേയും ചികിത്സക്കായി വിദഗ്ദ പരിശീലനം ലഭിച്ച ഡോക്ടർമാരെ നിയമക്കുക.

4. ഒരു വനിതാ ഡോക്ടറെ നിയമിക്കുക.

5. ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ എത്രയും പെട്ടെന്ന് ജീവനക്കാരെ നിയമിച്ച് ഒഴിവ് നികത്തുക.

6. രാത്രി കാലങ്ങളിൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക.

7. സബ് സെന്ററുകൾക്ക് കെട്ടിടം പണിത് അതിന്റെ പ്രവർത്തനം സജീവമാക്കുക.

8. ഒരു ആയ്യുർവ്വേദ ആശുപത്രി സ്ഥാപിക്കുക.

9. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ അത്യാവശ്യം കണക്കിലെടുത്ത് സബ് സെന്ററുകൾ സ്ഥാപിക്കുക.

10. പഞ്ചായത്തിൽ കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക.

11. മത്സ്യ മാംസ വില്പന നടത്താനായി പ്രത്യേക സ്ഥലങ്ങൾ നിർദ്ദേശിക്കുക.

12. തെങ്ങിനുപയോഗിക്കുന്ന വളങ്ങൾ മണ്ണിട്ട് മൂടുന്നതിന് ജനങ്ങൾക്ക് യഥാസമയം നിർദ്ദേശം നൽകുക.

13. കാലാകാലങ്ങളിൽ ഈച്ച, കൊതുക, എന്നിവക്കെതിരെ മരുന്ന് തെളിക്കുന്നതിനുമുള്ള ഏർപ്പാട് ചെയ്യുക.

14. പഞ്ചായത്തിൽ തൂപ്പുകാരെ നിയമിക്കുക. ചപ്പ് ചവറുകൾ എടുത്ത്കൊണ്ട് പോകാനുള്ള വാഹനം ലഭ്യമാക്കുക. അവ നിക്ഷേപിക്കാനായി ഒരു പൊതുസ്ഥലം പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കുക.

15. അതാതു സ്ഥലങ്ങളിൽ കെട്ടി നിൽക്കുന്ന വെള്ളം ഒഴിഞ്ഞ് പോകാനായി കാനകൾ നിർമ്മിക്കുക.

വിദേശത്തുള്ള ഈ നാട്ടുകാരുടെ സഹായത്തോടുകൂടി പഞ്ചായത്ത് ശുദ്ധജലവിതരണ മേഖലയിൽ നടപ്പാക്കിയ മിനി സ്കീമാണ്, ഒന്നും രണ്ടും വാർഡുകളിലും തൊട്ടാപ്പ് പ്രദേശത്തും ശുദ്ധജല വിതരണം നടത്തുന്നത്. കച്ചേരിപ്പടിയിൽ സ്വന്തമായി 50000 ലിറ്റർ ശേഷിയിൽ നിർമ്മിച്ച പ്രസ്തുത ടാങ്കും അതിനോട് ചേർന്ന് നിർമ്മിച്ച കിണറും തെല്ലൊരാശ്വാസം ഈ മേഘലയിൽ ഉണ്ടാക്കിയിട്ടുണ്ട്. ഈ കൂട്ടായ്മ പ്രാദേശിക തലത്തിൽ ചെറുകിട വികസന പദ്ധതികൾക്ക് വിദേശ ഇന്ത്യക്കാരുടെ നിർലോഭമായ സഹായങ്ങളും സഹകരണവും ഉണ്ടാവുമെന്നതിന് തെളിവാണ്.

ഇതിന്റെ വിജയത്തിന്റെ ഫലമായി ഷോപ്പിംഗ് കോംപ്ലെക്സിനോട് ചേർന്ന ഒരു കിണർ നിർമ്മിക്കാൻ പ്രചോദനം നൽകി.

## കുടിവെള്ളം

ജീവജാലങ്ങളുടെ നിലനിൽപ്പിനാവശ്യമായ മുഖ്യ ഘടകമാണ് ജലം. കടപ്പുറം പഞ്ചായത്തിലെ പ്രധാന പ്രശ്നം കുടിവെള്ളത്തിന്റെ ദൗർല്ലഭ്യമാണ്. ഉദ്ദേശം 30 വർഷം മുമ്പ് വരെ ഈ പ്രദേശത്ത് ശുദ്ധ ജലം നിർല്ലോഭം ലഭിച്ചിരുന്നു. മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട അർദ്ധദ്വീപായ ഈ പഞ്ചായത്ത് പ്രദേശത്ത് കടൽക്കരയിലും, കായൽ കരയിലേയും അല്പം മണ്ണ് നീക്കിയാൽ പോലും ശുദ്ധജലം ലഭ്യമായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് ജലഗതാഗതത്തിന് വേണ്ടി കനോലിൽ സായിപ്പ് സ്ഥാപിച്ച ഒരുമനയൂർ ലോക്കിന് കേട് പറ്റിയ കാരണത്താൽ ഈ പ്രദേശത്ത് ശുദ്ധദജല ലഭ്യത കുറഞ്ഞു.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളത്തിനായി 976 കിണറുകൾ 463 ഹാന്റ് പമ്പുകൾ 117 ജല വിതരണ ടാപ്പുകൾ എന്നിവ ഉണ്ട്. വേനൽക്കാലമായാൽ ഈ പഞ്ചായത്തിലെ 4,5,7 എന്നീ വാർഡുകളിലെ ചില പ്രദേശങ്ങൾ ഒഴിച്ച് ബാക്കി പ്രദേശങ്ങളിലെല്ലാം ശുദ്ധജലത്തിന്റ ബുദ്ധിമുട്ട് അനുഭവിക്കുന്നു. പൈപ്പ് ലൈനുകൾ എല്ലാ വാർഡുകളിലും എത്തിയിട്ടുണ്ടെങ്കിലും ജല വിതരണത്തിൽ പോരായ്മകൾ ഇപ്പോഴുമുണ്ട്. അത്യാവശ്യഭാഗങ്ങളിൽ ലൈനുകൾ ഇപ്പോഴുമെത്തേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്ത് കേരള വാട്ടർ അതോറിട്ടിയുടെ ശുദ്ധജല വിതരണ പദ്ധതികളിൽ ഒന്നിലും ഉൾപ്പെടുന്നില്ല. വരാനിരിക്കുന്ന പാവറട്ടി സ്കീം നടപ്പിലാക്കാൻ സാദ്ധ്യതയും കാണുന്നില്ല. പഞ്ചായത്തിലെ തനത് പ്രവർത്തനഫലമായി ഗൾഫ് നാടുകളിലുള്ള നാട്ടുകാരുടെ സഹായത്തോടും പങ്കാളിത്തത്തോടും നടപ്പാക്കിയ പദ്ധതിയിൽ നിന്നും ശുദ്ധജലവിതരണം നടത്തുന്നുണ്ട്.

*പ്രശ്നങ്ങൾ*

1. സ്ഥിരമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ പഞ്ചായത്തിലെ ശുദ്ധജല വിതരണം തൃപ്തികരമല്ല.

2. പൊതുടാപ്പുകൾ വഴി ജലം ലഭ്യമാകുന്നത് എല്ലാ പ്രദേശത്തും എത്തുന്നില്ല.

3. കിണർ, കുളം, ഹാന്റ് പൈപ്പ് മുതലായ

ജല സ്രോതസ്സുകളിൽ ഡിസംബർ മുതൽ മെയ് വരെ ഉപ്പ് വെള്ളമാകുന്നു.

4. വിരളമായ് മാത്രം ലഭിക്കുന്ന ടാപ്പുകളിലെ വെള്ളം പലഭാഗങ്ങളിലും ലൈനുകൾ പൊട്ടി ചോർന്ന് പോകുന്നത് കാരണം എല്ലാ പ്രദേശത്തും വെള്ളം എത്തുന്നില്ല.

5. വാട്ടർ അതോറിട്ടി ജീവനക്കാരുടെ അനാസ്ഥ ഈ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമാക്കുന്നു.

6. പൊതുകിണറുകളുള്ള ഭാഗങ്ങളിൽ അവ ഉപയോഗശൂന്യമായി കിടക്കുന്നു.

7. അത്യാവശ്യ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടി കിട്ടാൻ ആവശ്യം ഉന്നയിക്കുന്നുണ്ടെങ്കിലും കുടി വെള്ളത്തിന്റെ ദൗർല്ലഭ്യം കാരണം നടപ്പിലാക്കാൻ കഴിയുന്നില്ല.

*സാധ്യതകൾ*

1. എത്രയും പെട്ടെന്ന് ഒരുമനയൂർ ലോക്ക് പുതുക്കി പണിയുക.

2. ഈ പഞ്ചായത്തിലെ 9-2 എന്നീ വാർഡുകളെ ബന്ധിപ്പിച്ച് കൊണ്ട് സൂയസ് കം ബ്രിഡ്ജ് നിർമ്മിക്കാനുള്ള തീരുമാനം ദ്രുതഗതിയിൽ നടപ്പാക്കുക.

3. ഒരുമനയൂർ പദ്ധതി നടപ്പിലായാൽ ചാവക്കാട്ട് നിന്നും തൃത്താല വെള്ളം പഞ്ചായത്തിന്റെ 7 മുതൽ 10 വരെ വാർഡുകൾക്ക് അനുവദിക്കുക.

4. 1 മുതൽ 6 വരെ വാർഡിൽ സ്വന്തം സ്കീം നടപ്പിലാക്കുക.

5. ശുദ്ധജലം ലഭിക്കുന്ന 4,5,7 വാർഡുകളിൽ കിണറുകളും ടാങ്കുകളും നിർമ്മിച്ച് വെള്ളം പമ്പ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.

6. നിലവിലുള്ള പൈപ്പ് ലൈനുകൾ മെയിൻ റോഡുകളിൽ മാത്രമേയുള്ളൂ. ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ഉൾപ്രദേശങ്ങളിലേക്ക് കൂടി പൊതുടാപ്പുകൾ ലഭ്യമാക്കണം.

7. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി കേട് വരുന്ന പൊതുടാപ്പുകളും പൈപ്പുകളും യഥാസമയം റിപ്പയർ ചെയ്യുവാൻ വാട്ടർ അതോറിട്ടിയുടെ ഒരു യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുക.

8. പൊതു കിണറുകളുടെ ഉപയോഗം പ്രായോഗികമാക്കാനായി അവ വൃത്തിയാക്കുകയും പ്ലാറ്റ്ഫോം കെട്ടി വലയിട്ട് സുരക്ഷിതമാക്കുകയും ചെയ്യുക.

9. ഉപ്പ് വെള്ളമില്ലാത്ത, ശുദ്ധജലം ലഭിക്കുന്ന പ്രദേശങ്ങളിൽ ഹാന്റ് പൈപ്പുകൾ വിതരണം ചെയ്യുക.

10. ഉപ്പ് വെള്ളം തടയാനായി പഞ്ചായത്തിലെ ഉപ്പ് വെള്ളം കയറുന്ന ഭാഗങ്ങളിൽ തോടുകൾക്ക് ബണ്ട് കെട്ടുകയോ ചീർപ്പുകൾ സ്ഥാപിക്കുകയോ ചെയ്യുക.

11. പഞ്ചായത്തിലെ 4,5,7,10 എന്നീ വാർഡുകളിൽ ശുദ്ധജലം കിട്ടാവുന്ന ഭാഗത്ത് പൊതുകിണറുകളും വാട്ടർ ടാങ്കുകളും പണിത് പ്രാദേശിക മിനി സ്കീം ഉണ്ടാക്കി നടപ്പിലാക്കുക. ഇതിനുള്ള സ്ഥലങ്ങൾ; 4-ാം വാർഡിലെ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ വക സ്ഥലം (V.H.S. കടപ്പുറത്തിന്റെ പടിഞ്ഞാറ് ഭാഗം), 5-ാം വാർഡിൽ ഉപ്പാപ്പാടെ പള്ളികുന്ന് (ഈ പ്രദേശത്ത് ഒരുകാലത്തും വറ്റാത്ത ഒരു കുളം സ്ഥിതി ചെയ്യുന്നു.), 7-ാം വാർഡിൽ കാട്ടിൽപള്ളിക്ക് വടക്കുവശം, 10-ാം വാർഡിൽ വൈലികുന്ന് പ്രദേശം. ഈ പ്രദേശങ്ങളിൽ മിനി സ്കീം നടപ്പിലാക്കിയാൽ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും.

# വ്യവസായം

**18-ാം** നൂറ്റാണ്ടിന്റെ അന്ത്യത്തിൽ വ്യാവസായികമായി ഈ നാട് നാണ്യവിളകളിൽ പ്രധാന പങ്ക് വഹിച്ചിരുന്നു. ഈ പഞ്ചായത്തിലെ കെട്ടുങ്ങൽ എന്ന സ്ഥലത്ത് അഴി കടന്ന്, പത്തേമാരിയിലും ഉരുവിലും അറബികളും മറ്റും വന്ന് വിപണനം നടത്തിയിരുന്നു. കെട്ടുങ്ങൽ ചന്ത എന്ന പേരിൽ ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിച്ചിരുന്ന ചന്ത ഇതിന് മതിയായ തെളിവായിരുന്നു. മത്സ്യവ്യവസായം, കയർ വ്യവസായം, ബീഡി വ്യവസായം എന്നീ മേഖലകളിൽ ഈ പ്രദേശത്തെ ധാരാളം തൊഴിലാളികൾ ഏർപ്പെട്ടിരുന്നു.

മത്സ്യരംഗത്ത് യന്ത്രവൽകൃതബോട്ടുകളും വഞ്ചികളും ഉപയോഗിച്ച് ധാരാളം മത്സയബന്ധനങ്ങൾ നടക്കുന്ന ഈ പഞ്ചായത്തിൽ മത്സ്യവ്യാവസായിക വികസനത്തിന്റെ വളർച്ചക്ക് വളരെ സാധ്യതയുള്ളതായി കാണാം. എന്നാൽ മത്സ്യസംസ്കരണ ശാലകൾ ഇല്ലാത്തതിനാലും ഐസിന്റെ ദൗർല്ലഭ്യത മൂലവും അല്പം ചില മത്സ്യതൊഴിലാളികൾ വീട് വീടാന്തരം മത്സ്യവിപണനം ചെയ്യുന്നത് ഒഴികെ യാതൊരു മത്സ്യവിപണന വ്യവസായവും ഇവിടെ നടക്കുന്നില്ല. എല്ലാം തന്നെ കൊച്ചിയിലെ പീലിംഗ് ഷെഡ്ഡിലേക്ക് കയറ്റി അയക്കുകയാണ്.

1960 ന് മുമ്പ് വ്യാപകമായ തോതിൽ ഇവിടെയുള്ള കായൽ തീരങ്ങൾ ചകിരിമുട്ടം നല്ലനിലയിൽ നടക്കുകയും വീട് വീടാന്തരം ചകിരികൊണ്ട് കയർ പിരിയ്ക്കുകയും ചെയ്തിരുന്നത്, 1980-ഓടെ ഗണ്യമായി കുറയുകയും, പിന്നീട് ചകിരി മുടുന്നതിന് ഗവൺമെന്റ് ലൈസൻസ് സമ്പ്രദായം നിലവിൽ വന്നതിനാൽ ഈ വ്യവസായം നാമമാത്രമാവുകയും കൂലിയിൽ വന്ന മാറ്റം ഈ പരമ്പരാഗത തൊഴിലിനെ നാമാവശേഷമാക്കുകയും ചെയ്തു.

മുൻകാലങ്ങളിൽ ഈ പഞ്ചായത്തിൽ ബീഡി വ്യവസായം ഗ്രൂപ്പായി പലരും നടത്തിയിരുന്നു. വളരെയധികം തൊഴിലാളികൾ ഈ മേഖലയിൽ ഉണ്ടായിരുന്നു. ഇന്ന് അത്തരം ഗ്രൂപ്പ് വ്യവസായങ്ങൾ പ്രവർത്തിക്കുന്നില്ല. കാജ ബീഡിക്കമ്പനിപ്പോലുള്ള കമ്പനിയ്ക്കായി ബീഡി തെറുക്കുന്ന തൊഴിലാളികൾ ആണ് ഇന്ന് ഈ പഞ്ചായത്തിൽ ഉള്ളത്. ഇവരിൽ അധികവും വീട്ടിൽ ഇരുന്ന് ബീഡി തെറുക്കുന്ന സ്ത്രീകളാണ്.

1960 ന് മുമ്പായി ഈ നാട്ടിൽ നൂലുവല വക്ക് (ചണ) വല എന്നിവയുടെ നിർമ്മാണം ഒരു കുടിൽ വ്യവസായമായി നടത്തിയിരുന്നു. നാടൻ മത്സ്യബന്ധനരീതിയിൽ ഈ വലകളാണ് ഉപയോഗിച്ചു വന്നിരുന്നത്. കാലാന്തരത്തിൽ യന്ത്രവൽക്കൃത ബോട്ടുകളും വഞ്ചികളും രംഗത്ത് വന്നപ്പോൾ ഇതിന് പകരം ആധുനിക റെഡിമെയ്ഡ് നൈലോൺ വലകൾ ഉപയോഗിക്കാൻ തുടങ്ങി. ഇത് ഇത്തരം കുടിൽ വ്യവസായം തകർക്കുകയും സ്ത്രീകളെ തൊഴിൽരഹിതരാക്കുകയും ചെയ്തു.

ഇവിടുത്തെ പ്രധാന നാണ്യവിളയും വിപണനവും നാളികേരമായതിനാൽ, ആദ്യകാലങ്ങളിൽ ധാരാളം കൊപ്ര വിപണനം ഇവിടെ നടന്നിരുന്നു. കൊപ്ര ഉണക്കി പൊന്നാനി, കണ്ടശ്ശാംകടവ് എന്നീ വിപണനകേന്ദ്രങ്ങളിൽ വഞ്ചിക്ക് കൊണ്ടുപോയി വില്ക്കുകയും ചെയ്തിരുന്നു. നാട്ടിലെ എണ്ണയുടെ ആവശ്യത്തിനായി 2 എണ്ണയാട്ടു ചക്കുകൾ ഇവിടെ ഉണ്ടായിരുന്നു. ചക്കുകൾ പ്രവർത്തിപ്പിച്ചിരുന്നത് രണ്ടു ക്രിസ്തീയ കുടുംബങ്ങളായിരുന്നു.

ഇന്നത്തെ തൊഴിൽ മേഖലയുടെ കാര്യം പരിശോധിച്ചാൽ ഈ പഞ്ചായത്തിൽ 50 ശതമാനം തൊഴിലാളികലും വ്യവസായ തൊഴിലാളികളാണ്. ഇതിൽ ആയിരത്തോളം പേർ പുറത്ത് പോയി വ്യാവസായിക തൊഴിൽ എടുക്കുന്നവരാണ്. ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട വൻകിട വ്യവസായ സ്ഥാപനങ്ങൾ ഇല്ല. ഈ പഞ്ചായത്തിലുള്ള കയർ, ബീഡി, കുടിൽ വ്യവസായങ്ങൾ, മറ്റു പരമ്പരാഗത വ്യവസായങ്ങൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടികപ്പെടുത്തി താഴെ ചേർക്കുന്നു.

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | ശതമാനം |
|---|---|---|
| കയർ | 33 | 0.14% |
| ബിഡി | 397 | 1.73% |
| പരമ്പരാഗത വ്യവസായം | ഇല്ല | ഇല്ല |
| കുടിൽ വ്യവസായം | 27 | 0.12% |
| ആകെ | 457 | |

*പ്രശ്നങ്ങൾ*

1. തൊഴിലാളികളുടെ കൂലിയിലുള്ള വർദ്ധനവ്.

2. അസംസ്കൃത സാധനങ്ങൾ ലഭിക്കാനും കൊണ്ടുവരാനും സൂക്ഷിക്കാനുമുള്ള സൗകര്യക്കുറവ്.

3. വ്യാവസായിക രംഗത്തേക്ക് ജനങ്ങളെ ആകർഷിക്കത്തക്കതായ പ്രോത്സാഹനവും സഹകരണവും അധികൃതരിൽ നിന്നും ലഭിയ്ക്കാതിരിയ്ക്കൽ.

4. സാമ്പത്തിക സഹായം ലഭിക്കാനുള്ള കാലതാമസവും ബുദ്ധിമുട്ടുകളും.

*നിർദ്ദേശങ്ങൾ*

1. തെങ്ങ് പ്രധാനമായി കൃഷി ചെയ്യുന്ന ഈ പഞ്ചായത്തിൽ ഇതിനോടനുബന്ധിച്ച വ്യവസായങ്ങൾക്ക് വളരെ സാദ്ധ്യത കാണുന്നു.

2. ചകിരിനാരു ഉല്പന്നങ്ങളുടെ ഓരോ യൂണിറ്റ് ഈ പഞ്ചായത്തിൽ ഉള്ള എല്ലാ വാർഡുകളിൽ നിന്നും ഉള്ള ഗ്രാമസഭ റിപ്പോർട്ടിൽ നിർദ്ദേശിയ്ക്കുന്നു. ഇത് ഈ പഞ്ചായത്തിന്റെ വ്യാവസായിക വളർച്ചക്ക് വളരെ ആവശ്യമാണ്.

3. ഈ പഞ്ചായത്തിലെ രണ്ടോ മൂന്നോ ഭാഗങ്ങളിൽകൂടി സൗകര്യപ്രദമായ സ്ഥലങ്ങളിൽ കൊപ്ര സംസ്ക്കരണത്തിനും വെളിച്ചെണ്ണ ഉൽപ്പാദനത്തിനുമുള്ള കേന്ദ്രങ്ങൾ ഉണ്ടാക്കുക.

4. ഈ പ്രദേശത്ത് ഉപ്പ് വെള്ളവും ശുദ്ധജലവും കെട്ടി നിർമ്മിക്കുന്നതായ ജലാശയങ്ങൾ ഉള്ളതിനാൽ, ശുദ്ധജല മത്സ്യങ്ങളെയും ചെമ്മീൻ കൃഷിയേയും വികസിപ്പിയ്ക്കാൻ ഈ ജലാശയങ്ങൾ ഉപയുക്തമാണ്. ഇതിനു വേണ്ടതായ സാങ്കേതി ഉപദേശങ്ങളും സഹായ സഹകരണങ്ങളും ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

5. സ്ത്രീകളെ കൂടുതൽ പങ്കാളികളാക്കാൻ ഉപയുക്തമായ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കുടനിർമ്മാണം, പ്ലാസ്റ്റിക് ടയിൻ വർക്സ് മുതലായ യൂണിറ്റുകൾ സ്ഥാപിക്കുക. ഇതിനുവേണ്ട മൂലധനം പഞ്ചായത്തിന്റെ അധീനതയിൽ നൽകുക.

6. ഈ പഞ്ചായത്തിലെ മുഖ്യഭാഗം ജനങ്ങളും മത്സ്യതൊഴിലാളികളായതുകൊണ്ട്, ഈ പഞ്ചായത്തിന്റെ കീഴിൽ ഒരു മത്സ്യ സംസ്ക്കരണ കേന്ദ്രവും ഒരു വിപണനകേന്ദ്രവും സ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ചെറുകിട വ്യവസായിക വിപണനശാലകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ. | ആകെ |
| 1. | കൊപ്ര | 9 | 30 | 40 | 70 |
| 2. | ഐസ് നിർമ്മാണം | 3 | 40 | – | 40 |
| 3. | ഫർണ്ണീച്ചർ+തടി | 5 | 40 | – | 40 |
| 4. | സോഡ + കോള | 3 | 25 | 10 | 35 |
| 5. | എഞ്ചിനീയറിംഗ് വർക്സ് | 3 | 88 | – | 8 |
| 6. | ആയ്യുർവ്വേദമരുന്ന് | 6 | 15 | 5 | 20 |
| 7. | ഫ്ളവർ മിൽ | 16 | 30 | 5 | 35 |
| 8. | മറ്റുള്ളവ | 123 | 250 | 50 | 300 |
| | ആകെ | 168 | 518 | 110 | 548 |

*പ്രശ്നങ്ങളും സാദ്ധ്യതകളും:-*

1. വളരെയധികം വിപണനസാദ്ധ്യതയുള്ള മത്സ്യരംഗത്ത് ഫിഷ്‌ലാന്റ് സെന്ററിനോടനുബന്ധിച്ച് മത്സ്യസംസ്ക്കരണത്തിന് വേണ്ടി, പീലിംഗ് ഷെഡ് ഉണ്ടാക്കുകയാണെങ്കിൽ ഇന്നാട്ടിലെ മത്സ്യതൊഴിലാളികളായ സ്ത്രീകൾക്ക് വളരെയധികം ജോലി സാദ്ധ്യതകളും ഇടതട്ട്കാരെ ഒഴിവാക്കി ഒരു പരിധി വരെ മത്സ്യതൊഴിലാളികളെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുവാനും കഴിയും.

2. മത്സ്യം തരം തിരിയ്ക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റും പീലിംഗ് കഴിഞ്ഞതിന് ശേഷമുള്ള തൊണ്ടും ഉപയോഗപ്പെടുത്തി ഒരു കോഴിത്തീറ്റ സംസ്കരണശാല ഉണ്ടാക്കി മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താവുന്നതാണ്. ധാരാളം മത്സ്യം ഉണ്ടാകുമ്പോൾ ഐസിന്റെ ദൗർല്ലഭ്യം കാരണം മത്സ്യം യഥാസമയം മാർക്കറ്റിൽ എത്തിയ്ക്കാൻ കഴിയുന്നില്ല. ഇവിടെ ആകെയുള്ളത് 10 ടൺ കപ്പാസിറ്റിയുള്ള ഐസ് ഫാക്ടറിയാണ്. കൂടുതൽ കപ്പാസിറ്റിയുള്ള ഒരു ഫാക്ടറി ഗവൺമെന്റ് തലത്തിൽ വരികയാണെങ്കിൽ മത്സ്യം യഥാസമയം മാർക്കറ്റിൽ എത്തിയ്ക്കാൻ കഴിയും. കൂടാതെ മത്സ്യം സൂക്ഷിക്കാനുള്ള ഒരു ശീതീകരണശാല ഉണ്ടാവുകയാണെങ്കിൽ മാർക്കറ്റിൽ മത്സ്യത്തിന്റെ ദൗർല്ലഭ്യം അനുഭവപ്പെടുമ്പോൾ സുലഭമായിട്ട് മാർക്കറ്റിൽ എത്തിക്കുകയാണെങ്കിൽ, കാലാകാലങ്ങളിലും മത്സ്യതൊഴിലാളികൾക്ക് വേതനം ലഭിയ്ക്കുന്നതാണ്.

3. ഈ പഞ്ചായത്ത് മുക്കാൽ ഭാഗവും കായലോരപ്രദേശങ്ങളും ഉൾനാടൻ ജലാശയങ്ങളും ഉൾപ്പെട്ടതാകയാൽ വളരെ വിപണന സാദ്ധ്യതയുള്ള ഒരു വ്യവസായമാണ് കയർവ്യവസായം. കൂടാതെ ഇവിടത്തെ നാണ്യ വിളയാണല്ലോ തേങ്ങ. പരമ്പരാഗതമായ ഈ വ്യവസായ പുനരുജ്ജീവിപ്പിക്കുക എന്നത് ഈ മേഖലയിലെ തൊഴിലാളികളോട് ചെയ്യുന്ന നീതിയാണ്. അതുകൊണ്ട്, സഹകരണാടിസ്ഥാനത്തിൽ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഒരു കയർനിർമ്മാണശാല തുടങ്ങണമെന്നത് ഇവിടത്തെ ജനങ്ങളുടെ ശക്തിയായ ഒരു ആവശ്യമാണ്.

4. വ്യാവസായികാടിസ്ഥാനത്തിൽ, ബീഡി നിർമ്മാണം വനിതാക്ഷേമ പദ്ധതിയിൽ സഹകരണാടിസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

5. മത്സ്യബന്ധനത്തിനാവശ്യമായ ആധുനികരീതിയിലുള്ള നൈലോൺ വലകൾ നിർമ്മിക്കുന്ന ഒരു വ്യവസായശാല ഈ പഞ്ചായത്തിൽ തന്നെ ഉണ്ടാവുകയാണെങ്കിൽ അതുവഴി ഒരുപറ്റം ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടുകയും കുറഞ്ഞ ചിലവിൽ നല്ല ഗുണനിലവാരമുള്ള വലകൾ ലഭ്യമാക്കാനും കഴിയുന്നതാണ്. അത് മത്സ്യ വ്യവസായത്തെ ഫലപുഷ്ടിപ്പെടുത്തുന്നതാണ്.

6. മത്സ്യം പാചകം ചെയ്ത് ടിന്നുകളിലാക്കി വിദേശത്തേക്ക് കയറ്റി അയക്കാനുള്ള ഒരു ഫാക്ടറി ഈ പ്രദേശത്തു സ്ഥാപിയ്ക്കുകയാണെങ്കിൽ, സുലഭമായി കിട്ടുന്ന മത്സ്യങ്ങളെ വിദേശ മാർക്കറ്റുകളിൽ എത്തിയ്ക്കാൻ കഴിയും.

7. ഈ നാട്ടിലെ പ്രധാന നാണ്യവിള തെങ്ങായതിനാൽ പച്ചതേങ്ങ സംസ്ക്കരിച്ച് എണ്ണ വിപണനമാർക്കറ്റിൽ ഇറക്കാനുള്ള പാക്കറ്റുകളാക്കിയും, തേങ്ങ വെള്ളം കൊണ്ട് ദാഹശമന പാനീയങ്ങളും ചിരട്ടയിൽ നിന്നും ചിരട്ട ഓയിലും മറ്റും ഉണ്ടാക്കാവുന്ന ഒരു നവീന ഫാക്ടറിക്ക് ഇവിടെ സാദ്ധ്യതയുണ്ട്. അത് സഹകരണാടിസ്ഥാനത്തിൽ നടത്തുകയാണെങ്കിൽ അത് നാണ്യ ഉല്പാദകരെ ഒരു പരിധിവരെ വില തകർച്ചയിൽ നിന്നും രക്ഷിയ്ക്കാൻ കഴിയും. തേങ്ങാ പിണ്ണാക്ക് ഉപയോഗിച്ച് ഒരു കാലിത്തീറ്റ ഫാക്ടറിയും ഉണ്ടാക്കിയാൽ ഈ വ്യവസായത്തകർച്ചയിൽ നിന്നും രക്ഷിയ്ക്കാൻ കഴിയും.

# സഹകരണം

കടബാധ്യതയിൽ നിന്നും കർഷകസമൂഹത്തിനെ രക്ഷിക്കുന്നതിനായി 1904 ലെ സഹകരണ നിയമത്തിന്റെ (കോർപ്പറേറ്റീവ് സൊസൈറ്റി ആക്ട് ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്. കടപ്പുറം പ്രദേശത്തിന് ഉൾപ്പെടുത്തി ഐക്യനാണയ സംഘം ഇവിടെ പ്രവർത്തനം തുടങ്ങിയിരുന്നു. ചാവക്കാട് ഐക്യനാണയ സംഘത്തിന്റെ കീഴിലായിരുന്നു ഈ പ്രദേശം. 1912 ലെ സഹകരണ നിയമത്തിന്റെ കീഴിൽ ആദ്യത്തെ സഹകരണ സംഘം നിലവിൽ വന്നു. ഒരുമനയൂർ വില്ലേജിലെ വട്ടേക്കാട് പ്രദേശവും കടപ്പുറം വില്ലേജിലെ കടുകമാട് പ്രദേശവും വട്ടേക്കാട് ഐക്യനാണയ സംഘത്തിന്റെ കീഴിലായിരുന്നു. ഇത് 1953 ൽ ആണ് സ്ഥാപിതമായത്. 1968 ൽ വട്ടേക്കാട്ട് നാണയസംഘം വട്ടേക്കാട് സഹകരണ സംഘം സ്ഥാപിച്ചു.

1962 ലാണ് കടപ്പുറം ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തി ഒരുമനയൂർ സഹകരണസംഘം നിലവിൽ വന്നത്. ആദ്യത്തെ പ്രസിഡണ്ട് പരേതനായ ശ്രീ. വി.കെ. ഹൈദ്രോസ് കുട്ടിയായിരുന്നു. ആദ്യത്തെ ഡയറക്ടർ പരേതനായ ശ്രീ. പി.പി. ഷാഹുൽ ഹമീദും ആയിരുന്നു. ആദ്യകാലങ്ങളിൽ വിവിധ മേഖലകളെ ബന്ധപ്പെടുത്തി ഓരോ സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നു. ഇന്ന് പല സഹകരണസംഘങ്ങളും നിലവിൽ ഇല്ല. കടപ്പുറം പഞ്ചായത്തിനെ ഉൾപ്പെടുത്തി ചാവക്കാട് റൂറൽ സഹകരണസംഘത്തിന്റെ ഒരു ശാഖ 1972 ൽ അഞ്ചങ്ങാടിയിൽ സ്ഥാപിച്ചു. ഇന്ന് നിലവിലുള്ള മിക്ക സഹകരണ സംഘങ്ങളും സാമാന്യം ഭേദപ്പെട്ട അവസ്ഥയിലാണ് പ്രവർത്തിക്കുന്നത്. ചാവക്കാട് റൂറൽ ബാങ്കിന്റെ ശാഖയിൽ പഞ്ചായത്തിന്റെ 10 വാർഡുകളും ഉണ്ട്. ഒരുമനയൂർ സഹകരണ സംഘത്തിന്റെ പരിധിയിൽ ഗ്രാമപഞ്ചായത്തിലെ 3 മുതൽ 10 വാർഡുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

വട്ടേക്കാട്ട് സർവ്വീസ് സഹകരണ സംഘത്തിൽ പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകൾ ഉൾക്കൊള്ളുന്നു. ഈ പഞ്ചായത്തിൽ ഒരു പട്ടിക ജാതി സഹകരണസംഘവും ഉണ്ട്.

വിവിധോദ്ദേശ ഐക്യനാണയ സഹകരണ സംഘങ്ങൾ വർഷങ്ങളായി നിലവിലില്ല. ഗുരുവായൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന് പഞ്ചായത്തിലെ ഒന്നാം വാർഡിനെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

സഹകരണസംഘങ്ങൾ വിവിധ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ

1. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

2. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് ഈ തുക ലാഭകരമായ വിധത്തിൽ ഉപയോഗിക്കുക. ഉദാ: കൺസ്യൂമർ വായ്പ, ഭവന നിർമ്മാണ വായ്പ, സ്വർണ്ണപ്പണ്ട പണയ വായ്പ.

3. സഹകരണ സംഘങ്ങൾ കർഷകരെ സംബന്ധിച്ച പൂർണ്ണവിവരങ്ങളോടുകൂടിയ ലാന്റ് രജിസ്ട്രർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പാ തുക തിട്ടപ്പെടുത്താൻ ഇത് സഹായകമാകും.

4. ഓരോ കർഷകർക്കും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംബത്തിനു മുമ്പായി തന്നെ പാസാക്കി കർഷകർക്ക ക്രെഡിറ്റ് സമ്പ്രദായം നടപ്പിലാക്കുക.

5. കാർഷികാവശ്യത്തിന്നായി നബാർഡിൽ നിന്നും കൺസെഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ചുകിട്ടുന്നതിന് നടപടിയെടുക്കുക.

6. സർക്കാരിൽ നിന്ന് അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പ ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ തലത്തിലും ബാങ്ക് തലത്തിലും നൽകേണ്ടതാണ്.

7. വ്യക്തികൾക്ക് നൽകുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്.

8. വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷിക ഉല്പന്നങ്ങൾ സംഭരിക്കാനും ഈ ബാങ്കുകളിൽ സംവിധാനം ഉണ്ടാക്കുക.

9. അർഹതപ്പെട്ട വ്യക്തികൾക്ക് സഹകരണ സംഘങ്ങളിൽ അംഗത്വം ലഭിക്കുന്നില്ല എന്ന ആരോപണം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ അർഹരായ എല്ലാവർക്കും അംഗത്വം നൽകണം.

10. കേര വികസനത്തിന് ഒരു കൊപ്ര സംസ്ക്കരണ സംഘം രൂപീകരിക്കണമെന്നും പൊതിക്കാത്ത നാളികേരം കൂടി ഈ സംഘം മൊത്തമായി വാങ്ങി കേര കർഷകരുടെ ഇന്നത്തെ അവസ്ഥക്ക് മാറ്റം വരുത്തണം.

11. ദീർഘകാല വായ്പ നൽകിവരുന്ന കാർഷികഗ്രാമ വികസന ബാങ്കുകളുടെ വായ്പാ വിതരണ സംവിധാനം ഉദാരവല്ക്കരിക്കണം.

12. പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ ഈ ബാങ്കുകളുടെ നേതൃത്വത്തിൽ വായ്പാമേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനകീയവൽക്കരിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിരിക്കുന്നു.

### *നിർദ്ദേശങ്ങൾ*

1. കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങ്ഹളിൽ ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തനം തുടങ്ങുകയും ഖാദി മേഖലയിൽ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയും വേണം.

2. കടപ്പുറം ഗ്രാമപഞ്ചായത്തിൽ വളരെ കാലങ്ങൾക്കുമുമ്പ് പ്രവർത്തനം നിർത്തിയ കയർ സഹകരണ സംഘങ്ങൾ പുനർ പ്രവർത്തനം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.

3. കടപ്പുറം ഗ്രാമ പഞ്ചായത്തിൽ ഇന്ന് ക്ഷീര സഹകരണ സംഘങ്ങൾ ഇല്ല. ക്ഷീര ഉല്പാദകർക്ക് ന്യായമായ വില ലഭിക്കുന്നതിനും അവർ ഉല്പാദിപ്പിക്കുന്ന പാൽ വിതരണത്തിന് വേണ്ടി ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ തുടങ്ങണം.

4. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ ആവശ്യമാണ്.

5. കാലിത്തീറ്റ വിതരണത്തിനായി സംഘത്തന് സംവിധാനം ഉണ്ടാക്കുക.

6. നല്ലയിനം കറവമാടുകളെ ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ രൂപീകരിച്ച് ചെയ്തു കൊടുക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശം വന്നിരുന്നു.

7. മത്സ്യ തൊഴിലാളി സഹകരണ സംഘത്തിൽ പഞ്ചായത്തിലെ മുഴുവൻ മത്സ്യതൊഴിലാളികളെയും ഉൾപ്പെടുത്തി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബ്രാഞ്ചുകൾ സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശം വന്നിരുന്നു.

8. ഉൽപ്പാദിപ്പിക്കുന്ന മത്സ്യം കേടുകൂടാതെ സംഭരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും സംഘം നടപടി എടുക്കണം. അതിനാവശ്യമായ ഫ്രീസിംഗ് പ്ലാന്റ്, ഐസ് പ്ലാന്റ്, വാൻ എന്നിവ സംഘത്തിന്റെ കീഴിൽ ഉണ്ടായിരിക്കേണ്ടതാണ്.

9. ബോട്ടുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ വല മറ്റ് മത്സ്യബന്ധനോപകരണങ്ങൾ എന്നിവ സംഘം സംഭരിച്ച് വിതരണം ചെയ്യേണ്ടതാണ്.

10. മുനക്കടവിലുള്ള ഇന്ധന വിതരണ കേന്ദ്രം സംഘത്തിന്റെ കീഴിലാക്കി വിപുലപ്പെടുത്തണമെന്ന് വിവിധ ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശം ഉയർന്നു വന്നിരുന്നു.

11. സംഘത്തിന്റെ കീഴിൽ ഒരു മത്സ്യ വല നിർമ്മാണശാലയും ഒരു മത്സ്യ ബന്ധനോപകരണ നിർമ്മാണ ഫാക്ടറിയും സ്ഥാപിക്കണം. മത്സ്യ വല നിർമ്മാണശാലയ്ക്ക് ഏകദേശം ഒന്നരകോടി രൂപയോളം മൂലധന മുടക്ക് വരുന്നതാണ് ഇതിനുള്ള

സാമ്പത്തിക സഹായം സർക്കാരിന്റെ വിവിധ ധന കാര്യ സ്ഥാപനങ്ങളിൽ നിന്ന് നൽകണം.

12. കടപ്പുറം ഗ്രാമ പഞ്ചായത്തിൽ മത്സ്യഫെഡിന്റെ ധനസഹായത്തോടുകൂടി ഒരു വല നിർമ്മാണകേന്ദ്രം പ്രവർത്തനം ആരംഭിക്കണം.

13. വളരെയധികം വികസന സാധ്യതയുള്ളതാണ് ഉൾനാടൻ മത്സ്യബന്ധനം. പഞ്ചായത്തിലെ അടിതിരുത്തിയും-കടപ്പുറവുമായി ബന്ധപ്പെട്ട പ്രദേശത്തുള്ള സർക്കാർ ബണ്ടിന്റെ പ്രവർത്തനം തുടങ്ങേണ്ടതാണ്.

14. ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് ആവശ്യമായ വഞ്ചി, വല എന്നിവ മേടിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശം ഉയർന്നുവന്നിരുന്നു.

15. സഹകരണ സംഘത്തിന്റെ കീഴിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ തുറക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശം വന്നിരിക്കുന്നു.

16. ഓരോ വീട്ടിലും നിത്യപയോഗ സാധനങ്ങൾ എത്തിയ്ക്കുവാൻ ഉപഭോക്താക്കളിൽ നിന്ന് "ട്രേഡ് ഡെപ്പോസിറ്റ്" സ്വീകരിച്ച് ഡോർ ഡെലിവിറി സിസ്റ്റമുള്ള സഹകരണ സംഘങ്ങൾ നടപ്പിലാക്കണം.

17. കടപ്പുറം വെക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഒരു സഹകരണ സംഘം പ്രവർത്തിപ്പിക്കുന്നുണ്ട്. ഇതിന്റെ കീഴിൽ പാഠപുസ്തകം മാത്രമാണ് ഇന്ന് വിതരണം ചെയ്യുന്നത്. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോം, കുട മറ്റ് പഠനോപകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

18. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരെയും ഉൾപ്പെടുത്തി പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം.

**ലേബർ കോൺട്രാക്റ്റ് സഹകരണസംഘം**

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ കടപ്പുറം പഞ്ചായത്തിലുണ്ട്. ഇത്തരം തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ ലഭ്യമാക്കുന്നതിന് ഒരു ലേബർ കോൺട്രാക്റ്റ് സഹകരണസംഘം രൂപീകരിച്ച് പഞ്ചായത്തിന്റെ കീഴിലുള്ള മുഴുവൻ ജോലിയും ഈ സഹകരണ സംഘങ്ങളെ ഏല്പിക്കുക.

**കോഴി വളർത്തൽ സഹകരണസംഘം**

പഞ്ചായത്തിലെ ആവശ്യത്തിന് മറ്റ് സ്ഥലങ്ങളിൽ നിന്നാണ് ഇറച്ചിക്കോഴികളെയും, കോഴിമുട്ടയും എത്തുന്നത്. ഒരു കോഴി വളർത്തൽ സഹകരണസംഘം രൂപീകരിക്കുകയും മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടുകൂടിയും ഏതാനും യുവാക്കൾക്ക് ജോലി സ്ഥിരതയും വരുത്തണം.

**വനിത വികസന കോർപ്പറേഷൻ**

കേരള വനിത വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി പഞ്ചായത്തിലെ മുഴുവൻ വനിതകളെയും ഉൾപ്പെടുത്തി, വനിതകൾക്ക് തൊഴിൽ പരിശീലനവും, തൊഴിൽ സ്ഥിരതയും ഉറപ്പു വരുത്തണം.

നിർദ്ദേശിച്ച കോഴി വളർത്തൽ സഹകരണ സംഘത്തിന്റെയും, ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിന്റെയും, ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘത്തിന്റെയും, കയർ സഹകരണ സംഘത്തിന്റെയും, ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെയും രൂപീകരണം കൊണ്ട് ഏകദേശം 150 ഓളം പേർക്ക് തൊഴിൽ ലഭിക്കുവാൻ സാധ്യതയുണ്ട്.

10 ഗ്രാമസഭകളിൽ ചർച്ച ചെയ്തു സമർപ്പിച്ച ഗ്രാമ സഭ റിപ്പോർട്ടും സഹകകാരികളുമായി ചർച്ച ചെയ്ത ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

ഗ്രാമങ്ങളുടെ സാമ്പത്തിക - സാമൂഹിക - സാംസ്ക്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ സഹകരണരംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികൾക്ക് മുൻഗണന നൽകി സമർപ്പിച്ചു കൊള്ളുന്നു.

## ഭവനനിർമ്മാണം – ക്ഷേമപ്രവർത്തനം

സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ കുറെയെല്ലാം വികസനം അവകാശപ്പെടാവുന്ന ഈ പഞ്ചായത്ത് കടൽ തീരങ്ങളും കായൽ തീരങ്ങളും അടങ്ങിയതാണ്.

തീരദേശമായ ഈ പ്രദേശത്ത് കൂലപ്പണിയെടുത്ത് ഉപജീവനം കഴിയ്ക്കുന്ന ജനങ്ങളാണ് ഭൂരിഭാഗവും വസിക്കുന്നത്. ഗൾഫ് പണത്തിന്റെ സ്വാധീനവും ഈ പഞ്ചായത്തിൽ ഒട്ടും കുറവല്ല. ഈ പഞ്ചായത്തിൽ ഉയർന്നുവന്നിട്ടുള്ള കോൺക്രീറ്റ് കെട്ടിടങ്ങളാണ് ഈ പ്രദേശത്തിന്റെ ഗൾഫ് വരുമാനം കൊണ്ടുള്ള നേട്ടം. അതായത് ക്രിയാത്മകമായ രൂപത്തിൽ ഈ പ്രദേശത്ത് ലഭിക്കുന്ന പണം ചിലവഴിക്കാനും നേട്ടമുണ്ടാക്കാനും കഴിഞ്ഞിട്ടില്ല.

ഈ പഞ്ചായത്തലെ കർഷകതൊഴിലാളികളും മത്സ്യതൊഴിലാളികളും ദാരിദ്ര്യരേഖക്ക് താഴെയുള്ള ദുർബലവിഭാഗങ്ങളും ധാരാളമായി വസിക്കുന്നത് 3,4,5,6,7 എന്നീ വാർഡുകളിലാണ്. മറ്റു വാർഡുകളിലും ഭാഗികമായി കായൽ മത്സ്യത്തൊഴിലാളികളും കർഷകതൊഴിലാളികളും ജീവിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ഓലക്കുടിലുകളും കെട്ടുറപ്പില്ലാത്തവയുമാണ്.

ഈ പഞ്ചായത്തിൽ മൊത്തം 5064 വീടുകളുണ്ട്. ഇവയിൽ 875 കോൺക്രീറ്റ് കെട്ടിടങ്ങളും 1307 ഓട് മേഞ്ഞ വീടുകളും 1130 എണ്ണം ഓലമേഞ്ഞവയും 1752 കുടിലുകളും ആണ്. കോണക്രീറ്റ് കെട്ടിടങ്ങൾ അധികവും മൊസൈക്, കടപ്പ മുതലായവ ഉപയോഗിച്ചും ഇടത്തരം വീടുകൾ സിമന്റ്, കളിമണ്ണ് എന്നിവ ഉപയോഗിച്ചും ആണ് പണിതിരിക്കുന്നത്. 1990 മുതൽ ഉള്ള കാലയളവിൽ ഈ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ ഏകദേശം തുല്യത പുലർത്തുന്നു. എങ്കിലും നിർമ്മാണ ചിലവിൽ വളരെ അന്തരം കാണപ്പെടുന്നു. വീട് നിർമ്മാണത്തിലുള്ള ആർഭാടം ചിലവ് വർദ്ധിപ്പിക്കുന്നതായി കാണുന്നു.

ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ചാവക്കാട് ഫർക്ക റൂറൽ സൊസൈറ്റിയുടെയും ഹൗസിങ്ങ് ബോർഡിന്റേയും സേവനം ഈ പഞ്ചായത്തിലെ ജനങ്ങൾക്ക്, ഭവനനിർമ്മാണരംഗത്ത് കാര്യമായി ലഭിച്ചിട്ടില്ല. വായ്പ എടുക്കാൻ മിക്ക ജനങ്ങളും തൽപരരല്ല. അമിതമായ പലിശയും വായ്പ അനുവദിക്കുന്നതിനുമുള്ള സങ്കീർണ്ണമായ വ്യവസ്ഥകളും വായ്പാ തുക ലഭ്യമാക്കാനുള്ള കാലതാമസവും സാധാരണക്കാരെ ഇതിൽ നിന്നും മാറാൻ പ്രേരിപ്പിക്കുന്നു.

ഭവനനിർമ്മാണത്തിനായി ഇപ്പോൾ പലവിധ സഹായധന വ്യവസ്ഥകൾ ഉണ്ട്. മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതിക്കാർക്കും വീടുണ്ടാക്കാൻ സഹായധനം ഉണ്ടെങ്കിലും ഈ തുക ഒന്നിനും തികയാത്ത അവസ്ഥയിലാണ്. കൂടാതെ ഈ സഹായധനം അർഹരായവർക്ക് യഥാർത്ഥത്തിൽ ലഭിക്കുന്നുണ്ടോ എന്ന കാര്യം ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണ സഹായധനങ്ങൾ ദുർബ്ബലവിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ലഭ്യമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ കടൽത്തീരത്ത് താമസിച്ചിരുന്ന മിക്കവർക്കും കടൽക്ഷോഭ ദുരിതം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. കടൽക്ഷോഭം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ട് ആശ്വാസകേന്ദ്രങ്ങളിലും അന്യരുടെ ഔദാര്യത്തിലും കഴിയുന്നവർ ഇപ്പോഴും ബാക്കി നില്ക്കുന്നു. മനുഷ്യന് പ്രാണവായു എന്നപോലെ അത്യാവശ്യമായ ഒന്നാണ് പാർപ്പിട സൗകര്യവും. അതിനാൽ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് വേണ്ടി വീടുകൾ നിർമ്മിച്ച് നൽകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ രണ്ട് വാർഡുകളിലായി മൊത്തം 22 കുടുംബങ്ങൾക്ക് പണിക്കഴിപ്പിച്ച വീട്, (ലക്ഷം വീട്) നൽകിയിട്ടുണ്ട്. പട്ടികജാതിക്കാർക്കായുള്ള സഹായധനം 22 പേർക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ഭവനനിർമ്മാണച്ചിലവുകളുടെ അമിതമായ വർദ്ധനവ് കാരണം പാവപ്പെട്ടവർക്ക് സ്വന്തമായ വീട് എന്ന സ്വപ്നം എന്നും അവശേഷിക്കുന്നു. സഹായധനമോ വായ്പാ തുകയോ ഒരു വീടുണ്ടാക്കാൻ പര്യാപ്തമല്ല. വീടില്ലാത്തവർക്ക് സ്വന്തമായി വീടുണ്ടാക്കാനും പഞ്ചായത്തിലെ ജനങ്ങളുടെ

പാർപ്പിട സൗകര്യം വർദ്ധിപ്പിക്കാനുമായി ചില നിർദ്ദേശങ്ങൾ താഴെ കാണിക്കുന്നു.

1. പഞ്ചായത്തിന്റെ അധീനതയിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.

2. പദ്ധതിപ്രകാരം പഞ്ചായത്തിൽ നിന്നുള്ള തുക ഉപയോഗപ്പെടുത്തി ചുരുങ്ങിയ ചിലവിൽ വീട് നിർമ്മിച്ച് നൽകാനായി സാധാരണ സാമഗ്രികളും തൊഴിലാളികളേയും പഞ്ചായത്ത് നിയന്ത്രണത്തിൽ തന്നെ ഏർപ്പെടുത്തുക.

3. സർക്കാർ നടപ്പാകുന്ന ഭവനനിർമ്മാണ വായ്പകൾ ഉദാരമാക്കുകയും ഇതു വർദ്ധിപ്പിക്കുകയും സാധാരണക്കാരായ ജനങ്ങൾക്ക് വേഗത്തിൽ ലഭിക്കത്തക്കവിധത്തിലാക്കുകയും ചെയ്യുക.

4. പട്ടികജാതിക്കാർക്കും ദുർബലവിഭാഗങ്ങൾക്കും ഭവനനിർമ്മാണത്തിനായി അനുവദിക്കുന്ന തുക 22,000/- ത്തിൽ നിന്ന് ചുരുങ്ങിയത് 4000 രൂപയെങ്കിലും ആക്കി ഉയർത്തുക. ഈ ആനുകൂല്യം എല്ലാവിഭാഗത്തിൽപ്പെട്ട ദുർബലവിഭാഗങ്ങൾക്കും കൂടെ ലഭ്യമാക്കുക.

5. പ്രകൃതിക്ഷോഭം മൂലം സ്ഥലവും വീടും നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനുള്ള സൗകര്യം ഉണ്ടാക്കുക.

6. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരം നൽകുന്ന വായ്പ തുക 26400 രൂപയിൽ നിന്ന് 60000 രൂപയായി ഉയർത്തുക.

7. ഭവന നിർമ്മാണത്തിനായി വായ്പയോ സഹായധനമോ ആവശ്യമുള്ളവർക്ക് അവ ലഭ്യമാകാൻ തടസ്സമായ പട്ടയപ്രശ്നം പരിഹരിക്കുക.

8. കടൽക്ഷോഭം മൂലം വീടു നഷ്ടപ്പെട്ടവർക്ക് വീടിന് നൽകാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വില ഗവൺമെന്റ് തീരുമാനിക്കുന്ന വിലയിൽനിന്ന് മാറ്റം വരുത്തി ഈ പഞ്ചായത്തിൽ ലഭിക്കുന്ന വിലക്ക് ഭൂമി വാങ്ങി അവരെ പുനരധിവസിപ്പിക്കാൻ ഏർപ്പാടുണ്ടാക്കണം.

9. ജനസാന്ദ്രത വർദ്ധിച്ചു. സ്ഥലസൗകര്യം കുറഞ്ഞുംകൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് പാർപ്പിട പ്രശ്നം പരിഹരിക്കാനായി ഫ്ളാറ്റ് സിസ്റ്റത്തിൽ വീട് നിർമ്മിക്കാനുള്ള നിയമം ഉണ്ടാക്കുക.

10. പുതിയ തീരദേശനിയമം റദ്ദാക്കണമെന്ന് പത്ത് ഗ്രാമസഭകളിൽനിന്ന് ഉയർന്ന് വന്നിരിക്കുന്നു.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ ഉദ്ധരിക്കാനുള്ള പല സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും ഇന്ന് നിലവിലുണ്ട്. I.R.D.P., DWCRA, ട്രൈസം, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം മുതലായ സ്കീമുകൾ വഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സർക്കാർ ശ്രമിക്കുന്നുണ്ട്. എന്നാൽ കടപ്പുറം പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം പറയത്തക്ക പുരോഗതി ലഭ്യമായതായി കാണുന്നില്ല.

ഈ സ്കീമുകളുടെ അപാകത അർഹരായവർക്ക് സഹായം ലഭ്യമാക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു. IRDP ഗുണഭോക്താക്കൾക്ക് സഹായം ലഭിക്കാൻ പലവിധ തടസ്സങ്ങളും നേരിടുന്നു. വിധവാ പെൻഷൻ, വാർദ്ധക്യ പെൻഷൻ, കുടുംബക്ഷേമ പെൻഷൻ മുതലായ ലഭ്യമായവരുടെ പേരുവിവരങ്ങൾ പട്ടിക രൂപത്തിൽ താഴെ ചേർക്കുന്നു.

പട്ടിക - I

| സഹായധനത്തിന്റെ ഇനം | ലഭിക്കുന്നവരുടെ എണ്ണം | തുക ഉറുപ്പിക | തീരുമാനമാകാത്ത അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| വിധവാ പെൻഷൻ | 42 | 100 | ഇല്ല |
| വാർദ്ധക്യ പെൻഷൻ | 14 | 100 | – |
| ക്ഷയ രോഗ പെൻഷൻ | 1 | 100 | – |
| കർഷക തൊഴിലാളി പെൻഷൻ | 9 | 100 | – |
| കാൻസർ രോഗ പെൻഷൻ | 1 | 100 | – |
| തൊഴിലില്ലായ്മാ വേതനം | 18 | 100 | – |

പട്ടിക – II
IRDP യെ സംബന്ധിച്ച വിവരം

| പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC | നാളിതുവരെ സഹായം ലഭിച്ച കുടുംബം | ഇതിൽ SC/ST | ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയവർ | ഇനി സഹായിക്കേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1428 | 166 | 157 | 86 | 89 | 1182 |

പട്ടിക – III
കക്കൂസ് സംബന്ധിച്ച വിവരം

| സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങൾ | ഇതുവരെ അനുവദിച്ച കക്കൂസുകൾ (മൊത്തം) | ഇതിൽ പൂർത്തീകരിച്ച കക്കൂസുകൾ | ഇനി അനുവദിക്കേണ്ട കക്കൂസുകളുടെ എണ്ണം |
|---|---|---|---|
| 1768 | 164 | 80 | 1604 |

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വെക്കുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ. നമ്മുടെ കടപ്പുറം ഗ്രാമപഞ്ചായത്തിൽ 10 വാർഡുകളിലായി 23 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിൽ പ്രകടമാണ്. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാർക്ക് പ്രയാസങ്ങളും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. ഇവയുടെ പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും, കെട്ടിടങ്ങളുടെ കെട്ടിമേച്ചിൽ നടത്താത്തതും കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരുംതലമുറയെ വാർത്തെടുക്കുന്ന അങ്കക്കളരിയായ അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും വളരെ ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 മുതൽ 5.30 വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

18 മുതൽ 5 വയസ്സ് വരെയുള്ള യുവതീ യുവാക്കൾക്ക്
സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

### ട്രൈസം ട്രെയിനിങ്ങ് ലഭിച്ചവരുടെ വിവരം
### പട്ടിക – IV

| Sl. No. | വർഷം | ട്രെയിനിങ്ങ് ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | 90-91 | 12 |
| 2 | 91-92 | 2 |
| 3 | 92-93 | 4 |
| 4 | 93-94 | 7 |
| 5 | 94-95 | 4 |
| 6 | 95-96 | 7 |
| ആകെ | | 36 |

### കടപ്പുറം പഞ്ചായത്തിലെ DWCRA യൂണിറ്റ് 2 എണ്ണം
### പട്ടിക – V

| വാർഡ് | തുടങ്ങിയ വർഷം | സ്കീം | അംഗങ്ങളുടെ എണ്ണം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| VIII | 94-95 | കുട നിർമ്മാണം | 10 | Active |
| III | 96-97 | ഓലമെടച്ചിൽ | 10 | Active |

### ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവരം
### പട്ടിക – VI

| കടപ്പുറം പഞ്ചായത്തിൽ വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീ കരിക്കാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|
| 1822 | 72 | 34 | 38 | 1756 |

# ഊർജ്ജവും ഗതാഗതവും

## ഊർജ്ജം

പഞ്ചായത്തിൽ ആദ്യമായി 1970 ലാണ് വൈദ്യുതി എത്തിയത്. ഇപ്പോൾ വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത് ഗുരുവായൂർ, കണ്ടശ്ശാംകടവ് എന്നീ സബ്സ്റ്റേഷനുകളിൽ നിന്നാണ്. ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതിയിൽ ഭൂരിഭാഗവും വിതരണം ചെയ്യപ്പെടുന്നത് കണ്ടശ്ശാംകടവ് സബ്സ്റ്റേഷൻ വഴിയാണ്. 1970-ൽ ആദ്യമായി ഈ പഞ്ചായത്തിൽ വൈദ്യുതീകരിച്ചത് അഞ്ചങ്ങാടി മുഹിയദ്ദീൻ പള്ളിയാണ്. കഴിഞ്ഞകാല നേട്ടങ്ങളിൽ ഈ രംഗത്ത് നല്ല നിലയിലുള്ള വികസനം നടന്നതായി അവകാശപ്പെടാം. ഗാർഹികവും, കാർഷികവും, വ്യാവസായികവുമായി വിതരണം ചെയ്യപ്പെട്ട വൈദ്യുതി ഉപഭോക്താക്കളുടെ കണക്കുകൾ പരിശോധിച്ചാൽ വൈദ്യുതി ലഭ്യത ഈ പഞ്ചായത്തിൽ തൃപ്തികരമല്ല.

ഈ പഞ്ചായത്തുമായി ബന്ധപ്പെട്ട് 16 ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്. ഇപ്പോൾ നിലവിലുള്ള ഉപഭോക്താക്കളുടെ കണക്കുകൾ ഗാർഹികം 2510, വ്യാപാരം 247, വ്യാവസായികം 28, കാർഷികം 155 എന്നിങ്ങനെയാണ്. വൈദ്യുതി ലഭിക്കാത്ത ഗാർഹിക ഉപഭോക്താക്കളുടെ എണ്ണവും കുറവല്ല. സ്ട്രീറ്റ് ലൈറ്റുകളുടെ ആവശ്യം ഈ പഞ്ചായത്തിലെ അധിക സ്ഥലങ്ങളിലും ബാക്കി നിൽക്കുന്നു. വ്യാവസായികമേഖലയിലേക്ക് വൈദ്യുതി വൻതോതിൽ ഉപയോഗിക്കുന്നില്ല. കൂടാതെ കാർഷികമേഖലയിലും വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം ചുരുങ്ങിയിരിക്കുകയാണ്.

ഈ അവസ്ഥയിലും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് അഭിമുഖീകരിക്കേണ്ട വലിയ പ്രശ്നം വോൾട്ടേജ് ക്ഷാമമാണ്. നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽ അധികഭാരം വഹിക്കുന്നവയാണ്. ഗാർഹികമായി ചിലവഴിക്കുന്ന വൈദ്യുതി നിരക്ക് ഇപ്പോൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. അത്യാധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം ഉപഭോക്താക്കളുടെ വൈദ്യുതി ചിലവിൽ വർദ്ധനവുണ്ടാക്കുന്നു. ട്രാൻസ്ഫോർമറുകളുടെ ദുർബലത മിക്ക സമയങ്ങളിലും ഈ പഞ്ചായത്തിൽ ഉൾ പ്രദേശങ്ങളിൽ കറന്റ് ഇല്ലാത്ത് പ്രശ്നങ്ങൾക്ക് കാരണമാകുന്നു. വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളാണ് മിക്കഭാഗങ്ങളിലും ഉള്ളത്. ഇത് കാരണത്താൽ മിക്ക സമയങ്ങളിലും ഉപഭോക്താക്കൾക്ക് അത്യാവശ്യസമയങ്ങളിൽ വൈദ്യുതിയില്ലാത്ത അവസ്ഥയുണ്ടാക്കുന്നു. കൂടാതെ വോൾട്ടേജ് ക്ഷാമമുള്ള സ്ഥലങ്ങളിൽ സമ്പന്നർ ഗാർഹിക ആവശ്യങ്ങൾക്കായി സ്റ്റെപ് അപ്പ് ഉപയോഗിക്കുന്ന കാരണത്താൽ മറ്റ് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

ഈ പഞ്ചായത്തിൽ ഉള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് അവരുടെ വൈദ്യുതി ബിൽ അടക്കാനായി 8 കിലോമീറ്റർ ദൂരം വരെ പോയി സമയങ്ങളോളം ക്യൂ നിൽക്കേണ്ട അവസ്ഥയാണ്. ഈ പ്രയാസം ദുരീകരിക്കാൻ ഈ പഞ്ചായത്തിൽ തന്നെ ബിൽ അടക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഊർജ്ജം, പാചകം, വെള്ളം ചൂടാക്കൽ, വെളിച്ചം എന്നീ ഇനങ്ങളിലാണ്. വൈദ്യുതിയുടെ ഉപയോഗം കുറക്കാൻ ഗ്യാസ്, പുകയില്ലാ അടുപ്പ്, സോളാർ ബൾബ് എന്നിവയുടെ ഉപയോഗ സാധ്യത ഉണ്ടാക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | | |
|---|---|---|
| ബൾബ് | 40W | 180 |
| Tube set | 100W | 5 Nos. |

*പ്രശ്നങ്ങൾ :-*

1. വോൾട്ടേജ് ക്ഷാമമാണ് ഈ പഞ്ചായത്തിലെ പ്രധാന പ്രശ്നം.

2. ട്രാൻസ്ഫോർമറുകളുടെ ദുർബലത മിക്ക

ലൈനുകളിലും വൈദ്യുതി തകരാറിലാകുന്നു.

3. വൈദ്യുതി ലഭ്യമല്ലാത്ത ധാരാളം വീടുകളും കോളനികളും നിലനിൽക്കുന്നു.

4. കാർഷികാവശ്യത്തിനായി വൈദ്യുതി ലഭിക്കാൻ ഭൂമിയുടെ വിസ്തീർണ്ണത്തിലുള്ള പരിധി തടസ്സമാവുന്നു.

5. വൈദ്യുതി ലൈനുകളുടെ ദൈർഘ്യവും ട്രാൻസ്ഫോർമറുകളുടെ അധികഭാരവും വൈദ്യുതി തടസ്സം ഉണ്ടാക്കുന്നതിനും വോൾട്ടേജ് കുറക്കുന്നതിനും കാരണമാകുന്നു.

6. വൈദ്യുത ബോർഡിലെ ജീവനക്കാരുടെ അനാസ്ഥയും അഴിമതിയും കാരണം ഉപഭോക്താക്കൾക്ക് സാരമായ പ്രശ്നങ്ങൾ ഉണ്ടാകുന്നു.

7. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളിൽ ഭൂരിഭാഗവും പ്രവർത്തനക്ഷമതയില്ലാത്തതാണ്.

8. പ്രവർത്തനക്ഷമതയില്ലാത്ത സ്ട്രീറ്റു ലൈറ്റുകൾക്ക് അടക്കം പഞ്ചായത്ത് തുക അടക്കേണ്ടതായി വരുന്നു.

9. ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നത് സുരക്ഷിതമായ നിലയില്ലാത്തതിനാൽ മിക്കവാറും പോസ്റ്റുകൾ വീണ് ലൈൻ പൊട്ടുകയും അപകടങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.

10. മരച്ചില്ലകൾ തട്ടിയും തെങ്ങോലകൾ വീണും ലൈൻ പൊട്ടിയും വൈദ്യുതി തടസ്സം നേരിടുന്നത് സാധാരണമായിരിക്കുന്നു.

***നിർദ്ദേശങ്ങളും സാധ്യതകളും:-***

1. വോൾട്ടേജ്ക്ഷാമം ദുരീകരിക്കാനായി ട്രാൻസ്ഫോർമറുകളുടെ ഭാരം കുറക്കേണ്ടതാണ്. അതിനായി ആവശ്യത്തിനുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. വൈദ്യുതി ലൈനുകളുടെ ദൈർഘ്യം കുറക്കാനും ഇതുമൂലം സാധ്യമാവുന്നു.

2. 5000-ൽ പരം വീടുകളുള്ള ഈ പഞ്ചായത്തിൽ 2500-ഓളം ഗാർഹിക കണക്ഷൻ മാത്രമേ ലഭിച്ചിട്ടുള്ളൂ. വൈദ്യുതി ലഭിക്കാത്ത ഭാഗങ്ങളിൽ പെട്ടെന്ന് വൈദ്യുതി ലഭ്യമാക്കേണ്ടതാണ്.

3. ഹരിജൻ കോളനികളിലും, 4 സെന്റ് കോളനികളിലും മത്സ്യത്തൊഴിലാളികളുടെ വീടുകളിലും സൗജന്യമായി വൈദ്യുതി വിതരണത്തിനുള്ള സംവിധാനമുണ്ടാക്കേണ്ടതാണ്. (പല ഗ്രാമസഭകളിലും ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്.)

4. വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ഈ പഞ്ചായത്തിൽ ഇലക്ട്രിക് ബിൽ അടക്കാനുള്ള സംവിധാനമുണ്ടാക്കുക.

5. വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ അനാസ്ഥ ഒഴിവാക്കി ആവശ്യസമയങ്ങളിൽ ഉപഭോക്താക്കൾക്ക് സേവനം ലഭ്യമാക്കാനുള്ള കർശനമായ സംവിധാനമുണ്ടാക്കുക വഴി ഉൾപ്രദേശങ്ങളിലെ വൈദ്യുതി തകരാറ് ഒരു പരിധി വരെ ദുരീകരിക്കാൻ കഴിയും.

6. സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കുക.

7. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിലെ കടലോരപ്രദേശത്ത് 7 കി.മീറ്ററോളവും പുഴയോര പ്രദേശത്ത് 4 കി.മീറ്ററോളവും നീളമുള്ള സ്ട്രീറ്റ് ലൈറ്റ് ലൈനുകള്ഡ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

8. വൈദ്യുതിക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗാർഹികാവശ്യത്തിന്നായി പാചകഗ്യാസ് ലഭ്യമാക്കാൻ ഈ പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസി ആരംഭിച്ചാൽ വൈദ്യുതി ഉപയോഗം ഒരു പരിധി വരെ നിയന്ത്രിക്കാനാവും. കൂടാതെ പുകയില്ലാ അടുപ്പുകൾ ലഭ്യമാക്കുന്നതും ഇതിന് സഹായകമാവുന്നു.

9. സൂര്യപ്രകാശം ഉപയോഗപ്പെടുത്തി പ്രവർത്തിക്കാവുന്ന സോളാർ സെൽ പ്രവർത്തിപ്പിച്ച് സ്ട്രീറ്റ് ലൈറ്റുകൾ, ടി.വി. സെറ്റുകൾ, ഹീറ്റർ എന്നിവ ഉപയോഗിക്കാനുള്ള സംവിധാനമുണ്ടാക്കുന്നതിന് വൈദ്യുതി ഉപയോഗം കുറക്കാൻ സഹായകമാകും.

10. വൈദ്യുതി പോസ്റ്റുകൾ റോഡിൽ നിന്ന്

മാറ്റി സുരക്ഷിതമാക്കി നിർത്തുന്നത് വീഴാതിരിക്കാൻ സഹായിക്കുന്നു.

11. വൈദ്യുതത ലൈനുകൾക്ക് മീതെ മരച്ചില്ലകളും മറ്റും അതാത് സമയങ്ങളിൽ മുറിച്ച് മാറ്റാൻ

## ഈ പഞ്ചായത്തിന്റെ പരിധിയിൽ വൈദ്യുതി വിതരണം നടത്തുന്ന ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ

| ക്രമനമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 100 KVA | ലൈറ്റ് ഹൗസ് |
| 2 | 160 KVA | കുമാരൻ പടി |
| 3 | 160 KVA | കാട്ടിലെപള്ളി |
| 4 | 100 KVA | മാട് |
| 5 | 100 KVA | കണ്ണംമൂട് |
| 6 | 100 KVA | തൊട്ടാപ്പ് |
| 7 | 100 KVA | ഹോസ്പിറ്റൽ റോഡ് |
| 8 | 100 KVA | അഞ്ചങ്ങാടി വളവ് |
| 9 | 100 KVA | മുനക്കക്കടവ് |
| 10 | 100 KVA | ടെലഫോൺ എക്സചെയിഞ്ച് |
| 11 | 160 KVA | ഉപ്പാപ്പ പള്ളി |
| 12 | 100 KVA | പുതിയങ്ങാടി നമ്പർ 1 |
| 13 | 100 KVA | പുതിയങ്ങാടി നമ്പർ 2 |
| 14 | 160 KVA | കറുകമാട് |
| 15 | 100 KVA | വട്ടേക്കാട് നമ്പർ 1 |
| 16 | 100 KVA | വട്ടേക്കാട് നമ്പർ 2 |

ലൈൻമാൻമാർക്ക് നിർദ്ദേശം നൽകുക.

## ഗതാഗതം

പരമ്പരാഗതമായി ഈ പഞ്ചായത്ത് മത്സ്യബന്ധനമേഖലയും, കയർ കുടിൽ വ്യവസായ മേഖലയും ആയിരുന്നതിനാൽ വ്യാപാരബന്ധം ജലഗതാഗതം മുഖേനയായിരുന്നു. പ്രധാനമായും നടന്നിരുന്നത് മുൻകാലങ്ങളിൽ ഇവിടെനിന്ന് ചങ്ങനാശ്ശേരി, കണ്ടശ്ശാംകടവ്, തൂത്തുകുടി, പൊന്നാനി, സിലോൺ കൂടാതെ പല തീരദേശങ്ങളുമായി ജലഗതാഗതം മുഖേന വ്യാപാരബന്ധം പുലർത്തിയിരുന്നു.

1964-ൽ ഒരുമനയൂർ പഞ്ചായത്ത് രൂപീകൃതമായ ഘട്ടത്തിൽ ചാവക്കാടു പഞ്ചായത്തിലേയും കടപ്പുറത്തിൽപെട്ട ഇരട്ടപ്പുഴ വരെയുമുള്ള സ്ഥലങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട് മഹാത്മാഗാന്ധി റോഡ് എന്ന പേരിൽ 110 മീറ്റർ ദൈർഘ്യം വരുന്ന ഒരു ഇന്നർ റോഡായിരുന്നു ഈ പഞ്ചായത്തിലെ ആദ്യത്തെ റോഡ്. പട്ടം താണുപ്പിള്ള മന്ത്രിസഭയിൽ 1960 -ലെ മന്ത്രിസഭയിൽ മന്ത്രിയായിരുന്ന കെ. ചന്ദ്രശേഖരൻ, കടപ്പുറം മുനക്കക്കടവ് തീരദേശ റോഡിന് ശിലാസ്ഥാപനം നടത്തിയെങ്കിലും അതു പ്രവൃത്തി പദത്തിൽ വന്നത് മർഹും അഹമ്മദ് കുരുക്കൾ 1967-ൽ രൂപം കൊണ്ട് ഇ.യം.എസ്സ്. മന്ത്രിസഭയിൽ പഞ്ചായത്ത് ഫിഷറീസ് മന്ത്രിയായിരുന്ന കാലത്തായിരുന്നു. ഈ റോഡിന്റെ ഉൽഘാടനത്തിനുമുമ്പായി ബഹു. അഹമ്മദ് കുരുക്കൾ മരണപ്പെടുകയും അദ്ദേഹത്തിന്റെ സ്മരണക്കായി ഈ റോഡിന് അഹമ്മദ് കുരുക്കൾ റോഡ് എന്ന പേരിൽ നാമകരണം ചെയ്യുകയും ചെയ്തു. ഈ റോഡാണ് കടപ്പുറം പഞ്ചായത്തിന്റെ നാനാമുഖമായ അഭിവൃദ്ധിക്ക് കാരണമായിത്തീർന്നത്.

ഇന്ന് ഈ പഞ്ചായത്തിൽ ഗതാഗത സൗകര്യമുള്ള മൊത്തം 38 കി.മീറ്റർ റോഡുണ്ട്. താഴെ പറയുന്ന പട്ടികയിൽ പഞ്ചായത്തിലെ മൊത്തം റോഡുകളുടെ സ്ഥിതി വിവരണങ്ങൾ നൽകുന്നു.

## പട്ടിക – I
## പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം | വീതി | ബസ്യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | അഹമ്മദ്കുരുക്കൾ റോഡ് | PWD | 5 K.M. | 8 M. | ഉണ്ട് |
| 2 | മൂന്നാംകല്ല് – ബീച്ച് റോഡ് | PWD | 2 K.M. | 8 M. | ഉണ്ട് |
| 3 | ബാർ മൗത്ത് റോഡ് | പഞ്ചായത്ത് | 2.4 K.M. | 6 M. | ഇല്ല |
| 4 | ബ്ലാങ്ങാട് – മാഡ് | പഞ്ചായത്ത് | 3.24 K.M. | 6 M. | ഇല്ല |
| 5 | അഞ്ചങ്ങാടി – പുതിയങ്ങാടി | " | 0.8 " | 6 " | " |
| 6 | അഞ്ചങ്ങാടി – ആറങ്ങാടി | " | 0.8 " | 6 " | " |
| 7 | അടിതിരുത്തി – കറുകമാട് | " | 1.2 " | 6 " | " |
| 8 | മക്കാർ മുസ്ലിയാർ | " | 0.6 " | 6 " | " |
| 9 | മഹാത്മാഗാന്ധി | " | 1.1 " | 6 " | " |
| 10 | ഇസ്മയിൽ സേഠ് | " | 0.4 " | 6 " | " |
| 11 | A.K. സെയ്തുമുഹമ്മദ് | " | 0.6 " | 4 " | " |
| 12 | ഹോസ്പിറ്റൽ റോഡ് | " | 0.25 " | 4 " | " |
| 13 | പുന്നക്കച്ചാൽ അഴീക്കൽ | " | 0.6 " | 4 " | " |
| 14 | തൊട്ടാപ്പ് – ആറങ്ങാടി | " | 1.1 " | 6 " | " |
| 15 | വില്ല്യംസ് | " | 0.543 " | 6 " | " |
| 16 | ഖാദരിയ | " | 0.4 " | 4 " | " |
| 17 | വട്ടേക്കാട് – പാലംകടവ് | " | 0.91 " | 4 " | " |
| 18 | ബാഫഖി തങ്ങൾ | " | 0.35 " | 4 " | " |
| 19 | മഹാത്മാഗാന്ധി ബീച്ച് | " | 0.5 " | 4 " | " |
| 20 | തൊട്ടാപ്പ് ഹരിജൻ കോളനി | " | 0.4 " | 4 " | " |

## പട്ടിക - II
## പഞ്ചായത്തിലെ മെറ്റലിങ്ങും ടാറിങ്ങും ചെയ്യേണ്ട റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ദൂരം കി. മീ. | വീതി മീ. |
|---|---|---|---|
| 1 | സൊസൈറ്റി റോഡ് | 0.6 | 4.5 |
| 2 | കറുകമാട് - പാലംകടവ് | 0.47 | 4.5 |
| 3 | കെട്ടുങ്ങൽ പള്ളി | 0.3 | 4 |
| 4 | ഉപ്പാപ്പ പള്ളി - ആസ്പത്രി | 0.4 | 4 |
| 5 | നോളി | 0.15 | 4.5 |
| 6 | തൊട്ടാപ്പ് ഹരിജൻ കോളനി | 0.2 | 3 |
| 7 | ലൈറ്റ് ഹൗസ് - അലിപ്പറമ്പ് | 0.4 | 4 |
| 8 | പൂന്തുരുത്തി - പാണ്ഠ്യലത്താഴം | 0.7 | 4.5 |
| 9 | കാട്ടിൽപള്ളി | 0.4 | 4.5 |
| 10 | ബ്ലാങ്ങാട് പള്ളിത്താഴം | 0.3 | 4.5 |
| 11 | മാട് LP സ്കൂൾ - സൗത്ത് | 0.45 | 4 |
| 12 | ലണ്ടൻ റോഡ് | 0.3 | 4 |
| 13 | മാലീക് ബീൻ ദിനാർ | 0.25 | 4 |
| 14 | ആസ്പത്രി - നോളി റോഡ് | 0.37 | 4 |
| 15 | പാണ്ഠ്യലത്താഴം - വൈലിക്ഷേത്രം | 0.35 | 4.5 |
| 16 | അഞ്ചങ്ങാടി-ലക്ഷംവീട് കോളനി | 0.4 | 4 |
| 17 | സമാന്തര റോഡ് | 0.33 | 4 |
| 18 | മണവാട്ടി | 0.8 | 4.5 |
| 19 | രാജീവ് | 0.25 | 4.5 |
| 20 | മൂന്നാംകല്ല് കടവ് | 0.30 | 4 |
| 21 | കറുകമാട് പള്ളി - പാലംകടവ് | 0.3 | 4 |
| 22 | ബീരു മുസ്ലിയാർ | 0.45 | 4 |

## പട്ടിക - III
## മൺ റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ദൂരം കി. മീ. | വീതി മീ. | |
|---|---|---|---|---|
| 1 | മൂസ്സാ (IV വാർഡ്) | 0.3 | 4 M | സ്വകാര്യ റോഡ് |
| 2 | തൊട്ടാപ്പ് ഹരിജൻ കോളനി (VI വാർഡ്) | 0.4 | 3 M | പഞ്ചായത്ത് " |
| 3 | " No.2 | 0.4 | 3 M | പഞ്ചായത്ത് " |
| 4 | " No.5 | 0.4 | 3 M | പഞ്ചായത്ത് " |
| 5 | " No.6 | 0.4 | 3 M | പഞ്ചായത്ത് " |
| 6 | " No.7 | 0.4 | 3 M | പഞ്ചായത്ത് " |
| 7 | മാട് LP സ്കൂൾ - ആറങ്ങാടി | 0.44 | 4 M | പഞ്ചായത്ത് " |

## പട്ടിക - IV
## ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ദൂരം കി. മീ. | വീതി മീ. |
|---|---|---|---|
| 1 | ആസാദ് | 0.4 | 4 M |
| 2 | ബദർപള്ളി - പൂന്തുരുത്തി | 0.6 | 4 M |
| 3 | അംബേദ്കർ | 0.45 | 4 M |
| 4 | ഈസ്റ്റ് മൂസ്സാ | 0.25 | 4 M |
| 5 | പൂന്തുരുത്തി - പാലം റോഡ് | 0.4 | 4 M |
| 6 | ആറ്റക്കോയ തങ്ങൾ റോഡ് | 0.6 | 3.5 M |
| 7 | തെക്കരകത്ത് റോഡ് | 0.4 | 4.5 M |

വാഹനഗതാഗതത്തിൽ മറ്റൊരു നാഴികക്കല്ലാണ് ഒരുമനയൂർ പഞ്ചായത്തിനേയും കടപ്പുറം പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന 3-ാം കല്ല് പി.ഡബ്ല്യു.ഡി. പാലം, ഈ പാലത്തിന്റെ ആവിർഭാവത്തോടെ പഞ്ചായത്തിനെ കേരളത്തിന്റെ തെക്കൻ ജില്ലകളുമായി ബന്ധിപ്പിക്കാൻ വളരെ എളുപ്പമാവുകയും ചെയ്തു.

ഈ പഞ്ചായത്തിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്താനായി 2-ാം വാർഡിന്റേയും 9-ാം വാർഡിന്റേയും ഇടയിൽ 50 മീറ്റർ വീതിയിൽ സ്ഥിതി ചെയ്യുന്ന പുഴയ്ക്ക്, വാഹന ഗതാഗത സൗകര്യമുള്ള പാലം നിർമ്മിച്ച് രണ്ടു ഭാഗത്തുമുള്ള റോഡുകളേയും തമ്മിൽ ബന്ധിപ്പിക്കേണ്ടതാണ്. ഇങ്ങനെ ചെയ്താൽ ഇപ്പോഴത്തെ സഞ്ചാര ദൈർഘ്യം ഏകദേശം 8 കി.മീറ്ററോളം കുറക്കാൻ കഴിയും. ഈ പാലം നിർമ്മിക്കുന്നത് സ്ലൂയിസ് കം ബ്രിഡ്ജ് രൂപത്തിലാണെങ്കിൽ ഈ പ്രദേശത്തെ ഉപ്പുവെള്ളം തടയാനുള്ള ഒരു ഉപാദി കൂടി ആയിത്തീരും. ഈ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിൽ നിന്നും ഈ നിർദ്ദേശം ഉയിർന്നുവന്നിട്ടുണ്ട്.

***നിർദ്ദേശങ്ങൾ, പ്രശ്നങ്ങൾ :-***

1. ഈ പഞ്ചായത്തിൽ റോഡുകളുണ്ടെങ്കിലും റോഡുകളുടെ വീതികുറവായതുകൊണ്ട് ബസ്സ് ഗതാഗതത്തിന് അനുയോജ്യമല്ല.

2. ഈ പഞ്ചായത്തിൽ മിക്ക വാർഡുകളിലും കോളനികളായതിനാൽ ഇവിടെ യാത്രാ സൗകര്യം വളരെ കുറവാകുന്നു.

3. 3-ാം വാർഡിലെ ബംഗ്ലാവ് കടവും മുനക്കകടവും കടന്നാണ് കടപ്പുറം പഞ്ചായത്തിലെ കുട്ടികൾ ഏങ്ങണ്ടിയൂർ നേഷണൽ ഹൈസ്ക്കൂളിലേക്കും സെന്റ് തോമാസ് ഹൈസ്ക്കൂളിലേക്കും പോകുന്നത്. ഈ രണ്ടു കടവുകളും അഴിമുഖമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ എപ്പോഴും അപകട സാദ്ധ്യതകളുള്ള അവസ്ഥയാണ്.

4. 9-ാം വാർഡിനേയും 6-ാം വാർഡിനേയും വേർതിരിക്കുന്ന കനോലികനാലിന്റെ കൈവഴിയായ പുഴയ്ക്ക് കുറുകെയുള്ള ഒരു നടപ്പാലത്തിന്റെ അവസ്ഥ വളരെ ശോചനീയമാണ്.

***നിർദ്ദേശങ്ങൾ :-***

1. കടപ്പുറം പഞ്ചായത്തിലെ 9-ാം വാർഡിനേയും ഒരുമനയൂർ പഞ്ചായത്തിലെ തൈക്കടവിനേയും ബന്ധിപ്പിക്കുന്ന കാരാക്കടവിൽ ഒരുപാലം വന്നാൽ വാഹനഗതാഗതത്തിനും സ്കൂൾ കുട്ടികളുടെ യാത്രക്കും സൗര്യപ്രദമായിരിക്കും.

2. കായലോര മത്സ്യബന്ധനത്തിന്റെ പുരോഗതിയെ ലക്ഷ്യമാക്കി അഴി മുതൽ കെട്ടുങ്ങൾ വരെ ഒരു കായലോര റോഡുവന്നാൽ ഈ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി മേഖല അഭിവൃദ്ധിപ്പെടാൻ സാദ്ധ്യതയുണ്ട്.

3. പഞ്ചായത്തിലെ ടാറിങ് റോഡുകൾ വീതിക്കൂട്ടി ബസ്സ് ഗതാഗതം പഞ്ചായത്തിലെ ടാർ റോഡുകളിൽ ഉണ്ടാകണമെന്ന് പല ഗ്രാമസഭകളിൽ നിന്നും വന്ന ആവശ്യമാണ്. വീതികൂടുമ്പോൾ ഓടകൾ ഉണ്ടാക്കിയാൽ വെള്ളത്തിന്റെ നീർക്കെട്ട് ഒഴിവാക്കാൻ പറ്റും.

4. 3-ാം വാർഡിലെ മുനക്കക്കടവിലും ബംഗ്ലാവ് കടവിലും സുരക്ഷിതമായ യാത്രാസൗകര്യം ഏർപ്പെടുത്തി രണ്ടു കടവിലും വഞ്ചിക്കു പകരം ബോട്ട് സർവ്വീസ് ഏർപ്പെടുത്തേണ്ടതാണ്.

5. 9-ാം വാർഡിനേയും 6-ാം വാർഡിനേയും വേർതിരിക്കുന്ന കനോലിക്കനാലിന്റെ കൈവഴിയായ മത്തിക്കായലിൽ കുറുകെ അക്കരേയും ഇക്കരേയും റോഡുകൾ വന്നു നില്ക്കുകയാണ്. ഇവിടെ വാഹന ഗതാഗതത്തിന് പാലം നിർമ്മിച്ചാൽ വ്യവസായ പുരോഗതിക്കും ഇത് വലിയൊരു സൗകര്യമായിത്തീരും. കൂടാതെ ഈ പാലത്തിന്ന് വടക്കുഭാഗത്തായി ഇതേ കൈവഴിയിൽ ഫോക്കസ് സ്കൂളിനടുത്ത് സ്ഥിതി ചെയ്യുന്ന പാലം ഒരു സ്ലേബു കൂടി

വാർത്തിട്ടു രണ്ടു ഭാഗത്തും കൈവരിയിട്ടാൽ ഇത് യാത്രക്ക് വളരെ ഉപകാരമാകും. കാരണം 9-ാം വാർഡിലെ നഴ്സറി മുതൽ ഹൈസ്ക്കൂൾ തലം വരെയുള്ള കുട്ടികൾ 6-ാം വാർഡിലെ ഫോക്കസ്സ് സ്കൂളിലേക്കും 6-ാം വാർഡിലെ കുട്ടികൾ എൽ.പി. തലം മുതൽ ഹൈസ്ക്കൂൾ തലം വരെ 9-ാം വാർഡിലേക്കും മറ്റു സ്കൂളുകളിലേക്കും പോകുന്നത് ഇതുവഴിയാണ്. അതുകൊണ്ട് ഈ പാലം സുരക്ഷിതമാക്കുക എന്നത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ അടിയന്തിരമായ ഒരു ആവശ്യമാണ്.

6. കോളനി പ്രദേശങ്ങളിൽ വേണ്ടത്ര ഇടവഴികളും പോക്കറ്റ് റോഡുകളും ഉണ്ടാക്കുക. 9-ാം വാർഡിലെ ലണ്ടൻ റോഡിനെ 7-ാം വാർഡിലെ കാട്ടിലെ പള്ളി റോഡുമായി ബന്ധിപ്പിക്കുകയാണെങ്കിൽ ഉൾനാട്ടിലുള്ള ആളുകൾക്ക് അത് വളരെ സൗകര്യപ്രദമായിരിക്കും. ■

# സംസ്ക്കാരം

ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിയന്ത്രണത്തിലായിരുന്ന മദ്രാസ് സംസ്ഥാനതലത്തിൽ മലബാർ ജില്ലയിലെ തെക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന പൊന്നാനി താലൂക്കിൽ ചാവക്കാട് ഫർക്കയിലെ ഒരംശമാണ് കടപ്പുറം. മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു അർദ്ധ ദ്വീപാണ് ഈ പ്രദേശം. സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഈ പ്രദേശത്തിന്റേതായ പങ്ക് അന്നത്തെ യുവതലമുറ സ്തുത്യാർഹമായി നിർവ്വഹിക്കുകയുണ്ടായി എന്ന വസ്തുത നമുക്ക് അഭിമാനപൂർവ്വം ഓർമ്മിക്കാവുന്നതാണ്.

മാപ്പിള എലിമെന്ററി സ്കൂൾ എന്ന പേരിലാണ് അഞ്ചങ്ങാടിയിൽ ആദ്യമായി ഒരു വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. അതിന്റെ തുടർച്ചയാണ് ഇന്നത്തെ ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂൾ. 1948-ൽ അഞ്ചങ്ങാടിയിൽ യുവജനസംഘം ഗ്രാമീണ വായനശാല & ഗ്രന്ഥാലയം എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ചു. പ്രസ്തുത സ്ഥാപനം മലബാർ ലോക്കൽ ലൈബ്രറി അതോറിറ്റിയിൽ അംഗവുമായിരുന്നു. രണ്ടാം ലോകമഹായുദ്ധം നാടിനെ രൂക്ഷമായ ഭക്ഷ്യക്ഷാമത്തിലും പട്ടിണിയിലും എത്തിച്ചപ്പോൾ അതിന് ഒരു പരിഹാരം എന്നോണം യുവജന സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു കൂട്ടുകൃഷി സംഘം ഉണ്ടാക്കുകയും ആ സംഘം നൂറുകണക്കിന് ഏക്കർ തരിശ് ഭൂമി കൃഷി ചെയ്ത് നാടിന്റെ വറുതിക്ക് തെല്ലാശ്വാസം നൽകുകയും ചെയ്തു എന്നത് പഞ്ചായത്തിന്റെ സാംസ്കാരിക ചലനങ്ങളിൽ എടുത്ത് പറയാവുന്നതാണ്. 1958 കാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്ന രണ്ട് ക്ലബ്ബുകളാണ് YMCയും YMAയും. YMCയുടെ "പഴയ മനുഷ്യരും പുതിയ വഴികളും" എന്ന നാടകം വികസന ബ്ലോക്കുകളുടെ ആഭിമുഖ്യത്തിലുള്ള പരിപാടികളിൽ പല സ്ഥലത്തും അവതരിപ്പിച്ച് പ്രശസ്തിയാർജ്ജിച്ചിരുന്നു.

പഞ്ചായത്തിന്റെ ഈ ഉന്നത സാസ്ക്കാരിക പൈതൃകത്തിന് വഴി തെളിയിച്ചിരുന്ന മുഖ്യ ഘടകങ്ങളാണ് നാല് എൽ.പി. സ്കൂളുകളും രണ്ട് യു.പി. സ്കൂളുകളും ഒരു ഹൈസ്കൂളും സർക്കാർ നിയന്ത്രണത്തിലും, ഒരു ഹൈസ്ക്കൂളും രണ്ട് എൽ.പി. സ്കൂളുകളും ഇംഗ്ലീഷ് മാധ്യമമായി പ്രൈവറ്റായും ഇവിടെ നടക്കുന്നുണ്ട്. ഇതിന് പുറമെ 19 മദ്രസകളിലും ഏകദേശം അത്രതന്നെ പള്ളികളിലും മത വിദ്യാഭ്യാസവും നടക്കുന്നു.

**സാംസ്ക്കാരിക രംഗം:-**

1948-ൽ സ്ഥാപിതമായ യുവജനസംഘം ഗ്രാമീണ വായനശാല & ഗ്രന്ഥാലയം 6000 -ത്തിലധികം പുസ്തകങ്ങളുമായി ഈ പഞ്ചായത്തിലെ ആദ്യത്തെ സാംസ്ക്കാരിക കേന്ദ്രമായിരുന്നു. കാലങ്ങളോളം വളരെ പ്രശംസാഹമായ പ്രവർത്തനം കാഴ്ചവെച്ച ഈ സ്ഥാപനം ഇന്ന് പ്രവർത്തനക്ഷമമല്ല. വാടക കെട്ടിടത്തിൽ ബാധ്യതകളുമായി നിലനിൽക്കുന്ന ഈ വായനശാല പഞ്ചായത്ത് നിവാസികൾക്ക് വളരെ കാലം വെളിച്ചം നൽകിയതാണ്. ഇരട്ടപ്പുഴയിലെ "ഉദയ" വായനശാല സ്വന്തം കെട്ടിടത്തിൽ ഒരുവിധം ഭംഗിയായി പ്രവർത്തനം നടത്തുന്നു. 9-ാം വാർഡിൽ "രചന" എന്ന പേരിൽ ഒരു ലൈബ്രറി സാമാന്യം തരക്കേടില്ലാതെ പ്രവർത്തിക്കുന്നുണ്ട്. തൊട്ടാപ്പ് "കളിയരങ്ങ്" എന്ന നൃത്ത സംഗീത വിദ്യാലയം ഇരട്ടപ്പുഴയിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ 28 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ പഠനം നടത്തുന്നു. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി, നാടോടി നൃത്തം, ശാസ്ത്രീയ സംഗീതം എന്നീ വിഷയങ്ങളിലാണ് ക്ലാസ്സുകൾ നടക്കുന്നത്. ഇതിന് പുറമെ അഞ്ചങ്ങാടി കേന്ദ്രമായി പ്രവർത്തിക്കുന്ന ഗ്രാമവേദി "YMA" ഗ്രീൻ ലയൺസ് എന്നീ സ്ഥാപനങ്ങളും വട്ടേകാട് "നാട്ടുവേദി"യും കാട്ടിൽ മുഹമന്റെ സ്വം ഫ്ളമിങ്ങ് ഗോഡ്, A.K.G. ഗ്രന്ഥശാല, വിദ്യാഭ്യാസ സാംസ്ക്കാരിക കേന്ദ്രം, K.Y.C. പുതിയങ്ങാടി കലാ-കായിക രംഗങ്ങളിലും സാഹിത്യ-സാംസ്ക്കാരിക രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിക്കുന്ന സ്ഥാപനങ്ങളാണ്.

പഞ്ചായത്തിലെ ഏറ്റവും അധികം പ്രചാരമുള്ള പത്രങ്ങൾ ചന്ദ്രിക, മലയാള മനോരമ, മാതൃഭൂമി എന്നിവയാണ്. തൊട്ട് താഴെ ദേശാഭിമാനി,

എക്സ്പ്രസ്സ്, മാധ്യമം എന്നീ പത്രങ്ങൾ നിൽക്കുന്നു. ഇന്ത്യൻ എക്സ്പ്രസ്സ്, ദി ഹിന്ദു തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും ഇവിടെ വരുന്നുണ്ട്. കൂടാതെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഒരുവിധം എല്ലാം ഇവിടെ എത്തുന്നുണ്ട്. ഇലക്ട്രോണിക് മാധ്യമങ്ങളും സാമാന്യമായി ഉണ്ട്. കഴിഞ്ഞ കാലങ്ങളിൽ അമേച്വർ നാടകങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരന്തരമായി അവതരിപ്പിക്കുക പതിവായിരുന്നു.

**കലകൾ :-**

കോൽകളി, അറവനമുട്ട്, ഒപ്പന, നായാടികളി, മൂക്കൻ ചാത്തൻ, പറയൻ തുള്ളൽ, നാഗക്കളപ്പാട്ട്, കൈക്കൊട്ടിക്കളിപ്പാട്ട്, ഭൂതക്കളപ്പാട്ട്, ഉടുക്ക്പ്പാട്ട്, അയ്യപ്പൻ പാട്ട്, ഞാറ്റുപാട്ട്, പുള്ളുവൻപാട്ട്, ഓണക്കളി, തുയിലുണർത്തുപ്പാട്ട്, പരിചമുട്ടുകളി തുടങ്ങിയ നാടൻ കലകളും പാട്ടുകളും ഈ പഞ്ചായത്തിൽ നിലനിന്നിരുന്നു. ഈ നാടൻ കലകളും മറ്റും നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ ചന്ദനക്കുടം നേർച്ചകൾ, കുത്ത്റാത്തീബ് എന്നിവയും നിലനിൽക്കുന്നു.

**ജാതിമത ഘടന:-**

70 ശതനമാനത്തോളം വരുന്ന മുസ്ലീങ്ങളാണ് ഈ പഞ്ചായത്തിലെ ഭൂരിപക്ഷം. 28 ശതമാനം വരുന്ന ഹിന്ദുക്കളും 2 ശതമാനം വരുന്ന ക്രിസ്ത്യാനികളും ഇവിടെ വളരെ സൗഹാർദ്ദപൂർവ്വം കഴിഞ്ഞ് വരുന്നു. ഇന്ന് വരെ ഒരു വർഗ്ഗീയ സംഘർഷം ഈ പ്രദേശത്ത് ഉണ്ടായിട്ടില്ലെന്നകാര്യം ഈ നാട്ടുകാർക്ക് അഭിമാനപൂർവ്വം അനുസ്മരിക്കാം. തീർത്തും മതസൗഹാർദ്ദം കാത്ത് സൂക്ഷിക്കുന്ന ഈ പ്രദേശം അതിന്റെ പാരമ്പര്യം നിലനിർത്തും എന്ന് നമുക്ക് വിശ്വസിക്കാം.

12 ജുമുഅത്ത് പള്ളികളും 18 ചെറുപള്ളികളും ചെറുതും വലുതുമായ 15 ക്ഷേത്രങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. സൗഹാർദ്ദത്തിന്റേയും സാമൂഹിക സഹകരണത്തിന്റേയും പ്രതീകമായ ഗ്രാമോത്സവങ്ങൾ ഈ പഞ്ചായത്തിലെ ഗ്രാമീണ ജനങ്ങളെ വളരെയധികം സ്വാധീനിക്കുന്നു. ഇത്തരം ഉത്സവങ്ങൾക്ക് എല്ലാവിധ ജാതിമതസ്ഥരും ആത്മാർത്ഥമായി സഹകരിച്ച് പോരുന്നു. 8-ാം വാർഡിലെ ഇരട്ടപ്പുഴയിൽ സ്ഥിതി ചെയ്യുന്ന മൊഹിയദ്ദീൻ പള്ളിയിൽ കൊല്ലം തോറും നടത്തിവരാറുള്ള നേർച്ച വഴിപാട് ഒരു ഹിന്ദുകുടുംബക്കാരാണ് നടത്തി വരാറുള്ളത്. ഈ പഞ്ചായത്തിലെ ആദ്യത്തെ മുസ്ലീം ദേവാലയം ബ്ലാങ്ങാട് ചേർക്കൽ പള്ളിയാണ്. ബ്ലാങ്ങാട് തന്നെ ഒരു തറവാട്ട്ക്കാരുടെ വകയാണ് ആദ്യത്തെ ഹൈന്ദവക്ഷേത്രം. ക്രിസ്ത്യാനികൾ നാമമാത്രമായേ ഇവിടെ ഉള്ളൂ. എല്ലാ ജാതി മതസ്തരും സ്നേഹത്തോടെയും സൗഹാർദ്ദത്തോടെയും കഴിയുന്നു.

***നിർദ്ദേശങ്ങൾ :-***

1. പഴയ ഗ്രാമീണ വായനശാല പഞ്ചായത്ത് ഏറ്റെടുക്കുകയോ, പഞ്ചായത്ത് നേതൃത്വം നൽകാവുന്ന കമ്മിറ്റിയോ ഏറ്റെടുത്ത് പുനരുദ്ധരിക്കുക. എല്ലാ വായനശാലകൾക്കും സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുക. സാംസ്ക്കാരിക പരിപാടികളും മറ്റും സംഘടിപ്പിക്കുവാൻ പറ്റിയ ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുക.

2. വളർന്ന് വരുന്ന ഓരോ കായിക താരങ്ങളെയും കണ്ടെത്തി അവർക്ക് വേണ്ട പരിശീലനവും മറ്റു സഹായങ്ങളും ചെയ്ത് അവരെ വളർത്തി കൊണ്ട് വരിക.

3. വിദ്യാഭ്യാസരംഗത്ത് തികഞ്ഞ അച്ചടക്കം നിലനിർത്താൻ ആവശ്യമായ ഇടപ്പെടൽ ഉണ്ടാവുക. ഉയർന്ന മാർക്കോടെ പാസ്സാവുന്ന കുട്ടികളെ സാമ്പത്തികമായും മറ്റു നിലകളിലും വേണ്ട പ്രോത്സാഹനം നൽകുക.

4. സാഹിത്യ കലാരംഗങ്ങളിൽ കഴിവുള്ളവരെ കണ്ടെത്തുകയും അവരുടെ സൃഷ്ടികളും മറ്റും പ്രകാശിപ്പിക്കുവാനോ, പ്രകടിപ്പിക്കുവാനോ ആവശ്യമായ സാഹചര്യം ഒരുക്കുക. കൊടുക്കുന്നനതിന് വേണ്ടതൊക്കെ ചെയ്യുക.

5. പഞ്ചായത്തിന് സ്വന്തമായി കളിസ്ഥലം നിർമ്മിക്കുക.

6. നാടൻ കളികളെയും കലകളെയും അതിന്റെ തനിമ നഷ്ടപ്പെടാതെ സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

# വനിതാക്ഷേമം

**ക**ടപ്പുറം പഞ്ചായത്തിൽ 50%ത്തിൽ കൂടുതൽ സ്ത്രീകളാണ്. എന്നാൽ പൊതുരംഗങ്ങളിലും തൊഴിൽ മേഖലയിലും മറ്റ് സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിലും ഈ പഞ്ചായത്തിലെ സ്ത്രീകൾ ഇന്ന് പുറകിലാണ്. വികസന പ്രക്രിയയുടെ പ്രധാന ദൗർബല്യം സ്ത്രീകൾ എല്ലാ തുറകളിലും അവഗണിക്കപ്പെടുന്നു എന്നതാണ്. ഒമ്പതാം പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്ന് സ്ത്രീകളുടെ പദവി ഉയർത്തുക എന്നതാണ്.

മുൻകാലങ്ങളിൽ ഈ പഞ്ചായത്തിലെ സ്ത്രീകൾ വിദ്യാഭ്യാസരംഗത്ത് അവഗണിക്കപ്പെട്ടവരായിരുന്നു. സ്ത്രീവിദ്യാഭ്യാസം അനാവശ്യം എന്ന നിഗമനമാണ് ഇതിനു പിന്നിലുണ്ടായിരുന്നത്. സ്ത്രീകൾ വീട്ടുജോലികൾ ചെയ്യുക, കുഞ്ഞുങ്ങളെ സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾ മാത്രം ചെയ്യാൻ നിയോഗിക്കപ്പെട്ട ഒരു രീതിയായിരുന്നു. എന്നാൽ ദുർബ്ബല വിഭാഗത്തിൽ പെട്ടവർ അന്ന് പല തൊഴിലുകളിലും ഏർപ്പെട്ടിരുന്നു. തൊണ്ട് തല്ലി ചകിരി ഉല്പാദിപ്പിക്കുക, റാട്ട് യൂണിറ്റുകൾ മുഖേന കയറുണ്ടാക്കുക, മത്സ്യസംസ്ക്കരണം എന്നീ ജോലികളിൽ സ്ത്രീകൾ വ്യാപകമായി ഏർപ്പെട്ടിരുന്നു. ഈ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ കൈതയോല ഉപയോഗിച്ച് പായ, വട്ടി, തൊട്ടി എന്നിവ സ്ത്രീകൾ നിർമ്മിച്ച് വിപണനം നടത്തിയിരുന്നു. സമുദ്രതീരവും കായൽതീരങ്ങളും അടങ്ങിയ ഈ പഞ്ചായത്തിൽ നാടൻ വലകൾ ഉണ്ടാക്കാനായി നൂൽ പിരിക്കുകയും വലനെയ്യുകയും സ്ത്രീ പുരുഷ ഭേദമില്ലാതെ ചെയ്തിരുന്ന ഒരു തൊഴിലാണ്. കാലക്രമേണ ഈ തൊഴിൽ മേഖലകളും തൊഴിലവസരങ്ങളും അപ്രത്യക്ഷമായി.

തൊഴിൽ രംഗത്ത് ഇന്ന് സ്ത്രീകൾക്ക് വേണ്ട പ്രോത്സാഹനം ലഭിക്കത്തക്ക സംരംഭങ്ങൾ ഒന്നും തന്നെയില്ല. കൂലിയുടെ കാര്യത്തിലുള്ള സ്ത്രീ പുരുഷ വ്യത്യാസം സ്ത്രീകളെ ഈ രംഗത്ത് നിന്ന് അകറ്റി നിർത്തുന്നതായി കാണുന്നു. അഭ്യസ്തവിദ്യരായ സ്ത്രീകൾ ഇത്തരം ജോലികൾ ചെയ്യാൻ വിമുഖത പ്രകടിപ്പിക്കുന്നതും തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്ക് കുറയ്ക്കുന്നതായി കാണുന്നു.

ഉന്നത വിദ്യാഭ്യാസം ലഭിച്ചവരിൽ ചിലർക്ക് ഉദ്യോഗം ഉണ്ടെങ്കിലും ഭൂരിഭാഗവും തൊഴിൽരഹിതരാണ്. സ്ത്രീകളെ തൊഴിൽരംഗത്ത് കൊണ്ടുവരാനും വരുമാനമാർഗ്ഗം ഉണ്ടാക്കാനും പ്രേരിപ്പിക്കത്തക്ക സംരംഭങ്ങൾ ഈ പഞ്ചായത്തിൽ വ്യാപകമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചും അതിൽ സേവനമനുഷ്ഠിക്കാൻ പ്രാപ്തരായവരെ നിയമിച്ചും സ്ത്രീകളുടെ തൊഴിൽരാഹിത്യത്തിന് ഒരു പരിധിവരെ പരിഹാരം കാണാം.

പൊതുപ്രവർത്തനങ്ങളിലും സാമൂഹ്യവും സാംസ്ക്കാരികവുമായ രംഗങ്ങളിലും സ്ത്രീകളെ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിന്റെ വികസനത്തിൽ ഭൂരിഭാഗ അംഗങ്ങളായ സ്ത്രീകളുടെ എല്ലാ തുറകളിലുമുള്ള ഉന്നമനം അത്യാവശ്യമാണ്. ഇതിന് വേണ്ടതായ എല്ലാ പരിശ്രമങ്ങളും

പട്ടിക – I

തൊഴിൽ രംഗത്ത് സ്ത്രീ പുരുഷ പങ്കാളിത്തം വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകൻ | 22 | 714 |
| കർഷകതൊഴിലാളി | 476 | 923 |
| മൃഗസംരക്ഷണം | 21 | 816 |
| ചെറുകിടവ്യവസായം | 322 | 715 |
| കെട്ടിടനിർമ്മാണം | 119 | 329 |
| വ്യാപാരം | 12 | 1003 |
| മറ്റുള്ളവ | 227 | 310 |

അടിയന്തിരമായും ചെയ്യേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. കൂലി വ്യവസ്ഥിതിയുള്ള വ്യത്യാസം സ്ത്രീകളെ തൊഴിൽ രംഗത്തുനിന്ന് പിൻമാറുന്നതിന് പ്രേരിപ്പിക്കുന്നു.

2. മിക്ക തൊഴിൽമേഖലയിലും സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭിക്കുന്നില്ല.

3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ ശ്രമങ്ങൾ വളരെ കുറവാണ്.

4. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി ഒന്നും നിലവിലില്ല.

നിർദ്ദേശങ്ങളും സാധ്യതകളും

1. സാമൂഹ്യക സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാനും പ്രോത്സാഹിപ്പിക്കാനുമായി മഹിളാസമാജങ്ങൾ സംഘടിപ്പിക്കുക, വനിതാ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.

2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ത്രീകൾക്കായി ഓരോ പ്രദേശത്തിനും യോജിക്കുന്ന വിധത്തിലുള്ള തൊഴിൽ യൂണിറ്റുകളും പരിശീലനകേന്ദ്രങ്ങളും ഉണ്ടാക്കുക.

3. ഈ പഞ്ചായത്തിലെ മുഖ്യകൃഷി തെങ്ങായതിനാൽ കയറുൽപ്പന്നങ്ങൾക്കായി യൂണിറ്റുകൾ സ്ഥാപിക്കുന്നത് നന്നായിരിക്കും.

4. പഞ്ചായത്തിലെ പല ഭാഗങ്ങളിലായി വനിതകൾക്ക് ഇന്റീരിയൽ ഡെക്കറേഷൻ, ഹോംസയൻസ്, തയ്യൽ, ടൈൽ വർക്ക്സ് മുതലായവയ്ക്കായി പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

5. തൊഴിലാളികൾക്ക് സ്ത്രീ പുരുഷ വ്യത്യാ

സമില്ലാതെ തുല്യവേതനം ഉറപ്പാക്കും.

6. അവശത അനുഭവിക്കുന്ന സ്ത്രീകൾക്ക് അർഹമായ ധനസഹായം ലഭ്യമാക്കുക.

7. സ്ത്രീധനത്തേയും സ്ത്രീ പീഡനത്തേയും ഇല്ലാതാക്കാനുള്ള നിയമങ്ങൾ കർശനമാക്കുക.

8. സ്ത്രീകളുടെ സംസ്കാരത്തിന് യോജിക്കാത്ത നിലയിലുള്ള പരസ്യങ്ങളും പോസ്റ്ററുകളും നിർത്തലാക്കാൻ നടപടി സ്വീകരിക്കുക.

9. വീട്ടമ്മമാരുടെ, സാമ്പത്തിക നിലവാരം ഉയർത്താനായി ആടുമാടുകളെ വളർത്തൽ, കോഴി വളർത്തൽ അത്യാവശ്യ പച്ചക്കറികൾ വീട്ടുവളപ്പിൽ കൃഷി ചെയ്യൽ എന്നിവയെ പറ്റി ബോധവതികളാക്കാൻ മഹിളാസംഘടനകൾ മുഖേന അവസരമുണ്ടാക്കുക.

10. സ്ത്രീകൾക്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുക.

11. സാമ്പത്തിക പ്രശ്നങ്ങൾ കാരണം ഉന്നതവിദ്യാഭ്യാസത്തിന് കഴിയാതെ വരുന്ന വിദ്യാർത്ഥിനികൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

12. ഔദ്യോഗിക രംഗങ്ങളിൽ സ്ത്രീകൾക്ക് തുല്യപങ്ക് ഉറപ്പാക്കുക.

13. ടൈലറിങ്ങ് സ്കൂൾ, കോഴി വളർത്തൽ, ചെറുകിട വ്യവസായം തുടങ്ങിയ സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതികൾക്ക് സ്ത്രീകൾക്ക് ധനസഹായം ഏർപ്പെടുത്തുക.

14. വനിത സംരക്ഷണം ഉറപ്പു വരുത്തുക.

15. നിരാശ്രയനും നിരാലംബരുമായവർക്ക് വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിവ ഏർപ്പെടുത്തുക.

16. കയറുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപനം ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും സ്ഥാപിക്കുന്നതിന് 1-10 ഗ്രാമസഭകളിൽ നിർദ്ദേശിച്ചിരിക്കുന്നു.

17. ദാരിദ്ര്യരേഖക്കു താഴെയുള്ള എല്ലാ വനിതകൾക്കും വിവാഹ ആവശ്യത്തിന്നായി ധനസഹായം അനുവദിക്കുക. ■



# പട്ടിക ജാതി പട്ടികക്ഷേമം

തൃശ്ശൂർ ജില്ലയിൽ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന കടപ്പുറം ഗ്രാമ പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യാനുപാതത്തിൽ പട്ടികജാതിക്കാരുടെ അനുപാതം 10:4 ആണ്. പൊതുജന പങ്കാളിത്തത്തിലുള്ള അവരുടെ പങ്ക് നിർണായകമാണ്.

നിലവിലുള്ള കണക്ക് അനുസരിച്ച് കടപ്പുറം ഗ്രാമപഞ്ചായത്തിൽ സർക്കാർ IHDP കോളനിയായി അംഗീകരിച്ച പട്ടികജാതി കോളനികൾ അടക്കം നാല് കോളനികൾ ഉണ്ട്. പഞ്ചായത്തിൽ മൊത്തം 650 പട്ടികജാതി കുടുംബങ്ങളിലായി 2520 ജനങ്ങളുണ്ട്. അതിൽ 1228 പുരുഷന്മാരും 1324 സ്ത്രീകളുമാണ്. അവരുടെ ആളോഹരി വരുമാനം പൊതുവെ ശോചനീയാവസ്ഥയിലാണ്. സാമ്പത്തികമായും ഉദ്യോഗപരമായും അവർ വളരെ പിന്നിലാണ്.

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവിലാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. S.S.L.C. ക്കുശേഷം തുടർന്ന് പഠിക്കാൻ കുട്ടികൾ താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

## തൊഴിൽ

പട്ടിക ജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ഉപജീവനത്തിനുവേണ്ടി മറ്റു മേഖലകളിലേക്ക് ചേക്കേറുവാൻ നിർബന്ധിതരാകുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണരംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീക്ക് 75 രൂപയും പുരുഷന് 125 രൂപയുമാണ് കൂലി ലഭിക്കുന്നത്. പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി നിൽക്കാനാണ് ആഗ്രഹിക്കുന്നത്. പ്രധാന കൈത്തൊഴിലായിരുന്ന കയർപിരി സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഹരിജൻ കോളനികളിൽ സൗകര്യങ്ങൾ വളരെ പരിമിതമാണ്. മിക്ക വീടുകളും ചെറ്റ കുടിലുകളാണ്. വിവിധ ഏജൻസികൾ നടപ്പിലാക്കിവരുന്ന വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപ്പോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽപ്പെട്ടുപ്പോയതിനാൽ മറ്റാലുകൂന്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളും പൂർത്തിയാക്കാതെ കിടക്കുന്നുണ്ട്. വീടുവെയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. കോളനികളിൽ കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ട

| | കോളനികളുടെ പട്ടിക | കുടുംബങ്ങൾ |
|---|---|---|
| 1 | ആറാം നിയോജകമണ്ഡലത്തിലെ തൊട്ടാപ്പ് ഹരിജൻ കോളനി (IHDP) | 74 |
| 2 | ബ്ലാങ്ങാട് വില്യംസ് IHDP കോളനി (9,10 നിയോജകമണ്ഡലങ്ങളിലായി) | 52 |
| 3 | കരിങ്കാളി കോളനി (2-ാം നിയോജകമണ്ഡലത്തിൽ) | 43 |
| 4 | കണ്ണംമാട് കോളനി (8-ാം നിയോജകമണ്ഡലത്തിൽ) | 62 |

താണ്.

### *പ്രശ്നങ്ങൾ*

1. വിദ്യാഭ്യാസ പുരോഗതി വേണ്ടത്ര കൈവരിച്ചിട്ടില്ല. നിരക്ഷരത നിലനിൽക്കുന്നു.

2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷിക മേഖലകളിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടു വെക്കാൻ സ്ഥലമില്ല. വീടുനിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. വൈദ്യുതിയും ഇല്ല.

5. പൊതു ശ്മശാനത്തിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ടുകാരണം ഒരു ആമ്പുലൻസ് അനുവദിച്ചു കിട്ടണം.

6. ആരോഗ്യസംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല.

7. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

8. നിർധന കുടുബങ്ങളുടെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

9. IRDP പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടികജാതി വികസന കോർപ്പറേഷനും പട്ടികജാതി ക്ഷേമ വകുപ്പും അഭ്യസ്തരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

11. പട്ടിക ജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സമ്പന്ധിച്ച അറിവ് വേണ്ടത്ര ലഭിക്കുന്നില്ല.

### *സാദ്ധ്യതകൾ*

വൈദ്യുതി :- പഞ്ചായത്തിലെ തൊട്ടാപ്പ്, ബ്ലാങ്ങാട്, വില്യംസ്, കരിങ്കാളി, കണ്ണംമൂട് കോളനികളിലായി 233 വീടുകളാണ് ഉള്ളത്. ഇതിൽ വൈദ്യുതീകരിച്ചിട്ടുള്ളത് 97 എണ്ണം മാത്രമാണ്.

കുടിവെള്ളം :- പഞ്ചായത്തിലെ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളത്തിന് വളരെ ബുദ്ധിമുട്ടാണ്. പഞ്ചായത്തിന് ചുറ്റി നിൽക്കുന്ന കനോലിക്കനാലിൽ ഉപ്പുവെള്ളം കയറുന്നതുകൊണ്ട് ശുദ്ധജലം കിട്ടുവാൻ വളരെ പ്രയാസമാണ്. ജലവിതരണവകുപ്പിന്റെ ടാപ്പിൽനിന്ന് വേണ്ടത്ര ശുദ്ധജലം ലഭിക്കുന്നില്ല.

സാമൂഹ്യ പദവി :- പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് മറ്റു മതവിഭാഗക്കാരിൽ നിന്ന് നല്ല സൗഹൃദമാണ് ലഭിക്കുന്നത്. പട്ടികജാതിക്കാരുടെ

വീടുകളിൽ വിവാഹച്ചടങ്ങുകൾക്ക് മറ്റ് വിഭാഗത്തിൽപ്പെട്ടവർ പങ്കെടുക്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ ബഹുജനസംഘടനകളിൽ പട്ടിക ജാതിക്കാർക്ക് ഒരുവിധം പ്രാതിനിധ്യമുണ്ട്.

ക്ഷേമപദ്ധിതകളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവല്ക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാവുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടികജാതി വകുപ്പും പട്ടികജാതി കോർപ്പറേഷനും നടപ്പിലാക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തണം. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിയ്ക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമ പഞ്ചായത്തുമുഖേനെയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം മുൻനിറുത്തി സത്വരശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

2. കയർ വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

3. പഞ്ചായത്തിലെ പട്ടിക ജാതി പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും സഹകരണ സംഘങ്ങൾ വഴി വിവിധ തരത്തിലുള്ള തൊഴിൽ മേഖലകളും ഉണ്ടാക്കുകയും ചെയ്യുക.

4. കുടിവെള്ള പ്രശ്നം പരിഹരിക്കുക. സഹകരണ മേഖലയിൽ ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

5. സഹകരണ മേഖലയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

6. അഭ്യസ്തവിദ്യർക്ക് സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും (പട്ടികജാതി വികസന വകുപ്പ് പട്ടികജാതി കോർപ്പറേഷൻ) സഹായധനങ്ങളും ഏകോപിച്ച് പഞ്ചായത്തുമുഖേന വിതരണം ചെയ്യുകയും വായ്പാ മാനദണ്ഡങ്ങൾ ലഘുകരിച്ച് ഈ വകുപ്പിന്റെ മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

7. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനുതന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. വായ്പകൾ അർഹരായവർക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് പരിശോധിക്കാൻ ഗ്രാമപഞ്ചായത്തിന് പൂർണ്ണ അധികാരം നൽകണം.

8. സ്ത്രീകൾക്ക് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം കയറുല്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക.

9. പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന്റെ പരിധി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളേയും ഉൾപ്പെടുത്തുക.

10. പഞ്ചായത്തിലെ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുകയും അതു വിറ്റഴിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് രൂപം നൽകുകയും ചെയ്യുക.

11. കൃഷിഭവൻ മുഖേന പട്ടികജാതി കുടുംബങ്ങൾക്ക് പച്ചക്കറി വിത്തുകൾ വില ഈടാക്കാതെ വിതരണം ചെയ്യുക. കൃഷി ഭവൻ മുഖേന പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ഉപകരണങ്ങൾ നൽകാൻ ശ്രമിക്കണം.

12. വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. വീടുവെക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുക.

13. വീടു പുതുക്കി പണിയുന്നതിനും അറ്റകുറ്റപണികൾക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

14. പട്ടികജാതി വികസന വകുപ്പ് മുഖേന

നടപ്പാക്കിവരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി സ്ഥലവും വീടുമില്ലാത്ത നിലവിലുള്ള കുടുംബങ്ങളെ സഹായിക്കുക.

15. പട്ടികജാതി വകുപ്പിന്റെ കീഴിൽ ബോർഡിങ്ങ് സ്കൂൾ സ്ഥാപിക്കുക.

16. കോളനികളിലും പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന മേഖലകളിലും ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

17. അഭ്യസ്ഥവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

18. വായനശാലകൾ സ്ഥാപിക്കുക.

19. അഞ്ചു മുതൽ പത്തുവരെ സ്റ്റാൻഡേർഡിൽ പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.

20. ബോധവല്ക്കരണത്തിന്റെ ഭാഗമായി 5-ാം വാർഡിലും 9-ാം വാർഡിന്റെ തെക്കുഭാഗത്തും 10-ാം വാർഡിന്റെ വടക്കുഭാഗത്തും 8-ാം വാർഡിലും ഓരോ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

21. 5-ാം വാർഡിൽ കോളനി റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം. 5-ാം വാർഡിലെ ആശുപത്രി മുതൽ ഞോളി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

22. 8-ാം വാർഡിൽ വൈലി മുതൽ പുന്തുരുത്തി വരെയുള്ള റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

23. 3-ാം വാർഡിൽ ഒരു ടി.വി. സെറ്റ് സ്ഥാപിക്കുക.

24. 9-ാം വാർഡിൽ ലണ്ടൻ റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

25. പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലെ സഞ്ചാരയോഗ്യമല്ലാത്ത വഴികൾ കണ്ടെത്തി സഞ്ചാരയോഗ്യമാക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

26. പട്ടികജാതിക്കാർക്ക് വേണ്ടി സ്ഥിതി ചെയ്യുന്ന ശ്മശാനം പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ശ്മനശാനത്തിൽ ഒരു കിണർ സ്ഥാപിക്കണം. ഒരു വൈദ്യുത ശ്മശാനം അനുവദിക്കണം.

27. 10-ാം വാർഡിന്റെ വടക്കുഭാഗത്ത് ഹരിജൻ കോളനിയായി പ്രഖ്യാപിക്കണം. വൈലി അമ്പലത്തിന്റേയും റേഷൻ കടയുടേയും ഇരുഭാഗവും പട്ടികജാതി-പട്ടികവർഗ്ഗ കോളനിയായി പ്രഖ്യാപിക്കണം.

28. 9-ാം വാർഡിന്റെ തെക്കുഭാഗത്ത് മാട്ടുമ്മൽ അമ്പലം മുതൽ വാർഡിന്റെ അറ്റം വരെയുള്ള ഭാഗം ഉൾപ്പെടുത്തി ഒരു കോളനിയായി പ്രഖ്യാപിക്കണം.

29. 7-ാം വാർഡിലെ നായാടി കോളനി ജീർണ്ണാവസ്ഥയിൽ നിന്നും കര കയറ്റുന്നതിനു വേണ്ടി പുനരുദ്ധീകരിക്കുക.

# വിഭവ സമാഹരണം

***ഈ*** പഞ്ചായത്ത് മുൻപ് ഒരുമനയൂർ പഞ്ചായത്തിൽ ഉൾപ്പെട്ടതായിരുന്നു. 14-8-1968 ലാണ് ഒരുമനയൂർ പഞ്ചായത്ത് വിഭജിച്ച് കടപ്പുറം, ഒരുമനയൂർ എന്നീ രണ്ടു പഞ്ചായത്തുകളായത്. പഞ്ചായത്തിന്ന് അന്ന് വരുമാനമാർഗ്ഗങ്ങളായി കെട്ടിടനികുതിയും, തൊഴിൽ നികുതിയും മാത്രമാണ് പ്രധാനമായും ഉണ്ടായിരുന്നത്. ഗ്രാന്റു സംഖ്യകൾ ലഭിച്ചിരുന്നതുകൊണ്ടാണ് വികസനപ്രവർത്തനങ്ങൾ നാമമാത്രമായിട്ടെങ്കിലും നടപ്പാക്കാൻ സാധിച്ചിരുന്നത്.

കാലങ്ങൾ കഴിഞ്ഞതോടെ പല പഞ്ചായത്തുകളും സ്വന്തം നിലക്ക് വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിച്ചെങ്കിലും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അങ്ങിനെ ഒന്നുണ്ടായില്ല. സിനിമാശാലകളോ, ഷോപ്പിങ് കോംപ്ലെക്സുകളോ, ബസ്സ്റ്റാന്റ് തുടങ്ങിവയൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഈ വർഷമാണ് ഒരു ഷോപ്പിങ്ങ് കോംപ്ലെക്സ് ഭാഗികമായി പണി തീർത്തിരിക്കുന്നത്. പ്രതിമാസം 7500 രൂപ വാടകയിനത്തിൽ ഈ വർഷം മുതൽ ഷോപ്പിങ്ങ് കോംപ്ലെക്സിൽ നിന്നും വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. 1973.74 - 1995.96 വർഷങ്ങളിലെ വരവിനങ്ങളുടെ താരതമ്യപഠനസ്റ്റേറ്റുമെന്റ് താഴെ കൊടുക്കുന്നു.

ഗ്രാന്റ് ഒഴികെയുള്ള വരുമാനത്തിൽ നിന്നും 49.11% സംഖ്യ ഭരണചെലവുകൾക്കായി വരുന്നുണ്ട്. കൂടുതൽ സംഖ്യകളും പലവിധ ഗ്രാന്റുകൾ എന്ന നിലക്കാണ് ലഭിക്കുന്നത്.

## *പ്രശ്നങ്ങൾ*

1. പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ മുഴുവനും വർഷാവർഷങ്ങളിൽ അറ്റകുറ്റപണികൾ നടത്തുവാൻ കഴിയുന്നില്ല.

2. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നിന്നും വെള്ളം ഒഴുക്കി വിടാൻ കഴിയുന്നില്ല.

3. പട്ടിക ജാതിക്കാർക്ക് മതിയായതരത്തിൽ സഹായമെത്തിക്കാൻ കഴിയുന്നില്ല.

4. പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിൽ പഞ്ചായത്തിൽ ഉൾപ്പെട്ട കൃഷിഭവൻ, സർക്കാർ L.P. സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് വേണ്ട സേവനങ്ങൾ നടത്തുന്നതിനും, ചെയ്യുന്നതിനും കഴിയുന്നില്ല.

5. പകർച്ചവ്യാധികൾ തടയുന്നതിന് പഞ്ചായത്തിൽ നിന്നും ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ല.

6. വാർദ്ധക്യപെൻഷൻ, വിധവാ പെൻഷൻ, അശരണർ, ദീർഘകാല ചികിത്സ ആവശ്യമായവർ എന്നിവർക്ക് മതിയായ ധനസഹായം ചെയ്യാൻ കഴിയുന്നില്ല.

7. മൈനർ ഇറിഗേഷൻ പണികൾ ഫലപ്രദമായി നടത്താൻ കഴിയുന്നില്ല.

8. കടലാക്രമണം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുരധിവസിപ്പിക്കാൻ പറ്റുന്നില്ല.

9. കളിസ്ഥലം വാങ്ങുന്നതിന് സാമ്പത്തിക ശേഷി ഇല്ല.

10. പഞ്ചായത്തീരാജ് നിലവിൽ വന്നതിനെ തുടർന്ന് ഗ്രാമപഞ്ചായത്തുകളിൽ ജോലിഭാരം കൂടിയതുകൊണ്ട് അവ ചെയ്തുതീർക്കുന്നതിന് മതിയായ ഉദ്യോഗസ്ഥരില്ല.

പരിഹാരങ്ങൾ

1. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഉള്ള മോട്ടോർ വാഹനങ്ങൾക്ക് സർക്കാരിലേക്ക് അടക്കുന്ന നികുതിയുടെ 50% പഞ്ചായത്തുകൾക്ക് നൽകുകയോ, അല്ലെങ്കിൽ ആയത് നേരിട്ട് വസൂലാക്കുന്നതിന്നുള്ള അധികാരങ്ങൾ നൽകുകയോ ചെയ്യുക.

2. വെള്ളപ്പൊക്ക ദുരിതാശ്വാസം, പട്ടികജാതിക്ഷേമം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംരക്ഷണം, ആരോഗ്യപരിപാലനം, സാമൂഹ്യക്ഷേമം,

| ഇനം | 1973-74 | 1995-96 | വ്യത്യാസം |
|---|---|---|---|
| 1. കെട്ടിടനികുതി | 9134.00 | 296153.00 | 287019.00 |
| 2. തൊഴിൽ നികുതി | 1667.00 | 65636.00 | 63969.00 |
| 3. 75% സ്റ്റാമ്പ് ഡ്യൂട്ടി | 10540.00 | 223264.00 | 2128244.00 |
| 4. ഉപാധിരഹിതഫണ്ട് | - | 302700.00 | 302700.00 |
| 5. മറ്റുള്ളവ | 13382.00 | 43259.00 | 29877.00 |
| **ആകെ** | **34723.00** | **931012.00** | **896289.00** |
| ജെണ്ടർ വൈ | - | 219700.00 | 219700.00 |
| ഗ്രാന്റുകൾ | 275952.00 | 1098005.00 | 1070053.00 |
| | 62675.00 | 2248717.00 | 2186042.00 |
| എസ്റ്റാബ്ലീഷ്മെന്റ് ചാർജ്ജ് | 13990.00 | 457294.00 | 443304.00 |

പുനരധിവാസം എന്നിവക്കുള്ള ഫണ്ടുകളും, അതി ചെലവഴിക്കാനുള്ള അധികാരങ്ങളും ഗ്രാമപഞ്ചായ ത്തുകൾക്ക് നേരിട്ട് നൽകുക.

3. ലൈസൻസുഫീസുകൾ, തൊഴിൽനികുതി എന്നി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ശാസ്ത്രീയവും, യുക്തിസഹജവുമാക്കി നിയമം പുനർനിർമ്മിക്കുക.

4. രണ്ടു ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാ ണച്ചെലവുവരുന്ന കെട്ടിടങ്ങൾക്ക് ഏകമുഖ സൂപ്പർ ടാക്സ് ചുമത്തുക.

5. പുതിയ ടി.വി. സെറ്റുകൾക്ക് പഞ്ചായത്ത് ഡ്യൂട്ടി ചുമത്തി അത് വില്പന നികുതിയുടെ കൂടെ വസൂൽ ചെയ്ത് അതാതു പഞ്ചായത്തുകൾക്ക് നൽകുക.

6. ഒരേക്കറിൽ കൂടുതൽ തെങ്ങുകൃഷിയുള്ള വരിൽ നിന്നും വിളനികുതി പിരിക്കുവാൻ നിയമ നിർമ്മാണം നടത്തുക.

7. പഞ്ചായത്തതിർത്തിയിലുള്ള ഫിഷറീസ്, റവന്യൂ വക സ്ഥലങ്ങളും മിച്ച ഭൂമികളും മറ്റു പുറ മ്പോക്കു സ്ഥലങ്ങളും അളന്ന് ലിസ്റ്റ് സഹിതം പഞ്ചായത്തിനേല്പിക്കുക.

8. ഗ്രാമപഞ്ചായത്തുകളിൽ വർദ്ധിപ്പിച്ചിരി ക്കുന്ന ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ജോലിക്കാരെ നിയമിക്കുക.

I പഞ്ചായത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മിക്കതും കത്തുന്നില്ലെങ്കിലും ഭീമമായൊരു സംഖ്യ ഇലക്ട്രിസിറ്റി ഫീസായി ഈടാക്കുന്നതിൽ ഒരു കുറവും ഇല്ല. ഇതൊരു പരിഹാരവും പഞ്ചായ ത്തിന്റെ സാമ്പത്തിക നില ചോർന്നുപോകാതിരി ക്കാനും സ്ട്രീറ്റ് ലൈറ്റിൽ കത്തുന്ന ഇലക്ട്രിസി റ്റിക്ക് മീറ്റർ ഘടിപ്പിച്ച് മീറ്റർ പ്രകാരമുള്ള സംഖ്യ മാത്രം വസൂലാക്കേണ്ടതാണ്.

II അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണൽ യാതൊരു നിയന്ത്രണവുമില്ലാതെ നൂറുക്കണക്കിന് വള്ളക്കാർ എടുത്തുകൊണ്ടുപോയി ഒരു വഞ്ചി 300-400 വരെ വിലക്ക് വില്ക്കുകയാണ്. ഇത് പഞ്ചായത്ത് നിയന്ത്രണത്തിൽ കൊണ്ടുവരാൻ ഒരു ഫീസ് ചുമത്തുകയാണെങ്കിൽ പഞ്ചായത്തിന് ഒരു മുതൽക്കൂട്ടായിരിക്കും.

III ഈ പഞ്ചായത്തതിർത്തിയിലുള്ള ഫിഷ് ലാന്റ് സെന്ററിൽ പിടിക്കുന്ന ബോട്ടുകൾക്ക് ഫീസ് ചുമത്തി പഞ്ചായത്തിന്റെ സാമ്പത്തിക നില ഉയർത്താവുന്നതാണ്.

IV അഞ്ചങ്ങാടിയിലും ഫിഷ്ലാന്റ് സെന്റ റിലും ഓരോ കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ച് ഫീസ് പൊതുജനങ്ങളിൽ നിന്നും ഈടാക്കാവുന്നതാണ്.


V പഞ്ചായത്തിലെ വിവിധ വികസന മേഖല കളിലെ പ്രാദേശിക തല പദ്ധതികൾ ഗൾഫ് രാജ്യ ങ്ങളിലെ പ്രധാന സംഘടനകളായ വെൽഫയർ കമ്മിറ്റി, കൾച്ചറൽ സെന്റർ തുടങ്ങിയ സംഘടനക ളുടെ പങ്കാളിത്തതോടെ നിർവ്വഹിക്കുക. പദ്ധതി യുടെ ഉപയോഗത്തിൽ മുൻഗണന അവർക്കനുവ ദിക്കുക.




പഞ്ചായത്തിലെ
പ്രാഥമിക
ഹെൽത്ത് സെൻറർ



മുനക്കക്കടവിലെ
ഫിഷ് ലാന്റിങ്ങ് സെന്റർ



മുനക്കക്കടവിലെ
അഴിമുഖം



**V.H.S.** സ്കൂൾ
(വൊക്കേഷണൽ ഹൈയർ
സെക്കന്ററി സ്കൂൾ)

കടപ്പുറം ഗ്രാമ പഞ്ചായത്ത്
ഷോപ്പിംങ്ങ് കോംപ്ലക്സ്






കടപ്പുറത്തെയും ഒരുമനയൂരിനേയും
ബന്ധിപ്പിക്കുന്ന കനോലി കനാലിന്
കുറുകെയുള്ള മൂന്നാംകല്ല് പാലം



7-ാം വാർഡിൽ
സ്ഥിതി ചെയ്യുന്ന
ലൈറ്റ് ഹൗസ്



പഞ്ചായത്തിലെ
പുതിയ കടൽ ഭിത്തി
നിർമ്മാണം



പഞ്ചായത്തിൽ ശുദ്ധജലവിതരണം
നടത്തുന്ന ജലസംഭരണി

# കടപ്പുറം ഗ്രാമ പഞ്ചായത്ത്
# കാര്യാലയം



# ജനകീയ ആസൂത്രണപ്രസ്ഥാനം

**അധികാരം ജനങ്ങളിലേക്ക്**

ഒമ്പതാം പഞ്ചവത്സരപദ്ധതി

ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

1996


# ജനകീയ ആസൂത്രണപ്രസ്ഥാനം

## ഒമ്പതാം പഞ്ചവത്സരപദ്ധതി

## ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

## 1996

# Orumanayur Grama Panchayath



## ഉള്ളടക്കം

ആമുഖം
ചരിത്ര പശ്ചാത്തലം
നടപ്പു പദ്ധതികൾ
ഒരുമനയൂർ ഗ്രാമപഞ്ചായത്ത് വികസനറിപ്പോർട്ട്
ഉണ്ടാക്കുവാൻ സഹായിച്ചവർ
കൃഷി
മൃഗസംരക്ഷണം
മത്സ്യബന്ധനം
വിദ്യാഭ്യാസം
ആരോഗ്യം
കുടിവെള്ളം
വ്യവസായം
ഗതാഗതം
ഊർജ്ജം
ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും
സംസ്കാരം
വനിത
സഹകരണമേഖല
പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം
വിഭവസമാഹരണം

# ആമുഖം

നമ്മുടെ രാജ്യത്തെ ആസൂത്രണം അൻപതുകളിൽ തുടങ്ങിയതാണ്. വളരെയധികം വികസനപരിപാടികൾ നടന്നുവെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾക്കോ താല്പര്യങ്ങൾക്കോ പ്രഥമസ്ഥാനം നൽകാതെ മുകളിൽ നിന്നു ആസൂത്രണം അടിച്ചേൽപ്പിക്കുന്ന രീതിയായിരുന്നു അന്നത്തേത്. ചുരുക്കത്തിൽ ജനങ്ങളെ ഏറ്റവും പ്രധാന ഘടകമായി പരിഗണിക്കാതെയുള്ള പദ്ധതി രൂപീകരണവും നിർവ്വഹണവുമായിരുന്നു നടന്നത്.

എന്നാൽ ഇതിനു വിപരീതമായി തീരുമാനമെടുക്കേണ്ട അധികാരം ജനങ്ങൾക്ക് നൽകികൊണ്ടും ജനങ്ങളുടെ താൽപര്യങ്ങൾക്ക് പ്രഥമ സ്ഥാനം നൽകികൊണ്ടുമുള്ള ഒന്നായിരുന്നു ഭരണഘടനയുടെ 73-ാം ഭേദഗതി അഥവാ 'പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി'.

പഞ്ചായത്ത് രാജ് ആക്ടിലെ 'ഗ്രാമസഭ' എന്ന സംവിധാനം ജനാധിപത്യത്തിൻെറ തികച്ചും നൂതനമായ രൂപമത്രെ. ഗ്രാമസഭയിൽ ഉരുത്തിരിഞ്ഞുവരുന്ന തീരുമാനങ്ങൾ പഞ്ചായത്തിൻെറ പദ്ധതി രൂപീകരണവും നിർവ്വഹണവും നടക്കുമ്പോൾ ജനകീയാസൂത്രണപ്രസ്ഥാനം വഴി ജനപങ്കാളിത്തം ഉറപ്പാക്കുന്നു.

1997-ൽ ആരംഭിക്കുന്ന 9-ാം പഞ്ചവൽസര പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പദ്ധതി ചെലവിൻെറ 35-40 ശതമാനം പഞ്ചായത്തുകൾക്ക് കൈമാറപ്പെടുന്നു.

ഗ്രാമസഭകൾ കൂടി ഓരോ വാർഡിലെയും വിവിധ മേഖലകളിലെ വികസന സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ ജനങ്ങളുടെ പ്രശ്നങ്ങളും അഭിപ്രായങ്ങളും അവിടെ പ്രതിഫലിക്കാതിരിക്കുകയില്ലല്ലോ? അങ്ങനെ ജനങ്ങൾ ഒത്തുചേർന്ന് തങ്ങളുടെ പ്രദേശങ്ങളിലെ വികസന പ്രശ്നങ്ങൾ ചർച്ചചെയ്തപ്പോൾ അതൊരു പുതിയ അനുഭവമായി മാറി. പ്രസ്തുത ചർച്ചകളിലെ തീരുമാനങ്ങൾ പദ്ധതിയായി മാറുക എന്നത് വിവിധതലങ്ങളിലെ കൂട്ടായ മറ്റനേകം പ്രവർത്തനങ്ങളിലൂടെയും സാദ്ധ്യമാകുന്ന ഒന്നാണ്. അതിൻെറ വിജയത്തിൽ ജനങ്ങളുടെ ഇച്ഛാശക്തിക്കും, താൽപര്യത്തിനും പ്രധാനപ്പെട്ട സ്ഥാനമുണ്ട്.

# പഞ്ചായത്ത് പൊതുവിവരണം

| | | | |
|---|---|---|---|
| പഞ്ചായത്തിൻെറ പേര് | : ഒരുമനയൂർ ഗ്രാമപഞ്ചായത്ത് | | |
| പഞ്ചായത്ത് തലസ്ഥാനം | : ഒരുമനയൂർ | | |
| ഉൾപ്പെടുന്ന വില്ലേജുകൾ | : ഒരുമനയൂർ | | |
| ബ്ലോക്ക് പഞ്ചായത്ത് | : ചാവക്കാട് | | |
| താലൂക്ക് | : ചാവക്കാട് | | |
| ജില്ല | : തൃശൂർ | | |
| നിയമസഭ | : ഗുരുവായൂർ | | |
| ലോകസഭ | : തൃശൂർ | | |
| വിസ്തീർണ്ണം | : 5.19 ച. കി. മീറ്റർ | | |
| അതിരുകൾ | : കിഴക്ക് | : കാളമനകായൽ. | |
| | പടിഞ്ഞാറ് | : കനോലികനാൽ | |
| | തെക്ക് | : ചേറ്റുവപ്പുഴ. | |
| | വടക്ക് | : കണ്ണികുത്തിതോട് | |
| ജനസംഖ്യ | : 10990 | | |
| | സ്ത്രീകൾ | : 5951 | |
| | പുരുഷന്മാർ | : 5039 | |
| സാക്ഷരതാ നിരക്ക് | : 90% | | |
| വാർഡുകളുടെ എണ്ണം | : സ്ത്രീസംവരണം : 3 (പട്ടികജാതി സംവരണം 1) | | |
| | പട്ടികജാതിസംവരണം-1 | | |
| | ജനറൽ: 4 | | |
| പ്രസിഡൻറിൻെറ പേര് | : രുഗ്മിണി കൃഷ്ണൻ | | |
| വൈസ്പ്രസിഡൻറിൻെറ പേര് | : N.T ഹംസഹാജി. | | |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : P. K ജമാലുദ്ദീൻ | | |

## നിലവിലുള്ള ഭരണസമിതി

| | |
|---|---|
| ശ്രീമതി. രുഗ്മിണി കൃഷ്ണൻ | (പ്രസിഡൻറ്) |
| ശ്രീമാൻ N.T. ഹംസഹാജി | (വൈസ് പ്രസിഡൻറ്) |
| ശ്രീ. P.K ജമാലുദ്ദീൻ | (സ്ററാൻറിംഗ് കമ്മിറ്റി ചെയർമാൻ) |
| ശ്രീ. K. V അബ്ദുൾ ഖാദർ | (പഞ്ചായത്ത് മെമ്പർ) |
| ശ്രീമതി ത്രേസ്യ വർഗ്ഗീസ് | " |
| ശ്രീമതി കമറുന്നീസ മുഹമ്മദലി | " |
| ശ്രീ. ഫ്രാൻസീസ് കാഞ്ഞിരത്തിങ്കൽ | " |
| കുമാരി. പി. കെ. സരോജിനി | " |
| ശ്രീ. കൃഷ്ണൻ. യു. ആർ. | : സെക്രട്ടറി |

## മുൻകാല പ്രസിഡൻറുമാർ

| | |
|---|---|
| ശ്രീ. B. K. C തങ്ങൾ | 1962 - '68 |
| ശ്രീ. P. R. മൊയ്തു | 1968 - '76 |
| ശ്രീ. E. K. ഫ്രാൻസീസ് | 1979 - '83 |
| ശ്രീ P. K. ബീരാവു | 1983 - '84 |
| ശ്രീ A. P. അയമു | 1988 - '91 |
| ശ്രീ M.V. അബ്ദുള്ള മൗലവി | 1991 - '95 |

## മുൻകാല വൈസ് പ്രസിഡൻറുമർ

| | |
|---|---|
| ശ്രീ P. R.മൊയ്തു | 1963 - '68 |
| ശ്രീ P. കാദർ | 1968 - '76 |
| ശ്രീ P. K.ബീരാവു | 1979 - '83 |
| ശ്രീ M.നാരായണ മേനോൻ | 1983 - '84 |
| ശ്രീ P. K.കുഞ്ഞുമുഹമ്മദ് | 1983 - '84 |
| ശ്രീ. ഫ്രാൻസീസ് കാഞ്ഞിരത്തിങ്കൽ | 1988 - '95 |

# ചരിത്ര പശ്ചാത്തലം

ഭാർഗ്ഗവക്ഷേത്രമെന്നറിയപ്പെടുന്ന കേരളത്തിന്റെ മദ്ധ്യഭാഗത്ത് സാംസ്കാരിക ജില്ലയെന്ന അപരനാമധേയത്താൽ ശ്ളാഘനീയമായ തൃശൂർ ജില്ലയിൽ പശ്ചിമഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ് ഒരുമനയൂർ - അന്ന് ഇത് പൊന്നാനി താലൂക്കിലായിരുന്നു ഇന്ന് ചാവക്കാട് താലൂക്കിലാണ്. കിഴക്ക് കാളമനകായലും, തെക്ക് ചേറ്റുവപുഴയും, പടിഞ്ഞാറ് കനോലികനാലും, വടക്ക് വീതിയേറിയ കണ്ണികുത്തിതോടും. നാലതിരുളാക്കികൊണ്ട് ഒരു ദ്വീപിന്റെ ഭാവത്തിലാണ് ഈ ഗ്രാമത്തിന്റെ കിടപ്പ്. ഇത് പ്രളയത്തിൽ മുങ്ങിപ്പോവാത്തത് പ്രകൃതിയുടെ കാരുണ്യം കൊണ്ടാണെന്ന് ആരും ശ്രദ്ധിച്ചുകാണില്ല. വെള്ളിപ്പൂക്കൾ വിടർത്തി വിതറികൊണ്ടുള്ള നീരൊഴുക്കിന്റെ സപ്തസ്വരമാധുരി ഈ ഗ്രാമത്തിന് സുഖം പകരുന്നു. നാലുഭാഗത്തുനിന്നും വീശുന്ന കുളിർകാറ്റ് ഗ്രാമവാസികളെ സസ്നേഹം തലോടുന്നു. അരയാലിലകൾ തുള്ളി തുള്ളിയുണ്ടാക്കുന്ന മർമ്മരശബ്ദം ഗാനമഞ്ജരിയായി ഈ ഗ്രാമം ശ്രവിക്കുന്നു. ജാതിമതഭേദമെന്യേ ആദരിക്കപ്പെടുന്ന, ദിനംപ്രതി നൂറുനൂറുപ്രാവശ്യം ആ ബാലവൃദ്ധം ഉരുവിടുന്ന ആ ചന്ദ്രതാരം സ്മരിക്കുന്ന ഒരു കാരണവരുണ്ട് ഈ ഗ്രാമത്തിന്- '' മുത്തൻമാവ്''. മൺമറഞ്ഞ മുത്തൻ മാവ്. പരശതം സംവത്സരങ്ങൾ പാന്ഥന്മാർക്ക് തണലേകികൊണ്ടിരുന്ന ഈ മഹാവൃക്ഷം തന്റെ സ്ഥാനത്ത് ഒരു പിൻഗാമിയെ വാഴിക്കാതെ സമാധിയായിട്ട് വർഷങ്ങളേറെയായി. പവിത്രമായ ഈ മഹാവൃക്ഷത്തിന്റെ ആസ്ഥാനമാണ് ഇന്ന് ഒരുമനയൂരിന്റെ തലസ്ഥാനം- മുത്തൻ മാവ് സെൻറർ.

**ഭൂപ്രകൃതി.**

ചേറ്റുവപുഴയും, പൊന്നാനിപുഴയും തമ്മിൽ ബന്ധിക്കുന്ന കനോലികനാൽ ഈ ഗ്രാമാതിർത്തിയിലൂടെയാണ് ഇഴഞ്ഞ് പോകുന്നത്. ഇതായിരുന്നു പണ്ടത്തെ യാത്രാമാർഗ്ഗം. വ്യാപാരാവശ്യങ്ങൾക്കും ഇതുപയോഗിച്ചു. അന്നത്തെ താലൂക്ക് ആസ്ഥാനമായ പൊന്നാനിയിലേക്ക് പോവാൻ വഞ്ചിയാത്രയായിരുന്നു ഏകമാർഗ്ഗം. അല്ലെങ്കിൽ പദയാത്ര. വ്യാപാരാവശ്യങ്ങൾക്ക് കൊച്ചിയുമായി ബന്ധപ്പെട്ടിരുന്നതും ചേറ്റുവപുഴയിലൂടെയുള്ള വഞ്ചിമാർഗ്ഗമായിരുന്നു. 5.19 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 1991- ലെ കണക്കനുസരിച്ച് 5039 പുരുഷന്മാരും 5951 സ്ത്രീകളും കൂടി 10990 ആണ് ജനസംഖ്യ. ഏകദേശം സമുദ്രനിരപ്പായ ഈ പ്രദേശം പറമ്പും കൃഷിനിലവും കൂടി ചേർന്നു കിടക്കുന്നു. തോടുകളും, കുളങ്ങളും,. നീർചാലുകളും കാണാമായിരുന്നു. ഇന്ന് തൽസ്ഥാനത്ത് റോഡുകളായി. പുഴയിൽനിന്നും കായലിൽ നിന്നും ചേറ് കോരിയിട്ട് തൂർത്ത് നികത്തിയ തൈപൊലികളിൽ ഇടതൂർന്ന് നാളികേരമുള്ള തെങ്ങിൻ തൈകൾ കാണാം. നെൽവയലുകൾ തീരെ ഇല്ലാതായി. 1936 ബ്രിട്ടീഷ് ഭരണകാലത്ത് ഇവിടെ കൃഷിയിടങ്ങളിൽ പുളിവെള്ളം കയറാതിരിക്കാൻ വേണ്ടി രണ്ടു ലോക്കുകൾ ഉണ്ടായിരുന്നു. ലോക്കുകളുടെ കേടുപാടുകൾ മൂലം കൃഷിനശിച്ചു. പാണികണ്ടങ്ങൾ തെങ്ങിൻ തോപ്പുകളായി. അതിൽ മണിമന്ദിരങ്ങളായി. ഭൂപ്രകൃതിക്ക് സാരമായ മാററം സംഭവിച്ചിട്ടുണ്ടെങ്കിലും ഗ്രാമീണ മുഖച്ഛായ കാര്യമായി മാറിയിട്ടില്ല. ജനജീവിതത്തിന്റെ ഭാവത്തിലും ഈഗ്രാമീണച്ഛായയുണ്ട്

**ജനപ്രകൃതി**

പഞ്ചായത്തിലെ ആകെ ജനസംഖ്യ 10990 (കാനേഷുമാരി 1991) ആണ്. സ്ത്രീകളുടെ എണ്ണം 5951 ഉം പുരുഷൻമാരുടേത് 5039 ഉം ആണ്. പട്ടികജാതി ജനസംഖ്യ ആകെ ജനസംഖ്യയുടെ 22.1 ശതമാനമാണ്. പട്ടികവർഗ്ഗം ഈ പഞ്ചായത്തിലില്ല. ആകെകുടുംബാംഗങ്ങളുടെ എണ്ണം 1883 ആണ്. സാക്ഷരതാനിരക്ക് 90 ശതമാനവുമാണ്.

നജീവിതം അന്നും ഇന്നും:

അദ്ധ്വാനം എന്തെന്നറിഞ്ഞിട്ടില്ലാത്ത, വിശപ്പ് എങ്ങനെയെന്ന് അനുഭവിക്കാത്ത ആഢ്യബ്രാഹ്മണരുടെ ഗ്രാ ത്തിൽ ഇന്ന് കായലിൽനിന്നും മീൻപിടിച്ചും, കൂലിപ്പണി ചെയ്തും കഴിയുന്നവർ ധാരാളമുണ്ട്. പട്ടികജാതിയിൽ പ്പട്ടതെങ്ങുകയറ്റക്കാർ ധാരാളം ഈ ഗ്രാമത്തിലുണ്ട്. പറയത്തക്ക പുരോഗതിയൊന്നും ഈ സമുദായത്തിന് ഉണ്ടാ ിട്ടില്ല. അത് ഉണ്ടാക്കേണ്ടിയിരിക്കുന്നു. പാരമ്പര്യനാട്ടുവൈദ്യന്മാരുടെ സേവനം ലഭിച്ചിരുന്ന ഈ പ്രദേശത്ത് സർ ാർ ആയുർവ്വേദ ഡിസ്പെൻസറിയുണ്ട്. തൈക്കാട് ആസ്പത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സബ് സൻറർ ഇവിടെയുണ്ട്. ഈ ഗ്രാമം വളരെ ഉയർന്നു. എങ്കിലും ഇത് വളരാൻ കൊതിക്കുന്നു. ഗ്രാമം വികസിക്കു മ്പാൾ ഗ്രാമീണച്ഛായ മാറാതെ, മാറ്റാതെ ശ്രദ്ധിക്കണം. ഗ്രാമാന്തരീക്ഷം മാറ്റിയാൽ ജനജീവിതം സമാധാ പരമല്ലാതാവും. ഗ്രാമീണരുടെ ഭക്ഷണത്തിൽ അതിപ്രധാനമാണ് മത്സ്യം. ഈ കാര്യത്തിൽ ജാതിമതഭേദമില്ല. മി ി - ദുബായ് എന്ന പേരിൽ അദ്വിതീയസ്ഥാനമാണ് ഒരുമനയൂരിനുള്ളത്. അറമ്പി നാട്ടിലെ ദിനാറും, റിയാലുമാണ് ൗ ഗ്രാമത്തെ സാമ്പത്തികമായി ഉയരാൻ സഹായിച്ചത്.

ിദ്യാഭ്യാസം

വിദ്യാഭ്യാസത്തെ അക്ഷരരൂപത്തിൽ പറഞ്ഞാൽ S.S.L.C മുതൽ BA, B.Ed, MA, MBBS വരേയും ഈ നാട്ടിലുണ്ട്. ിദ്യാഭ്യാസത്തിൻെറ സംസ്കാരശുദ്ധവും വിശാലവുമായ അർത്ഥം അക്ഷരങ്ങളിൽ ഒതുങ്ങിയതല്ലല്ലോ. പൂർവ്വി കാലം മുതൽക്കുതന്നെ ഈ ഗ്രാമത്തിൽ വിദ്യാഭ്യാസത്തിന് പ്രാധാന്യം കണ്ടിരുന്നു. പണ്ട് ഒരുമനയൂരംശത്തിലാ ിരുന്ന കടപ്പുറത്തെ ഒരു ധീവരകുടുംബാംഗമായ കാഞ്ഞിരകത്ത് മുത്തപ്പൻ ഒരുമനയൂരാണ് വിദ്യാഭ്യാസം ചയ്തത്. പാവറട്ടിസംസ്കൃതകോളേജിൻെറ സ്ഥാപകനായ സംസ്കൃത പ്രണയഭാജനം. പി. ടി. കുരിയാക്കുമാ ്ററർ ബാല്യകാലവിദ്യാഭ്യാസം ചെയ്തത് ഒരുമനയൂരാണ്. ഇദ്ദേഹത്തെ വിദ്യാഭ്യാസം ചെയ്യിപ്പിച്ചത് സംസ്കൃത ണ്ഡിതന്മാരായ ശ്രീമാന്മാർ കണ്ടുണ്ണി വൈദ്യരും. കൃഷ്ണക്കുട്ടിപണിക്കരുമായിരുന്നു. വിദ്യാഭ്യാസം സർവ്വപ്രധാ മാണെന്ന് മനസിലാക്കി പ്രവർത്തിച്ചിരുന്നവരാണ് ഈ ഗ്രാമവാസികളെന്ന് വ്യക്തമാണ്. ഇന്ന് അക്ഷരാഭ്യാസം റിയുന്നവർ 1831 ആണ്.

നമ്പൂതിരിമനകൾ നിറഞ്ഞിരുന്ന ഈ ഗ്രാമത്തിൽ ഇന്ന് അതിൽപ്പെട്ട ഒറ്റ കുടുംബം പോലുമില്ല. ആ മനപ്പേരുക ല്ലാം ഇന്ന് മുസ്ലീം കുടുംബങ്ങളുടേതാണ്. മനകളുടെ ഊര് "മനയൂരായി." പിന്നീട് ഒരുമനമാത്രം അവശേഷിച്ച പ്പാൾ ഒരുമനയൂരായി. മുത്തൻമാവിന് തൊട്ട് തെക്ക് കരുവാരകുണ്ടിന് ഈ പേർ സിദ്ധിച്ചിട്ട് ഏകദേശം അറുപത്തി ന്നു വർഷത്തിൻെറ കാലപ്പഴക്കമേ ഉണ്ടാവൂ. ഈ സ്ഥലത്തെ കരുവാൻെറ വീടിന്ന് പടിഞ്ഞാറുഭാഗത്ത് ഒരു ുണ്ടുണ്ടായിരുന്നു ഇത് തൂർത്ത് ഒരു മുസ്ലീം പള്ളിയുണ്ടാക്കി. അന്ന് സിലോണിലായിരുന്ന മുഹമ്മദ് എന്നാൾ ത് സംബന്ധിക്കുന്ന ഒരു മാപ്പിളപ്പാട്ട് രചിച്ചു. ഈ പാട്ടിലാണ് "കരുവാരകുണ്ട്" എന്ന് പ്രയോഗിച്ചത്. ഇങ്ങിനെ രത് സ്ഥലനാമമായി. ധർമ്മിഷ്ഠനും ചാവക്കാട്ടെ വസ്ത്രവ്യാപാരിയുമായിരുന്ന കുഞ്ഞാവഹാജി എന്ന മഹാൻ ുത്തൻമാവിന് വടക്ക് ഭാഗത്ത് ഒരു മരപ്പാലം പണിതീർത്തു. അന്നത്തെ മലബാർ കലക്ടറായിരുന്ന വില്ല്യംസ് പ്രഭു ിൻെറ പേര് ഈ പാലത്തിന് നൽകി. ഇതാണ് വില്ല്യംസ് പാലം. വടക്കെ അതിരായ കണ്ണികുത്തിതോടിന് കുറുകെ തങ്ങിൻ മുട്ടികൊണ്ട് പാലം ഉണ്ടായിരുന്നു. പിന്നീട് അത് കോൺക്രീറ്റ് പാലമായെങ്കിലും. ഇന്നും മുട്ടിപ്പാലം എന്ന് ിളിച്ചുവരുന്നു. വരരുചിയുടെ പരമ്പരയിലെ ഒരു പാക്കനാർ കുടുംബവും തിരുവരങ്കകുടുംബവും ഇവിടെയുണ്ട്.

ഈ ഗ്രാമത്തിലെ ആദ്യത്തെ മുസ്ലീം പള്ളിയാണ് തെക്കേത്തലക്കൽ പള്ളി. ഒരുമനയൂരിലെ ആദ്യത്തെ ക്രി സ്ത്യൻ പള്ളി 1932 ലാണ് സ്ഥാപിച്ചത്. ഈ പള്ളി പാലപ്പുഴ പറമ്പിലായിരുന്നു. ഇത് 1964 ൽ പൊളിച്ച് നേഷണൽ ഹൈവേയുടെ ഓരത്ത് ഇന്ന് കാണുന്ന പള്ളി പണിതീർത്തു. ഏകദേശം എൺപത്തിയഞ്ച് ക്രിസ്ത്യൻ കുടും ബങ്ങൾ ആണ് ഇവിടെയുള്ളത്. ജനസംഖ്യ ഏകദേശം അറനൂറിന് അടുത്തുവരും.

വിദ്യാലയം

പാലപ്പുഴ പറമ്പിൽ ഒരു വിദ്യാലയമുണ്ടായിരുന്നു. ശ്രീ. പിള്ളരിക്കൽ രാവുണ്ണിനായരാണ് ഇത് നടത്തിയി രുന്നത്. ഇദ്ദേഹം അദ്ധ്യാപകനുമായിരുന്നു. ഇത് പിന്നീട് പൊതുകാര്യ പ്രസക്തനും ജന്മിയുമായ മാങ്ങോട്ട് നാരാ യണമേനോൻ അവർകളുടെ ശ്രദ്ധയിൽ മാങ്ങോട്ട് പടിക്കലേക്ക് മാറ്റി. ഹിന്ദു എലിമെൻററി സ്ക്കൂൾ എന്നപേരിൽ നന്നായി പ്രവർത്തിച്ചു തുടങ്ങി. ഇതാണ് ഇന്നത്തെ എ. യു. പി. സ്ക്കൂൾ. ശ്രീ അറക്കൽ മൊയ്തുമാസ്ററർ ഹെഡ്മാസ്ററായി കൊണ്ട് ഒരു വിദ്യാലയമുണ്ടായിരുന്നു. ഇത് പിന്നീട് താലൂക്ക് ബോർഡ് വകയായി. ഇതാണ് ഇന്ന് മൂന്നാംകല്ലിൽ കാണുന്ന ഗവ: എൽ. പി. സ്ക്കൂൾ. ഗ്രാമത്തിൻെറ വടക്ക് കോടയിൽ എൻ. കെ. മൊയ്തുമുസ്ല്യാർ ഒരു വിദ്യാലയം തുടങ്ങി. ഇതാണ് ''കോടയിലെ സ്ക്കൂൾ''. മതവിദ്യാലയമായി ആരംഭിച്ച് പിന്നീട് സ്ക്കൂൾ ആയിമാറിയതാണ് ഇതൊക്കെയും. കരുവാരകുണ്ടിൽ പരേതനായ കാതർ മുസ്ലിയാർ ഒരു ഓത്ത് പള്ളി തുടങ്ങി പിന്നീട് പെൺകുട്ടികൾക്ക് മാത്രമായി ഒരു സ്ക്കൂൾ ഇതോട് കൂടി ചേർന്നു നടത്തി. ഇത് ഇന്ന് ഇല്ല. ഒരുമനയൂർ ലെ രാജകീയകുടുംബമെന്നപോലെ കഴിഞ്ഞിരുന്ന അന്യംമുടിഞ്ഞ നേരിയം കോട്ട് തറവാട്ട് പറമ്പിൽ ഇപ്പോൾ ഒരു ഹൈസ്ക്കൂൾ ഉണ്ട്. ഇതിൻെറ പേര് ഇസ്ലാമിക്ക് ഹൈസ്ക്കൂൾ എന്നാണ്. എടക്കളത്തൂര് ഇയ്യുണ്ണി പൈലോത് മകൻ ചാക്കു എന്നിവർ 1865 ൽ കാട്ടുപടി എലിമെൻററി സ്ക്കൂൾ പ്രൈവറ്റായി നടത്തിയിരുന്നു. അത് ഇപ്പോൾ നി ലവിലില്ല. കേരള ബ്രാഹ്മണരായ നമ്പൂതിരിമാരായിരുന്നു പൂർവ്വിക സ്ഥലവാസികളെന്ന് കാണാൻ പ്രയാസമില്ല. ഋഷികേശൻ നമ്പൂതിരിയുടെ പേരിൽ കാണുന്ന പട്ടയം ഇതിനൊരു തെളിവാണ്. ഒരു പുരുഷായസ്സിനു മുൻപു വ രെ നമ്പൂതിരിക്ക് ഇവിടെ ഭൂസ്വത്തുണ്ടായിരുന്നു. എഴുനൂറിൽപരം കൊല്ലത്തെ പഴക്കം കാണാം ഈ ഗ്രാമത്തിലെ പ്രധാന ക്ഷേത്രമായ ശ്രീ. സുബ്രഹ്മണ്യക്ഷേത്രത്തിന്ന്. ഇതിന്ന് എത്രയോ സംവത്സരങ്ങൾക്ക് മുൻപ് ശ്രീ. ശാ സ്താ ക്ഷേത്രമുണ്ടായിരുന്നു. ഇതിൽ നിന്ന് ഈ ഗ്രാമത്തിൽ ഹൈന്ദവരുടെ വാസത്തിന് സഹസ്രാബ്ദങ്ങളുടെ പഴക്കം കാണക്കാക്കാം.

മണ്ണാൻ പറമ്പും. മണ്ണാത്തികടവും. ഉള്ളതുകൊണ്ട് ഈ സമുദായം ഇവിടത്തെ പുരാതന നിവാസികളാണ്. ചകി രി മൂടലും, തല്ലലും കയറുപിരിക്കലും ഈ ഗ്രാമത്തിലെ മുഖ്യ തൊഴിലായിരുന്നു. ഇന്നത് ഇല്ലാതായി എന്ന് പറയാം.

മണത്തല അന്ത്യവിശ്രമം കൊള്ളുന്ന ഹൈദ്രോസ്കുട്ടി മൂപ്പരുമായി ബന്ധപ്പെട്ട കുടുംബം ഈ ഗ്രാമത്തിലാണ്. ചികിത്സാവൈദഗ്ദ്ധ്യമുള്ള തീക്കോട്ട് കുടുംബം ഈ ഗ്രാമത്തിൽ വാസമാക്കിയിട്ട് വളരെയേറെ കൊല്ലമായി കാ ണും.

ഒരുമനയൂരിൻെറ ചരിത്രത്തിൽ ഇന്നും മായാത്ത കറുത്ത മഷികൊണ്ടെഴുതപ്പെട്ട ഒരു അദ്ധ്യായമുണ്ട്, ''1966 ലെ ഒരുമനയൂർ ഒന്നാം പഞ്ചായത്ത് മഹായുദ്ധം. ശാന്തസുന്ദരമായ ഈ ഗ്രാമത്തിൻെറ അന്തരീക്ഷം കാർമേഘാ വൃതമായിരുന്നു അന്ന് എങ്കിലും ഗ്രാമീണരുടെ ശാന്തിക്കും സമാധാനത്തിനും തടസ്സമായി ഒന്നും സംഭവിച്ചിട്ടില്ല. ഒരുമനയൂരും കടപ്പുറവും ചേർന്ന ഒരുമനയൂർ പഞ്ചായത്താപ്പീസ് ഒരുമനയൂരിൽ നിന്നും കടപ്പുറത്തെ വട്ടേക്കാ ട്ടേക്ക് സ്ഥലമാറ്റത്തെ ചൊല്ലിയ തർക്കമാണ് മഹാസംഭവമായത്. തൽഫലമായി പഞ്ചായത്ത് രണ്ടായി. ഈ പഞ്ചാ യത്തിൻെറ ചരിത്രത്തിൽ സ്ത്രീകൾ മുന്നോട്ടുവന്ന ഒരു കാലഘട്ടമായിരുന്നു അന്ന്. ഇതിൽ ശ്രീമതി K. P. കൊ ച്ചമ്മ, മുണ്ടന്ത്ര കല്ല്യാണി എന്നിവരുടെ നാമധേയങ്ങൾ സ്മരണീയമാണ്.

സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി ദേശീയ പ്രസ്ഥാനത്തിൽ ശക്തമായ നേതൃത്വം കൊടുക്കുകയും പ്രവർത്തി ക്കുകയും ചെയ്ത താഴെ പറയുന്നവരെ പ്രത്യേകം ഓർക്കേണ്ടതാണ്.

ശ്രീ. P. കുഞ്ഞുമീർ, പരീത്, അച്ച്യുതൻ നായർ കൂടാതെ യുവാക്കളായ V.T. ഹംസ, P.V. മുഹമ്മു. മുഹമ്മദ് ബീരാൻ സാഹിബ്, പടുങ്ങൾ മൊയ്തുണ്ണികുട്ടി, മാമു മൗലവി എന്നിവരുടെ പേരുകൾ പ്രത്യേകം സ്മരണീയമാ ണ്.

ഒരു ഗ്രാമം സാമ്പത്തികമായി ഉയരുന്നതോടൊപ്പം സാംസ്കാരികമായും വളരണം. എങ്കിലേ ഗ്രാമീണർ ഉയർന്നു എന്ന് അഭിമാനിക്കാവൂ.

''തൃശൂർജില്ലാ സാംസ്കാരിക ജില്ലയെന്ന് പുകഴ്ത്തപ്പെടാൻ ഈ പഞ്ചായത്ത് കാരണമാവട്ടെ!

## നടപ്പുപദ്ധതികൾ

ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ M.P. ഫണ്ടിൽ നിന്ന് 5 ലക്ഷവും. പഞ്ചായത്ത് ഫണ്ടിൽ നിന്ന് പഞ്ചായത്തിൻെറ വക അഞ്ചുലക്ഷവും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 9.07 ലക്ഷം രൂപയും മൊത്തം 19. 07 ലക്ഷം രൂപ ചെലവു ചെയ്ത് സമീപപഞ്ചായത്തായ ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള ടാങ്കും കിണറും ഉപയോഗിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്.

ഒറ്റതെങ്ങിൽ നിന്ന് വടക്കോട്ടു പോകുന്ന റോഡ്, പി. സി. റോഡ്, കുണ്ടുവകടവ് റോഡ് എന്നിവ ടാർചെയ്യുകയും കോടയിൽ സ്ക്കൂൾ റോഡ് വില്യംസ്- അമ്പലത്താഴ് റോഡ്, പി. സി. റോഡിൻെറ ബാക്കി ഭാഗം, വില്ലേജ് ഓഫീസ് റോഡ്, ആശാൻ കടവ് റോഡ്, ബേബി ലാൻറ് റോഡ്, തെക്കും പുറം റോഡ്, ഓവുപാല് റോഡ്, എന്നീ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കുര്യാടികുളം തൂർത്ത് പഞ്ചായത്ത് ലൈബ്രറി കെട്ടിടത്തിൻെറ പണി തുടങ്ങിയിട്ടുണ്ട് വില്യംസ് - അമ്പലത്താഴ് റോഡിൽ കെട്ടിനിന്നിരുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി പൈപ്പിട്ട് പ്രശ്നം പരിഹരിച്ചു. മൂന്നാം വാർഡിലും ആറാം വാർഡിലും, ഏഴാം വാർഡിലും പുതിയ നടപ്പാത നിർമ്മിക്കുകയും ചെയ്തു. നാലാം വാർഡിൽ ഒറ്റത്തെങ്ങ് റോഡ് ഫ്ലഡിൽ ഉൾപ്പെടുത്തി പകുതി ടാർ ചെയ്തു. ഏഴാം വാർഡിൽ മണവാളൻ റോഡും സമാന്തര റോഡും ബന്ധിപ്പിച്ച് പണിപൂർത്തിയാക്കി. രണ്ടാം വാർഡിൽ ഇല്ലത്തകുളം റോഡിൻെറ പുനരുദ്ധാരണം, മൂന്നാം വാർഡിൽ ആശാൻ കടവ് റോഡിൻെറ ബാക്കി ഭാഗം ടാറിങ്ങ്, നാലാംവാർഡിൽ മാവേലിറോഡിൻെറ പുനരുദ്ധാരണ പ്രവർത്തി, 5- ാം വാർഡിൽ അമ്പലത്താഴം ഭാഗത്തെ സമാന്തര റോഡിൻെറ പുനരുദ്ധാരണ പ്രവർത്തി, 6-ാം വാർഡിൽ ഇല്ലത്ത് പടി അമ്പലത്താഴം റോഡിൻെറ പുനരുദ്ധാരണ പ്രവ ർത്തി, ഏഴാം വാർഡിൽ ബേബിലാൻറ് റോഡടക്കം ഇസ്ലാമിക് റോഡ് ടാറിംഗ്, എട്ടാം വാർഡിൽ കാൻറീൻ റോഡ്മുതൽ പാലംകടവ് റോഡ് അടക്കം സമാന്തര റോഡ് ടാറിങ്ങ്, 6- ാം വാർഡിൽ ഇല്ലത്ത് പടി റോഡിൽ ബാക്കിമുതൽ സമാന്തര റോഡ് തെക്കോട്ട് പുനരുദ്ധാരണ പ്രവർത്തി, എന്നീ വർക്കുകൾ എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

# ഒരുമനയൂർഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് ഉണ്ടാക്കുവാൻ സഹായിച്ചവർ

1. ശ്രീ. വി. എം. അഹമ്മു.
2. ശ്രീ ചീരക്കുഴി ഉണ്ണികൃഷ്ണൻ നായർ
3. കൃഷിഭവൻ ഓഫീസർ ശ്രീമതി സബിത
4. വെററിനറി ഡോക്ടർ ശ്രീമതി സിന്ധു
5. അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ ചാവക്കാട് ഇലക്ട്രിസിററി
6. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗുരുവായൂർ വാട്ടർ അതോററ്റി
7. അസി. എഞ്ചിനീയർ ഇലക്ട്രിസിററി മണത്തല ബീച്ച് സെക്ഷൻ
8. അസി. എഞ്ചിനീയർ വാട്ടർ അതോററ്റി ഗുരുവായൂർ
9. ശ്രീ എ. ടി. അഹമ്മതുണ്ണി.
10. ശ്രീ എ. പി. ഹസ്സനാർ
11. ശ്രീ എം. ഇ. വേലായുധൻ
12. ശ്രീ മന്നത്ത് അയ്യപ്പു
13. ശ്രീ കെ. വി. അബ്ദുൽ അസീസ്
14. ശ്രീ വി. കെ. മുഹമ്മത്ബീരാൻ
15. ശ്രീ പി. എം. അഹമ്മത് ഹാജി
16. ശ്രീ കെ. വി. മുഹമ്മത്
17. ശ്രീ ജോസഫ് പള്ളിപറമ്പൻ
18. ശ്രീ കെ. വി. അബ്ദുൽ റസാഖ് ഹാജി
19. ശ്രീ പി. വി. അബ്ദുൾ റസാഖ്
20. ശ്രീ വി. എ. ഗണേഷ്
21. ശ്രീ എൻ. പി. ഇബ്രാഹിംകുട്ടി
22. ശ്രീ പി. കെ. ബീരാവു
23. ശ്രീ കെ. വി. ശെനക്കത്തലി
24. ശ്രീ വി. പി. അബൂബക്കർ
25. ശ്രീ പി. കോയക്കുട്ടി
26. ശ്രീ വി. അബ്ദുൽ മനാഫ്
27. ശ്രീ എ. വി. മൊയ്തു
28. ശ്രീ വി. ടി. നൂറുദീൻ
29. ശ്രീ കെ. ടി. മുഹമ്മതുണ്ണി
30. ശ്രീ എ. എ. വേലായുധൻ
31. ശ്രീ സി. ഹംസു
32. ശ്രീ പി. കെ. കാദർ
33. ശ്രീ ആർ. വി. കബീർ
34 ശ്രീ പി. സി. ജോൺസൺ
35 ശ്രീമതി. ജി. വി. വിശാലാക്ഷി
36 ശ്രീ കെ. വി. അബ്ദുൽ മജീദ്
37. ശ്രീ എ. മുഹമ്മദ്

38. ശ്രീ എം. സത്യാനന്ദൻ
39. ശ്രീമതി വസുമതി കെ.
40. ശ്രീമതി. എം ബി മഹേശ്വരി
41. ശ്രീ പി. എസ്. എ. ജബ്ബാർ
42. ശ്രീമതി എം. കെ. ഗോമതി
43. ശ്രീമതി ഫിലോമിന ജോസ്
44 ശ്രീ കെ. ആർ സി. നായർ
45. ശ്രീ കെ. അബ്ദുൾറഹീം
46. ശ്രീ സി. എ മാധവൻ
47. ശ്രീ ജോഷി ഫ്രാൻസീസ്
48. ശ്രീമതി വി. കെ നളിനി
49. ശ്രീമതി രതി തേർ
50. ശ്രീ എൻ. കെ കാദർ
51. ശ്രീ എ. കെ. ഉമ്മർ കോയ
52. ശ്രീ. സി. എ ശിവരാമൻ
53. ശ്രീ എ. പി. അയമു
54. ശ്രീ. പി. സി അലികുട്ടി
55. ശ്രീ എ. മുഹമ്മദാലി
56. ശ്രീ കെ. ഹരിദാസ്
57. ശ്രീ. ടി. വി ബിജു
58. ശ്രീ. സി. എ ജോസഫ്
59. ശ്രീമതി വി. എ. രാധ
60. ശ്രീ സി. ഒ വർഗ്ഗീസ്
61. ശ്രീ. ഇ. പി. വിൻസൻറ്
62. ശ്രീ എം. എസ് കുമാരൻ
63. ശ്രീ സലീം നൂർ
64. ശ്രീമതി വത്സല എം. എസ്
65. ശ്രീ പി. വി. ഹംസ
66. ശ്രീ ആർ. ഒ. മുഖ്താർ
67. ശ്രീമതി ഇ. കെ. സാതിയ
68. ശ്രീ സി. മഹമ്മതാലി
69. ശ്രീ പി. കെ. കെ മുഹമ്മത്
70. ശ്രീ കുഞ്ഞിമൊയ്തുണ്ണികുട്ടി കുണ്ടിയത്ത്
71. ശ്രീ. എ. ടി പക്രു
72. ശ്രീ പി. പി. അബ്ദുൽ കാദർ
73. ശ്രീ വി. എം കാദർ
74. ശ്രീ ആർ വി. മുഹമ്മതാജി
75. ശ്രീ എ. ടി. ഇബ്രാഹിംകുട്ടി
76. ശ്രീ എ. ഇ. മുഹമ്മതാലി
77. ശ്രീ പി. ടി ഷംസു
78. ശ്രീ എം. വി. അബ്ദുള്ള മൌലവി
79. ശ്രീ. പി. കെ. കുഞ്ഞു മുഹമ്മത്
80. ശ്രീ എ. വി. നിസാമുദ്ധീൻ

81. ശ്രീ എ. വി. ഷമീർ
82. ശ്രീ പി. കെ. അഹമ്മത് കുട്ടി
83. പി. ടി. ലിയാക്കത്ത്
84. ശ്രീ കെ. പി. ബേബി
85. ശ്രീ ബി. നാരായണൻ
86. ശ്രീ എസ്. എസ്. സിറാജുദ്ധീൻ
87. ശ്രീ മുകുന്ദൻ നായർ
88. ശ്രീ കെ. ലോഹിദാക്ഷൻ
89. ശ്രീ എൻ. ടി. മുഹമ്മതാലി
90. ശ്രീ പി. ഒ അലിക്കുട്ടി
91. ശ്രീ കെ. കെ. കുഞ്ഞിമോൻ
92. ശ്രീ കെ. അശോകൻ
93. ശ്രീമതി ബീന വത്സൻ
94. ശ്രീമതി സുലോചന സി. ആർ
95. ശ്രീമതി സുജാത കെ. വി
96. ശ്രീമതി ജാനകി പി. എ
97. ശ്രീമതി ജാനകി കണാരൻ
98. ശ്രീമതി പി. എ. ലക്ഷ്മി
99. ശ്രീമതി മങ്ക വി. കെ
100. ശ്രീമതി ലത ടി. എ
101. ശ്രീമതി മിനി സി. കെ.
102. ശ്രീ കൊച്ചൗസേപ്പ് മാസ്ററർ
103. ശ്രീ പി. കെ. മുഹമ്മതുണ്ണിഹാജി
104. ശ്രീ പി. കെ കബീർ
105. ശ്രീ എം. വി. അലിക്കുട്ടി
106. ശ്രീ പി. ഒ. അലിക്കുട്ടി
107. ശ്രീമതി സൈറ പി. ഷാനു
108. ശ്രീ. സി. സി. സുബ്രമണ്യൻ
109. ശ്രീമതി എം. എൻ തുളസി
110. ശ്രീമതി ജോസഫീന
111. ശ്രീ ബാലചന്ദ്രൻ

# കൃഷി

## ആമുഖം

ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 519 ഹെക്ടർ ഭൂമിയിൽ.ഏകദേശം 450 ഹെക്ടർ സ്ഥലവും തെങ്ങ് കൃഷിക്കാണ് ഉപയോഗപ്പെടുത്തുന്നത്. പൊതുവായി ജൈവാംശം കുറഞ്ഞ മണൽ മണ്ണാണ്. പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം 8 ആണ്. പടിഞ്ഞാറ് ഭാഗത്ത് കനോലികനാലും, കിഴക്ക് കാളാനി പുഴയും. തെക്ക് ചേറ്റുവ പുഴയും വടക്ക് കണ്ണികുത്തിതോടും സ്ഥിതിചെയ്യുന്നു. ഉപ്പുരസം കലർന്ന ജലമാണ് ഇവിടെ ലഭിക്കുന്നത്.

1936-ൽ ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിക്കപ്പെട്ട ഒരുമനയൂർ ലോക്കും, വെളിയങ്കോട് ലോക്കും ഉപ്പുവെള്ളം നിയന്ത്രിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിരുന്നു. ആ കാലത്ത് പകുതിയിൽ കുടുതൽ സ്ഥലവും നെൽപാടങ്ങൾ ആയിരുന്നു. ലോക്കുകളുടെ കേടുപാടുകൾ മൂലം ഉപ്പുവെള്ളം കയറി കൃഷി നശിക്കുവാൻ ഇടയായി. അതോടൊപ്പം ജനസംഖ്യവർദ്ധനവ് മൂലം വീടുകളുടെ എണ്ണം കൂടുകയും ചെയ്തതോടെ അല്പംപോലും നെൽകൃഷിയില്ലാത്ത അവസ്ഥയിലായി.

ഈഗ്രാമത്തിൽ ഭൂരിഭാഗം കർഷകരും, ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമിയുള്ള ചെറുകിടപരിമിത കർഷകരാണ്. മുൻ കാലങ്ങളിൽ നെല്ല്, കശുമാവ്, രാമച്ചം, മരച്ചീനി, വാഴ, രാഗി, പയറ്, എള്ള് എന്നിവ ഇവിടെ സമൃദ്ധിയായി കൃഷിചെയ്തിരുന്നു. ഉപ്പുവെള്ളത്തിൻെറ കടന്നാക്രമണം മൂലം തെങ്ങൊഴികെയുള്ള കൃഷികളെല്ലാം നാമാവശേഷമായി.

## ഒരുമനയൂർ കൃഷിഭവൻ

1987 സെപ്ററംബർ 1-ാം തിയ്യതി ഒരുമനയൂർ കൃഷിഭവൻ നിലവിൽ വന്നു; രണ്ട് കൃഷി അസിസ്ററൻറ് മാരും ഒരു കൃഷി ഓഫീസറുമാണ് ഇവിടെ അനുവദിക്കപ്പെട്ടിട്ടുള്ളത്. കൃഷിഭവനിൽ നിന്നും ഇതുവരെയായി നടപ്പിലാക്കിയ പദ്ധതികളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

### (1) സമഗ്രനാളികേരവികസന പദ്ധതി:

ഈ പദ്ധതി വഴി 30 സെൻറിൽ കൂടുതൽ ഭൂമിയുള്ള കർഷകർക്ക് ജലസേചനത്തിനായി കിണർകുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും പരമാവധി 2500/- എന്ന നിരക്കിൽ ചെലവിൻെറ $^1/_3$ സബ്സിഡിയായി നൽകുന്നു. 94-95 വർഷത്തിൽ 12500/- കിണറിനും 11960/- പമ്പ് സെറ്റിനും സബ്സിഡിയായി വിതരണം ചെയ്തു. 95-96 വർഷത്തിൽ 10 കിണറുകൾക്ക് സബ്സിഡിയായി 25000/- യും വിതരണം ചെയ്തു. 1994 നവംമ്പർ 24-ാം തിയ്യതി പഞ്ചായത്തിൽ കേരസമിതി രുപീകരിച്ചു. തെങ്ങുകയറ്റത്തിൽ പരിശീലനം നൽകിയ രണ്ട് തൊഴിലാളികൾക്ക് തെങ്ങ് കയറ്റ ഉപകരണ

**2.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജിൻെറ പേര് | പുരയിടം | നിലം | പുറംമ്പോക്ക് | തരിശ് | ആകെ | 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനുമേൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഒരുമനയൂർ | 225/0914 | 139/4330 | 97/5259 | Nil | 462 0503 | 1508 | 1200 | 800 | 750 | 208 | 150 | 80 |

## 2.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജിന്റെ പേര് | റോഡ് | തോട് | കുളം | പുഴ | റെയിൽവേ | റവന്യൂ | വനം | കിണർ | ശ്മശാനം | ആയുർവ്വേദ ആശുപത്രി | പഞ്ചായത്ത് | അ ഫെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 1 |
| ഒരുമനയൂർ | 10/8375 | 11/8775 | ഇല്ല | 74/2608 | ഇല്ല | 0/0526 | ഇല്ല | 0/0121 | 0/2507 | 1012 | 3335 | |

3.9

| | വിസ്തീർണ്ണം (ഏക്കറിൽ) | | |
|---|---|---|---|
| വാർഡ് നമ്പർ | നാമയാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനുമുകളിൽ) |
| 1 | 2 | 3 | 4 |
| 1 | 291 | 8 | - |
| 2 | 323 | - | - |
| 3 | 339 | 1 | - |
| 4 | 403 | 5 | - |
| 5 | 379 | 3 | - |
| 6 | 305 | 1 | 3 |
| 7 | 319 | 6 | 1 |
| 8 | 369 | 6 | 0 |

## 3.2 വിള വിസ്തീർണ്ണം ഉൽപാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദന ക്ഷമത (ഹെക്ടറിൽ |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | - | - | - |
| നെല്ല് (രണ്ടാം വിള) | - | - | - |
| നെല്ല് ( മൂന്നാം വിള) | - | - | - |
| പയർ | - | - | - |
| എള്ള് | - | - | - |
| പച്ചക്കറികൾ | - | - | - |
| തെങ്ങ് | 450 ഹെക്ടർ | 2330751 | 5179 |
| വാഴ | - | - | - |
| മരച്ചീനി | - | - | - |
| കുരുമുളക് | - | - | - |
| പ്ലാവ് | - | - | - |
| കശുമാവ് | - | - | - |
| മാവ് | - | - | - |
| റബ്ബർ | - | - | - |
| കവുങ്ങ് | - | - | - |
| | | (മററു വിളകൾ വീട്ടാവശ്യത്തിന് മാത്രം കൃഷി ചെയ്യുന്നുണ്ട്, നെല്ല്, എള്ള്, റബ്ബർ ഒഴികെ) | |

## 3.8 കാർഷികോപകരണങ്ങൾ

| | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | ടാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കസ്പ്രെയർ | നാപ്സ്ററാക് സ്പ്രെയർ | മററുള്ളവ | മെതി യന്ത്രം | തെങ്ങു കയററു യന്ത്രം | പോർട്ടബിൾ പമ്പുസെററ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| - | - | - | - | 10 Nos. | - | - | - | 3 Nos. | 25 Nos. |

# മൃഗസംരക്ഷണം

ഒരുമനയൂർ ഗ്രാമ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിൻെറ ആഭിമുഖ്യത്തിൽ M L D P (Massive Livestock Development Programme)സ്കീം പ്രകാരം 1000 കോഴിക്കുഞ്ഞുങ്ങളെ 95-96 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. K L D Board ൻേറയും മൃഗസംരക്ഷണ വകുപ്പിൻേറയും സംയുക്താഭിമുഖ്യത്തിൽ പശുക്കളിലും എരുമകളിലും കൃത്രിമ ബീജസങ്കലന പരിപാടിയിലൂടെ മേൽത്തരം കന്നുകുട്ടികളെ വളർത്തിയെടുക്കുന്നതിനുള്ള സാധ്യത നടപ്പിലാക്കി വരുന്നു. കുളമ്പുകേടിനും കാലി വസന്തക്കും. പേവിഷബാധക്കും എതിരേയുള്ള കുത്തിവെപ്പുകൾ സബ്സിഡി നിരക്കിൽ നടത്തി വരുന്നു. ഗോരക്ഷാ ക്യാമ്പുകളും വന്ധ്യതാ നിവാരണ ക്യാമ്പുകളും വിദഗ്ദ ഡോക്ടർമാരുടെ സഹായത്തോടെ സൗജന്യമായി നൽകി വരുന്നു.

## വളർത്തുമൃഗങ്ങൾ

ഭാരതത്തിൻെറ മൊത്തം ആഭ്യന്തര ഉല്പാദനത്തിൻെറ 10% സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ മേഖലയാണ്. കാർഷിക വരുമാനത്തിൻെറ കാര്യത്തിലാണെങ്കിൽ 25% മൃഗസംരക്ഷണ മേഖലയുടെ സംഭാവനയാണ്. എന്നാൽ മൊത്തം കാർഷിക മേഖലക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൻെറ വെറും 6.98% മാത്രമേ മൃഗ സംരക്ഷണ മേഖലക്ക് ലഭിക്കുന്നുള്ളു എന്നത് ദുഃഖകരമായ വസ്തുതയാണ്. കേരളത്തിൻെറ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ ഇവിടെ ഉല്പാദിപ്പിക്കുന്ന മൊത്തം സ്വാഭാവിക റബ്ബറിൻെറ മൂല്യത്തേക്കാൾ അധികം രൂപക്കുള്ള പാൽ നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. പാലിൻെറ മൊത്തം മൂല്യം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന അരിയുടെ മൂല്യത്തേക്കാൾ അധികമാണ് എന്നത് ഏറെ ശ്രദ്ധേയമാണ്.

ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭ്യമാക്കുന്ന അപൂർവ്വം ചില തൊഴിൽ മേഖലകളിൽ ഒന്നാണ് മൃഗസംരക്ഷണം. ഈ മേഖലയിലെ ഉല്പന്നങ്ങൾ ഏറിയ പങ്കും സംസ്ഥാനത്തിനകത്ത് ഉപയോഗിക്കുന്നതിനാൽ അന്താരാഷ്ട്ര വിപണിയിലെ താളത്തെററലുകളും കേന്ദ്ര സർക്കാറിൻെറ ഇറക്കുമതി നയവും ഈ ഉല്പന്നങ്ങളുടെ വിപണിയെ സാരമായി ബാധിക്കുകയില്ല.

ഗ്രാമീണ ജനതക്ക് കൂടുതൽ തൊഴിലവസരങ്ങൾ, ദൈനംദിന വരുമാന വർദ്ധന പോഷക പ്രധാനമായ

| വാർഡ് | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|
| | കറവ് ഉള്ളവ | കറവ് ഇല്ലാത്തവ | കറവ് ഉള്ളവ | കറവ് ഇല്ലാത്തവ | കറവ് ഉള്ളവ | കറവ് ഇല്ലാത്തവ | - | - | - |
| 1 | 14 | 3 | 42 | 2 | 6 | 4 | 12 | 20 | - |
| 2 | 7 | 2 | 17 | 4 | - | - | 4 | 16 | 7 |
| 3 | 3 | 4 | 18 | 21 | - | - | 20 | 19 | 5 |
| 4 | 9 | 7 | 15 | 13 | 2 | - | 16 | 31 | 4 |
| 5 | 6 | 13 | 9 | 21 | 1 | - | 15 | 122 | 6 |
| 6 | 4 | 5 | 26 | 17 | - | - | 17 | 31 | 9 |
| 7 | 9 | 14 | 17 | 23 | 2 | - | 5 | 30 | 11 |
| 8 | 7 | 16 | 13 | 16 | - | - | 12 | 21 | 19 |
| ആകെ | 59 | 64 | 157 | 117 | 11 | 4 | 101 | 220 | 61 |

## വളർത്തു പക്ഷികൾ

| വാർഡ് | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മററുള്ളവ |
|---|---|---|---|---|---|---|
| | - | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 150 | 450 | 560 | 32 | 110 | 27 |
| 2 | 100 | 300 | 470 | 18 | 86 | 14 |
| 3 | 81 | 327 | 396 | 29 | 42 | 23 |
| 4 | 96 | 217 | 318 | 17 | 39 | 11 |
| 5 | 59 | 274 | 341 | 15 | 51 | 14 |
| 6 | 23 | 181 | 230 | 12 | 27 | 9 |
| 7 | 41 | 174 | 206 | 9 | 30 | 12 |
| 8 | 28 | 163 | 217 | 12 | 34 | 16 |
| ആകെ | 578 | 2086 | 2738 | 144 | 419 | 126 |

## രോഗ വിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായവ | 40 | 10 | 20 | - | 10 | - |
| 2 | ശ്വാസകോശ സംബന്ധം | 18 | 10 | 14 | - | 7 | - |
| 3 | ഉപാപചയ സംബന്ധം | 105 | 6 | 29 | - | - | - |
| 4 | ത്വക് രോഗങ്ങൾ | 70 | 3 | 7 | 4 | - | - |
| 5 | ധാതുലവണങ്ങളുടെ അഭാവം | 105 | - | 80 | - | - | - |
| 6 | പരാദ രോഗങ്ങൾ | 13 | 7 | 30 | - | - | 191 |
| 7 | പ്രത്യുത്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ടവ | 28 | 2 | 28 | - | - | - |
| 8 | വന്ധ്യത | 27 | - | 20 | - | - | - |
| 9 | അകിടു വീക്കം | 38 | - | 15 | - | - | - |
| 10 | മുടന്തൻ പനി | 41 | 2 | - | - | - | - |
| 11 | പകർച്ച വ്യാധികൾ | 4 | 15 | - | - | - | - |

## പേവിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | മററുള്ളവ |
|---|---|---|---|---|---|
| പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം | - | - | - | 50 | - |
| കടി ഏററതിനുശേഷം കുത്തിവെപ്പ് നടത്തിയവയുടെ എണ്ണം | - | - | - | - | - |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 360 | 280 | 150 |
| കിടാരി | 42 | - | - |
| എരുമ | 26 | 20 | 13 |

ഭക്ഷ്യവസ്തുക്കളായ പാൽ, മുട്ട, മാംസം എന്നിവയുടെ അധികോല്പാദനം, കൂടാതെ വ്യവസായിക പ്രാധാന്യമുള്ള ജെലാററിൻ തുടങ്ങിയവയുടെ ഉല്പാദനം ഔഷധങ്ങളുടെ നിർമ്മാണം, പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകൾ, ജൈവവളങ്ങൾ, പരിസ്ഥിതിക്കിണങ്ങുന്ന മൃഗശക്തി എന്നിവയൊക്കെ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകളാണ്. ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണം (പേവിഷബാധ) മാംസ പരിശോധനയിലൂടെ സംശുദ്ധമായ മാംസോല്പാദനം തുടങ്ങിയവ ഈ മേഖല നൽകുന്ന പൊതുജനാരോഗ്യ സേവനങ്ങളാണ്.

1960 കളുടെ മദ്ധ്യത്തിൽ മൊത്തം പാലുല്പാദനം ഏതാണ്ട് രണ്ട് ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 22.46 ലക്ഷം ടൺ ആയി വർദ്ധിച്ചിരിക്കുന്നു. (ഏതാണ്ട് 10 ഇരട്ടിയിലധികം) പക്ഷേ മൃഗസംരക്ഷണമേഖലയിലെ നേട്ടങ്ങൾ പ്രധാനമായും പാലുല്പാദന രംഗത്തു മാത്രം ഒതുങ്ങി നിന്നു. മുട്ട, മാംസോല്പാദനം എന്നിവയുടെ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മുട്ട, മാംസം എന്നിവയുടെ ആവശ്യം അനുദിനം വർദ്ധിച്ചു വരികയാണ്. കേരളത്തിൻെറ മാംസോല്പാദന രംഗത്ത് 85-90% വരെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ക്രയ വിക്രയം ചെയ്യപ്പെടുന്ന സമ്പത്തിൻെറ ഏറിയ കൂറും സംസ്ഥാനത്തിന് പുറത്തേക്ക് ഒഴുകുന്നു. അതുകൊണ്ടു തന്നെ സ്വയം പര്യാപ്തതക്ക് ഉതകുന്ന, അതിന് മുൻ തൂക്കം നൽകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം ഈ സമ്പത്ത് ഗ്രാമീണ ഉല്പാദകൻെറ കൈകളിൽ എത്തിച്ചേരും.

മൃഗസംരക്ഷണ മേഖലയുടെ വികസനം മുട്ട, പാൽ, മാംസം മുതലായ ഉല്പന്നങ്ങളുടെ ഉല്പാദന വർദ്ധനവ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വെെററിനറി സർവ്വീസ് വികസനം, ആധുനികവൽക്കരണം, ആസൂത്രണം എന്നിവയെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

## നിർദ്ദേശങ്ങൾ

1. മുട്ട: ഏതാണ്ടൊരു ദശാബ്ദം മുൻപ് വരെ കോഴിമുട്ട കയററുമതി ചെയ്തിരുന്ന കേരളം ഇന്ന് വ്യാപകമായി മുട്ട ഇറക്കുമതി ചെയ്യുകയാണ്. ദിനംപ്രതി 80 ലക്ഷം മുട്ട കേരളത്തിലേക്ക് കയററി അയക്കുന്നതായാണ് നാഷണൽ എഗ്ഗ് കോർഡിനേഷൻ കമ്മിററിയുടെ കണക്ക്. കേരളത്തിൽ ഉപഭോഗത്തിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ട് പഞ്ചായത്തിൽ അടുക്കള മുററത്തെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക, ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, എഗ്ഗർലെയർ. നഴ്സറി സ്ഥാപിക്കുക, പോഷകമുല്യമുള്ള കോഴിത്തീററകൾ ഉണ്ടാക്കുന്നതിന് നടപടികൾ എടുക്കുക എന്നിവയെല്ലാമാണ് പ്രശ്ന പരിഹാരങ്ങൾ.
2. മാംസോല്പാദനം: അസംഘടിത മേഖലയിലുള്ള മാംസോല്പാദന സംസ്കരണ വിപണന രംഗം സംഘടിത മേഖലയിലാക്കുക, മാംസോല്പാദന രംഗത്തെ അശാസ്ത്രീയത ഒഴിവാക്കുക, വൃത്തി ഹീനങ്ങളായ കശാപ്പുശാലയിലെ രോഗം പിടിപെട്ട മൃഗങ്ങളെ കശാപ്പു ചെയ്യുന്നതും മററും നിയന്ത്രിക്കുക, തോൽ, മാംസം, രക്തം തുടങ്ങിയവ ഉപയോഗിച്ച് നടത്താവുന്ന വ്യവസായ യൂണിററുകൾ സ്ഥാപിക്കുക, മാംസ പരിശോധന നിർബന്ധമാക്കുക, അനധികൃത കശാപ്പുശാലകൾ നിർത്തലാക്കുക, ശാസ്ത്രീയ അറവു സമ്പ്രദായങ്ങൾ നടപ്പിൽ വരുത്തുക ഇവയെല്ലാം ഈ രംഗത്ത് ശ്രദ്ധ ചെലുത്തേണ്ട കാര്യങ്ങളാണ്.

   മാംസ സംസ്കരണ വിപണനരംഗം സുസംഘടിതമാകുന്നതോടെ കുടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകും. കൂടാതെ കാളക്കുട്ടികളുടെ പരിപാലനം, ആടുവളർത്തൽ, പന്നി വളർത്തൽ, ഇറച്ചി മുയൽ വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ താറാവ് വളർത്തൽ തുടങ്ങിയ മേഖലകളിലും അത്ഭുതപൂർവ്വമായ കുതിച്ചു ചാട്ടം തന്നെയുണ്ടാകുന്നതാണ്.

### II സേവന മേഖല

മെച്ചപ്പെട്ട ആശുപത്രി സൗകര്യങ്ങൾ - ആവശ്യത്തിന് ഫർണീച്ചർ - വാഹന സൗകര്യം, റഫ്രിജറേറർ, ടെലഫോൺ സൗകര്യം, മിനി ഓപ്പറേഷൻ തിയ്യറർ, മെച്ചപ്പെട്ട ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ഈ രംഗത്ത് അത്യന്താപേക്ഷിതമാണ്. കാർഷിക പ്രസിദ്ധീകരണങ്ങളുടെ വായനശാല സ്ഥാപിക്കുക, കാർഷിക വിജ്ഞാനബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനോടനുബന്ധിച്ച് ഹാളുകൾ നിർമ്മിക്കുക, SPCA യുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുക തുടങ്ങിയവ.

## മാതൃക പദ്ധതികൾ

1. ഡയറി യൂണിററുകൾ : ചെറുകിട നാമമാത്ര കർഷകത്തൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷിപ്പിക്കുക, ഉപതൊഴിലെന്ന രീതിയിലോ, മുഖ്യതൊഴിലെന്ന രീതിയിലോ പ്രോത്സാഹനം നൽകുക, വീട്ടമ്മമാരുടേയും, വിദ്യാർത്ഥികളുടേയും ഒഴിവു സമയം ഫലപ്രദമായി വിനിയോഗിച്ച് പാലിൻെറ ഉല്പാദനം വർദ്ധിപ്പിക്കുക, ജൈവവള ലഭ്യത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ രംഗത്തെ ഉദ്ദേശ ലക്ഷ്യങ്ങൾ.

   ഒരു വീട്ടിൽ ഒരു പശു എന്ന രീതിയിലോ, മിനി ഡയറി യൂണിററ് ആയോ, 5 മുതൽ 10 വരെ പശുക്കളെ വ്യാവസായികാടിസ്ഥാനത്തിൽ മുഖ്യതൊഴിലെന്ന രീതിയിലോ നടത്താവുന്ന പദ്ധതികൾ ആവിഷ്കരിക്കുക.
2. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിപുലീകരണം : ഇപ്പോൾ മൃഗസംരക്ഷണവകുപ്പ് നടപ്പാക്കി വരുന്ന ഈ പദ്ധതിയുടെ ലക്ഷ്യം മേൽത്തരം സങ്കരവർഗ്ഗ കിടാരികളുടെ ഗർഭകാല സംരക്ഷണം ഉറപ്പാക്കുകയാണ്. എരുമ കിടാരികളെയും, കൂടുതൽ സങ്കരവർഗ്ഗ പശുക്കിടാരികളേയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കുന്നത് വഴി പാലുല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.
3. **സങ്കരവർഗ്ഗപ്പശുക്കൾക്ക് കാലിത്തീററ സബ്സിഡി** : പാലുല്പാദനമുള്ള ചെറുകിട നാമമാത്ര കർഷകരുടെ സങ്കര വർഗ്ഗപ്പശുക്കൾക്ക് പ്രൊഡക്ഷൻ ഇൻസെൻറീവായി കാലിത്തീററ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
4. **വൈററമിൻ ധാതു ലവണ മിശ്രിതം വിതരണ പദ്ധതി** : പാലുല്പാദന ക്ഷമതയും, പ്രത്യുൽപാദന ക്ഷമതയുമുള്ള മേൽത്തരം സങ്കരവർഗ്ഗപ്പശുക്കൾക്ക് സൗജന്യമായി വൈററമിൻ ധാതുലവണ മിശ്രിതം വിതരണം ചെയ്യുകയാണ് പദ്ധതി ലക്ഷ്യം.

5. **തീററപ്പുൽകൃഷി പ്രചരണ പദ്ധതി :** ലാഭകരമായ പാലുല്പാദനത്തിൻെറ ഒരു പ്രധാന ഘടകമാണ് ഗുണനിലവാരമുള്ള തീററപ്പുല്ലിൻെറ ലഭ്യത. തെങ്ങിൻതോപ്പുകളിലും മററും ഇടവിളയായും, തരിശായിട്ടിരിക്കുന്ന നെൽപ്പാടങ്ങളിലും സർക്കാർ പുറം പോക്കു സ്ഥലങ്ങളിലും തീററപ്പുൽ കൃഷി നടത്താവുന്നതാണ്.
6. **തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണം :** തൊഴുത്തുകളുടെ തറ ശാസ്ത്രീയമായി പുനർനിർമ്മിക്കുന്നതിലൂടെ 5 മുതൽ 10% വരെ ഉല്പാദന നഷ്ടം ഉണ്ടാക്കുന്ന അകിടു വീക്കം, കുളമ്പുദീനം മുതലായ രോഗങ്ങൾ ഒഴിവാക്കുവാൻ സാധിക്കുന്നു.
7. **കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ :** ഇപ്പോഴത്തെ പ്രജനന നയം അനുസരിച്ച് ഓരോ 750 പ്രത്യുല്പാദനശേഷിയുള്ള പശുക്കൾക്ക് ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രം എന്നത് ഓരോ 500 പ്രത്യുല്പാദനശേഷിയുള്ള പശുക്കൾക്ക് ഒരു കേന്ദ്രം എന്ന തോതിൽ പുന:സംഘടിപ്പിക്കേണ്ടതാണ്.
8. **കാളകുട്ടി പരിപാലനം :** നമ്മുടെ കർഷകർക്കുണ്ടാകുന്ന കാളകുട്ടികളിൽ ഏറിയപങ്കും ശരിയായ പരിചരണം കിട്ടാതെ വളർച്ച മുരടിച്ചു പോകുകയോ, മരണമടയുകയോ ആണ് പതിവ്. രണ്ടോ മൂന്നോ മാസം പ്രായമായ 5 കാളക്കുട്ടികളെ തിരഞ്ഞെടുത്ത് 6 മാസം പ്രായമാകുമ്പോൾ വരിയുടച്ച് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനു വേണ്ടി ഉപയോഗപ്പെടുത്തുകയാണ് പദ്ധതി ലക്ഷ്യം.
9. **ആടു വളർത്തൽ പദ്ധതി :** ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്കനുയോജ്യം. വീട്ടമ്മമാരുടേയും കുട്ടികളുടേയും അദ്ധ്വാനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യാം. തിരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രങ്ങളിൽ മുട്ടനാടുകളെ വളർത്തി പ്രജനന യൂണിററുകൾ സ്ഥാപിക്കാം.
10. **മുയൽ വളർത്തൽ :** ചുരുങ്ങിയ മൂലധന നിക്ഷേപം കൊണ്ട് താഴേക്കിടയിലുള്ള കർഷകത്തൊഴിലാളികൾ, ഭൂരഹിത കർഷകർ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർക്ക് ലാഭകരമായ ഒരു ഉപതൊഴിലായി ഇത് തുടങ്ങാവുന്നതാണ്. 10 പെൺമുയലുകളും രണ്ട് ആൺമുയലുകളും അടങ്ങുന്നതാണ് ഒരു യൂണിററ്. വിവിധ സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വർഷവും ഒരു ആൺമുയലും രണ്ട് പെൺമുയലുകളും അടങ്ങിയ ഓരോ യൂണിററു വീതം നൽകുക. 9-ാം ക്ലാസ്സിലും 10-ാം ക്ലാസ്സിലും എത്തുമ്പോൾ അവർ ഒരു ജോഡി മുയൽക്കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് തിരികെ നൽകണം! അവയെ വീണ്ടും വിതരണം ചെയ്യാം.
11. **എഗ്ഗർ ലെയർ നഴ്സറികൾ :** അടുക്കളമുററത്തെ കോഴി വളർത്തൽ പദ്ധതിയിൽ വേണ്ടി വരുന്ന കോഴിക്കുഞ്ഞുങ്ങളെ പഞ്ചായത്തിൽ വളർത്തിയെടുക്കുന്നതിന് 500 കോഴിക്കുഞ്ഞുങ്ങളെ വളർത്താവുന്ന (ഒരു ദിവസം മുതൽ 60 ദിവസം വരെ) ഒന്നോ രണ്ടോ നഴ്സറികൾ തുടങ്ങാവുന്നതാണ്. ഒരു വർഷം 5 തവണയെങ്കിലും കോഴിക്കുഞ്ഞുങ്ങളെ വളർത്തി വിൽക്കാം.
12. **സ്കൂൾ പൗൾട്രി ക്ലബ്ബ് :** കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴി വളർത്തലിൽ താല്പര്യവും ഉണ്ടാക്കുകയാണ് ലക്ഷ്യം. 60 ദിവസം പ്രായമുള്ള മൂന്ന് കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി ഗുണഭോക്താക്കളായ കുട്ടികൾക്ക് നൽകാവുന്നതാണ്.
13. **ഇറച്ചിക്കോഴി വളർത്തൽ :** സഹകരണാടിസ്ഥാനത്തിൽ വളരെ വിപുലമായ രീതിയിൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ശേഖരിച്ച് വളർത്തി ഇടത്തട്ടുകാരെ ഒഴിവാക്കി വിപണനം നടത്തി വളരെയധികം സാമ്പത്തിക നേട്ടമുണ്ടാക്കാവുന്ന മേഖലയാണിത്.
14. **താറാവു വളർത്തൽ :** ഒരുമനയൂർ പഞ്ചായത്ത് ഭുപ്രകൃതിയനുസരിച്ച് താറാവു വളർത്തലിന് അനുയോജ്യമാണ്. ഒരു കർഷകന് ഒരു മാസം പ്രായമുള്ള 20 താറാവുകളെ വിതരണം ചെയ്യാം.
15. **ചെറുകിട കാലിത്തീററ യൂണിററുകൾ :** സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലിത്തീററ നിർമ്മാണ യൂണിററുകൾ സ്ഥാപിച്ച് സൊസൈററികൾ മുഖേന വിപണനം നടത്താവുന്നതാണ്.
16. **സമ്മിശ്ര മൃഗപരിപാലനം :** മൃഗപരിപാലനത്തോടൊപ്പം കൃഷി, മത്സ്യവളർത്തൽ, പശുവളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ, പന്നി വളർത്തൽ എന്നിവ സംയോജിപ്പിച്ച് ലഭ്യമായ കൃഷി സ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തി ലാഭം കൂട്ടുകയാണ് ലക്ഷ്യം. നിലവിലുള്ള കാർഷിക വിളകൾക്കൊപ്പം മൂന്നു പശുക്കൾ, മൂന്ന് ആട്ടിൻകുട്ടികൾ, 25 കോഴികൾ, 20 താറാവുകൾ എന്നിവയെ വളർത്തുകയും പുൽകൃഷി ചെയ്യുകയുമാണ് രീതി. മൂന്ന് ക്യൂബിക് മീററർ വലിപ്പമുള്ള ഗോബർ ഗ്യാസ് പ്ലാൻറും പ്രവർത്തിപ്പിക്കാം. അതിൻെറ മട്ട് കാർഷിക വിളക്കും, പുൽകൃഷിക്കും ജൈവവളമായി ഉപയോഗിക്കാം.

17 : **സമ്പൂർണ്ണ പേവിഷബാധ നിയന്ത്രണ തീവ്രയത്ന പരിപാടി :** മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരാ

വുന്ന ഏററവും മാരകമായ ഒരു വൈറസ് രോഗമാണ് പേവിഷബാധ. ഇന്ത്യയിൽ ഈ രോഗം പകരുന്നത് 95% വും പേവിഷബാധയേററ നായ്ക്കളുടെ കടിയിലൂടെയാണ്. തെരുവു നായ്ക്കളെ നശിപ്പിക്കലും, വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തുകയുമാണ് ഈ രോഗം തടയുന്നതിനുള്ള ഏക പോംവഴി. കുത്തിവെയ്പ് നടത്തിയിട്ടുള്ള നായ്ക്കളിൽ പോലും രോഗ പ്രതിരോധ ശേഷി ഒരു വർഷം മാത്രമേ കാര്യക്ഷമമായി നിലനിൽക്കുന്നുള്ളു. ആയതിനാൽ വർഷം തോറും നായ്ക്കളെ പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കേണ്ടതാണ്.

18. മൃഗാശുപത്രികളുടെ നവീകരണം : മൃഗാശുപത്രിയുടെ കാലാകാലങ്ങളിലെ റിപ്പയർ, നവീകരണം, ഫോൺ സൗകര്യം, മററു സൗകര്യങ്ങൾ വെററിനറി ആംബുലൻസ് എന്നിവയും നടപ്പാക്കേണ്ടതാണ്.

19. ഗോരക്ഷാ ക്യാമ്പുകൾ / വന്ധ്യതാനിവാരണ ക്യാമ്പുകൾ : കൂടുതൽ വിപുലമായ രീതിയിൽ ഗോരക്ഷാ ക്യാമ്പുകൾ, വന്ധ്യതാനിവാരണ ക്യാമ്പുകൾ എന്നിവ നടത്തുന്നതിന് കൂടുതൽ തുക വിലയിരുത്തേണ്ടതാണ്.

20. സമഗ്ര കന്നുകാലി ഇൻഷുറൻസ് : പഞ്ചായത്തിലെ ചെറുകിട നാമമാത്ര കർഷകരുടെ ഉടമസ്ഥതയിലുള്ള സങ്കരയിനം പശു, എരുമ, ആട്, പോത്ത്, കാള എന്നിവയെ ഇൻഷുറൻസ് സംരക്ഷണയിൽ കൊണ്ടു വരിക. പദ്ധതിയിൽ ഉൾപ്പെട്ട മൃഗത്തിന് രോഗം മൂലമോ, അപകടം മൂലമോ മരണം സംഭവിക്കുകയോ, മററു കാരണങ്ങൾ കൊണ്ട് സ്ഥിരവും പൂർണ്ണവുമായ ഉത്പാദന വൈകല്യം സംഭവിക്കുകയോ ചെയ്താൽ കർഷകന് നഷ്ടപരിഹാരം നൽകണം.

# മത്സ്യബന്ധനം

ഒരുമനയൂർ ഗ്രാമപഞ്ചായത്തിൻെറ കിഴക്ക് ഭാഗങ്ങളിലൂടെ ഒഴുകുന്ന നാലു കിലോമീററോളം നീളമുള്ള പുഴകൾ, നാലു കിലോമീററർ കനാൽ, 11 ഏക്കർ തോടുകൾ, വലിയ ഒന്നുരണ്ട് കുളങ്ങൾ അടങ്ങുന്നതാണ് പഞ്ചായത്ത്. പുഴയുടെ ഒരു ചെറിയ ഭാഗം ഉപരിതല മത്സ്യബന്ധന സാധ്യതകൾ ബന്ധപ്പെട്ട് കിടക്കുന്നു. കൂടാതെ ചെമ്മീൻ കൃഷിക്ക് സാധ്യതയുള്ള 74 ഏക്കർ പുഴ പഞ്ചായത്തിൻെറ കീഴിലുണ്ട്.

മത്സ്യബന്ധനം മുഖ്യം തൊഴിലായിട്ടുള്ളവർ ഏകദേശം 40 പേരാണ് പഞ്ചായത്തിലുള്ളതെന്നും സാമൂഹ്യ സാമ്പത്തിക സർവ്വെ വെളിപ്പെടുത്തിയിരിക്കുന്നു. ഇവരിൽ സ്വന്തമായി വള്ളവും, വലയും ഉള്ളവർ വളരെ കുറച്ച് മാത്രമെ ഉള്ളൂ. ആററുവരാൽ, ചെമ്പല്ലി, കണമ്പ്, കരിമീൻ, പൂവാൻ, പ്രായി, പോട്ട, കൊഞ്ച്, ഞണ്ട് തുടങ്ങിയവയാണ് കൂടുതലായി ലഭിക്കാറുള്ള മത്സ്യങ്ങൾ. മത്സ്യങ്ങളുടെ വിപണനം പ്രാദേശികമായിതന്നെയാണ് നടത്താറുള്ളത്. ഉൾനാടൻ മത്സ്യബന്ധന സാധ്യതകൾ തീരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മത്സ്യകൃഷി ചെയ്യാൻ പററിയ കുളങ്ങൾ അത്യാവശ്യമായിട്ടുണ്ട്. എന്നാൽ വലിയ കുളങ്ങളെല്ലാം തന്നെ ക്ഷേത്രകുളങ്ങളാണെന്നത് മത്സ്യകൃഷിക്ക് ഇവിടെ സാധ്യത കുറയ്ക്കുന്നു. അഞ്ചാം വാർഡിൻെറ കിഴക്ക് ഭാഗത്ത് 100 ഏക്കറോളമുള്ള പുഴസ്ഥലം സ്വകാര്യ വ്യക്തി ചെമ്മീൻ കൃഷി നടത്തുന്നുണ്ട്. ചിററിലപ്പുള്ളിക്കാരുടെ വകയാണ് മേൽപറഞ്ഞ ബണ്ട്. ഇതിൻെറ നാലു ഭാഗത്തും ഏകദേശം നാനൂറ് തെങ്ങുകൾ വെച്ച് പിടിപ്പിച്ച് ബണ്ടിനെ ബലപ്പെടുത്തിയിരിക്കുന്നു. അതുപോലെ പഞ്ചായത്തിൻെറ കീഴിലുള്ള 74 ഏക്കർ സ്ഥലത്ത് ബണ്ടുകൾ കെട്ടി പഞ്ചായത്തിൻെറ കീഴിൽ ചെമ്മീൻ കൃഷി നടത്തുവാൻ സാധിക്കും എന്നാണ് തോന്നുന്നത്. ചെമ്മീനും മററു മത്സ്യങ്ങളെ വളർത്തുന്നതിന് സൗകര്യമുണ്ട്. ഇപ്പോഴുള്ള ബണ്ടിൽ നിന്ന് ഇടയ്ക്കിടെ ആയിരകണക്കിന് രൂപയ്ക്കുള്ള ചെമ്മീൻ, കണമ്പ് എന്നിവ പിടിച്ച് വില്ക്കുന്നുണ്ട്. ഇതിനൊന്നും തീററയോ മറേറാ കൊടുക്കുന്നില്ല. കിട്ടുന്നത് ലാഭം മാത്രമാണ്. മുതൽ മുടക്കിൻെറ പലിശയും ലാഭവും എന്ന് കണക്കാക്കാം. ധാരാളം ആളുകൾക്ക് ജോലി കിട്ടുന്ന തൊഴിലായി നമ്മുടെ പഞ്ചായത്തിൽ നിന്നും മത്സ്യ കൃഷി തുടങ്ങാവുന്നതാണ്. നമ്മുടെ പഞ്ചായത്ത് മാത്രം വിചാരിച്ചാൽ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. ആയതിനാൽ ഈ വിഷയം കാര്യമായിയെടുത്ത് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അറിയിക്കുകയും അതിനുവേണ്ടി അതിൻെറ പിന്നിൽനിന്നും മാറാതെ നിവേദനങ്ങളും മററും കൊടുത്തുകൊണ്ട് ഇരിക്കുകയും വേണം. അതുപോലെ ഞണ്ടു കൃഷിയും നമ്മുടെ പുഴയിൽ നടത്താവുന്നതാണ്. ഒരു കിലോഗ്രാം നല്ലയിനം ഞണ്ടിന് 150 മുതൽ 200 രൂപ വരെ തൃശൂർ മാർക്കററിൽ വില കിട്ടും. കൂടുതൽ തീററയും മററും കൊടുക്കാതെ നടത്താവുന്ന ഒരു കൃഷിയാണ്. അതുപോലെ 'കല്ലുമകായ' കൃഷിയും നമ്മുടെ ചേററുവ പാലത്തിൻെറ കിഴക്കു ഭാഗത്ത് പരീക്ഷണം നടത്തിവരുന്നുണ്ട്. അതിൻെറ ഉല്പാദന ക്ഷമത എങ്ങിനെയുണ്ടാകുമെന്ന് ഇപ്പോൾ പറയുവാൻ കഴിയുന്നില്ല. കാരണം ഉപ്പുവെള്ളം തുടർച്ചയായി ഉണ്ടായിരിക്കണം. നമ്മുടെ പുഴയിൽ ചില സമയത്ത് ഉപ്പിൻെറ അംശം കുറയുന്നതുകൊണ്ട് ഇതിൻെറ വളർച്ച മന്ദീഭവിക്കുന്നു എന്നാണ് തോന്നുന്നത്. പരീക്ഷണാർത്ഥം വിജയിക്കുകയാണെങ്കിൽ വളരെ ലാഭം കൊയ്യുവാൻ പററിയ ഒരു കൃഷിയായി നമുക്കു മാററുവാൻ സാധിക്കും.

പിന്നീട് മത്സ്യങ്ങൾക്ക് വളരാനും, മുട്ടയിടുവാനും സൗകര്യമായ ഒരു സ്ഥലം ഒരുക്കി കൊടുക്കുക എന്നതാണ് നമ്മുടെ കടമ. അതിനായി 'കണ്ടൽ ചെടികൾ' നട്ടു വളർത്തുന്നതിനുള്ള ഏർപ്പാടുകൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കണം. കണ്ടൽ ചെടികൾ നടുന്ന സ്ഥലം പുഴയുടെ തീരത്താണ്. തീരത്തുള്ള സ്ഥലങ്ങൾ തൊട്ടു കിടക്കുന്ന ഭൂവുടമയുടേതായിരിക്കും. അതിൽ പഞ്ചായത്തിന് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. പഞ്ചായത്തിൻെറ പുഴക്കരയിൽ നിന്നും 10 മീററെങ്കിലും വിട്ടിട്ടായിരിക്കും. ആയതിനാൽ ഭൂവുടമകളോട് പറഞ്ഞ് മനസ്സിലാക്കി കണ്ടൽ ചെടികൾ വെച്ച് പിടിപ്പിക്കണം. ചെറിയതായ പ്രോത്സാഹനസമ്മാനങ്ങൾ കൊടുത്ത് ആ കൃഷി നല്ല നിലയിൽ കൊണ്ടുവരേണ്ടതാണ്. അത് ഭൂവുടമകൾക്ക് മണ്ണൊലിപ്പ് തടയുന്നതിന് നല്ലൊരു മാർഗ്ഗമാണ്.

പുഴയുടെ തീരങ്ങളിൽ സ്വകാര്യ വ്യക്തികൾ ചെറിയ ബണ്ടുകൾ നിർമ്മിക്കുന്നുണ്ട്. അവർക്കും ചെമ്മീൻ കൃഷിയും മററും ചെയ്യുന്നതിലേക്കായി ഗവർമ്മെണ്ടിൻെറ പക്കൽനിന്നും ധനസഹായങ്ങളും മററും വാങ്ങിച്ച് കൊടുക്കേണ്ടതാണ്. പുഴയിൽ ബണ്ട് കെട്ടിയുയർത്തുകയെന്നത് നിസ്സാര കാര്യമല്ല. ധാരാളം പണം ആവശ്യമുള്ള പദ്ധതിയാണ്. സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ 11 ഏക്കർ തോടുകളുണ്ട്.

അതിൽ മഴക്കാലം തുടങ്ങിയാൽ (ജൂൺ മുതൽ ഡിസംബർ വരെ) മത്സ്യങ്ങളെ വളർത്തുവാൻ സാധിക്കുന്നതാണ്.

അതിന് ഈ കാലയളവിൽ പററിയ തരം മത്സ്യകുഞ്ഞുങ്ങളെ കണ്ടെത്തി തോട്ടുടമകൾക്കോ, അതിന് താല്പര്യമുള്ളവർക്കോ വിതരണം ചെയ്യേണ്ടതാണ്. കടലിലെ മത്സ്യങ്ങൾക്ക് ക്ഷാമമെന്ന് കാണുമ്പോൾ വളർത്തുന്ന മത്സ്യങ്ങളെ പിടിച്ച് നല്ല വിലക്ക് വിൽക്കാവുന്നതാണ്. ഈ തോടുകൾ ഉപയോഗശൂന്യമായി കിടക്കുകയാണ്.

രണ്ടുമൂന്ന് കൊല്ലങ്ങളായി നമ്മുടെ നാട്ടിലെ കുളങ്ങളിലുള്ള 'വരാൽ' നിശേഷം നശിച്ചിരിക്കുകയാണ്. അതുപോലെ തന്നെ പുഴയിലെ മത്സ്യങ്ങൾക്കും രോഗം ബാധിക്കാറുണ്ട്. ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർ വന്ന് ഒരു പരിഹാരം കണ്ടെത്തേണ്ടതാണ്.

## പ്രധാന പ്രശ്നങ്ങളും പരിഹാരങ്ങളും

1. മത്സ്യം വളർത്തുന്നതിനും, കുഞ്ഞുങ്ങളെ ലഭിക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. മത്സ്യചന്ത സ്ഥാപിക്കുക.
3. ഒഴിഞ്ഞ് കിടക്കുന്ന തോടുകളും, പുഴകളും,പാവപ്പെട്ടവർക്കോ, സംഘടനകൾക്കോ വീതിച്ച് വാടകക്ക് കൊടുത്ത് അവരെക്കൊണ്ട് മത്സ്യകൃഷി ചെയ്യിക്കുക.
4. ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനായി വഞ്ചിയും വലയും ലഭ്യമാക്കേണ്ടതാണ്.
5. പഞ്ഞ മാസങ്ങളിൽ അവർക്കു വേണ്ട സാമ്പത്തിക സഹായം നല്കേണ്ടതാണ്.

# വിദ്യാഭ്യാസം

വിദ്യാഭ്യാസത്തെ അക്ഷരരൂപത്തിൽ പറഞ്ഞാൽ എസ്. എസ്. എൽ. സി. മുതൽ ബി. എ., എം. എ., എം. ബി. ബി. എസ്. വരെയും ഈ നാട്ടിലുണ്ട്. വിദ്യാഭ്യാസത്തിൻെറ സംസ്കാര ശുദ്ധവും വിശാലവുമായ അർത്ഥം അക്ഷരങ്ങളിൽ ഒതുങ്ങിയതല്ലല്ലോ.ഈ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളും ഒരു യു. പി. സ്ക്കൂളും രണ്ട് എൽ. പി. സ്ക്കൂളുകളും ആണുള്ളത്. ഒരു ഇംഗ്ലീഷ് മീഡിയം യു. പി. സ്ക്കൂളും രണ്ട് എൽ. പി. സ്ക്കൂളുകളും ഉണ്ട്. പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് അദ്ധ്യാപകർ കാര്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്. ഇവിടെ കോളേജുകൾ ഒന്നും തന്നെയില്ലാത്തതിനാൽ മററു സ്ഥലങ്ങളിൽ പോയി പഠിക്കേണ്ടതായി വരുന്നു. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു. എല്ലാ വിദ്യാലയങ്ങളിലും പി. ടി. എ. നിലവിലുണ്ട്. അതിൻെറ പ്രവർത്തനം തൃപ്തികരമാണ്.

### സ്ഥാപനങ്ങൾ

1. ഹൈസ്ക്കൂൾ - 1 എണ്ണം (ഇസ്ലാമിക് ഹൈസ്ക്കൂൾ)
2. യു. പി. സ്ക്കൂൾ - ഏ. യു. പി. സ്ക്കൂൾ (മാങ്ങാട്ട്)
3. എൽ. പി. സ്ക്കൂൾ - ജി. എം. എൽ. പി. (മൂന്നാംകല്ല്)
4. എൽ. പി. സ്ക്കൂൾ - എ. എം. എൽ. പി. (കോടയിൽ)
5. അംഗൻവാടികൾ - 13 എണ്ണം

### പ്രൈവററ് സ്ക്കൂൾ

1. യു. പി. സ്ക്കൂൾ (E M) - സെവൻത്ത് ഡേ (ഒററത്തെങ്ങ്)
2. എൽ. പി. സ്ക്കൂൾ (E M) - അൽ - ഹുദ (വില്ല്യംസ്)
3. എൽ. പി. സ്ക്കൂൾ (E M) - അൽ അമൻ വില്ല്യംസ്

### വിദ്യാർത്ഥികൾ

| | School | Male | Female | Total |
|---|---|---|---|---|
| 1 | ഇസ്ലാമിക്ക് ഹൈസ്ക്കൂൾ | 305 | 357 | 662 |
| 2 | യു. പി.. സ്ക്കൂൾ (സെവൻത്ത് ഡേ) E M | 80 | 54 | 134 |
| 3 | എ. യു. പി. സ്ക്കൂൾ (മാങ്ങോട്ട്) | 603 | 572 | 1175 |
| 4 | ജി. എം. എൽ. പി. സ്ക്കൂൾ | 32 | 39 | 71 |
| 5 | എ. എം. എൽ. പി. സ്ക്കൂൾ | 73 | 69 | 142 |
| 6 | എൽ. പി. സ്ക്കൂൾ E M | 177 | 95 | 272 |
| 7 | എൽ. പി. സ്ക്കൂൾ E M | 17 | 19 | 36 |

| | യു. പി. സ്ക്കൂൾ (സെവൻത്ത് ഡേ) | എൽ. പി. സ്ക്കൂൾ (അൽഹുദ E M) | എൽ. പി. സ്ക്കൂൾ (അൽ അമാൻ E M) |
|---|---|---|---|
| സ്ഥലം | 20 സെൻറ് | 24 സെൻറ് | |
| കെട്ടിടം | 1 എണ്ണം | 1 എണ്ണം (upstair) | ഉണ്ട് |
| ബഞ്ച് | | 82 | |
| ഡസ്ക്ക് | | 48 | |
| മേശ | | 10 | |
| കസേര | | 20 | |
| ഓഫീസ് | | 10 | |
| ഫർണീച്ചർ | | | |
| സ്ററാഫ് റൂം | | ഉണ്ട് | ഉണ്ട് |
| വൈദ്യുതി | | ഉണ്ട് | ഉണ്ട് |
| കുടിവെള്ളം | | ഉണ്ട് | ഉണ്ട് |
| കക്കൂസ് | | ഉണ്ട് | ഉണ്ട് |
| മൂത്രപുര | | ഉണ്ട് | ഉണ്ട് |
| കളി സ്ഥലം | | ഇല്ല | ഇല്ല |
| മൈക്ക് | | ഇല്ല | ഇല്ല |
| പാചകമുറി | | ഇല്ല | ഇല്ല |

## അദ്ധ്യാപകർ

| | School | Male | Female | Total |
|---|---|---|---|---|
| 1 | ഹൈസ്ക്കൂൾ (ഇസ്ലാമിക്ക്) | | | 32 |
| 2 | എ. യു. പി.. സ്ക്കൂൾ (സെവൻത്ത് ഡേ) E M | | | |
| 3 | എ. യു. പി. സ്ക്കൂൾ (മാങ്ങോട്ട്) | 3 | 38 | 41 |
| 4 | ജി. എം. എൽ. പി. സ്ക്കൂൾ (മൂന്നാംകല്ല്) | 1 | 4 | 5 |
| 5 | എ. എം. എൽ. പി. സ്ക്കൂൾ (കോടായിൽ) | | | 5 |
| 6 | എൽ. പി. സ്ക്കൂൾ E M | 3 | 8 | 11 |
| 7 | എൽ. പി. സ്ക്കൂൾ (അൽ അമാൻ) | Nil | 4 | 4 |

## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | ടൈലറിംഗ് | 5 | 5 | - | - |
| 2 | പ്രിൻറിംഗ് & കമ്പോസിങ്ങ് | 3 | wage employed | - | - |
| 3 | ഓട്ടോ ഡ്രൈവിംഗ് | 3 | wage employed | - | - |
| 4 | വെൽഡിംഗ് | 3 | wage employed | - | - |
| 5 | റെഫ്രിജറേഷൻ കോഴ്സ് | 3 | wage employed | - | - |
| 4 | ഓട്ടോറിക്ഷ മെക്കാനിക്ക് | 1 | wage employed | - | - |
| 5 | ഹാൻറ്ലൂം വീവിംഗ് | 1 | wage employed | - | - |
| 6 | ടൂ വീലർ റിപ്പയറിംഗ് | 1 | wage employed | - | - |
| 7 | ഇലക്ട്രോണിക്സ് | 2 | wage employed | - | - |
| 8 | ബ്യൂട്ടി പാർലർ | 1 | wage employed | - | - |

### നിർദ്ദേശങ്ങൾ

1. ഇസ്ലാമിക് ഹൈസ്ക്കൂൾ

ഈ സ്ഥാപനത്തിൽ പ്ലസ് ടു (10+2) സൗകര്യം ആവശ്യമാണ്. ലൈബ്രറി, ലാബറട്ടറി എന്നിവ നിലവിലുള്ളത് അപര്യാപ്തമാണ്.

2. എ. യു. പി. സ്ക്കൂൾ (മാങ്ങോട്ട്)

ഈ സ്ക്കൂളിന് ഏകദേശം 100 ഡസ്ക്കുകൾ ആവശ്യമുണ്ട്. ഇവിടെയുള്ള മൂത്രപ്പുര, കക്കൂസ് എന്നിവ ഉപയോഗശൂന്യമാണ്. അത് പുതുക്കി പണിയണം. കിണററിലെ വെള്ളം വേനൽക്കാലത്ത് ഉപയോഗശൂന്യമാണ്. അതിനാൽ പൈപ്പ് ആവശ്യമാണ്. ഈ സ്ക്കൂൾ ഒരു ഗേൾസ് ഹൈസ്ക്കൂളായി ഉയർത്തേണ്ടത് അത്യാവശ്യമാണ്.

3. ജി. എം. എൽ. പി. സ്ക്കൂൾ (മൂന്നാംകല്ല്)

പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ കുറവാണ്. (കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര) ഭക്ഷണം പാകണം ചെയ്യുവാനുള്ള സൗകര്യം ഇല്ല. ഇതെല്ലാം ഈ സ്ക്കൂളിന് അത്യാവശ്യമാണ്. ഓഫീസ് ആവശ്യത്തിന് രണ്ട് അലമാര ആവശ്യമാണ്. ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് സ്വന്തമായ സ്ഥലം കണ്ടെത്തണം.

4. എ. എം. എൽ. പി. സ്ക്കൂൾ (കോടയിൽ)

പ്രാഥമിക സൗകര്യങ്ങൾ ഇല്ല. (മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം) പഠനോപകരണങ്ങൾ ഇല്ല. (ബ്ലാക്ക് ബോർഡ്, രണ്ട് ഗ്ലോബ്) ഈ സ്ക്കൂളിലേക്ക് ഫർണീച്ചറുകൾ ആവശ്യമാണ്. (ഡസ്ക്ക്-10, ബഞ്ച്-10, അലമാര-1)

| | |
|---|---|
| അംഗൻവാടികൾ | - 13 എണ്ണം |
| സ്ഥലവും കെട്ടിടവും ഉള്ളത് | - നാലെണ്ണം |
| സ്ഥലവും കെട്ടിടവും ഇല്ലാത്തത് | - ഒമ്പതെണ്ണം |

അംഗൻവാടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഇല്ല. പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ എന്നിവ ആവശ്യമാണ്. സ്ഥലവും കെട്ടിടവും കളിസ്ഥലവും ഇല്ലാത്ത അംഗൻവാടികൾക്ക് അവ അനുവദിക്കണം. കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനുള്ള അരി യഥാസമയം

എത്തിക്കേണ്ടതാണ്. അംഗൻവാടികളിൽ കസേര, മേശ, ബഞ്ച് മുതലായവ ആവശ്യമാണ്. ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്. പാചകം ചെയ്യാനുള്ള പാത്രങ്ങളും ഓരോ അംഗൻവാടികൾക്കും വേണം. രജിസ്ട്രറുകൾ, നോട്ടു പുസ്തകങ്ങൾ അത്യാവശ്യമാണ്.

5. എൽ. പി. സ്ക്കൂൾ E M അൽ-ഹുദ

ലൈബ്രറികൾ, സ്ഥലം, മൈക്ക് എന്നിവ ഈ സ്ഥാപനത്തിന് ആവശ്യമാണ്.

6. എൽ. പി. സ്ക്കൂൾ E M അൽ-അമൽ

കളിസ്ഥലം, ലൈബ്രറി മുതലായവ ഈ സ്ഥാപനത്തിന് ആവശ്യമാണ്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രത്യേക കോഴ്സുകൾ നിലവിലുള്ള ഹൈസ്ക്കൂളിൽ ആരംഭിക്കുന്നതിന് ശ്രമിക്കണം.

രക്ഷാകർത്തൃസംഘടന / മാതൃ സംഗമം എന്നിവ ശക്തമാക്കാനും മാസത്തിൽ ഒരു തവണയെങ്കിലും അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിൽ കൂടിക്കാഴ്ചയ്ക്കും, കുട്ടികളുടെ പഠനത്തിൽ വരുന്ന വീഴ്ചകളും പോരായ്മകളും മനസ്സിലാക്കാനും ചർച്ച ചെയ്യാനുമുള്ള അവസരം ഉണ്ടായിരിക്കുകയും വേണം. ഒരു ദിവസം ഒരു ക്ലാസ്സ് ഡിവിഷൻ എന്ന തോതിൽ ഇത്തരം കൂടികാഴ്ചയ്ക്ക് വഴിയൊരുക്കിയാൽ മററു ക്ലാസ്സുകളിലെ പഠനത്തെ ഇത് ബാധിക്കുകയില്ല.

സ്ക്കൂളിന് ആവശ്യമായ ഫർണീച്ചർ സാമഗ്രികളും മററു സൗകര്യങ്ങളും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ തോതിൽ നിർമ്മിച്ചു കിട്ടുന്നതിനു വേണ്ടി മാനേജർമാരിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

# കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഗ്രാമപഞ്ചായത്ത്

| സ്കൂളിൻെറ പേര് | സ്ററാൻഡേർഡ് | ആകെ കുട്ടികൾ | | | SC / ST കുട്ടികളുടെ എണ്ണം | | | തോററു പഠിക്കുന്നവർ SC / ST കുട്ടികൾ | | | മററുള്ളവർ | | | പഠനം നിർത്തിയവർ SC / ST കുട്ടികൾ | | | പഠനം നിർത്തിയവർ മററുള്ളവർ | | | പഠനം നിർത്തി വരുടെ എണ്ണ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 |
| എ. എം. എൽ. പി. | 1 | 15 | 16 | 17 | 32 | | 1 | 2 | 3 | - | - | - | - | - | - | - | - | - | - | - |
| | 2 | 16 | 16 | 32 | 4 | 5 | 9 | - | - | - | 1 | - | 1 | - | - | - | - | - | - | - |
| | 3 | 21 | 18 | 39 | 3 | 2 | 5 | - | - | - | 2 | 1 | 3 | - | - | - | - | - | - | - |
| | 4 | 21 | 18 | 39 | 6 | - | 6 | - | - | - | 1 | 2 | 3 | - | - | - | - | - | - | - |
| | ആകെ | 73 | 69 | 142 | 14 | 9 | 23 | - | - | - | 4 | 3 | 7 | - | - | - | - | - | - | - |
| ജി. എം. എൽ. പി. | 1 | 4 | 10 | 14 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | 2 | 5 | 13 | 18 | 1 | 0 | 1 | - | - | - | - | 0 | 1 | 1 | 1 | 0 | 1 | - | - | 1 |
| | 3 | 11 | 8 | 19 | - | - | - | - | - | - | 1 | 1 | 2 | - | - | - | - | - | - | - |
| | 4 | 12 | 8 | 20 | 2 | 1 | 3 | - | - | - | 1 | 1 | 2 | - | - | - | - | - | - | - |
| | ആകെ | 32 | 39 | 71 | 3 | 1 | 4 | - | - | - | 2 | 3 | 5 | 1 | 0 | 1 | - | - | - | 1 |
| ഇസ്ലാമിക് | 8 | 129 | 137 | 266 | 21 | 21 | 42 | 4 | 1 | 5 | - | - | - | 2 | 3 | 5 | 7 | 1 | 8 | 13 |
| ഹൈസ്കൂൾ | 9 | 120 | 110 | 230 | 18 | 19 | 37 | 9 | 5 | 14 | - | - | - | 4 | 1 | 5 | 6 | 6 | 12 | 17 |
| | 10 | 56 | 110 | 166 | 7 | 29 | 36 | - | - | - | - | - | - | - | 1 | 1 | 3 | 4 | 7 | 8 |
| | ആകെ | 305 | 357 | 662 | 46 | 69 | 115 | 13 | 6 | 19 | - | - | - | 6 | 5 | 11 | 16 | 11 | 27 | 38 |

# 9. 1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഗ്രാമപഞ്ചായത്ത്

| സ്കൂളിന്റെ പേര് | സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC / ST കുട്ടികളുടെ എണ്ണം | | | തോററു പഠിക്കുന്നവർ SC / ST കുട്ടികൾ | | | മററുള്ളവർ | | | പഠനം നിർത്തിയവർ SC / ST കുട്ടികൾ | | | പഠനം നിർത്തിയവർ മററുള്ളവർ | | | പഠനം നിർത്തിയവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 |
| എസൈവന്തിൽ ഡെ | 1 | 11 | 2 | 13 | | | 2 | - | - | - | - | - | - | - | - | - | - | - | - | - |
| ഇംഗ്ലീഷ് മീഡിയം | 2 | 11 | 13 | 24 | | | 2 | - | - | - | - | - | - | - | - | - | - | - | - | - |
| ഹൈസ്ക്കൂൾ | 3 | 12 | 12 | 24 | | | 3 | - | - | - | - | - | - | - | - | - | - | - | - | - |
| | 4 | 12 | 4 | 16 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | 5 | 10 | 10 | 20 | | | 1 | - | - | - | - | - | - | - | - | - | - | - | - | - |
| | 6 | 6 | 7 | 13 | | | 1 | - | - | - | - | - | - | - | - | - | - | - | - | - |
| | 7 | 5 | 2 | 7 | | | 1 | - | - | - | - | - | - | - | - | - | - | - | - | - |
| | ആകെ | 67 | 50 | 117 | - | - | | | | | | | | - | - | - | - | - | - | - |
| അൽഹുദ | പ്രീ | 177 | 95 | 272 | - | - | - | - | - | - | - | - | | - | - | - | - | - | - | - |
| ഇംഗ്ലീഷ് മീഡിയം | പ്രൈമറി | | | | | | | | | | | | | | | | | | | |
| അൽ അമൻ | | 19 | 17 | 36 | | | | | - | - | - | | | - | - | - | - | - | - | - |
| എ. യു. പി. | 1 | 72 | 60 | 132 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | 2 | 68 | 80 | 148 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | 3 | 53 | 66 | 119 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | 4 | 72 | 81 | 153 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | 5 | 103 | 91 | 194 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | 6 | 97 | 96 | 193 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | 7 | 138 | 98 | 236 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | | 603 | 572 | 1175 | | | | | | | | | | | | | | | | |

# 9. 2 സ്ക്കൂളിൻെറ പൊതുവിവരം

| സ്ക്കൂളിൻെറ പേര് | യു. പി., എൽ പി. പ്രീ പ്രൈമറി | സ്ത്രീകളുടെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്ത്രീകൾ ക്യാമ്പസിൻെറ മൊത്തം വിസ്തീർണ്ണം | ആകളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിട സ്ഥലത്തിൻെര വിസ്തീർണ്ണം | മററ് കുറിപ്പുകൾ, ചുററുമതിൽ അററകുറ പണികൾ ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുദിച്ചപോപോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീലിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 17 | 16 | 17 |
| എ. എം. എൽ. പി. | എൽ. പി. | - | - | - | - | 73 | 69 | 142 | 5 | 5 | - | - | 40 സെൻറ് | 4 സെൻറ് | - | - |
| ജി. എം. എൽ. പി. | എൽ. പി. | - | - | - | - | 32 | 39 | 71 | 5 | 5 | - | - | 20 സെൻറ് | 88 സെൻറ് | - | - |
| ഇസ്ലാമിക് ഹൈസ്ക്കൂൾ | ഹൈസ്ക്കൂൾ | - | - | - | - | 305 | 357 | 662 | 32 | 32 | - | - | 3 ഏക്കർ | - | - | - |
| എ. യു. പി. | യു. പി | - | - | - | - | 603 | 572 | 1175 | 41 | 41 | - | - | 2 ഏക്കർ | ഒന്നര ഏക്കർ | - | - |
| അൽ ഹുദ ഇംഗ്ലീഷ് മീഡിയം | പ്രീ പ്രൈമറി | - | - | - | - | 177 | 95 | 272 | - | 11 | - | - | 24 സെൻറ് | - | - | - |
| സെവന്ത് ഡെ ഇംഗ്ലീഷ് മീഡിയം | യു. പി. | - | - | - | - | 80 | 54 | 134 | - | - | - | - | 20 സെ | - | - | - |
| അൽ അമീൻ ഇംഗ്ലീഷ് മീഡിയം | | - | - | - | - | 19 | 17 | 36 | - | - | - | - | - | - | - | - |

## 9.3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല. | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾ ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | ഉപയോഗയോഗ്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല, കിണർ, പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണീച്ചർ | മതിയാകുമോ? മതിയാകും/ഇല്ല | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| എ. എം. എൽ. പി. | 4 | 2 | - | - | 2 | - | - | 2 | ഉണ്ട് | - | - | 3 | - | - | ഇല്ല | ഇല്ല | താല്ക്കാലം | ഇല്ല | ഇല്ല | 10 | 10 | 2 | 2 | 1 |
| ജി. എം. എൽ. പി. | 4 | 2 | - | - | 2 | 1 | - | - | - | 1 | - | 2 | - | - | ഇല്ല | ഇല്ല | - | - | - | - | - | - | - | 1 |
| എ. യു. പി. | 30 | 30 | - | - | 36 | - | - | 5 | ഉണ്ട് | 3 | - | 2 | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 100 | 100 | - | - | 1 |
| ഇസ്ലാമിക് ഹൈസ്ക്കൂൾ | 17 | 17 | - | - | 21 | - | - | | - | 2 | 25 | - | 2 | - | ഉണ്ട് | ഉണ്ട് | ഇല്ല | 1 | മതി | 175 | 175 | 25 | 25 | 1 |

# 9.4 അക്കാദമിക് സൗകര്യങ്ങൾ

| | ലൈബ്രറി ഉണ്ട്/ഇല്ല | പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല. | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. | പഠനോപകരണങ്ങൾ മേപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടി. വി. സെററ് | വി. സി. ആർ. / വി. സി. പി. | സിനിമ പ്രൊജക്ററർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | 9596 ൽ ലഭിച്ച അദ്ധ്യയന വർഷം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസും പി. ടി. എ. കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| എ. എം. എൽ. പി. | പ്രവർത്തിക്കുന്നുണ്ട് | | സയിൻസ് കോർണർ പ്രവർത്തിക്കുന്നുണ്ട് | ഗ്ലോബുകൾ ഇല്ല | - | 1 | - | - | - - | - | - | - | 2 | 2 | 192 | - | - | സജീവം. | പി. ടി. എ പ്രവർത്തിക്കുന്നു |
| ജി. എം. എൽ. പി. | - | | - | - | - | 1 | - | - | - | - | - | - | - | 6 | 185 | - | 6 | - | - |
| ഇസ്ലാമിക് ഹൈസ്കൂൾ | ഉണ്ട് | | ഉണ്ട് | ഉണ്ട് | - | 1 | - | - | 1 | - | - | - | - | - | 185 | - | 6 | - | - |
| എ. യു. പി. | ഉണ്ട് | | ഉണ്ട് | ഉണ്ട് | 1 | - | - | - | - | - | - | - | - | - | 193 | - | 6 | - | - |

## 9.5 അക്കാദമിക് നിലവാരം

| സ്കൂളിന്റെ പേര് | ക്ലാസ് | ആകെ | 30% താഴെ കുട്ടികൾ | 30-40 മാർക്ക് നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60% ത്തിൽ ശതമാനം നേടുന്നവർ | 91-92 കൂടുതൽ നേടുന്നവർ | 92-93 | 93-94 | 94-95 | 96-97 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| എ. എം. എൽ. പി. | 3 | 39 | 6 | 20 | 7 | 4 | 2 | - | - | - | - | - |
| | 4 | 39 | 6 | 20 | 8 | 2 | 3 | - | - | - | - | - |
| ജി. എം. എൽ. പി. | 3 | 19 | 6 | 2 | 4 | 4 | 2 | - | - | - | - | - |
| | 4 | 20 | 7 | 2 | 6 | 2 | 4 | - | - | - | - | - |
| ഇസ്ലാമിക് | 8 | 266 | 100 | 80 | 40 | 30 | 16 | - | - | - | - | - |
| ഹൈസ്കൂൾ | 9 | 230 | 75 | 66 | 34 | 34 | 20 | - | - | - | - | - |
| | 10 | 166 | 40 | 66 | 30 | 15 | 15 | - | 22% | 23% | 33% | 36% |
| S. S. L. C. പരീക്ഷ എഴുതിയവർ 9596 | 163 | - | - | - | - | - | - | - | - | - | - | - |
| എ. യു. പി | 3 | 119 | 24 | 20 | 35 | 30 | 10 | - | - | - | - | - |
| | 4 | 153 | 30 | 40 | 30 | 30 | 23 | - | - | - | - | - |
| | 5 | 194 | 35 | 50 | 40 | 39 | - | - | - | - | - | - |
| | 6 | 193 | 33 | 32 | 39 | 45 | 44 | - | - | - | - | - |
| | 7 | 236 | 45 | 40 | 55 | 46 | 50 | - | - | - | - | - |

## 9.6 കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

| സ്കൂളിന്റെ പേര് | ഇന വിവരം | ജില്ലാ തലത്തിൽ | | | സംസ്ഥാന തലത്തിൽ | | | ദേശീയ തലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| എ. എം. എൽ. പി. | പ്രവർത്തി പരിചയ മത്സരം | 6 | - | 6 | - | - | - | - | - | - |
| എ. യു. പി. | സ്പോർട്സ് | | | | 1 | - | 1 | - | - | - |

## 9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ | കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | എ. എം. എൽ. പി. | - | 1180 | - | 1200 | - | - | - | - |
| 2 | ജി. എം. എൽ. പി. | - | 2+1=3 | - | - | - | - | 4 | - |
| 3 | ഇസ്ലാമിക് ഹൈസ്കൂൾ | - | 135 | 27 | - | - | 2 | 4 | - |
| 4 | എ. യു. പി. | - | - | - | 9 | - | 3 | - | - |

124

| സ്ക്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അററകുററ പണികൾ | ഉപകരണങ്ങൾ/ഫർണീച്ചറുകൾ അററകുററ പണികൾ | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാവിനോദങ്ങൾ | ഉച്ചക്കഞ്ഞിക്ക് | ലൈബ്രറികൾ | മററിനങ്ങൾ | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെൻറ് | എൻഡോവ്മെൻറ് | പി. ടി. എ. ഫണ്ട് | മററു മാർഗത്തിലുള്ള വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| എ. എം. എൽ. പി. | 1500/- | 50/- | - | 100/- | 100/- | 5000/- | 50/- | 200/- | ഇല്ല | ഇല്ല | - | - | - | - | - | - |
| ജി. എം. എൽ. പി. | - | - | - | - | - | 550/- | - | - | - | - | - | - | - | - | - | - |
| ഇസ്ലാമിക് ഹൈസ്ക്കൂൾ | 3600/- | 2500/- | - | 500/- | 500/- | - | - | - | - | - | - | - | - | - | - | - |
| എ. യു. പി. | 5000/- | 10000/- | - | 500/- | 500/- | 10800/- | - | - | 3700/- | - | 3700/- | 1800 | - | - | 3600 | 5400 |

# ആരോഗ്യം

തൈക്കാട് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന രണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളാണ് ഒരുമനയൂർ ഗ്രാമപഞ്ചായത്തിലുള്ളത്. അതിൽ മാങ്ങോട്ട് സ്ക്കൂളിനടുത്തുള്ള കേന്ദ്രത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടവും സ്ററാഫും ഉള്ളത്. ഈ കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ മാസം തോറും തൈക്കാട് P. M. C. യിലെ ഡോക്ടർ വരികയും നാലര വയസ്സിനു താഴെയുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും പ്രതിരോധ കുത്തിവെപ്പ് നൽകുകയും ചെയ്യുന്നുണ്ട്. സ്ക്കൂൾ ആരോഗ്യ പരിപാടിയുടെ ഭാഗമായി 7-ാം ക്ലാസ്സിലേയും 10-ാം ക്ലാസ്സിലേയും കുട്ടികൾക്ക് വൈദ്യപരിശോധന നൽകി ചികിത്സ നൽകാറുണ്ട്. ഇതിനു പുറമേ മാങ്ങോട്ടുപടി ഉപകേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ ക്ഷേമപരിപാടികൾ നടത്തിവരാറുണ്ട്, കൂടാതെ പഞ്ചായത്ത് ഓഫീസ്സിൻെറ പരിസരത്തായി 1973 ൽ P. K. അബ്ദുൽ കാദർ ഹാജി ധാനമായിതന്ന ഭൂമിയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിയും 5-ാം വാർഡിൽ പ്രവർത്തിക്കുന്ന E. S. I. ഡിസ്പെൻസറിയും ഉണ്ട്. ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ.

| | |
|---|---|
| ആയുർവ്വേദ ഡിസ്പെൻസറി | - 1 |
| കുടുംബക്ഷേമ ഉപകേന്ദ്രം | - 2 |
| ഇ. എസ്. ഐ. ഡിസ്പെൻസറി | - 1 |

## പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനം | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ആയുർവ്വേദ ഡിസ്പെൻസറി | 3 | 4 |
| 2 | കുടുംബക്ഷേമ ഉപകേന്ദ്രം | 2, 8 | 3 |
| 3 | ഇ. എസ്. ഐ. ഡിസ്പെൻസറി | 5 | 6 |

| അംഗവൈകല്യമുള്ളവർ | | മന്ദബുദ്ധികൾ | | സ്ഥായിയായ രോഗബാധിതർ | |
|---|---|---|---|---|---|
| അന്ധർ | 28 | പ്രായം 0-5 | - | രക്തസമ്മർദ്ദം | 80 |
| ബധിരൻ | 31 | പ്രായം 6-10 | 6 | പ്രമേഹം | 70 |
| മൂകർ | 25 | പ്രായം 11-15 | 10 | കാൻസർ | 6 |
| ബധിരമൂകർ | 10 | | | കുഷ്ഠം | 6 |
| ചലന | | | | ക്ഷയം | 3 |
| വൈകല്യങ്ങൾ | 62 | 16 ന് മേൽ | 150 | ഹൃദ്രോഗം | 4 |
| ആകെ | 156 | | 166 | | 169 |

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993 | 2 | 44 | - |
| 1994 | - | 39 | - |
| 1995 | 1 | 48 | - |

## പകർച്ച വ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|
| 1995-96 | 12 | 5 | - | 7 |

## ഒരുമനയൂർ ഗ്രാമപഞ്ചായത്ത് കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 39 | 33 | 14 | 17 | 2 | 2 | - | - |
| 1-3 വയസ്സ് | 90 | 110 | 58 | 63 | 20 | 25 | - | - |
| 3-6 വയസ്സ് | 145 | 165 | 70 | 88 | 36 | 49 | - | - |

1-ാം ഗ്രേഡ് - ലഘുവായ പോഷണ കുറവുള്ളവർ - 310

2-ാം ഗ്രേഡ് - മിതമായ പോഷണ കുറവുള്ളവർ - 134

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണ കുറവുള്ളവർ - Nil

## ഒരുമനയൂർ ഗ്രാമപഞ്ചായത്ത് കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെപ്പ്

| | ഡി. പി. ററി. | | | | | പോളിയോ | | | | ഡി. ററി. | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| കുട്ടികൾ | B.C.G. | 10 | 20 | 30 | 80 | 10 | 20 | 30 | 80 | 10 | 20 | 80 | |
| 1 വയസ്സിൽ താഴെ | 110 | 113 | 109 | 102 | - | 113 | 109 | 102 | - | - | - | - | 110 |
| 1-3 വയസ്സ് | | | | | 128 | - | - | - | 159 | 7 | 24 | | |
| 3-6 വയസ്സ് | - | - | - | - | - | - | - | - | 275 | - | - | 275 | |

### ടെററനസ് ടൈഫോയ്ഡ് (TT)

| | 1 D | 2 D | 3 D |
|---|---|---|---|
| ഗർഭിണികൾ | 104 | 76 | - |

### നിർദ്ദേശങ്ങൾ

(1) ആയുർവ്വേദ ഡിസ്പെൻസറിയിൽ മരുന്നുകൾ മുറക്ക് ലഭ്യമാക്കുക. മാത്രമല്ല ഈ ഡിസ്പെൻസറിയെ പത്ത് കിടക്കകളുള്ള ഒരു ആസ്പത്രിയാക്കി ഉയർത്തേണ്ടതാണ്. ഈ കെട്ടിടത്തിൻെറ അററകുററ പണികൾ നടത്തേണ്ടതാണ്.

ഈ അടുത്ത അവസരത്തിൽ ഒരുമനയൂർ പഞ്ചായത്തിലേക്ക് ഒരു P. H. C. അനുവദിച്ചുകൊണ്ട് സർക്കാർ അറിയിപ്പു ലഭിക്കുകയുണ്ടായി. എന്നാൽ മതിയായ സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാൽ ഇതുവരെ P. H. C. യുടെ പ്രവർത്തനം തുടങ്ങുവാൻ സാധിച്ചിട്ടില്ല. ചുരുങ്ങിയത് ഒരേക്കർ സ്ഥലവും വാടകയില്ലാത്ത ഒരു കെട്ടിടവുമാണ്, സർക്കാർ ഉത്തരവിൽ ആവശ്യപ്പെടുന്നത്. മേൽ കാണിച്ച അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുകയാണെങ്കിൽ ഒരു ഡോക്ടറേയും പാരമെഡിക്കൽ സ്ററാഫിനേയും നിയമിക്കാൻ ഗവർമ്മെണ്ട് തയ്യാറാണ്. അതിനുവേണ്ട നടപടികൾ സ്വീകരിക്കണം. കൂടാതെ ചേററുവായിൽ അടിയന്തിരമായി ഒരു കുടുംബക്ഷേമ കേന്ദ്രം ആരംഭിക്കുന്നതിന് കെട്ടിടം സംഘടിപ്പിച്ചു കൊടുക്കേണ്ടതാണ്.

ചേററുവ ട്രോളിനടുത്തു പ്രവർത്തിക്കുന്ന കുടുംബക്ഷേമ കേന്ദ്രത്തിനു സ്ഥിരം കെട്ടിടം വേണം.

# കുടിവെള്ളം

ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗവും ഉപ്പു വെള്ളത്താൽ ചുററപ്പെട്ട് കിടക്കുന്നതിനാൽ കായലോരങ്ങളിൽ ശുദ്ധ ജലം തീരെ ലഭിക്കാറില്ല. N. H. 17 ൻെറ ഇരുവശങ്ങളിലും ചില വീടുകളിൽ മാത്രമാണ് ശുദ്ധജലം ലഭിക്കുന്നത്. കുടിവെള്ളം ലഭിക്കാത്ത സ്ഥലങ്ങളിൽ വാട്ടർ അതോറിററി സ്ഥാപിച്ച 65 ടാപ്പുകൾ മാത്രമാണ് ആശ്രയം. പട്ടിക ജാതി കോളനികളിലും മററു പ്രദേശങ്ങളിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്. ഏങ്ങണ്ടിയൂരിൽ നിന്നുള്ള പുതിയ സ്കീം നടപ്പിലായാൽ മാത്രമേ ഈ പ്രശ്നത്തിന് കുറെ മാററം വരികയുള്ളൂ.

ബ്ലോക്കിൽ നിന്നും നിർമ്മിച്ചു കൊടുത്ത കുറെ കിണറുകളും കുടിവെള്ള പ്രശ്നത്തിന് ഒരല്പം പരിഹാരം നൽകുന്നു. നെതർലാൻറ് പദ്ധതിയായ പാവർട്ടി രണ്ടാം ഘട്ടത്തിൽ ഒരുമനയൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർക്ക് അടിയന്തരമായി നടപ്പിലാക്കിയാൽ ഈ ഗ്രാമത്തിന് അതൊരു അനുഗ്രഹമായിരിക്കും.

## നിർദ്ദേശങ്ങൾ

1. ടാപ്പുകൾ ഇല്ലാത്ത ഭാഗത്ത് ടാപ്പ് ഇട്ട് ശുദ്ധജലം എത്തിക്കുക.

2. കേട് വന്ന ടാപ്പുകൾ എത്രയും പെട്ടെന്ന് റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുക.

3. പട്ടിക ജാതിക്കാർ തിങ്ങി പാർക്കുന്ന സങ്കേതങ്ങളിൽ രാജീവ് ഗാന്ധി ഡ്രിങ്കിങ്ങ് വാട്ടർ സ്കീമിൽ ഉൾപ്പെടുത്തി ശുദ്ധജലമെത്തിക്കുക.

4. ഏങ്ങണ്ടിയൂർ പദ്ധതി എത്രയും വേഗം നടപ്പിലാക്കുക.

5. നെതർലാൻറ് പദ്ധതി ഒരുമനയൂരിൽ ഉടൻ നടപ്പിലാക്കുക.

6. ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും കെട്ടി നിൽക്കുന്ന മലിന ജലം പുഴയിലേക്ക് ഒഴുക്കികളയുക.

7. പഞ്ചായത്തിന് വെള്ളം തരുന്ന അതിർത്തിയിൽ മീററർ സ്ഥാപിച്ച് തുക നിശ്ചയിക്കേണ്ടതാണ്.

8. പഞ്ചായത്തിൽ നിന്നും വാട്ടർ അതോറിററിയിലേക്ക് അടക്കാനുള്ള തുക നേരിട്ട് പഞ്ചായത്തിനു ലഭിക്കുന്ന ഗവർമ്മേണ്ട് ഗ്രാൻറിൽ നിന്നും കട്ട് ചെയ്യാൻ പാടില്ലാത്തതാകുന്നു.

9. വാട്ടർ അതോറിററിയിലെ അസിസ്ററൻറ് എഞ്ചിനീയറെ നിയന്ത്രിക്കാനുള്ള അധികാരവും പഞ്ചായത്തിന് നൽകേണ്ടതാണ്.

10. ശുദ്ധജലം എത്താത്ത ഭാഗങ്ങളിൽ ടാപ്പ് ഇട്ട് ശുദ്ധജലം എത്തിക്കുക. ഇപ്പോൾ പൊതുടാപ്പുകൾ 60 എണ്ണം നിലവിൽ ഉണ്ട്. ഇതിൽ 40,000 ലിററർ വെള്ളമാണ് എത്തുന്നതെന്നാണ് വാട്ടർ അതോറിററിയുടെ കണക്ക്. ആളോഹരി 9 ലിററർ വെള്ളമാണ് 4,500 പേർക്കായി ലഭിക്കുന്നത്. ഇതും പലപ്പോഴും പൂർണ്ണമായി ലഭിക്കാറുമില്ല. ആയതിനാൽ ഇതിനുള്ള പരിഹാരം ഇടനടി ഉണ്ടാക്കുക.

11. പുതിയ പദ്ധതിയായ ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ കോട്ട കടപ്പുറത്തുള്ള കിണററിൽനിന്നും ശുദ്ധജലം ഉടൻ എത്തിക്കുക. ഈ പദ്ധതി നടപ്പാകുന്നതുവരെ വറുതി ഉള്ള ഭാഗങ്ങളിലേക്ക് വണ്ടികളിൽ വെള്ളം എത്തിക്കുക.

12. ഹൗസ് കണക്ഷനുകൾ അനുവദിക്കുക.

13. ഒരുമനയൂർ ഗ്രാമപഞ്ചായത്തിൻെറ ചുററുഭാഗവും വെള്ളത്താൽ ചുററപ്പെട്ടിരിക്കുന്നതിനാൽ പഞ്ചായത്തിൽ കുടി കടന്നുപോകുന്ന കനോലികനാലിൻെറയും കാളമന കായലിൻേറയും ചേററുവ പുഴയുടേയും പാർശ്വഭാഗങ്ങൾ ബഹുജന പങ്കാളിത്തത്തോടെ കെട്ടി ഉപ്പുവെള്ളം തടയുക.

# പരിസരശുചിത്വം

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ഭൂപ്രദേശങ്ങളിൽ ഭൂരിഭാഗവും മലിനജലം കെട്ടിനിൽക്കുകയാണ്. ഈ വെള്ളം പുഴകളിലേക്ക് ഒഴുക്കിവിടുവാനുള്ള സംവിധാനം ഉണ്ടാക്കുക. സെൻററുകളിൽ വ്യാപാരികൾ നിക്ഷേപിക്കുന്ന ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്ത് കമ്പോസ്ററ് വളമാക്കി കൃഷിയ്ക്ക് ഉപയുക്തമാക്കുക വഴി പഞ്ചായത്തിന് സാമ്പത്തിക ഭദ്രത ഉണ്ടാക്കാം.

2. പഞ്ചായത്തിലെ സ്വകാര്യ വ്യക്തികളുടെ അടക്കമുള്ള എല്ലാ കിണറുകളും ശുദ്ധീകരിക്കാൻ ബ്ലീച്ചിംഗ് പൌഡറുകൾ വിതരണം ചെയ്യുക.

3. കൊതുകു നശീകരണത്തിന്നാവശ്യമായ ഉപകരണങ്ങൾ ഉടൻ ലഭ്യമാക്കുക.

4. നിലവിലുള്ള ശ്മശാനം പരിസരവാസികൾക്ക് ദോഷകരമല്ലാത്ത വിധത്തിൽ മണ്ണിട്ടുയർത്തി ഉപയോ

ഗപ്രദമാക്കുക.

5. ശ്മശാനത്തിൽ ശവം ദഹിപ്പിക്കുന്നതിനുള്ള സംവിധാനവും പുകപടലങ്ങൾ ഉയർന്നു പോകുന്നതിനുള്ള സംവിധാനവും ഉണ്ടാക്കുക.

6. പഞ്ചായത്തിലെ താഴ്ന്ന വരുമാനക്കാർക്ക് സൌജന്യമായി കക്കൂസുകൾ നിർമ്മിച്ച് കൊടുക്കണം. ചുരുങ്ങിയ പക്ഷം 1200 (ആയിരത്തി ഇരുന്നൂറെണ്ണം) വേണം.

# വ്യവസായം

ഈ പഞ്ചായത്ത് വ്യവസായികമായി വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഒരു പ്രദേശമാണ്. രണ്ടു ചെറിയ തടി വ്യവസായവും, ചെറിയ തരത്തിലുള്ള 13 ചെറുകിട വ്യവസായങ്ങളും മാത്രമാണുള്ളത്. വ്യവസായികമായി അഭിവൃദ്ധിപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്. പരമ്പരാഗത വ്യവസായങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല. വ്യവസായങ്ങൾ ഇല്ലാത്തതുകൊണ്ട് ഇവിടത്തെ ജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നില്ല. വ്യവസായങ്ങൾ തുടങ്ങുന്നതിന് വൈദ്യുതിയുടെ പ്രശ്നങ്ങൾ വളരെ ഉണ്ട്. ഉള്ള വ്യവസായങ്ങൾക്ക് വേണ്ടത്ര വോൾട്ടേജ് ലഭിക്കുന്നില്ല. ഇവിടെ ഉണ്ടാകുന്ന നാളികേരം ഉപയോഗിച്ച് വ്യവസായങ്ങൾ തുടങ്ങാൻ സാദ്ധ്യതകൾ ഏറെയുണ്ട്. അതുപോലെ ചകിരി ഉപയോഗിച്ച് കയർ വ്യവസായം ഈ പ്രദേശത്ത് അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. വളരെയധികം നാളികേരം സംഭരിക്കാൻ കഴിയുന്നതുകൊണ്ട് കൊപ്രവ്യവസായത്തിന് വളരെ സാധ്യതയുണ്ട്. സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ തുടങ്ങാൻ സാദ്ധ്യതയുണ്ട്. കുടിൽ വ്യവസായമായി, കോഴി വളർത്തൽ, ആട് വളർത്തൽ, പപ്പട നിർമ്മാണം മെഴുകുതിരി നിർമ്മാണം നെയ്ത്ത്, സോപ്പ്, തീപ്പെട്ടി നിർമ്മാണം, മൺപാത്ര നിർമ്മാണം, തയ്യലും വസ്ത്ര നിർമ്മാണവും, കോഴി കന്നുകാലി തീററ നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, മസാലപ്പൊടി, സ്കാഷ്, ജാം, അച്ചാർ എന്നിവ ഉണ്ടാക്കുന്ന കുടിൽ വ്യവസായങ്ങൾ തുടങ്ങാൻ സാദ്ധ്യതയുണ്ട്. വനിതകൾക്ക് തൊഴിൽ മാർഗ്ഗമായി, വനിത സംഘങ്ങൾ രൂപീകരിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കുന്ന തൊഴിലിന് വളരെ സാദ്ധ്യത ഈ പഞ്ചായത്തിൽ ഉണ്ട്. ഇളനീർ ധാരാളം ഉണ്ടാകുന്ന പ്രദേശമായതുകൊണ്ട് ഇളനീർ വ്യവസായം വളരെ സാദ്ധ്യതയുണ്ട്. കരിക്കിൻ വെള്ളം വ്യവസായമായി നടത്താവുന്നതാണ്. പഞ്ചായത്തിൻെറ കിഴക്കുഭാഗം കുണ്ടുവകടവ് പുഴയും, പടിഞ്ഞാറു ഭാഗം കനോലി കനാലും, തെക്കുഭാഗം ചേററുവ പുഴയും, ഉള്ളതിനാൽ വെള്ളം ഉപ്പുരസം ഉള്ളതാണ്. ചെമ്മീൻ കൃഷി, കക്ക, മത്സ്യകൃഷി എന്നിവക്ക് അനുയോജ്യമായ സ്ഥലമായതുകൊണ്ട് ഈ വ്യവസായങ്ങൾ വളരെയധികം നല്ല നിലയിൽ പ്രവർത്തിക്കാൻ ഈ പഞ്ചായത്തിന് കഴിയുമെന്ന് തറപ്പിച്ചു പറയട്ടെ!

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മററുള്ളവ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 5 | 3 | 11 | 6 | 25 | 930-00 |
| 2 | 3 | 2 | 7 | 12 | 24 | 8.5-00 |
| 3 | 1 | 2 | 12 | 15 | 30 | 1040-00 |
| 4 | 2 | 2 | 10 | 8 | 22 | 800-00 |
| 5 | 7 | 3 | 11 | 8 | 29 | 1180-00 |
| 6 | 4 | 3 | 5 | 7 | 19 | 660-00 |
| 7 | - | 1 | 1 | 2 | 4 | 80-00 |
| 8 | - | 2 | 11 | 3 | 16 | 495-00 |
| ആകെ | 22 | 18 | 68 | 61 | 169 | 6000-00 |

## നിർദ്ദേശങ്ങൾ

1. ധാരാളം നാളികേരം ലഭിക്കുന്ന ഈ പഞ്ചായത്തിൽ നാളികേരവും ചകിരിയും ഉപയോഗിച്ച് സഹ: മേഖലയിൽ വ്യവസായങ്ങൾ തുടങ്ങണം.

2. സഹകരണാടിസ്ഥാനത്തിൽ കാർഷിക മേഖലയിലും മററും വ്യവസായങ്ങൾ തുടങ്ങണം.

3. പഞ്ചായത്തിൻെറ കീഴിലുള്ള 94 ഏക്കർ ഭൂപ്രദേശത്ത് ചെമ്മീൻ കെട്ടുകൾ നിയമിച്ച് സഹ: അടിസ്ഥാനത്തിൽ ചെമ്മീൻ വളർത്തൽ അനുവദിച്ചാൽ കുറെ പേർക്ക് തൊഴിലും അതോടൊപ്പം പഞ്ചായത്തിൽ കൂടുതൽ വരുമാനവും ലഭിക്കുന്നതാണ്. മൊത്തം എല്ലാവിധ സൗകര്യങ്ങളോടുകൂടി ആധുനിക രീതിയിൽ ഒരു ആട്ടോമൊബൈൽ വർക്ക്ഷോപ്പ് പഞ്ചായത്തതിർത്തിയിൽ ഉണ്ടാക്കണം.

# ഗതാഗതം

ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ പഴയകാലം മുതൽ ഗതാഗത സൌകര്യം പ്രധാനമായും ജലമാർഗ്ഗവും കാൽ നടയും മാത്രമായിരുന്നു. ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന കനോലികനാൽ വഴിയാണ് കൊച്ചി മുതൽ പൊന്നാനി വരെ ഗതാഗത സൌകര്യമുണ്ടായിരുന്നത്.

കോഴിക്കോട് മുതൽ കൊച്ചി വരെയുള്ള N. H. 17 ഈ പഞ്ചായത്തിൻെറ മദ്ധ്യത്തിലൂടെയാണ് കടന്ന് പോകുന്നത്. ഈ പഞ്ചായത്തിൽ ആകെ 18 കി. മീ. റോഡുകളാണുള്ളത്. അതിൽ ടാറിംഗ് കഴിച്ചത് 3 കി. മീ. മാത്രം. ശ്മശാനം റോഡ്, മുത്തംമാവ് കാരക്കടവ് റോഡ്, ഒററ തെങ്ങ് റോഡ്, കണ്ണികുത്തിപാലം റോഡ്, കഴുത്താക്കൽ ബണ്ട് റോഡ്, മുത്തംമാവ് - കുണ്ടുവക്കടവ് റോഡ് എന്നിവ ടാർ റോഡുകളാണ്. വില്ലേജാപ്പീസ് റോഡ്, ആശാൻ കടവ് റോഡ്, കോടയിൽ മൊയ്തുമുസല്യാർ സ്ക്കൂൾ റോഡ്, വില്യംസ് അമ്പലത്താഴം റോഡ്, അഞ്ചാം വാർഡ് സമാന്തര റോഡ്, ബേബിലാൻറ് ഹരിജൻ കോളനി റോഡ് എന്നിവ മെററൽ ചെയ്തിട്ടുണ്ട്. മററു റോഡുകൾ മൺ റോഡുകളായി കിടക്കുന്നു.

## നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ കുറുപ്പത്ത് പള്ളിക്ക് സമീപത്തു കൂടി അംബേദ്കർ കോളനിയിലേക്ക് കോളനിയിൽകൂടി ശ്മശാനം വഴി തെക്കഞ്ചേരി കടവ് മുട്ടിച്ച് ഒററതെങ്ങ് ഭാഗത്തേക്ക് എത്തുന്ന റോഡ് നിർമ്മിക്കുക. കൂടാതെ ലക്ഷം വീട് കോളനിയുമായി ബന്ധപ്പെടുത്തുകയും വേണം.

2. ശ്മശാനത്തിൽ നിന്ന് തെക്കോട്ട് അംബേദ്കർ കോളനിയിലേക്ക് റോഡുണ്ടാക്കണം.

3. രണ്ടാം വാർഡിൽ കാരക്കടവിൽനിന്ന് വടക്കോട്ട് ഇല്ലത്ത് റോഡ് ചേരുന്ന പുഴയോരം ബൈപാസ് റോഡ് നിർമ്മിക്കുക. ഇല്ലത്ത് റോഡിൽനിന്ന് വില്ലേജ് ആപ്പീസുമായി ബന്ധപ്പെടുന്ന റോഡിൻെറ തടസ്സം ഉടനടി പരിഹരിച്ച് ഗതാഗത യോഗ്യമാക്കുക.

4. ഇല്ലത്ത് റോഡ് ഗതാഗത യോഗ്യമാക്കി ടാർ ചെയ്യുക. വില്ലേജ് ആപ്പീസ് റോഡ് ടാർ ചെയ്യുക. ഈറോഡിൻെറ തെക്കേ ഭാഗം ഹരിജൻ കോളനി സ്ഥിതി ചെയ്യുന്നു. നിലവിലുള്ള ഇല്ലത്ത് കാരക്കടവ് ബന്ധിപ്പിക്കുന്ന ബൈപാസ് റോഡ് ടാർ ചെയ്യുക.

5. മൂന്നാം വാർഡിൽ കാരക്കടവ് റോഡിൽ നിന്ന് മൂന്നാമത്തെ കല്ലോവിൻെറ കിഴക്കു ഭാഗത്തു കൂടി തെക്കോട്ട് പഞ്ചായത്താപ്പീസിൻെറ പടിഞ്ഞാറ് ഭാഗത്തുള്ള റോഡിൽ മുട്ടുന്ന റോഡുപണി തുടങ്ങിയിട്ടുള്ളത് ഉടനെ പൂർത്തിയാക്കുകയും ആശാൻ കടവ് റോഡിൽ മുട്ടിക്കുകയും ചെയ്യുക. അതിന്നാവശ്യമായ കൾവർട്ടുകൾ നിർമ്മിക്കുക. ഈ റോഡ് ആശാൻ കടവ് റോഡിൽ നിന്ന് തുടങ്ങിയാൽ മിനിലോറികൾ അതുവഴി കടന്നു വരാൻ സഹായകമാകും. ചരലിട്ട് ഗതാഗതയോഗ്യമാക്കുക. കാരക്കടവിൽ നിന്നും ഇപ്പോൾ തുടങ്ങിവെച്ചിട്ടുള്ള തെക്കോട്ടുള്ള റോഡിൻെറ പണി പഞ്ചായത്താപ്പീസിൻെറ പടിഞ്ഞാറുള്ള റോഡുമായി ബന്ധിപ്പിക്കുക.

6. N. H. ൽ നിന്ന് പടിഞ്ഞാട്ട് കിഴക്കേ ജുമായത്ത് പള്ളിവരെയുള്ള റോഡ് നിർമ്മിക്കുക. കരുവാരക്കുണ്ട്

**1.5 ചെറുകിട ജലസേചനതോടുകൾ സംബന്ധിച്ച വിവരങ്ങൾ Ref. I വില്ലേജ് ലിത്തോമേപ്പ്**

| ക്രമ നമ്പർ | തോടിൻെറ പേര് | ആകെ നീളം | ശരാശരി വീതി മീററർ | സംരക്ഷിക്കപ്പെട്ട തോടിൻെറ നീളം | തൽവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | നായതോട് | 500 മീ. | 2 മീ. | - | 9504 |

മദ്രസ്സയുടെ തെക്കുഭാഗത്തുകൂടിയുള്ള റോഡ് കനോലികനാൽ വരെ എത്തിക്കണം. ആശാൻകടവ് റോഡിൽ നിന്ന് തെക്കോട്ട് കരുവാരക്കുണ്ട് മദ്രസ്സ റോഡിലേക്ക് ഒരു പുതിയ റോഡ് ഉണ്ടാക്കണം.

7. N. H. ൽ നിന്ന് കിഴക്കേ ജുമായത്ത് പള്ളിവരെയുണ്ടാക്കുന്ന റോഡിൽ നിന്ന് നഴ്സറിയുടെ പടിഞ്ഞാറുഭാഗത്തുകൂടി ആശാൻ കടവ് റോഡിലേക്കും ഒരു പുതിയ റോഡ് ഉണ്ടാക്കണം.

8. പഞ്ചയാത്താപ്പീസിൻെറ പടിഞ്ഞാറ് ഭാഗത്തുള്ള റോഡ് ആശാൻ കടവ് റോഡിൽ മുട്ടിക്കണം. പഞ്ചായത്താപ്പീസിൻെറ പടിഞ്ഞാറ് ഭാഗത്തുള്ള റോഡ് ടാർ ചെയ്യണം.

9. പാലം കടവിൽ N. H. ൽ നിന്ന് കടവുവരെ ഇപ്പോഴുള്ള നടവഴി റോഡാക്കണം. ആശാൻ കടവ് റോഡ് ടാർ ചെയ്യണം.

10. കാരക്കടവിൽ വാഹനഗതാഗതത്തിന് അനുയോജ്യമായ വിധം പാലം പണിയുക. പാലം കടവിൽ ചങ്ങാടം ഉണ്ടാക്കുക.

11. നാലാം വാർഡിൽ തെക്കു ഭാഗം അവസാനത്തിൽ ലക്ഷം വീട് കോളനിയിൽ നിന്ന് വടക്കോട്ട് ഗതാഗത സൗകര്യം ഉണ്ടാക്കാവുന്ന റോഡുകൾ നിർമ്മിക്കുക. വില്യംസിൽ നിന്ന് കിഴക്കോട്ട് പോകുന്ന റോഡും, കഴുത്താക്കൽ റോഡും ടാർ ചെയ്യുക.

12. 5-ാം വാർഡിൽ കഴുത്താക്കൽ ബണ്ട് റോഡ് പകുതി പണി പൂർത്തിയാക്കി ബാക്കി ഭാഗം ടാർ ചെയ്യണം. വില്യംസ് അമ്പലത്താഴം റോഡ് മെററലിംഗ് ചെയ്തത് കഴിച്ച് ബാക്കി സ്ഥലം കുണ്ടുവക്കടവ് റോഡ് വരെ മെററൽ ചെയ്ത് ടാറിംഗ് പൂർത്തിയാക്കണം. കുരിയാടികുളം അമ്പലത്താഴം ബൈപാസ് നടപ്പാത സഞ്ചാര യോഗ്യമാക്കണം.

13. 6-ാം വാർഡിൽ ഒരുമനയൂർ പാവറട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുണ്ടുവക്കടവ് പാലം ഉടനെ നിർമ്മിക്കുക.

14. N. H. റോഡിനെ സമാന്തരമായി കണ്ണിക്കുത്തി പാലം മുതൽ മൂന്നാംകല്ല് വരെയുള്ള ബൈപാസ് റോഡ് വീതി കൂട്ടി ടാറിംഗ് നടത്തി, N. H. റോഡിൽ എന്തെങ്കിലും കാരണവശാൽ ഗതാഗത തടസ്സം ഉണ്ടായാൽ മേല്പറഞ്ഞ ബൈപാസ് റോഡ് അതിനുപകരമായി ഉപകാരപ്രദമായിരിക്കും. കായലോര തീരദേശ റോഡുകൾ വരികയാണെങ്കിൽ വ്യവസായങ്ങൾക്ക് ഉപയോഗമായിരിക്കും.

15. ഇല്ലത്തുപടി റോഡ് ടാറിട്ട് ഗതാഗത യോഗ്യമാക്കുക. കരുവല്ലി റോഡ്, പെരുമ്പുള്ളി കോളനി റോഡ് എന്നിവയും ടാറിട്ട് ഗതാഗത യോഗ്യമാക്കുക.

16. 7-ാം വാർഡിൽ മണവാളൻ റോഡ്, ഇസ്ലാമിക് സ്ക്കൂൾ റോഡ്, പാലംക്കടവ് റോഡ്, ഓവു പാലും റോഡ്, ഇവ ടാറിംഗ് നടത്തുക. ബേബിലെൻറ് റോഡ് പുഴയോരം വഴി കുണ്ടുക്കടവിൽ മുട്ടിച്ച് ഗതാഗത യോഗ്യമാക്കുക.

17. 8-ാം വാർഡിൽ തെക്കുംപുറം റോഡ്, മുനക്കക്കടവ് റോഡ് എന്നിവ ടാർ ചെയ്യുക. തെക്കും പുറം റോഡ് മുന്നാംകല്ലിൽ ബന്ധിപ്പിക്കുക. കുടാതെ ലോക്കിലേക്കുള്ള വഴി തുറന്ന് സഞ്ചാരയോഗ്യമാക്കുക.

18. ഒരുമനയൂർ 4-ാം വാർഡിൽ 'മാവേലി റോഡ് നികത്തി ടാറിംഗ് നടത്തണം. പുഴക്കൽ പടി റോഡ് നികത്തി ടാറിംഗ് നടത്തുക. കോടയിൽ സ്ക്കൂൾ റോഡ് ചരലിട്ട് നികത്തി ടാറിംഗ് നടത്തുക.

19. കണ്ണികുത്തി പാലം മുതൽ മൂന്നാംകല്ല് വരെയുള്ള പാരലൽ റോഡ് വീതി കൂട്ടി ടാർ ചെയ്യുക. കുണ്ടുവക്കടവ് റോഡ് വീതികൂട്ടി (പൊതുജന പങ്കാളിത്തത്തോടെ) പി. ഡബ്ല്യൂ. ഡി. എ. ഏല്പിക്കണം.

20. 2-ാം വാർഡിൽ കാരക്കടവ് റോഡിനേയും ഇല്ലത്ത് റോഡിനേയും ബന്ധിപ്പിക്കുന്ന നാഷണൽ ഹൈവേക്ക് ഉദ്ദേശം 50 മീററർ പടിഞ്ഞാറ് മാറിയുള്ളതുമായ നടപ്പാത സ്ക്കൂൾ കുട്ടികൾക്കും കാൽ നട യാത്രക്കാർക്കും വേണ്ടി സഞ്ചാരയോഗ്യമാക്കുക. ഇല്ലത്തു റോഡ് ഹൈവേയിൽ ചേരുന്ന ഭാഗം കുത്തനെയുള്ളത് ശരിയാക്കി അപകടം ഒഴിവാക്കുക.

21. 8-ാം വാർഡിൽ തെക്കുംപുറം റോഡിന് അവസാനത്തിലുള്ള മൂന്നാംകല്ല് നടപ്പാതയ്ക്ക് കുറുകെയുള്ള തോട്ടിൽ കൾവർട്ട് കെട്ടുക. തെക്കുംപുറം റോഡ് N. H. മായി ബന്ധിപ്പിക്കുക. വേപ്പിൻ ചോട്ടിലെ കനോലികനാലിന് കുറുകെയുള്ള ഷട്ടറിലേക്കുള്ള റോഡ് അടഞ്ഞു കിടക്കുന്നു. ആ ഷട്ടർ പുതുക്കി പണിയുകയും അവിടേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.

22. 7-ാം വാർഡിൽ കുണ്ടുവക്കടവ് റോഡും ബേബിലാൻറ് റോഡും കൂടി ബന്ധിപ്പിക്കുക.

# ഊർജ്ജം

ഒരുമനയൂർ പഞ്ചായത്തിൽ ഇന്ന് വൈദ്യുതി ഉപയോഗിച്ച് 14 ചെറുകിട വ്യവസായങ്ങൾ നിലവിലുണ്ട്. വിറക്, എണ്ണ, കൽക്കരി ഇവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഒന്നും ഇല്ല. കാർഷിക ആവശ്യത്തിന് വൈദ്യുതി ഉപയോഗിച്ചുള്ള പമ്പ്സെററ് 140 എണ്ണം പ്രവർത്തിക്കുന്നു. മണ്ണെണ്ണ ഉപയോഗിച്ച് നൂറോളം പമ്പ് സെററുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വൈദ്യുതി ഉപയോഗിച്ച് ഗാർഹികം 1250 കണക്ഷൻ ഈ പഞ്ചായത്തിൽ ഉണ്ട്. വൈദ്യുതിയുടെ ഗുണനിലവാരം - വോൾട്ടേജ് വളരെ കുറവാണ്. പഞ്ചായത്തിൽ എല്ലാ വാർഡിലും ട്രാൻസ്ഫോർമറുകൾ ഉടനെ സ്ഥാപിക്കൽ അത്യാവശ്യമാണ്.

നിർദ്ദേശങ്ങൾ

1. ട്രാൻസ്ഫോർമറുകളിൽ നിന്നുള്ള ലോ ടെൻഷൻ ലൈനുകളുടെ ദൂരം കുറച്ച് ട്രാൻസ്ഫോർമറുകൾ വെക്കുകവഴി വോൾട്ടേജ് കൂട്ടാൻ സാധിക്കും. കാര്യശേഷിയുള്ള നിലവിലുള്ള ട്രാൻസ്ഫോർമറുകൾ പുതിയ capacity ഉള്ളവയായി മാററുക.

2. നിലവിലുള്ള ലൊ ടെൻഷൻ ലൈനുകളുടെ നല്ല

### ഒരുമനയൂർ ഗ്രാമപഞ്ചായത്ത് വൈദ്യുതി

| | | |
|---|---|---|
| നിലവിലുള്ള ഉപഭോക്താക്കൾ | (a) ഗാർഹികം<br>(b) വ്യാപാരം<br>(c) വ്യവസായികം<br>(d) കാർഷികം | 1250 + 207 = 1457<br>154 + 44 = 198<br>14 + 9 = 23<br>140 + 42 = 182 |
| വൈദ്യുതി ലഭിക്കാൻ ബാക്കി | (a) സാധാരണ<br>(b) O T P<br>(c) O Y E C | 55 + 12 = 67<br>12 + 1 = 13<br>21 + 4 = 25 |
| സ്ട്രീററ് ലൈററുകൾ | (a) ബൾബ്<br>(b) ട്യൂബ് | 25 w - 40 = } 118<br>40 w - 60 =<br>3 എണ്ണം |
| ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനി | 2 എണ്ണം | |
| പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L-T ട്രാൻസ്ഫോർമറുകളുടെ പേരുകൾ | 1. കരുവാരകുണ്ട്<br>2. കുണ്ടുകടവ്<br>3. തൈക്കടവ്<br>4. മുട്ടി പാലം<br>5. പാലം കടവ് | 6. മനാഫു ഒററതെങ്ങ്<br>7. മാങ്ങോട്ട്<br>8. തങ്ങൾപടി<br>9. കണ്ണിക്കുത്തി പാലം<br>10. വേപ്പിൻ ചോട് |
| തൽ വർഷത്തെ കണക്ഷൻ | ഓർഡനറി<br>O T P<br>O Y E C | |
| സ്ട്രീററ് ലൈററിനുവേണ്ടി പ്രതിമാസം അടക്കുന്ന തുക | | |

## ഹരിജൻ കോളനി വൈദ്യുതീകരണ വിവരം

| ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം | പണം നൽകി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| മനക്കകടവ് കോളനി | 15 | 15 | - |
| അബേദ്കർ കോളനി | 17 | 17 | 7 |

രീതിയിലുള്ള മെയിൻറനൻസ് പ്രവർത്തനങ്ങൾ നടത്തുക. ഉദാ: ലൈനുകളിൽ മുട്ടികിടക്കുന്ന വൃക്ഷതലപ്പുകൾ വെട്ടിമാററുക.

കേടുപാടുകൾ സംഭവിച്ച ഉപകരണങ്ങൾ മാററി പുതിയവ സ്ഥാപിക്കുക.

3. കഴിയുന്നത്ര റോഡുകളിൽ ബൾബിനുപകരം ട്യൂബ് ലൈററുകൾ സ്ഥാപിച്ച് വൈദ്യുതി ചിലവ് കുറക്കുക.

4. പഞ്ചായത്ത് അതിർത്തിയിലുള്ള കുണ്ടുവകടവ്, കാരക്കടവ്, പാലം കടവ് എന്നീ കടത്തുകളിൽ സ്ട്രീററ് ലൈററ് സ്ഥാപിച്ച്, രാത്രി കടത്ത് സഞ്ചാരം ഉറപ്പാക്കുക.

5. പഞ്ചായത്തിലെ പൊതു ശ്മശാനത്തിൽ വിളക്കുകൾ സ്ഥാപിക്കുക.

6. ഇന്നത്തെ പരിതസ്ഥിതിയിലെ വൈദ്യുതി കമ്മി വർദ്ധിപ്പിക്കാൻ നിലവിൽ പണി നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളെല്ലാം പൂർത്തിയാക്കുക. ജലശക്തിയോടൊപ്പം മറെറല്ലാ ഊർജ്ജ സ്രോതസ്സുകളേയും നാം സ്വീകരിച്ച് നടപ്പിലാക്കുക.

7. അമിതമായി വോൾട്ടേജ് വലിച്ചെടുക്കുന്ന സ്റെറപ്പപ്പുകൾ കണ്ടുപിടിച്ച് എല്ലാവർക്കും ഒരുപോലെ വോൾട്ടേജ് കിട്ടാവുന്ന ഒരു സമീപനം കൈകൊള്ളുക.

8. അനാവശ്യമായി വൈദ്യുതി ദുർവിനിയോഗം ചെയ്യുന്നത് പരിഹരിക്കാൻ ബോധവൽക്കരണം നടത്തുക.

9. ഇപ്പോൾ ഇലക്ട്രിസിററി ബോർഡ് ഏറെറടുത്ത് നടത്തേണ്ട ചേററുവ, ബീച്ച് എന്നീ ഫീസുകൾ ഇൻറർലിങ്ക് ചെയ്യുന്ന ജോലി മുത്തൻമാവു മുതൽ 3-ാം കല്ലുവരെ ഏറെറടുത്ത് നടത്തിയാൽ എമർജൻസി സമയങ്ങളിൽ ഫീസുകളിൽ നിന്നും സപ്ലൈ എടുക്കാനുള്ള സംവിധാനം പഞ്ചായത്ത് പ്രദേശത്തിലേക്ക് ലഭിക്കുന്നതാണ്.

10. വില്യംസിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് മാങ്ങോട്ട് സ്കൂളിൻെറ അടുത്തു നിന്ന് വടക്കോട്ട് ലൈൻ സ്ഥാപിച്ചാൽ വില്യംസിൽ നാലു ഭാഗങ്ങളിലേയും വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.

11. പഞ്ചായത്ത് പ്രദേശത്തിൻെറ പടിഞ്ഞാററ് മേഖലയിലെ നിലവിലുള്ള 11 K. V. ലൈൻ ലോഡ് സെൻററുകൾ കണക്കാക്കി പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് ഇന്നത്തെ വോൾട്ടേജ് ക്ഷാമവും ഓവർലോഡ് പ്രശ്നവും പരിഹരിക്കാം.

12. ഒരുമനയൂർ പഞ്ചായത്താഫീസിൽ വെച്ച് ഈ അതിർത്തിയിലെ ഇലക്ട്രിസിററി ചാർജ്ജ് സ്വീകരിക്കാനുള്ള ഒരു കൗണ്ടർ തുറന്ന് പ്രവർത്തിക്കുക.

14. ദൂരം കൂടുതലുള്ള സിംഗിൾ ഫെയ്സ് ലൈനുകൾ ത്രീ ഫെയ്സ് ലൈനുകളാക്കി മാററുക.

14. ഗുരുവായൂർ സബ്സ്റേറഷനിൽ നിന്നും അഡീഷണൽ ആയി ഒരു 11 K. V. ലൈൻ വലിച്ച്, പഞ്ചായത്തിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കുക.

15. സ്ഥല ഉടമയുടെ തടസ്സം മൂലം വൈദ്യുതി കിട്ടാത്ത വീടുകൾക്ക് ജില്ലാ കലക്ടറിൽ നിന്നും ഓർഡർ വാങ്ങി വൈദ്യുതി കിട്ടാനുള്ള നടപടി സ്വീകരിക്കുക.

16. വൈദ്യുതിക്കായി അപേക്ഷിച്ച് കിട്ടാതെ ഇരിക്കുന്ന വീട്ടുകാർക്ക് ഏററവും വേഗത്തിൽ കണക്ഷൻ കിട്ടാനുള്ള സത്വരമായ നടപടി എടുക്കുക.

17. ദുർബല വിഭാഗത്തിൽ പെട്ടവർക്ക് സൗജന്യമായി വീടുകൾ വൈദ്യുതീകരിച്ച് കണക്ഷൻ കൊടുക്കുക.

18. ഗാർഹിക ആവശ്യങ്ങൾക്ക് അപേക്ഷിച്ചിട്ടുള്ള

കണക്ഷനുകളുടെ കാലതാമസം ഒഴിവാക്കുക.

19. വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി അനുവദിക്കുകയും പവർകട്ടിൽ നിന്നും വ്യവസായങ്ങളെ ഒഴിവാക്കുക.

20. എല്ലാ കാർഷിക ആവശ്യങ്ങൾക്കും വൈദ്യുതി ചാർജ്ജ് സൗജന്യമാക്കുക.

21. പഞ്ചായത്ത് റോഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.ലൈനില്ലാത്ത സ്ഥലങ്ങളിൽ ലൈൻവലിച്ച് തെരിവുവിളക്കുകൾ സ്ഥാപിക്കുക.

22. ഒരുമനയൂർ കേന്ദ്രമാക്കി ഒരു ഇലക്ട്രിസിററി സബ്-സ്റേറഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## മാർക്കററ്

1. പഞ്ചായത്തിൽ പച്ചക്കറി, മത്സ്യം, മാംസം മുതലായവ വിൽപ്പനയ്ക്ക് ഒരു പൊതു മാർക്കററ് ഉണ്ടാക്കണം. പഞ്ചായത്തതിർത്തിയിൽ ഒരു അറവ് ശാലയും അതിനോടനുബന്ധിച്ച് ഒരു എല്ലു സംസ്ക്കരണശാലയും ഉണ്ടാക്കണം.

2. പഞ്ചായത്തിൽ പൊതുമേഖലയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.

# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

ഒരുമനയൂർ ഗ്രാമപഞ്ചായത്ത് ഉപ്പുവെള്ളത്താൽ ചുററപ്പെട്ട് കിടക്കുന്ന ഒരു ദ്വീപാണ്. പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തിയിലൂടെ ഒഴുകുന്ന കനോലികനാലിൽ കടലിൽ നിന്നുള്ള ഉപ്പുവെള്ളം കയറുന്നതുമൂലം ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ കുളങ്ങളിലും കായലുകളിലും ഉപ്പുവെള്ളം കയറുകയാണ്, പഞ്ചായത്തിൻെറ തെക്കേ അററത്ത് ബ്രിട്ടീഷുകാരുടെ കാലത്ത് പണി കഴിപ്പിച്ച ഒരു ലോക്കുണ്ട്. ഈ പ്രദേശത്തെ ഉപ്പുവെള്ളം തടയുന്നതിന് വേണ്ടിയാണ് ലോക്ക് നിർമ്മിച്ചത്. കാലങ്ങളായി ഈ ലോക്ക് തകരാറിലായതുകൊണ്ടാണ് ഈ പ്രദേശത്തേയ്ക്ക് ഉപ്പുവെള്ളം കയറി കുടിവെള്ളം കൃഷി, കെട്ടിട നിർമ്മാണം എന്നിവയ്ക്കെല്ലാം ഭീഷണി നേരിട്ട് കൊണ്ടിരിക്കുന്നത്. എത്രയും പെട്ടെന്ന് ചേററുവ ലോക്ക് പുതുക്കിപ്പണിത് ഉപ്പുവെള്ളം കയറുന്നത് തടഞ്ഞില്ലെങ്കിൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം, കൃഷി, കെട്ടിടനിർമ്മാണം എന്നിവയ്ക്കെല്ലാം ഭീഷണി തുടർന്ന് കൊണ്ടേിയിരിയ്ക്കും.

## ഭവനനിർമ്മാണം

ഒരുമനയൂർ പഞ്ചായത്തിൽ രണ്ടായിരത്തി അറുന്നൂററി എഴുപത്തി ഏഴ് വീടുകളുള്ളതിൽ കോൺക്രീററ് കെട്ടിടങ്ങൾ 824 ഉം ഓട് മേഞ്ഞ വീടുകൾ 759 ഉം, ഓലവീട് 835 ഉം ആണ് ഉള്ളത്. ഇതിൽ 259 എണ്ണം ഒന്നിൽ കൂടുതൽ നിലകളുള്ളതാണ്.

പഞ്ചായത്തിൽ നിരപ്പായ ഭൂമിയില്ലാത്തവർ നെൽവയലുകൾ നികത്തി വീടുകൾ വെയ്ക്കുന്നുണ്ട്. മുൻകാലങ്ങളിൽ മൂന്നും നാലും ഏക്ര പുരയിടവും വീടും ഉണ്ടായിരുന്നത് ഇന്ന് പത്തും ഇരുപതും സെൻറിൽ വീടും പുരയിടവും എന്ന നിലയിലേക്ക് ചുരുങ്ങിയിട്ടുണ്ട്. പത്ത് സെൻറ് സ്ഥലവും ഒരു കോൺക്രീററ് വീടും എന്നതാണ് ഈ പഞ്ചായത്തിലെ സ്ഥിതി.

സ്വന്തമായ വീടില്ലാത്തവരും സ്വന്തമായി ഭൂമിയും വീടുമില്ലാത്തവരുമായ ധാരാളം പേർ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ കൂടുതലും പിന്നോക്ക വിഭാഗത്തിലും പട്ടിക വിഭാഗത്തിലുൾപ്പെട്ടവരുമാണ്.

ഒരു ഭവനനിർമ്മാണ സ്ഹകരണ സംഘം ഈ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ട് സഹകരണ സംഘം ഉണ്ടാവാൻ നടപടിയുണ്ടാകണം. ഈ സഹകരണസംഘവും സർക്കാരിൽ നിന്നുള്ള സഹായവും ലഭ്യമാക്കുകയാണെങ്കിൽ ഭവന ദാരിദ്ര്യം ഏറെക്കുറെ പരിഹരിക്കാൻ സാധിക്കും. പട്ടിക വാഭാഗത്തിൽ പെട്ടവരും പിന്നോക്ക വിഭാഗത്തിൽ പെട്ടവരിലും കുറെ പേർക്ക് സർക്കാർ സഹായം കിട്ടിയിട്ടുണ്ടെങ്കിലും അതുകൊണ്ട് പ്രശ്നം മുഴുവൻ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ നിർമ്മിതി കേന്ദ്രം പണിത വീടുകൾ പൂർത്തിയാകാതെ കിടക്കുന്നുണ്ട്. അത് പൂർത്തീകരിയ്ക്കാൻ വേണ്ട നടപടികൾ എടുക്കണം. മൈത്രി ഭവനനിർമ്മാണ സഹായ പദ്ധതി പഞ്ചായത്ത് മുഖേന പെട്ടെന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം. ഭവനനിർമ്മാണ സഹായ പദ്ധതി പഞ്ചായത്ത് മുഖേന പെട്ടെന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈകൊള്ളണം. ഭവനനിർമ്മാണത്തിന്ന് ധനസഹായം ഭൂമിയില്ലാത്തവർക്ക് പാർപ്പിടത്തിനായി ഭൂമി കണ്ടെത്തി വീട് നിർമ്മിച്ച് കൊടുക്കാനുള്ള സഹായം എന്നിവയ്ക്ക് വേണ്ട നടപടികൾ കൈകൊള്ളണം. ഇതിന് പുറമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്തണം.

### നിർദ്ദേശങ്ങൾ

1. ഒരു ഭവനനിർമ്മാണ സഹകരണ സംഘം ഉണ്ടാക്കണം.
2. കെട്ടിടമില്ലാത്ത എല്ലാ അംഗൻവാടികൾക്കും സ്ഥിരം കെട്ടിടവും കക്കൂസുകളും, പാചകപ്പുരകളും, കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ, ബഞ്ച് എന്നിവ നൽകേണ്ടതാണ്.
3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും ജാതിമതഭേദമെന്യേ പാർപ്പിടങ്ങൾ നിർമ്മിച്ചു കൊടുക്കാൻ നടപടിയുണ്ടാകണം. (ഏററവും ചുരുങ്ങിയ ആയിരം വീടെങ്കിലും വേണം)

## സാമൂഹ്യക്ഷേമം

ഒരുമനയൂർ പഞ്ചായത്തിൽ 13 അംഗൻവാടികളാണുള്ളത്. ഇതിൽ നാലെണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ അംഗൻവാടി പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ ബുദ്ധിമുട്ടാണ്. പഞ്ചായത്ത് പുറമ്പോക്ക് പതിച്ചുകൊടുത്തോ സന്മനസ്സുള്ളവരിൽ നിന്നും സ്ഥലം സംഭാവനയായി സ്വീകരിച്ചോ സ്വന്തമായി അംഗൻവാ

## കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ | മേൽപുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീററ് | ഓട് | ഓല | മററുള്ളവ |
| 1 | 323 | 29 | 47 | 106 | 141 | |
| 2 | 324 | 20 | 123 | 103 | 78 | |
| 3 | 338 | 43 | 163 | 85 | 47 | |
| 4 | 408 | 34 | 85 | 144 | 145 | |
| 5 | 386 | 34 | 96 | 105 | 151 | |
| 6 | 343 | 10 | 119 | 83 | 131 | |
| 7 | 237 | 26 | 81 | 60 | 70 | |
| 8 | 318 | 63 | 110 | 73 | 72 | |
| ആകെ | 2677 | 259 | 824 | 759 | 835 | |

## ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം

| വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP സർവ്വെ | വിവിധ പരിപാടികളിലായി അനുവദിച്ച വീട് | പൂർത്തീകരിച്ച വീട് | അനുവദിച്ചതിൽ ഇനി പൂർത്തിയാക്കാനുള്ളത് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|
| 300 | 55 | 11 | 44 | 300 |

## ഹൗസിംഗ് സഹ : സംഘം ഈ പ്രദേശത്ത് നൽകിയ വായ്പകളുടെ വിവരം

| എത്ര പേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|
| 2 | ഹൗസിങ്ങ് | 1,40,000.00 |

## ഒരുമനയൂർ ഗ്രാമപഞ്ചായത്ത് 2.1 IRDP സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം.

| വാർഡ് നമ്പർ | സാർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 85 | 33 | 16 | 13 | 8 | 77 |
| 2 | 43 | 11 | 8 | 4 | 4 | 39 |
| 3 | 34 | 20 | 4 | 4 | 4 | 30 |
| 4 | 91 | 75 | 12 | 7 | 9 | 82 |
| 5 | 44 | 12 | 11 | 5 | 7 | 37 |
| 6 | 53 | 32 | 7 | 5 | 5 | 48 |
| 7 | 29 | 8 | 6 | 6 | 8 | 21 |
| 8 | 97 | 7 | 4 | - | 7 | 90 |
| ആകെ | 476 | 198 | 68 | 44 | 52 | 424 |

ടികെട്ടിടമുണ്ടാക്കണം. കുട്ടികൾക്ക് അത്യാവശ്യം വേണ്ട കളിക്കോപ്പുകൾ റജിസ്ററർ സൂക്ഷിക്കുന്നതിനാവശ്യമായ മേശ, കുട്ടികൾക്കിരിയ്ക്കാൻ ബഞ്ച് അംഗൻവാടി പ്രവർത്തീകരിയ്ക്കാൻ ആവശ്യമായ കസേലകൾ എന്നിവ നൽകണം. അംഗൻ വാടികൾക്ക് കക്കൂസുകൾ അനുവദിക്കണം. പെൻഷ്യന് അർഹരായ എല്ലാവർക്കും ലഭ്യമാക്കാൻ വേണ്ട എല്ലാ നടപടികളും പൂർത്തിയാക്കണം.

### നിർദ്ദേശങ്ങൾ

1. ഒരു വൃദ്ധമന്ദിരം നിർമ്മിക്കാൻ നടപടിയുണ്ടാകണം.

2. അർഹതപ്പെട്ട എല്ലാ വിഭാഗം തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനുള്ള നടപടിയുണ്ടാകണം.

3. നേഷനൽ ഹൈവേയുടെ ഇരു സൈഡിലും വൃക്ഷങ്ങൾ വെച്ച് പിടിപ്പിയ്ക്കണം.

4. ഗർഭിണികൾക്ക് പ്രസവാനുകൂല്യം നൽകണം.

5. സന്താന നിയ്രന്തണത്തിനുള്ള ഓപ്പറേഷൻ നടത്തുന്നതിന് സഹായധനം നൽകണം. അവർക്ക് സൗജന്യ ചികിത്സാ സൌകര്യം നൽകണം.

# സംസ്കാരം

I

കേരളത്തിൻെറ സാംസ്കാരിക തലസ്ഥാനമെന്നറിയപ്പെടുന്ന തൃശൂർ ജില്ലയിലെ പടിഞ്ഞാറൻ ഭാഗമായ ഒരു കൊച്ചു പ്രദേശമാണ് ഒരുമനയൂർ പഞ്ചായത്ത്.

നാലുഭാഗവും വെള്ളത്താൽ ചുററപ്പെട്ട ഒരു ദ്വീപ്രൂപമാണെങ്കിലും ഇതു ഗ്രാമപഞ്ചായത്തിൽ അധിവസിക്കുന്ന ജനങ്ങളുടെ സംസ്കാര നിലവാരവും, ജീവിത നിലവാരവും ഒട്ടും പിന്നോക്കമാണെന്ന് പറയാൻ വയ്യ. ഭൂരിഭാഗം കുടുംബങ്ങളും നവീന സാങ്കേതിക വീട്ടുപകരണങ്ങളുടെ ഉപയോഗത്തിലും ഭവന സൗകര്യം, ശുചിത്വം, ഗതാഗതസൗകര്യം, വിദ്യാഭ്യാസ സൗകര്യം പോലുള്ള അടിസ്ഥാന കാര്യങ്ങളിൽ നിലവാരം പുലർത്തുന്നു. എന്നാൽ അർഹിക്കുന്ന വിദ്യാഭ്യാസ വളർച്ച ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല. സാഹിത്യ കലാ സാംസ്കാരിക പരമായുള്ള നിരന്തര പ്രവർത്തന ശൈലിയിലേക്ക് ഇനിയും ഇവിടത്തെ ജനങ്ങൾക്ക് വളരാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യാവസ്ഥ. ഈയൊരു സ്ഥിതി വിശേഷത്തെ ചരിത്രപരമായി തന്നെ പരിശോധിക്കേണ്ടത് അത്യാവശ്യമാണ്.

II

വളരെ ആഴത്തിലുള്ളഒരു പഠനത്തിന് ആവശ്യമായ സമയവും, സന്ദർഭവും നമുക്ക് ലഭ്യമല്ലാത്തതുകൊണ്ട്, ലഭ്യമായ വാമൊഴിയും കേട്ടറിവും ഇന്നു നിലവിലുള്ള അനുഭവങ്ങളും വെച്ചു കൊണ്ടാണ് ഈ കുറിപ്പ് രൂപപ്പെടുത്തുന്നത്.

ഒരുമനയൂർ ഗ്രാമപഞ്ചായത്തിനെ ഒററതിരിച്ചു കൊണ്ട് ഒരു ചരിത്ര പഠനം നടത്തുക എന്നത് സാധ്യമല്ല. കേരളത്തിൻെറ മൊത്തം സാംസ്കാരികപരമായി ഉണ്ടായ മാററങ്ങൾ ഒരുമനയൂർ പ്രദേശത്തും അൽപ്പാല്പം ബാധിച്ചിട്ടുണ്ട് എന്നതു കൊണ്ട് മുൻകാലങ്ങളിലുണ്ടായ തൊഴിൽ സമ്പ്രദായങ്ങളും, വാണിജ്യ ബന്ധങ്ങളും, സാമ്പത്തിക നിലവാരവും ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സ്ഥിതി വിശേഷങ്ങളും ചെറിയ തോതിൽ വിലയിരുത്തുന്നത് നന്നായിരിക്കും.

ഏകദേശം 40 വർഷത്തിനുള്ളിൽ ഉണ്ടായ മാററങ്ങൾ ഒന്നു പരിശോധിക്കാം. എല്ലാ പ്രദേശത്തും നിലനിന്നിരുന്നതു പോലെ തന്നെ ജന്മി, കുടിയാൻ വ്യവസ്ഥ ഇവടേയും നിലനിന്നിരുന്നു. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ജനവിഭാഗങ്ങൾ സൗഹാർദ്ദപരമായ ജീവിതം നില നിർത്തി പോന്നിരുന്നു.

III

ജാതിവ്യവസ്ഥയും, ഒട്ടും കുറവായിരുന്നില്ല. പഞ്ചായത്തിൻെറ ഇരുവശത്തു കൂടെ ഒഴുകുന്ന പുഴകളുടെ തീരങ്ങളിലായി വിവിധ പരമ്പരാഗത തൊഴിലാളികൾ താമസിച്ചിരുന്നു. മത്സ്യബന്ധനം, ചകിരി തല്ല്, കയർ പിരി, വഞ്ചിതൊഴിൽ മുതലായവയായിരുന്നു പഴയ തൊഴിൽ മാർഗ്ഗങ്ങൾ. ഇത്തരം ഉൽപ്പന്നങ്ങൾ എല്ലാം തന്നെ വിററഴിക്കാൻ കണ്ടിരുന്ന കമ്പോളം കൊച്ചി ആസ്ഥാനപ്പെടുത്തി കായൽ ഗതാഗത മാർഗ്ഗമായിരുന്നുഎത്തിച്ചിരുന്നത്. ഇത് പട്ടണവുമായുള്ള ബന്ധം അന്നത്തെ സാംസ്കാരിക വളർച്ചയ്ക്ക് സഹായകമായിട്ടുണ്ടാവാം. കാർഷിക മേഖലയായിരുന്ന ഈ പ്രദേശത്തെ ഭൂരിഭാഗം ഭൂമിയും ജന്മി നാടുവാഴികളുടെ അധീനത്തിലായിരുന്നു. പാട്ട കൃഷിക്കായി ഭൂമി വാങ്ങി കൃഷി ചെയ്തിരുന്ന ഒരു വിഭാഗം ഇടത്തരക്കാരും ഈ പ്രദേശത്തുണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണ പരിഷ്കാരത്തിൻെറ ഭാഗമായി തിരുകൊച്ചി മലബാർ വേർതിരിക്കപ്പെട്ടപ്പോൾ മദ്രാസ് അസംബ്ലിയുടെ ഭാഗമായി ഈ പ്രദേശം മാറി. ജന്മികൾ ഭരണകാര്യങ്ങളിൽ മേൽ കൈ ഉള്ളവരായി മാറി. ഈ കാലയളവിൽ ചെറുകിട കർഷകർ വളരുകയും ബീഡി വ്യവസായം പുരോഗമിക്കുകയും ചെയ്തു. ഇത്തരം തൊഴിലാളികൾക്കിടയിൽ കലാവാസനയും, സംഗീത താൽപര്യവും ഉണ്ടായിരുന്നതായി കാണാൻ കഴിയുന്നുണ്ട്.

IV

ഉത്സവ കാലങ്ങളിൽ വേഷമിടുന്ന നാടൻ കലകളായ പറയൻ കളി, മുക്കാൽ ചാത്തൻ കാളി കോലം പോലുള്ള കലാരൂപങ്ങൾ ഇന്ന് വെറും ഓർമ്മകളായി മാറിയിരിക്കുന്നു. ഓണക്കാലങ്ങളിലുണ്ടായിരുന്ന തിരുവാതിരക്കളി, പെരുന്നാളിനോടനുബന്ധിച്ചുള്ള കൈ കൊട്ടിക്കളി, ക്രിസ്തീയ ആഘോഷങ്ങളോടനുബന്ധിച്ചുള്ള മാർഗ്ഗം കളി മുതലായ കലകൾ ഇവിടെ നിലനിന്നിരുന്നു. മനുഷ്യ അദ്ധ്വാനത്തിനോട് ബന്ധപ്പെട്ട കൊയ്ത്തു പാട്ടുകളും, ചക്രം ചവിട്ട് നാടൻ പാട്ടിൻെറ ശീലുകളും, തൊഴിലാളികൾ പാടുന്നതായി പഴമക്കാർ പറയുന്നു.

സ്വാതന്ത്ര്യത്തിന് തൊട്ട് മുൻപ് കാലങ്ങളിൽ ചെറുകിട കർഷകരും, ബീഡിതൊഴിലാളികളും ആയിരുന്ന

ഒരു ചെറിയ തൊഴിലാളികളും ആയിരുന്ന ഒരു ചെറിയ ജനവിഭാഗം സിംഗപൂർ, ബർമ്മ, സിലോൺ പോലുള്ള രാജ്യങ്ങളിലേക്ക് ജോലി സംബന്ധമായി പ്രയാണം ചെയ്യുകയുണ്ടായി. ഇതു പുതിയ വിദേശ ബന്ധങ്ങളും നിലവിൽ വന്നു. സാമ്പത്തികമായ ചെറിയ പുരോഗതി നമ്മുടെ നാട്ടിലെ ജനവിഭാഗത്തിൻെറ സാംസ്കാരിക മേഖലയിൽ ഗുണകരമോ, ദോഷകരമോ ആയ മാററത്തിന് സ്വാധീനം ചെലുത്തിയിട്ടുണ്ടായിരിക്കാം. ഈ കാലയളവിൽ എല്ലാം തന്നെ പുരോഗമന ചിന്താഗതിക്കാരായ വ്യക്തികളുടെ പ്രവർത്തനഫലമായി നാടിൻെറ പല ഭാഗങ്ങളിലും ചില വായനശാലകളും, വിനോദ ക്ലബുകളും രൂപം കൊണ്ടിട്ടുണ്ടെങ്കിലും പലവിധ പരിമിധികളും, സാമ്പത്തിക ഞെരുക്കങ്ങളും മൂലം പിടിച്ചു നിൽക്കാൻ കഴിയാതെ നശിക്കുകയാണുണ്ടായത്. വിവിധ ഗ്രൂപ്പുകൾ നടത്തിയിരുന്ന നാടക പ്രവർത്തനങ്ങളും ഈ പ്രദേശത്ത് നടന്നിരുന്നു. പക്ഷേ ഈ പ്രദേശത്തു കാരായി ആരും തന്നെ ഉയർന്ന കാലകാരന്മാരോ, സാഹിത്യകാരന്മരോ പ്രതിഭകളോ ആയി വളർന്നു വന്നതായി അറിവില്ല.

സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ പുരോഗമന പ്രവർത്തനങ്ങളിലും സമരങ്ങളിലും ഭാഗികമായെങ്കിലും ഇവിടത്തുകാർ താൽപര്യം പ്രകടിപ്പിച്ചിരുന്നു. എന്നാൽ വർഗീയമോ, വംശീയമോ ആയ യാതൊരു കലാപവും വ്യാപകമായി പറയത്തക്ക രീതിയിൽ ഇവിടെ ഉണ്ടായിട്ടില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും, പ്രസ്ഥാനങ്ങൾക്കും ഇവിടെ വേരോട്ടമുണ്ടായിരുന്നു.

ഭൂപരിഷ്ക്കണ നിയമം നടപ്പിൽ വരികയും ചെയ്തതോടെ ജന്മി കുടിയാൻ ബന്ധങ്ങൾ ഇല്ലാതാകുകയും ഭൂമി തുണ്ടങ്ങളായി വിഭജിക്കുകയും ചെയ്തു. തുടർന്നു വന്ന കാലങ്ങളിലാണ് പുത്തൻ തൊഴിൽ മേഖലയായ ഗൾഫ് രാജ്യങ്ങൾ വ്യാപകമായി നമ്മുടെ ജനങ്ങളെ ആകർഷിക്കപ്പെട്ടത്.

## V

ഇതിനെ തുടർന്ന് കർഷകവൃത്തി മന്ദീഭവിക്കുകയും ചെറുകിട കർഷക തൊഴിലാളികൾ, ബീഡി തൊഴിലാളികൾ അതുപോലെയുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും ഗൾഫ് മേഖലയിലേക്ക് ചേക്കേറി. ഇതിനെ തുടർന്നുണ്ടായ ഒരു വലിയ സാമ്പത്തിക മാററമാണ് ഈ പ്രദേശത്തെ ഇന്നുള്ള സാംസ്കാരിക നിലവാരത്തെ വിലയിരുത്തുമ്പോൾ നമ്മൾ കാണേണ്ടത്.

ഇന്ന് നമ്മുടെ ഗ്രാമ പഞ്ചായത്തിൽ നാമ മാത്രമായ ക്ലബുകളും, വായനശാലകളും ഉണ്ടെങ്കിലും എല്ലാം തന്നെ സാംസ്കാരിക കലാ സാഹിത്യ പ്രവർത്തനങ്ങളിൽ വിമുഖത കാണിക്കുകയാണ്. പാശ്ചാത്യ സംസ്കാരത്തിൻെറ ഭാഗമായ പോപ്പു സംഗീതം, ഡിസ്കോ ഡാൻസു പോലുള്ള അന്യ കലാരൂപങ്ങളിലാണ് ചെറുപ്പക്കാരുടെ താൽപര്യം കാണുന്നത്. ഈ മാററം നമ്മുടെ നാടിൻെറ തനതായ സാംസ്കാരിക സ്വഭാവത്തിന് അപകടകരമാണ്. നാടക പ്രവർത്തനങ്ങളും, നാടൻ കലാരൂപങ്ങളും പാടെ ഇല്ലായ്മയായ സാഹചര്യത്തിൽ യഥാർത്ഥ സംസ്ക്കാരം രൂപപ്പെടുത്തുന്നതിന് മഞ്ഞറഞ്ഞ കലാരൂപങ്ങൾ പുനരുദ്ധരിപ്പിക്കേണ്ടത് അനിവാര്യമാണ്.

## VI

### നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് വായനശാല പൊതുജനങ്ങൾക്ക് ബന്ധം വെയ്ക്കാവുന്ന സ്ഥലത്തേക്ക് സ്വന്തം കെട്ടിടം നിർമ്മിച്ച് മാററി സ്ഥാപിക്കുക.

2. പഞ്ചായത്ത് ജനപ്രതിനിധിയുടെ നേതൃത്വത്തിൽ ഒരു ജനകീയ സമിതി രൂപീകരിക്കുകയും, വ്യാപകമായ പ്രചരണം നടത്തി ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതുമാണ്.

3. പഞ്ചായത്തിലെ മററു ഭാഗങ്ങളിൽ ചെറു ഗ്രൂപ്പുകൾ നടത്തിപ്പോരുന്ന ക്ലബുകളും, വായനശാലകളും പുരോഗമിപ്പിക്കുന്നതിന് സാമ്പത്തിക സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.

4. നാടക അവതരണങ്ങൾക്ക് അനുയോജ്യമായ കമ്മ്യൂണിററി ഹാൾ പഞ്ചായത്തു തലത്തിൽ നിർമ്മിക്കുക.

5. ചെറുപ്പക്കാരുടെ കായിക വിനോദ വളർച്ചയ്ക്ക് കളിസ്ഥലങ്ങൾ പഞ്ചായത്തു തലത്തിൽ നിർമ്മിക്കുക.

6. പഞ്ചായത്തിലുള്ള നിർദ്ധനരായ ജനങ്ങൾ തിങ്ങി താമസിക്കുന്ന കോളനികളിൽ ടെലിവിഷൻ സെൻററുകൾ സ്ഥാപിക്കുക.

7. ഈ പഞ്ചായത്തിൽ ഒരു സിനിമാശാല പൊതുജനപങ്കാളിത്തതോടെ ആരംഭിക്കേണ്ടതാണ്.

# വനിത

കേരള വികസനത്തിൽ സ്ത്രീകൾ അവഗണിക്കപ്പെട്ടിരിക്കുന്നതായിട്ടാണ് കാണാൻ കഴിഞ്ഞിരുന്നത്. ഈ വരുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ സ്ത്രീക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടത് തികച്ചും സ്വാഗതാർഹമാണ്. ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ സ്ത്രീ പുരുഷന്മാരുടെ അനുപാതത്തെ പററി പറയുകയാണെങ്കിൽ ആകെ 10990 ജനങ്ങളിൽ 5951 സ്ത്രീകളാണ്. സെൻസസ് റിപ്പോർട്ടു പ്രകാരം സ്ത്രീകളാണ് ഈ പഞ്ചായത്തിൽ കൂടുതൽ. ഈ പഞ്ചായത്തിൽ സ്ത്രീകൾ അധികമാണെങ്കിലും, അവരുടെ ക്ഷേമ പ്രവർത്തനങ്ങളുടെ കാര്യത്തിൽ നാം വളരെ പിന്നിലാണ്. വിദ്യാഭ്യാസ നിലവാരം ഉയർന്ന ഈ പഞ്ചായത്തിലെ വനിതകൾ തൊഴിലിൻെറ കാര്യത്തിൽ പിന്നിലാണ്. വനിതകൾ മാത്രം പ്രവർത്തിക്കുന്നതായ യാതൊരു വ്യവസായ സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ ഇന്ന് ഇല്ല. ഇത്തരം വ്യവസായ യൂണിററുകൾ, സഹകരണാടിസ്ഥാനത്തിൽ തുടങ്ങേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിലെ തൊഴിൽ പരിശീലനം നേടിയിട്ടുള്ള യുവതികളുടെ ഗ്രൂപ്പുണ്ടാക്കി ഇത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. തൊഴിൽ സംരംഭങ്ങൾ തുടങ്ങുക വഴി സ്ത്രീകളുടെ സാമ്പത്തിക പരാശ്രയത്വം അവസാനിപ്പിക്കുന്നതോടെ മാത്രമേ അവരെ സാമൂഹ്യ രംഗങ്ങളിൽ കർമ്മ നിരതരാക്കാൻ കഴിയൂ. പുതിയ ഗ്രാമ പഞ്ചായത്തുകൾ നിലവിൽ വന്നതോടൊപ്പം പൊതു പ്രവർത്തകരായ സ്ത്രീകളുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിലും അവരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇനിയും നമ്മൾക്ക് കഴിഞ്ഞിട്ടില്ല.

ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ആരോഗ്യ നിലവാരം സാധാരണ നിലയിൽത്തന്നെയാണ് എങ്കിലും. അപൂർവ്വം ചിലർക്ക് ആരോഗ്യപരമായ കാര്യക്ഷമതയും ഇല്ലാതില്ല. ഇവിടത്തെ ആരോഗ്യപരിപാലനത്തിനായി ഒരു ഡിസ്പെൻസറിയും, ഒരു ഹെൽത്ത് സെൻററും പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾ ആരോഗ്യ ബോധവൽക്കരണത്തിൻെറ കാര്യത്തിൽ മുൻപന്തിയിലാണ്. വനിതകളുടെ തൊഴിൽ സംരംഭ യൂണിററുകളോട് ചേർന്ന്, സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിനായുള്ള കേന്ദ്രങ്ങൾ ഉണ്ടകേണ്ടതാണ്. കുട്ടികളേയും വൃദ്ധജനങ്ങളേയും പരിചരിക്കൽ തൊഴിൽ ബന്ധിതസേവന മേഖലയായി വികസിപ്പിക്കാവുന്നതാണ്. ഇതിനായി സൊസൈററികൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ വനിതകളെ പരിശീലിപ്പിക്കാവുന്നതുമാണ്. ടൈലറിങ്ങ്, എംബ്രോയ്ഡറിയും, നൂൽനൂൽപ്പും, കൈത്തറിയും കൂട്ടായ്മയോടെ ചെയ്യുവാൻ തൽപരരായ അനേകം വനിതകൾ തയ്യാറായി നിൽക്കുന്നു. കൂടാതെ കുടിൽ വ്യവസായം, അച്ചാറു നിർമ്മാണം, കയർ നിർമ്മാണം, ആടുവളർത്തൽ, കോഴി വളർത്തൽ, പന്നി വളർത്തൽ, കറിമസാലകൾ പൊടിച്ച് വിതരണം ചെയ്യൽ, എന്നിങ്ങനെയുള്ള തൊഴിലുകൾ ഈ പഞ്ചായത്തിൽ വളരെ നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയും. അതിന്ന് ആവശ്യമായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ വേരേണ്ടതാണ്.

ഈ ഗ്രാമ പഞ്ചായത്തിൽ D. W. C. R. A. 1 യൂണിററ് പ്രവർത്തിക്കുന്നുണ്ട്. പൊതുപ്രവർത്തന മേഖലയിലും സ്ത്രീകളുടെ പങ്കാളിത്വം ഒട്ടും കുറവല്ല. ഈ ഗ്രാമപഞ്ചായത്തിൽ നാല് വനിതാ പ്രതിനിധികൾ ഉണ്ട്. എന്നതുതന്നെ ഇതിന് ഉത്തമ ഉദാഹരണമാണ്. വനിതകളുടെ വിദ്യാഭ്യസം നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വനിതകൾക്ക് മാത്രമായി, ഒരു ഗേൾസ് ഹൈസ്ക്കൂൾ സ്ഥാപിക്കുവാൻ ഇന്ന് നിലവിലുള്ള മാങ്ങോട്ട് എ. യു. പി. സ്ക്കൂളിനോട് അനുബന്ധിച്ച് പ്രവർത്തിക്കുക. അതിനുവേണ്ട ശ്രമങ്ങൾ എല്ലാ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് അവരെ കൂടുതൽ അകൃഷ്ടരാക്കേണ്ടത് അത്യാവശ്യമാണ്. തൊഴിൽ മേഖലയിലെ അസമത്വം അവസാനിപ്പിക്കുന്നതിന് വേണ്ടത്ര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അദ്ധ്വാനത്തിനനുസൃതമായി സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം വേതനം ലഭിക്കേണ്ടത് അനിവാര്യമാണ്. സമൂഹത്തിലെ സ്ഥാനമാണ് വനിതകളെ അലട്ടുന്ന മറെറാരു പ്രശ്നം. സാമൂഹിക സമത്വം ഉറപ്പു വരുത്തി, വനിതാ ക്ഷേമ പ്രവർത്തനത്തിനും, സ്ത്രീകളുടെ ഉന്നമനത്തിനും വേണ്ടി നാം കൂട്ടായി പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്.

## നിർദ്ദേശങ്ങൾ

1. മഹിളാ സമാജങ്ങളും വനിതാ സഹകരണ സംഘങ്ങളും സ്ഥാപിക്കുക.
2. സ്ത്രീകൾക്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുക.
3. ഒരുമനയൂർ മാങ്ങോട്ട് എ. യു. പി. സ്ക്കൂളിനോടനുബന്ധിച്ച് ഒരു ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കുക.
4. തൊഴിൽ മേഖലയിൽ സ്ത്രീക്ൾക്ക് തുല്ല്യവേതനം ഉറപ്പ് വരുത്തുക.

5. വനിതകൾക്ക്, കറിമസാല പൊടികൾ പേക്കററുകളിലാക്കി വ്യവസായ അടിസ്ഥാനത്തിൽ വിററഴിക്കുന്നതിന്ന് ഫ്ളവർ മില്ലുകൾ സ്ഥാപിക്കുക.

6. ഖാദി ഗ്രാമ വ്യവസായ യൂണിററുകൾ നടപ്പിലാക്കി വനിതാ വ്യവസായ യൂണിററുകൾ ആരംഭിക്കുക.

7. സ്ത്രീധനത്തിനെതിരേയും സ്ത്രീമർദ്ദനത്തിനെതിരേയും നടപടികൾ സ്വീകരിക്കുക.

8. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക വഴി ഇന്ന് സ്ത്രീകൾ അനുഭവിക്കുന്ന ജീവിത പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹരിക്കപ്പെടും.

9. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന അശ്ലീല സിനിമാ പോസ്ററുകളും പ്രസിദ്ധീകരണങ്ങളും ഇവിടെ നിന്ന് നിരോധിക്കുക.

# സഹകരണമേഖല

ഒരുമനയൂർ പഞ്ചായത്തിൽ മൂന്ന് സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്. 1. ഒരുമനയൂർ സഹകരണ സംഘം. 2. ഒരുമനയൂർ പട്ടികജാതി സഹകരണ സംഘം. 3. ഒരു സ്ക്കൂൾ സഹകരണ സംഘവും. മററൊന്ന് ഗുരുവായൂർ കോ ഓപ്പറേററീവ് അർബൻ ബേങ്കിൻെറ ഒരു ശാഖയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

പഴയ സാഹചര്യത്തിൽ വട്ടേക്കാട് - കടപ്പുറം ഭാഗങ്ങളിൽ ഉള്ളവർ ഇവിടെ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിരുന്നു. എന്നാൽ മാറിയ സാഹചര്യത്തിൽ കടപ്പുറം പഞ്ചായത്തിലും, സഹകരണ സംഘം നിലവിൽ വന്നു. ഒരുമനയൂർ സഹകരണ സംഘം ഒരുമനയൂരിലെ മെമ്പർമാർക്ക് മാത്രമാക്കേണ്ടതാണ്. സൊസൈററിയോട് തൊട്ട് ഒരു ടെക്സ്ററയിൽ കട നടത്തി വരുന്നുണ്ട്. അതിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

### 13-2 കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ചെയ്ത വായ്പകളുടെ വിവരം

| എത്ര പേർ | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|
| 1 | 2 | 3 |
| 7<br>മൂന്നു ലോൺ<br>ഒരാൾക്ക് | കാർഷികേതര വായ്പ - 2<br>പദ്ധതി വായ്പ - 3<br>കാർഷികം<br>ഹൗസിങ്ങ് - 2 | 50000<br>113804<br>147600 |

### 13-3. ഹൗസിങ്ങ് സഹകരണ സംഘം ഈ പ്രദേശത്ത് നൽകിയ വായ്പകളുടെ വിവരം

| എത്ര പേർ | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|
| 1 | 2 | 3 |
| 95.96 | ഹൗസിങ്ങ് | 1,40,000 |

## നിർദ്ദേശങ്ങൾ

1. ഒരുമനയൂരിലെ ജനങ്ങളുടെ മാത്രം അംഗത്വമുള്ള എല്ലാ അർത്ഥത്തിലും, ജനന്മക്കായി നിലകൊള്ളുന്ന ഒരു സൊസൈററി എന്ന പദവി നിലനിർത്താൻ ഒരുമനയൂർ സഹകരണ സംഘത്തിലെ അംഗത്വം ഒരുമനയൂർ സ്വദേശികൾക്കുമാത്രമായി പരിമിതപ്പെടുത്തുക.

2. ഒരുമനയൂരിൻെറ വികസനത്തിന് തടസ്സമായി നില്ക്കുന്ന കടപ്പുറം പഞ്ചായത്തിലുള്ളവരുടെ അംഗത്വം വട്ടേക്കാട് സൊസൈററിയിലേക്ക് മാററുക.

3. ഗ്രൂപ്പ് ഫാമിങ്ങ് സംഘടന ശക്തിപ്പെടുത്തുക.

4. വനിതകൾക്ക് മാത്രമായി സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ സൗകര്യങ്ങളേർപ്പെടുത്തുക.

5. മത്സ്യതൊഴിലാളികളുടെ സഹകരണ സംഘം രൂപപ്പെടുത്തുക.

6. കന്നുകാലികളെ വളർത്താനും ക്ഷീര വ്യവസായം പ്രോത്സാഹിപ്പിക്കാനും ക്ഷീര സൊസൈററി സ്ഥാപിക്കുക.

7. തൊഴിൽ രംഗത്ത് അവസരങ്ങൾ സൃഷ്ടിക്കുവാൻ വിവിധ തരത്തിലുള്ള തൊഴിൽ സ്ഥാപനങ്ങൾക്ക് രൂപം നൽകുക.

8. നിലവിലുള്ള സൊസൈററിയോട് തൊട്ടുള്ള ടെക്സ്ററയിൽ കട ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ നിലയിൽ കാര്യക്ഷമമാക്കുക.

9. മുൻ കാലങ്ങളിൽ ഒരുമനയൂരിൻെറ പ്രധാന തൊഴിലായിരുന്ന കയർ വ്യവസായം പുനസ്ഥാപിക്കുക.

10. കെട്ടിട നിർമ്മാണ സഹകരണ സംഘം, കേരകർഷക സഹകരണ സംഘം, കേരകർഷക സഹകരണ സംഘം. എന്നിവ രൂപീകരിക്കുക.

11. വിദേശ മലയാളികളുടെ ക്ഷേമത്തിനായി അവരുടെ സഹകരണത്തോടെ ഒരു സഹകരണ പണമിടപാട് സ്ഥാപനം സ്ഥാപിക്കുക.

12. കുറച്ചു ചേർക്കെങ്കിലും, തൊഴിൽ നൽകാനുതകുന്ന ബുക്ക് ബൈൻറിങ്ങിനുള്ള യന്ത്ര സാമഗ്രിക് വാങ്ങുന്നതിന്നും, അത് തുടങ്ങുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരുന്നത് ശ്ലാകനീയമാണ്. പട്ടിക ജാതി സഹകരണ സംഘം ഈ രംഗം കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്.

13. ഒരുമയൂരിലുള്ള രണ്ടു സഹകരണ സംഘങ്ങളിലേയും വായ്പാ വിതരണം സാധാരണക്കാർക്ക് ലഭിക്കുന്ന നിലയിലാക്കുകയും, എല്ലാ ആവശ്യക്കാർക്കും മെമ്പർഷിപ്പ് അനുവദിക്കുകയും വേണം.

147

# പട്ടിക ജാതി
# പട്ടിക വർഗ്ഗക്ഷേമം

ഒരുമനയൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ ഏകദേശം 30 ശതമാനം വരുന്ന പട്ടിക ജാതിയിൽ പെട്ടവരിൽ അധികവും കർഷക തൊഴിലാളികളാണ് ഒരുമനയൂർ പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തുകൂടി കടന്നു പോകുന്ന N. H. റോഡിൻെറ ഇരുവശങ്ങളിലും സമ്പന്നതയുടെ കാഹളം വിളിച്ചോതും വിധം മുഖത്തു കൃത്രിമ പൌഡർ, പൂശിയപോലെ ധാരാളം മണിമന്ദിരങ്ങൾ കാണാമെങ്കിലും, സത്യത്തിൽ മണിമന്ദിരങ്ങൾ കാണാമെങ്കിലും, സത്യത്തിൽ പള്ള ഭാഗം പൊള്ളയാണ്. ഇവിടെയാണു പട്ടിണി പാവങ്ങളായ പട്ടിക ജാതിക്കാർ തിങ്ങി പാർക്കുന്നത്.

ഒരുമനയൂരിൽ ഓരോ വാർഡിലും ഒന്നോ, രണ്ടോ ഹരിജൻ കോളനികൾ ഉണ്ടക്കാൻ കഴിയുംവിധം പട്ടിക ജാതിക്കാർ താമസിക്കുന്നുണ്ടെങ്കിലും ഒന്നാം വാർഡിൽ മാത്രമാണ് ഒരംഗീകൃത അബേദ്കർ നിലവിലുള്ളത്.

ഒരുമനയൂരിൻെറ നാലുഭാഗവും ഉപ്പു വെള്ളത്തിൻെറ ശല്യമുള്ളതാണ്. ഈ ഭാഗങ്ങളാൽ താമസിക്കുന്നവർക്ക് കുടിവെള്ളം കിട്ടാൻ വളരെ ബുദ്ധിമുട്ടാണം. വൈദ്യുതി, കക്കൂസ്, എന്നിവയുടെ കാര്യത്തിലും സ്ഥിതി മോശമാണ്. അംഗീകൃത അബേദ്ക്കർ ഗ്രാമത്തിൽ പോലും മേൽപറഞ്ഞ പ്രാഥമിക സൗകര്യങ്ങൾ വളരെ പരിമിതമാണം. അംബേദ്ക്കർ ഗ്രാമത്തെ N. H. റോഡുമായി ബന്ധിപ്പിക്കാൻ ഒരു റോഡില്ലാത്തതിനാൽ അവിടെ ഉള്ള വികസന പ്രവർത്തനവും ജലരേഖയായി മാറുകയാണ്. ശ്മശാന റോഡുമായി ഈ ഗ്രാമത്തെ ബന്ധിപ്പിക്കേണ്ടതുണ്ട്.

ദരിദ്രരായ പട്ടിക ജാതിക്കാർക്ക ഉപകരിക്കും വിധം ശ്മാശനത്തിലെ ഉരുള്ളൻ കല്ലുകൾ നീക്കി മണ്ണിട്ട് നികത്തി മററു സൗകര്യങ്ങൾ ഏർപ്പെടുത്തണം. ശവം ദഹിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

കൊഴിഞ്ഞുപോക്ക് കുറവാണെങ്കിലും സാമ്പത്തിക പരാധീനത മൂലം ഇടയ്ക്ക് വെച്ച് പഠിപ്പ് നിർത്തിയ കുട്ടികൾ അധികവും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പ്പെട്ടവരാണ്. പട്ടിക ജാതി ക്ഷേമം പ്രസംഗിച്ച് നടന്നിരുന്നതല്ലാതെ കാര്യമായ പുരോഗതിയൊന്നും അനുഭവത്തിൽ ഉണ്ടായിട്ടില്ല. ഏതെങ്കിലു തരത്തിൽ മാററം ഉണ്ടായിട്ടുണ്ടെങ്കിൽ അതു ഗൾഫ് നാട് കൊണ്ടോ മററ് ഏതെങ്കിലും നാട്ടിൽ പോയി ജോലി ചെയ്തതുകൊണ്ടോ ഉള്ള നേട്ടം മാത്രം ആണ്. പട്ടിക ജാതിയിൽ വിരലിലെണ്ണാവുന്ന ബിരുദധാരികളെ ഉള്ളു. അവരിൽ ഭൂരിഭാഗവും ജോലി ഇല്ലാത്തവരാണ്. അപൂർവ്വം ചകിരി തൊഴിലാളികളും മത്സ്യ തൊഴിലാളികളും, ബീഡി തൊഴിലാളികളും കഴിച്ചാൽ ബഹുഭൂരിപക്ഷവും കർഷക തൊഴിലാളികളും കെട്ടിട നിർമ്മാണ തൊഴിലാളികളും ആണ്. ഇവരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. നിരക്ഷരർ കൂടുതൽ ഉള്ള വിഭാഗം എന്ന നിലയ്ക്ക് സാക്ഷരതാ പ്രവർത്തനം പുനരാവർത്തിക്കേണ്ടതുണ്ട്. സ്വന്തമായി വീടില്ലാത്തവരായി ഒട്ടേറെ കുടുംബങ്ങളുണ്ട്. സ്വന്തമായി ഒരുതുണ്ട് ഭൂമി വാങ്ങാൻ കഴിവില്ലാത്ത ഇത്തരക്കാർക്ക് ഭൂമി വാങ്ങി വീട് വെച്ച് നല്കണം.

ജാതിപരമായ ഉച്ചനീചത്വം പഴയ തൊട്ടുകൂടായ്മയുടെയും തീണ്ടികൂടായ്മയുടെയും രീതി തീക്ഷ്ണമല്ലെങ്കിലും ഉച്ചനീചത്വം നിലവിലുണ്ട്. ഇവിടെ ഒരു ജാതിയും ഒരു മതവും മറെറാരു ജാതിയേക്കാളും മതത്തേക്കാളേയും ഉയർന്നതോ താഴ്ന്നതോ അല്ല. നൂററാണ്ടുകളായി അടിച്ചേല്പിക്കപ്പെട്ട ചില ധാരണകളും ചെഴ്തികളുമാണ് ഈ ശീലത്തിനാധാരമായിട്ടുള്ളത്. ലോകത്താകമാനം വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവണതയ്ക്കെറുതി വരുത്തുവാൻ മത സൗഹാർദം ഊട്ടിയുറപ്പിക്കേണ്ടിയിരക്കുന്നു.

വാക്കിളിലൂടെയല്ല പ്രവൃത്തിയിലൂടെ. ഇന്ന സമൂഹത്തിലൊരു വിഭാഗം മുന്തിയതാണെന്ന് മറെറാരു വിഭാഗം സമ്മതിച്ച് തരുകയില്ല. പുതിയ തലമുറയെ സമ്മതിക്കുവാൻ ശ്രമിച്ചാൽ അപകടം തീർച്ചയാണ്. അതുകൊണ്ട് മതസൗഹാർദം ആണം വേണ്ടത്, മറിച്ചു ജാതി മേല്ക്കോയ്മ അല്ല. തൊട്ടു കൂടായ്മയോ തീണ്ടികൂടായ്മയോ വലിച്ചെറിഞ്ഞ നമുക്ക് ഈ ഉച്ചനീചത്വങ്ങളും വലിച്ചെറിയാം.

വിവാഹം തുടങ്ങിയ ചടങ്ങുകളിലും മററും അപൂർവ്വമായി മററു വിഭാഗക്കാർ പങ്കെടുക്കാറും ഭക്ഷണം കഴിക്കാറുമുണ്ട്. കാതലായ മാററമൊന്നും പറയാറായിട്ടില്ല. പട്ടിക ജാതിക്കാരനാണെന്ന ഒററ കാരണത്താൽ തങ്ങളെക്കാൾ മൂത്തവരെ പേരു വിളിച്ച് സംബോധന ചെയ്യുന്ന രീതി നിലവിലുണ്ട്. ഇതവസാനിപ്പിക്കണം. ശക്തമായി ബോധവൽക്കരണത്തിൻേറയും ആത്മാർത്ഥമായ സഹകവർദ്ധിത്തൊത്തിൻേറയും ഫലമായി മാത്രമേ ഇത്തരം സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ എന്നുള്ളതുകൊണ്ട് എല്ലാം രംഗത്തും ഇക്കാര്യം ചർച്ച ചെയ്യണം. ആന്ധ്ര, തമിഴ്നാട്, തുടങ്ങിയ സംസ്ഥാ

നങ്ങവിൽ നിന്നു വാടകവീട് എടുത്ത് കൂലിപണി ചെയ്ത് ജീവിക്കുന്നതവരുമുണ്ട്. കടത്തിണ്ണയിലും വഴിയരികിലും അന്തിയുറങ്ങുന്നവരായി ആരുമില്ലെങ്കിലും ഓരോ വീട്ടിലും തിങ്ങിപാർക്കുന്ന മൂന്നും നാലും കുടുംബങ്ങളുണ്ട്. ഇവരുടെ പാർപ്പിട പ്രശ്നങ്ങളും പരിഹരിക്കേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1. ഒരുമനയൂർ പട്ടിക ജാതി കോ ഓപ്പറേററീവ് സൊസൈററിയുടെ കീഴിൽ വരത്തക്കവിധം ഒരു കൊപ്ര മിൽ സ്ഥാപിക്കുക.

2. കെട്ടിട നിർമ്മാണത്തിനും ആവശ്യമായ വസ്തു എന്ന നിലക്ക് ഒരു ഹോളോബ്രിക്സ് നിർമ്മാണശാല സ്ഥാപിക്കാൻ ആവശ്യമായ ധനസഹായം നല്കുക.

3. കയറുൽപന്നങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ ധനസഹായം നല്കുക.

4. മത്സ്യബന്ധനത്തിന് ആവശ്യമായ സാമഗ്രികൾ വാങ്ങുവാനും മററും ധനസഹായം ചെയ്യുക.

5. ആയുർവ്വേദ പച്ചമരുന്നുകൾ കൃഷിചെയ്യാനും സ്വന്തമായി ആയുർവ്വേദ മരുന്നുകൾ ഉണ്ടാക്കാനുമുള്ള ധനസഹായം ചെയ്യുക.

6. പട്ടിക ജാതിക്കാർക്ക് ആവശ്യമായി വരുന്ന ജാതി വരുമാന സർട്ടിഫിക്കററുകൾ മുതലായവ അവരെ പററി അറിയാവുന്ന അതാതു വാർഡ് മെമ്പർമാർ മുഖാന്തിരം പഞ്ചായത്ത് പ്രസിഡണ്ടോ സെക്രട്ടറിയോ നല്കുക. (വാർഡുമായി യാതൊരു ബന്ധവുമില്ലാത്ത വില്ലേജ് ഓഫീസർ മുഖാന്തിരം ഉള്ള ഇത്തരം സർട്ടിഫിക്കററുകൾ വിതരണം ചെയ്യുന്നതും നിർത്തുക.

7. സ്ഥലം ഉണ്ടായിട്ടും വീടു വെക്കാൻ കഴിയാത്തവർക്ക് വീട് വെച്ച് കൊടുക്കുക.

8. വീടില്ലാത്തവർക്ക് സ്ഥലം വാങ്ങിയിട്ട് വീട് വെച്ചു കൊടുക്കുക.

9. ഒന്നാം വാർഡിലെ ലക്ഷം വീട് കോളനി തെക്കഞ്ചേരി നാലാം വാർഡ് നോർത്ത് നാലാം വാർഡ് സൗത്ത് ആറാം വാർഡിലെ രണ്ട് ലക്ഷം വീട് കോളനികൾ ഏഴാം വാർഡ് എന്നിവിടങ്ങളിൽ പട്ടിക ജാതി കോളനികൾ സ്ഥാപിക്കുക.

10. അംബേദ്കർ ഗ്രാമം N. H. 17 മായി ബന്ധിപ്പിക്കുന്ന റോഡ് പൂർത്തീകരിക്കുക. ഗ്രാമം ശ്മശാന റോഡുമായി ബന്ധിപ്പിക്കുക.

11. പുറംപോക്കിൽ താമസിക്കുന്ന പട്ടിക ജാതിക്കാർക്ക് പട്ടയം നല്കുക.

12. പുഴയോരങ്ങളിൽ താമസിക്കുന്നവർക്ക് കുടിവെള്ളം എത്തിക്കുവാൻ കൂടുതൽ ടേപ്പുകൾ അനുവദിക്കുക. കക്കൂസ് നിർമ്മിച്ച് നല്കുക.

13. വൈദ്യുതി എത്താത്തിടത്ത് അത് ലഭ്യമാക്കുക.

14. മാങ്ങോട്ട് എ. യു. പി. സ്ക്കൂൾ ഹൈസ്ക്കൂളാക്കി മാററാൻ നടപടി സ്വീകരിക്കുക.

15. സാങ്കേതിക വിദ്യ കൈവശം-ആക്കിയാക്കിയവർക്ക് തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കുക.

16. ശ്മശാനം ഒരുമനയൂർ പഞ്ചായത്തിൻെറ ഒരററത്തായതിനാൽ ശവം കൊണ്ടുപോകുന്നതിനു ഒരു വണ്ടി അനുവദിക്കുക.

17. ഏത് വിഭാഗത്തിൽ പെട്ടവരായാലും ശരി തന്നേക്കാൾ മൂത്തവരെ പേര് വിളിച്ച് സംബോധന ചെയ്യുന്നത് അവസാനിപ്പിക്കുക. തീവ്രവാദത്തിനെതിരെ ചിന്തിപ്പിക്കാനും മതസൗഹാർദം നിലനിർത്താനും ഇത് ഉപകരിക്കും.

18. ജാതി മത മേല്ക്കോയ്മകളുടെ ദൃഷ്ടാന്തങ്ങളും അടിച്ചമർത്തലിൻെറ ഫലമായി പണ്ടുമുതലേ വിളിക്കാൻ നിർബന്ധിക്കപ്പെട്ടതുമായ അമറാൾ, കമ്മള്, മാപ്ളാര്, ഉപ്പാര്, തുടങ്ങിയ ക്രൂരമായ ആചാരവിളികൾ അവസാനിപ്പിക്കുക.

# വിഭവസമാഹരണം

ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനം പുറന്നാടുകളിൽ നിന്നുള്ളതാണെങ്കിലും ഈ ഇടയായി അതിന് മങ്ങലേററു തുടങ്ങിയിട്ടുണ്ട്.

നാളികേരമാണ് മറെറാരു വരുമാനം. കൂടാതെ മററു ജോലികളിൽനിന്നുള്ള വരുമാനവുമുണ്ട്.

ഈ കൊച്ചു പഞ്ചായത്തിൻെറ വാർഷിക വരുമാനം മുന്ന് ലക്ഷം രൂപയാണ് (3,00,000) ഇത് പ്രധാനമായും വീട് നികുതി കടവ് ലേലം, നാമമാത്രമായ തൊഴിൽ നികുതി എന്നിവയിൽ നിന്നുള്ളതാണ്. മററു വ്യവസായ സ്ഥാപാനങ്ങളോ സിനിമ തിയേററർ പോലുള്ള സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ വരുമാനവും വളരെ കുറവാണ്. പഞ്ചായത്തിൻെറ കീഴിൽ ധനകാര്യ സ്ഥാപനങ്ങൾ ഒന്നും ഇല്ല. എന്നാൽ രണ്ട് സൊസൈററികൾ, അർബ്ബൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, പോസ്ററോപീസ് മുതലായവ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. ഇന്ദ്രപ്രസ്ഥം, ഹരിത, ലക്ഷ്മി, ബ്ലേയ്ഡ് കമ്പനി എന്നിറിയപ്പെടുന്നവയുമുണ്ട്. വീരലിൽ എണ്ണാവുന്നവർ അമേരിക്ക പോലുള്ള വിദേശ നാടുകളിൽ പോയി ജോലി ചെയ്യുന്നവരായിട്ടുണ്ടെങ്കിലും (ഏകദേശം 25%) ഗൾഫ് രാജ്യങ്ങളിൽ പോയി വ്യവസായവും ജോലിയും ചെയ്യുന്നവരാണ് അധികവും. വളരെ വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിൻെറ വരുമാനം കുടുതലായും ചിലവഴിച്ചിരിക്കുന്നത് റോഡുകൾക്കാണ്. കുടിവെള്ളം, പൊതുശ്മശാനം തുടങ്ങിയവയ്ക്കും പണം ചെലവഴിച്ചിട്ടുണ്ട്. വരുമാുനം കുറഞ്ഞ പഞ്ചായത്തായിരുന്നാൽ ഗ്രാമത്തിൻെറ ആവശ്യങ്ങദസ് മുഴവൻ നിറവേററാൻ പററുന്നില്ല. കൃഷി_വ്യവസായം സഹകരണമേഖലകൾ എല്ലാം തന്നെ കാര്യമായ പുരോഗതി കൈവരിക്കാത്തിടത്തോളം കാലം വരെ പഞ്ചായത്തിൻെറ സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ കഴിയുകയില്ല.

സർക്കാർ തലത്തിൽ ധനസഹായം ലഭ്യമാക്കുന്നതോടൊപ്പം വിദേശമലയാളികളുടെ സഹകരണത്തോടെ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയണം.

ഇത്തരം സംരംഭങ്ങൾ റിട്ടയർ ചെയ്ത ഗൾഫുക്കാർക്ക് ഗുണകരമാകുകയും ചെയ്യു.

ഈ നാട്ടിലെ പ്രധാന വിഭവങ്ങൾ എന്ന നിലയ്ക്ക് നാളികേരവും പുഴയിൽ നിന്ന് ചെമ്മീനുമാണ് നമുക്ക് സംഭരിക്കാൻ കഴിയുക. നാളികേര വ്യവസായത്തിനും ചെമ്മീൻ കൃഷി ചെയ്യുവാനുള്ള സാഹചര്യവും ഒരൊക്കിയാൽ വിദേശ നാണ്യം തന്നെ നേടാൻ കഴിയുന്നതാണ് സത്യം. കൃഷിക്കാർക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കാൻ (പ്രത്യേകിച്ച് കായലോരങ്ങളിൽ താമസിക്കുന്നവർക്ക്). ഓരോ വാർഡിലുമുള്ള കുളങ്ങൾ കണ്ടെത്തി ജലസേചനം നടത്താൻ ആവശ്യമായതെല്ലാം ചെയ്യണം. ഇതിന്നാവശ്യമായ അദ്ധ്യാനം സമ്പാവനയായി സ്വീകരിക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. സ്വകാര്യമേഖലയിലായാലും സഹകരണാടിസ്ഥാനത്തിലായാലും ശരി ചെമ്മീൻ വളർത്താൻ ആവശ്യമായ ബണ്ടുകൾ നിർമ്മിക്കുക. ഈ പദ്ധതിക്ക് വൈദ്യുതിയുടെ ആവശ്യമേ കാര്യമായി വരുന്നില്ല.

### സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വിദ്യാഭ്യാസം | ആരോഗ്യം | ചെറുകിട വ്യവസായം | വൻകിട വ്യവസാം | കച്ചവടം വ്യാപാരം | മററുള്ളവ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 19 | 3 | 4 | - | 76 | 187 |

## വരവ് സംബന്ധിച്ച് വിവരങ്ങൾ 95-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 240874.00 | 240874.00 | - |
| തൊഴിൽ നികുതി | 55325.00 | 55325.00 | - |
| ലൈസൻസ് ഫീസ് | 6000.00 | 6000.00 | - |
| വസ്തു കൈമാററ നികുതി 75% | 192661.00 | 192661.00 | - |
| ,, 25% | 443015.00 | 443015.00 | - |
| സർക്കാർ ഗ്രാൻറുകളും മററും | 336211.25 | 336211.25 | - |
| ഒഴികെയുള്ള മററു വരവുകൾ | | | |
| സംഭാവന | 200.00 | 200.00 | - |
| ഡെപ്പോസിററ് | 16599.00 | 16599.00 | - |
| മററുള്ളവ | 2234.00 | 2234.00 | - |
| ആകെ | 1293119.25 | 1293119.25 | - |

2. ഇതിന്നാവശ്യമായ സ്ഥലം പുറമ്പോക്ക് ഭൂമി പുഴയിൽ നിന്നുതന്നെ കണ്ടെത്താനാവും (ഉദാ: ഒരുമനയൂർ റീസർവ്വെ 256-ാം നമ്പർ ഒരു വലിയ പുറംമ്പോക്ക് ഭൂമി പുഴയാണ്.)

3. നമ്മുടെ കിഴക്കെ പുഴയിലെ പുറംമ്പോക്ക് ഭൂമി കൈയേറി ഒരു വ്യാജ ട്രസ്ററിൻെറ പേരിൽ നമ്മുടെ നാടിൻെറ സമ്പത്ത് കൊള്ള ചെയ്യുന്ന നമ്മുടെ ചെമ്മീൻ ബണ്ട് കണ്ടുകെട്ടുക.

4. വിദേശ മലയാളികളുടെ സഹകരണത്തോടെ ചെറുകിട വ്യവസായ യൂണിററുകൾ സ്ഥാപിക്കുക.

5. സ്ത്രീകളുടെ മാത്രമായി സഹകരണടിസ്ഥാനത്തിൽ കാര്യമായി ഊർജ്ജാവശ്യമില്ലാത്ത തുന്നൽ എംബ്രോയിഡറി എംബ്രേബായട്ടറി തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

6. സർക്കാർ ധനസഹായം ബാങ്ക്, വായ്പ, തുടങ്ങിയവ പ്രയോജനപ്പെടുത്തുന്നതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങളിൽ കർഷകർ തൊഴിലാളികളുടെ അദ്ധ്വാനം സംഭാവനയായി സ്വീകരിക്കുക.

7. പഞ്ചായത്ത് വാട്ടർ സപ്ലൈ, ഹൗസ് കണക്ഷൻ കൊടുക്കുമ്പോൾ വീട്ടുകാരിൽ നിന്നും പഞ്ചായത്തിലേക്ക് വിഭവ സമാഹരണമായി ഒരു സംഖ്യ വസൂൽ ചെയ്യാവുന്നതാണ്.

☐

ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്



## പൂക്കോട് പഞ്ചായത്ത്

1996



## പൂക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്
## ജനകീയാസൂത്രണത്തെക്കുറിച്ച്......

ഭരണഘടനയുടെ 73,74 ഭേദഗതികളുടെ ചട്ടക്കൂടിനുള്ളിൽ രൂപികരിയ്ക്കപ്പെട്ട പഞ്ചായത്ത് ,സമിതികൾ കേരളത്തിൽ ലവിൽവന്നതിൻെറയടിസ്ഥാനത്തിലും, അടുത്ത പഞ്ചവത്സരപദ്ധതിയിൽ നടപ്പാക്കേണ്ടതും, ജനാധിപത്യ അധികാര കേന്ദ്രീകരണസ്ഥാപനങ്ങൾ സാക്ഷാത്കരിക്കുന്നതിനും വേണ്ടിയുള്ള ഒരു യത്നത്തിൻെറ തുടക്കം കുറിയ്ക്കുന്നതിനും ണ്ടിയുള്ളതാണീ വികസന റിപ്പോർട്ട്.

ഒമ്പതാം ജനകീയ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പഞ്ചായത്ത് വികസനപദ്ധതികളും ആ സമിതികൾ ർച്ച ചെയ്ത് രൂപീകരിക്കുന്ന പദ്ധതികളുമാണ് ഗ്രാമപഞ്ചായത്തുകളിലൂടെ രൂപീകരിച്ച് നടപ്പാക്കാനുള്ളത്. ത്രിതല ഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമ-ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വേർതിരിച്ചുള്ള ആസൂത്രണവും, ഗ്രാമസഭകളിലെ ആവശ്യങ്ങളും, പഞ്ചായത്ത് തല വിഭവസാധ്യതകളും കണക്കിലെടുക്കേണ്ടതുണ്ട്. ത്രമല്ല, ആസൂത്രണം ഉന്നതതല ആസൂത്രണവുമായി പൊരുത്തപ്പെട്ടുപോകേണ്ടതുമുള്ളതുകൊണ്ട് ചർച്ചകളും സാധ്യ കളും അതീവ പ്രാധാന്യമർഹിക്കുന്നു. പ്രാദേശിക ആവശ്യങ്ങൾ, സാധ്യതകൾ, വിഭവങ്ങളുടെ സമാഹരണം, ജന കാളിത്തം, വികസന സാധ്യത, നിക്ഷേപങ്ങളുടെ സാധ്യതകൾ തുടങ്ങി പല ഘടകങ്ങൾ പദ്ധതിയുടെ ആസൂത്രണത്തിന് റ്റവും വിലപ്പെട്ടതാണ്.

പൂക്കോട് ഗ്രാമപഞ്ചായത്ത് പഴയ മലബാർ ജില്ലയിൽ ഉൾപ്പെട്ടതാണ്. വിശ്വപ്രസിദ്ധതീർത്ഥാടനകേന്ദ്രമായ ഗുരു യൂരിനോട് തോളുരുമ്മി നിൽക്കുന്ന പൂക്കോട് പഞ്ചായത്തിൻെറ വടക്ക് ഭാഗം വടക്കേക്കാട് - പുന്നയൂർ പഞ്ചായത്തി ാട് ചേർന്നുകിടക്കുന്നു. തെക്ക് ഭാഗമാകട്ടെ തൈക്കാട് പഞ്ചായത്തിനോടും ഗുരുവായൂർ - ചാവക്കാട് മുൻസിപ്പാലിറ്റിക ാടും ചേരുന്നു. പടിഞ്ഞാറ് ഭാഗത്ത് കനോലികനാലും കിഴക്കുഭാഗം പഴയതിരുകൊച്ചി അതിർത്തിപ്രദേശമായ ആർത്താറ്റ് ഞ്ചായത്തുമാണ്. ഇതിനിടയിലുള്ള സമതല പ്രദേശമായി തെങ്ങ് കൃഷിയെ മാത്രം അവലംബിക്കുന്ന ഇടത്തരം കർഷകരും, ാലിക്കാരും, കച്ചവടക്കാരും ഇടത്തൂർന്ന് താമസിക്കുന്നതും പ്രമുഖവ്യവസായങ്ങൾ ഒന്നും തന്നെയില്ലാത്ത ഒരു ഗ്രാമ ഞ്ചായത്താണ് പൂക്കോട്.


ഒമ്പതാം ആസൂത്രണത്തിൻെറ ആദ്യഘട്ടത്തിൽ പഞ്ചായത്തു പരിശീലനം ഭംഗിയായിത്തന്നെ നടന്നു. തുടർന്നു ാമസഭകൾ ചേരുകയും സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുകയും ചെയ്തു. 28-10-96ന് രണ്ടാം ഘട്ട പരിശീലനവും ന്നു. റിപ്പോർട്ട് തയ്യാറാക്കൽ ആസൂത്രണത്തിൻെറ ഏറ്റവും വിഷമകരമായ ഒരു ഘടകമെന്ന് തോന്നിയെങ്കിലും, പിന്നീട് ത് ഏറ്റവും മുഖ്യമായതും പഠനരേഖയെന്നുമുള്ളവസ്തുത സമിതിക്ക് ബോധ്യപ്പെടുകയുമുണ്ടായി. ഇതൊരു പുതിയ നുഭവമായിത്തോന്നി,ഒപ്പം പുതിയ ആവേശവും. ജനങ്ങളുടെ അറിവും ആവശ്യങ്ങളും ഈ ചർച്ചയിലൂടെ പ്രകടിപ്പിച്ചു. വയെ പദ്ധതിയാക്കിമാറ്റി ലക്ഷ്യത്തിലെത്തിക്കാൻ പഞ്ചായത്ത് തലത്തിൽ കൂട്ടായ നിരവധി പ്രവർത്തനങ്ങൾ ആവശ്യ ണ്. പ്രസ്തുത റിപ്പോർട്ട് രൂപരേഖ തയ്യാറാക്കുന്നതിൽ സഹകരിച്ച് പഞ്ചായത്തിലെ മുഴുവൻ പേരോടും, സർക്കാർ സ്ഥാ നങ്ങളിലെ ഉദ്യോഗസ്ഥരോടും കൃതജ്ഞത രേഖപ്പെടുത്തുന്നതോടൊപ്പം തുടർഘട്ടങ്ങളിൽ മുഴുനവാളുകളുടെയും ഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എന്ന്,

**ഇ.എ. മുഹമ്മദുണ്ണി മാസ്റ്റർ**

പ്രസിഡണ്ട്, പൂക്കോട് ഗ്രാമപഞ്ചായത്ത്

## പൂക്കോട് ഗ്രാമപഞ്ചായത്ത് മേപ്പ്



# പഞ്ചായത്ത് പൊതുവിവരം
## (1996 ആസ്പദമാക്കി)

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : പൂക്കോട് ഗ്രാമ പഞ്ചായത്ത് |
| പഞ്ചാ :ഹെഡ് ക്വാർട്ടേഴ്സ് | : പൂക്കോട് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : പൂക്കോട്, പേരകം, ഇരിങ്ങപ്രം |
| ബ്ലോക്ക് പഞ്ചായത്ത് | : ചാവക്കാട് |
| താലൂക്ക് | : ചാവക്കാട് |
| ജില്ല | : തൃശൂർ |
| നിയമസഭ മണ്ഡലം | : ഗുരുവായൂർ |
| ലോകസഭാ മണ്ഡലം | : തൃശൂർ |
| വിസ്തീർണ്ണം | : 14.11 ചതുരശ്ര കി. മീറ്റർ. |
| അതിരുകൾ | : കിഴക്ക് : ആർത്താറ്റ് ഗ്രാമപഞ്ചായത്ത് |
| | പടിഞ്ഞാറ് : കനോലി കനാൽ, പുന്നയൂർ ഗ്രാമപഞ്ചായത്ത്. |
| | തെക്ക് : തൈക്കാട് ഗ്രാമ പഞ്ചായത്ത് ഗുരുവായൂർ നഗരസഭ. |
| | വടക്ക് : വടക്കേക്കാട് ഗ്രാമപഞ്ചായത്ത്. |
| ജനസംഖ്യ | : 30197 |
| | പുരുഷന്മാർ 15177 |
| | സ്ത്രീകൾ 15020 |
| സാക്ഷരതാ നിരക്ക് | : 81.23 % |
| വാർഡുകളുടെ എണ്ണം | : 11 |
| | സ്ത്രീ സംവരണം : 4 |
| | പട്ടിക ജാതി സംവരണം : 1 |
| | ജനറൽ : 6 വാർഡുകൾ |
| | ആകെ : II Nos. |
| പ്രസിഡണ്ട് | : ശ്രീ. ഇ.കെ. മുഹമ്മദുണ്ണി മാസ്റ്റർ. |
| വൈസ് പ്രസിഡണ്ട് | : ശ്രീ. കെ. ആർ. ബാലകൃഷ്ണൻ |
| സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ | : ശ്രീമതി : മുട്ടത്ത് റോസി ടീച്ചർ |

# സംസ്ക്കാരം

ഇന്നത്തെ പൂക്കോട് പഞ്ചായത്ത്പ്രദേശം ദീർഘകാലം രാജവംശത്തിൻെറ ഭരണത്തിന് വിധേയമായതാണ്. രാജവംശങ്ങൾ, ക്ഷേത്രങ്ങൾ എന്നീ തുറകൾ വഴിയാണ് കലയും സംസ്കാരവും ഈ പ്രദേശത്ത് വളർന്നുവന്നത്. അന്ന് പ്രബലമായ പുന്നത്തൂർ രാജവംശം കലകളെ പ്രോത്സാഹിപ്പിച്ചിരുന്നു. പുന്നത്തൂർ കോട്ടയിൽ നടന്നുവന്നിരുന്ന കഥകളി പഠനം ഇതാണ് തെളിയിക്കുന്നത്. കലയുടെ സമഗ്രമായ വികസനത്തിന് അയിത്താചാരം തടസ്സം നിന്നിരുന്നുവെങ്കിലും സവർണരുടെ ക്ഷേത്രങ്ങളിൽ കൃഷ്ണനാട്ടം, കൂത്ത്, കൂടിയാട്ടം, കഥകളി എന്നിവ നടന്നിരുന്നപ്പോൾ അവർണരുടെ ക്ഷേത്രങ്ങളിൽ തിറ, പൂതം, കരിങ്കാളി, കരിമ്പൂതം എന്നീ കലാപ്രകടനങ്ങൾ ഉണ്ടായിരുന്നു. തിയ്യ സമുദായത്തിൻെറ കലാരൂപമായിരുന്നു ഐവർ കളി ഈ പ്രദേശത്ത് ശക്തിപ്രാപിച്ചിരുന്നു. ക്രിസ്ത്യൻ സമുദായത്തിൻെറ മാർഗ്ഗംകളി, മുസ്ലീം സമുദായത്തിൻെറ കലാരൂപമായിരുന്നു അർവനമുട്ട്, പരിചമുട്ട് എന്നീ കളികളും ഉണ്ടായിരുന്നു.

ആദ്യകാലഘട്ടത്തിൽ ഓലയിൽ എഴുതിസൂക്ഷിക്കുന്ന പതിവുണ്ടായിരുന്നുവെങ്കിലും വിദ്യഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചതോടെ ഓലകൾ പുസ്തകങ്ങൾക്ക് വഴി മാറികൊടുത്തു. കോട്ടപ്പടി അങ്ങാടിയിൽ പ്രവർത്തിച്ചിരുന്ന ശ്രീദേവി വിലാസം പഞ്ചമസ്ക്കൂളാണ് പിന്നീട് കോട്ടപ്പടി ബഥനികോൺവെൻറായി രൂപാന്തരപ്പെട്ടത്. സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ പഞ്ചായത്തിൽ അധികം വായനശാലകൾ ഉണ്ടായിരുന്നുവെങ്കിലും പഞ്ചായത്ത് ലൈബ്രറി, വിഞ്ജാന കൈരളി, ഗ്രന്ഥശാല എന്നിവ പ്രവർത്തിച്ചുവന്നിരുന്നു. 1250 നുശേഷം മണലാട് ഗ്രാമീണ വായനശാല, കോട്ടപ്പടി യുവജനസമാജം വായനശാല, ഇരിങ്ങപ്രം ഗ്രാമീണവായനശാല എന്നിവ സ്ഥാപിക്കപ്പെട്ടു. ഗ്രാമീണ ജനങ്ങളുടെ വായനാശീലം പ്രോത്സാഹിപ്പിക്കപ്പെടുന്നതിനോടൊപ്പംതന്നെ കായികമായ പുരോഗതിക്കും ഇവ സഹായകമായി. ഇന്ന് അന്യം വന്നുപോവുകയും പണ്ട് സജീവമായി നിലനിൽക്കുകയും ചെയ്തിരുന്ന കാറകളി, തലപന്തുകളി, ഓണകാലത്ത് നടക്കുന്ന തുമ്പകളി, തിരുവാതിരകളി, ഊഞ്ഞാലാട്ടം എന്നിവ ഗ്രാമീണ സാംസ്ക്കാരിക തനിമ വെളിവാക്കുന്നു.

വസന്ത കാലത്തിൻെറ തുയിലുണർത്തു പാട്ടുമായി വീടുകൾ തോറും കയറിയിറങ്ങുന്ന പാണൻപാട്ട് ഈ പഞ്ചായത്തിൻെറ ഒരു സവിശേഷതയായിരുന്നു. ദാരിദ്ര്യത്തിൻെറ പൊട്ടിയെ ആട്ടികളഞ്ഞ് സമൃദ്ധിയുടെ ലക്ഷമീദേവിയെ വരവേൽക്കുന്ന പാണൻമാർ ഗ്രാമീണ കലയുടെ മനോഹാരിത ഉൾക്കൊണ്ടവരാണ്. പുള്ളുവൻപാട്ട് , നന്തുണിപ്പാട്ട് എന്നിവയും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിരുന്നു.

വാദ്യമേളങ്ങൾ കൊണ്ട് സമൃദ്ധമായ ഉത്സവങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് ധാരാളമായി നടക്കാറുണ്ടായിരുന്നു മദ്ദളം, ചെണ്ട, പഞ്ചവാദ്യം, നാദസ്വരം എന്നീ വാദ്യമേളങ്ങളും ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. അമ്പലങ്ങളിലെ കാളകളി, കളരിപ്പയറ്റ്, എന്നിവയും കലയുടെയും സംസ്കാരത്തിൻെറയും, മനോഹാരിത ഉൾക്കൊണ്ടിരുന്ന വിനോദങ്ങളായിരുന്നു.

പൂക്കോട് ഗ്രാമപഞ്ചായത്തിലെ മുക്കിലും മൂലയിലും ഇന്ന് ധാരാളമായി കലാ സാംസ്ക്കാരികവേദികൾ ഉണ്ട്. സാംസ്ക്കാരികമായ മുന്നേറ്റത്തിന് ഇത് പ്രധാനമായ പങ്കുവഹിക്കുന്നു. അമേച്വർനാടകസംഘങ്ങളും, സാസ്ക്കാരിക വേദികകളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ചർച്ചകളും , സെമിനാറുകളും പഞ്ചായത്തിൻെറ സാംസ്ക്കാരികമായ മുന്നേറ്റത്തിന് സഹായകരമായിട്ടുണ്ട്.

## ആദ്യകാല പ്രസിഡണ്ടുമാർ


ആദ്യ പ്രസിഡണ്ട്
ശ്രീ. മുട്ടത്ത് ഇട്ടിക്കുരു


ശ്രീ. മാളിയമാവ്
കൊച്ചൗസേപ്പ്


ശ്രീ. വടേക്കര
ബാലകൃഷ്ണൻ നായർ


ശ്രീ. ചെറവല്ലൂർ മന
നാരായണൻ നമ്പൂതിരി


ശ്രീമതി. ഭവാനി ടീച്ചർ


ശ്രീ. ടി.എ. പ്രേമാനന്ദൻ
(എട്ടാം വാർഡ് മെമ്പർ)

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്


1. കെ. ഭാസ്ക്കരപണിക്കർ
2. പി. ഉണ്ണികൃഷ്ണൻ നമ്പീശൻ മാസ്റ്റർ
3. മാളിയേക്കൽ മമ്മുട്ടി
4. ടി. ജി. രാജൻ
5. റ്റി. റ്റി. ശിവദാസ്
6. ശശി ആഴ്ച്ചത്ത്
7. എം. എഫ്. ജോയി
8. വി. പി. ഹരിഹരൻ
9. സ്റ്റോയ് ടി. മുട്ടത്ത്
10. സജീവ് താത്തിരിയാട്ട്
11. ധനേഷ് കെ. ബി.
12. ജെ. ജോസ്
13. ആർ. പി. മെയ്തുട്ടി
14. എം. ടി. ഫ്രാൻസീസ്
15. ജെയ്ക്കബ് ചിറമ്മൽ
16. വി. രാമചന്ദ്രൻ
17. കെ. കെ. ചന്ദ്രൻ
18. താഴിശ്ശേരി പ്രകാശൻ
19. സി. ആർ. ജോസ് മാസ്റ്റർ
20. കെ. കെ. സത്യൻ മാസ്റ്റർ
21. പി. കെ. ചന്ദ്രൻ
22. സിസ്റ്റർ. ലിനറ്റ്

## അഡ്വൈസറി കമ്മിറ്റി

ഇ. വേണുഗോപാലൻ

പൂക്കോട്ടിൽ അച്ചുതൻ

ശശി ആഴ്ച്ചത്ത്



**തടത്തിൽ ചന്ദ്രൻ**

ജനറൽ കൺവീനർ

(പൂക്കോട് ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ സമിതി)

(XI-ാം വാർഡ് മെമ്പർ)



സെക്രട്ടറി,
പൂക്കോട് പഞ്ചായത്ത്



ശ്രീ. കെ.ആർ. ബാലകൃഷ്ണൻ
വൈസ് പ്രസിഡണ്ട്



ശ്രീമതി. മുട്ടത്ത് റോസ്സി ടീച്ചർ
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർ പേഴ്സൺ

## മെമ്പർമാർ



ശ്രീമതി. ലതാ
ശങ്കരനാരായണ പണിക്കർ
വാർഡ് നാല്



ശ്രീമതി. താഴിശ്ശേരി കല്ല്യാണി
വാർഡ് ഏഴ്



ശ്രീമതി. മേരി ടീച്ചർ
വാർഡ് ഒമ്പത്



ശ്രീ. പൂക്കോട്ടിൽ അച്ചുതൻ
വാർഡ് പത്ത്



ശ്രീ. ഇ. വേണുഗോപാലൻ
വാർഡ് രണ്ട്



ശ്രീ. കൊമ്പത്തയിൽ മജീദ്
വാർഡ് മൂന്ന്

# പൂക്കോട് പഞ്ചായത്ത് പ്രാദേശിക ചരിത്രം

ഈ പഞ്ചായത്ത് പഴയ നാടുവാഴി വ്യവസ്ഥയുടെ കീഴിലായിരുന്നു. പുന്നത്തൂർ രാജവംശം, വലിയതമ്പുരാട്ടി വംശം, ഇളയരാജസ്ഥാനം, നടുവക്കാട്ട് മന, കൊണ്ണോർപുള്ളിമന,ചെറുവല്ലൂർ മന, നെന്മിനിമന എന്നിവയ്ക്കുപുറമെ ഗുരുവായൂർദേവസ്വം, ആലുക്കൽ ദേവസ്വം എന്നീ ദേവസ്വങ്ങളുടേയും അധീനതയിലായിരുന്നു പഞ്ചായത്തിലെ ഭൂമിയിൽ ഏറെയും. അപൂർവ്വം ചില വ്യക്തികൾക്കുമാത്രമേ അന്ന് സ്വന്തമായി ഭൂമിയുണ്ടായിരുന്നുള്ളു. പുന്നത്തൂർ രാജാക്കന്മാരുടെ ഉത്സവമായ തുലാമാസത്തിലെ കറുത്ത വാവോൽസവം പേരുകേട്ടതാണ്. ജാതിവ്യവസ്ഥ ഏറെയും ക്രൂരമായി നടമാടിയ ദേശമാണിത്.

പുളിച്ചെഴുത്ത്, മിച്ചവാരം, പാട്ട, വെറും പാട്ടം, വാരം തുടങ്ങിയ അന്നത്തെ ഭൂവ്യവസ്ഥകളിൽ നെല്ല്, വാഴക്കുല, പണം, നാളികേരം മുതലായവ പാട്ടമായി ജന്മിമാർക്ക് നൽകണമായിരുന്നു. ഈ വ്യവസ്ഥിതിക്ക് മാറ്റം വരണമെന്ന് ആഗ്രഹിച്ചുകൊണ്ട് അയിത്തത്തിനെതിരായി പ്രവർത്തിച്ചാൽ തൊഴിൽഭ്രഷ്ട, കുടിയൊഴിപ്പിക്കൽ തുടങ്ങിയ കിരാത ശിക്ഷാനടപടികൾക്ക് കുടിയാന്മാർ വിധേയരായിരുന്നു.

പുന്നത്തൂർ കോട്ടയുടെ സമീപപ്രദേശം എന്നതുകൊണ്ടാണ് പൂക്കോട് കോട്ടപ്പടി എന്ന പേരിൽ പ്രസിദ്ധമായത്. ഈ പഞ്ചായത്ത് പിന്നീട് പൂക്കോട് പഞ്ചായത്ത് ആയി മാറി. ആസ്ഥാനം കോട്ടപ്പടി അങ്ങാടിയിലായിരുന്നു.

1963 ൽ ആണ് കോട്ടപ്പടി പഞ്ചായത്ത് പൂക്കോട് പഞ്ചായത്ത് എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങിയത്. മുട്ടത്ത് ഇട്ടിക്കുരു എന്നയാളാണ് കോട്ടപ്പടി പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡണ്ട്. കോട്ടപ്പടി പഞ്ചായത്തിൻെറ പരിധിയിൽപ്പെട്ട പല സ്ഥലങ്ങളും ഇന്ന് പൂക്കോട് പഞ്ചായത്തിൻെറ പരിധിയിൽ ഇല്ല. ഗുരുവായൂർ ടൗൺഷിപ്പ് (ഇപ്പോൾ മുനിസിപ്പാലിറ്റി) രൂപികരിച്ചപ്പോൾ പഞ്ചായത്തിൻെറ തെക്കുഭാഗം ടൗൺഷിപ്പിൻെറ ഭാഗമായിതീർന്നു.

ടിപ്പുസുൽത്താൻെറ പടയോട്ടമാണ് ഈ പഞ്ചായത്തിൽ ഉറങ്ങിക്കിടക്കുന്ന ഒരു ചരിത്രസംഭവം. അതിനുശേഷം ഈ പ്രദേശം ഈസ്റ്റിന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലായി. എല്ലാ മതവിഭാഗത്തിൽപെട്ട ജനങ്ങളും സൗഹാർദ്ദപൂർവ്വം അധിവസിക്കുന്ന ഈ പ്രദേശം കാർഷീകവിളകളാൽ സമ്പന്നമാണ്.നെല്ല്, തെങ്ങ് എന്നിവയാണ് പ്രധാനകൃഷി. ഇപ്പോൾ നെൽകൃഷി വളരെ കുറഞ്ഞിരിക്കുന്നു. ധാന്യവിളകൃഷിയുടെ സ്ഥാനത്ത് നാണ്യവിളകൾ കൃഷിചെയ്യാൻ കൂടുതൽ താൽപ്പര്യം കാണിക്കുന്നു.


ഈ പഞ്ചായത്ത് പ്രദേശത്ത് നടത്തിയിരുന്ന ആലുക്കൽ വാവുവേല പഴയമലബാർപ്രദേശത്തെതന്നെ പ്രധാന ഉത്സവമായിരുന്നു. പുന്നത്തൂർകോട്ടയിലെ കഥകളിയോഗവും ചരിത്രപ്രസിദ്ധമാണ്. കേന്ദ്രസംഗീതനാടക അക്കാദമി അവാർഡ് നേടിയ ഗുരുമാമ്പുഴ മാധവപണിക്കർ, ബകൽ എന്നറിയപ്പെട്ടിരുന്ന കരുമത്തിൽ രാമൻനായർ എന്നിവർ ഈ കഥകളിയോഗത്തിൽ പ്രാധാനികൾ ആയിരുന്നു. പുന്നത്തൂർകോട്ട ഒരു ചരിത്രസ്മാരകണ്. ഇപ്പോൾ ഇത് ഗുരുവായൂർ ദേവസ്വത്തിൻെറ ആനത്താവളമാണ്. 42 ആനകളെ ഇവിടെ ദിവസേന വന്നുകൊണ്ടിരിക്കുന്നു. ലോകത്തിൽതന്നെ ഇത്തരത്തിലുള്ളൊരു ആനത്താവളം വളരെ വിരളമായി മാത്രമെ കാണാൻ കഴിയൂ.

സ്വാതന്ത്ര്യസമരസേനാനികളായ കോഴപ്പുള്ളി ശങ്കരനാരായണ പണിക്കർ, ടി.രാഘവൻ നായർ, മുനിശ്ശേരി ശങ്കരൻ നായർ എന്നിവർ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തവരാണ്. ഇതിൽ ടി. രാഘവൻ നായർ ഇപ്പോഴും സ്വാതന്ത്ര്യസമരസേനാനി പെൻഷൻ വാങ്ങികൊണ്ടിരിക്കുന്നു. പേരകത്ത് A.C.രാമൻ മറ്റൊരു പ്രമുഖ സ്വതന്ത്ര്യ സമരസേനാനിയാണ്.

മുൻകാലങ്ങളിൽ ഗതാഗതയോഗ്യമായ റോഡുകൾ ഉണ്ടായിരുന്നില്ല. 1954ൽ കോട്ടപ്പടി കുണ്ടുകടവ് റോഡ് ഗതാഗതയോഗ്യമാക്കി. 1960ൽ ബസ്സ് ഗതാഗതം ആരംഭിച്ചു. ഇപ്പോൾ പഞ്ചായത്തിലെ നിരവധി റോഡുകൾ ടാർ ചെയ്തതാണ്.

മുമ്പ് ഈ പഞ്ചായത്തിൽ രണ്ട് Higher Elementery School മാത്രമെ ഉണ്ടായിരുന്നുള്ളു. ഇന്ന് ഒരു എയിഡഡ് ഹൈസ്ക്കൂളും, ഒരു അംഗീകൃതഹൈസ്ക്കൂളുമുണ്ട്. മാത്രമല്ല 11 ലോവർ പ്രൈമറി സ്കളുകളും, 4 യു.പി. സ്ക്കൂളുകളും ഉണ്ട്. 28 അംഗൻവാടികൾ ഈ പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്. തെക്കുതറ മേനോൻ നത്തിയിരുന്ന എഴുത്തുപള്ളി പണ്ടത്തെ ഒരു അക്ഷരകേന്ദമായിരുന്നു. ഇത് എഴുത്തച്ഛൻ സ്ഥാപിച്ചതാണ്. എന്ന ഒരു ഐതീഹ്യമുണ്ട്.


1963ൽ ആണ് കേരള പഞ്ചായത്ത് നിയമപ്രകാരം ഭരണസമിതി പഞ്ചായത്തിൽ അധികാരത്തിൽ വന്നത്. അതിനുമുമ്പ് 1952ൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രസിഡണ്ട് വടേക്കര ബാലകൃഷ്ണൻ നായർ ആയിരുന്നു. 1963ലെ ഭരണസമിതി പ്രസിഡണ്ട് സീ. നാരായണൻ നമ്പൂതിരി ആയിരുന്നു. ഇന്നത്തെ പഞ്ചായത്ത് ആഫീസ് നിൽക്കുന്ന സ്ഥലം സംഭാവന ചെയവർ ശ്രീ. എൻ . തുപ്പൻ നമ്പൂതിരി, എം. കേശവൻ നമ്പീശൻ, ശ്രീ.വി. രാമകൃഷ്ണൻ നായർ എന്നിവരാണ്. പഴയ മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന ഈ പഞ്ചായത്തിൽ നിന്ന് മദിരാശിയിലെ 1937ലെ കോൺഗ്രസ്സ് മന്ത്രിസഭയിൽ C.J. വർക്കി അംഗമായിരുന്നു. ഇദ്ദേഹത്തിൻെറ വീട് കോട്ടപ്പടി അങ്ങാടിയിലായിരുന്നു.



പ്രസിദ്ധ ആയുർവേദ വൈദ്യന്മാരായിരുന്ന വെങ്കളത്ത് ശങ്കരൻവൈദ്യർ, മുനശ്ശേരി ശങ്കുണ്ണിനായർ, കുന്നേങ്കാട്ട് ശങ്കരൻ നായർ, ബാലചികിത്സാവിദഗ്ധനായ മണ്ണുംപാടത്ത് ശങ്കരൻ, പാലക്കാട്ട് കൃഷ്ണമേനോൻ എന്നിവർ ഈ പഞ്ചായത്തിൽ ജീവിച്ചിരുന്നവരാണ്.

പൊന്നാനി താലൂക്കിൽ ഏറ്റവും ആദ്യം ആരംഭിച്ച സഹകരണമേഖലയിലെ ഐക്യനാണയസംഘം പ്രവർത്തനമാരംഭിച്ചത് പൂക്കോട് പഞ്ചായത്തിൽ ആയിരുന്നു. ഇപ്പോൾ സഹകരണ മേഖലയിൽ മൂന്ന് സഹകരണബാങ്കുകൾ ഈ പഞ്ചായത്തിലുണ്ട്. വ്യവസായ മേഖലയിൽ കോട്ടപ്പടി ബാങ്ക്, കോട്ടപ്പടി വ്യവസായ കമ്പനി എന്നിവ മുൻകാലങ്ങളിൽ ഇവിടെ നിലനിന്നിരുന്നു. മരച്ചക്കിൽ എണ്ണയാട്ടുന്നത് ഈ പഞ്ചായത്ത് പ്രദേശത്തെ ഒരു ഉപജീവനമാർഗ്ഗമായിരുന്നു. ധാരാളം കൈത്തറിനെയ്ത്തുശാലകളും ഇവിടെ ഉണ്ടായിരുന്നു.

പഴക്കമുള്ള നിരവധി ആരാധനാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പാലേമാവ് പള്ളി, കോട്ടപ്പടി പള്ളി, ആലുക്കൽ ക്ഷേത്രം എന്നിവ പൗരാണികമായ ദേവാലയങ്ങളാണ്. കൂട്ടത്തിൽ ഒരു പ്രത്യേക വിഭാഗം ക്രിസ്തുമത വിശ്വാസികളുടെ ആസ്ഥാന ഭദ്രാസന പള്ളി പൂക്കോട് പഞ്ചായത്തിലെ തൊഴിയൂരാണ് സ്ഥിതിചെയ്യുന്നത്. സ്വതന്ത്രസുറിയാനിസഭ എന്ന പേരിൽ ഇതു അറിയപ്പെടുന്നു.



162

# ധനകാര്യം, വിഭവ സമാഹരണം

പഞ്ചായത്തുകൾക്ക് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കണമെങ്കിൽ പണം അത്യാവശ്യമാണ്. വിഭവസമാഹരണത്തിൻെറ സാദ്ധ്യതകൾ മനസ്സിലാക്കി മാത്രമേ പദ്ധതികൾക്ക് രൂപം നല്കാൻ കഴിയൂ. പഞ്ചായത്തിൻെറ ധനാഗമനമാർഗങ്ങൾ എന്തെല്ലാമാണെന്നും, അതു എങ്ങിനെ ചെലവഴിക്കാമെന്നും മനസ്സിലാക്കിയിരിക്കണം. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തുകയും, പണം ചെലവഴിക്കുന്ന രീതിയിൽ മാറ്റം വരുത്തുകയും ചെയ്താൽ കൂടുതൽ പ്രയോജനം ലഭിക്കുമൊ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. ഇതിനായി പഞ്ചായത്തിൻെറ ഒരു വർഷത്തെ വരവുചെലവു കണക്കുകൾ വ്യക്തമായി മനസ്സിലാക്കിയിരിക്കണം.

ഒന്നാം ഗ്രേഡ് പഞ്ചായത്തായ പൂക്കോട് ഗ്രാമപഞ്ചായത്തിൻെറ 95-96 വർഷത്തെ വരവിനങ്ങൾ സൂചിപ്പിക്കുന്നു.

**പട്ടിക 1. വരവ് സംബന്ധിച്ച വിവരങ്ങൾ 95—96**

| ഇനം. | വരവ് |
|---|---|
| കെട്ടിട നികുതി | 6,03,257.90 |
| തൊഴിൽ നികുതി | 1,04,410.00 |
| ലൈസൻസ് ഫീസ് | 21,536.00 |
| വസ്തുകൈമാറ്റ നികുതി | 5,55,275.00 |
| സർക്കാർ ഗ്രാൻഡുകൾ | 3,54,588.00 |
| ഡെപ്പോസിറ്റ് | 54,658.00 |
| മറ്റുള്ളവ. | 3,10,232.85 |
| ആകെ. | 20,03,957.75 |

പഞ്ചായത്തിൻെറ തനതു വരുമാനത്തിൻെറ പ്രധാന ശ്രോതസ്സ് കെട്ടിട നികുതിയും, തൊഴിൽനികുതിയും ആണ്. ഇത് ആകെ വരുമാനത്തിൻെറ 45.63% വരും. ലൈസൻസ് ഫീസ് ഇനത്തിൽ വളരെ കുറവ് സംഖ്യ മാത്രമാണ് ലഭിക്കുന്നത്. പഞ്ചായത്ത് വരുമാനത്തിനായി പ്രധാനമായി ആശ്രയിക്കുന്നത് സർക്കാർ ഗ്രാൻഡുകളെയാണ്. ഇത് മൊത്തം വരുമാനത്തിൻെറ 22.86% വരും. ഇത് കൂടാതെ ജെ. ആർ. വൈ. ഫണ്ട് ഇനത്തിൽ 95-96 വർഷത്തിൽ 4,18,300 ക ലഭിച്ചിട്ടുണ്ട്.

കഴിഞ്ഞ 5 വർഷത്തെ സർക്കാർ ഗ്രാൻഡ് ഒഴികെയുള്ള വരുമാനമാണ് താഴെ പട്ടികയിൽ നല്കിയിരിക്കുന്നത്.

**പട്ടിക 2. പഞ്ചായത്ത് വരുമാനം**

| വർഷം | തുക | വാർഷികവർദ്ധന നിരക്ക്. |
|---|---|---|
| 1991—92 | 13,75,407.50 | — |
| 1992—93 | 15,50,216.00 | 1% |
| 1993—94 | 13,49,941.00 | — |
| 1994—95 | 11,87,579.00 | 1% |
| 1995—96 | 16,49,079.70 | — |

പഞ്ചായത്തിൻെറ വരുമാനത്തിൻെറ വർദ്ധനവിൽ കാര്യമായ മാറ്റം കാണുന്നില്ല. എന്നാൽ ചിലവർഷങ്ങളിൽ വരുമാനത്തിൽ നേരിയ വർദ്ധനവ് കാണപ്പെടുന്നു.

പഞ്ചായത്തിൻെറ ചെലവു സംബന്ധിച്ച വിശദാംങ്ങളാണ് പട്ടിക(3)ൽ നൽകിയിട്ടുള്ളത്. പഞ്ചായത്തിൻെറ മൊത്തം ഭരണചെലവ് 1/4 ഭാഗമാണ്. ഇത് പഞ്ചായത്തിൻെറ സാധാരണ വരുമാനത്തിൻെറ (Normal Income) 26.75%വരും. ചെലവിൻെറ 45.89% പൊതുമരാമത്തു പണികൾക്കാണ്. പൊതുമരാമത്ത് പണികളിൽ 75% ഉം റോഡുകൾക്കായി ചെലവഴിക്കുന്നു. ചെലവിൻെറ 2.91% തെരുവു് വിളക്കുകൾക്കുള്ള കറൻറ് ചാർജിന് ഉപയോഗിക്കുന്നു.

**പട്ടിക 3. ചെലവു സംബന്ധിച്ച വിവരങ്ങൾ.**

| ഇനം | ചെലവ് രൂപ |
|---|---|
| ഭരണം | 4,41,116.75 |
| പൊതുമരാമത്ത് | 8,48,905.00 |
| വിദ്യാഭ്യാസം | 38,889.00 |
| തെരുവിളക്കുകൾ കത്തിക്കൽ | 53,948.00 |
| മറ്റുള്ളവ | 4,668,79.90 |
| ആകെ | 18,49,738.65 |

ഭരണചെലവ് ഒഴിച്ചു നിർത്തിയാൽ പഞ്ചായത്തിൻെറ ചെലവ്, റോഡ്, തെരുവു വിളക്ക്, വിദ്യാഭ്യാസം എന്നീ കാര്യങ്ങൾക്കായി ചെലവഴിക്കുന്നു എന്ന് വെളിവാകുന്നു.

ഉല്പാദനത്തെ നേരിട്ട് സഹായിക്കുന്ന കാർഷിക വ്യവസായിക തുറകളിൽ കാര്യമായി യാതൊരു ചെലവും നടത്തുന്നില്ല.

പഞ്ചായത്തിലെ കഴിഞ്ഞ 6 വർഷങ്ങളിൽ ചെലവഴിച്ച അൺടൈഡ് ഫണ്ടിൻെറ തുക പട്ടിക 4ൽ നൽകിയിരിക്കുന്നു.

പട്ടിക 4

| വർഷം | പൊതുവിൽ | എസ്.സി.പി. | ആകെ. |
|---|---|---|---|
| 1990-91 | 14,8000. | 50,000. | 1,98,000.00 |
| 1991-92 | 1,50,000. | 51,006.25. | 2,01,006.25 |
| 1992-93 | 2,76,656. | 56,000. | 3,32,656.00 |
| 1993-94 | 2,51,939. | 70,000. | 3,21,939.00 |
| 1994-95 | 2,18,080. | 76,000. | 2,94,080.00 |
| 1995-96 | 1,96,300. | 1,06,400. | 3,02,700.00 |

അൺടൈഡ് ഫണ്ട് ഇനത്തിൽ ചില വർഷത്തിൽ ലഭിച്ച തുകയേക്കാൾ കൂടുതൽ സംഖ്യ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് പ്രവർത്തികൾക്കായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന് ഇഷ്ടാനുസരണം ചെലവഴിക്കാവുന്ന ഒരു ശ്രോതസ്സാണ് ഇത്. ഈ പണത്തിൽ ഭൂരിഭാഗവും മരാമത്ത് പണികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്.

പട്ടിക 5 JRY വരവ്

| വർഷം | തുക (ജനറൽ) | ശതമാനം | പട്ടികജാതി. | ശതമാനം |
|---|---|---|---|---|
| 1991-92 | 346400 | 83.75% | 67200 | 16.25% |
| 1992-93 | 354837 | 91.35% | 33600 | 8.65% |
| 1993-94 | 318250 | 70.31% | 134400 | 29.69% |
| 1994-95 | 158278 | 63.42% | 91312 | 36.58% |
| 1995-96 | 370500 | 88.57% | 47800 | 11.43% |

ജെ. ആർ. വൈ. പദ്ധതിയിലൂടെ നടത്തിയ ചെലവിൻെറ വിവരങ്ങളാണ് പട്ടികയിൽ നല്കിയിരിക്കുന്നത്.

| വർഷം | തുക | ജനറൽ | ശതമാനം | പട്ടികജാതി. | ശതമാനം |
|---|---|---|---|---|---|
| 1991-92 | 410266 | 376044 | 91.65% | 34222 | 8.34% |
| 1992-93 | 355622 | 270322 | 76.01% | 85300 | 23.99% |
| 1993-94 | 456048 | 351848 | 77.15% | 104200 | 22.85% |
| 1994-95 | 182878 | 158278 | 86.55% | 24600 | 13.45% |
| 1995-96 | 349565 | 284215 | 81.30% | 65350 | 18.70% |

ആകെ ചെലവിൻെറ 82.12% പൊതുവിഭാഗത്തിലും ശേഷിച്ചത് പട്ടികജാതി വിഭാഗത്തിലുമാണ് ചെലവഴിച്ചിട്ടുള്ളത്. പൊതു വിഭാഗത്തിൽ ചെലവഴിച്ചിട്ടുള്ള തുക ഉപയോഗിച്ച് ഇതുവരെയായി 11 കി.മീ. റോഡുകൾ മെറ്റൽ ചെയ്ത് ടാറിങ്ങ് നടത്തുകയുണ്ടായി. പട്ടികജാതിജനവിഭാഗത്തിനായി ഈ കാലയളവിൽ 37 വീടുകളും നിർമ്മിച്ച് നല്കിയിട്ടുണ്ട്.

പൊതുവിഭാഗത്തിൽ പണം ചെലവഴിക്കുന്നത് സാമൂഹ്യ ആസ്തി നിർമ്മാണത്തിനാണ്. എന്നാൽ ഇതിൽ റോഡുകൾക്കാണ് ഏതാണ്ട് മുഴുവൻ പണവും ചെലവഴിക്കുന്നത്. ജെ.ആർ.വൈ. യിലൂടെ പണം ചിലവഴിക്കുന്നത് കൂടുതൽ ഫലപ്രദമാക്കുന്നതിന് മറ്റു തുറകളിൽ ചെലവു ചെയ്യുന്നതിന് ശ്രമിക്കുന്നത് അഭികാമ്യമായിരിക്കും.

പ്രശ്നങ്ങൾ, സാദ്ധ്യതകൾ.

പഞ്ചായത്തിൻെറ തനതുവരുമാനം വളരെ പരിമിതമാണ്. കെട്ടിടനികുതിയാണ് പ്രധാനവരുമാനമാർഗ്ഗം. ഈ ശ്രോതസ്സിൽ വർദ്ധനസാദ്ധ്യത കുറവാണ്. സർക്കാർ ഗ്രാൻറ് കൃത്യമായി എത്രയെന്ന് പറയാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. വസ്തു കൈമാറ്റനികുതിയുടെ 25% വിഹിതമായി 93—94 വർഷം മുതൽ ഒന്നും ലഭിക്കാറില്ല. പ്രത്യുല്പാദനമല്ലാത്ത തുറകളിലണ് പഞ്ചായത്തിൻെ ചെലവ് കൂടുതലും. പരസ്യനികുതി സാദ്ധ്യത ഉപയോഗിക്കുന്നില്ല.

അറ്റകുറ്റ പണികൾക്കായി വളരെ പണം പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. നടപ്പിലാക്കുന്ന പണികളുടെ മേന്മ ഉറപ്പാക്കേണ്ടതുണ്ട്. ആവർത്തനചിലവ് കുറക്കാൻ ഇത് സഹായകമാകും.

കേബിൾ ടീവിയെ പഞ്ചായത്ത് നികുതി വലയത്തിൽ കൊണ്ടുവരേണ്ടതാണ്. പരസ്യബോർഡുകൾ, ബാനറുകൾ, എന്നിവ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയാൽ ഇത് ഒരു പ്രധാന വരുമാനമാർഗ്ഗമായിരിക്കും. ഈ പഞ്ചായത്തിൽ സിനിമാശാല ഇല്ലാത്തതിനാൽ വിനോദനികുതി ഇനത്തിൽ യാതൊരു സംഖ്യയും പഞ്ചായത്തിന് ലഭിക്കുന്നില്ല. വിനോദനികുതി ലഭിക്കുന്നതിന് സിനിമാശാല സ്ഥാപിക്കുന്നതിലേക്ക് സ്ഥലം കണ്ടുപിടിച്ചാൽ ഒരു വൽഷത്തിൽ ചുരുങ്ങിയത് 1ലക്ഷം രൂപയെങ്കിലും സ്വരൂപിക്കാനാവും. വസ്തു കൈമാറ്റനികുതി നേരിട്ട് പഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള സാഹചര്യം ഉണ്ടായിരിക്കണം. ഇതിനായി സർക്കാർ തലത്തിൽ തീരുമാനം ഉണ്ടാകണം. വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽ നിന്നും (2500 സ്ക്വയർ ഫീറ്റിന് മുകളിൽ) പിഴനികുതി ഈടാക്കിയാൽ ഈ സംഖ്യ ഉപയോഗിച്ച് പാവപ്പെട്ടവർക്ക് വീടുനിർമ്മാണത്തിനായി സാമ്പത്തീക സഹായം നല്കാൻ കഴിയും.

പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളെ സഹായിക്കേണ്ട പ്രധാനസ്ഥാപനമായി സഹകരണബാങ്കുകൾ മാറണം. കോൺട്രാക്ടർമാരെ അമിതമായി ആശ്രയിക്കേണ്ടിവരുന്നതിൻെറ ഒരു കാരണം പഞ്ചായത്തിന് അത്യാവശ്യമായി ചെയ്തുതീർക്കേണ്ട പ്രവർത്തനങ്ങൾക്ക് പണം കയ്യിലില്ലാത്തതാണ്. ഇത്തരത്തിൽ സഹകരണബാങ്കുകൾ പണം നല്കുവാൻ തയ്യാറായാൽ ജനകീയകമ്മറ്റികളിൽകൂടി പണി നടത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയും. ചെലവു ചെയ്യുന്ന പണം കൂടുതൽ ഫലം നല്കുവാൻ ഈ നടപടി ഉപകരിക്കും.

ഇന്ദിരവികാസ് പത്രികയിലൂടെ നിക്ഷേപിക്കുന്ന പണത്തിൻെറ 25% പഞ്ചായത്തുകൾക്ക് ലഭ്യമാകുന്നപക്ഷം വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിന് ഉപകരിക്കും. പഞ്ചായത്ത് കമ്മിറ്റികളുടെ നേതൃത്വത്തിൽ വ്യാപകമായ നിക്ഷേപസമാഹരണം ഈ തുറയിലുണ്ടാക്കാൻ കഴിയണം.

സന്നദ്ധ പ്രവർത്തനവും സംഭാവനയും വികസനപ്രവർത്തനത്തിൻെറ ഒരു പ്രധാന ശ്രോതസ്സായി മാറണം. എല്ലാം പഞ്ചായത്ത് ചെയ്ത് തരണം എന്ന ജനങ്ങളുടെ കാഴ്ചപ്പാട് മാറണം. ജനകീയപ്രസ്ഥാനത്തിൻെറ പ്രവർത്തനഫലമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആവേശം ഇത്തരത്തിൽ പ്രയോജനപ്പെടുത്താൻ കഴിയണം.



# കൃഷി - ജലസേചനം

സമതലപ്രദേശമായി കിടക്കുന്ന പൂക്കോട് പഞ്ചായത്ത് കൃഷിക്ക് അനുയോജ്യമായ പ്രദേശമായിരുന്നു. ഏകദേശം 60% പാടങ്ങളും 40% തെങ്ങിൻതോപ്പുകളും അടങ്ങിയ ഈ പഞ്ചായത്തിലെ ജനങ്ങൾ.മുഖ്യമായും കൃഷിയെ ആശ്രയിച്ചായിരുന്നു ജീവിച്ചിരുന്നത്.

### പൂക്കോട് ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ

### ചാർട്ട് - I

| ഭൂമിയുടെ വിസ്തീർണ്ണം(ഏക്കറിൽ) | | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജ് | പുരയിടം | നിലം | പുറം മ്പോക്ക് | തരിശ് | ആകെ | 1 -10 സെൻറ് | 10 - 25 സെൻറ് | 25 - 50 സെൻറ് | 50 - 100 സെൻറ് | 1-2 ഏക്കർ | 2 - 5 ഏക്കർ | 5 ഏക്കർ |
| പൂക്കോട് | 883.26 | 305.40 | 14.48 | 26. 33 | 1229.47 | 1217 | 824 | 396 | 193 | 138 | 68 | — |
| പേരകം | 901.10 | 300.09 | 19. 82 | 30.83 | 1251.84 | 1382 | 704 | 488 | 201 | 157 | 63 | — |
| ഇരിങ്ങപ്പുറം | 776.74 | 212. 60 | 13.34 | 6.60 | 1009.28 | 912 | 414 | 330 | 612 | 474 | 25 | — |
| | 2561.10 | 818. 09 | 47.64 | 63.76 | 3490.59 | 3511 | 1942 | 1184 | 1006 | 769 | 156 | — |

കാട്ടുപാടം, പിള്ളക്കാട് പാടം, പാലേമാക്കൽ പാടം, തൊഴൂർ പാടം, കുട്ടാടൻ പാടം, പുന്നത്തൂർ പാടം, താമരയൂർ പാടം, വെളക്കത്ര പാടം, മല്ലാട് പാടം, പാണ്ടി നിലങ്ങൾ, (കനോലികനാലിൻെറ കിഴക്കു ഭാഗം) ഇവയായിരുന്നു പ്രധാന നെൽപ്പാടങ്ങൾ. ഈ പാടങ്ങളിൽ ''ഇരുപ്പുകൃഷി'' - യാണ് ചെയ്തുവന്നിരുന്നത്. മേടമാസത്തിലെ മഴയ്ക്ക് വിത്തുപാകി പൊന്നിൻ ചിങ്ങമാസത്തിൽ കൊയ്യുകയാണ് പതിവ്. മകരത്തിൽ കൊയ്യുന്ന നിലങ്ങളിൽ എള്ള്കൃഷി, പച്ചക്കറി കൃഷി ഇവ നടത്താറുണ്ടായിരുന്നു.പ്രധാന നെൽകൃഷിയിടം കാട്ടുപാടമായിരുന്നു. അവിടത്തെ കൃഷി കൊയ്യാനും മെതിക്കാനും എടക്കഴിയൂർ, കുരഞ്ഞിയൂർ, അവിയൂർ, വാഴപ്പുള്ളി, പേരകം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമുള്ള കർഷകതൊഴിലാളികൾ ആൺ പെൺ വ്യത്യാസമില്ലാതെ ഇന്നത്തെ കോട്ടപ്പടി ജംഗ്ഷനിൽ പുലർച്ചെ എത്തിയിരുന്നു. ഉഴുവാനുള്ള പോത്തുകളും ഇക്കൂട്ടത്തിലുണ്ടാകാറുണ്ട്. ചാണകമായിരുന്നു പ്രധാന വളം. വെണ്ണീറും പച്ചിലകളും ഉപയോഗിച്ചിരുന്നു.

''വട്ടൻ'', ''ചീര'', ''ചിറ്റേനി'' എന്നീ വിത്തുകൾ മേടമാസത്തിലും, കൊടിയൻ, ചിറ്റേനി, കുട്ടിവിത്ത് എന്നിവ മകരമാസത്തിലും ഉപയോഗിച്ചിരുന്നു. എന്നാൽ അന്നത്തെ ''തവളകണ്ണൻ'',''കഴുങ്ങംപുത്താട'' വിത്തുകൾ മേടമാസത്തിലെ കൃഷിയ്ക്ക് ഉപയോഗിച്ചിരുന്നു. കുട്ടാടൻ പാടത്തെ കൃഷി പിറകിലായിരുന്നു. കുട്ടാടൻ, കൊടിയൻ, വെള്ളകോലി എന്നീ വിത്തുകൾ മകരമാസത്തിലേ കൊയ്യാറുള്ളു. അന്നത്തെ ഓണക്കാലത്തിനുമുമ്പ് ഇല്ലംനിറ, പുത്തരി മുതലായ ആചാരങ്ങൾ നിലനിന്നിരുന്നു. ദാരിദ്ര്യം കൊടികുത്തിവാണിരുന്ന അക്കാലത്ത് കൊയ്ത്ത് വരാൻ ജനങ്ങൾ കാത്തിരിക്കുമായിരുന്നു. കുട്ടാടൻ പാടം ഒഴികെ ബാക്കി എല്ലാ പാടങ്ങളിലും മേൽപറഞ്ഞതരത്തിലായിരുന്നു നെൽകൃഷി നടന്നിരുന്നത്. കുട്ടാടൻ പാടത്ത് ചളിയും, കാട്ടുപാടത്ത് മണലും ഇടപാടങ്ങളിൽ ചളിയും മണലും കലർന്നതായിരുന്നു മുഖ്യ മൺതരങ്ങൾ പറമ്പു

കളിൽ തെങ്ങിന് പറ്റിയ മണ്ണുതന്നെയാണ് പറമ്പുകളിൽ മാവ്, പ്ലാവ്, കവുങ്ങ്, നേന്ത്രവാഴ, പയർ, കൂർക്ക, ചേമ്പ്, കിഴങ്ങുകൾ എന്നിവ കൃഷി ചെയ്തിരുന്നു. കൂടാതെ മരച്ചീനി നല്ലൊരു കൃഷിയായിരുന്നു. സ്ഥലങ്ങൾ ജന്മിമാരുടേതായാലും അവർ കൃഷിചെയ്യാൻ അനുവദിച്ചിരുന്നു. വളങ്ങളായി ജൈവവളങ്ങളും വെണ്ണീറ്, ആട്ടിൻകാഷ്ഠം, ചാണകം മുതലായവ ഉപയോഗിച്ചിരുന്നു. വൻമരങ്ങളും, കാവുകളും പറമ്പുകളിൽ ധാരാളമുണ്ടായിരുന്നു. പക്ഷികളുടെ സങ്കേതത്തിന് കാവുകൾ യുക്തമായിരുന്നു. കൃഷിക്ക് കീടനാശിനിപ്രയോഗം വിരളമായിരുന്നു. കീടങ്ങളും കുറവായിരുന്നു. പൊതുവെ നെൽകൃഷിയിൽ നിന്ന് 6 മേനി മുതൽ 10 മേനി വരെ കിട്ടിയിരുന്നു. തേങ്ങയുടെ വിളവ് ഇന്നത്തെ പോലെ ഉണ്ടായിരുന്നില്ല. കാർഷീകജോലിക്ക് അന്ന് ഇഷ്ടം പോലെ തൊഴിലാളികളെ കിട്ടിയിരുന്നു.അവരുടെ നിലവാരം വളരെ താഴ്ന്നിരുന്നു. കൃഷിക്കാർ പാട്ടത്തിന് വിധേയരായിരുന്നു.

1956 കേരളത്തിൽ അവതരിപ്പിക്കപ്പെട്ട ബില്ലിൻെറ ഫലമായി ഭൂവ്യവസ്ഥകളിൽ വന്നമാറ്റം ജന്മി - കുടിയാൻ വ്യവസ്ഥകളിൽ പ്രകടമായ വ്യത്യാസങ്ങൾക്ക് വഴിതെളിയിക്കുകയും പുതിയൊരു സംവിധാനത്തിൽ ആരംഭം കുറിക്കുകയും ചെയ്തു.'' കൃഷി ഭൂമി കൃഷിക്കാർക്ക് എന്ന അവസ്ഥ സംജാതമായതോടുകൂടി കർഷക തൊഴിലാളികൾ സംഘടിക്കുകയും ക്രമേണ ട്രേഡ്യൂണിയൻരംഗം കൂടുതൽ ശക്തി പ്രാപിക്കുകയു ചെയ്തു. തൊഴിലാളികളുടെ കൂലിവർദ്ധന അവകാശങ്ങൾ തുടങ്ങിയവ അംഗീകരിക്കാതിരിക്കാൻ വയ്യാത്ത സ്ഥിതിയാവുകയും ചെയ്തു. കർഷകന് കൃഷി ഭൂമി ലഭിക്കുകയും, കർഷക തൊഴിലാളി സംഘടനകളുടെ വളർച്ചയോടും കൂടി കർഷകരിൽ ഭൂരിഭാഗവും ജന്മികളുടെ പിടിയിൽ നിന്നും ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് പുറത്തുവന്നു. ജൻമികൾക്ക് സ്ഥിരം പണിക്കാരെ വിട്ട് പുതിയവ കണ്ടെത്തേണ്ടി വരികയും, പുതിയകൂലി നൽകേണ്ടി വരികയും ചെയ്തു. കൃഷിയിൽ നിന്നുള്ള ഉല്പാദനം വർദ്ധിക്കാത്ത സാഹചര്യത്തിൽത്തന്നെയുള്ള കൂലിവർദ്ധനവ് കൃഷിയിൽ നഷ്ടംവരുത്തിയതുമൂലം പലരും കൃഷിയിൽ നിന്നുംപിൻമാറി തുടങ്ങി. തുടർന്ന് കർഷക മേഖലയിലുള്ള തൊഴിൽ സാധ്യതകൾക്ക് മങ്ങലേൽക്കാൻ തുടങ്ങുകയും, ഗൾഫ് മേഖലയിലുള്ള തൊഴിൽ സാധ്യതയറിയുകയും ചെയ്തതോടെ കർഷകരിൽ അമ്പത് ശതമാനത്തോളം ഗൾഫിലേക്ക് നീങ്ങി. തുടർന്ന് വന്ന തലമുറ ഗൾഫ് പണത്തിൻെറ സ്വാധീനത്തിൽപ്പെട്ടതോടുകൂടി കൃഷിപണികൾ അറിയാനോ ജോലിയിലേർപ്പെടാനോ തയ്യാറാകാതെ ഉന്നത ജോലികളിൽ കണ്ണുംനട്ടിരുന്നു. മാത്രവുമല്ല, ഗൾഫ് പണത്തിൻെറയടിസ്ഥാനത്തിലേക്കുള്ള സുഖസൗകര്യങ്ങളിലക്ക യുവതലമുറ പതുക്കെ പതുക്കെ നീങ്ങിക്കൊണ്ടിരുന്നു. ഗൾഫിലുള്ളവരുടെ നിക്ഷേപം നാട്ടിലെത്തിയതോടുകൂടി ചില പ്രത്യേക ഭൂവില്പനസംഘക്കാരുടെ താല്പര്യമനുസരിച്ച് പലരും തങ്ങളുടെ കൃഷിയിടങ്ങളും താമസ സ്ഥലങ്ങളും വീറ്റ് തീർക്കാനും തുടങ്ങി. ഇതിനിടയിലായിരുന്നു നിക്ഷേപസമാഹരണത്തിനുവേണ്ടി ബാങ്കുകളുടെ പലിശ വർദ്ധനവ്. ഇതനുസരിച്ച് ചിലരെല്ലാം ഭൂമി വിറ്റഴിക്കാനും തുടങ്ങി. ഇതിനൊരു കാരണം വാങ്ങിയ കൂട്ടിയ ഭൂമിയിൽ നിന്ന് ആദായമൊന്നും ലഭിച്ചിരുന്നില്ല എന്നതാണ്. ഇതിനടക്കം ചുക്കാൻ പിടിച്ചിരുന്നത് നേരത്തെ സൂചിപ്പിച്ച ഭൂവില്പന - വാങ്ങൽ സംഘങ്ങളാണ്. നാട്ടിൽ ആവശ്യത്തിന് ഭൂമി വാങ്ങാൻ കഴിയാത്തത്ര വിലവർദ്ധിക്കുകയും ചെയ്തു. കൃഷിഭൂമി വാങ്ങികൂട്ടിയവരെല്ലാം തന്നെ ഏരികൾ കൂട്ടി തെങ്ങുകൾ വച്ചുപിടിപ്പിച്ചു. അങ്ങിനെ കൃഷിഭൂമി പറമ്പും പാടവും അല്ലാത്ത ഒരുസ്ഥിതിയിലായി. മഴക്കാലമാകുമ്പോൾ ഏരികൾക്കിടയിൽ വെള്ളം കെട്ടിനിൽക്കുകയും വച്ചുപിടിപ്പിച്ച തെങ്ങിൻെറ വേരുകൾ ചീയ്യാനും ആരംഭിച്ചു. കേരളത്തിലെ കാലാവസ്ഥയനുസരിച്ച് മഴകഴിഞ്ഞ്‌വീണ്ടും തെങ്ങിനെ സംരക്ഷിക്കുമ്പോഴെയക്കും വീണ്ടും മഴയെത്തുന്നത് . ഇത്തരം കൃഷിസ്ഥലങ്ങളിലെ തെങ്ങിൻെറ വിളവിനെ കാര്യമായി ബാധിച്ചിരുന്നു. എന്നാൽ പണം കൂടുതൽ കൈവശമുള്ളവർ പാടങ്ങൾ മുഴുവൻ നികത്തി തെങ്ങിൻ തോപ്പുകളാക്കി മാറ്റിയിരുന്നു. ഇത്തരക്കാർ വെറും 5% മാത്രമാണെന്നോർക്കണം. ഈ ഗൾഫ് സ്ഥിതി സംജാതമായതോടെ പഞ്ചായത്തിലെ ജീവിതമിലവാരം സൂചികയും ഉയർന്നുവന്നു. അതനുസരിച്ച് കൃഷിപണിയിലേർപ്പെടുന്നവർക്ക് കൂടുത്ത കൂലി നല്കേണ്ടിവന്നു. അതനുസരിച്ച് കൃഷിപണിയിലേർപ്പെടുന്നവർക്ക് കൂടുതൽ കൂലി നല്കേണ്ടിവന്നു. കൂടാതെ വരൾച്ച, കൃഷിനാശം, കീടനാശിനികളുടേയും വളത്തിൻെറയും വിലവർദ്ധനവ് ഇവയെല്ലാം നാട്ടിലുള്ള കൃഷിക്കാരെകൂടി ആ രംഗത്തുനിന്ന് പിന്മറാൻ പ്രേരിപ്പിച്ചു. അങ്ങിനെ കൃഷിരംഗത്ത് അവശേഷിക്കുന്നവർകൂടി തങ്ങളുടെ സ്ഥലം തെങ്ങിൻതോപ്പുകളാക്കാനാരംഭിച്ചു ; തെങ്ങിൻ തോപ്പുകളുടെ എണ്ണം വർദ്ധിച്ചു. കൃഷി ഭൂമി കുറഞ്ഞുവന്നു.

ചാർട്ട്2

തെങ്ങിന് പറ്റിയ മണ്ണാണ് നമ്മുടെ പഞ്ചായത്തിൻേറത്. പറമ്പുകളിൽ തെങ്ങ്, കവുങ്ങ് എന്നീ മരങ്ങളും പ്രത്യേകിച്ച് മൂവാണ്ടന്മാവ് സമൃദ്ധിയായും പറമ്പുകിൽ കാണാവുന്നതാണ് വാഴക്കൃഷിയും കൂട്ടത്തിലുണ്ട്. പയർ, കൂർക്ക, കിഴങ്ങ്‌വർഗ്ഗങ്ങൾ, ചേമ്പ്, മരച്ചീനി എന്നിവയും ഇടവിളയായി കൃഷിചെയ്യുന്നു. പച്ചക്കറിക്കൃഷി അപൂർവ്വമാണ് പറമ്പിലെ ഇടവിള കൃഷിയായ പച്ചക്കറി പൂർണ്ണമായും അപ്രത്യക്ഷമായെന്നു തന്നെ പറയാം. നെൽകൃഷി പോയതോടെ ഇല്ലംനിറ, പുത്തരി എന്നിവയും മാഞ്ഞുപോയി. വന്മരങ്ങളും കാവുകളും പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി.

ചാർട്ട് 3

പക്ഷി സങ്കേതങ്ങൾ ഇല്ലാതായി. പോത്തുകളും കാളകളും അപ്ര ്യ ക്ഷമായതോടെ വീടുകളിലെ തൊഴുത്തുകൾ വിറകുപുരയായി മാറിക്കൊണ്ടിരുന്നു. അങ്ങിനെ പഞ്ചായത്തിൽ നെൽക ,ഷിയെന്നുമാത്രമല്ല മറ്റു ഇടവിള കൃഷികളും ഇല്ലാതായി. നേരത്തെ സൂചിപ്പിച്ച ഗൾഫ് സംസ്ക്കാരം പടർന്നതിൻെറ ഫല മ യി യുവജനങ്ങളധികവും അലസരായി മാറിയതവർ തന്നെയറിഞ്ഞില്ല. അങ്ങനെ പഞ്ചായത്തിൽ കൃഷി നടന്നിരുന്ന സ് ാ ങ്ങളിൽ ആകാശത്ത് മനുഷ്യൻെറ വാരിയെല്ലുകണ

ക്കെ ടി.വിയുടെ ആൻറിന ഘടിപ്പിച്ച കോൺക്രീറ്റ് സൗധങ്ങൾ നിറയാൻ തുടങ്ങി. ഗൾഫിൽനിന്നുള്ള ചെക്കിൻെറയും ഡ്രാഫ്റ്റിൻെറയും വരവ് കാത്ത് ബ്ലൈഡ് കമ്പനികളുമായി വീട്ടിൽ കേബിൾ ടി.വിയും സിനിമയും കണ്ടുകൊണ്ട് കഴിഞ്ഞുകൂടുന്ന ഇന്നത്തെ ജനതയുടെ മനസ്സുകളിലേക്ക് കാർഷികസമ്പത്തിൻെറ വിത്തുപാകാൻ നാമെല്ലാം ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ കൃഷി :- ഇന്ന് നാമമാത്രമായ കൃഷിയിടങ്ങളിൽ ഉഴാനും മറ്റും യന്ത്രവൽകൃത സാമഗ്രികളാണ് ഉപയോഗിച്ചു വരുന്നത്. യന്ത്രം കടന്നുചെല്ലാൻ കഴിയാത്ത അപൂർവ്വം ചിലയിടങ്ങളിൽ കന്നുകാലികളെ ഉപയോഗിക്കുന്നു. എന്നാൽ കിളക്ക് പകരം മണ്ണ് പൊലി കൂട്ടി ധനുമാസത്തിൽ വീണ്ടും മണ്ണിളക്കി പറമ്പ് കിളക്കുന്ന പതിവും ഉണ്ട്. ഈ പഞ്ചായത്തിൽ കാർഷിക തൊഴിൽ രംഗത്ത് നാട്ടുകാരായ തൊഴിലാളികൾ അധികമില്ല ഭൂരിഭാഗവും തമിഴ്നാട്ടിൽ നിന്നെത്തിയ., തൊഴിലാളികളാണ് ഇവർക്ക് 100 രൂപ മുതൽ 120 രൂപ വരെ കൂലിയും നല്കി വരുന്നു.

നാളികേരകൃഷിക്കാർക്ക് ആവശ്യമുള്ളപ്പോൾ തെങ്ങ് കയറാൻ ആളെ കിട്ടാതെ ഒരു സ്ഥിതി ഇപ്പോഴുണ്ട്. ഈ രംഗത്തേക്ക് ധാരാളം യുവജനങ്ങൾ കടന്നുവരികയോ, തെങ്ങുകയറ്റ യന്ത്രം ഉപയോഗിക്കുകയോ, മാത്രമാണ് പ്രതിവിധി. ഇവിടെ തെങ്ങുകയറ്റതൊഴിലാളികൾക്ക് തേങ്ങയായും, രൂപയായും കൂലി നല്കിവരുന്നു. തൊഴിൽ സാധ്യതയുള്ളതിനാലാകാം ഈ രംഗത്തെ തൊഴിലാളികൾ കുറഞ്ഞു കുറഞ്ഞു വരുന്നത്.

ചാർട്ട് 4

കൃഷി ഭവൻ:-

കൃഷിയേയും കർഷകരേയും പുനർജീവിപ്പിക്കാൻ വേണ്ടി 1988 ൽ ആരംഭിച്ച ഒരു പദ്ധതിയാണ് കൃഷിഭവൻ.കൃഷിക്കാർക്കാവശ്യമാ വളം, കീടനാശിനി, വിത്തുകൾ, നടിൽവസ്തുക്കൾ അതത് സമയത്ത് കൊടുക്കുകയും കാർഷിക ക്ലാസ്സുകൾ നല്കി കൃഷിയെയും ഉല്പാദനത്തേയും മെച്ചപ്പെടുത്തലാണ് ലക്ഷ്യം. 1938ൽ ആരംഭിച്ച കൃഷിഭവനുകൾ വഴി പഞ്ചായത്തിലെ വാർഡുകൾ തോറും ഉള്ള കൃഷി ഓഫീസർ - അസിസ്റ്റൻറ് ഉദോഗ്യസ്ഥന്മാരുടെ സഹായം പൊതുവേ സ്വാഗതാർഹമായിരുന്നു. ഇതിൻെറ ഫലമായിതന്നെ ഗ്രൂപ്പ്ഫാമിങ്ങ് സംഘടിപ്പിച്ചിരുന്നു . നെൽപാടങ്ങളെ അടിസ്ഥാനമാക്കി കൃഷിക്ക് സബ്സിഡികൾ സല്കി വന്നത് കർഷകർക്കാശ്വാസമായിരുന്നു. തുടർന്നുവന്ന കേരസമിതികൾ വഴി പമ്പ്സെറ്റ്, കിണർ, കുളം കുഴിക്കുന്നതിന് ധനസഹായം ഇവ കൊടുക്കുന്നുണ്ട്. പക്ഷേ ആരംഭത്തിൽ കർഷകർക്ക് കൃഷി ഭവനിലുണ്ടായ വിശ്വാസം ഇതില്ലാത്തസ്ഥിതിയിലേയ്ക്കാണ് തുടർന്നങ്ങോട്ടുള്ള പ്രവർത്തനങ്ങൾ ഉണ്ടായത്. ഇന്നിപ്പോൾ വാർഡുതോറുമുള്ള ഉദോഗ്യസ്ഥരോ, നിർദേശങ്ങളോ ലഭിക്കാതെ ഉള്ള കർഷകർ കഷ്ടപ്പെടുന്നു. കാർഷികരാജ്യമായ ഇന്ത്യ കൃഷിയ്ക്ക് തന്നെ പ്രധാന്യം നല്കണമെന്നും കൃഷിഭവനുകൾ പഴയ ഊർജസ്വലതയോടുകൂടി പുനർജീവിപ്പിയ്ക്കുകയും വേണം. മാത്രമല്ല കൃഷിഭവൻ പഞ്ചയാത്തിൻെറ തന്നെ ഒരു ഭാഗമായി പ്രവർത്തിക്കുകയാണ് കൃഷിക്കാർക്ക് അനുദിനം ബന്ധപ്പെടുന്നതിന് ഏറ്റവും നല്ലത്.കൂടാതെ പഞ്ചായത്തിലെ വില്ലേജ് എക്സറ്റൻഷൻ ഓഫീസുകളും ഓഫീസർമാരും പഞ്ചായത്തിനോടുകൂടി ചേർന്നു പ്രവർത്തിക്കുകയും പഞ്ചായത്തിലെ കൃഷിക്കാർക്കും യിവജനങ്ങൾക്കുംമുള്ള സഹായങ്ങൾ നല്കുന്നതും പഞ്ചായത്തിലെ ജനപുരോഗതിയ്ക്ക് സഹായകമാകും.

ചാർട്ട് V

ചാർട്ട് VI

ഈ പഞ്ചായത്തിലെ കുളങ്ങളും തോടുകളുകളും ഉപയോഗവും:-

വാർഡ് I

ഈ വാർഡിലെ പഷ്ണികുളം, മണ്ണാർ കുളം, പെരുംതോട് ഇവ നന്നാക്കാൻ ഇവിടെയുള്ള കൃഷിക്ക്ാർക്ക് ജലസേചനത്തിന് ഉപയോഗിക്കാം.

വാർഡ് II

രണ്ടാം വാർഡിലെ അങ്ങാടിയിൽ നിന്നും വരുന്ന തോടിനെ വീതികൂട്ടി കുട്ടാടൻ പാടത്തേക്ക് ചേർക്കുക. ഇത് ജലചേനത്തിനും കൃഷിക്കും ഉപയോഗപ്പെടും.

വാർഡ്III

മൂന്നാം വാർഡിലെ ഉപ്പുതോട്, പെരുംതോട് എന്നിവയുടെ ആഴം കൂട്ടി സൈഡ്കെട്ടി ചീർപ്പ് ഇടുക - വടക്ക്ഭാഗത്തെ ബണ്ട് സംരക്ഷിക്കുക - ഇത് ഈവാർഡിലെ കൃഷിക്ക് ഉപയോഗപ്രദമാണ്.

വാർഡ്IV

നാലാം വാർഡിലെ മൂലകുഴി ജലസംഭരണിയാക്കി മാറ്റുകയും കാവീട് ചിറവികസിപ്പിച്ച് കുട്ടാടൻ നിലത്തിൻെറ സമഗ്രവികസനത്തിനെ പുന്നയൂർകുളംവരെ വന്നുനില്ക്കുന്ന ജലത്തെ കനാലുവെട്ടി തെക്കോട്ടുതിരിച്ചുവിട്ട് മൂലകുഴിയുമായിബന്ധിപ്പിച്ചാ 200ഏക്കറ നെൽകൃഷി കൊയ്ത്തുവിളയായി ചെയ്യാവുന്നതാണ്.

വാർഡ്V

വെളിയംക്കോട് ലേക്ക്, ഒരുമനയൂർ ലേക്ക് കേടുപാടുതീർത്താൽ അഞ്ചാം വാർഡിലെ ഉപ്പുവെള്ളംകയറുന്നത് തടയാം ഇത് കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗപ്രദമായിരിക്കും

വാർഡ്VI
ആറാം വാർഡിലെ തെക്ക് ഭാഗത്ത് നെൽ കൃഷിചെയ്യുന്ന സ്ഥലത്ത് കെട്ടിനിൽക്കുന്നവെള്ളം ഒഴിഞ്ഞുപോകാൻ ശിവ ക്ഷേത്ര പരിസരത്തുംനിന്നും തുടങ്ങി വലിയ തോട്ടിലേക്ക് തിരിച്ചുവിടേണ്ടതാണ് - കൂനനാൽ മുതൽ മല്ലാട് വരെയുള്ള വലിയതോട് സർവേ ചെയ്ത് വീതി കൂട്ടിയാൽ മല്ലാടു പാടം കൃഷിക്ക് ഉപയോഗമാകും. ഈ വാർഡിലെ മാറാം കുളം, നങ്ങാറം കുളം, തച്ചാറം കുളം, കൊളാടിപറമ്പ് കുളം എന്നിവ അവിടെത്തേ കൃഷിക്കാർക്ക് ഉപയോഗപ്രദമാക്കണം.
വാർഡ്VII
എഴാം വാർഡിലെ കൊടുവള്ളിശ്ശേരി ക്ഷേത്രത്തിനു അടുത്തായി രണ്ട് പൊതു കുളങ്ങൾ ആഴം കൂട്ടിയും അതിലേക്കുള്ള വഴികൾ പുനർജ്ജീവിപ്പിച്ച് ജലസംഭരണിയാക്കി മാറ്റുകയും താമരയൂർ കുളം കൃഷിക്കാർക്ക് ഉപയോഗപ്രദവുംമാക്കി പ്രവർത്തിക്കുക.
വാർഡ്IX
ഒമ്പതാം വാർഡിലെ ഞാറകുളം കോട്ടപ്പടി ചിറ എന്നിവ ആഴം കൂട്ടി ജലസംഭരണിയാക്കി കൃഷിക്ക് ഉപയോഗപ്പെടുത്താം.
വാർഡ് X
പത്താംവാർഡിലെ മിച്ച ഭൂമിയിലുള്ള രണ്ട് കുളങ്ങൾ സൈഡ് കെട്ടിതാഴ്ത്തി ജലസംഭരണിയാക്കിയാൽ കൃഷിക്കാർക്ക് ഉപയോഗപ്രദമാണ്.
വാർഡ്XI
പുല്ലാനിതോട്, കൊച്ചനാംകുളങ്ങര തോടുകൾ സർവേ ചെയ്ത്ത് വീതികൂട്ടി കൃഷിക്ക് ഉപയോഗപ്രദമാക്കാം. ചെമ്മണ്ണൂർ തോടിലുള്ള ചീർപ്പിൻെറ പലക പുനസ്ഥാപിക്കണം. കോളനിപറമ്പിലെ കുളം , ലക്ഷം വീട്കോളനിയിലെ കുളം എന്നിവ ആഴം വർദ്ധിപ്പിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കാം.10ലും 11ലും മദ്ധ്യേയുള്ള ചാട്ടുകുളം തൈക്കാട് റോഡിൽ (ഗുരുവായൂർ മുൻസിപ്പാലിറ്റിയിലെ അതിർത്തിയിൽ) 2 കൽവർട്ടുകൾ ഇടേണ്ടതാണ്.
കാലവർഷവും തുലാവർഷവും ആണ് നമ്മുടെ പഞ്ചായത്തിൽ ജലം കിട്ടുന്നത്. ജലസേചനസൗകര്യം തീരെയില്ല. പറമ്പുകളിൽ മോട്ടോർ വെച്ച് അപൂർവ്വം ചിലർ തെങ്ങ് നനയ്ക്കുന്നു. പഞ്ചായത്തിലെ ജലം അധികവും പടിഞ്ഞാറോട്ടൊഴുകി മല്ലാടുപാടത്തിലൂടെ മൂലക്കുഴി വഴി കനോലി ക്കാനാലിൽ എത്തുന്നു. ഇരിങ്ങപുറം , ചൊവ്വലൂർപടി തോടിലൂടെ ജലം തെക്കോടു ഒഴുകുന്നു. കാട്ടുപാടത്തിൻെറ വടക്കുഭാഗം അതായത് മൂന്നാം വാർഡിലെ കിഴക്ക് ഭാഗത്തുകൂടെ വടക്കോട്ടു പേകുന്ന തോട്ടിലൂടെ ജലം ചെറിവള്ളിപുഴയിൽ എത്തണം. അതേസമയം കാട്ടുപാടം 3-ാം വാർഡ് 9-ാം വാർഡുകളിലെ ജലവും പല തോടുകളിൽ കൂടെവന്ന് 8,7,6,5 എന്നി വാർഡുകിലൂടെ മല്ലാടു പാടത്ത് എത്തുന്നു. 2,3,4 വാർഡുകളുലെ തോട്ടിൽ കുടി കുട്ടാൻ പാടത്ത് വന്ന് ചേരുന്നു. ഈതോടുകൾ വേണ്ട തോതിൽ ജനകീയ സഹകരണത്തോടെ സംരക്ഷിച്ചാൽ വെള്ളം കെട്ട് ഒരുപരിധിവരെ ഒഴിവാക്കാവുന്നതാണ്.
ഇവിടെ ചാർട്ട് 6,7 കണക്ക്
സഹകരണ സംഘങ്ങൾ
കൃഷിയെ സംബന്ധിച്ച് 2 തരം സഹകരണസംഘങ്ങൾ രൂപികരിക്കണം.
(1) നെൽകൃഷിക്കും പച്ചക്കറിക്കും
(2) തെങ്ങിൻ തോട്ടങ്ങൾക്ക്
(1) നെൽ കൃഷി സഹകരണ സംഘം
എല്ലാ നെൽ കൃഷിക്കാരും അംഗങ്ങൾ ആയിരിക്കണം. വിത്ത്, വളം,കീടനാശിനികൾ ഗണ്യമായ സബ്സിഡി നിരക്കിൽ ഗവൺമെൻറിൽ നിന്ന് കിട്ടണം - നിലവിലുള്ള ഗ്രൂപ്പ്ഫാമിങ്ങ് ഇതിനോട് യോജിച്ചിരിക്കണം കൃഷിഭവൻ , ഗ്രാമ സേവകൻ എന്നിവ സംഘത്തിൻെറ ഘടകമായി പ്രവർത്തിക്കണം. സംഘം ഓഫീസിലായിരിക്കണം കൃഷി ഭവൻ ഗ്രാമസേവകൻ എന്നിവരുടെ ഓഫീസ് . നെൽകൃഷി തികച്ചും യന്ത്രവൽകൃതമാക്കണം. കൊയ്ത്ത്, നടീൽ , മെതി, നിലം ഒരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഒരു പുതിയ കാഴ്ചപാടുണ്ടാക്കണം ഈ സംഘങ്ങൾക്ക്.
(2) കേര കർഷക സഹകരണ സംഘം
ഈ സംഘത്തിൽ 20 സെൻറ് ഭൂമിയുള്ള കൃഷിക്കാരെ സ്ഥിരം അംഗങ്ങളായിചേർക്കണം . വിത്തുകൾ , വളം, കീടനാശിനികൾ എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് കിട്ടണം. പറമ്പിലെ കൃഷിയും ഒരു പരിധി വരെ യന്ത്രവൽകൃതമായിരിക്കണം. ആധുനിക സൗകര്യങ്ങൾ ആയ മോട്ടോർ, പമ്പ് സെറ്റ് ആവശ്യത്തിന് അനുസരിച്ച് വൈദ്യുതി എന്നിവ സമയത്ത് കിട്ടുമെന്ന ഉറപ്പുണ്ടാക്കണം. കീടനാശിനി പ്രയോഗത്തിനുള്ള യന്ത്രങ്ങൾ കൊടുക്കുക, കേരഫെഡിൻെറ ഒരുയൂണിറ്റ് സ്ഥാപിക്കാൻ അപേക്ഷിക്കുക എന്നീകാര്യങ്ങൾ ചെയ്യുന്നതും നടത്തിപോകുന്നതും ഈ സംഘമായിരിക്കണം.
സംഘത്തിൻെറ ഘടകമായി പ്രവർത്തിക്കണം. സംഘം ഓഫീസിലായിരിക്കണം കൃഷി ഭവൻ ഗ്രാമസേവകൻ എന്നിവരുകൃ

ചാർട്ട് 8

കൃഷിക്കാരുടെ വിവരം

ഈ പഞ്ചായത്തിൽ ആകെ കർഷകർ 6412 ആണ്. ഇതിൽ 70 % നാമമാത്ര കർഷകരും 25%ത്തോളം ചെറുകിടകർഷകരും 50% ത്തോളം വൻകിടകർഷകരും ആണ്.

ചാർട്ട്9

മറ്റുകൃഷികൾ :-

കവുങ്ങ് മൊത്തം കൃഷിഭൂമിയുടെ വീസ്തീർണ്ണത്തിൽ ചുരുങ്ങിയസ്ഥലത്ത് കവുങ്ങ് കൃഷിചെയ്യുന്നു. കവുങ്ങിൻെറ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നെതർലാൻറ് പദ്ധതിയനുസരിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ മലിനജലം മൂലമുള്ള കൃഷി നാശം തടായാവുന്നതാണ്.

കുരുമുളക്:-

മൊത്തം വീസ്തീർണ്ണത്തിൻെറ കുറച്ച് കുരുമുളക് കൃഷി ചെയ്യുന്നു. കുരുമുളക് കൃഷിയെ ബാധിച്ചിരിക്കുന്ന ദ്രുതവാടം എന്നഭീകരരോഗം ഈകൃഷിക്ഷയോന്മുഖമാക്കികൊണ്ടിരിക്കുകയാണ്. ഇതിനെ പ്രതിരോധനടപ്പടി സ്ഥിതീകരിച്ചാൽ ഈ കൃഷിക്ക് അനന്ത സാധ്യതകൾ ഉണ്ട്

നേന്ത്ര വാഴ :-

നേന്ത്ര വാഴ മിക്കവീടുകളിലും ചുരുങ്ങിയ സ്ഥലത്ത് കൃഷി ചെയ്യുന്നു.നേന്ത്ര വാഴയെ നശിപ്പിക്കുന്ന കീടങ്ങളെ നിയന്ത്രിച്ചാൽ തീർച്ചയായും ഈ കൃഷി സ്വയ പര്യാപ്തത കെവരിക്കാൻ കഴിയും.

കപ്പ :-

വിവിധപ്രദേശങ്ങളിലായി ചില വീടുകളിൽ കപ്പ കൃഷിചെയ്യുന്നു. കപ്പ കൃഷിക്ക് സാധ്യതകൾ ഉണ്ടെങ്കിലും ക്ഷുദ്രജീവികളുടെ ആക്രമണം മൂലം ഈ കൃഷിയിൽ പലരും വിമുഖതകാണിക്കുന്നു. ഇതിനെ നിയന്ത്രിച്ചാൽ നമുക്ക് നിത്യ ഭക്ഷണത്തിൽ കപ്പയ്ക്ക് പ്രമുഖസ്ഥാനംലഭിക്കും.

പച്ചക്കറി:-

ഈ പഞ്ചായത്തിൽ ധാരാളം പ്രദേശങ്ങൾ കൃഷി ചെയ്യുന്നു. സ്വയം പര്യാപ്തത കൈവരിക്കാൻ ഓരോവീട്ടിലും നിർബന്ധമായും ഓരോഅടുക്കളെതോട്ടം നടപ്പിൽ വരുത്താൻ കൃഷി ഭവനുകൾ ശ്രദ്ധിക്കണം.

പയറു വർഗ്ഗങ്ങൾ :-

ക്ഷുദ്രജീവികളുടെ ആക്രമണം മൂലം പഞ്ചായത്തിൽ ഈ കൃഷി വികസിക്കുന്നില്ല നൂതനസമ്പ്രാദായം അനുസരുച്ചുള്ള കീടനിയന്ത്രണം നടപ്പിലാക്കിയാൽ കാർഷികമേഖലയിൽ പയർ ഉത്പന്നങ്ങൾക്ക് മുഖ്യ സ്ഥാനം കൊടുക്കാൻ കഴിയും.

ഇഞ്ചി, മഞ്ഞൾ:-

ചില വീടുകളിൽ ഇഞ്ചി, മഞ്ഞൾ എന്നില കൃഷിചെയ്യുന്നു. പഞ്ചായത്തിൽ ഈ കൃഷിക്ക് യോജിച്ച് ധാരാളം സ്ഥലങ്ങൾ ഉണ്ട്. ഈകൃഷിചെയ്യുന്നരീതിയകുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ചാൽ തീർച്ചയായും ധാരാളം തൊഴിൽ അവസരങ്ങൾ ഈ കൃഷിയിലൂടെ സൃഷ്ടിക്കാൻ കഴിയും.

ജാതി, ഗ്രാമ്പു, കൊക്കോ :-

ചെറിയതോതിൽ ഈ കൃഷി പഞ്ചായത്തിൽ ചെയ്തിവരുന്നു. ഈകൃഷിയിലേക്ക് കൂടുൽ പേരേ ആകർഷിച്ച് വിദേശനാണ്യം വർദ്ധിപ്പിക്കാനുള്ള സാദ്ധത്യകൾക്ക് ആക്കം കൂട്ടാം.

## പൂക്കോട് ഗ്രാമപഞ്ചായത്ത്

## കാർഷികോപകരണങ്ങൾ

## ചാർട്ട് - II

| | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | ട്രാക്ടർ | ട്രില്ലർ | നാടൻ കല്പ | റോക്ക് സപ്രെയർ | നാപ്സ്റ്റാക്ക് സപ്രെയർ | മറ്റുള്ളവ | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം | മോട്ടോർ ബിൻ പമ്പു സെറ്റ് | മൊത്തം |
| I | - | - | 4 | 2 | 1 | - | - | 1 | 31 | 38 |
| II | 1 | - | 1 | 1 | 1 | - | - | 1 | 29 | 33 |
| III | - | - | 4 | 1 | 1. | - | - | 1 | 35 | 42 |
| IV | 02 | 0 | 8 | 1 | 1 | - | - | 1 | 30 | 33 |
| V | 1 | - | 2 | 2 | 1 | - | - | - | 35 | 41 |
| VI | 1 | - | 3 | 1 | 1 | - | - | - | 40 | 46 |
| VII | - | - | 1 | 2 | 1 | - | - | 1 | 28 | 33 |
| VIII | 1 | - | 2 | 2 | 1 | - | - | - | 30 | 36 |
| IX | 1 | - | 3 | 2 | 1 | - | - | - | 30 | 37 |
| X | 1 | - | 4 | 2 | 1 | - | - | - | 35 | 43 |
| XI | - | - | 2 | 1 | - | - | - | - | 17 | 20 |
| മൊത്തം | 8 | - | 34 | 17 | 10 | - | - | 4 | 340 | 409 |

## പൂക്കോട് ഗ്രാമപഞ്ചായത്ത്

## നടിൽ വസ്തു വിതരണം

## ചാർട്ട് - IV

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 200 WCT | 50 DxT,50 TxD | 150 |
| കശുമാവ് | NIL | NIL | NIL |
| കുരുമുളക് | NIL | NIL | NIL |
| കവുങ്ങ് | NIL | NIL | NIL |

പൂക്കോട് ഗ്രാമപഞ്ചായത്ത്

## വിള വിസ്തീർണ്ണം ഉൽപാദനവും

### ചാർട്ട് - III

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (1-ാം വിള) | 60 Ha | 2500 Kg/Ha | 4000 Kg/Ha |
| നെല്ല് (2-ാം വിള) | 60 Ha | 2500 Kg/Ha | 4000 Kg/Ha |
| " (3-ാം വിള) | - | — | — |
| പയർ | 50 Ha | 125 Kg/Ha | 200 Kg/Ha |
| എള്ള് | 12 Ha | 100 Kg/Ha | 200 Kg/Ha |
| പച്ചക്കറികൾ | 25 Ha | 1000 Kg/Ha | 3000 Kg/Ha |
| തെങ്ങ് | 700 Ha | 40nuts / Tree | 60nuts/ Tree |
| വാഴ | 25 Ha | 2500 Kg/Ha | 10,000 Kg/Ha |
| മരച്ചീനി | - | - | - |
| കുരുമുളക് | - | - | - |
| പ്ലാവ് | 4.12 | 13000 കി | 20,000 കി |
| കശുമാവ് | - | — | — |
| മാവ് | 12.14 | 14,21200 കി | 20,00,000 കി |
| കവുങ്ങ് | 2.2 | 10,000 കി | 18,000 കി |
| ജാതി | ഒരു ഏക്രം | 500 kg/ഏക്ര | 1000 kg/ഏക്ര |

## പൂക്കോട് ഗ്രാമപഞ്ചായത്ത് കുളം കിണർ സംബന്ധിച്ച വിവരങ്ങൾ

### ചാർട്ട് - VI

| | പൊതുസെൻറ് | | | | | പ്രൈവറ്റ് (സെൻറ്) | | | | | കിണർ എണ്ണം | |
|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | 1-10 | 10-25 | 25-50 | 50 മുകളിൽ | പൊതു മൊത്തം | 1-10 | 10-25 | 25-50 | 50 മുകളിൽ | പ്രൈവറ്റ് മൊത്തം | പ്രൈവറ്റ് | പൊതു |
| I | - | - | - | - | - | 20 | 1 | 1 | - | 22 | നാലു വീടിനു ഒരു കിണർ വീതം ഉണ്ടാകാം. | 7 |
| II | - | - | - | - | - | 11 | - | 2 | - | - | | 8 |
| III | - | - | - | - | - | 22 | 4 | 3 | - | - | | 4 |
| IV | - | - | - | - | | 34 | 12 | - | - | - | | 4 |
| V | - | - | - | - | - | 15 | - | - | - | - | | 1 |
| VI | - | - | - | - | - | 22 | 4 | - | - | - | | 5 |
| VII | 2 | - | 1- | - | - | 21 | -- | - | - | | | 2 |
| VIII | - | - | - | 1 | | 12 | - | - | - | - | | 4 |
| IX | — | - | 1 | 1 | - | 12 | 4 | - | — | — | | 6 |
| X | 1 | - | - | - | - | 13 | -- | - | - | — | | 1 |
| XI | 5 | - | - | - | - | 15 | -- | - | - | 20 | | 5 |

## പൂക്കോട് ഗ്രാമപഞ്ചായത്ത്

## രാസവള കീടനാശിനി വിപണന വിവരം

## ചാർട്ട് V

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | 1993—94 | | | 1994—95 | | | 1995—96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസ വളം കി.ഗ്രാം | കീടനാശിനി | | രാസ വളം കി.ഗ്രാം | കീടനാശിനി | | രാസ വളം കി.ഗ്രാം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| | സഹകരണം | | ലിറ്റർ | കി.ഗ്രാം | | ലിറ്റർ | കി.ഗ്രാം | | ലിറ്റർ | കി.ഗ്രാം |
| | SCB പേരകം | 10000 | ഇല്ല | ഇല്ല | 20000 | ഇല്ല | ഇല്ല | 31000 | ഇല്ല | ഇല്ല |
| | SCB കോട്ടപ്പടി | 10000 | ഇല്ല | ഇല്ല | 20000 | ഇല്ല | ഇല്ല | 31000 | ഇല്ല | ഇല്ല |
| | സ്വകാര്യം | | | | | | | | | |
| | നെദീറ | 10000 | ഇല്ല | ഇല്ല | 20000 | ഇല്ല | ഇല്ല | 31000 | ഇല്ല | ഇല്ല |
| | സക്കറിയ | 10000 | ഇല്ല | ഇല്ല | 20000 | ഇല്ല | ഇല്ല | 31000 | ഇല്ല | ഇല്ല |
| | അഗ്രീഡീലർ കോട്ടപ്പടി | 10000 | 20 L | 30 kg | ഇല്ല | 30 L | 30 kg | ഇല്ല | 40 L | 40 kg |
| | ആകെ | 50000 | 20 L | 30 kg | 80000 | 30 L | 30 kg | 124000 | 40 L | 40 kg |

## പൂക്കോട് ഗ്രാമപഞ്ചായത്ത്

## കാർഷിക വായ്പകൾ ചാർട്ട് VI

| ക്രമ നമ്പർ | നല്കിയിട്ടുള്ള ഇനം | തുക |
|---|---|---|
| 1 | തെങ്ങ് കൃഷി കേഷ് എ | 1,27,723 |
| 2 | തെങ്ങ് കൃഷി വളം ബി | 28677 |
| 3 | കാർഷീക മദ്ധ്യകാലം | 76435 |
| 4 | കിണർ പമ്പുസെറ്റ് | 1,11.403 |
| | മൊത്തം | 3 ,44,238 |

## പൂക്കോട് ഗ്രാമപഞ്ചാത്ത് പുറംമ്പോക്ക് ഭൂമിവിവരങ്ങൾ വായ്പകൾ ചാർട്ട് VII

| വില്ലേജ് | റോഡ് | തോട് | കുളം | പുഴ | റെയിൽവേ | റവന്യൂ | വനം | ആകെ |
|---|---|---|---|---|---|---|---|---|
| പൂക്കോട് | 10.85 | 1.59 | 2.04 | - | - | - | - | 14.48 |
| പേരകം | 6.29 | 2.85 | 3.00 | 7.68 | - | - | - | 19.82 |
| ഇരിങ്ങപ്രം | 4.12 | 1.20 | 8.02 | - | - | - | - | 13.34 |
| | 21.26 | 5.64 | 13.06 | 7.68 | - | | - | 47.64 |

## പൂക്കോട് ഗ്രാമപഞ്ചായത്ത്

## തെങ്ങ്കൃഷി സംബന്ധിച്ച വിവരം

### ചാർട്ട് - VIII

| വാർഡ് നമ്പർ | തെങ്ങുകൃഷി വിസ്തീർണ്ണം | തെങ്ങിൻെറ എണ്ണം | | | |
|---|---|---|---|---|---|
| | | കായ്ക്കുന്നത് | കായ്ക്കാത്തത് | ആകെ | കാറ്റുവീഴ്ചയും മററു രോഗങ്ങൾ ബാധിച്ചതെങ്ങ് |
| I | 60Ha | 3500 | 7000 | 10500 | - |
| II | 60Ha | 3500 | 7000 | 10500 | - |
| III | 61Ha | 4175 | 6500 | 10675 | - |
| I V | 61Ha | 4175 | 6500 | 10675 | - |
| V | 65Ha | 3000 | 8375 | 11375 | - |
| VI | 60Ha | 3000 | 7500 | 10500 | - |
| VII | 66Ha | 3000 | 8550 | 11550 | - |
| VIII | 66Ha | 3000 | 8550 | 11550 | - |
| I X | 65Ha | 3000 | 8375 | 11375 | - |
| X | 66Ha | 3000 | 8550 | 11550 | - |
| XI | 70Ha | 4000 | 8250 | 12250 | - |

## പൂക്കോട് ഗ്രാമപഞ്ചായത്ത്

## കൈവശ ഭൂമി വിസ്തീർണ്ണം

### ചാർട്ട് - IX

| വാർഡ് നമ്പർ | നാമ മാത്രകർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിടകർഷകർ (1 - 2 ഹെക്ടർ ) | വൻകിടകർഷകർ (2 ഹെക്ടറിനു മുകളിൽ ) |
|---|---|---|---|
| 1 മുതൽ 11വരെ | 4500 | 1830 | 82 |

# ആരോഗ്യം

ആരോഗ്യവും ശുചിത്വബോധവുമുള്ള ജനതയാണ് കേരളത്തിൻെറ സമ്പത്ത്.

പൂക്കോട് ഗ്രാമ പഞ്ചായത്ത് പാരമ്പര്യവൈദ്യന്മാരുടേയും വിഷവൈദ്യന്മാരുടേയും മറ്റ് ആരോഗ്യപ്രവർത്തകരുടേയും സാന്നിദ്ധ്യംകൊണ്ട് സമ്പന്നമായിരുന്നു. വൈദ്യശാലകളും ഇന്നത്തെ ക്ലിനിക്കുകളുടെ രൂപത്തിൽ പ്രവർത്തിച്ചുവരുന്നു.

1974 ലാണ് ആദ്യത്തെ ആയുർവ്വേദ ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചത്. താഴെ പറയുന്ന പരിമിതികളോടെയാണ് ഇപ്പോൾ ആയുർവ്വേദ ഡിസ്പെൻസറി പ്രവർത്തിക്കുന്നത്.

സ്വന്തമായി കെട്ടിടമുണ്ട് എങ്കിലും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. ആയുർവ്വേദ ഡിസ്പെൻസറിയിൽ നിന്ന് കിട്ടിയ കണക്കനുസരിച്ച് ശരാശരി ഇരുപതിനായിരം രോഗികൾ ചികിത്സിക്കപ്പെട്ടതായി കാണുന്നു. ഇത്രയും രോഗികളുടെ ആരോഗ്യപരമായ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഇപ്പോൾ നിലവിലുള്ള ആരോഗ്യ പ്രവർത്തകർക്ക് സാധിക്കില്ലെന്ന് അനുമാനിക്കപ്പെടുന്നു. ഇപ്പോൾ :

| | |
|---|---|
| ഡോക്ടർ | 1 |
| ഫാർമസിസ്റ്റ് | 1 |
| അറ്റൻറർ | 1 |
| തൂപ്പുകാരി | 1 |

1996 മാർച്ച് 30-ാം തിയ്യതിയാണ് ഒരു അലോപ്പതി ഡിസ്പെൻസറി തുടങ്ങിയത്. ദയനീയമായ സാഹചര്യങ്ങളാണ് ഈ ഡിസ്പെൻസറിയുടെ പ്രവർത്തനങ്ങളെ നേരിടുന്നത്. വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പരിമിതമായ സൗകര്യങ്ങൾ കെട്ടിടത്തിനുണ്ട്. ഫർണിച്ചറുകൾ വളരെ അപര്യാപ്തമാണ്.

ഇതൊരു മിനി ഹെൽത്ത് സെൻററായാണ് അറിയപ്പെടുന്നത്. താഴെ പറയുന്ന പ്രവർത്തകർ ഇതിൻെറ കീഴിൽ പ്രവർത്തിക്കുന്നു.

| | |
|---|---|
| ഡോക്ടർ | 1 |
| സ്റ്റാഫ് നേഴ്സ് | 1 |
| നേഴ്സിങ്ങ് അസിസ്റ്റൻറ് Gr. II | 1 |
| എൽ. ഡി. ക്ലർക്ക് | 1 |
| അറ്റൻറർ | 1 |

ഈ ഹെൽത്ത് സെൻററിൻെറ കീഴിൽ 5 സബ് സെൻററുകൾ പ്രവർത്തിക്കുന്നു. അതിൽ 2 സബ് സെൻററിന് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. (പൂക്കോട്, ഇരിങ്ങപ്പുറം)

ഒരു ഹെൽത്ത് ഇൻസ്പെകടറും, 5 JPHNഉം, 1 Junior ഹെൽത്ത് ഇൻസ്പെകടർ Gr: IIഉം, ഈ സബ് സെൻററുകളിലും, ഹെൽത്ത് സെൻററിലും ഫീൽഡ് സ്റ്റാഫായി പ്രവർത്തിക്കുന്നു. സബ് സെൻററുകളിൽ കൂടി വെള്ളക്ഷാമമുണ്ട്.

**മരുന്ന് :-** ആയുർവ്വേദ ഡിസ്പെൻസറിയിലും, അലോപ്പതി ഡിസ്പെൻസറിയിലും ആവശ്യത്തിനുള്ള മരുന്നുകളില്ല. പ്രാഥമിക ആവശ്യത്തിനുള്ള പഞ്ഞി, നീഡിൽ തുടങ്ങിയ ഉപകരണങ്ങൾപോലും ലഭ്യമല്ല.

| | പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ |
|---|---|
| 1. | തമ്പുരാൻപടിയിലെ ഗവൺമെൻറ് ആയുർവ്വേദ ഡിസ്പെൻസറി |
| 2. | കോട്ടപ്പടി പള്ളിക്കുസമീപമുള്ള ഗവൺമെൻറ് ഹെൽത്ത് സെൻറർ |

| | പഞ്ചായത്തിലെ സബ് സെൻററുകൾ | കെട്ടിടമുണ്ട്/ഇല്ല | |
|---|---|---|---|
| 1. | 1-ാം വാർഡിലെ സബ്സെൻറർ | ഉണ്ട് | --- |
| 2. | 10-ാം വാർഡിലെ സബ്സെൻറർ | ഉണ്ട് | --- |
| 3. | CPWP താമരയൂർ അംഗൻവാടി No.178 | ഇല്ല | സബ്സെൻററിന് കെട്ടിടമില്ലാത്തതിനാൽ അംഗൻവാടിയിൽവെച്ച് കുത്തിവെപ്പ് നടത്തുന്നു. |
| 4. | ചൂൽപ്പുറം | ഇല്ല | ചൂൽപ്പുറം അംഗൻവാടിയിൽ നടത്തുന്നു. |
| 5. | കലാസദനം വാഴപ്പുള്ളി | ഇല്ല | കെട്ടിടമില്ലാത്തതിനാൽ കലാസദനത്തിൽ നടത്തുന്നു. |

## ആരോഗ്യരംഗത്തെ സ്വകാര്യസ്ഥാപനങ്ങൾ

1. CDM ആശുപത്രി കോട്ടപ്പടി
2. ദേവി ക്ലിനിക്ക് കോട്ടപ്പടി സെൻറർ
3. N. N. N ഭട്ടതിരിപ്പാട് നടത്തുന്ന ക്ലിനിക്ക് (കാവീട്)
4. കോയമ്പത്തൂർ ആര്യവൈദ്യശാല നടത്തുന്ന ക്ലിനിക്ക് തമ്പുരാൻപടി
5. ആലുക്കൽ നടക്കൽ നടത്തുന്ന നാഗാർജ്ജുന വൈദ്യശാലയുടെ ക്ലിനിക്ക്

**ഹോസ്പിറ്റലിൽ നിന്ന് കിട്ടിയ കണക്കനുസരിച്ച് പൂക്കോട് പഞ്ചായത്തിലെ രോഗബാധിതരുടെ വിവരം താഴെ ചേർക്കുന്നു.**

| | |
|---|---|
| 1. രക്തസമ്മർദ്ദം | 4,289 |
| 2. പ്രമേഹം | 5,100 |
| 3. കാൻസർ | 308 |
| 4. കുഷ്ഠം | 8 |
| 5. ക്ഷയം | 57 |
| 6. ഹൃദ്രോഗം | 108 |
| ആകെ | 9870 |

1. ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം : 473
2. പ്രതിരോധ കുത്തിവെയ്പ് നടത്തിയവർ : 347
3. ആകെ ഗർഭിണികൾ : 281

## ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപ്പിളജനനം |
|---|---|---|---|
| 93—94 | 235 | 81 | — |
| 94—95 | 220 | 72 | — |
| 95—96 | 288 | 65 | — |

## പകർച്ചവ്യാധിവിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 93—94 | 79 | 50 | 3 | — |
| 94—95 | 82 | 37 | 3 | — |
| 95—96 | 58 | 41 | 4 | — |

## ഈ പഞ്ചായത്തിലെ ICDS വിവരശേഖരം

a) പഞ്ചായത്തിലെ ആകെ ജനസംഖ്യ : 30197

b) പുരുഷന്മാർ : 15177

c) സ്ത്രീകൾ : 15020

a) പട്ടികജാതി ജനസംഖ്യ : 3398

b) പട്ടികവർഗ്ഗ ജനസംഖ്യ : -

അംഗൻവാടികളുടെ എണ്ണം : 28

a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ : 423

b) 1-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ : 908

c) 3-6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ : 1310

a) പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം : 157

b) ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം : --

മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6മാസം വരെ പ്രായമുള്ള കുട്ടികളുള്ള) : 214

a) കഴിഞ്ഞവർഷത്തിൽ ആകെ ജനനങ്ങൾ : 451

b) ചാപ്പിള ജനനങ്ങൾ : 1

ഒരു വയസ്സിനുതാഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96) : 2

b) 1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം : --

c) 3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം : --

a) ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം : --

b) മറ്റു മരണങ്ങളുടെ എണ്ണം : 164

0. a) അനുപൂരകപോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം : 795

b) അനുപൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം : 115

c) അനുപൂരകപോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം : 117

## കുട്ടികളുടെ ആരോഗ്യപോഷണനിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിനു താഴെ | 130 | 112 | 67 | 69 | 10 | 8 | 1 | — |
| 1-3 വയസ്സ് | 265 | 231 | 133 | 127 | 40 | 24 | | |
| 3-6 വയസ്സ് | 358 | 345 | 204 | 230 | 41 | 46 | | |

1-ാം ഗ്രേഡ് - ലഘുവായ പോഷണകുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണകുറവുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണകുറവുള്ളവർ

## പ്രൊഫോർമ 3

### കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി. | ഡി. പി. റ്റി | | | | പോളിയോ | | | | ഡി. റ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | . | | | | B | | | | B | | | | | |
| 1 വയസ്സിനു താഴെ | 362 | 319 | 308 | 270 | — | 319 | 308 | 270 | — | | | | | 173 |
| 1-3 വയസ്സ് | | | | | 466 | | | | 466 | | | | | |
| 3-6 വയസ്സ് | | | | | 238 | | | | 238 | | | | | |

### ടെറ്റനസ് ടോക്സോയിസ് (TT)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 260 | 255 | --- |

253 ● ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം

296 ● ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം

-- ● വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം

-- ● ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം

-- ● വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം

### നിർദ്ദേശങ്ങൾ:-

ഇപ്പോഴുള്ള ആയുർവ്വേദ ഡിസ്പെൻസറി ചുരിങ്ങിയത്10 കിടക്കകളെങ്കിലും ഉൾക്കൊള്ളിച്ച് രോഗിചികത്സക്ക് സൌകര്യപ്രദമാക്കണം.ഇപ്പോൾ നിർദേശിക്കുന്ന കഷായം മുതലായവ രോഗികളുടെ അഭാവത്തിൽ നഷ്ടപ്പെടുന്നത് ഒഴിവാക്കാനും ,ഇന്ധനം ലാഭിക്കുന്നതിൻെറ ഭാഗമായും ഈമരുന്നകൾ ഗുളികകളായും, ചൂർണ്ണങ്ങളായും, സൂഷിക്കപ്പെടാനും രോഗികളുടെ ആവശ്യാർത്ഥം ഫലപ്രദമായി ഉപയോഗിക്കപ്പെടാനും സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതാണ്. കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം അതിനാവശ്യമായ സ്റ്റാഫിനേയും നിയമിക്കേണ്ടതാണ്. വാതരോഗങ്ങൾക്കുള്ള ഉഴിച്ചിൽ, പിഴിച്ചിൽ തുടങ്ങിയ ചികിത്സാസമ്പ്രദായങ്ങൾ ആയുർവ്വേദ ഡിസ്പെൻസറിയുടെ മേൽനോട്ടത്തിൽ ലഭ്യമാക്കേണ്ടതാണ്. ഷൊർണ്ണൂരുള്ള കേന്ദ്രസർക്കാർ വിദഗ്ദ്ധ ചികിത്സാകേന്ദ്രമായ പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ടിൻെറ മോബയിൽ ചികിത്സാ പ്രവർത്തനത്തിൻെറ സേവനം ഈ പ്രദേശത്ത് ലഭ്യമാക്കാൻ വേണ്ട പരിശ്രമങ്ങൾ ചെയ്യണം.

### അലോപ്പതി രംഗം പ്രശ്നങ്ങൾ

ഒരു പൂർണ്ണരൂപത്തിലുള്ള പ്രൈമറി ഹെൽത്ത് സെൻററിൻെറ അഭാവം ഈ പ്രദേശത്തിൻെറ ആരോഗ്യപ്രശ്നത്തെ ബാധിക്കുന്നുണ്ട്. വാടകകെട്ടിടമാണെങ്കിലും 10 കിടക്കകളെങ്കിലും സജ്ജമാക്കി ചികിത്സിക്കുവാനുള്ള സൗകര്യം നിലവിലുള്ള കെട്ടിടത്തിലുണ്ട്. ഇത് മുൻകാലങ്ങളിൽ സ്വകാര്യ ആശുപത്രിയായി പ്രവർത്തിച്ചിരുന്നതാണ്. ഗർഭിണികളുടെയും കുട്ടികളുടെയും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഒരു ഗൈനക്കോളജിസ്റ്റായ ലേഡി ഡോക്ടറുടെ സേവനം അനിവാര്യമാണ്. ഈ ഹെൽത്ത് സെൻററിൻെറ കീഴിലുള്ള സബ് സെൻററുകളിൽ ഡോക്ടർമാരുടെ സന്ദർശനം കൃത്യമായി ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ഉറപ്പാക്കാനുള്ള സംവിധാനം ഉണ്ടാകണം. ആവശ്യമായ മരുന്നുകൾ ഏതു സാഹചര്യത്തിൽ ലഭ്യമാക്കണം. ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം. ഇവരുടെ പ്രവർത്തനങ്ങൾ

വിലയിരുത്താൻ ഒരു ജനകീയ സമിതി രൂപീകരിക്കണം. ഫീൽഡ് ഡ്യൂട്ടിക്ക് ആവശ്യമായ വാഹനവും അത്യാഹിത പ്രവർത്തനങ്ങൾ നേരിടാൻ ഒരു ആംബുലൻസും ലഭ്യമാക്കണം. വിദഗ്ദ്ധ ചികിത്സയിൽ പ്രാവീണ്യമുള്ള ഡോക്ടർമാരുടെ സന്ദർശനങ്ങൾ രോഗികളുടെ അനുപാതം അനുസരിച്ച് ആഴ്ചയിലോ മാസത്തിലോ ഷെഡ്യൂൾ ചെയ്യണം. ഡോക്ടർമാരുടെ സാന്നിദ്ധ്യത്തിൽ മാത്രമേ പ്രതിരോധ കുത്തിവെയ്പുകൾ നടത്താവൂ. ഇപ്പോൾ മിനി സെന്ററിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കണം. അതായത് 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടേഴ്സിന്റെയും ഒരു ഫാർമസിസ്റ്റിന്റെയും ഒഴിവുകൾ നിലവിലുണ്ട്.

## ശുചീകരണം

എല്ലാ വീടുകൾക്കും കക്കൂസ് ഉണ്ടെന്ന് ഉറപ്പുവരുത്തുക. പരിസരശുചീകരണത്തെക്കുറിച്ച് ഇടക്കിടെ ബോധവൽക്കരണം നടത്തുക. വീടിന്റെ ചുറ്റുപാടും വെള്ളം കെട്ടിനിൽക്കുന്നത് തടയാനുള്ള പ്രവർത്തനങ്ങൾ ചെയ്യുക. ചപ്പുചവറുകൾ വെയ്സ്റ്റ് ബിന്നിൽ മാത്രം നിക്ഷേപിക്കുവാനും ആവശ്യമായ സ്ഥലങ്ങളിലെല്ലാം വെയ്സ്റ്റ് ബിൻ സ്ഥാപിക്കുവാനും അവ കൃത്യമായി എടുത്തുമാറ്റുവാനും പഞ്ചായത്ത് മുൻകൈ എടുത്ത് പ്രവർത്തിക്കുക. ആവശ്യമായ ശുചീകരണ പ്രവർത്തകരെ നിയമിക്കുക. വെള്ളം ശുദ്ധീകരിക്കുവാനുള്ള ക്ലോറിനേഷൻ കൃത്യമായി നടത്തുക. പഞ്ചായത്തിന്റെ അധീനതയിലുള്ള തോടുകളും, കുളങ്ങളും, കാനകളും ഉപയോഗപ്രദമാക്കാനുള്ള പ്രവർത്തനങ്ങൾ കർശനമാക്കുക. അനധികൃതമായി കൈവശപ്പെടുത്തിയ പ്രദേശങ്ങൾ കർശനമായും വീണ്ടെടുത്ത് ശുചീകരണപ്രവർത്തനങ്ങൾ നിർബന്ധമാക്കുക. ഉദാ : പുല്ലാനിത്തോട്.

സന്നദ്ധമായി ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ താൽപ്പര്യമുള്ള സ്ഥാപനങ്ങളേയും സംഘടനകളേയും പ്രോത്സാഹിപ്പിക്കുക. പുന്നത്തൂർ ആനക്കോട്ടയിലെ ആനപ്പിണ്ഡം ഒരു ബയോഗ്യാസ് പ്ലാൻഡറിലേക്ക് ഉപകാരപ്രദമായ വിധത്തിൽ ഉപയോഗിക്കാൻ ഗുരുവായൂർ ദേവസ്വത്തിനെ പ്രേരിപ്പിക്കുക. പ്രാവർത്തികമാക്കാൻ സമ്മർദ്ദം ചെലുത്തുക. ദേവസ്വം ക്വാർട്ടേഴ്സിലെ മാലിന്യങ്ങൾ ദേവസ്വം തന്നെ ഏറ്റെടുത്ത് ശുചീകരണപ്രവർത്തനങ്ങൾക്ക് സന്നദ്ധത പ്രകടിപ്പിച്ച സാഹചര്യത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സൗകര്യപ്രദമായ സ്ഥലം പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുക. പത്താം വാർഡിന്റേയും, ഒൻപതാം വാർഡിന്റേയും പരിസരമലിനീകരണത്തെ ബാധിക്കുന്ന മുൻസിപ്പാലിറ്റി ശ്മശാനത്തിലെ മാലിന്യങ്ങൾ നശിപ്പിക്കാൻ മുൻസിപ്പാലിറ്റിയോട് സമ്മർദ്ദം ചെലുത്തുക.

അലഞ്ഞുതിരിഞ്ഞ് നടക്കുന്ന പട്ടികളെ യുദ്ധകാലാടിസ്ഥാനത്തിൽ നശിപ്പിക്കുക. ആരോഗ്യസംരക്ഷണസമിതിയെ ശുചീകരണം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഉത്തരവാദപ്പെടുത്തുക. കൊതുകു നിർമ്മാർജ്ജനത്തിന്നാവശ്യമായ പ്രവർത്തനങ്ങൾ - അതായത് മരുന്ന് കൃത്യമായി സ്പ്രേ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

## കുടിവെള്ളം :-

കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഉപയോഗശൂന്യമായ കുളങ്ങളും, കിണറുകളും ഊർജ്ജിതമായ അന്വേഷണങ്ങളിലൂടെ കണ്ടെത്തി ജനപങ്കാളിത്തത്തോടെതന്നെ ഉപയോഗപ്രദമാക്കുക.

ഒൻപതാം വാർഡിലെ പള്ളിച്ചിറ, ഞാറക്കുളം വൃത്തിയാക്കി, ആഴം കൂട്ടിയാൽ ജലക്ഷാമം പരിഹരിക്കാനുള്ള സാധ്യതകളുണ്ട്. (ഞാറക്കുളം മുൻപ് പുന്നത്തൂർ കോട്ടയുടെയും ഇപ്പോൾ ഗുരുവായൂർ ദേവസ്വത്തിന്റേയും കീഴിലുള്ളതാണ്.) പഞ്ചായത്ത് മുഴുവൻ പ്രായോഗികതക്ക് വിധേയമായി പൈപ്പ് ലൈൻ ഇടാൻ ശ്രമിക്കുക. തീരപ്രദേശമായ 5-ാം വാർഡിൽ മിക്ക കിണറുകളിലും ഉപ്പുവെള്ളമാണ്. ഇത്തരം പ്രദേശങ്ങളിൽ പൈപ്പ് ലൈനിന്റെ പ്രായോഗികത അടിയന്തിരമായും പരിഗണിക്കണം. പുന്നയൂരിന്റേയും, പൂക്കോടിന്റേയും ഇടയിലുള്ള മൂലക്കുഴി എന്നറിയപ്പെടുന്ന ജലാശയം വൃത്തിയാക്കി ശുദ്ധീകരിച്ചാൽ പഞ്ചായത്തിന്റെ ജലക്ഷാമം ഗണ്യമായി പരിഹരിക്കാൻ പറ്റും. അടിയന്തിരപ്രവർത്തനങ്ങൾക്ക് പദ്ധതി തയ്യാറാക്കണം. പഞ്ചായത്ത് വക കിണറുകൾ, കുഴൽ കിണറുകൾ എന്നിവ ആവശ്യമായ പ്രദേശങ്ങളിൽ ലഭ്യമാക്കുക.

❋

# മൃഗസംരക്ഷണം

ഭക്ഷ്യോൽപാദനത്തിനും കാർഷികോൽപാദനത്തിനും മൃഗങ്ങളുടെ പരിപാലനം അത്യാവശ്യമാണ്. മൃഗങ്ങളും മനുഷ്യനും തമ്മിൽ നൂറ്റാണ്ടുകളുടെ ബന്ധമുണ്ട് .ഏകദേശം പതിനായിരം വർഷങ്ങൾക്കു മുൻപുതന്നെ മനുഷ്യൻ മൃഗങ്ങളെ വളർത്താൻ ആരംഭിച്ചിരുന്നു. കർഷനോടൊപ്പം ദുർഘടമായ വഴിയിലൂടെ സഞ്ചരിച്ച് മനുഷ്യനെ പുരോഗതി യുടെ പാതയിലേക്ക് നയിച്ച മൃഗങ്ങളെ നാമിന്ന് അവഗണിക്കുന്നു.

കാർഷികമേഖലയായ പൂക്കോട് പഞ്ചായത്തിൽ നാടൻ ഇനങ്ങളായ കാള, പോത്ത്, പശു, എരുമ, ആട്, കോഴി, താറാവ് എന്നിവയായിരുന്നു പ്രധാന വളർത്തുമൃഗങ്ങൾ. ജൈവവളം ഉപയോഗിച്ചാണ് അന്ന് കൃഷി ചെയ്തിരിക്കുന്നത്. കാർഷിക ഉപോൽപ്പന്നളായ വൈക്കോൽ, പിണ്ണാക്ക്, പുല്ല്, തവിട്ട്, പരുത്തിക്കുരു എന്നിവയായിരുന്നു പ്രധാനമായും തീറ്റയായി കൊടുത്തിരുന്നത്. ധാരാളം മേച്ചിൽ സ്ഥലങ്ങളും ഉണ്ടായിരുന്നു.

കൃഷിമേഖലയിൽ ആധുനിക കൃഷി സമ്പ്രാദായങ്ങൾ വന്നതുമൂലം മൃഗങ്ങളെ അവഗണിച്ചുതുടങ്ങി. പറമ്പുകൾ തുണ്ടുകളായി ഉപയോഗിക്കുന്നതുമൂലം മേച്ചിൽ സ്ലങ്ങൾ കുറഞ്ഞു. വയലുകൾ തൂർത്ത് കെട്ടിടം നിർമ്മിക്കുന്നതുമൂലം കൃഷി കുറഞ്ഞു. വൈക്കോൽ ലഭിക്കവാൻ തന്നെ പ്രയാസമായി.രാസവളങ്ങളുടെ തള്ളികയററവും , കീടനാശിനികളുടെ ഉപയോഗവുംമൂലം മൃഗങ്ങൾക്ക്രോഗങ്ങൾ വന്നു. ഇക്കാരണങ്ങളാൽ മൃഗങ്ങളെ വളർത്തുന്ന കാര്യം പ്രയാസമായി. ജനങ്ങൾ ഇതിൽനിന്നും പിൻതിരിയാൻ തുടങ്ങി.

പാൽ, ഇറച്ചി, മുട്ട എന്നിവയ്ക്കുവേണ്ടി മൃഗങ്ങളെ ആശ്രയിച്ചേ മതിയാകൂ. സങ്കരയിനം പശുകളുടെ ആവിർ ഭാവം മൂലം വീണ്ടും പശുവളർത്തലിൽ ജനങ്ങൾ ശ്രദ്ധതിരിച്ചു. പാൽ ഉൽപ്പാദനം കൂടി. ധാതുലവണങ്ങൾ കൂടതലായുള്ള തീറ്റകൾ ആവശ്യമായിവന്നു. മേച്ചിൽ സ്ഥത്തിൻെറ കുറവും, പുതിയഇനം നെൽവിത്തുകളുe ഉപയോഗവുംമൂലം വൈക്കോൽ, കാലിതീറ്റ, പുല്ല് എന്നിവ പുറത്തുനിന്നു വാങ്ങേണ്ടിവന്നു. തീറ്റകൾക്ക് അടിയ്ക്കടിയുള്ള വിലകയറ്റം മൂലം ലാഭം കുറഞ്ഞുവന്നു. പഞ്ചയാത്തിൽ നിലവിൽ ഒരു വെറ്റിനറി ആശുപത്രിയുടെയും, ഒരു വെറ്റിനറി ഡോക്ടറുടെയും സേവനംഉണ്ട്.

<u>1987 ലെ പഞ്ചയാത്ത് നടത്തിയ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.</u>

| ഇനം | എണ്ണം |
|---|---|
| കാള, പശു | 2296 |
| എരുമ | 525 |
| ആട് | 1048 |
| പട്ടി | 598 |
| ആന | 42 |
| താറാവ് ,കോഴി | 12,787 |

<u>വളർത്തുമൃഗങ്ങൾ</u>

ഇതിൽ കാള (നാടൻ) 81ഉം, സങ്കരയിനം 59 ഉം, പശു നാടൻ (കറവയുള്ളത്) 720ഉം, കറവയില്ലാത്തത് 425ഉം ആണ്. പശു സങ്കരഇനം കറവയുള്ളത് 651ഉം, കറവയില്ലാത്തത് 360 ആണ്. എരുമ കറവയുള്ളത് 205 ഉം, കറവ യില്ലാത്തത്179ആ്. പോത്ത് 141 ഉം ആണ്.

**വളർത്തു പക്ഷികൾ**

പൂവ്വൻകോഴി 3030 ഉം, പിടക്കോഴി (മുട്ടയിടുന്നത്) 9142 ഉം മുട്ടയിടാത്തത് 337 ഉം താറാവ് ആൺ 96ഉം പെൺ182 ഉം ആണ്.

**1996 ലെ പഞ്ചയാത്ത് സർവേപ്രകാരം വളർത്തു പക്ഷികളുടേയും മൃഗങ്ങളുടേയും കണക്ക്.**

| ഇനം | എണ്ണം |
|---|---|
| കോഴി | 13,760 |
| താറാവ് | 305 |
| കാള, പശു | 2824 |
| എരുമ, പോത്ത് | 594 |
| ആട് | 1284 |

ഇതിൽ 1987 മൃഗ / പക്ഷി സർവേയുമായി താരതമ്യപെടുത്തുമ്പോൾ ഈ മേഖലയിൽ നേരിയ വർദ്ധനവ് കാണുന്നു.

**മൊത്തം വർദ്ധനവ്**

| ഇനം | ശതമാനം |
|---|---|
| പശു/ കാള | 23% |
| എരുമ / പോത്ത് | 13% |
| ആട് | 22.5% |
| പക്ഷികൾ | 10% |

വയലുകൾ തൂർത്ത കെട്ടിടം നിർമ്മിയ്ക്കുന്നതുകൊണ്ടും അത്യുല്പാദനശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുന്നതു കൊണ്ടും വൈക്കോൽ ഉൽപ്പാദനം വളരെ കുറവാണ്. ഇതുമൂലം വൈക്കോലിൻെറ വില വളരെയധികം വർദ്ധിച്ചു. കാലിതീറ്റയുടെ വിലവർദ്ധനവു കാരണം കന്നുകാലി വളർത്തലിൽ നിന്നും ആദായം കുറഞ്ഞുവന്നതും കന്നുകാലി വളർത്തൽ ഇന്നൊരു പ്രതിസന്ധി നേരിടുകയാണ്.

ഈ രംഗത്ത് പ്രാദേശികമായിതന്നെ പരിഹാരങ്ങൾ കണ്ടെത്താനാകുന്ന ജൈവവള്ത്തിൻെറയും നാടൻ വിത്തിൻെറയും ഉപയോഗത്തെകുറിച്ചും പ്രാധാന്യത്തെ കുറിച്ചും ജനങ്ങൾ ബോധവൽക്കരിക്കേണ്ടതാണ്. കന്നുകാലി വളർത്തലിനെ പ്രതിസന്ധിയിലെത്തിച്ചത് പ്രധാനമായും കാലിത്തീറ്റകളുടെ വിലവർദ്ധനവാണല്ലോ. കാലിത്തീറ്റ ആഭ്യന്തര മായി ഉൽപ്പാദിപ്പിയ്ക്കാനാവശ്യവയെ പ്രാദേശിക വസ്തുക്കൾ പഞ്ചായത്തിൽ ലഭ്യമാണ്. ഈ വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ ഉൽപ്പാദനത്തിനുള്ള ചെറുകിട വ്യവസായയൂണിറ്റുകൾ ആരംഭിച്ചാൽ ആഭ്യന്തരവിപണി തന്നെ ലഭിയ്ക്കുന്നതാണ്. കാലിത്തീറ്റയുടെ നിർമ്മാണത്തിന് ഏറ്റവും പ്രധാനഘടകങ്ങളായ എള്ളിൻ പിണ്ണാക്ക്, പരുത്തിക്കുരു, പുളിങ്കുരു, തവിട് എന്നിവ ഉപയോഗിച്ചുകൊണ്ട് കാർഷീകരംഗത്തെ സമഗ്രമായ ആസൂത്രണത്തിലൂടെ പഞ്ചായത്തിൽ തന്നെ ഒരു കാലിത്തീറ്റ ''നിർമ്മാണ യൂണിറ്റിന്'' രൂപം നൽകാൻ കഴിയും.

കന്നുകാലിവികസന പരിപാടികൾക്കനുസൃതമായി കാർഷീകരംഗത്ത് തീറ്റപുൽകൃഷി നടത്താവുന്നതാണ്. ''ലഗുമിനസ്'' ഇനത്തിൽപെട്ട പുൽകൃഷിയാണ് പ്രോൽസാഹിപ്പിയേ്ക്കണ്ടത്. ഈ പുൽവർഗ്ഗങ്ങൾ മണ്ണിൽ നൈട്രജൻ ഉറപ്പിക്കുകയും മണ്ണിൻെറ ഫലവൃഷ്ടി വർദ്ധിപ്പിയ്ക്കുകയും ചെയ്യും.

181

1987 ലെ സർവെ പ്രകാരം 12787 വളർത്തുപക്ഷികളാണ് പഞ്ചായത്തിലുള്ളത്. 1996ലെ കണക്കുകളുമായി തട്ടിച്ചുനോക്കുമ്പോൾ 10% വർദ്ധനവാണ് അനുഭവപ്പെടുന്നത്. കോഴിവളർത്തലിനാവശ്യമായ സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. മുട്ടയുടെയും ഇറച്ചിയുടെയും ഉല്പ്പാദനം വർദ്ധിപ്പിച്ചാൽ പ്രാദേശികവിപണന സാദ്ധ്യതകൾ കൂടുതലാണ്.

ആടുവളർത്തൽ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. കന്നുകാലിവികസനവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വഴി ഈ രംഗത്ത് വളർച്ച കൈവരിയ്ക്കാൻ സാധിയ്ക്കും.

പഞ്ചായത്തിൽ സ്വന്തമായി ആധുനികരീതിയിലുള്ള ഒരു അറവുശാല നിർമ്മിച്ചു പരിശീലനം കൊടുത്ത അറവുകാരെ ഉപയോഗിച്ച് ശുദ്ധമായ മാംസവിതരണം നടത്തി കന്നുകാലി വളർത്തലിൽ നിന്നും ആദായം വർദ്ധിപ്പിയ്ക്കാനാകും. തോലു സംസ്കരിച്ച് ചെരിപ്പ്, ബാഗ് തുടങ്ങിയ ഉൽപന്നങ്ങൾ ഉണ്ടാക്കാം.

മൃഗസംരക്ഷണരംഗത്തും അനുബന്ധമേഖലകളിലുമായി ഈ പഞ്ചായത്തിൽ ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

പ്രാദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തതികൊണ്ട്സമഗ്രമായ വികസനപദ്ധതികൾ ആവിഷ്കരിച്ച് സാമൂഹ്യ സാമ്പത്തിക മേഖലയെ മെച്ചപ്പെടുത്താനുള്ള സാദ്ധ്യതകളേറെയുണ്ട് ഈ പഞ്ചായത്തിൽ.

## മത്സ്യബന്ധനം

ധാരാളം കുളങ്ങളും തോടുകളും നിറഞ്ഞ പഞ്ചായത്താണ് പൂക്കോട്. കൂടാതെ ധാരാളം ചതുപ്പുനിലങ്ങളും കണ്ടൽ പ്രദേശങ്ങളും ഓരുജലം കയറികിടക്കുന്നുണ്ട്. ഏകദേശം 14 വർഷം മുൻപു വരെ ഉൾനാടൻ മത്സ്യബന്ധനം (ശുദ്ധജലമത്സ്യകൃഷി) സജീവമായിരുന്നു. അന്ന് ഏകദേശം 250 ഓളം മത്സ്യതൊഴിലാളികൾ ഉണ്ടായിരുന്നു. 1996ലെ കണക്കനുസരിച്ച് ഇത് കേവലം 25 അംഗങ്ങളായി കുറഞ്ഞു. അന്ന് വലകളും കുരുത്തിയും ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തിയിരുന്നത്.

പൂക്കോട് പഞ്ചായത്തിൻെറ സമീപത്താണ് അറബിക്കടൽ സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് ധാരാളം കടൽ മത്സ്യങ്ങൾ ഈ പഞ്ചായത്തിൽ ലഭ്യമാണ്. ഇവിടുത്ത ഉൾനാടൻ മത്സ്യബന്ധനം തകരാനുള്ള മൂല്യകാരണം ഇതാണ്.

ആധുനികരീതിയിലുള്ള ഉപകരണങ്ങളുടെ അഭാവവും ശാസ്ത്ര സാങ്കേതിക പരിജ്ഞാനകുറവുമൂലം ഇതിൻെറ വളർച്ചയ്ക്ക് ആക്കം കൂട്ടി രോഗം വന്ന് പലനാടൻ മത്സ്യങ്ങൾക്കും (പ്രത്യേകിച്ചും വരാൽ, പൂച്ച മത്സ്യങ്ങൾ) വംശനാശം നേരിട്ടുകൊണ്ടിരിയ്ക്കുകയാണ്. ഇതും നമ്മുടെ മത്സ്യബന്ധനം തകരാനുള്ള ഒരു കാരണമാണ്.

പരിഹാരമാർഗ്ഗങ്ങൾ

ഇവിടെ ധാരാളം കുളങ്ങൾ ഉള്ളതുകൊണ്ട് ''നാട്ടിൻ കുളം'' പദ്ധതിയും ''വീട്ടുകുളം'' പദ്ധതിയും ഇവിടെ വിജയകരമായി നടത്താവുന്നതാണ്. ഇതിനുവേണ്ടി ശാസ്ത്രീയമായ അറിവും സാങ്കേതിക പരിജ്ഞാനവും ആധുനിക ഉപകരണങ്ങളും ലഭിച്ചാൽ ഒരു പരിധിവരെ ഇത് വിജയകരമാവും.

ഈ ഗ്രാമത്തിലുള്ള കുളങ്ങൾ ഒരു ഗ്രൂപ്പിനോ സംഘത്തിനോ സംഘടനകൾക്കോ നൽകികൊണ്ട് ''നാട്ടിൻകുളം'' പദ്ധതി നടപ്പിലാക്കാം.

വീട്ടുവളപ്പിലോ, വീടിൻെറ പിന്നാമ്പുറത്തോ ചെറുകുളങ്ങൾ മത്സ്യകൃഷിക്കുപയോഗിക്കുന്ന ഒരു പദ്ധതിയാണ് വീട്ടുകുളം. അടുക്കളയിൽ നിന്നുള്ള ജൈവാവശിഷ്ടങ്ങളും, അഴുക്കുവെള്ളവും വീട്ടുകുളത്തിലെത്തിച്ച് മത്സ്യകൃഷി പോഷിപ്പിക്കുവാനാകും.

ഈ പഞ്ചായത്തിൽ കാണുന്ന ചതുപ്പുനിലങ്ങളിലും കണ്ടൽ പ്രദേശങ്ങളിലും ചെമ്മീൻ കൃഷിയ്ക്ക് യോജിച്ചതാണ. പഞ്ചായത്തിൻെറ മധ്യഭാഗത്ത് ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കാവുന്നതാണ്. കൂടാതെ ഒരു മത്സ്യ തൊഴിലാളി സഹകരണ സംഘവും ഈ പഞ്ചായത്തിൽ ആവശ്യമാണ്.

*

# വ്യവസായം

പടിഞ്ഞാറൻ അറബിക്കടലിൻെറയും, കനോലി കനാലിൻെറയും സമീപത്തുള്ള പൂക്കോട് ഗ്രാമ പഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നിലാണ്. നിലവിലുള്ള സംവിധാനത്തിൽ ഒരു കേന്ദ്രീകൃത തൊഴിൽ സംരംഭ യൂണിറ്റുപ്പോലും ഇല്ല. ടി പഞ്ചായത്തിൽ രണ്ട് വൈരക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. മരക്കമ്പനികളും, ഫർണീച്ചർ യൂണിറ്റുകൾ, തടിക്കടച്ചൽ യൂണിറ്റ് റെഡിമെയ്ഡ് യൂണിറ്റ് എന്നിവയും പ്രവർത്തിച്ചു വരുന്നു. ഈ യൂണിറ്റുകളിലായി ഏകദേശം 500 പേർ തൊഴിൽ ചെയ്ത് വരുന്നു. ഈ പഞ്ചായത്തിൽ ബീഡിതെരപ്പ് മേഖലയിൽ ഏകദേശം 1000 സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ട്.

പഴയ കാല തൊഴിൽ സംരംഭങ്ങളായിരുന്ന മുള ഉപയോഗിച്ചുകൊണ്ടുള്ള കൊട്ടനെയ്ത്ത്, പനമ്പ് നെയ്ത്ത്, ചകിരി ഉപയോഗിച്ച് കയർപിരിക്കൽ, എന്നിവ ഇന്നൊരു പഴയ ഓർമ്മ മാത്രമായി മാറിയിരിക്കുന്നു.

<u>വൻകിടവ്യവസായം</u> :- ടി പഞ്ചായത്തിൻെറ വൻകിട മേഖലയിൽ ഒറ്റ വ്യാവസായ യൂണിറ്റും പ്രവർത്തിക്കുന്നില്ല.

<u>ചെറുകിട വ്യവസായം</u> :- ടി പഞ്ചായത്തിൽ രണ്ട്കേന്ദ്രങ്ങളിലായി വൈരക്കൽ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഹോളോബ്രിക്സ്, കൊപ്ര വ്യവസായം, വെളിച്ചണ്ണ മില്ല്, ഫ്ളവർമിൽ, ബുക്ക്ബൈൻറിംഗ്, ഫർണിച്ചർ യൂണിറ്റുകൾ, ബേക്കറി യൂണിറ്റുകൾ, റെഡിമെയ്ഡ്, ടൈലറിംഗ്, തുടങ്ങിമേഖലകളിലായി ഏകദേശം 500 പേർ തൊഴിൽ ചെയ്തുവരുന്നു.

<u>കുടിൽവ്യവസായം</u> :- കുടിൽവ്യവസായമെഖയിൽ അച്ചാറ് നിർമ്മാണം, പപ്പട നിർമ്മാണയൂണിറ്റ്,കൊതുകുതിരി യൂണിറ്റ്, കന്നുകാലി വളർത്തൽ, ക്ഷീരോൽപ്പാദനം, ചിപ്സ് നിർമ്മാണയൂണിറ്റ് തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു.

<u>സാധ്യതകളും - പ്രശ്നങ്ങളും</u>

പൂക്കോട് ഗ്രാമപഞ്ചായത്തിലെ പരമ്പരാഗത ചെറുകിട കുടിൽ വ്യവസായ മേഖലയിലെ സാധ്യതകൾ.

<u>പരമ്പരാഗതമേഖല</u> :-

കയർ വ്യവസായം, കൊട്ടനെയ്ത്ത്, പനമ്പ് നെയ്ത്ത്, പായ നെയ്ത്ത് തുടങ്ങിയവ.

<u>ചെറുകിട വ്യവസായമേഖല</u> :-

സോപ്പ് വ്യവസായയൂണിറ്റ്, ഹോളോബ്രിക്സ്, വെളിച്ചണ്ണ മില്ല്, മരംകൊണ്ടുള്ള ഫർണിച്ചർ വർക്സ്, റെഡിമെയ്ഡ് നിർമ്മാണം, ചിരട്ട ഉപയോഗിച്ചു കൊണ്ടുള്ള നിർമ്മാണയൂണിറ്റ്, (സൺമൈക്ക, ഫോർമൈക്ക മുതലായവ) ഇളനീർ, തേങ്ങ വെള്ളം എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ശീതള പാനിയനിർമ്മാണ യൂണിറ്റ്, പേപ്പർ കവർ നിർമ്മാണയൂണിറ്റ്, ബുക്ക് ബൈൻറിംഗ് നിർമ്മാണം.

<u>കുടിൽ വ്യവസായ മേഖല</u> :-

പപ്പടനിർമാണയൂണിറ്റ്, അച്ചാറ് നിർമാണം, കറിപൗഡർ, മെഴുകുതിരി, കൊതുകുതിരി, ചിപ്സ് നിർമ്മാണം, മസാല പൊടി, സ്വർണ്ണപണി, ഔഷധവീര്യമുള്ള പച്ചമരുന്ന് നിർമ്മാണയൂണിറ്റ്.

മുകളിൽ കാണിച്ച മേഖലകളിൽ തൽപരരായ വ്യവസായ സംരംഭകർക്കും ഗ്രാമപ്രദേശങ്ങളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സ്ഥലം, കെട്ടിടം, വെള്ളം,വൈദ്യുതി, റോഡ് എന്നിവകളുടെ ദൗർലഭ്യം മൂലം കൂടുതൽ മുതൽമുടക്ക് വേണ്ടിവരുന്നു. ഇതിന് ഒരു ചെറിയ പരിഹാര മാർഗ്ഗമാണ് മിനിവ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കൽ. മിനി വ്യവസായ എസേറ്റിന് കുറഞ്ഞത് 50 സെൻറ് സ്ഥലം വേണം. ഒരുമിനി വ്യവസായ എസ്റ്റേറ്റിൽ 20 വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യം ഉണ്ട്. മിനി വ്യവസായ എസ്റ്റേറ്റ് ഗ്രാമ പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ആണ്. നിലനിർത്തുക.

1. സ്വയം തൊഴിൽ സംരംഭകർക്ക് വായ്പാ ആനുകൂലം വർദ്ധിപ്പിക്കുക.
2. സ്വയം തൊഴിൽ പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കുക.
3. വ്യവസായ മേഖലയുടെ പുരോഗതികൾക്ക് സഹകരണ മേഖലയെ ഉപയോഗപ്പെടുത്തുക.
4. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭ്യമാക്കുക.
5. സ്വയം തൊഴിൽ എക്സ്ചേയ്ഞ്ച് സ്ഥാപിക്കുക.
6. വൈദഗ്ദ്ധ്യ പരിശീലനം നൽക്കുക.

## സ്ഥാപനങ്ങളുടെ എണ്ണം

| | വ്യവസായ വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| I | 9 | 1 | 22 | 8 | 40 |
| II | 13 | 1 | 22 | 5 | 41 |
| III | 8 | 1 | 13 | 7 | 29 |
| IV | 12 | – | 16 | 6 | 34 |
| V | 14 | – | 17 | 8 | 39 |
| VI | 5 | – | 7 | 4 | 16 |
| VII | 13 | 1 | 11 | 4 | 29 |
| VIII | 16 | 2 | 21 | 5 | 44 |
| IX | 22 | 5 | 17 | 7 | 51 |
| X | 13 | 1 | 18 | 1 | 33 |
| XI | | | | | |
| ആകെ | 125 | 12 | 164 | 55 | 356 |

### പ്രസ്സുകൾ

അതുപോലെത്തന്നെ ഒരു കമ്പ്യൂട്ടറൈസ്ഡ് പ്രിൻറിംങ്ങ് പ്രസ്സ്, (ജോൺസൺ ഓഫ്സെറ്റ്) ഉൾപ്പെടെ 11 പ്രസ്സുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ നിരവധി സ്ത്രീ തൊഴിലാളികളും ജോലിചെയ്യുന്നു.

# പട്ടികജാതി ക്ഷേമം

പൂക്കോട് ഗ്രാമപഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 11.25%മായ 3397 ആണ് പട്ടികജാതി ജനസംഖ്യ. അതിൽ പട്ടികജാതിയിൽ ഒരു ചെറിയ ശതമാനമൊഴിച്ച് എല്ലാവരും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇതിൽ ഭൂരിഭാഗവും കുടികിടപ്പ് കിട്ടിയ 10 സെൻറ് ഭൂമി കൈവശമുള്ളവരാണ്. ദാരിദ്ര്യവും ഇല്ലായ്മകളും ഈ ജനസഞ്ചയത്തെ പരാശ്രയത്വത്തിലും നിസ്സഹായതയിലും നിരാശബോധത്തിലും കൊണ്ടെത്തിക്കുന്നു. ഇവരുടെ ക്രയശേഷി വർദ്ധിപ്പിക്കുന്ന ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന ഇവർക്കുമാത്രം പ്രയോജനം കിട്ടുന്ന പദ്ധതികൾ ആവിഷ്കരിക്കണം.

## അവലോകനം

എല്ലാ മതസ്ഥരും ഈ പ്രദേശത്ത് താമസിക്കുന്നു. പട്ടിക വിഭാഗത്തിൽ, പട്ടികജാതിയിൽപ്പെട്ടവർ മാത്രമെ ഈ പ്രദേശത്ത് ഉള്ളൂ. ഭൂനിയമം മൂലം ഭൂമി ലഭിച്ചവരും മിച്ചഭൂമി ലഭിച്ചവരും ചേർന്നവരിൽ വലിയ ഭാഗം പട്ടികജാതിക്കാരാണ്. ഒറ്റയായും കൂട്ടമായും താമസിക്കുന്ന പ്രദേശങ്ങളുണ്ട്. തൊഴിലവസരങ്ങൾ മുഴുവൻ പട്ടികജാതിക്കാരുടെയും മറ്റു ദരിദ്രജനവിഭാഗങ്ങളുടെതും ആയിരുന്നു. രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരികരംഗങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതിക്കാരനെ വേർതിരിച്ചറിയാൻ കഴിയില്ല എങ്കിലും, മറ്റു ജനവിഭാഗങ്ങളിൽ നിന്നും വിഭിന്നമാണ് കുടുംബജീവിതം. പരമ്പരാഗത കൈതൊഴിലുകളും ഉന്നതവിദ്യാഭ്യാസം നേടിയവരും ഉണ്ട്. എന്നാൽ S. S. L. C. പരീക്ഷയിൽ പങ്കെടുക്കുക എന്നതാണ് വിദ്യാഭ്യാസ നിലവാരം. ചെറിയ ഒരു ശതമാനം ഉദ്യോഗസ്ഥരുണ്ട്. സാങ്കേതികമായ അറിവ് കുറവാണ്. അപകടമേഖലയിൽ പണിയെടുക്കുന്നവരുമുണ്ട്. പ്രാഥമിക സൗകര്യങ്ങൾ ഇല്ല. ഒരു വീട്ടിൽ നാലും അഞ്ചും കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഭവനരഹിതർ ഓലമേഞ്ഞ വാടകകുടിലുകളിൽ താമസിക്കുന്നു. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ജീവിത ചിലവ് കൂടുതലാണ്. ചാണകം മെഴുകിയ തറകളിൽ അന്തിയുറങ്ങുന്നവരും ഈ കൂട്ടത്തിൽ ഉണ്ട്. ഇലക്ട്രോണിക്ക് മാധ്യമങ്ങൾ അപൂർവ്വവസ്തുക്കളാണ്. വൈദ്യുതി ലഭിച്ചവർ ചുരുക്കമാണ്. ഉദ്യോഗസ്ഥരിൽനിന്ന് അവജ്ഞാപരമായ പെരുമാറ്റം നേരിടുന്നുണ്ട്.

അനാരോഗ്യകരമായ ചുറ്റുപാടും സാമ്പത്തികബാധ്യതകളും മെച്ചപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക്, പട്ടികജാതി വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് വിലങ്ങുതടിയായി നിൽക്കുന്നു. എന്നിരുന്നാലും വിദ്യാഭ്യാസനിലവാരം സഹവിദ്യാർഥികളിൽനിന്നും വളരെയധികം പിന്നിലല്ല. വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ വിജയശതമാനവും നിലവാരവും ഉണ്ടാക്കാൻ കഴിയും. ഒഴിവുദിവസങ്ങളിൽ പാഠ്യവിഷയങ്ങൾ പ്രായോഗികമായി ഉപയോഗപ്പെടുത്താവുന്ന ക്ലാസ്സുകളും മത്സരപരീക്ഷകളുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താവുന്നതാണ്. പട്ടികജാതിക്കാർക്ക് പ്രത്യേക ഊന്നൽ കൊടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ തലത്തിലോ സ്വകാര്യമേഖലയിലോ ഇല്ല. അഭ്യസ്ഥവിദ്യരെ ഉൾപ്പെടുത്തി മേൽവിവരിച്ച ക്ലാസ്സുകൾ നടത്താവുന്നതാണ്. പട്ടികജാതിയിൽ ഉന്നതവിദ്യാഭ്യാസം നേടിയ തൊഴിൽ രഹിതർ സമൂഹത്തിന് വെല്ലുവിളിയാണ്. ഇതിനാൽ ഈ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസത്തെ ജീവിതോപാധിയായി കാണുന്നതിൽ വിഭിന്ന അഭിപ്രായമുള്ളതായി പരിശോധിക്കേണ്ടിയിരിക്കുന്നു.

കൃഷിഭൂമി ലാഭകരം അല്ലാത്തതുകൊണ്ടും തരിശാക്കിയതിനാലും, പരമ്പരാഗത തൊഴിൽ ഉൽപ്പന്നങ്ങൾക്ക് വിപണി ഇല്ലാത്തതിനാലും, കുടിയേറ്റക്കാരായ തൊഴിലാളികളുടെ ആധിക്യവും, പട്ടികജാതിക്കാരെ ഭൂരിഭാഗവും തൊഴിൽരഹിതരാക്കി. അപകടം നിറഞ്ഞ തെങ്ങുകയറ്റമേഖലയിൽ ഇത്തരം ഭീഷണി ഇല്ല. കെട്ടിടനിർമ്മാണ മേഖലയിലേക്ക് ധാരാളം പേർ പ്രവേശിക്കുന്നുണ്ട്. സാങ്കേതികമായ അറിവ് ഇല്ലാത്തതുമൂലം നിർമ്മാണ മേഖലയിലെ വേതനം കുറഞ്ഞ ജോലികളിലാണ് ഭൂരിഭാഗം പേരും.

ഗ്രൂപ്പ് ഫാമിംഗ് മൂലം തരിശുഭൂമികൾ ഉപയോഗപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്. പഞ്ചായത്ത് അടിസ്ഥാനമാക്കി ആഴ്ചചന്തകൾ രൂപീകരിച്ചാൽ പരമ്പരാഗത കൈതൊഴിലുൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ലാഭകരമായി വിപണനം നടത്താവുന്നതാണ്. ഇത് പരമ്പരാഗത കൈതൊഴിലുകളായ കുട്ടനെയ്ത്ത്, പായ്നെയ്ത്ത് എന്നിവയിലേക്ക് തൊഴിലാളികളെ ആകർഷിക്കാൻ കഴിയും. തെങ്ങുകയറ്റം അംഗവൈകല്യങ്ങൾ ഉണ്ടാക്കുന്നതും മരണം സംഭവിക്കാവുന്നതും ആയ മേഖലയാണ്. ഇത്തരം തൊഴിലാളികൾക്ക് ഇൻഷൂറൻസ് പദ്ധതിയുടെ പരിരക്ഷ നൽകണം.

കുറഞ്ഞ കൂലിയാണ് കുടിയേറ്റക്കാരായ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത്. പ്രാദേശിക തൊഴിലാളികളെയും കുടിയേറ്റക്കാരെയും താരതമ്യം ചെയ്യണം. ജീവിത ചുറ്റുപാടുകൾ വിലയിരുത്തണം. പഴയ കാലഘട്ടത്തിൽനിന്നും ഇന്നത്തെ സാമൂഹ്യപുരോഗതി പട്ടികജാതിക്കാരന് ഉണ്ടായതിന് പല കാരണങ്ങളുണ്ട്. ശുചിയായി നടക്കുക, നല്ല വസ്ത്രങ്ങൾ ധരിക്കുക, ആഹാരാധികളിൽ മറ്റു വിഭാഗങ്ങളെ അനുകരിക്കുക ഇതെല്ലാമാണ്. ഇതിനുവേണ്ടി ഓരോ പട്ടികജാതിക്കാരനും സാമ്പത്തിക പരാധീനതകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഇന്നും പട്ടികജാതി വീടുകളിൽ സുഖസൗകര്യങ്ങൾ നിസ്സാരമാണ്. ചാണകം മെഴുകിയ നിലവും ഓലമേഞ്ഞ കുടിലുകളും ചെത്തി തേക്കാത്ത (പ്ലാസ്റ്ററിംഗ്) ചുവരുകളും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും ആയതുകളുടെ തെളിവാണ്. ആയതുകൊണ്ട് കൂലി ഏകീകരിക്കുകയോ അല്ലെങ്കിൽ ജോലിയുടെ അളവ് വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന മെഷിനറികൾ ഉൽപ്പാദിപ്പിക്കുകയോ ചെയ്യണം. ഇത് പട്ടിക ജാതിക്കാരുടെ മാത്രം പ്രശ്നമല്ല. മറ്റു വിഭാഗങ്ങളിലെ ദാരിദ്ര്യജനങ്ങളുടെയും പ്രശ്നം ഉൾപ്പെട്ടതാണ്.

വീടുകൾ കേന്ദ്രമാക്കി കോഴി, പശു, ആട്, മുയൽ പരിപാലനം ലാഭകരം ആക്കാവുന്നതും കായികശേഷി ഉപയോഗിക്കാവുന്നതും ആണ്. പച്ചക്കറി, വാഴ, കുരുമുളക് എന്നിവ വിജയകരമായി നടപ്പിലാക്കാവുന്ന കൃഷികളാണ്.

ഗൾഫ് പണത്തിൻെറ അതിപ്രസരം ഭൂമിയുടെ വില കുത്തനെ ഉയർത്തിയിരിക്കുകയാണ്. സർക്കാർ അനുവദിക്കുന്ന സഹായം ഈ പ്രദേശത്തിലെ ഭൂവിലക്ക് അനുസരിച്ചതല്ല. സ്വന്തമായി ഭൂമി വാങ്ങി വീടുവെയ്ക്കാൻ കഴിയുന്നവർ തുച്ഛമാണ്. ഓരോ വീടുകളിലും നാലിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്നതിനാൽ; ഇവരേയും, ഭൂരഹിതരായവരേയും മാറ്റി പാർപ്പിക്കേണ്ടത് സർക്കാരിൻെറ ബാധ്യതയായി കാണണം. വിതരണം ചെയ്യാനുള്ള മിച്ചഭൂമികൾ കാലതാമസം കൂടാതെ വിതരണം ചെയ്യുക. ഭൂരഹിതർക്കുള്ള സാമ്പത്തികസഹായം ഇവിടത്തെ ഭൂമിയുടെ വിലയ്ക്ക് സമാനമായി ഉയർത്തുകയോ അല്ലെങ്കിൽ ഭൂമികണ്ടെത്തി വിലക്ക് വാങ്ങി വിതരണം ചെയ്യാനുള്ള നിമയപരിഷ്ക്കാരങ്ങൾ ഉണ്ടാക്കുകയോ ചെയ്യണം.

ഇപ്പോഴുള്ള പാർപ്പിടങ്ങൾ വെള്ളകെട്ടിൻെറ ഭീഷണിയിലാണ്. മണ്ണിട്ട് നികത്തി അതിരുകൾ സംരക്ഷിക്കുകയും, തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് വെള്ളത്തെ ഒഴുക്കി കളയാനുള്ള സംവിധാനം സൃഷ്ടിക്കുകയും ചെയ്യണം. മൊത്തം ജനസംഖ്യയുടെ 11.25% പട്ടികജാതി വിഭാഗങ്ങൾ താമസിക്കുന്ന ഈ പഞ്ചായത്തിൽ ഈ വിഭാഗങ്ങളുടെ പാർപ്പിട സൗകര്യം വികസിപ്പിക്കേണ്ടതുണ്ട്.

## പഞ്ചായത്തിലെ വീടുകളെക്കുറിച്ചുള്ള കണക്ക്

**ആകെ വീടുകൾ - 6395**

| കോൺക്രീറ്റ് | ഓടിട്ടത് | ഓലമേഞ്ഞത് | കുടിലുകൾ |
|---|---|---|---|
| 2049 | 2484 | 1160 | 702 |
| 32% | 39% | 18% | 11% |

### സാനിറ്ററി സംവിധാനം

| സെപ്റ്റിക് ടാങ്ക് | ഇ. എസ്. പി. | മറ്റുള്ളവ |
|---|---|---|
| 46% | 22% | 32% |

### വൈദ്യുതീകരണം

| വൈദ്യുതീകരിച്ചവ | അല്ലാത്തവ |
|---|---|
| 69% | 31% |

ശുദ്ധജലത്തിൻെറ കാര്യത്തിൽ പട്ടികജാതിക്കാർ പര്യാപ്തത നേടിയിട്ടില്ല. പല കിണറുകളും വേനലിനെ അതിജീവിക്കാറുമില്ല. പട്ടികജാതിക്കാർ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ ശാസ്ത്രീയമല്ലാത്ത കക്കൂസുകളുടെ നിർമ്മാണം

കുടിവെള്ളത്തെ മലിനമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരീക്ഷണം ഇല്ലാത്തതുകൊണ്ട് കിണറുകളും കക്കൂസുകളും തമ്മിലുള്ള നിയമാനുസൃതദൂരം പാലിക്കാറില്ല. ആഴം കൂടിയ കുഴൽ കിണറുകൾ നിർമ്മിച്ച് കുഴലുകളിലൂടെ വിതരണം ചെയ്യുന്നതിന് രൂപരേഖ തയ്യാറാക്കണം.

ശുചിത്വബോധത്തിന്റെ പ്രതീകമായ കക്കൂസ് പല കുടുംബങ്ങൾക്കും ഇല്ല. ഇത്തരം ജനവിഭാഗങ്ങളെ കണ്ടുപിടിച്ച് സഹായിക്കേണ്ടതാണ്. പട്ടികജാതി കോളനികളിൽ സ്വന്തമായും, സർക്കാർ സഹായത്താലും കക്കൂസുകൾ നിർമ്മിച്ചവർ പലരും ഉണ്ട്. ഒരു കുഴി മാത്രം ഉള്ളവ മാത്രമാണ് ഇതിൽ ഭൂരിഭാഗവും. വ്യക്തിപരവും കൂട്ടവുമായി പരാതികൾ ഇത്തരം കക്കൂസുകളെ കുറിച്ച് പരിസരവാസികൾ ഉന്നയിക്കുന്നുണ്ട്. അതിനാൽ ഇവ നശിപ്പിച്ച് രണ്ടു കുഴികൾ ഉള്ളതോ (two pil) ISI അംഗീകൃത സെപ്റ്റിക് ടാങ്കുകളോ സ്ഥാപിക്കുന്നതിന് നിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കണം.

വൈദ്യുതി എത്തിചേരാത്ത പ്രദേശങ്ങൾ ഉണ്ട്. പട്ടികജാതിക്കാർക്ക് O. T. P. (ഓവർ ടെക്കിംങ്ങ് പ്രയോരിറ്റി) സൗകര്യങ്ങൾ ഉണ്ടായിട്ടും, പ്രോപർട്ടി ക്രോസിംങ്ങിനും R. D. O.ക്ക് പ്രത്യേക അധികാരമുണ്ടായിട്ടും വൈദ്യുതി ലഭിക്കാത്തതിന്റെ കാരണങ്ങൾ വിലയിരുത്തണം. മാർഗ്ഗനിർദ്ദേശങ്ങൾ നൽകാത്തതും സാങ്കേതിക തടസ്സങ്ങൾക്ക് നിയമനടപടികൾ ഉദ്യോഗതലത്തിൽ എടുക്കാത്തതും മുഖ്യകാരണങ്ങളാണ്. പഞ്ചായത്ത് തലത്തിൽ നിരീക്ഷണത്തിനായി സെൽ രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

പട്ടികജാതിക്കാരും സാംസ്ക്കാരിക രംഗങ്ങളിൽ മുൻപന്തിയിലുണ്ട്. മൊത്തമായി എടുത്താൽ ആനുപാതം കുറവാണെന്ന് മാത്രം. സാംസ്ക്കാരിക സംഘങ്ങൾ പ്രവർത്തനക്ഷമമല്ല. കൂട്ടായ്മക്ക് പറ്റിയ സ്ഥലങ്ങളോ സൗകര്യങ്ങളോ ഇല്ല. കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങളിൽ ടി. വി., റേഡിയോ എന്നീ മാധ്യമങ്ങളുടെ ഉപയോഗം ഈ വിഭാഗത്തിന് ദിവസവും ലഭിക്കാവുന്ന വിധത്തിൽ സൗകര്യം ഒരുക്കേണ്ടതാണ്. ഇതിൽ ഒത്തുചേരലിനും ആശയവിനിമയത്തിനും കളമൊരുക്കുകയും സാംസ്ക്കാരിക പുരോഗതി കൈവരുത്തുകയും ചെയ്യും.

പട്ടികജാതിക്കാരുടെതായ സഹകരണസംഘം ചെരുപ്പുനിർമ്മാണരംഗത്തുണ്ട്. ഗുരുവായൂരിനെ വിപണിയായി കണ്ട് കരകൗശല വസ്തുക്കളുടെയും ഫോട്ടോ, മാല എന്നിവകളുടെയും ഉൽപ്പാദനം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. പരമ്പരാഗതമായി നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിയാൻ ആകർഷണീയമായ പരസ്യങ്ങളിലൂടെ ആഴ്ച്ചചന്തകൾ സൃഷ്ടിക്കുക. ഇതിൽ മറ്റുവസ്തുക്കളും എല്ലാവിധ സാധന സാമഗ്രികളും ഉൾപ്പെടുത്തുക.
2. തൊഴിൽ കൂലി ഏകീകരിക്കുക, ഈ പ്രദേശത്തുകാരെ തൊഴിലാളികളായി തിരഞ്ഞെടുക്കുന്നതിന്, ജോലിയുടെ അളവും ഗുണവും കിട്ടുന്നതിനായി ശാസ്ത്രീയവും സാങ്കേതികവുമായ പരിശീലനവും പ്രവർത്തിപരിചയവും നല്കുക.
3. അപകടം നിറഞ്ഞ കെട്ടിടനിർമ്മാണം, മരംകയറ്റം, എന്നീ മേഖലകളിൽ നിർബന്ധ ഇൻഷൂറൻസ് ഏർപ്പെടുത്തുക. ഭാവികാല ക്ഷേമ പ്രവർത്തനങ്ങൾ പരിഗണിക്കുക.
4. വിദ്യഭ്യാസസ നിലവാരം ഉയർത്താനും, വിജയശതമാനം വർദ്ധിപ്പിക്കാനും അവധിദിവസങ്ങളിൽ പാഠ്യവിഷയങ്ങൾ ഉൾപ്പെടുത്തി പരിശീലനക്ലാസ്സുകൾ സന്നദ്ധരും വിദഗ്ദരുമായവരാൽ സംഘടിപ്പിക്കുക.
5. തൊഴിൽ മേഖലയിൽ എക്സചേഞ്ചുകൾ പ്രാവർത്തികമാക്കുകയും, പരിശീലനം കൊടുക്കുകയും വേണം.
6. വെള്ളകെട്ടുകളിൽ നിന്നും, മണ്ണൊലിച്ചുപോകുന്നതിൽ നിന്നും ഭൂമി സംരക്ഷിക്കുക.
7. ഭവനനിർമ്മാണങ്ങളിൽ ചിലവുകുറഞ്ഞ വീടുകളുടെ പ്ലാനുകളും നിർമ്മാണരീതികളും നടപ്പിലാക്കുക. ഭവന നിർമ്മാണത്തിൽ യുവതി യുവാക്കളെ ഉൾപ്പെടുത്തി പുരാതനവും ആധുനീകവുമായ നിർമ്മാണരീതികൾക്ക് പരിശീലനവും പരിചയവും നല്കുക. ഇതിലൂടേ നിർമ്മാണചിലവ് കുറക്കുക.
8. വീടുകൾതോറും കൃഷിപ്രോത്സാഹിപ്പിച്ച് കുടുംബത്തിൽ ചിലവുകുറക്കുകയും അവരുടെ കായ്യീകശേഷി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
9. ആട്, പശു, കോഴി, മുയൽ, പന്നി എന്നിവയുടെ പരിപാലനം ഈ വിഭാഗത്തിന്റെ വരുമാനമാർഗ്ഗമാക്കാവുന്നതാണ്.
10. പട്ടികജാതിക്കാർക്കായി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂൾ സ്ഥാപിക്കേണ്ടതാണ്.
11. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് നല്കുന്ന ധനസഹായം, ഈ ഭൂപ്രദേശത്തിന്റെ വിലയ്ക്കും ലഭ്യതയ്ക്കുമനുസരിച്ച് നിയമങ്ങളിൽ മാറ്റംവരുത്തി വിനിയോഗിക്കുക.

# ഊർജ്ജം

ഊർജ്ജം എന്ന് പറയുമ്പോൾ വൈദ്യുതിയാണ് നമ്മുടെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത്. എന്നാൽ വിറക്, ചാണകവാതം, ചപ്പുചവറുകൾ മറ്റ് ജൈവദ്രവ്യങ്ങാം, ജൈവവാതകം, മണ്ണെണ്ണ, പാചകവാതകം, പ്രകൃതിവാതകം, എന്നിവയെല്ലാം ഊർജ്ജസ്രോതസ്സുകളിൽപ്പെടുന്നവയാണ്. ഗ്രാമപഞ്ചായത്തിന് ഉപയുക്തമാക്കാൻ കഴിയുന്ന ഊർജ്ജസ്രോതസ്സുകൾ (സാധ്യതയുളളവ) മെച്ചപ്പെടുത്തികൊണ്ട് ഊർജ്ജമേഖലയെ സമ്പുഷ്ടമാക്കാൻ സാധിക്കുന്നതാണ്. മണ്ണെണ്ണയിലേക്കും ഗ്യാസിലേക്കുമുള്ള മാറ്റം ശക്തിയായിവ്യാപിക്കുന്നുണ്ടെങ്കിലും വിറകുകളുടെ സ്ഥാന മറന്നുകൊണ്ടുള്ള ഊർജ്ജാസൂത്രണവും സാധ്യമല്ല.

പൂക്കോട് ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ചെന്നെത്തിയിട്ടില്ലാത്ത മേഖലകാം ധാരാളം കാണാൻകഴിയും. ഇത്തരം പ്രദേശത്തെ വീടുകളിൽ മണ്ണെണ്ണവിളക്കാണ് കാണാൻകഴിയുക. അതുകൊണ്ട് ലഭ്യമാകുന്ന എല്ലാഊർജ്ജസ്രോതസ്സുകളും ഉപയോഗപ്പെടുത്തുകയും ലാഭകരമായും വിനിയോഗിച്ചാൽ ജീവിതനിലവാരം ഉയർത്തുവാൻ കഴിയുന്നതാണ്.

വാണിജ്യഇന്ധനങ്ങളായ കൽക്കരി, എണ്ണ, പ്രകൃതി വാതകം, പെട്രോളിയം ഉത്പന്നങ്ങൾ എന്നിവയുടെ ഖനനവും വിതരണവും, ജലവൈദ്യുതി പദ്ധതികൾ താപനിലയങ്ങൾ ഹൈടെൻഷൻ വൈദ്യുതിയുടെ പ്രേഷണം എന്നിവയുടെ നിയന്ത്രണാസൂത്ര പദ്ധതികൾ എല്ലാം കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ കീഴിലാണ് വരുന്നത്. അതിനാൽ ഇതിനെ ആശ്രയിച്ചുകൊണ്ട് ആസൂത്രണം നടത്താൻ അസാധ്യമാണ്. ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽവരുന്ന ഊർജസ്രോതസ്സുകളായ വിറകുത്പന്നങ്ങൾ, കാർഷികാവിശിഷ്ടങ്ങൾ, മറ്റു ജൈവോർജ്ജ സ്രോതസ്സുകൾ, ഗാർഹിക, കാർഷീകവാണിജ്യ മേഖലയിലെ ഊർജ്ജസംരക്ഷണം, വൈദ്യുതിയുടെയും ഖനിജഇന്ധനങ്ങളുടെയും വിതരണം, എന്നിവയെല്ലാം ഉപയോഗ്പ്പെടുത്തി ഊർജ്ജക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുന്നതാണ്.

പൂക്കോട് ഗ്രാമപഞ്ചായത്തിൽ 60% മേഖലകളിലും വൈദ്യുതി സൗകര്യങ്ങൾ ലഭ്യമാണ്. ഊർജ്ജോത്പാദന സ്രോതസ്സുകൾക്ക് സാധ്യതയില്ലാത്തൊരു ഗ്രാമപഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ട് കേന്ദ്ര-സംസ്ഥാന ആസൂത്രണത്തിൻെറ പരിധിയിൽ വരാത്ത ഉത്പാദനസ്രോതസ്സുകൾ ലഭ്യമാക്കുവാൻ ശ്രമം നടത്താവുന്നതാണ്.

ഗ്രാമപഞ്ചായത്തിന് ഊർജ്ജാസൂത്രണത്തിൽ അടുപ്പുകളുടെ പ്രാധാന്യം വിസ്മരിക്കാൻകഴിയുകയില്ല. ഏകദേശം 92% വീടുകളും വിറകാണ് പ്രധാന പാചകഇന്ധനമായി ഉപയോഗിക്കുന്നത്.

നമ്മുടെ പരമ്പരാഗത അടുപ്പുകൾക്ക് രണ്ട് ദോഷങ്ങൾ ദർശിക്കുവാൻ കഴിയും ഒന്ന് അടുപ്പിൽ നിന്നും ഉയരുന്ന പുക അടുക്കളയിൽ പെരുമാറുന്നവരുടെ ആരോഗ്യം നശിപ്പിക്കുന്നു. രണ്ട് അടുപ്പിൻെറ് ദക്ഷതകുറവാണ്. അതുകൊണ്ട് ബയോഗ്യാസ് അടുപ്പും പുകയില്ലാത്ത മെച്ചപ്പെട്ട വിറകടുപ്പുകളും പ്രചരിക്കുകയും കുറഞ്ഞ രീതിയിൽ ലഭ്യമാക്കുവാനും ശ്രമം ഉണ്ടാകാണം. വിറക് പ്രധാന ഇന്ധനമായി ഉപയോഗിക്കുന്ന എല്ലാ വീടുകളും ആധുനുകരീതിയിലുള്ള വിറകടുപ്പുകൾ സ്ഥാപിക്കുയെന്നതായിരിക്കണം നമ്മുടെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തിൻെറ സാക്ഷാത്കാരത്തിന് ANERT എന്ന സർക്കാർ സ്ഥാപനത്തിൻെറയും കേരളശാസ്ത്ര സാഹിത്യ പരിഷത്തിൻെറയും സേവനം ലഭ്യമാക്കികൊണ്ട് അടുപ്പ് നിർമാണ വിദഗ്ദരെ പരിശീലിപ്പിക്കുവാനും മെച്ചപ്പെട്ട അടുപ്പുകൾ സ്ഥാപിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് ശ്രമം നടത്താവുന്നതാണ്.

വിറക്, കാർഷീകാവശിഷ്ടങ്ങൾ, വിസർജ്യവസ്തുക്കൾ, മുതലായവയിൽനിന്ന് അനെയ്റോബിക് ദഹനത്തിലൂടെ ഇന്ധനവാതകം ഉണ്ടാക്കുവാനുള്ള സങ്കേതമാണ് ബയോഗ്യാസ് പ്ലാൻറുകൾ. ഒരു വീടുകൾക്ക് ഇത് ലഭ്യമാകാൻ പ്രയാസമാണ്. അതുകൊണ്ട് പല വീടുകൾക്കും ഒരുമിച്ചുപയോഗിക്കാവുന്ന വലിയ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറു

കളുടെ നിർമ്മാണത്തിന് കൃഷിഭവനിൽനിന്നും അനെർട്ടിൽ നിന്നും ലഭിക്കുന്നതാണ്. ഇവയുടെ. നിർമ്മാണത്തിൽ ഗ്രാമത്തിലെ സാങ്കേതിക വാസനയുള്ള യുവതീയുവാക്കളെ പങ്കെടുപ്പിച്ചാൽ ഈ വൈദഗ്ദ്യം സ്വായത്തമാകുകയും തൊഴിലവസരം സൃഷ്ടിക്കുകയും ചെയ്യാവുന്നതാണ്.

പാചകഊർജ്ജം ലാഭിക്കുന്നതിന് വലിയൊരളിവിൽ സഹായിക്കുന്ന ഉപകരണങ്ങളാണ് പ്രെഷർകുറും കച്ചിപ്പെട്ടിയും (Insulated Box) ഇന്ധനവും സമയവും ലാഭിക്കാംമെന്നുള്ളതുകൊണ്ട് ഊർജ സംരംക്ഷണത്തിൻെറ പ്രാധാന്യം കണക്കിലെടുത്ത് അനെർട്ട് പ്രെഷർകുക്കറുകൾക്ക് സബ്സിഡി നൽകുന്നുണ്ട്. അതുകൊണ്ട് അനെർട്ടിൻെറ IREP ഓഫീസുമായി ബന്ധപ്പെട്ട സബ്സിഡിയോടുകുടിയ പ്രെഷർകുക്കറുകൾ ലഭ്യമാക്കി വിതരണം ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. പാചകത്തിനുള്ള ഊർജ്ജചെലവ് ഏറ്റവും കുറഞ്ഞ രീതിയിൽ നടത്തുവാൻ കഴിയുന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് കച്ചിപ്പെട്ടി. ഇത്തരം കച്ചിപ്പെട്ടികളുടെ നിർമ്മാണം (അടുപ്പു നിർമ്മാണ രീതിയിൽ) തൊഴിലവസരം സൃഷ്ടിക്കുന്ന ഒരു ജനകീയ പരിപാടിയായി മാറ്റാവുന്നതാണ്. അതുപോലെ തന്നെ മണ്ണെണ്ണ ചെലവു കുറക്കുന്നതിന് മെച്ചപ്പെട്ട സ്റ്റൗ തെരെഞ്ഞടുത്ത് സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്ന പരിപാടി അനെർട്ട് IREP യിലൂടെ നടപ്പിലാക്കുന്നത് ഗ്രാമ പഞ്ചായത്ത് ഏറ്റടുത്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## വൈദ്യൂതി വിളക്കുകൾ:-

വൈദ്യുതി ബൾബ്, ട്യൂബ്ലൈറ്റ് എന്നിവ വെളിച്ചത്തോക്കാൾ കുടുതൽ പ്രദാനം ചെയ്യുന്നത് ചൂടാണ്. അതുപോലെ കുറഞ്ഞ വോൾട്ടതയിൽ ഇത്തരം ലൈറ്റുകൾ പ്രകാശിക്കുകയുമില്ല. ഇത് പരിഹാരത്തിന് നാലിരിട്ടി വെളിച്ചവും ആയുസും ലഭ്യമാക്കുന്നു കോപാക്ട് ഫ്ളൂരസൻെറ് ലാംപ് സ്ഥാപിക്കുകയും വ്യാപിക്കുകയും ചെയ്യുന്നതിന് വൈദ്യുതി രംഗത്തെ സർക്കാർ ഏജൻസിയായ വൈദ്യുതിബോർഡ്, ഊർജ്ജസംരംക്ഷണത്തിനായി സർക്കാർ രൂപം കൊടുത്ത അനെർട്ട്, എനർജി മാനേജിമെൻെറ് സെൻെറർ എന്നി സ്ഥാപങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി കൊണ്ട് കോംപാക്ട് ഫ്ളറൻസ ലാംപിൻെറ പ്രവർത്തനത്തിന് ഭാവനാത്മകമായ പദ്ധതികൾക്ക് രൂപം നൽകാൻ ഗ്രാമപഞ്ചായത്തിന് കഴിയണം.

വൈദ്യുതി ഇനിയും എത്താൻ സാധ്യതകുറഞ്ഞ പ്രദേശങ്ങളിൽ ലാഭകരമായി വൈദ്യുതി വെളിച്ചം എത്തിക്കുവാൻ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിലൂടെ മാത്രമേ സാധിക്കൂ. അനെർട്ട് എന്ന സർക്കാർ സ്ഥാപനത്തിൻെറ സേവനം ലഭ്യമാക്കി കൊണ്ട് സൂര്യവിളക്കുകൾ വിതരണം ചെയ്യുവാൻ ഗ്രാമ പഞ്ചായത്തിന് നടപടി സ്ഥികരിക്കാം. ദുർബല വിഭാഗത്തിൽപ്പെട്ടവർക്കുള്ള ട്രൈബൽ സബ്പ്ലാൻ സെപ്ഷൽ കോപ്ഷണൽ പ്ലാൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൊണ്ട് കൂടുതൽ കൂടുതൽ സൗജന്യത്തോടെ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

## സ്ട്രീറ്റ് ലൈററ്:-

ഗ്രാമപഞ്ചായത്തിൻെറ അധീനതയിലുള്ള എല്ലാം റോഡുകളിലും സ്ട്രീറ്റുലൈറ്റുകളും കവലകളിൽ നിയോൺ ബൾബുകളും സ്ഥാപിക്കാവുന്നതാണ്. നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് വൈദ്യുതബോർഡാണ്. അതിനാൽ യഥാസമയം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് സ്ട്രീറ്റ്ലൈറ്റുകൾ വേണ്ടിടത്ത് യഥാസമയം സ്ഥാപിക്കുന്നതിനും ഫലപ്രദമാക്കുന്നതിനുംവേണ്ടി ഗ്രാമപഞ്ചായത്തിൻെറ നിയന്ത്രാധികാരത്തിൽ ഒരു ലൈയിൻമേൻെറ സേവനം ലഭ്യമാക്കാവുന്നതാണ്.

## ഉപഭോഗം :-

പൂക്കോട് ഗ്രാമപഞ്ചായത്തിൽ ഗാർഹീകാവശ്യത്തിന് 3362 വ്യാപാരാവശ്യത്തിനും 606, വ്യവസായികാവശ്യത്തിന് 52, കാർഷീകാവശ്യത്തിന് 517 എന്നീ കണക്കിൽ ഉപഭോക്താക്കൾ വൈദ്യുതി ഉപയോഗിക്കുന്നു. ഗ്രാമപഞ്ചായത്തിൻെറ പരിധിയിൽ കുന്നംകുളം, ഗുരുവായൂർ, ചാവക്കാട് എന്നീ ഇലക്ട്രിക്കൽ മേജർ വകുപ്പുകളുടെ സേവനം ലഭ്യമാണ്. വൈദ്യുതി ലഭിക്കാൻവേണ്ടി കാത്തു നിൽക്കുന്ന അപേക്ഷകരിൽ ഓർഡിനറിയിൽ 202ഉം. OTPയിൽ 13ഉം OYECയിൽ 111ഉം ആണ്. 25, 40, 60, 100 എന്നീ വാട്ടുകളുടെ 468 ബൽബുകളും 20 ട്യൂബ്ലൈറ്റുകളും പ്രവർത്തിക്കുന്നുണ്ട് എന്നാൽ മെർക്കുറി വേപ്പർ

ലാംപ്, സോഡിയം വേപ്പർ ലാംപ് എന്നിവ സ്ഥാപിച്ചു കാണുന്നില്ല. വൈദ്യുതി വിതരണം ചെയ്യുന്ന 25LT ട്രാൻസ്ഫോർമറുകൾ ഗ്രാമപഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അതുപോലെ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രതിമാസം 4732 രൂപ വൈദ്യുതി ബോർഡിനു അടയ്ക്കുന്നുണ്ട്.

## വോൾട്ടേജ്

ഗ്രാമപഞ്ചായത്തിൽ ലഭ്യമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ഒരു പ്രശ്നമാണ് വോൾട്ടേജ് ക്ഷാമം: ഇതിനു പ്രധാന കാരണം പ്രേഷണത്തിലുള്ള നഷ്ടമാണ്. പൂക്കോട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നത് മാടക്കത്തറയിൽ നിന്നാണ്. ഈ സപ്ലേ വടക്കാഞ്ചേരി, കുന്നംകുളം സബ്സ്റ്റേഷനിൽ കൂടിയാണ് തൈക്കാട് (ഗുരുവായൂർ) സബ് സ്റ്റേഷനിൽ എത്തുന്നത്. ഇങ്ങിനെ വളരെയധികം പ്രേഷണനഷ്ടം സൃഷ്ടിക്കുന്നു. ഇത് പരിഹരിക്കുവാൻ മാടക്കത്തറ സ്റ്റേഷനിൽനിന്നും നേരിട്ട് തൈക്കാട് (ഗുരുവായൂർ) സബ്സ്റ്റേഷനിലേക്ക് സപ്ലേ കൊടുത്താൽ മതിയാകുന്നതാണ്. അതുപോലെ തന്നെ പുന്നയൂർക്കുളം ഫീഡറിൽനിന്നും വൈദ്യുതി ചാവക്കാട് ഫീഡറിലേക്ക് മാറ്റിയാൽ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമാണ്. ആവശ്യമായ സ്ഥലത്ത് LT ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടത് പ്രശ്നപരിഹാരമാണ്.

## ഊർജ്ജരംഗത്തെ പ്രശ്നങ്ങൾ

1. വോൾട്ടത കുറവും തുടരെതുടരെയുള്ള അപ്രഖ്യാപിത കട്ടുകൾ
2. വ്യാപകമായ വോൾട്ടേജ് സ്റ്റബിലൈസറുകൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന വോൾട്ടതാ പ്രശ്നങ്ങൾ.
3. വിറകിൻെറ ലഭ്യതയിലുണ്ടാകുന്ന കുറവ്

## സാധ്യതകൾ

1. ദക്ഷത കൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കുന്നതിനുള്ള പരിപാടികൾ.
2. കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കൽ.
3. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റുന്നതിനുള്ള സന്നദ്ധപ്രവർത്തനം.
4. ഊർജ്ജലാഭമുള്ള വൈദ്യുതി ദീപങ്ങളുടെ പ്രചരിപ്പിക്കൽ.
5. കാറ്റ്, സൗരോർജ്ജം എന്നിവ വഴി പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കൽ.
6. പ്രോപ്പർട്ടി ക്രോസ്സിംഗിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകൽ.
7. സോഡിയം വേപ്പർ ലാംപിന് എഗ്രിമെൻറ്വെച്ചുകൊണ്ട് പ്രവർത്തിപ്പിക്കൽ.
8. പൂക്കോട് ഗ്രാമപഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത മുഴുവൻ കോളനികളും വൈദ്യുതീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.



# വിദ്യാഭ്യാസം

പൂക്കോട് പഞ്ചായത്തിൻെറ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കുന്നവർക്ക് വിദ്യാഭ്യാസരംഗത്ത് മുൻതലമുറയിലുണ്ടായിരുന്ന സാമൂഹികവും, സാമുദായികവുമായ ഒരുമയുടെ ചരിത്രവും കാണാനാകും. ഇന്ന് നാടെങ്ങും അറിയുന്ന ഗുരുവായൂർ ദേവസ്വത്തിൻെറ ആനത്താവളം സ്ഥിതിചെയ്യുന്ന പുന്നത്തൂർ കോട്ട കേന്ദ്രമാക്കി പുന്നത്തൂർ കോവിലകം ഉടമകൾ നാളേറെ നാടുഭരിച്ചിരുന്നു. അവരുടെ പൂർവ്വികരിൽ ഒരാൾ കച്ചവടത്തിനും, അവരുടെ പ്രതിനിധികളാകുവാനും വേണ്ടി കുറെ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ആളുകളെ കോട്ടപ്പടിയിൽ കൊണ്ടു വന്ന് താമസിപ്പിച്ചുവെന്നും, അവർക്ക് ചെയ്തു കൊടുക്കാവുന്ന സഹായങ്ങൾ നൽകി എന്നുമുള്ള ചരിത്രത്തിൻെറ തുടർച്ചയാണ് കോട്ടപ്പടി സെൻറ് ലാസേർസ് പള്ളിയും, അതോടനുബന്ധിച്ചുള്ള ആർ.സി.യു.പി. സ്കൂൾ എന്ന സ്ഥാപനവും എന്ന് പഴമക്കാർ പറയുന്നു.

കനോലി കനാലിൻെറ തീരത്ത് കിടക്കുന്ന വാഴപ്പുള്ളി എ.യു.പി.സ്കൂൾ എന്ന് ഇന്നറിയപ്പെടുന്ന ഈ വിദ്യാലയം ആദ്യഘട്ടത്തിൽ കുടിപള്ളിക്കൂടമായിരുന്നെന്നും " തുഞ്ചത്താചാര്യൻ " ഒരിക്കൽ ഇവിടെ സന്ദർശിച്ചിട്ടുണ്ടെന്നുമാണ് ചരിത്രം. വാഴപ്പുള്ളി മുട്ടത്തു തറവാട്ടുകാരുടെ അധീനതയിലുള്ള വിദ്യാലയത്തിനും നൂറ്റാണ്ടിൻെറ സേവന പാരമ്പര്യമുണ്ട്.

ഇന്ന് ഗവൺമെൻറ് സ്കൂളായി പ്രവർത്തിക്കുന്ന കാരയൂർ ഗവൺമെൻറ് എൽ.പി.സ്കൂൾ ആദ്യകാലത്ത് സ്വകാര്യ മാനേജ്മെൻറിൻെറ കീഴിലായിരുന്നു. കാരയൂർ പ്രദേശത്ത് പ്രവർത്തിച്ചു വന്നിരുന്ന ഒരു എൽ.പി.സ്കൂൾ കഴുങ്കമ്പള്ളി കുഞ്ചുണ്ണി നമ്പിടി മാസ്റ്റർ ഏറ്റെടുക്കുകയും പിന്നീടത് ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയുമാണ് ഉണ്ടായത്. നാളേറെ കഴിഞ്ഞപ്പോൾ അദ്ദേഹം സ്കൂൾ അന്നത്തെ താലൂക്ക് ബോർഡിന് വിട്ടുകൊടുക്കുകയും ചെയ്തു. കാലക്രമത്തിൽ സ്കൂൾ ഡിസ്ട്രിക് ബോർഡിനും പിന്നീട് ഗവൺമെൻറിന് കീഴിലായി വരുകയുമാണ് ചെയ്തത്. പഞ്ചായത്തിൽ ഏറ്റവും പഴക്കമുള്ള വിദ്യാലയമാണ് ഇന്നത്തെ കാരയൂർ ഗവൺമെൻറ് എൽ.പി.സ്കൂൾ എന്ന് പഴയതലമുറ ഓർക്കുന്നു. തുടർ വിദ്യാഭ്യാസത്തിന് കോട്ടപ്പടി പള്ളിസ്കൂൾ എന്ന് വിളിക്കുന്ന ആർ.സി.യു.പി. സ്കൂളിനെയാണ് ആദ്യഘട്ടത്തിൽ ആശ്രയിച്ചിരുന്നത്. നാടിൻെറ സാമൂഹികവും സാംസ്ക്കാരികപരവുമായ വളർച്ചയ്ക്ക് ശക്തി പകർന്ന ഈ വിദ്യാലയങ്ങൾക്കു പുറമേ പഞ്ചായത്തിൽ പത്ത് എൽ.പി.സ്കൂളുകളും, രണ്ട് യു.പി.സ്കൂളുകളും, രണ്ട് ഹൈസ്കൂളുകളും (സെൻറ് ജോർജ് എച്ച്.എസ്., റഹമത്ത് ഇംഗ്ലീഷ് മീഡിയം എച്ച്.എസ്.) ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുണ്ട്.

പൂക്കോട് പഞ്ചായത്തിൽ നിലവിലുള്ള LP / UP / HS എന്നിവയുടെ പട്ടിക താഴെ കൊടുക്കുന്നു.

LP സ്കൂളുകൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | ഗവൺമെൻറ് | എയ്ഡഡ് | അംഗീകൃതം |
|---|---|---|---|---|
| 1 | A M L P S, തൊഴിയൂർ | | X | |
| 2 | S V A P S, കപ്പിയൂർ | | X | |
| 3 | B C L P S, കോട്ടപ്പടി | | X | |
| 4 | S N L P, കോട്ടപ്പടി | | X | |
| 5 | A M L P S, പിള്ളക്കാട് | | X | |
| 6 | A L P S, കാവീട് | | X | |
| 7 | A M L P S, വാഴപ്പുള്ളി | | X | |
| 8 | G L P S, കാരയൂർ | X | | |
| 9 | St. George L P S, താമരയൂർ | | X | |
| 10 | G L P S, ഇരിങ്ങപ്രം | X | | |
| 11 | A L P S, ഇരിങ്ങപ്രം | | X | |

UP സ്കൂളുകൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേർ | ഗവൺമെൻറ് | എയ്ഡഡ് | അംഗീകൃതം |
|---|---|---|---|---|
| 1 | AMLPS, തൊഴിയൂർ | | X | |
| 2 | SVALPS, കപ്പിയൂർ | | X | |
| 3 | BCLPS, കോട്ടപ്പടി | | X | |
| 4 | SNLPS, കോട്ടപ്പടി | | X | |

ഇവ കൂടാതെ പഞ്ചായത്തിൽ രണ്ടു ഹൈസ്കൂളുകൾ ഉണ്ട്. ഒന്ന് സെൻറ് ജോർജ്സ് ഹൈസ്കൂൾ, തൊഴിയൂർ., രണ്ട് റഹ്മത്ത് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ( അംഗീകാരമില്ലാത്തത് ) എന്നിവയും ഒരു അൺ എയ്ഡഡ് എൽ. പി. സ്കൂളും ( NSS ) പ്രവർത്തിച്ചു വരുന്നു.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഈ ന്യൂനത പരിഹരിക്കത്തക്ക വിധത്തിൽ ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനത്തിൻെറ ആവശ്യകത ഏറിവരികയാണ്.

## പാരലൽ കോളേജുകൾ

പഞ്ചായത്തിൽ അർദ്ധസർക്കാർ മേഖലയിൽ ഒരു കോപ്പറേറ്റീവ് കോളേജും, സ്വകാര്യ മേഖലയിൽ റ്റി.റ്റി.ഐ.വിമൻസ് കോളേജും പ്രവർത്തിച്ചുവരുന്നു.

## അംഗൻവാടികളുടെ പ്രവർത്തനം

പഞ്ചായത്തിൽ 28 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. അവയിൽ ഭൂരിഭാഗവും വാടകസ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനുള്ള ശ്രമങ്ങൾ ഏറ്റെടുക്കേണ്ടതാണ്. വിവിധ ഏജൻസികളിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുവാനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ശ്രദ്ധചെലുത്തേണ്ടതാണ്.

## ഗ്രന്ഥശാലകളും സാംസ്ക്കാരിക സ്ഥാപനങ്ങളും

പഞ്ചായത്തിൽ കേരള ഗ്രന്ഥശാല സംഘം അംഗീകരിച്ച മൂന്ന് വായനശാലകൾ പ്രവർത്തിച്ചു വരുന്നു.

1. യുവജനസമാജം ഗ്രന്ഥാലയം & വായനശാല, കോട്ടപ്പടി.
2. ഗ്രാമീണ വായനശാല, ഇരിങ്ങപ്പുറം.
3. ഗ്രാമീണ വായനശാല, മല്ലാട്.

ഇവയിൽ കോട്ടപ്പടി, ഇരിങ്ങപ്പുറം വായനശാലകൾ ഗ്രന്ഥശാലാസംഘത്തിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന പരിമിതമായ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. അതുകൊണ്ടു തന്നെ ഗ്രന്ഥശാലകൾക്കു നൽകുന്ന ധനസഹായങ്ങൾ വർദ്ധിപ്പിക്കുവാനും ആയത് ലഭ്യമാകുവാനുള്ള നിയമാവലികൾ ലളിതവൽക്കരിക്കുവാനും ശ്രമമുണ്ടായാൽ ഗ്രന്ഥശാലകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുവാനും സംസ്ക്കാരസമ്പന്നമായ ജനതയെ വാർത്തെടുക്കുവാനും സാധിക്കും. മുടങ്ങി കിടക്കുന്ന പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൻെറയും ഗ്രന്ഥാലയത്തിൻെറയും നിർമ്മാണം പൂർത്തീകരിക്കുവാനും, മല്ലാട് വായനശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ശ്രമം ഉണ്ടാകേണ്ടതാണ്.

## സാക്ഷരതാ പ്രവർത്തനം, വിദ്യാജ്യോതി

സംപൂർണ്ണമായ സാക്ഷരതാ യജ്ഞത്തിൻെറ ഒന്നാം ഘട്ടത്തിൽ ബ്ലോക്ക് തലത്തൽ തന്നെ പൂക്കോട് പഞ്ചായത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. തീവ്രമായ ശ്രമത്തിലൂടെ ഔദ്യോഗികമായ പഞ്ചായത്ത് സംപൂർണ്ണമായ സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിച്ചെങ്കിലും സാക്ഷരതാ കേന്ദ്രങ്ങളിലെ പഠിതാക്കളുടെ സാക്ഷരതാ നിലവാരം കുറ്റമറ്റതല്ല. മന്ദീഭവിച്ച തുടർ വിദ്യാഭ്യാസ പരിപാടികൾ ഊർജ്ജിതവും ഫലപ്രദവുമായി ഏറ്റെടുത്ത് നടത്തുവാനുള്ള നേതൃത്വപരമായ പങ്കുവഹിക്കാൻ വൈകിയിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പിൻെറ സഹകരണത്തോടെ നടത്തിവരുന്ന വിദ്യാജ്യോതി പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പൂക്കോട് പഞ്ചായത്തും ഉൾപ്പെടുന്നുവെന്നത് അഭിമാനാർഹമാണ്. തികച്ചും ജനകീയമായി നടത്തിവരുന്ന വിദ്യാജ്യോതി പ്രവർത്തനം പഞ്ചായത്തിൽ ഒട്ടേറെ മാതൃകാപരവും ഗുണകരവുമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് നിലവിലുള്ള പല പ്രശ്നങ്ങൾക്കും കൂട്ടായ്മയിലൂടെ പരിഹാരം കണ്ടെത്തുന്നതിന് ഇത്തരം ജനകീയ പദ്ധതികളുടെ പ്രവർത്തനം സഹായകരമാണ്.



*ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ വിദ്യാർത്ഥിക്ക് ക്യാഷ് അവാർഡ് വിതരണം ബഹു. പൂക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് നിർവ്വഹിക്കുന്നു*

കേവലം അക്ഷരജ്ഞാനം മുതൽ സാഹിത്യത്തിലെ ഡോക്ടറേറ്റ് ലഭിച്ചവർ വരെയുള്ളത് വിദ്യാഭ്യാസപരമായി പഞ്ചായത്തിൻെറ മൊത്തം നിലവാരം ശരാശരിയ്ക്ക് മുകളിലാണെന്ന് കാണിക്കുന്നു. പല വിദ്യാലയങ്ങളുടേയും പ്രാഥമികവും, ഭൗതീകവുമായ സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ വിദ്യാഭ്യാസ നിലവാരം ഇനിയും മെച്ചപ്പെടുത്തുവാനാവും. പഞ്ചായത്തിലെ ഏകഹൈസ്കൂളായ തൊഴിയൂർ ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം തൃപ്തികരമല്ലാതെ തുടരുന്നതിന് പലകാരണങ്ങളും കണ്ടെത്താനാവും. അധികൃതരുടേയും, രക്ഷിതാക്കളുടേയും, വിദ്യാർത്ഥികളുടേയും കൂട്ടായ ശ്രമത്തിലൂടെ മാത്രമേ ഈ അവസ്ഥ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

വിദ്യാലയങ്ങളുടെ പിമിതികൾ കാരണം പഞ്ചായത്തിലെ വലിയ ഒരു ശതമാനം കുട്ടികൾ മറ്റു പ്രദേശങ്ങളിലെ വിദ്യാലയങ്ങളെ തേടി പോകുന്ന അവസ്ഥയാണ് ഇന്ന് കണ്ടുവരുന്നത്. നിലവിലുള്ള നിയമങ്ങൾ കുടുതൽ ഫലപ്രദവും നിർബന്ധിതമാക്കുന്നതിലൂടെയും പഞ്ചായത്തിലെ എല്ലാ കുട്ടികൾക്കും ഇവിടെതന്നെ വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്നതതാണ്. അത്തരമൊരു സമീപനത്തിലൂടെ "Uneconomic" എന്ന പട്ടികയിൽ വന്നിട്ടുള്ളതും ആസന്നഭാവിയിൽ വരാൻ പോകുന്നതും ആയ വിദ്യാലയങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

## ആവശ്യകത

നിലവിലുള്ള (മലയാളം മീഡിയം) ഹൈസ്കൂളായ തൊഴിയൂർ സെൻെറ് ജോർജ്ജ് ഹൈസ്കൂൾ, റഹ്മത് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ (Unrecognised) എന്നിവ പഞ്ചായത്തിൻെറ ഏറ്റവും വടക്കുകിഴക്കു ഭാഗത്താണ്. അതിനാൽ മറ്റുഭാഗങ്ങളിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് അയൽ പ്രദേശങ്ങളിലെ ഹൈസ്കൂളിലേക്ക് പോകേണ്ടി വരുന്നു. ഇത് പരിഹരിക്കാൻ പഞ്ചായത്തിലെ തീരപ്രദേശങ്ങൾ ഉൾക്കൊള്ളുന്നതും യാത്രാസൗകര്യം വളരെ കുറഞ്ഞതുമായ മൂന്നു കിലോമീറ്ററിനുള്ളിൽ ഹൈസ്കൂൾ ഇല്ലാത്ത പേരകം വില്ലേജിൽ പ്രവർത്തിക്കുന്ന കുടിപള്ളികൂടമായി ആരംഭിച്ചതും നൂറ്റാണ്ടിലേറെ പഴക്കമുള്ള വാഴപ്പുള്ളി എ.യു.പി.സ്കൂളും 1887-ൽ സ്ഥാപിതമായതും എല്ലാ ഭൗതീക സാഹചര്യങ്ങളുള്ളതുമായ കോട്ടപ്പടി ആർ.സി.യു.പി. സ്കൂളും ഹൈസ്കൂളായി ഉയർത്തേണ്ടതാണ്. പല എൽ.പി.സ്കൂളുകളും പ്രദേശത്തിൻെറ ആവശ്യകതയും സേവനദൈർഘ്യവും കണക്കിൽ എടുത്തുകൊണ്ട് യു.പി.സ്കൂളുകളായി ഉയർത്തേണ്ടതാണ്. അതിൻെറ ആദ്യപടി എന്ന നിലയിൽ നിലവിലുള്ള എൽ.പി.സ്കൂളുകളായ കാരയൂർ, ഇരിങ്ങപ്പുറം ഗവൺമെൻറ് എൽ.പി.സ്കൂളുകൾ യു.പി. സ്കൂളുകളാക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇരിങ്ങപ്പുറം ഗവൺമെൻറ് എൽ.പി.സ്കൂളിൻെറ കെട്ടിടം മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചു കിട്ടിയ സ്ഥലത്ത് സ്വന്തമായ ഒരു കെട്ടിടം നിർമ്മിക്കുവാൻ വിവിധ തലങ്ങളിൽ നിന്നുള്ള കൂട്ടമായ പ്രവർത്തനം അടിയന്തിരമായി സ്വീകരിക്കാവുന്നതാണ്. കൂടാതെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനത്തിൻെറ ആവശ്യകതയും ഇന്നത്തെ വിദ്യാഭ്യാസ ഘടനയിൽ അത്യന്താപേക്ഷിതമാണ്.

## വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളും, ചില പരിഹാര നിർദ്ദേശങ്ങളും.

1. സർക്കാർ വിഭാവനം ചെയ്യുന്ന പ്രീപ്രൈമറി വിദ്യാഭ്യാസം ഇന്ന് വേണ്ടത്ര സാർവത്രികവും ഫലപ്രദവുമായി കാണുന്നില്ല.

2. വിദ്യാലയങ്ങളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല.
3. കലാകായിക വിദ്യാഭ്യാസരംഗത്ത് പ്രാവീണ്യം നേടുന്നതിന് അടിസ്ഥാന സൗകര്യമില്ല.
4. അധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തുന്നില്ല.
5. അധ്യാപകരെ പാഠ്യേതര പ്രവർത്തനങ്ങളിൽ (സെൻസസ്, വോട്ടർപട്ടിക) നിയോഗിക്കുന്നത്.
6. അധ്യാപകരുടെ സജീവ രാഷ്ട്രീയ പങ്കാളിത്തം.
7. അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം.
8. പി.റ്റി.എ. സ്കൂൾ സംരക്ഷണ സമിതികൾ എന്നിവയുടെ പങ്കാളിത്തത്തിന്റെ കുറവ്.



*പഞ്ചായത്തുതല റേങ്ക് ജേതാക്കളുടെ ക്യാഷ് അവാർഡ് വിതരണ ഉത്ഘാടനം ബഹു. പി.ടി. കുഞ്ഞിമുഹമ്മദ് MLA നിർവഹിക്കുന്നു.*

## നിർദ്ദേശങ്ങൾ

. പ്രൈമറി തലത്തൽ മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നിർബന്ധമാക്കിക്കൊണ്ടും സാർവ്വത്രികവും ഫലപ്രദവുമായ പ്രീ പ്രൈമറി വിദ്യാഭ്യാസം സ്കൂളുകളോട് അനുബന്ധമായി നടപ്പിലാക്കിക്കൊണ്ടും കുട്ടികളുടെ വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യവും, നിലവാരവും ഉയർത്താനാവും.

. വിദ്യാലയങ്ങളെ ഭൗതീകമായ സാഹചര്യങ്ങൾ ഉയർത്തുന്ന കാര്യത്തിൽ കൂടുതൽ ശ്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്.

. കലാകായിക വിദ്യാഭ്യാസരംഗത്ത് അഭിരുചിയും പ്രാവീണ്യവും നേടുന്നതിന് പഞ്ചായത്ത് തലപ്പിൽ പരിശീലന കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം സജ്ജീവമാകുക.

. വിദ്യാലയങ്ങളിൽ യഥാസമയം ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

. അധ്യാപകരെ പാഠ്യേതര പ്രവർത്തനങ്ങളിൽ നിന്നും വിമുക്തമാക്കുക.

. അംഗീകാരം ഇല്ലാത്ത സ്കൂളുകൾ അനുവദിക്കാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

. പി.റ്റി.എ., സ്കൂൾ സംരക്ഷണ സമിതികൾ, മാതൃസംഗമങ്ങൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ട് വിദ്യാലയങ്ങളിൽ നല്ല പഠന അന്തരീക്ഷം ഉണ്ടാക്കുക.

## പൂക്കോട് പഞ്ചായത്തിലെ വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | വാർഡ് | വിസ്തീർണ്ണം | കളിസ്ഥലം | മൂത്രപ്പുര | കക്കൂസ് | വൈദ്യുതി | കിണർ |
|---|---|---|---|---|---|---|---|---|
| 1 | A M L P School, തൊഴിയൂർ | I | ½ ഏക്കർ | - | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 2 | S V A L P School, കപ്പിയൂർ | II | 2 ഏക്കർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 3 | B C L P School, കോട്ടപ്പടി | III | 1 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | S N L P School, കോട്ടപ്പടി | II | 3000 Sq. ft. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 5 | A M L P School, പിള്ളക്കാട് | III | 1 ഏക്കർ | - | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 6 | A L P School, കാവീട് | IV | 50 സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 7 | A M L P School, വാഴപ്പുള്ളി | V | 1632 Sq. ft. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 8 | സെൻറ് ജോസഫ് L P School, താമരയൂർ | VII | 1 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 9 | G L P School, കാരയൂർ | VII | 1 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 10 | A L P School, ഇരിങ്ങപ്രം | X | 35 സെൻറ് | - | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 11 | G L P School, ഇരിങ്ങപ്രം | XI | 360 Sq. Mtr. | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 12 | C M U P School, തൊഴിയൂർ | I | 1 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13 | A U P School, വാഴപ്പുള്ളി | V | 40 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 14 | A U P School, പേരകം | VI | 3210 SF. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 15 | R C U P School, കോട്ടപ്പടി | IX | 3 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 16 | റഹ്മത്ത് E M School, തൊഴിയൂർ | | | അൺ എയ്ഡഡ് - കണക്കുകൾ ലഭിച്ചിട്ടില്ല | | | | |
| 17 | സെൻറ് ജോർജ്സ് H School, തൊഴിയൂർ | I | 5 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

# ഗതാഗതം

ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ ഗുരുവായൂർക്ക്, കുന്ദംകുളവുമായി ബന്ധിപ്പിക്കുന്ന ഹൈവേ ഏകദേശം 3 കി.മീറ്റർ നീളത്തിൽ പൂക്കോട് പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. പൊതുമരാമത്ത് വകുപ്പിൻെറ കീഴിൽ ഈ പഞ്ചായത്തിൽ ഏകദേശം 18 കി. മീറ്റർ ടാർചെയ്ത റോഡുകളുണ്ട്. ഇത് കൂടാതെ പഞ്ചായത്തിൻെറ കീഴിൽ 20കി. മീറ്റർ ടാർ റോഡുകളും 6 കി. മീറ്റർ മെറ്റൽ ചെയ്ത റോഡുകളും 30 കി. മീറ്റർ ചരൽ റോഡുകളും 9 കി. മീറ്റർ മൺറോഡുകളും കൂടി ആകെ 65 കി. മീറ്റർ റോഡുകളാണുള്ളത്.

കുന്ദകുളം- ഗുരുവായൂർ റൂട്ടിൽ നൂറ് കണക്കിന് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും കെ.എസ്. ആർ.ടി.സി. ബസ്സുകൾക്കും, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്കും പഞ്ചായത്തിലെ പ്രധാന കേന്ദ്രമായ കോട്ടപ്പടി ജംഗ്ഷനിൽ ഇതുവരെയും ഒരു സ്റ്റോപ്പ് അനുവദിച്ചു കിട്ടിയിട്ടില്ല. പ്രധാന റോഡുകളായ ഗുരുവായൂർ പൊന്നാനി റൂട്ടിലും തമ്പുരാൻപടി മല്ലാട് റോഡിലും വേണ്ടത്ര ബസ്സുകൾ ഇല്ലാത്തതിനാൽ ജോലിക്കാരും വിദ്യാർത്ഥികളും വളരെയധികം വിഷമിക്കുന്നു. കൂടാതെ കോട്ടപ്പടി അഞ്ഞൂർ റൂട്ടിലും, ചാട്ടുകുളം - തൈക്കാട് റൂട്ടിലും ബസ്സ് സർവ്വീസ് നടത്തി വന്നിരുന്നത് നിർത്തലാക്കിയിരിക്കുന്നു.

ഗുരുവായൂർ - കുന്ദംകുളം ഹൈവേക്ക് സമാന്തരമായി ഇന്നുള്ള ചാട്ടുകുളം - തൈക്കാട് റോഡ് ഒരു ബൈപാസ്സായി ഉപയോഗിക്കാവുന്നതാണ്. അതിന് റോഡിൻെറ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്തിൻെറപ്രത്യേക ശ്രദ്ധ ഈ റോഡിൻെറ കാര്യത്തിൽ ഉണ്ടാവണമെന്ന് ഇത്തരുണത്തിൽ ശ്രദ്ധയിൽപ്പെടുത്തുന്നു.

## നിർദ്ദേശങ്ങൾ

1) പി.ഡബ്ലിയു. ഡി. റോഡിൻെറ അതിർത്തി നിശ്ചയിച്ചു റോഡ് വൃത്തിയാക്കാൻ ജനപങ്കാളിത്തത്തോടെയും പഞ്ചായത്ത്, റവന്യൂ വകുപ്പിൻെറ സഹായത്തോടെയും മുൻകൈഎടുത്ത് P.W.D. യെ സഹായിക്കുക.
2) ചാട്ടുകുളം- തൈക്കാട് റോഡ് ജില്ല പഞ്ചായത്ത് ഏറ്റെടുത്തു ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കുക.
3) പഞ്ചായത്തിൻെറ നിലവിലുള്ള റോഡുകൾ പലതും വീതി കുറഞ്ഞതാണ്. ഈ റോഡുകൾ ശരിയായ വീതിയിൽ എടുക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുക.
4) പഞ്ചായത്തിൽ കൂടുതൽ ഗതാഗത സൗകര്യത്തിനായി മോട്ടോർ സൈക്കിളിൽ യാത്രക്കാരെ എത്തിക്കാനുള്ള പെർമിറ്റ് (ലൈസൻസ്) ഏർപ്പെടുത്താൻ വേണ്ടനടപടികൾ പഞ്ചായത്ത് എടുക്കുക.
5) പഞ്ചായത്തിൻെറ പ്രധാന കവലകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് യാത്രക്കാർക്ക് അസൗകര്യം ഇല്ലാത്ത രീതിയിൽ ക്രമീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.
6) ടെലിഫോൺ കേബിൾ ഇടുമ്പോൾ കേടുവരുന്ന പഞ്ചായത്ത് റോഡുകൾ വീണ്ടും നന്നാക്കുന്നതിന് ടെലിഫോൺ ഡിപ്പാർട്ടുമെൻറിൽ നിന്നും ഫൈൻ ഈടാക്കാൻ വേണ്ട നടപടികൾ കഴിയുന്നതും വേഗം എടുക്കുക.

## പരിഹാരങ്ങൾ

1) താഴെ പറയുന്ന റോഡുകൾ പഞ്ചായത്ത് ടാർചെയ്ത ഗതാഗത യോഗ്യമാകാൻ മുൻകൈ എടുക്കേണ്ടതുണ്ട്.

ഒന്നാം വാർഡിലെ തൊഴിയൂർ ഹൈസ്ക്കൂൾ റോഡും, പോളക്കര - താഴിശ്ശേരി റോഡും, രണ്ടാം വാർഡിലെ സൊസൈറ്റി റോഡും ലിങ്ക് റോഡും,പള്ളിപ്പടി റോഡും, മൂന്നാം വാർഡിലെ തൊഴിയൂർ കാപ്പറ റോഡും, പൂക്കോട് പിള്ളക്കാട് റോഡും, കോട്ടപ്പടി ചാത്തങ്കാട് - അഞ്ഞൂർ റോഡിൻെറ ബാക്കിവരുന്ന 300 മീറ്റർ റോഡും, നാലാം വാർഡിലെ തലേങ്ങാട്ടിരി - റിംഗ് റോഡും, അഞ്ചാം വാർഡിലെ ചിറമൽ കടവ് റോഡും, ആറാം വാർഡിലെ മുക്കൂട്ട - പേരകം U.P.സ്ക്കൂൾ റോഡും, എട്ടാം വാർഡിലെ ചൂൽപ്രം ലക്ഷം വീട് കോളനി റോഡും, ഒമ്പതാം വാർഡിലെ ചൂൽപ്രം മുസ്ലീം പള്ളി റോഡും, പത്താം വാർഡിലെ ടൗൺഷിപ്പ് ലിംഗ് റോഡും, പതിനൊന്നാം വാർഡിലെ കുന്ദംകുളം ചെമ്മണ്ണൂർ റോഡിൻെറ സെക്കൻെറ് റീച്ചും.

2) പഞ്ചായത്തിലെ താഴെ പറയുന്ന റോഡുകൾ അറ്റകുറ്റ പണികൾ നടത്തി സഞ്ചാര യോഗ്യമാണ്.

ഒന്നാം വാർഡിലെ തൊഴിയൂർ പോളക്കട റോഡും രണ്ടാം വാർഡിലെ ചേമ്പാലക്കുളം ക്ഷേത്ര റോഡും, മൂന്നാം വാർഡിലെ കോട്ടപ്പടി ശ്മശാനം റോഡും, പിള്ളക്കാട് - ചിറവല്ലൂർ റോഡും, നാലാം വാർഡിലെ അയ്യപ്പൻകാവ് റോഡും, സാക്ഷരതാ റോഡും, അഞ്ചാം വാർഡിലെ പ്രിയദർശിനി റോഡും, ആറാം വാർഡിലെ താമരയൂർ ലിംഗ് റോഡും, ഏഴാം വാർഡിലെ റിംഗ് റോഡും ,എട്ടാം വാർഡിലെ കോട്ട വടക്കെഗൈറ്റ് റോഡും, പത്താം വാർഡിലെ മഹാത്മഗാന്ധി റോഡും പതിനൊന്നാം വാർഡിലെ ഇരിങ്ങപ്രം ചൊവ്വല്ലൂർപടി റോഡും, ലക്ഷം വീട് കോളനി റോഡും.

3) പഞ്ചായത്തിലെ താഴെ എഴുതുന്ന സ്ഥലങ്ങളിലെ റോഡ് ഏറ്റെടുക്കുകയും പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട. ഒന്നാം വാർഡിലെ മിച്ചഭൂമിയിലേക്ക് ആറ് മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ചിട്ടുള്ളത് ഏറ്റെടുക്കണം, കിഴക്കെ മിച്ച ഭൂമി കോളനിയിലേക്ക് പുതിയതായി റോഡ് നിർമ്മിക്കുകയും മൂന്നാം വാർഡിലെ റോഡുമായി ബന്ധിക്കുകയും ചെയ്യണം.നാലാം വാർഡും ഒന്നാം വാർഡും ബന്ധിപ്പിക്കുന്ന വാഴചാലിൽ റോഡ് നിർമ്മിച്ചു രണ്ട് കരകളെ ബന്ധിപ്പിക്കണം. അഞ്ചാം വാർഡിലെ ഹോസ്പിറ്റൽ റോഡും പ്രധാന റോഡാക്കി മാറ്റി ചാവക്കാട് മുൻസിപ്പാലിറ്റിയുമായി ബന്ധിപ്പിക്കണം. ആറാം വാർഡിലെ ഹരിദാസ് നഗറിൽ നിന്നും പുതുയതായി നിർമ്മിച്ച റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് വാഴപ്പുള്ളി റോഡുമായി ബന്ധിപ്പിക്കണം. ഏഴാം വാർഡിലെ താമരയൂർ L.P. സ്ക്കൂളിൽ നിന്നും കിഴക്കോട്ട് പോകുന്ന റോഡ് ചാവക്കാട് മുൻസിപ്പാലിറ്റിയുമായി യോചിച്ചു ഗതാഗതയോഗ്യമാക്കണം എട്ടാം വാർഡിലെ പെരുവഴിത്തോട് റോഡിൻെറ പണി എത്രയും വേഗത്തിൽ ബ്ലോക്കുമായി യോജിച്ചു പ്രാവർത്തികമാക്കണം ഒമ്പതാം വാർഡിലെ ചാത്തങ്ങാട്ട് നിന്നും തുടങ്ങുന്ന റോഡ് ഏറ്റെടുത്തു ഗതാഗത യോഗ്യവുമാക്കണം. ചക്കപ്പൻ തറയിൽ നിന്നും ആരംഭിക്കുന്ന റോഡ് പുന്നത്തൂർ ആനക്കോട്ടയിലേക്കുള്ള റോഡായി അംഗീകരിച്ച് റോഡിൻെറ പണി പണി പൂർത്തീയാക്കണം. പത്താം വാർഡിലെ ഇരിങ്ങപ്രം ശവക്കോട്ട റോഡ് വീതി കൂട്ടുകയും റോഡ്. ഗതാഗതയോഗ്യമാക്കുകയും വേണം. പതിനൊന്നാം വാർഡിലെ ഐ.എച്ച്. ഡി. പി. കോളനിയിൽ നിന്നും ആരംഭിച്ച് ചൊവ്വല്ലൂർപടി റോഡുമായി ബന്ധിപ്പിക്കുന്ന ഒരു കി. മീറ്റർ റോഡും എ.കെ.ജി നഗറിൽ നിന്നും കിഴക്കോട്ടുള്ള റോഡും പഞ്ചായത്ത് ഏറ്റെടുക്കണം.

4) ലോകത്തിലെ തന്നെ പ്രശ്തസമായ ആനത്താവളത്തിലെക്ക് ജനങ്ങളെ ആകർപ്പിക്കാനും സഞ്ചാരയോഗ്യമാക്കാനും വേണ്ടി മമ്മിയൂർ - തമ്പുരാമ്പടി P.W.D. റോഡ് വൃത്തിയാക്കി കേടുപാടുകൾ നീക്കണം. ആവശ്യമായ വീതി കൂട്ടുകയും വേണം ഇതിനായി P.W.D.യോട് അപേക്ഷിക്കണം.

# സാമൂഹ്യക്ഷേമം, പാർപ്പിടം

## സാമൂഹ്യക്ഷേമം

ആകെ 30,197 ജനങ്ങളുള്ള പൂക്കോട് പഞ്ചായത്തിൽ 6,395 കുടുംബങ്ങളിലായി 15,177 പുരുഷന്മാരും, 15,020 സ്ത്രീകളും ആണ് ഉള്ളത്.

വിദ്യാഭ്യാസ നിലവാരത്തിൽ ഏറെ തുല്യത കൈവന്നെങ്കിലും തൊഴിൽ രംഗങ്ങളിൽ സ്ത്രീ-പുരുഷ അന്തരം പ്രകടമാണ്. തൊഴിൽ രംഗത്തേക്ക് കൂടുതൽ സ്ത്രീകളെ കൊണ്ടുവരേണ്ടതുണ്ട് ഈ പഞ്ചായത്തിൽ.

**IRDP സർവ്വേ പ്രകാരം - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം.**

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായങ്ങൾ ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| I | 239 | 48 | 75 | 31 | 14 | 300 |
| II | 194 | 34 | 56 | 22 | 10 | 240 |
| III | 263 | 34 | 48 | 16 | 8 | 303 |
| IV | 226 | 62 | 67 | 29 | 12 | 281 |
| V | 184 | 16 | 41 | 20 | 8 | 187 |
| VI | 175 | 47 | 62 | 17 | 14 | 223 |
| VII | 124 | 16 | 51 | 18 | 13 | 165 |
| VIII | 186 | 28 | 43 | 14 | 13 | 189 |
| IX | 208 | 24 | 72 | 12 | 15 | 265 |
| X | 128 | 45 | 39 | 15 | 10 | 157 |
| XI | 140 | ·55 | 35 | 20 | 10 | 165 |

## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം : വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | ബ്ലൂപ്രിൻറിങ്ങ് | 2 | | 2 | |
| II | വെൽഡിങ്ങ്, വൈൻറിങ്ങ്, പെയ്ൻറിങ്ങ്. | 8 | 2 | 6 | |
| III | വെൽഡിങ്ങ്, വൈൻറിങ്ങ്, പെയ്ൻറിങ്ങ്. | 6 | 3 | 3 | |
| IV | പ്രിൻറിങ്ങ്, ഇലക്ട്രിക്കൽസ് - ബ്യൂട്ടീഷൻ കോഴ്സ് | 8 | 1 | 3 | 4 |
| V | പ്രിൻറിങ്ങ്, എയർ കണ്ടീഷനിങ്ങ്, വെൽഡിങ്ങ് | 5 | 1 | 3 | 1 |
| VI | ഇലക്ട്രിക്കൽസ് | 7 | | 2 | 5 |
| VII | ഇലക്ട്രോണിക്സ് | 3 | 1 | 1 | 1 |
| VIII | ഓട്ടോ ഇലക്ട്രീഷ്യൻ | 3 | 3 | | |
| IX | ടൈലറിങ്ങ് | 2 | 2 | | |
| X | ബുക്ക് ബൈൻറിങ്ങ് | 2 | 2 | | |
| XI | പ്രിൻറിങ്ങ് &കയർ മേക്കിങ്ങ് | 4 | 4 | | |

പഞ്ചായത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ സാമൂഹ്യക്ഷേമപദ്ധതികളിലൂടെ ദാരിദ്രനിർമാർജനം, കാർഷികമേഖലയിലുള്ള അഭിവൃദ്ധി, വിവിധ വിഭാഗക്കാർക്കുള്ള പെൻഷൻ ധനസഹായം എന്നി മേഖലകളിലെ പ്രശ്നങ്ങൾ ഒരു പരിധി വരെ മാത്രമേ പരിഹരിക്കാൻ സാധിച്ചിട്ടുള്ളൂ ദാരിദ്ര രേഖക്ക് താഴെയുള്ള 2495 കുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ IRDP പദ്ധതി വഴി നാളിതുവരെ 589 കുടുംബങ്ങൾക്കാണ് ധനസഹായം ലഭ്യമായിട്ടുള്ളത് അർഹരായ മുഴുവൻപേർക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്.

**<u>പഞ്ചായത്തിൽ നല്കിയ പെൻഷനുകൾ.</u>**

വിധവ പെൻഷൻ .........68

വാർദ്ധക്യകാലപെൻഷൻ .....25

ധനസഹായം ലഭിക്കുന്നവരെല്ലാം അതിന് അർഹരാണെങ്കിലും, തൊഴിലില്ലായ്മ വേതനംപോലുള്ള ധനസഹായങ്ങൾ തൊഴിലില്ലാത്തവർക്ക് മുഴുവൻ നൽകുവാനും, തൊഴിൽ ഉള്ളവരെ ഒഴിവാക്കുവാനും പ്രത്യേകംശ്രദ്ധിക്കണം. നിർമ്മാണ തൊഴിലാളി, കർഷകതൊഴിലാളി എന്നീ ക്ഷേമ പദ്ധതികൾ പഞ്ചായത്തിൻെറ കീഴിൽ വ്യാപകമായും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ തൊഴിലാളികൾക്ക് ഇൻഷ്വുറൻസ് പദ്ധതികൾ നടപ്പിൽ വരുത്താൻ കൂടുതൽ ശ്രദ്ധിക്കണം.

**<u>പ്രശ്നങ്ങളും സാദ്ധ്യതകളും.</u>**

1. വിവിധ സമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്തിന് സംവിധാനം വേണം.
2. IRDP പ്രകാരമുള്ള ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കണം.
3. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത ദുർബല വിഭാഗങ്ങൾക്ക്അവ അടിയന്തരമായി ലഭിക്കുന്നതിനു വേണ്ട നടപടികൾ നടപ്പിലാക്കണം.
4. ദാരിദ്ര്യ നിർമാർജ്ജനത്തിനുള്ള പദ്ധതികളും, കാർഷികമേഖല, നിർമ്മാണ തൊഴിൽമേഖല, എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നിനുള്ള പദ്ധതികളും (ഇൻഷുറൻസ്_അടക്കം) വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായ പദ്ധതികളും നടപ്പിലാക്കണം.
5. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് അവരുടെ സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഈ വിഭാഗങ്ങളുടെ പരമപ്രധാന ആവശ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, വൈദ്യുതി എന്നിവ അടിയന്തിരമായി ലഭ്യമാക്കണം.
6. പരിസരശുചീകരണ പ്രവർത്തനങ്ങൾ വേണ്ട സമയങ്ങളിൽ ഏർപ്പെടുത്തുകയും, പകർച്ചവ്യാധികൾ തടയുന്നതിനുള്ള മുൻകരുതലുകൾ നടത്തുകയും വേണം.
7. പഞ്ചായത്തിൽ ഉൾപ്പെടുന്ന വിവാഹം, സമ്മേളനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനുവേണ്ടി പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കണം.
8. പഞ്ചായത്തിൻെറ വാർഡുകൾ തോറും എഴുത്തുപെട്ടികളും, മാവേലി സ്റ്റോറുകളും പ്രധാന കവലയിൽ ഒരു കംഫർട്ട് സ്റ്റേഷനും സ്ഥാപിക്കണം.

# പാർപ്പിടം

മൊത്തം 6,395 കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഈ പഞ്ചായത്തിലെ പാർപ്പിട സ്ഥിതി മൊത്തം തൃപ്തികരമല്ല. ഒരു അളവ് വരെ ഗൾഫ് പണത്തിൻെറ സ്വാധീനം പഞ്ചായത്തിൻെറ കെട്ടിടനിർമ്മാണ മേഖലയിൽ ചെലുത്തിയിട്ടുണ്ട്. പൂക്കോട് പഞ്ചായത്തിലെ 32% കോൺക്രീറ്റ് വീടുകളും, 39% ഓടിട്ട വീടുകളും, 18% ഓലമേഞ്ഞ വീടുകളും, 11% കുടിലുകളുമാണ്.

## വീടുകളുടെ വിവരണം

കോൺക്രീറ്റ് - 2049

ഓടിട്ടത് - 2484

ഓല മേഞ്ഞത് - 1160

കുടിൽ - 702

ഇതിൽ വൈദ്യുതീകരിച്ചവ - 4414

വൈദ്യുതീകരിക്കാത്തവ - 1981

വീടു നിർമ്മാണത്തിനുവേണ്ടി ജനങ്ങൾ കുടുതൽ ആശ്രയിക്കുന്നത് ഭവനനിർമ്മാണബോർഡിൻേറയും ബ്ലോക്ക് പഞ്ചായത്ത് വഴിയുള്ള സാമ്പത്തികസഹായത്തേയുമാണ്. പാർപ്പിട പ്രശ്നം കൂടുതൽ അനുഭവിക്കേണ്ടിവരുന്ന ഈ പഞ്ചായത്തിൽ ഈ രംഗത്തെ സ്ഥിതി കുറെകൂടി മെച്ചപ്പെടുത്തുവാൻ ഫലപ്രദമായ ഒരു ജനകീയ പരിപാടിക്ക് രൂപം കൊടുക്കേണ്ടതുണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പാർപ്പിട നിർമ്മാണപദ്ധതി ത്വരിതപ്പെടുത്തേണ്ടതുണ്ട്.

ചെലവുകുറഞ്ഞ വീടുകൾ ജനപങ്കാളിത്തത്തോടെ പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തികൊണ്ടുള്ള കെട്ടിട നിർമ്മാണരീതികൾ പരിശീലിപ്പിക്കുന്നതുവഴി പഞ്ചായത്തിലെ യുവതീയുവാക്കൾക്ക് തൊഴിൽ കണ്ടെത്താൻ കഴിയും.

## നിർദ്ദേശങ്ങൾ

1. വീടുവെക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘത്തിൻെറ സേവനം ആവശ്യമാണ്.
2. രണ്ട് ഏക്കറിൽ കൂടുതലുള്ള സ്ഥലം പഞ്ചായത്ത് അടിസ്ഥാനത്തിൽ വാങ്ങി പാവപ്പെട്ട ഭൂരഹിതർക്ക് (പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ്ഗം) വീടുവെച്ചു കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം.
3. വരുമാനപരിധി ഉയർത്തി ഭവനനിർമ്മാണാനുകൂല്യം കൊടുക്കണം. വായ്പ/ഗ്രാൻറ് തുക വർദ്ധിപ്പിക്കുകയും വേണം. അർഹരായവരെ തെരഞ്ഞെടുത്തതിനുശേഷം മാത്രം റെക്കാർഡ് സമർപ്പിക്കാൻ അർഹരെ അറിയിക്കുകയും വേണം.
4. ജനസാന്ദ്രത വർദ്ധിച്ചതിൻെറ അടിസ്ഥാനത്തിൽ കരഭൂമികൾക്ക് അമിതമായ വില മൂലം ഭൂമി സ്വന്തമായി വാങ്ങാൻ സാമ്പത്തികശേഷി ഇല്ലാത്തവർക്ക് 5 സെൻറിൽ താഴെ നിലമുണ്ടെങ്കിൽ അത് നികത്തി വീട് വെക്കാൻ K. L. U ഓർഡർ ബാധകമല്ലാത്ത വിധത്തിൽ അനുവാദം കൊടുക്കണം.
5. ഓരോ വീടിനും ഓരോ കക്കൂസ് നിർമ്മിക്കുവാൻ വേണ്ട നടപടികൾ വേണം. ലക്ഷംവീട് കോളനികൾ പുനരുദ്ധരിക്കുവാൻ വേണ്ട സംവിധാനം വേണം.
6. നാല് സെൻറിൽ കുറവുള്ള റോഡരികിലുള്ള പാവപ്പെട്ടവരുടെ ഭൂമിയിൽ വീട് വെക്കുവാൻ നിയമതടസ്സം മൂലം കഴിയാത്ത സാഹചര്യത്തിൽ പകരം ഭൂമി വാങ്ങി നൽകുവാനുള്ള സാഹചര്യം ഉണ്ടാകണം.
7. ജാതിമതഭേദമന്യേ എല്ലാ ചെറ്റകുടിലുകളും മാറ്റി ഉറപ്പുള്ള വീട് നിർമ്മിച്ചുകൊടുക്കണം.
8. ഹൗസിങ്ങ് സൊസൈറ്റിയിൽ നിന്നും, ഹൗസിൽ ബോർഡിൽ നിന്നുമുള്ള ഭവനനിർമ്മാണ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം.

# വനിതാക്ഷേമം

വിദ്യാഭ്യാസ നിലവാരത്തിൽ മുൻപന്തിയിൽ നില്ക്കുന്ന പൂക്കോട് പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. ഉന്നത വിദ്യാഭ്യാസമുള്ള സ്ത്രീകൾ ഉണ്ടെങ്കിലും തൊഴിലിൽ ഇവർ പുറകിലാണ്. പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകൾ ഉണ്ടെങ്കിലും കാര്യമായി അവർ രംഗത്ത് വന്നിട്ടില്ല. ഈ പഞ്ചായത്തിൽ നാല് വനിതാ മെമ്പർമാരുണ്ട്. ഈ പഞ്ചായത്തിലെ സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ വനിതയാണ്. **DWCRA** യുടെ രണ്ട് യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾ മാത്രം തൊഴിൽ ചെയ്യുന്ന മേഖലയിൽ അവർക്ക് കൊടുക്കുന്ന വേതനം പരിഷ്കരിയ്ക്കേണ്ടതുണ്ട്. തൊഴിൽ പരിശീലനം നേടിയിട്ടുള്ള സ്ത്രീകളെ സംഘടിപ്പിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പുകളുണ്ടാക്കി തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിയ്ക്കാവുന്നതാണ്.

സ്ത്രീധനം ആവശ്യപ്പെടുന്നത് കർശനമായി നിരോധിക്കണം. വനിതകൾക്ക് വേണ്ടി ചെറുകിട വ്യവസായയൂണിറ്റുകൾ വാർഡ് തലത്തിൽ (രണ്ടോ, മൂന്നോ) തുടങ്ങിയാൽ തൊഴിലില്ലായ്മക്ക് ചെറിയതോതിൽ പരിഹാരം ഉണ്ടാവുന്നതാണ്. എംബ്രോയട്ടറി, കൊട്ടനെയ്ത്ത്, തയ്യൽ പരിശീലനം, ഗാർമെൻറ് ഐറ്റംസ്, ബുക്ക് ബൈൻറിങ്ങ്, സോപ്പ് നിർമ്മാണം, കൊതുകുതിരി നിർമ്മാണം എന്നീ തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കേണ്ടതാണ്.

സ്ത്രീകൾക്ക് മാനസികപ്രയാസമുണ്ടാക്കുന്ന അശ്ലീലപോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നത് നിയമപരമായി തടയേണ്ടതാണ്. സ്ത്രീകൾക്ക് എതിരെ അക്രമം കാണിക്കുന്നവരെ കർശനമായി ശിക്ഷിക്കേണ്ടതാണ്. തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾ ജോലിക്ക് പോകുമ്പോൾ അവരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ക്രഷുകൾ ഉണ്ടാക്കിയാൽ ഉപകാരപ്രദമായിരിക്കും.

പുക ഏല്ക്കാത്ത ആധുനികരീതിയിലുള്ള അടുപ്പുകൾ നിർമ്മിക്കുവാൻ സാമ്പിത്തികസഹായം നല്കി അവരെ പ്രോത്സാഹിപ്പിച്ചാൽ സ്ത്രീകളുടെ ആരോഗ്യത്തിന് അത് ഒരു പരിധിവരെ ഉപകരിക്കുന്നതാണ്. മഹിളാസഹകരണ സംഘങ്ങൾ ഉണ്ടാക്കി അഭ്യസ്തവിദ്യരായ യുവതികളെ സംഘടിപ്പിച്ച് ട്യൂഷൻ സെൻററുകൾ തുടങ്ങാനുള്ള സഹായങ്ങൾ ചെയ്താൽ വിദ്യാഭ്യാസനിലവാരം ഉയർത്താനും തൊഴിലവസരങ്ങൾ ഉണ്ടാക്കാനും ഉപകരിക്കും.

മാതൃശിശുസംരക്ഷണകേന്ദ്രങ്ങൾ വാർഡുകൾ തോറും സ്ഥാപിക്കുകയാണെങ്കിൽ സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ ആരോഗ്യപരിപാലനത്തിന് നല്ലതായിരിക്കും. കൂടാതെ ഈ കേന്ദ്രങ്ങൾ വഴി പുറകോട്ട്പോയിട്ടുള്ള സ്ത്രീകളുടെ സാക്ഷരതാപ്രശ്നം പരിഹരിക്കാനും കഴിയുന്നതാണ്.

എല്ലാ വാർഡിലും മഹിളാസമാജങ്ങൾ ഉണ്ടാക്കിയാൽ സ്ത്രീകളെ ബോധവൽക്കരിക്കാനും സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും സാധിക്കും.

കോഴിവളർത്തൽ, കന്നുകാലി വളർത്തൽ, പച്ചക്കറി തോട്ടം നിർമ്മിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് സാമ്പത്തികസഹായം ചെയ്തുകൊടുത്താൽ കുടുംബപരിപാലനത്തിന് നല്ലതാണ്. ഇതിന്വേണ്ടി ഇവരെ ബോധവൽക്കരിക്കേണ്ടതാണ്.

അംഗനവാടി ടീച്ചർമാരുടെ വേതന വ്യവസ്ഥ പരിഹരിക്കുക. കാരണം ഏറ്റവും കൂടുതൽ ജോലി ചെയ്യുകയും, ഏറ്റവും കുറവ് വേതനം വാങ്ങുന്നതും ഇക്കൂട്ടരാണ്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

# സഹകരണമേഖല

സാമൂഹിക, സാമ്പത്തികരംഗത്ത് നിസ്സീമങ്ങളായ സേവനങ്ങളാണ് സഹകരണ ബാങ്കുകൾക്ക് നിർവ്വഹിക്കാനുള്ളത്. സാമൂഹ്യ അഭിവൃദ്ധിക്കും, സംഘടിത ക്ഷേമപ്രവർത്തനങ്ങൾക്കും, പൊതുജനസംരക്ഷണപ്രവർത്തനങ്ങൾക്കും സംഘങ്ങളുടെ പ്രവർത്തനമേഖലയുടെ വികസനം ഇക്കാലഘട്ടത്തിൻെറ അനിവാര്യതയാണ്.

പതിനൊന്നു വാർഡുകളടങ്ങിയ പൂക്കോട് ഗ്രാമപഞ്ചായത്തിൽ നിലവിൽ മൂന്ന് സഹകരണസംഘങ്ങളുണ്ട്.

1. കോട്ടപ്പടി സർവ്വീസ് സഹകരണബാങ്ക് Ltd. No. R. 210
2. പേരകം സർവ്വീസ് സഹകരണബാങ്ക് Ltd. No. F - 6916
3. പൂക്കോട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം No: R 792

## കോട്ടപ്പടി സർവ്വീസ് സഹകരണബാങ്ക്

ഈ ബാങ്ക് 26-3-62ൽ റജിസ്റ്റർ ചെയ്ത് 28-6-62ൽ പ്രവർത്തനമാരംഭിച്ചു. പൂക്കോട്, ഇരിങ്ങപ്പുറം, കാരയൂർ, തൊഴിയൂർ, പിള്ളക്കാട് എന്നീ ദേശങ്ങളാണ് ഈ ബാങ്കിൻെറ പ്രവർത്തനമേഖലകൾ. 30-6-96ൽ 6488 അംഗങ്ങളുള്ള ഈ ബാങ്കിൻെറ ഒരു ശാഖ കോട്ടപ്പടിയിൽ പ്രവർത്തിച്ചുവരുന്നു. ഇരിങ്ങപ്പുറം ഒരു പുതിയ ബ്രാഞ്ചിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പിള്ളക്കാടും തൊഴിയൂരും ബ്രാഞ്ച് കിട്ടുന്നതിനുവേണ്ടി ആലോചനയുണ്ട്.

നിലവിൽ കൺസ്യൂമർ സ്റ്റോറുകളൊന്നും ഇല്ലാത്ത സാഹചര്യത്തിൽ തമ്പുരാൻപടിയിൽ പണിയുന്ന പുതിയ കെട്ടിടത്തിൽ ''സെൻട്രൽ സ്പോൺസേർഡ് സ്കീം'' പ്രകാരം ഒരു മാവേലി സ്റ്റോർ തുടങ്ങുന്നതിനും കേരാഫെഡുമായി സഹകരിച്ച് കൊപ്ര സംഭരിക്കാനും ബാങ്കിന് ഉദ്ദേശമുണ്ട്.

ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന സ്വകാര്യപണമിടപാടുസ്ഥാപനങ്ങൾ ഉയർന്ന പലിശ നൽകി നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് ബാങ്കിൻെറ നിക്ഷേപങ്ങളേയും അതുവഴി പൊതുജനങ്ങൾക്ക് ചുരുങ്ങിയ പലിശക്ക് ലോൺ ലഭിക്കാനുള്ള സാഹചര്യത്തേയും പ്രതികൂലമായി ബാധിക്കുന്നു.

ക്ലാസിഫിക്കേഷൻ പ്രകാരം I-ാം ക്ലാസ്സിലാണെങ്കിലും II-ാം ക്ലാസ്സിനുള്ള അംഗീകാരം മാത്രം ലഭിച്ച ഈ ബാങ്ക് ജില്ലാബാങ്കിൽ നിന്നും, മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്നും കടം എടുക്കാതെയാണ് സേവനം നടത്തിക്കൊണ്ടിരിക്കുന്നത്. സെക്രട്ടറിയടക്കം 15 ജീവനക്കാരുണ്ട്. I-ാം ക്ലാസ്സ് അംഗീകാരം ലഭ്യമായാൽ നിരവധി ഫണ്ടുകളുടെ വിനിയോഗത്തിനു സാധിക്കുന്നതാണ് അതിനു നടപടിയുണ്ടാകണം.

## കോട്ടപ്പടി സർവ്വീസ് സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| 1. സ്ഥാപനത്തിൻെറ പേര് | : കോട്ടപ്പടി സർവ്വീസ് സഹകരണബാങ്ക് |
| 2. പ്രവർത്തനപരിധി | : പൂക്കോട്, പേരകം, ഇരിങ്ങപ്പുറം (ഗുരുവായൂർ) |
| 3. ക്രെഡിറ്റ്/നോൺക്രെഡിറ്റ് | : ക്രെഡിറ്റ് |
| 4. പ്രവർത്തനം ആരംഭിച്ച വർഷം | : 28-6-'62 |
| 5. ആകെ അംഗങ്ങൾ | : 6488 |
| 6. ഒരു ഓഹരിയുടെ വില | : 10 രൂപ |
| 7. അംഗീകൃത ഓഹരി മൂലധനം | : Rs/- 16,10,000 |
| 8. പിരിഞ്ഞുകെട്ടിയ ഓഹരി മൂലധനം | : Rs/- 12,11,020 |
| 9. സർക്കാർ ഓഹരി ഉണ്ടോ ? | : ഉണ്ട് |
| 10. ഉണ്ടെങ്കിൽ ലഭിച്ച തുക ? | : Rs/- 19,000 |
| 11. പരമാവധി കടം എടുക്കാവുന്ന തുക? | : പിരിഞ്ഞ ഓഹരിയുടെ മൂലധനം + റിസർവ്വ് ബാങ്കിൻെറ 35 ഇരട്ടി |

II പൊതുജനങ്ങളിൽനിന്ന് സ്വീകരിച്ച നിക്ഷേപങ്ങൾ

a. സ്ഥിരനിക്ഷേപങ്ങൾ : Rs/- 5,89,66,502
b. ഹ്രസ്വകാലനിക്ഷേപങ്ങൾ : Rs/- 3,68,54,671

III നൽകിയിട്ടുള്ള വായ്പകൾ

a. കാർഷികവായ്പകൾ
1. [illegible] (കിണർ, പമ്പുസെറ്റ്) : Rs/- 1,11,403

b. മറ്റു വായ്പകൾ

1. [illegible] MT ലോൺ : Rs/- 26,07,530
2. സാധാരണലോൺ : Rs/- 96,000
3. ഗോൾഡ് ലോൺ : Rs/- 3,03,91,500
4. ഹയർ പർചെയ്സ് ലോൺ : Rs/- 4,53,967

c. പ്രത്യേകവായ്പകൾ

1. ഇനം IRDP : പദ്ധതി വായ്പകൾ : Rs/- 25,000

IV. സ്ഥാപനങ്ങളിൽനിന്നും സ്വീകരിക്കുന്ന വായ്പകൾ :- ഇല്ല

V. നല്കിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടു കിട്ടുവാനുള്ളവ :-

| | വായ്പാസ്വഭാവം | തുക |
|---|---|---|
| 1. | MT Loan | 8,05,163 |
| 2. | Ordinary Loan | 1,59,385 |
| 3. | ST Loan | 7,135 |
| 4. | IRDP Loan | 52,490 |
| 5. | Cycle Loan | 1,806 |
| 6. | Education Loan | 250 |

VI സ്ഥാപനത്തിൻെറ ചെലവുകൾ :-

1. എസ്റ്റാബ്ലിഷ്മെൻറ് ചെലവ് :
2. കണ്ടിജൻസീസ് :

VII വായ്പാസഹകരണസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ :-

1. FACT വളം വില്പന നടത്തുന്നു.
2 മാവേലി ചന്തകൾ നടത്തുന്നു. (ഓണസീസൺ മാത്രം)

## പേരകം സർവ്വീസ് സഹകരണബാങ്ക്

14-2-1922ൽ വാഴപ്പുള്ളി വിവിധോദ്ദേശ ഐക്യനാണയസംഘമായി പ്രവർത്തനമാരംഭിച്ച ഈ ബാങ്ക് 1967ൽ സർവ്വീസ് സഹകരണസംഘമായി. 5-ാം വാർഡിൻെറ തെക്ക് പേരകത്ത് ഒരു പുതിയ ബ്രാഞ്ച് തുടങ്ങാൻ അപേക്ഷിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ല. ഓണക്കാലത്ത് മാവേലിസ്റ്റോറുകൾ, ഓണച്ചന്തകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുപുറമെ മിതമായ വിലക്ക് തുണിത്തരങ്ങൾ വില്ക്കുന്ന ഒരു സ്ഥിരം സ്റ്റോറും ബാങ്കിൻെറ കീഴിൽ നിലവിലുണ്ട്.

കെട്ട്തെങ്ങ് സ്ഥിരം വായ്പാകെണിയിൽനിന്നും സാധാരണക്കാരെ രക്ഷിച്ച ഈ ബാങ്ക് വർഷങ്ങളായി ക്ലാസ് 'I'ലും ഓഡിറ്റ് ക്ലാസ് 'A'യിലുമാണ് പ്രവർത്തിച്ചുവരുന്നത്. സ്വയം തൊഴിലിനുവേണ്ടി 9 1/2 ലക്ഷം രൂപയടക്കം മൊത്തം 6 കോടിയിലധികം രൂപയാണ് കഴിഞ്ഞവർഷം ഈ ബാങ്ക് വായ്പ കൊടുത്തത്. ജില്ലാ സഹകരണബാങ്കിൻെറ വായ്പകൾ ഒന്നുംതന്നെ ഇല്ലാതെ സ്വന്തം ഫണ്ട് ഉപയോഗിച്ചുകൊണ്ട് വായ്പകൾ നൽകുന്ന, നിലവിൽ 5350 മെമ്പർമാരുള്ള ഈ ബാങ്കിൽ സെക്രട്ടറിയടക്കം 21 ജീവനക്കാരുണ്ട്.

## പേരകം സർവ്വീസ് സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിൻെറ പേർ : പേരകം സർവ്വീസ് സഹകരണബാങ്ക്
2. പ്രവർത്തനപരിധി : പേരകം, കാവീട്, പുത്തംമ്പല്ലി, വാഴപ്പുള്ളി, താമരയൂർ.
3. ക്രെഡിറ്റ്/നോൺക്രെഡിറ്റ് : ക്രെഡിറ്റ്
4. പ്രവർത്തനം ആരംഭിച്ച വർഷം : 1922ൽ
5. ആകെ അംഗങ്ങൾ : 5350
6. ഒരു ഓഹരിയുടെ വില : 10 രൂപ
7. അംഗീകൃത മൂലധനം : 20 ലക്ഷം
8. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം : 20,19,213 രൂപ
9. സർക്കാർ ഓഹരിയുണ്ടോ? : ഉണ്ട്
10. ഉണ്ടെങ്കിൽ ലഭിച്ച തുക : 23,400 രൂപ
11. പരമാവധി കടം എടുക്കാവുന്ന തുക : 11 കോടി രൂപ

## II. പൊതുജനങ്ങളിൽനിന്ന് സ്വീകരിച്ച നിക്ഷേപങ്ങൾ

a. സ്ഥിരനിക്ഷേപങ്ങൾ : Rs/- 35651010
b. ഹ്രസ്വകാലനിക്ഷേപങ്ങൾ : Rs/- 6610032

## III. നല്കിയിട്ടുള്ള വായ്പകൾ

a. കാർഷികവായ്പകൾ

| ഇനം | തുക |
|---|---|
| 1. തെങ്ങുകൃഷി കേഷ് A | : Rs/- 127723 |
| വളം B | : Rs/- 28677 |
| 2. കാർഷിക മധ്യകാലം | : Rs/- 76435 |

b. മറ്റു വായ്പകൾ

| ഇനം | തുക |
|---|---|
| 1. സാധാരണവായ്പ | : Rs/- 235500 |
| 2. മധ്യകാലവായ്പ | : Rs/- 5138000 |

c. പ്രത്യേകവായ്പകൾ

| ഇനം | തുക |
|---|---|
| 1. IRDP | : Rs/- 43350 |
| 2. Self Employment | : Rs/- 5783 |

IV. സ്ഥാപനങ്ങളിൽനിന്ന് സ്വീകരിച്ച വായ്പകൾ :- ഇല്ല

V. നല്കിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടു കിട്ടുവാനുള്ളവ :-

| വായ്പാസ്വഭാവം | തുക |
|---|---|
| 1. കാർഷികവായ്പ A | : Rs/- 13080 |
| 2. കാർഷികവായ്പ B | : Rs/- 3200 |
| 3. സാധാരണവായ്പ | : Rs/- 150150 |
| 4. മധ്യകാലവായ്പ | : Rs/- 146557 |
| 5. IRDP വായ്പ | : Rs/- 19529 |
| 6. കാർഷിക മധ്യകാലം | : ------ |

205

## സ്ഥാപനത്തിൻെറ ചെലവുകൾ

1. എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജ് : Rs/- 301360
2. കണ്ടിജൻസീസ് : Rs/- 1346990

## വായ്പാസഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. വളം വിൽപ്പന
2. തുണിത്തരങ്ങളുടെ വിൽപ്പന
3. പച്ചില - വിള വിത്തുകളുടെ വിൽപ്പന
4. ഓണക്കാലത്ത് മാവേലി സ്റ്റോറുകൾ
5. ഓണച്ചന്തകൾ കാലാകാലങ്ങളായി നടത്തിവരാറുണ്ട്.
6. IRDP വായ്പ നല്കുകയും സ്വയം തൊഴിൽ വായ്പ നടത്തുകയും ചെയ്യാറുണ്ട്.

കൂടാതെ വസ്തുപണയ വായ്പ്പകളും, ഹയർ പർച്ചേയ്സ്, സാധാരണവായ്പ എന്നീ വായ്പകളും കൊടുത്തു വരാറുണ്ട്.

ഈ ബാങ്കുകൾക്കുപുറമെ ഒരു പട്ടികജാതി സഹകരണസംഘം കൂടി ഈ പഞ്ചായത്തിൽ സ്ഥാപിതമായിട്ടുണ്ട്. കാരയൂർ, കാവീട് ദേശത്ത് സ്ഥിചെയ്യുന്നു ഈ സ്ഥാപനം "ചെരുപ്പ് വ്യവസായം" സഹകരണാടിസ്ഥാനത്തിൽ നടത്തി വരുന്നു.

കൂടാതെ ഈ പഞ്ചായത്തിൽ അർബൻ ബാങ്കിൻെറ ഒരു ബ്രാഞ്ച് കോട്ടപ്പടി ജംഗ്ഷനിലും, ചാവക്കാട് റൂറൽ ബ്രാഞ്ച് തമ്പുരാൻപടിയിലും സ്ഥിതിചെയ്യുന്നു. ഇതിനുപുറമെ സ്വകാര്യപണമിടപാട് സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. ഈ സ്വകാര്യസ്ഥാപനങ്ങളുടെ കടന്നാക്രമണം പൊതുജനങ്ങളെ സാമ്പത്തികമായും, സാമൂഹികമായും ചൂഷണം ചെയ്യുന്നു.

## നിർദ്ദേശങ്ങൾ

1. ഒട്ടേറെ ചെറുകിട വ്യവസായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി വാർഡുകൾതോറും ഓരോ സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതുണ്ട്.
2. ക്ഷീരോൽപാദന സഹകരണസംഘങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതും, ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കാൻ കാലിത്തീറ്റയും മറ്റും സഹകരണാടിസ്ഥാനത്തിൽ വിതരണം ചെയ്യുക.
3. കേരകർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി സഹകരണാടിസ്ഥാനത്തിൽ നാളികേരം സംഭരിച്ച്, വിപണി കണ്ടെത്തുന്ന തോടൊപ്പം യന്ത്രവൽക്കരണ സാമഗ്രികൾ സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കണം.
4. വളം, കീടനാശിനി എന്നിവ ആദായകരമായ വിലക്ക് നൽകുന്നതോടൊപ്പംതന്നെ സാധാരണക്കാർക്ക് വേണ്ടത്ര ലോണുകൾ ഇനിയും കുറഞ്ഞ പലിശനിരക്കിൽ നൽകുകയും, തിരിച്ചടവിൻെറ കാലാവധി നീട്ടിക്കൊടുക്കുകയും വേണം.
5. പഞ്ചായത്തിൽ നിലനിന്നിരുന്ന പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ വേണ്ട സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സഹകരണസംഘങ്ങൾ വഴി ലഭ്യമാക്കേണ്ടതാണ്.

സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഫലമായി ചെറുകിട വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ കഴിയും. വ്യവസായ സഹകരണസംഘങ്ങൾ, മാർക്കറ്റിങ് സഹകരണസംഘങ്ങൾ, ഉപഭോക്തൃസഹകരണസംഘങ്ങൾ മത്സ്യസഹകരണസംഘങ്ങൾ എന്നിങ്ങനെയുള്ള സഹകരണസംഘങ്ങൾ പഞ്ചായത്തുതോറും സ്ഥാപിക്കുന്നതുമൂലം സാധാരണജനങ്ങൾക്ക് അവരുടെ തൊഴിൽസംരംഭങ്ങൾ നഷ്ടപ്പെടാതെയും അതുവഴി സാമൂഹ്യാഭിവൃദ്ധി കൈവരിക്കാനും സാധിക്കും.

ഈ രംഗങ്ങളിലെ ഫലപ്രദമായ ഇടപെടലിന് ഏറ്റവും ശക്തമായ ഉപാധിയായി സഹകരണമേഖലയെ ഉപയോഗപ്പെടുത്തുകയും അതുവഴി സഹകരണസംഘങ്ങൾ നാടിൻെറ നന്മക്കും ഗ്രാമങ്ങളുടെ വളർച്ചക്കും നിതാനമാകട്ടെ !

# ഗ്രാമസഭകളിൽനിന്നും വന്ന നിർദ്ദേശങ്ങൾ

1. പൂക്കോട്, വടക്കേകാട്, പുന്നയൂർ എന്നീ പഞ്ചായത്തുകളിൽ ഉള്ള 100 ഹെക്ടറോളം വരുന്ന പാടശേഖരങ്ങളിൽ വളരുന്ന കെടങ്ങ്, പോട്ട, 'ചെല്ലി' എന്നീ പാഴ്ചെടികൾ നശിപ്പിച്ച്, ഉപ്പുങ്ങൽ കോൾ നിലത്തുനിന്നും പാഴായിപോകുന്ന വെള്ളം ഒരു കനാൽ കെട്ടി മേൽപറഞ്ഞ പ്രദേശത്തേക്ക് കൊണ്ടുവന്നാൽ ടി പഞ്ചായത്തുകളിലെ ഒരുപ്പുനിലങ്ങൾ ഇരിപ്പു നിലങ്ങളാക്കി മാറ്റി പുഞ്ചകൃഷി നടത്തുന്നതോടൊപ്പംതന്നെ തെങ്ങ് കൃഷിയ്ക്കുള്ള ജലസേചന സൗകര്യങ്ങളും ലഭ്യമാക്കാം.

2. ഈ പഞ്ചായത്തിൻെറ മൊത്തം ഉൽപ്പാദനത്തിൽ മുക്കാൽ ശതമാനത്തിലേറെ വരുന്ന നാളികേരം സംഭരിച്ച് കൊപ്ര വ്യവസായം തുടങ്ങാം. ഇതിനോടനുബന്ധമായി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പന്നങ്ങളുടെ വ്യവസായവും, കൂടാതെ സോപ്പു നിർമ്മാണത്തിന് ആവശ്യമായ വെളിച്ചെണ്ണയും ലഭ്യമാക്കാം. ഇതിനുപുറമെ 'നാളികേരവെള്ളം' ഉപയോഗിച്ചുകൊണ്ട് ശീതളപാനീയം നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് രൂപം നൽകാം. ചിരട്ടയിൽ നിന്നും 'കരകൗശല' സാമഗ്രികളുടെ ഒരു നിർമ്മാണയൂണിറ്റിനും സാദ്ധ്യതയുണ്ട്. ഇതിനെല്ലാം പുറമെ കാലിത്തീറ്റയുടെ നിർമ്മാണത്തിന് ഏറ്റവും ആവശ്യഘടകമായതും, അഭ്യന്തരമായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതുമായ കൊപ്രപ്പിണ്ണാക്കും മറ്റ് ലഭ്യമായ പ്രാദേശികവിഭവങ്ങളും ഉപയോഗിച്ചുകൊണ്ട് ഒരു കാലിത്തീറ്റ നിർമ്മാണയൂണിറ്റും തുടങ്ങാം. പരസ്പര ബന്ധങ്ങളായ ഈ വ്യവസായ യൂണിറ്റുകൾ പ്രാവർത്തികമാകാൻ ഒരു ''മിനി ഇൻറസ്ട്രിയൽ'' എസ്റ്റേറ്റ് തുടങ്ങാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ഈ പഞ്ചായത്തിൽ ലഭ്യമാക്കണം. ഇതിൻെറ ഭാഗമായി അഭ്യസ്തവിദ്യരായ കുറെ തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കും.

3. പടിഞ്ഞാറൻ അറബിക്കടലിനോട് തോളുരുമ്മി സ്ഥിതിചെയ്യുന്ന ഒരു തീരപ്രദേശമായ ഈ പഞ്ചായത്തിൽ ചെമ്മീൻ തുടങ്ങിയ മത്സ്യകൃഷി നടത്താൻ ആവശ്യമായ തോടുകളും, കുളങ്ങളും, ചതുപ്പുനിലങ്ങളുമുണ്ട്. ഈ ശ്രോതസ്സുകളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ആധുനിക മത്സ്യസംസ്ക്കരണ ശാലകളുടെ നിർമ്മാണത്തിലൂടെ മത്സ്യവ്യവസായ യൂണിറ്റിന് രൂപം നൽകാം.

4. തീരദേശ ഭൂപ്രകൃതിയുള്ള ഈ പഞ്ചായത്തിൽ കുടിവെള്ളപ്രശ്ന(ഉപ്പുവെള്ളം)ത്തിൻെറ രൂക്ഷത കണക്കിലെടുത്ത് എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ വഴി ശുദ്ധജല വിതരണം നടത്തുക.

## പൊതുനിർദ്ദേശങ്ങൾ

1. കോളനി നിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനുതകുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.
2. പഞ്ചായത്തിലെ റോഡുകളുടെ നിലവിലുള്ള ശോചനീയാവസ്ഥ പരിഹരിക്കുക.
3. പഞ്ചായത്തിന് പൊതുമാർക്കറ്റ്, പൊതു അറവുശാല എന്നിവ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
4. പഞ്ചായത്തിലെ ഏക തീർത്ഥാടനകേന്ദ്രമായ ലോകപ്രശസ്തി നേടിയ ആനത്താവളത്തിൽനിന്നും ഉൽഭവിക്കുന്ന മാലിന്യങ്ങളിൽനിന്നും പരിസരനിവാസികളെ രക്ഷിക്കുകയും, അതിനോടൊപ്പംതന്നെ വിനോദസഞ്ചാരികളുടെ സൗകര്യം കണക്കിലെടുത്ത് ആനത്താവളത്തിലേക്കുള്ള റോഡ്, വെളിച്ചം തുടങ്ങിയവയുടെ സൗകര്യങ്ങൾ ആധുനികവൽക്കരിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുക.
5. തീരദേശ നിവാസികളെ വികസനത്തിൻെറ പാതയിലേക്ക് നയിക്കാൻ ഉതകുന്ന തീരദേശ റെയിൽവെ പദ്ധതിയെ പ്രോത്സാഹിപ്പിക്കുക.
6. പഞ്ചായത്തിൻെറ സ്ഥാപനങ്ങളായ പ്രൈമറി ഹെൽത്ത് സെൻറർ, വെറ്ററിനറി ഹോസ്പിറ്റൽ, കൃഷിഭവൻ എന്നിവയുടെയും അംഗൻവാടികളുടേയും നിലവിലുള്ള കെട്ടിട ദൗർലഭ്യം പരിഹരിക്കുക.
7. പഞ്ചായത്തിൻെറ നിലവിലുള്ള സാംസ്ക്കാരികനിലയത്തിൻെറ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതോടൊപ്പം പഞ്ചായത്തിൻെറ സാംസ്ക്കാരിക പൈതൃകം മെച്ചപ്പെടുത്താൻ ഉതകുന്ന മറ്റു സാംസ്ക്കാരിക നിലയങ്ങൾക്ക് രൂപം നൽകുക.
8. പഞ്ചായത്തിലെ പൊതുജനാരോഗ്യം പരിഗണിച്ച് ''വീടൊന്നിന് ഒരു കക്കൂസ്'' എന്ന ലക്ഷ്യം നിറവേറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
9. പഞ്ചായത്തിൻെറ സാമൂഹ്യക്ഷേമത്തിൻെറ ഭാഗമായി ഒരു കമ്മ്യൂണിറ്റിഹാളും ഒരു സിനിമാശാലയും ആരംഭിക്കുക.

# അധികാരം ജനങ്ങളിലേക്ക്
## ഒമ്പതാം പദ്ധതി ജനകീയപദ്ധതി

Printed at Jhonson Offsets.,
Cover . Zinola Advertising


## ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി



# പുന്നയൂർ ഗ്രാമ പഞ്ചായത്ത്

# പ്രഥമ വികസന റിപ്പോർട്ട്

# പുന്നയൂർ ഗ്രാമ പഞ്ചായത്ത് മാപ്പ്



# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**ജനറൽ കൺവീനർ – ഐ. പി. രാജേന്ദ്രൻ.**

1. കെ. സി. കെ. പണിക്കർ
2. സി. കെ. രാഘവൻ മാസ്റ്റർ
3. സി. കെ. അബു.
4. സി. ടി. മുഹമ്മദാലി.
5. പി. കെ. ഹൈദർ.
6. വി. യം. അബ്ദുൾ സലാം.
7. ടി. കെ. ബാലൻ.
8. ആലത്തയിൽ ആലിക്കുട്ടി.
9. അബൂബക്കർ. ടി.
10. ഹംസക്കുട്ടി. കെ. സി.
11. ആമി ഹസ്സൻ.
12. ജലീൽ. എം. വി.
13 ഉമ്മർ. എ. വി.
14. ആർ. പി. മുഹമ്മദുണ്ണി.
15. മുഹമ്മദ് ഫറൂക്കി. എൻ.
16. വിജയൻ. ടി. എ.
17. ഫാത്തിമ്മ മുഹമ്മദുണ്ണി.
18. സുരേന്ദ്രൻ. ടി.
19. മുഹമ്മദ്. എ.
20. കെ. അബു.
21. അബ്ദുൾ റസാക്ക്. എ. വി.
22. മനോഹരൻ. കെ. സി.
23. എം. ബി. ഹൈദരാലി.
24. മുഹമ്മദാലി. പി.
25. വിജയൻ. ഇ. എസ്.
26. ഉഷ ചക്കരാത്ത്.
27. അബ്ദുള്ള. വി. പി. (Retd BDO)
28. ശ്രീദാസ്.
29. ഐ. പി. രാജേന്ദ്രൻ.
30. മജീദ്. കെ. കെ.
31. ഷൺമുഖൻ. കെ. എ.
32. അമ്മുകുഞ്ഞൻ.
33. അസീസ്. എം. കെ.
34. അപ്പുണ്ണി. എ. കെ.
35. വി. കെ. വേലായുധൻ.
36. ജമാലുദ്ദീൻ മാസ്റ്റർ.
37. ഗീത ടീച്ചർ.
38. ആർ. പി. മൊയ്തുട്ടി.

# ഇവർ ഭരണ സാരഥികൾ



**ആർ.പി. മൊയ്തുട്ടി**
പഞ്ചായത്ത് പ്രസിഡണ്ട്
12-ാം വാർഡ് മെമ്പർ



**പി.കെ. ഹൈദർ**
വൈസ് പ്രസിഡണ്ട്
1-ാം വാർഡ് മെമ്പർ



**ആർ.പി. മുഹമ്മതുണ്ണി**
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
4-ാം വാർഡ് മെമ്പർ



**ഐ.പി. രാജേന്ദ്രൻ**
കൺവീനർ-ജനകീയാസൂത്രണം
9-ാം വാർഡ് മെമ്പർ



**എം.വി. ഹൈദ്രാലി**
7-ാം വാർഡ് മെമ്പർ



**വി.കെ. വേലായുധൻ**
11-ാം വാർഡ് മെമ്പർ



**എ. ആലിക്കുട്ടി**
2-ാം വാർഡ് മെമ്പർ



**കെ. അബു**
6-ാം വാർഡ് മെമ്പർ



**ഫാത്തിമ മുഹമ്മതുണ്ണി**
5-ാം വാർഡ് മെമ്പർ



**ഉഷാ മാധവൻ**
8-ാം വാർഡ് മെമ്പർ



**ആമി ഹസ്സൻ**
3-ാം വാർഡ് മെമ്പർ



**എ.കെ. അമ്മു കുഞ്ഞൻ**
10-ാം വാർഡ് മെമ്പർ

*അധികാരം ജനങ്ങൾക്ക് നൽകികൊണ്ട് ഒമ്പതാം പഞ്ചവത്സര പദ്ധതി നാടിന്റെ വികസന പ്രക്രിയയുടെ ഭാഗധേയത്വം ജനങ്ങളുടെ കൈകളിലേൽപ്പിച്ചു കൊണ്ട് നടപ്പാക്കുകയാണ്. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ നാമൊന്നായി ഒറ്റമനസ്സോടെ അണിനിരന്ന് ഈ ദൗത്യം ഏറ്റെടുത്ത് നടപ്പാക്കുന്നതിന് വേണ്ടി ഒരു വികസന റിപ്പോർട്ട് തയ്യാറാവുന്നു. ഈ റിപ്പോർട്ട് നമുക്കേവർക്കും വേണ്ടി, ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ വീരേതിഹാസങ്ങൾ രചിച്ച്, വൈദേശിയ-സാമ്രാജ്യത്വത്തിന്നെതിരെ പോരാടിയ-ആത്മാർപ്പണം ചെയ്ത-ധീരദേശാഭിമാനികൾക്കു വേണ്ടി സമർപ്പിച്ചു കൊള്ളട്ടെ.*

ചീഫ് എഡിറ്റർ.
**ഐ. പി. രാജേന്ദ്രൻ.**

സബ് എഡിറ്റർ.
**സി. വേണു ഗോപാലൻ.**

എഡിറ്റോറിയൽ സ്റ്റാഫ്.
**ഉഷാ മാധവൻ.**
**കെ. അബു.**
**എ. ആലിക്കുട്ടി.**

213

# ഉള്ളടക്കം

ആമുഖം

പൊതുവിതരണം

സാമൂഹ്യ സംസ്ക്കാരിക ചരിത്രം.

കൃഷിയും ജലസേചനവും.

വിദ്യാഭ്യാസം.

വ്യവസായം.

മൃഗസംരക്ഷണം.

മത്സ്യബന്ധനം.

ഗതാഗതം - ഊർജ്ജം - മാർക്കറ്റ്.

കുടിവെള്ളം - പൊതുജനാരോഗ്യം.

പാർപ്പിടം, സാമൂഹ്യക്ഷേമം.

വനിത.

പട്ടികജാതി ക്ഷേമം.

സഹകരണം.

സംസ്ക്കാരം.

കായികം.

വിഭവസമാഹരണം.

പൊതുവിതരണം.

ഉപസംഹാരം.

# ആമുഖം

വൈദേശിക-സാമ്രാജ്യത്വ ശക്തികളുടെ കാൽച്ചുവട്ടിൽ അടിമച്ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് നൂറ്റാണ്ടുകളോളം ചതച്ചരക്കപ്പെട്ടുകിടന്നിരുന്ന ഭാരതം ആ അടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞ് സ്വാതന്ത്ര്യം നേടി നാൽപത്തിയൊമ്പതാണ്ടുകൾ പിന്നിട്ടിരിക്കയാണ്. ഇവിടെ എട്ടുപഞ്ചവത്സരപദ്ധതികൾ പൂർത്തിയാക്കിക്കഴിഞ്ഞിരിക്കയാണ്. ഈ പദ്ധതികളെല്ലാംതന്നെ ആസൂത്രണവും അധികാരവും മുകളിൽ നിന്നും താഴെ അടിച്ചേൽപ്പിക്കുന്ന വിധത്തിലായിരുന്നു. ഭാരതത്തിൻെറ തലസ്ഥാനനഗരിയിലിരുന്ന് നടപ്പിലാക്കിയ ഈ ആസൂത്രണങ്ങൾ താഴെത്തട്ടിലുള്ള ജനജീവിതത്തിൻെറ ആവശ്യങ്ങൾക്ക് പരിഹാരം കാണപ്പെടുന്നതരത്തിലായിരുന്നില്ല. നാട്ടിമ്പുറങ്ങളുടെ ഉൾത്തുടിപ്പറിയാത്ത പദ്ധതിയാവിഷ്ക്കരണങ്ങൾ അപൂർണ്ണവും തികച്ചും അശാസ്ത്രീയവുമായിരുന്നു. അതുകൊണ്ടുതന്നെ വികസനം എത്തേണ്ടിടങ്ങളിൽ ഇന്നേവരെ എത്തിച്ചേർന്നതുമില്ല.

ഈ അപൂർണ്ണതക്ക് - അശാസ്ത്രീയതക്ക് പരിഹാരം കണ്ടെത്താനാണ് കേരളം, 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കുന്നത്. നിലവിലുള്ള ആസൂത്രണ പ്രസ്ഥാനത്തിൻെറ ദിശമാറ്റി താഴെ തട്ടിൽ നിന്നും ആസൂത്രണം മേൽ തട്ടിലേക്കു മാറ്റുന്ന സമ്പ്രദായം, ആസൂത്രണരംഗത്ത് ജനപങ്കാളിത്തം ഉറപ്പുവരുത്തികൊണ്ടുള്ളതാണ്.

ഗ്രാമങ്ങളുടെ ഉൾത്തുടിപ്പുകൾ ഉൾക്കൊണ്ടുകൊണ്ട് അവരുടെ കൂട്ടായ്മയിലൂടെ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ അതാതിടങ്ങളിലെ വികസന രംഗത്തൊരു നൂതനാദ്ധ്യായം കുറിക്കുമെന്നത് തർക്കമറ്റ വസ്തുതയാണ്. പദ്ധതിവിഹിതത്തിൽ 40% പഞ്ചായത്ത് ഭരണസമിതികൾക്ക് നൽകുന്നതാണ് പ്ലാനിംഗ് ബോർഡിൻെറ തീരുമാനം. അതുകൊണ്ട്തന്നെ ഭാരിച്ച ഉത്തരവാദിത്വങ്ങളും ചുമതലകളുമാണ് ഭരണസമതികൾ ഏറ്റെടുത്ത് നടത്തേണ്ടത്. ഗ്രാമസഭകളിലവതരിപ്പിക്കപ്പെട്ട മോഹങ്ങൾ സാക്ഷാൽക്കരിക്കപ്പെടണമെങ്കിൽ മുന്നിലുള്ള സാധ്യതകളെ മുഴുവൻ എങ്ങനെ പ്രയോജനപ്പെടുത്തി യാഥാർത്ഥ്യമാക്കാം എന്നാണ് ഭരണസമിതിയേറ്റടുക്കേണ്ട ദൗത്യം.

ഈ പുത്തൻ ആസൂത്രണ പ്രസ്ഥാനം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിന് പുതിയ മാനങ്ങൾ ഒരു പരിധിവരെ സൃഷ്ടിക്കാനുതകുന്നതാണ്. ജനകീയപങ്കാളിത്തത്തോടെയുള്ള വികസനപ്രവൃത്തികൾ കാര്യക്ഷമവും, കുറ്റമറ്റതും, തൃപ്തികരവും, അഴിമതിരഹിതവുമായിരിക്കുമെന്നതിൽ ആർക്കും യാതൊരു സംശയവുമില്ല. അധികാരി വർഗ്ഗത്തിൻേറയും, ചുവപ്പുനാടകളുടെയും ഇടയിലുള്ള ഇഴഞ്ഞു നീങ്ങുന്ന കാലതാമസം ഒഴിവാക്കാനും ഇത് സഹായകമാകും.

അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രവാക്യവുമായി 9-ാം പദ്ധതിയുടെ ഭാഗമായ ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ തുടക്കം പൂന്നയൂർ പഞ്ചായത്തിലാരംഭിക്കപ്പെട്ടത് 14-9-96............-ാംതിയ്യതി എടക്കഴിയൂർ സീതിസാഹിബ് മെമ്മോറിയൽ ഹൈസ്ക്കൂളിൽ വെച്ചുനടത്തപ്പെട്ട ഒന്നാം ഘട്ട ഏകദിന പഠനക്യാമ്പോടുകൂടിയാണ്. ആവേശം അല തല്ലിയ പ്രസ്തുത ക്യാമ്പിൽ125 പേർ പങ്കെടുത്തു. ക്ലാസ്സും ചർച്ചകളും സജീവമായിരുന്നു.

തുടർന്നു നടത്തപ്പെട്ട ഗ്രാമസഭകൾ എല്ലാം തന്നെ സജീവമായിരുന്നു. ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള വാർഡുകളിൽ നടത്തപ്പെട്ട ഗ്രാമസഭകളിൽ മൊത്തം പങ്കെടുത്തവർ 1195 പേരാണ്. ഇതിൽ സ്ത്രീകൾ മാത്രം 193 പേരുണ്ടായിരുന്നു. ഇതുകൂടാതെ 42 ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. ഗ്രാമസഭകൾ വിളിച്ചുചേർത്തതും ചേർന്നതും തികച്ചും ആർഭാടപൂർവ്വം തന്നെയായിരുന്നു. നാടുണർത്തിക്കൊണ്ട് ഒരു ഉണർത്തുപാട്ടെന്നോണം പ്രചാരണപ്രവർത്തനങ്ങൾ നാടെങ്ങും നടത്തപ്പെട്ടിരുന്നു. അതിൻെറ അലയടിഗ്രാമസഭകളിലെ ചർച്ചകളിലും, വികസനരേഖ തയ്യാറാക്കുന്നതിലും പ്രതിഫലിപ്പിക്കപ്പെട്ടു.

ജനകീയാസൂത്രണ പ്രസ്ഥാനം ഏറ്റെടുത്തുകൊണ്ട് നാളെയുടെ മോഹന സങ്കൽപ്പങ്ങൾക്ക് രൂപ്വും ഭാവവും പകർന്ന് യഥാർത്ഥതല്പങ്ങളിലേക്കാവാഹിക്കാനുള്ള കരുത്തോടെ - സന്നദ്ധതയോടെ ഒരു പുത്തൻ ഉണർവിൻെറ ഗാഥയുമായി നമുക്കീരംഗവേദിയിൽ ഒന്നിച്ചണിനിരക്കാം- ഒരു ദൃഢപ്രതിജ്ഞയെടുത്തുകൊണ്ട് - നാടിൻെറ വികസനം , നമ്മളിലുടെത്തന്നെയാവട്ടെ.

# പഞ്ചായത്തിൻെറ പൊതുവിവരണം

| | | |
|---|---|---|
| 1. പഞ്ചായത്തിൻെറ പേര് | - | പുന്നയൂർ പഞ്ചായത്ത് |
| 2. ഉൾപ്പെടുന്ന വില്ലേജുകൾ | - | 1. എടക്കഴിയൂർ. 2. പുന്നയൂർ. |
| 3. ബ്ലോക്ക് പഞ്ചായത്ത് | - | ചാവക്കാട് |
| 4. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - | 1. എടക്കഴിയൂർ. 2. പുന്നയൂർ |
| ജില്ല ഡിവിഷനും, മെമ്പറും | - | പുന്നയൂർ |
| 5. താലൂക്ക് | - | ചാവക്കാട് |
| 6. അസംബ്ലി മണ്ഡലം | - | ഗുരുവായൂർ |
| 7. ലോകസഭാ മണ്ഡലം | - | തൃശൂർ |
| 8. വിസ്തീർണ്ണം | - | 16.60 ച. കി.മീ. |
| 9. അതിരുകൾ | - | വടക്ക് : പുന്നയൂർക്കുളം പഞ്ചായത്ത് |
| | - | കിഴക്ക് : വടക്കേക്കാട്, പൂക്കോട് പഞ്ചായത്തുകൾ |
| | - | തെക്ക് : ചാവക്കാട് മുൻസിപ്പാലിറ്റി, പൂക്കോട് പഞ്ചായത്ത് |
| | - | പടിഞ്ഞാറ് : അറബിക്കടൽ |
| 10. ഭൂപ്രകൃതി | - | തീരസമതലം |
| 11. ജനസംഖ്യ | - | 33065 |
| പുരുഷന്മാർ | - | 16813 |
| സ്ത്രീകൾ | - | 16252 |
| 12. അക്ഷരാഭ്യാസമുള്ളവർ | - | 26008 |
| 13. സാക്ഷരത | - | 82. 6% |
| 14. വാർഡുകൾ | - | 12 |
| 15. പ്രസിഡൻറിൻെറ പേര് | - | ആർ. പി. മൊയ്തുട്ടി |
| 16. വൈസ് പ്രസിഡൻറിൻെറ പേര് | - | പി. കെ. ഹൈദർ |
| 17. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | - | ആർ. പി. മുഹമ്മദുണ്ണി |

# സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

പുരാണാവും, പുണ്യവും, ഐതിഹ്യവും, ചരിത്രവും സമജ്ജസമായ സാമൂഹിക, സാംസ്കാരിക പശാചാത്തലമാണ് പൂന്നയൂർ ഗ്രാമപഞ്ചായത്തിൻേറത്.

സാമൂതിരിയുടെ സാമന്തനായിരുന്ന പൂന്നത്തൂർ കോട്ടയുടെ ഭാഗമായിരുന്നു ഈ ഗ്രാമപ്രദേശം എന്നാൽ പൂന്നയൂർ അംശം പെരുമ്പടപ്പ് സ്വരൂപത്തിൻെറ വന്നേരി നാടിൻെറ ഭാഗമായിരുന്നു. കാലാന്തരത്തിൽ പെരുമ്പടപ്പ് സ്വരൂപം കൊച്ചി യിലേക്ക് ആസ്ഥാനം മാറ്റിയപ്പോൾ ഈ പ്രദേശങ്ങളും സാമൂതിരിയുടെ നെടിയിരുപ്പ് സ്വരൂപത്തിൻെറ ഭാഗമായി എന്നാൽ ഈ പ്രദേശത്തിൻെറ പൂർവ്വകാലചരിത്രം ലഭ്യമല്ലാത്തതിനാൽ അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിലാണ് ചരിത്രം എത്തി നിൽക്കുന്നത്. ടിപ്പുസുൽത്താൻെറ പടയോട്ടം ഈ ഗ്രാമത്തിൻെറ പടിഞ്ഞാറൻ നടക്കാവുകളിൽകൂടി കടന്നുവന്നപ്പോൾ പൂന്നത്തൂർ രാജവംശത്തിൻെറ സംരക്ഷകരായിരുന്ന എട്ടുവീട്ടിൽ പണിക്കന്മാരും ഹൈദ്രോസുകുട്ടിമൂപ്പരും ചോപ്പനാലിക്കുട്ടി യും കൂടി ഒരു പരിധി വരെ തടഞ്ഞു നിർത്തിയ കഥ വാമൊഴിയായി കേൾക്കുന്നു. നാട്ടുകാരുടെ ഇടയിൽ സാങ്കൽപിക കഥയായി ഇത് നിലനിന്നിരുന്നു.

രാജ്യമുപേക്ഷിച്ച് കാട്ടിലേക്ക് പോകേണ്ടിവന്ന ശ്രീരാമനും, സീതയും ലക്ഷ്മണനും കൂടി ഈ ഗ്രാമത്തിലെ പഞ്ചവടി എന്നസ്ഥലത്ത് എത്തിയെന്ന കെട്ടുകഥയും നിലവിലുണ്ട്. മഹാഭാരതയുദ്ധത്തിൽ തേർ തെളിക്കുന്നതിനുവേണ്ടി ഉണ്ടാ ക്കിയ തേർച്ചാലുകളാണെത്രെ പടിഞ്ഞാറൻ ചാലുകൾ എന്നും ധരിക്കുന്നുണ്ട്. പഞ്ചവടി പിതൃകർമ്മത്തിന് വിശേഷപ്പെട്ട പുണ്യസ്ഥലമായതിനാൽ മറ്റു സ്ഥലങ്ങളിൽ നിന്നും ധാരാളം വിശ്വാസികൾ വന്നു പോകുന്നു.

അതിപുരാതന കാലത്തുതന്നെ സ്ഥാപിതമായതും കേരളത്തിലെ പ്രശസ്തവുമായ മുസ്ലീം ദേവാലയങ്ങൾ ഈ ഗ്രാമത്തിലുണ്ട് . മന്ദലംകുന്ന്, എടക്കഴിയൂർ പള്ളികളാണിവ. സത്യത്തിന് വളരെ പ്രധാന്യം കെടുത്തു കൊണ്ട് എല്ലാ മത വിഭാഗക്കാരും ഒരുപോലെ വിശ്വസിച്ചുവരുന്ന എടക്കഴിയൂർ പള്ളിയിലേക്ക് ദൂരദിക്കുകളിൽ നിന്നും വിശ്വാസികൾ എത്തി കൊണ്ടിരിക്കുന്നു. ഇത് ഈ ഗ്രാമത്തിൻെറ സത്യസന്ധതയെ സംപുഷ്ടമാക്കാൻ എറെ സഹായിച്ചിട്ടുണ്ട്. സ്ക്കോട്ട്ലൻറു ക്കാരനായ മിസിൽട്ടൻ സായ്വ് എടക്കഴിയൂർ പഞ്ചവടിയിൽ എത്തി പുകയില കൃഷി പരീക്ഷിക്കുകയും പരാജയപ്പെട്ടതും തോട്ടക്കാരൻ സായ്വ് എന്നപേരിൽ അദ്ദേഹം അറിയപ്പെട്ടതും ഗ്രാമ ചരിത്രത്തിൻെറ ഭാഗമാവുന്നു.

ബ്രീട്ടിഷ് ആധിപത്യക്കാലത്ത് കനോലികനാലിലെ ഉപ്പു വെള്ള ഭീഷിണിക്കെതിരേ ശ്രീ മുത്തുകൃഷ്ണയ്യരുടെ നേതൃ ത്വത്തിൽ ബ്രീട്ടിഷ് കളക്ടർക്കെതിരേ കർഷകസമരം നടത്തി നേടിയെടുത്തതാണ് ഇന്നുള്ള ചേറ്റുവ വെളിയംക്കോട് ലോ ക്കുകൾ. ഓരോ ചീർപ്പിന്നും പതിനെണ്ണായിരം രൂപ വീതം നേടിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. പീന്നിട് ഒരിക്കലും ഈ ലോക്കുകൾ പുനർ നിർമ്മിക്കാത്തതിൻെറ ദുരന്തഫലം ഇന്നും അനുഭവിക്കുന്നു. ഇതിനു മുൻക്കൈയെടുത്ത മുത്തു കൃഷ്ണയ്യരുടെ കൃഷി സ്ഥലത്തെ പട്ടരുടെ കെട്ട് എന്നപേരിൽ ഇന്നും പറഞ്ഞു വരുന്നു.

പുരോഗമനപ്രസ്ഥാനം രൂപം കൊണ്ടിരുന്ന 1930 കളിൽ ഈഗ്രാമത്തിൻെറ ഭാഗമായ കൂരഞ്ഞിയൂരിലെ അമ്പലനടയിൽ ഒന്നാം കർഷകസമ്മേളനം ഇ.പി. കൃഷ്ണക്കുട്ടി പണിക്കരുടെ സ്മാരകനഗറിൽ നടത്തുകയും മലയാള ത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകമായ കെ. ദാമോദരൻെറ "പാട്ടബാക്കി" എന്നനാടകം അരങ്ങേറുകയുണ്ടായി ഒരൊറ്റ രാത്രി കൊണ്ട് വൈലത്തൂർ കടലായി മനയിലിരുന്ന്കൊണ്ട് എഴുതിയതാണീ നാടകം എന്ന് അതിൽ അഭിനയിക്കാൻ ഭാഗ്യ മുണ്ടായ കെ. സി. കെ. പണിക്കർ ഓർമ്മിക്കുന്നു. ഈസമ്മേളനത്തിൽ ഇ. എം.എസ്, എ. കെ. ജി, കെ.പി.ആർ എന്നിവർ പ ങ്കെടുത്തിരുന്നു.

ഈ കാലഘട്ടത്തിൽ തന്നെ വലപ്പാട് സഖാവ് കൂർമ്മയ്യയുടെ അദ്ധ്യക്ഷതയിൽ നടന്ന ഹരിജൻ സമ്മേള്ളനത്തിൽ ഇന്നാട്ടിൽ നിന്നും കർഷകത്തൊഴിലാളികൾ കാൽനടയായി പോയി പങ്കെടുത്തിരുന്നു. ഇതിനെ പറ്റി രസരമായ ഒരു കഥ അന്നത്തെ ഈ വിഭാഗത്തിൻെറ അറിവില്ലായ്മയിലേക്കും, പട്ടിണിയിലെക്കും വിരൽ ചൂണ്ടുന്നു. സമ്മേളനത്തിൽ ഉച്ചഭാ ഷിണി ഉണ്ടായിരിക്കും എന്ന മുന്നറിയിപ്പിനെ ഉച്ചഭക്ഷണം എന്ന് ധരിച്ച് പോകാനിടയായ പലരും ഇന്ന് ജീവിച്ചിരിപ്പുണ്ട്.

സ്വാതന്ത്ര്യ സമരത്തിലും, ഗുരുവായൂർ സത്യാഗ്രഹത്തിലും ഇന്നാട്ടുക്കാർ സജീവമായി പങ്കെടുത്തിരുന്നു. എടക്കഴിയൂർ, പുന്നയൂർ വില്ലേജുകളിലായി രണ്ട് അധികാരിമാരായിരുന്നു ഭരണം നിയന്ത്രിച്ചിരുന്നത്. എടക്കഴിയൂരംശം ഇടക്കോട്ട് കുടുബക്കാരും, പുന്നയൂർരംഗം കൊടമന കുടുംബവുമാണ് അധികാരിമാനായിരുന്നത്.

തൊഴിൽ നിഷേധത്തിനെതിരെ 1969 - 70 കാലഘട്ടത്തിൽ കുരഞ്ഞിയൂർ അധികാരിയുടെ വീട്ടിൽ തുടങ്ങിയ തൊഴിലാളി സമരം അക്രമാസക്തമാവുകയും പ്രദേശത്തെ മുഴുവൻ സംഘർഷഭരിതമാക്കുകയും ഉണ്ടായി . എന്നാൽ ഈ കുരഞ്ഞിയൂർ ഗ്രാമത്തിലെ ഹരിജനങ്ങൾ വീടും, സ്ഥലവുമുപേക്ഷിച്ച് മാറിപോകേണ്ടി വന്നു. നിസ്സാരപ്രശ്നത്തിൻെറ പേരിൽ ഇത്രയും വലിയ കുഴപ്പങ്ങൾ ഉണ്ടാക്കിയതിൻെറ പിന്നിൽ പ്രവർത്തിച്ചവർക്ക് ഇതിൽ നിന്നും എന്തുനേട്ടമുണ്ടായിയെന്നും ഏതെങ്കിലും രാഷ്ട്രീയകക്ഷിയുടെ നിലനിൽപ്പിന്നു വേണ്ടിയായിരുന്നോയെന്നും, ഇന്നും ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുന്നു.

1975 ൽ എടക്കഴിയൂർ ഹൈസ്ക്കൂളിൽ നടന്ന വിദ്യാർത്ഥി സമരം ഈ ഗ്രാമത്തിൻെറ ചരിത്രത്തിൻെറ ഭാഗമാണ്. മതസൗഹാർദ്ദത്തിന് ഏറെ പ്രശസ്തമായ ഈ ഗ്രാമത്തിൽ കൊല്ലത്തിൽ കുഴിങ്ങര എന്ന സ്ഥലത്തുവെച്ച് വർഗ്ഗീയ സംഘട്ടനം ആരംഭിക്കുകയും ഒരാളുടെ മരണത്തിന് കാരണമാവുകയും ചെയ്തു.

അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും നിറഞ്ഞു നിന്നിരുന്ന ഈ പ്രദേശത്തെ ഭൂരുഭാഗം ഭൂവുടമകളും സവർണ്ണ വിഭാഗക്കാരായിരുന്നു. കൊളംമ്പിലേക്കും, തുടർന്ന് മലയേഷ്യയിലേക്കും ഇന്നാട്ടുക്കാർ ജോലി അനേഷിച്ച്, യാത്ര തുടങ്ങിയതിനുശേഷമാണ് മറ്റു വിഭാഗങ്ങൾക്ക് സ്വന്തമായി ഭൂമി കൈവശം വന്നു ചേർന്നത്. ഗൾഫ് മേഖല പുഷ്ടിപ്പെട്ടതോടെ സ്വന്തമായി ഭൂമിയുള്ളവരുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ട്.

പുരാതനകാലം മുതൽ വിദ്യാഭ്യാസത്തിന് കാര്യമായ പ്രധാന്യം കൊടുത്തിരുന്നു. നിലവിവുള്ളതും ഇടക്ക് വെച്ച് പ്രവർത്തനം നിലച്ചതുമായ നിരവധി പ്രൈമറി സ്ക്കൂളുകൾ ഈഗ്രാമത്തിലുണ്ടായിട്ടുണ്ട്. കുടി പള്ളിക്കൂടങ്ങളും, എഴുത്തുപള്ളികളും, ഓത്തുപള്ളികളും വളരെ മുൻപുതന്നെ ഇവിടെ ആരംഭിച്ചിരുന്നു. ജാതിവ്യവസ്ഥയുടെ ഇരുണ്ട അദ്ധ്യായത്തിലേക്ക് വെളിച്ചം വീശാൻ ഈ വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

1920 കളിൽ തന്നെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രവർത്തനമാരംഭിച്ചിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ഒരു യുവനിര തന്നെ ഈ ഗ്രാമത്തിലുണ്ടായിരുന്നു.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ആരംഭകാലത്ത് തന്നെ ഈ ഗ്രാമദ്രേശത്ത് സജീവപ്രവർത്തനവും സമ്മേളനങ്ങളും നടന്നുവെങ്കിലും കാര്യമായ ചലനം ഉണ്ടാക്കാൻ പീന്നിട്ടുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്ന് തോന്നുന്നു.

ഇന്ത്യൻയൂണിയൻ മുസ്ലീംലീഗ് ഒരു പ്രബല രാഷ്ട്രീയ ശക്തിയായി സ്വാതന്ത്യത്തിനു മുമ്പുതന്നെ പ്രവർത്തനം തുടങ്ങിയിരുന്നു.

# പഞ്ചായത്ത് ചരിത്രം 1

പഴയ മലബാർ ഡിസ്ട്രിക്ക് ബോർഡ് ഉൾപ്പെട്ട പൂന്നയൂർ പഞ്ചായത്ത് 1962 ലാണ് നിലവിൽവന്നത്. ആദ്യം കോഴിക്കോട് ജില്ലയിലും 1956 നു ശേഷം പാലക്കാട് ജില്ലയിലും ഉൾപ്പെട്ടിരുന്ന പുന്നയൂർ പഞ്ചായത്തിനെ കെ.ജി. കരുണാകര മേനോൻേറയും, എ.സി. കുഞ്ഞിമോൻ ഹാജിയുടേയും, കെ. ചന്ദ്രശേഖരൻ നായരുടേയും, എം: ബി.ബാവുട്ടി സാഹിബിൻെറയും, ആവ്വപ്പുള്ളി ഇബ്രാഹിമിൻെറയും കടുത്ത സമ്മർദ്ദത്തിൻെറ ബലമായി 1970 ൽതൃശൂർ ജില്ലയിലേക്ക് മാറ്റപ്പെട്ടു. പുന്നയൂർ പഞ്ചായത്തിൽ എടക്കഴിയൂർ, പുന്നയൂർ എന്നീ രണ്ടു വില്ലേജുകളാണ് നിലവിലിരുന്നത്. പുന്നയൂർ പഞ്ചായത്തിൻെറ ആദ്യബോർഡ് 1964 ൽ നിലവിൽ വരികയും കെ. ചന്ദ്രശേഖരന്നായർ പ്രസിഡൻറായും, എം. ബി. ബവുട്ടി വൈസ് പ്രസിഡൻറായും, എം.എ. മൊയ്തുഹാജി, കെ.കെ.മൊയ്തുണ്ണി, എ.ജെ.മൊയ്തു, എം. കെ.മുഹമ്മദാലി, പി.വി.അമ്മത്, കെ. കെ.രാമൻ എന്നിവർ മെമ്പർമാരും ആയിരുന്നു. അന്ന് 7 വാർഡുകളാണ് ഉണ്ടായിരുന്നത്. ഒരുവാർഡ് ദ്വയാംഗ മണ്ഡലമായിരുന്നു. ഇടക്കാലത്ത് വെച്ച് കെ. ചന്ദ്രശേഖരൻ നായർ രോഗബാധിതനായി പ്രസിഡൻറ് സ്ഥാനം രാജിവെച്ചപ്പോൾ എം.ബി. ബാവുട്ടി സാഹിബ് പ്രസിഡൻറായി സ്ഥാനമേറ്റു. പി.ബി. അമ്മദ് വൈസ് പ്രസിഡൻറായും തെരഞ്ഞെടുക്കപ്പെട്ടു. എം. കെ. മുഹമ്മാദാലി ഗൾഫിൽപോയപ്പോൾ പതിനാറുവർഷം നീണ്ടുനിഭരണസമിതിയിൽ ഇടക്ക്വെച്ച് കെ. മൊയ്തുവും അംഗമയി. 1979 സെപ്തംബർ 28-ാം തിയ്യതി എ.കുഞ്ഞിമുഹമ്മദ് പ്രസിഡൻറായും എം.സി. അബ്ദു വൈസ് പ്രസിഡൻറായും, എം.ബി. ബാവുട്ടി, എം. പി. ബാപ്പു, പി. കെ. കുഞ്ഞു, ആർ. പി. മൊയ്തുട്ടി, പി. അബ്ദു, പി. എ. മുഹമ്മദുണ്ണി, ഐസുമ്മ, കെ. കൗസല്യ എന്നിവർ മെമ്പർമാരായും ബോർഡ് നിലവിൽ വന്നു. പത്തു മെമ്പർമാരായിരുന്നു ഈ ഭരണസമിതിയിലുണ്ടായിരുന്നത്.

1988ൽ ആർ. പി. മൊയ്തുട്ടി പ്രസിഡൻറായും കെ.കെ. ദേവൻവൈസ്പ്രസിഡൻറായും, എം. വി. ഹൈദരാലി, കെ. കെ. മജീദ്, എം. പി. മൊയ്തീൻ, കെ.യശോദ ടീച്ചർ, കെ. പ്യാരിജാൻ, വി.കെ. അലവി, പി.കെ. ഹൈദർ, കെ. അലി. പി. ഏ.മുഹമ്മദ് മെമ്പർമാരായും പഞ്ചായത്ത് ബോർഡ് നിലവിൽ വന്നു. 2 ½ വർഷത്തിനുശേഷം എം. വി. ഹൈദരാലി പഞ്ചായത്ത് പ്രസിഡൻറായും, വി.കെ. അലവി വൈസ് പ്രസിഡൻറായും നേതൃത്വമാറ്റമുണ്ടായി. 2 ½ വർഷത്തിനുശേഷം വീണ്ടും ആർ. പി. മൊയ്തുട്ടി പഞ്ചായത്ത് പ്രസിഡൻറായി.

1995 പഞ്ചായത്ത് രാജ് നിയമപ്രകാരം വാർഡ് വിഭജനം നടത്തുകയും 11വാർഡുകൾ 12 വാർഡുകളായി പുനർവിഭജനം ചെയ്തു. 1995 സെപ്തംബർ 30-ാം തിയ്യതി ഭരണസമിതി മെമ്പർമാരായി വാർഡ് ഒന്നിൽ പി.കെ. ഹൈദർ, വാർഡ് 2ൽ എ. അലിക്കുട്ടി, വാർഡ് 3ൽ ആമി ഹസ്സൻ, വാർഡ് 4ൽ ആർ. പി. മുഹമ്മദുണ്ണി, വാർഡ് 5 ഫാത്തിമ്മ മുഹമ്മദുണ്ണി, വാർഡ് 6ൽ കെ. അബു, വാർഡ് 7ൽ എം. വി. ഹൈദരാലി, വാർഡ് 8ൽ ഉഷ ചക്കരാത്ത്, വാർഡ് 9ൽ ഐ. പി. രാജേന്ദ്രൻ, വാർഡ് 10ൽ അമ്മു കുഞ്ഞൻ, വാർഡ് 11ൽ വി. കെ. വേലായുധൻ, വാർഡ് 12ൽ ആർ. പി. മൊയ്തുട്ടി എന്നിവരെ തെരഞ്ഞെടുക്കുകയുണ്ടായി.

ഈ ഭരണസമിതിയുടെ പ്രസിഡൻറായി 12-ാം വാർഡ് മെമ്പർ ശ്രീ. ആർ. പി. മൊയ്തുട്ടിയേയും, വൈസ് പ്രസിഡൻറായി ഒന്നാം വാർഡ് മെമ്പർ പി. കെ. ഹൈദറിനേയും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനായി 4-ാം വാർഡ് മെമ്പർ ആർ. പി. മുഹമ്മദുണ്ണിയേയും തെരഞ്ഞെടുത്ത് 1995 ഒക്ടോബർ 2ന് പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റു.

ഇപ്പോൾ പഞ്ചായത്ത് കെട്ടിടം നിൽക്കുന്ന സ്ഥലം മുക്കിൽ പീടികയിൽ ഏനു വ്യക്തിയിൽ നിന്നും, ചെറുകുന്നത്ത് കരുണാകരൻ നായർ (അപ്പു നായർ) സൗജന്യമായി സംഭാവന ചെയ്തതാണ്. ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് കെട്ടിടം 30-8-92ന് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സി. റ്റി. അഹമ്മദ്ദാലി തറക്കല്ലിടുകയും, 22-6-94ന് മുൻപഞ്ചായത്ത് പ്രസിഡൻറ് എം. വി. ഹൈദരാലിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡൻറ് ആർ. പി. മൊയ്തുട്ടി ഉദ്ഘാടനം ചെയ്തു.

★

# കൃഷിയും ജലസേചനവും

പുന്നയൂർ ഗ്രാമ പഞ്ചായത്തിൽ ഭൂരിഭാഗവും നെൽവയലുകളാണ്. കടലോരമായതുകൊണ്ട് സമതലമായ പ്രദേശമാണ് മുഴുവനും. മുഖ്യ കൃഷി തെങ്ങാണ്. നെൽപാടങ്ങൾ കൂടുതൽ ഉണ്ടെങ്കിലും കൃഷി കുറവാണ്. നെല്ല്, തെങ്ങ്, വാഴ, ഇടവിളകൾ, കിഴങ്ങ് വർഗങ്ങൾ, ധാന്യങ്ങൾ മുതലായവ കൃഷി ചെയ്തു വരുന്നു. മുൻകാലങ്ങളിൽ ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിൽ മേഖലകളുമായിരുന്നു.

ഭൂപ്രദേശത്തിൻെറ അടിസ്ഥാനത്തിൽ സമുദ്രനിരപ്പിൽ നിന്നും 10 മീറ്റർ മുതൽ 15 മീറ്റർ വരെ ഉയരമുള്ള സമതല പ്രദേശങ്ങളാണ് ഇവിടെയുള്ളത്. 15 മീറ്റർ ഉയരമുള്ള പ്രദേശങ്ങൾ വയലുകളും തീരപ്രദേശങ്ങളും കൂടി 1660 ഹെക്ടർ വരും. പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണവും ഇതു തന്നെയാണ്.

പഞ്ചായത്തിൻെറ നെൽകൃഷി ഭൂമിയെ മൂന്നായി തരംതിരിക്കാം. കിഴക്കു ഭാഗത്തുള്ള 2655 ഏക്കർ വിസ്തീർണ്ണമുള്ള കുട്ടാടൻ നിലങ്ങളും, രണ്ടാമതായി പുഞ്ചകൃഷി നടത്തുന്ന കനോലി കനാലിൻെറ ഇരുവശങ്ങളിലും മറ്റുമായി കിടക്കുന്ന 385 ഏക്കർ ഭൂമിയും, മൂന്നാമതായി കടലിനോട് അടുത്തു കൂടി കടന്നു പോകുന്ന ചാലുകളുമാണ്. ചാലുകളിലെ നെൽകൃഷി ഇന്ന് ഇല്ലാതായിരിക്കുന്നു. ഇവിടെ മറ്റു പല പരിവർത്തനങ്ങളുമുണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ മുഖ്യ ജലസ്രോതസ്സുകൾ 8 കിലോമീറ്റർ നീളത്തിൽ മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന കനോലി കനാലും, വയലുകളിൽ നിലവിലുള്ള തോടുകളും, നാമമാത്രമായ കുളങ്ങളുമാണ്. പൊതു കിണറുകൾ പതിനഞ്ചോളം വരും. പഞ്ചായത്തിൽ എല്ലാ തോടുകളും കണ്ണംചിറ എന്ന സ്ഥലത്ത് കനോലി കനാലുമായി ബന്ധിക്കുന്നു. കനോലി കനാൽ ചേറ്റുവ-വെളിയംകോട് എന്നീ സ്ഥലങ്ങളിൽ ലോക്കുകൾ നിർമ്മിച്ച് ബ്രിട്ടീഷുകാർ ഉപ്പുവെള്ളം കയറാതെ സംരക്ഷിച്ചിരുന്നു. താൽക്കാലിക ബണ്ടുകൾ കെട്ടിയും പുരാതന കാലത്ത് ഉപ്പിനെ തടഞ്ഞിരുന്നു. എന്നാൽ ഇന്ന് ഈ ലോക്കുകൾ തകർന്നു നശിച്ചിരിക്കുന്നു. വളരെക്കാലമായി കർഷകർ മുറവിളി കൂട്ടുന്ന ഒരു പ്രശ്നമാണെങ്കിലും സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഇതിനുവേണ്ടി ഒരു പ്രവർത്തനവും നടന്നിട്ടില്ല. ഇതിലൂടെ ഉപ്പുവെള്ളം കയറി കനാലിലെ വെള്ളം മുഴുവൻ ഉപയോഗശൂന്യമാവുകയാണ്. ഈ ഉപ്പു വെള്ളം കണ്ണംചിറ സ്ലൂയിസ്സിലൂടെ കയറി പഞ്ചായത്തിലെയും ചുറ്റുമുള്ള നാലു പഞ്ചായത്തുകളിലെയും നെൽവയലുകളെല്ലാം ഉപ്പുമയമാക്കുന്നു. കണ്ണംചിറയിലോരു ബണ്ടും (ഉദ്ദേശം 400 മീറ്റർ) ചീർപ്പും പണിയണമെന്ന ആവശ്യവും ഒരു സ്വപ്നമായി ഇന്നും അവശേഷിക്കുന്നു. ഭൂരിഭാഗം ഭൂഉടമസ്ഥരും, ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരുമാണ്. ഇത് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

ആദ്യകാലത്ത് നെൽകൃഷിക്ക് വേണ്ട ശ്രദ്ധയും പരിചരണവും നൽകിയിരുന്നു. കുറഞ്ഞ കൂലിയും ആത്മാർത്ഥയുള്ള കർഷകതൊഴിലാളികളും സുലഭമായി ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. വേനൽ വഴ കിട്ടികഴിഞ്ഞാൽ പൊടിക്കു പൂട്ടി വിതക്കുകയും, എളുവെച്ച് ഞാറു നടുന്ന സമ്പ്രദായവും നിലനിന്നിരുന്നു.. കനോലി കനാലിൽ കർക്കടക മാസത്തിൽ വെള്ളം കുറയുമ്പോൾ ചുറ്റുമുള്ള കുട്ടാടൻ നിലങ്ങളിലും വെള്ളം വറ്റുന്നത് കൊണ്ട് ഈ കാലത്തും ഞാറു പറിച്ചു നട്ട് കൃഷി നടത്തിയിരുന്നു. ഭൂരിഭാഗം കർഷകരും ഈ സമയമാണ് കൃഷിയിറക്കാൻ ഉപയോഗിച്ചിരുന്നത്. ഇതിനെ വാർച്ച കൃഷി എന്നു പറഞ്ഞു വരുന്നു. നിലവിലുള്ള തോടുകളും, കുളങ്ങളും, കണ്ണംചിറയും പരസ്പര ധാരണയോടും, പഞ്ചായത്തിൻെറ സഹായത്താലും ചിറകെട്ടി സംരക്ഷിച്ചുകൊണ്ട് കൃഷിക്കു വേണ്ടി ഉപയോഗിച്ചിരുന്നു. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും സാമൂതിരിയുടെ സാമന്തൻമാരായിരുന്ന നമ്പൂതിരി, അടികൾമാരും, നായൻമാരും ഉയർന്ന മുസ്ലീം കുടുംബങ്ങളുടെയും കൈകളിലായിരുന്നു. മലേഷ്യയിലേക്കും, ശ്രീലങ്കയിലേക്കും ഗൾഫിലേക്കും തൊഴിൽ തേടി ഇന്നാട്ടുകാർ പോകാൻ തുടങ്ങിയതോടുകൂടി ചെറുകിട കർഷകർ ധാരാളമായി ഈ പഞ്ചായത്തതിർത്തിയിൽ ഉണ്ടായി.

ആകെ ഭൂമിയുടെ 60 ശതമാനം നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. പലവിധ സവിശേഷതകളുമുള്ള നാടൻ വിത്തിനങ്ങളാണ് ഇവിടെ ഇന്നും കൃഷി ചെയ്തു വരുന്നത് അല്ലെങ്കിൽ അതേ സാദ്ധ്യമാവുന്നുള്ളൂ. ഒരു വർഷം മൂപ്പുള്ള കുട്ടാടൻ വിത്തും (കുട്ടാടന് പത്തായത്തിൽ കിടക്കാൻ നേരമില്ല എന്നൊരു ചൊല്ലു തന്നെയുണ്ട്). പുളിയെ തടയാൻ കഴിവുള്ളതും രുചികരവുമായ പാണ്ടി, കൊടിയൻ, ചീര, നവര, തവളക്കണ്ണൻ മുതലാവയാണ് കൃഷി ചെയ്തിരുന്നത്. ആര്യനും ഇവിടെ കൃഷി ചെയ്തു വരുന്നു.

കാർഷിക പുരോഗതിയുടെ ഭാഗമായി NES ബ്ലോക്ക് ഗ്രാമസേവകൻമാരുടെ കൃഷി ബോധവൽക്കരണ പരിപാടി സജീവമായതോടെ ഈ പഞ്ചായത്തിലും കൃഷിപണി ശൈലിക്കും കാര്യമായ മാറ്റങ്ങൾ വരാൻ തുടങ്ങി. പുതിയ നെൽ വിത്തിനങ്ങൾ പട്ടാമ്പിയിൽ നിന്നും കൊണ്ടു വന്ന് പരീക്ഷിക്കാനും, കൃഷിരീതി ശാസ്ത്രീയമായി പഠിപ്പിക്കാനുമുള്ള ശ്രമങ്ങളുണ്ടായെങ്കിലും ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും, വേണ്ട ശുദ്ധ ജല സമ്പത്തിന്റെ അഭാവവും ഇവിടെ ഇത്തരം കൃഷിരീതികൾ നടപ്പിലാക്കാൻ കഴിയാതെ ഇന്നും നൂറ്റാണ്ടിനപ്പുറത്ത് നിൽക്കുകയാണ്. ജൈവവളങ്ങളുപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. പുതിയ വിത്തിനങ്ങളും ശാസ്ത്രീയ കൃഷിരീതിയും വന്നതോടെ രാസവളപ്രയോഗവും, കീടനാശിനി പ്രയോഗവും, പമ്പുസെറ്റും, മോട്ടോറും ഉപയോഗിക്കാനും ചെറിയ ശ്രമങ്ങളുണ്ടായിട്ടുണ്ട്. ഇതിനുള്ള തിരിച്ചടിയും വെള്ളം കെട്ടികിടക്കുന്ന ഭൂപ്രദേശമാണെന്നുള്ളതാണ്.

പാടങ്ങളിൽ ഇടവിളയായി എള്ള്, പച്ചക്കറി കൃഷി എന്നിവ സമൃദ്ധിയായി നടത്തിയരുന്നു. പറമ്പുകളിൽ പയറ്, കഴുങ്ങ്, ചേമ്പ്, കിഴങ്ങ്, കൂർക്ക, മധുരക്കിഴങ്ങ്, കപ്പ, ചേന മുതലായവയും കൃഷി ചെയ്തിരുന്നു. മുൻകാലങ്ങളിൽ തുലാം വെച്ച് തേവിയായിരുന്നു കൃഷിപ്പണി നടത്തിയിരുന്നത്. തേക്കോട്ട (കൈറ്റുക്കുട്ട) ചക്രവും ഉപയോഗിച്ചും ജലസേചനം നടത്തിയിരുന്നു.

പഞ്ഞമാസങ്ങളിൽ വയലുകളിൽ ഉണ്ടാവുന്ന ആമ്പൽക്കിഴങ്ങ് (കൂന്ത), ആമ്പൽ പൂവിന്റെ അരിയും ഭക്ഷണമായി ഉപയോഗിച്ചിരുന്നു. ഈ സസ്യം കറികൾക്കും ഉപയോഗിക്കുമായിരുന്നത്രേ. വരിനെല്ലും ഭക്ഷണത്തിന് ഉപയോഗിച്ചിരുന്നു.

കീടനാശിനികളായി എലിയെ പിടിക്കാൻ കെണികളും, ചാഴിയെ തടയാൻ വെണ്ണീർ വിതറുകയും മുൻകാലങ്ങളിൽ ചെയ്തിരുന്നു.

തെങ്ങുകൃഷിയോട് വേണ്ടത്ര ആഭിമുഖ്യമൊന്നും മുൻകാലങ്ങളിൽ ഉണ്ടായിരുന്നില്ലെങ്കിലും സ്വന്തമായി ഭൂമിയുണ്ടായിരുന്നവർ വളരെ ശുശ്രൂഷയോടുകൂടി തെങ്ങു കൃഷി നടത്തിയിരുന്നു. പല ഭൂമികളും പാട്ട വ്യവസ്ഥയിലും, കാണഭൂമികളുമായിരുന്നു. കണശ്ശാംകടവും, പൊന്നാനിയും ആയിരുന്നു മുഖ്യ വിപണനകേന്ദ്രം. ഇവിടെ ഈ നാട്ടിലെ കൊപ്ര വ്യാപാരികൾ കനോലി കനാൽ വഴി വഞ്ചികളിൽ ചരക്കുകൾ കൊണ്ടുപോയി വിപണനം നടത്തിയിരുന്നു. മിക്കവാറും നാളികേര ഉൽപാദകരും ഇടത്തരക്കാരായ കൊപ്ര വ്യാപാരികൾ മുഖേനയാണ് കച്ചവടം നടത്തിയിരുന്നത്. ഭൂപരിഷ്ക്കരണവും, മലേഷ്യ, ഗൾഫ് എന്നിവിടങ്ങളിൽ നിന്നും വരുമാനവും കൂടിയായപ്പോൾ സ്വന്തമായി കൈവശഭൂമികൾ ഉണ്ടാവുകയും അതിൽ തെങ്ങുകൃഷി നടത്താനും വേണ്ട ശ്രദ്ധ പതിപ്പിക്കാനും തുടങ്ങി. മാത്രമല്ല ഈ കാലത്ത് നാളികേര വില ഉയരാനും തുടങ്ങിയിരുന്നു. ഇത് ഉത്പാദന രംഗത്ത് കാതലായ മാറ്റം ഉണ്ടാക്കി. വയലുകളിലും പുഴയോരങ്ങളും തെങ്ങു കൃഷി വ്യാപിക്കാൻ തുടങ്ങി. പാടങ്ങൾ നികത്തി തെങ്ങു കൃഷി നടത്തുന്ന സമ്പ്രദായം ഈ പ്രദേശത്ത് സജീവമായി തുടരുന്നു. നീരൊഴുക്കിന് ഭൂമിയുണ്ടാരുന്ന തോടുകളെല്ലാം തൂർക്കാനും ഇടയായി. ഇത് നീരൊഴുക്കിന്റെ ഗതിമാറാനും വയലുകളിൽ വെള്ളം കെട്ടിനിൽക്കാനും ഇടയാക്കി. ആദ്യകാലത്ത് കർഷകർക്ക് സമൂഹത്തിൽ മാന്യസ്ഥാനമാണുണ്ടായിരുന്നത്. പരസ്പരം അറിയാനും അടുത്തിടപഴകാനും, സാഹോദര്യം നിലനിർത്താനും, മതസൗഹാർദ്ദത്തിനും കർഷകരിൽ ഐക്യബോധവും ഉണ്ടായിരുന്നു.

കർഷകർക്ക് സമൂഹത്തിൽ മാന്യത ഇല്ലാതാകുകയും വൈറ്റ് കോളർ പ്രസ്ഥാനം സജീവമായതോടും കൂടി ചേറിലും, ചളിയിലും ജോലി ചെയ്യുന്നത് സമൂഹത്തിൽ അന്തസ്സിന്റെ പ്രശ്നമായി തീർന്നു. ഇത് ചെറുപ്പക്കാരെയും മറ്റും മറ്റു പല തൊഴിൽ മേഖലകളിലേക്ക് തിരിയിക്കാനും തുടങ്ങി. കൂലി ചെലവ്

ഉയരാനും ചെയ്യുന്ന ജോലിയിലുള്ള ആത്മാർപ്പണകുറവും കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിൻെറ അളവ് ക്രമേണ ക്രമേണ കുറഞ്ഞു കുറഞ്ഞു വന്നു. ഇതെല്ലാം നെൽ വയലുകൾ നികത്തുന്നതിൻെറ ആക്കം കൂട്ടാൻ തുടങ്ങി.

കുട്ടാടൻ നിലങ്ങളിൽ ഡിസംബർ മാസത്തിൻെറ അവസാനത്തിലും ജനുവരി ആദ്യത്തിലുമാണ് കൊയ്ത്തിന് കാലമായിരുന്നത്. ഈ സമയത്തും മൂന്നു നാലടി വെള്ളം ഉണ്ടാവുക പതിവാണ്. ഈ സമയത്ത് ആഫ്രിക്കയിൽ നിന്നും കൂട്ടം കൂട്ടമായി എരണ്ട പക്ഷികൾ വരികയും വിളഞ്ഞു കിടക്കുന്ന വയലുകളിൽ നീന്തി ഒരു കതിർ പോലും ബാക്കിയില്ലാതെ, വൈക്കോൽ ഒന്നിനും കൊള്ളാത്ത രീതിയിലാക്കി നശിപ്പിക്കുന്ന ഏറ്റവും ദുഃഖകരമായ അവസ്ഥ 1980 മുതലിങ്ങോട്ട് തുടർന്നതുകൊണ്ട് കർഷകർ വിളവിറക്കാതെയായി. നിരന്തരമായി വിളവിറക്കാൻ സാദ്ധ്യമല്ലാത്ത അവസ്ഥയുണ്ടായപ്പോൾ നെൽപാടങ്ങളിൽ പോട്ട, കിടങ്ങ് എന്നീ കളകൾ സമൃദ്ധിയായി വളരാൻ തുടങ്ങി. പോട്ട മുത്തങ്ങ വർഗ്ഗത്തിൽ പെട്ടതും ഏഴടിയോളം ഉയരം വരുന്നതുമാണ്. ഇതിൻെറ ഓലക്ക് നല്ല മൂർച്ചയുണ്ട്. ഇത് വിത്തുവീണും വേരിൽ നിന്ന് കന്നു പൊട്ടിയും ഇടതൂർന്നു വളരുന്നു. ഈ പഞ്ചായത്തിലെ നാലുകിലോമീറ്റർ നീളത്തിലും, 500 മീറ്റർ വീതിയിലും ഇവ ഭീഷണിയായി വളർന്നു നിൽക്കുന്നു. മറ്റു പഞ്ചായത്ത് പാടപ്രദേശങ്ങളും ഇതിലേറെ സ്ഥലത്ത് ഇതുണ്ട്. കിടങ്ങ് ഇത് വളരെ ശക്തിയായ കൊമ്പുകളും ചില്ലകളുമുള്ള പാഴ്മരങ്ങളായി കൂട്ടംകൂട്ടമായി വളരുന്നു ഇതിൻെറ കായ് കാറ്റിൽ പൊട്ടി ചിതറിയും, വേരുകളിൽ പൊടിച്ചും കൃഷി നിലങ്ങൾ വനതുല്യമായി നിൽക്കുന്നു. ക്ഷുദ്രജീവികളുടേയും മറ്റും വിളയാട്ടം നിമിത്തം ജനങ്ങളുടെ സൈ്വരജീവിതവും നശിച്ചിരിക്കുന്നു. ഈ കളയും ഏകദേശം മൂന്ന് കിലോമീറ്റർ വിസ്തീർണ്ണത്തിൽ വളർന്നിരിക്കുന്നു. ഇവ രണ്ടിൻേറയും വരവ് ഈ പഞ്ചായത്തിലെ നെൽകൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇവക്കിടക്ക് ചില പൊതു സ്വകാര്യ കുളങ്ങളിലെ വെള്ളം ഉപയോഗിച്ച് അപൂർവ്വമായി ആശ നശിക്കാത്ത കർഷകർ പുതിക്കായി പുഞ്ചകൃഷി തീരെ ചെറിയ രീതിയിൽ നടത്തിയിരുന്നു. ഈ കാടുകളിൽ നിവസിക്കുന്ന ലക്ഷകണക്കിനുള്ള എലികൾ ഇതു മുഴുവനും നശിപ്പിക്കുന്നതിനാൽ ഇതും അപ്രയോഗികമായിരിക്കുകയാണ്. 1930 കളിൽ പഞ്ചായത്തിലെ വയലുകളുടെ വിസ്തൃതി സെറ്റിൽമെൻറ് രേഖ പ്രകാരം 2655 ഏക്കറാണ്. ഇപ്പോൾ നിലവിലുള്ളത് 2300 ഏക്കറാണ്. 355 ഏക്കർ നിലം നികത്തപ്പെട്ടിരിക്കുന്നു. ഇത് മൊത്തം നെൽകൃഷിയുടെ 5.35 ശതമാനമാണ്. മൊത്തം പഞ്ചായത്ത് ഭൂമിയുടെ 2 ശതമാനവുമാണ്.

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവത്രികമായതും ഗൾഫിൽ നിന്നുള്ള വരുമാനം വർദ്ധനയും മൂലം നിർമാണപ്രവർത്തനങ്ങൾ കൂടിയതും കർഷകതൊഴിലാളികളുടെ പിൻമുറക്കാരെ മറ്റു തൊഴിൽ മേഖലകളിലേക്ക് ആകർഷിക്കാൻ തുടങ്ങി. ഇതുമൂലം കർഷകതൊഴിലാളികളുടെ എണ്ണക്കുറവിനും വയലുകൾ തെങ്ങുകൃഷിക്കും, ഗൃഹനിർമ്മാണത്തിനും നികത്തുന്നതിനുള്ള ആക്കം വർദ്ധിപ്പിച്ചു. മേൽപറഞ്ഞവയെല്ലാം തന്നെ കർഷകർ പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന വാഴ, പച്ചക്കറികൾ, ഇടവിളകൾ എന്നിവയെ സാരമായി ബാധിച്ചു. അടുത്ത കാലത്തുണ്ടായ ഉപഭോഗസംസ്കാരവും ജീവിതരീതിയിൽ ഭക്ഷണസാധനങ്ങളും രോഗങ്ങളും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ച് തെറ്റായതും ശരിയായതുമായ പ്രചരണങ്ങളും ഈ അവസ്ഥയുണ്ടാവാൻ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. പുരയിടങ്ങളിൽ തെങ്ങൊഴികെ മറ്റു കൃഷിയിനങ്ങളെല്ലാം നാമാവശേഷമായിക്കൊണ്ടരിക്കുകയാണെന്നു പറഞ്ഞാൽ തെല്ലും അതിശയോക്തിയാവില്ല. മറ്റു കാർഷിക വിളകളുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങിന് കാര്യമായ പരിചരണം കുറവ് മാത്രമേ വേണ്ടൂ എന്നുള്ളതാണ് ഇതിന് കാരണം. എന്നാൽ ഈ കൃഷിക്കും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ട്. നാളികേരത്തിൻെറ വിലയിടിവ് ഇടത്തരക്കാരായ കർഷകരെ നട്ടെല്ലൊടിച്ചിരിക്കയാണ്. മറ്റു സാധനങ്ങളുടെ വിലക്കയറ്റം ജീവിതം തന്നെ തളർത്തിയിരിക്കയാണ്. തെങ്ങുകയറ്റതൊഴിലാളികളുടെ കൂലി വർദ്ധന, യഥേഷ്ടം കൃത്യസമയത്ത് തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട് മുതലായവയാണ് പ്രധാനം.

കർഷകത്തൊഴിലാളികളുടെ വടക്കൻ പാട്ടിൻെറ ഈരടികൾ മുഴങ്ങിയിരുന്ന ഈ പ്രദേശം കുറുനരികളുടെ ഓരിയായി മാറിയിരിക്കുന്നു. കന്നു പൂട്ടിൻെറ പാട്ടും ചക്രം ചവിട്ടിൻെറ സംഗീതവും ഇന്ന് അന്യം നിന്നു പോയിരിക്കുന്നു. പ്രധ ാന വിനോദമായിരുന്ന തെളിപ്പൂട്ട് മുൻകാലങ്ങളിൽ ഇവിടെ സജീവമായിരുന്നു. ധാരാളം തെളിക്കണ്ടങ്ങൾ ഉണ്ടായിരുന്ന ഈ പ്രദേശത്ത് അവശേഷിക്കുന്നത് ഒന്നു രണ്ടെണ്ണം മാത്രമാണ്. ജനങ്ങൾക്ക് ഇന്നും ഇതിൽ ആവേശമുണ്ടെങ്കിലും വർദ്ധിച്ച ചെലവ് ഇതിൽ നിന്നും പിൻതിരിപ്പിക്കുന്നു. കന്നുകാലുകളിൽ പോത്തിനെയാണ് നിലം ഉഴുതുന്നതിന് കൂടുതലും ഉപയോഗിച്ചിരുന്നത്. യന്ത്രങ്ങളുടെ വരവ് ഈ രംഗത്തിനും മാറ്റം വരുത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന പാടശേഖര സമിതിക്ക് സ്വന്തമായി ഒരു ട്രാക്ടർ കഴിഞ്ഞ വർഷം ലഭിക്കുകയുണ്ടായി.

ഭക്ഷ്യോൽപ്പാദന രംഗത്ത് കുറവ് വന്നതിനോടൊപ്പം തന്നെ വയലുകൾ നികത്തിയത് നീർക്കെട്ടിന് കാരണമായി. അശാസ്ത്രീയമായ റോഡു നിർമ്മാണവും, കെട്ടിട നിർമ്മാണവും നീർക്കെട്ടിന് കാരണമായിട്ടുണ്ട്. പല റോഡുകളും പറമ്പുകളും ചാലുകളിൽ അവശേഷിക്കുന്ന പടിഞ്ഞാറൻ പ്രദേശങ്ങളും വെള്ളക്കെട്ടിൻെറ ഭീഷണി നേരിടുന്നു. ഇത് നെല്ല്, രാമച്ചം, മരച്ചീനി, തെങ്ങു മുതയാവയെ നശിപ്പിക്കുന്നു.

വേനൽക്കാലങ്ങളിൽ കർഷക തൊഴിലാളികളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്നു നിലവിലുള്ള കുളങ്ങളും, തോടുകളും, വയൽമാട്ടങ്ങളും വൃത്തിയാക്കലും മാടലും, ഇതിനു പുറമെ ഇതിൽ നിന്നും കിട്ടുന്ന ചളികോരി വൃത്തിയാക്കുകയും ചെയ്തിരുന്നു. ഇത് നല്ലൊരു ജൈവവളമായി ഉപയോഗിച്ചിരുന്നു. ഇതിലും മാറ്റങ്ങൾ വന്നതുകൊണ്ട് തോടുകളും, കുളങ്ങളും മണ്ണിടിഞ്ഞ് തൂർന്നു തുടങ്ങിയിരിക്കുന്നു. പല വലിയ കുളങ്ങളും തൂർത്ത് തെങ്ങു കൃഷി നടത്തിയിട്ടുണ്ട്. പഞ്ചായത്തു പരിധിയിൽ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നില്ല.

## ഭൂവിനിയോഗം

പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണം 1660 ഹെക്ടർ ആണ്. ഇത് സമതല പ്രദേശം, വയലും, പുഴ, തോട്, കുളം എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്. (പട്ടിക 2,3).

പഞ്ചായത്തിൻെറ തീരപ്രദേശങ്ങളിൽ മണൽ കലർന്ന മണ്ണും കനോലി കനാലിൻെറ തീരങ്ങളിൽ ചളി കലർന്ന ഫലപുഷ്ടിയുള്ള മണ്ണും കിഴക്കൻ ഭാഗങ്ങളിൽ കളിമണ്ണുമാണുള്ളത്. അമ്ല രസമുള്ള മണ്ണുള്ള പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഈ പ്രദേശത്ത് രാസവളം കാര്യമായി ഉപയോഗിക്കാറില്ലെങ്കിലും ദുർലഭമായി നടത്തുന്ന പ്രദേശങ്ങളിൽ ഫലപുഷ്ടി കുറയുകയും മണ്ണിൻെറ ഘടന മാറ്റവും ഇന്നാട്ടുകാർ നേരത്തെ തന്നെ മനസ്സിലാക്കിയിട്ടുണ്ട്. തെങ്ങിന് വേനൽക്കാലങ്ങളിൽ ഉപ്പിടുകയും, കപ്പലണ്ടി, വേപ്പിൻ പിണ്ണാക്ക്, കുമ്മായം മുതലായവയും ചാണകവും ജൈവവളമായി ഉപയോഗിക്കുന്നു.

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങും, നെല്ലും പരമ്പരാഗതമായി കൃഷി ചെയ്തു വരുന്നു. പഞ്ചായത്തിൻെറ പടിഞ്ഞാറൻ ഭാഗങ്ങളിൽ സുലഭമായി കൃഷി ചെയ്തിരുന്ന കശുമാവ് ഇന്ന് നാമാവശേഷമായിരിക്കുന്നു. ഇവിടെയെല്ലാം തെങ്ങു കൃഷി വ്യാപകമായിരിക്കുന്നു. ജലസേചനം നടത്തുന്നതിനുള്ള ആധുനിക സൗകര്യങ്ങളാണ് ഇതിന് കാരണം. എന്നാൽ മുൻകാലങ്ങളിൽ ഏക്കറിന് 25 ലിറ്റർ മണ്ണെണ്ണയുണ്ടായിരുന്നത് ഇന്ന് ഏക്കറിന് 5 ലിറ്റർ മാത്രമാക്കി സർക്കാർ നിശ്ചയിച്ചത് കർഷകന് വിനയായിരിക്കയാണ്. ഇവിടെ പ്രചാരത്തിലുള്ള ചാവക്കാട് ട്ടോൾ എന്നയിനം തെങ്ങ് കൂടുതൽ കാലം ഫലം തരികയും ഏകദേശം 120 കൊല്ലം വരെ ഒരു പോലെ കായ്ഫലം തരുന്നു. ഇതിനുപുറമേ രോഗപ്രതിരോധ ശക്തിയും, കാറ്റു വീഴ്ച മുതലായ സാംക്രമിക രോഗങ്ങളെ തടഞ്ഞു നിർത്തുന്നു. ഈ തെങ്ങ് നാടിൻെറ അഭിമാനമാണ്. ചാവക്കാട് കേന്ദ്രീകരിച്ചുള്ള വിത്തു തേങ്ങ സംഭരണത്തിൽ ഈ പഞ്ചായത്തിലെ കിഴക്കൻ ഭാഗങ്ങളിൽ ഊർജ്ജിതമായി പങ്കെടുക്കുന്നു. ഇത് കർഷകർക്കൊരു ആശ്വാസമാണ്.

പയർ, എള്ള്, പച്ചക്കറികൾ, വാഴ, മരച്ചീനി, കുരുമുളക്, മധുരക്കിഴങ്ങ്, ചേമ്പ്, ചേന, കൂർക്ക, കൂവ്വ മുതലായവ ഭാഗികമായി കൃഷി ചെയ്യുന്നുണ്ടെങ്കിലും ഫപ്രദമാണെന്ന് പറയാൻ പറ്റുകയില്ല. വേണ്ട പരിചരണക്കുറവും, വളപ്രയോഗത്തിൻെറ കുറവുമാണ് ഇതിനു കാരണം. കവുങ്ങ് കൃഷി കാര്യമായി ഇല്ലാത്ത പഞ്ചായത്താണ്. ഇടവിളയായി ഒറ്റക്കും തറ്റക്കും കവുങ്ങുണ്ട്. രാമച്ച കൃഷിയാണ് ഇടക്കാലത്ത് ഏറ്റവും പ്രചാരത്തിലുണ്ടായ പ്രധാന കൃഷി. ഈ കൃഷിക്ക് വേണ്ട വിലകിട്ടാത്തതും വളപ്രയോഗത്തിൻെറ കുറവും വിളവു കുറക്കുന്നതും ഈ കൃഷിയിലും താൽപര്യക്കുറവുണ്ടാക്കിയിരിക്കുന്നു. രാമച്ചവിശറി, രാമച്ചക്കിടക്ക, രാമച്ച കർട്ടൻ മുതലായവയും, ഒന്നാന്തരം ദാഹശമിനിയായും, ആയുർവ്വേദ, അലോപ്പതി മരുന്നുകളിൽ മാന്യമായ സ്ഥാനമുള്ളതുമായ രാമച്ചം വിദേശപിണിയിൽ നല്ല ഡിമാൻറുള്ളതാണ്. ഇടത്തരക്കകാരുടെ കൈകളിൽ പെട്ട് യഥാർത്ഥ കർഷകർ വട്ടം കറങ്ങുകയാണ്. രാമച്ച കൃഷിക്ക് മറ്റ് കൃഷികൾക്കുള്ള യാതൊരു ആനുകൂല്യങ്ങളുമില്ലാത്തതും, സബ്സിഡിയില്ലാത്തതും കാരണങ്ങളാണ്.

നെൽകൃഷിയുടെ ഉൽപ്പാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1200 - 1350 കിലോഗ്രാമും.

സങ്കര വിത്തിനങ്ങൾക്ക് 3000 - 3250 കിലോഗ്രാമുമാണ് ലഭിക്കുന്നത്. സങ്കരയിനം നെൽ വിത്തിൽ നിന്ന് കൂടുതൽ വിളവ് ലഭിക്കുന്നുണ്ടെങ്കിലും കർഷകർക്ക് താൽപര്യമുണ്ടെങ്കിലും കൃഷിയിറക്കാനുള്ള സൗകര്യമില്ലായ്മ പഴയനാടൻ വിത്തുകൾ തന്നെ പണിയാൻ കർഷകർ നിർബന്ധിതരാകുന്നു. കൃഷിഭവൻ വഴി പുതിയ നെൽവിത്തിനങ്ങളായ ജ്യോതി, പവിഴം, ചുവന്ന ത്രിവേണി, ആതിര, കൾച്ചർ, കാഞ്ചന, നീരജ എന്നിവയുമാണ് കൃഷിഭവൻ വഴി വിതരണം ചെയ്ത നെൽവിത്തിനങ്ങൾ. നെൽകൃഷിക്കു ശേഷം പൂട്ടി കൃഷിക്കനുസൃതമാക്കുന്ന സമയങ്ങളിൽ ഇടവിളയായി എള്ള് മുതലായവ വിതച്ചിരുന്നത് നിശ്ശേഷം ഇല്ലാതാക്കിയിരിക്കുന്നു. മിക്കവാറും നിലങ്ങൾ കൊയ്ത്തിന് ശേഷം തരിശിടുകയാണ്.. ഇത് മണ്ണിൻെറ ഗുണമേൻമ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു.

മുഖ്യ വിളയായ തെങ്ങിൻെറ വാർഷിക ഉത്പാദനക്ഷമത 40.2 എണ്ണമാണ്. ഇത് സംസ്ഥാന ശരാശരിയായ 38 നേക്കാൾ കൂടുതലാണ്. കനോലികനാൽ തീരങ്ങളിലും കിഴക്കൻ പ്രദേശങ്ങളിലുമാണ് വിളവ് കൂടുതൽ കിട്ടുന്നത്. മാത്രമല്ല നല്ല ഗുണനേൻമയുള്ള കൊപ്രയും ഈ പ്രദേശത്തെ നാളികേരത്തിൽ നിന്നും ലഭിക്കുന്നു. ഇതിനും കനോലി കനാലിലെ ഉപ്പു വെള്ളം ഭീഷണിയാണ്. വേനൽക്കാലങ്ങളിൽ ഉപ്പുവെള്ളവും വർഷക്കാലത്ത് ശുദ്ധജലവും തെങ്ങിൻേറ ഉദ്പാദനക്ഷമതയും, ഗുണമേൻമയേയും വളർച്ചയേയും ബാധിക്കുന്നു. T x D, D x T മുതലായ തെങ്ങിൻ തൈകൾ പ്രചാരത്തിലുണ്ട്. ഇവയും കൃഷിഭവൻ മുഖേന ചുരുങ്ങിയ രീതിയിൽ വിതരണം ചെയ്തിട്ടുണ്ട്. ഒരേക്രയിൽ ശരാശരി 70 തെങ്ങുകളാണ് നിലവിലുള്ളത്. നല്ലയിനം തെങ്ങിൻ തൈകൾ തെരഞ്ഞെടുക്കാത്തതും, അശാസ്ത്രീയമായ ജലസേചനം, വള പ്രയോഗത്തിലെ അപാകത എന്നിവ തെങ്ങു കൃഷിയുടെ മുഖ്യ പ്രശ്നങ്ങളാണ്.

നെൽ കൃഷിയേക്കാൾ ലാഭകരമാണ് എന്ന കാഴ്ചപ്പാടോടെ നിലം നികത്തിയും പൊലികൂട്ടിയും തെങ്ങു വെച്ച പല സ്ഥലങ്ങളിലും വെള്ള കെട്ടിൻെറയും മണ്ണ് സംരക്ഷിക്കാൻ കഴിയാത്തതുകൊണ്ടും കൃത്യമായ പരിപാലനം ഇല്ലാത്തതുകൊണ്ടും ഉല്പാദനം കുറഞ്ഞു വരുന്നതായി കാണുന്നു.

## വളം

സഹകരണ മേഖലയിൽ പഞ്ചായത്ത് സർവ്വീസ് സഹകരണത്തിൻ കീഴിൽ വളം ഡിപ്പോയിൽ കൂടിയാണ് പ്രധാനമായും വളം വിപണനം നടത്തുന്നത്. എന്നാൽ കൃത്യമായി വളങ്ങൾ എത്താത്തതുകൊണ്ട് മിക്കപ്പോഴും കർഷകർ കുന്നംകുളം, കോട്ടപ്പടി, ആൽത്തറ മുതലായ സ്ഥലങ്ങളിലെ കീടനാശിനി കടകളെ ആശ്രയിക്കുന്നു. കൃഷിക്ക് രാസവളപ്രയോഗം നടക്കുന്നുണ്ടെങ്കിലും ശാസ്ത്രീയമായ രീതിയിലല്ല ഇത് നടത്തുന്നത്. 75 ശതമാനം കർഷകരും ജൈവവളപ്രയോഗമാണ് നടത്തുന്നത്. ഇവ പലപ്പോഴും കൊല്ലം, കോട്ടയം മുതലായ ഭാഗങ്ങളിൽ നിന്നു വരുന്ന വള ഏജൻറുമാരുടെ കൈകളിൽ പെട്ട് വഞ്ചിക്കപ്പെടുകയാണ് പതിവ്. ഇവിടെ ജൈവവള നിർമ്മാണ കേന്ദ്രം പ്രായോഗികമാണ്. ജൈവവളത്തിന് ഉപകാരപ്രദമായ സസ്യങ്ങളുടെ വിതരണം കാര്യക്ഷമമല്ല. കൃഷിഭവൻ മുഖേന ഡൈഞ്ച പയർ വിതരണം നടത്തിയിരുന്നു. ശീമക്കൊന്ന ധാരാളം ഉണ്ടായിരുന്നെങ്കിലും വർദ്ധിച്ച വളം വലിച്ചെടുക്കൽ ഇവയെ നശിപ്പിക്കാൻ കർഷകരെ പ്രേരിപ്പിച്ചു മണ്ണ് പരിശോധിച്ച് ഏത് വളത്തിൻെറ കുറവാണ് എന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയാത്തതും ആവശ്യമായ വളത്തിൻെറ പ്രയോഗകുറവുമാണ് പ്രധാനമായി കണ്ടു വരുന്നത്.

## കീടനാശിനികൾ

തെങ്ങ്, നെല്ല്, വാഴ മുതലായവ പ്രധാനമായും രോഗങ്ങൾകൊണ്ടാണ് നശിക്കുന്നത്. തെങ്ങിന് മണ്ട ചീയലും, കൊമ്പൻചെല്ലിക്കുത്ത്, ചെന്നിനീരൊലിപ്പ് മച്ചിങ്ങകൊഴിയൽ മുതലായ രോഗങ്ങൾ കണ്ടുവരുന്നു. ബോഡോമിശ്രതിമാണ് കീടനാശിനിയായി ഉപയോഗിക്കുന്നത്.

നെല്ലിന് മുഞ്ഞ, തണ്ടുതുരപ്പൻ, ഈച്ചശല്യം, ചാഴി, ഓലചുരുട്ടി, ഫംഗസ്സ്, വൈറസ്സ് ബാക്ടാരിയ രോഗങ്ങളും കണ്ടു വരുന്നു. ഇവയ്ക്ക് പ്രതിവിധിയായ എക്കാലക്സ്, ട്രൈമോക്രോൺ, ഫുരഡാൻ മുതലായവയും വേപ്പെണ്ണയും നാടൻ മരുന്നുകളും പ്രചാരത്തിലുണ്ട്.

വാഴക്ക് കൂമ്പടപ്പ് രോഗമായ വൈറസ്സ് രോഗം, ഇലപേൻ ആക്രമണവുമുണ്ട്. ഇതിന് പ്രതിവിധിയായി ഫുരഡാൻ ഉപയോഗിക്കുന്നു ശാസ്ത്രീയമായിട്ടല്ല ഇവ ഉപയോഗിക്കുന്നത് ഇവ പ്രയോഗിക്കാൻ റോഗർ സ്പ്രേയുടെ അഭാവം പഞ്ചായത്ത് കൃഷിഭവനിലുണ്ട്.

## കാർഷികോൽപകരണങ്ങൾ

പാടശേഖര സമിതിക്ക് കൃഷിഭവൻ മുഖേന നൽകിയ ഒരു ട്രാക്ടർ മാത്രമാണ് സമീപ പ്രദേശങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ട്രാക്ടറുകളും ഇവിടെ യഥേഷ്ടം ഉപയോഗിക്കുന്നു. പത്തോളം ജോഡി ഉഴവു പോത്തുകൾ പഞ്ചായത്തതിർത്തിയിലുണ്ട്. നാടൻ കലപ്പകൾ അപ്രത്യക്ഷമായിരിക്കുന്നു. ആധുനിക ഉപകരണങ്ങൾ സ്വന്തമായി വാങ്ങി ഉപയോഗിക്കുന്നു.

## പാടശേഖര സമിതി

പുന്നയൂർ കൃഷി ഭവൻെറ ആഭിമുഖ്യത്തിൽ എല്ലാ കർഷകരെയും പഞ്ചായത്തടിസ്ഥാനത്തിൽ വിളിച്ചു കൂട്ടി 1994 ൽ ഒരു പാടശേഖരസമിതി രൂപീകരിക്കുകയുണ്ടായി. പുന്നയൂർ പാടശേഖര നെല്ലുൽപാദക സമിതിയെന്നാണതിൻെറ പേര്. 36/94 എന്ന നമ്പറിൽ ഇത് രജിസ്റ്റർ ചെയ്തിരിക്കുന്നു. ഇതിന് ഒരു ട്രാക്ടർ അനുവദിച്ചിട്ടുണ്ട്. വിലയുടെ പകുതി സബ്സിഡിയായും ബാക്കി കർഷകരുടെ ഉല്പാദക ബോണസ്സും ആയിരം രൂപയുടെ 70 ഷെയറുകളുമാണ്. ഷെയറുടമകൾക്ക് പൂട്ടുകൂലി കുറച്ചിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽ ദാനപദ്ധതി പ്രകാരം 3.55 ലക്ഷം രൂപ 1994 - 95 സമിതിക്ക് അനുവദിച്ചിരുന്നു. ഇത് കുട്ടാടൻ നിലത്തിലെ തോടുകൾ വീതിയും ആഴവും കൂട്ടനാണ് ഉപപയോഗിക്കാൻ തിരുമാനിച്ചതെങ്കിലും 1.65 ലക്ഷം രൂപ ചെലവഴിക്കുമ്പോഴെക്കുമുണ്ടായ വേനൽ മഴ തൊട്ടിലെ വെള്ളം മുങ്ങിയതിനാൽ പ്രവർത്തനം നിർത്തുവാൻ നിർബന്ധിതരാവുകയും ഫണ്ട് നഷ്ടപ്പെടുകയും ചെയ്തു.

## കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കാര്യമായി കുറഞ്ഞിരിക്കുന്നു. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന പുരോഗതി കർഷക തൊഴിലാളികളുടെ പുതിയ തലമുറ ഇല്ലാതാക്കി എന്നു തന്നെ പറയാം.

കർഷക കുടുംബങ്ങളിൽ 22% കുടുംബങ്ങൾ മാത്രമേ കൃഷി മുഖ്യ ഉപജീവന മാർഗമായി സ്വീകരിക്കുന്നു. ഏകദേശം 60% തൊഴിലാളികളാണ് പഞ്ചായത്തിലുള്ളത്. ആവശ്യത്തിനുള്ള തൊഴിലാളികളെ കിട്ടാത്തതിനാൽ തമിഴ്നാട്ടിൽ വരുന്ന തൊഴിലാളികളാണ് കൂടുതലായി പ്രവൃത്തി ചെയ്യുന്നത്. ധാരാളം തമിഴൻമാർ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. പുരുഷന് 100 രൂപയും സ്ത്രീകൾക്ക് 50 രൂപയുമാണ് നിലവിലുള്ള കൂലിനിരക്ക്. എന്നാൽ ഏകീകൃത രൂപം ഇവിടെയില്ല. തമിഴന് 90 രൂപയാണ് കൂലി.

## കാർഷിക വായ്പ

ഒരു സഹകരണ ബാങ്കും രണ്ട് ദേശസാത്കൃത ബാങ്കുകളുമാണ് ഈ പഞ്ചായത്തിൻെറ പരിധിയിൽ വരുന്നത്. ജില്ലാ ബാങ്കിൻെറ പരിധിയിലും കാർഷിക വായ്പ ലഭിക്കുന്നുണ്ട്. കുന്നത്തൂർ ശാഖയാണ് ജില്ലാ ബാങ്കിൻെറ പ്രവർത്തനം നടത്തുന്നത്. ഗുരുവായൂർ ഇന്ത്യൻ ബാങ്കും, എടക്കഴിയൂർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമാണ് പ്രവർത്തനം നടത്തുന്നത്.

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലായി മഴ ലഭിക്കുന്നു. ജൂൺ മുതൽ ആഗസ്റ്റ് വരെ കിട്ടുന്ന കാലവർഷവും സെപ്റ്റംബർ മുതൽ നവംബർ വരെ കിട്ടുന്ന തുലാവർഷവുമാണ്. നല്ല നിലയിൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഈ പഞ്ചായത്ത് പെടുന്നു. മഴപെയ്താൽ ഒന്നിച്ച് വെള്ളം പൊങ്ങുന്നത് മൂലം കൃഷി പൂർണ്ണമായും നശിക്കുക നിത്യ സംഭവത്തിൽ പെടുന്നു. കാലവർഷകെടുതി കാര്യമായി ബാധിക്കുന്ന പഞ്ചായത്തിൽ നഷ്ടപരിഹാരം കൃത്യമായി കിട്ടാറില്ല. പഞ്ചായത്തിലെ 8 കിലോമീറ്റർ നീളത്തിലുള്ള കനോലി കനാലും, 30 കിലോമീറ്ററുള്ള തോടുകളും പതിനഞ്ചോളം കുളങ്ങളും 8 കിലോമീറ്റർ കടലോര പ്രദേശവുമാണ് ജലവുമായി ബന്ധപ്പെട്ട ആസ്തികൾ.

## തോടുകൾ

പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ മൊത്തം നീളം 30 കിലോമീറ്ററാണ്. കണ്ണംചിറയിൽ എല്ലാ വർഷവും ചീർപ്പു കെട്ടിയും, ബണ്ടു കെട്ടിയും ഉപ്പുവരാതെ തോട്ടിലെ വെള്ളം സംരക്ഷിക്കുന്നു. ഈ തോട്ടിലെ ശുദ്ധജലമാണ് മുണ്ടകൻ കൃഷി നടത്താൻ ഉപയോഗിക്കുന്നത്. ധാരാളം ഉപതോടുകളുണ്ട്.

## കുളങ്ങൾ

പതിനഞ്ചോളം കുളങ്ങളാണ് പഞ്ചായത്തിൻേറതായിട്ടുള്ളത്. സ്വകാര്യമായി വീടൊന്നിന് ഒരു കുളം എന്ന രീതിയിലുണ്ട്. ഭൂരിപക്ഷ കുളങ്ങളും വേനൽക്കാലങ്ങളിൽ വറ്റുന്നതു കൊണ്ടും പുഞ്ചകൃഷിക്ക് ഉപയോഗമല്ല. തീരങ്ങളിൽ തീരെ വറ്റാത്ത ഒരു കുളത്തിൽ സമൃദ്ധമായ ജലം ഒരു അത്ഭുതമാണ്. ഇവ പടിഞ്ഞാറൻ പുഞ്ചക്ക് കുറെയൊക്കെ ഉപയോഗപ്പെടുത്തുന്നു.

## മണ്ണു ജല സംരക്ഷണം

മുൻ കാലങ്ങളിൽ മാട്ടങ്ങൾ മാറിയും, ശീമക്കൊന്ന വെച്ചു പിടിപ്പിച്ചും മരങ്ങൾ വളർത്തിയുമാണ് മണ്ണ് ജല സംരക്ഷണം നടത്തിയിരുന്നത്. കടപ്പുറങ്ങളിൽ കാറ്റാടി വെച്ചു പിടിപ്പിച്ചതുകൊണ്ട് മണ്ണ് സംരക്ഷണം നടത്തുന്നു. വരമ്പുകൾ വെച്ചും, തുണ്ടു ഭൂമികളാക്കിയും സംരക്ഷണം നടത്തുന്നു. കൊതിപ്പുല്ല്, രാമച്ചം മുതലായവയും മണ്ണൊലിപ്പ് തടയാൻ ഉപയോഗിച്ചു വരുന്നു.

## കൃഷിഭവൻ

1989 ൽ പുന്നയൂരിൽ കൃഷിഭവൻ പ്രവർത്തനമാരംഭിച്ചു. കാർഷികമേഖലയായ പഞ്ചായത്തിൽ പ്രതീക്ഷാനിർഭരമായി ആരംഭിച്ച കൃഷിഭവൻ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല. മൂന്നു കൃഷി അസിസ്റ്റൻറുമാരും, ഒരു കൃഷി ഓഫീസറും ഉണ്ടാവേണ്ട കൃഷി ഭവനിൽ ഇപ്പോൾ ഒരു ഓഫീസർ മാത്രമേയുള്ളൂ. ദൂരെ ദിക്കിലുള്ള ജോലിക്കാരെ നിയമിക്കുന്നതുകൊണ്ട് സന്ദർഭം കിട്ടുവാൻ കാത്തിരിക്കുകയാണ്. സ്വന്തം നാട്ടിലേക്കു ട്രാൻസ്ഫർ വാങ്ങി പോകുന്നു. മിക്കവാറും സമയങ്ങളിൽ കൃഷിഭവൻ ശൂന്യമായി മാറുന്നു. എന്നാൽ ചില കാലങ്ങളിൽ എല്ലാവരുടേയും പ്രവർത്തനം ഈ കൃഷി ഭവനിൽ ഉണ്ടായിട്ടുണ്ട്.

ഒരു ഉപദേശക സമിതി എല്ലാ രാഷ്ട്രീയക്കാരേയും ഉൾപ്പെടുത്തി ഉണ്ടാക്കിയിട്ടുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന കേരസംരക്ഷണ സമിതിയും കൃഷിഭവൻെറ കീഴിലുണ്ട്. നെൽവിത്ത്, വളം, തെങ്ങിൻതൈ, കുരുമുളക് വള്ളി, മാവിൻതൈ, വൃക്ഷതൈകൾ, പച്ചക്കറി വിത്തുകൾ, ചേന, മരച്ചീനി മുതലായവ നല്ലയിനം വിത്തുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. വളം, കുമ്മായം, കീടനാശിനികളും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവയൊന്നും നിരന്തരമായി ലഭിക്കാറില്ല.

എല്ലാവർഷവും കർഷകദിനം ആചരിക്കാറുണ്ട്. പ്രമുഖ കർഷരെ ആദരിക്കാറുണ്ട്. ഏറ്റവും നല്ല കർഷകനെ തിരഞ്ഞെടുക്കാൻ ഒരു വർഷം സമ്മാന പദ്ധതിയും നടപ്പിലാക്കി. കർഷകർക്ക് ബോണസ്സ് പമ്പ് സെറ്റ്, മണ്ണെണ്ണ പെർമിറ്റ് മുതലായ പ്രവർത്തനവും കാര്യക്ഷമമായി മുൻകാലങ്ങളിൽ നടത്തിയിട്ടുണ്ട്

കർഷകരിൽ ബോധവൽക്കരണം ഉണ്ടാക്കുന്നതിന് കർഷക സെമിനാറുകൾ നടത്താറുണ്ട്. പഞ്ചായത്തിൽ പാടശേഖര സമിതിയുണ്ടാവാനും, ട്രാക്ടർ വാങ്ങുന്നതിനും കൃഷിഭവൻെറ പങ്കു വലുതാണ്.

## പ്രശ്നങ്ങൾ

1939 ൽ ആരംഭിച്ച ചേറ്റുവ വെളിയംകോട് ലോക്കുകളുടെ പ്രവർത്തനം പാടെ നിലച്ചിരിക്കുന്നു. കൃഷിവികസനത്തിന് ഈ ലോക്കുകളിൽകൂടി ഉപ്പുവെള്ളം കനോലി കനാലിലേക്ക് കേറി ഈ പഞ്ചായത്തിന് വൻഭീഷണിയാണ്. ഇവ പുനർനിർമ്മിക്കാനുള്ള പ്രവർത്തനം ഇപ്പോഴും തുടങ്ങിയിട്ടില്ല.

കണ്ണംചിറയിൽ കൂടി ഉപ്പുവെള്ളം കേറി കുട്ടാടൻ നിലങ്ങളിലേക്കും ബണ്ടുകൾ തകർന്നത് മൂലം പുഞ്ചനിലങ്ങളേയും കൃഷിയോഗ്യമല്ലാതാക്കിയിരിക്കുന്നു.

2. നെൽവയലുകളിൽ നിന്ന് മണ്ണുകൾ എടുത്ത് വിൽക്കുന്ന പ്രവണത ഓരോ വർഷവും കൂടി കൂടി വരുന്നു. ഈ പ്രവർത്തനം മൂലം കൃഷിഭൂമി കൃഷിചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. ഇതിൽ ഖനനം മൂലം കൃഷിഭൂമി കുഴികളായി മാറുന്നു.

3. കൂട്ടാടൻ നിലങ്ങളിൽ സമൃദ്ധിയായി വിളയുന്ന പോട്ടാകിടങ്ങ് എന്നിവ ഈ പ്രദേശത്തെ കൃഷിയെ ഇല്ലാതാക്കി. താഴ്ന്ന പാടശേഖരങ്ങളായിരുന്നതിനാൽ വെള്ളം കെട്ടി നിൽക്കുന്നത് കൊണ്ട് നല്ല ഇനം മൂപ്പു കുറഞ്ഞ വിത്തുകൾ കൃഷിചെയ്യാൻ പറ്റുന്നില്ല. ഇപ്പോഴും നാടൻ വിത്തുകളെ ആശ്രയിക്കേണ്ടിവരുന്നു. ഉത്പാദന ചിലവിൽ വന്ന വർദ്ധനവും കർഷകരുടെ തൊഴിലാളികളുടെ എണ്ണക്കുറവ് ഉല്പന്നത്തിൻെറ മേനിക്കുറവും, ഉല്പന്നങ്ങളുടെ വിലക്കുറവും, മഴയെ ആശ്രയിച്ചുള്ള കൃഷിരീതി, വിദേശ വരുമാന വർദ്ധനവ്, കൃഷി മുഖ്യ വരുമാനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ്, നിലം നികത്തി തെങ്ങിൻ തൈ വെക്കുന്ന പ്രവണതയും ഈ പഞ്ചായത്തിൽ നെൽകൃഷി ഉല്പാദനം കുറയുന്നതിന് കാരണമായി.

4. മുഖ്യകൃഷി ആയ തെങ്ങ് കിഴക്കൻ ഭാഗങ്ങളിൽ മെച്ചപ്പെട്ട ഉൽപ്പാദനം ഉണ്ടെങ്കിലും ശരാശരി വർദ്ധനവ് ഇല്ല. നാളികേരത്തിൻെറ വിലക്കുറവ്, വർദ്ധിച്ചു വരുന്ന പാർപ്പിട പ്രശ്നം, നല്ല ഇനം തെങ്ങിൻ തൈ ലഭിക്കായ്ക, തേങ്ങ ഉല്പാദനത്തിന് ജലസേചനം നടത്താൻ വെള്ളം, വൈദ്യുതി, മണ്ണെണ്ണ എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. ശാസ്ത്രീയമായ വള പ്രയോഗത്തിൻെറ കുറവും, വളപ്രയോഗത്തിലെ പാളിച്ചകളും മണ്ണിൻെറ ഘടനാ വ്യത്യാസവും മണ്ണ് പരിശോനയുടെ അഭാവവും.

5. ഭൂമികൾ തുണ്ടു തുണ്ടായി മാറിയതും പുഞ്ചകൃഷിക്ക് ആവശ്യമായ ജലവിഭവത്തിൻെറ അഭാവം തോടുകളുടെ വീതിയും ആഴവും കൂടാത്തതും ആഫ്രിക്കൻ പായലിൻെറ ശല്യവും എരണ്ട പക്ഷികളുടെ വരവും മുഖ്യ പ്രശ്നങ്ങളാണ്. മുകളിൽ സൂചിപ്പിച്ചതിന് ഉപരിയായി ചില വാർഡുകളിൽ ഒതുങ്ങി നിൽക്കുന്നതും പോരായ്മയുമാണ് ശരിയായ ബോധവൽക്കരണ സെമിനാറുകളുടെ കുറുവും കർഷകരെ സംഘടിപ്പിക്കുന്നതിൽ പരാജയവും പ്രധാന പ്രശ്നങ്ങളായി കാണുന്നു. ആധുനിക കൃഷി ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള സാദ്ധ്യതക്കുറവും നിലവിലുള്ള കൃഷി സമ്പ്രദായത്തിന് അനുകൂലമായ ഉപകരണങ്ങളുടെ ആഭാവവും പ്രശ്നങ്ങളായി കിടക്കുന്നു.

6. ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം നെൽവിത്തുകളുടെ ലഭ്യത ഇല്ലായ്മയും സർക്കാരിൽ നിന്ന് ആനുകൂല്യങ്ങളെ പറ്റിയുള്ള അജ്ഞതയും വിദേശപണക്കൊഴുപ്പും ഈ പഞ്ചായത്തിലെ കൃഷി പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

## നിർദ്ദേശങ്ങൾ

നിലവിലുള്ള ചേറ്റുവാ-വെളിയംകോട് ഷട്ടർ പുതുക്കി പണിയുക. കനോലി കനാലിൻെറ ആഴവും വീതിയും കുട്ടി ഇരുവശത്തെ പാത കാർഷികോപകരണങ്ങൾ കൊണ്ടുപോകത്തക്കവണ്ണം നിർമ്മിക്കുക. പുന്നയൂർക്കുളം വടക്കേകാട്, പുന്നയൂർ എന്നീ പഞ്ചായത്തുകളിലൂടെ ഉൾനാടൻ തോടുകളുടെ ആഴവും വീതിയും കൂട്ടുക, കനോലി കനാലിലും തോടുകളിലും നിർമ്മിക്കുന്ന ബണ്ടുകൾ, ട്രാക്ടർ പോലുള്ള

വാഹനങ്ങൾക്ക് സഞ്ചരിക്കത്ത വിധം വീതിയുള്ളതായിരിക്കണം.. തോടുകൾ കടന്ന് പോകുന്ന സ്ഥലങ്ങളിൽ ഒന്ന് മുതൽ പത്ത് വരെ ഹെക്ടർ കൃഷി ഭൂമി പ്ലോട്ടുകളായി തിരിച്ച് കുളങ്ങൾ നിർമ്മിക്കുക. ഇങ്ങനെ കുളങ്ങൾ നിർമ്മിക്കുമ്പോൾ ലഭിക്കുന്ന മണ്ണ് കൃഷിഭൂമിയിൽ നിക്ഷേപിക്കുന്നതുകൊണ്ട് ഭൂനിരപ്പ് ഉയർത്താൻ സഹായിക്കുന്നു. വർഷക്കാലങ്ങളിൽ വെള്ളം കെട്ടി കൃഷി നശിക്കുന്നതിനും ഇത് സഹായിക്കും. ഭൂനിരപ്പ് കൂട്ടുന്ന കൃഷിഭൂമിയിലേക്ക് ജലലഭ്യത ഉറപ്പു വരുത്തേണ്ടതുണ്ട്. പുഞ്ചകൃഷിക്ക് വേണ്ടി തൊട്ടടുത്ത പുന്നയൂർക്കുളം പഞ്ചായത്തിലെ കോൾ പ്രദേശമായ മാഞ്ചിറ, ഉപ്പുങ്ങൽക്കടവ് എന്നിവിടങ്ങളിൽ നിന്നും വറ്റിക്കുന്ന ജലം മലപ്പുറം ജില്ലയിലെ B.M. കായലിലൂടെ കടലിലേക്ക് ഒഴുക്കിക്കളയുന്നതന് പകരം ഫിറ്റിറിഗേഷൻ പദ്ധതി നടപ്പാക്കി. ഈ പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന കുട്ടാടൻ നിലങ്ങളിലേക്ക് ശുദ്ധജലം എത്തിക്കുകയാണെങ്കിൽ കൃഷി ലാഭകരമായി നടത്താൻ സാധിക്കും. മേൽവിവരിച്ച പദ്ധതി സർക്കാർ തലത്തിൽ എത്രയും വേഗം പ്രാവർത്തികമാക്കേണ്ടതാണ്.

ഗ്രൂപ്പ് ഫാമിങ്ങ്

മുഖ്യ വിളകളായ തെങ്ങിനും നെല്ലിനും ഇത് വ്യാപകമാക്കണം. കർഷകസമിതികൾ രൂപീകരിക്കണം. കൃഷിഭവൻെറ മാർഗനിർദ്ദേശപ്രകാരം വേനൽക്കാല പച്ചക്കറികൾ സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കണം.

ഔഷധ സസ്യങ്ങൾ

പഞ്ചായത്തിൽ വ്യാപകമായി കണ്ടു വരുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി അതു സംരക്ഷിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും കഴിയണം. കച്ചോലം, ഇഞ്ചി, മഞ്ഞൾ മുതലായവയുടെ ഉല്പാദനം ആരംഭിക്കണം.

ഇൻഷൂറൻസ് പദ്ധതി

കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം നടത്തണം. ഇന്ന് ഗവൺമെൻറ് നടത്തുന്ന ഇൻഷൂറൻസ് അപര്യാപ്തമാണ്.

അവാർഡുകൾ

കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. ഏകീകൃതകൂലി സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കണം. ഇതിന് മോണിറ്ററിങ്ങ് സമിതി വേണം. പുന്നയൂരിൻെറ കാർഷിക പുരോഗതിയിൽ ഗഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. പുത്തൻ വികസന സംസ്ക്കാരം ഉൾക്കൊള്ളാൻ നാം തയ്യാറാകേണ്ടതാണ്.

മറ്റു ഇടവിളകൾ

ജലസേചന സൗകര്യം ലഭിച്ചാൽ വൻതോതിൽ ഇടവിളകളായി ഇഞ്ചി, മഞ്ഞൾ, കുരുമുളക്, മുളക്, ചേന, ചേമ്പ്, കൂർക്ക, ചെറുപയർ, വൻപയർ, ഉഴുന്ന്, മുതിര, റാകി, കവുങ്ങ്, വാഴ, ജാതി, കരയാമ്പു, ഏലം എന്നിവയും സമൃദ്ധിയായി കൃഷി ചെയ്യാവുന്നതാകുന്നു.

രാമച്ചം

പടിഞ്ഞാറൻ മേഖലകളിൽ സമൃദ്ധമായി കൃഷി നടത്തിവരുന്നതും ഇപ്പോൾ ~~ശോഷിച്ചു~~ വരുന്നതുമായ രാമച്ചകൃഷിക്ക് വേണ്ട ആനുകൂല്യങ്ങളും, സബ്സിഡിയും, വിപണന സൗകര്യവും സംസ്ക്കരണ സൗകര്യവും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉണ്ടാകണം.

മേൽത്തരം മാവ്, കശുമാവ് എന്നിവ വൻതോതിൽ വികസിപ്പിച്ച് എടുക്കാവുന്നതാണ്. ഉല്പാദന വർദ്ധനയിലൂടെ തൊഴിൽപരമായും വ്യവസായപരമായും വൻപുരോഗതി കൈവരിക്കാവുന്നതാണ്.

## മറ്റു നിർദ്ദേശങ്ങൾ

നേഴ്സറി സൗകര്യം, വിത്തുവിതരണ കേന്ദ്രം, തരിശുഭൂമി വികസനം രാസവളഡിപ്പോകൾ ഓരോ കർഷകനും കിണറും പമ്പുസെറ്റും ഡ്രിപ്പ് ഇറിഗേഷൻ, 56% സബ്സിഡി നൽകി ട്രൂപ്പ് ഫാമിങ്ങ്, സമ്പ്രദായം നടപ്പിലാക്കണം.

പച്ചതേങ്ങ സംസ്ക്കരണ യൂണിറ്റ് തേങ്ങാപാൽ സംസ്ക്കരണം, തേങ്ങാ വിപണന യൂണിറ്റ്, എണ്ണസംസ്ക്കരണം, പിണ്ണാക്ക്, കാലിത്തീറ്റ നിർമ്മാണം, ചിരട്ടകൾ,കയർ ഉൽപ്പന്നങ്ങൾ, ഓലമടൽ, ഈർക്കിൽ, കുടിൽ വ്യവസായം, കരകൗശലവസ്തുക്കൾ, തെങ്ങു കയറ്റ തൊഴിലാളി പരിശീലന കേന്ദ്രം ഇതിന് ഏകദേശം മൂന്ന് കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ചേറ്റുവാ, വെളിയംകോട് ചീർപ്പ് പുതുക്കി പണിയുന്നതിന് രണ്ട് കോടി പ്രതീക്ഷിക്കുന്നുണ്ട്.

## നേട്ടങ്ങൾ

ജലസേചനസൗകര്യം ഇല്ലാതെ കിടക്കുന്നതും ഒരുപൂ കൃഷിതെന്നേ ലാഭകരമല്ലാതെ കിടക്കുന്നതുമായ രണ്ടായിരത്തി മൂന്നൂറ് ഏക്കർ കൃഷി ഭൂമി ഇരുപൂ കൃഷി ആക്കി ഉയർത്താൻ കഴിയും. തൻമൂലം ഓരോ വിളവെടുപ്പിനും പതിനഞ്ച് മുതൽ ഇരുപത്തഞ്ച് വരെ മേനി വിളവ് വർദ്ധന ഉണ്ടാവുന്നതാണ്. ഒരു പൂവിൽ നിന്നും 4550, കിൻറൽ നെല്ല് ലഭിക്കുന്നത് ഇരുപൂകൃഷിയിൽ നിന്നും 30 മേനി വിളവ് കണക്കാക്കിയാൽ 8900 ക്വിൻറലായി ഉയരും. മേൽ പറഞ്ഞ ജല പദ്ധതി നടപ്പിലാക്കിയാൽ പുന്നയൂർ പഞ്ചായത്തിൽ നിന്ന് മാത്രം പുഞ്ചകൃഷി ഉൾപ്പെടെ 12,450 ക്വിൻറൽ നെല്ല് ഉൽപാദിപ്പിക്കാം. ഇത്തരത്തിൽ മറ്റു പഞ്ചായത്തിലെ നെൽകൃഷിയും മൂന്ന് ഇരട്ടിയായി വർദ്ധിപ്പിക്കാവുന്നതാണ്. ഇപ്പോൾ ഈ പഞ്ചായത്തിലെ വിളവ് എട്ട് മേനി.

ഏറ്റവും കുറഞ്ഞ ഉൽപാദനച്ചിലവിൽ ഉയർന്ന വരുമാനം മേൽപറഞ്ഞ പദ്ധതിയിലൂടെ നെൽകൃഷിയിൽനിന്നും ഉണ്ടാക്കാം. ഈ പദ്ധതി നടപ്പിലാവുകയും കനോലി കനാലിൻെറ വികസനവും സാദ്ധ്യമാവുകയും ചെയ്താൽ വെളിയംകോട്, മാറഞ്ചേരി, പുന്നയൂർക്കുളം, പുന്നയൂർ, ചാവക്കാട്, ഒരുമനയൂർ, കടപ്പുറം, പൊരുമ്പടപ്പ്, എന്നീ പഞ്ചായത്തുളിൽ കനോലി കനാലിൻെറ ഇരുഭാഗങ്ങളിൽ ഉപ്പുവെള്ള ഭീഷണിമൂലം തരിശ്ശായി കിടക്കുന്ന കൃഷിഇടങ്ങളിൽ പുഞ്ചകൃഷി നടത്താനും മൂപ്പു കൃഷി ലാഭകരമായി നടത്താനും കഴിയും എന്നുള്ളത് മറ്റ്ഒരു വികസന സൗകര്യമാണ്. കൂടാതെ 34 കിലോമീറ്റർ ദൂരത്തിലും 2 കിലോമീറ്റർ വീതിയിലും ഉള്ള പ്രദേശങ്ങളിലെ ഉപ്പു വെള്ളം മൂലം ഉള്ള കുടിവെള്ള ക്ഷാമം പരിഹരിക്കാനും സാധിക്കും.

ഈ പദ്ധതിമൂലം കുളങ്ങളിലേയും തോടുകളിലേയും ജലം സംരക്ഷിച്ചു നിറുത്തുന്നതുമൂലം മറ്റു ജീവികൾക്കും ജല ലഭ്യത ഉറപ്പാക്കാം.

## തൊഴിൽ ലഭ്യത

ഒരു വർഷത്തേക്ക് സ്ത്രീ കർഷക തൊഴിലാളി ദിനങ്ങൾ 2,76,000 ലഭിക്കുന്നു. ഒരു വർഷത്തേക്ക് പുരുഷതൊഴിലാളി ദിനങ്ങൾ 55,200 ലഭിക്കുന്നു.

## ഉൽപ്പാദന ചെലവ്

ഒരു ഏക്കർ നെൽകൃഷി നടത്തുന്നതിന് പരമാവധി 8,000 രൂപയാകുന്നു.

## തെങ്ങുകൃഷി

മേൽ പദ്ധതി പ്രകാരം നിലവിലുള്ള പതിനായിരകണക്കിന് തെങ്ങുകളുടെ കായ് ഫലവും ഗുണമേൻമയും ഇരട്ടിയായി വർദ്ധിപ്പിക്കാനും തരിശു പ്രദേശങ്ങളിൽ തെങ്ങുകൃഷി വികസിപ്പിച്ച് എടുക്കാനും സാധിക്കും.

# വിദ്യാഭ്യാസം

കേരളത്തിൻെറ സാംസ്ക്കാരിക ജില്ലയായ തൃശൂരിൻെറ പടിഞ്ഞാറ് വടക്കു ഭാഗത്ത് അറബി കടലിനോട് ചാരികിടക്കുന്ന പുന്നയൂർ പഴയ പൊന്നാനി താലൂക്കിൻെറ ഭാഗമാണ്. പഴയ കൊച്ചിയുടെ ഭാഗമായ തൃശൂർ ജില്ലയിൽ കോഴിക്കോടിൻെറ സന്തതിയായ പുന്നയൂരിനെ പിന്നീട് കൂട്ടി ചേർത്തതാണ്. കൊച്ചി പ്രദേശങ്ങളെല്ലാം വിദ്യാഭ്യാസത്തിൽ വൻ പുരോഗതി കൈവരിച്ചപ്പോഴും ഈ പ്രദേശത്ത് കാര്യമായ പരിവർത്തനം ഉണ്ടായില്ല. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിതമായ ചാവക്കാട് ഹൈസ്കൂൾ മാത്രമാണ് ഈ മേഖലയിലെ ഏകഹൈസ്കൂൾ. ഇവിടേക്ക് കാൽനടയായി 10 കിലോമീറ്ററോളം നടന്നാണ് വിദ്യാഭ്യാസത്തിനുവേണ്ടി വിദ്യാർത്ഥികൾ പോയിരുന്നത്. എഴുത്തു പള്ളികളും, കുടി പള്ളികൂടങ്ങളും, ലോവർ പ്രൈമറി സ്കൂളുകളും ഇക്കാലത്ത് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അദ്ധ്യയനം നടത്തിയിരുന്നു. പഞ്ചായത്തിൻെറ കിഴക്കൻ ഭാഗങ്ങളായ കുരഞ്ഞിയൂർ, പുന്നയൂർ, അവിയൂർ, എടക്കര, എടക്കഴിയൂരിൻെറ കിഴക്ക് ഭാഗത്തും വിദ്യാഭ്യാസത്തിൻെറ പ്രസക്തി നേരത്തെ തന്നെ ബോധ്യപ്പെട്ടിരുന്നതിനാൽ കേവല വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ഈ പ്രദേശങ്ങൾ സംസ്ഥാന ശരാശരിയേക്കാൾ മുന്നിട്ടു നിൽക്കുന്നു. ജീവിത നിലവാരത്തിൽ വളരെ പുറകിലായിരുന്ന ഈ പഞ്ചായത്തിൽ ഫീസുകൊടുത്ത് വിദ്യാഭ്യാസം നടത്തുന്നതിന് രക്ഷിതാക്കൾ വളരെ ബുദ്ധിമുട്ടിയരുന്നു.

സാമൂഹ്യമായും ഭൂമിശാസ്ത്രപരമായും വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ വലിയൊരു വിദ്യാഭ്യാസ ചരിത്രം ഉണ്ടെന്ന് പറയാൻ വയ്യ. എങ്കിലും നിർബന്ധിതവും, സൗജന്യവും, സാർവ്വത്രികവുമായ വിദ്യാഭ്യാസത്തിൻെറ ആവശ്യകത വളരെ നേരത്തെ തന്നെ ബോധ്യപ്പെട്ടിരുന്നു എന്നു കാണാം.

സ്വാതന്ത്ര്യലബ്ധിക്കു മുൻപ് സാംസ്ക്കാരികമായി വിദ്യാഭ്യാസത്തിനുള്ള പങ്ക് ജനങ്ങൾ മനസ്സിലാക്കിയിരുന്നു എന്നു കാണുന്നു. സർക്കാർ തലത്തിൽ താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളെ പിടിച്ചു കൊണ്ടു വന്ന് നിർബന്ധ വിദ്യാഭ്യാസം നടത്താൻ ആത്മാർത്ഥമായി ശ്രമിച്ചിരുന്നു. അധ്യാപകരെ കുറിച്ച് പഴയ തലമുറയിലെ കാരണവൻമാർ നന്ദിയോടെ അയവിറക്കുന്നു. വിദ്യാഭ്യാസത്തിന് ഒഴിച്ചു കൂടാൻ പറ്റാത്ത മറ്റു സാമൂഹ്യ പ്രവർത്തനങ്ങളും ഇക്കാലത്ത് നടത്തിയിരുന്നു. പല റോഡുകളും, നിർമ്മാണ പ്രവർത്തനങ്ങളും അക്കാലത്തെ വിദ്യാർത്ഥികൾ സ്വന്തമായി നടത്തിയിരുന്നതായി പറഞ്ഞു കേൾക്കുന്നു.

ഇന്നത്തെ തലമുറയിൽ കൂടുതൽ പ്രസക്തമായ സ്കൂൾ കോംപ്ലക്സ് എന്ന സങ്കല്പത്തിൻെറ ചെറിയൊരു പതിപ്പും അക്കാലത്തുണ്ടായരുന്നു. പ്രൈമറി തലം മാത്രമുള്ള സ്കൂളുകളിലെ കുട്ടികളും, അധ്യാപകരും കൂടി അടുത്തുള്ള സ്കൂളുകളിൽ പോയി കൂട്ടായി കലാപ്രകടനങ്ങളും, കായിക മത്സരങ്ങളും സദ്യയും ഉണ്ടാക്കിയിരുന്നു. നാടിൻെറ തനതായ കലകളെ പ്രോത്സാഹിപ്പിച്ചിരുന്നു. പൊറോട്ട് നാടകങ്ങളും, തെക്കത്തി നാടകങ്ങളും, സംഗീത നാടകങ്ങളും ഗ്രാമീണ തനിമയിൽ അവതരിപ്പിച്ചിരുന്നു. പുരോഗമന പ്രസ്ഥാനങ്ങൾ നാടൻ കലകളെ അന്ധവിശ്വാസത്തിൻെറ പേരു പറഞ്ഞ് പുച്ഛിക്കാൻ തുടങ്ങിയപ്പോൾ ഇവയെല്ലാം മൺമറഞ്ഞു.

പുന്നയൂർ പഞ്ചായത്ത് പ്രദേശത്ത് സ്വാതന്ത്ര്യ ലബ്ധിക്കു മുൻപുണ്ടായിരുന്ന നിരവധി സ്കൂളുകൾ മൺമറഞ്ഞു പോയിട്ടുണ്ട്. കുരഞ്ഞിയൂരിലാണ് ഇങ്ങനെ ഇല്ലാതായ സ്കൂളുകൾ കൂടുതലും. അതിപുരാതന കാലം മുതൽ കുരഞ്ഞിയൂരിൽ പ്രവർത്തിച്ചിരുന്ന പഞ്ചമസ്കൂൾ ആണ് പിന്നീട് ആദി ദ്രാവിഡ സ്കൂൾ കുരഞ്ഞിയൂർ എന്ന പേരിൽ എടക്കഴിയൂരിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളിലെ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലായി ഏതാണ്ട് 5799 കുട്ടികൾ പഠിക്കുന്നു. സ്കൂൾ രേഖകൾ അനുസരിച്ച് കൊഴിഞ്ഞു പോക്കുകൾ കുറവാണ്.

മുൻകാലങ്ങളിൽ ധാരാളം പേർ ഇടക്ക് വെച്ച് പഠനം നിർത്തിയിരുന്നു. സ്കൂൾ രേഖകൾ എന്തു തന്നെയായാലും ഉയർന്ന ക്ലാസ്സുകളിലേക്കെത്തുമ്പോഴേക്കും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലാകുന്നതായി കാണുന്നു. മത്സ്യ തൊഴിലാളികളുടെ കുട്ടികളാണ് ഇടക്കുവെച്ച് പഠനം നിർത്തുന്നതിൽ കൂടുതൽ. സർക്കാർ സ്കൂളുകളിൽ വേണ്ട സമയത്ത് ആവശ്യത്തിന് അധ്യാപകരെ ലഭിക്കുന്നില്ല എന്നുള്ളത് വലിയൊരു പ്രശ്നമാണ്. ഈ പ്രശ്നം എയ്ഡഡ് സ്കൂളുകളുടെ പൊതു വിവരങ്ങൾ അവസാനം ചേർത്ത പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഇന്ന് പാവപ്പെട്ട ഗ്രാമീണ കൂട്ടകൾ മാത്രമായി അധ്യയനം നടത്തുന്നത്. ജീവിത നിലവാരം അല്പം ഉയർന്നവർപോലും കുട്ടികളെ അയൽ പഞ്ചായത്തുകളിലും ടൗണിലും പ്രവർത്തിക്കുന്ന കോൺവെൻറുകളിലേക്കും, ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്കും വണ്ടികളിൽ കൊണ്ടുപോയി പഠിപ്പിക്കുന്നു. ഇത് ഇവിടുത്തെ സ്കൂളുകളുടെ നിലനിൽപ്പിനെ ബാധിക്കുന്നു. അൺ എക്കോണിമിക്കായി പ്രഖ്യാപിച്ചതും പ്രഖ്യാപിക്കാൻ സാധ്യതയുള്ളതുമായ നിരവധി വിദ്യാലയങ്ങൾ ഇവിടെയുണ്ട്. സമൂഹത്തിൽ വളരെ താഴെകിടയിലുള്ളവരുടെ കുട്ടികൾ മാത്രം ഈ സ്കൂളുകളിൽ പഠിക്കുന്നതു കൊണ്ടും രക്ഷിതാക്കൾ നിരക്ഷരരായതുകൊണ്ടും ഫലപ്രദമായ അധ്യയനം ഒരളവുവരെ ഇവിടെ നടക്കുന്നില്ല. രക്ഷകർത്താക്കളിൽ വലിയൊരു ഭാഗവും വിദേശങ്ങളിലാണ്. അമ്മമാർക്ക് വീടിൻെറ ഭാരിച്ച ഉത്തരവാദിത്വങ്ങളും വന്നു ചേരുന്നതിനാൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയാത്തതും അധ്യയനത്തെ ബാധിക്കുന്നു. കേവല വിദ്യാഭ്യാസം നൽകി ആൺകുട്ടികളെ വിദേശങ്ങളിൽ അയച്ച് എന്തെങ്കിലും ജോലി തരമാക്കി കൊടുക്കണം എന്ന പ്രത്യാശയാണ് രക്ഷിതാക്കളിൽ ഏറിയ കൂറും. പെൺകുട്ടികളെ പ്രത്യേകിച്ച് മുസ്ലീം പെൺകുട്ടികളെ എന്തെങ്കിലും എഴുതാനും വായിക്കാനും പഠിപ്പിച്ച് വിവാഹ പ്രായമായാൽ വിവാഹം ചെയ്തു വിടണം എന്ന ചിന്ത ഇവിടുത്തെ അഭ്യസ്ത വിദ്യരിൽ പോലുമുണ്ട്. കൊഴിഞ്ഞു പോക്കിൽ കൂടുതൽ പെൺകുട്ടികളാണ്. കടലോര പ്രദേശത്തു നിന്നു വരുന്ന വൻഭൂരിഭാഗവും മത്സ്യ തൊഴിലാളികളുടെ മക്കളാണ്. ഈ രക്ഷകർത്താക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസത്തിൻെറ ആവശ്യകത വേണ്ടത്ര ബോധമില്ല എന്നു തന്നെ പറയാം. ഇവർക്ക് ഇക്കാര്യത്തിൽ കൂടുതൽ ബോധവൽക്കരിക്കാൻ ഒരു പ്രത്യേക കർമ്മ പരിപാടിതന്നെ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസരംഗത്ത് വമ്പിച്ച മുന്നേറ്റത്തിന് പുന്നയൂർ സാക്ഷ്യം വഹിച്ചു. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ സീതി സാഹിബ് മെമ്മോറിയൽ ഹൈസ്കൂൾ 1968 ലാണ് ആരംഭിച്ചത്. ഇവിടെ തൊഴിലധിഷ്ഠിതമായ വൊക്കേഷണൽ ഹയർ സെക്കണ്ടറി 1992 ലും ആരംഭിച്ചു. വിവിധ സാങ്കേതിക കോഴ്സുകൾ പഠിപ്പിക്കുന്നു. പഞ്ചായത്തിലെ മൊത്തം സ്കൂളുകളുടെ എണ്ണം പതിമൂന്നാണ്. ഇന്ന് 33065 ജനസംഖ്യയുള്ള പഞ്ചായത്തിൽ ചെറുതും വലുതുമായ 13 വിദ്യാലയങ്ങളിലായി 5799 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. ഇതിൽ V.H.S. ലെ ആകെ വിദ്യാർത്ഥികൾ 70 ആണ്. അധ്യാപകരുടെ എണ്ണം 207 ആണ്. അനുവദിക്കപ്പെട്ടിട്ടുള്ള പോസ്റ്റുകൾ 217 ആണ്. ഇതിൽ 10 പോസ്റ്റുകൾ ഒഴിവുണ്ട്. 390 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഇപ്പോൾ 87 മറ്റുള്ളവരും 11 ഹരിജൻ കുട്ടികളുമടക്കം 98 വിദ്യാർത്ഥികൾ കൊഴിഞ്ഞു പോയിട്ടുണ്ട്.

ഏകദേശം രണ്ടായിരത്തോളം കുട്ടികൾ സമീപ പഞ്ചായത്തുകളിലും മറ്റുമുള്ള കോൺവെൻറുകളിലും, ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും പഠിക്കുന്നുണ്ട്. ഈ പഞ്ചായത്തിലും M.I.C. എന്ന പേരിലും അൻസാറിൻേറ ബ്രാഞ്ചായി എടക്കഴിയൂരിലും ഓരോ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പഞ്ചായത്തിന് പുറത്തുനിന്നുപോലും വിദ്യാർത്ഥികളെ കൊണ്ടുവന്നു പഠിപ്പിക്കുന്നു. ഈ രണ്ടു സ്ഥലത്തുമായി 805 വിദ്യാർത്ഥികൾ പഠിക്കുന്നു.

പഞ്ചായത്തിന് പുറത്തു പോയി പഠനം നടത്തുന്നതിൽ L.F.C.G.H.S, G.H.S. ചാവക്കാട്, M.R.R.M. ചാവക്കാട്, I.C.A. വടക്കേകാട്, അൻസാർ പെരുമ്പിലാവ്, സെൻറ് ഫ്രാൻസിസ് യു.പി. എസ്സ് വെലത്തൂർ, A.U.P.S. വാഴപ്പുള്ളി, കുമാർ യു.പി. എസ്സ്. തിരുവത്ര, ബഥനി കോൺവെൻറ് കോട്ടപ്പടി, ശ്രീകൃഷ്ണ ഹൈസ്കൂൾ ഗുരുവായൂർ, ഗേൾസ് ഹൈസ്കൂൾ കുന്നംകുളം, സെൻറ് ജോർജ് ഹൈസ്കൂൾ തൊഴിയൂർ, തിരുവളയന്നൂർ ഹൈസ്കൂൾ എന്നിവിടങ്ങളിലാണ് ഭൂരിഭാഗവും പഠിക്കുന്നത്. ഗതാഗതത്തിൻെറ ബുദ്ധിമുട്ടാണ് പഞ്ചായത്തിൻെറ വടക്കുഭാഗത്തുള്ള എടക്കഴിയൂരിൽ പോവാതെ കിഴക്കൻ ഭാഗത്തുള്ളവർ മറ്റു സ്ഥലങ്ങളിലേക്ക് പോകുന്നതിന് പ്രേരിപ്പിക്കുന്നത്.

ഉയർന്ന വരുമാനമുള്ളവരുടെ കുട്ടികൾ ഇംഗ്ലീഷ് മീഡിയം, അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിച്ചാലെ ഉയർന്ന വിദ്യാഭ്യാസവും വിദേശത്തും ജോലി ലഭിക്കാനുള്ള സാധ്യതയും ഉണ്ടാകുകയുള്ളൂ എന്ന ധാരണ ഇന്ന് സാർവ്വത്രികമായിട്ടുണ്ട്. മാത്രമല്ല തൻെറ മക്കൾ ടൈയും കോട്ടുമിട്ട് വണ്ടിയിൽ പോയി വരുന്നത് അഭിമാനത്തിൻെറ പ്രതീകമായി കാണുന്നവരുമുണ്ട്.

ആകെയുള്ള 13 സ്കൂളുകളിൽ ഏഴു സ്കൂളുകൾ സർക്കാർ മേഖലയിലാണ്. മൊത്തം അധ്യാപകകരിൽ 49 പേരും വിദ്യാർത്ഥികളിൽ 1326 പേരും ഇവയിലാണ്. ഈ പഞ്ചായത്തിൽ ഭൂരിഭാഗം ആളുകളും മക്കളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറല്ല. സർക്കാർ സ്കൂളുകൾ നിലനിൽപ്പിൻെറ പ്രശ്നത്തിലാണ്. വിദ്യാലയങ്ങൾ നിലനിറുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നാട്ടിൻ പുറത്തെ സാധാരണക്കാരിൽ പോലുമില്ല. ഭൂരിഭാഗം ഹരിജനങ്ങളും തിങ്ങി പാർക്കുന്ന കുരഞ്ഞിയൂരിൽ ലേബർ സ്കൂൾ ഹരിജന ക്ഷേമത്തിനായി തുടങ്ങിയത് 1929 ലാണ്. ആത്മാർത്ഥമായ ആധ്യാപകരുടെ ശ്രമ ഫലമായി ഹരിജനങ്ങളേയും മറ്റു വിഭാഗത്തിലെ വിദ്യാർത്ഥികളെയും വീടുവീടാന്തരം കയറി ഇറങ്ങി കുട്ടികളെ പിടിച്ചുകൊണ്ടുവന്ന് നിർബന്ധ വിദ്യാഭ്യാസം ചെയ്യിച്ചതിൻെറ ഫലമായി ഇവിടെ ജനിച്ചു വളർന്ന എല്ലാവർക്കും 100% സാക്ഷരത ഉണ്ടാവാൻ കാരണമായി. ഉച്ചഭക്ഷണം, ലപ്സംഗ്രാൻറ്, മുണ്ട് എന്നിവ ആകർഷകമായ നിലയിൽ കൊടുത്തിരുന്നു. മാത്രമല്ല സമൂഹത്തിലെ ഉന്നത പദവികൾ അലങ്കരിക്കുന്ന നിരവധി ഉദ്യോഗസ്ഥൻമാരും ഇവിടെ നിന്നുണ്ടായി. പ്രത്യേകിച്ച് ഹരിജൻ വിഭാഗത്തിൽ നിന്ന്. ഇതിനെ നന്ദിയോടെ സ്മരിക്കാനോ, നിലനിറുത്താനോ ഒരു ഭാഗത്തു നിന്നും ശ്രമമുണ്ടായിട്ടില്ല. സ്വന്തം കുട്ടികളെ മറ്റു സ്ഥലങ്ങളിൽ പറഞ്ഞയച്ച് വിദ്യാഭ്യാസം നൽകുന്നതിൻെറ ഫലമായി കഴിഞ്ഞ രണ്ടു വർഷമായി അൺ എക്കണോമിക് ആയി ഈ സ്കൂൾ പ്രഖ്യാപിച്ചിരിക്കയാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊ പഞ്ചായത്തിലില്ല. അടുത്ത കാലത്തായി എടക്കഴിയൂർ V.H.S. ൽ ചില തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാലയുടെ ഭാഗമായി പ്രവർത്തിക്കുന്ന ശ്രീകൃഷ്ണാ കോളേജും, ലിറ്റിൽ ഫ്ലവർ കോളേജുമാണ് ആദ്യകാലത്തുണ്ടായിരുന്നത്. ഇവിടെ നിന്ന് 14 കിലോമീറ്ററും, 5 കിലോമാറ്ററും യാത്ര ചെയ്യേണ്ടതുണ്ട്. കുന്നംകുളം വിവേകാനന്ദ, പൊന്നാനി എം.ഇ.എസ്. എന്നിവയും വളരെ അകലെയാണ്. യാത്രാ സൗകര്യം കൂടിയപ്പോൾ തൃശൂരിൽ പോയി ഉന്നത വിദ്യാഭ്യാസം നടത്തുന്നവർ ധാരാളമുണ്ട്. എന്നാൽ കുറഞ്ഞ മാർക്കിൻെറ പ്രശ്നം പാരലൽ കോളേജുകളിലെ സമരമില്ലായ്മ എന്നിവ പാരലൽ കോളേജുകളിൽ വിദ്യാർത്ഥികളെ ചേർക്കാൻ പ്രേരിപ്പിക്കുന്നു. ഗൾഫിൽ നിന്നുള്ള വരുമാനം വളരെയധികം വർദ്ധിച്ചതിൻെറ ഫലമായി സ്കൂൾ, കോളേജു വിദ്യാഭ്യാസവും വളരെ പുരോഗമിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസവും വളരെ പുരോഗമിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ പത്തു വർഷമായി ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് മുസ്ലീം സമുദായത്തിൽപെട്ടവരിൽ മിക്കവാറും 60% വീടുകളിലും കോളേജ് വിദ്യാർത്ഥികൾ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ S.S.M.V.H.S. ലെ വിജയശതമാനം താരതമ്യേന കുറവാണ്. വിജയിക്കുന്നവരിൽ മാർക്കും വളരെ കുറവാണ്. വിദ്യാർത്ഥികൾക്ക് വീടുകളിലും, ട്യൂട്ടോറിയകളിലും വെച്ച് ട്യൂഷൻ കൊടുക്കുന്ന രീതിയും ഇവിടെ സാർവ്വത്രികമായിട്ടുണ്ട്. ട്യൂഷൻ കൊടുക്കുന്ന സ്ഥാപനങ്ങൾ തന്നെ അഞ്ചെണ്ണമുണ്ട്. പാരലൽ കോളേജുകൾ കാര്യമായും കുന്നംകുളം, ഗുരുവായൂർ, മമ്മിയൂർ, പുന്നയൂർക്കുളം എന്നിവിടങ്ങളിലാണ്. ഇവിടെ 300 നും 500 നും ഇടയിൽ വിദ്യാർത്ഥികൾ ഈ പഞ്ചായത്തിൽ നിന്നു പഠിക്കുന്നു.

ടൈപ്പ് റൈറ്റിങ്ങ് വളരെയധികം കുട്ടികൾ ഇവിടെ നിന്ന് പുറത്തു പോയി പഠിക്കുന്നു. ഇവിടെ ഉണ്ടായിരുന്ന ഒരു ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് അടച്ചു പൂട്ടുകയും ചെയ്തു. ഷോർട്ട്ഹാൻഡും പഠിക്കുന്നവരുണ്ട്. കമ്പ്യൂട്ടർ പഠിക്കുന്ന വിദ്യാർത്ഥികൾ വളരെ കൂടിയിട്ടുണ്ട്. വിദേശങ്ങളിലും നാട്ടിലും കമ്പ്യൂട്ടറിനുണ്ടായിട്ടുള്ള വർദ്ധിച്ച സാധ്യതയാണ് ഇതിനു കാരണം. എന്നാൽ ഈ പഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്പ്യൂട്ടർ ട്രെയിനിംഗ് സ്ഥാപനങ്ങളൊന്നുമില്ല. പോളിടെക്നിക്കുകളിലും കുട്ടികൾ ധാരാളം പഠിക്കുന്നുണ്ട്. തൃപ്രയാർ, കുന്നംകുളം, തൃശൂർ എന്നീ ദൂരസ്ഥലത്തു പോയിട്ടാണ് ഇവർ പഠിക്കുന്നത്. ഒരു പോളിടെക്നിക്കിൻെറ അത്യാവശ്യം ഈ പഞ്ചായത്തിലുണ്ട്.

നാല് ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറി നഴ്സറികൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവിടെ നിന്നും

പുറത്തുള്ള ഇംഗ്ലീഷ് മീഡിയത്തിലും, കോൺവെൻറ് നഴ്സറികളിലും ശിശുക്കളെ കൊണ്ടുപോയി പഠിപ്പിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന അംഗൻ വാടികളിൽ പോയിട്ടാണ് ഇവിടുത്തെ മിക്കവാറും ശിശുക്കൾ പഠിക്കുന്നത്. ഇത് ഇംഗ്ലീഷ് മീഡിയം, പ്രീ-പ്രൈമറി വിദ്യാലയങ്ങളുടെ വ്യാപനം കുറക്കാൻ സഹായകമായിട്ടുണ്ട്. 33065 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ കൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 1000 പേർക്ക് ഒന്ന് എന്ന അനുപാതം പാലിക്കപെടണമെങ്കിൽ അടിയന്തിരമായി അംഗൻവാടികൾ ഉടൻ പഞ്ചായത്തിന് അനുവദിച്ചു കിട്ടേണ്ടതാണ്. ഈ പഞ്ചായത്തിൽ നിന്നും ഇംഗ്ലീഷ് മീഡിയം, കോൺവെൻറ് പ്രീ-പ്രൈമറികളിൽ 250ഓളം പിഞ്ചുകുട്ടികൾ പോകുന്നുണ്ട്.

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾ ഈയിടെയായി വളരെയധികം ജനിക്കുന്നു, എന്നാൽ അവരുടെ ശേഷി വർദ്ധിപ്പിക്കാനും മറ്റുമുള്ള വിദ്യാലയത്തിൻെറ അഭാവം പ്രത്യേകം അനുഭവപ്പെടുന്നുണ്ട്. ഇത്തരം സ്കൂളുകൾ അടുത്ത പ്രദേശത്ത് പോലുമില്ല എന്നതാണ് കാര്യം ഗൗരവമാക്കുന്നത്.

മുസ്ലീം മതപഠന കേന്ദ്രങ്ങളായ മദ്രസ്സകൾ 25 എണ്ണത്തിൽ കൂടുതലുണ്ട്. സ്കൂൾ പഠനത്തെ ബാധിക്കാത്ത നിലയിൽ രാവിലെയും വൈകുന്നേരവുമായി അവ പ്രവർത്തിക്കുന്നു. ചെറിയ രീതിയിൽ സ്കൂൾ പഠനത്തിന് ബാധിക്കുന്നതായി അധ്യാപകരിൽ നിന്നും അഭിപ്രായമുണ്ട്.

ഈ പഞ്ചായത്തിൽ ജോലി ചെയ്യുന്ന അധ്യാപകരിൽ 5% താഴെ മാത്രമെ തദ്ദേശീയരായിട്ടുള്ളൂ. ബാക്കിയുള്ളവരെല്ലാം പഞ്ചായത്തിന് പുറത്തുള്ളവരാണ്. പഞ്ചായത്തിന് പുറത്തു പോയി അധ്യാപകരായി ജോലി ചെയ്യുന്നവർ അമ്പതോളം പേരുണ്ട്. കോളേജിലും, യൂണിവേഴ്സിറ്റിയിലും ജോലി ചെയ്യുന്ന അഞ്ചോളം പേരുണ്ട്.

നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ ഗവേഷണത്തിനും, ഉന്നതവിദ്യാഭ്യാസത്തിനും ഉപയോഗിക്കുന്നവർ ഈ പഞ്ചായത്തിൽ വളരെ തുച്ഛമാണ്. നമ്മുടെ വിദ്യാഭ്യാസ സംഘടനയാണ് ഉന്നത വിദ്യാഭ്യാസവും സർവ്വകലാശാലകളും ജനങ്ങളിൽ നിന്ന് അന്യം നിൽക്കുന്നതിനുള്ള കാരണം. മറ്റു സ്ഥലങ്ങളിലെ പോലെ മിടുക്കൻമാരും മിടുക്കികളുമായ ചെറുപ്പക്കാർ വിദൂരസ്ഥലങ്ങളിൽ പണം മുടക്കി എളുപ്പം ജോലി സാധ്യതയുള്ള ബി.എഡ്., ബി.ബി.എ., എം.ബി.എ., ഐ.ടി.സി., മെഡിസിൻ, എഞ്ചിനീയറിംഗ്, ഫാർമസി തുടങ്ങിയ കോഴ്സുകളിൽ ആകൃഷ്ടരാകുന്നു.

ഗൾഫ് പണത്തിൻെറ സ്വാധീനം ഉയർന്ന വിദ്യാഭ്യാസം കുട്ടികളിൽ ഉണ്ടാക്കാനും, അതോടൊപ്പം പ്രായപൂർത്തിയായാൽ കടൽ കടന്നു പോകുക എന്ന തോന്നൽ പഠന പ്രവർത്തനങ്ങളിൽ നിന്നു അകന്നു പോകാനും ഒരു പോലെ കാരണമായിട്ടുണ്ട്. എന്നാൽ ഈയ്യിടെ ഗൾഫിൻെറ തിരിച്ചടി ഈ പ്രദേശത്തെ വിദ്യാഭ്യാസരംഗത്തെയും ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ധാരാളം വിദ്യാലയങ്ങളും വിദ്യാസമ്പന്നരും, വിദ്യാർത്ഥികളും നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും ഒന്നു മുതൽ ഏഴു വരെ വാർഡുകളിൽ കാര്യമായും ബാക്കി അഞ്ചു വാർഡുകളിൽ ചെറിയ തോതിൽ നിരക്ഷരതാ പ്രശ്നമുണ്ട്. 90 ലെ സാക്ഷരതാ യജ്ഞത്തിൽ കാര്യമായ പ്രവർത്തനം നടത്തിയെങ്കിലും സന്നദ്ധത പ്രവർത്തനം കൊണ്ടു മാത്രം പരിഹരിക്കാവുന്ന പ്രശ്നമല്ലാത്തതുകൊണ്ട് സർക്കാർ തലത്തിൽ സാക്ഷരതാ പ്രവർത്തനത്തിന് സ്ഥിരം സംവിധാനം ഇവിടെ ഉണ്ടാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ മൊത്തം 0% നിരക്ഷരരുണ്ട്.

വിദ്യാഭ്യാസം ഗ്രാമപഞ്ചായത്തിൻെറ ചുമതലയിൽ വന്നതിനുശേഷം പുന്നയൂർ പഞ്ചായത്തിലെ ുഴുവൻ വിദ്യാലയങ്ങളിലെയും പ്രധാന അദ്ധ്യാപകരെ വിളിച്ച് അവരവരുടെ സ്കൂളുകളിലെ പ്രവർത്തനങ്ങൾ ാര്യക്ഷമമാക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചു. പഞ്ചായത്ത് പ്രസിഡണ്ടിൻെറ അധ്യക്ഷതയിൽ ഓരോ ്കൂളിലെ പി.ടി.എ. കമ്മിറ്റികൾ യോഗം ചേരുകയും അവിടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പ്രതിവിധികൾ ണ്ടെത്താനും ശ്രമിക്കുന്നുണ്ട്. എടക്കഴിയൂർ S.S.M.V.H.S. നെ കേന്ദ്രീകരിച്ച് ഒരു സ്കൂൾ കോംപ്ലക്സ് വർത്തനം നടത്താനുള്ള തീരുമാനമാണ് അതിലൊന്ന്.

ഏക ഹൈസ്കൂളായ S.S.M.V.H.S. ലെ വിജയശതമാനം വളരെ കുറവാണ്. ഇത് ഉയർത്തുന്നതിന് ശക്തമായ പി.ടി.എ. കമ്മിറ്റിയുടെ പ്രവർത്തന ഫലമായി സ്കൂൾ സമരം ഇല്ലാതാക്കാനും സ്കൂളിൻെറ ഫലപ്രദമായ പ്രവർത്തനത്തിന് രക്ഷകർത്താക്കളുടെ സഹകരണത്തിൻെറ ആവശ്യം ഊട്ടി ഉറപ്പിക്കാനും കഴിഞ്ഞു. പല പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മനസ്സിലായ ഒരു പ്രധാന വസ്തുത ഏകദേശം 20% വിദ്യാർത്ഥികൾക്കും അക്ഷരജ്ഞാനത്തിൻേറയും അക്കജ്ഞാനത്തിൻേറയും കുറവ് കാര്യമായി ഉണ്ട് എന്നുള്ളതാണ്. രക്ഷിതാക്കളുടെ ശ്രദ്ധ കുറവിനേക്കാൾ അദ്ധ്യാപകരുടെ ഗുണനിലവാരത്തിലുള്ള കുറവാണ് ഇതിന് പ്രധാന കാരണം. സ്വകാര്യ സ്ഥാപനങ്ങളിൽ പൂർണ്ണമായും കമ്മീഷനടിസ്ഥനത്തിലല്ല അധ്യാപകരെ നിയമിക്കുന്നത്. സ്വകാര്യ സ്ഥാപനങ്ങളിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നു.

അക്കാഡമിക് സൗകര്യം ഉയർത്തുന്നതിന് എല്ലാരക്ഷിതാക്കളുടേയും അധ്യാപകരുടേയും സഹകരണവും കൂട്ടായ്മയും ആവശ്യമാണ്. S.S.M.V.H.S. ൽ കൂടുതൽ തൊഴിലധിഷ്ടിത കോഴ്സുകളും മറ്റു പഠന സൗകര്യങ്ങളും ഉണ്ടാക്കണം. ഈ സ്കൂൾ ന്യൂക്ലിയസ്സായി സ്കൂൾ കോംപ്ലക്സ് പ്രവർത്തനം കാര്യക്ഷമമാക്കണം. അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പഠന ക്ലാസ്സുകൾ നടപ്പാക്കി അക്കാഡമിക്ക് സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ കലാ സാഹിത്യാദി കാര്യങ്ങളിൽ മുൻതൂക്കം നൽകാൻ സാഹിത്യസമാജം പോലുള്ള വേദികൾ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. കലാകായിക രംഗത്ത് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ സംസ്ഥാന തലത്തിൽ തന്നെ നേട്ടമുണ്ടാക്കിയിട്ടുണ്ട്. ഇവരെ പഞ്ചായത്തു തലത്തിൽ പ്രോത്സാഹിപ്പിച്ചിട്ടില്ല. അല്ലെങ്കിൽ അതിന് ഇപ്പോഴും സംവിധാനങ്ങളുണ്ടാക്കിയിട്ടില്ല എന്നുള്ളത് ഒരു ദുഖ സത്യമാണ്.

എൽ.പി. സ്കൂളുകൾ തമ്മിൽ ശരാശരി ഒരു കിലോമീറ്ററും പരമാവധി രണ്ടു കിലോമീറ്ററുമാണ് അകലം. യു.പി. സ്കൂളുകൾ തമ്മിൽ ശരാശരി രണ്ടു കിലോമീറ്ററും പരമാവധി രണ്ടര കിലോമീറ്ററുമാണ് അകലം. ഹൈസ്കൂളുകൾ തമ്മിൽ പരമാവധി അഞ്ചു കിലോമീറ്ററുമാണ് ദൂരം.

വിദ്യാലയങ്ങളിൽ അത്യാവശ്യം വേണ്ട പ്രാഥമിക സൗകര്യങ്ങളായ മൂത്രപ്പുര, വൃത്തിയുള്ള കക്കൂസ് എന്നിവ മിക്ക സ്കൂളുകളിലും ഇല്ല. കുടിവെള്ളം പോലുമില്ലാത്ത സ്കൂളുകൾപോലുമുണ്ട്. മറ്റു ഭൗതീക സൗകര്യത്തിൻെറ കാര്യത്തിലും പുറകിലാണ്. ഭൗതീക സൗകര്യങ്ങളുടെ വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

ഭൂരിപക്ഷം സ്കൂളുകളിലും അക്കാഡമിക് സൗകര്യം കുറവാണ്. റേഡിയോ, ടേപ്പ് റെക്കോർഡർ എന്നിവയുണ്ടെങ്കിലും വൈദ്യുതി ഇല്ലാത്തതിനാൽ അവ പ്രവർത്തിക്കാൻ കഴിയുന്നില്ല. അക്കാഡമിക് സൗകര്യങ്ങൾ ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമാണ്. ക്ലാസ്സുമുറികളിൽ ചതഞ്ഞരയുന്ന വിദ്യാർത്ഥികൾക്ക് ഉൻമേഷം പകരാൻ കഴിയുന്ന സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, വൃത്തിയുള്ളതും വലിപ്പമുള്ളതുമായ ബോർഡുകൾ, ഫർണീച്ചറുകൾ തുടങ്ങിയവയാണ് ഒരു വിദ്യാലയത്തിൻെറ യോഗ്യതയുടെ അടിസ്ഥാന ഘടകങ്ങളായി പരിഗണിക്കപ്പെടുന്നത്. ഇവിടത്തെ വിദ്യാലയങ്ങളിലെ അക്കാഡമിക് സൗകര്യങ്ങൾ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകാൻ അമാന്തിക്കരുത്. പഞ്ചായത്തിലെ എല്ലാ ക്ലാസ്സുകളിലേയും ഉയർന്ന മാർക്കു വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു. S.S.L.C. ക്ക് ഇവിടത്തെ ഏക ഹൈസ്കൂളിൽ നിന്നും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡുകൾ നൽകുന്നു. എന്നാൽ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് അവാർഡു നൽകാൻ സംവിധാനമുണ്ടാകണം. ഈ രംഗത്തേക്ക് സന്നദ്ധ സംഘടനകളു വളരെ പരിമിധമായി മാത്രമേ പ്രവർത്തനം നടത്തിയിട്ടുള്ളു.

P.T.A. കളുടെ നേതൃത്ത്വത്തിൽ അവാർഡുകൾ കൊടുക്കുന്നുണ്ട്. മറ്റു എൻഡോവ്മെൻറ് പ്രൈസുകളും വിദ്യാലയങ്ങളിൽ നാമമാത്രമായി കൊടുക്കുന്നുണ്ട്.

വിദ്യാലയങ്ങളിലെ ഭൗതീക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. ചില സ്കൂളുകൾ ഓല മേഞ്ഞതാണ്. ഏറ്റവും ഗുരുതരമായ പ്രശ്നമുള്ള സ്കൂൾ കെട്ടിടം എടക്കഴിയൂർ ജി.എൽ.പി.എസ്സ്. ൻെറതാണ്. ഇവിടെ താൽകാലിക ഓല ഷെഡിലാണ് പ്രവർത്തിക്കുന്നത്. ഏകദേശം 225 ഓളം കുട്ടികൾ പഠിക്കുന്നു. പത്ത് പതിനഞ്ച് കൊല്ലമായി സ്ഥലത്തിൻെറ പേരിലുള്ള വസ്തു തർക്കം മൂലം കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കയാണ്. പി.ടി.എ. യുടെയും നാട്ടുകാരുടെ സഹകരണത്തോടും കൂടിയാണ് ആയിരങ്ങൾ ചെലവഴിച്ച് ഓരോ വർഷവും പുര കെട്ടിമേയുന്നതും മറക്കുന്നതും. മാത്രമല്ല വെറും മണ്ണിൽ വെച്ചാണ് അധ്യയനം നടക്കുന്നത്. ഇതിനൊരു പരിഹാരം എത്രയും പെട്ടെന്നുണ്ടാവേണ്ടതുണ്ട്. വാടക കെട്ടിടങ്ങളിലാണ് മിക്ക സ്കൂളുകളും പ്രവർത്തിക്കുന്നത്. ഇവിടെ വാടക കൃത്യമായി കിട്ടാറില്ല. അതുകൊണ്ട് അറ്റകുറ്റപണികൾ നടത്താൻ ബുദ്ധിമുട്ടുന്നു. സർക്കാർ വിദ്യാലയങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടവും കളിസ്ഥലവും ഉണ്ടാക്കണം.

വിദ്യാർത്ഥികളുടെ പഠനനിലവാരം വളരെ ശോചനീയമാണ്. S.S.L.C. വിജയശതമാനവും മൂന്നു മുതലുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ മാർക്കും പട്ടിക കൊടുത്തിട്ടുണ്ട്.

ദൃശ്യ മാധ്യമങ്ങളുടെ വ്യാപനവും നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണവും വിദ്യാർത്ഥികളിൽ അഭിലിഷണീയമായ പ്രവണതകൾ ഉണ്ടാക്കുന്നു. നല്ലൊരു ശതമാനം വിദ്യാർത്ഥികളും, ട്യൂഷൻ, ഗൈഡ്, എന്നിവയെ ആശ്രയിക്കുന്നു. വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന വിവിധ കലാ, കായിക, പൊതുവിജ്ഞാന മത്സരങ്ങളിൽ സ്കൂളുകൾ പങ്കെടുക്കുന്നുണ്ടെങ്കിലും നിലവാരക്കുറവുമൂലം പിന്തള്ളപ്പെടുന്നു. എന്നാൽ ഉയർന്ന പ്രകടനം കാഴ്ചവെക്കുന്ന അപൂർവ്വം മിടുക്കൻമാരുമുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ പൊതു വിജ്ഞാന പരീക്ഷകളും നടത്താറുണ്ട്.

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച ദ്വിതീയ വിവരങ്ങളുടേയും ഗ്രാമ സഭയിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. 12 ഗ്രാമ സഭകളിലും വിദ്യാഭ്യാസം സജീവ ചർച്ച വിധേയമായി. പൊതുവായി അക്കഡമിക് നിലവാരം, പുതിയ വിദ്യാലയങ്ങളുടെ ആവശ്യം, എന്നിവയാണ് പൊന്തിവന്നത്. പാഠപുസ്തകങ്ങൾ കൃത്യസമയത്ത് കിട്ടാത്തതിൻേറയും അവശ്യത്തിന് അദ്ധ്യാപകരില്ലാത്തതും ചില ലോവർ പ്രൈമറി സ്കൂളുകൾ ഉയർത്തേണ്ടതിൻെറ അവശ്യകത, ഉച്ചക്കഞ്ഞി, നിലവാരമുയർത്താനുള്ള പുതിയ ആശയങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഗ്രാമ സഭ ചർച്ച വിഷയമായി.

## ഗ്രാമസഭ റിപ്പോർട്ടിൻെറ അയിസ്ഥാനത്തിൽ തയ്യാറാക്കിയ മുഖ്യപ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. എടക്കഴിയൂർ സീതി സാഹിബ് മെമ്മോറിയൽ ഹൈസ്കൂളിൽ S.S.L.C. വിജയ ശതമാനം കുറവാണ്.
2. മിക്ക സ്കൂളുകളിലും ഭൗതീക സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്
3. എടക്കഴിയൂർ G.L.P. സ്കൂൾ സ്ഥലതർക്കം മൂലം വെറും ഓലഷെഢിൽ പ്രവർത്തിക്കുന്നു.
4. കുറഞ്ഞിയൂർ G.H.W.L.P. സ്കൂൾ ഇപ്പോൾ 5-ാം ക്ലാസ്സ് വരെയാണ്. അതുകൊണ്ട് ഇവിടെ ഹിന്ദി പഠനത്തിന് സൗകര്യമില്ല. ഈ സ്കൂൾ അൺഎക്കണോമിക് വിഭാഗത്തിൽ പെടുന്നു.
5. സർക്കാർ വിദ്യാലയങ്ങളിൽ കൃത്യമായി അദ്ധ്യാപകർ നിയമിക്കപ്പെടുന്നില്ല.
6. അക്കാഡമിക് സൗകര്യങ്ങൾ കുറവാണ്. P.T.A. കമ്മിറ്റികൾ ശക്തമല്ല.
7. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് ഒഴുക്ക് കൂടുന്നു.
8. അങ്കൺ വാടികൾക്ക് 90% ത്തിനും അടിസ്ഥാന സൗകര്യങ്ങളില്ല.
9. മത്സ്യതൊഴിലാളി കുട്ടികളേയും മറ്റു കൊഴിഞ്ഞു പോകുന്ന കുട്ടികളേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് ബോധവൽക്കരണ ശ്രമങ്ങൾ കുറവാണ്.

## നിർദ്ദേശങ്ങൾ

1. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.
2. വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിപ്പിക്കാൻ സൗകര്യം വേണം.
3. മത്സ്യം, ചകിരി, ചിരട്ട, കക്ക, നാളികേരം, പഴവർഗ്ഗങ്ങൾ തുടങ്ങിയവ പരമാവധി ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കാൻ ഹ്രസ്വകാല കോഴ്സുകൾ വേണം.
4. പോളിടെക്നിക് പഞ്ചായത്തിൽ വേണം.
5. കുട, നോട്ടു ബുക്കുകൾ, കരകൗശലസാധനങ്ങൾ, എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകണം.
6. തുന്നൽ ക്ലാസ്സുകൾ ഫലപ്രദമാക്കണം.
7. ആർട്ട്സ് കോളേജുവേണം.
8. ഫിഷറീസ് യൂണിവേഴ്സിറ്റി ആരംഭിക്കണം.
9. മൂന്ന് എൽ.പി. സ്കൂളുകൾ (2-ാം വാർഡിലും, 5,4,3) എന്നീ വാർഡുകളുടെ ബീച്ചിലും എടക്കഴിയൂർ ബീച്ചിലുമായി വേണം.
10. കൊഴിഞ്ഞുപോക്കു തടയാൻ ഫലപ്രദമായ പ്രവർത്തനം വേണം.
11. സാക്ഷരതാ പ്രവർത്തനം സർക്കാർ തലത്തിൽ തുടർച്ചയായി തീര പ്രദേശങ്ങളിൽ നടത്തണം.
12. S.S.L.C. വരെ നിർബന്ധ വിദ്യാഭ്യാസമാക്കണം.
13. അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻ നിർത്തി ഒരു ദ്രശ്യ-ശ്രാവ്യ സങ്കേതത്തിന് രൂപം നൽകണം. എല്ലാ സ്കൂളുകളേയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം. പഞ്ചായത്തിലെ തൽപരരായ എല്ലാവർക്കും ആരോഗ്യ - വിദ്യാഭ്യാസ പരിസ്ഥിക നൈപുണ്യം കൈവരിക്കാനുതകുന്ന ഹ്രസ്വകാല കോഴ്സുകൾ ഈ കേന്ദ്രത്തിലാരംഭിക്കണം.
14. സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കണം.
15. ഓൾ പ്രമോഷൻ നിറുത്തലാക്കണം.
16. മാതൃസംഗമം, വിദ്യാർത്ഥിസംഗമം എന്നിവ പ്രാവർത്തികമാക്കണം.
17. പാഠ്യേതരവിഷയങ്ങളിൽ കുട്ടികളെ കർമ്മോത്സുകരാക്കണം.
18. വിനോദയാത്രകൾ നടത്തണം.
19. മന്ദലാംകുന്ന് U.P. സ്കൂളായി ഉയർത്തണം.

പട്ടിക - 1

## പുന്നയൂർ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങളുടെ വിവരങ്ങൾ

| നമ്പർ | സ്കൂളിൻെറ പേര് | അദ്ധ്യാപകർ | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ |
| 1. | G.H.W.L.P.S., കുരഞ്ഞിയൂർ | 5 | 41 | 41 | 82 |
| 2. | G.M.L.P.S., അകലാട് | 4 | 65 | 46 | 111 |
| 3. | G.L.P.S., എടക്കഴിയൂർ | 7 | 124 | 96 | 220 |
| 4. | G.L.P.S., പുന്നയൂർ | 5 | 46 | 48 | 114 |
| 5. | G.M.L.P.S., പുന്നയൂർ നോർത്ത് | 4 | 52 | 49 | 101 |
| 6. | G.M.L.P.S., എടക്കഴിയൂർ | 8 | 110 | 129 | 299 |
| 7. | A.D.L.P.S., എടക്കഴിയൂർ | 10 | 206 | 180 | 386 |
| 8. | K.C.P.H.M.L.P.S., എടക്കര | 9 | 141 | 111 | 252 |
| 9. | G.F.U.P.S., മന്ദലാംകുന്ന് | 15 | 206 | 193 | 399 |
| 10. | A.M.U.P.S., അവിയൂർ | 21 | 230 | 241 | 471 |
| 11. | R.P.M.U.P.S., എടക്കഴിയൂർ | 28 | 389 | 298 | 687 |
| 12. | A.M.U.P.S., എടക്കഴിയൂർ | 39 | 609 | 608 | 1217 |
| 13. | S.S.M.V.H.S., എടക്കഴിയൂർ | 57 | 728 | 732 | 1460 |
| | ആകെ | 212 | 3007 | 2792 | 5799 |

പട്ടിക - 2

| സ്കൂളുകൾ | അദ്ധ്യാപകർ | വിദ്യാർത്ഥികൾ | | | നിലവിലുള്ള വിദ്യാലയങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | |
| V.H.S | | 54 | 16 | 70 | 1 |
| H.S | 57 | 728 | 732 | 1460 | 1 |
| U.P.S. | 98 | 1434 | 1340 | 2774 | 4 |
| L.P.S. | 52 | 845 | 720 | 1565 | 8 |

# വ്യവസായം

വ്യാവസായികമായി തീരെ ശൂന്യമാണ് പുന്നയൂർ പഞ്ചായത്ത്. വിദേശ മലയാളികളിൽ ഈ നാട്ടുകാരാണെങ്കിലും വ്യവസായ മേഖലയിൽ മുതൽ മുടക്കാനുള്ള താത്പര്യം വളരെ കുറഞ്ഞു കാണുന്നു. ഈ പഞ്ചായത്തിൽ സമൃദ്ധമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഇത്തിൾ, രാമച്ചം, മത്സ്യം എന്നിവയാണ്. ജനജീവിതത്തിൽ ഏറിയ പങ്കും വിദേശങ്ങളിൽ ജോലി നോക്കുന്നതുകൊണ്ടും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ടും ഈ നാട്ടുകാർക്ക് വ്യവസായപരമായ അറിവ് ഇല്ലാത്തതുകൊണ്ടും സർക്കാർ, അർദ്ധ സർക്കാർ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമല്ലാത്തതുകൊണ്ടും അസംസ്കൃത സാധനങ്ങൾ ചുരുങ്ങിയ ചിലവിൽ ലഭ്യമല്ലാത്തതുകൊണ്ടും കൂലി ചിലവ് വളരെ അധികമായതുകൊണ്ടുമാണ് ഈ പ്രദേശം വ്യാവസായികമായി പിന്നോട്ട് പോകാൻ കാരണമെന്ന് മനസ്സിലാകുന്നു.

പടിഞ്ഞാറ് അറബിക്കടലും അതിന് കിഴക്ക് 1.3 കലോമീറ്റർ കിഴക്കു ഭാഗത്തു കൂടുതൽ വയലുകളും ഇതിൽ ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളും ഭൂപ്രകൃതി തന്നെ അവതാളത്തിലാക്കിയ പഞ്ചായത്താണ് പുന്നയൂർ. വ്യവസായ ആവശ്യത്തിന് ഈ ഗ്രാമങ്ങൾ തമ്മിലുള്ള യാത്രാ സൗകര്യത്തിന് റോഡുകളുണ്ടക്കിയതും, വൈദ്യുതിയെത്തിയധും ഈ അടുത്ത കാലത്താണ്. അടിസ്ഥാന സൗകര്യങ്ങൾ വികസിച്ചു വരാൻ തുടങ്ങിയിട്ടേയുള്ളൂ.

16.60 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 33,065 വരുന്ന ജനസംഖ്യയും 7,027 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലോരു വിപണി ഉണ്ടായിട്ടും ആവശ്യ സാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂണിററുപോലുമില്ല എന്നത് ചിന്തിക്കേണ്ട വിഷയമാണ്.

1970 കാലഘട്ടം മുതൽ തൊഴിൽ തേടി ഗൾഫിലേക്ക് ജനങ്ങൾ പോകുന്നതിൻെറ ആക്കം കൂടി. ഒരു വീട്ടിൽനിന്നും ഒരാളെന്ന നിലയിൽ ഇന്ന് ജനങ്ങൾ ഗൾഫിലുണ്ട്. എന്നാലിവരുടെ അധ്വാനഫലമായി ലഭിക്കുന്ന വിദേശ മൂലധനം വേണ്ടവിധം ഉപയോഗപ്രദമാക്കാൻ കഴിഞ്ഞ കാലങ്ങളിലൊന്നും ഒരു ശ്രമവും നടന്നിട്ടില്ല. എന്നാൽ ഇന്ന് ഗൾഫ് ഒരു പേടിസ്വപ്നമായിരിക്കയാണ്. തൊഴിൽ സ്വപ്നം കണ്ട് വിദേശത്ത് പോയിരുന്നവർ പുതിയ വിസ നിയമത്തിൻെറ നിഴലിൽപ്പെട്ട് കഷ്ടപ്പെടുകയാണ്. ഇവരെ പുനരധിവസിപ്പിക്കാൻ സർക്കാർ ഏജൻസികൾ മുഖേന വ്യവസായ സംരഭങ്ങൾ തുടങ്ങുകയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നും കാണുന്നില്ല.

ധാരാളം ചെറുപ്പക്കാർ തിരിച്ചു വരുന്ന ഈ സന്ദർഭത്തിൽ ചുരുങ്ങിയ തുക വക കൊള്ളിച്ച് പെട്ടെന്ന് വളരാൻ സഹായകമായ വ്യവസായ സംരഭങ്ങളാണ് ഈ പഞ്ചായത്തിൽ ഇന്ന് അത്യാവശ്യമായിട്ടുള്ളത്. വിദേശങ്ങളിൽ ഇന്ന് ഇന്ത്യൻ വസ്ത്രങ്ങൾക്ക് പ്രിയം ഏറി വരുന്നു. ഈ ഡിമെൻറ് മനസ്സിലാക്കി പഞ്ചായത്തടിസ്ഥാനത്തിൽ വിദേശത്തേക്ക് വസ്ത്രങ്ങൾ തയ്ച്ച് കയറ്റി അയക്കുന്ന വിപുലമായ തയ്യൽ യൂണിറ്റ് ആരംഭിക്കാൻ സാധിക്കും. ധാരാളം ചെറുപ്പക്കാർ തയ്യൽ ജോലിയിൽ വ്യാപൃതരായ ഈ പഞ്ചായത്തിൽ ഈ യൂണിറ്റ് വൻ വിജയമായിരിക്കും. മാത്രമല്ല ഇത്തരം യൂണിറ്റുകൾ തുടങ്ങാൻ വിദേശ മലയാളികളുടെ ചെറുതല്ലാത്ത മുതൽ മുടക്കും ഉണ്ടാകും. വ്യത്യസ്ത രീതിയിലും, ശൈലിയിലുമുള്ള ഇന്ത്യൻ തുണിത്തരങ്ങൾ ഉപയോഗിച്ച് വിദേശരാജ്യങ്ങളിലെ ആവശ്യാനുസരണം ഗാർമെൻറ് സാധങ്ങൾ തയ്യാറാക്കി കയറ്റി അയക്കാനുള്ള എല്ലാവിധ സഹായങ്ങളും സർക്കാർ തലത്തിൽ ഉണ്ടാവേണ്ടതാണ്. ഇത്തരം സംരഭങ്ങൾ ജനകീയമായിത്തന്നെ ഈ പഞ്ചായത്തിൽ വിജയിക്കും.

ഇപ്പോൾ കാർഷീകമായി വളരെ പിന്നിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ കൃഷിഭൂമിയെല്ലാം ഉദ്ദേശിച്ച രീതിയിൽ കൃഷിയോഗ്യമാക്കുകയാണെങ്കിൽ ഇവിടെ ഉണ്ടാക്കുന്ന നെല്ല് സംസ്കരിച്ച് അരിയും മറ്റുല്പന്നങ്ങളും ഉണ്ടാക്കുന്ന ഒരു മൾട്ടി ഫ്ലവർ മില്ല് ഉണ്ടാവുകയാണെങ്കിൽ അതു കാർഷീക വ്യവസായത്തിന്

വളരെ പ്രോത്സാഹജനകമായിരിക്കും. ഇതിലും മുതലിറക്കാൻ ഈ നാട്ടുകാരുടെ സഹകരണം തേടാവുന്നതാണ്. ഇവിടെ യഥേഷ്ടം ലഭ്യമാകുന്ന ഒരു അസംസ്കൃത വസ്തുവാണ് " ഇത്തിൾ ". ഈ സാധനം ഖനനം ചെയ്തു കൊണ്ട് വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികളും അത്യന്താപേക്ഷിതമാണ്. ഇത്തിളിൽ നിന്നും കുമ്മായ സാധനങ്ങളും, പുരപ്പണി സാമഗ്രികളും നിർമ്മിക്കാവുന്നതാണ്. ഈ വസ്തു അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റി പോവുകയാണ് ചെയ്യുന്നത്. വേണ്ട രീതിയിൽ സംസ്കരിക്കാനും ഉല്പന്നങ്ങളായി മാറ്റുവാനും ശരിയായ രീതിയിൽ വിനിയോഗിക്കുവാനും കഴിഞ്ഞാൽ ഈ സംരംഭം വൻ വിജയമായിരിക്കും ഈ പഞ്ചായത്തിലെന്ന് സംശയമില്ല.

മത്സ്യ സംസ്കരണ വ്യവസായമാണ് ഏറ്റവും പ്രധാന്യമേറിയത്. എട്ടു കിലോ മീറ്റർ നീളമുള്ള കടലോര തീരപ്രദേശവും ഇടതിങ്ങി ജീവിക്കുന്ന മത്സ്യ തൊഴിലാളികളും ഈ പഞ്ചായത്തിൻെറ പ്രത്യേകതയാണ്. ഇവിടെ സമൃദ്ധമായി ലഭ്യമായികൊണ്ടിരുന്ന മത്സ്യ സമ്പത്ത് വളരെ ശോഷിച്ചിരിക്കുന്നു. എങ്കിലും വിപുലമായ രീതിയിൽ മത്സ്യ ബന്ധനം ആരംഭിക്കുകയാണെങ്കിൽ ഇവിടെനിന്നു കിട്ടുന്ന കടൽ സമ്പത്ത് സംസ്കരിക്കാൻ യൂണിറ്റ് വിപുലമായ യന്ത്ര സാമഗ്രികളുപയോഗിച്ച് സ്ഥാപിക്കേണ്ടതാണ്. മത്സ്യത്തിൻെറ വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും ടിൻ ഫിഷ്, മീനെണ്ണ, മറ്റുത്പന്നങ്ങൾ എന്നിവയാണ് മുഖ്യം.

ഇവിടെ പടിഞ്ഞാറൻ ചാലുകളിൽ സുലഭമായി കൃഷി ചെയ്യുന്ന രാമച്ചം ഇന്ന് നഷ്ടത്തിലാണ്. കാരണം ഇടത്തരക്കാരുടെ ചൂഷണം നിമിത്തം വേണ്ട വില ലഭിക്കാതെ പോകുന്നതാണിതിന് കാരണം. ഇവ ഇവിടെ വേണ്ടപോലെ സംസ്കരിക്കാനുള്ള സൗകര്യമില്ലാത്തതും ഒരു കാരണമാണ്. ഈ സസ്യം ആയുർവ്വേദ ഗ്രന്ഥങ്ങളിൽ പ്രമുഖസ്ഥാനമുള്ളതാണ്. വളരെയധികം ഉത്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയും. രാമച്ച വിശറികൾക്കും അതുപോലെ കിടക്ക, കർട്ടൻ മുതലായ സാധനങ്ങൾ ഉണ്ടാക്കുന്നതിനും ഇതിനേക്കാൾ ഉപരിയായി ദാഹശമിനിയായും ആയുർവ്വേദ, അലോപ്പതി മരുന്നുകളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു വസ്തുവായും ഉപയോഗിച്ചുവരുന്നു. വിദേശ കമ്പോളത്തിൽ വലിയ ഡിമേൻഡാണിതിന്.

ചാവക്കാട് ടോൾ എന്ന നല്ലയിനം തെങ്ങ് ഈ പഞ്ചായത്തിൻെറ വരദാനമാണ്. തെങ്ങു കൃഷി ലാഭകരമല്ലാത്ത അവസ്ഥയിൽ കൊപ്ര സംസ്ക്കരണവും അതിലെ വിവിധ ഉല്പന്നങ്ങളുണ്ടാക്കലും വിപുലരീതിയിൽ ഒരു യൂണിറ്റുണ്ടാക്കേണ്ടത് ഈ പഞ്ചായത്തിൻെറ ഒരവശ്യഘടകമാണ്. വെളിച്ചെണ്ണ, പിണ്ണാക്ക്, കയറുല്പന്നങ്ങൾ, കൊപ്ര, തെങ്ങു തടികൊണ്ടുള്ളതും, ചിരട്ട കൊണ്ടുള്ളതുമായ ഫർണിച്ചർ, കരകൗശല വസ്തുക്കൾ മുതലായവ ഉല്പാദിപ്പിക്കുന്ന വ്യവസായശാലയാണ് ഇവിടെ അത്യന്തം ആവശ്യമായിട്ടുള്ളത്. കയറുല്പന്ന നിർമ്മാണം ഈ പഞ്ചായത്തിലെ പരമ്പരാഗത തൊഴിലായിരുന്നു. എന്നാൽ ഇന്ന് ഗൾഫിൻെറ ആഗമനം ഇതിൽ നിന്നെല്ലാം ജനങ്ങളെ പിന്നോട്ട് ചിന്തിപ്പിക്കുന്നു. വളരെയധികം സാദ്ധ്യതകളുള്ള കയർ വ്യവസായത്തിന് ആധുനിക രീതിയിൽ യന്ത്രവൽകൃതമായ യൂണിറ്റ് ഈ പഞ്ചായത്തിൽ ആരംഭിക്കണം. തൊഴിലില്ലാത്ത ധാരാളം സ്ത്രീകൾക്ക് ഈ മേഖലയിൽ കേന്ദ്രീകരിക്കാൻ കഴിയും, കയറിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് വിദേശ കമ്പോളങ്ങളിൽ വൻ ഡിമാൻഡാണല്ലോ. ഇത് ഇവിടെ വൻ സാധ്യതകളുണ്ടാക്കുന്നു.

ചെറുകിട, കുടിൽ വ്യവസായങ്ങളാണ് ഇവിടെ ഉണ്ടാവേണ്ടത്. ബീഡി നിർമ്മാണമാണ് ഇവിടുത്തെ പ്രധാന കുടിൽ വ്യവസായം. ഇത് ചില പ്രത്യേക ബ്രാൻഡിൻെറ മാത്രം കമ്പനികളാണ്. ഇവിടെ തൊഴിൽ ചെയ്യുന്നവർക്ക് പരിധികളും പരിമിധിയുമുണ്ട്. ഇതും വിപുലമായ തോതിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. മുള, ഈറ്റ, തുകിൽ സാമഗ്രി നിർമ്മാണം എന്നിവയും, മൺ പാത്ര നിർമ്മാണയൂണിറ്റും ഓടു നിർമ്മാണ യൂണിറ്റും ആരംഭിക്കാവുന്നതാണ്. ഇതിന് ഏറ്റവും ഉപയോഗപ്രദമായ മണ്ണാണ് കുട്ടാടൻ ചെളി. ഫോട്ടോ ഫ്രെയിമിംഗ്, കുറ്റി, കുളത്ത് നിർമ്മാണം, ഉജാല പോലെയുള്ള സാധനങ്ങളുടെ നിർമ്മാണവും വ്യവസായടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്. ഏകദേശം മൂന്നു കോടി രൂപയുടെ നൈലോൺ വല

മത്സ്യബന്ധനത്തിനായി ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നു. ഈ പ്രദേശത്തേയും അയൽമേഖലകളിലേയും സാധ്യത പരിഗണിക്കുമ്പോൾ ഒരു നൈലോൺ വല നിർമ്മാണ യൂണിറ്റ് ആരംഭിക്കേണ്ടതാണ്.

തടിയുപയോഗിച്ചുള്ള ഫർണിച്ചറുകൾ ധാരാളമായി ചിലവഴിയുന്ന ഈ പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള ഫർണിച്ചർ നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഇതിന് സമൃദ്ധിയായി മരം ലഭിക്കേണ്ടതുണ്ട്. വീട്ടു സാമഗ്രികൾ പണിയുന്ന ഒരു യൂണിറ്റു് ആരംഭിക്കാമെങ്കിലും മരത്തിന്റെ ലഭ്യത തടസ്സമാവുന്നു. ഇതുമൂലം കോൺക്രീറ്റ് കെട്ടിട നിർമ്മാണ സാമഗ്രികൾ ഉദാഹരണത്തിന് ഹോളോബ്രിക്സ് പോലുള്ളവ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

ആയിരത്തോളം വീടുകളിലായി നൂറുകണക്കിന് ആളുകളെങ്കിലും വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധരാണ്. ഇവർക്ക് വേണ്ട പ്രോത്സാഹനവും, ബോധവൽക്കരണവും ആവശ്യമാണ്.

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം പേരും വിദേശത്താണ് ജോലിചെയ്യുന്നത്. ഏകദേശം അയ്യായിരത്തോളം വരും. കേരളത്തിനു പുറത്തു ജോലി ചെയ്യുന്നവർ ആയിരത്തോളം വരുന്നുണ്ട്. എങ്കിലും വളരെയധികം വ്യവസായ സാധ്യതയുള്ള പ്രദേശമാണ്.

കയർ സഹകരണ സംഘത്തിന്റെ പ്രവർത്തന ഫലമായി ഒരു യൂണിറ്റ് ഒരു വർഷമായി പഞ്ചവടിയിൽ പ്രവർത്തിക്കുന്നുണ്ട്. ചാവക്കാട് വികസന ബ്ലോക്കിന്റെ പ്രോത്സാഹനഫലമായാണ് ഇത് ആരംഭിച്ചത്.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും ഇതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. തെങ്ങ്, തേങ്ങ, ചിരട്ട മുതലായവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിൽ കൂടുതൽ വ്യവസായ സംരഭകരെ ആകർഷിക്കാനും ഒരു നാളികേര കോംപ്ലക്സ് തന്നെ തുടങ്ങാനും ഈ പഞ്ചായത്തിൽ സാധ്യതയുണ്ട്. ഈ പഞ്ചയാത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചക്കാവശ്യമായ അനുകൂല ഘടകങ്ങളായ ഉയർന്ന സാക്ഷരതാ, ഉയർന്ന ആരോഗ്യ പരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, വിദേശ മൂലധനമിറക്കാനുള്ള സാഹചര്യം, അസംസ്കൃത സാധനങ്ങളായ കയർ, മത്സ്യം, രാമച്ചം, ഇത്തിൾ എന്നിവയുടെ ലഭ്യത ഉപഭോഗനിലവാരം, സുഖസൗകര്യങ്ങോടെ ജീവിക്കാനുള്ള തൽപരത എന്നിവയെല്ലാമുണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തതിന്റെ പ്രധാന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. മുഖ്യ കാർഷികോല്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
2. കയർ, ഖാദി, അച്ചടി, ചെറുകിട, കുടിൽ വ്യവസായങ്ങൾ എന്നിവക്ക് വേണ്ട പ്രോത്സാഹനവും ബോധവൽക്കരണവുമുണ്ടായിട്ടില്ല.
3. വ്യവസായ സഹകരണ സംഘങ്ങളുണ്ടായിട്ടില്ല.
4. വൈദ്യുതി സൗകര്യം ഉണ്ടായത് അടുത്താണെങ്കിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
5. സാങ്കേതിക പരിജ്ഞാന കുറവ്.
6. വനിതകൾക്ക് തൊഴിൽ അവസരം കുറവാണ്.
7. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
8. വിപണന സാദ്ധ്യത കുറവ്.
9. പരമ്പരാഗതമായി കൈതൊഴിലാളികൾക്കും വേണ്ട പ്രോത്സാഹനമോ, പരിശീലനമോ ഇല്ല.
10. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽരഹിതർക്ക് തൊഴിൽ സാദ്ധ്യതയില്ല.
11. പുരാതന കാലം മുതൽ കാർഷിക വൃത്തിയിലാണ് കൂടുതൽ താല്പര്യം.

12. വ്യവസായിക താല്പര്യം വളർത്താനുള്ള പ്രേരണകുറവ്.
13. വ്യവസായമേഖലയുമായുള്ള സമ്പർക്ക കുറവ്.
14. വ്യവസായ വികസന വകുപ്പിൻെറ പ്രവർത്തന കുറവ് പ്രത്യേകിച്ച് ബോധവൽക്കകരണം, പ്രചരണം എന്നിവ.
15. ആകെയുള്ള വ്യവസായമായ തടി വ്യവസായത്തിന് ആവശ്യാനുസരണം തടി കിട്ടാനുള്ള സൗകര്യകുറവ്.
16. ഗൾഫിൻെറ വളർച്ച മൂലം നിർമ്മാണ പ്രവർത്തനങ്ങളിലുള്ള അമിത താൽപര്യം.
17. ഉയർന്ന കൂലിച്ചെലവ്.
18. രാഷ്ട്രീയ ഇടപെടലുകളെകുറിച്ച് അന്ധമായ ചില സങ്കല്പങ്ങൾ വെച്ചുപുലർത്തുന്നതും വ്യവസായം തുടങ്ങാൻ താല്പര്യം കുറക്കുന്നു.

പുന്നയൂർ പഞ്ചായത്തിലെ വിപണി മാത്രം ആശ്രയിച്ച് വളരുവാൻ സാധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉൽപാദിപ്പിക്കുവാൻ മുന്നോട്ട് വരാത്ത നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിയെടുക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കി എടുക്കേണ്ടതാണ്.

**ജനറൽ എസ്.എസ.ഐ. യിൽ തുടങ്ങാവുന്നത്.**

1. നവീന രീതിയിലുള്ള തൊണ്ടഴുക്കൽ.
2. യന്ത്രമുപയോഗിച്ച് പച്ചചകിരിനാര് നിർമ്മാണം.
3. യന്ത്രവത്കൃത കയർ നിർമ്മാണം..
4. ചവിട്ടി, കാർപ്പെറ്റ് നിർമ്മാണം.
5. തെങ്ങുതടികൊണ്ട് കെട്ടിട നിർമ്മാണവും, ഫർണിച്ചറും.
6. തേങ്ങാ പൗഡറും, ക്രീമും.
7. ചിരട്ടപൊടി നിർമ്മാണം.
8. വെളിച്ചെണ്ണ നിർമ്മാണം.
9. കന്നുകാലിതീറ്റ.
10. ഇളനീർ ശീതള പാനീയങ്ങൾ.
11. ചിപ്സ് നിർമ്മാണ യൂണിറ്റ് (നേന്ത്രക്കായ).
12. ജാം നിർമ്മാണം (കൈതചക്ക, നേന്ത്രപഴം, ചക്ക, മാങ്ങ).
13. അവൽ നിർമ്മാണ വ്യവസായം.
14. അരിപ്പൊടി, മുളക്പൊടി, മല്ലിപ്പൊടി നിർമ്മാണം.
15. മുളകൊണ്ടുള്ള വിവിധ ഉല്പന്നങ്ങൾ.
16. തഴപായ നിർമ്മാണ യൂണിറ്റ്.
17. കുട്ടാടൻ ചളിയുപയോഗിച്ചുള്ള പാത്ര നിർമ്മാണം.
18. മരംകൊണ്ടുള്ള കരകൗശല നിർമ്മാണം.
19. കൊമ്പുകൊണ്ടുള്ള കരകൗശല സാധനങ്ങൾ.
20. രാമച്ചംകൊണ്ടുള്ള കിടക്ക, വിശറി, കർട്ടൻ, തലയിണ നിർമ്മാണയൂണിറ്റ്.
21. ഇത്തിൽ ഉപയോഗിച്ചുള്ള സാമഗ്രകികൾ ഉണ്ടാക്കൽ.
22. മത്സ്യവള യൂണിറ്റ്.
23. അച്ചാറു നിർമ്മാണ യൂണിറ്റ്.
24. രാമച്ച സംസ്ക്കരണ യൂണിറ്റ്.
25. നെല്ലു കുത്തി അരിയാക്കുന്ന യൂണിറ്റ്.

26. കശുവണ്ടി പരിപ്പ് നിർമ്മാണ യൂണിറ്റ്.

ഇവയെല്ലാം ഇവിടെ കിട്ടുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് തുടങ്ങാവുന്ന ചെറുകിട വ്യവസായങ്ങളാണ്. ഇത് എത്രയും വേഗം പ്രാവർത്തികമാക്കാൻ വിപുലമായ ശ്രമങ്ങൾ അത്യാവശ്യമാണ്. ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ ജനറൽ ചെറുകിട വ്യവസായ യൂണിറ്റുകൾ താഴെ പറയുന്നവയാണ്.

1. നൈലോൺ വല നിർമ്മാണം.
2. കോഴി വളർത്തൽ
3. ആയുർവേദ മരുന്നു നിർമ്മാണം.
4. ചെരുപ്പ് നിർമ്മാണം.
5. അലുമിനിയം, സ്റ്റീൽ എന്നിവകൊണ്ടുള്ള പാത്ര നിർമ്മാണവും. മറ്റു ഉല്പന്ന നിർമ്മാണവും.
6. സ്കൂൾ ബാഗ്, ബട്ടൻ, കോളർ സ്റ്റിപ് നിർമ്മാണ യൂണിറ്റ്.
7. കുറ്റി കൊളുത്ത്, ഫോട്ടോ ഫ്രെയിമിംഗ് സാധന യൂണിറ്റ്.
8. സോപ്പു നിർമ്മാണം.
9. ക്ലീനിങ്ങ് പൗഡർ നിർമ്മാണം.
10. സോപ്പു പൗഡർ നിർമ്മാണം.
11. സിറിഞ്ചു നിർമ്മാണം.
12. ഇലക്ട്രിക്കൽ വർക്ക് ഷോപ്പ്.
13. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം.
14. എമർജൻസി ലാമ്പ് നിർമ്മാണം.
15. ഷൂ നിർമ്മാണം.
16. ഫാൻ നിർമ്മാണം.
17. റേഡിയോ നിർമ്മാണം.

## വനിതകൾക്കായി താഴെ പറയുന്ന വ്യവസായ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

1. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
2. സോപ്പ്, സോപ്പുപൊടി നിർമ്മാണം.
3. പ്ലാസ്റ്റിക് കവർ നിർമ്മാണം.

## വനിതാ സഹകരണ യൂണിറ്റുകൾ വഴി തുടങ്ങാവുന്ന വ്യവസായ യൂണിറ്റ്.

1. കുട, നോട്ട് ബുക്ക് നിർമ്മാണം.
2. റെക്സിൻ ഉപയോഗിച്ച് മഴക്കോട്ട്, ബാഗ് നിർമ്മാണം.
3. കറി പൗഡർ.
4. കരിങ്കല്ലുടച്ച് മെറ്റലാക്കുക.

## ജനറൽ സഹകരണ സംഘം വഴി തുടങ്ങാവുന്ന വ്യവസായങ്ങൾ.

1. സിമൻറു കൊണ്ടുള്ള ഹോളോബ്രിക്സ്, ജനാല, വാതിൽ എന്നിവയുടെ നിർമ്മാണം.
2. സ്റ്റീൽ ഫർണിച്ചർ.
3. കോട്ടൺ, പോളിസ്റ്റർ പവ്വർലൂം തുണി നിർമ്മാണം.

4. ഇഷ്ടിക നിർമ്മാണം.
5. നെയ്ത്ത്
6. പഠന സഹായ സാമഗ്രികളും ലാബറട്ടറി ഉപകരണങ്ങളും.

## പട്ടികജാതി സഹകരണ സംഘം വഴി തുടങ്ങാവുന്ന വ്യവസായങ്ങൾ

1. കൂൺകൃഷി
2. സിമൻറ് ഇഷ്ടിക നിർമ്മാണം.
3. റെഡിമെയ്ഡ് വസ്ത്രങ്ങൾ.
4. കിടക്ക, സോഫ നിർമ്മാണം.

## വൻകിട വ്യവസായങ്ങൾ

1. പുന്നയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കണം.
2. ഗ്ലാസ് ഫാക്ടറി.
3. പ്രിൻറിംഗ് കോംപ്ലക്സ്.
4. മത്സ്യ സംസ്ക്കരണം.
5. മിഠായി നിർമ്മാണം.
6. ഇലക്ട്രോണിക് ഉല്പന്നങ്ങൾ.
7. കളിമൺ വ്യവസായങ്ങൾ.
8. ഫൈബർ ബോട്ടു നിർമ്മാണം.
9. നൂൽനൂൽപ്പ്.
10. ക്ലേപാത്ര നിർമ്മാണം.
11. പട്ടുനൂൽ പുഴു വളർത്തൽ.
12. പൈപ്പ് നിർമ്മാണം.

കുടിൽ. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ ഓഫീസറുടെ സാന്നിധ്യം ഇവിടെ ആവശ്യമുണ്ട്.

ഖാദി മേഖലയുടെ നിരവധി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സാധിക്കും. എണ്ണയുൽപാദനം, തേനീച്ച, തേൻ നിർമ്മാണം, ചെരുപ്പ് നിർമ്മാണം, കുട, പനമ്പ് മുതലായവ നിർമ്മിക്കൽ. ഇലാസ്റ്റിക് നിർമ്മാണം, പഴസംസ്ക്കരണം, നൂൽനൂൽപ്പ് ഉല്പന്നങ്ങൾ, ഇലക്ട്രോണിക് സാധന നിർമ്മാണ യൂണിറ്റ്, പൈപ്പ് നിർമ്മാണം, വിവിധ മോട്ടോർ ഉല്പന്ന നിർമ്മാണം, സാനിറ്ററി എക്യുപ്മെൻറ് നിർമ്മാണ വ്യവസായം എന്നിവയും ഇവിടെ ആരംഭിക്കാവുന്നതാണ്.

വ്യവസായ പുരോഗതി മാത്രമേ ഈ പഞ്ചായത്തിൻെറ സമഗ്രമായ വികസനത്തിന് ശാശ്വതമായ പരിഹാരമാവുന്നുള്ളൂ. വേണ്ട പ്രോത്സാഹനവും, ബോധവൽക്കരണവും ഉണ്ടായാൽ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. ഇവ നേരത്തെ തന്നെ ഉൾക്കൊണ്ട് പുന്നയൂർ പഞ്ചായത്ത് വ്യവസായ വികസന സെമിനാർ സംഘടിപ്പിച്ചിരുന്നു.

# പുന്നയൂർ ഗ്രാമ പഞ്ചായത്ത്
# മൃഗസംരക്ഷണം – വികസന രൂപരേഖ

## ആമുഖം

മൃഗസംരക്ഷണമേഖല ഉൾക്കൊള്ളുന്നത് പാൽ, മാസം, മുട്ട എന്നിവയ്ക്കുവേണ്ടി വളർത്തുന്ന മൃഗങ്ങൾ, പക്ഷികൾ മറ്റു ജന്തുക്കൾ എന്നിവയുടെ ശാസ്ത്രീയമായ സംരക്ഷണവും തന്മൂലമുള്ള ശുദ്ധമായ പാൽ, മാംസം, മുട്ട എന്നിവയുടെ വർദ്ധിച്ച തോതിലുള്ള ഉൽപാദനവും , വിപണനവുമാണ് ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭ്യമാക്കുന്ന ഒരു തൊഴിൽ മേഖലയാണ് മൃഗസംരക്ഷണം. ഈ മേഖലയിലെ ഉൽപ്പന്നങ്ങൾ ഏറിയ പങ്കും ആഭ്യന്തര ഉപഭോഗത്തിനുവേണ്ടി വിറ്റഴിക്കുന്നതിനാൽ വിപണി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. തൊഴിലില്ലാത്ത ഗ്രാമീണ ജനതക്കും പ്രത്യേകിച്ചും സ്ത്രീകൾക്കും കൂടുതൽ തൊഴിലവസരങ്ങൾ, ദൈനംദിന വരുമാനവർദ്ധന, പ്രാഷകപ്രധാനമായ പാൽ, മുട്ട, മാംസം, എന്നിവയുടെ അധിക ഉൽപ്പാദനം പാരമ്പര്യേതര ഊർജ്ജ സ്ത്രോതസ്സുകൾ (ഗോബർ ഗ്യാസ്) ജൈവ വളങ്ങൾ, പരിസ്ഥിതിക്കിണങ്ങുന്ന മൃഗശക്തി എന്നിവയൊക്കെ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകളാണ്.

നമ്മുടെ സംസ്ഥാനത്തെ കന്നുകാലി സമ്പത്തിൻെറ 94 % ഉം ഗ്രാമ പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. കന്നുകാലി ഉടമകൾ ഭൂരിഭാഗവും ചെറുകിടകർഷകരും, കർഷകതൊഴിലാളികളുമാണ്. കൂടാതെ ഈ മേഖലയിലുള്ള പ്രവർത്തനത്തിൻെറ 60 % സ്ത്രീകളിൽ നിന്നുമാണ്. അതിനാൽ മൃഗസംരക്ഷണമേഖലയിൽ കൈവരിക്കുന്ന ഏതുപുരോഗതിയും ഗ്രാമീണ സമ്പദ് ഘടന സുദൃഢമാക്കും. കുറഞ്ഞുവരുമാനക്കാരായ ഗ്രാമീണ സ്ത്രീകൾക്ക് ഈ മേഖലയിൽ നല്ല തൊഴിൽ സാധ്യതകളാണുള്ളത്. ഈ മേഖലയിലെ പ്രവർത്തനങ്ങളെ കാലാവസ്ഥയിലുള്ള മാറ്റങ്ങൾ കാര്യമായി ബാധിക്കുന്നില്ല. ഏർപ്പെടുന്ന തൊഴിൽ ലാഭകരമല്ല എന്നുണ്ടെങ്കിൽ ഈ മേഖലയിൽ തന്നെ മറ്റൊരു തൊഴിലിലേക്ക് എളുപ്പത്തിൽ മാറുവാൻ കർഷകനു സാധിക്കുന്നു.

പാൽ ഉൽപ്പാദനത്തിൻെറ കാര്യത്തിൽ സ്വയം പര്യാപതമാണങ്കിലും, മുട്ട, മാംസം, എന്നിവയുടെ ഉൽപ്പാദനരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. മാംസോൽപാദന സംസ്ക്കരണ വിപണന രംഗം അസംഘടിത മേഖലയാണ്. മാംസത്തിനുള്ള മൃഗങ്ങളിൽ 85 - 90 % ഉം അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നതിനാൽ ക്രയവിക്രയം ചെയ്യുന്ന സമ്പത്തിൻെറ ഏറിയ പങ്കും സംസ്ഥാനത്തിനു പുറത്തേക്ക് ഒഴുകുന്നു. മുട്ടയുടെ വിപണന രംഗവും വ്യത്യസ്തമല്ല. ജൈവവള ലഭ്യത കൂട്ടുന്നതു നിമിത്തം കാർഷികമേഖലയുടെ ഉൽപ്പാദനവും കൂട്ടുവാൻ സാധിക്കും.

## മൃഗസംരക്ഷണ മേഖല - പുന്നയൂർ

കൃത്രിമ ബീജസങ്കലനം പ്രചാരത്തിൽ വരുന്നതിന്മുമ്പ് സിന്ധി ഇനത്തിൽപ്പെട്ട നാടൻ പശുക്കളും, എരുമകളും പോത്തുകളും, ആടുകളും നാടൻ കോഴികളും അടങ്ങുന്നതായിരുന്നു ഇവിടുത്തെ മൃഗസമ്പത്ത്. നാടൻ പശുക്കളുടെ ശരാശരി പാൽ ഉൽപ്പാദനം 2 ലിറ്ററിൽ താഴെയായിരുന്നു. അന്നത്തെ കന്നുകാലി സമ്പത്തിൻെറ പ്രത്യേകത ഭാരം വലിക്കുന്നതിനുള്ള കാളകളും, ഉഴുന്നതിനുള്ള പോത്തുകളും ധാരാളമായി ഉണ്ടായിരുന്നു എന്നതാണ്. കുളമ്പുരോഗം, കാലിവസന്ത, കുരലടപൻ തുടങ്ങിയ പകർച്ചവ്യാധികൾ പടർന്ന് പിടിച്ച് കന്നുകാലികൾ ചത്തുപോകുന്നത് ഒരു നിത്യസംഭവമായിരുന്നു. ആധുനിക ചികിത്സാ സൗകര്യങ്ങളുടെ ദൗർലഭ്യം മൂലം നാട്ടുചികിത്സകളും, ഒറ്റമൂലികളുമാണ് അധികമായി പ്രചാരത്തിലിരുന്നത്.

പുന്നയൂർ പഞ്ചായത്തിൻെറ മൃഗസംരക്ഷണമേഖലയിലെ പ്രവർത്തനങ്ങൾക്ക് ഒരു ഏകീകൃത രൂപം കൈവരുന്നത് 1984 ഡിസംബർ മാസത്തിൽ പുന്നയൂർ ഗവൺമെൻറ് വെറ്റിനറി ഡിസ്പൻസറി നിലവിൽ വരുന്നതോടെയാണ്. അതിനു മുമ്പ് കൃത്രിമ ബീജസങ്കലനത്തിനായി പെരുമ്പടപ്പ്, കുന്ദംകുളം, ചാവക്കാട് മൃഗാശുപത്രികളെയാണ് ആശ്രയിച്ചിരുന്നത്. അതിനാൽ നാട്ടിൽ തന്നെ വളർത്തിയിരുന്ന ചവിട്ടുമൂരികളെയാണ് ബീജധാനത്തിനായി കൂടുതലായി ഉപയോഗിച്ചിരുന്നത്. അവയുടെ ജനിതകസമ്പത്തും, ഉൽപ്പാദനശേഷിയും വളരെക്കുറവായതിനാൽ അന്നത്തെ പശുക്കളുടെ ശരാശരി പാലുല്പാദനം 5 ലിറ്ററിൽ താഴെയായിരുന്നു.

പുന്നയൂർ പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതിയോടുകൂടി കാതലായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. കൃത്രിബീജധാനം നിമിത്തം ആകെയുള്ള കന്നുകാലി സമ്പത്തിൽ 80-90 % വരെ ഉയർന്ന ജനിതകസമ്പത്തുള്ളതായി മാറി തന്മൂലം പാലുൽപ്പാദനം 5 മുതൽ 100 ലിറ്റർ വരെയാക്കി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. സമഗ്ര കന്നുകാലി വികസന പദ്ധതിപ്രകാരം 1000ത്തോളം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു. ആധുനിക ചികിത്സാസൗകര്യങ്ങൾ മൂലം കുളമ്പു

രോഗം, കുരലടപ്പൻ എന്നീ പകർച്ച വ്യാധികളെ ഒരു പരിധിവരെയും, കാലിവസന്ത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. സങ്കരയിനം മുട്ടക്കോഴികളുടെ പ്രചാരം നിമിത്തം പഞ്ചായത്തിൻെറ മൊത്തം മുട്ട ഉൽപ്പാദത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 4.1 വളർത്തു മൃഗസംഖ്യ.

അവലംബം 1996 സെൻസസ്

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| I | - | - | - | 3 | - | - | 28 | 44 | - | - | - | 198 | - | - |
| II | - | - | - | 4 | 8 | 21 | 89 | 87 | 1 | 6 | 4 | 171 | 136 | - |
| III | - | - | 1 | - | 1 | 2 | 23 | 82 | 2 | 8 | - | 107 | 14 | - |
| IV | - | - | - | - | 20 | 22 | 36 | 29 | - | - | - | 343 | 10 | - |
| V | - | 14 | 1 | 20 | 1 | - | 39 | 32 | 5 | 4 | - | 87 | 1 | - |
| VI | - | - | - | - | 5 | 5 | 3 | 3 | 2 | - | - | 2 | 1 | - |
| VII | - | - | - | 11 | 33 | 31 | 80 | 90 | 21 | 30 | - | 759 | 81 | - |
| VII | - | - | - | 6 | 18 | 20 | 47 | 47 | 4 | 7 | 1 | 90 | 10 | - |
| IX | - | - | - | 2 | - | 6 | 84 | 56 | 1 | - | 8 | 126 | 5 | - |
| X | - | - | - | - | 31 | 36 | 34 | 46 | - | - | - | 113 | 51 | - |
| XI | - | 1 | - | 7 | 5 | 7 | 82 | 80 | 13 | 17 | 11 | 168 | 69 | - |
| XII | - | - | - | 8 | - | - | 32 | 29 | 2 | 10 | - | 106 | 10 | - |

245

# സേവനമേഖല

## മൃഗസംരക്ഷണ സ്ഥാപനങ്ങൾ

1984 ഡിസംബർ മാസത്തിലാണ് പുന്നയൂർ മൃഗാശുപത്രി രൂപികൃതമായത്. ഒരു വെറ്റിനറി സർജൻ,ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻറർ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളാണ് നിലവിലുള്ളത്. സ്ഥിരമായി ഒരു വെറ്റിനറി സർജനോ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറോ ഇല്ലാതിരുന്നത് മൃഗാശുപത്രിയുടെ പ്രവർത്തനങ്ങളെ ഒരു അളവോളം ബാധിച്ചിരുന്നു. മൃഗാശുപത്രി പ്രവർത്തിച്ചുവരുന്നത് പഞ്ചായത്തിൻെറ വടക്കുകിഴക്കേമൂലയിലായതുകൊണ്ട് മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ പഞ്ചായത്തിൻെറ മുഴുവൻ മേഖലയിലേക്കും എത്തിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

മൃഗാശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത് ഒരു വാടകകെട്ടിടത്തിലാണ്. സ്വന്തമായി ഒരു കെട്ടിടം മൃഗാശുപത്രിക്ക് ഇനിയും ഉണ്ടാകേണ്ടിയിരുന്നു. നേരത്തെ പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനംമാറ്റിയത് ആശുപത്രി സൗകര്യങ്ങൾ ഒരളവോളം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും റഫ്രിജറേറ്റർ, സ്റ്ററിലൈസർ, മൈക്രോസ്ക്കോപ്പ്, ടെലിഫോൺ, വാഹനം എന്നീ സൗകര്യങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ കൃത്രിമബീജസങ്കലന കേന്ദ്രം പ്രവർത്തനമാരംഭിക്കേണ്ടതുണ്ട്. തന്മൂലം പഞ്ചായത്തിലെ മൃഗസംരക്ഷണപ്രവർത്തനങ്ങൾ മുഴുവൻ മേഖലയിലേക്കും വ്യാപിപ്പിക്കുന്നതിന് സാധിക്കും.

## പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1. ഊർജ്ജിത കന്നുകാലി വികസന പദ്ധതിപ്രകാരം 2 മാസം പ്രായമുള്ള 1000 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു
2. പ്രത്യേക ഘടക പദ്ധതിപ്രകാരം തിരഞ്ഞെടുത്ത ഹരിജൻകോളനികളിൽ കറവപശുക്കളുയെും കിടാരികളെയും വിതരണം ചെയ്തു. ഈ പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 4 കിടാരികളെയും 4 കറവ പശുക്കളെയും വിതരണം ചെയ്തു.
3. സമഗ്ര പേവിഷ നിർമ്മാർജ്ജന പദ്ധതിപ്രകാരം പഞ്ചായത്തിലെ മുഴുവൻ വളർത്തു നായ്ക്കളെയും പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുകയും, അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ തിരഞ്ഞുപിടിച്ചുനശിപ്പിക്കുകയും ചെയ്യുന്നു.

   ഈ പദ്ധതിപ്രകാരം 50 ഓളംനായ്ക്കളെ സബ്സിഡി നിരക്കിൽ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കിയിട്ടുണ്ട്.
4. മൃഗചികിത്സാ - മൃഗാരോഗ്യ പദ്ധതി - ഈ പദ്ധതി പ്രകാരം പശു, എരുമ, ആട് എന്നീ മൃഗങ്ങൾക്ക് പകർച്ചവ്യാധികൾക്കെതിരായ പ്രതിരോധകുത്തിവയ്പും, അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ രജിസ്റ്റർ ചെയ്യുന്നതിന് ഗോരക്ഷാക്യാമ്പും നടത്തുന്നു. എല്ലാവർഷവും 2 ക്യാമ്പ് സംഘടിപ്പിക്കപ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിൽ പ്രത്യേക കന്നുകാലി പരിപാലന പദ്ധതി ഇനിയും നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. കാരണം ഇവിടെ ഒരു ക്ഷീര വിപണനം, സഹകരണസംഘമോ, ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെൻറ് അസോസിയേഷനോ ഇല്ല. പ്രത്യേകഘടക പദ്ധതിനടപ്പിലാക്കുമ്പോൾ ഹരിജൻ കോളനികൾ തിരഞ്ഞെടുക്കുന്നത് ഗുണഭോക്താക്കളുടെ താൽപര്യം കൂടി കണക്കിലെടുത്താകണം.

## പാലുൽപ്പാദന രംഗം

പാൽ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും വിപണനത്തിലുള്ള ബുദ്ധിമുട്ട് തുടരുകയാണ്. ഇപ്പോൾ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിൻെറ 90% പഞ്ചായത്തിൽ തന്നെ വിറ്റഴിച്ചു തീർക്കേണ്ട സാഹചര്യമുണ്ട്. പുന്നയൂർ പഞ്ചായത്തിലെ വാർഷിക പാലുൽപ്പാദനം 10.10 ലക്ഷം ലിറ്റർ വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. അതായത് പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിൻെറ മൂല്യം ഏതാണ്ട് 1.12 കോടി രൂപ ആയിരിക്കും. അതുകൊണ്ട് ഒരു സംഘടിത ക്ഷീരവിപണന മേഖല ഉടലെടുക്കേണ്ടതുണ്ട്. പാലുൽപ്പാദനരംഗത്ത് വരുന്ന പ്രധാന പ്രശ്നങ്ങൾ കാലിതീറ്റയുടെ അമിതമായ വിലയും, പാലിൻെറ വിപണനത്തിലുള്ള ബുദ്ധിമുട്ടുകളും, അകിടുവീക്കം പോലുള്ള ഉൽപ്പാദനരോഗങ്ങളുമാണ്.

പാൽ വിപണന രംഗത്തുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ക്ഷീരവിപണന സഹകരണ സംഘങ്ങൾ രൂപികരിക്കണം. പ്രാദേശികമായി കിട്ടുന്ന വിഭവങ്ങൾ ഉപയോഗിച്ച് കാലിതീറ്റ മിശ്രണയൂണിറ്റുകൾ സ്ഥാപിച്ച് കാലിതീറ്റ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യണം. കൃഷിയിടങ്ങളിലും, പുറമ്പോക്ക് സ്ഥലങ്ങൾ, ആപ്പീസുകൾ, സ്ക്കൂളുകൾ എന്നിവിടങ്ങളിലെ ഒഴിവുള്ള സ്ഥലങ്ങളിൽ തീറ്റപുൽകൃഷിചെയ്യണം. അകിടുവീക്കം ഒഴിവാക്കുന്നതിനും,

നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിന്നും കർഷകരെ ബോധവൽക്കരിക്കണം. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഒരു വീട്ടിൽ ഒരു പശു എന്ന പദ്ധതി നിലവിൽ വരണം. ഒരു കുടുംബത്തിന് 6 മാസത്തെ ഇടവേളയിൽ മൂന്നുപശുക്കളെ സഹകരണാടിസ്ഥാനത്തിൽ നൽകുന്ന പദ്ധതിയാണ് മിനി ഡയറി യൂണിറ്റ്. 15 വനിതകളുടെ ഒരു സംഘം രൂപീകരിച്ച് മിനി ഡയറി യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. ഇവ ചാരിറ്റബൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതും ഗ്രാമവികസനവകുപ്പിമായി ബന്ധപ്പെട്ട് ഡി. ഡബ്ല്യൂ. സി. ആർ. എ ധനസഹായം ലഭ്യമാക്കുകയും ചെയ്യാം. 5 -10 പശുക്കളെവ്യവസായികാടിസ്ഥാനത്തിൽ വളർത്തുന്ന ഡയറി യൂണിറ്റുകൾ മുഖ്യതൊഴിലായി നടത്താവുന്ന പദ്ധതിയാണ്. മേൽത്തരം സങ്കരവർഗ്ഗകിടാരികളുടെ ഗർഭകാലസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി കിടാരിവളർത്തൽ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. വരുമാനം 900 രൂ താഴെയുള്ള കർഷകർക്ക് സബ്സിഡിയോടെ ഗുണമേന്മയുള്ള കാലതീറ്റ വിതരണം ചെയ്യണം. ആകെ ചിലവിൻെറ 50% ക്ഷീര സംഘങ്ങൾ വഹിക്കണം.

## മാംസസോൽപ്പാദനരംഗം.

പഞ്ചായത്തിലെ 90 % ജനങ്ങളും മാംസംഭക്ഷിക്കുന്നവരാണ്. പഞ്ചായത്തിൽ ഉദ്ദേശം 14 സ്ഥലങ്ങളിൽ അറവു നടത്തപ്പെടുന്നു. ഇവിടെ ഒരു ശാസ്ത്രീയമായ അറവുശാലയില്ല. മിക്കവാറും അറവുനടക്കുന്നത് വൃത്തിഹീനമായ ചുറ്റപാടുകളിലാണ്. അറുത്തെടുത്ത മാംസം വഴിയോരങ്ങളിൽ കെട്ടിതൂക്കി വിൽക്കപ്പെടുന്നു. മാംസപരിശോധനക്കുള്ള സൗകര്യങ്ങളില്ല. ഉദ്ദേശം 1400ഓളം മാടുകളും (കാള , പോത്ത്) 1000ഓളം മാട്ടിൻകുട്ടികളും, 2000ഓളംആടുകളും ഒരുവർഷത്തിൽ ഇവിടെ അറുക്കപ്പെടുന്നുണ്ട് ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാംസത്തിൻെറ അളവ് 223 മെട്രിക് ടൺഉം അതിൻെറ വില 118 ലക്ഷം രൂപയും വരും. എന്നാൽ മാംസാവശ്യത്തിനാവശ്യമായ മൃഗങ്ങളിൽ 90% അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നതാണ്. അതിനാൽ വിപണനം ചെയ്യുമ്പോൾ ഉണ്ടാകുന്ന ധനത്തിൻെറ നല്ല ഒരു ശതമാനം അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നു.

പഞ്ചായത്തിൽ ഒരു അറവുശാല സ്ഥാപിക്കണം. അറക്കുന്നതിന്മുമ്പും, ശേഷവമുള്ള മാംസപരിശോധന നിർബന്ധമാക്കണം. അറവുശാലകളിൽ അല്ലാതെ അറക്കപ്പെടുന്ന മാംസവിൽപ്പന നിരോധിക്കണം. ആടുവളർത്തൽ, കാളകുട്ടി പരിപാലനം, മുയൽ വളർത്തൽ എന്നീ മേഖലകളിൽ പുരോഗതിയാർജ്ജിച്ചാൽ ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള സാധ്യതയുണ്ട്. അതിനോടനുബന്ധിച്ച് മാംസോൽപ്പാദക സഹകരണസംഘവും, മാംസ സംസ്ക്കരണ യൂണിറ്റും, ഉപോൽപ്പന്ന സംസ്ക്കരണശാലയും സ്ഥാപിക്കേണ്ടതുണ്ട്.

a) <u>ആടുവളർത്തൽ:-</u> പാവപ്പെട്ടവൻെറ പശുവാണ് ആട്. ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതകൾക്ക് അനുയോജ്യം. വീട്ടമ്മമാരുടെയും കുട്ടികളുടെയും അദ്ധ്വാനശേഷി ഉപയോഗപ്പെടുത്താം. നല്ലയിനം ആട്ടിൻകുട്ടികളെ കിട്ടാനില്ല. പച്ചിലതീറ്റയുടെ ദൗർലഭ്യം എന്നിവ ഈ രംഗത്തെ പോരായ്മകളാണ്. സോഷ്യൽ ഫോറസ്ട്രി വഴി പ്ലാവ്, അയിനി, മുരിക്ക് പ്ലാശ്, ശീമക്കൊന്ന, സുബാബുൾ എന്നിവ വെച്ചുപിടിപ്പിച്ചാൽ പച്ചില തീറ്റയുടെ ദൗർലഭ്യം പരിഹരിക്കാവുന്നതാണ്. ഈ രംഗത്തെ വികസനത്തിനായി ആടുവളർത്തൽ പദ്ധതിപ്രകാരം വിപുലകർഷകർക്ക് 3 ആടിൻകുട്ടികളെവിതരണം ചെയ്യാം. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ മുട്ടനാടുകളെ വളർത്തി പ്രജനനയൂണിറ്റുകൾ സ്ഥാപിക്കാം. മേഖലാടിസ്ഥാനത്തിൽ മാംസസംസ്ക്കരണ വിപണന സഹകരണസംഘങ്ങൾ ഉണ്ടാക്കാം.

b) <u>പന്നിവളർത്തൽ</u> - സാധ്യതകളില്ല.

c) <u>കാളക്കുട്ടി / പോത്തിൻ കുട്ടി പരിപാലനം :-</u> മൊത്തം ഉൽപ്പാദിക്കപ്പെടുന്ന കന്നുകുട്ടികളിൽ 50 % ത്തോളം വരുന്ന കാളക്കുട്ടികളും, പോത്തിൻ കുട്ടികളും വളർച്ച മുരടിച്ചുപോവുകയോ, മരണപ്പെട്ടുപോവുകയോ ആണ് പതിവ്. ആയതിനാൽ അവയെ സമയാസമയങ്ങളിൽ വിരയിളക്കി 6 മാസമാകുമ്പോൾ വരിയുടച്ച് 9-12 മാസം പ്രായമാകുമ്പോൾ മാംസാവശ്യത്തിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ഇവയെ മാംസോൽപാദക സഹകരണസംഘം വഴി വിറ്റഴിക്കാവുന്നതാണ്.

d) മുയൽ, കാട, ടർക്കി, താറാവ് വളർത്തൽ :- മുയലിറച്ചി രുചികരവും വിപണിയിൽ പ്രിയമേറി വരുന്നതുമായ ഒരു വസ്തുവാണ്. ചുരുങ്ങിയ മൂലധനനിക്ഷേപം കൊണ്ട് താഴെകിടയിലുള്ള കർഷക തൊഴിലാളികൾ, ഭൂരഹിത കർഷകർ, വിദ്യാർത്ഥികൾ എന്നിവർക്കു ലാഭകരമായ ഒരു ഉപതൊഴിലായി മുയൽ വളർത്തൽ സ്വീകരിക്കാവുന്നതാണ്. കാട ഇറച്ചിയും കാട മുട്ടയും ഔഷധഗുണമുള്ളവയാണ്. ടർക്കി താറാവ് വളർത്തലും താല്പര്യമുള്ള ഗുണഭോക്താക്കൾക്ക് സ്വീകരിക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് ഇവയുടെ കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ഈ രംഗത്ത് പരിശീലനവും വിപണനസൗകര്യങ്ങളും ഒരുക്കി കൊടുക്കേണ്ടതാണ്.

## കാലിതീറ്റ ഉൽപാദനരംഗം :

ലാഭകരമായ പാലുൽപാദനത്തിന് അനുപേക്ഷണീയമായ ഒരു ഘടകമാണ് മിതമായ വിലക്കുള്ള കാലിതീറ്റയുടെ ലഭ്യതയും, തീറ്റ പുല്ലിൻെറ ലഭ്യതയും. പ്രാദേശികമായി കിട്ടുന്ന വിഭവങ്ങൾ ഉപയോഗിച്ച് കാലിതീറ്റ ഉണ്ടാക്കുന്നതിനായി സഹകരണ മേഖലയിൽ കാലിതീറ്റ മിശ്രണ യൂണിറ്റുകൾ സ്ഥാപിച്ചാൽ കാലിതീറ്റയുടെ വില കുറക്കുന്നതിന് സാധിക്കും. ഈ തീറ്റ ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യാവുന്നതാണ്. ഒഴിഞ്ഞു കിടക്കുന്ന ഭൂമികൾ, തെങ്ങിൻ തോപ്പുകൾ, വഴിയോരങ്ങൾ, കനാൽ വരമ്പുകൾ, ഓഫീസ്-സ്ക്കൂൾ വളപ്പുകൾ തുടങ്ങിയ സ്ഥലങ്ങളിൽ തീറ്റ പുൽ കൃഷി ചെയ്ത് തീറ്റപുല്ലിൻെറ ലഭ്യത വർദ്ധിപ്പിക്കാം. തെങ്ങിൻ തോപ്പുകളിലും നെൽപ്പാടങ്ങളിലും ഇടവിളയായി തീറ്റപുൽ കൃഷി ചെയ്യുക, നെൽകൃഷി പ്രോത്സാഹിപ്പിച്ച് വൈക്കോലിൻെറ ലഭ്യത വർദ്ധിപ്പിക്കുക, വൈക്കോൽ സമ്പുഷ്ടമാക്കുക എന്നിവയാണ് ഈ രംഗത്ത് നടപ്പിലാക്കാവുന്ന നിർദ്ദേശങ്ങൾ.

## ബ്രോയിലർ/ഇറച്ചിക്കോഴി വളർത്തൽ:-

പഞ്ചായത്തിൽ വ്യവസായിക അടിസ്ഥാനത്തിലുള്ള ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ഇല്ല. ആവശ്യത്തിനുള്ള ഇറച്ചിക്കോഴികളെ പുറത്തുനിന്നും വാങ്ങി വിൽക്കുകയാണ് ചെയ്യുന്നത്. രണ്ട് മാസത്തിനുള്ള 1.5 — 2Kg. തൂക്കം വരും എന്നതിനാൽ വരുമാനം പെട്ടെന്ന് കിട്ടി തുടങ്ങുന്ന മേഖലയാണിത്. ആവശ്യത്തിനുള്ള കോഴി കുഞ്ഞുങ്ങളുടെ ലഭ്യതയാണ് പ്രശ്നം. ബ്ലോക്ക് അടിസ്ഥാനത്തിലെങ്കിലും മുട്ട വിരിയിക്കൽ കേന്ദ്രം തുടങ്ങി ആവശ്യത്തിനുള്ള കോഴി കുഞ്ഞുങ്ങളെ നൽകണം. ഇറച്ചിക്കോഴികളുടെ പരിപാലനത്തിന് ആവശ്യമായ പരിശീലനവും നൽകേണ്ടതാണ്. വർഷത്തിൽ അഞ്ചു തവണയെങ്കിലും ഇറച്ചിക്കോഴികളെ വിൽപ്പനക്ക് തയ്യാറാക്കാം.

കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറിച്ചിക്കോഴികളെ വിൽപ്പനക്ക് സജ്ജമാക്കുന്ന പദ്ധതി, ഗ്രാമീണ വനിതകൾക്കുള്ള ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകൾ എന്നിവ ഈ മേഖലയിലെ വികസനത്തിന് ഉതകുന്നതാണ്.

## മുട്ട ഉൽപാദനരംഗം

മുട്ടയുടെ ആഭ്യന്തര ഉൽപാദനം ആഭ്യന്തരഉപഭോഗത്തിന് ആനുപാതികമല്ല. അതിനാൽ മുട്ട പുറമെനിന്ന് ഇറക്കുമതി ചെയ്യേണ്ടി വരുന്നു. അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതിപ്രകാരം 5 മുട്ടക്കോഴി കുഞ്ഞുങ്ങളെ (45 ദിവസം പ്രായം) ഒരു കർഷകനു നൽകാം. അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ ആഹാരമായി നൽകി വളർത്താവുന്നതാണ്. കുറഞ്ഞത് 1000 യൂണിറ്റുകൾ സ്ഥാപിക്കാം.

മേന്മയുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനായി ഒരു എഗ്ഗർ നേഴ്സറി തുടങ്ങണം. ഒരു ദിവസം മുതൽ 60 ദിവസം വരെ കുഞ്ഞുങ്ങളെ വളർത്തി വിപണിക്ക് തയ്യാറാക്കുകയാണ് ലക്ഷ്യം. 500 കുഞ്ഞുങ്ങളെ വീതമുള്ള യൂണിറ്റികൾ തുടങ്ങാം. ഒരുവർഷം 5 തവണയെങ്കിലും കുഞ്ഞുങ്ങളെ വളർത്തിവിൽക്കാം.

സ്ക്കൂൾകുട്ടികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ഉണ്ടാക്കുന്നതിനായി സ്ക്കൂൾ പൗൾട്രിക്സ്തുടങ്ങാവുന്നതാണ്. 60 ദിവസം പ്രായമുള്ള 3 കോഴികുഞ്ഞുങ്ങളെ സൗജന്യമായി ഈ പദ്ധതിയിൽ വിതരണം ചെയ്യാവുന്നതാണ്.

വ്യവസായിക അടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തുന്നതിന് 5000 കോഴികളെങ്കിലുമുള്ള യൂണിറ്റുകൾ ഉണ്ടാക്കണം. സാമ്പത്തിക ശേഷിയുള്ള കർഷകർ, ഗൾഫിൽ നിന്നും തൊഴിൽരഹിതരായി മടങ്ങിയെത്തിയ സാധാരണക്കാർ തുടങ്ങിയ വിഭാഗങ്ങളെ ഇതിൽ ഉൾപ്പെടുത്താം. മുട്ട ഉൽപ്പാദന വിപണനസഹകരണസംഘങ്ങൾ സ്ഥാപിച്ച് കോഴിതീറ്റ ഇതുവഴി വിതരണം ചെയ്യാവുന്നതാണ്.

താറാവുവളർത്തിലിനു സാദ്ധ്യതയുള്ള കേന്ദ്രങ്ങളിൽ വലിയതോതിലും 1 ചെറിയ കർഷകർക്ക് വീടിനു ചുറ്റുമുള്ള പറമ്പുകളിൽ ചെറിയ യൂണിറ്റുകളായും നടത്താം 500 വീതമുള്ള യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിലും ചെറിയ കർഷകർക്ക് സബ്സിഡി ഇനത്തിൽ 20 താറാവിൻ കുഞ്ഞുങ്ങളെയും വിതരണം ചെയ്യാം.

## തുകൽ സംസ്ക്കരണം/ അറവുശാല ഉപോൽപന്ന സംസ്ക്കരണം.

പഞ്ചായത്തിൽ വർഷത്തിൽ 2400 ഓളം മാടുകളെയും 2000 ആടുകളെയും അറവ്നടത്തുന്നു എന്നാണ് കണക്കുകൾ

സൂചിപ്പിക്കുന്നത്. ഇവയുടെ തുകലിൻെറ മൂല്യം 16.9 ലക്ഷം രൂപയോളം വരും. ഇത് ഒരു സംഘടിത മേഖലയല്ലാത്തതിനാൽ അതിൻെറ മൂല്യം ശരിയായി ഉൽപ്പാദകന് ലഭിക്കുന്നില്ല.അതുകൊണ്ട് സഹകരണരംഗത്ത് ഒരു തുകൽ സംസ്ക്കരണയൂണിറ്റും, എല്ലിപൊടി നിർമ്മാണ യൂണിറ്റും നിലവിൽ വരേണ്ടതുണ്ട്.

**ജൈവവളം**

കന്നുകാലി വിസർജ്ജ്യങ്ങൾ ഒരു നല്ല ജൈവവളമാണ് രാസവളങ്ങളുടെ പ്രസക്തി കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ പഞ്ചായത്തിലെ ജൈവവളത്തിൻെറ ഉല്പാദനം ഇങ്ങനെ വിലയിരുത്താം. ഒരു വർഷത്തെ ചാണക ഉല്പാദനം ഏകദേശം 11000 ടൺ വരും. അതിൻെറ മൂല്യം 55ലക്ഷം രൂപയോളം വരും. മൃഗസംരക്ഷണരംഗത്ത് കൂടുതൽ ഊന്നൽ നല്കിയാൽ ആവശ്യമായ ജൈവവളത്തിൻെറ കാര്യത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സാധിക്കും. ഒരു വീട്ടിൽ ഒരു പശു എന്നപദ്ധതിയുടെ പ്രസക്തി ഇത്തരുണത്തിൽ എടുത്തുപറയേണ്ടിയിരിക്കുന്നു.

**മൃഗശക്തി**

പഞ്ചായത്തിൽ ഒരു കാലത്ത് ധാരാളം ഉപയോഗിച്ചിരുന്നതും എന്നാൽ യന്ത്രവ ൽക്കരണം മൂലം പ്രസക്തി നഷ്ടപ്പെട്ടതുമായ ഒരു മേഖലയാണ് മൃഗശക്തി. വണ്ടിവലിക്കുന്നതിനുള്ള കാളകളും, നിലം ഉഴുന്നതിനുള്ള പോത്തുകളും മൃഗശക്തിയുടെ ഉത്തമോദാഹരണങ്ങളാണ്. ഇന്ധനങ്ങളുടെ അമിതവിലയും, ഉഴവുയന്ത്രങ്ങളുടെ ഭാരിച്ചവിലയും അവ സ്വന്തമാക്കുന്നതിനും ഉപയോഗിക്കുന്നതിനും സാധാരണക്കാരെ അപ്രാപ്യമാക്കുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ കൃഷിപ്പണിക്ക് മൃഗശക്തി ഉപയോഗപ്പെടുത്തുന്നത് ഒന്ന് പുനർചിന്തനം ചെയേണ്ട വസ്തുതയാണ്. ഇതു മൂലം അന്തരീക്ഷമലിനീകരണം കുറയ്ക്കുന്നതിനും ജൈവവള ലഭ്യത കൂടുന്നതിനും സാധിക്കും. വികസനപദ്ധതികളിൽ 2 പോത്തുകളും, കലപ്പയും, തൊഴുത്തും സബ്സീഡിനിരക്കിൽ കർഷകന് ലഭിക്കാവുന്നതാണ്. IRDP പദ്ധതികളിൽ ഉഴവുമൃഗങ്ങളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

**ഊർജ്ജം.**

ഈ മേഖല പഞ്ചായത്തിൽ തീരെ ചൂഷണം ചെയ്യപ്പെട്ടിട്ടില്ല. രണ്ടു പശുക്കളും അവയുടെ കുഞ്ഞുങ്ങളും ഉണ്ടെങ്കിൽ അവയുല്പാദിപ്പിക്കുന്ന ചാണകത്തിൽ നിന്ന് ഒരു ചെറിയ കുടുംബത്തിനാവശ്യമായ ഗോബർഗ്യാസ് ഉല്പാദിപ്പിക്കുന്നതിന് സാധിക്കും. എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഗോബർഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നതിന് സഹായധനം നൽകണ്ടതും, ബോധവൽക്കരണം നടത്തേണ്ടതുമാണ്. ഗ്യാസ് ലഭിച്ച് കഴിഞ്ഞ് ലഭിക്കുന്ന ചാണകം നല്ല ജൈവവളമാണ്.

**കാർഷിക പരിശീലനം.**

ശാസ്ത്രീയമായ മൃഗസംരക്ഷണത്തിന് കർഷകർക്ക് ആധുനീകമൃഗപരിപാലനരീതികളിൽ പരിശീലനം ലൽകേണ്ടതുണ്ട്. തല്പരരായ കർഷകർക്ക് സമയാസമയങ്ങളിൽ പരിശീലനം നല്കുന്നതിനായി ജില്ലാ അടിസ്ഥാനത്തിലുള്ള പരിശീലനകേന്ദ്രം ഉപയോഗപ്പെടുത്താവുന്നതാണ്.

**വന്ധ്യതാ നിവാരണം.**

കിടാരികളിലും, പശുക്കളിലും വന്ധ്യതാ കർഷകരെ അലട്ടുന്ന പ്രശ്നമാണ്. പ്രധാനമായും പോഷകാഹാരകുറവുകൊണ്ടാണ് വന്ധ്യതയുണ്ടാകുന്നത്. കിടാരികളിൽ വളരുന്ന പ്രായത്തിൽ ആവശ്യമായിവരുന്ന വിറ്റാമിനുകളും ധാതുക്കളും ലഭിക്കാതിരിക്കുന്നത് കാരണം പ്രത്യല്പാദനാവയവങ്ങളിൽ വളർച്ചകുറവുണ്ടാകുന്നു. കൂടാതെ വളർത്തുമൂരികൾചവിട്ടുമ്പോൾ അണുബാധയുണ്ടാകുന്നു. വളർത്തുമൂരികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക,വന്ധ്യതാനിവാരണക്യാമ്പുകൾ സംഘടിപ്പികുക, കർഷകരെ ബോധവൽക്കരണം നടത്തുക എന്നിവയാണ് ഈ രംഗത്തുള്ള നിർദ്ദേശങ്ങൾ.

**മൃഗസംരക്ഷണമേള.**

വർഷംതോറും കന്നുകാലി പ്രദർശനം, ശാസ്ത്രപ്രദർശനം കർഷകസംഗമം, എന്നിവയടങ്ങിയ ഒരു മൃഗസംരക്ഷമേള നടത്തേണ്ടതാണ്.

## നിർദ്ദേശങ്ങൾ

**സേവനമേഖല.**

- പടിഞ്ഞാറൻ മേഖലയിൽ 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ 2 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കുടി സ്ഥാപിക്കുക.
- മൃഗാശുപത്രിക്ക് സൗകര്യപ്രദമായ ഒരു സ്ഥലം കണ്ടുപിടിച്ച് സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കുക.
- മൃഗാശുപത്രിയിൽ മൈക്രോസ്കോപ്പ്, സ്റ്ററബിലൈസർ, ടെലഫോൺ, ഓപ്പറേഷൻ ടേബിൾ, ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.

## പാലുല്പാദനരംഗം.

- പാൽവിപണനരംഗത്തെ വിഷമതകൾ ഒഴിവാക്കുന്നതിനായി ക്ഷീരവിപണന സഹകരണസംഘങ്ങൾ തുടങ്ങുക.
- കുറഞ്ഞവിലക്ക് കാലിത്തീറ്റലഭ്യമാക്കുന്നതിനായി പ്രാദേശികമായികിട്ടുന്ന വിഭവങ്ങൾ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ മിശ്രണയൂണിറ്റുകൾ സ്ഥാപിക്കുക.
- കാലിത്തീറ്റ ക്ഷീരവിപണന സഹകരണസംഘങ്ങൾ വഴി വിപണനം ചെയുക.
- തരിശായികിടക്കുന്നസ്ഥലങ്ങളിലും മറ്റൊഴിഞ്ഞ സ്ഥലങ്ങളിലും സഹകരണാടിസ്ഥാനത്തിൽ തീറ്റപുൽകൃഷി നടത്തുക.
- കൃഷിയിടങ്ങളിൽ ഇടവിളയായി തീറ്റപുൽകൃഷി ചെയ്യുന്നതിന് സബ്സിഡിനിരക്കിൽ തീറ്റപുൽ വിത്ത് ലഭ്യമാക്കുക.
- ബ്ലോക്കടിസ്ഥാനത്തിൽ കാലിത്തീറ്റ ഗുണനിലവാരപരിശോധനക്ക് ഒരു ലബോറട്ടറി സ്ഥാപിക്കുകയും പരശോധന നിർബന്ധമാക്കുകയും ചെയ്യുക.
- പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എല്ലാകർഷകവീടുകളിലും ഒരു പശു എന്നപദ്ധതി നടപ്പിൽ വരുത്തുക.
- സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കർഷകർക്ക് ഉപതൊഴിലായി 6 മാസത്തെ ഇടവേളയിൽ 3 പശുക്കളെ സഹകരണാടിസ്ഥാനത്തിൽ നല്കുന്ന മിനിഡയറിയൂണിറ്റ് നടപ്പിലാക്കാവുന്നതാണ്.
- 15 വനിതകളുടെ ഒരു സംഘം രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്ർ ചെയ്ത ഡി.ഡബ്ല്യു. സി.ആർ.എ. ധനസഹായയം ലഭ്യമാക്കി മിനി ഡയറിയൂണിറ്റുകൾ തുടങ്ങാവുന്നതാണ്.
- മേൽത്തരം സങ്കരകിടാരികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കാലിത്തീറ്റ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തു കിടാരിവളർത്തൽ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

## മാംസോൽപാദനരംഗം

- പഞ്ചായത്തിൽ ഒരു ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കണം
- മുൻപും, പിൻപുമുള്ള അറവുശാല മാംസപരിശോധന നിർബന്ധമാക്കുക.
- സഹകരണാടിസ്ഥാനത്തിൽ മാംസോൽപാദകസഹകരണസംഘം രൂപീകരിക്കുക.
- അധികം വരുന്ന മാംസം ഉപയോഗപ്പെടുത്തുന്നതിനായി മാംസസംസ്കരണം യൂണിറ്റ് സ്ഥാപിക്കുക.
- ഉപോൽപന്നമായ എല്ല് ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി എല്ലുപൊടി സംസ്കരണയൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.
- കൊമ്പ് ഉപയോഗിച്ചുള്ള കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കരകൗശല യൂണിറ്റുകൾ സ്ഥാപിച്ച് പരിശീലനം നൽകുക.
- നല്ലയിനം ആട്ടിൻകുട്ടികളെ ഉൽപാദിപ്പിക്കുന്നതിന് ശീതീകരിച്ച സങ്കരയിനം ആട്ടിൻ ബീജം ലഭ്യമാക്കുക..
- പച്ചിലത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് സാമൂഹിക വനവൽക്കരണ പദ്ധതിയിൽ കീഴിൽ പ്ലാവ്, അയനി, മുരിക്ക്, പ്ലാവ്, ശീമക്കൊന്ന, സുബാബുൾ എന്നിവ വച്ചുപിടിപ്പിക്കുക.
- ദരിദ്രകർഷകർക്ക് മൂന്ന് ആട്ടിൻകുട്ടികളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി ആടു വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നല്ലയിനം മുട്ടനാടുകളെ വളർത്തി പ്രജനന യൂണിറ്റുകൾ സ്ഥാപിക്കുക.
- മാംസാവശ്യത്തിനുള്ള കന്നുകുട്ടികളെ ലഭ്യമാക്കുന്നതിനായി മൂരിക്കുട്ടി/പോത്തിൻകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുക.
- മുയൽ, ടർക്കി, കാട, താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക.

## ഇറച്ചിക്കോഴി വളർത്തൽ

- പഞ്ചായത്തിൽ ഒരു മുട്ട വിരിയിക്കൽ കേന്ദ്രം തുടങ്ങി ഇറച്ചിക്കോഴി കുഞ്ഞുങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുക.
- തിരഞ്ഞെടുത്ത കുടുംബങ്ങൾക്ക് സഹായം നൽകി രണ്ടാഴ്ചയിലൊരിക്കൽ 250 വീതം ഇറച്ചിക്കോഴികളെ വിൽപ്പനയ്ക്കു തയ്യാറാക്കുന്ന പദ്ധതി സംഘടിപ്പിക്കുക.
- ഗ്രാമീണ വനിതകളെ സംഘടിപ്പിച്ച് ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകൾ തുടങ്ങുക.

250



## മുട്ടയുൽപാദനരംഗം

- മുട്ടക്കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുവേണ്ടി എഗ്ഗർ നഴ്സറികൾ തുടങ്ങുക.
- അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി നടപ്പിൽ വരുത്തുക.
- സ്ക്കൂൾ കുട്ടികളെ കേന്ദ്രീകരിച്ച് സ്ക്കൂൾ പൗൾട്രി ക്ലബ്ബ് രൂപീകരിക്കുക.
- വ്യാവസായികാടിസ്ഥാനത്തിൽ സഹകരണമേഖലയിൽ 2000 വീതമുള്ള മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ തുടങ്ങു കയും വിപണനകേന്ദ്രം വഴി മുട്ട വിൽപനക്കെത്തിക്കുകയും ചെയ്യുക.
- താറാവുവളർത്തലിന് സാധ്യതയുള്ള കേന്ദ്രങ്ങളെ ആസ്ഥാനമാക്കി താറാവുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.

## മറ്റു മേഖലകൾ

- തുകലിൻെറ ഉൽപാദനം ശരിയായി ചൂഷണം ചെയ്യപ്പെടുന്നതിന് ഒരു തുകൽ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.
- ഗോബർ ഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും ധനസഹായം ലഭ്യമാക്കുകയും ചെയ്യുക.
- ഉഴവുമൃഗങ്ങൾക്ക് IRDP പദ്ധതിയിൽ കീഴിൽ ധനസഹായം ലഭ്യമാക്കുക.
- വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
- വന്ധ്യതാ നിവാരണ ക്യാമ്പുകൾ വാർഡടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
- സമ്പൂർണ്ണ പേവിഷ നിർമ്മാർജ്ജനപദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വാക്സിൻ ലഭ്യമാക്കുക.
- സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി ദരിദ്രകർഷർക്ക് സൗജന്യ ഇൻഷുറൻസ് നൽകുക.
- കർഷകർക്ക് പഞ്ചായത്തു തലത്തിൽ മൃഗസംരക്ഷണത്തിന് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകുക.
- വർഷത്തിലൊരിക്കൽ മൃഗസംരക്ഷണമേള നടത്തുക.

## പേവിഷബാധ നിർമ്മാർജ്ജനം

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം കാര്യമായി ഉണ്ടായിരുന്ന പഞ്ചായത്താണ് ഇത്. എന്നാൽ അടുത്ത കാലത്തായി ഊർജ്ജിതമായി നായ്ക്കളെ പിടിച്ചുകൊല്ലുകയും വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്തതുമൂലം നല്ലൊരു ശതമാനം വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവെയ്പിന് വിധേയരാക്കിയിട്ടുണ്ട്. ഈ പഞ്ചാ യത്തിനെ പേവിഷ വിമുക്തമേഖലയാക്കുന്നതിന് ഇനിയും നായ്ക്കളെ കുത്തിവെയ്പിന് വിധേയമാക്കേണ്ടതുണ്ട്. അതു പോലെ തുടർന്നുള്ള വർഷങ്ങളിലും കുത്തിവെയ്പിനാവശ്യമായ വാക്സിൻ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. പൊ തുജനങ്ങളെ ഈ കാര്യത്തിൽ ബോധവൽക്കരണം നടത്തുകയും വേണം.

## അറവുശാല മാംസപരിശോധന

90% ജനങ്ങളും മാംസം ഭക്ഷിക്കുന്ന ഒരു പഞ്ചായത്തായതിനാൽ ശുദ്ധമായ മാംസം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തണം. അതിലേക്കായി അറുക്കുന്നതിനുമുമ്പും അതിനുശേഷവും മാംസപരിശോധന നടത്തേണ്ടതുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ അല്ലെങ്കിൽ ബ്ലോക്കടിസ്ഥാനത്തിൽ ഒരു ശാസ്ത്രീയമായ അറവുശാല സ്ഥാപിച്ച് മാംസപരി ശോധന നടത്തുകയും, ഭക്ഷ്യയോഗ്യമല്ലാത്ത മാംസം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്യണം.

## കന്നുകാലി ഇൻഷുറൻസ്

ചികിത്സ ലഭ്യമല്ലാത്ത അസുഖങ്ങൾ മൂലവും, സാംക്രമിക രോഗങ്ങൾ മൂലവും കർഷകന് താങ്ങാനാവാത്ത നഷ്ടങ്ങൾ ഉണ്ടാകാറുണ്ട്. അതിനാൽ നാമമാത്ര കർഷകർക്കായി ഒരു സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി ആവി ഷ്ക്കരിക്കുകയും പ്രീമിയം സൗജന്യമായി നൽകുകയും വേണം.

## കർഷകർക്ക് അംഗീകാരം / അവാർഡ്

മൃഗസംരക്ഷണമേഖലയിലെ കർഷകരെ സംസ്ഥാനതലത്തിൽ ആദരിക്കുക പതിവുണ്ടെങ്കിലും അത് പലപ്പോഴും അർഹിക്കുന്നവർക്ക് ലഭിക്കാറില്ല. അതുകൊണ്ട് പഞ്ചായത്തുതലത്തിൽ മികച്ച മൃഗസംരക്ഷകന് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകേണ്ടതാണ്.

## പാലുൽപാദന മേഖല

*നിർദ്ദേശങ്ങൾ*

- പാൽ വിപണനരംഗത്തെ വിഷമതകൾ ഒഴിവാക്കുന്നതിനായി ക്ഷീരവിപണന സഹകരണ സംഘങ്ങൾ തുടങ്ങുക.
- കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി പ്രാദേശികമായി കിട്ടുന്ന വിഭവങ്ങൾ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ മിശ്രണയൂണിറ്റുകൾ സ്ഥാപിക്കുക.
- കാലിത്തീറ്റ ക്ഷീരവികസനസഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുക.
- ബ്ലോക്കുതലത്തിൽ കാലത്തീറ്റ ഗുണനിലവാരപരിശോധനയ്ക്ക് ഒരു ലബോറട്ടറി സ്ഥാപിക്കുകയും പരിശോധന നിർബന്ധമാക്കുകയും ചെയ്യുക.
- തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ തീറ്റ പുൽ കൃഷി ചെയ്യുക.
- കൃഷിയിടങ്ങളിൽ ഇടവിളയായി തീറ്റ പുൽകൃഷിചെയ്യുന്നതിന് സബ്സീഡിനിരക്കിൽ തീറ്റപ്പുൽ വിത്ത് ലഭ്യമാക്കുക.
- അകിടുവീക്കം പോലുള്ള ഉൽപാദനരോഗങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിന് പ്രതിരോധ മാർഗ്ഗങ്ങൾ കർഷകരെ പരിശീലിപ്പിക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുക.
- പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എല്ലാ കർഷകവീടുകളിലും ഒരു പശു എന്ന പദ്ധതി നടപ്പിൽ വരുത്തുക.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകർക്ക് ഉപതൊഴിലായി 6 മാസത്തെ ഇടവേളയിൽ 3 പശുക്കളെ സഹകരണാടിസ്ഥാനത്തിൽ നൽകുന്ന പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- 15 വനിതകളുടെ ഒരു സംഘം രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് DWCRA ധനസഹായം ലഭ്യമാക്കി മിനി ഡയറി യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.
- വ്യാവസായികാടിസ്ഥാനത്തിൻെറ മുഖ്യതൊഴിലായി 10 പശുക്കളെ വരെ വളർത്തുന്നതിന് ബാങ്കുകൾ വഴി ധനസഹായം ലഭ്യമാക്കാവുന്നതാണ്.
- മേൽത്തരം സങ്കരവർഗ്ഗകിടാരികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കാലിത്തീറ്റ സബ്സിഡി ഇനത്തിൽ വിതരണം ചെയ്ത്. കിടാരി വളർത്തൽ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

## മാംസോൽപാദനരംഗം

- പഞ്ചായത്തിൽ ഒരു ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കണം.
- മുമ്പും പിമ്പുമുള്ള അറവുശാല മാംസപരിശോധന നിർബന്ധമാക്കുക
- സഹകരണാടിസ്ഥാനത്തിൽ മാംസോൽപാദകസഹകരണസംഘം രൂപീകരിക്കുക
- എല്ലുപൊടി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക
- കൊമ്പ് ഉപയോഗിച്ചുള്ള കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കരകൗശല യൂണിറ്റുകൾ സ്ഥാപിച്ച് പരിശീലനം നൽകുക.
- നല്ലയിനം ആട്ടിൻകുട്ടികളെ ഉൽപാദിപ്പിക്കുന്നതിന് ശീതീകരിച്ച സങ്കരയിനം ആട്ടിൻബീജം ലഭ്യമാക്കുക.
- ദരിദ്ര കർഷകർക്ക് മൂന്ന് ആട്ടിൻകുട്ടികളെ വീതം സബ്സീഡി നിരക്കിൽ ലഭ്യമാക്കി ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക.
- തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നല്ലയിനം മുട്ടനാടുകളെ വളർത്തി പ്രജനന യൂണിറ്റുകൾ സ്ഥാപിക്കുക.
- മാംസാവശ്യത്തിനുള്ള കന്നുകുട്ടികളെ ലഭ്യമാക്കുന്നതിനായി മൂരിക്കുട്ടി / പോത്തിൻക്കുട്ടി പരിപാലന പദ്ധതി നടപ്പാക്കുക.
- മുയൽ, ടർക്കി, കാട, താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക.

## ഇറച്ചിക്കോഴി വളർത്തൽ.

- പഞ്ചായത്തിൽ ഒരു മുട്ടവിരിയിക്കൽ കേന്ദ്രം തുടങ്ങി ഇറച്ചിക്കോഴി കുഞ്ഞുങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുക.
- തിരഞ്ഞെടുത്ത കുടുംബങ്ങൾക്ക് ധനസഹായം നൽകി രണ്ടാഴ്ച്ചയിലൊരിക്കൽ 250 വീതം ഇറച്ചിക്കോഴികളെ തയ്യാറാക്കുന്ന പദ്ധതി നടപ്പിലാക്കുക.
- ഗ്രാമീണ വനിതകളെ സംഘടിപ്പിച്ച് ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകൾ തുടങ്ങുക.

## മുട്ടയുൽപാദന രംഗം

1. മുട്ടക്കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനായി എഗ്ഗർ നഴ്സറികൾ തുടങ്ങുക.
2. അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി നടപ്പിൽ വരുത്തുക.
3. സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ച് സ്കൂൾ പൗൾട്രി ക്ലബ് രൂപീകരിക്കുക.
4. വ്യവസായികാടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ തുടങ്ങുകയും വിപണന കേന്ദ്രം വഴി മുട്ട ലഭ്യമാക്കുകയും ചെയ്യുക.
5. താറാവുവളർത്തലിന് സാധ്യതയുള്ള കേന്ദ്രങ്ങളെ ആസ്ഥാനമാക്കി താറാവുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.

## *നിർദ്ദേശങ്ങൾ*

കൃത്രിമ ബീജസങ്കലന കേന്ദ്രം / $^{1}/_{500}$ എന്ന തോതിൽ പഞ്ചായത്തിൽ വേണം.
മുട്ട വിരിയിക്കൽ കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം
ആട്ടിൽ പാൽ വിതരണ കേന്ദ്രം വേണം.
എല്ല് പൊടി സംസ്കരണ യൂണിറ്റ് സ്ഥാപിക്കണം.
കൊമ്പ് കൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റ് വേണം.

# പുന്നയൂർ ഗ്രാമപഞ്ചായത്ത്


## 4.3 രോഗ വിവരങ്ങൾ

## 1995 -1996

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹന സംബന്ധമായവ<br>Digestive disorder | 113 | 3 | 59 | - | - | 17 | - | - | - | - |
| 2 | ശ്വാസകോശ സംബന്ധം<br>Respiratory diseases | 14 | 1 | 1 | - | - | 54 | - | - | - | - |
| 3 | ഉപാപചയ സംബന്ധം<br>Metabolic diseases | 7 | 1 | - | - | - | - | - | - | - | - |
| 4 | ത്വക് രോഗങ്ങൾ<br>Skin diseases. | 39 | 2 | 6 | - | - | 3 | - | - | - | - |
| 5 | ധാതുലവണങ്ങളുടെ അഭാവം<br>Deficiency | 33 | 1 | 5 | - | - | - | - | - | - | - |
| 6 | പരാദ രോഗങ്ങൾ<br>Parasitic diseaases. | 239 | 18 | 50 | - | - | 13 | - | - | - | - |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 166 | 21 | 15 | - | - | - | - | - | - | - |
| 8 | വന്ധ്യത<br>Infertlity | 50 | 6 | 1 | - | - | - | - | - | - | - |
| 9 | അകിടുവീക്കം<br>Mastitis | 35 | 1 | 1 | - | - | - | - | - | - | - |
| 10 | മുടന്തൻ പനി<br>Emphemeral Fever | 12 | 4 | - | - | - | - | - | - | - | - |
| 11 | പകർച്ച വ്യാധികൾ<br>Contagion diseases | - | - | - | - | - | - | - | - | - | - |







54

## പുന്നയൂർ ഗ്രാമപഞ്ചായത്ത്

### 4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ


### 1995 -1996

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 - ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1475 | 604 | 79 |
| കിടാരി | 341 | 208 | 42 |
| എരുമ | 133 | 113 | 36 |

## പട്ടിക 1

### വളർത്തു മൃഗങ്ങളും, പക്ഷികളും.

| ഇനം | 1996 |
|---|---|
| പശു | 1475 |
| കന്നുകുട്ടികൾ | 341 |
| എരുമ | 133 |
| കാള(ഉഴുവ്) | 6 |
| ആട് | 1505 |
| കോഴി | 12565 |
| താറാവ് | 255 |



# മത്സ്യബന്ധനം

പുന്നയൂർ പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗം ഏകദേശം 8 കിലോമീറ്റർ നീളത്തിൽ കടലോരമാണ്. ഒന്നുമുതൽ ഏഴുവരെ വാർഡുകൾ ഈ ഭാഗത്താണ്. പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തുകൂടി ഏകദേശം 8 കിലോമീറ്റർ നീളത്തിൽ കനോലി കനാൽ ഒഴുകുന്നു. വിപുലമായ വയലേലകളുള്ള ഈ ഗ്രാമപഞ്ചായത്തിൽ 30 കിലോമീറ്ററോളം തോടുകളും ഉണ്ട്. ഇരുപതോളം വലിയ കുളങ്ങളും ഓരോ വീടിനും ഒരു കുളമെന്ന നിലയിൽ ചെറിയ കുളങ്ങളും ധാരാളമാണ്. ഇവയാണ് ഈ പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ.

കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 500 പേർ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽ മേഖലയും മത്സ്യബന്ധനമാണ്. ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 175 പേരും മത്സ്യവിപണന, സംസ്ക്കരണവുമായി ബന്ധപ്പെട്ട് 160 പേരും പ്രവർത്തിക്കുന്നു.

കടലിൽ നിന്ന് പ്രധാനമായും അയില, മത്തി, ചെമ്മീൻ, ചെമ്പാൻ, എയ്ക്കോറ, ആവോലി, ഏട്ട, കുടുത, തിരണ്ടി, ചൂട, മാന്തൾ, വെളൂരി, ചൂരക്കണ്ണി, കൂന്തൾ, മുള്ളൻ, സ്രാവ് എന്നിവയാണ് കിട്ടുന്നത്. മകരം മുതൽ മീനം വരെയുള്ള മാസങ്ങളിൽ അയല, മത്തി, വെളൂരി, ചൂട, മാന്തൾ, മുള്ളൻ എന്നീ മീനുകളും, ചിങ്ങം മുതൽ ധനു വരെ അയല, മത്തി, കൂന്തൾ, മുള്ളൻ, സ്രാവ്, ആവോലി, അറിക്ക, കുടുത, ഏട്ട, എന്നീ മീനുകളും, കർക്കിടകം, ചിങ്ങം, കന്നി എന്നീ മാസങ്ങളിൽ മത്തി, ആവോലി, ചെമ്പാൻ, ചെമ്മീൻ എന്നിവയും കിട്ടുന്നു. കൂടാതെ ഞണ്ടും ധാരാളമായി കിട്ടാറുണ്ട്.

മുൻകാലങ്ങളിൽ എടക്കഴിയൂർ, മന്ദലാംകുന്ന് കടപ്പുറങ്ങളിൽ സമൃദ്ധിയായി മത്സ്യസമ്പത്ത് കിട്ടിയിരുന്നെങ്കിൽ ഇന്ന് യന്ത്രവൽക്കരണ ബോട്ടുകളുടെയും ആധുനിക നിയമങ്ങളുടേയും വരവോടുകൂടി അപൂർവ്വമായിരിക്കയാണ്. ധാരാളമായി കിട്ടിയിരുന്ന മത്തി കഴിഞ്ഞ കുറേ വർഷങ്ങളായി കുറഞ്ഞുകുറഞ്ഞുവരികയാണ്. മറ്റു ചെറു മത്സ്യങ്ങളുടെയും ലഭ്യതയിലും കാര്യമായ കുറവുണ്ടായിട്ടുണ്ട്.

കനോലി കനാലിൽ നിന്ന് പ്രധാനമായും, കണമ്പ്, പോട്ട, കരിമീൻ, ചെമ്മീൻ, പരല് മുതലായ മത്സ്യങ്ങളും, ഞണ്ടും ലഭിക്കുന്നു. സമൃദ്ധമായിരുന്ന കക്കയുടെ ലഭ്യതയും കുറഞ്ഞിട്ടുണ്ട്. ഒരു നല്ല വ്യവസായിക അസംസ്കൃത പദാർത്ഥം കൂടിയാണ് കക്കതോട്. കുളങ്ങളിൽ നിന്നും വരാൽ, കടു, മുഴ്യ്, പരല്, പാലാത്തൻ മുതലായവയും വളരെയധികം കിട്ടിയിരുന്നു. ഇത് കർഷകർക്ക് ഒരാശ്വാസമായിരുന്നു. എന്നാൽ കുറച്ചു വർഷങ്ങൾക്ക് മുമ്പുണ്ടായ മത്സ്യരോഗം ഇവയുടെ ലഭ്യതയിൽ കുറവുണ്ടാക്കിയിരിക്കുന്നു.

രണ്ടു മത്സ്യതൊഴിലാളി സഹകരണസംഘങ്ങളുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. അർഹതയുള്ള മത്സ്യതൊഴിലാളികൾ ഈ സംഘങ്ങളിൽ മെമ്പർമാരല്ലാത്തതും അർഹതയില്ലാത്തവർ കൂടുതലായിട്ടുള്ളതായിട്ടുള്ളതും ഈ രംഗത്തെ പ്രശ്നങ്ങളാണ്. ഇത്രയും വലിയൊരു കടലോര പ്രദേശമുണ്ടായിട്ടും ഒരു ഫിഷിങ്ങ് ലാൻണ്ടിങ്ങ് സെൻററോ, മിനി ഹാർബറോ ഈ പ്രദേശത്തില്ല. അതുപോലെത്തന്നെ ഐസ് ഫാക്ടറികളുടെ അഭാവവും വലിയ പ്രശ്നങ്ങളാണ്. കുന്ദംകുളം, ചാവക്കാട് എന്നീ വിപണനകേന്ദ്രങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

ഒരു വർഷം ഏകദേശം 1 കോടി രൂപ വിലവരുന്ന വള്ളം, വല, ഔട്ട് ബോർഡ്, എഞ്ചിൻ എന്നീ മത്സ്യബന്ധനോപകരണങ്ങൾ എടക്കഴിയൂർ - മന്ദലാംകുന്ന് പ്രദേശത്തെ മത്സ്യതൊഴിലാളികൾ മാത്രം വാങ്ങുന്നുണ്ട്. ഇവയെല്ലാം കൊച്ചി, കൊല്ലം, മംഗലാപുരം, മദ്രാസ് എന്നിവയിൽ നിന്നുമാണ്.വാങ്ങികൊണ്ടുവരുന്നത്.

സമീപത്തെവിടെയും മത്സ്യബന്ധന ഉപകരണങ്ങൾ കിട്ടാനില്ലാത്തത് മത്സ്യതൊഴിലാളികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

എടക്കഴിയൂർ, മന്ദലാംകുന്ന് കടപ്പുറത്ത് 30 പേർ പോകുന്ന വള്ളങ്ങൾ 20 എണ്ണവും, 30 പേർ പോകുന്ന ഫൈബർ ബോട്ട് 5 എണ്ണവും 4 - 6 പേർ പോകുന്ന നാടൻ വള്ളങ്ങൾ 100 എണ്ണവും, 2 പേർ പോകുന്ന 75 എണ്ണവും, 4 പേർ പോകുന്ന ഫൈബർ ബോട്ടുകൾ 25 എണ്ണവുമുണ്ട്. കടലിൽ 50 കിലോമീറ്റർ ദൂരം വരെ മത്സ്യബന്ധനത്തിന് പോകുന്നുണ്ട്. നാടൻ വള്ളം ഉണ്ടാക്കുന്ന ഒരു യൂണിറ്റ് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. മരം കൊണ്ടുള്ളതിനെ അപേക്ഷിച്ച് വിലകുറവ്, ഭാരകുറവ്, കൂടുതൽ വേഗത എന്നീ ഗുണങ്ങൾ ഉള്ളതുകൊണ്ട് ഫൈബർ ബോട്ടുകളോടാണ് ഇവിടെ കൂടുതൽ താല്പര്യം.

പുന്നയൂർ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ കേന്ദ്രീകരിച്ച് കച്ചവടം നടത്തുന്ന സ്ഥലങ്ങൾ 25ഓളം വരും. റോഡിന്റെ വക്കിലും, സ്വകാര്യസ്ഥലങ്ങളുമാണ് ഉപയോഗിക്കുന്നത്. സൈക്കിളിലും, മോപ്പടുകളിലുമാണ് ഇപ്പോൾ വീടു വീടാന്തരം വിപണനം നടത്തുന്നത്. മുൻകാലങ്ങളിൽ കയ്റ്റുകൊട്ടയും, കാവുമുപയോഗിക്കുന്ന രീതി കാലചക്രത്തിൽ പുറം തള്ളപ്പെട്ടുവെങ്കിലും ദുർലഭമായി കാണാൻ കഴിയുന്നുണ്ട്. പൊതുമത്സ്യമാർക്കറ്റ് ഈപഞ്ചായത്തിലില്ല.

കനോലി കനാലിന്റെ തീരങ്ങളിലും ഉൾനാടൻ വയലേലകളിലും, കുളങ്ങളിലും, തോടുകളിലും, ശുദ്ധജല മത്സ്യ കൃഷി, ഓരു ജല ചെമ്മീൻ കൃഷി, എന്നിവക്ക് വളരെയധികം സാധ്യതകളുണ്ട്. എന്നാൽ യാതൊരു ചലനവും ഈ രംഗത്തുണ്ടായിട്ടില്ല. അടുത്തകാലത്ത് ചെമ്മീൻ കെട്ടുകൾ ഉണ്ടാക്കനുള്ള താല്പര്യം ചിലരിൽ ഉണ്ടായെങ്കിലും, ബാങ്കുകൾ വഴിയുള്ള വായ്പയും സബ്സീഡിയും സുപ്രീം കോടതിയുടെ വിധിമൂലം തടഞ്ഞു വെച്ചിരിക്കുകയാണ്. ഇവക്കാവശ്യമായ വിത്തുകളും, മറ്റു ബോധവൽക്കരണവും തൃശൂരിലുള്ള ഉൾനാടൻ മത്സ്യഫെഢിൽ നിന്നാണ് ലഭിച്ചിരുന്നത്. ഈ കാര്യത്തിൽ വേണ്ടത്ര അറിവില്ലായ്മയും, പ്രോത്സാഹ കുറവുമാണ് നല്ലസാധ്യതയുള്ള ഈ മേഖലയിലേക്ക് മത്സ്യ തൊഴിലാളികളെ ആകർഷിക്കാത്തതിന്റെ പ്രധാനകാരണം.

കടലോര പ്രദേശങ്ങളായ ഒന്നുമുതൽ ഏഴുവരെ വാർഡുകളും, മറ്റു വാർഡുകളിലും ഭൂരിഭാഗം മത്സ്യതൊഴിലുമായി ബന്ധപ്പെട്ടവരാണ്. പരമ്പരാഗതമായി ശീലിച്ചതൊഴിൽ ഇന്ന് വളരെ പിന്നോട്ട് പോയിരിക്കുന്നു. വർദ്ധിച്ചകൂലി ചെലവും, മത്സ്യ സമ്പത്തിന്റെ അഭാവവും ഈ പ്രദേശത്തെ പട്ടിണിയിലാഴ്ത്തിയിരിക്കുന്നു. ആധുനിക രീതിയിലുള്ള ഉപകരണങ്ങളുടെ ലഭ്യതയില്ലായ്മയും, വർദ്ധിച്ച വിലയും ഇവരെ പഴയ ഉപകരണങ്ങൾ തന്നെ ഉപയോഗിക്കാൻ നിരബന്ധിതരാക്കുന്നു. പ്രകൃതി ക്ഷോഭവും മറ്റു ബുദ്ധിമുട്ടുകളുള്ള പഞ്ഞമാസങ്ങളിൽ മറ്റു വരുമാനങ്ങളില്ലാതെ ദാരിദ്ര്യമനുഭവിക്കുന്നു. ഒരു കാലത്ത് പുന്നയൂർ പഞ്ചായത്ത് കടപുറങ്ങളിൽ സമൃദ്ധമായിരുന്ന മത്സ്യ സമ്പത്ത് യന്ത്രവൽക്കരണ ബോട്ടുകളുടെയും ആധുനിക നിയമങ്ങളുടെയും വരവോടു കൂടി നിശ്ശേഷം ഇല്ലാതായിരിക്കുന്നു.

മത്സ്യതൊഴിലാളികൾ ഇന്നും അടിസ്ഥാന സൗകര്യങ്ങളില്ലാതെ ചെറ്റ കുടലുകളിൽ ജീവിക്കുന്നു. പാർപ്പിടപ്രശ്നം ഈ പ്രദേശത്തെ കാതാലായ പ്രശ്നമാണ്. സ്വന്തമായി ഭൂമിയില്ലാത്തവരാണ്ധാരാളമായിട്ടുള്ളത്. മത്സ്യതൊഴിലാളി കോളനികൾ വളരെ പിന്നോക്ക സ്ഥിതിയിലാണ്. രൂക്ഷമായ പാർപ്പിടപ്രശ്നത്തിന് കോളനികൾക്കൊണ്ട് കാര്യമായ പ്രയോജനമുണ്ടായിട്ടില്ല. വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നീകാര്യങ്ങളിലും പിന്നോക്കം നിൽക്കുന്നു. ഇവയുടെ പരിഹാരത്തിന് പഞ്ചായത്ത് കാര്യമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇവിടെ ശുചിത്വ പരിപാടി SEU വിന്റെയും തീരദേശാരോഗ്യ പദ്ധതിയും പഞ്ചായത്ത് ചേർന്ന് നടത്തുന്നുണ്ട്. ചാമ്പ് പൈപ്പുകളും നിർമ്മിച്ച് കൊടുക്കുന്നുണ്ടെങ്കിലും വർദ്ധിച്ച ആവശ്യത്തിന് അനുസരണമായി നൽകാൻ കഴിഞ്ഞിട്ടില്ല. വീട് വെച്ച് കൊടുക്കുന്ന കാര്യത്തിലും സർക്കാർ ഏജൻസികളുടെ പ്രവർത്തന നാമം മാത്രമായിട്ടാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ആയിരക്കണക്കിന് മത്സ്യതൊഴിലാളികൾ പാർപ്പിടം ഇല്ലാതെ കഷ്ടപ്പെടുന്നു. ഓല മേയാൻ കഴിവില്ലാതെയും ഓലയുടെ വർദ്ധിച്ച വിലമൂലവും കെട്ടിമേയാത്തവരുടെ എണ്ണം എല്ലാവർഷവും ഗണ്യമായി വർദ്ധിക്കുന്നു. എന്നാൽ ചുരുങ്ങിയ സാമ്പത്തിക സഹായം പഞ്ചായത്തിൽ നിന്ന് കൊടുത്തുവരുന്നുണ്ട്. ഇത് ആവശ്യത്തിന്റെ പത്തിലൊരു ഭാഗം വരുന്നില്ല. കേന്ദ്ര സർകകാരിന്റെ തീരദേശ സംരക്ഷണ നിയമപ്രകാരം ഈ പ്രദേശങ്ങളിൽ പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നില്ല. ഏകദേശം 8 കിലോ മീറ്റർ നീളം പടിഞ്ഞാറ് ഭാഗം അറബിക്കടലാണ്. അതിന്റെ 1.3 കിലോമീറ്റർ കിഴക്കുഭാഗത്തുകൂടി കനോലികനാലും ഒഴുകുന്നു. കനോലികനാലിന്റെ കിഴക്കുഭാഗത്ത് കൂടുതലായും വയലേലകളാണ്. ആയതിനാൽ ഈ പഞ്ചായത്തിന്റെ മുക്കാൽ ഭാഗം തീരദേശ സംരക്ഷണ നിയമത്തിൽ വരുന്നതുകൊണ്ട് വികസനം സാദ്ധ്യമല്ലാതാകുന്നു.

മത്സ്യതൊഴിലാളികളുടെ കുട്ടികൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നിൽക്കുന്നു. കൊഴിഞ്ഞു പോക്കാണ് ഇവിടത്തെ മുഖ്യപ്രശ്നം. ദാരിദ്ര്യവും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും കുട്ടികളെ ജോലിചെയ്യിക്കാൻ രക്ഷിതാക്കളെ നിർബന്ധിതരാക്കുന്നു. കള്ളിയാൻകുട്ടികൾ എന്ന പേരിൽ ധാരാളം കുട്ടികൾ പഞ്ചായത്തിൻെറ കടലോര പ്രദേശങ്ങളിൽ തൊഴിൽ ചെയ്യുന്നു. വേണ്ട ബോധവൽക്കരണവും പ്രോത്സാഹനവും നൽകി ഈ കുട്ടികളെ വിദ്യഭ്യാസത്തിൻെറ പ്രാധാന്യം മനസ്സിലാക്കി കൊടുക്കണം. സാക്ഷരതാ പ്രവർത്തനം സർക്കാർ ചിലവിൽ നടത്തേണ്ടിയിരിക്കുന്നു. ഈ ഉദ്ദേശ്യത്തോടെ ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ഓപ്പറേഷൻ, ബ്ലാക്ക് ബോർഡ് പദ്ധതി നടത്തിയെങ്കിലും കാര്യക്ഷമമല്ല.

മത്സ്യം ഉപ്പിട്ടുണക്കി സൂക്ഷിച്ച് വെക്കുന്ന''ചാപ്പ ഷെഡുകൾ'' ധാരാളം ഉണ്ടായിരുന്നു ഇത് ധാരാളം തൊഴിൽ ദിനങ്ങളുണ്ടാക്കിയിരുന്നു. ഈ രീതി ഇന്ന് ഇവിടെ അപ്രത്യക്ഷമായിരിക്കുന്നു. ഇവിടെ മത്സ്യം സൂക്ഷിച്ച് വെക്കാൻ ഐസ് പ്ലാൻറുകളുടെ അഭാവം ഈ മേഖലയെ തളർത്തിയിരിക്കുന്നു.

ഭൂരിപക്ഷ മത്സ്യതൊഴിലാളികളും നാമമാത്ര മത്സ്യ ഇടത്തരം കുത്തകക്കാരുടെ കീഴിലാണ്. ഇതിന് പ്രധാന കാരണം സാങ്കേതിക ഉപകരണങ്ങളായ വള്ളം , വല, ബോട്ട് മുതലായവ ഇവരുടെ കീഴിലാണ്. മാത്രമല്ല മത്സ്യ വിപണന ംസംക്കരണ സൗകര്യവും ഈ ഇടത്തരക്കാരുടെ കീഴിലാണ്.

പഞ്ഞമാസങ്ങളിൽ തൊഴിലില്ലാതെ വീട്ടിൽ ചടഞ്ഞുകൂടിയിരിക്കേണ്ട ഗതികേടാണ് തൊഴിലാളികളിൽ ഭൂരിപക്ഷത്തിനും . ഈ സന്ദർഭവും ഇടത്തരക്കാർ ചൂഷണം ചെയ്യുന്നു. സാമ്പത്തിക സഹായം നൽകി തങ്ങളുടെ അടിമകളാക്കാൻ ഈ അവസരം വിനിയോഗിക്കുന്നതായും ഇവിടെ കണ്ടുവരുന്നു.

മത്സ്യ പണിയില്ലാത്ത പഞ്ഞ മാസങ്ങളിൽ വീട്ടിലെ സ്ത്രീകൾ ''വക്ക്'' എന്ന പറയുന്ന സസ്യത്തിൽ നിന്നുൺടാക്കുന്ന നൂൽനൂറ്റ് വല സ്വന്തമായി നെയ്തുണ്ടാക്കിയിരുന്നു ഈ പ്രദേശത്ത് ഇതൊരു കുടിൽ വ്യവസായമായിരുന്നു. ഈ സസ്യം കടലോരങ്ങളിലെ മിക്ക വീട്ടുകാരും കൃഷി ചെയ്തിരുന്നു. നെയ്ലോൺ വലകളുടെ വരവ് ഈ സമ്പ്രദായത്തെയും ഇല്ലാതാക്കിയിരിക്കുകയാണ്.

മത്സ്യ ഫെഡു മുഖാന്തരം വള്ളം, വല,എൻജിൻ,എന്നിവ നിയന്ത്രിത നിരക്കിൽ നൽകുന്നുണ്ടെങ്കിലും ആവശ്യത്തിൻെറ ഇരുപതിൽ ഒരംശം പോലും ആകുന്നില്ല. ഔട്ട് ബോർഡ് എൻജിനുകൾ റിപ്പർ ചെയ്യുന്നതിന് ഇവിടെ യാതൊരു സൗകര്യവുമില്ല. ഉള്ളവ കൊച്ചിയിലും പൊന്നാനിയിലുമാണ്.

പഞ്ചായത്തിൽ എട്ടു കിലോമീറ്റർ നീളത്തിൽ കടൽത്തീരമുണ്ടെങ്കിലും കടൽഭിത്തി കെട്ടി സംരക്ഷിക്കുന്ന യാതൊരു പ്രവർത്തനവും ഇതുവരെയും നടന്നിട്ടില്ല. ഇത് പലരുടെയും ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്നുണ്ട്. യമഹ, എൻജിൻ വന്ന തോടുകൂടിയും, ആധുനിക ഉപകരണങ്ങളും, യന്ത്രവൽക്കരണവും മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം അല്പം ഉയരത്തിയിട്ടുണ്ട്. റോഡുകളുടെ വികസനഫലമായി ഏതു ദിക്കിലേക്കും വള്ളങ്ങളും വലയും തൊഴിലാളികൾക്ക് എത്തിക്കാൻ കഴിയുന്നതിൽ ഫലമായി കാര്യമായ പുരോഗതി നിത്യ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. തൊഴിലാളികളിൽ നല്ലൊരു ശതമാനം ഗൾഫിൻെറ ആകർഷണത്തിൽപ്പെട്ട് വിദേശങ്ങളിലേക്ക് യാത്രചെയ്യാൻ തുടങ്ങിയതൊടെ ആലപ്പുഴ, കൊല്ലം മേഖലയിൽ നിന്നും മത്സ്യ തൊഴിലാളികൾ ഇവിടെ എത്താൻ തുടങ്ങി.

ആവശ്യമായ രേഖകളില്ലാതെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കന്നവരാണ് കൂടുതലും. ഇവർക്ക് പട്ടയം കിട്ടാനുള്ള സൗകര്യം ഉണ്ടാകേണ്ടിയിരിക്കുന്നു.

<u>പ്രധാന പ്രശ്നങ്ങൾ</u>

(1) ഇവിടെ ഫിഷ്ലാൻറിംഗ് സെൻററില്ല.
(2) മിനി ഹർബർ ഇല്ലാത്തതും പ്രശ്നമാണ്.

(3) മത്സ്യ സംസ്ക്കരണ യൂണിറ്റില്ല.

(4) വൈദ്യുതി ലഭ്യമല്ല.

(5) ലൈറ്റ് ഹൗസില്ല.

(6) മത്സ്യതൊഴിലാളികൾക്ക് വീടുവെയ്ക്കുന്നതിന് സർക്കാർ ഏജൻസികളുടെ പ്രവർത്തനം നാമമാത്രമാണ്.

(7) പഴയ ഉപകരണങ്ങൾ തന്നെ ഇപ്പോഴും ഉപയോഗിക്കുന്നു.

(8) മത്സ്യ വിപണനത്തിന് പൊതുസ്ഥലങ്ങളില്ല.

(9) മത്സ്യതൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല.

(10) കക്കൂസ്സുകൾ ഇല്ല.

(11) മത്സ്യതൊഴിലാളികളുടെ കുട്ടികളിൽ വിദ്യാഭ്യാസത്തിൻെറ കുറവ്

(12) കുട്ടികളെ തൊഴിലെടുപ്പിക്കുന്നു.

(13) മത്സ്യതൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം കുറവാണ്.

(14) അനുയോജ്യമായ സ്ഥലങ്ങളുണ്ടെങ്കിലും വാണിജ്യാടിസ്താനത്തിൽ ചെമ്മീൻ കൃഷിയും, മത്സ്യ കൃഷിയും നടത്തുന്നില്ല.

(15) വേണ്ട സബ്സീഡികളോ, മറ്റനുകൂല്യങ്ങളെക്കുറിച്ചോ, ബോധവാൻമാരല്ല.

(16) വായ്പാ പദ്ധതികളുടെ അപര്യാപ്തത.

(17) പഞ്ഞമാസങ്ങളിലെ പട്ടിണി.

(18) ആവശ്യത്തിനുള്ള മണ്ണെണ്ണയുടെ ലഭ്യതക്കുറവ്.

(19) പ്രകൃതി ക്ഷോഭങ്ങളിൽപ്പെട്ടാൽ രക്ഷിക്കാനുള്ള കർമ്മസേനയുടെ സാന്നിധ്യക്കുറവ്.

(20) ആഴക്കടൽ മത്സ്യ ബന്ധനം

(21) തീരദ്ദേശ സംരക്ഷണം നിയമം കൊണ്ടുള്ള ബുദ്ധിമുട്ട്.

(22) മത്സ്യരോഗ ഭീക്ഷണി

<u>നിർദ്ദേശങ്ങൾ</u>

(1) കടലോരതീരം മുഴുവൻ കടൽഭിത്തികെട്ടി സംരക്ഷിക്കണം.

(2) എടക്കഴിയൂരിലും, മന്ദലാകുന്നത്തും ഫിഷിങ്ങ് ഹാർബർ ഉണ്ടാക്കണം.

(3) മത്സ്യ സംസ്ക്കരണ, വിപണന കേന്ദ്രങ്ങൾ വേണം.

(4) ചെമ്മീൻ കുഞ്ഞുങ്ങളുടെ ഉല്പാദന കേന്ദ്രം ഇവിടെ സ്ഥാപിക്കണം.

(5) ഫൈബർ ബോട്ട് നിർമ്മാണ യൂണിറ്റു സ്ഥാപിക്കണം.

(6) മത്സ്യബന്ധനം, വിപണനം, സംസ്ക്കരണം, എന്നിവയിൽ ആധുനിക വിദ്യാഭ്യാസത്തിനുള്ള യൂണിവേഴ്സിറ്റിവേണം.

(7) ഫ്രീസിങ്ങ് യൂണിറ്റ് വേണം.

(8) വല ഉണക്കാനുള്ള പ്രത്യേക സ്ഥലവും, ഐസിടുന്നതിനുള്ള പ്ലാറ്റ് ഫോറും വേണം.

(9) എടക്കഴിയൂർ - മന്ദലാകുന്ന് കടപ്പുറങ്ങളിൽ നിലവിലുള്ള മത്സ്യതൊഴിലാളി സഹകരണസംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി മത്സ്യബന്ധന ഉപകരണങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നതിന് സംവിധാനമുണ്ടാക്കണം. എല്ലാ മത്സ്യതൊഴിലാളികളെയും സംഘത്തിൽ ഉൾപ്പെടുത്തണം.

(10) കനോലിക്കനാലിൻെറ തീരങ്ങളിലും, ഉൾനാടൻ തോടുകളിലും ചെമ്മീൻ കൃഷിയും മറ്റു മത്സ്യകൃഷികളും സ്ഥാപിക്കണം. മത്സ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുകയും രോഗം തടയുന്നതിന് ഫലപ്രദമായ മുൻ കരുതൽ നടത്തുകയും വേണം.

(11) മത്സ്യതൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ നൽകുന്നതിന് കുടിൽ വ്യവസായങ്ങൾ വനിതാ സഹകരണ സംഘങ്ങൾ ഉണഅടാക്കി നടപ്പിലാക്കണം. മത്സ്യഅച്ചാറുകൾ വല നിർമ്മാണം തുടങ്ങിയവ ഉൾപ്പെടുത്തണം.

(12) ഞണ്ട്, കക്ക കൃഷി പ്രോത്സാഹിപ്പിക്കണം.

(13) ചേറ്റുവ, വെളിയംകോട്, തുടങ്ങിയ ലോക്കുകൾ വഴി ഉപ്പുവെള്ളം കയറുന്നത് തടയുക. കണ്ണംചിറ ബണ്ടുകെട്ടി സംരക്ഷിക്കുക.

14) പഞ്ചായത്ത് തലത്തിൽ മത്സ്യതൊഴിലാളികൾക്ക് വീടുവെക്കാൻ തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് ഫണ്ടു ണ്ടാവുകയും, 35000 പൂര വരെ ഗ്രാൻറായി കൂടുതൽ പേർക്ക് നൽകാനും സംവിധാനമുണ്ടാക്കണം.

15) മത്സ്യതൊഴിലാളികളുടെ ഓലമേഞ്ഞ വീടുകൾ ഓടിടാനും, കൂടുതൽ വീടുകൾ നിർമ്മിക്കുന്നതിനും പ്രത്യേകം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുക.

16) സൗജന്യമായി കക്കുസ്സുകൾ നിർമ്മിച്ച് കൊടുക്കണം.

17) മത്സ്യവള നിർമ്മാണശാലവേണം.

18) പഞ്ഞമാസങ്ങളിൽ മത്സ്യതൊഴിലാളികൾക്കും, വിപണന തൊഴിലാളിക്കും സൗജന്യ റേഷൻ സ്ഥിരം സംവിധാനം ഉണ്ടാവണം.

(19) മരമുപയോഗിച്ചുള്ള വള്ള യൂണിറ്റ് വേണം.

(20) തൊഴിലധിഷ്ഠിത സാങ്കേതിക സ്ഥാപനങ്ങൾ വേണം.

(21) മത്സ്യതൊഴിലാളികൾക്ക് സൗജന്യ കലാലയ വിദ്യാഭ്യാസം പ്രാർത്തികമാക്കണം.

(22) യമഹ, എൻജിൻ, പ്രവർത്തനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ ലഭ്യത ഉറപ്പു വരുത്തണം.

(23) മണ്ണെണ്ണ ഏജൻസി വേണം.

(24) മത്സ്യതൊഴിലാളികൾക്ക് ആവശ്യമായ രീതിയിൽ വായ്പ സൗകര്യങ്ങളുണ്ടാവണം.

(25) മത്സ്യതൊഴിലാളികളുടെ ആനുകൂല്യങ്ങളെല്ലാം മത്സ്യവിപണന തൊഴിലാളികൾക്കും നല്കണം.

(26) ആഴക്കടൽ മത്സ്യബന്ധനം നിരോധിക്കണം.

(27) പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ടവരെ തിരയാനും, രക്ഷിക്കാനും, കോസ്റ്റ് - ഗാർഡ് യൂണിറ്റ് ചാവക്കാട് കേന്ദ്രീകരിച്ച് വേണം.

(28) മത്സ്യതൊഴിലാളികൾക്ക് ഉപകരണങ്ങൾ വാങ്ങാനുള്ള സബ്സീഡി വർദ്ധിപ്പിക്കണം.

(29) ആരോഗ്യ പദ്ധതികളിൽ മത്സ്യതൊഴിലാളികൾക്ക് പ്രത്യേക സംവിധാനങ്ങൾ വേണം.

(30) കേരളത്തിലെ തീരദേശത്ത് മൊത്തം സർവ്വേ നടത്തി - ഇപ്പോഴുള്ള വീടുകൾക്ക് അപ്പുറത്തേക്ക് കയ്യേറ്റം നിരോധി ച്ചാൽ, തീരദേശ വികസനം, തീരദ്ദേശ റെയിൽവേ, രാജ്യ രക്ഷാപ്രവർത്തനം, എന്നിവക്ക് ആവശ്യമായ കേരളത്തിന് കേരളത്തിന് വേണ്ട സ്ഥലം മുഴുവൻ കിട്ടുന്നതാണ്. ഓരോ പഞ്ചായത്തുകൾക്കും ഭവനരഹിതർക്ക് സ്ഥലം നൽകാൻ സ്ഥമെടുപ്പിക്കാനുള്ള ഭീമമായ സംഖ്യ ഒഴിവാക്കാൻ കഴിയും.

(31) സൗജന്യമായി വൈദ്യുതി നൽകണം.

(32) മത്സ്യതൊഴിലാളി പെൻഷനും, ക്ഷേമനിധിയും വർദ്ധിപ്പിക്കുകയും ഫലപ്രദമായി അർഹതപ്പെട്ടവർക്ക് പഞ്ചായത്തടി സ്ഥാനത്തിൽ നൽകുകയും വേണം.

(33) ബോധവൽക്കരണ സെമിനാറും, ക്ലാസ്സുകളും നൽകണം.

# മത്സ്യബന്ധനം

## പട്ടിക 1

## മത്സ്യതൊഴിലാളികൾ

| പ്രവർത്തിക്കുന്ന മേഖല | തൊഴിലാളികളുടെ എണ്ണം |
|---|---|
| കടൽ മത്സ്യബന്ധനം | 150 |
| ഉൾനാടൻ മത്സ്യബന്ധനം | 175 |
| മത്സ്യസംസ്കരണം | 160 |
| മത്സ്യവിപണനം (ചെറുകിട) | 160 |
| ആകെ | 645 |

## പട്ടിക 2

## ഓരോ കാലത്തും കിട്ടുന്ന മീനുകളുടെ ഇനം

| മാസം | ഇനം |
|---|---|
| ജനുവരി മുതൽ മെയ് വരെ | അയില, മത്തി, വെളൂരി, ചൂട, മാന്തൾ |
| ജൂൺ മുതൽ ആഗസ്റ്റ് വരെ | മത്തി, ആവോലി, ചെമ്പാൻ, ചെമ്മീൻ |
| സെപ്തംബർ മുതൽ ഡിസംബർ വരെ | അയില, മത്തി, ചെമ്മീൻ, ചെമ്പാൻ, അയ്ക്കോറ, ആവോലി, ഏട്ട, കൂടുത, തിരണ്ടി, ചൂട, മാന്തൾ, വെളൂരി, ചൂരക്കണ്ണി, കൂന്തൾ, സ്രാവ്, മുള്ളൻ |

## പട്ടിക 3

## കിട്ടുന്ന മീനുകളുടെ ഇനം തിരിച്ചുള്ള കണക്ക്

| ക്രമനമ്പർ | ഇനം | ടൺ അളവ് (മാസം) ഏകദേശം |
|---|---|---|
| 1. | അയല | 3500 |
| 2. | മത്തി | 2000 |
| 3. | മുള്ളൻ | 100 |
| 4. | മാന്തൾ | 5000 |
| 5. | ചെമ്മീൻ | 100 |
| 6. | ചൂട | 300 |
| 7. | സ്രാവ് | 75 |
| 8. | ആവോലി | 350 |
| 9. | പലവക | 7000 |

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

1

പുന്നയൂർ പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പ് ഗതാഗത രംഗത്ത് വളരെയേറെ ബുദ്ധിമുട്ടുകൾക്ക് കാരണമായിട്ടുണ്ട്. കിഴക്കൻ ഭാഗങ്ങളിൽ ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങൾ പടിഞ്ഞാറുഭാഗത്ത് അരക്കൊപ്പം പൂഴി മൂടി കിടക്കുന്ന നടക്കാവ് ഇതായിരുന്നു അവസ്ഥ. കിഴക്കൻ ഭാഗങ്ങളിൽ ഒറ്റപ്പെട്ട ദ്വീപുകൾ പോലുള്ളേ ഗ്രാമങ്ങളെ യോജിപ്പിക്കാൻ കാര്യമായ ശ്രമങ്ങൾ ആദ്യകാലത്ത് തന്നെ നടന്നിട്ടുണ്ട്. എന്നാൽ ഭൂമി കൈവശക്കാരുടെ തെറ്റായ സമീപനം വളരെ വലിയ പുരോഗതിയെ തുരങ്കംവെച്ചിട്ടുണ്ട്. ഇപ്പോൾ പൊന്നാനി - കുണ്ടുകടവ് - കോട്ടപ്പടി റോഡ് പുന്നയൂരിലെ കിഴക്കൻ ഭാഗങ്ങളായ പുന്നയൂർ - കുരഞ്ഞിയൂർ - മല്ലാട് വഴിയാണ് സർവ്വേ പൂർത്തിയാക്കിയത്. പഴയ ഡിസ്ട്രിക് ബോർഡിൻെറ കാലത്തായിരുന്നു ഈ സംഭവം. എന്നാൽ ഭൂമി വിട്ടുകൊടുക്കാൻ ജനങ്ങൾ തയ്യാറാവാത്തതിൻെറ ഫലമായി റോഡ് ഗതി മാറി വെട്ടുകയാണ് ചെയ്തത്. ഈ സുവർണ്ണാവസരം നഷ്ടപ്പെടുത്തിയതിൻെറ ശാപമെന്നുതോന്നന്നു ഈ വഴി ഇന്നും ദുർഗ്ഗടമാണ്. എന്നാൽ കുരഞ്ഞിയൂർ മ്ലലാട് റോഡ് ജനശ്ശക്തിയുടെയും കൂട്ടായ്മയുടെയും ഫലമായിട്ടുണ്ടായതാണെന്നുള്ളത് ഈ ജനകീയാസൂത്രണ പദ്ധതി നടപ്പാക്കുന്ന സന്ദർഭത്തിൽ സ്മരണീയമായ കാര്യമാണ്.

1962ൽ പഞ്ചായത്ത് രൂപികൃതമായപ്പോൾ പൂഴിക്കള - തെക്കിനിയേടത്ത്പ്പടി കുരഞ്ഞിയൂർ മല്ലാട് റോഡ് മാത്രമെ ഉണ്ടായിരുന്നുള്ളു. ടാർ ചെയ്ത റോഡ് ഒന്നുംതന്നെ ഈ പഞ്ചായത്തിലുണ്ടായിരുന്നില്ല. എന്നാൽ 1967ൽ ഇമ്പിച്ചിബാവ ട്രാൻസ്പോർട്ട് മന്ത്രിയായി ചുമതലയേറ്റപ്പോൾ തികഞ്ഞ ശുഷ്കാന്തിയോടും, ആത്മാർത്ഥതയോടുംകൂടി ട്രിപ്പു പടനയിച്ച പൂഴി തിളക്കുന്ന പടിഞ്ഞാറെ നടക്കാവ്, യുദ്ധകാലാടിസ്ഥാനത്തിൽ ചാവക്കാട് - പുതുപൊന്നാനി നാഷണൽ ഹൈവേ 17ൽ പെടുത്തുകയും പൂഴിയിൽ ചരൽവിരിച്ച് ബസ്സോട്ടം ആരംഭിക്കുകയും ചെയ്തതത് ഈ പ്രദേശത്തിൻെറ മുഖച്ഛായതന്നെ മാററിമറിച്ചു. ഈ പഞ്ചായത്തിലെ ആദ്യത്തെ ടാർ ചെയ്ത റോഡും ഇതാണ്. ഏകദേശം 8 കിലോമീറ്റർ ദൂരം പുന്നയൂർ പഞ്ചായത്തിൻെറ പടിഞ്ഞാറൻ ഭാഗങ്ങളിലെ യാത്രാക്ലേശത്തിന് അറുതിവരുത്തിക്കൊണ്ട് കടന്നുപോകുന്നു. ഇത്രയും ഗൗരവമായ ജനകീയ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ട ഇമ്പിച്ചിബാവയെന്ന ജനനേതാവിനെ ഇന്നാട്ടുകാർ നന്ദിയോടെ സ്മരിക്കുന്നു. ഇതിനുശേഷം കൊച്ചന്നൂർ മന്ദലാംകുന്ന് റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുകയും മന്ദലാംകുന്നിൽ ഒരു കോൺക്രീറ്റു പാലം ഉണ്ടാക്കുകയും ചെയ്തതിൻെറ ഫലമായി പഞ്ചായത്തിൻെറ കിഴക്കും, പടിഞ്ഞാറും ഭാഗങ്ങൾ തമ്മിൽ വാഹനഗതാഗതസൗകര്യം കൂടുതലായി. മല്ലാട് - തെക്കിനിയേടത്ത് പടി റോഡ് പി. കെ. കെ. ബാവ എം. എൽ. എ. ആയിരിക്കുമ്പോൾ എം. എൽ. എ. റോഡായി 13 1/2 ലക്ഷം രൂപ 1984ൽ ചിലവഴിച്ചെങ്കിലും ടാർ റോഡ് വരാനുള്ള ജനങ്ങളുടെ അമിതമായ ആഗ്രഹം റോഡ് നിർമ്മാണ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാതിരിക്കാൻ കാരണമാവുകയും തൻനിമിത്തം പാസ്സായ സംഖ്യയുടെ ചെറിയൊരു ഭാഗം മാത്രം ചെലവഴിച്ച് റോഡ് കറുപ്പിച്ച് ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടതിൻെ ഫലമായി ഒരു കൊല്ലം പോലും ഈ റോഡ് ഗതാഗതയോഗ്യമായില്ല. ഈ സംഭവം ഇന്നാട്ടുകാർക്ക് ഒരു ഗുണ പാഠമാണ്. ഇതിൽ ഏറ്റവുമധികം വേദനിച്ച വ്യക്തി പി.കെ.കെ ബാവയായിരുന്നു. അതിൻെറ ഫലമായി പഞ്ചായത്തിൻെറയും, നാട്ടുകാരുടെയും കഠിന പ്രയത്നത്തിൻെറയും കൂട്ടായ്മയുടെയും അഭ്യർത്ഥന മാനിച്ച് ഈ 61/2 കിലോമീറ്റർ റോഡ് PWD ഏറ്റെടുക്കുകയും പതിമൂന്നു വർഷത്തിനുശേഷം വീണ്ടും പണി നടക്കുകയുമാണ് . ഈ സന്ദർഭത്തിൽ തന്നെ പുന്നയൂരിലെ എടക്കര - വെളിയംകോട് - എടക്കഴിയൂർ റോഡും നാട്ടുക്കാരുടെ സമർദ്ദഫലമായി PWD ഏറ്റെടുക്കുകയും പണി പൂർത്തിയാവുകയും ചെയ്തു. ഇവിടെയും പി.കെ.കെ ബാവ എന്ന പൊതുമരാമത്ത് മന്ത്രിയെ കൃതജ്ഞതയോടെ സ്മരിക്കാതിരിക്കാൻ കഴിയില്ല. എന്നാൽ ഈ റോഡ് പ്രാവർത്തികമാകണമെങ്കിൽ വളയം തോട്ടിലെ നിർദ്ദേശിക്കപ്പെട്ട പാലം പണിയേണ്ടതുണ്ട്. ഈ പാലത്തിൻെറ പണിക്കുള്ള സംഖ്യ ബജറ്റിൽ വകകൊള്ളിച്ചിരുന്നതായറിയുന്നു. അതുപോലെത്തന്നെ ഈ റോഡിൽ നിന്നും കുരഞ്ഞിയൂർ അമ്പലനടയിലേക്ക് ലിങ്ക് റോഡുണ്ടായെങ്കിൽ മാത്രമെ ഗുണപരമായ മാറ്റം ഇതുകൊണ്ടുണ്ടാവുകയുള്ളു. കുന്ദംകുളത്തേക്ക് 10 കിലോമീറ്റർ ദൂരം കുറക്കാനും പഞ്ചായത്തിലെ കിഴക്കും പടിഞ്ഞാറും ഭാഗത്തുള്ള പ്രദേശങ്ങളെ കൂട്ടിയിണക്കാനും സാധിക്കുകയുള്ളു.

പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ ആകെ റോഡ് 52.5 കിലോ മീറ്ററാണ്. പഞ്ചായത്തിൽ ടാറുചെയ്ത റോഡ് 20.5 കിലോമീറ്റാണ്. ടാർ ചെയ്യേണ്ട റോഡ് 4.3 കിലോ. മീറ്ററാണ്. പുതിയതായി വേണ്ട റോഡുകൾ 11.5 കിലോമീറ്ററാണ. വെട്ടിയ റോഡുകൾ തന്നെ മെറ്റൽ ചെയ്യേണ്ടത് 14 കിലോ മീറ്ററാണ്. പുതുപൊന്നാന്നി ചാവക്കാട് റോഡിലും,

എടക്കര കുഴിങ്ങര വടക്കേക്കാട് റോഡിലും ബസ്സ് സർവ്വീസുണ്ട്. എന്നാൽ പുഴിക്കള - തെക്കെപുന്നയൂർ - മല്ലാട് വഴി ചാവക്കാട്ടെക്കും, ഗുരുവായൂരിലേക്കും ബസ് സർവ്വീസ് അത്യന്താപേക്ഷികമാണ്. ഇഷ്ടമുള്ള റൂട്ട് അനുവദിച്ചുവാങ്ങാം എന്ന നിയമം വന്നപ്പോൾ ബസ്സുടമസ്ഥർ ഇത്തരം ഉൾ നാടൻ റൂട്ടുകളെ ശ്രദ്ധിക്കാതെയായി.

റോഡുശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ഗുരുതരമാണ്. പുതിയ റോഡുൾക്ക് ഫണ്ട് അനുവദിക്കുന്നതുപോലെ അറ്റകുറ്റപണികൾക്കും ഫണ്ട് യഥേഷ്ടം പഞ്ചായത്തുകൾക്ക് കിട്ടേണ്ടതുണ്ട്. വർഷക്കാലത്ത് മിക്ക റോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടെയും, കലുങ്കുകളുടെയുംഅഭാവവും പഴയ കാർണവന്മാർ ഭൂമിയുടെ ജലസംവിധാനത്തിന് യോജിച്ച രീതിയിൽ ഉണ്ടാക്കിയിരുന്ന തോടുകൾ തൂർത്തതിന്റെയും ഫലമായിട്ടാണ് വെള്ളം കെട്ടി നില്ക്കാനും റോഡുകൾ നാശമാവാനും കാരണമായത്. സമലതങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും മൺറോഡുകളായി മാറിയ ഇടവഴികൾ വർഷക്കാലത്ത് അധികമുള്ള വെള്ള ം താഴ്ന്ന പാടശേഖരങ്ങളിലേക്ക് ഒഴുകി പോപാവുന്നതിന് സഹായകമായിരുന്നു. മൺ റോഡുകളുടെ നിർമ്മാണ രീതി ഈ ഒഴുക്കിന് തടസ്സമായി. ഇത്തരം റോഡുകളിൽ നീർക്കെട്ടിന് ഇത് കാരണമായി. വർഷക്കാലത്ത് ഗതാഗതയോഗ്യമല്ലാതായി മാറുന്നു എന്നതാണ് ഇതിന്റെ ഫലം.

റോഡുകൾ വെട്ടുമ്പോൾ ധാരാളം തെങ്ങുകൾ മുറിക്കപ്പെടുന്നതാണ് റോഡു നിർമ്മാണങ്ങൾക്ക് പ്രധാന തടസ്സം. റോഡ് ശൃംഖലാവ്യാപനം നാടിന്റെ പുരോഗതിക്ക് ആക്കം കൂട്ടിയെങ്കിലും നിരവധി പരിതസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാവുന്നുണ്ടെന്ന് കരുതണം.

ലഭ്യമാവുന്ന ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്നത് റോഡുകൾക്കാണ്. ചുരുങ്ങിയത് പത്തടി വീതിയെങ്കിലുമുള്ള വഴികളെ റോഡുകൾ എന്ന് വിളിക്കാം. ഇവ മൂന്നു തരത്തിലുണ്ട് . ടാർ റോഡ്, മെറ്റൽ റോഡ്, മണൽറോഡ് എന്നിങ്ങനെ. ഇവയിൽ നിന്നും ശാഖാ റോഡുകളുമുണ്ട്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ പുന്നയൂർ പഞ്ചായത്തിൽ റോഡു വികസനം കാര്യമായി നടന്നിട്ടുണ്ട്. നിലവിലുള്ള മുക്കൽഭാഗം റോഡുകളും ഈ സമയത്തിനുള്ളിൽ ഉണ്ടായതാണ്. ഈ പഞ്ചായത്തിൽ മൊത്തം 68 റോഡുകളുണ്ട്. ഇവയുടെ കണക്ക് കൃത്യമായി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ റോഡുകളുടെ പട്ടിക താഴെ കൊടുത്തിട്ടുണ്ട്. ഇതിൽ 16 റോഡുകൾ ടാർ ചെയ്തതാണ. ഏകദേശം 20.5 കിലോമീറ്റർ റോഡുകൾ, 8.5 കിലോമീറ്റർ എൻ. എച്ച്. റോഡുമുണ്ട്. മെറ്റൽ ചെയ്ത റോഡുകൾ 7എണ്ണമുണ്ട്. ഏകദേശം 5 കീലോമീറ്ററോളം വരും. ചരലിട്ട റോഡുകൾ 23 എണ്ണമുണ്ട്. 15 കീലോമീറ്ററാളം വരും. മണ്ണ് റോഡുകൾ 24 എണ്ണമുണ്ട്. 14 കീലോമീറ്ററോളം വരും ഇതിന്റെ നീളം. PWD റോഡുകൾ നാലെണ്ണമുണ്ട്. ഇവക്ക് 17 കീലോമീറ്റർ നീളമുണ്ട്. മൊത്തം റോഡുകളുടെ 52.5 കീലോമീറ്ററാണ് ഈപഞ്ചായത്തിൽ. വീതി റോഡിന്റെ അത്യാവശ്യഘടകമാണ്. വീതി 8 മീറ്ററുണ്ടെങ്കിൽ മാത്രമേ JRY പോലുള്ള സ്ക്കീമുകൾ വഴി റോഡു പണിനടത്താൻ കഴിയുകയുള്ളു. വീതിയില്ലായ്മ പലപ്പോഴും ബുദ്ധിമുട്ടുണ്ടാക്കുന്നു.

## ഗ്രാമ സഭയിൽ നിന്നും വന്ന പ്രധാന നിർദ്ദേശങ്ങൾ

1) തെക്കെ മദ്രസ്സ റോഡു മുതൽ മനലാംകുന്ന് ബീച്ച് വരെ ബേബി ബീച്ച് റോഡ് ഒന്നു മുതൽ ഏഴുവരെ വാർഡുകൾക്ക് പ്രയോജനപ്പെടുന്നു.
2) നാലാംകല്ല് അവിയൂർ - കുരഞ്ഞിയൂർ റോഡ് .
3) വളയംതോട് - കുഞ്ഞിയൂർ അമ്പലനട റോഡ്.
4) മുക്കണ്ടത്ത് - പള്ളത്തേയിൽപടി ആട്ടുരയിൽ പടിറോഡ്.
5) മനലാംകുന്ന് നോർത്ത് ബീച്ച് റോഡ്.
6) AKM റോഡ്.
7) യാസീൻ പള്ളി - ബദർ പള്ളലിങ്ക് റോഡ്.
8) സീതിസാഹീബ് ഹൈസ്ക്കൂൾ റോഡ്.
9) കളത്തിൽപടി മനയത്ത്താഴം വളയംതോട് ലിങ്ക് റോഡ്.
10) പഞ്ചനംപ്പുള്ളി - ചാങ്ങാടം - പാന്തറ - കണ്ണംചിറ റോഡ്.
11) അഞ്ചാംകല്ല് ബീച്ച്റോഡ്.
12) സുഹറബ്രാഞ്ച് റോഡ്, താഹപള്ളി റോഡ്.

## പുന്നയൂർ ഗ്രാമ പഞ്ചായത്ത്
## 10.2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ.

| വാർഡ് നമ്പർ | ഹരിജൻ കോളണികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യു.ഉപ.എണ്ണം | പണം നൽകിവൈദ്യുതി കണ:ലഭിക്കുന്ന കുടും. എണ്ണം. |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 9 | കുരഞ്ഞിയൂർ ഹരിജൻ കോളണി | 11NOS | | |



## പുന്നയൂർ പഞ്ചായത്തിലെ ടാർചെയ്ത റോഡുകൾ

| | | നീളം | വീതി | വാർഡ് |
|---|---|---|---|---|
| 1. | ടി.എസ്സ്. റോഡ് Sf യാസ്സിൻ പള്ളി | 950M | 6M | 1 |
| 2. | പഞ്ചവടി റോഡ് | 1150M | 6M | 5 |
| 3. | കാദരിയ റോഡ് | 1410M | 6M | 6 |
| 4. | നാലാം കല്ല് ബീച്ച് റോഡ് | 900M | 6M | 4 |
| 5. | ടി. എസ്സ്. റോഡ് ടു ചക്കുഴം റോഡ് | 1000M | 6M | 8 |
| 6. | മല്ലാട് - തെക്കിനിയേടത്ത്പ്പടി പി.ഡബിയു.ഡി റോഡ് | 6080M | 8M | 9,10 |
| 7. | കുരഞ്ഞിയൂർ വൈലത്തൂർ റോഡ് | 225M | 8M | 9 |
| 8. | കുരഞ്ഞിയൂർ ചങ്ങാടം റോഡ് | 420M | 6M | 9 |
| 9. | എടക്കര ആലാപാലം റോഡ് | 650M | 8M | 9,11 |
| 10. | എം. കെ. കുഞ്ഞാതുസായ്‌വ് റോഡ് | 1000M | 6M | 6 |
| 11. | തെക്കിനിയേത്ത് പുഴിക്കള റോഡ് | 1400M | 6M | 10 |
| 12. | ഒറ്റയിനി ബീച്ച് റോഡ് | 770M | 5M | 3 |
| 13. | ടി.എസ്സ്. റോഡ് ബദർപള്ളി | 1000M | 5M | 2 |
| 14. | മഹാത്മഗാന്ധി റോഡ് പി. ഡബ്ലിയു.ഡി | 1150M | 5M | 7 |
| 15. | നായാടി കോളനി റോഡ് | 1000M | 5M | 3 |
| 16. | തെക്കിനിയേത്ത് പുഴിക്കളറോഡ് | 1000M | 6M | 10 |
| 17. | മുക്കണ്ടത്ത് താഴം ടൂ. എടക്കഴിയൂർ വെളിയംകോട് റോഡ് | 800M | 6M | 11 |
| 18. | കിറാമൻകുന്ന് റോഡ് | 800M | 6M | 8 |
| 19. | എൻ .എച്ച് ടിപ്പു സുൽത്താൻറോഡ് | 8500M | 20M | 1 to 8 |
| 20. | വെളിയംകോട് - എടക്കര പി. ഡബ്ലിയു. ഡി റോഡ് | 4000M | 8M | 11,12 |
| 21. | വടക്കെകാട് - മന്ദലാംകുന്ന് പി. ഡബ്ലിയു. ഡി. റോഡ് | 3000M | 8M | 10,11 |

## മെറ്റൽ ചെയ്ത റോഡുകൾ

| | | | | |
|---|---|---|---|---|
| 1. | ടി. എസ്സ് റോഡ് ടൂ മൂന്നയിനി | 1350M | 6M | 2 |
| 2. | മുക്കണ്ടത്ത് താഴം റോഡ് | 800M | 6M | 10 |
| 3. | കാജാ കമ്പനി ടൂ വളയം തോട് റോഡ് | 700M | 6M | 8 |
| 4. | മാലിൽ ബിൻ ദിനാർ റോഡ് | 1000M | 6M | 3 |
| 5. | മുഹയുസിൻ പള്ളി റോഡ് | 790M | 4.5 | 2 |
| 6. | അഞ്ഞൂർ അവിയൂർ റോഡ് | 450M | 8M | 9 |

## ചരൽ റോഡുകൾ

| | | | | |
|---|---|---|---|---|
| 1. | നാലാംകല്ല് ബ്രാഞ്ച് റോഡ് | 780M | 5M | 4 |
| 2. | യാസിൻ പള്ളി ടൂ കുന്നത്ത് റോഡ് | 160M | 4M | 7 |
| 3. | നാലാം കല്ല് | 780M | 5M | 3,4 |
| 4. | വളയം തോട് ടൂ കാജകമ്പനി | 700M | 6M | 8 |
| 5. | ആതം റോഡ് | 1000M | 8M | 8 |
| 6. | ആലത്തേരി ടു എടക്കര മിനിസെൻറർ റോഡ് | 1000M | 6M | 9,10,11 |
| 7. | കടാംമ്പുള്ളി റോഡ് | 554M | 5M | 10 |
| 8. | കാട്ടിലെ പള്ളി ടൂ ഒറ്റയിനി റോഡ് | 510M | 5M | 4 |
| 9. | എൻ. എച്ച്. ടൂ. താഹപള്ളി റോഡ് | 750M | 5M | 2 |

| | | നീളം | വീതി | വാർഡ് |
|---|---|---|---|---|
| 10. | ഒറ്റയിനി ടൂ ആക്കിപറമ്പ് | 300M | 5M | 3 |
| 11. | പുന്നയൂർ പള്ളി ടൂ പിലക്കാട്ട് പള്ളി | 360M | 4.5 | 10 |
| 12. | നാലാംകല്ല് നോർത്ത് ബീച്ച് | 720M | 4M | 4 |
| 13. | കോവുമ്മൽ ടൂ കഴിങ്ങര | 290M | 3M | 11 |
| 14. | മുഹസ്സിൻ പള്ളി ബ്രാഞ്ച് | 805M | 3.5 | 2 |
| 15. | കല്ലിങ്ങൽ താഴം | 950M | 3M | 8 |
| 16. | ഏ. പി. അബുബക്കർ റോഡ് | 900M | 4M | 4 |
| 17. | ആക്കി പറമ്പ് ടൂ എടക്കര | 310M | 5M | 11 |
| 18. | അവിയൂർ ടൂ കൈനാക്കൽ | 600M | 6M | 12 |
| 19. | യാസിം പള്ളി ടൂ ബദർപള്ളി | 600M | 4M | 1 |
| 20. | ചങ്ങഴം ഇട്ടെക്കാട്ട് സ്ക്കൂൾ | 1000M | 3M | 8 |
| 21. | കാജ കമ്പനി - എടക്കഴിയൂർ റോഡ് | 1220M | 4M | 7 |
| 22. | എൻ. എച്ച് ടൂ ബേബി ബീച്ച് | 145M | 4M | 7 |
| 23. | എൻ. എച്ച് ടൂ ബേബി ലിങ്ക് റോഡ് | 165M | 4M | 7 |
| 24. | മന്ദലാംകുന്ന് പുന്നയൂർക്കുളം | 55M | 4M | 1 |
| 25. | കാജ കമ്പനി - കുഞ്ഞാതുസയ്യിദ് ലിങ്ക് റോഡ് | 300M | 4M | 7 |
| 26. | കുഞ്ഞി തങ്ങൾ ബേബി ബീച്ച് റോഡ് | 400M | 4M | 5 |
| 27. | ആക്കിപറമ്പ് ടൂ എടക്കര | 310M | 5M | 11 |

## മണ്ണ് റോഡുകൾ

| | | | | |
|---|---|---|---|---|
| 1. | ടി. എസ്സ് റോഡ് - മന്ദലാംകുന്ന് | 1150 | 4M | 1 |
| 2. | വരിക്കപ്പുള്ളി റോഡ് | 279M | 4M | 10 |
| 3. | നാലാംകല്ല് പതിയേരിക്കാവ് റോഡ് | 390M | 3M | 4 |
| 4. | കടിക്കാട് റോഡ് | 510M | 5M | 10 |
| 5. | കുഞ്ഞിതങ്ങൾ റോഡ് | 400M | 4M | 5 |
| 6. | കുന്നത്ത് പള്ളി റോഡ് | 700M | 4M | 1 |
| 7. | കുഞ്ഞാതു സായ്വ് - കാദരിയ്യ റോഡ് | 300M | 6M | 6 |
| 8. | എടക്കഴിയൂർ ഹൈസ്ക്കൂൾ റോഡ് | 700M | 4 | 6 |
| 9. | കാദരിയ ലിങ്ക് റോഡ് | 250M | 4M | 6 |
| 10. | കുരഞ്ഞിയൂർ കോളനി റോഡ് | 160M | 3M | 9 |
| 11. | ജയലാനി പള്ളി റോഡ് | 750M | 4M | 5 |
| 12. | സുഹറാ ബ്രാഞ്ച് റോഡ് | 500M | 4 | 5 |
| 13. | പഞ്ഞനംപ്പുള്ളി - ചങ്ങാടം റോഡ് | 1000M | 4M | 9 |
| 14. | സുബ്രമണ്യൻകോവിൽ റോഡ് | 580M | 4M | 2 |
| 15. | പ്രിയദർശിനി റോഡ് | 1000M | 4M | 11 |
| 16. | അവിയൂർ - വളയം തോട് | 800M | 8M | 12 |

പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ

| | | |
|---|---|---|
| 1. | കുരഞ്ഞിയൂർ. | L.T |
| 2. | പുന്നയൂർ. | 110 KV Transformer |
| 3. | ആലത്തിൻക്കുഴി | " |
| 4. | കുഴിന്തറ. | " |
| 5. | എടക്കര. | " |
| 6. | അവിയൂർ. | " |
| 7. | എടക്കഴിയൂർ. | " |
| 8. | ചങ്ങാടം ഫെറി. | " |
| 9. | ചങ്ങാടം. | " |
| 10. | എടക്കഴിയൂർ (പഞ്ചവടി) | " |
| 11. | കിരാമൺകുന്ന്. | " |
| 12. | മൂന്നയിനി. | 60 K V |
| 13. | അകലാട് | do |
| 14. | മന്ദലാംകുന്ന്. | do |

## അനുബന്ധം - 10
## പുന്നയൂർ ഗ്രാമ പഞ്ചായത്ത്
## 10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ.

1. നിലവിലുള്ള ഉപഭോക്താക്കൾ.

a) ഗാർഹികം 1806
b) വ്യാപാരം 398
c) വ്യവസായികം 36
d) കാർഷികം 382.

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a) Ordinary 133
b) OTP 8
c) OYEC 20

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തിയ്യതി
OH - 10/95
WP - 5/96

3.സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം (85x 40 only)

a) ബൾബ് 25w....40w ........60w......100w......
b) ട്യൂബ് - 4No. 40w
c) മെർക്കുറി പേപ്പർ. Nil
d) സോഡിയം പേപ്പർ. Nil

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ : 1 കുരഞ്ഞിയൂർ ചങ്ങാടം റോഡിന്റെ വടക്കുഭാഗം.

5. തൻ വർഷത്തെ കണക്ഷൻ (96—97)

| | | |
|---|---|---|
| ഓർഡിനറി | 7 | 20 Nos |
| OTP | 1 | |
| OYEC | 20 | |
| INDC | 1 | |

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണംചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

1. കുരഞ്ഞിയൂർ 2. പുന്നയൂർ 3. ആലത്തിരക്കുഴി. 4. കുഴിഞ്ഞര. 5. എടക്കര. 6.അവിയൂർ. 7. എടക്കഴിയൂർ. 8. ചങ്ങാടം ഫെറി 9. ചങ്ങാടം. 10. എടക്കഴിയൂർ പഞ്ചവടി 11.കിരാമൺകുന്ദ് 12. മുന്നയിൽ. 13. അകലാട് 14. മന്ദലാംകുന്ന്

7. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടക്കുന്ന തുക. 1181/-

..... ഉണ്ടാകുന്ന വിഷമങ്ങൾക്ക് പുറമെ ജനപ്രതിനിധികൾക്കും സാമൂഹ്യപ്രവ ..... ..... കാണാൻ ബുദ്ധിമുട്ടുണ്ട്.

3. പഞ്ചായത്തിൽ 13 ഹരിജൻ കോളനികൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.

4. പഞ്ചായത്തിലെ റോഡുകൾക്ക് അനുഗുണ്യമായി സ്ട്രീറ്റ് ലൈറ്റുകളില്ല. കേവലം 89 എണ്ണം മാത്രമേ ഉള്ളൂ.

5. ..... കുടുംബങ്ങളിലെ സ്റ്റെപ്പ്അപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷം ചെയ്യുന്നു.

6. ..... കണക്ഷൻ കിട്ടാൻ താമസം വരുന്നു.

7. വോൾട്ടേജ് ക്ഷാമവും കറണ്ടുകട്ടും മൂലം ബുദ്ധിമുട്ടുന്നു.

8. കുറുഞ്ഞിയൂരിൽ സ്ഥാപിച്ച കപ്പാസിറ്റർ ഉപയോഗശൂന്യമായി കാലങ്ങളായി കിടക്കുന്നു.

9. മത്സ്യതൊഴിലാളികൾക്കായി സെർച്ച് ലൈറ്റ് സ്ഥാപിച്ചിട്ടില്ല.

1. കറന്റ് ചാർജ് അടക്കാൻ 10 കിലോമീറ്ററോളം പോകേണ്ടതുണ്ട്.

1. ആവശ്യത്ര ട്രാൻസ്ഫോർമറുകളില്ല.

1. പവർ സ്റ്റേഷന്റെ കുറവും പ്രശ്നമാണ്.

..... മരക്കൊമ്പുകൾ, ചില്ലകൾ എന്നിവ സമയാസമയങ്ങളിൽ വെട്ടിമാറ്റുന്നില്ല.

## നിർദ്ദേശങ്ങൾ

1. വൈദ്യുതി ഓഫീസുകളിലെ രജിസ്റ്ററിൽ ഉള്ളതിനേക്കാൾ എത്രയോ അധികമാണ് യഥാർത്ഥ വൈദ്യുതി ഉപയോഗം. സമ്പന്ന കുടുംബങ്ങളിൽ സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നതുകൊണ്ട് മറ്റുള്ളവർക്ക് വോൾട്ടേജ് ക്ഷാമത്തിന്റെ കുറവ് ഇരട്ടിയാകുന്നു. ഈ പ്രദേശത്ത് ഇത് കുനിൻമേൽ കുരു എന്ന പോലെയാണ്. മരക്കൊമ്പുകളിലും ചില്ലകളിലും തട്ടിയും വൈദ്യുതി പ്രേഷണവിതരണരംഗങ്ങളിൽ തകരാറുവരുന്നു. മറ്റു ലൈനുകളിൽ തട്ടിയും തടസ്സങ്ങൾ ഉണ്ടാകുന്നതും സ്ഥിരം സംഭവങ്ങളാണ്. മാത്രമല്ല മാനം കറുത്താൽ സപ്ലൈ ഇല്ലാതാകുന്ന പതിവും ഇവിടെ സർവ്വ സാധാരണമാണ്. ഈ അവസ്ഥക്ക് മാറ്റം വരണമെങ്കിൽ പഞ്ചായത്തിൽ ഇവ കൈകാര്യം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകണം.
2. പഞ്ചായത്തിൽ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ഏകദേശം 10 കിലോമീറ്റർ 3 ഫേസ്ലൈനുകളും 20 കിലോമീറ്റർ സിംഗിൾ ഫേസ്ലൈനുകളും വലിയ്ക്കേണ്ടതുണ്ട്.
3. മിക്ക ഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി നീണ്ട പട്ടികകൾ തന്നിട്ടുണ്ട്. എന്നാൽ ഇതിനുള്ള ഫണ്ട് വളരെയധികം കൂട്ടേതുണ്ട്. സോഡിയം പേപ്പർ ലാമ്പുകൾ തീരെയില്ലാത്തതും ശ്രദ്ധിക്കേണ്ട കാര്യമാണ്. സ്ട്രീറ്റ് ലൈറ്റുകൾ പ്രധാനറോഡുകളിൽ മുൻഗണനാടിസ്ഥാനത്തിൽ മുഴുവനായും സ്ഥാപിക്കണം.
4. മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന 1 മുതൽ 7 വരെ വാർഡുകളിൽ സർച്ച് ലൈറ്റുകൾ സ്ഥാപിക്കണം.
5. എന്താവശ്യത്തിനും കൈക്കൂലി കൊടുക്കേണ്ട ഗതികേടാണ്. എന്നാൽ ആത്മാർത്ഥത തീരെയില്ലെന്നും ഗ്രാമസഭകളിൽ കേട്ട മുഖ്യപരാതിയാണ്. ഇത് പരിഹരിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനക്ക് വിധേയമാക്കാനും പഞ്ചായത്തിന് വൈദ്യുതി മേഖലയുടെ നിയന്ത്രണം ഉണ്ടാവണമെന്നും നിർദ്ദേശിക്കുന്നു.
6. പഞ്ചായത്തിലെ മുഴുവൻ ഉപഭോക്താക്കളെയും ഒരാഫീസിന് കീഴിൽ കൊണ്ടുവരണം. കറന്റ് ചാർജ് അടക്കാൻ പഞ്ചായത്തിൽ തന്നെ സൗകര്യമുണ്ടാകണം.
7. പഞ്ചായത്തിലെ മുഴുവൻ ഹരിജൻ കോളനികളും വൈദ്യുതീകരിക്കണം. സൗജന്യ വയറിങ്ങ് നടത്തിയ ഹരിജനങ്ങൾക്ക് കണക്ഷൻ കിട്ടുവാനുള്ള സൗകര്യം വേണം. എല്ലാ ഹരിജൻ കുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കണം.
8. മത്സ്യതൊഴിലാളികൾക്ക് സൗജന്യ വൈദ്യുതി കിട്ടുവാനുള്ള സൗകര്യം ഉണ്ടാക്കണം.
9. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ 110 കെ. വി. സബ് സ്റ്റേഷൻ പഞ്ചായത്തിൽ സ്ഥാപിക്കണം. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കണം.
10. തിരമാല ഉപയോഗിച്ചും, കാറ്റിൽ നിന്നുമുള്ള വൈദ്യുതി ഉൽപാദക യൂണിറ്റ് ഉണ്ടാകണം.
11. താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

വാർഡ് 1 - മന്ദലാംകുന്ന് ബീച്ചിൽ

വാർഡ് 2 - മൊയ്തീൻ പള്ളി, ബദർപള്ളി ബീച്ച്.

വാർഡ് 3 - എം. ഐ. സി. ബീച്ച് പരിസരം

വാർഡ് 4 - കാട്ടിലപള്ളി പരിസരം

വാർഡ് 5 - 1. നാലാംകല്ല് പടിഞ്ഞാറുഭാഗം. 2. പഞ്ചവടി ക്ഷേത്രപരിസരം.

വാർഡ് 6 - കാദ്രിയ റോഡിൽ

13) തെക്കെപുന്നയൂർ - കാടംമ്പുള്ളി റോഡ്

എന്നിവയാണ് ഉടനടി വേണ്ട പ്രധാനറോഡുകൾ. മൊത്തം 50 കീലോമീറ്റർ റോഡുകൾക്കാണ് ഗ്രാമസഭയിൽ നിരദ്ദേശം വന്നത്. ഇതിൽ മുൻഗണനപ്രവർത്തനത്തിനുള്ള ലിസ്റ്റാണിത്.

മറ്റുനിർദ്ദേശങ്ങൾ:-

1) നാഷണൽ ഹൈവേയിൽ കൂടി ട്രാൻസ്പോർട്ട് ബസ്സുകൾ ധാരാളം വേണം.
   തിരുവനന്തപുരം - കോഴിക്കോട് - കാസർകോട്
   എറണാകുളം - കോഴിക്കോട്.
   ആലപ്പുഴ - കണ്ണൂർ എന്നീ റൂട്ടുകൾ ഗുരുവായൂർ വഴി പുതുപൊന്നാനിയിലേക്ക് നീട്ടണം.
2) എടക്കഴിയൂർ പാലം ഗതാഗതയോഗ്യമാക്കി പണിയണം.
3) കോവുമ്മത്തറകാവിൽ നടപാലം വേണം.
4) ജലഗതാഗതം പുന:രാരഭിക്കണം. ബോട്ട്സർവ്വിസ്സ് വേണം.
5) കാസ്സർകോട് - കന്യാകുമാരി ഗേശീയ ജലപാത എത്രയും വേഗം പ്രാവർത്തിമാക്കണം.
6) മല്ലാട് - തെക്കിനിയേടത്ത് - പുഴിക്കളറൂട്ടിൽ ബസ്സ് സർവീസ്സ് ആരംഭിക്കണം.

മുൻഗണന പ്രകാരം കൊടുത്തറോഡുകൾക്ക് പുറമേ ഈ പഞ്ചായത്തിൽ വരുന്ന ഒമ്പതാം പദ്ധതി പ്രകാരം 15 കീലോമീറ്റർ റോഡ് വേണ്ടതുണ്ട്.

## ഊർജ്ജം

1972 ആഗസറ്റുമാസത്തിലെ സായംസന്ധ്യയിൽ കുരഞ്ഞിയൂർ - എടക്കഴിയൂർ ഭാഗത്തെ വീടുകിൽ ബൾബുകൾ പ്രകാശിച്ചതോടുകൂടിയാണ് പുന്നയൂർ പഞ്ചായത്തിൽ ആധുനികപുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി കടന്നുവന്നത്. നീണ്ട 24 വർഷം കഴിഞ്ഞെങ്കിലും പഞ്ചായത്തിൻെറ ചില ഉൾഭാഗങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. എങ്കിലും ചെറിയൊരു ന്യൂനത മാറ്റി നിർത്തിയാൽ പഞ്ചായത്തിലെ എല്ലാ പ്രധാനഭാഗങ്ങളിലും (പ്രധാന റോഡുകൾ) വൈദ്യുതി എത്തി എന്നത് അഭിമാനകരമാണ്. പഞ്ചായത്തിൻെറ ഭൂപ്രദേശത്ത് ഒരു ഇല : മേജർ സെക്ഷന് വേണ്ടതിലേറെ 5500ലേറെ ഉപഭോക്താക്കളുണ്ടായിട്ടും വൈദ്യുതി ബോർഡിൻെറ ഓഫീസുകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. ചാവക്കാട് മേജർ സെക്ഷനിലും, ബീച്ച് സെക്ഷനിലും, പുന്നയൂർക്കുളം സെക്ഷനിലുമായിട്ടാണ് വൈദ്യുതി വിതരണം നടക്കുന്നത്. ഇതിൽ പുന്നയൂർക്കുളം, ഗുരുവായൂർ സർക്കിളുകൾ പെടുന്നു. 3 സെക്ഷനിലുകളിലായി 5000ത്തിലധികം ഉപഭോക്താക്കൾ ഉണ്ടായിട്ടും കറൻറ് ചാർജ് അടക്കുവാൻ 10 കിലോമീറ്ററോളം സഞ്ചരിക്കേണ്ടതുണ്ട്. ആകെ ഉള്ളതിൽ 82%വും ഗാർഹിക ഉപഭോഗത്തിനാണ്. കാർഷികമായി 7%വും വ്യവസായികമായി 2%വും വ്യാപാര ഉപഭോക്താക്കൾ 6%വുമാണ്. കെ. എസ്. ഇ. ബി. കണക്കുകൾ ഇവ വ്യക്തമാക്കുന്നു. അധികൃതരുടെ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ നിലവിലുള്ള 20 ട്രാൻസ്ഫോർമറുകളും അധികം ഭാരം വഹിക്കുന്നവയാണ്. അതുകൊണ്ടുതന്നെ ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെക്കുറിച്ച് പരാതിയുള്ളവരാണ്. മിക്ക ഗ്രാമസഭകളിലും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിൻെറയും കറൻറ് കട്ടിനെ കുറിച്ചുമായിരുന്ന മുഖ്യപരാതി. പുതിയ ട്രാൻസ്ഫോർമർ വേണമെന്നും ഒരു പവർ സ്റ്റേഷൻ ആരംഭിക്കണമെന്നും കാര്യമായിത്തന്നെ അഭിപ്രായമുണ്ടായി. നിലവിലുള്ള മീറ്ററുകളിൽ 50% പോലും പ്രവർത്തിക്കാത്തതാണെന്ന് അധികൃതർ പറയുന്നുണ്ട്. ഉയർന്ന ജീവിത നിലവാരം നയിക്കുന്ന നല്ലൊരു ശതമാനം ഈ പഞ്ചായത്തിലുണ്ട്. വിദേശത്തുനിന്നുള്ള വരുമാനം കൂടുതലുള്ളതുകൊണ്ട് ആധുനിക സൗകര്യങ്ങൾ വളരെയുള്ള വീടുകൾ ധാരാളമാണ്. ഇതുകൊണ്ടുതന്നെ ഗാർഹികാവശ്യത്തിനുള്ള സപ്ലൈയുടെ അളവ് കൂടുതലാണ്. എന്നാൽ അതിനുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. 25 കിലോമീറ്റർ കെ. വി. ലൈനുകളും 150 കിലോമീറ്റർ 3.ഫേസ് ലൈനുകളും 75 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകളുമുണ്ട്. പഞ്ചായത്തിൽ 85 സ്ട്രീറ്റ് ലൈറ്റുകളും 4 ട്യൂബ് ലൈറ്റുകളും മാത്രമേ ഉള്ളൂ. ഈ വകയിൽ 1181 രൂപ ചാർജായി പഞ്ചായത്ത് കൊടുക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഒരു വാർഡിലും മുഴുവൻ സ്ഥലത്തും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി ബോർഡിൻെറ പല ഓഫീസുകളുടെ പരിതിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ ഉപഭോ

വാർഡ് 7 - 1. ഫിഷറീസ് കോളനി പരിസരം 2. മഹാത്മാഗാന്ധി റോഡ് തെക്കെ മദ്രസ്സ പരിസരം

വാർഡ് 8 - കിരാമൻകുന്ന് പള്ളി പരിസരം

വാർഡ് 9 - 1. ചങ്ങാടം റോഡിൽ, 2. ആലാപാലത്തിന് സമീപം

വാർഡ് 10 - 1. തെക്കെ പുന്നയൂർ, 2. പള്ളത്തെയിൽ പരിസരം

വാർഡ് 11 - മിനി സെൻറർ പരിസരം

വാർഡ് 12 - അവിയൂർ സ്ക്കൂൾ പരിസരം

ഈ 16 ട്രാൻസ്ഫോർമറുകൾ എത്രയും വേഗം സ്ഥാപിക്കേണ്ടത് ഈ പ്രദേശത്തെ വൈദ്യുതി പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിലെ മിക്ക വീടുകളിലും വിറകാണ് ഉപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്സ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ 15% വരും. പുകയില്ലാത്ത അടുപ്പുകളുടെയും സോളാർ വിളക്കുകളുടെയും ഉപയോഗത്തെപ്പറ്റി കാര്യമായി ഈ നാട്ടുകാർക്കറിയില്ല. പഞ്ചായത്ത് തലത്തിൽ ഇതിനും ബോധവൽക്കരണം നടത്തണം. ഗോബർ ഗ്യാസിനെക്കുറിച്ചും സെമിനാർ ആവശ്യമാണ്. വൈദ്യുതിയുടെ ഉപയോഗം ,നിയന്ത്രണം എന്നിവയെക്കുറിച്ചും കറൻറ് ആവശ്യത്തിനുപയോഗിക്കുന്നതിനെക്കുറിച്ചും വൈദ്യുതി വകുപ്പിൻെറ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ വേണം.

## മാർക്കറ്റ്

പുന്നയൂർ പഞ്ചായത്തിൽ സുലഭമായി വിപണനം നടത്തുകയും പുറം ദേശങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്യുന്ന ഇത്തിൾ, നാളികേരം, കശുവണ്ടി, ചകിരി, ഓല, രാമച്ചം എന്നീ പ്രകൃതി വിഭവങ്ങളും കാർഷികവിഭവങ്ങളും എന്നിവ ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണ ചന്ത സംസ്ക്കാരം ഉണ്ടാക്കാൻ ശ്രദ്ധിക്കണം. മുള സാധനങ്ങളും മറ്റു നടീൽ വസ്തുക്കളും മുമ്പ് ചാവക്കാട് ചന്തയിൽ (കുട്ടുങ്ങൽ) കൊണ്ടു പോയിട്ടാണ് വിറ്റിരുന്നത്. ചൂല്, കയറ് മുതലായവയും ഇങ്ങനെ കൊണ്ടുപോയി വിറ്റ് ഉപജീവനം നടത്തിയിരുന്നവർ ഇന്നാട്ടിൽ ധാരാളമായിരുന്നു.

ഇവിടെ സമൃദ്ധമായ നാളികേരത്തിന് തന്നെ ഒരു പൊതുവിപണിയോ സഹകരണവിപണിയോ ഇല്ല. മാത്രമല്ല സ്വകാര്യവിപണിക്കാർ ചെറിയ സൗകര്യം മാത്രമുള്ളവരാണ്. ആഴ്ച ചന്ത ഇവിടെ ഇല്ല. നാളികേരത്തിന് മാർക്കറ്റ് വേണം. ത്സ്യമാർക്കറ്റും ഇവിയെയില്ല. റോഡരികിലും, പൊതുസ്ഥലത്തുമാണ് വിപണനം നടത്തുന്നത്. ഇവിടെ മത്സ്യമാർക്കറ്റ് വേണം.

രാമച്ചത്തിനും, ഇത്തിൾ, കശുവണ്ടി, മുള സാമഗ്രികൾ എന്നിവക്കും ഒരു പൊതു വിപണി അത്യാവശ്യമാണ്. സഹകരണമേഖലയിൽ ഒരു പൊതുമാർക്കറ്റ് തുടങ്ങണം. നെല്ല് സംഭരണത്തിനും പൊതു മാർക്കറ്റിങ്ങ് സമ്പ്രദായം വേണം. ഇവിടെ വിവിധ മാർക്കറ്റുകൾ സ്ഥാപിച്ച് വിപണന സൗകര്യം വർദ്ധിപ്പിക്കുകയാണെങ്കിൽ കച്ചവട സംസ്ക്കാരം ഉടലെടുക്കുകയും പഞ്ചയാത്തിലെ ജനജീവിതത്തിൽ കാതലായ മാറ്റം ഉണ്ടാക്കാൻ സാധിക്കുകയും ചെയ്യും. പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.

# കുടിവെള്ളം, പൊതുജനാരോഗ്യം

അറബിക്കടലുമായി തൊട്ടുകിടക്കുന്ന ഏഴുവാർഡുകളും കനോലികനാലിന് ചുറ്റുമായി അഞ്ചുവാർഡുകളും കൂടിയതാണ് പുന്നയൂർ പഞ്ചായത്ത്. സമൃദ്ധമായി വെള്ളം ലഭിക്കുന്ന പുന്നയൂർ മണൽപ്പുറം കടലിലെ ഉപ്പുവെള്ള ഭീഷണിക്ക് പ്രകൃതി നൽകിയ വരദാനമാണ്. എന്നാൽ കിഴക്കൻ മേഖലകളിൽ കളിമൺ പ്രദേശത്ത് ശുദ്ധജലം സുലഭമായി ലഭിക്കുന്നു. വളരെ കാലങ്ങളായി മാറി മാറി വരുന്ന സർക്കാരുകളുടെ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടാകാത്തതിൻെറ ഫലമായി ചേറ്റുവ, വെളിയംകോട് ഷട്ടറുകൾ ഉപയോഗശൂന്യമായതിനാൽ ഉപ്പുവെള്ളം കയറി കനോലി കനാലിനെ ഉപയോഗശൂന്യമാക്കിയതിൻെറ ഫലമായി കനാലിൻെറ ഇരുകരകളിലും ശുദ്ധജലം ലഭ്യമല്ലാതായി. ഈ പഞ്ചായത്തിലെ മദ്ധ്യഭാഗത്തു കൂടി കടന്നുപോകുന്ന കനോലികനാൽ കുടിവെള്ള ഭീഷണി മുഴക്കിക്കൊണ്ട് ഒഴുകാൻ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. ബന്ധപ്പെട്ടവരുടെ അനാസ്ഥ കുടിവെള്ളപ്രശ്നം ഗുരുതരമാക്കിയിരിക്കയാണ്. ഇതിനൊരു ശാശ്വതപരിഹാരമുണ്ടാവണമെങ്കിൽ തൃശൂർ, മലപ്പുറം ജില്ലകളിലായി കിടക്കുന്ന ചേറ്റുവ, വെളിയംകോട് ഷട്ടറുകൾ പുതുക്കിപ്പണിയുക മാത്രമാണ് ഏക പോംവഴി.

പാവർട്ടി പദ്ധതി എന്ന പേരിൽ ശുദ്ധജല വിതരണത്തിനായി ഒരു പ്രവർത്തക സമിതി തന്നെ നിലവിലുണ്ടെങ്കിലും പ്രവർത്തനം യാതൊന്നും നടന്നിട്ടില്ല. ഈ അടുത്ത കാലത്തായി കുറേയേറെ പൈപ്പുകൾ പഞ്ചായത്തിലെ വിവിധ റോഡുസൈഡുകളിൽ മൂടിയിട്ടു എന്നല്ലാതെ കാര്യമായ തുടർ നടപടികളൊന്നും പിന്നീടുണ്ടായിട്ടില്ല. ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം ഒരു ജനതയുടെ ആരോഗ്യത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്.

പഞ്ചായത്തിലെ 80% ജനങ്ങളും കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. പ്രകൃതി കനിഞ്ഞരുളിയ കടൽപ്പുറത്ത് പൈപ്പുതാഴ്ത്തി ചാംമ്പ് പൈപ്പ് വഴി ശുദ്ധജലം യഥേഷ്ടം ഉപയോഗിക്കുന്നു. രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന 10% പ്രദേശങ്ങൾ പഞ്ചായത്ത് വിസ്തൃതിയിലുണ്ട്. പഞ്ചായത്തിൻെറ പടിഞ്ഞാറൻ ഭാഗങ്ങളിൽ ചാംമ്പ് പൈപ്പുകൾ വൻവിജയമാണെങ്കിലും കിഴക്കൻ ഭാഗങ്ങളിൽ ഈ പരീക്ഷണം അത്ര തന്നെ വിജയിക്കുന്നില്ല. പഞ്ചായത്തിലെ ജനസംഖ്യയുടെ 25% തീവ്രമായ ശുദ്ധജലക്ഷാമം അനുഭവിക്കുന്നു. ബാക്കിയുള്ളതിൽ 50% ത്തോളം ഉപയോഗിക്കുന്ന കടൽത്തീരത്തെ പൈപ്പുകളിൽനിന്നുകിട്ടുന്ന ശുദ്ധജലം യഥാർത്ഥത്തിൽ അമ്ലരസം കൂടുതലുള്ളതാണ്. നിത്യ ഉപയോഗം കൊണ്ട് ഈ ഉപ്പിൻെറ രുചി ജനങ്ങൾ വിസ്മരിക്കുകയാണ്.

പുന്നയൂർ പഞ്ചായത്തിലെ എല്ലാ വീടുകൾക്കും സ്വന്തമായി കുളമുണ്ടായിരുന്നു. കുളത്തിലെ കുളി ആരോഗ്യപരിപാലനത്തിന് പ്രകൃതി വിധിച്ചിട്ടുള്ള ചികിത്സാരീതിയിലൊന്നാണ്. എന്നാൽ പടിഞ്ഞാറൻ ഭാഗങ്ങളിൽ കുടിവെള്ളത്തിന് കുളങ്ങളെ ആശ്രയിച്ചിരുന്നു.

കുടിവെള്ളപ്രശ്നം രൂക്ഷമായ പ്രദേശങ്ങൾ ഗ്രാമസഭ ചർച്ചവഴി കിട്ടിയ പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെ വിവരിക്കുന്നു.

## പ്രശ്നങ്ങൾ

**വാർഡ് I**

വാർഡിലെ കനോലികനാലിൻെറ പടിഞ്ഞാറുവശത്ത് താമസിക്കുന്ന വീട്ടുകാർക്ക് ശുദ്ധജലം ലഭ്യമല്ല.

**വാർഡ് II**

കനോലികനാലിൻെറ പടിഞ്ഞാറുഭാഗത്തുള്ള ഏതാനും വീട്ടുകാർക്ക് കുടിവെള്ള പ്രശ്നമുണ്ട്.

**വാർഡ് III**

ശുദ്ധജലം സുലഭമാണ്. അത് ഉപയോഗിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ഈ വാർഡിൻെറ കിഴക്കുഭാഗത്ത് കനോലികനാലിൽ നിന്ന് ഉപ്പുവെള്ളം കയറുന്നു. കോളനി നിവാസികൾ ശുദ്ധജലം കിട്ടാതെ ബുദ്ധിമുട്ടുന്നു.

വാർഡ് IV

വാർഡിൻെറ കിഴക്കുഭാഗത്ത് കനോലികനാലിൻെറ തീരത്ത് കുടിവെള്ള പ്രശ്നം രൂക്ഷമാണ്. V, VI വാർഡുകൾ കനോലി തീരവുമായി ബന്ധമുള്ള ഭാഗങ്ങൾ വളരെ ദൂരം സഞ്ചരിച്ച് വെള്ളം കെട്ടികൊണ്ടുവരുന്നു,

വാർഡ് VII

ഈ വാർഡിൽ പൂർണ്ണമായും ശുദ്ധജലം ലഭ്യമല്ല.

വാർഡ് VIII

കനോലികനാലിൻെറ തീരപ്രദേശങ്ങൾ കൂടുതലുള്ള ഈ വാർഡിൻെറ കിഴക്കൻ ഭാഗങ്ങളിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്. വഞ്ചികളിലും, തോണികളിലും കുടങ്ങളുമായി വളരെ ദൂരം സഞ്ചരിച്ചാണ് ശുദ്ധജലം കൊണ്ടുവരുന്നത്. ഇവിടത്തെ വെള്ളം കട്ടിയേറിയതും സോപ്പ് പതയാത്തതുമാണ്. ഇവിടങ്ങളിൽ കിട്ടുന്ന വെള്ളം കുറച്ചുനേരം വെച്ചുകഴിഞ്ഞാൽ ഓരുകൊണ്ടുള്ള ഊറലുണ്ടാവുന്നു.

വാർഡ് IX

കനോലികനാലിൻെറ ഭാഗമായ കുരഞ്ഞിയൂർ ചങ്ങാടത്തിന് തെക്കും, വടക്കും ഭാഗങ്ങളിലും തച്ചനിടവഴി തോടിന് ഇരുവശത്ത് താമസിക്കുന്നവർക്കും, അമ്പലനടയിലെ പടിഞ്ഞാറൻ ഏരികളിലും, മച്ചിങ്ങൽകോളനി 'പ്രദേശത്തും, തെക്കേ പുന്നയൂരും, കുട്ടാടൻ പാടത്തിൻെറ തീരങ്ങളിലും ശുദ്ധജലക്ഷാമമനുഭവപ്പെടുന്നു.

വാർഡ് X

ഈ വാർഡിൽ കാര്യമായ ഉപ്പുവെള്ള ഭീക്ഷണിയില്ല. എന്നാൽ ശുദ്ധജലം ലഭിക്കുന്ന കിണറുകൾ വേനൽക്കാലങ്ങളിൽ വറ്റിപ്പോകുന്നത് ഒരു പ്രശ്നമാണ്.

വാർഡ് XI

കനോലികനാലിൻെറ കിഴക്കൻ തീരപ്രദേശമായ ഈ വാർഡിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്. എടക്കര പള്ളിക്ക് കിഴക്കുവശം താമസിക്കുന്നവർക്കും കൂടി പ്രശ്നമുണ്ട്.

വാർഡ് XII

പടിഞ്ഞാറും തെക്കും കനോലികനാലും, കിഴക്ക് കുട്ടാടൻ നിലവും അതിരിട്ടുള്ള ഈ വാർഡിൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഉപ്പുവെള്ള ഭീഷണിയാണ് മുഖ്യപ്രശ്നം.

നിർദ്ദേശങ്ങൾ

ചേറ്റുവ, വെളിയം കോട് ചീർപ്പ് പുതുക്കിപ്പണിതാൽ പൂർണ്ണമായും ഈ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാം. ഈ പഞ്ചായത്തിലെ കണ്ണൻചിറ ബണ്ട് കെട്ടിസംരക്ഷിച്ചാൽ കുറെയേറെ ബുദ്ധിമുട്ടുകളൊഴിവാക്കാം. ഈ പഞ്ചായത്തിൽ നിരത്തിയിട്ടുള്ള പൈപ്പുകൾ പ്രാവർത്തീകമാകണമെങ്കിൽ ടേപ്പുകൾ സ്ഥാപിക്കുകയും Tank കെട്ടി ശുദ്ധജലമെത്തിച്ച് വിതരണം ചെയ്യുവാനുമുള്ള സൗകര്യമുണ്ടാക്കണം. വാർഡ് അടിസ്ഥാനത്തിൽ ശുദ്ധജലം സുലഭമായി ലഭ്യമാവുന്ന പ്രദേശത്ത് കിണറുകൾ താഴ്ത്തി മോട്ടോർ വെച്ച് പൈപ്പ് ലയിൻ വഴി ശുദ്ധജലം വിതരണംചെയ്യുന്ന ചെറിയ ചെറിയ പദ്ധതികൾക്ക് രൂപം നൽകണം.

കിഴക്കൻ മേഖലകളിൽ സൗജന്യമായി കിണറുകളും, പടിഞ്ഞാറൻ ഭാഗങ്ങളിൽ ചാംമ്പ് പൈപ്പുകവും സൗജന്യമായി കുത്തികൊടുക്കാനുള്ള സംവിധാനമുണ്ടാവണം. വേനൽക്കാലങ്ങളിൽ പഞ്ചായത്തടിസ്ഥാനത്തിൽ കുടിവെള്ള പ്രശ്നമുള്ള പ്രദേശങ്ങളിൽ വണ്ടിയിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള സംവിധാനമുണ്ടാവണം. പാവർട്ടി സ്കീം പ്രാവർത്തീകമാക്കണം.

## ആരോഗ്യം

ജനകീയാസൂത്രണം പ്രചാരത്തിൽ വരുന്നതിന്നു മുമ്പ് തികച്ചും ജനകീയമായിത്തന്നെ വിദേശമലയാളികളുടേയും തദ്ദേശീയരുടേയും ആത്മാർത്ഥസഹകരണഫലമായി 35 ലക്ഷം രൂപയോളം ചെലവുവരുന്ന പുന്നയൂർ പഞ്ചായത്ത് Primary health centre ന് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്ന ശ്രമകരമായ ജനകീയ നവോത്ഥാനത്തിൻെറ ശംഖൊലി മുഴക്കാൻ പുന്നയൂർ പഞ്ചായത്തിന്ന് കഴിഞ്ഞു എന്നത് ആരോഗ്യരംഗത്ത് ഈ പഞ്ചായത്തിൻെറ എടുത്തു പറയത്തക്ക നേട്ടമാണ്. ..............................ൽ Primary Health centre സ്ഥാപിക്കുന്നതുവരെ ചാവക്കാട്, കുന്ദംകുളം, വടക്കേക്കാട് സർക്കാർ ആശുപത്രികളെയാണ് ആശ്രയിച്ചിരുന്നത്. ആതുരസേവനത്തിന് സേവനരംഗത്ത് പാരമ്പര്യവൈദ്യകുടുംബങ്ങളുടെ, നാട്ടുവൈദ്യസമ്പ്രദായമാണ് ഇവിടെ നിലനിന്നിരുന്നത്. ആധുനിക ചികിത്സാ സ്ഥാപനങ്ങളോ, ഡോക്ടർമാരോ, മറ്റു വൈദ്യ സൗകര്യങ്ങളൊ ഒന്നും തന്നെ ഈ പഞ്ചായത്തിലുണ്ടായിരുന്നില്ല. അന്ധവിശ്വാസങ്ങളുടെയും, അനാചാരങ്ങളുടെയും

കൂത്തരങ്ങായിരുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് ഗർഭസ്ഥ മരണത്തിൻെറ എണ്ണം വളരെ അധികമായിരുന്നു. പത്തു കിലോമീറ്ററോളം നടന്നുവേണം ആശുപത്രികളിലെത്താൻ. ആധുനികശാസ്ത്രവും, ഗതാഗതസൗകര്യങ്ങളും വർദ്ധിച്ച ഈ കാലത്ത് വൈദ്യരംഗത്തുണ്ടായ പുരോഗതി വളരെ വലുതാണ്. ഈ പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ മാത്രമെ പ്രവർത്തിക്കുന്നുള്ളു എങ്കിലും സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരുടെ സേവനം വിവിധ ഭാഗങ്ങളിൽ ലഭിക്കുന്നു. വാഹന സൗകര്യത്തിൻെറ പുരോഗതി ചാവക്കാട്, കുന്ദംകുളം, തൃശ്ശൂർ മുതലായ സ്ഥലങ്ങളുടെ സേവനം ലഭ്യമാക്കാൻ വളരെയേറെ സഹായിക്കുന്നു.

പഞ്ചായത്തിൻെറ പടിഞ്ഞാറൻ ഭാഗത്ത് സ്ഥിതിചെയ്യുന്ന Primary health centre കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നിലനിന്നുപോരുന്ന അടിസ്ഥാനസൗകര്യക്കുറവുകളുടെ ന്യൂനതകളുള്ള ഒരാരോഗ്യശൃംഖല തന്നെയാണ്. കിഴക്കൻ ഭാഗത്തുള്ള ജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കാത്ത Primary health centre ൻെറ Sub centre അത്യന്താപേക്ഷിതമാണ്. മന്ദലാംകുന്ന് പ്രവർത്തിക്കുന്ന Sub centre തീരാദുരിതത്തിലുമാണ്. ആയുർവ്വേദ വൈദ്യന്മാരുടെ നീണ്ട പ്രവർത്തനമേഖല ഈ പഞ്ചായത്തിൻെറ ആരോഗ്യരംഗത്ത് കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പരസ്യ വിപണിയിലൂടെ ആയുർവ്വേദ മരുന്നുകളുടെ പ്രചാരം ഈ പഞ്ചായത്തിലും കാര്യമായി ബാധിച്ചിട്ടുണ്ട്. ധാരാളം ആയുർവ്വേദ മരുന്നുകടകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വിഷചികിത്സാ രംഗത്ത് കുടുംബങ്ങൾ ഇന്ന് ഈ പഞ്ചായത്തിൽ അന്യം നിന്നു പോയിരിക്കുന്നു. പല കുറും കൗശലങ്ങളും അറിയാമായിരുന്ന പൂർവ്വീകന്മാർ പുതിയ തലമുറയിലേക്ക് അറിവു പകരാത്തതിൻെറ ഫലമായി നാമാവിശേഷമായി. ഉദാഹരണത്തിന് മഞ്ഞപ്പിത്ത രോഗത്തിനുള്ള മരുന്ന്. എന്നിരുന്നാലും ആധുനീക വൈദ്യശാസ്ത്രത്തിൻെറ മഹത്തായ കിരണങ്ങൾ ഈ പ്രദേശത്ത് പരക്കാൻ തുടങ്ങിയതോടെ ഇംഗ്ലീഷ്, ഹോമിയോ, ആയുർവ്വേദ അംഗീകാര ബിരുദമുള്ള നിരവധി ഭിഷഗ്വരന്മാരെ സംഭാവന ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. അലോപ്പതി, ഹോമിയോ ക്ലീനിക്കുകൾ സ്വകാര്യമായി ഇവിടെ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ആരോഗ്യമേഖലയെ സമ്പുഷ്ടമാക്കുവാൻ ഇനിയും ഈ രംഗത്ത് വളരെയേറെ മാറ്റങ്ങൾ അനിവാര്യമാണ്. വളരെയധികം ഡോക്ടർമാരുടെ സേവനം ഈ രംഗത്തുണ്ടെങ്കിലും ഒരു വാർഡിൽ ഒരു ഡോക്ടറെന്നുള്ള ഗുണപരമായ വ്യതിയാനം ഈ പഞ്ചായത്തിലില്ല.

വളരെയേറെ മാറ്റം പഞ്ചായത്തിൻെറ പൊതു ആരോഗ്യസ്ഥിതിയിൽ ഉണ്ടായിട്ടുണ്ട് എന്നുള്ളത് കണക്കുകൾ വ്യക്തമാക്കുന്നു. 1995-96 വർഷത്തിൽ 571 ജെന്യരോഗങ്ങളും 1798 വായുജെന്യരോഗങ്ങളും 58 പ്രാണിജെന്യരോഗങ്ങളും 1730 സമ്പർക്കരോഗങ്ങളും പകർച്ചവ്യാധികളായി പ്രൈമറി ഹെൽത്ത് സെൻററിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ 95-96, 257 ജനനവും 141 മരണവും റെജിസ്റ്റർ ചെയ്തിട്ടുണ്ട്. ജനസംഖ്യ നിയന്ത്രണപദ്ധതികൾ ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്. എങ്കിലും മത്സ്യതൊഴിലാളി മേഖലയിൽ കാര്യമായി സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടില്ല. തീരദേശ ആരോഗ്യ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഈ പഞ്ചായത്തിൽ വിവിധ വിദഗ്ദ ഡോക്ടർമാരെ ഉൾപ്പെടുത്തി വ്യത്യസ്ഥ മേഖലകളിലായി ഏഴോളം ആരോഗ്യക്യാമ്പുകളും രണ്ട് ത്വക്ക്രോഗ ക്യാമ്പുകളും ഒരു നേത്രചികിത്സാ ക്യാമ്പും നടത്തുകയുണ്ടായി. ആരോഗ്യരംഗത്ത് ഫ്രൻസ് ഓഫ് ഹോസ്പിറ്റൽ എന്ന പേരിലും തീരദേശ ആരോഗ്യ സ്റ്റിയറിംഗ് കമ്മറ്റി എന്ന പേരിലും സന്നദ്ധ പ്രവർത്തനം നടത്തുന്ന രണ്ട് കമ്മറ്റികൾ ഈ പഞ്ചായത്തിൽ വിജയകരമായ പ്രവർത്തനം നടത്തിവരുന്നു. ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു ആരോഗ്യപരിപാടി നടപ്പിലാക്കുക വഴി രോഗരാഹിത്യവും ആരോഗ്യപൂർണവുമായ ഒരു മാതൃകാ പഞ്ചായത്ത് ഉണ്ടാവുക എന്നുള്ളതാണ് ലക്ഷ്യം.

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആരോഗ്യവകുപ്പ് അനുശാസിക്കുന്ന രീതിയിലുള്ള ഡോക്ടർമാരെ നിയമിച്ചിട്ടില്ല. ഒരു ജനറൽ സർജൻ മാത്രമേയുള്ളൂ. ലേഡി ഡോക്ടറുടെ സേവനം ഈ കേന്ദ്രത്തിൽ അത്യാവശ്യമാണ്. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന മറ്റു സ്റ്റാഫുകളും വേണ്ടത്രയില്ല. ദൂരസ്ഥലങ്ങളിൽ നിന്നും നിയമിക്കപ്പെടുന്ന ഇവർ ഇവിടെ വരാൻ താല്പര്യം പ്രകടിപ്പിക്കുന്നില്ല. ഇവരുടെ ഒഴിവും നികത്തേണ്ടതുണ്ട്. ഇത് മൂലം ഫീൽഡ് വർക്കിന് ഒരു പരിധി വരെ ബുദ്ധിമുട്ടുന്നു. ആരോഗ്യരംഗത്ത് മരുന്നുകളെപോലെ തന്നെ പ്രാധാന്യമുള്ള ബോധവൽക്കരണം, പ്രചാരണം തുടങ്ങിയവും ഫീൽഡ് വർക്കർമാരുടെ ഇല്ലായ്മമൂലം വഴിമുട്ടിനില്ക്കുന്നു. പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്താൻ ജനങ്ങൾ വിമുഖത കാട്ടുന്നു. ഇതിനു കാരണം അവർക്കാവശ്യമായ സ്പെഷ്യലിസ്റ്റുകളുടെ അഭാവവും, കിടത്തി ചികിത്സിക്കാനുള്ള സൗകര്യം കുറവും, അത്യാവശ്യം വേണ്ട മരുന്നുകളുടെ അഭാവവും, ശാസ്ത്രീയ ഉപകരണങ്ങളുടെ ഇല്ലായ്മയുമണ്. എല്ലാ രോഗത്തിനും ഏറെക്കുറെ ഒരേ മരുന്ന് എന്നു പറഞ്ഞപോലെയാണ്. ഇവയ്ക്ക് സർക്കാർ തലത്തിൽ തന്നെ മാറ്റം വന്നെ പറ്റു. അതുപോലെ ബന്ധപ്പെടാനുള്ള പുതിയ കാഴ്ചപ്പാട് ജനങ്ങളിലും വളർത്തിയെടുക്കണം.

ഡോക്ടർമാരുടെ കഴിവ് പൂർണ്ണമായി വിനിയോഗിക്കാൻ പാരമെഡിക്കൽ ജീവനക്കാരുടെ ഒഴിവ് തടസ്സമാവുന്നു. ആയതിനാൽ പാരമെഡിക്കൽ കോഴ്സുകൾക്കായുള്ള ഒരു സ്ഥാപനം ഈ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

## കക്കൂസ്

പൊതു ജനാരോഗ്യത്തിന് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ് ശുചിത്വം. ഇതിൽ ശുചിത്വം പാലിക്കാൻ ഇദംപ്രഥമമായി വേണ്ടത് കക്കൂസ്സാണ്. ഇവിടെ ഈ പഞ്ചായത്തിൽ 2500 ഓളം പേർക്ക് സ്വന്തമായി കക്കൂസില്ല.

അതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ വളരെ കൂടുതലാണ്. 1995 -96 ൽ മാത്രം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മാത്രം 571 പേർക്ക് ജലജന്യരോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കേരളത്തിന് മുഴുവൻ മാതൃകയായി സോഷ്യോ എക്ണോമിക് യൂണിറ്റിൻെറയും, ഡച്ച് ഗവൺമെൻറിൻെറയും, പഞ്ചായത്തിൻെറയും ഉപഭോക്താക്കളുടെയും, സംയുക്താഭിമുഖ്യത്തിൽ കക്കൂസ്സില്ലാത്ത 2500 കുടുംബങ്ങൾക്കും കക്കൂസ്സ് പണിതുകൊടുക്കാൻ തീരുമാനിക്കുകയും അതിൻെറ പ്രവർത്തനം ത്വരിതഗതിയിൽ ആരംഭിച്ചുവെങ്കിലും ഇടക്കുണ്ടായ ചില സാങ്കേതിക പ്രശ്നങ്ങൾ മൂലം ഇപ്പോൾ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. എന്നാൽ അടുത്ത ദിവസം യുദ്ധകാലാടിസ്ഥാനത്തിൽ ഒന്നാംഘട്ട കക്കൂസ്സ് നിർമ്മാണം പൂർത്തികരിക്കാനുള്ള തുടങ്ങുന്നതാണ്. ഇതിൽ ഉപഭോക്താവ് 500 രൂപയാണ് കൊടുക്കേണ്ടത്. ഇരട്ടക്കുഴി കക്കൂസ്സാണ് നിർമ്മിച്ചു നൽകുന്നത്. ശുചിത്വ പരിപാലനത്തിൻെറ കാര്യത്തിൽ ഈ പ്രവർത്തനം മൂലം ശാശ്വത പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന പ്രത്യാശയിലാണ്.

## പരിസര ശുചിത്വം

വർഷക്കാലത്തും വേനൽക്കാലത്തും പഞ്ചായത്തിൻെറ തീരപ്രദേശങ്ങളിൽ കോളറ പടർന്നു പിടിക്കുക സർവ്വസാധാരണമാണ്. ഇതിനെതിരെ ഫലപ്രദമായി പല നടപടികളും സ്വീകരിക്കാറുണ്ട്. ഇക്കൊല്ലം തന്നെ കോളറ നിർമ്മാർജ്ജന സൈക്കിൾ റാലി സന്നദ്ധസംഘടനകൾ നടത്തുകയുണ്ടായി. ബാനറുകളും മറ്റു പ്രചരണങ്ങളുമുണ്ടായി. കിണറുകളിലെ ക്ലോറിനേഷൻ, ഈച്ചനശീകരണം, കൊതുകു നശീകരണം എന്നിവ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്. കടൽപ്പുറങ്ങളിൽ കുപ്പകൾ കൂടികിടക്കുന്നതുകൊണ്ടും, മത്സ്യം വളമായി ഉപയോഗിച്ച് ശരിക്കു മൂടാത്തതുകൊണ്ടും ഈച്ച ശല്യം പെരുകുന്നു. വേണ്ട രീതിയിൽ ശ്രദ്ധിച്ചാൽ ഇത് ഒഴിവാക്കാൻ സാധിക്കും. അടുക്കളയുടെ അവശിഷ്ടങ്ങളും, ചപ്പുചവറുകളും കമ്പോസ്റ്റായി മാറ്റിയാൽ അടുക്കള തോട്ടത്തിൽ ജൈവവളമായി ഉപയോഗിക്കാം. വീടിനടുത്ത് മലിനജലം കെട്ടി നിൽക്കാൻ അനുവദിക്കാതിരിക്കുകയും, റോഡരികിൽ വെള്ളം കെട്ടിനിന്ന് അഴുകുന്നതുകൊണ്ട് കൂത്താടികൾ ഉണ്ടാവാൻ കാരണമാവുന്നതും തടയേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതള പാനിയ വില്പന ശാലകൾ എന്നിവയിൽ വില്ക്കപ്പെടുന്ന ഭക്ഷണപദാർത്ഥങ്ങൾ പരിശോധനക്ക് വിധേയമാകേണ്ടതുണ്ട്. ആരോഗ്യ നിയന്ത്രണ നിയമങ്ങൾ പാലിക്കാൻ ബോധവൽക്കരണം നടത്തേണ്ടതും ഉറപ്പു വരുത്തേണ്ടതും കർശ്ശനമായ കാര്യമാണ്. ശുചിത്വത്തെക്കുറിച്ച് ജനങ്ങളിൽ ബോധമുണ്ടാക്കണം.

മത്സ്യം, മാംസം എന്നിവ റോഡരികിൽ തുറസ്സായ സ്ഥലത്ത് വില്പന നടത്തുന്നു. മത്സ്യ മാർക്കറ്റുകൾ സ്ഥാപിച്ചാൽ ഒരളവുവരെ ഈ സമ്പ്രദായം നിറുത്തലാക്കാൻ സാധിക്കും. അതുപോലെത്തന്നെ അറവിനും പ്രത്യേക സ്ഥലങ്ങളില്ല. ഒരറവുശാലയും ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. ഈ രണ്ടു വസ്തുക്കളുടെയും അവശിഷ്ടങ്ങൾ യാതൊരുവിധ വൃത്തിയുമില്ലാതെയാണ് ഇപ്പോൾ കൈക്കാര്യം ചെയ്യുന്നത്. ഇതിനും പൊതുവായ ചില സമീപനങ്ങൾ ആവശ്യമാണ്. മത്സ്യത്തിൻെറയും, മാംസത്തിൻെറയും ഗുണനിലവാരം പരിശോധനാ വിധേയമാണ്ടേതാണ്. അതിനുള്ള സൗകര്യം ഈ പഞ്ചായത്തിലുണ്ടാവേണ്ടതുണ്ട്. മൃഗങ്ങളെയും പരിശോധനാ വിധേയമായി മാത്രം അറക്കാനുള്ള സംവിധാനം വേണം.

പഞ്ചായത്തിലെ കോളനികളിൽ പരിസരശുചിത്വം തീരെ ഇല്ലെന്നുതന്നെ പറയാം. ഇവിടെയും ചപ്പുചവറുകളും, മലിനജലവും കെട്ടിനിന്ന് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു. അമിതമായി ചവറുകളും മാലിന്യങ്ങളും പെരുകുന്നത് നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കുരഞ്ഞിയൂർ ലക്ഷം വീട് കോളനിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പൊതുകുളം ഇത്തരത്തിൽ മാലിന്യരോഗങ്ങ്യളുടെ കലവറയാണ്. ഇവിടെ ജീവിക്കുന്ന 20 ഓളം വീട്ടുക്കാരുടെ എല്ലാ മാലിന്യവസ്തുക്കളുമ നിക്ഷേപിക്കുന്നതിന് ഈ കുളത്തെ ഉപയോഗിക്കുന്നു. ഈ കുളത്തിലെ വെള്ളം ഒഴുകി പോകാനും സ്വകര്യങ്ങളില്ല. വെള്ളം കെട്ടിക്കിടന്ന് മാലിന്യങ്ങളുമായി ചേർന്നു ഗുരുതര ഭീക്ഷണിയുണ്ടാക്കുന്നു. ഈ കുളം നികത്തി ഈ പ്രശ്നം എത്രയും വേഗം അവസാനിപ്പിക്കാനുള്ള തീവ്രശ്രമം നടത്തിയിലെങ്കിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങസ് സമീപ ഭാവിയിൽ ഉടലെടുക്കേണ്ടതാണ്.

### പാരമ്പര്യ വൈദ്യമേഖല.

പ്രകൃതി സമ്പത്തായ ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് കൊണ്ട് തലമുറകളായി കേട്ടറിവും മുതിർന്നവരിൽ നിന്ന് പകർന്നെത്തിയതുമായ പാരമ്പര്യ വൈദ്യമേഖല പുന്നയൂർ പഞ്ചായത്തിൽ ആതുരസേവനരംഗത്ത് നൂറ്റാണ്ടുകളായി പ്രശംസനീയമായ നിലയിൽ പ്രവർത്തിച്ചുവരുന്നു. പ്രകൃതി ചികിത്സാ എന്ന പുത്തനാശയം പ്രചാരം എത്തുന്നതിന് മുമ്പേ പ്രകൃ

തിയെ മാത്രം ആശ്രയിച്ചുള്ള നാടൻ ചികിത്സാ സമ്പ്രദായം മാത്രമായിരിക്കുന്നു. വൈദ്യശാസ്ത്രരംഗത്ത് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഏകഘടകം എന്നാൽ നിരവധി നാട്ടു വൈദ്യന്മാർ ഉണ്ടായിരുന്നുതാനും. ഈ പ്രദേശത്ത് ഔഷധസസ്യങ്ങളുടെ രൂക്ഷമായ ദൗർലഭ്യം അനുഭവപ്പെട്ടുവരുന്നു. സഹകരണാഅടിസ്ഥാനത്തിൽ പഞ്ചായത്തിൽ തരിശായി കിടക്കുന്നതും പുറംമ്പോക്ക് സ്ഥലങ്ങളും ഔഷധ സസ്യ സൊസൈറ്റികൾ വഴി ഉപയോഗപ്പെടുത്താവുന്നതാണ്.

രക്തദാനത്തെക്കുറിച്ച് ജനങ്ങൾക്ക് ഈയ്യിടെ ഉണ്ടായിട്ടുള്ള താൽപര്യം വ്യാപകമാക്കുകയാണെങ്കിൽ ഈ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടാവുന്നതാണ്. ഇതിന്നായി ബോധവൽക്കരണം നടത്തി ഭയാശങ്കകൾ ദുരീകരിക്കണം. സന്നദ്ധസംഘടനകളുടെ ഈ രംഗത്തുള്ള പ്രവർത്തനം നിസ്തുലമാണ്. നേത്ര ചികിത്സാ ക്യാമ്പ് പ്രാഥമീക ആരോഗ്യകേന്ദ്രത്തിൻെറ നേതൃത്വത്തിൽ നടത്തുകയുണ്ടയി. നേത്ര ദാനത്തിൻെറ മഹത്വം ഈ പഞ്ചായത്തിൽ കാര്യമായി ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ജില്ലാ നേത്ര ബാങ്കിൻെറ പ്രവർത്തനം കാര്യക്ഷമമല്ലാത്തതാണ്. ഇതിൻെറ കാരണം.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

വാർഡ് I

നിലവിലുള്ള ഗവർമെൻറ് ഡിസ്പൻസറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. അവിടെ ഒരു ഡോക്ടറെ നിയമിക്കുക.

വർഷക്കാലത്ത് പടിഞ്ഞാറൻ മേഖലകളിൽ മലിനജലം കെട്ടികിടക്കുന്നതിനാൽ സാംക്രമീകരോഗം പകരുന്നത് തടയാൻ മലിനജലം ഒഴുക്കിക്കളയാൻ നടപടി എടുക്കണം.

കോളറാ, മലമ്പനി, അഞ്ചാം പനി തുടങ്ങിയ മാരക രോഗങ്ങൾ വരാതിരിക്കാൻ സത്വരനടപടികൾ സ്വീകരിക്കുക.

വാർഡ് II

ബദർപള്ളി ബീച്ച് റോട്ടിലെ മലിനജലം ഒഴിച്ചുവിടാനുള്ള സൗകര്യം ഉണ്ടാക്കുക. സാംക്രമീക രോഗങ്ങൾ തടയാൻ നടപടി എടുക്കുക. എല്ലാ വീടുകളിലും കക്കൂസ്സ് നിർമ്മിച്ച് കൊടുക്കുക. രോഗകാര്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക.

വാർഡ് III

ഈ വാർഡിൽ ഹെൽത്ത് സബ് സെൻറർ സ്ഥാപിക്കണം. ഒരു ആയൂർവ്വേദ ആശുപത്രി സ്ഥാപിക്കേണ്ടതുണ്ട്.

വാർഡ് 4, 5, 6 - വാർഡുകളിൽ നിലവിലുള്ള ആശുപത്രി വികസിപ്പിക്കുകയും ഒരു ലേഡീ ഡോക്ടറെ നിയമിക്കാനും നിശ്ചയിച്ചു.

മന്തു രോഗം പരത്തുന്ന കൊതുകിനെ നശിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുക. കെട്ടി കിടക്കുന്ന മലിനജലം തുറന്നുവിടാൻ സൗകര്യം ഉണ്ടാക്കണം.

ഹോട്ടൽ, കച്ചവട സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പരിശോധന നിർബന്ധമാക്കുക.

വീടുകളിൽ ആരോഗ്യപ്രവർത്തനത്തിനായി ഫീൽഡ് ഓഫീസർമാരെ നിയമിക്കണം.

വാർഡ് 7, 8

മന്ത് രോഗം പരത്തുന്ന കൊതുകിനെ നശിപ്പക്കുക. അറവുശാലകളിൽ അവശിഷ്ടങ്ങൾ പുഴകളിലും തോടുകളിലും തള്ളുന്നത് തടയുക.

ഹൈവേയിൽ കാനകളിൽ നിറയുന്ന മാലിന്യൾ നീക്കം ചെയ്യുവാൻ സൗകര്യം ഉണ്ടാക്കുക. കാനക്ക് സ്ലോബ് നിർമ്മിക്കുക.

വാർഡ് - 9.

കൊരഞ്ഞൂർ ലക്ഷം വീട് കോളനിയിൽ എല്ലാ വീടുകളേയും S. T. U. വിൻെറ കക്കൂസ് പരിപാടിയിൽ ഉൾപ്പെടുത്തണം.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ സബ് സെൻറർ ലക്ഷം വീട് പരിസരത്ത് നിർമ്മിക്കുകയും വേണം. ഹോമിയോ ആയുർവ്വേദ ചികിത്സാ സൗകര്യം വേണം. ലക്ഷം വീട്ടിലെ കുളം നികത്തി മാലിന്യമുക്തമാക്കുക.

വാർഡ് 10

ഫ്ളോറിനേഷൻ പഞ്ചായത്തിലെ എല്ലാ കിണറുകളിലും നടത്തുക. പേപ്പട്ടി ശല്യം നീക്കാൻ നായ്ക്കളെ പിടിച്ചു നശിപ്പിക്കുക.


വാർഡ് - 11 - 12.

ബഹുജനപങ്കാളിത്തത്തോടെ ഹെൽത്ത് സെൻറർ സ്ഥാപിക്കുക. ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കുക. കുട്ടികളുടേയും വിദ്യാർത്ഥികളുടേയും പരിപാലനത്തേകുറിച്ച് ബോധവൽക്കരണം നടത്തുക.

## അനുബന്ധം -8

## പുന്നയൂർ ഗ്രാമപഞ്ചായത്ത്

1. a) പഞ്ചായത്തിലെ ആകെ സംഖ്യ = 33065
   b) പുരുഷൻമാർ = 16813
   c) സ്ത്രീകൾ = 16252
2. a) പട്ടിക ജാതി ജനസംഖ്യ = 3954
   b) പട്ടിക വർഗ ജനസംഖ്യ = -
3. അംഗൻവാടികളുടെ എണ്ണം = 26
4. a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ =615
   b) 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ =664
   c) 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ =651
   d) 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ =1301
5. a). വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം = 193
   b) ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം =2
6. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം. =220
   ( 6 മാസം വരെ പ്രായമു കുട്ടികളുള്ള)
7. a) കഴിഞ്ഞ വർഷത്തിൽ ആ ജനനങ്ങൾ =348
   b) ചാപ്പിള്ള ജനനങ്ങൾ =2
8. a) ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം =2
   b) 1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം = -
   c) 3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം = -
9. a) ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം = -
   b) മറ്റുമരണങ്ങളുടെ എണ്ണം =122
10. a) അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം =2996
    b) അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം =190
    c) അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം =210




## 7.4 പകർച്ച വ്യാധി - വിവരങ്ങൾ.

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | സമ്പർക്ക രോഗങ്ങൾ | ആകെ |
|---|---|---|---|---|---|
| 93-94 | 310 | 885 | 23 | 310 | |
| 94-95 | 443 | 1817 | 20 | 845 | |
| 95-96 | 571 | 1798 | 58 | 1730 | |

## 7.4 മറ്റു ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കാൻ.

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | രക്ത കുറവ് | ശ്വാസ കോശ രോഗങ്ങൾ | ഉദരരോഗങ്ങൾ | അപസ്മാരം | രക്ത സമ്മർദ്ദം | നേത്രരോഗങ്ങൾ | പ്രമേഹം | കുഷ്ഠം | മന്ത് രോഗം | മഞ്ഞ പിത്തം | ക്ഷയ രോഗം | വിഷചികിത്സ (പാമ്പുകടി) | ആകെ. |
| 92-93 | - | 14234 | 236 | 194 | 1305 | 522 | 5 | 21 | 130 | 3 | 8 | 15 | - | - | - | 8678 |
| 93-94 | - | 14062 | 95 | 281 | 885 | 650 | 7 | 213 | 201 | - | 14 | 7 | - | - | - | 8226 |
| 94-95 | - | 15368 | 718 | 150 | 1817 | 1070 | 5 | 116 | 81 | 115 | 46 | 10 | - | - | - | 9575 |
| 95-96 | - | 26197 | 1482 | 1120 | 1798 | 2030 | 151 | 960 | 208 | 160 | 18 | 62 | 20 | 2 | - | 16322 |



## പുന്നയൂർ ഗ്രാമപഞ്ചായത്ത്

### 8.2 കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം.

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 122 | 116 | 76 | 218 | 25 | 30 | — | — |
| 1-3 വയസ്സ് | 271 | 260 | 139 | 120 | 65 | 61 | — | — |
| 1-6 വയസ്സ് | 305 | 256 | 155 | 189 | 79 | 51 | — | — |

1-ാം ഗ്രേഡ് ലഘുവായ പേഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് മിതമായ പേഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് ഗുരുതരമായ പോഷണക്കുറവുള്ളവർ

## പുന്നയൂർ ഗ്രാമപഞ്ചായത്ത്

### 8.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെപ്പ്.

| കുട്ടികൾ | ബി.സി.ജി. | ഡി. പി. റ്റി. | | | | പോളിയോ | | | | ഡി. റ്റി. | | | | മിസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 534 | 374 | 321 | 292 | | 374 | 321 | 292 | | | | | | 235 |
| 1-3 വയസ്സ് | | | | | 816 | | | | 816 | | | | | |
| 1-6 വയസ്സ് | | | | | | | | | | | | | 819 | |

### ടെറ്റനസ് ടോക്സോയിഡ് (TT)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 190 | 132 | — |

ഇരുമ്പ്/ഫോളക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം = 150

ഇരുമ്പ്/ഫോളക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം = 1300

വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം = 1200

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം = -

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം = -

## 7.3 ജനന മരണ വിവരങ്ങൾ.

| വർഷം | ജനനം | മരണം | ചാപ്പിള ജനനം |
|---|---|---|---|
| 1993-94 | 96 | 201 | |
| 1994-95 | 328 | 215 | |
| 1995-96 | 257 | 141 | |

## 7.1 സ്ഥാപന വിവരങ്ങൾ.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിട വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യ കേന്ദ്രം പുന്നയൂർ. എടക്കഴിയൂർ പി. ഒ | കേരള സർക്കാർ ആരോഗ്യ വകുപ്പ് ( അലോപ്പതി) | സ്വന്തം | 16 | 26-3-1973 റൂറൽ ഡിസ്പൻസറി, പുന്നയൂർക്കുളം.<br>25-3-1987 പ്രാഥമിക ആരോഗ്യകേന്ദ്രം പുന്നയൂർ. | |

# പാർപ്പിടം-സാമൂഹ്യക്ഷേമം

പുന്നയൂർ പഞ്ചായത്ത് വളരെ പിന്നോക്കംനില്ക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ്. പാർപ്പിട സൗകര്യത്തിൻെറ കാര്യത്തിൽ അടിസ്ഥാനപരമായിത്തന്നെ പിന്നിലാണ്. 2770 വീടുകൾ ചെറ്റകുടിലുകളാണ്. ഇവരുടെ ഓലപുരകളും, ചെറ്റകുടിലുകളുമാണ്. ഓരോ വർഷവും കെട്ടിമേയുന്നതിന് വലിയൊരുസംഖ്യ ഒരുക്കേണ്ടതുണ്ട്. ഇതുമൂലം ധാരാളം പുരകൾ കെട്ടിമേയാതെ ചോർന്നൊലിക്കുന്നു. പലവർഷങ്ങളായി കെട്ടിമേയാതെയുള്ള ആവർത്തനം പുരതന്നെ ഇല്ലാതാക്കിയിരിക്കുകയാണ്.

ഒരു കുടുംബത്തിൽ തന്നെ വിവിധ വീട്ടുകാർ താമസിക്കുന്നു. ജനസാന്ദ്രത കൂടുതലുള്ള ഈ പഞ്ചായത്തിൽ താഴ്ന്നവരുമാനക്കാരാണ്. ഓല സമൃദ്ധിയായി ലഭിക്കുന്ന പ്രദേശമാണെങ്കിലും വർദ്ധിച്ചവിലമൂലം ജനങ്ങൾ കഷ്ടപ്പെടുന്നു. വീടിന് ചുവരുകളോ ഇല്ലാതെ പ്രകൃതിക്ഷോഭം മറ്റു ഭീക്ഷിണികൾ എന്നിവ വരുമ്പോൾ ഭയചികിതരായി ജനം നെട്ടോട്ടമോടുകയാണ്. ഇത്രയധികം നിർദ്ധനകുടുംബങ്ങളുണ്ടായിട്ടും സർക്കാർ ഏജൻസികളുടെ പ്രവർത്തനം ഈ രംഗത്ത് കാര്യമായി ഉണ്ടായിട്ടില്ല. കഴിഞ്ഞ 5 വർഷമായി നടത്തിവരുന്ന **JRY. IAY** മുതലായ പദ്ധതികളിൽക്കൂടി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും, വളരെ കുറച്ചു മറ്റുവിഭാഗക്കാർക്കും പാർപ്പിടസൗകര്യങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തതാണ് നിർമ്മാണ പ്രവർത്തനം അഭിമുഖീകരിക്കന്ന പ്രധാനപ്രശ്നം.

ഈ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം നേരിടുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും വിവിധ ഏജൻസികളെ ഏകോപിപ്പിച്ചിട്ട് ബ്രഹത്തായരീതിയിൽ മാത്രമേ സാധ്യമാകുകയുള്ളു. ഇത്രയധികം വീടുകൾക്ക് സാമ്പത്തിക സഹായം നല്കുകയെന്നത് ഇന്നത്തെ സംവിധാനത്തിൽ വളരെ ബുദ്ധിമുട്ടുണ്ടാകുന്നു.

പാർപ്പിടത്തിലെ അടിസ്ഥാന സൗകര്യമായ കക്കൂസ് **SEU** വിൻെറ വിപുലമായ പദ്ധതി പ്രകാരം 2500 കുടുംബങ്ങൾക്ക് ഉണ്ടാക്കി കൊടുക്കാനുള്ള പ്രവർത്തനം ഈ പഞ്ചായത്തിൽ നടപ്പാക്കിവരുന്നുണ്ട്.

ഹരിജനങ്ങൾ വളരെയധികം വസിക്കുന്ന ഇവിടെ മുഖ്യപ്രശ്നം പാർപ്പിടം തന്നെയാണ്. ഇടവിട്ടുള്ള വീടുകളാണ് കൂടുതൽ . ഇതുമൂലം കോളനി സൗകര്യങ്ങൾ വളരെകുറവാണ്. ഇതുമൂലം സാങ്കേതിക ബുദ്ധിമുട്ടുകൾ പദ്ധതികൾ നടപ്പാക്കാൻ ഉണ്ടാകുന്നു. പഞ്ചായത്തിൻെറ പ്രധാനവരുമാനം കെട്ടിടനികുതിയാണ്. 3,46,636.65 രൂപയാണ്. വിദ്യാഭ്യാസപരമായും മറ്റും പിന്നോക്കം നില്ക്കുന്ന ഈ പഞ്ചായത്ത് എടക്കഴിയൂർ-പുന്നയൂർ വില്ലേജുകൾ ചേർന്നതാണ്.

ഗൾഫ് പണത്തിൻെറ വർദ്ധിച്ച സ്വാധീനം സാമ്പത്തിക മേഖലയിൽ നിർണ്ണായകഘടകമാണ് ഈ പഞ്ചായത്തിൽ. എന്നാൽ ഈ പണം ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവനനിർമാണ രംഗത്ത് കോൺക്രീറ്റ് ബിൽഡിങ്ങുകളിൽ ഒതുങ്ങുകയാണ്.

മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കടലോരപ്രദേശങ്ങളായ ഒന്നുമുതൽ ഏഴുവരെ വാർഡുകളിൽ കുടിലുകളും ഇടത്തരം വീടുകളുമാണ് കൂടുതൽ.

പഞ്ചായത്തിലെ 7027 വീടുകളിൽ 375 വീടുകൾ ഇരുനില ടെറസ്സ് കെട്ടിടങ്ങളും 1796 വീടുകൾ ഒറ്റ നില ടെറസ്സു കെട്ടിടങ്ങളും 2063 വീടുകൾ ഓടു വീടുകളും ബാക്കി 2770 വീടുകൾ ഓലകളുമാണ്.

കഴിഞ്ഞ പതിനഞ്ചു വർഷങ്ങളിൽ ഈ പഞ്ചായത്തിൽ നിർമ്മിച്ച വീടുകൾ ഏറെ കുറെ സമാനത പുലർത്തുന്നുവയാണ്. ഈ കാലഘട്ടത്തിൽ കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണചെലവ് വളരെയധികം വർദ്ധിച്ചതായി കാണാൻ കഴിയും. ആർഭാടപൂർണ്ണമായ വലിയ വീടുകൾ ഈ സമയത്തിനുള്ളിൽ പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേ, PWD റോഡുകൾ, മറ്റു റോഡരികുകൾ എന്നിവയുടെ സമീപമാണ് ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്നത്. വയലുകൾ നികത്തി വീടുകൾ വയ്ക്കുന്ന പ്രവണതയും തുടങ്ങിയിട്ടുണ്ട്. ഇത് കാർഷീക മേഖലയെ ദോഷമായി ബാധിക്കുമെന്ന് പറയാം.

ഭവനവായ്പാരംഗത്ത് പ്രവർത്തിക്കുന്ന തൃശ്ശൂർ ജില്ലാബാങ്കിൻെറ പുന്നയൂർക്കുളം ശാഖ, ചാവക്കാട് താലൂക്ക് ഹൗസിങ്ങ് സൊസൈറ്റി പാവറട്ടി, ഭവനനിർമ്മാണ ബോർഡ് പാവറട്ടി എന്നിവ വഴിയാണ് പഞ്ചായത്തിലെ ജനങ്ങൾ വീടു

വെയ്ക്കാൻ വായ്പാ സൗകര്യം ഉണ്ടാക്കിയെടുക്കുന്നത്. എന്നാൽ അമിത പലിശയും, നൂലാമാല നിയമങ്ങളും, ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭിയ്ക്കായ്ക കാരണം ഈ വായ്പ സാധാരണക്കാരന് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്കരീതിയിൽ ഉദാരമാക്കണം. വായ്പ പലിശ ശതമാനം വളരെ കുറക്കേണ്ടതുമാണ്.

ഈ പഞ്ചായത്തിലെ വീടില്ലാത്തവർക്ക് സർക്കാർ ഏജൻസികൾ വഴി കൊടുക്കുന്ന വീടുകൾ ഇനിയും പണി പൂർത്തിയാകാത്തവയും, തീരെ തുടങ്ങാത്തവയുമായി വളരെയധികമുണ്ട്. തറ പണികഴിഞ്ഞാൽ മാത്രമേ അഡ്വാൻസ് ലഭിക്കുകയുള്ളൂ എന്ന വ്യവസ്ഥയാണ് ഇതിനുകാരണം. ഇതുമൂലം പണിസ്തംഭനാവസ്ഥയിലാണ്. സർക്കാർ ഭവന നിർമ്മാണ ബോർഡുകൾ വഴി ഇടത്തരവിഭാഗക്കാർക്ക് നടപ്പാക്കികൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബല വിഭാഗകാർക്ക് വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്.

ദുർബലവിഭാഗക്കാർക്ക് വീടുവെക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപണിയാനുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാവാത്തതിനാൽ ഈ വിഭാഗക്കാർ സമൂഹത്തിൽ നിരാശരായി ജീവിക്കുന്നു. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിരപ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതു വഴി നാടിൻെറ പ്രത്യുൽപാദനരംഗങ്ങളിൽ ആത്മാർത്ഥയോടെയും ഉത്സാഹത്തോടെയും മുഴുവൻ ജന വിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു. വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 1984 മുതൽ ലഭ്യമായ വീടുകളുടെ എണ്ണം 150 ആണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഭവനനിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്ക് നൽകുന്ന വായ്പ വർദ്ധിപ്പിക്കേണ്ടതാണ്. അമിതമായ വിലക്കയറ്റവും, കൂലി വർദ്ധനവും നിമിത്തം പാവപ്പെട്ടവന് സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും സ്വപ്നമായി അവശേഷിക്കുന്നു. കിട്ടുന്ന ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കാനോ, പണി പൂർത്തിയാക്കാനോ കഴിയാത്ത അവസ്ഥയാണ്.

1972- 73 വർഷങ്ങളിൽ വിദഗ്ധ തൊഴിലാളികൾക്ക് 10രൂപ കൂലി ഉണ്ടാവുമ്പോൾ അവിദഗ്ധതൊഴിലാളികൾക്ക് 5 രൂപയായിരുന്നു കൂലി നിരക്ക്. 75 - 76 കാലയളവിൽ വിദഗ്ധതൊഴിലാളിക്ക് 20 രൂപയും അവിദഗ്ധതൊഴിലാളിക്ക് 7 രൂപയുമായിരുന്നു കൂലിനിരക്ക്. 1991 - 92 ൽ യഥാക്രമം 90 - 100 രൂപയും 50 - 65 രൂപയമായി. 95 - 96 - 125 - 130 രൂപയും 75 - 80 രൂപയുമായി എത്തിനില്ക്കുന്നു. സ്ത്രീതൊഴിലാളികളെ ഈ പഞ്ചായത്തിൽ വീദഗ്ധതൊഴിലാളികളായി അറിയപ്പെടുന്നില്ല. പുരുഷതൊഴിലാളികളെക്കാൾ കൂലികുറവാണ് സ്ത്രീ തൊഴിലാളിക്ക്.

കെട്ടിടനിർമ്മാണ സാമഗ്രികളായ സിമൻറ് 87 - 88 കാലയളവിൽ 70 രൂപയും 90 ൽ 100രൂപയും 95 - 96 ൽ 180 രൂപയിലും എത്തിനില്ക്കുന്നു. 87 -88 ഒരു ലോഡ് കരിങ്കലിന് 300 രൂപയും 90ൽ 500രൂപയും 95 - 96ൽ 1050 രൂപയുമായി നില്ക്കുന്നു. ഇഷ്ടിക ആദ്യകാലത്ത് കാര്യമായ പ്രചാരമുണ്ടായിരുന്നില്ല. അന്ന് വെട്ടുകല്ലാണ് ഉപയോഗിച്ചിരുന്നത്. പ്രചാരം നേടിയതോടെ ഇഷ്ടികക്കട്ടയുടെ വില 87 -88 2000രൂപയും 90ൽ 3500/ രൂപയും95 -96 ൽ 8000/രൂപയുമാണ്. കമ്പിക്ക് 88 -89കിലോവിന് 7 രൂപയും, 90 - 91ൽ 12 രൂപയുമാണ്. 95 -96ൽ 16 രൂപയുമാണ്, കമ്പി കിലോവിന്. കോൺക്രീറ്റ് യൂണിറ്റ് 87 -88ൽ 1200/ രൂപകൂലിയുണ്ടായിരുന്നത്. ഇന്ന് 3000/ രൂപയുമായി എത്തിനില്ക്കുന്നു. 94ൽ ഫസ്റ്റ് ക്ലാസ്സ് ഓടിന് 1000ന് 5000രൂപയുണ്ടായിരുന്നത്, 6000 രൂപയായി എത്തിനില്ക്കുന്നു.

കൂലി നിരക്കിലെയും അതിനെ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികൾക്ക് നല്കുന്ന സഹായങ്ങളും വായ്പകളുമായി ബ്ലോക്ക് വഴി നല്കുന്ന RLEAP, NREP, IAY - JRY - MWS എന്നീ വസതികളുടെ വായ്പ പരിധിയും, രാജീവ് ദശലക്ഷ പാർപ്പിടപദ്ധതിയുടെ വായ്പ പരിധിയും, വർദ്ധിപ്പിക്കാനും വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണ്.

റവന്യൂ വകുപ്പ് വഴി പ്രകൃതിക്ഷോപത്തിൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം വളരെ കുറച്ചു മാത്രമെ പഞ്ചായത്തിൽ കിട്ടിയിട്ടുള്ളൂ. ഏഴ് വാർഡുകൾ കടൽ തീരത്തും മറ്റുള്ള വാർഡുകൾ വെള്ളത്തിൽ ചുറ്റപ്പെട്ടും കിടക്കുന്ന ഇവിടെ ഇത്തരം കേസുകൾ വളരെയധികമാണ്. എന്നാൽ ആനുകൂല്യത്തിൻെറയും പുനരധിവാസത്തിൻെറ കാര്യത്തിൽ റവന്യൂ വകുപ്പ് വേണ്ട ശ്രദ്ധ കാണിക്കാറില്ല.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകലും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവങ്ങൾ നമ്മേ പഠിപ്പിക്കുന്നു. സർക്കാർ പദ്ധതി തയ്യാറാക്കുന്നതിലുള്ള പാകപ്പിഴയാണ് ഇതിനുകാരണം. കേന്ദ്രർക്കാർ വടക്കെ ഇന്ത്യയിലെ വീട് മാതൃകയാക്കുന്നു. ഇതുമൂലം കേരളം പോലെയുള്ള സംസ്ഥാനങ്ങളിലെ ജനങ്ങൾ കഷ്ടപ്പെടുന്നു.

## പാർപ്പിടത്തിന് സങ്കീർണ്ണ പ്രശ്നമുള്ള ഈ പഞ്ചായത്തിൽ നിന്നും ലഭിച്ച ഗ്രാമസഭനിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കണം.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം സിവിൽ സപ്ലേസ് വഴിയാക്കുക (സിമൻറ്, കമ്പി)
3. സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുമ്പോൾ ഉണ്ടാകുന്ന സങ്കീർണ്ണവും, സാങ്കേതികവുമായ ബുദ്ധി മുട്ടുകൾ ഇല്ലാതാക്കണം.
4. അപേക്ഷകൾ ഗ്രാമപഞ്ചായത്തു വഴിവേണം.
5. രജിസ്ട്രാഫീസ് അമിതഫീസ് ഇല്ലാതാക്കുക.
6. കാലതാമസം ഒഴിവാക്കുക.
7. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പൂർണ്ണമായും ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
8. സർക്കാർ ഏജൻസികൾ നൽകുന്ന വായ്പ തുക വർദ്ധിപ്പിക്കണം.
9. JRY, IAY, MWS, RLEGP എന്നിവ 15,800ൽ നിന്നും 30,000 രൂപയായി ഉയർത്തുക.
10. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26,400 രൂപയിൽ നിന്നും 50,000 രൂപയായി ഉയർത്തുക.
11. പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്നും, 25,000 രൂപയായി വർദ്ധിപ്പിക്കണം.
12. മത്സ്യ തൊഴിലാളികൾക്കും, വിപണന തൊളിലാളികൾക്കും വീട് സൗജന്യമായി നിർമ്മിച്ചു കൊടുക്കുക.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായല്ലെങ്കിലും പരമാവധി പരിഹരിക്കലാണ്. അതിന് വേണ്ടി പ്രയത്നിക്കണം.

### സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമാജ്ജന പദ്ധതിയും സംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മാർജനപദ്ധതിയും തൊഴിലാളിക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയുമാണ് പ്രധാന സാമൂഹ്യക്ഷേമ പദ്ധതികൾ.

സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും ഉന്നമനത്തിനും പട്ടികജാതി കോർപ്പറേഷനുകളെ, വനിതാ വികസന കോർപ്പറേഷനുകളെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

ദാരിദ്രനിർമാർജ്ജന പദ്ധതികൾക്കാണ് പ്രധാനമായും സാമൂഹ്യക്ഷേമത്തിൽമുഖ്യപങ്ക് വഹിക്കുന്നത്. വലിയതൊഴിലല്ലെങ്കിലും പഞ്ചായത്തിൽ മറ്റുപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതത്തിലുള്ളവരുടെ പെരുമാറ്റകുറവ്, ബോധവൽകരണകുറവ്, സമയാസമയങ്ങളിൽ ആനുകൂല്യങ്ങൾ ലഭിക്കായ്ക, ഇടപെടുമ്പൊഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തുപറയേണ്ട പ്രശ്നങ്ങളാണ്. തൊഴിലാളി ക്ഷേമനിധിയെ കുറിച്ച് കാര്യമായബോധം പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.. രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ ജനങ്ങളിൽ സഹായങ്ങൾ എത്തിക്കാൻ കാര്യമായ ശ്രമം നടത്തുന്നില്ല. കയർതൊഴിലാളികൾ, കെട്ടിടനിർമാണതൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, കർഷകതൊഴിലാളികൾ എന്നിവർ ധാരാളമുണ്ടെങ്കിലും എല്ലാവരെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്ഷേമനിധി പ്രവർത്തനം ഈ പഞ്ചായത്തിൽ ഇനിയും കാര്യക്ഷമമാക്കാനുണ്ട്. സമഗ്രമായ സർവ്വേ നടത്തി പഞ്ചായത്ത് ബോർഡ് നേതൃത്വം നൽകി ഇതിന് അവസരം ഉണ്ടാക്കണം.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും കാലാനുസൃതമായ മാറ്റങ്ങൾ ഈരംഗത്തുണ്ടാവേണ്ടതുണ്ട്. ആനുകൂല്യങ്ങൾ കിട്ടുന്നതുനുള്ള നൂലാമാലകൾവളരെ കൂടുതലാണ് ഇതും പരിഹരിക്കപ്പെണ്ടേതാണ്. ഹരിജനവിഭാഗത്തിൻെറ ഒരു ഔദ്യോഗിക പോസ്റ്റ് പഞ്ചായത്തിൽ ഉണ്ടാക്കേണ്ടതും അവരെ ബോധവൽക്കരണം നടത്തേണ്ടതുമാണ്. ഈപഞ്ചായത്തിൽ ഹരിജനവിഭാഗങ്ങളുടെ ആനുകൂല്യങ്ങളെ കുറിച്ചുള്ള സെമിനാർ സംഘടിപ്പിച്ചിരുന്നു. തുടർച്ചയായി ബോധവൽക്കരണം നടത്തിയാൽ മാത്രമേ ഈ വഴിയിൽ എന്തെങ്കിലും മാറ്റം ഉണ്ടാവുകയുള്ളു. വനിതാവികസന കോർപ്പറേഷൻെറ കാര്യമായ പ്രവർത്തനമൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഇങ്ങനെ ഒരുവസ്തുത നാട്ടിൽ ഉണ്ടൊ എന്നകാര്യംതന്നെ ഇന്നാട്ടിലെ സ്ത്രീകൾക്ക് അറിയില്ല. ചാവക്കാട് വികസന ബ്ലോക്ക്‌വഴി എല്ലാവർഷവും മഹിളാസെമിനാറുകൾ നടത്താറുണ്ട്. പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ ഈസെമിനാർ നടത്തിയിട്ടുണ്ട്. പഞ്ചവടിയിൽ ഈയിടെ ആരംഭിച്ച കയറുപിരികേന്ദ്രം ഈ രംഗത്ത് ആശാവഹമായ കാൽവെയ്പ്പാണ്. എന്നാൽ ഈ പഞ്ചായത്തിൽ

സേവനതൽപരരായ നിരവധി വനിതാ പ്രവർത്തകരുണ്ട് കഴിഞ്ഞ സാക്ഷരതാ പ്രവർത്തനത്തിലും മറ്റു സാമൂഹ്യ പ്രവർത്തകരംഗങ്ങളിലും ഇത് ദൃശ്യമായതാണ്. ഇവിരെ സംഘടിപ്പിച്ച്, ബോധവൽക്കരിക്കുകയാണെങ്കിൽ വളരെയേറെ പ്രവർത്തനങ്ങൾ സാമൂഹ്യരംഗത്ത് നടത്താൻകഴിയും. പഞ്ചായത്തിൽ നാലു വനിതാമെമ്പർമാരുണ്ട് ഇവർ പൊതുരംഗ വുമായി ഇടപഴകാൻ തുടങ്ങിയിട്ടേയുള്ളു.

ചാവക്കാട് വികസനബ്ലോക്ക് വഴിയാണ് പ്രധാനമായും ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമപരിപാടികൾ നടപ്പാക്കുന്നത്. രണ്ടു സർക്കിളുകളിലായി ആറ് വാർഡുകൾക്ക് ഒരു ഗ്രാമ സേവകൻ എന്ന നിലയിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പുന്നയൂർ ഈസ്റ്റ്, വെസ്റ്റ് എന്നനിലയിലാണ് വിഭജിച്ചിട്ടുള്ളത്. ഇവിടത്തെ ഇവരുടെ പ്രവർത്തനം ചിലകാലങ്ങളിൽ വളരെ നന്നായി നടന്നിട്ടുണ്ട്. എന്നാൽ ചിലസന്ദർഭങ്ങളിൽ വളരെ മോശമാണ്. ഇതിനുകാരണം V.E.O. മാരുടെ പ്രവർത്തനശൈലിയാണ്. ചിലർ കൂടുതൽ താൽപര്യമുള്ളവരാണ്. ഇതിൻെറ ശരിയായ ചിത്രം ലഭിക്കണമെങ്കിൽ ഗുണഭോക്താകളെ നേരിട്ട് അന്വേഷിച്ചാൽ മാത്രമേ അറിയാൻ കഴിയുകയുള്ളു. IRDP സർവ്വേയിൽ ഉൾപ്പെടുത്താൻ വിട്ടുപ്പോയിട്ടുള്ള നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വി. ഇ. ഒ മാരുടെ പ്രവർത്തന വൈകല്യമാണിത് കാണിക്കുന്നത്. സർവ്വേ നീതിപൂർവ്വമായിട്ടില്ല നടന്നത് എന്നാണിതിനു കാരണം. എല്ലാവീട്ടിലും കയറി സർവ്വേ നടത്താതും ഒരുകാരണമാണ്. ഇങ്ങനെസർവ്വേ ലിസ്റ്റിൽ പ്പെടുത്തിയാൽ തന്നെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോഴും പ്രശ്നങ്ങൾ ഉണ്ടാവുന്നു. ഇതിനു പുറമേ ഈ പഞ്ചാത്തിൽ SC/ST വിഭാഗത്തിന് ആനുപാതികമായി ചിലവാർഡുകളിൽ കൊടുക്കാൻകഴിയാറില്ല. തീരെ കുറവ് ഹരിജൻ കുടുംബങ്ങൾ ഉള്ള വാർഡുകളാണിവ. ഇവർ വായ്പ എടുത്തിട്ടുമുണ്ടാവും. എന്നാൽ പകരം മറ്റു വിഭാഗങ്ങളെ ഉൾപ്പെടുത്താനും കഴിയുന്നില്ല. ഓരോവർഷവും വളരെ കുറച്ചുപേരെ മാത്രമേ ഗുണഭോക്താവായി തിരഞ്ഞെടുക്കുന്നുള്ളു. ഇതും ഇവിടെ വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. നിരവധി ആവശ്യക്കാരിൽ നിന്നും വളരെ തുച്ഛമായ ആളുകളെ തിരഞ്ഞെടുത്ത് സൗകര്യങ്ങൾ ചെയ്യുവാൻ കഷ്ടപ്പേടെണ്ടിവരുന്ന പുന്നയൂർ വെസ്റ്റ് സർക്കിളിലിലും ഈസ്റ്റ് സർക്കിളിലും ഐ. ആർ. ഡി. പി. വഴി വിതരണചെയ്ത വിവിരങ്ങൾ പട്ടികയിലുണ്ട്. പുന്നയൂർവെസ്റ്റ് വി. ഇ. ഒ സർക്കിളിൽ 92 ലെ ഐ.ആർ. ഡി. പി. സർവ്വേയിൽ 912 കുടുംബങ്ങളും 95ലെ അഡീഷണൽ സർവ്വേയിൽ 332 കുടുംബങ്ങളും ഉൾപ്പെടെ 1244 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തിയെങ്കിലും ഇനിയും നിരവധി കുടുംബങ്ങൾ സർവ്വേയിൽ ഉൾപ്പെടാനുണ്ടെന്ന് നിരന്തര സമ്പർക്കം വഴി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. 92 -93 മുതൽ 95-96 വരെയുള്ള കാലയളവിൽ 148 കുടുംബങ്ങൾക്കായി സബ്സിഡിയും വായ്പയായി 8,56,736 രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഐ. ആർ. ഡി. പി. വായ്പ വിതരണം ചെയ്യുന്നത് ഗുരുവായൂർ ഇന്ത്യൻബാങ്കും, സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യ എടക്കഴിയൂരുമാണ്. ഇവരുടെ പ്രവർത്തനവും ശ്ലാഘനീയമല്ല. എത്രമാത്രം ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കാൻ കഴിയും അതാണവരുടെ ശ്രദ്ധ. കാരണം തിരിച്ചടവിനുള്ള ബുദ്ധിമുട്ട് ബാങ്കിൻെറ പ്രവർത്തനത്തെ ബാധിക്കുന്നതാണ്. ഇതുകൊണ്ട് പരമാവധി കൊടുക്കാതിരിക്കാൻ ശ്രമിക്കുന്നു. പുന്നയൂർ ഈസ്റ്റ് വി . ഇ. ഒ സർക്കിളിൽ 92 ലെ ഐ. ആർ. ഡിപി സർവ്വേയിൽ 642 കുടുംബങ്ങളും 95 ലെ അഡീഷണൽ സർവ്വേയിൽ 84 കുടുംബങ്ങളും ഉൾപ്പെടെ 726 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഇവിടെയും ഉൾപ്പെടുത്താനുള്ളവരുടെ നീണ്ട നിര കാണാം. അഡീഷണൽ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഉണ്ടായിരുന്ന വി.ഇ.ഒ വിൻെറ കാര്യമായ അശ്രദ്ധയാണിതിനുകാരണം. ഈ സർവ്വേയിൽ കണ്ടെത്തിയ 181 കുടുംബങ്ങൾക്കായി സബ്സിഡിയായും വായ്പയായും 12,84,931 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു

ഈ പദ്ധതിയുടെ നിർവ്വചനം കാലാനുസൃതമായ മാറ്റത്തിന് വിധേയമാക്കേണ്ടതുണ്ട്. സർക്കാർ ഈ കാര്യത്തിൽ വളരെ പെട്ടെന്ന് ഒരു തീരുമാനമെടുക്കേണ്ടതുണ്ട്. ദാരിദ്ര്യരേഖ നിശ്ചയിച്ചിരിക്കുന്ന പരിധി ഇന്നുള്ളതിൽ നിന്നും ഉയർത്തേണ്ടതാണ്. സഹകരണമേഖല വഴി ഫണ്ട് അനുവദിച്ച് സഹകരണബാങ്കുകൾവഴി ഗുണഭോക്താക്കളിലേയ്ക്ക് പദ്ധതിയെത്തിക്കാൻ സംവിധാനം ഉണ്ടാകണം. ദേശസാൽകൃത ബാങ്കുകളുടെ ഉദാസീനതയിൽ നിന്നും മാറ്റമുണ്ടാവാൻ ഇത് സഹായകമാവും. ഗുണഭോക്താക്കളെ എല്ലാ വർഷം സർവ്വേ നടത്തി തിരഞ്ഞെടുക്കാനുള്ള സൗകര്യം വേണം.

ദാരിദ്ര്യരേഖയിൽ പരിധിയുള്ളതുകൊണ്ട് ഇതിലും കുറച്ചു മേലെയുള്ള ഇടത്തരക്കാർക്കുള്ള I.R.D.P പോലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. സ്ത്രീകളെ സമൂഹത്തിൽ ഉയർത്തികൊണ്ടുവരാനുള്ള പദ്ധതികൾ വേണം. ഉൽപാദകക്ഷമതയുള്ള യൂണിറ്റുകൾ തുടങ്ങാൻ DWCRA സഹായങ്ങൾ എല്ലാ വാർഡുകളിലും കൂടുതൽ എത്തിക്കേണ്ടതാണ് ഇതിനെ പഞ്ചായത്തു ബോർഡുമായി സഹകരിക്കുകയാണെങ്കിൽ കൂടുതൽ പുരോഗതി ഉണ്ടാക്കാം. DWCRA വഴി വനിതകളെ സംഘടിപ്പിച്ച് കയർ ഉല്പന്ന യൂണിറ്റ്, കറി പൗഡർ യൂണിറ്റ്, കരകൗശല യൂണിറ്റ്, തയ്യൽ യൂണിറ്റ് മുതലായവ തുടങ്ങാം. അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ ഈ യൂണിറ്റ് വഴി ഉല്പാദിപ്പിക്കുകയാണെങ്കിൽ ഇവ ലാഭകരമാക്കാം.

ട്രൈസം

18 മുതൽ 35 വരെ വയസ്സുള്ള യുവതി യുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. 92 -93 വർഷം മുതൽ 95 -96 വർഷം വരെ ഈസ്റ്റ് സർക്കിളിൽ 20 പേരും വെസ്റ്റ് സർക്കിളിൽ 16 പേരും പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം നൽകുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിപ്പിക്കേണ്ടതാണ്. ഇവർക്കു നൽകുന്ന സ്റ്റൈഫൻറ് വർദ്ധിപ്പക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നവരെ തൊഴിൽ തുടങ്ങാനുള്ള അവസരം വായ്പകൾ വഴി ഉണ്ടാക്കണം. തുടർനടപടികൾ ഇല്ലയെന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്ക് മാത്രമേ പരിശീലനം കൊടുക്കാൻ ഇപ്പോൾ സാധിക്കുന്നുള്ളു. ഇത് വളരെ ഉയർത്തണമെന്നുള്ള കാര്യം വീണ്ടും സൂചിപ്പിക്കുകയാണ്.

ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലാളികൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി ചെറിയ രീതിയിൽ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. ഇതിൻെറ ഏറ്റവും വലിയ ന്യൂനത ഉപഭോക്താവ് നൽകേണ്ട സംഖ്യയുടെ വർദ്ധനവാണ്. ഇതിനെപറ്റിയും കാര്യമായ ബോധവൽക്കരണം ഈ രംഗത്തുണ്ടായിട്ടില്ല. രണ്ടു സർക്കിളുകളിലായി 92 - 93 മുതൽ 95 - 96 വർഷം വരെ 10 പേർക്കായി 50,000/= രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈയിടെ ഈ പ്രവർത്തനത്തിൽ മന്ദീഭാവം ഉണ്ടായിട്ടുണ്ട്. പ്രശ്നം എത്രയും വേഗം പരിഹരിക്കേണ്ടതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനം പ്രോത്സാഹിപ്പിക്കുന്നതിന് പഠനോപകരണങ്ങൾ വിതരണംചെയ്തുവരുന്നു. ഇവിടെ രണ്ടുസർക്കിളുകളിലായി 10 പേർക്ക് 50, 000 രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം ഇതിൻെറയും പ്രവർത്തനം കാര്യക്ഷമമല്ല.

ദാരിദ്രരേഖക്ക് കക്കൂസ്സ് നൽകുന്ന CRCP പദ്ധതി പ്രകാരം രണ്ടു സർക്കിളുകളിലായി 93-95 ൽ 50പേർക്കായി 25000രൂപയുടെ സഹായം അനുവദിച്ചിട്ടുണ്ട്. ഇവിടെ SEV വിൻെറ പ്രവർത്തനം നടക്കുന്നതുകൊണ്ട് ഈ വകയിലുള്ള ഫണ്ട് വേറെ എന്തിനെങ്കിലും ചിലവഴിക്കാനുള്ള അവസരം ഉണ്ടാവേണ്ടതുണ്ട്.

വില്ലേജ് ഓഫീസ് വഴിയുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും, വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹസഹായധന സഹായവുമാണ് ഈ പഞ്ചായത്തിൽ ലഭ്യമാവുന്നത്. ഇപ്പോൾ പെൻഷനുകൾ ഗ്രാമ പഞ്ചായത്തിനാണ് കൈമാറിയിരിക്കുന്നത്. എന്നാൽ പ്രാവർത്തികമായിട്ടില്ല. അർഹരായ നിരവധി പേർക്ക് ഇനിയും ആനുകൂല്യങ്ങൾ കിട്ടേണ്ടതുണ്ട്. ആനുകൂല്യം ക്രമമായി കിട്ടുന്നില്ല. പലപ്പോഴും വളരെ വൈകുന്നു. ആവശ്യകാർക്ക് അനുസൃതമായി ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുന്നില്ല. ഇതുകൊണ്ട് തീർപ്പാകാതെ ധാരാളം അപേക്ഷകൾ കെട്ടികിടക്കുന്നുണ്ട്. എല്ലാ ഗ്രാമസഭകളിലും പൊന്തിവന്ന ഒരു പ്രധാനപ്രശ്നം വിധവ, അഗതി, മുതലായ പെൻഷനുകൾ വർദ്ധിപ്പിക്കുകയും കൂടുതൽ തുക വകകൊള്ളിച്ച് കൂടുതൽ പേർക്ക് കൊടുക്കണമെന്നുമാണ്. ഈയ്യിടെ മുടങ്ങി കിടക്കുന്ന പെൻഷനുകൾ എത്രയും വേഗം വിതരണം ചെയ്യാനുള്ള സംവിധനമുണ്ടാവണം.

പെൻഷനുകളെ സംബന്ധിച്ച്

വിധവാ പെൻഷൻ

ഭർത്താവ് മരിച്ച് ആൺകുട്ടികൾ പ്രായപൂർത്തിയാവത്തവർക്കാണ് ഇപ്പോൾ ഈ പെൻഷൻ നൽകുന്നത്. എന്നാൽ ഇതുമാറ്റി വരുമാനത്തിൻെറ അടിസ്ഥാനത്തിലാക്കണം. ഈ പഞ്ചായത്തിൽ 48 പേർക്കാണ് പെൻഷൻ നൽകുന്നത്.

അഗതിപെൻഷൻ

കല്യാണം കഴിയാത്തവർക്കും, കുട്ടികളില്ലാത്തവർക്കും, നിർദ്ധനരായവർക്കും, അവശരായവർക്കുമുള്ള ഈ പെൻഷൻ ഈപഞ്ചായത്തിൽ 33 പേർക്കാണ് നൽകുന്നത്. ഇതിന് കൂടുതൽ പേർക്ക് നൽകാനുള്ള ഫണ്ട് പഞ്ചായത്തിൽ ആവശ്യമാണ്. കൂടുതൽ പേർ ഇതിനർഹരായിട്ടുണ്ട്.

വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ജില്ലാ ആശുപത്രിയിൽ നിന്നാണ് ലഭിക്കേണ്ടത്. സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള കാലതാമസവും, തൃശ്ശൂരിൽ പോകാനുള്ള ബുദ്ധിമുട്ടും കാര്യമായി അനുഭവപ്പെടുന്നു. വികലാംഗർ എന്നുള്ളതുകൊണ്ട് ഇത് ഒഴിവാക്കി താലൂക്കാപ്പിസ്സിൽ നിന്ന് സർട്ടിഫിക്കറ്റ് കിട്ടാനുള്ള സൗകര്യം ഉണ്ടാക്കണം. ഇവിടെ 12 പേർക്ക് ഈ പെൻഷൻകിട്ടുന്നുണ്ട്.

## കർഷക പെൻഷൻ

അർഹരായ ധാരാളം പേർക്ക് ഈ പഞ്ചായത്തിൽ ഇനിയും ഈ പെൻഷൻ കിട്ടാനുണ്ട് എന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ജീവിതം മുഴുവൻ കഷ്ടപ്പെട്ട് ജോലി ചെയ്ത് അവസാനം ഏതെങ്കിലും ഒരു സന്താനം ജോലിയിലോ, ഗൾഫിലോ പോയെന്ന് വെച്ച് ഇവർക്ക് ഈ ആനുകൂല്യം നൽകാതിരിക്കുന്നത് തെറ്റായ കാഴ്ചപ്പാടാണ്. ഇത് മാറ്റേണ്ടതാണ്. ഇവിടെ 188 പേർക്ക് കിട്ടുന്നുണ്ട്.

## തൊഴിലില്ലായ്മ വേതനം

ഈ പഞ്ചായത്തിൽ രണ്ടു വില്ലേജുകളിലായി 17 പേർ തോഴിലില്ലായ്മ വേതനം പറ്റുന്നുണ്ട്.

## മത്സ്യതൊഴിലാളി പെൻഷൻ

ഈ പഞ്ചായത്തിലെ മുഴുവൻ മത്സ്യതൊഴിലാളികൾക്കും, വിതരണ തൊഴലാളികൾക്കും, ക്ഷേമനിധിയും, പെൻഷനും കിട്ടനുള്ള സംവിധാനം വേണം. വളരെ കുറച്ചു പേർക്കു മാത്രമേ ഇപ്പോൾ കിട്ടുന്നുള്ളൂ.

## അംഗൻവാടികൾ.

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 26 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടിയാണ് ലക്ഷ്യമെങ്കിലും ഐ. സി. ഡി എസ്സിൻെറ ഈ ലക്ഷ്യം നിറവേറണമെങ്കിൽ ഇനിയും അംഗൻവാടികൾ ഉണ്ടാവേണ്ടതുണ്ട്. നിലവിലുള്ള അംഗൻവാടികളിൽ പ്രാഥമിക സൗകര്യത്തിൻെറ അഭാവം കാര്യമായിട്ടുണ്ട്. ഇത് ജീവനക്കാരിൽ അസന്തുഷ്ടിയും കുട്ടികളിലും രക്ഷിതാക്കളിലും പ്രയാസമുണ്ടാക്കുന്നു. സ്വന്തമായി സ്ഥലവും, കെട്ടിടമില്ലത്തതും, കളിപ്പാട്ടങ്ങളുടേയും ബുദ്ധിവികാസ പ്രവർത്തനങ്ങളുടെ അഭാവവും കാര്യമായി ബാധിക്കുന്നുണ്ട്. വരും തലമുറകളെ വാർത്തെടുക്കുന്ന അങ്കകളരിയായി നാം കാണുന്ന അംഗൻവാടി ജീവനക്കാരുടെ സ്ഥിതി ദയനീയമാണ്. രാവിലെ 9 മണി മുതൽ 3½ മണി ജോലി ചെയ്യുന്ന ഇവർക്ക് ആരോഗ്യമേഖലയിൽ ഗൃഹസന്ദർശനം ഉൾപ്പെടെ വളരെ വലിയ ജോലിഭാരമാണ്. എല്ലാ പ്രയാസങ്ങളും സഹിച്ച് നാടിൻെറ ഉന്നമനത്തിന് ഇന്ന് ആത്മാർത്ഥമായി പ്രവർത്തിക്കുന്നവർ ഇവർ മാത്രമാണ്. പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഇത് വർദ്ധിപ്പിക്കേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമാണ്. ഈ പഞ്ചായത്തിൽ ഇനിയും നിരവധി അംഗൻവാടികൾ വേണ്ടതുണ്ട്. ജനസംഖ്യാടിസ്ഥാനത്തിൽ തന്നെ ഇനി ഏഴു അംഗൻവാടികൾ വേണം. ഇവിടത്തെ അംഗൻവാടികൾ വ്യത്യസ്ത സർക്കിളുകളിലാണ്. ഇവ ഒരൊറ്റ സർക്കിളിൽ കൊണ്ടുവന്നാൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം നടത്താൻ സാധിക്കും.

## നിർദ്ദേശങ്ങൾ.

1) ഏതെങ്കിലും ഏജൻസികളെകൊണ്ട് അംഗൻവാടികൾക്ക് സ്ഥലം വാങ്ങാനും, കെട്ടിടം വെക്കാനും, ഫണ്ട് അനുവദിപ്പിക്കണം.
2) പഞ്ചായത്ത് ഭൂമിയും, മിച്ചഭൂമികളും അംഗൻവാടികെട്ടിടം പണിയാൻ വിട്ടുകൊടുക്കണം.
3) ആവശ്യമുള്ള അംഗൻവാടികൾ ഉടനെ ആരംഭിക്കണം.
4) DWCRA യുടെ ഫണ്ടിൻെറ നിശ്ചിതശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നല്കണം.
5) അംഗൻവാടി കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള സംഖ്യ വർദ്ധിപ്പിക്കണം.
6) അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും, സേവനവേതന വ്യവസ്ഥകൾ വർദ്ധിപ്പിക്കണം.
7) സർവ്വീസിനനുസരിച്ച് പ്രമോഷൻ സമ്പ്രദായം നടപ്പാക്കണം.
8) താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക. ഒഴിവുകൾ നികത്തുക.

★

## വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ.


| വാർഡ് | ഓട് | ഓല | ടെറസ് | ആകെ |
|---|---|---|---|---|
| I | 195 | 180 | 143 | 518 |
| II | 179 | 317 | 100 | 612 |
| III | 279 | 362 | 327 | 968 |
| IV | 174 | 313 | 253 | 741 |
| V | 156 | 234 | 129 | 519 |
| VI | 219 | 293 | 200 | 712 |
| VII | 195 | 196 | 277 | 668 |
| VIII | 165 | 122 | 168 | 455 |
| IX | 103 | 207 | 121 | 431 |
| X | 171 | 311 | 254 | 736 |
| XI | 227 | 235 | 199 | 667 |
| | 2063 | 2770 | 2171 | 7027 |



# പട്ടിക 4

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം.

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| V | കയർ നിർമ്മാണം | 1996 | 20 | നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. |



# വനിത

വനിതാ വിമോചന പ്രസ്ഥാനം ലോകമെമ്പാടും സജീവമായി മുന്നേറുന്ന ഈ അവസരത്തിൽ ഇതൊന്നുമറിയാതെ പുന്നയൂർ ഗ്രാമപഞ്ചായത്തിലെ സ്ത്രീകൾ ഒതുങ്ങിക്കൂടുകയാണ്.

പഴയക്കാലത്ത് സാമൂഹ്യപ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടത്തിൽ സ്ക്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. കുടിപ്പള്ളിക്കൂടത്തിൽ നിന്നാണ് പെൺകുട്ടികൾക്ക് എഴുതാനും വായിക്കാനുമുള്ള അറിവ് ലഭിച്ചത്. എന്നാൽ എല്ലാ മതവിഭാഗങ്ങൾക്കും ഇവിടെ പ്രവേശനം ഇല്ലായിരുന്നു. എല്ലാ പ്രധാന പരിപാടികളിലും സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ കെട്ടുകല്ല്യാണസമ്പ്രദായം നിലവിലുണ്ടായിരുന്നു. 1991ലെ സെൻസസ് പ്രകാരം സ്ത്രീ ജനസംഖ്യ 16252 ആണ് പുരുഷന്മാരെക്കാൾ 571 എണ്ണം കുറവാണ്. സ്ത്രീകളുടെ വർദ്ധന സമൂഹത്തിൽ ഉയർന്ന സ്ഥാനം കിട്ടേണ്ടതിൻെറ ആവശ്യകത സൂചിപ്പിക്കുന്നു. 6 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലാണ്. പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലായിരുന്നു. മമ്മിയൂർ ലിറ്റിൽ ഫ്ളവർ സ്ക്കൂൾ ആരംഭിച്ചതോടെ പഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ സ്ത്രീകൾ കൂടുതൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടാൻ തുടങ്ങി. പെൺകുട്ടികൾക്ക് മാത്രമായുള്ള സ്ക്കൂളായതുകൊണ്ട് ഇന്ന് നിരവധി കുട്ടികൾ ഇവിടെനിന്നും അവിടെ പഠിക്കുന്നു. എടക്കഴിയൂർ S. S. M. V. H. Sൻെറ ഉത്ഭവത്തിനുശേഷം S. S. L. C. വരെ വിദ്യാഭ്യാസം ലഭിച്ച വിദ്യാർത്ഥിനികളുടെ എണ്ണം പടിഞ്ഞാറൻ മേഖലയിൽ വർദ്ധിച്ചു. ബിരുദധാരിണികൾ ആദ്യകാലത്ത് തീരെ കുറവായിരുന്നു. ആദ്യത്തെ വനിത ഡോക്ടർ പ്രശസ്തകവി എം. ഗോവിന്ദൻെറ സഹധർമ്മിണി കെ. സി. പത്മാവതി അമ്മയാണ്. ലിറ്റിൽ ഫ്ളവർ കോളേജ് വന്ന ശേഷം ഇതിനും ചില മാറ്റങ്ങളുണ്ടായി. ഇന്ന് വനിത വിദ്യാഭ്യാസം പ്രോത്സാഹജനകമായി വർദ്ധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിലും, ഉയർന്ന ജോലിയിലും സ്ത്രീ പങ്കാളിത്തം കുറവാണെങ്കിലും സ്ത്രീകളാണ് പുരുഷന്മാരെക്കാൾ അദ്ധ്യാപനരംഗത്ത് കൂടുതൽ.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ എണ്ണം കൂടുതലുള്ള പഞ്ചായത്താണ്. എന്നാൽ വ്യവസായിക മേഖലയിൽ ഇവരുടെ കഴിവ് വേണ്ടത്ര സജീവമായിട്ടില്ല. ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ, എന്നിവയിൽ വനിതകളെ ഉൾപ്പെടുത്തി തീവ്രയത്ന പരിപാടി അടിയന്തിരാവശ്യമാണ്. കാര്യമായ മഹിളാ സമാജങ്ങളൊന്നും ഇവിടെയില്ല. ഇവിടെ ചില അംഗൻവാടിയുടെയും സംഘടനകളുടെയും താല്പര്യത്തിൽ ആറോളം വനിതാസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. രാഷ്ട്രീയ പാർട്ടികളിലും വനിതാപ്രവർത്തനം കാര്യമായി ഉണ്ടായതായി തോന്നുന്നില്ല. പഞ്ചായത്തിലെ നാലു വാർഡുകൾ സ്ത്രീ സംവരണമാണ്. നിർബന്ധമായും ഒഴിഞ്ഞുകൂടാൻ പറ്റാത്തതുകൊണ്ട് വനിതാ മെമ്പർമാർ രംഗത്തു വന്നു എന്നാണ് പിൽക്കാലപ്രവർത്തനം കാണിക്കുന്നത്. എന്നാൽ മുമ്പ് നടത്തിയ സാക്ഷരതാ പ്രവർത്തനത്തിലും മറ്റു പഞ്ചായത്ത് വികസന കാര്യങ്ങളിലും വനിതകൾ സജീവമായി തുടങ്ങിയിട്ടുണ്ട്. വനികളുടെ നേതൃത്വത്തിൽ ആരംഭിച്ച കയർ നിർമ്മാണകേന്ദ്രം കഴിഞ്ഞവർഷം പഞ്ചവടിയിൽ സ്ഥാപിച്ചു പ്രവർത്തനം നടത്തുന്നു.

ഭർത്താക്കന്മാർ വിദേശത്തുള്ളവരാണ് സ്ത്രീകളിൽ കൂടുതൽ പേരും. ഇവരാണ് കുടുംബനാഥകളായിട്ടുള്ളത്. ഇത് വലിയ ബാധ്യതയുണ്ടാക്കുന്നു. ആധുനിക സൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ ഇവിടുത്തെ സ്ത്രീകളും തൻേറടത്തോടെ പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. സ്ത്രീകളിൽ വനിതാ ഡോക്ടറുടെ ജോലി ചെയ്യുന്നവരാണ് ഏറ്റവും ഉയർന്ന വിദ്യാഭ്യാസമുള്ളവർ.

സ്ത്രീകളുടെ നേരെയുള്ള അക്രമങ്ങൾ പൊതുവേ കുറവാണ്. എന്നാൽ പടിഞ്ഞാറൻ ഭാഗങ്ങളിൽ ഇടക്കൊക്കെ സ്ത്രീ പീഢനകേസുകൾ റിപ്പോർട്ട് ചെയ്യാറുണ്ട്. സ്ത്രീകളിലാണ് നിരക്ഷരത കൂടുതലുള്ളത്. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും നിറവേറ്റാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും ജോലികൾ ഏറ്റെടുക്കാൻ വനിതകൾ വിമുഖത കാട്ടുന്നു.

സാമൂഹ്യ, പൊതുരംഗങ്ങളിൽ സജീവപങ്കാളിത്വം വർദ്ധിപ്പിക്കാൻ സ്ത്രീകൾക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. വനിതാ സെമിനാർ ഇതിനുപകരിക്കും. സ്ത്രീകളെ നേതൃത്വനിരയിൽ കൊണ്ടുവരാൻ സന്നദ്ധ രാഷ്ട്രീയസംഘടനകൾ തയ്യാറാവണം. പഞ്ചായത്ത് തലത്തിൽ വനിതകൾക്കായി പ്രത്യേകം ഓഫീസർമാരും പ്രവർത്തനരീതികളും ഉണ്ടാവേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. വനിത സഹകരണസംഘം ആരംഭിക്കണം.
2. വനിതാ കോർപ്പറേഷൻെറ പ്രവർത്തനം താഴെ തട്ടിലേക്ക് പ്രാവർത്തികമാക്കണം.
3. സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങുവാൻ സ്ത്രീകൾക്ക് പ്രത്യേക പ്രോത്സാഹനം വേണം.
4. ബോധവൽക്കരണം വേണം.
5. കൂടുത തൊഴിലവസരങ്ങൾ വേണം.
6. അങ്കൺവാടിയിലെ സേവന - വേതനനിരക്കുകൾക്ക് മാറ്റം വേണം.
7. തൊഴിൽ സംരംഭം തുടങ്ങുന്നതിന് സാമ്പത്തിക സഹായം ഉദാരമായ നിലയിൽ നൽകണം.
8. തുല്യജോലിക്ക് തുല്യവേതനം വേണം.
9. സ്ത്രീകളിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളും നീക്കം ചെയ്യാൻ സെമിനാറുകൾ നടത്തണം.

| | മൊത്തം ജനസംഖ്യ | സാക്ഷരർ | നിരക്ഷരർ |
|---|---|---|---|
| പുരുഷന്മാർ | 16813 | 13476 | 3337 |
| സ്ത്രീകൾ | 16252 | 12532 | 3720 |
| ആകെ | 33065 | 26008 | 7057 |

# പട്ടികജാതി ക്ഷേമം

പുന്നയൂർ ഗ്രാമപഞ്ചായത്തിൽ 3954 പട്ടിക ജാതിക്കാർ മാത്രമേയുളളൂ. പട്ടികവർഗ്ഗത്തിൽപ്പെട്ടവരില്ല.

വിദ്യഭ്യാസ സാമൂഹ്യമേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തീകമായി ഇന്നും പിന്നോക്കം ലിൽക്കുന്നവരാണ് കൂടുതൽ. എന്നാൽ കഴിഞ്ഞ10 വർഷത്തെ പട്ടികജാതിവിഭാഗക്കാരുടെ പുരോഗതി ശ്ലാഘനീയമാണ്. സാമൂഹ്യസാമ്പത്തീകരംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ചഭൂമി വിതരണവും, നിർമാണകാർഷീകരംഗങ്ങളിലെ കൂലി വർദ്ധനവും കാര്യമായി പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമോചനം നേടാൻകഴിഞ്ഞിട്ടുണ്ട്. എല്ലാ പൊതുപരിപാടികളിലും എല്ലാജാതിവിഭാഗങ്ങളിലും ചടങ്ങുകളിലും സങ്കോചമില്ലാതെ പങ്കെടുക്കാൻ കഴിയുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സർക്കാർ ലൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന്റെ ഭൗതീകനേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ളത്. അംഗീകാരം ലഭിച്ചരണ്ട് കോളനികളും, അംഗീകാരത്തിന് സമർപ്പിച്ച 26 കോളനികളും ഉണ്ട്. പട്ടികജാതിവിഭാകക്കാരുടെ വീടുകൾ ഒറ്റൊക്കൊറ്റക്കായി നിൽക്കുന്നതിനാൽ കോളനി അനുകൂല്യങ്ങൾ ലഭ്യമാകാൻ ബുദ്ധിമുട്ടുന്നു.

## വിദ്യഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണ്. വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എസ്.എസ്.എൽ.സി വിദ്യാഭ്യാസം മിക്കവാറും യുവതി യുവാക്കൾക്കുണ്ട്. എന്നാൽ തുടർവിദ്യാഭ്യാസത്തിന് സാധിക്കാതെയും കുടുംബബാധ്യത കാരണവും പഠനംനിർത്തേണ്ടിവന്ന നിരവധി കുട്ടികൾ ഇവിടെ ഉണ്ട്. വിദ്യാഭ്യാസത്തിൽ ഉയർന്നനിലയിൽഎത്തിയവരും പട്ടികജാതി വിഭാഗത്തിൽ ഈ പഞ്ചായത്തിലുണ്ട്. ഡോക്ടർമാരും, എഞ്ചിനീയർമാരും, വിവിധ മേഖലയിൽ സർക്കാർ, അർദ്ധസർക്കാർ വിഭാഗത്തിൽ ജോലിചെയ്യുന്നവരും, വിദേശത്ത് ജോലി ചെയ്യുന്നവരും വളരെയധികം ഈ പഞ്ചായത്തിലുണ്ട്. 1996-97 അധ്യായന വർഷത്തിൽ ധാരാളം പട്ടികാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95-96 വർഷത്തിൽ യു.പി ഹൈസ്ക്കൂളിലായി കുറെ കുട്ടികൾ പഠനം നിർത്തിയിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസത്തിലും നിരവധി കുട്ടികൾ പഠിക്കുന്നുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി S.S.L.C പാസ്സായ കുട്ടികൾക്ക് പഠനോപകരണങ്ങൾ 25 ഓളം പേർക്ക് ഈ പഞ്ചയാത്തിൽ കൊടുത്തിട്ടുണ്ട്. ഈവർഷം ഈ പദ്ധതി ഉണ്ടായിട്ടില്ല. ഇത് വികസന ബ്ലോക്ക് വഴിയാണ് നടപ്പിലാക്കുന്നത്. കൂടതൽ വിദ്യാഭ്യാസമ്പന്നരെ സൃഷ്ടിക്കുന്നതിൽ കുരഞ്ഞിയൂർG.H.W.L.P സ്ക്കൂൾ സ്തുത്യർഹമായ സേവനം നടത്തിയിട്ടുണ്ട്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരായിരുന്നു. എന്നാൽ ഇടക്കാലത്തുണ്ടായ കാർഷിക തകർച്ച മറ്റു മേഖലകിലേക്ക് കടക്കാൻ ഇവരെ പ്രേരിപ്പിച്ചു. പരമ്പരാഗതാമായതൊഴിലുകൾ ചെയ്യുന്നവരുണ്ട്. നിർമ്മാ പ്രവർത്തനങ്ങളിൽ ധാരാളം അവസരങ്ങളുണ്ടായത് തൊഴിൽ സാധ്യത കുടുതലുണ്ടാക്കുന്നു. ഈ മേഖലയിൽ സ്ത്രിക്ക് 90 രൂപയും പുരുഷന് 125രൂപയും കൂലി ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പൂർണ്ണമായും പുതിയ തലമുറ കാർഷികവൃത്തിയിൽ നിന്ന് മാറി മറ്റു മേഖലകളിൽ തൊഴിൽചെയ്യുന്നതിനാൽ കൊയ്ത്ത്, നടീൽ മുതലായ പ്രവൃത്തികൾക്ക് ആളെ കിട്ടാൻ ബുദ്ധിമുട്ടുന്നുണ്ട്. ഈപ്രവൃത്തികൾ പരമ്പരാഗതമായി ഈവിഭാഗത്തിലെ സ്ത്രികളാണ് നടത്തിയിരുന്നത്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യഉല്പാദന വർദ്ധനവിന്റെ ആവശ്യകത മനസ്സിലാക്കി ഈ മേഖലയിൽ കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളേണ്ടതുണ്ട്. സീസണുകളിലെ കാർഷിക തൊഴിലിന് ഇടക്കുള്ള സമയം പായ്നെയ്ത്ത് പോലുളഅള ജോലികൾക്ക് ഉപയോഗിച്ചിരുന്നു. എന്നാൽ കൈതകൾ നാമവശേഷമായപ്പോശ ഈരംഗം നിശ്ചലമായി. മുള കൊണ്ടുള്ള സാധനസാമഗ്രികൾ ഉണ്ടാക്കി

ഉപജീവനം നടത്തുന്ന വിഭാഗവുണ്ട്. മുളയുടെ ലഭ്യതകുറവും, മുളസാധനങ്ങൾ പ്ലാസ്റ്റിക്‌വഴിമാറിയതും ഈ മേഖലയിലും തളർച്ചയുണ്ടാക്കിയിട്ടുണ്ട്. തെങ്ങുക്കയറ്റ തൊഴിലാളികളാണ് പ്രധാനമായും പട്ടികജാതിവിഭാഗത്തിലുള്ളവർ. ഉപജീവനത്തിനുള്ള ഈ സാഹസപ്രവർത്തനത്തിനും യുവതലമുറ തയ്യാറാവുന്നില്ല. ഈ തൊഴിലിന് സാധ്യതയുള്ള ഈതൊഴിലിന് സാധ്യതയുള്ള ഈപ്രദേശത്ത് തെങ്ങുകയറ്റം പരിശീലിപ്പിക്കാൻ സംവിധാനമുണ്ടാക്കണം. ഈ വിഭാഗത്തിൽ പ്രശംസനീയമായ രീതിയിൽ ക്ഷേത്രകലകൾ നടത്തുന്നവരുണ്ട്. ഇവർക്ക് വേണ്ട പ്രോത്സാഹനമോ, അംഗീകാരമോ ലഭിക്കുന്നില്ല. കൂലിവേല ചെയ്ത് മാത്രം ഉപജീവനം കഴിച്ചു വരുന്ന ഈ വിഭാത്തിന് തൊഴിൽ ഉറപ്പുവരുത്തുവാൻ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും വേണം.

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിച്ചിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. വിവിധപദ്ധതികൾ പ്രകാരം 150 വീടുകൾ നൽകിയിട്ടുണ്ട്. 125 വീടുകൾ വൈദ്യുതികരിച്ചിട്ടുണ്ട്. രണ്ടു ഹരിജൻ കോളനികളും 26 നിർദിഷ്ട കോളനികളുമുണ്ട്. മിക്കവീടുകൾക്കും പരിമിതസൗകര്യങ്ങളുണ്ട്. ചെറ്റകുടിലുകൾ വളരെ കുറവാണ്. വിവി ഏജൻസികളുടെ നിർമ്മാണഫണ്ടിൻെറ കുറവുമൂലം പണി ഇടക്കുവെച്ച് നിർത്തിയിട്ടുള്ള വീടുകൾ ധാരാളമാണ്. ആധാരം വെച്ച് കടമെടുത്തിട്ടുള്ളവർ കടകെണിയിൽപ്പെട്ടുഴലുന്നു. ഇവർക്ക് സ്ഥലമെടുത്ത് വീടു വെച്ചു കൊടുക്കേണ്ടതാണ്. കോളനിയായി പ്രഖ്യാപിച്ച നായാടി കോളനിക്കാർക്ക് കൊടുത്ത എല്ലാ സൗജന്യങ്ങളും വിറ്റു കശാക്കി ഇപ്പോഴും പഴയ രീതിയിൽ നാടോടികളായി നടക്കുന്നു.

കക്കൂസും, കുടിവെള്ളവും സൗജന്യമായി ലഭ്യമാക്കണമെന്ന് ഗ്രാമസഭകൾ നിദ്ദേശിക്കുന്നു. പരിഷ്കരിച്ച രീതിയിൽ കൂടുതൽ തുക മുൻകൂറായി നൽകി വീട് സ്ഥാപിക്കാൻ സൗകര്യം ഉണ്ടാക്കി കൊടുക്കണം. ഇവർക്കായി തൊഴിലധിഷ്ടത വിദ്യാഭ്യാസം സൗജന്യമായി നൽകാനുള്ള സംവിധാനം ഈ പഞ്ചായത്തിൽ വേണം. കൂടുതൽ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ഇവർക്ക് പ്രോത്സാഹകരമായ രീയിൽ സബ്സീഡിയും വായ്പയും അനുവദിക്കണം. I.R.D.P. യിൽ കൂടുതൽ പേരെ ഗുണഭോക്തക്കളായിതിരെഞ്ഞെടുക്കണം. തൊഴിലാളികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തണം. കാർഷിക പെൻഷൻ കൂട്ടുകയും ഇവരിൽ അർഹമായ മുഴുവൻ പേർക്കും ലഭിക്കാനുള്ള സൗകര്യമുണ്ടാവുകയും വേണം. കോളനിയിൽ ടി.വി, റേഡിയോ എന്നിവ സ്ഥാപിക്കണം. സാക്ഷരതാ പ്രവർത്തനം വഴി വനിതകളെബോധവൽകരിക്കണം. ഓല പുരകൾ ഓടുവെക്കാനുള്ള സൗകര്യം സൗജന്യമായി ഉണ്ടാക്കി കൊടുക്കണം. ഇവിടെ സ്വന്തമായി ഭൂമിയുള്ളവർക്ക് മില്ല്യൺ വെൽപ്രോഗ്രാം പ്രകാരം പദ്ധതികൾ നടപ്പിലാക്കണം.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതിക്കനുസൃതമായി തൊഴിൽ ലഭിച്ചിട്ടില്ല.
2. കാർഷിക മേഖലയുടെ തളർച്ച തൊഴിൽ കുറയാൻകാരണമായി.
3. ജീവിതഭാരം കൂടുന്നു.
4. അനുകൂല്യങ്ങളെ കുറിച്ച് ബോധമില്ല.
5. സ്വന്തമായി സ്ഥലമില്ല.
6. എല്ലാവർക്കും വീടില്ല.
7. ഒറ്റഒറ്റക്ക് താമസിക്കുന്നതുകൊണ്ട് കോളനികളുടെ ആനുകുല്യം ലഭ്യമല്ല.
8. വീടുവെക്കാനുള്ള ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല. നിർമ്മാണം തുടങ്ങാൻ സാമ്പത്തിക സഹായം മുൻകൂട്ടിലഭിക്കുന്നില്ല.
9. പടിഞ്ഞാറൻ ഭാഗത്ത് പൊതുശ്മശാനമില്ല.
10. നിർദ്ധനരുടെ കുടുംബത്തില്ലെ അംഗങ്ങളുടെ ചികിത്സക്കും,പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
11. കടക്കെണിയിൽ പേട്ടുപോകുന്നു.
12. I.R.D.P പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

പട്ടികജാതി വികസന കോർപ്പറേഷൻെറയും അഭ്യസ്തവിദ്യർക്ക് നൽകുന്ന വായ്പയും സഹായവും ലക്ഷ്യം

നേടുന്നില്ല.

## നിർദ്ദേശങ്ങൾ

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം.
2. പായനെയ്ത്ത്, മൂള സാധനനിർമ്മാണം എന്നിവ വ്യവയായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.
3. പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
4. പട്ടികജാതിക്കാർക്ക് വിവിധ ഏജൻസികൾ നൽകുന്ന എല്ലാ ആനുകല്യങ്ങളും, സഹായങ്ങളും,വായ്പകളും ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കുക. ഇതിനായി പഞ്ചായത്തിൽ ഒരാളെ നിയമിക്കുക.
5. വ്യവസായ പരിശീലനം കൊടുക്കുകയും, വ്യവസായം തുടങ്ങാൻ പ്രോത്സാഹിപ്പിക്കുകയും ധനസഹായം നൽകുകയും വേണം.
6. വീടു നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുയും സഹായം മുൻകൂട്ടി നൽക്കുകയും വേണം.
7. ഓലമേഞ്ഞ വീടുകൾ ഓടുവെക്കാൻ ധനസഹായം വേണം. അറ്റകുറ്റ പണികൾക്ക് സഹായം ലഭിക്കണം.
8. വീടും സ്ഥലവും ഇല്ലാത്തവർക്ക് അത് ഉണ്ടാക്കി കൊടുക്കുവാൻ സംവിധാനം വേണം. മുഴുവൻ വീടുകളും സൗജന്യമായി വൈദ്യുതികരിക്കണം.
9. ഒന്നുമുതൽ എട്ടുവരെ വാർഡുകൾക്ക് പടിഞ്ഞാറൻ മേഖലയിൽ പൊതുശ്മശാനം നിർമ്മിക്കണം.
10. പാന്തറ ഹരിജൻ കോളനിറോഡ് പ്രാവർത്തികമാക്കണം.
11. ക്ഷേത്ര കലാകാരൻമാർക്ക് വേണ്ട പ്രോത്സാഹനവും അംഗീകാരവും നൽകണം.
12. ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.
13. കൂരഞ്ഞിയൂർ G.H.W.L.P സ്ക്കൂളിന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം കെട്ടണം.
14. നിലവിലുള്ള ശ്മശാനം വൈദ്യുതൂകരിക്കണം.

### പട്ടിക 1

| മൊത്തംജനസംഖ്യ | പട്ടികജാതിക്കാർ | പുരുഷന്മാർ | സ്ത്രീകൾ. |
|---|---|---|---|
| 33065 | 3954 | 16813 | 16252 |

### പട്ടിക 2
### Sc/St വിദ്യാർത്ഥികൾകളുടെ കണക്ക്

| LP | | UP | | HS | |
|---|---|---|---|---|---|
| ആകെ | Sc/St | ആകെ | Sc/St | ആകെ | Sc/St |
| 1565 | 152 | 2774 | 143 | 1460 | 95 |

# സഹകരണം

സാമ്പത്തികമായി താഴെതട്ടിൽ ജീവിക്കുന്ന കർഷക സമൂഹത്തെ രക്ഷിക്കുന്നതിന്നായി 1904 ലെ സഹകരണ നിയമത്തിൻെറ (Co-operative Societies act 1904) അടിസ്ഥാനത്തിൽ രൂപികൃതമായ കാർഷീകവായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് നമ്മുടെ രാജ്യത്ത് സഹകരണസംഘത്തിന് തുടക്കം കുറിക്കുന്നത്. പുന്നയൂർ പഞ്ചായത്തിൽ ഇപ്പോൾ ''പുന്നയൂർ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ : P 584'' എന്ന നാമധേയത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനം എടക്കര എന്ന സ്ഥലത്ത് വെച്ച് '' പർസപര സഹായ സംഘം'' എന്ന പേരിൽ 2-11-66ൽ റെജിസ്റ്റർ ചെയ്യുകയും 31-3-67 ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. -6-84ൽ 0.2355/ 84ൽ പുന്നയൂർ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപതം എന്ന നാമധേയത്തിൽ ബാങ്കിംഗ് സർവ്വീസ് ആരംഭിച്ചു. ഇപ്പോൾ 4000 മെമ്പർമാരും 252993 രൂപ 50 പൈസ Share മുണ്ട്. ഈ ബാങ്കിന് 7 1/2 സെൻറ് സ്ഥലവും കെട്ടിടവും സ്വന്തമായുണ്ട. കൺസ്യൂമർ സ്റ്റോറും, ഒരു വളം ഡിപ്പോയും നടത്തിവരുന്നു. ശിവദാസ് തെക്കിനിടേയത്ത്. കെ. മൊയ്തു, കെ. മുഹമ്മദാലി, എം. ബി. ബാവുട്ടി എന്നിവരുടെ ശ്രമഫലമായിട്ടാണ് ഈ സൊസൈറ്റി രൂപം കൊണ്ടത്.

ഇപ്പോൾ എം. ബി. ബാവുട്ടി സാഹിബ് പ്രസിഡൻറായും, എസ്. കെ. ബാവ. എ.വി. മുഹമ്മദ്കുട്ടി, കെ. അബ്ദുൾ അസീസ്സ്, ടി.വി. നാരായണൻ പി. എം.ഹംസ്സകുട്ടി, സൈതലവി, കെ.കെ. ശിവദാസൻ, കെ.കെ. സുലൈഖ എന്നിവരാണ് ഡയറക്ടർ ബോർഡ് അംഗങ്ങൾ. തെക്കിനിയേടത്ത് ശിവദാസ്, കെ. മൊയ്തു , കെ. മുഹമ്മദാലി, എം. ബി, ബാവുദി സാഹിബ് എന്നിവർ മുൻ സൊസൈറ്റി പ്രസിഡൻറ്മാരായിരുന്നിട്ടുണ്ട്. പുന്നയൂർ ഗ്രാമപഞ്ചായത്ത് മുഴുവൻ ഈ സഹകരണ സംഘത്തിൻെറ പ്രവർത്തന മേഖലയാണ്. ജനകീയ ഭരണസമിതികൾ മാറി മാറി വന്നെങ്കിലും ഗൾഫ് മേഖല ഇത്രയധികം ശക്തമായി ഉണ്ടായിരുന്നിട്ടും സഹകരണമേഖല പുഷ്ടിപ്പെടുത്താൻ സാധിച്ചില്ല എന്നുള്ളത് ഒരു വാസ്തവം മാത്രമാണ്. 75% ജനങ്ങളും നിവസിക്കുന്ന പടിഞ്ഞാറൻമേഖല കനോലിക്കനാലിപ്പുറത്തായതും സഹകരണസംഘം സ്ഥിതി ചെയ്യുന്ന എടക്കഴിയൂർ എത്തിപ്പെടാനുള്ള യാത്രാക്ലേശവുമാണ് ഇതിൻെറ വളർച്ചയെ തടഞ്ഞുനിർത്തിയത്. ഇതിനൊരു പരിഹാരമായി എടക്കഴിയൂർ, മന്ദലാംകുന്ന് എന്നിവിടങ്ങളിൽ ബ്രാഞ്ചുകൾ തുടങ്ങി. സർവ്വീസ് ആരംഭിക്കേണ്ടതാണ്. പദ്ധതികൾ ഏറ്റെടുത്തു നടത്താൻ സ്ഥിരം ഡിപ്പാസിറ്റിൻെറ കുറവ് കാര്യമായി ബുദ്ധിമുട്ടുണ്ടാക്കുന്നു.

ഇവിടെ പട്ടിക വർഗ്ഗക്കാരുടെ ക്ഷേമകര്യങ്ങൾക്കായി ഒരു പട്ടികജാതി സഹകരണസംഘം ഉണ്ടെങ്കിലും അതിൻെറ പ്രവർത്തനം വളരെ പരിതാപകരമാണ്. ഇപ്പോൾ ഇത് പ്രവർത്തന രഹിതമാണ്.

മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യതൊഴിലാളി സഹകരണസംഘങ്ങൾ രണ്ടെണ്ണം പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിൻെറ ലക്ഷ്യം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.

കയർ, ഖാദി, ചെറുകിട കുടിൽ വ്യവസായം, മൃഗസംരക്ഷണം സംഘം, ക്ഷീര വികസന സഹകരണസംഘം എന്നിവ ഈ പഞ്ചായത്തിൽ നിലവിലില്ലാത്തത് ഈ മേഖലയിലെ കൂട്ടായ്മക്കും, വികസനത്തിനും ബുദ്ധിമുട്ടുണ്ടാക്കുന്നു.

<u>പ്രശ്നങ്ങൾ</u>

1) പുന്നയൂർ സർവ്വീസ് സഹകരണബാങ്ക് നിലനിൽക്കുന്ന പ്രദേശം മറ്റു ഭാഗങ്ങളിൽ നിന്നും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള സ്ഥലത്താണ്.
2) സ്ഥിരം ഡപ്പോസിറ്റിൻെറ കുറവ് സൊസൈറ്റിയുടെ വളർച്ചക്ക് തടസ്സം നിൽക്കുന്നു.
3) ജില്ലാ സഹകരണ ബാങ്കിനെ മാത്രം ആശ്രയിച്ചേ പദ്ധതികൾ നടപ്പാക്കാൻ സാധിക്കുന്നുള്ളൂ.
4) പടിഞ്ഞാറൻ മേഖലയിൽ സഹകരണസംഘത്തിൻെറ ബ്രാഞ്ചിൻെറ അഭാവവും, കിഴക്കൻ ഭാഗങ്ങളിൽ തൊട്ടുകിടക്കുന്ന പേരകം സർവ്വീസിൻെറ സാമീപ്യവും ഈ ഗ്രാമപ്രദേശത്തെ ഡപ്പോസിറ്റുകൾ പുറത്തേക്ക് പോകാൻ കാരണമാകുന്നു.
5) കർഷകർക്കാവശ്യമാ രീതിയിൽ വായ്പാ സ്കീമുകൾ തയ്യാറാക്കാൻ കഴിയുന്നില്ല.
6) വായ്പകൾ തിരിച്ചടക്കാത്തതിൻെറ ഫലമായി കുടിശ്ശിക വൻ ഭീഷണി ഉയർത്തുന്നു.
7) പഞ്ചായത്തിൻെറ ഫണ്ടുകൾ പോലും പുറത്തുള്ള ബാങ്കിൽ നിക്ഷേപിക്കുന്നു.
8) ഈ പഞ്ചായത്തിൻെറ മുക്കിലും മൂലയിലും കൂണുപോലെ ആരംഭിച്ചിട്ടുള്ള സ്വകാര്യ പണമിടപാടു കേന്ദ്രങ്ങളുടെ വർദ്ധിച്ച സ്വാധീനം സൊസൈറ്റി പ്രവർത്തനത്തെ ബാധിക്കുന്നു.
9) പൊതുവിതരണത്തിന് സഹകരണസംഘങ്ങൾ ഉപയോഗിക്കുന്നില്ല.
10) പുന്നയൂർ സഹകരണസംഘം ഇപ്പോഴും കടബാധ്യതയിലാണ്.
11) പട്ടിക ജാതി മത്സ്യസഹകരണ സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമാണ്.

## നിർദ്ദേശങ്ങൾ

1) പുന്നയൂർ സർവ്വീസ് സഹകരണ സംഘം ആവശ്യമായ ബ്രാഞ്ചുകൾ ഉടനെ ആരംഭിക്കണം.
2) ഡെപ്പോസിറ്റ് വർദ്ധിപ്പിക്കാൻ ആകർഷകമായ രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കണം.
3) കുടിശ്ശിക നിർമാർജ്ജന തീവ്രയത്ന പരിപാടി നടപ്പിലാക്കണം.
4) സർവ്വീസ് ബാങ്കിൻെറ നിലനിൽപ്പിൻെറയും വളർച്ചക്കാവശ്യമായ പൊതുജനപങ്കാളിത്വത്തിൻെറയും ആവശ്യകത ബോധ്യപ്പെടുത്താൻ അതത് കാലത്തെ ഡയറക്ടർ.ബോർഡിന് സാധിക്കണം.
5) ആവശ്യക്കാരൻെറ ആവശ്യത്തിനനുസരിച്ച് വായ്പാ സൗകര്യങ്ങൾ ലഭ്യമാകണം.
6) പഞ്ചാത്ത് ഫണ്ടുകൾ ഈ പഞ്ചായത്ത് സഹകരണസംഘത്തിൽ നിക്ഷേപിക്കണം.
7) കയർ, ഖാദി, ചെറുകിട കുടിൽ വ്യവസായം, മൃഗസംരക്ഷണം, വനിതാസഹകരണ സംഘം, ക്ഷീര വികസന സഹകരണ സംഘം എന്നിവ ആരംഭിക്കണം
8) കാർഷികാവശ്യത്തിനുള്ള വളം, കീടനാശിനി, കാർഷീകോപകരണങ്ങൾ കൃഷിചെയ്യാനുള്ള സംഖ്യ എന്നിവ സഹകരണസംഘം വഴി വിതരണം ചെയ്യണം.
9) കേരവികസനം സംഘം രൂപികരിക്കുക.
10) ഗ്രൂപ്പ് ഫാമിങ്ങ് സഹകരണസംഘം തുടങ്ങണം.
11) സ്ക്കൂൾ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ഉൾപ്പെടുത്തി സഹകരണ സംഘം ആരംഭിക്കണം.
12) മത്സ്യ സഹകരണസംഘത്തിൻെറയും, പട്ടിക ജാതി സഹകരണസംഘത്തിൻെറയും പ്രവർത്തനം വിപുലീകരിക്കണം.
13) ഹൗസിംഗ് സൊസൈറ്റി ഈ പഞ്ചായത്തിൽ ആരംഭിക്കണം.
14) ചെറുകിട കുടിൽ വ്യവസായങ്ങളും, ഫാക്ടറികളും, സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.
15) ഉൾനാടൻ മത്സ്യ സഹകരണസംഘം ആരംഭിക്കണം.
16) സഹകരണമേഖലയിൽ ക്ഷീരവ്യവസായം, പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.
17) വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു സഹകരണ സെൽ രൂപികരിക്കാവുന്നതും, സഹകരണ സംഘങ്ങൾക്കാവശ്യമായ വിദഗ്ദ ഉപദേശങ്ങളും, നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതാണ്.
18) ഐസ് പ്ലാൻറ്, ഫ്രീസിംഗ് പ്ലാൻറ് എന്നിവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.

## സഹകരണ സംഘം വഴി തുടങ്ങാവുന്ന വ്യവസായങ്ങൾ

1) കേര വ്യവസായം
2) നെല്ല് സംഭരണം
3) രാമച്ച ഉൽപ്പന്ന വ്യവസായം.
4) മത്സ്യ സംസ്ക്കരണ വ്യവസായം.
5) സമുദ്രോൽപ്പന്ന വ്യവസായം.
6) ക്ഷീര വ്യവസായം.
7) കാലിത്തീറ്റ വ്യവസായം.
8) കരകൗശല യൂണിറ്റ്.
9) റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.
10) നോട്ടുപുസ്തക നിർമ്മാണം.
11) അച്ചാർ കറി പൗഡർ.
12) ഖാദി ഗ്രാമ വ്യവസായം.
13) ഇത്തൾ വ്യവസായം.
14) ജൈവവളനിർമ്മാണശാല.
15) പട്ടുനൂൽ വ്യവസായം.
16) കൈത്തറി വ്യവസായം.
17) മുള, തടി, പുല്ല് കൊണ്ടുള്ള വ്യവസായം.

മഹാത്മഗാന്ധി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാക്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിൻെറ വളർച്ചയിലൂടെ സാധ്യമാകുന്നതാണ്. സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി പുന്നയൂർ പഞ്ചായത്തിലെ കാർഷീക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിക്കുന്നതും, സാമ്പത്തീക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ ഒരുക്കാൻ കഴിയുന്നതുമാണ്.


ഗ്രാമങ്ങളുടെ സാമ്പത്തീക, സാമൂഹിക, സാംസ്ക്കാരിക വികസനത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന സഹകരണ പ്രസ്ഥാനത്തിന് ഈ രംഗത്തും നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.

## പുന്നയൂർ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് Ltd : No: P. 584

### 1996 കണക്ക്.

| പ്രവർത്തനം | പ്രവർത്തന മേഖല | അംഗങ്ങൾ | ഓഹരി മൂലധനം | കടം |
|---|---|---|---|---|
| 1967 | പുന്നയൂർ പഞ്ചായത്ത് | 4000 | 2,52,993 | 86,80,350/57 |

| അംഗീകൃത മൂലധനം | കാർഷികം | കാർഷികേതരം | ലാഭം | നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|
| 5,65,000 | 15,04,925 | 71,75,425 | - - | 353278/15 | 3 |



# പുന്നയൂർ പഞ്ചായത്തിലെ നിലവിലുള്ള

# കലാസാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും വിലാസവും |
|---|---|
| 1. | യുവശക്തി ക്ലബ്, പഞ്ചവടി. |
| 2. | വൈ. എം. എ. ക്ലബ്, എടക്കഴിയൂർ. |
| 3. | വൈഖരി കലാകേന്ദ്രം, എടക്കഴിയൂർ |
| 4. | എമിനൻറ് ക്ലബ്, നാലാംകല്ല്. |
| 5. | വി. വി. ലത്തീഫ് സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ് മന്ദലാംകുന്ന്. |
| 6. | സി. എച്ച്. മെമ്മോറിയൽ കലാ കേന്ദ്രം, അകലാട്. |
| 7. | വിക്ടറി കലാകായിക വേദി, തെക്കെ പുന്നയൂർ. |
| 8. | സംഗമം സംസ്ക്കാരിക വേദി, തെക്കെ പുന്നയൂർ. |
| 9. | അല്ലാമ ഇക്ബാൽ ക്ലബ്, മന്ദലാംകുന്ന്. |
| 10. | ഹാരിസ് കലാസംസ്കാരിക വേദി, എടക്കഴിയൂർ. |
| 11. | യുണൈറ്റഡ് ആർട്സ് & സ്പോർട്സ് ക്ലബ്, മല്ലാട്. |
| 12. | അക്ഷരാ ക്ലബ് & ഗ്രന്ഥാലയം കുരഞ്ഞിയൂർ. |
| 13. | യുവധാര ക്ലബ് & ഗ്രന്ഥാലയം എടക്കര. |
| 14. | വീക്ഷണം കലാസംസ്കാരിക വേദി, എടക്കര. |
| 15. | അല്ലാമ ഇക്ബാൽ നാലാംകല്ല്. |
| 16. | യുവധാര ക്ലബ്. എടക്കര. |
| 17. | സഹൃദയ കലാവേദി, എടക്കര. |
| 18. | എതൻസ് ക്ലബ്, എടക്കഴിയൂർ. |
| 19. | സൂര്യാ ക്ലബ്, കുരഞ്ഞിയൂർ. |
| 20. | ഗ്രാമവേദി വളയംതോട്. |
| 21. | അജ ഞാസ് ക്ലബ്, എടക്കഴിയൂർ. |
| 22. | നൂറുദ്ദീൻ സ്മാരകവേദി, ബദർ പള്ളി. |
| 23. | ന്യൂസ്റ്റാർ, കുരഞ്ഞിയൂർ. |
| 24. | അരീഫ് കലാവേദി എടക്കഴിയൂർ. |
| 25. | വിൻഷെയർ ക്ലബ്, അകലാട്. |
| 26. | ലക്കിസ്റ്റാർ ക്ലബ്, അകലാട്. |
| 27. | ലിയോ കൾച്ചറൽ ഫോറം, മന്ദലംകുന്ന്. |
| 28. | സംഘ വേദി. എടക്കഴിയൂർ. |
| 29. | ഗ്രാമീണ വായനശാല പുന്നയൂർ. |
| 30. | യുണൈറ്റഡ് മന്ദലംകുന്ന്. |
| 31. | മിർലൻറ്, എടക്കഴിയൂർ. |
| 32. | ന്യൂ പ്രതിഭ, നാലാംകല്ല്. |

# സംസ്ക്കാരം

സമ്പന്നമായ ഒരു സാംസ്ക്കാരിക പാരമ്പര്യത്തിന് വിത്തുകൾ പാകുന്നതിന് മലബാറിൻെറ ഭാഗമായ പഴയ പൊന്നാനി താലൂക്കിലെ പുന്നയൂർ ഗ്രാമ പഞ്ചായത്തിന് നല്ല ഒരു പങ്കുണ്ട്.

പഴയ മലബാറിൻെറ തെക്കേഅറ്റത്തായി നില്ക്കുന്ന ഈ ഗ്രാമം പണ്ട് സാമൂതിരിയുടെ സാമന്തനായിരുന്ന പുന്നത്തൂർ രാജാവിൻെറ അധീശത്തിലായിരുന്നു. രാജാവംശത്തിൻെറയും, ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയുടെയും സവർണ്ണ - സമ്പന്ന - നാടുവാഴികളുടെയും സർവ്വാധിപത്യത്തിൻെറയും, പരസ്പര പോരാട്ടത്തിൻെറയും രുചി ഓരോരോ കാലങ്ങളിൽ അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ ജനവിഭാഗം. അനുസ്യൂതമായി കാലപ്രവാഹത്തിലൂടെ രൂപം കൊണ്ട ചരിത്രബോധം ഈ ഗ്രാമ ജനതയുടെ സാസ്ക്കാരിക വീക്ഷണത്തെ സമ്പന്നമാക്കുന്നു.

പുരാണ പുണ്യങ്ങളുടെയും, ചരിത്ര പോരാട്ടങ്ങളുടെയും, പുരോഗമനപ്രസ്ഥാനപ്രവർത്തനങ്ങളുടെയും,സ്വതന്ത്രദാഹത്തിൻെറയും കഥകൾ ഉറങ്ങികിടക്കുന്ന പുന്നയൂർ പ്രദേശത്തെ സാസ്ക്കാരിക പൈതൃകം കൊണ്ട് സമ്പൽ സമൃദ്ധമാണ്. ബ്രിട്ടീഷ് വാഴ്ചക്കെതിരെ അക്രമരഹിതമായ സമരാവേശത്താൽ രണാങ്കണത്തിലിറങ്ങിയ ഒരു ചെറിയ യുവനിര ഇന്നാട്ടിലുണ്ടായിരുന്നു.

ടിപ്പുവിൻെറ യുദ്ധകാഹളം പടിഞ്ഞാറൻ നടക്കാവിലൂടെ ആർത്തട്ടഹസിച്ചുകടന്നുവന്നപ്പോൾ പുന്നത്തൂർ കോട്ടയെയും, ഗുരുവായൂർ ക്ഷേത്രത്തേയും രക്ഷിക്കുന്നതിനുവേണ്ടി എട്ടുവീട്ടിൽ പണിക്കൻമാരും ഹൈദ്രോസ് കുട്ടിമൂപ്പരും, ചൊവ്വനാലിക്കുട്ടിയും സംഘങ്ങളും കൂടി ഏറ്റമുട്ടിയത് ഈ ഗ്രാമപ്രദേശത്താണ്. കൂടുതൽ നാശനഷ്ടങ്ങളുണ്ടാകകാതെ കടന്നുപോയ ടിപ്പുവിനെ നേരിടാൻ കാണിച്ച മതസൗഹാർദ്ദ സാഹോദര്യം ഇന്നും ഇവിടെ നിലനിൽക്കുന്നു എന്നതാണ് ഈ പ്രദേശത്തെ സാംസ്ക്കാരിക സമ്പത്തായി എടുത്തുകാട്ടാൻ കഴിയുന്നത്.

സ്വാതന്ത്ര്യ സമരപ്രസ്ഥാനം കൊടുമ്പിരിക്കൊണ്ട കാലഘട്ടത്തിൽ പുരോഗമന നവോത്ഥാനപ്രസ്ഥാനങ്ങൾ രൂപം പ്രാപിക്കുന്നതിൻെറ മാറ്റൊലി ഈ ഗ്രാമാന്തരീക്ഷത്തിലും മുഴങ്ങികേട്ടിരുന്നു. ഒന്നാം കർഷക സമ്മേളനം 1930കളിൽ കുരഞ്ഞിയൂർ അമ്പലനടയിൽ നടത്തി. ഇ.പി. കൃഷ്ണൻകുട്ടി പണിക്കരുടെ സ്മാരക നഗറിൽ സംഘടിക്കപ്പെട്ട ഈ കർഷകസമ്മേളനത്തിലാണ് മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകമായ "പാട്ടബാക്കി" അരങ്ങേറ്റം കുറിച്ചത്. കെ. ദമോദരൻ വൈലത്തൂർ കടലായി മനയിലിരുന്ന് ഒരൊറ്റ രാത്രികൊണ്ട് എഴുതിയുണ്ടാക്കിയ ഈ രാഷ്ടീയ നാടകത്തിൽ ഇന്നാട്ടുകാരായ ഇ.പി.തെയ്യുണ്ണി പണിക്കരും, കെ.സി.കെ. പണിക്കരും അഭിനയിച്ചിരുന്നു. ഈ സമ്മേളനത്തിൽ ഇം. എം.എസ്സ്., എ.കെ. ജി മുതലായ നേതാക്കൾ പങ്കെടുത്തിരുന്നു.

ലോകത്തിലെ ഏറ്റവും പ്രശ്സതരായ നാലു ചിത്രകാരൻമാരിൽ ഒരാളായിരുന്ന അന്തരിച്ച കെ.സി.എസ്സ് പണിക്കർക്ക് ജന്മം നൽകിയതും ഈ ഗ്രാമപ്രദേശമാണ്. ഇദ്ദേഹത്തിൻെറ പേരിൽ തിരുവനന്തപുരത്ത് ആർട്ട് ഗ്യാലറിയുണ്ട്. ഗുരുവായൂർ സത്യാഗ്രഹത്തിലും ദേശീയപ്രസ്ഥാനങ്ങളിലും ഇന്നാട്ടുകാർ പങ്കെടുത്തിട്ടുണ്ട്.

മുസ്ലീങ്ങളും ഹിന്ദുക്കളും കുറച്ചുമാത്രം ക്രിസ്ത്യാനികളും ഇടകലർന്നു ജീവിക്കുന്ന ഈ ഗ്രാമത്തിൽ വർഗ്ഗീയത എന്നും മാറി നില്ക്കുന്നതായി കാണാം. എങ്കിലും ചെറിയൊരു ഇടവേളയിൽ കുഴങ്ങരയിൽ അത്തരമൊരു സംഘട്ടനത്തിന് വേദി

യായിയെങ്കിലും നാട്ടുകാരുടെ ഉയർന്ന സാസ്ക്കാരികാവബോധം ഉണർന്നപ്പോൾ എത്രയും പെട്ടെന്ന് അവസാനിക്കുകയും ചെയ്തു.

ഇന്ന് നാം കാണുന്ന ദിശയിൽ എത്തിനില്ക്കുമ്പോൾ ഒന്നുതിരിഞ്ഞുനോക്കുകയാണെങ്കിൽ വിവിധങ്ങളായ സ്രോതസ്സുകൾ ഈ ഗ്രാമ സംസ്കൃതിയെ പോഷിപ്പിച്ചതായി കണ്ടെത്താനവും. ഇവയിൽ പ്രഥമഗണനീയം വിദ്യാവിതരണത്തിനും തന്നെ. വളരെ മുമ്പുതന്നെ കുടിപള്ളി കൂടങ്ങളും മറ്റു പ്രൈമറി വിദ്യാലയങ്ങളും സ്ഥാപിച്ചതിനാൽ വിദ്യഭ്യാസരംഗത്ത് പ്രാഥമിക നിലവാരം കുറച്ചൊക്കെ ഉണ്ടാവാൻ ഇടയായി. ഇവിടെ ഇപ്പോൾ 13 സ്ക്കൂളുകൾ പ്രവർത്തിക്കുന്നു.

ഗ്രന്ഥശാലകളും വായനശാലകളും വളരെകാലങ്ങൾക്കുമുമ്പുതന്നെ ചെറിയരീതിയിൽ വടക്കെപുന്നയൂരും, എടക്കഴിയൂരും, മല്ലാട് സെൻററിലും തുടങ്ങിയെങ്കിലും ഈ ഗ്രന്ഥശാലകൾക്ക് നിലനില്പിന് വേണ്ട സൗകര്യങ്ങളുടെ അപര്യാപ്തത ഇടക്ക് വെച്ച് നശിക്കാൻ ഇടയായി. മല്ലാട് സെൻററിൽ മാത്രം ഇപ്പോഴും ഇത് പ്രവർത്തിക്കുന്നു. ഈ ഗ്രന്ഥാലയത്തിൻെറ പ്രവർത്തന പരിധിയിൽ നിരവധി ചെറുപ്പക്കാർ പുരോഗമന ആശയങ്ങളുടെ പ്രചരണാർത്ഥം കലാസമിതിയുണ്ടാക്കി നാടകങ്ങളും മറ്റും സ്വയമെഴുതി അവതരിപ്പിച്ചിരുന്നു. ഇതിന് വളരെ വിപുലമായിത്തന്നെ പ്രചരണം കിട്ടിയിരുന്നു. ഇന്ന് കുരഞ്ഞിയുരിൽ അക്ഷരഗ്രന്ഥാലയം വായനാശാലയും അകലാട് സി.എച്ച് കലാകായിക സമിതി നടത്തുന്ന വായനശാലയും മാത്രമാണുള്ളത്. ഇതിൽ അക്ഷരക്ക് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് തലത്തിൽ ലൈബ്രറി ഇല്ലാത്തത് ഈ രംഗത്ത് കാര്യമായ ഒരു കുറവാണ്. പഞ്ചായത്തിലെ മുഴുവൻ ഗ്രന്ഥാലയങ്ങളെയും സാംസ്ക്കാരിക പ്രവർത്തകരെയും ഉൾപ്പെടുത്തി പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി എത്രയും വേഗം ആരംഭിക്കേണ്ടതാണ്. ഇതിനുവേണ്ടി പഞ്ചായത്തിലെ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടം ഉപയോഗിക്കേണ്ടതാണ്. മാത്രമല്ല എല്ലാ വാർഡുകളിലും ഇതിൻെറ ശാഖകളായി ലൈബ്രറി നിർബന്ധമായും ആരംഭിക്കണം

ഇതുപോലെ സാംസ്ക്കാരിക നവോത്ഥാനത്തിന് വീഥിയൊരുക്കുന്ന പ്രസ്ഥാനങ്ങളാണ് ഇന്നാട്ടിലെ അമേച്വർ കലാസമിതികളും കായിക സമിതികളും വനിതാസംഘടനകളും, നിരവധി കലാസമിതകൾ ജന്മം കൊള്ളുകയും അകാലമൃത്യു വരിക്കയും, പുനർജനിക്കുകയും ചെയ്ത ഊഷരഭൂമിയാണീ ഗ്രാമം. അവയിൽ പലതും ഇന്നും നിലനില്ക്കുന്നവയും സാമൂഹ്യസാംസ്ക്കാരിക പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടത്തുകയും ചെയ്യുന്നുവയാണ്. ഇന്ന് കലാ സാസ്ക്കാരിക-കായികരംഗത്ത് സജീവ സാന്നിദ്ധ്യം നൽകുന്ന 20 സംഘടനകളുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നുണ്ട്. കേരളോത്സവവും, ഓണോത്സവവും നടത്താൻ തുടങ്ങിയതോടെ കലാകായിക സംഘടനകളുടെ എണ്ണവും സാന്നിദ്ധ്യവും വർദ്ധിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ എല്ലാ കലാകായിക സംഘടനകളെയും യോജിപ്പിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിലുള്ള ഒരു കേന്ദ്രസമിതിയുടെ അഭാവം ഇവിടെ നിലനില്ക്കുന്നു. അറിയപ്പെടുന്ന എഴുത്തുകാരായ നസിം പുന്നയൂർ, കെ.സി.കെ. പണിക്കർ, ഹസ്സൻ മുഹമ്മദാലി, രാജൻ കോഴിപുറത്ത് എന്നിവർ ഈ പഞ്ചായത്തിൽ സാഹിത്യരംഗം പുഷ്ടിപ്പെടുത്തുന്നു.

ഈ ഗ്രാമത്തിൽ പുരാതനകാലം മുതൽ കലാഭിരുചി നിറഞ്ഞുനിന്നിരുന്നു. പുരാതന തറവാടുകളിൽ കൈക്കൊട്ടിക്കളി, ശാസ്ത്രീയ സംഗീതം എന്നിവ അഭ്യസിപ്പിച്ചിരുന്നു. മകരസംക്രാന്തിക്ക് കുരഞ്ഞിയൂർ അമ്പലത്തിലെ വിവിധ സമുദായങ്ങൾ ഒരുക്കുന്ന പ്രത്യേക തട്ടുകളിൽ (സ്റ്റേജ്) ഐവർകളി ഇന്നും തുടർന്നുവരുന്നു. പാവിട്ടകുളങ്ങര താലവും, പഞ്ചവടി പൂരവും, ഏരിമ്മൽ വേലയും എടക്കഴിയൂർ പള്ളി നേർച്ചയുമാണ് ഇന്നാട്ടുകാർ കൂടി ചേർന്ന് ആഘോഷിക്കുന്ന പ്രധാന ഉത്സവങ്ങൾ. ഇവയെല്ലാം മതസൗഹാർദ്ദത്തിൻെറ മകുടോദാഹരണങ്ങളാണ്. കനോലികനാലിൽ പൂർവ്വകാലം മുതൽ

സംഘടിപ്പിക്കുന്ന വള്ളംകളി,"ഓടിവലി" എന്നപേരിൽ സജീവമായി നടത്തിയിരുന്നു. വാശിയേറിയ മത്സരവേദികളാക്കാറുണ്ട്. മുസ്ലീം സമുദായങ്ങളിൽ വളരെ പ്രചാരമുണ്ടായിരുന്ന ദഫ് ദ മുട്ട് , പരിചമുട്ട്, അറമനമുട്ട്, കോൽക്കളി എന്നിവ ഈ ഗ്രാമത്തിൽ ഉയർന്ന നിലവാരത്തിൽ തന്നെ പ്രചുരപ്രചാരം നേടിയിരുന്നു. ഏവർക്കും കൗതുകമുണർത്തുന്ന എടക്കഴിയൂർ പള്ളി നേർച്ചയുടെ മുന്നോടിയായുള്ള മുട്ടുംവിളിപാട്ട് സാംസ്ക്കാരിക പുന്നയൂരിൻെറ ഭാഗമാണ്.

സാംസ്ക്കാരിക പാരമ്പര്യം നിലനിർത്തികൊണ്ട് ഇന്നും മിഥുനമാസത്തിലും, കർക്കിടമാസതിലും ഹൈന്ദവ കുടുംബങ്ങളിൽ പൊട്ടികെട്ടിക്കളിയും, തുയിലുണർത്തുപാട്ടും തുടർന്ന് വരുന്നു. ഇത് കുരഞ്ഞിയൂർ - എടക്കഴിയൂർ ഭാഗങ്ങളിലാണ്. പുന്നയൂർ ഭാഗങ്ങളിൽ ചോഴി കെട്ടിക്കളിയാണ് നടത്തുന്നത്. പുള്ളുവകുടവും, വീണയും പ്രചാരത്തിലുണ്ട്. തിരുവാതിരപ്പാട്ടും, കളിയും പ്രചാരത്തിലുണ്ടായിരുന്നു.

പഴയകാലങ്ങളിൽ മുസ്ലീം കല്ല്യാണരാവുകളെ സജീവമാക്കുന്ന കുരുകുരുമിച്ചം പാട്ടും, മൈലാഞ്ചി പാട്ടും നിലനിന്നിരുന്നു. ഇതിൻെറ വകഭേദമാണ് ഇന്നത്തെ ഒപ്പന. ഓണം, വിഷു എന്നീ ദേശീയോത്സവം ആഘോഷിക്കുന്ന അവസരത്തിൽ പട്ടികജാതി വിഭാഗക്കാരുടെ വടക്കൻപാട്ട്, വടക്കൻ ച്ചുവട് എന്നിവ ഇന്നും തുടർന്നുവരുന്നു.

എന്നാൽ ഇന്ന് ക്ലാസ്സിക്കൽകലയുടെ വളർച്ച ഈ ഗ്രാമത്തിലുമെത്തിയിട്ടുണ്ട്. ഇവ പഠിപ്പിക്കുന്ന കേന്ദ്രങ്ങൾ ഇല്ലെങ്കിലും ഗുരുവായൂർ, കുന്ദംകുളം എന്നിവടങ്ങളിൽ പോയി പലകുട്ടികളും പഠിച്ചുവരുന്ന ഇത്തരം സ്ക്കൂൾ ഈ പഞ്ചായത്തിൽ ആവശ്യമാണ്.

ഇവിടെ സമ്പന്നമായ ക്ഷേത്ര കലാവാദ്യങ്ങളായ പഞ്ചവാദ്യം, ചെണ്ട, ഇടക്ക, തപ്പുമേളം എന്നീ വാദ്യോപകരണങ്ങൾ പ്രയോഗിക്കുന്നതിൽ സമർത്ഥരായ ഒരു ടീം തന്നെ ഗ്രാമത്തിലുണ്ട്. ഇവർക്ക് പ്രോത്സാഹനമോ, അംഗീകാരമോ കിട്ടുന്നില്ല. തെയ്യം, തിറ, കരിങ്കാളി, പൂതൻ എന്നിവ കെട്ടുന്നതിൽ പ്രഗത്ഭരായ കലാകരന്മാരിവിടെ ഇവിടെയുണ്ട്. ഇവരുടെത്തന്നെ പുതിയ കലാരൂപങ്ങളായ കരകാട്ടം, ദശാവതാരം എന്നിവ വാർത്താമാധ്യമങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു. ക്ഷേത്രോത്സവങ്ങളിലും, കലാസമിതി വാർഷികങ്ങളിലും മുൻകാലങ്ങളിൽ, കഥാപ്രസംഗവും പിന്നീട് നാടകങ്ങളും, ഇപ്പോൾ ഗാനമേളകളിലും കലാസ്വാദനം എത്തിനിൽക്കുന്നു. എന്നാൽ ഇവയെല്ലാം പുറമേ നിന്നു വരുന്നവരാണ് അവതരിപ്പിക്കുന്നത്. ഇവിടെയുള്ളവരെ പ്രോത്സാഹിപ്പിക്കണം.

കൃസ്ത്യൻ വിഭാഗക്കാരുടെ പള്ളിപെരുന്നാളുകൾക്ക് അമ്പും വളയും കൊണ്ടുപോകുന്ന ആകർഷക പരിപാടിയും ഈ ഗ്രാമത്തിൽ നടക്കുന്നു. ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് മുസ്ലീം സമുദായ ക്കാരാണ്. ഹിന്ദുമതത്തിൽപ്പെട്ടവരും നല്ലൊരു ശതമാനവുമുണ്ട്. നാമമാത്രമെങ്കിലും ക്രിസ്ത്യൻ മതക്കാരുമുണ്ട്.

സ്വാതന്ത്ര്യത്തിനുമുമ്പ് ഈ ഗ്രാമത്തിലെ പ്രബലരാഷ്ട്രീയ കക്ഷി പി.എസ്സ്. പി. യായിരുന്നു. ഇന്ന് ഈ പാർട്ടിയില്ല, ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സ്, മുസ്ലീം ലീഗ്, സി.പി. എം, ബി. ജെ. പി., സി.പി.ഐ, ജനതാദൾ, നാഷ്ണൽ ലീഗ്, സി.എം.പി പി.ഡി.പി., ജെ. എസ്സ്. എസ്സ്, കോൺഗ്രസ്സ് (എസ്സ്) എന്നീ രാഷ്ട്രീയ പാർട്ടികളുണ്ട്. ഇവയുടെ യുവജനവിഭാഗവും ഇന്ന് നിലവിലുണ്ട്. എന്നാൽ മതപരമോ രാഷ്ട്രീയമോ ആയ സംഘട്ടനങ്ങളിൽ നിന്ന് ഈ ഗ്രാമം മോചിതമാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

സ്ക്കൂൾ യുവജനോത്സവങ്ങളിൽ വിദ്യാർത്ഥികൾക്ക് അവരുടെ പ്രതിഭ വർദ്ധിപ്പിക്കാൻ അവസരം കിട്ടുന്നതിന് വേണ്ടി പഞ്ചായത്ത് തല സ്ക്കൂൾ യുവജനോത്സവം സംഘടിപ്പിക്കണം. കാർഷികസംസ്ക്കാരത്തിൻെറ ഭാഗമായ കാളപൂട്ട് പ്രോത്സാഹനം ലഭിക്കാത്തതിനാൽ നാശോന്മുഖമായിരിക്കുന്നു. പാടത്തെപാട്ടും, തെളിപ്പാട്ടും, ചക്രം ചവിട്ടുന്ന പാട്ടും, തേവുന്ന പാട്ടും ഈ ഗ്രാമീണാന്തരീക്ഷത്തെ ധന്യമാക്കിയിരുന്നുവെങ്കിൽ ഇന്ന് അതും അസ്തമിച്ചിരിക്കുന്നു. ☆

# കായികരംഗം

കായികരംഗങ്ങളിൽ നിർണ്ണായകമായ സ്ഥാനമുള്ള പഞ്ചായത്താണ് പുന്നയൂർ. നിരവധി പ്രതിഭകളെ സംഭാവന നല്കുവാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനതലത്തിൽ ശോഭിച്ചവർ ധാരാളമാണ്. വോളിബോൾ, ഫുട്ട്ബോൾ, എന്നിവ സജീവമായിരുന്ന ഇവിടെയിന്ന് ഏറ്റവും പ്രചാരത്തിലെത്തിയിട്ടുള്ളത് ക്രിക്കറ്റാണ്. ജില്ലാതലത്തിലും, യൂണിവേഴ്സിറ്റി തലത്തിലും, സംസഥാനതലത്തിലും സമ്മാനർഹരായ കായികതാരങ്ങളെ വളർത്തിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

പുതിയ തലമുറയിൽ കായികരംഗം സമ്പന്നമാക്കുന്ന ഒരു നീണ്ടനിരതന്നെ കാണാനുണ്ട്. സ്ക്കൂൾ സ്പോർട്സുകളിലും, യൂണിവേഴ്സിറ്റി കായികമേളകളിലും, കേരളോത്സവ്, ഓണോത്സവ് മേളകളിലും തിളക്കമാർന്ന വിജയം നേടാൻ കഴിഞ്ഞവർ ഈ ഗ്രാമത്തിൽ നിരവധിയാണ്. ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്ന കായികവേദിയുടെ സംഭാവന ഈ രംഗത്ത് സ്തുത്യർഹമാണ്. വേനലിലും, വർഷത്തിലും എല്ലാ പാടങ്ങളിലും, ഒഴിഞ്ഞ പറമ്പുകളിലും ധാരാളം ടൂർണ്ണമെൻറുകൾ സംഘടിപ്പിക്കുന്നത് ഇതിനുദാഹരണമാണ്. മാത്രമല്ല ഈ ഗ്രൗണ്ടുകൾ കുട്ടികളിലെ കായിക വാസനയുടെ പൂർത്തികരണമാവുന്നു. പുരാതന കാലങ്ങളിൽ കുറ്റി പന്തുകളി, കാറക്കളി, കുറ്റിയും കോലും കളിയും, ഉപ്പുപക്ഷിക്കളിയും, കബഡിയും, വട്ട്ക്കളി, ആട്ടക്കളം, കൊച്ചംക്കുത്തി, തുമ്പക്കളി മുതലായവയാണ് പ്രചാരത്തിലുണ്ടായിരുന്നത്.

ഈ പഞ്ചായത്തിൽ സ്വന്തമായി ഒരു കളിസ്ഥലമുണ്ട്. ഇത് നാലാംകല്ല് പടിഞ്ഞാറുഭാഗത്താണ് ഇത് ഉപയുക്തമാകകാൻ കുറച്ചു പണികൾ കൂടി ചെയ്തു തീർക്കേണ്ടതുണ്ട്.

പഞ്ചായത്ത് ബ്ലോക്ക് ജില്ല, കേരളോത്സവങ്ങളിലും, സ്ക്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി, സംസ്ഥാനതലങ്ങളിലും സമ്മാനാർഹരായ നിരവധി കായിക പ്രതിഭകൾ ഈ ഗ്രാമത്തിലുണ്ട്. ഇവരിൽ സംസ്ഥാനതലത്തിൽ സമ്മാനാർഹരായ രണ്ടു പേരാണ് ജിഷാർ, നൂറുദ്ധീൻ എന്നിവർ. ഇവർക്ക് പഞ്ചായത്തിൻെറയോ, സന്നദ്ധസംഘടനയുടെയൊ യാതൊരു പ്രോത്സാഹനവും നല്കിയിട്ടില്ലെന്നുള്ളത് ഒരു ദുഃഖസത്യമാണ്. ഇതിന് ഒരു മാറ്റം ഉണ്ടാവണം. അർഹാരയവരെ അംഗികരിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു കായിക കമ്മിറ്റിയുണ്ടാക്കി പ്രോത്സാഹിപ്പിക്കണം. കിഴക്കൻ മേഖലയിലെ കായികശേഷിയെ വർദ്ധിപ്പിക്കാൻ പഞ്ചായത്ത് കളിസ്ഥലം സ്വന്തമായി വാങ്ങി സ്റ്റേഡിയം ഉണ്ടാക്കണം. മന്ദലാംകുന്ന് സ്ക്കൂൾ ഗ്രൗണ്ട് മണൽ നിറഞ്ഞു കിടക്കുകയാണ്. ഇത് ഉപയോഗപ്രദമാക്കാനുള്ള നടപടി എത്രയും പെട്ടെന്നുണ്ടാവണം.

ടി.വി. മാധ്യമങ്ങൾ ഈ പഞ്ചായത്തിൽ സുലഭമായിരിക്കുകയാണ്. ലോകപ്രതിഭാസങ്ങൾ സ്വന്തം വീട്ടിലിരുന്ന് കാണാൻ സമ്പന്നന് അവസരം ഉണ്ടാ്കകുന്നു. എന്നാൽ സാധാരണക്കാരന് ഈ അവസരം നിഷേധമാണ്. കാരണം ടി.വി.യുടെ വർദ്ദിച്ച വിലതന്നെ. ഇതിന് പരിഹാരമായി എല്ലാവ്വാർഡുകളിലും പബ്ലിക്ക് ടി.വി. കേന്ദ്രങ്ങൾ സ്ഥാപിക്കണം.

## പ്രശ്നങ്ങൾ

(1) എല്ലാ വാർഡിലും ലൈബ്രറി ഇല്ല. പഞ്ചായത്തുത്തലത്തിൽ പബ്ലിക്ക് ലൈബ്രറി ഇല്ല. ഉള്ള ലൈബ്രറിക്ക് സ്വന്തം കെട്ടിടമില്ല.

(2) ഇവിടെ ഒരു സിനിമാശാലയില്ല.

(3) 2-ാംഘട്ട സാക്ഷരതാ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്.

(4) പല പഴയ കലാരീതികളും നാമവശേഷമായി.

(5) സർഗ്ഗാത്മകഭാവനകൾക്ക് വേണ്ടവിധം പ്രോത്സാഹനം ലഭിക്കുന്നില്ല.

(6) കായിക രംഗത്ത് സംസ്ഥാനതലത്തിൽ വിജയം നേടിയവരെ പ്രോത്സാഹിപ്പിക്കുന്നില്ല.

(7) കാർഷിക മേഖലയുടെ തളർച്ച കാർഷിക സംസ്ക്കാരത്തെ മുരടിപ്പിച്ചു.

(8) ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര ഗ്രന്ഥശാലകളില്ല. മിക്കവിദ്യാലയങ്ങളിലും പാഠ്യേതര വായനക്ക് വേണ്ടത്ര പ്രോത്സാഹനമില്ല.

## നിർദ്ദേശങ്ങൾ

(1) പഞ്ചായത്ത് തലത്തിൽ പബ്ലിക്ക് ലൈബ്രറി ഉണ്ടാവണം. ഇതിന് പഞ്ചായത്തിൻെറ പഴയകെട്ടിടം ഉപയോഗിക്കാം.

(2) എല്ലാ കലാ കായികവേദിക്കാരെയും ഉൾപ്പെടുത്തി അവർക്കുവേണ്ട ബോധവൽക്കരണവും,അവർക്ക് അർഹതയുള്ള ആനുകൂല്യങ്ങളെ കുറിച്ച് അറിവും ഉണ്ടാക്കികൊടുക്കണം.

(3) ഒരു സിനിമാശാല തുടങ്ങാൻ പ്രോത്സാഹനം കൊടുക്കണം.

(4) കിഴക്കൻ മേഖലയിൽ കളിസ്ലം വേണം. മന്ദലാംകുന്ന് സ്ക്കൂൾ ഗ്രൗണ്ട് ഉപയോഗപ്രദമാക്കണം. ഇപ്പോൾ നിലവിലുള്ള ഗ്രൗണ്ടിൻെറ അറ്റകുറ്റ പണികൾ നടത്തി ഫലപ്രദമാക്കണം.

(5) കലാകായിക താരങ്ങളെ പ്രോത്സാഹിപ്പിക്കണം. അംഗികാരം കൊടുക്കണം.

(6) ആധുനിക മാധ്യമങ്ങൾ നടത്തുന്ന സാംസക്കാരികാ്ധപതനത്തിൽ നിന്നും ജനങ്ങളെ ബോധവാൻമാരാക്കണം.

# അജ്ഞാത ജീവി

പുന്നയൂർ ഗ്രാമപഞ്ചായത്തിലാകെത്തന്നെ ഭീതി പരത്തികൊണ്ട് പ്രത്യക്ഷപ്പെട്ട അജ്ഞാത ജീവി ഇവിടുത്തെ ദരിദ്ര കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്ന നിരവധി ആടുമാടുകളെ കൊന്നൊടുക്കി കഴിഞ്ഞു. ജീവിയുടെ വിളയാട്ടം ഇനിയും അവസാനിച്ചിട്ടില്ല. ആടുമാടുകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം ലഭിക്കുന്നതിന് വേണ്ടി പഞ്ചായത്ത് ഭരണസമിതി സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. മാത്രമല്ല ജീവിയെ പിടികൂടി നശിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മാത്രം നടത്തിയിരുന്ന പ്രവർത്തനങ്ങൾ വളരെ വൈകിയാണെങ്കിലും സർക്കാരിന് ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. ആടുമാടുകൾ നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായും അർഹമായത്ര സാമ്പത്തികസഹായം സർക്കാർ നൽകേണ്ടിയിരിക്കുന്നു.



പുന്നയൂർ പഞ്ചായത്തിലെ ഏഴു വാർഡുകളേയും ബന്ധിപ്പിക്കുന്ന

ബേബി ബീച്ച് റോഡ്.

അവിയൂർ - കുരഞ്ഞിയൂർ റോഡ്.

വളയംതോട് - അമ്പലനട റോഡ്.

ഈ റോഡുകൾക്ക് പഞ്ചായത്ത് പ്രത്യേക പ്രാധാന്യം നൽകുന്നതിന്

തീരുമാനിച്ചു.

# വിഭവസമാഹരണം

പുന്നയൂർ ഗ്രാമത്തിൻെറ പ്രധാന പ്രതിസന്ധികളിൽ ഒന്ന് ഇവിടുത്തെ വ്യാവസായിക മേഖലയുടെ അഭാവമാണ്. വ്യക്തമായി പറഞ്ഞാൽ യാതൊരുവിധ വ്യവസായ സ്ഥാപനവും പുന്നയൂർ ഗ്രാമപഞ്ചായത്തിലില്ല. വൻകിട വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും ആരംഭിക്കാനുള്ള സൗകര്യങ്ങളേറെയുണ്ടെങ്കിലും അവ സ്ഥാപിച്ചെടുക്കാൻ ഇന്നേവരെ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ വൻകിട ചെറുകിട വ്യവസായ മേഖലകൾക്ക് ഊന്നൽ നൽകികൊണ്ട് വിഭവസമാഹരണത്തിനുള്ള പുതിയ മാർഗ്ഗങ്ങൾ സൃഷ്ടിക്കപ്പെടണം.

തെങ്ങ് കൃഷി വളരെയധികമുള്ള ഈ പ്രദേശത്ത് കേര ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് വൻതോതിൽത്തന്നെ വ്യാവസായിക രംഗം പുഷ്ടിപ്പെടുത്താം. കൂടാതെ തീരദേശത്ത് വ്യാപകമായുള്ള രാമച്ചത്തിൽ നിന്നും സുഗന്ധദ്രവ്യങ്ങളും മറ്റുൽപ്പന്നങ്ങളും നിർമ്മിക്കാം. പശിമരാശിയുള്ള കളിമണ്ണ് സിറാമിക് ഫാക്റ്ററി പോലുള്ള വ്യവസായങ്ങൾക്കുപയുക്തമാണ്. ഇങ്ങനെ ഒട്ടനവധി ചെറുകിട - വൻകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്. എന്നാൽ വൈദ്യുതിയുടെ അഭാവവും ഗതാഗതസൗകര്യക്കുറവും സാമ്പത്തികപ്രശ്നങ്ങളും ഈ മേഖലയെ മുരടിപ്പിക്കുന്നു. ഇവ പരിഹരിക്കപ്പെട്ടാൽ വിഭവസമാഹരണരംഗത്ത വ്യവസായിക മേഖല കൂട്ടാകും.

കാർഷികമേഖല ഇന്ന് താളം തെറ്റിക്കിടക്കുകയാണ്. നെൽകൃഷി ചെയ്തിരുന്ന നിലങ്ങൾ ഇന്ന് തെങ്ങുകൃഷിക്കും, താമസപ്പറമ്പുകളായും, തരിശായും കിടക്കുന്നു. കർഷകർ മറ്റു മേഖലകൾ തേടിപ്പോകുന്നു. കർഷകതൊഴിലാളികളും മറ്റു തൊഴിലുകളിലേർപ്പെടേണ്ടിവരുന്നു. കൃഷിഭൂമി തരിശിടുന്നതിനും, മറ്റു പലതുമായിമാറുന്നതിനുമുള്ള അടിസ്ഥാനപ്രശ്നം ജലദൗർഭല്യമാണ്. ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതും, വർഷക്കാലത്ത് വെള്ളം കയറി നശിക്കുന്നതും കർഷകരെ കഷ്ടത്തിലാക്കുന്നു. കാർഷീകോൽപന്നങ്ങളുടെ വിലക്കുറവും, നിത്യോപയോഗസാധനങ്ങളുടെയും, കാർഷീക ആവശ്യവസ്തുക്കളുടെയും വില വർദ്ധനവും കർഷകരെ കൃഷിപ്പണിയിൽ നിന്നും അകറ്റുന്നു. കാർഷിക ആവശ്യങ്ങൾക്കുള്ള അവശ്യവസ്തുക്കൾ മിതമായ നിരക്കിൽ ലഭ്യമാക്കുകയും, ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കത്തക്ക സംവിധാനവും ഉണ്ടായാൽ കാർഷീക മേഖല വളർച്ച പ്രാപിക്കും. ഇതിലൂടെ വിഭവസമാഹരണത്തിന് പുതിയ മാനങ്ങൾ തുറക്കപ്പെടും. തെങ്ങ്‌തൃഷിയും നാശോന്മുഖമാകുന്നു. ധാരാളം വാണിജ്യ, വ്യാവസായിക പ്രാധാന്യമുള്ള തെങ്ങുകൃഷിക്കാരെ ബോധവൽക്കരിച്ച് അവർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ ഈ രംഗത്തും ഒരു മുന്നേറ്റം പ്രതീക്ഷിക്കാം.

സർക്കാർ ഗ്രാൻറുകളെ ആശ്രയിച്ചാണ് ഇന്ന് ഈ പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങളെല്ലാം തന്നെ നടക്കുന്നത്. എന്നാൽ സർക്കാർ ഗ്രാൻറുകൾ ഭരണാധികാരികളെ സ്വാധീനിച്ചുകൊണ്ടുമാത്രം ലഭ്യമാകുന്ന അവസ്ഥ ഇന്നും പഞ്ചായത്തുകളിൽ തുടരുന്നു. ഗ്രാൻറുകൾ അനുവദിക്കുന്നതിൽപോലും പലപ്പോഴും വിവേചനം അനുഭവപ്പെടുന്നുണ്ട്. ഈ അവസ്ഥ മാറണമെങ്കിൽ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽവെച്ചുതന്നെ പഞ്ചാത്തുകൾക്കു കൈമാറണം. ആകെ പിരിച്ചെടുത്ത് തരം തിരിച്ച് പഞ്ചായത്തുകൾക്ക് നൽകുന്നത് പലപ്പോഴും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. സ്റ്റാമ്പു ഡ്യൂട്ടി ഗ്രാൻറുകൾ, വെഹിക്കിൾ ടാക്സ് ഗ്രാൻറ് - തുടങ്ങിയ ഗ്രാൻറുകൾ പലപ്പോഴും വർഷങ്ങൾക്കുശേഷമാണ് ലഭിക്കുന്നത്. ആവശ്യസമയത്ത് പണം ലഭിക്കാതെ അനവസരത്തിലുള്ള ലഭ്യത - ദുരുപയോഗത്തിനും, വകമാറ്റി ചിലവഴിക്കുന്നതിലേക്കും മറ്റും കാരണമാകുന്നു. ആയതുകൊണ്ട് ഇവ പരിഹരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം തന്നെ ആവശ്യമാണ്. യഥാസമയത്ത് ഗ്രാൻറുകൾ നൽകുകയും, അവ തികച്ചും നീതിപൂർവ്വം അനുവദിക്കുകയും ചെയ്യേണ്ടത് സർക്കാർ തലത്തിൽ നിന്നുതന്നെ തുടങ്ങേണ്ടതുമാണ്.

| ഇനം | 1995-96 |
|---|---|
| 1. തനത് വരുമാനം | |
| a. കെട്ടിടനികുതി | 346636 |
| b. വിനോദനികുതി | Nil |
| c. തൊഴിൽ നികുതി | 92520.00 |
| II. ഉപാധി രഹിത നികുതി | 302700.00 |
| D & O ലൈസൻസ് ഫീസ് | 6635.00 |
| III. J. R. Y | 331400.00 |
| IV. ഗ്രാൻറുകൾ, സംഭാവനകൾ | 1042641.00 |

ആകെ വരവ് 2126532.00

## 1995-96 വർഷത്തെ വരവ് ചിലവുകൾ

### വരവ്

| | | |
|---|---|---|
| ഓപ്പനിംഗ് ബാലൻസ് | 1-4-95 | Rs. 1630956-60 |
| വരവ് - | | Rs. 1893086-50 |
| ആകെ - | | Rs. 3524043-10 |

### ചിലവ്

| | |
|---|---|
| 1-4-95 മുതൽ 31-3-96 വരെ ചിലവ് | Rs. 2000143-60 |
| ബാക്കി നീക്കിയിരിപ്പ് | Rs. 1523899-50 |

### J. R. Y.

| | |
|---|---|
| 1-4-95 ഓപ്പനിംഗ് ബാലൻസ് - | Rs. 258838-00 |
| ഫണ്ട് വരവ് - | Rs. 331400-00 |
| ആകെ - | Rs. 590238-00 |
| 1-4-95 മുതൽ 31-3-96 വരെ ചിലവ് - | Rs. 397123-00 |
| ബാക്കി നീക്കിയിരിപ്പ് - | Rs. 193115-00 |

ഈ പഞ്ചായത്തിൽ ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. എന്നാൽ പുതുക്കിയ ഗൾഫ് നിയമങ്ങൾ കാരണം വെറും കയ്യോടെ അഭയാർത്ഥികളെപ്പോലെ വരുന്നവർ അനുദിനം വർദ്ധിച്ചുവരുന്നു. ഇവരുടെ പുനരധിവാസത്തിനു മാർഗ്ഗം കണ്ടെത്തേണ്ടിയിരിക്കുന്നു.

### ലൈസൻസ് ഫീസ്

കഴിഞ്ഞ വർഷം പഞ്ചായത്തിൽ ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ച സംഖ്യ 6635-50 രൂപയാണ്. എന്നാൽ ചിന്നി ചിതറി അവിടവിടങ്ങളിൽ കച്ചവടം നടത്തുന്ന പലരും ലൈസൻസ് എടുക്കാത്തവരാണ്. ഒരു കേന്ദ്രീകൃത വ്യാപാരമേഖലയോ, ടൗണോ മറ്റോ ഇല്ലാത്തതിനാൽ ഒറ്റതിരിഞ്ഞ ക്ച്ചവടക്കാരാണധികവും. അവരെ മുഴുവൻ കണ്ടെത്തി ലൈസൻസെടുപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം.

### തൊഴിൽ നികുതി

വ്യാവസായികരംഗത്തൊന്നും തന്നെയില്ലാത്തതിനാൽ ഹൈസ്ക്കൂൾ, എൽ. പി., യു. പി സ്ക്കൂളുകൾ, മറ്റു സർക്കാർ ഓഫീസുകൾ എന്നിവയിൽ നിന്നും 'മാത്രമെ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. കഴിഞ്ഞ വർഷം തൊഴിൽ നികുതിയിനത്തിൽ ലഭിച്ച സംഖ്യ 92520-00 ക. യാണ്. ഇതിൽ അല്പം വർദ്ധനവ് വരുമെന്നതല്ലാതെ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നില്ല. എന്നാൽ വ്യാവസായികരംഗത്തെ വളർച്ചകൊണ്ട് തൊഴിൽ നികുതി തുടങ്ങിയവയിൽ വർദ്ധനവുണ്ടാക്കാവുന്നതാണ്.

പഞ്ചായത്തിലെ മുഴുവൻ നികുതികളും ഫീസുകളും യഥാസമയങ്ങളിൽ പിരിച്ചെടുക്കുന്നുണ്ട്. എന്നാൽത്തന്നെ തൊഴിൽ നികുതി ലൈസൻസ് ഫീസുകൾ എന്നിവയിൽ നിന്നുള്ള വരുമാനം വളരെ കുറച്ചുമാത്രമാണ്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിലെ വ്യക്തികളുടെ വരുമാനത്തെ സംബന്ധിച്ച് വാർഡുതല സർവേ നടത്തി അവരെ വിളിച്ചുചേർത്ത് പഞ്ചായത്തിലേക്ക് അവരവരുടെ പ്രതിവർഷവരുമാനത്തെ അടിസ്ഥാനമാക്കി ഒരു ചെറിയ ശതമാനം നികുതിയടക്കുന്നത് പഞ്ചായത്തിൻെറ വികസനപ്രക്രിയക്ക് അവരുടെ കൂടെ പങ്കാളിത്തത്തിൻെറ അടിസ്ഥാനത്തിലാണെന്ന് ബോധവൽക്കരണം നടത്തി അവരെ പ്രസ്തുത സംരംഭത്തിന് സ്വയം സന്നദ്ധരാക്കുകയും ചെയ്യണം. ഇതിന് വാർഡു മെമ്പർമാരും, മറ്റു സാമൂഹ്യസാംസ്ക്കാരിക-രാഷ്ട്രീയപ്രവർത്തകരും സന്നദ്ധസംഘടനാ പ്രർത്തകരും തയ്യാറാവണം. ഇതിന് ഒരു ഔദ്യോഗിക സമീപനം കൂടാതെതന്നെ ജനങ്ങളെ സന്നദ്ധരാക്കി അവരെ നികുതി ദായകരമാണ്ടേതാണ്. ഇത്തരത്തിൽ നികുതി ചുമത്തുന്നതിനുള്ള അധികാരം പഞ്ചായത്ത് ഭരണസമിതിയുടെ കീഴിൽ ഒരുവിദഗ്ദസമിതിയായിരിക്കണം. നികുതി പിരിച്ചെടുക്കുന്നതുന് പകരം സ്വയം അടച്ചു തീർത്തുന്ന ഒരു സമീപനം വരുത്തണം. ഇത്തരത്തിൽ സ്വരൂപിക്കുന്ന നികുതി വരവ് പഞ്ചായത്തിൻെറ വികസനപ്രവർത്തങ്ങൾക്ക് ഒരു വലിയമുതൽക്കൂട്ടാക്കും.

### കെട്ടിട നികുതി

പഞ്ചായത്തിൻെറ പ്രധാന വരുമാനം കെട്ടിട നികുതിയിനത്തിൽ നിന്നുമാണ്. കഴിഞ്ഞ വർഷത്തെകെട്ടിടനികുതിയിനത്തിലെ വരവ് 346636-65 രൂപയാണ്. എന്നാൽ പഞ്ചായത്തിൽ ഇന്ന് നികുതി ചുമത്തപ്പെട്ടിട്ടിള്ളത് തികച്ചും അശാസ്ത്രി

യമായ വിധത്തിലാണ്. ഒരേ പ്രദേശത്തുള്ള കെട്ടിടങ്ങൾ ഒരേ വിസ്തീർണ്ണത്തിലും മാതൃകയിലും നിർമ്മാണചിലവിലു ള്ളവയിൽ പലതിനും ചുമത്തപ്പെട്ട നികുതി വ്യത്യസ്തങ്ങളാണ്. യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയുള്ള നികുതി നിർണ്ണയം സാമ്പത്തികമായി ഏറ്റവും ശോചനീയവസ്തയിലുള്ള നമ്മുടെ പഞ്ചായത്തിൻെറ വരുമാന രംഗത്തെ തകർക്കുന്ന അതിനാൽ കെട്ടിടനികുതികളിൽ ഒരു പുനരേകീകരണം അടിയന്തരമായും നടത്തേണ്ടതുണ്ട്. കെട്ടിടത്തിൻെറ വലുപ്പം, വി സ്തീർണ്ണം, അലങ്കാരങ്ങൾ, നിലകൾ, ആഡംബരങ്ങൾ, മുറ്റം, ചുറ്റുമതിൽ എന്നിവ കൂടി കണക്കിലെടുക്കണം നികുതി നി ശ്ചയിക്കുമ്പോൾ. വിസ്തീർണ്ണം കണക്കാക്കിയുള്ള നിലവിലുള്ള അസസ്മെൻറ് സമ്പ്രദായം അശാസ്ത്രീയവും അപൂർണ്ണവു മാണ്. അതിനാൽ ഒരു പുനരേകീകരണം നടത്തിയാൽ നിലവിലുള്ള നികുതി ഇരട്ടിയിലധികം വർദ്ധിക്കുന്നതാണ്. ഇത്തരത്തിൽ പുനരേകീകരണം നടത്തുന്നതിന് അതാതു വാർഡുകളിലെ മെമ്പർമാരും ഒരു വിദഗ്ദസമിതിയും ചേർന്നാ യിരിക്കണം. പഞ്ചായത്ത് ഭരണസമിതിയിലെ അംഗങ്ങളും സ്റ്റാൻറിംഗ് കമ്മറ്റിയിലെ അംഗങ്ങളും ഓരോ വാർഡിൽ നിന്നു മുള്ള രണ്ടോ മൂന്നോ പേരടങ്ങുന്ന ഒരു സമിതിയായിരിക്കണം അതാതു വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരി ക്കേണ്ടത്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയും മറ്റംഗങ്ങളും ചേർന്ന് നികുതി നിശ്ചയി ക്കണം. നികുതി നിശ്ചയിക്കുന്നത് കെട്ടിട ഉടമയെ ബോദ്ധ്യപ്പെടുത്തുകയും നികുതി നൽകുന്നത് പഞ്ചായത്തിൻെറ വി കസനപ്രവർത്തനങ്ങൾക്ക് തൻെറ കൂടി കടമ നിർവഹിക്കലാണെന്ന ബൈധം വരുത്തുകയും വേണം. ഉദ്യോഗസ്ഥതലത്തി ലുള്ള നികുതി ചുമത്തൽ പലപ്പോഴും ആരോപണങ്ങൾക്കും അസന്തുലിതയിലേക്കും അഴിമതിയിലേക്കും നീങ്ങുവാൻ സാ ദ്ധ്യതയുള്ളതിനാൽ നികുതി ചുമത്തുന്നത് മേൽപറഞ്ഞതരത്തിലുള്ള ജനകീയ സമിതിതന്നെയാകുന്നതാണുത്തമം. ഏതാ യാലും 1997 - 98 വർഷം മുതൽ കെട്ടിടനികുതി റിവിഷൻ വരുന്നതിനാൽ നികുതി അസ്സസ്മെൻറിൽ ഒരു പുനരേകീകരണത്തി ന് സൗകര്യമുണ്ട്. പുതിയ പഞ്ചായത്തീരാജ് ആക്ട് അനുസരിച്ച് കെട്ടിടനികുതി, ലൈസൻസ്, മറ്റു നികുതികൾ എന്നിവ ചുമത്താനുള്ള അധികാരം സ്റ്റാൻറിംഗ് കമ്മിറ്റിക്കാണല്ലൊ. അതിനാൽ പുതിയതായി നികുതി ചുമത്താനുള്ള കെട്ടിടങ്ങളു ടെ ഒരു ലിസ്റ്റ് ഉടനെ തയ്യാറാക്കി അവർക്ക് വിവരം കൊടുക്കേണ്ടതും, ഇത്തരം കെട്ടിടങ്ങളുടെ ബന്ധപ്പെട്ട രേഖകൾ ഉ ദ്യോഗസ്ഥർ പരിശോധിച്ച് നിജസ്ഥിതി രേഖപ്പെടുത്തിയശേഷം ഭരണസമിതിയിൽ വെക്കേണ്ടതും ഭരണം മേൽ വിവരിച്ച വിദഗ്ദ സമിതിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മാത്രം നികുതി ചുമത്തേണ്ടതുമാണ്. പുതിയ നമ്പർ അനുവദിച്ചു കിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ വീട് പരിശോധിക്കാനും മറ്റും ഉദ്യോഗസ്ഥരെ കൂട്ടിക്കൊണ്ടുപോകുന്ന സ മ്പ്രദായം അഭിലഷണീയമല്ല. അവരുടെ ഔദ്യോഗിക സമയം നഷ്ടപ്പെടുന്നു എന്നതിനു പുറമെ പ്രലോഭനങ്ങൾക്കും പ്രേ രണകൾക്കും ഇടയാക്കാനും സാദ്ധ്യതയുണ്ട്. അതിനാൽ ബന്ധപ്പെട്ട വാർഡുമെമ്പറുടെയും സമിതിയുടെയും സാന്നി ദ്ധ്യത്തിൽ മാത്രമെ ഇത്തരം സാഹചര്യത്തിൽ പരിശോധന പാടുള്ളൂ. നികുതി നിശ്ചയിക്കുന്നത് ഏതു സാഹചര്യത്തിലാ യാലും കമ്മറ്റിയുടെ റിപ്പോർട്ടിനെറ അടിസ്ഥാനത്തിൽ തന്നെയാവണം. നികുതി കണക്കാക്കി ബന്ധപ്പെട്ട രജിസ്റ്ററിൽ ഉ ദ്യോഗസ്ഥർ സമിതിക്കു മുമ്പാകെ വെച്ച് തന്നെ ചേർത്ത് ബോദ്ധ്യപ്പെടുത്തണം. ഇതുപോലെ താമസത്തിനല്ലാത്ത കെട്ടി ടങ്ങളുടെയും വീടുകളുടെയും വാടക കണക്കാക്കി നികുതി ചുമത്തണം. ഇത് പ്രാദേശികമായി കൃത്യമായി അറിയുന്നത് ഉ ദ്യോഗസ്ഥരേക്കാൾ നാട്ടുകാർക്കാണെന്നതിനാൽ സമിതിയുടെ റിപ്പോർട്ട് നൂറുശതമാനവും ശരിയായിരിക്കുകയും ചെയ്യും. ഇത്തരത്തിൽ കെട്ടിടനികുതി അസ്സസ്മെൻറ് ശരിയാംവണ്ണം നിർവഹിച്ചാൽ ഇന്നുള്ളതിൻെറ ഇരട്ടിയിലധികം വരുമാനം പ്രതീക്ഷിക്കാവുന്നതും ആർക്കും പരാതിക്കിടമില്ലാത്ത വിധത്തിലാകുകയും ചെയ്യുമെന്നതിൽ സംശയമില്ല.

### മറ്റു ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് കിടക്കുന്ന പുറമ്പോക്ക് ഭൂമിയിൽ ഭൂരിഭാഗവും തരിശായി കിടക്കുന്നു. ഈ ഭൂമി ഓരോ വർഷത്തേക്കോ അല്ലെങ്കിൽ ഒരു നിശ്ചിത കാലയളവിലേക്കോ, കൃഷികൾക്ക് പാട്ടത്തിന് കൊടുക്കുകയാണെങ്കിൽ അതി ൽനിന്നും നല്ലൊരു സംഖ്യ വരുമാനം പ്രതീക്ഷിക്കാം. ഈ പുറമ്പോക്ക് ഭൂമിയിൽ രാമച്ചം, തുടങ്ങിയ കൃഷിക്ക് ഊന്നൽ നൽ കി പ്രോത്സാഹിപ്പിക്കുകയം സഹായം നൽകുകയും ചെയ്യുകയോ, അല്ലെങ്കിൽ പഞ്ചായത്തുതന്നെ ഏതെങ്കിലും ഏജൻസി കളെ ഉപയോഗിച്ച്കൊണ്ട് കൃഷി ചെയ്യുകയോ ചെയ്യുന്നപക്ഷം അതൊരു മുതൽ കൂട്ടാകും.

## ഖനനം

പഞ്ചായത്തിൻെറ വിവിധമേഖലകളിൽ വൻതോതിൽ ഇത്തിൾ ഖനനം ചെയ്തെടുക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന മുഴുവൻ ഇത്തിളും മറ്റുപ്രദേശങ്ങളിലേക്ക് കയറ്റിക്കൊണ്ടുപോകുന്നു. ഈ ഖനനം ചെയ്തെടുക്കുന്ന ഇത്തിൾ ഇവിടെ ത ന്നെ സംസ്കരിച്ചെടുക്കാനും തന്മൂലം നല്ലനിലയിൽ വ്യാവസായികമായി വികസിപ്പിക്കാനും കഴിയും. വളരെകുറഞ്ഞവി ലക്ക് ഇവിടെനിന്നും കയറ്റിക്കൊണ്ടുപോയി സംസ്കരണത്തിനുശേഷം അമിതമായ വിലക്ക് വിറ്റുവരുന്ന ഈ അസംസ്കൃ തവസ്തു ഇവിടെത്തന്നെ ചുരുങ്ങിയ ചിലവിൽ സംസ്കരിച്ചെടുത്ത് വിപണനരംഗത്തിറക്കാവുന്നതാണ്.

### ബാങ്ക് - ഫൈനാൻസിയേഴ്സ്

ഈ പഞ്ചായത്തിൽ ഒരു സർവീസ് സഹകരണബാങ്കും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖയും മറ്റു നിരവധി സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുമുണ്ട്. എന്നാൽ നിക്ഷേപം അധികവും കോ ഓപ്പറേറ്റീവ് ബാങ്കിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിലുമാണ്. ഇത്തരത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷപത്തിൻെറ 80 - 90 ശതമാനം വരെ അതാത് പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പയെടു

ക്കാനുള്ള സാദ്ധ്യത പുതിയ പഞ്ചായത്ത് രാജ് ആക്റ്റിലുണ്ട്. പഞ്ചായത്തുകളോ, ഗ്രാമസഭകളോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ നൽകുന്നതിന് ബാങ്കുകൾ ബാദ്ധ്യസ്ഥരാണ് എന്ന നിയമം ഈ രംഗത്തുണ്ടാകണം.

## നാഷനൽ സേവിംഗ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രികയുടെ 15 മുതൽ 25% വരെ ആ പഞ്ചായത്തിനു തന്നെ ലഭിക്കുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അതുകൊണ്ട് പഞ്ചായത്തിൽ നിന്നും പരമാവധി നിക്ഷേപം മഹിളാ പ്രധാൻ ഏജൻറുമാർ മുഖേനയുണ്ടാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും വികസനസമിതി പ്രവർത്തകരും കൂടി ശ്രമിച്ചാൽ പഞ്ചായത്തിന് അതൊരു നല്ല വരുമാനമാകും.

തികച്ചും ദരിദ്രമായ നമ്മുടെ പഞ്ചായത്തിൻെറ വരുമാനത്തിൻെറ നല്ലൊരു ഭാഗം ചിലവഴിക്കപ്പെടുന്നത് തീരെ പ്രത്യുൽപാദനപരമല്ലാത്ത രീതിയിലാണ്. വികസനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും ചിലവഴിക്കപ്പെടുന്നത് പൊതുമരാമത്തു പ്രവൃത്തികൾക്കാണ്. അതുപോലെത്തന്നെ വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യപ്രവർത്തനങ്ങൾ എന്നിവക്കും സാമൂഹികനേട്ടങ്ങൾക്കും വേണ്ടി കയ്യിലുള്ള വിഭവങ്ങളിൽ നിന്നും യഥാവിധി ചിലവഴിക്കപ്പെടുന്നുണ്ട്. ഉദ്യോഗസ്ഥരുടെ ശമ്പളവും, മറ്റനുബന്ധ ചിലവുകളും ഭരണസമിതിയുടെ ചിലവുകളും ഒഴിച്ചുകൂടാൻ പറ്റാത്തവയുമാണ്. ലഭിക്കുന്ന വരുമാനത്തിൻെറ സിംഹഭാഗവും ശമ്പളത്തിനും മറ്റുമായി നീക്കിവെയ്ക്കപ്പെടേണ്ടി വരുന്നു.

## ഭൂനികുതി

പഞ്ചായത്ത് പ്രദേശത്തെ ഭൂമിയ്ക്ക് അവയുടെ ഗുണനിലവാരം കണക്കാക്കിക്കൊണ്ട് നികുതിചുമത്തുകയും അത് പിരിച്ചെടുക്കുന്നതിന് പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യണം. കൃഷിക്കുപയുക്തമായിട്ടുള്ള ഭൂമി തരിശിടുന്നതും, കൃഷിഭൂമി നികത്തി വീടും പറമ്പുമാക്കിമാറ്റുന്നതും കണ്ടെത്തി പ്രസ്തുത ഭൂമിക്ക് പരമാവധി നികുതി ചുമത്താനും, നിലവിലുള്ള ഭൂമിയുടെ ഉൽപാദനക്ഷമത കണക്കാക്കി നികുതി ചുമത്തുന്നതിനും ആവശ്യമായ നിയമനടപടികൾ സർക്കാർ ഭാഗത്തുനിന്നും ഉണ്ടാവണം.

## ടൂറിസം

പഞ്ചായത്തിൻെറ പടിഞ്ഞാറൻ അതിർത്തി അറബിക്കടലിനോട് മുട്ടിയുരുമിക്കിടക്കുന്ന പ്രദേശമാണ്. നയനമനോഹരമായ ഒരു രംഗവേദിയാണിവിടെ. സൂര്യാസ്തമയത്തിൻെറ അപൂർവ്വ ചാരുത ഇവിടത്തെ മാത്രമൊരനുഗ്രഹമാണ്. കടലോരത്തേക്കുള്ള ഗതാഗതസൗകര്യം വർദ്ധിക്കുകയും തീരപ്രദേശത്ത് ധാരാളം ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ റിസോർട്ട്സ് സ്ഥാപിക്കുകയും ചെയ്യുക. ഒരു പാർക്ക് നിർമ്മിച്ചു സഞ്ചാരികളെ ആകർഷിക്കുക. തീരദേശറെയിൽവേയുടെ പണിയോടെ ഇവിടെ ഒരു റെയിൽവേ സ്റ്റേഷൻ സ്ഥാപിക്കുക തുടങ്ങിയവയിലൂടെ ഈ മേഖലയെ വിനോദസഞ്ചാരഭൂപടത്തിലുൾപ്പെടുത്താം. ഇത്തരത്തിൽ ഇവിടെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കിമാറ്റുന്നപക്ഷം കേരോൽപന്നങ്ങളും, രാമച്ചം മുതലായവ കൊണ്ടുണ്ടാക്കുന്ന കരകൗശലവസ്തുക്കളും വിറ്റഴിക്കാനുള്ള ഒരു വൻവിപണനസാദ്ധ്യതയും ഉണ്ട്. ജലഗതാഗതസൗകര്യം പടിഞ്ഞാറൻ കനോലികനാലിലൂടെ ആരംഭിക്കുമ്പോൾ ഈ പഞ്ചായത്തുപ്രദേശത്തിൻെറ പടിഞ്ഞാറൻ തീരമാകെത്തന്നെ വിനോദസഞ്ചാരികൾക്ക് ഒരു പറുദീസയാണെങ്കിൽ സംശയമില്ല. ഒരു കൂട്ടായ ശ്രമം കൂടി വേണ്ടിവരും. ചിലവു കുറഞ്ഞതരത്തിൽ ഓലയും മുളയും, പുല്ലുമെല്ലാം ഉപയോഗിച്ച് മനോഹരങ്ങളായ വിശ്രമകേന്ദ്രങ്ങളും സൃഷ്ടിക്കാവുന്നതാണ്. ഇതൊക്കെ പഞ്ചായത്തിനോ പഞ്ചായത്ത് നിശ്ചയിക്കുന്ന ഏജൻറുകൾക്കോ ചെയ്യാവുന്നതാണ്.

## മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവം മനുഷ്യവിഭവം തന്നെയാണ്. ജാതി - മത - രാഷ്ട്രീയ ചിന്തകൾക്കതീതമായി തൻെറ കായികാദ്ധ്വാനം നാടിൻെറ വികസനത്തിനു വേണ്ടി സമർപ്പിക്കാൻ തയ്യാറാണെന്ന് എല്ലാ ഗ്രാമസഭകളിലും ഉരുത്തിരിഞ്ഞുവന്ന റിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ജനകീയപങ്കാളിത്തത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തൻെറ അദ്ധ്വാനശേഷി സംഭാവന നൽകാമെന്നേറ്റ ഓരോരുത്തരും അഭിനന്ദനാർഹർതന്നെയെന്നതിന് സംശയമില്ല. റോഡിൽ വെള്ളം കെട്ടിനിൽക്കുന്നതൊഴിവാക്കാനും റോഡിന്നിരുവശത്തുള്ള ചാലുകൾ നന്നാക്കൽ തുടങ്ങിയവ അതാത് റോഡരികിലുള്ള താമസക്കാർ സ്വയം ചെയ്യുന്നത് ഒരുദാഹരണം മാത്രമാണ്. ഇത്തരം പ്രവൃത്തികൾക്കാവശ്യമായ സഹകരണവും സഹായവും പഞ്ചായത്തിൽ നിന്ന് സ്വീകരിക്കയുമാകാം. ഇതുപോലെത്തന്നെ പഠനനിലവാരം ഉയർത്തുന്നതിന് അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരുടെ സേവനം ഉപയോഗിക്കാം. ശുചീകരണ പ്രവർത്തനങ്ങളും മറ്റും നടപ്പിലാക്കുന്നതിനും, ആരോഗ്യപ്രവർത്തനത്തിനും ഇവരുടെ സേവനം ഉപയോഗിക്കാം.

വാഗ്ദാനം ചെയ്യപ്പെട്ട മാനവശേഷി ശരിക്കുപയോഗിച്ചാൽ നാടിൻെറ മുഖഛായ തന്നെ മാറ്റാവുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാകും. നമ്മുടെ നാടിൻെറ പുരോഗതി നമ്മുടെ കൂട്ടായ്മ അദ്ധ്വാനത്തിലൂടെത്തന്നെയാകട്ടെ.

# പൊതുവിതരണ കേന്ദ്രങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്.

പുന്നയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പതിനൊന്ന് റേഷൻ കടയും, ഒരു മാവേലി സ്റ്റോറും അടക്കം പന്ത്രണ്ട് പൊതുവിതരണ കേന്ദ്രമാണ് സ്ഥിതിചെയ്യുന്നത്, പതിനൊന്ന് റേഷൻ ഷാപ്പുകൾ യഥാക്രമം ARD: 196, 197,198,199,200,207,208,209,216,230,235 നമ്പറുകളിൽ സുഹറാബി, പി. സി. മുഹമ്മദ്, എ. കെ. മുഹമ്മദ്, ശേഖരൻ നായർ, എൻ. പി. മൊയ്തുണ്ണി, കെ. മൊയ്തു, സി. കരുണാകരൻ നായർ, പി. ആരിഫ്, എ. കെ. കുഞ്ഞിബാപ്പു, സി. കെ. രവീന്ദ്രൻ, ഫൗസിയാബി എന്നീ ലൈസൻസികളുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ ഏക മാവേലി സ്റ്റോർ പഞ്ചവടിയിലും സ്ഥിതി ചെയ്യുന്നു.

മൊത്തം റേഷൻ കടകളിലായി 4824 കാർഡുകളുണ്ട്. അതിൽ 2727 വൈദ്യുതീകരിച്ചിട്ടില്ലാത്ത വീട്ടുടമയുടെ കാർഡും 2101 വൈദ്യുതീകരിച്ച് വീട്ടുടമയുടെ കാർഡുമാണുള്ളത്.

മൊത്തം ഗുണഭോക്താക്കളിൽ 25756 മേജർ അംഗങ്ങളും കൂടി 30813 ഗുണഭോക്താക്കളാണുള്ളത്.

ഇത്രയും പൊതുജനവിതരണ കേന്ദ്രത്തിൽ കൂടി 15544. 28 ക്വിൻറൽ അരിയും 5913.28 ക്വിൻറൽ ഗോതമ്പും 82.54 ക്വിൻറൽ റവയും 300.32 ക്വിൻറൽ മൈദയും 1559.72 ക്വിൻറൽ പഞ്ചസാരയും ഭക്ഷ്യവസ്തുക്കളായി വിതരണം ചെയ്യുന്നു.

274 പെർമിറ്റുകളാണ് ഇത്രയും പൊതുവിതരണ കേന്ദ്രത്തിലുള്ളത്. അതുവഴി 26388 ലിറ്റർ പെർമിറ്റ് മണ്ണെണ്ണ വിതരണം ചെയ്യുന്നു. അതു കൂടാതെ കാർഡ് വഴി 212900 ലിറ്റർ മണ്ണെണ്ണയും വിതരണം ചെയ്യുന്നത്.

ഇത്രയുമാണ് നമ്മുടെ പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളുടെ അടിസ്ഥാന വിവരങ്ങൾ. 1966 ലെ റേഷനിങ്ങ് ആക്ട് അനുസരിച്ചാണ് ഇപ്പോൾ കേരളത്തിലെ പൊതുവിതരണം നടന്നുകൊണ്ടിരിക്കുന്നത്. കാലോചിതമായ പുന:പരിഷ്ക്കരണങ്ങൾ വളരെ അനിവാര്യമാണ്. പ്രധാനമായും ഗുണമേന്മയുള്ള സാധനങ്ങൾ പൊതുവിതരണ കേന്ദ്രങ്ങളിലുടെ ലഭ്യമല്ല.

ഇപ്പോഴും പകുതിയോളം വീടുകളിലും വൈദ്യുതികരിച്ചിട്ടില്ല. എന്നുള്ളത് നമ്മുടെ അടിസ്ഥാനസൗകര്യത്തിൻെറ അപര്യാപതയാണ് കാണിക്കുന്നത്. പക്ഷേ ഇത്തരം വൈദ്യുതീകരിക്കാത്ത വീടുകളിലേക്ക് അവർക്ക് കൊടുക്കുന്ന മണ്ണെണ്ണയുടെ അളവ് അവരുടെ ഉപയോഗത്തിൻെറ മൂന്നിലൊന്ന്പോലും വരുന്നില്ല എന്നുള്ളത് ഒരു പരമാർത്ഥമാണ്. വൈദ്യുതികരിച്ച വീടുകളിൽ തന്നെ കേരളം പോലുള്ള വോൾട്ടേജ് കമ്മിയായി സംസ്ഥാനത്തും ശരാശരി നിലവാരത്തിൽ താഴെ കിടക്കുന്ന പുന്നയൂർ പഞ്ചായത്തിലും ഇവർക്ക കൊടുക്കുന്ന മണ്ണെണ്ണയുടെ അളവും അവരുടെ ആവശ്യത്തിൽ നിന്നും തുലോം കുറവാണ്. വൈദ്യുതികരിക്കാത്ത വീടുകളിൽ മണ്ണെണ്ണ ഉപയോഗിച്ച് വിളക്ക് കത്തിച്ച് അതിന് മുമ്പിലിരുന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇത് അവരുടെ ഭാവിയെകൂടി ഇരുട്ടിലാഴ്ത്താൻ കാരണമാകുന്നു എന്നത് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ധാരാളം കേരകർഷകരും, അളവോളം പുഞ്ചകർഷകരും ഉണ്ട്. ഈ രണ്ട് കൃഷിയുടെയും നടത്തിപ്പിൽ ഈ കർഷകർക്ക് ധാരാള് മണ്ണെണ്ണയുടെ ആവശ്യമുണ്ട്. പ്രത്യേകിച്ചും പൂഴിപ്രദേശമായി കിടക്കുന്ന പഞ്ചായത്തിൽ പടിഞ്ഞാറ് ഭാഗത്ത് ഭൂരിപക്ഷവും കേരകർഷകരാണ്. ഇത് മുഴുവൻ വേനൽക്കാലത്ത് മണ്ണെണ്ണ എഞ്ചിൻ ഉപയോഗിച്ച് ജലസേചനം നടത്തണം. ഇതിന് മുമ്പ് ഒരു ഏക്കർസ്ഥലത്തേക്ക് 25 Ltr. മണ്ണെണ്ണ വെച്ച് അനുവദിച്ചിരുന്നു. അത് കൃത്യസമയത്ത് മെയ്യ് മാസം തൊട്ട് ഡിസംബർ വരെ ലഭിക്കുകയും ചെയ്തിരുന്നു. ഒന്നരണ്ട് വർഷമായി ഏക്കറിന് 5 Ltr ആയി പരിമിതപ്പെടുത്തുകയും അതുതന്നെ ആറ് മാസവും ലഭിക്കാത്ത അവസ്ഥയുമാണ് നിലവിലുള്ളത്. ഇത് മൊത്തം കർഷകനെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്.

ഭക്ഷ്യവസ്തുക്കളിലധികവും ഗുണ - നിലവാരം തീരെ കുറഞ്ഞതാണ്. മാത്രമല്ല റേഷൻകടയെ കൂടുതൽ ആശ്രയിക്കുന്ന സാമ്പത്തിക രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മുഴുവൻ ഉപയോഗത്തിനും തികയുന്നില്ല. അത് കൂടാതെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സബ് സിഡി സത്യത്തിൽ ജനങ്ങളുടെ കണ്ണിൽ പൊടിയുന്ന അവസ്ഥ മാത്രമാണുള്ളത്. കേവലം 4 കിലോഗ്രാം അരിമാത്രം സബ്സിഡി കൊടുക്കുകയും,അതിലുടെ സംസ്ഥാന സർകകാർ പ്രഖ്യാപിച്ച സബ്സിഡി അപൂർണ്ണമായി നടപ്പാക്കുകയും ചെയ്യുന്നു. ഇത് ഒരു രീതിയിലും ഉപയോഗക്താക്കൾക്ക് ഗുണകരമായ അനുഭവമാക്കാൻ കഴിഞ്ഞില്ല എന്ന് മാത്രമല്ല വിതരണക്കാരനും, ഉപഭോക്താവിനും സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കാനേ ഇത് ഉപകരിക്കുന്നുള്ളു. ഈ 4 കിലോഗ്രാമിന് സബ്സിഡി എന്നുള്ളത് മൊത്തം അരിക്ക് സബ്സിഡി ഏർപ്പെടുത്തി സബ്സിഡി സമ്പ്രദായം വിപുലികരിച്ച് ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## നിർദ്ദേശങ്ങൾ

(1) കൂടുതൽറേഷൻകടകൾ വേണം. 300 കാർഡിന് ഒന്ന് എന്നകണക്കിൽ വേണം

(2) സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി, ഇറച്ചി, മത്സ്യ വിപണന കേന്ദ്രങ്ങൾ വേണം.

(3) കിഴക്കൻ മേഖലയിൽ ഒരുമാവേലി സ്റ്റോർവേണം.

(4) ആളൊന്നിന് 500ഗ്രാം ഭക്ഷ്യധാന്യം ലഭ്യമാവണം. പഞ്ചസാരയുടെ അളവ് കൂട്ടണം. 2 കിലോഗ്രാം വേണം. മണ്ണെണ്ണയുടെ അളവ് 10 ലിറ്റർ ആക്കണം. ഗോതമ്പ്, മൈദ, റവ, ഭക്ഷ്യധാന്യങ്ങൾ കൃത്യമായി റേഷൻകടകളിലെത്തിക്കാൻ ഏർപ്പാടുണ്ടാവണം.

(5) മോബയിൽ മാവേലി സ്റ്റോർ പ്രാവർത്തികമാക്കണം.

(6) ബോട്ട്, വഞ്ചി എന്നിവക്കുള്ള ഡീസൽ, ഓയിൽ, എന്നിവയും മണ്ണെണ്ണയും വിതരണത്തിനുള്ള പൊതു വിതരണ യൂണിറ്റുവേണം

(7) തെരഞ്ഞെടുത്ത കടകളിലൂടെ പല വ്യജ്ജനങ്ങൾ വിൽക്കുന്ന രീതി ഫലപ്രദമല്ല. കാര്യക്ഷമമാക്കണം.

# പൊതുവിതരണ കേന്ദ്രത്തെകുറിച്ചുള്ള വിവരങ്ങൾ

മണ്ണെണ്ണ

| | പൊതുവിതരണകേന്ദ്രത്തിൻെറ നമ്പറും പേരും | വർഷം | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോവിൽ | ആകെ | പെർമിറ്റിൻെറ എണ്ണം | പെർമിറ്റ് വിതരണം ചെയ്യുന്ന ലിറ്റർ | കാർഡു വഴി വിതരണം ചെയ്യുന്ന ലിറ്റർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | NE | E | ആകെ | 12 വയസ്സിനു മുകളിൽ | മെമ്പർ 3-12 | ആകെ | | | | | | | | | | |
| 1 | ARD 199, ശേഖരൻ നായർ | 1995-96 | 140 | 208 | 348 | 1737 | 358 | 2095 | 1600 | 415 കി | 9 | 32 | 114 കി | NIL | - | 30 | 3000 | 133000 |
| 2 | ARD 196 സുഹറാബി പുന്നയൂർ | " | 203 | 201 | 404 | 2142 | 358 | 2500 | 1503 | 550 | 7.2 | 33 | 130 | " | - | 8 | 866 | 16940 ലി |
| 3 | ARD 197 പി. സി. മുഹമ്മദ് | " | 395 | 200 | 595 | 3214 | 701 | 3915 | 1560 | 700 | 10.8 | 42 | 187 | " | - | 20 | 1872 ലി | 28500 ലി |
| 4 | ARD 198 A. K. മുഹമ്മദ് | " | 346 | 166 | 512 | 2927 | 513 | 3440 | 1425 | 686 | 9.90 | 40 | 182 | " | - | 17 | 2050 | 24600 |
| 5 | ARD 200 N. P. മൊയ്തുണ്ണി | " | 333 | 231 | 564 | 2941 | 577 | 3578 | 1350 | 800 | 6.64 | 7.56 | 168 | " | - | 40 | 4320 | 25524 |
| 6 | ARD 207 K. മൊയ്തു | " | 180 | 126 | 306 | 1808 | 349 | 2157 | 855 | 412 | 6 | 23.76 | 117 | " | - | 21 | 1272 | 12312 |
| 7 | ARD 208 C. കരുണാകരൻ നായർ | " | 310 | 273 | 583 | 2995 | 650 | 3645 | 2000 | 300 | 10.80 | 38 | 180 | " | - | 12 | 1104 | 25152 |
| 8 | ARD 235 ഫൗസിയാബി | " | 92 | 203 | 295 | 1513 | 281 | 1794 | 1044 | 300 | 3 | 13 | 95.80 | " | - | 16 | 1478 | 10392 |
| 9 | ARD 209 ആരിഫ. പി. | " | 357 | 255 | 612 | 3166 | 623 | 3789 | 1242 | 480 | 6 | 28 | 180 | " | - | 66 | 6504 | 27540 |
| 10 | ARD 216 A. K. കുഞ്ഞിബാപ്പു. | " | 133 | 160 | 293 | 1540 | 322 | 1862 | 1100 | 405 | 7.20 | 27 | 97 | " | - | 35 | 2950 | 11720 |
| 11 | ARD 230 C. K. രവീന്ദ്രൻ | " | 238 | 78 | 316 | 1773 | 325 | 2095 | 1865.28 | 862.28 | 600 kg. | 1600 kg. | 108 | " | - | 9 | 972 | 16920 |
| 12 | ARD 237 അബു | " | 250 | 150 | 100 | 1890 | 375 | 2195 | 2050 | 916 | 5 | 25 | 125 | " | - | 8 | 734 | 5697 |

# ഉപസംഹാരം

ഒരു നവയുഗപ്പുലരിക്ക് നാന്ദികുറിച്ച് കൊണ്ട്, ഒമ്പതാം പദ്ധതിയെ ജനകീയപദ്ധതിയാക്കിക്കൊണ്ട് കേരളസർക്കാരും, ആസൂത്രണബോർഡും ചേർന്നൊരുക്കുന്ന വികസനപ്രക്രിയ നിലവിലുള്ള പദ്ധതിയാവിഷ്ക്കരണത്തിലെ പല താളപ്പിഴകൾക്കും പ്രധിവിധിയാകുമെന്ന് നമുക്കുറപ്പുണ്ട്. സാമൂഹ്യ-സാംസ്ക്കാരികരംഗത്തെ ഉയർത്തെഴുന്നേൽപ്പിനും, സമൂഹത്തിന്റെ അർപ്പണബോധത്തിനും ഇടനൽകുന്ന ഈ ജനകീയാസൂത്രണവികസനപ്രസ്ഥാനം നാടിന്റെ നന്മ നാട്ടുകാരുടെ ശ്രമഫലത്തിലൂടെയാകുമ്പോൾ ഉദ്യോഗസ്ഥമേധാവികളുടെ മേശപ്പുറങ്ങളിൽ പൊടിപിടിച്ചുറങ്ങുന്ന രേഖകളും, ഫയലുകളും, റജിസ്റ്ററുകളും, അവതേടി ആഫീസുകളിൽ നിന്നും ആഫീസുകളിലേക്ക് കയറിയിറങ്ങി തേഞ്ഞകാലുമായി നിരാശയിലാണ്ടുകഴിയേണ്ട ഗതികേടിൽ നിന്നും ഗ്രാമീണർക്ക് മോചനം ലഭിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങളിലൂടെ നമ്മുടെ നാടിന്റെ വികസനം നടക്കുമ്പോൾ യഥാർത്ഥത്തിൽ നേടുന്ന വികസനം നാമോരോരുത്തരുടേതുമാണ്.

ഒമ്പതാം പദ്ധതി 1997 ഏപ്രിൽ ഒന്നു മുതൽ 5 വർഷത്തേക്ക് ഏകദേശം 14000 കോടി രൂപയാണ് കേരളസംസ്ഥാനത്ത് പദ്ധതിയിനത്തിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ 40% ഏതാണ്ട് 5 കോടി രൂപ ജനകീയാസൂത്രണപ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന് ലഭിക്കുന്നു.

ഗ്രാമസഭകളിൽ ചർച്ച ചെയ്തുരിത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും വികസനസാദ്ധ്യതകളും സമഗ്രമായി അടങ്ങുന്ന ഒരു വികസനറിപ്പോർട്ടാണ് എഴുതി തയ്യാറാക്കിയിട്ടുള്ളത്. സെമിനാറിൽ പങ്കെടുക്കുന്ന ഒരോ പ്രധിനിധിയും ഈ വികസന റിപ്പോർട്ട് സൂക്ഷ്മമായി പരശോധിച്ച് ചർച്ച ചെയ്യുകയും 5 വർഷം കൊണ്ട് നടപ്പിലാക്കേണ്ട വികസനപ്രവർത്തനങ്ങൾക്കുവേണ്ട പ്രായോഗികനിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം. ഈ വികസന റിപ്പോർട്ട് കുറ്റമറ്റതാണെന്നോ പൂർണ്ണമാണെന്നോ പറയാനാകില്ല. അതു കുറ്റമറ്റതും പൂർണവുമാകണമെങ്കിൽ വികസന സെമിനാറിൽനിന്ന് നിർദ്ദേശങ്ങളും പ്രായോഗികപദ്ധതികളും ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു. അതിനാൽ അത്തരം നിർദ്ദേശങ്ങളു, മറ്റു പ്രായോഗിക പദ്ധതികളും പ്രതീക്ഷിച്ചുകൊള്ളുന്നു.

അധികാരം ജനങ്ങളിലേക്ക്- വികസനം ജനപങ്കാളിത്തത്തോടെ എന്ന ഈ പദ്ധതി ഒരു ചരിത്രമായി തീരുകയാണ്.

അനന്തകോടി യുഗങ്ങൾക്കകലെ ഒരു സൗരയൂഥസീമയിൽ ഏതോ ബ്രഹ്മമുഹൂർത്തത്തെ അനശ്വരമാക്കിക്കൊണ്ട് പ്രപഞ്ചാത്മാവിന് പുളകം പകർന്നുകൊണ്ട് ജീവന്റെ അമൃതകണിക നിന്ന് തുളുമ്പി. ആയിരമായിരപരിവർത്തനദശകളുടെ പട്ടുനൂലിഴകൾ മെനഞ്ഞുതീർത്ത സമാധിയിൽ നിന്നും മനുഷ്യൻ മിഴിതുറന്നു. പ്രഗതിയുടെ കല്പടവുകളിൽ അവന്റെ പാദപത്മ മുദ്രകൾ പതിഞ്ഞു. നിഷേധവും നിഷേധത്തിന്റെ നിഷേധവുമായി, മായിക ശക്തി നശിച്ച ഗാണ്ഡീവങ്ങൾ കയ്യിലെടുത്തു നിന്നവരുടെ പൊയ്മുഖങ്ങൾ ചീന്തിയെറിഞ്ഞുകൊണ്ട് അവൻ നടന്നടുക്കുകയാണ് ഒരു പുത്തൻ പുലരിയിലേക്ക്. ഒരു പുത്തൻ പുലരി സ്വപ്നം കണ്ട് നേടാനാകാതെ... മോഹഭംഗത്തോടെയിരിക്കുന്ന നമുക്കും അവനോടൊപ്പം നടന്നുനീങ്ങാം ഒരു പുതിയ പ്രഭാതത്തിനുവേണ്ടി. ഈ പുന്നയൂർ ഗ്രാമപഞ്ചായത്തിലും ആ പൊൻപുലരിയെ വരവേൽക്കാൻ നമുക്കൊന്നിക്കാം. ഒറ്റക്കെട്ടായി. ഒറ്റച്ചുവടായി. ഒറ്റ സ്വരമായി മുന്നോട്ട് നീങ്ങാം. നമ്മുടെ നല്ല നാളേക്കുവേണ്ടി.

# ജനകീയാസൂത്രണ പ്രസ്ഥാനം

- ഒമ്പതാം പഞ്ചവത്സര പദ്ധതി 1997 ഏപ്രിൽ 1 മുതൽ
- വികസനം താഴെ തട്ടിൽ നിന്ന്
- ഒമ്പതാം പദ്ധതിയുടെ 40% പഞ്ചായത്ത് ഭരണസമിതികൾക്ക്
- അഴിമതി രഹിതമായ വികസന പ്രക്രിയ
- വികസന പ്രക്രിയ ജനങ്ങളിലൂടെ


# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി



# പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

## സമഗ്ര വികസന രേഖ

# പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത്




വിസ്തീർണ്ണം 18.71 ച. കി.മി.

൯-ാം പഞ്ചവത്സരപദ്ധതി നമ്മുടെ പദ്ധതി, കണ്ണും മനസ്സും, മെയ്യും ഒന്നായി ചേരുമ്പോൾ ഒരു വികസന രേഖ തയ്യാറാവുന്നു. ഈ വികസന രേഖ നാടിനും, നാട്ടാർക്കും വേണ്ടി സാമ്രാജ്യത്വ ശക്തികളോട് പൊരുതിയ ധീരദേശാഭിമാനികൾക്കു വേണ്ടി സമർപ്പിക്കുന്നു.

എഡിറ്റർ
എം. മോഹൻദാസ്

എഡിറ്റോറിയൽ സ്റ്റാഫ്

വി.പി. മാമു
ടി.എസ്സ്. ഉദയൻ
ടി.പി. ഉണ്ണി
സി.പി. ഇസ്മായിൽ
വി. സുനിൽകുമാർ
സി.ടി. സോമരാജ്
വി.പി. ലത്തീഫ്
വി.സി. സുരേഷ്
സി. മോഹനൻ
കെ.വി. ധർമ്മപാലൻ
കാദർ മാസ്റ്റർ
ടി. ഉണ്ണികൃഷ്ണൻ
വി.എ. സുനിൽകുമാർ
സി. ഷാജു
സി.ഡി. ചിത്രാംഗദൻ

Layout:
PrestO D.T.P Kunnamkulam
Printed at
Johnson Offset Printers Kottapadi

# ഉള്ളടക്കം

1. പൊതുവിവരണം

2. ആമുഖം

3. സാമൂഹികസാമ്പത്തികമേഖലകൾ

3 (a) വിദ്യാഭ്യാസം

(b) കൃഷി - ജലസേചനം

(c) വിഭവസമാഹരണം

(d) സഹകരണം

(e) മത്സ്യബന്ധനം

(f) സംസ്കാരം

(g) മൃഗസംരക്ഷണം

(h) പാർപ്പിടവും - സാമൂഹ്യക്ഷേമവും

(i) കുടിവെള്ളം

(j) വനിത

(k) വ്യവസായം

(l) ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

(m) ആരോഗ്യം

(n) പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

(o) ടൂറിസം

4. ചരിത്രപശ്ചാത്തലം

5. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

ഉപസംഹാരം

# പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത്

## ഭരണ സമിതി



വി.പി. മാമു
(പ്രസിഡണ്ട്)



കമലം വാസു പണിക്കർ
(വൈസ് പ്രസിഡണ്ട്)



ടി.എസ്സ്. ഉദയൻ
(ചെയർമാൻ സ്റ്റാന്റിഗ്കമ്മറ്റി)

**മെമ്പർമാർ**

വി.കെ സരോജനി ടീച്ചർ
ടി.പി. ഉണ്ണി
സി.പി. ഇസ്മായിൽ
സി.എം. വേണു
സതി ജനാർദ്ദനൻ
വിപിൻ മോഹൻ
എ. അലാവുദീൻ
സുബൈദ മുഹമ്മദുകുട്ടി
വി.കെ. യൂസഫ്

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | പുന്നയൂർക്കുളം |
| ബ്ലോക്ക് പഞ്ചായത്ത് | - | ചാവക്കാട് |
| ബ്ലോക്ക് പഞ്ചായത്ത്ഡിവിഷൻ | - | ആൽത്തറ, അണ്ടത്തോട് |
| താലൂക്ക് | - | ചാവക്കാട് |
| അസംബ്ലി മണ്ഡലം | - | ഗുരുവായൂർ |
| ലോകസഭാ മണ്ഡലം | - | തൃശ്ശൂർ |
| വിസ്തീർണ്ണം | - | 18.71 ചതുരശ്ര കി.മീ. |
| അതിരുകൾ | | വടക്ക് — മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് പഞ്ചായത്ത് |
| | | കിഴക്ക് — തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ, വടക്കേക്കാട് പഞ്ചായത്തുകൾ |
| | | തെക്ക് — തൃശ്ശൂർ ജില്ലയിലെ പുന്നയൂർ, വടക്കെകാട് പഞ്ചായത്ത് |
| | | പടിഞ്ഞാറ് — അറബിക്കടൽ |
| ജനസംഖ്യ | - | 29795 |
| പുരുഷൻമാർ | - | 13965 |
| സ്ത്രീകൾ | - | 15830 |
| അക്ഷരാഭ്യാസമുള്ളവർ | - | (പു) 10472(സ്ത്രീ) 11083 |
| സാക്ഷരത | - | 72.37% |
| വാർഡുകൾ | - | 12 |
| പ്രസിഡണ്ടിന്റെ പേര് | - | വി.പി. മാമു |
| വൈസ് പ്രസിഡണ്ടിന്റെ പേര് | - | കമലം വാസുപണിക്കർ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ | - | ടി. എസ്. ഉദയൻ |

## ആമുഖം

കൊളോണിയൽ നുകത്തിൽനിന്നും ഇന്ത്യാ സ്വാതന്ത്ര്യം നേടി 49 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞു. എട്ട് പഞ്ചവത്സര പദ്ധതികളും ഇതിനകം പൂർത്തിയാക്കിയിരിക്കയാണ്. എന്നാൽ ഈ പദ്ധതികളിലെല്ലാം തന്നെ അധികാരവും ആസൂത്രണവും മുകളിൽ നിന്നും കീഴോട്ടൊഴുകുകയായിരുന്നു. ഡൽഹിയിലിരുന്നു നടത്തിയ ഈ ആസൂത്രണത്തിന് ജനകീയ ആവശ്യങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞില്ല. ഒമ്പതാം പദ്ധതിയുടെ ഭാഗമായി കേരളം നടപ്പാക്കാൻ ശ്രമിക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശാമാറ്റം നൽകപ്പെട്ട ആസൂത്രണത്തിലും വികസനപ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയും ഇത് വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരിക്കും.

പദ്ധതിവിവഹിതത്തിന്റെ 40% പഞ്ചായത്ത് ഭരണ സമിതികൾക്ക് നൽകാനാണ് പ്ലാനിങ്ങ് ബോർഡിന്റെ തീരുമാനം. വളരെ വലിയ ഉത്തര വാദിത്വമാണ് പഞ്ചായത്ത് ഭരണസമിതികൾ ഏറ്റെടുക്കാൻ പോകുന്നത്. അനന്തമായ ആഗ്രഹങ്ങളാണ് ഗ്രാമസഭകളിലൂടെ ജനങ്ങൾ പ്രകടിപ്പിച്ചിട്ടുള്ളത്. മുന്നിലുള്ള സാധ്യതകളെ മുഴുവൻ ഉപയോഗപ്പെടുത്തി ഇവ എങ്ങനെ യാഥാർത്ഥ്യമാക്കാം എന്നതാണ് ഭരണസമിതികളുടെ മുന്നിലുള്ള ദൗത്യം. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും, തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജന പങ്കാളിത്തം ഫലപ്രദമാക്കുമ്പോൾ, സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോവുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും, ശ്രീഘ്രവും, തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്നു മാത്രമല്ല അഴിമതിയുടെ എല്ലാകൈവഴികളും നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും.

9-ാം പദ്ധതിയുടെ ഭാഗമായ ജനകീയ ആസൂത്രണപ്രസ്ഥാനം, പുന്നയൂർക്കുളം പഞ്ചായത്തിൽ ആരംഭം കുറിക്കുന്നത് 14-9-96ന് കടിക്കാട് ഗവ. ഹൈസ്ക്കൂളിൽവെച്ചുനടന്ന ഒന്നാം ഘട്ട പഠന ക്യാമ്പോടുകൂടിയാണ്. മുഴുവൻ വാർഡുകളിൽ നിന്നും പങ്കാളിത്തമുണ്ടായിരുന്നു. ക്ലാസിൽ പങ്കെടുത്തവരുടെ ആകെ എണ്ണം 115 ആണ്. ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനു വേണ്ടി ആവേശകരമായ പ്രവർത്തനത്തിനു വേണ്ടി ആവേശകരമായ പ്രവർത്തനങ്ങൾ തന്നെ സംഘടിപ്പിക്കപ്പെട്ടിരുന്നു.

മുഴുവൻ ഗ്രാമസഭകളും നിശ്ചയിക്കപ്പെട്ട തിയ്യതികളിൽ തന്നെ നടന്നിട്ടുണ്ട്. ഗ്രാമസഭകളുടെ പങ്കാളിത്തവും മോശമല്ലായിരുന്നു. ഗ്രാമസഭകളിലെ ആകെ പങ്കാളിത്തം 2306 ആണ്. പുരുഷൻമാർ 1510, സ്ത്രീകൾ 742, ഉദ്യോഗസ്ഥർ 54. ഗ്രാമജീവിതത്തെ നേരിടുന്ന വലുതും ചെറുതുമായ ഒട്ടനവധി പ്രശ്നങ്ങൾ, മോഹങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കപ്പെട്ടു. ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട വിദഗ്ദ സമിതി ഒക്ടോ. 19,21 തിയ്യതികളിലായി പരിശോധിച്ച് ക്രോഡീകരിച്ചു. ഇതിനിടയിൽ ദ്വിതീയ സ്ഥിതി വിവരക്കണക്കുകളുടെ ശേഖരവും നടന്നുകഴിഞ്ഞിരുന്നു. പ്രത്യേകം പ്രത്യേകം നിശ്ചയിക്കപ്പെട്ട സ്ക്വാഡുകൾ വിവിധ ഓഫീസുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയായിരുന്നു. വളരെ ശ്രമകരമായ ഒരു ജോലിയായിരുന്നു ഇത്. ഒക്ടോ. 31നു പഞ്ചായത്ത് തല രണ്ടാം ഘട്ട പരിശീലനം നടന്നു. 70 പേർ ഈ ക്യാമ്പിൽ പങ്കെടുത്തു. നടപ്പുപദ്ധതിയുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന സ്കീമുകളെക്കുറിച്ച് വിശകലനം ചെയ്യുന്നതിനായി ഉദ്യോഗസ്ഥ തല യോഗം 2-11-96നു ചേർന്നു. നമ്മുടെ പഞ്ചായത്തിനെക്കുറിച്ച് നേരിട്ടറിയുന്നതിനുവേണ്ടി ഒരു പഠന പര്യടനം സംഘടിപ്പിക്കപ്പെട്ടു. 6-11-96 നു ഈ പ്രവർത്തനം ആവേശകരവും വിജ്ഞാനപ്രദവുമായിരുന്നു. പുന്നയൂർക്കുളം പഞ്ചായത്തിന്റെ ഈ വികസനരേഖ തയ്യാറാക്കുന്നതിനു വേണ്ടി അനുഭവ സമ്പന്നരായ ഒട്ടനവധി മഹത് വ്യക്തികളെ നേരിട്ടു കണ്ട് സംസാരിക്കയുമുണ്ടായിട്ടുണ്ട്.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ ഏറ്റെടുക്കാൻ കഴിവുള്ള ഒരു നല്ല വളണ്ടിയർ സേന ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ മഹാപ്രസ്ഥാനത്തെ ആവേശപൂർവ്വം മുന്നോട്ടു കൊണ്ടുപോകാൻ കഴിയും എന്ന വിശ്വാസം അതുകൊണ്ടുതന്നെ ഞങ്ങൾക്കുണ്ട്. വർത്തമാന കാല വെല്ലുവിളികളെ നേരിടാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ നാളെയുടെ യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ ഇന്നു തന്നെ നമുക്ക് പങ്കു ചേരാം.

# വിദ്യാഭ്യാസം

സ്വാതന്ത്ര്യ സമ്പാദനത്തിന് വർഷങ്ങൾക്കു മുമ്പുതന്നെ കേരളം വിദ്യാഭ്യാസരംഗത്തും, സാക്ഷരതയിലും മുന്നിട്ടുനിന്നിരുന്നു. ഇതിന്റെ ഫലമായി സാംസ്കാരികരംഗത്ത് ആ കാലഘട്ടത്തിൽ ഒട്ടേറെ അവിസ്മരണീയമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും, സാമൂഹ്യ പരിഷ്കരണവും, പുന്നയൂർക്കുളം പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആറ്റുപുറം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ജനകീയ ഗ്രാമീണവായനശാലയുടെ പ്രവർത്തനം അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഗണ്യമായ സംഭാവനകൾ നൽകി. അധ്യാപകരും, സാമൂഹ്യസേവനരംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്നവരും വിദ്യാഭ്യാസരംഗത്തെ പുരോഗതിക്ക് അകമഴിഞ്ഞ സംഭാവനകൾ നൽകുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെയൊക്കെ പരിണതഫലമായി നമ്മുടെ പഞ്ചായത്ത് സ്വാതന്ത്ര സമ്പാദനത്തിന് മുന്നെതന്നെ ബഹുജനവിദ്യാഭ്യാസരംഗത്ത് ബഹുദൂരം മുന്നിലായിരുന്നു.

പട്ടിക 1

പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്തിൽ
നിലവിലുള്ള വിദ്യാലയങ്ങളുടെ വിവരങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | അദ്ധ്യാപകർ | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ |
| 1. | G.H.S. കടിക്കാട് | 37 | 569 | 678 | 1249 |
| 2. | G.U.P.S ചെറായി | 10 | 141 | 126 | 267 |
| 3. | R.R.M.U.P.S. കുന്നത്തൂർ | 23 | 334 | 288 | 622 |
| 4. | A.M.L.P.S ചെറായി (N) | 10 | 146 | 139 | 285 |
| 5. | A.M.L.P.S. ചെറായി (E) | 8 | 118 | 96 | 214 |
| 6. | A.M.L.P.S. ഉപ്പുങ്ങൽ | 5 | 59 | 44 | 103 |
| 7. | G.M.L.P.S. പുന്നയൂർക്കുളം | 5 | 89 | 132 | 221 |
| 8. | G.M.L.P.S. ചമ്മണ്ണൂർ | 5 | 55 | 58 | 113 |
| 9. | G.M.L.P.S. പരൂർ | 4 | 26 | 29 | 55 |
| 10. | A.M.A.L. ഇംഗ്ലീഷ് സ്കൂൾചമ്മണ്ണൂർ | 13 | 115 | 86 | 201 |
| 11. | G.M.L.P.S അണ്ടത്തോട് | 9 | 118 | 152 | 270 |
| 12. | A.M.L.P.S പാപ്പാളി | 9 | 130 | 163 | 293 |
| | ആകെ | 138 | 1900 | 1991 | 3891 |

## പട്ടിക 2

| സ്കൂളുകൾ | അദ്ധ്യാപകർ | വിദ്യാർത്ഥികൾ | | | നിലവിലുള്ള വിദ്യാലയങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | |
| H.S. | 37 | 569 | 678 | 1247 | 1 |
| U.P.S. | 46 | 690 | 500 | 1290 | 3 |
| L.P.S. | 55 | 741 | 813 | 1554 | 8 |

1892ൽ അണ്ടത്തോട് ചക്കാലകൂമ്പിൽ വീട്ടുകാരുടെ മാനേജ്മെന്റിൽ പുഴിക്കളയിലാണ് ഹിന്ദു എലിമെന്റി സ്കൂർ സ്ഥാപിച്ചത്. ഇതാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഇത് പിന്നീട് എലിയങ്ങാട്ട് രാജ ഏറ്റെടുത്ത് രാമരാജ സ്കൂൾ എന്നാക്കിമാറ്റി. കാലക്രമേണ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ (പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന) ഹൈസ്കൂൾ UP സ്കൂൾ LPസ്കൂൾ എന്നിവയുടെ കണക്ക് പട്ടിക 1ൽ കൊടുക്കുന്നു.

മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ പ്രവർത്തനഫലമായാണ് പരൂർ എലിമെന്ററി സ്കൂൾ, ചമ്മണൂരിൽ ഇപ്പോഴും പ്രവർത്തിക്കുന്ന പ്രൈമറി വിദ്യാലയം പുന്നയൂർക്കുളം GMLPS കടിക്കാട് പ്രവർത്തിച്ചിരുന്ന പ്രൈമറി വിദ്യാലയം തുടങ്ങിയവയൊക്കെ സ്വാതന്ത്ര്യസമ്പാദനത്തിനു മുന്നെ തന്നെ നിലവിൽ വന്നു. 1993ലാണ് കടിക്കാട് ഗവൺമെന്റ് ഹൈസ്കൂൾ നിലവിൽ വന്നത്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ 5 ട്യൂട്ടോറിയൽ കോളേജുകളും, 2ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങൾ, രണ്ട് നൃത്തസംഗീത സ്ഥാപനങ്ങൾ ഇവിടെ നല്ല രീതിയിൽപ്രവർത്തിക്കുന്നു.ഹരിജൻ സൊസൈറ്റിയുടെ കീഴിലുള്ള ടൈപ്പ്റൈറ്റിംഗ് സ്ഥാപനം പ്രവർത്തിക്കുന്നില്ല.സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് കമ്പ്യൂട്ടർ സെന്ററുകൾ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങളാണ്.

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ മൊത്തം എണ്ണം പട്ടിക2ൽ കൊടുത്തിട്ടുണ്ട്. ഏകദേശം 1000ത്തോളം വിദ്യാർത്ഥികൾ സമീപപഞ്ചായത്തിലെ സ്കൂളുകളായ തിരുവളയന്നൂർ ഹൈസ്കൂൾ, വന്നേരി ഹൈസ്കൂൾ പുത്തൻപള്ളി KMM സ്കൂളിലും Govt. HS കൊച്ചന്നൂർ, സിതിസാഹിബ് ഹൈസ്കൂൾ എടക്കഴിയൂർ, പാലപ്പെട്ടി Govt HS എന്നീ വിദ്യാലയങ്ങളിൽ പഠിക്കുന്നു. സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലെ ഏകദേശം 500ഓളം കുട്ടികൾ ICA ഇംഗ്ലീഷ് മീഡിയം ഹയർസെക്കണ്ടറി സ്കൂൾ പുത്തൻപള്ളി KMM എന്നിവയിൽ പഠിക്കുന്നു.

കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വിശദമായി പരിശോധിക്കുമ്പോൾ ഭൂരിഭാഗം വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരികയാണ്. കുടുംബാസൂത്രണത്തിന്റെ ഫലമായി ജനനനിരക്കിൽ വന്ന കാര്യമായ കുറവാണ് ഇതിനൊരു കാരണം. അതുകൂടാതെ വളരെ ഗൗരവമായി എടുത്തുപറയേണ്ട കാര്യമാണ് ഇംഗ്ലീഷ്മീഡിയം അൺ എയിഡഡ് വിദ്യാലയങ്ങളോടുള്ള നമ്മുടെ രക്ഷിതാക്കളുടെ അമിതമായ അഭിനിവേശം. സന്നദ്ധപ്രവർത്തനരംഗത്ത് കടന്നുവരാൻ വിദ്യാർത്ഥികളെ വിമുഖരാക്കുന്ന പ്രധാനപ്പെട്ട പ്രവണതയാണ് ഈ വിദ്യാഭ്യാസത്തിന്റെ ദോഷഫലം. നാടിനും, നാട്ടുകാർക്കും, സാമൂഹ്യപുരോഗതിക്കും വഴിതെളിക്കേണ്ടതാ

കണം നമുക്ക് കിട്ടുന്ന വിദ്യാഭ്യാസം. മാതൃഭാഷയോടുള്ള നമ്മുടെ സ്നേഹം കുറഞ്ഞുവരുന്നത് ഗൗരവമായി കാണേണ്ടതാണ്. ഇതിന്റെ ഫലമായി നമ്മുടെ പഞ്ചായത്തിലെ കുപ്രവള്ളി GMLP സ്കൂൾ കുട്ടികളുടെ ക്ഷാമം കാരണം വരും വർഷങ്ങളിൽ അൺഎക്കണോമിക് ആകാൻ സാധ്യത ഏറെയാണ്.

ഇപ്പോൾ നിലവിലുള്ള Govt. H.S. കടിക്കാട്, പഞ്ചായത്തിന്റെ മധ്യത്തിലാണ് സ്ഥിതിചെയ്യുന്നത്. പക്ഷേ യാത്രാസൗകര്യം വളരെ പരിമിതമായതുകൊണ്ട് വിദ്യാലയങ്ങളിലേക്ക് കുട്ടികൾ പോകാനുള്ള പ്രധാന കാരണം ഇതാണ്. പുന്നയൂർക്കുളം പഞ്ചായത്തിൽ ഒരു കേളേജ് സ്ഥാപിക്കണമെന്ന അഭിപ്രായം, നിലവിലുണ്ട്. അതുകൂടാതെ കടിക്കാട് Govt. HS നെ ഒരു സാങ്കേതികവിദ്യാഭ്യാസ സ്ഥാപനമായി ഉയർത്തണമെന്ന് ശക്തമായ അഭിപ്രായവും നിലവിലുണ്ട്.

വിദ്യാലയ സർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത്, പഞ്ചായത്തിലെ അധ്യാപകരിൽ ഭൂരിഭാഗം അധ്യാപകരും ഇൻസർവ്വീസ് കോഴ്സുകൾക്ക് വിധേയരായിട്ടില്ല. 3 വിദ്യാലയങ്ങൾക്ക് മാത്രമാണ് വൈദ്യുതികണക്ഷൻ ലഭിച്ചിട്ടുള്ളത്. ഭൂരിഭാഗം സ്കൂളുകളിലും റേഡിയോ, T.V. Black board, Furniture തുടങ്ങിയവ ഇല്ല. പ്രാഥമിക സൗകര്യങ്ങളായ കിണർ, മൂത്രപ്പുര, കക്കൂസ് തുടങ്ങിയ മിക്ക വിദ്യാലയങ്ങൾക്കും ഇല്ല എന്നത് ഒരു ദുഃസൂചനയാണ് നൽകുന്നത്. കളിസ്ഥലം മിക്കവിദ്യാലയങ്ങൾക്കും ഇല്ല. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ കടിക്കാട് Govt. H.S.ൽ കെട്ടിട സൗകര്യങ്ങളും, ലബോറട്ടി സൗകര്യങ്ങളും കുറവാണ്. മുസ്ലീം സമുദായത്തിൽ 1955 കാലഘട്ടങ്ങളിൽ മദ്രസ്സാ പഠന സൗകര്യവും നിലവിൽ വന്നു. ഇപ്പോൾ ഈ പഞ്ചായത്തിൽ 10 മദ്രസ്സാ പഠനകേന്ദ്രങ്ങളും ഉണ്ട്. വിദ്യാലയങ്ങളിലെ ബോധനനിലവാരത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയതിന്റെ ഫലമായി (1996 Sept) ചില വിദ്യാലയങ്ങളിൽ 20 ശതമാനത്തിലധികം വിദ്യാർഥികൾ മിനിമം നിലവാരത്തിലും താഴെയാണ്. എന്നാൽ ഒന്ന് രണ്ട് വിദ്യാലയങ്ങളിലെ കണക്കുകൾ കാണിക്കുന്നത് നിലവാരം കൂടുതലാണെന്നാണ്.

പഞ്ചായത്തിൽ ഒരു (പരൂർ) മഹിളാ സമാജവും 22 ബാലവാടികളും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. മിക്ക അംഗനവാടികൾക്കും സ്വന്തമായി കെട്ടിടമില്ല ഇവയിൽ 2എണ്ണത്തിന്റെ കെട്ടിടങ്ങൾ വളരെ ശോചനീയമായ അവസ്ഥയിലാണ്. അംഗനവാടികളൊന്നിലും വേണ്ടത്ര കളിക്കോപ്പുകളില്ല. വിദ്യാഭ്യാസത്തിന്റെ പ്രാഥമിക കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥ വളരെ ഗൗരവമായി കാണുകയും, നാട്ടുകാരുടെയും, സന്നദ്ധ സംഘടനകളുടെ നേരിട്ടുള്ള പ്രവർത്തനത്തിലൂടെ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ.

നിരവധി വസ്തുതകൾ ഇന്നത്തെ വിദ്യാഭ്യാസ നിലവാരം പിറകോട്ടുപോകുന്നതിന് കാരണമായി ചൂണ്ടികാണിക്കാം. ദൃശ്യമാധ്യമങ്ങളുടെ വ്യാപകമായ കടന്നുകയറ്റം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം, പഠനോപകരണങ്ങളുടെ ലഭ്യതകുറവ്, പാഠ്യേതര പ്രവർത്തനങ്ങളുടെ അഭാവം, അതതു വിഷയങ്ങളിൽ പ്രാവിണ്യം ഇല്ലാത്ത അധ്യാപകരുടെ അധ്യാപനരീതി തുടങ്ങിയവ വിദ്യാഭ്യാസരംഗത്തെ നിലവാര തകർച്ചക്ക് കാരണമായി ചൂണ്ടിക്കാണിക്കാം. സ്വയം പഠനരീതി വളർത്തുന്നതിനുപകരം നല്ലൊരു ശതമാനം വിദ്യാർത്ഥികളും, ഗൈഡുകളെയും, ട്യൂഷൻക്ലാസുകളെയും, ആശ്രയിക്കുകയാണ്. ഇതിനുപകരമായി കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിദ്ധീകരിക്കുന്ന മാസികകളായ യുറീക്ക, ശാസ്ത്ര കേരളം, ശാസ്ത്രഗതി വ്യാപകമായി പ്രചരിപ്പിക്കേണ്ടതുണ്ട്. പരിഷത്തിന്റെ സന്നദ്ധ പ്രവർത്തനത്തിന്റെ ഫലമായി 60ഓളം യൂറീക്കാമാസികയും 10ഓളം ശാസ്ത്ര കേരളവും, പ്രചരിപ്പിക്കുകയുണ്ടായി. പഠനം രസകരമാക്കുന്നതിനുവേണ്ടിയുള്ള ഒരു ബഹുജനവിദ്യാഭ്യാസ പരിപാടിയായ വിജ്ഞാനോൽസവം എല്ലാവർഷവും ജനപങ്കാളിത്തത്തോടുകൂടി

നടത്താൻ പരിഷത്തിന് കഴിയാറുണ്ട്. ഓരോ വർഷം കൂടുന്തോറും ഈ പരിപാടിയിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നസ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. സ്കൂൾ കോപ്ലക്സിന്റെ ശക്തമായ പ്രവർത്തനങ്ങൾ ഉണ്ടായാൽ മാത്രമേ വിദ്യാഭ്യാസരംഗത്തെ നിലവാര തകർച്ച ഇല്ലാതാക്കാൻ കഴിയുന്നുള്ളൂ. നിർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ പഞ്ചായത്തിൽ സ്കൂൾ കോപ്ലക്സ് രൂപീകരിക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. നിരക്ഷരതാനിർമ്മാര്ജ്ജനം, വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകീകരിച്ച് ചിട്ടപ്പെടുത്തുക, SSLC വിജയശതാമനവും പൊതുപഠനനിലവാരവും ഉയർത്തുക, എന്നിവ കോംപ്ലക്സിന്റെ പ്രവർത്തനങ്ങളാണ്. സ്കൂൾ കോപ്ലക്സിന്റെ വിജയം ഉറപ്പുവരുത്തുവാൻ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലെ അധ്യാപകരും, രക്ഷിതാക്കളും സഹരിക്കേണ്ടതുണ്ട്.

## ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

1. ഈ പഞ്ചായത്തിലെ ഗവൺമെന്റ് സ്കൂളുകളിൽ അധ്യാപകക്ഷാമം പരിഹരിക്കേണ്ടത് വളരെ അത്യാവശ്യമായി കാണുന്നു.
2. ഓരോ വാർഡുകളിലും ഉള്ള സർക്കാർ എയിഡഡ് LP/UP സ്കൂളുകളിലെ അക്ഷരാഭ്യാസം ഇല്ലാത്ത കുട്ടികളെ കണ്ടെത്തി അവരെ നല്ല നിലവാരത്തിലേക്ക് ഉയർത്താൻ അതാതു വാർഡ് മെമ്പർമാർ കൺവീനർമാരായി ബഹുജനപങ്കാളിത്തത്തോടെ ഒരു സാക്ഷരതാസമിതിയും സ്കൂൾ വികസനസമിതിയും രൂപീകരിക്കണം.
3. GMLP സ്കൂൾ പുന്നയൂർക്കുളവും ഗവൺമെന്റ് UP സ്കൂൾ ചെറായിയും GMLP സ്കൂൾ കുപ്രവള്ളിയും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോഴത്തെ കെട്ടിട ഉടമകൾ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്നതിൽ അനാസ്ഥകാണിക്കുന്നു. അതിനാൽ ഈ കെട്ടിടങ്ങൾ സർക്കാർ ഏറ്റെടുക്കേണ്ടതായുണ്ട്. വിഭവസമാഹരണം വഴിയോ സർക്കാർ തലത്തിലോ ഇതിന് പരിഹാരം ഉണ്ടാകേണ്ടതാണ്.
4. ഈ പഞ്ചായത്തിൽ കോളേജ് ആരംഭിക്കേണ്ടതിന് കാരണം പുന്നയൂർക്കുളം പഞ്ചായത്ത് തൃശ്ശൂർ, മലപ്പുറം ജില്ലകളുടെ അതിർത്തിയാണ്. ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി നാഴികകളോളം താണ്ടിപോകേണ്ടതായി വരുന്നു. ഇതിനു പരിഹാരം കാണേണ്ടതുണ്ട്.
5. ഈ പഞ്ചായത്തിലെ തീരദേശത്ത് ഒരു UP സ്കൂൾ ഇല്ലാത്തതിനാൽ അണ്ടത്തോട് GMLP സ്കൂൾ UP സ്കൂൾ ആക്കി ഉയർത്തിയാൽ ഈ പ്രദേശത്തെ വിദ്യാർത്ഥികൾ വളരെദൂരെപോയി പഠിക്കുന്നത് ഒഴിവാക്കാൻ സാധിക്കും.
6. പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതായ പ്രീമെട്രിക് വിദ്യാർഥികൾക്ക് ഏർപ്പെടുത്തിയ ഹോസ്റ്റൽ ഈ പഞ്ചായത്തിൽ ആരംഭിക്കാൻ നടപടിഉണ്ടാകണം.
7. ഈ പഞ്ചായത്തിലെ ഏക ഗവൺമെന്റ് ഹൈസ്ക്കൂളായ കടിക്കാട് Govt. HS ൽ അധ്യാപകക്ഷാമം രൂക്ഷമായിരിക്കുന്നു. അതിനുപുറമെ ഈ ഹൈസ്കൂളിലെ ആദ്യ SSLC ബാച്ച് പുറത്തുവരികയാണ്. എന്നാൽ പത്താം ക്ലാസുകളിൽ ഭൂരിഭാഗം വിഷയങ്ങൾക്കും അധ്യാപകരില്ലാത്ത അവസ്ഥ ആയതിനാൽ അധ്യാപക ക്ഷാമം പരിഹരിക്കേണ്ടത് ഗൗരവമായി കാണണം.
8. കടിക്കാട് Govt. HS നോടനുബന്ധിച്ച് തൊഴിൽ അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കേണ്ടതുണ്ട്.
9. പുന്നയൂർക്കുളം പഞ്ചായത്തിലെ അംഗൻവാടികളിൽ പലതിനും സ്വന്തമായി കെട്ടിടം തന്നെ ഇല്ലാത്തതിനാൽ അത് അംഗനവാടികളുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്നു. ഇത് പരിഹരിക്കേണ്ടതാണ് അംഗനവാടികളിലെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള പരിഹാരം ഇതോടൊപ്പം കാണേ

ണ്ടതാണ്. അംഗനവാടിയിൽ നടക്കുന്ന നിയമനം തികച്ചും പ്രാദേശിക തലത്തിലാകണം. അംഗനവാടികളിൽ കലാകായിക വിനോദങ്ങൾക്കും ഊന്നൽ നൽകേണ്ടതുണ്ട്.

10. പഞ്ചായത്തിലെ ഏറ്റവും പുരാതനമായ രാമരാജ UP സ്കൂൾ (എയിഡഡ്) ഉയർത്തി ഒരു വനിതാഹൈസ്കൂളാക്കി മാറ്റണം. ഇതോടൊപ്പം തന്നെ ഒരു തൊഴിലധിഷ്ഠിതവിദ്യാഭ്യാസപരിപാടി ആരംഭിക്കുകയും ചെയ്താൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ സാദ്ധ്യതയും വർദ്ധിപ്പിക്കാൻ കഴിയും.

11. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വയോജന വിദ്യാഭ്യാസ സാക്ഷരതാ സമിതികൾ ഉണ്ടാകേണ്ടതാണ്.

12. പഞ്ചായത്തിലെ സ്കൂളുകളിൽ മാതൃസംഗമത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കണം.

13. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് രൂപീകരിക്കണം.

14. സ്കൂളുകളുടെ അറ്റകുറ്റപണികൾ നടത്തണം.

15. അധ്യാപകവിദ്യാർത്ഥി അനുപാതം കുറയ്ക്കണം.

16. PTA സജീവമാക്കുക.

17. അധ്യാപനം അതിമധുരമാക്കാൻ പാഠ്യപദ്ധതിയിൽ പഠനോപകരണങ്ങൾ എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്നത് പരിശീലിപ്പിക്കണം.

18. സ്കൂളുകളിലെ സയൻസ് ലാബുകൾ പ്രവർത്തനക്ഷമമാക്കുക, ദൃശ്യശ്രവ്യമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുക, സയൻസ് കോർണറുകൾ സ്ഥാപിക്കുക.

19. വിദ്യാഭ്യാസവകുപ്പ്, സന്നദ്ധസംഘടനകൾ, PTA ഇവരെ ഏകീകരിച്ച് അധ്യാപകർക്ക് പാഠ്യപദ്ധതിക്കനുസരിച്ച് സ്കൂൾ തല കോഴ്സുകൾ സംഘടിപ്പിക്കുക.

20. പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലയായ തീരപ്രദേശത്ത് VHC യും, ഒരു പോളിടെക്നിക്കും ആരംഭിക്കണം. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് VHC സ്ഥാപിക്കണം.

21. പുന്നയൂർക്കുളം പഞ്ചായത്തിൽ 1-ാം വാർഡിൽ പ്രാഥമിക വിദ്യാലയങ്ങൾ ഇല്ല. അതുകൊണ്ട് തീരദേശത്ത് ഒരു Govt. L.P. സ്കൂൾ സ്ഥാപിക്കണം.

അനൗപചാരിക വിദ്യാഭ്യാസം പ്രധാനം ചെയ്യുക എന്ന ആവശ്യം മുൻനിർത്തി ഒരു ദൃശ്യശ്രവ്യ സങ്കേതത്തിന് രൂപം നൽകുക. എല്ലാ വിദ്യാലയങ്ങളെയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം. വിദ്യാഭ്യാസരംഗം ആകർഷകമാക്കാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ നിലവിലില്ലാത്ത സ്കൂൾ കോമ്പ്ലക്സ് സംഘടിപ്പിക്കുകയാണ് വേണ്ടത്. ബഹുജന പങ്കാളിത്തത്തോടുകൂടി വൻ സാമ്പത്തിക ബാധ്യതകളില്ലാതെ അതിന്റെ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കേണ്ടതുണ്ട്, സ്കൂൾ പാർലമെന്റുകൾ, സ്കോഡുകൾ, ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയ്യെഴുത്ത് ചിത്രമാസികകൾ, പൂന്തോട്ട, പച്ചക്കറിതോട്ടങ്ങൾ, കായികപരിശീലനപരിപാടികൾ, ദിനാചരണങ്ങൾ, പഠന വിനോദയാത്രകൾ തുടങ്ങിയ ഒട്ടനവധി പാഠ്യേതര പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ കർമ്മോത്സുകരാക്കേണ്ടതുണ്ട്. നല്ലൊരു നാളേക്കുവേണ്ടിയുള്ള പോരാട്ടത്തിൽ വിദ്യാർഥിസമൂഹത്തെ സജ്ജരാക്കാൻ നിലവിലുള്ള വിദ്യാഭ്യാസരീതി മാറ്റേണ്ടതല്ലേ.

# കൃഷിയും ജലസേചനവും

**പു**ന്നയൂർക്കുളം തികച്ചും ഒരു കാർഷികഗ്രാമമാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽക്കേ ഇവിടുത്തെ മുഖ്യ ഉപജീവനമാർഗ്ഗം കാർഷിക വൃത്തിയായിരുന്നു. അറബിക്കടലിനോടു ചേർന്നു കിടക്കുന്ന തീരപ്രദേശവും സമതലപ്രദേശങ്ങളുമടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം. മുഖ്യകൃഷി തെങ്ങ്, നെല്ല്, ഇടവിളകളായി കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, പച്ചക്കറി, മുതലായവ കൃഷിചെയ്തുവരുന്നു. പഴയകാലത്ത് തീരപ്രദേങ്ങളിൽ പ്രധാനമായും കശുമാവാണ് കൃഷിചെയ്തിരുന്നത്. എന്നാൽ കഴിഞ്ഞ രണ്ടു ദശാബ്ദകാലമായി രാമച്ചകൃഷി ഈ പ്രദേശത്ത് വികസിച്ചു. കശുമാവുകൃഷി നാമമാത്രമായി മാറുകയും ചെയ്തു. വർഷങ്ങൾക്കു മുമ്പു തന്നെ ചമ്മന്നൂർ ഉപ്പുങ്ങൽ പ്രദേശങ്ങളിൽ കവുങ്ങുകൃഷി നടന്നു വന്നിരുന്നു. ഇപ്പോഴും ഇതിൽ മാറ്റമൊന്നും വന്നിട്ടില്ല.

പഴയകാലത്ത് പ്രധാന കൃഷി നെല്ല് ആയിരുന്നു. പഴയരേഖകൾ പ്രകാരം മൊത്തം ഭൂമിയുടെ പകുതിയിലേറെയും നെൽപാടങ്ങളായിരുന്നു. ഇപ്പോഴും മൊത്തം 12 വാർഡുകളിൽ രണ്ടാം വാർഡ് ഒഴികെ 11 എണ്ണത്തിലും നെൽകൃഷി നടക്കുന്നുണ്ട്. പഞ്ചായത്തിന്റെ കിഴക്ക് അതിർത്തി കോൾപാടശേഖരമാണ്. പരൂർ കോൾപടവ്, ഉപ്പുങ്ങൽ വടക്കേപടവ് എന്നീ രണ്ടു പാടശേഖരങ്ങളിലായി 329.6 ഹെക്ടർ കോൾകൃഷി നടത്തുന്നു. പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളിലെ പാടശേഖരങ്ങൾ ഇരുപ്പുനിലങ്ങളാണ്. ചില കർഷകർ മൂന്ന് പൂ കൃഷിയും നടത്തുന്നുണ്ട്. 1970 കളിൽ ആരംഭിച്ച പാടങ്ങൾ നികത്തി പുരയിടങ്ങളാക്കുന്ന പ്രക്രിയ ഇപ്പോഴും തുടരുകയാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം ഇതിനെ ത്വരിതപ്പെടുത്തി. കൃഷിഭൂമി നശിപ്പിച്ച് കോൺക്രീറ്റ് മന്ദിരങ്ങൾ നിർമ്മിക്കുന്നതിൽ ഒരു തരം മത്സരമാണ് ഇപ്പോഴും നടക്കുന്നത്. പഴയ കാല കൃഷിരീതികൾ മാറ്റി ആധുനിക സമ്പ്രദായം സ്വീകരിക്കുകവഴി ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത്യുൽപാദനശേഷിയുള്ള പുത്തൽ നെൽവിത്തുകളാണ് കോൾനിലങ്ങളിൽ സ്ഥിരമായി ഉപയോഗിക്കുന്നത്. എന്നാൽ ഇരുപ്പൂനിലങ്ങളിൽ, ആഴമേറിയ ചില പ്രദേശങ്ങളിൽ ഇപ്പോഴും പഴയ വിത്തിനങ്ങളായ കുട്ടാടൻ, ആരിയൻ, ചിറ്റേനി, തവളക്കണ്ണൻ, തുടങ്ങിയവ കൃഷിചെയ്തു വരുന്നുണ്ട്. നിലമുഴുന്ന ജോലി മിക്കവാറും ട്രക്ടറുകൾ ഏറ്റെടുത്തു കഴിഞ്ഞു. എങ്കിലും പോത്തുകളെ ഉപയോഗിക്കുന്നത് മുഴുവനായും നിറുത്തിയിട്ടില്ല. പ്രത്യേകിച്ചും നടുന്ന സമയത്ത് നിലം ഊർന്ന് മരം പിടിച്ച് പാകപ്പെടുത്താൻ പോത്തുകളെ തന്നെയാണ് കർഷകർ ഇഷ്ടപ്പെടുന്നത്. വെള്ളം പമ്പു ചെയ്യുന്നത് പൂർണ്ണമായും പമ്പുസെറ്റുകൾ ഉപയോഗിച്ചു തന്നെയാണ്. ചക്രം, കയറ്റുകൊട്ട, ഏക്കം എന്നീ രീതികളെല്ലാം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. കവങ്ങു തോട്ടങ്ങളിൽ പണ്ടു സ്വീകരിച്ചിരുന്ന കാളത്തേക്കും ഇപ്പോൾ നിന്നിരിക്കുന്നു. കീടനാശിനി തളിക്കുന്ന സ്പ്രേയറുകൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ജൈവ വളത്തിന്റെ ഉപയോഗം തീരെ കുറഞ്ഞുപോയതാണ് എടുത്തപറയേണ്ട ഒരു കാര്യം. പൂർണ്ണമായും രാസവളങ്ങളെമാത്രം ആശ്രയിക്കേണ്ട അവസ്ഥയിലേക്ക് എത്തിക്കഴിഞ്ഞിരിക്കുന്നു.

323

## പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത്
## വിള വിസ്തീർണ്ണവും ഉത്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉത്പാദനം | ഉദ്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 110 | 220 Ton | 2 Ton |
| നെല്ല് (രണ്ടാം വിള) | 110 | 198 Ton | 1.8Ton |
| നെല്ല് (മൂന്നാം വിള) | 382 | 1337Ton | 3.5 Ton |
| പയർ | 50 | 350 Ton | 7 Ton |
| എള്ള് | 30 | 7.50 Ton | 1/4 Ton |
| പച്ചക്കറികൾ | 2 | 4Ton | 2 Ton |
| തെങ്ങ് | 752 | 93755 എണ്ണം | 40 തേങ്ങ/തെങ്ങ് |
| വാഴ | 20 | 250 Ton | 12.5 Ton |
| മരച്ചീനി | | | |
| കുരുമുളക് | | | |
| പ്ലാവ് | | | |
| കശുമാവ് | 10 | 42.5 Ton | 4.25 Ton |
| മാവ് | 5 | 50 Ton | 10Ton |
| റബ്ബർ | | | |
| കവുങ്ങ് | 40 | 180000 എണ്ണം | 4500 എണ്ണം |
| രാമച്ചം | 38 | 7200 Ton | 190 |

കനോലികനാൽ വഴി ഉപ്പുവെള്ളം കയറുന്നതാണ് പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലെ കൃഷിയെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നം. കുടിവെള്ളത്തിനുപോലും ഇത് പ്രശ്നങ്ങളുണ്ടാക്കുന്നു. നാളികേര ഉൽപാദനത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് താരതമേന്യ മുന്നിലാണ്. ഒരു തെങ്ങിൽ നിന്നും പരമാവധി ഒരു വർഷത്തിൽ 40 നാളികേരം ലഭിക്കുന്നു. ഇത് സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതാണ്. എന്നാൽ ചാവക്കാട് ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് പിന്നിലാണ്. ജലസേചന സൗകര്യങ്ങളുടെ അഭാവവും ജൈവ വളങ്ങളുടെ ദൗർലഭ്യവും ഇതിനുള്ള കാരണങ്ങളിൽ പെടും. സ്ഥിരമായി ജലസേചനം നടത്തുന്ന തെങ്ങുകൾ ഉയർന്ന ഉല്പാദനക്ഷമത കാണിക്കുന്നുണ്ട്. കൃഷിഭൂമി തുണ്ടവൽക്കരിക്കപ്പെട്ടപ്പോൾ തെങ്ങുകൾ തമ്മിലുള്ള അകലം വളരെകുറഞ്ഞു പോകാനിടവന്നു. കുളങ്ങളും തോടുകളും നികത്തപ്പെട്ടത് വരൾച്ചയുടെ തോത് വർദ്ധിച്ചു. ഇടവിള കൃഷികളിൽ നിന്ന് കർഷകർ പിന്മാറിയപ്പോൾ പറമ്പുകൾ തരിശുകിടക്കുന്ന സ്ഥിതിയായി. മണ്ണിനോടുള്ള ആത്മബന്ധം കർഷകനും കർഷകതൊഴിലാളിക്കും നഷ്ടപ്പെട്ടു. നാളികേരത്തിന്റെ വിലയിടിവ് കർഷകരെ ഈ രംഗത്തുനി

## പട്ടിക 2

### പാടശേഖരങ്ങളെ സംബന്ധിച്ച്

| നമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം (ഹക്ടറിൽ) | കൃഷിക്കാരുടെ എണ്ണം |
|---|---|---|---|
| 1. | പരൂർ പടവ് | 255.6 | 667 |
| 2. | ഉപ്പുങ്ങൽ | 74.00 | 215 |
| 3. | കുണ്ടം കോൾ പടവ് | 10.00 | 17 |
| 4. | കൊട്ടിലിങ്ങൽ താഴം | 18 | 25 |
| 5. | ഭട്ടതിരിപ്പാടം | 20 | 48 |
| 6. | ചെറായിപാടം | 23 | 62 |
| 7. | പടിഞ്ഞാറൻ പുഞ്ച | 13 | 32 |
| 8. | പനന്തറ പുഞ്ചക്കോൾ | 24.9 | 69 |
| | **ആകെ** | **438.5** | **1135** |

(കുണ്ടം കോൾ പടവ് കൊട്ടിലിങ്ങൽ താഴം
എന്നീ പാടശേഖരങ്ങൾ തരിശ്ശു കിടക്കയാണ്)

ന്നും പിമാറാൻ പ്രേരിപ്പിക്കുന്നു. ഇടത്തട്ടുകാരുടെ ചൂഷണത്തിനും ഈ കർഷകർ വിധേയരാവുന്നുണ്ട്.

മാവ്, കശുമാവ് എന്നിവയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ പുത്തൻ രീതികളൊന്നും അവലംബിച്ചു കാണുന്നില്ല. ഒട്ടുമാവുകൾക്കു പോലും വേണ്ടത്ര പ്രചാരം ലഭിക്കുന്നില്ല. പൂക്കളെ ആക്രമിക്കുന്ന കീടങ്ങളാണ് ഈ കൃഷിയിലെ മുഖ്യ ശത്രു. ഈ മേഖലയിൽ ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചുള്ള അവബോധം കർഷകരിൽ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

കർഷകതൊഴിലാളികളുടെ എണ്ണം അനുദിനം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസരംഗത്തുവന്ന മാറ്റങ്ങൾ, ഗൾഫ് പണത്തിന്റെ സ്വാധീനം, കെട്ടിട നിർമ്മാണരംഗത്തും മറ്റും ഉയർന്നു വന്നിട്ടുള്ള തൊഴിൽ സാദ്ധ്യതകൾ എന്നിവ ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു. കർഷകതൊഴിലാളികൾക്ക് ഉയർന്നകൂലി നിരക്ക് ലഭിക്കുന്നുണ്ട്. പുരുഷന്മാർക്ക് 120ഉം സ്ത്രീകൾക്കും 60 ആണ് ഇപ്പോൾ കൂലി നിരക്ക്.

കർഷകർക്ക് യഥാസമയം സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഒരുസംവിധാനവും നമ്മുടെ പഞ്ചായത്തിലില്ല. പുന്നയൂർക്കുളം സർവ്വീസ് സഹകരണബാങ്ക് നാശത്തിന്റെ വക്കിലാണ്.

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷിനടത്തുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും സെപ്തംബർ മുതൽ ഒക്ടോബർവരെ കിട്ടുന്ന തുലാവർഷവും. ഇങ്ങനെ ലഭിക്കുന്ന മഴവെള്ളം സംരക്ഷിക്കാനുള്ള സംവിധാനങ്ങളൊന്നും തന്നെയില്ല. കനോലി കനാൽ വഴി ജലമെല്ലാം കടലിൽ ചേരുകയാണ് ചെയ്യുന്നത്. കനോലികനാൽ വഴി ഉപ്പുവെള്ളം കയറി കൃഷിഭൂമി നശിക്കുന്ന സ്ഥിതിയും നിലനിൽക്കുന്നു. ഇതിനു പ്രധാനകാരണം, കനോലി കനാലിലേക്കുള്ള കൈതോടുകളിൽ ചീർപ്പുകൾ ഇല്ല എന്നതാണ്.

കോൾ പാടങ്ങളിൽ ബണ്ടു കെട്ടിജലം സംരംഭിച്ചാണ് കൃഷി ചെയ്യുന്നത്. ഇക്കാര്യത്തിലും ഒരു സ്ഥിരം സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. പടിഞ്ഞാറൻ പാടശേഖരങ്ങളിലെ കുളങ്ങൾ മിക്കവാറും വേനൽ കാലത്ത് വറ്റുന്നവയാണ്. അശാസ്ത്രീയമായ ജലമാനേജ്മെന്റ് വേനൽകാലത്ത് കടുത്ത വരൾച്ചക്ക് കാരണമാകുന്നു.

1987ൽ നിലവിൽ വന്ന കൃഷിഭവൻ പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടില്ല. ഇതിന്റെ പ്രവർത്തനം പരിമിതമായ മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

## പ്രശ്നങ്ങൾ

1. കനോലികനാലിലൂടെ ഉപ്പു വെള്ളം കയറുന്നത് പഞ്ചായത്തിലെ 7 വാർഡുകളിലെ കൃഷിയെ ബാധിക്കുന്നുണ്ട്. പഴയകാലത്ത് ഉണ്ടായിരുന്ന ലോക്കുകളും ചീർപ്പുകളും ഇപ്പോൾ നശിച്ചു കഴിഞ്ഞിരിക്കുന്നു.
2. ഉൽപാദനചെലവിൽ വന്ന വർദ്ധനവ്, തൊഴിലാളികളുടെ ദൗർലഭ്യം, വിപണനത്തിനുള്ള ബുദ്ധിമുട്ടുകൾ, ഉൽപന്നങ്ങളുടെ വിലയിടിവ് തുടങ്ങിയവ കർഷകരെ നിരുത്സാഹപ്പെടുത്തുകയും അതുവഴി ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു.
3. രാസവളങ്ങളുടെ അശാസ്ത്രീയമായ ഉപഭോഗം, ജൈവ വളങ്ങളുടെ ദൗർലഭ്യം എന്നിവ ഉൽപാദനക്ഷമത കുറയുന്നതിന് കാരണമാവുന്നു.
4. കുളങ്ങളും തോടുകളും സംരക്ഷിക്കപ്പെടാതെ കിടക്കുകയാണ്. ജലസമ്പത്ത് പാഴായിപ്പോയി വരൾച്ചക്ക് ഇടവരുന്നു. ഇത് തെങ്ങിന്റെ ഉൽപാദനക്ഷമതകുറയാൻ ഇടവരുത്തും.
5. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലല്ല കൃഷിരീതികൾ അവലംബിക്കുന്നത്.
6. ഭൂമി തുണ്ടവൽക്കരിക്കപ്പെട്ടതിനുശേഷം ഇടവിള കൃഷികളിൽ ഗണ്യമായ ഇടിവുവന്നിട്ടുണ്ട്. ജലസേചനത്തിനുള്ള ബുദ്ധിമുട്ട്, ജൈവ വളങ്ങളുടെ ദൗർലഭ്യം, വിപണനത്തിനുള്ള ബുദ്ധിമുട്ട് എന്നിവയും കാരണങ്ങളാണ്.
7. നെല്ല് കൃഷിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് കർഷകതൊഴിലാളികളുടെ ദൗർലഭ്യമാണ്. യഥാസമയം കൃഷിയിറക്കാനും കൊയ്യാനും കഴിയാതെ കർഷകൻ മനം മടുക്കുന്നു.
8. അത്യുൽപാദനശേഷിയുള്ള തൈകൾ ലഭിക്കാതിരിക്കുക, ജലസേചനത്തിലുള്ള വിഷമതകൾ, മഹാളിരോഗം എന്നിവയാണ് കവുങ്ങു കൃഷിക്കാരെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങൾ.
9. ഇതിലെല്ലാമുപരി കൃഷിഭവന്റെ പ്രവർത്തനം ഒരു പോരായ്മയായി തന്നെ നിലനിൽക്കുന്നു.

കൃഷിഭവന്റെ സേവനം യഥാർത്ഥ കൃഷിക്കാരന് ലഭ്യമാക്കുന്നതിനുള്ള സംവിധാന ഉണ്ടാവേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1. കനോലികനാലിൽ നിന്നും ഉപ്പുവെള്ളം കയറാതിരിക്കുന്നത് ചീർപ്പുകൾ സ്ഥാപിക്കുക. തോടുകളും കുളങ്ങളും സംരക്ഷിക്കുക.
2. പരൂർ പടവിന് ഒരു സ്ഥിരം ബണ്ടും കൃഷിക്ക് ആവശ്യമായ വെള്ളം കെട്ടി നിർത്താറുള്ള ഉപ്പുങ്ങൽ കടവ്, അണ്ടിത്തോട്, ഉപ്പുങ്ങൽ വടക്കേ പടവിലെ ഹൈലെവൽ കനാലുകൾ പരൂർ പടവിലെ ഹൈലെവൽ കനാലുകൾ മറ്റും ഉൾതോടുകൾ എന്നിവ വീതിയും ആഴവും കൂട്ടുക.
3. പടിഞ്ഞാറൻ പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിങ്ങ് നടപ്പാക്കുക.
4. കൃഷിയിൽ യന്ത്രവൽക്കരണം നടപ്പാക്കുക. കൊയ്ത്ത്, മെതിയന്ത്രങ്ങൾ സാർവ്വത്രികമാക്കുക. നെല്ല് സംഭരിക്കാനും സംസ്ക്കരിച്ച് വിപണനം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.
5. കർഷകർക്ക് വിത്ത്, വളം, കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ യഥാസമയം വിതരണം ചെയ്യുക.
6. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെ പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം.
7. തെങ്ങിൻ തോപ്പുകളിൽ ജലസേചനത്തിനായി കിണർ, പമ്പുസെറ്റുകൾ എന്നിവക്ക് സാമ്പത്തിക സഹായം നൽകുക. സബ്സിഡിക്ക് ഭൂപരിധിനിയന്ത്രണം എടുത്തു കളയുക.
8. തെങ്ങിനെ ബാധിക്കുന്ന ചെന്നീരൊലിപ്പ് രോഗം തടയാൻ നടപടികളുണ്ടാക്കുക.
9. നാളികേരം സംഭരിക്കാനും സംസ്ക്കരിച്ച് വിപണനം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.
10. ശാസ്ത്രീയ തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുക.
11. പച്ചക്കറി കൃഷി വികസനത്തിനായി സംഘടിതമായ ശ്രമം ആവശ്യമാണ്. പഞ്ചായത്തിലെ 1 മുതൽ 4വരെ വാർഡുകളിൽ മരച്ചീനി കൃഷി ചെയ്യാവുന്നതാണ്. 7,8, വാർഡുകൾ കൂർക്ക കൃഷിക്ക് അനുയോജ്യമാണ്. 11,12 വാർഡുകൾ നേന്ത്രവാഴ കൃഷിക്ക് യോജിച്ചതാണ്. 6,9 വാർഡുകൾ ചേമ്പുകൃഷി നടത്താവുന്നതാണ്. കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ കൃഷി നടത്താനുള്ള സംവിധാനമുണ്ടാക്കുക. ഇരുപ്പൂപാട ശേഖരങ്ങളിൽ ഇടവിളയായി വെള്ളരി, കുമ്പളം, മത്തൻ, പടവലം, പാവക്ക, പയർ, വെണ്ട എന്നിവയും കൃഷിചെയ്യാം. വിപണനം സൗകര്യം ഏർപ്പെടുത്തുകയും സഹായധനം നൽകി കർഷകരെ ഈ രംഗത്തേക്ക് കൊണ്ടുവരാൻ വേണ്ട ബോധപൂർവ്വമായ ശ്രമം നടത്തുകയും വേണം.
12. അത്യുൽപ്പാദന ശേഷിയുള്ള കവുങ്ങിൻ തൈകൾ പ്രചരിപ്പിക്കുക.
13. മാവ്, കശുമാവ്, എന്നിവയിൽ ശാസ്ത്രീയ രീതികൾ അവലംബിക്കാൻ കർഷകരിൽ അവബോധനം സൃഷ്ടിക്കുക.
14. രാമച്ചം സംഭരിച്ച് ഉൽപന്നങ്ങളാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.



# വിഭവ സമാഹരണം



ഒമ്പതാം പദ്ധതി 'ജനകീയ പദ്ധതി' എന്ന ആശയം അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും പൂർണ്ണമാകണമെങ്കിൽ വിഭവസമാഹരണം എന്ന സംരംഭത്തിന്റെ വിജയം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. പുന്നയൂർക്കുളം പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി തയ്യാറാക്കുന്ന വികസന രേഖയിലെ പദ്ധതികൾ സർക്കാരിൽ നിന്നും ലഭിക്കാവുന്ന സാമ്പത്തിക സഹായത്തെമാത്രം ആശ്രയിച്ച് നടത്താൻതുനിഞ്ഞാൽ നാം ഇവിടെ രൂപം കൊടുത്തിരിക്കുന്ന പലപദ്ധതികളും പ്രവർത്തിപഥത്തിൽ എത്തുകയില്ല.

ജനങ്ങളിൽ നിന്ന് സ്വരൂപിക്കാവുന്ന സംഖ്യ, വിദേശത്തു ജോലിചെയ്യുന്നവരിൽ നിന്ന് സ്വരൂപിക്കാവുന്ന സംഭാവനകൾ, ബാങ്ക് വായ്പ, സാമൂഹിക സന്നദ്ധസംഘടനകളിൽ നിന്ന് ലഭിക്കാവുന്ന മനുഷ്യാദ്ധ്വാനം, തുടങ്ങിയവയിലൂടെ വികസനപ്രവർത്തനങ്ങൾക്ക് വിഭവങ്ങൾ കണ്ടെത്താനാകും.

മുൻകാലങ്ങളിൽ സർക്കാർ ഹൈസ്കൂളിനു കെട്ടിടനിർമ്മാണത്തിനും, പാവപ്പെട്ടവർക്ക് ചികിത്സക്കും, വീട് കത്തിനശിച്ചവർക്ക് പുതിയവീട് വെക്കുന്നതിനും മതപരവും, ധാർമ്മികവുമായ പല കാര്യങ്ങൾക്കും ഇവിടെ നിന്നും വിദേശത്തുപോയി ജോലിചെയ്യുന്നവരിൽ നിന്നും സ്വരൂപിക്കുവാൻകഴിഞ്ഞിട്ടുള്ളതായി സംഖ്യകളുടെ കണക്ക് പരിശോധിച്ചാൽ, നമ്മുടെ വികസനപദ്ധതികൾക്കായി നേടാൻ കഴിയാവുന്നതിന്റെ അളവ് വലുതായിരിക്കും.

സാംസ്കാരിക സംഘടനകളുടെ എണ്ണത്തലും, പ്രവർത്തനത്തിലും പുന്നയൂർക്കുളം പഞ്ചായത്ത് വളരെ മുന്നിലാണ്. കഴിവുള്ളവരും, സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാൻ തയ്യാറുള്ളവരുടേതുമായ ഓരോ സമിതികൾ ഓരോ കിലോമീറ്റർ വ്യത്യാസങ്ങൾക്കുള്ളിൽ സംഘിടപ്പിച്ചിട്ടുള്ളതായി കാണാൻ സാധിക്കും. ഈ പഞ്ചായത്തിലെ പല പഞ്ചായത്ത്റോഡുകളുടെയും ആവിർഭാവത്തിൽ ചെറുപ്പക്കാരുടെ മനുഷ്യാദ്ധ്വാനം ശ്രദ്ധേയമാണ്.

പുരോഗതിയുടെ നട്ടെല്ലായ വ്യവസായ സംരംഭങ്ങൾ നിലനിറുത്തുന്നതിനും, ആരംഭിക്കുന്നതിനും ആവശ്യമായ മൂലധനരൂപീകരണം ഒരുവലിയ പങ്കുവരെ വിഭവസമാഹരണത്തിലൂടെ കണ്ടെത്താവുന്നതാണ്. വിദേശത്ത് ജോലിയുള്ളവരിൽ നല്ലൊരു പങ്കും ഇത്തരം സംരംഭങ്ങളിൽ ഓഹരികൾ എടുക്കുവാൻ തയ്യാറുള്ളവരാണ്. കൂടാതെ ഈ പഞ്ചായത്തിൽ നിലവിലുള്ള ബാങ്കുകൾ വഴി വായ്പ മൂലധനമാക്കാവുന്നതാണ്. ബാങ്ക് സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ അനുപാതത്തിൽ വ്യവസായയൂണിറ്റുകൾക്ക് വായ്പ കൊടുക്കുവാൻ കഴിയാവുന്ന രീതിയിലുള്ള സമഗ്രമായ മാറ്റം ബാങ്കിങ്ങ് മേഖലയിൽ അനിവാര്യമാണ്.

ജനങ്ങളിൽ നിന്ന് സ്വരൂപിക്കാവുന്ന സംഭാവനകൾ, സന്നദ്ധ സംഘങ്ങൾ വഴി സ്വരൂപിക്കാവുന്ന മനുഷ്യാദ്ധ്വാനം, ബാങ്കുകൾ വഴി നേടാൻ കഴിയാവുന്ന മൂലധനം എന്നിവക്കുപുറമെ പഞ്ചാത്തിന്റെ നിയമത്തിന്റെയും, അധികാരത്തിന്റെയും പരിധിയിൽ നിന്നുകൊണ്ട് സമാഹരിക്കാവുന്ന മൂലധനം താഴെ ചേർക്കുന്നു.

**തൊഴിൽ നികുതി:-** തൊഴിൽ ചെയ്യുന്ന എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി തൊഴിൽ നികുതിദായകരുടെ സംഖ്യ വർദ്ധിപ്പിക്കുക.

കെട്ടിടനികുതി:- വാർഷികവാടകയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതായ കെട്ടിടനികുതി, ശരിയായ രീതിയിലുള്ള കണക്കാക്കൽ മൂലം ഒരളവുവരെ വർദ്ധിപ്പിക്കുവാൻ സഹായകമാകും. മാത്രമല്ല വികസനപ്രവർത്തനങ്ങൾക്കായി ചിലവാക്കേണ്ടതായ ധനം ആഡംഭര ഭവനങ്ങൾക്കായി ചിലവഴിക്കുന്ന അവസ്ഥക്കും ചെറിയ തോതിൽ തടയിടുന്നതിനും ഉപകരിക്കുന്നതാണ്.
കച്ചവട ലൈസൻസ്:- പുന്നയൂർക്കുളം പഞ്ചായത്തിന്റെ കീഴിൽ കച്ചവടം നടത്തുന്നതായ എല്ലാകടകൾക്കും ലൈസൻസ് നിർബന്ധമാക്കുകയും ഇപ്പോഴത്തെ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കേണ്ടതുമാണ്.

**നേഷ്ണൽ സേവിംഗ് സ്കീം:-** വ്യക്തികളുടെ നിക്ഷേപങ്ങൾ ശരിയായ രീതിയിൽ നിക്ഷേപിക്കേണ്ടതിനായി ആത്മാർത്ഥമായി പരിശ്രമിക്കുകയാണെങ്കിൽ നേഷ്ണൽ സേവിംഗ് സ്കീം വഴി നിക്ഷേപങ്ങൾ സമാഹരിക്കാവുന്നതാണ്. അതിനാൽ 15% മുതൽ 20% വരെ പഞ്ചായത്തിന് ലഭിക്കാവുന്ന സംഖ്യകളുടെ അളവ് വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.
വിനോദനികുതി:- വിനോദനികുതി പ്രധാന വരുമാന മാർഗ്ഗമായതിനാൽ ഈ പഞ്ചായത്തിൽ ഒരു പുതിയ സിനിമാ തിയ്യേററിന് കൂടി ലൈസൻസ് നൽകാവുന്നതാണ്. ടിക്കറ്റ് വെച്ച് നടത്തുന്നതായ ഗാനമേളകൾക്ക് വിനോദനികുതി ബാധകമാക്കേണ്ടതുണ്ട്.

## ഭൂമി കൈമാറ്റങ്ങളിൽ വിലകാണിക്കൽ

വസ്തുകൈമാറ്റം ചെയ്യപ്പെടുമ്പോൾ നൽകേണ്ടതായ വിലയിൽ 4% പഞ്ചായത്തിന് ലഭിക്കുമ്പോൾ ഭൂമിയുടെ യഥാർത്ഥവില വെച്ചുകൊണ്ട് ആധാരം രജിസ്റ്റർചെയ്യേണ്ടതിന്റെ ആവശ്യകത നമുക്ക് മനസ്സിലാക്കാനാകും. ഇന്നത്തെ സാഹചര്യത്തിൽ യഥാർത്ഥവിലയുടെ 10ൽ ഒരു ഭാഗം പോലും ആധാരങ്ങളിൽ വിലകുറച്ചുകാണിക്കുന്നതിനെതിരെ കർശനനടപടികൾക്കായി മുന്നോട്ട് വരേണ്ടതാണ്. യഥാർത്ഥവിലവെച്ച് രജിസ്ട്രറാക്കുക വഴി ഒരു വലിയ സംഖ്യ തന്നെ നമുക്ക് സമാഹരിക്കാനാകും.

| ഇനം | 1995-96 |
|---|---|
| I തനത് വരുമാനം | |
| a. കെട്ടിട നികുതി | 374216 |
| b. വിനോദ നികുതി | 35687 |
| c. തൊഴിൽ നികുതി | 119540 |
| II ഉപാധി രഹിത നികുതി | 333300 |
| D &O പെർമിഷൻ രജിസ്റ്റർ | 9865 |
| III J.R.Y | 286310 |
| IV ഗ്രാന്റുകൾ, സംഭാവനകൾ | 344699 |
| ആകെ വരവ് | **1503617** |

## വിഭവസമാഹരണ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. പദ്ധതികളിൽ ഗവൺമെന്റ് ചിലവഴിക്കുന്ന തുക തികയാതെ വരുമ്പോൾ, ധനസമാഹരണത്തിലൂടെയും, മനുഷ്യാധ്വാനത്തിലൂടെയും പണം കണ്ടെത്താൻ പഞ്ചായത്തിന് കഴിയുന്നില്ല.
2. സന്നദ്ധസംഘടനകളെയും, താൽപര്യമുള്ള വ്യക്തികളെയും ഏകോപിപ്പിച്ചുകൊണ്ട് വികസനപ്രവർനങ്ങൾ നടത്താൻ കഴിയാറില്ല.
3. പഞ്ചായത്തിലെ ഗൾഫിൽ ജോലിചെയ്യുന്ന ആളുകളുടെ ധനപരമായ സഹായവും, മറ്റ് സന്നദ്ധസേവന പ്രവർത്തനവും ഉപയോഗപ്പെടുത്തി വികസനപദ്ധതികൾ രൂപപ്പെടുത്തുന്നതിൽ പഞ്ചായത്ത് ഇതുവരെയും കാര്യക്ഷമത കാണിക്കുന്നില്ല.
4. കെട്ടിടനികുതി പിരിക്കുന്നതിന് വാർഡുകൾതോറും സിറ്റിംഗ് നടത്താറുള്ളതാണ്. ഇപ്പോൾ ഇത് കാര്യക്ഷമമായി നടക്കുന്നില്ല.
5. വിനോദനികുതി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത കുറവാണ്. പഞ്ചായത്ത്തലത്തിൽ ക്ലബ്ബുകൾ ധനസമാഹരണത്തിനു വേണ്ടി നടത്താറുള്ള ഫിലിം പ്രദർശനം, ലോട്ടറികൾ തുടങ്ങിയ പല പരിപാടികൾക്കനുയോജ്യമായി വിനോദനികുതി പിരിച്ചെടുക്കുന്നില്ല.
6. പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന ബാങ്ക് വായ്പാപദ്ധതികളെ ശരിയായരീതിയിൽ ഉപയോഗപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതിന്റെ അനന്തരഫലമായി സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ തഴച്ചുവളരുകയും ജനങ്ങൾ കൂടുതൽ കടബാധ്യതയുള്ളവരായി തീരുന്നു.
7. മനുഷ്യാദ്ധ്വാനത്തെ പദ്ധതിപ്രവർത്തനങ്ങളിൽ വേണ്ടത്രരീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയാറില്ല.

## സാധ്യതകൾ

1. ബാങ്കിങ്ങ് മേഖലയിലെ വായ്പകളെസംബന്ധിച്ച ഇപ്പോൾ നിലവിലുള്ള നിയമതടസ്സങ്ങൾ ലഘൂകരിച്ച്, വായ്പാലഭ്യത ഉറപ്പ് വരുത്താൻ കഴിയും.
2. പഞ്ചായത്തിന്റെ നേരിട്ടുള്ള ഇടപെടൽമൂലം സ്വകാര്യപണമിടപാടുസ്ഥാപനങ്ങളുടെ പലിശനിരക്ക് കുറച്ചുകൊണ്ടുവരാൻ സാധ്യതയേറെയാണ്.
3. പഞ്ചായത്ത്തലത്തിൽ നടപ്പാക്കുന്ന വികസന പദ്ധതികൾക്ക് തികയാതെ വരുന്ന തുക മുൻകൂട്ടിയുള്ള ആസൂത്രണത്തോടുകൂടി മനുഷ്യാധ്വാനത്തിലൂടെ രമ്യമായി പരിഹരിക്കാൻ സാധ്യതയേറെയാണ്.
4. പഞ്ചായത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ ഗൾഫിൽ ജോലിചെയ്യുന്നവരുടെ പണം ഷെയറുകളായി ഉപയോഗപ്പെടുത്താൻ പുന്നയൂർക്കുളം പഞ്ചായത്തിന് സാധ്യത ഒട്ടേറെയുണ്ട്.
5. കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി, തുടങ്ങിയവ കാലഘട്ടത്തിനനുസരിച്ച് ശാസ്ത്രീയമായി പരിഷ്കരിച്ച് പിരിച്ചെടുക്കാനുള്ള സാധ്യത ഉപയോഗപ്പെടുത്തുക.



# സഹകരണം

സാമ്പത്തികമായി താഴെകിടയിൽ ജീവിക്കുന്ന കർഷകജനതയെ സമൂഹത്തിന്റെ മുഖ്യധാര യിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി 1904ലെ സഹകരണ നിയമത്തിന്റെ (കോ-ഓപ്പറേറ്റീവ് സൊസൈ റ്റീസ് ആക്ട് ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പസംഘങ്ങളുടെ ഉത്ഭവത്തോടെയാണ് നമ്മുടെ രാജ്യത്ത് സഹകരണ സംഘത്തിന് ആരംഭംകുറിക്കുന്നത്. സ്വാതന്ത്ര്യ സമ്പാദന കാലഘട്ടത്തിൽ പുന്നയൂർക്കുളം പഞ്ചായത്തിൽ ഐക്യനാണയസംഘം പ്രവർത്തിച്ചിരു ന്നു. ഈ സംഘത്തിൽ അംഗങ്ങളായ പല വ്യക്തികളും സാമ്പത്തികമായി നശിക്കുകയും ഐക്യ നാണയസംഘത്തിന്റെ കെടുകാര്യസ്ഥത കാരണം ഈ സംഘം പ്രവർത്തനരഹിതമായി. ഈ കാലഘട്ടത്തിൽ സഹകരണ പ്രസ്ഥാനത്തോട് നിസ്സഹകരണ മനോവം ജനങ്ങൾ പുലർത്തിയ തുകൊണ്ട് സഹകരണമേഖല മുരടിച്ചു. പിന്നീട് പള്ളിക്കര പി.സി.സി എന്ന ഒരു സഹകരണ സംഘമാണ് രൂപംകൊണ്ടത്. ഇതിന്റെ പ്രവർത്തനം റേഷൻഷാപ്പുകൾ നടത്തുക എന്നതായി ചുരുങ്ങി. അതിനുശേഷം 1957ൽ പി. ചേക്കുമുസ്ലിയാർ ടി. രാഘവൻനായർ, ശങ്കുണ്ണിമേനോൻ, എന്നിവരുടെ നേതൃത്വത്തിൽ പരൂർ പടവ് കോൾകൃഷി കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി യുടെ പ്രവർത്തനഫലമായി സ്വന്തമായി സ്ഥലം വാങ്ങുകയും ചെയ്തു. പിന്നീട് പരൂർ പടവ് കോൾകൃഷികമ്മിറ്റി 1958ൽ സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും പുന്നയൂർക്കുളം കോൾ കൃഷി സഹകരണസംഘം എന്ന രീതിയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ടി. രാഘവൻനായർ, പി.ചേക്കുമുസ്ലിയാർ, ടി. ശങ്കുണ്ണിമേനോൻ, ഐ.കുഞ്ഞുണ്ണി, വിളക്കേരി കുഞ്ഞു, വി.പി.മാമു, പി. ആലു, മമ്മിഹാജി, വി.കെ. മുഹമ്മദ്, മാമുഹാജി എന്നിവരായിരുന്നു ഈ സംഘത്തിന്റെ ആദ്യകാലസഹകാരികൾ. ഈ സംഘത്തിന്റെ അതിർത്തി അണ്ടത്തോട് ഫർക്കയിൽപ്പെട്ട വടക്കേക്കാട്, പുന്നയൂർക്കുളം, പെരുമ്പടപ്പ്, എരമംഗലം എന്നീ മേഖലകൾ ഉൾപ്പെട്ടതായിരുന്നു. ഈ സംഘത്തിന്റെ പ്രസിഡന്റായിരുന്ന പി.ചേക്കുമുസ്ലിയാർ രാജിവെക്കുക യും, അതിനുശേഷം ടി.ശങ്കുണ്ണിമേനോനെ പ്രസിഡന്റായി തെരെഞ്ഞെടുക്കുകയും ചെയ്തു. ഐ.കു ഞ്ഞുണ്ണി, വി.പി.മാമു, ടി.രാഘവൻനായർ, വിളക്കേരി കുഞ്ഞു, മാമുഹാജി, ടി.കെ. മുഹമ്മദുണ്ണി, എന്നിവർ അടങ്ങിയ ഡയറക്ടർ ബോർഡ് നിലവിൽ വരികയും ചെയ്തു.

1961ൽ ഈ ഭരണസമിതി ഒഴിവാക്കുകയും, കെ.ജി. കരുണാകരമേനോൽ പ്രസിഡന്റായി 9 അംഗ ഭരണസമിതി നിലവിൽവരികയും ചെയ്തു. പിന്നീട് ഈ സംഘം 1964ൽ സർവ്വീസ് സഹകരണസംഘമായി രൂപാന്തരപ്പെട്ടു. ആ കാലഘട്ടത്തിൽ സർവ്വീസ് സഹകരണസംഘം വളരെ നല്ലരീതിയിൽ പ്രവർത്തിക്കുകയും, കോൾകൃഷിയിലെ പമ്പിംങ്ങും, വടക്കേക്കാട്, പുന്നയൂർ, പുന്ന യൂർക്കുളം എന്നീ മേഖലയിൽ 19 റേഷൻ ഷാപ്പുകളും നടത്തിയിരുന്നു.

1968ൽ ഹൈദ്രോസ് ഹാജി പ്രസിഡന്റായുള്ള ഭരണസമിതിയാണ് നിലവിലുണ്ടായിരുന്നത്. 1970 നുശേഷം അടിയന്തിരാവസ്ഥ വരെ ഉദ്യോഗസ്ഥ ഭരണമായിരുന്നു. നിലനിന്നിരുന്നത്. ഉദ്യോ ഗസ്ഥൻമാരുടെ പിടിപ്പുകേടുമൂലം ഭരണസമിതി നടത്തിയിരുന്ന റേഷൻ ഷാപ്പുകൾ നിർത്തലാ ക്കുകയും ചെയ്തു. ഇതോടുകൂടി ഈ സംഘത്തിന്റെ ദയനീയമായ തകർച്ച ആരംഭിച്ചു. അടിയ ന്തിരാവസ്ഥക്കുശേഷം ഉദ്യോഗസ്ഥഭരണം അവസാനിക്കുകയും ജനകീയ ഭരണസമിതികൾ മാറി മാറിവരികയും ചെയ്തു. നാശത്തിലേക്ക് മുതലകൂപ്പുകുത്തുന്ന സർവ്വീസ് സഹകരണസംഘത്തെ കരയറ്റുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ തകർച്ച സഹകരണമേഖലയോടുള്ള ജനങ്ങളുടെ വിശ്വാസ്യതയെയും, താൽപര്യത്തെയും ഇല്ലാതാക്കി.

## സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷികമേഖലയിൽ പുന്നയൂർക്കുളം സർവ്വീസ് സഹകരണബാങ്കും, കോൾകൃഷി സഹകരണസംഘവുമാണ് പ്രവർത്തിക്കുന്നത്. സാമാന്യം ഭേദപ്പെട്ട രീതിയിലാണ് കോൾകൃഷി സഹകരണ സംഘം പ്രവർത്തിക്കുന്നത്.

4740 അംഗങ്ങൾഉള്ള പുന്നയൂർക്കുളം സർവ്വീസ് സഹകരണ സംഘത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. സ്കൂൾ സഹകരണസംഘങ്ങൾ മൂന്നെണ്ണം പഞ്ചായത്തിന്റെ പരിധിയിലുണ്ട്. ഈ സംഘങ്ങളിൽ ഒന്ന് പ്രവർത്തനരഹിതമാണ്. ഈ സംഘങ്ങളുടെ പ്രധാന പ്രവർത്തന രംഗം പുസ്തക വിതരണം മാത്രമാണ്.

പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മത്സ്യസഹകരണ സ്ംഘത്തിന്റെ പ്രവർത്തനം വളരെ നാമമാത്രമായ രീതിയിലാണ്.

പഞ്ചായത്ത് തലത്തിൽ പട്ടികവർഗക്കാരുടെ ക്ഷേമകാര്യങ്ങൾ ഉയർത്തികൊണ്ടുവരുന്നതിനുള്ള ഒരു പട്ടികജാതി സഹകരണ സംഘം പഞ്ചായത്തിലുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം വളരെ പരിതാപകരമാണ്. പ്രവർത്തനം തീരെ ഇല്ലെന്ന് തന്നെപറയാം. ഈ സംഘത്തിന്റെ കീഴിൽ ഒരു ടൈപ്പ്റൈറ്റിംഗ് സ്ഥാപനം പ്രവർത്തനം തുടങ്ങിയെങ്കിലും ഇപ്പോൾ അത് പ്രവർത്തനരഹിതമാണ്. സംഘം ഓഫീസ് തന്നെ തുറന്നു പ്രവർത്തിക്കാറില്ല. ഇപ്പോൾ ഉദ്യോഗസ്ഥ ഭരണമാണ് നില നിൽക്കുന്നത്.

നമ്മുടെ പഞ്ചായത്ത് ആസ്ഥാനമായി പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന്റെ പ്രവർത്തനം ഭാഗികമായാണ് നടക്കുന്നത്. ചുരുക്കം ചില മത്സ്യതൊഴിലാളികളാണ് ഇതിന്റെ ഗുണഭോക്താക്കൾ, മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാൻ പലപ്പോഴും ഈ സംഘത്തിന് കഴിയാറില്ല. പുന്നയൂർക്കുളം പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ നിലവിലുള്ള സ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്.

## പുന്നയൂർക്കുളം പഞ്ചായത്ത് പട്ടിക ജാതി സഹകരണ സംഘം

| പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ഓഹരി മൂലധനം | കടം | പ്രവർത്തന മൂലധനം | ജീവനക്കാർ | |
|---|---|---|---|---|---|---|---|
| | | | | | | സ്ഥിരം | മറ്റുള്ളവർ |
| 1988 | പഞ്ചായത്ത് മുഴുവൻ | 574 | 25020 | | 300000 | | |

| പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വം | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | ജീവനക്കാർ | |
|---|---|---|---|---|---|---|
| | | | | | സ്ഥിരം | മറ്റുള്ളവർ |
| 1992 | പഞ്ചായത്ത് മുഴുവൻ | 128 | 7900 | 5 ലക്ഷം രൂപ | | |

## പ്രശ്നങ്ങൾ:-

1. ക്രഡിറ്റ് സഹകരണസംഘങ്ങൾ കൃഷിക്കാർക്ക് ആവശ്യങ്ങൾ അനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല.
2. പുന്നയൂർക്കുളം സഹകരണസംഘം കടബാദ്ധ്യതയിൽ കുടുങ്ങി അതിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കയാണ്.
3. സഹകരണസംഘം മേഖലയിൽ ഷെയറുകളെടുക്കാൻ ആളുകൾ താത്പര്യപ്പെടുന്നില്ല.
4. കോൾകൃഷി സഹകരണസംഘത്തിൽ മുഴുവൻ കർഷകരും ഗുണഭോക്താക്കളായിട്ടില്ല.
5. സംഘത്തിന്റെ പ്രവർത്തനം മുഴുവൻ പട്ടികജാതിക്കാർക്കും ലഭിക്കുന്നില്ല. ഈ സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്.
6. പട്ടികജാതി സഹകരണസംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
7. പഞ്ചായത്തിൽ സ്വകാര്യപണമിടപാട് സ്ഥാപനങ്ങളുടെ സ്വാധീനം സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.
8. സഹകരണസംഘങ്ങളുടെ സാമ്പത്തിക തകർച്ച.
9. ക്ഷീരോൽപാദനരംഗത്തുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
10. പഞ്ചായത്തിന്റെ പൊതുവികസന പദ്ധതികളിൽ സഹകരണസംഘങ്ങൾക്ക് നിർണ്ണായകപങ്ക് വഹിക്കാൻ കഴിയുന്നില്ല.

## സാദ്ധ്യതകൾ:-

1. പുന്നയൂർക്കുളം സഹകരണസംഘം പുനർജീവിപ്പിക്കുന്നതിനുവേണ്ടി ഓരോ വാർഡിൽ നിന്നും 200 ഷെയറുകളെങ്കിലും ചേർക്കുക.
2. ലഘുനിക്ഷേപങ്ങൾ സ്വീകരിച്ച് ബാങ്കിന്റെ സാമ്പത്തിക നില ഉയർത്തി സംഘത്തിന്റെ കടബാദ്ധ്യതകൾ ഒഴിവാക്കാൻ ശ്രമിക്കുക.
3. വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുക.
4. വായ്പയെടുത്ത് തിരിച്ചടക്കാത്ത തുക വസൂലാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടികൾ കൈക്കൊള്ളുക.
5. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
6. നിക്ഷേപസമാഹരണം നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് ഈ തുക ലാഭകരമായ രീതിയിൽ ഉപയോഗിക്കുക.
7. ഓരോ കർഷകനും ഒരു വർഷത്തേക്കാവശ്യമായ കാർഷികവായ്പ വർഷാരംഭത്തിനുമുമ്പ് തന്നെ പാസ്സാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.
8. കേരവികസനത്തിനുവേണ്ടി പഞ്ചായത്തിൽ കേരവികസന സഹകരണസംഘം രൂപീകരിക്കുകയും, കയർവ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
9. വിവിധപാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘങ്ങൾ രൂപപ്പെടുത്തുക.

## സ്കൂൾ സഹകരണ സംഘങ്ങൾ

| സംഘത്തിന്റെ പേർ | പ്രവർത്തനം ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| രാമരാജ U.P. കുന്നത്തൂർ R. 609 | 1976 | 2032 | 2424 | 10000 |
| കടിക്കാട് AMUPS R.602 | 1976 | 2013 | 2397 | 10000 |
| ചെറായി G.U.P.S. R.613 | 1976 | 1900 | 2200 | 9000 |

## പുന്നയൂർക്കുളം സർവ്വീസ് സഹകരണ സംഘം [1996ലെ കണക്ക്]

| പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനന മേഖല | അംഗങ്ങൾ | ഓഹരി മൂലധനം | കടം | നിക്ഷേപം |
|---|---|---|---|---|---|
| 1958 | പഞ്ചായത്ത് മുഴുവൻ | 3450 | 99796 | 1380713 | 948306 |

| അംഗീകൃത മൂലധനം | വായ്പകൾ | | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|
| | കാർഷികം | കാർഷികേതരം | ലാഭം | നഷ്ടം | സ്ഥിരം | മറ്റുള്ളവർ |
| 100500 | 277785 | 1484532 | 10000 | - | രണ്ട് | ഒന്ന് |

10. പഞ്ചായത്തിനെ മൂന്ന് മേഖലകളായിതിരിച്ച് ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക.
11. കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടാക്കുക.
12. നിലവിലുള്ള മത്സ്യതൊഴിലാളി സഹകരണസംഘത്തിൽ, മത്സ്യതൊഴിലാളി മേഖലയിൽ ജോലി ചെയ്യുന്ന മുഴുവൻ മത്സ്യതോഴിലാളികളേയും അംഗങ്ങളാക്കി പ്രവർത്തനമേഖല വിപുലീകരിക്കുക.
13. മത്സ്യം കേടുകൂടാതെ സംഭരിക്കുന്നതിനും, സംസ്കരിക്കുന്നതിനും, വിപണനം നടത്തുന്നതിനും ഫ്രീസിംഗ് പ്ലാന്റ്, ഐസ്പ്ലാന്റ്, വാൻ എന്നിവ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. ഇതിന്റെ കീഴിൽ മത്സ്യവള നിർമ്മാണശാല ഉണ്ടാക്കാവുന്നതാണ്.
14. ഉൾനാടൻ മത്സ്യ വികസന സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
15. കൺസ്യൂമർ സഹകരണസംഘം രൂപീകരിക്കുകയും കൺസ്യൂമർസ്റ്റോർ തുറന്ന് പ്രവർത്തനമാരംഭിക്കുകയും ചെയ്യുക. ഇത് പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമാക്കാൻ കഴിയും.
16. എല്ലാ സ്കൂൾ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും സ്കൂൾ സഹകരണസംഘത്തിൽ നിർബന്ധമായും അംഗങ്ങളാക്കുക.
16. പട്ടികജാതി സഹകരണസംഘത്തിന്റെ കീഴിലുള്ള ടൈപ്പ്റൈറ്റിംഗ് സ്ഥാപനം, ട്രില്ലർ, എന്നിവ പ്രവർത്തനക്ഷമമാക്കുക.
17. അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽചെയ്യുന്ന ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട് ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കുക. പഞ്ചായത്ത് നേരിട്ട് നിർമ്മാണപ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതാണ്.
18. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഒരു കോഴി വളർത്തൽ സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.
19. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, അച്ചാർ കറിപൗഡർ നിർമ്മാണം എന്നിവ തുടങ്ങുന്നതിന് ഒരു വനിതാ സഹകരണസംഘം രൂപീകരിക്കാവുന്നതാണ്.
20. ഖാദിഗ്രാമവ്യവസായ സഹകരണസംഘം രൂപീകരിക്കാവുന്നതാണ്.
21. പുന്നയൂർക്കുളം പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.
22. നെല്ല്, സംഭരണ സംസ്കരണ കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കാവുന്നതാണ്.
23. രാമച്ചം സഹകരണ സംഘം രൂപീകരിക്കാവുന്നതും, ചെറുകിടവ്യവസായയൂണിറ്റുകൾ തുടങ്ങാവുന്നതുമാണ്.
24. പട്ടികജാതി സഹകരണസംഘത്തിൽ എത്രയും വേഗം തന്നെ തെരഞ്ഞെടുപ്പ് നടത്തി. ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.
25. സ്കൂൾ സഹകരണസംഘങ്ങൾ വഴി നല്ല നിലവാരത്തിലുള്ള പഠനോപകരണങ്ങൾ വിതരണം നടത്താൻ നടപടി എടുക്കുക.

സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി പുന്നയൂർക്കുളം പഞ്ചായത്തിലെ കാർഷികരംഗത്തും തൊഴിൽ രംഗത്തും സമൂലമയ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ പുന്നയൂർക്കുളം പഞ്ചായത്തിൽ സഹകരണരംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിക്കുന്നു.

# മത്സ്യബന്ധനം

**കേരള**ത്തിന്റെ സമ്പദ്ഘടനയിൽ മത്സ്യബന്ധനമേഖല ഒരു പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ട്. കോടിക്കണക്കിന് രൂപയുടെ കയറ്റുമതി വരുമാനം നേടിത്തരുന്ന മേഖലയാണിത്. നമ്മുടെ സമ്പദ് വ്യവസ്ഥയിൽ ഒരു പ്രധാന പങ്ക് വഹിച്ചുകൊണ്ടിരിക്കുന്ന ഈ മേഖല ഇന്ന് കടുത്തവെല്ലുവിളികളെ നേരിട്ടു കൊണ്ടിരിക്കുകയാണ്. ഇവിടെ നിലനിന്നിരുന്ന പരമ്പരാഗത മത്സ്യബന്ധനത്തിന്റെ സാങ്കേതിക വൈദഗ്ദ്യത്തിന്റെ ഗുണപരമായ അംശങ്ങൾക്ക് വേണ്ടത്ര പരിഗണ നൽകാത്തതുകൊണ്ടും വിദേശകുത്തുകകളുടെ ആഴക്കടൽ മത്സ്യബന്ധനവും, ഏത് തരം മത്സ്യബന്ധന ഉപാധി ഉപയോഗിക്കണം, എത്ര മത്സ്യം ഉൽപാദിപ്പിക്കണം എന്നതിന് വ്യക്തമായ നയരൂപീകരണമില്ലായ്മയും ഈ മേഖലയെ കടുത്ത വെല്ലുവിളികൾക്ക് വിധേയമാക്കി. മേൽ സൂചിപ്പിച്ച പ്രശ്നങ്ങളെ ഫലപ്രദമായി നേരിടുന്നതിനുവേണ്ടി പ്രാദേശിക ആസൂത്രണം നടത്തിയേ മതിയാവൂ.

നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ അറബിക്കടലിനോട് ചേർന്ന് ഏകദേശം 3 കി. മീറ്റർ വിസ്തൃതിയിലാണ് കടലോരപ്രദേശം സ്ഥിതിചെയ്യുന്നത്. ഭൂരിഭാഗം മത്സ്യതൊഴിലാളികളിലും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ടിപ്പുസുൽത്താൻ റോഡിന് ഏകദേശം 600 മീറ്റർ പടിഞ്ഞാറു ഭാഗത്താണ് കടൽ പ്രദേശം മത്സ്യബന്ധനവും, മത്സ്യവില്പനയുമായി ബന്ധപ്പെട്ട് ഏകദേശം 1000ത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. കൂടുതൽ ആളുകളും പരമ്പരാഗത രീതിയിലുള്ള മത്സ്യ ബന്ധനത്തെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. ഈ അടുത്ത കാലങ്ങളിലായി പുതിയ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരും. ധാരാളമായി ഉണ്ട്. മത്സ്യതൊഴിലാളികളിൽ 229 പേർ രജിസ്ട്രേഡ് തൊഴിലാളികളായി ഉണ്ട്. ബാക്കി വരുന്ന 771 പേർ രജിസ്ട്രേഷൻ ഇല്ലാത്തവരാണ്. 74 പേർക്ക് മത്സ്യതൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ കടലോരപ്രദേശങ്ങളിൽ നിന്ന് വിവിധതരത്തിലുള്ള മത്സ്യങ്ങളെ കിട്ടുന്നുണ്ട്. പ്രധാനമായും, അയല, ചാള (മത്തി), ചെമ്മീൻ, ചൂര, നെയ്മീൻ, സ്രാവ്, എന്നീ മത്സ്യങ്ങളാണ് കൂടുതലും ലഭിക്കുന്നത്. ഏകദേശം 50ഓളം മത്സ്യ ഇനങ്ങൾ ലഭിക്കാറുണ്ട്.

പഞ്ചായത്ത് കേന്ദ്രമായി മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഒരു സഹകരണ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. മത്സ്യവിപണനസംസ്കരണ കേന്ദ്രങ്ങളോ, സർക്കാർ ഏജൻസികളോ പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് മേഖലയിൽ 10 ചെറിയ മത്സ്യ വിൽപന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പുഴിക്കളയിൽ പ്രവർത്തിക്കുന്ന മത്സ്യ മാർക്കറ്റിന്റെ സ്ഥിതി ഇപ്പോൾ വളരെ ശോചനീയമാണ്. ഈ മാർക്കറ്റ് നല്ല രീതിയിൽ മെച്ചപ്പെടുത്തി കൊണ്ടുവരാൻ സാധ്യതയേറെയാണ്.

ഒന്ന്, രണ്ട്, മൂന്ന്, നാല് വാർഡുകളിലാണ് മത്സ്യതൊഴിലാളികൾ ജീവിക്കുന്നത്. കോളനികൾ ഈ പ്രദേശത്ത് ഇല്ല. ഇവിടെ താമസിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമല്ല. കുടിവെള്ളം, കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഈ മേഖലയിൽ ഇല്ല എന്നു തന്നെ പറയാം. 1996 സ്പ്തംബർ മാസം നടത്തിയ സർവ്വെ പ്രകാരം ഭൂരിഭാഗം മത്സ്യതൊഴിലാളി കുട്ടികളുടെയും വിദ്യാഭ്യാസ നിലവാരം വളരെ മോശമാണ്. പ്രൈമറി വിദ്യാഭ്യാസം പോലും നേടാത്ത കുട്ടികൾ ധാരാളമായി കാണുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസതലത്തിൽ തന്നെ ഇടയ്ക്കുവെച്ച് പഠനം നിർത്തിപോകുന്നവരും ഉണ്ട് എന്ന് സർവ്വെ വ്യക്തമാക്കുന്നു. ഈ

വിദ്യാഭ്യാസ പ്രശ്നം പരിഹരിക്കാനായി ഒരു ഫിഷറീസ് സ്കൂൾ സ്ഥാപിക്കണമെന്ന് ആവശ്യം കുറെ കാലമായി നിലനിൽക്കുന്നു.

ജൂൺ, ജൂലായ് മാസങ്ങളിൽ ശക്തിയായി ഉണ്ടാകാറുള്ള കടലാക്രമണത്തെ തടയാനുള്ള കടൽഭിത്തി ഇല്ല എന്നത് ഒരു ചോദ്യചിഹ്നമായി നിലനിൽക്കുന്നുണ്ട്.

സ്വകാര്യ വ്യക്തികൾ ആണ് വള്ളം, വല തുടങ്ങിയവ മത്സ്യതൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്. സഹകരണ അടിസ്ഥാനത്തിൽ ഒറ്റക്കോരി, വള്ളം, വല, യമഹ, ബോട്ടുകൾ എന്നിവ നൽകിവരുന്നുണ്ട്. മത്സ്യതൊഴിലാളികൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി ഉണ്ട്. കനോലികനാൽ തോടും, കോൾ നിലങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്നവരാണ് ഇവർ. ഉൾനാടൻ മത്സ്യകൃഷിക്ക് സാധ്യതയേറെയുള്ള പഞ്ചായത്താണ് പുന്നയൂർക്കുളം.

### പ്രശ്നങ്ങൾ

1. മത്സ്യസഹകരണസംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഓരോ വാർഡുകളുമായി ബന്ധപ്പെടുത്തി മത്സ്യസംസ്കരണ കേന്ദ്രമോ, വിപണന സൗകര്യമോ ഇപ്പോൾ നിലവിലില്ല.
2. തീരപ്രദേശം കടൽ ഭിത്തികെട്ടി സംരക്ഷിച്ചിട്ടില്ല.
3. മത്സ്യ ബന്ധന ഉപകരണങ്ങൾ ആവശ്യാനുസരണം ലഭിക്കാറില്ല.
4. പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു മത്സ്യമാർക്കറ്റില്ല. ഇപ്പോൾ പുഴിക്കളയിൽ പ്രവർത്തിക്കുന്ന മാർക്കറ്റിന്റെ അവസ്ഥ വളരെ മോശമാണ്.
5. മത്സ്യ കൃഷിക്ക് അനുയോജ്യമായ ഉൾനാടൻ ജലാശയങ്ങളും, കുളങ്ങളും ഉപയോഗപ്പെടുത്തി മത്സ്യ വളർത്തുകേന്ദ്രങ്ങൾ ഇനിയും സ്ഥാപിക്കാൻ മുൻകൈ എടുത്തിട്ടില്ല.
6. അഴിമുഖത്ത് (Light house) ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
7. മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾ ലഭ്യമായിട്ടില്ല.
8. കടലോര പ്രദേശത്തെ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറുന്നുണ്ട്.
9. മത്സ്യതൊഴിലാളികൾ തിങ്ങിപാർക്കുന്ന മേഖലകളിൽ പരിസരമലിനീകരണം രൂക്ഷമാണ്. ഇതിന് പ്രധാന കാരണം കക്കൂസുകളുടെ അഭാവമാണ്.
10. മത്സ്യതൊഴിലാളി കുടുംബങ്ങളിലെ യുവതി യുവാക്കാൾക്ക് തൊഴിലവസരം കുറവാണ്.
11. മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ട ഒരു ഫിഷറീസ് സ്കൂൾ ഇപ്പോൾ നിലവിലില്ല.
12. ചെമ്മീൻ ഉല്പാദനവും, കയറ്റുമതിയും നടക്കുന്നില്ല.

### സാധ്യതകൾ

1. മത്സ്യവിഭവ സംരക്ഷണവും, പരിപാലനവും മുഖ്യകടമയാക്കി മാറ്റുക.
2. മത്സ്യവിഭവസംരക്ഷണം, പരിപാലനം എന്നിവയ്ക്ക് ഒരു പഞ്ചായത്ത് മാർഗ്ഗരേഖ വികസിപ്പിച്ചെടുക്കാം. ഇതിന്റെ കീഴിലായിരിക്കും ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ.
3. പഞ്ചായത്ത് തലത്തിൽ ഉപയോഗിക്കേണ്ട മത്സ്യബന്ധനസാമഗ്രികളുടെ എണ്ണം, മാനദണ്ഡങ്ങൾ, ഉൽപാദിപ്പിക്കപ്പേടേണ്ട മത്സ്യത്തിന്റെ അളവ്, തുടങ്ങിയവ നിശ്ചയിക്കുക.
4. പടിഞ്ഞാറൻ പ്രദേശത്തെ നാല് വാർഡുകളേയും ഏകോപിപ്പിച്ച് മത്സ്യവിപണന സംസ്കരണ കേന്ദ്രം സ്ഥാപിക്കാൻ സാധ്യത ഏറെയാണ്.
5. പഞ്ചായത്തിൽ ഏകദേശം 150 കുളങ്ങൾ ഉണ്ട്. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ മത്സ്യകൃഷി നടത്താൻ സാധ്യത ഏറെയാണ്.
6. ഉൾനാടൻ ജലമേഖലകളിൽ നടക്കുന്ന അശാസ്ത്രീയമായ മത്സ്യബന്ധനവും, ജലമലിനീ

കരണവും, തടയുന്നതിനുവേണ്ടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉൾനാടൻ മത്സ്യവിഭവ സംരക്ഷണ പരിപാലന സമിതിക്ക് രൂപം നൽകാം.

7. പഞ്ചായത്ത് തലത്തിൽ മത്സ്യതൊഴിലാളികൾക്ക് ഒരു സഹകരണ സംഘം രൂപീകരിക്കണം.
8. മത്സ്യഫെഡിന്റെ കീഴിൽ ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തി വിപണനം നടത്താനുള്ള സാധ്യതകൾ ഏറെയാണ്.
9. ഫിഷറീസ് ഹൈസ്ക്കൂൾ സ്ഥാപിക്കുക.
10. മത്സ്യതൊഴിലാളി ഇൻഷൂറൻസ്, ക്ഷേമപദ്ധതികൾ, പെൻഷൻ എന്നിവ എല്ലാ മത്സ്യതൊഴിലാളികൾക്കും ലഭ്യമാക്കേണ്ടതുണ്ട്.
11. പഞ്ചായത്തിന്റെ മധ്യഭാഗത്തായി ആധുനിക സൗകര്യങ്ങളോടുകൂടിയ (പുഴിക്കള, ചമ്മണൂർ,മാവിൻചുവട് കേന്ദ്രം) മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
12. നമ്മുടെ പ്രദേശത്ത് കടൽതീരം വളരെ വിശാലമായി കിടക്കുകയാണ്. ഇവിടെ ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുക.
13. കടലാക്രമണം ഉണ്ടാകുമ്പോൾ മത്സ്യതൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ മേഖലയിലെ നാല്വാർഡുകളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു പുനരധിവാസ കേന്ദ്രം (Relief Centre) സ്ഥാപിക്കുക.
14. മത്സ്യം കേടു കൂടാതെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ഐസ്ഫാക്ടറി സ്ഥാപിക്കുക. സഹകരണ അടിസ്ഥാനത്തിൽ ആയിരിക്കണം ഇതിന്റെ പ്രവർത്തനം.
15. പൊതുജലാശയങ്ങൾ പാട്ടത്തിനുകൊടുത്തുകൊണ്ടും സംരംഭകരെ പ്രോത്സാഹിപ്പിച്ചുകൊണ്ടും, മത്സ്യ വിതരണം നടത്തിക്കൊണ്ടും, മറ്റും ഉൾനാടൻ മത്സ്യ ബന്ധനം വികസിപ്പിക്കാം.
16. പരമ്പരാഗതമായ (ലാന്റിംഗ് സെന്ററുകൾ) ഇറക്കുമതി കേന്ദ്രങ്ങൾ നടത്തികൊണ്ടുപോവുകയും, പരിപാലിക്കുകയും ചെയ്യുക.

ഒമ്പതാം പദ്ധതിയിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട പദ്ധതികൾ മുഴുവനും, പദ്ധതി വിഹിതം കൊണ്ട് കഴിയാത്തതുകൊണ്ട്, വിഭവ സമാഹരണം നടത്തികൊണ്ടും, സന്നദ്ധ മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തികൊണ്ട് മാത്രമേ നമ്മൾ പ്രതീക്ഷിക്കുന്ന രീതിയിൽ ഈ മേഖലയുടെ വികസനം നടപ്പാക്കാൻ സാധിക്കുകയുള്ളു.

17. കോൾ നിലങ്ങളിൽ മത്സ്യ കൃഷി നടത്താൻ ഏറെ സാധ്യതയുള്ള പഞ്ചായത്താണിത്.





# മത്സ്യ ബന്ധനം

## പട്ടിക 1
## മത്സ്യ തൊഴിലാളികൾ

| പ്രവർത്തിക്കുന്ന മേഖല | തൊഴിലാളികളുടെ എണ്ണം |
|---|---|
| കടൽ മത്സ്യ ബന്ധനം | 1000 |
| ഉൾനാടൻ മത്സ്യ ബന്ധനം | 155 |
| മത്സ്യ സംസ്കരണം | 50 |
| മത്സ്യ വിപണനം(ചെറുകിട) | 250 |
| ആകെ | 1455 |

## പട്ടിക 2
## ഓരോ കാലത്തും കിട്ടുന്ന മീനുകളുടെ ഇനം

| മാസം | ഇനം |
|---|---|
| ജനുവരി മുതൽ മെയ് വരെ | അയല, മത്തി, ചൂട, മുള്ളൻ, മാന്തൾ |
| ജൂൺ മുതൽ ആഗസ്റ്റ് വരെ | അയല, മത്തി, ചൂട, മുള്ളൻ, ചെമ്മീൻ |
| സംപ്റ്റംബർ മുതൽ ഡിസംബർ വരെ | അയല,മത്തി, കൂന്തൾ,മുള്ളൻ സ്രാവ്, ആവോലി, അയക്കോറ |

## പട്ടിക 3
## കിട്ടുന്ന മീനുകളുടെ ഇനം തിരിച്ചുള്ള കണക്ക്

| ക്രമ നമ്പർ | ഇനം | ടൺ അളവ് (മാസം) ഏകദേശം |
|---|---|---|
| 1. | അയല | 2000 |
| 2. | മത്തി | 1500 |
| 3. | മുള്ളൻ | 50 |
| 4. | മാന്തൾ | 4000 |
| 5. | ചെമ്മീൻ | 60 |
| 6.. | ചൂട | 200 |
| 7. | സ്രാവ് | 50 |
| 8. | ആവോലി | 250 |
| 9.. | പലവക | 5000 |

# സാംസ്കാരം

സവർണ-സമ്പന്ന-നാടുവാഴി പ്രഭുക്കളുടെ അധിശാധികാരത്തെ ചെറുത്തു നിന്ന പോരാട്ടത്തിന്റെ ചരിത്രം ഈ ഗ്രാമത്തിൽ നിറഞ്ഞുനിൽക്കുന്നു.

ബ്രിട്ടീഷ് ആധിപത്യത്തിന്റെയും സാമ്രാജ്യത്വ വാഴ്ചയുടെയും ഫ്യൂഡൽവർഗപാരമ്പര്യത്തിന്റെയും രുചിഭേദം അറിഞ്ഞനാട്ടുകാരാണ് പുന്നയൂർക്കുളത്തുകാർ പഴയ മലബാറിൽ ഉൾപ്പെട്ടിരുന്ന പ്രദേശമായിരുന്നു പുന്നയൂർക്കുളം പഴയജന്മിത്വ വ്യവസ്ഥയുടെ തീക്താനുഭവങ്ങൾ നേരിട്ടനുഭവിച്ചവരാണ് പുന്നയൂർക്കുളത്തുകാർ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അലയൊലികൾ പുന്നയൂർക്കുളം പഞ്ചായത്തിലും ചെറിയ അനുരണനകൾ ഉണ്ടാക്കുകയുണ്ടായി പുന്നയൂർക്കുളം പഞ്ചായത്തിൽ നിന്നും ഈ പ്രസ്ഥാനത്തിൽ ധാരാളം പ്രവർത്തകർ ഉണ്ടായി എന്നുള്ളത് പുന്നയൂർക്കുളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ അടിത്തറക്ക് ഉറപ്പേകുന്നു.

ഒട്ടനവധി ത്യാഗോജ്ജ്വലമായ സമരങ്ങൾക്ക് സാക്ഷ്യം വഹിച്ച മണ്ണാണ് പുന്നയൂർക്കുളത്തിന്റേത് നിരവധി രാജ്യസ്നേഹികളും മറ്റും സ്വാതന്ത്ര്യ പോരാട്ടത്തിന്റെ തീച്ചൂളയിലേക്ക് എടുത്തുചാടുകയും ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്ത ഒട്ടനവധി സ്വാതന്ത്ര പോരാളികൾ പുന്നയൂർക്കുളത്തിന്റെ മണ്ണിൽ ജനിക്കുകയും സ്വാതന്ത്ര്യ പോരാട്ടങ്ങൾക്ക് പുന്നയൂർക്കുളത്തിന്റെ തനതായ സംഭാവനകൾ ചെയ്യുകയുണ്ടായി എന്നത് സാംസ്കാരിക പുന്നയൂർക്കുളത്തിന് എടുത്തുപറയേണ്ട നേട്ടമാണ്.

ചൈതന്യവത്തായ ഒരു സാംസ്കാരിക പൈതൃകത്തിന് വേരോട്ടമുള്ള പ്രദേശമാണ് പുന്നയൂർക്കുളത്തിന്റേത്. പുന്നയൂർക്കുളത്തിന്റെ സാംസ്കാരിക പൈതൃകം എടുത്ത് പരിശോധിക്കുകയാണെങ്കിൽ ഒട്ടനവധി സാഹിത്യകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകരുടേയും ഈറ്റില്ലമാണെന്ന് തന്നെ പറയാം മലയാളസാഹിത്യത്തിന്റെ തറവാടാണ് പുന്നയൂർക്കുളം എന്ന് പറഞ്ഞാൽ അത് അതിശയോക്തിക്ക് വകനൽകുന്നില്ല. സാഹിത്യസാംസ്കാരിക മേഖലകളിൽ നിരവധി സംഭാവനകൾ നൽകിയ ശ്രീ നാലാപ്പാട്ട് നാരായണമേനോൻ ഇന്നും പുന്നയൂർക്കുളത്തുകാരന് ജ്വലിക്കുന്ന ഓർമ്മകളായി നിലകൊള്ളുകയാണ്. യുവതലമുറയുടെ മനസ്സുകളിൽപ്പോലും ഈ പ്രശസ്തസാഹിത്യകാരൻ ഇന്നും ഒളിമങ്ങാതെ നിലകൊള്ളുന്നു എന്നത് നമുക്ക് അഭിമാനിക്കാൻ വക നൽകുകയാണ് നിരവധി സാഹിത്യ കൃതികൾ അദ്ദേഹത്തിന്റെ സംഭാവനയായിട്ടുണ്ട്. വിക്ടർ ഹ്യൂഗോവിന്റെ പാവങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തത് ഇദ്ദേഹമാണ് രചനാവൈഭവംകൊണ്ടും മറ്റും ഈ കൃതി ഉന്നതനിലവാരം പുലർത്തിയിരുന്നു. കണ്ണുനീർതുള്ളി, രതിസാമ്രാജ്യം തുടങ്ങിയവ നാലപ്പാട്ട് നാരായണമേനോന്റെ പ്രശസ്തമായ കൃതികളാണ്.

കേരളീയ സമൂഹത്തിന് അഭിമാനഭാജനമായിതീർന്ന ശ്രീമതി ബാലാമണിയമ്മ പുന്നയൂർക്കുളത്തുകാരന്റെ മനസിൽ നിലകൊള്ളുകയാണ് നിരവധി സാഹിത്യ കൃതികൾ ഈ കവിയത്രിയുടെ സംഭാവനയായി ഉണ്ട് ബാലാമണിയമ്മ (പുന്നയൂർക്കുളത്തിന്റെ മണ്ണിൽ ജനിച്ചുവളർന്ന) സാംസ്കാരിക പുന്നയൂർക്കുളത്തിന്റെ സന്താനമാണ് പുന്നയൂർക്കുളം നാട്ടിന് പത്മഭൂഷണം വാങ്ങിതന്നത് ബാലാമണിയമ്മയാണ് നാലപ്പാട്ടെ സാഹിത്യതറവാട്ടിലെ കഥാസഹിത്യകാരിയായ ശ്രീമതി മാധവിക്കുട്ടി (കമലാദാസ്) പുന്നയൂർക്കുളത്തിന്റെ സാംസ്കാരിക രംഗത്തെ അതിന്റെ ഉത്തുംഗശൃംഖത്തിലേക്കെത്തിക്കുന്നുണ്ട്. നിരവധി കഥാ കവിത കൃതികൾ രചിച്ച ഇവർ പ്രശസ്തമായ പല സാഹിത്യഅവാർഡുകൾക്ക് അർഹയായിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ചെറുപ്പത്തിൽതന്നെ കവി എന്ന് പേരെടുത്ത ഒരു ചെറുപ്പക്കാരനാണ് പുന്നയൂർക്കുളം വി.ബാപ്പു ആനുകാലികപ്രസിദ്ധീകരണങ്ങളിൽ നിരന്തരം എഴുതിയിരുന്ന അദ്ദേഹത്തിന്റേതായി നിരവധി ഗ്രന്ഥങ്ങളും കവിതകളും ഉപന്യാസങ്ങളും ഉണ്ട്. ചൈനയിലെ മുസ്ലികൾ എന്നൊരു ഗ്രന്ഥം മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുമുണ്ട്.

അതുപൊലെ തന്നെ പുന്നയൂർക്കുളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ എടുത്തുപറയേണ്ട വ്യക്തിയാണ്. ഡോക്ടർ സുവർണ്ണനാലപ്പാട്ട്. ഇവരുടെ നിരവധി കൃതികൾ ഭാഷചാതുരി കൊണ്ടും ആംഗനേയശൈലികൊണ്ടും ശ്രദ്ധപിടിച്ചു പറ്റിയവയാണ് ഇന്നും പുന്നയൂർക്കുളത്തിന്റെ സാംസ്കാരിക പൈതൃകം പുറംനാട്ടുകളിൽ എത്തിക്കുന്നതിൽ ഡോ. സുവർണ്ണ നാലപ്പാട്ട് ഒട്ടനവധി സംഭാവനകൾ ചെയ്യുന്നുണ്ട്. അതുപോലെതന്നെ വള്ളത്തോളിന്റേയും എം.ആർ. ബിയുടെയും പ്രേംജിയുടേയും മറ്റും നിരവധി സാംസ്കാരിക നായകൻമാരുടെ സ്മരണയും പുന്നയൂർക്കുളത്തിന്റെ മണ്ണിൽ അവശേഷിക്കുന്നു.

## കലാരൂപങ്ങളും ആയോധനകലയും.

കേരളത്തിലെ നമ്പൂതിരിമാരുടെ ആയോധനപാരമ്പര്യം വെളിപ്പെടുത്തുന്ന ഒരു അനുഷ്ഠാന കലാരൂപമായ സംഘം കളിക്ക് പുന്നയൂർക്കുളത്തും ഗണനീയമായ പ്രചാരം ലഭിക്കുകയുണ്ടായി നമ്പൂതിരി സമുദായത്തിലെ സാമൂഹിക സാമ്പത്തിക പരിവർത്തനത്തിന്റെ ഫലമായി സംഘകളിയുടെ പ്രചാരം ക്ഷയിക്കുകയും കളിയരങ്ങുകൾ ഇല്ലാതാകുകയും ചെയ്തു. തെക്കെ മലബാറിലെ വളരെ പ്രശസ്തമായ കളരി, തറവാടാണ് ചെറായി പണിക്കൻമാരുടേത്. 42½ അടിയായിരുന്നു ചെറായി കളരിയുടേത് നാട്ടിൽ നിന്ന് പഠനം കഴിഞ്ഞ് ഒതേനൻ ഉപരി പഠനാർഥം 2 കൊല്ലം ചെറായി കളരിയിൽ അഭ്യാസം നടത്തിയിട്ടുണ്ട്. ചില അപൂർവ്വ വിദ്യകൾ പഠിക്കാനാണ് ഒതേനൻ ഇവിടെ വന്നത് ഇതിൽ നിന്നും മനസിലാക്കാൻ കഴിയുന്ന വസ്തുതചെറായി കളരിയുടെ പ്രശസ്തി വർഷങ്ങൾക്കു മുമ്പുതന്നെ വടക്കൻ മലബാറിൽ എത്തി എന്നതാണ്. ഈ കളരിയുടെ ബാക്കി പാത്രം ഇന്നും ചെറായിയിൽ സ്ഥിതിചെയ്യുന്നുണ്ട് ഈ കളരിയുടെ നിരവധി സ്മരണകൾ ഇന്നും ചെറായിൽ ഉണ്ട്.

പുന്നയൂർക്കുളം മാവിൻചുവട് പ്രദേശത്ത് പേരുകേട്ട കളരി അഭ്യാസിയാണ് മുഹമ്മദുണ്ണി ഗുരുക്കൾ ഇദ്ദേഹത്തിന്റെ കീഴിൽ മാവിൻചുവട് നവജീവൻ കളരി എന്ന പേരിൽ ഒരു സംഘം പ്രവർത്തിച്ചിരുന്നു. വിദേശത്ത് നിന്നുപോലും നിരവധി ആളുകൾ ഇദ്ദേഹത്തിന്റെ അടുത്ത് നിന്ന് കളരി അഭ്യസിക്കാൻ നവജീവൻ കളരി സംഘത്തിൽ എത്താറുണ്ടായിരുന്നു. വലിയങ്ങാട്ടു കോവിലകം കലകളുടെ കേളീരംഗമായിരുന്നു. കഥകളിയും ചാക്യാർകൂത്തും മറ്റും അവിടെ വളരെ പ്രൗഢിയോടുകൂടി നടന്നിരുന്നു. കഥകളിരംഗത്ത് പ്രസിദ്ധരായ പലരും കോവിലകത്ത് കളി അവതരിപ്പിച്ചിരുന്നു. ഗുരുകുഞ്ചുകുറുപ്പ്, പട്ടിക്കാംതൊടി രാമുണ്ണി മേനോൻ തുടങ്ങിയ മഹാരഥൻമ്മാരെല്ലാം കഥകളി അവതരിപ്പിക്കാൻ കോവിലകത്ത് വന്നിരുന്നു.

നാഗാരാധനയുമായി ബന്ധപ്പെട്ട പുള്ളുവൻപാട്ട് ഇന്നും ഈ നാട്ടിലെ മറ്റൊരു അനുഷ്ഠാന കലയാണ്. ഈ കല അന്യംനിന്ന് പോയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇന്ന് കേരളീയർക്ക് അന്യമായികൊണ്ടിരിക്കുന്ന തിരുവാതിരക്കളിയുടെ തട്ടകം തന്നെയായിരുന്നു ഈ പഞ്ചായത്ത്. ഇന്നും നമ്മുടെ പഞ്ചായത്തിൽ തിരുവാതിരകളി നിലനിൽക്കുന്നു.

പുരാതന കലാരൂപമായ അറവനമുട്ട്, കോൽക്കളി തുടങ്ങിയവ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്നു. ഈ കലാരൂപങ്ങളെ പൊതുജനങ്ങളുടെ ഇടയിലേക്ക് ഇറക്കികൊണ്ടുവരാൻ ശ്രദ്ധിക്കേണ്ടതാണ്.

അതുപോലതന്നെ പുരാതനകലാരൂപമായ തെയ്യം, കരിങ്കാളി, തിറ, പൂതംകളി. എന്നി കലാരൂപങ്ങൾ ഇപ്പോഴും അതിന്റെ തനിമ നിലനിർത്തികൊണ്ട് തന്നെ നമ്മുടെ പഞ്ചായത്തിൽ നടക്കാറുണ്ട് ഈ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ആറ്റുപുറം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഒരു ജനകീയ ഗ്രാമീണ വായനശാലയാണ് അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ പുന്നയൂർക്കുളത്തെ ആദ്യസ്ഥാപനം നിരവധി സ്വതന്ത്ര്യ പോരാട്ടങ്ങൾക്കും പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചക്കും ഈ ഗ്രാമീണ വായനശാല നാന്ദികുറിച്ചു. ഈ വായനശാലക്ക് ഒരു സ്ഥിരം കെട്ടിടം നിലവിലുണ്ടായിരുന്നില്ല. ഇന്ന് ഈ വായനശാല നിലവിലില്ല. 1975 കാലഘട്ടങ്ങളിൽ കുന്നത്തൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന പ്രതിഭാആർട്ട്സ് & റിക്രിയേഷൻസെന്ററിന്റെ പ്രവർത്തനം സാംസ്കാരിക രംഗത്ത് ചെറിയ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗ്രന്ഥശാലപിന്നീട് നാമാവശേഷമാവുകയും ഇതിലെ പുസ്തകങ്ങൾ പഞ്ചായത്ത് ലൈബ്രറിക്ക് കൈമാറുകയും ചെയ്തു.

1985-90 കാലഘട്ടങ്ങളിൽ ആറ്റുപുറം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ബ്രദേഴ്സ് ആർട്ട്സ് ക്ലബ്ബ് ഈ ക്ലബിനോടുനുബന്ധിച്ച് വായനശാലയും പ്രവർത്തിച്ചിരുന്നു ഇപ്പോൾ ഈ ക്ലബ്ബിന്റെ പ്രവർത്തനം നടക്കുന്നില്ല. സാമൂഹിക-സാംസ്കാരിക രംഗത്ത് സജീവമായിരുന്ന ഒരു കലാസമിതി ആയിരുന്നു. ബ്രദേഴ്സ് ഗ്രന്ഥശാലാപ്രവർത്തനരംഗത്തെ പുതിയ കാൽവെപ്പാണ് മാവിൽചുവട് കേന്ദ്രമായി പ്രവർത്തിക്കുന്ന ചെന്താര കലാസമിതി & വായനശാല ഈ സമീപ ദിവസങ്ങളിലാണ് ഇതിന്റെ പ്രവർത്തന മേഖല കൂടുതൽ വിപുലീകരിച്ചത്. പുന്നയൂർക്കുളം പഞ്ചായത്ത് സാംസ്കാരിക നിലയത്തിനോടനുബന്ധിച്ച് ഗ്രന്ഥശാലയും വായനശാലയും പ്രവർത്തിച്ചുവരുന്നു ഏകദേശം 1000 ത്തോളം പുസ്തകങ്ങളുടെ ശേഖരം ഇതിലുണ്ട്. ധാരാളം ആളുകൾ പുസ്തകങ്ങൾ വായിക്കുന്നതിനുവേണ്ടികൊണ്ടുപോകുന്നു ഒരു ലൈബ്രേറിയനും ഇതിൽ പ്രവർത്തിക്കുന്നു. ഗ്രന്ഥശാലയുടെ ഇപ്പോഴത്തെ നടത്തിപ്പു രീതി കുറ്റമറ്റതല്ല എന്നു തന്നെ പറയേണ്ടിവരും കേരള ഗ്രന്ഥശാലാസംഘവുമായി അഫിലിയേഷൻ നടത്തിയിട്ടില്ല. നടത്തുന്നതിനുള്ള ശ്രമം പഞ്ചായത്ത് എടുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ സാധാരണക്കാരിൽ ഇതിന്റെ സന്ദേശം എത്തിക്കാൻ സാധിക്കുകയുള്ളു ഇപ്പോൾ നിലവിലുള്ള രജിസ്ട്രേഷൻ രീതിയെ കാലക്രമേണ മാറ്റേണ്ടി വരും. 1956ൽ പുന്നയൂർക്കുളത്ത് രൂപംകൊണ്ട മഹിളാസമാജം സ്വന്തമായി കൈ എഴുത്ത് മാസിക നടത്തിയിരുന്നു. ഇത് വനിതകൾക്ക് സാംസ്കാരികരംഗത്ത് ഉണ്ടായിരുന്ന മേൽക്കോയ്മ എടുത്തുകാണിക്കുന്നു.

അനൗപചാരിക വിദ്യാഭ്യാസരംഗത്തെ അതിന്റെ അർത്ഥത്തിലും, വ്യാപ്തിയിലും സമ്പുഷ്ടമാക്കിയ സാക്ഷരതാ പ്രസ്ഥാനം ഈ മേഖലയിൽ വിലപ്പെട്ട സംഭാവനകൾ നൽകുകയുണ്ടായി വാർഡുകൾകേന്ദ്രകരിച്ചാണ് ഇതിന്റെ പ്രവർത്തനം പുന്നയൂർക്കുളം പഞ്ചായത്തിൽ ഉണ്ടായത്. ഓരോ വാർഡുകളിലും ഒന്നിൽ കൂടുതൽ സാക്ഷരതാസമിതികൾ നിലവിൽ വന്ന് പ്രവർത്തനമാരംഭിക്കുകയുണ്ടായി. സാക്ഷരതാ സമിതികൾ ഗ്രാമപ്രദേശത്തെ അനൗപചാരിക വിദ്യാഭ്യാസരംഗത്തെ ചട്ടുകങ്ങളായി പ്രവർത്തിക്കുകയുണ്ടായി നിരവധി യുവതിയുവാക്കൾ സ്വയം സന്നദ്ധരായി ഇതിന്റെ പ്രവർത്തനത്തിൽ പങ്കെടുക്കുകയുണ്ടായി. ഇപ്പോൾ ഈ സമിതിയുടെ പ്രവർത്തനം പുന്നയൂർക്കുളം പഞ്ചായത്തിൽ ഇല്ല എന്ന് തന്നെ പറയാം.

സ്വാതന്ത്ര്യത്തിനുമുമ്പ് ഈ ഗ്രാമത്തിലെ പ്രബലരാഷ്ട്രീയ കക്ഷി ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സായിരുന്നു ഇന്ന് ഈ പാർട്ടിയെകൂടാതെ സി.പി.എം, സി.പി.ഐ. ബി.ജെ.പി. ജനതാദൾ, മുസ്ലിംലീഗ്, കോൺഗ്രസ്സ് എസ് നാഷ്ണൽ ലീഗ്, സി.എം.പി എന്നീ രാഷ്ട്രീയ പാർട്ടികളുണ്ട്. ഇവയുടെയൊക്കെ യുവജനവിഭാഗവും ഇന്ന് നിലവിലുണ്ട് വികസനപ്രവർത്തനത്തിൽ മുഴുവൻ രാഷ്ട്രീയ പാർട്ടികളും ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്.

ജാതിമതഘടനക്ക് വേരോട്ടമുള്ള പ്രദേശമാണ് പുന്നയൂർക്കുളം. വർഷങ്ങൾക്കുമുമ്പ് ജാതിയുടെയും, മതത്തിന്റെയും അടിസ്ഥാനത്തിൽ വർഗ്ഗീയ ലഹളകൾ നടന്നിട്ടുണ്ട്. ഒരു പ്രത്യേക കാലഘട്ടത്തിൽ ഹിന്ദു-മുസ്ലീം ലഹളകൾ നിരന്തരം നടന്നിരുന്ന പ്രദേശമാണ് പുന്നയൂർക്കുളം. സമീപകാലഘട്ടങ്ങളിൽ വർഗീയലഹളകൾക്ക് കുറവ് വന്നിട്ടുണ്ട്. മിക്ക ലഹളകളും ചിലകാലങ്ങളിൽ കൊലപാതകങ്ങളിലും, സംഘട്ടനങ്ങളിലും വരെ എത്തിയിട്ടുണ്ട്.

ഉത്സവങ്ങൾക്കും, ആഘോഷങ്ങൾക്കും, പെരുന്നാളകൾക്കും പേരുകേട്ട പ്രദേശമാണ് പുന്നയൂർക്കുളം. പ്രാദേശികമായ ഉത്സവങ്ങൾ അതതു സമയങ്ങളിൽ നടക്കാറുണ്ട്. ശിവരാത്രി മഹോത്സവം, ഭരണി മഹോത്സവം, തുടങ്ങിയ ഉത്സവങ്ങൾ നടത്താറുണ്ട്. ആറ്റുപുറം പള്ളിപ്പെരുന്നാൾ വർഷം തോറും വിപുലമായി നടത്താറുണ്ട്. അണ്ടത്തോട് കൊടിക്കുന്ന് നേർച്ചയും നടത്തിവരാറുണ്ട്ടണം.

നമ്മുടെ പഞ്ചായത്തിൽ ആചാര അനുഷ്ഠാനങ്ങൾ അതിന്റെ പ്രാദേശിക രൂപത്തിൽ നിലനിൽക്കുന്നുണ്ട്. മരണവുമായി ബന്ധപ്പെട്ട് നടത്തപ്പെടുന്ന അടിയന്തിരങ്ങൾ. മുസ്ലീം വീടുകളിൽ നടത്തപ്പെടുന്ന കുത്തിറാത്തീബ്, മവുലൂദ്, ക്രിസ്ത്യൻ മതവിഭാഗത്തിൽ നടത്തുന്ന മാമോദിസം തുടങ്ങിയവ അതിന്റെ മതപ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്നു. പ്രാദേശിക അടിസ്ഥാനത്തിൽ അനാചാരങ്ങൾ പലതും ഇന്നും നിലവിൽ ഉണ്ട്. ഇതിനെതിരെ ശക്തിയായി ബോധപ്രചാരണങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

1992 ലാണ് അനൗപചാരിക വിദ്യാഭ്യാസരംഗത്തെ കൂടുതൽ സമ്പുഷ്ടമാക്കിയത് പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളെ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന ജനവിദ്യാകേന്ദ്രങ്ങളാണ്. ആറ്റുപുറത്തെ കാസ്കോ ക്ലബിന്റെ കീഴിലായിരുന്ന ഒന്നാമത്തെ ജനവിദ്യാകേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. തയ്യൽ പരിശീലനം, (6മാസം) മോട്ടോർ വൈൻഡിംഗ്, (6മാസം) വീട് വയറിംഗ് (6മാസം) തുടങ്ങി നിരവധി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. ജനവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനം എടുത്ത് പരിശോധിക്കുകയാണെങ്കിൽ കാസ്കോ കലാവേദിയാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്നത് എന്ന് കാണാൻ കഴിയും. പഞ്ചായത്ത് ഓഫീസിൽ ഒരു ജന വിദ്യാകേന്ദ്രം പ്രവർത്തിച്ചിരുന്നു.

നിരവധി സംഘങ്ങളിൽ കാസ്കോ ക്ലബ്ബ് അംഗങ്ങളാണ്. കേരള സംഗീതനാടകഅക്കാദമി, നെഹറുയുവകേന്ദ്ര, ബ്ലോക്ക് രജിസ്ട്രേഷൻ, ചാരറ്റിബിൾ സൊസൈറ്റി, തുടങ്ങിയവയിൽ ആണ് ഈ ക്ലബ്ബിന് അഫിലിയേഷൻ ഉള്ളത്. PMRY loan സർവ്വെ, KILA സർവ്വെ പഞ്ചായത്ത് മെമ്പർമാരെ കുറിച്ചുള്ള (Biodata) ശേഖരണം, കുഷ്ഠരോഗസർവ്വെ, ആരോഗ്യസർവ്വെ തുടങ്ങിയ വിഷയങ്ങളിൽ ഇവർ സർവ്വെ നടത്തിയിട്ടുണ്ട്. അതുപോലെ 7വർഷം തുടർച്ചയായി കേരളോത്സവത്തിൽ വിജയികളായി 1993-94 വർഷത്തിൽ ഉത്തർപ്രദേശിലെ അമേതിയിൽ വെച്ചുനടന്ന ദേശീയ യുവജനവാരാഘോഷത്തിൽ ഈ ക്ലബ്ബിൽ നിന്ന് രണ്ടുപേർ പങ്കെടുത്തു. സൗജന്യമെഡിക്കൽ ക്യാമ്പ്, രക്തനിർണ്ണയ ക്യാമ്പുകൾ, മാസംതോറും വിവിധ വിഷയങ്ങളെ ആസ്പദമാക്കികൊണ്ട് ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കാറുണ്ട്. ഈ ക്ലബ്ബിന്റെ കീഴിൽ 63 അംഗങ്ങളുള്ള രക്തദാന ക്ലബ്ബ് പ്രവർത്തിക്കുന്നു. നെഹറു യുവകേന്ദ്രയുടെ സാമ്പത്തിക സഹായത്തിൽ കമ്പ്യൂട്ടർ പഠനക്ലാസിന് രണ്ട് പേരെ തെരഞ്ഞെടുത്തിട്ടുണ്ട്.

1987ലെ സാക്ഷരതാപ്രസ്ഥാനത്തിന് പഞ്ചായത്തിൽ ചുക്കാൻ പിടിച്ചത് ഈ ക്ലബ്ബാണ്. ജനഹൃദയങ്ങളിൽ കാസ്കോ കലാവേദിക്ക് ഒരു വലിയ സ്ഥാനം തന്നെ ഉണ്ട്.

നിരവധി കലാസാംസ്കാരിക സ്ഥാനപങ്ങൾ വളരെ നല്ലരീതിയിൽ പ്രവർത്തിക്കന്ന പഞ്ചായത്താണ് പുന്നയൂർക്കുളം. 2 ഡസനിലധികം സ്ഥാപനങ്ങളാണ് ഈ രംഗത്ത് നിലകൊള്ളുന്നത്. കുന്നത്തൂർ കേന്ദ്രമായി വളരെകാലമായി പ്രവർത്തിക്കുന്ന സമിതിയാണ് രജ്ഞികലാസാംസ്കാരിക

സമിതി. ക്രിക്കറ്റ് കളിയിലൂടെയാണ് ഈ സമിതി പുന്നയൂർക്കുളത്ത് ശ്രദ്ധപിടിച്ചുപറ്റിയത്. സമിതിയുടെ ആദ്യകാല പ്രവർത്തകരൊക്കെ ഈ സമിതി വിട്ട് വ്യക്തിഗത പ്രശ്നങ്ങളിലേക്ക് തിരിഞ്ഞിട്ടുണ്ട്. സന്നദ്ധപ്രവർത്തനരംഗത്തും, ജനക്ഷേമകരമായ ബോധവത്കരണ രംഗത്തും ഈ സമിതിയുടെ പ്രവർത്തനം വളരെ ശ്രദ്ധേയമാണ്. കലാസാംസ്കാരിക സ്ഥാപനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച മറ്റൊരു സമിതിയാണ് മാവിൻചുവട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ചെന്താര കലാസമിതി വായനശാല. ഈ സമിതി ഇപ്പോൾ പുനസംഘടിപ്പിച്ച് പ്രവർത്തനം നടത്തികൊണ്ടിരിക്കുകയാണ്. മാവിൻചുവട് സെന്ററിൽ വാടകകെട്ടിടത്തിലാണ് ഈ സമിതി പ്രവർത്തിക്കുന്നത്. മാനുഷികക്ഷേമകാര്യപ്രവർത്തനങ്ങൾക്കാണ് ഈ സമിതി മുൻതൂക്കം കൊടുക്കുന്നത്. രക്തദാനം സഹായധനം നൽകൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഈ സമിതിയുടെ കീഴിൽ നടക്കുന്നുണ്ട്. മറ്റൊരു എടുത്തുപറയേണ്ട സമിതിയാണ് കടിക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന സാർക്. ആ പ്രദേശത്തെ നിസാരമെന്നുതോന്നുന്ന പ്രശ്നങ്ങളിൽ പോലും ഈ സമിതി ഇടപെടുന്നു.

പുഴിക്കള കേന്ദ്രമായി പ്രവർത്തിക്കുന്ന നാദം കലാവേദി, അണ്ടത്തോട് കേന്ദ്രമായി പ്രവർത്തിക്കുന്ന ജിജ്ഞാസു കലാവേദി, വോയ്സ് ഓഫ് അണ്ടത്തോട്, സപര്യകലാവേദി, വോയ്സ് ഓഫ് ചെയ്ഞ്ച് നിളാകലാവേദി, യുവധാരപെരിയമ്പലം, നവഭാവനക്ലബ്ബ്, തുടങ്ങി സാമൂഹിക സാംസ്കാരിക മേഖലകളിൽ നിരവധി ക്ലബ്ബുകളും സംഘടനകളും പുന്നയൂർക്കുളത്ത് പ്രവർത്തിക്കുന്നുണ്ട്.

പുന്നയൂർക്കുളം പഞ്ചായത്തിൽ നിരവധി കായിക സ്ഥാപനങ്ങൾ ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, കബഡി, ബാറ്റ്മിന്റൻ, തുടങ്ങിയ നിരവധി കായികകലകളെ പ്രോത്സാഹിപ്പിക്കാനും സ്പോർട്സ് രംഗത്ത് സജീവമായി പങ്കുവഹിക്കുന്ന സംഘടനകളും നമ്മുടെ പഞ്ചായത്തിന്റെ കായിക മേഖലയിലെ എടുത്തുപറയേണ്ട നേട്ടമാണ്.

നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ പത്രങ്ങളും നിരവധി സാഹിത്യ-കലാമാസികകളും പൈങ്കിളി മാസികകളും, പത്രമാസികകളുടെ പ്രചാരണ രംഗത്ത് സജീവമായുണ്ട്. പഞ്ചായത്തിലെ നിരവധി യുവതി, യുവാക്കളെ ഉപഭോഗസംസ്കാരത്തിന്റെ വക്താക്കളാക്കാൻ ഈ മാസികകൾക്ക് കഴിയുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇതിന്റെ സ്വാധീനം കുറച്ചുകൊണ്ടുവരാൻ കഴിയുകയുള്ളു. ഇതിനുവേണ്ടി പഞ്ചായത്തിലെ കലാ സാംസ്കാരിക സംഘടനകളെ ശരിയായ രീതിയിൽ ഏകോപിപ്പിച്ച് ഉപയോഗപ്പെടുത്താൻ നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതകാണുന്നു.

പുന്നയൂർക്കുളം പഞ്ചായത്തിൽ ഇലക്ട്രോണിക് മാധ്യമത്തിന്റെ പ്രചാരണം വൻതോതിലുണ്ട്. ടി.വി. ടൈപ്പ് റിക്കോർഡറുകൾ, ഡിഷ്ആന്റിനകൾ തുടങ്ങിയ മാധ്യമങ്ങൾ പഞ്ചായത്തിന്റെ മുക്കിലും മൂലയിലും പ്രചാരം നേടികൊണ്ടിരിക്കുകയാണ്. ഒഴിവുസമയങ്ങളിൽ ഭൂരിഭാഗം ആളുകളും, ഇത്തരം മാധ്യമങ്ങളെയാണ് വിനോദത്തിനുവേണ്ടി ആശ്രയിക്കുന്നത്. ഇതിന്റെ ഫലമായി സാംസ്കാരിക പ്രവർത്തനങ്ങളുടെ സ്വാധീനം കുറഞ്ഞുവരുന്നതായി കാണാം. ഇലക്ട്രോണിക് മാധ്യമങ്ങളാണ് ജനതയുടെ വിചാരവികാരങ്ങളെ ചിട്ടപ്പെടുത്തുന്നത്. TV റേഡിയോ, തുടങ്ങിയവയിലൂടെയുള്ള പരസ്യങ്ങൾ ജനങ്ങളെ വഴിതെറ്റിക്കുന്നു. പരസ്യങ്ങൾക്ക് വിധേയരാകുന്ന ഒരു തലമുറ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകുന്നു എന്നത് സാംസ്കാരികരംഗത്തെ അപചയത്തെ എടുത്തുകാണിക്കുന്നു.

344

## പ്രശ്നങ്ങൾ

സാംസ്കാരികരംഗത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. തുടർസാക്ഷരതാപരിപാടി നിർജ്ജീവാവസ്ഥയിലാണ്. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തന രഹിതമായിരിക്കുന്നു.
2. I, II, II, IV, V, VI, VII, VIII, XI, XII, എന്നീ വാർഡുകളിൽ ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നില്ല.
3. കായികരംഗത്തെ പ്രാചീനങ്ങളായ കളികൾ ഇല്ലാതായിരിക്കുന്നു.
4. പഞ്ചായത്ത് ഗ്രന്ഥശാലയുടെ പ്രവർത്തനം അശാസ്ത്രീയമാണ്. കേരള ഗ്രന്ഥശാലയുമായി അഫിലിയേഷൻ നടത്തിയിട്ടില്ല.
5. പഞ്ചായത്തിൽ ഒരു Information Centre പ്രവർത്തിക്കുന്നില്ല.
6. പാഠ്യേതരപ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾക്ക് വേണ്ടത്ര പ്രോത്സാഹനം കിട്ടുന്നില്ല. ഇതിന്റെ ഫലമായി സർഗാത്മക വാസനകൾ വികസിക്കാതെ സാംസ്കാരിക അധപതനം ഉണ്ടാകുന്നു.

## സാധ്യതകൾ

1. പുന്നയൂർക്കുളം പഞ്ചായത്ത് മലയാള സാഹിത്യ തറവാട്ടിലെ പല സാംസ്കാരിക നായ കൻമാർക്കും ജന്മം നൽകിയ മണ്ണാണ്. എന്നാൽ ഈ മൺമറഞ്ഞ നായകൻമാരെയോ ഇന്ന് ജീവിച്ചിരിക്കുന്നവരെയോകുറിച്ച് അവരുടെ വിലപ്പെട്ട സംഭാവനകളെക്കുറിച്ച് ഇന്നത്തെ തലമു റക്ക് പ്രചോദനം നൽകുന്ന സാംസ്കാരിക കേന്ദ്രമോ സ്മാരകങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. അതിനാൽ പഞ്ചായത്ത് കേന്ദ്രീകരിച്ചുകൊണ്ട് ഒരു സാഹിത്യസാംസ്കാരിക ലൈബ്രറിയോ, അവ രുടെ ജന്മസ്ഥലങ്ങളിൽ അവരെ വരും തലമുറക്ക് അറിയുന്ന തരത്തിൽ ഏതെങ്കിലും വിജ്ഞാന കേന്ദ്രങ്ങളോ തുറക്കുക.
2. പഞ്ചായത്ത് കേന്ദ്രമാക്കികൊണ്ടുള്ള ലൈബ്രറി, കേരള ഗ്രന്ഥശാലാസംഘവുമായി അഫലി യേഷൻ നടത്തി എല്ലാ ജനങ്ങളിലും വായനശീലം വളർത്തികൊണ്ടുവരുന്ന തലത്തിൽ ഉയർത്തു ക. ഇതിന് വിഭവസമാഹരണം നടത്താം.
3. ഈ പഞ്ചായത്തിലെ അന്യംനിന്ന കലകളായ പുള്ളുവൻപാട്ട്, തുടങ്ങിയ പാരമ്പര്യകലകളെ വളർത്തി സർക്കാരിൽ നിന്ന് കലകൾക്കും, കലാകാരൻമാർക്കും ലഭിക്കേണ്ടതായ ഗ്രാന്റും, മറ്റു നൽകാനുള്ള സൗകര്യങ്ങൾ കണ്ടെത്തി ആ കലകളെയും കലാകാരൻമാരെയും പഞ്ചായത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിലേക്ക് വളർത്തികൊണ്ടുവരാൻ കഴിയണം.
4. ഈ പഞ്ചായത്തിലെ എല്ലാ കലാസാംസ്കാരിക സംഘടനകളുമായി ബന്ധപ്പെട്ട് അവരുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രചോദനവും, സഹായവും നൽകി ഒരു ഏകീകരിച്ച സാംസ്കാ രിക സാഹിത്യപ്രവർത്തനങ്ങൾ നടത്തണം.
5. പഞ്ചായത്തിൽ വാർഡ്തോറും ടെലിവിഷനും, മറ്റ് ദൃശ്യശ്രവ്യ മാധ്യമങ്ങളും ഉപയുക്തമാക്കു ക.
6. പഞ്ചായത്തിലെ കലാകായിക പ്രതിഭകളെ വിദ്യാലയതലത്തിൽ കണ്ടെത്തി പ്രോത്സാഹനം നൽകാൻ ശ്രമിക്കണം.
7. പഞ്ചായത്ത് വക കളിസ്ഥലം നന്നാക്കിയെടുക്കുക.
8. ഓരോവർഷത്തിലും എല്ലാ സാംസ്കാരിക സംഘടനകളെയും പങ്കെടുപ്പിച്ച് തിരുവോണം തുടങ്ങിയ ദേശീയോത്സവങ്ങളിൽ നാടൻ കലകൾ മറ്റുവിശേഷാൽ പരിപാടികൾ എന്നിവ സംഘ

ടിപ്പിക്കുക.

9. പഞ്ചായത്ത് കേന്ദ്രമാക്കി ഓരോ മാസത്തിലും സെമിനാർ, ചർച്ചാക്ലാസ്, എന്നിവ നടത്തി പഞ്ചായത്തിലെ ജനങ്ങളിൽ കലാസാംസ്കാരികബോധം വളർത്തിയെടുക്കുക.

10. മറ്റ് പഞ്ചായത്തിലെ കായിക ക്ലബ്ബുകളുമായി ബന്ധപ്പെട്ട് അവിടെയുള്ള പ്രാപ്തരായ കായികതാരങ്ങളെ കണ്ടെത്തി അവരെ സംസ്ഥാനതലത്തിലോ അന്തർദ്ദേശിയ തലത്തിലോ മറ്റും വളർത്തികൊണ്ടുവരാൻ വേണ്ട സാമ്പത്തിക ആസൂത്രിത പരിപാടികൾ നടപ്പിലാക്കണം. ഇതിന് വിഭവസമാഹരണം നടത്താവുന്നതാണ്.

അത്യന്താധുനിക ഇലക്ട്രോണിക് മാധ്യമം ജനങ്ങളുടെ ഇടയിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. സാംസ്കാരികരംഗത്ത് നമ്മൾ വളർത്തികൊണ്ടുവന്ന സംസ്കാരത്തിന് അപചയം വന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദേശ T.V. കമ്പനികൾ നമ്മുടെ സാംസ്കാരിക പൈതൃകത്തെ കടന്നാക്രമിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിനെ ചെറുത്തു തോൽപിക്കുക എന്നത് നമ്മുടെ കടമയായി മാറിയിരിക്കുന്നു. സാംസ്കാരിക രംഗത്തെ ബോധപൂർവ്വമായ ഇടപെടലിലൂടെ പദ്ധതികാലത്ത് സാംസ്കാരിക പ്രവർത്തനത്തിന് വളരെ വലിയ സംഭാവനകൾ നൽകാൻ നമുക്ക് കഴിയണം.

## പുന്നയൂർക്കുളം പഞ്ചായത്തിലെ നിലവിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും |
|---|---|
| 1. | എ.വൺ സ്പോർട്ടിംഗ്. ചമ്മന്നൂർ |
| 2. | കാസ്കോ കലാവേദി ആറ്റുപുറം |
| 3. | രഞ്ജി കലാസാംസ്കാരിക സമിതി കുന്നത്തൂർ |
| 4. | നിളാ കലാസമിതി കുന്നത്തൂർ. |
| 5. | നാദം കലാവേദി കടിക്കാട് |
| 6. | സാർക്ക് കടിക്കാട് |
| 7. | ഗ്രാമശ്രീ കടിക്കാട് |
| 8. | സപര്യ തൃപ്പറ്റ് |
| 9. | ചെന്താര മാവിൻ ചുവട് |
| 10. | യൂത്ത്സ് പുന്നയൂർക്കുളം |
| 11. | ജിഞ്ജാസു കലാവേദി |
| 12.. | വോയ്സ് ഓഫ് ചെയ്ഞ്ച് |
| 13. | യുവധാര പെരിയമ്പലം |
| 14. | വോയ്സ് ഓഫ് അണ്ടത്തോട് |

# മൃഗസംരക്ഷണം

നമ്മുടെ പ്രാഥമികമേഖലയിലെ ഒരു പ്രധാന ഉപമേഖലയാണ് മൃഗസംരക്ഷണം. ഇറച്ചി, മുട്ട, പാൽ തുടങ്ങിയവ ലഭിക്കുന്നതിനുവേണ്ടിയാണ് മൃഗപരിപാലനം നമ്മുടെ ഒരു പ്രധാന അവശ്യോപാധിയായത്. മുൻകാലഘട്ടങ്ങളിൽ ഈ ആവശ്യങ്ങൾ പരിമിതമായതിനാൽ ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും, ഇപ്പോഴത്തെ സ്ഥിതി തികച്ചും, വ്യത്യസ്തമാണ്. മൃഗപരിപാലന മേഖലയിലെ നമ്മുടെ ഇടപെടൽ ക്രമേണ കുറഞ്ഞുവരികയാണ്. ഇതിന്റെ ഫലമായി മുട്ട, ഇറച്ചി തുടങ്ങിയവയ്ക്കുവേണ്ടി മറ്റുസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. എങ്കിലും പാലുത്പാദനമേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സമ്പദ്‌വളർച്ചയിൽ വളരെപ്രധാനപ്പെട്ട പങ്ക് ഈ മേഖല വഹിക്കുന്നുണ്ട്. ഗ്രാമീണജനങ്ങൾക്ക് തൊഴിലും, വരുമാനവും നൽകുന്നതോടൊപ്പം, ജൈവ സമ്പത്തിനെ പുഷ്ടിപ്പെടുത്താനും, ഈ മേഖല ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. പ്രധാനമായും വീടുപരിസരവുമായി ബന്ധപ്പെട്ടിട്ടുള്ള മൃഗപരിപാലനമാണ് നമുക്കുള്ളത് എന്ന് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്.

പശു, ആട്, എരുമ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനവളർത്തുമൃഗങ്ങൾ കോഴി, താറാവ് തുടങ്ങിയ വളർത്തു പക്ഷികളെയും ജനങ്ങൾ പരിപാലിച്ച് പോരുന്നുണ്ട്. ഏകദേശ കണക്കുകാണിക്കുന്നത് നമ്മുടെ പഞ്ചായത്തിൽ 550 പശുക്കളും 880 ആടുകളും, 80 എരുമകളും, വളർത്തുന്നുണ്ടെന്നാണ്. 65% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

### പട്ടിക 1
### വളർത്തു മൃഗങ്ങളും, പക്ഷികലും

| ഇനം | 1996 |
|---|---|
| പശു | 1025 |
| കന്നുകുട്ടികൾ | 800 |
| എരുമ | 55 |
| കാള (ഉഴവ്) | 6 |
| ആട് | 1075 |
| കോഴി | 12455 |
| താറാവ് | 300 |

കന്നുകാലിവളർത്തലിന് വിഘാതമായി നിലനിൽക്കുന്ന പ്രധാന പ്രശ്നം കാലിത്തീറ്റയുടെ വിലകൂടുതൽ വൈക്കോൽ പുല്ലിന്റെ ലഭ്യതകുറവ്, ഉൽപാദിപ്പിച്ചപാൽ വിൽക്കാനുള്ള അസൗകര്യം, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത ലഭ്യതകുറവ് തുടങ്ങിയവയാണ്. കോഴിവളർത്തൽ ലാഭകരമല്ലാത്തതിന്റെ പ്രധാനകാരണം കോഴികളെ ബാധിക്കുന്ന പ്രധാനരോഗമായ കോഴിവസന്തയാണ്. ആധുനികവൽക്കരണം മൃഗപരിപാലനമേഖലയിൽ ഉണ്ടെങ്കിലും, ശാസ്ത്രീയമായ രീതിയിൽ ഉപയോഗപ്പെടുത്താൻ പുന്നയൂർക്കുളം പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ 1996 ലെ സർവ്വെപ്രകാരം പാലുത്പാദനമേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, പാൽ വിപണനസൗകര്യങ്ങൾ ഇല്ല എന്നത് എടുത്തത് പറയേണ്ട ഒരു കാര്യമാണ്. പാൽവിപണനവും, സംസ്കരണവുമായി ബന്ധപ്പെട്ട് സഹകരണ അടിസ്ഥാനത്തിൽ ഒരു പാൽ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്ത് ആസ്ഥാനമായി പ്രവർത്തിക്കുന്ന മൃഗാശുപത്രി നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. 1996 വർഷത്തിൽ ഒരു മൃഗാശുപത്രി അനുവദിച്ചിട്ടുണ്ട്. പരൂർ എന്ന സ്ഥലത്ത് ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ചമ്മണൂർസെന്ററിൽ ഒരു സ്വകാര്യ മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. തൃപ്പറ്റയിൽ ഒരു കൃത്രിമ ബീജസങ്കലനകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തിയ രോഗവിവരസർവ്വെ റിപ്പോർട്ട് കാണിക്കുന്നത് മൃഗങ്ങളെ ബാധിക്കുന്ന മിക്കരോഗങ്ങളും ഉണ്ടെന്നതാണ്.

അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, മുടന്തൻപനി, (കാലാവസ്ഥമാറ്റത്തിനനുസരിച്ച്) തുടങ്ങിയവയാണ് പ്രധാനപ്പെട്ട രോഗങ്ങൾ മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങളെ മുൻകൂട്ടി കണ്ട് പ്രതിവിധി കാണാനുള്ള കർഷകരുടെ അജ്ഞതയാണ്. രോഗങ്ങൾ വർദ്ധിക്കാനുള്ള പ്രധാന കാരണം.

## പ്രധാനപ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കൂടുതൽ
2. പുല്ല്, വയ്ക്കോൽ തുടങ്ങിയവയുടെ ലഭ്യതകുറവ്.
3. കോഴിവളർത്തൽ, ആടുവളർത്തൽ തുടങ്ങിയ പദ്ധതിക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാ ലഭ്യതകുറവ്.
4. ക്ഷീര, വിപണന സഹകരണസംഘങ്ങൾ നിലവിലില്ലാത്തത്.
5. രോഗങ്ങൾ ഫലപ്രദമായി തടയാൻ സംവിധാനമില്ലാത്തത്.
6. ഉപ്പോൾ കണ്ടുവരുന്ന അജ്ഞാതജീവിയുടെ ആക്രമണം.
7. മൃഗാശുപത്രിയുടെ അഭാവം

## സാധ്യതകൾ

1. പഞ്ചായത്ത് തലത്തിൽ മൊത്തം പ്രവർത്തനാധികാരമുള്ള ഒരു ക്ഷീരവ്യവസായ സഹകരണ സംഘം രൂപീകരിക്കുക. ഇതിന്റെ കീഴിൽ ഓരോ വാർഡിലും പാൽ സംഭരണ കേന്ദ്രം സ്ഥാപിക്കുക.
2. ക്ഷീരസഹകരണസംഘം മുഖേന കുറഞ്ഞവിലക്ക് കാലിത്തീറ്റ വീടുകളിൽ എത്തിക്കുക. തീറ്റപുൽ കൃഷിക്ക് സാമ്പത്തിക സഹായം നൽകുക.
3. പുന്നയൂർക്കുളം പഞ്ചായത്തിലെ പരൂരിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്ന മൃഗാശുപത്രി

താല്കാലികകെട്ടിടത്തിലാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. ഇത് ഒരു സ്ഥിരം കെട്ടിടത്തിലേക്ക് മാറ്റേണ്ടതുണ്ട്. ഇതിന് ബഹുജനപങ്കാളിത്തത്തോടെ വിഭവസമാഹരണം വഴിയോ, സർക്കാർ തലത്തിലോ പരിഹാരം കാണാം.

4. മൃഗാശുപത്രികേന്ദ്രമാക്കിക്കൊണ്ട് അണ്ടത്തോട്, കിഴക്കെചെറായി എന്നിവിടങ്ങളിൽ ഓരോ സബ്സെന്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്.

5. പഞ്ചായത്ത് കേന്ദ്രീകരിച്ചുകൊണ്ട് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കോഴിവളർത്തൽ വാണിജ്യാടിസ്ഥാനത്തിൽ നടത്താൻ സാധ്യതയുള്ളതാണ്. ഇതിന് സഹകരണംസംഘം രൂപീകരിക്കാവുന്നതാണ്.


6. കാർഷികസർവ്വകലാശാലയുമായി ബന്ധപ്പെട്ടുകൊണ്ട് ഓരോ വാർഡിൽനിന്നും പഞ്ചായത്ത് ഭരണസമിതി 5പേരെ തെരെഞ്ഞെടുത്ത് സങ്കരയിനം പശുക്കളെ വിതരണം ചെയ്യുക (വെച്ചൂർ പശു)

7. അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ പിടിച്ച് കൊല്ലാനുള്ള ഏർപ്പാട് ചെയ്യുകയും, അജ്ഞാതജീവിയെ കണ്ടെത്തി പിടിക്കുക.

8. പഞ്ചായത്ത് പ്രദേശത്ത് ധാരാളം ജലാശയങ്ങൾ ഉള്ളതിനാൽ താറാവുകൃഷിയെ പ്രോത്സാഹിപ്പിക്കുക.

9. വീടുകൾ യൂണിറ്റായി തെരഞ്ഞെടുത്തുകൊണ്ട് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക. കോഴികളെ വില്ക്കുന്നതിന് സഹകരണസംഘം അടിസ്ഥാനത്തിൽ പൊതുസംവിധാനം ഉണ്ടാക്കുക.


10. മുയൽ വളർത്തലിനെ വാണ്യജ്യാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുക.







# പാർപ്പിടവും സാമൂഹ്യക്ഷേമവും



## പാർപ്പിടം

വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഏറെ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ് പുന്നയൂർക്കുളം. കടിക്കാട് വില്ലേജും, പുന്നയൂർക്കുളം വില്ലേജും കൂടിചേർന്നതാണ് പുന്നയൂർക്കുളം പഞ്ചായത്ത്.

ഗൾഫ് പണത്തിന്റെ സ്വാധീനം ജനങ്ങളുടെ ജീവിതത്തിൽ ഒട്ടേറെ മാറ്റങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്, ഈ പണം ഉൽപാദനപരമായ കാര്യങ്ങൾക്ക് ഇനിയും വേണ്ടത്ര രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഗൾഫ് പണം മണിസൗധങ്ങളും, കോൺക്രീറ്റു കെട്ടിടങ്ങളും ഉണ്ടാക്കാനാണ് ഉപയോഗപ്പെടുത്തുന്നത്. പഞ്ചായത്തിലെ ധാരാളം വീടുകൾ കോൺക്രീറ്റാണ്.

കൂലിപണിയെടുത്ത് ജീവിക്കുന്നവർ ധാരാളമായി നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അതുകൊണ്ട് കുടിലുകളും ഇടത്തരം വീടുകളും ആണ് ഭൂരിഭാഗവും I,II, II, IV വാർഡുകളിലെ ഭൂരിഭാഗം ആളുകളും മത്സ്യബന്ധന മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്.

### വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

| വാർഡ് | ഓട് | ഓല | ടെറസ് | ആകെ |
|---|---|---|---|---|
| I | 109 | 285 | 32 | 426 |
| II | 159 | 388 | 65 | 612 |
| III | 67 | 244 | 45 | 356 |
| IV | 96 | 220 | 27 | 343 |
| V | 99 | 109 | 61 | 269 |
| VI | 195 | 269 | 193 | 657 |
| VII | 206 | 280 | 175 | 661 |
| VIII | 203 | 180 | 246 | 629 |
| IX | 261 | 187 | 334 | 782 |
| X | 126 | 170 | 275 | 571 |
| XI | 238 | 310 | 350 | 898 |

NB: പുതിയ പഞ്ചായത്ത്രാജ് നിയമപ്രകാരം വാർഡ് വിഭജനം നടന്നതിന്റെ അടിസ്ഥാനത്തിൽ 11 വാർഡുകളുണ്ടായിരുന്ന പുന്നയൂർക്കുളം പഞ്ചായത്തിൽ 12 വാർഡുകളായി മാറുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്രാജ് നിയമം നിലവിൽ വരുന്നതിന് മുമ്പുള്ള കണക്കാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

350

പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം 5450 ആണ്. 1580 വീടുകൾ തരക്കേടില്ലാത്തതാണ്. 2100 വീടുകൾ ഇടത്തരവും ബാക്കിവരുന്ന 1770 വീടുകൾ കുടിലുകളും, ഓലമേഞ്ഞതും ആണ്. 94-95 വർഷകാലയളവിൽ പഞ്ചായത്തിലെ 12വാർഡുകളിലായി നിർമ്മിച്ച വീടുകൾ ഏറെക്കുറെ തുല്യതയിലാണ്.

പാടശേഖരങ്ങൾ തൂർത്ത് വീടുകൾ വെയ്ക്കുന്നതുകൊണ്ട് കാർഷിക മേഖലയ്ക്ക് വൻഭീഷണിയാണ്. ഇതിന്റെ ഫലമായി നെല്ലുൽപ്പാദന മേഖലയിൽ ഉത്പാദനം വർഷംതോറും കുറഞ്ഞുവരികയാണ്. പഞ്ചായത്തിലെ പ്രധാനറോഡുകളുടെഇരുവശത്തുമായിട്ടാണ് ലക്ഷങ്ങൾ മുടക്കിയ കോൺക്രീറ്റ് വീടുകൾ ഉള്ളത്.

ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ബാങ്കുകൾ പുന്നയൂർക്കുളത്ത് നിലവിലില്ല. ജില്ല സഹകരണബാങ്കുകളുടെ ധനസഹായം വീടുകൾക്ക് ലഭിക്കുന്നുണ്ട്. നിമയത്തിന്റെ നൂലാമാലകൾ കാരണവും, കാലതാമസവും, പലിശകൂടുതലും ഭവനനിർമ്മാണത്തിന് ഒരു തടസമായി നിലനിൽക്കുന്നു. അതു കൂടാതെ സാധാരണക്കാരന് വായ്പാ സൗകര്യം ലഭിക്കുന്നില്ല എന്നുതന്നെ പറയാൻ കഴിയും.

നിലവിലുള്ള ഭവനവായ്പകൾ സാധാരണക്കാരനുകൂടി ലഭ്യമാക്കുന്ന രീതിയിൽ വായ്പാ വ്യവസ്ഥകൾ ലഘൂകരിക്കേണ്ടതുണ്ട്. താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിലവിലുള്ള വായ്പാ വ്യവസ്ഥകൾ ലഘൂകരിക്കുക.
2. പലിശനിരക്ക് കുറയ്ക്കുക.
3. തവണവ്യവസ്ഥകൾ കൂടതലാക്കുക.

നമ്മുടെ പഞ്ചായത്തിൽ 1300 കുടുംബങ്ങൾക്ക് സ്വന്തമായി വീട് ഇല്ലാത്തവരാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ വഴി ലഭിക്കുന്ന ഭവനനിർമ്മാണപദ്ധതികൾ ഇനിയും നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല എന്നതാണ് ഈ കണക്കുകൾ കാണിക്കുന്നത്. ഭവനനിർമ്മാണ വായ്പകൾ ഇപ്പോഴും അർഹരായ സാധാരണക്കാർക്ക് ലഭ്യമാകുന്നില്ല. ഒരു ചെറിയ വിഭാഗത്തിനു മാത്രമാണ് വീടുവയ്ക്കാനുള്ള വായ്പ ലഭിക്കുന്നുള്ളൂ. നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം യുദ്ധകാലഅടിസ്ഥാനത്തിൽ പരിഹരിക്കപ്പെടേണ്ടതുണ്ട്.

## പട്ടിക 2

### ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP സ്കീം പ്രകാരം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീ കരിച്ച വീടുകൾ | അനുവദിച്ചതിൽ പൂർത്തീകരിക്ക കരിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| I | 85 | 31 | 28 | 3 | 54 |
| II | 110 | 20 | 11 | 9 | 90 |
| III | 70 | 14 | 10 | 4 | 56 |
| IV | 90 | 18 | 16 | 2 | 72 |
| V | 62 | 7 | 7 | - | 55 |
| VI | 58 | 9 | 9 | - | 49 |
| VII | 92 | 12 | 8 | 4 | 80 |
| VIII | 78 | 6 | 4 | 2 | 72 |
| IX | 80 | 4 | 1 | 3 | 76 |
| X | 75 | 5 | 3 | 2 | 70 |
| XI | 88 | 6 | 2 | 4 | 82 |
| XII | 79 | 18 | 15 | 3 | 61 |
| **ആകെ** | **967** | **150** | **114** | **36** | **817** |

പഞ്ചായത്തിൽ പരമ്പരാഗത വാസ്തു ശില്പമാതൃകയിലുള്ള വീടുകൾ ധാരാളമായി ഉണ്ട്. അടുത്തകാലങ്ങളിലായി ഇത്തരം വീടുകൾ പരിഷ്കരിച്ച് ആധുനിക 'ശൈലിയിലുള്ള വീടുകൾ വരികയും, പഴയവീടുകൾ പൊളിച്ചുമാറ്റുകയും പകരം കോൺക്രീറ്റ് വീടുകൾ നിലവിൽ വരുകയും ചെയ്തു. പഞ്ചായത്തിൽ ഓരോദിവസം ചെല്ലുംതോറും ആധുനികരീതിയിലുള്ള വീടുകൾ വന്നു കൊണ്ടിരിക്കുകയാണ്. അധ്വാനിച്ചു ഉണ്ടാക്കുന്ന പണത്തിന്റെ സിംഹഭാഗവും വലിയ വീടുകൾ നിർമ്മിക്കുന്നതിന് വേണ്ടി ചിലവഴിക്കുകയാണ്. ഈ പ്രവണത ഓരോകൊല്ലം കൂടുംതോറും വർദ്ധിച്ചുവരികയാണ്.

വീടുനിർമ്മാണസാമഗ്രികളുടെ വില കൂടിവരികയാണ്. അതുകൊണ്ട് തന്നെ സാധാരാണ ജീവിതം നയിക്കുന്നവർക്ക് വീട് നിർമ്മാണം ഒരു സ്വപ്നമായി മാറുന്ന അവസ്ഥയാണ് ഇനിയുള്ള കാലഘട്ടങ്ങളിൽ വരാൻ പോകുന്നത്. അതുകൂടാതെ വീടുനിർമ്മാണ സാമഗ്രികൾ മുഴുവനും

അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. വീടുനിർമ്മാണം ദ്രുതഗതിയിൽ നടക്കുന്ന നമ്മുടെ പഞ്ചായത്തിൽ നിർമ്മാണസാമഗ്രികൾ വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാൻ ഇനിയുള്ള കാലഘട്ടങ്ങളിൽ കഴിഞ്ഞാൽ മാത്രമാണ് ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളു. നിർമ്മാണ വസ്തുക്കളുടെ ചെറിയ ചെറിയ യൂണിറ്റുകൾ പഞ്ചായത്തിലെ വിവിധമേഖലകളിൽ വരേണ്ടതുണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലയെക്കുറിച്ച് പരിശോധിക്കുകയാണെങ്കിൽ ഈ സമീപകാലങ്ങളിലായി വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

പഞ്ചായത്തിലെ ഒരു വിഭാഗം ജനങ്ങൾ നിർമ്മാണതൊഴിൽ മേഖലയിൽ പണിയെടുത്ത് ജീവിക്കുന്നവരാണ്. ഇവരുടെ വേതനഘടനയെടുത്ത് പരിശോധിക്കുകയാണെങ്കിൽ പുരുഷൻമാർക്ക് 120 രൂപയും സ്ത്രീകൾക്ക് 70 രൂപയുമാണുള്ളത്. ഓരോവർഷം കൂടുംതോറും കൂലിയിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ഇതിന് പ്രധാനകാരണമായി പറയാൻ കഴിയുകജീവിതനിലവാരത്തിലുള്ള ഉയർച്ചതന്നെയാണ്. നമ്മുടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത തരത്തിലുള്ള കൂലിനിരക്കാണ് ഇപ്പോൾ നിലവിലുള്ളത്. കെട്ടിട നിർമ്മാണത്തിന്റെ സംഘാടനത്തെകുറിച്ച് പരിശോധനിക്കുമ്പോൾ ഭൂരിഭാഗം വീടുകളും കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിർമ്മാണം നടക്കുന്നത്. ചെറിയ തോതിലെങ്കിലും സ്വന്തമായി നടത്തുന്നവരും ഇക്കൂട്ടത്തിൽ ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഹൗസിംഗ് രംഗത്ത് പ്രവർത്തിക്കുന്ന സൊസൈറ്റികൾ നിലവിലില്ല. ഹൗസിംഗ് സൊസൈറ്റികൾനിലവിൽ വന്നാൽ മാത്രമാണ് ഭവനനിർമ്മാണരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളു. ഇന്നത്തെ സാഹചര്യം എടുക്കുമ്പോൾ ഒരു ഹൗസിംഗ് സോസൈറ്റി നിലവിൽ വരാനുള്ള സാധ്യത വളരെ കുറവായിട്ടാണ് കാണുന്നത്. ഇത് പരിഹരിക്കാനുള്ള ശ്രമം രാഷ്ട്രീയ പാർട്ടികളുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്ന് ഊർജ്ജിതമായി നടക്കേണ്ടതുണ്ട്.

## <u>പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ</u>

1. ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കുന്നില്ല.
2. സ്ഥിരവരുമാനമില്ലാത്തവർക്ക് കെട്ടിടനിർമ്മാണ വായ്പ അനുവദിക്കുന്നില്ല.
3. അവശവിഭാഗങ്ങളിൽ അർഹതയുള്ള ധാരാളം ആളുകൾക്ക് ഭവനനിർമ്മാണവായ്പ അപേക്ഷ കൊടുത്തിട്ടും ലഭിക്കുന്നില്ല.
4. ഭവനനിർമ്മാണ വായ്പ നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ളവർക്ക് ലഭിക്കാൻ ധാരാളം നൂലാമാലകൾ ഇപ്പോൾ നിലവിലുണ്ട്.
5. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ വേണ്ടസമയത്ത് ലഭ്യമല്ല.
6. ഹൗസിങ്ങ് സൊസൈറ്റി നിലവിലില്ല.
7. നിർമ്മാണതൊഴിലാളികളുടെ ദൗർലഭ്യം.
8. ഭൂമിയുടെ വിലക്കയറ്റവും, ദൗർലഭ്യവും.
9. ഭൂരഹിതരുടെ പ്രശ്നങ്ങൾ നിലവിലുണ്ട്.
10. വീടുകളുടെ ദുർവ്യയത്തിന് കാരണം വിദഗ്ദരുടെ അഭാവമാണ്.
11. ഭൂരിഭാഗം വീടുകൾക്കും മതിലുണ്ട്, അതുകൊണ്ട് പരിസ്ഥിതി പ്രശ്നം നിലനിൽക്കുന്നു.

## പാർപ്പിടരംഗത്തെ സാധ്യതകൾ

1. ചെലവുകുറഞ്ഞവീടുകളുടെ ആവശ്യകതയെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നൽകാൻ ബോധവൽക്കരണപരിപാടികൾ പഞ്ചായത്ത്തലത്തിൽ സംഘടിപ്പിക്കുക. ചെലവുകുറഞ്ഞവീടുകളുടെ പ്രത്യേകതകളെക്കുറിച്ച് വ്യാപകമായ പ്രചരണം നടത്തുക.
2. ഹൗസിംഗ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ചിട്ടപ്പെടുത്തുക.
3. ചിലവു കുറഞ്ഞ വീടു നിർമ്മാണ മേഖലയിൽ വിദഗ്ദരെ കണ്ടെത്തി പരിശീലനം കൊടുക്കുക.
4. കെട്ടിനിർമ്മാണ സാമഗ്രികളുടെ വിലകുറക്കുവാനുള്ള തീവ്രയത്ന പരിപാടികൾ ആവിഷ്കരിക്കുക.
5. നിർദ്ധനർക്കും, ഭൂരഹിതർക്കും വേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
6. കെട്ടിടനിർമ്മാണ സാമഗ്രികൾ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുക.
7. പരമ്പരാഗത വാസ്തുശില്പമാതൃകയിലുള്ള വീടുകൾക്ക് സംരക്ഷണം നൽകുക.
8. ആഢംഭര വീടുകളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കാതിരിക്കുക.
9. കെട്ടിടനിർമ്മാണ പരിപാലനത്തിനു വേണ്ടി സർവ്വീസ് സംഘങ്ങൾ ഉണ്ടാക്കുക.
10. രജിസ്ട്രാഫീസിലുള്ള അമിതമായ ഫീസ് ലഘൂകരിക്കുക.
11. ഗ്രാമപഞ്ചായത്ത് വഴി ഭവനനിർമ്മാണ ഫോറങ്ങൾ വിതരണം ചെയ്യുക.
12. JRY തുടങ്ങിയ പദ്ധതികളുടെ തുക ഉയർത്തുക.
13. രാജീവ് ദശലക്ഷപാർപ്പിടപദ്ധതി തുക ഉയർത്തിക്കൊണ്ടുവരുക.
14. നിർമ്മാണ ചെലവ് 3 ലക്ഷം വരുന്ന വീടുകൾക്ക് പരിധി ഐർപ്പെടുത്തുക.

## സാമൂഹ്യക്ഷേമം

നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്ന നിരവധി കുടുംബങ്ങൾ ഉണ്ട്. IRDP സർവ്വെ പ്രകാരം 2692 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെ ജീവിക്കുന്നവരാണ്. ദരിദ്രജനവിഭാഗങ്ങളിൽ കൂടുതലും പട്ടികജാതി വിഭാഗമാണ്. സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്നവരെ ഉദ്ധരിക്കുന്നതിന് വേണ്ടി പല ഗവൺമെന്റ് പദ്ധതികളും നിലവിലുണ്ട്. ഈ പദ്ധതികളിൽ നിന്നുള്ള ആനുകൂല്യങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളത് ഒരു പ്രശ്നമായി ഇപ്പോഴും നിലനിൽക്കുന്നു.

പട്ടികജാതി വർഗ്ഗത്തിന്റെ വികസനത്തിനും, ഉന്നമനത്തിനും വേണ്ടി പട്ടികജാതിവികസന കോർപ്പറേഷനും, വനിതാക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന വനിതാ വികസനകോർപ്പറേഷനും പ്രവർത്തിക്കുന്നു.

ഇപ്പോൾ നിലവിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ ലക്ഷ്യം കാണുന്നില്ല. അതു കൂടാതെ പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും, അർഹരായവർക്ക് ലഭിക്കാതെ വരുന്നത്, ചുവപ്പുനാട ഇതൊക്കെ പദ്ധതിരംഗത്ത് ഇപ്പോഴും നിലനിൽക്കുന്ന പ്രശ്നങ്ങൾ തന്നെയാണ്.

പട്ടിക ജാതിവികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവയിൽ

നിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട് എങ്കിലും, ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്തും, പാലക്കാട്ടുമാണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്ത്തലത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനത്തിനുവേണ്ടി പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. IRDP, TRYSEM തുടങ്ങിയവയുടെ കീഴിലുള്ള പദ്ധതിക

| വാർഡ് | പരിശീലനം-വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ എണ്ണം | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | പ്രിന്റിംഗ്, കമ്പോസിംഗ്, ടി.വി., വി.സി.ആർ സർവ്വീസിംഗ്, ഓട്ടോ മെക്കാനിസം ഓട്ടോ ഡ്രൈവിംഗ് ടൈപ്പ് റൈറ്റിംഗ്, റഫ്രിജറേഷൻ റിപ്പയറിംഗ് | 1<br>2<br>2<br>2<br>2<br>3<br>2<br>14 | 3 | 4 | 5 |
| II | പ്രിന്റിംഗ്, കമ്പോസിംഗ്, എംബ്രോയ്ഡയറി വർക്സ് | 1<br>8<br>9 | 8 | 1 | ഇല്ല |
| III | പ്രിന്റിംഗ്, കമ്പോസിംഗ്, ടൈലറിംഗ് | 2<br>2<br>4 | 2 | 2 | ഇല്ല |
| Iv | ടൈലറിംഗ് വെൽഡിംഗ് | 2<br>1<br>3 | 2 | 1 | ഇല്ല |
| V | പ്രിന്റിംഗ്, കമ്പോസിംഗ്, | 2 | - | 2 | ഇല്ല |
| VI | പ്രിന്റിംഗ്, കമ്പോസിംഗ്, | 1 | - | 1 | ഇല്ല |
| VII | ടൈലറിംഗ് | 1 | 1 | - | ഇല്ല |
| VIII | പ്രിന്റിംഗ്, കമ്പോസിംഗ്, | 1 | 1 | 1 | - |
| IX | റേഡിയോ റിപ്പയറിംഗ് പ്രിന്റിംഗ്, കമ്പോസിംഗ്, | 1<br>1<br>2 | 1 | 1 | - |
| X | ടൈലറിംഗ് ഓട്ടോ ഇലക്ട്രീഷ്യൻ | 1<br>1<br>2 | 2 | - | - |
| XI | ടൈലറിംഗ് പ്രിന്റിംഗ്, കമ്പോസിംഗ്, വെൽഡിംഗ്, ടൈപ്പ് റൈറ്റിംഗ് | 5+1+1+1=8 | 5 | 2 | 1 |
| XII | ടൈലറിംഗ് ഡ്രസ്സ് പെയിന്റിംഗ് ഓട്ടോ മെക്കാനിസം പ്രിന്റിംഗ്, കമ്പോസിംഗ്; റേഡിയോ റിപ്പയറിംഗ് ഓട്ടോ ഡ്രൈവിംഗ് | 2+1+1+3+1+2=10 | 4 | 4 | 2 |

## പട്ടിക 3

| വാർഡ് | ഗ്രാമീണ കൈ തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| I | Nil | - | - |
| II | Nil | - | - |
| III | Nil | - | - |
| IV | 3 | - | 3 |
| V | 11 | 7 | 4 |
| VI | 5 | 2 | 3 |
| VII | 8 | - | 8 |
| VIII | 6 | 1 | 5 |
| IX | 3 | - | 3 |
| X | 8 | 1 | 7 |
| XI | 2 | - | 2 |
| XII | 14 | 3 | 11 |

ളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ട്രൈസം പദ്ധതി പഞ്ചായത്തിലെ 12 വാർഡുകളിലും നടപ്പിലാക്കിയിട്ടുണ്ടെന്ന് ഈ പട്ടിക എടുത്തുകാണിക്കുന്നു. എന്നാൽ DWCRA പദ്ധതികൾ ഒന്ന്, രണ്ട് വാർഡുകളിൽ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 2 ാം വാർഡിലും, 3 ാം വാർഡിലും മാത്രമാണ് ഈ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുള്ളു.

DWCRA, TRYSEM തുടങ്ങിയ പദ്ധതികളിൽ നിന്ന് തൊഴിൽപരിശീലനം നേടിയ യുവതീയുവാക്കളിൽ മിക്കവരും സ്വന്തമായി തൊഴിൽ ചെയ്യുന്നില്ല. DWRCA പ്രകാരം 2ാം വാർഡിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും, 3ാം വാർഡിൽ ആട്‌വളർത്തലും പുതുതായുണ്ടാക്കിയുള്ള തൊഴിൽ സംരഭങ്ങളിൽ പെടുന്നു. ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിയായ (RAP) നമ്മുടെ പഞ്ചായത്തിൽ 5,6,7,10,12 വാർഡുകളിലാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ താഴെ കാണുന്ന പട്ടികയിൽ കൊടുക്കുന്നു.

## പട്ടിക 4

## DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം.

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| I | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 1995-96 | 10 | നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. |
| II | ആട് വളർത്തൽ | 1996-97 | 11 | പദ്ധതി പ്രവർത്തനം തിരക്കേടില്ലാതെ പോകുന്നുണ്ട്. |

ഈ പട്ടികയിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് (RAP) പദ്ധതി പ്രകാരം 1,2,3, വാർഡുകളിൽ ഈ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടില്ല എന്ന് കാണുന്നു. എല്ലാ വാർഡുകളിലും പദ്ധതിയുടെ ഗുണം ഒരു പോലെ ലഭിക്കേണ്ടതുണ്ട്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേന നടപ്പാക്കുന്ന പലപദ്ധതികളിൽ നിന്നും അർഹരായവർക്ക് പദ്ധതിയുടെ ഗുണം ലഭിക്കുന്നില്ല എന്നത് ഒരു യഥാർത്ഥ്യമാണ്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. കൂടുതൽ വനിതകളെ രംഗത്തിറക്കിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുന്നതാണ്. ബാലവാടികളുടെ പ്രവർത്തനം ചിട്ടയായി നടക്കുന്നുണ്ട്. ഈ രംഗം കുറച്ചുകൂടി കുറ്റമറ്റതാക്കേണ്ടതുണ്ട്.

## കൈത്തൊഴിലാളി, വിദഗ്ദ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലൻമാർ, ബീഡിത്തൊഴിലാളികൾ, വാച്ച് സൈക്കിൾ റിപ്പയറർമാർ, തേങ്ങവെട്ടുകാർ, ഫോട്ടോഗ്രാഫർമാർ, എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും ഈ മേഖലയിലുള്ള തൊഴിലാളികളെ നമ്മുടെ പഞ്ചായത്തിൽ അംഗങ്ങളാക്കിയിട്ടില്ല. സാമൂഹ്യക്ഷേമപദ്ധതികൾ കാര്യക്ഷമമായി പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ടി പഞ്ചായത്ത്തലത്തിൽ ഒരു സാമൂഹ്യ ക്ഷേമപദ്ധതി രൂപീകരിക്കേണ്ടതാണ്.

## പൊതുവിതരണം

പുന്നയൂർക്കുളം പഞ്ചായത്തിൽ 11 റേഷൻഷാപ്പുകൾ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിക്കുന്നു. പൊതുവിതരണമേഖലയിൽ ഒരു മാവേലി സ്റ്റോർ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. 11 റേഷൻ ഷാപ്പുകളിലായി 4777 കാർഡ് ഉടമകൾ ഉണ്ട്. പടിഞ്ഞാറൻ മേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു മാവേലി സ്റ്റോർ അനുവദിക്കേണ്ടതുണ്ട്. നിലവിലുള്ള മാവേലി സ്റ്റോറിന്റെ പ്രവർത്തന രീതി മെച്ചപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരു കൺസ്യൂമർ സഹകരണസംഘം രൂപീകരിച്ച് കൺസ്യൂമർ സ്റ്റോർ ആരംഭിക്കേണ്ടതുണ്ട്. പൊതുവിതരണശൃംഖല ശക്തിപ്പെടുത്തേണ്ടതാണ്. ഉപഭോക്തൃ നിയമങ്ങളെക്കുറിച്ച് ജനങ്ങൾ ബോധവാൻമാരാകണം.

## സാമൂഹ്യക്ഷേമരംഗത്തെ പ്രശ്നങ്ങൾ

1. സാമൂഹ്യക്ഷേമവകുപ്പ് നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ പലതും അതിന്റെ അർഹരായുള്ള ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല.
2. IRDP ലിസ്റ്റിൽ അർഹതയുള്ള പലരും ഉൾപ്പെട്ടിട്ടില്ല.
3. ട്രൈസം പദ്ധതിപ്രകാരം തൊഴിൽപരിശീലനം ലഭിച്ചവർക്ക് അവരുടെ തൊഴിൽപദ്ധതിയുമായി ബന്ധപ്പെട്ട ധനസഹായം ഗവൺമെന്റ് ലഭ്യമാക്കുന്നുണ്ട്. പരിശീലനം ലഭിച്ചവർക്ക് ഇതിൽ വേണ്ടത്ര താൽപര്യം കാണുന്നില്ല.
4. സാമൂഹ്യക്ഷേമ പദ്ധതികളായ DWCRA, TRYSEM, RAP തുടങ്ങിയവ കാര്യക്ഷമമായി നടപ്പാക്കുന്നില്ല.
5. മദ്ധ്യവർത്തികളുടെ ചൂഷണം ഇപ്പോഴും നിലനിൽക്കുന്നുണ്ട്.
6. പദ്ധതി നടപ്പാക്കുന്ന വിവരം ഗുണഭോക്താക്കൾ അറിയുന്നില്ല. വിവരങ്ങൾ അറിയേണ്ടവർക്ക് എത്തിക്കാനുള്ള പരിമിതി.
7. കിട്ടുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല.

## സാധ്യതകൾ

1. വനിതകൾക്കായി എല്ലാ വാർഡുകളിലും DWCRA യൂണിറ്റുകൾ സ്ഥാപിക്കുക.
2. IRDP സർവ്വെ ലിസ്റ്റ് പരിഗണിച്ച് പദ്ധതിയുടെ ഗുണം കിട്ടാൻ അർഹരായവർക്ക് മാത്രം കൊടുക്കുക.
3. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാക്കാനുള്ള പരിപാടികൾ

ആവിഷ്കരിക്കുക.


4. ധനസഹായ പദ്ധതികൾക്ക് അർഹരായവർക്ക് ലഭ്യമാക്കുന്നതിനുള്ള ജനകീയ സംവിധാനം രൂപപ്പെടുത്തണം.
5. പോഷകാഹാര കമ്മി പരിഹരിക്കാൻ ഊർജ്ജിതനടപടികൾ ആരംഭിക്കണം. മഹിളാസമാജങ്ങൾ, ബാലവാടികൾ തുടങ്ങിയ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തുക.
6. ഗ്രാമീണ മേഖലയിൽ വനിതകൾക്കായുള്ള സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുക.

## കർഷകതൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ കർഷകത്തൊഴിലാളികൾ മുഴുവനും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. കർഷകത്തൊഴിലാളി യൂണിയനുകൾ മുൻകൈ എടുത്താണ് ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്നത്. ക്ഷേമനിധിയിൽ ഒട്ടേറെ പോരായ്മകളുണ്ട്. തൊഴിലാളി വിഹിതത്തോടൊപ്പം ഉടമാവിഹിതം പിരിച്ചെടുക്കുന്നില്ല. കുറ്റമറ്റ രീതിയിൽ ഇതിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകേണ്ടതുണ്ട്.

## കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

നിരവധി തൊഴിലാളികൾ കെട്ടിടനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഭൂരിഭാഗം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.



# കുടിവെള്ളം

പുന്നയൂർക്കുളത്തെ മുഖ്യകുടിനീർ സ്രോതസ്സ് കിണറുകളാണ്. 75% കുടുംബങ്ങളും കുടിവെള്ളത്തിനായി സ്വന്തം കിണറുകളെ മാത്രമാണ് ആശ്രയിക്കുന്നത്. കനോലി കനാലിനുപടിഞ്ഞാറുള്ള 4 വാർഡുകളിലേയും ജനങ്ങൾ പ്രധാനമായും കുഴൽകിണറുകളെയാണ് (ചാമ്പ്പൈപ്പ്) ആശ്രയിക്കുന്നത്. കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് 5-ാം വാർഡ് പൂർണ്ണമായും 6, 7 വാർഡുകളുടെ ചിലഭാഗങ്ങളിലുമാണ്. ഇതിന് കാരണം ജലദൗർലഭ്യമല്ല, ഓരുകയറ്റമാണ്.

ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി ആൽത്തറയിൽ വാട്ടർ അതോറിറ്റിയുടെ ഒരു ടാങ്ക് ഉണ്ട് ആകെ 9 ടാപ്പുകളാണ് ഇതിലുള്ളത്. ഈ ടാങ്ക് സത്യത്തിൽ ഈ പ്രദേശത്ത് ആവശ്യമില്ല. കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന 5-ാം വാർഡിലേക്കും മറ്റും ജലവിതരണത്തിനുള്ള ഒരു സമഗ്രപദ്ധതി രൂപംകൊണ്ടിട്ടുണ്ട്. ടാങ്കു നിർമ്മാണവും പൈപ്പ് സ്ഥാപിക്കലും നടന്നു കഴിഞ്ഞു. എന്നാൽ ജലസ്രോതസ്സ് ഇത് വരെയും കണ്ടെത്താനായിട്ടില്ല. അണ്ടത്തോട് കുഴിച്ചപ്പോൾ ഉപ്പുവെള്ളമാണ് കിട്ടിയത്. 13 പൊതുകിണറുകളും 12 കുഴൽ കിണറുകളും (ചാമ്പ്പൈപ്പ് പഞ്ചായത്തിലുണ്ട്. പൊതുകിണറുകൾ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല.

## പൊതു കിണറുകളെക്കുറിച്ച്

| ക്രമനമ്പർ | കിണർ നിൽക്കുന്ന സ്ഥലം | സർവ്വേ നമ്പർ | മറ്റുവിവരങ്ങൾ |
|---|---|---|---|
| 1. | കടിക്കാട് | 143/ 5 | 1967-68 |
| 2. | നാക്കോല | - | LDW |
| 3. | രജിസ്റ്റാർ ഓഫീസ് | - | LDW |
| 4. | ചെറായി GUPS ന് സമീപം | - | LDW |
| 5. | ചെറായി നോർത്ത് | 49/7 | ഹരിജൻ |
| 6. | ചെമ്മനൂർ | 317/1-2 | LDW |
| 7. | അണ്ടത്തോട് | - | LDW |
| 8. | പനന്തറ OLH കോളനി | 223/6-4 | വരൾച്ച പദ്ധതി 87 |
| 9. | കടിക്കാട് OLH കോളനി | 313/1-6 | വരൾച്ച പദ്ധതി 87 |
| 10. | പാലിശ്ശേരി അമ്മുഅമ്മഭൂമി | 104 | വരൾച്ച പദ്ധതി 87 |
| 11. | ചമ്മനൂർ | 356/1 | " |
| 12. | ഉപ്പുങ്ങൽ കടവ് | 83/4 | " |
| 13. | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് | | " |

# പൊതുകുഴൽ കിണറുകളെ കുറിച്ച്

| ക്രമ നമ്പർ | വാർഡ് നമ്പർ (പഴയത്) | സ്ഥാപിക്കുന്ന സ്ഥലം | സർവ്വേ നമ്പർ |
|---|---|---|---|
| 1 | I | അയ്യോട്ട് ചാത്തൻ ഭൂമി | 5/4 |
| 2 | I | അറക്കൽ കോരൻ | 5/3 |
| 3 | II | കറുത്തേരി സെയ്ത് മുഹമ്മദ് | 8/1 |
| 4 | II | മേത്തി കുഞ്ഞുട്ടി | 181/2 |
| 5 | II | പൊന്നോക്കാരൻ ബീരാൻ | 181/3 |
| 6 | II | മുക്രിയകത്ത് കുട്ടിമോൻ | 181/3 |
| 7 | II | ഹസ്സൻ പുരക്കൽ മരക്കാർ | 178/1A,1B |
| 8 | II | ആലുങ്ങൽ അബൂബക്കർ | 168 |
| 9 | II | പടിഞ്ഞാറയൽ ഹൈഡ്രോസ്സ് | 151/2 |
| 10 | III | കണ്ണോത്ത് ആമിന | 188/2 |
| 11 | III | പെരുവഴി പുറത്ത് കുഞ്ഞിമോൻ | 206/1 |
| 12 | III | കണ്ണോത്ത് അബു | 188/2 |
| 13 | III | പി.എം.സുബൈർ, മന്ദലാംകുന്ന് | 192 |
| 14 | III | തച്ചൻ പുരക്കൽ മുഹമ്മദാലി | 186 |
| 15 | III | ,പള്ളത്ത് കുഞ്ഞിമൊയ്തു | 186 |

വേനലിന് രൂക്ഷതയേറുമ്പോൾ കിണറുകൾ വറ്റിപോകുന്നതാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. കൃഷിയാവശ്യങ്ങൾക്ക് ജലം പമ്പുചെയ്യുന്നതുമൂലം കിണറുകൾ നേരത്തെ വറ്റാൻ തുടങ്ങുന്നു. മഴവെള്ളം സംരക്ഷിക്കപ്പെടാതെ പാഴായിപോകുന്നതാണ് ഈ അവസ്ഥക്ക് പ്രധാനകാരണം ശാസ്ത്രീയമായ ജലമാനേജ്മെന്റ് വഴിജല ദൗർലഭ്യത്തിന് പരിഹാരം കാണാൻ കഴിയും. നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ഒട്ടനവധി കുളങ്ങളുണ്ട്. എന്നാൽ ഇവ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല. പത്താം വാർഡിൽപെടുന്ന എലിയങ്ങാട്ട് ചിറ ശുദ്ധീകരിച്ച് സംരക്ഷിക്കുകയാണെങ്കിൽ പഞ്ചായത്തിലെ പകുതിയിലേറെ പ്രദേശത്തും വിതരണം ചെയ്യാവുന്ന ശുദ്ധജലത്തിന്റെ സ്രോതസ്സാകും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 5-ാം വാർഡിൽ പൂർണ്ണമായും 6,7 വാർഡുകളിൽ ചില ഭാഗങ്ങളിലും ശുദ്ധ ജലം കിട്ടുന്നില്ല.
2. വേനൽകാലത്ത് കിണറുകൾ വറ്റുമ്പോൾ അഴുക്കുകലർന്നവെള്ളമാണ് കിട്ടുക.
3. ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ചിരിക്കുന്ന 18.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും, പൈപ്പ് ലൈനും ഉപയോഗശൂന്യമായി കിടക്കുന്നു. ശുദ്ധജലം കിട്ടാനില്ല.
5. കടലോരങ്ങളിൽ ജീവിക്കുന്ന മത്സ്യതൊഴിലാളികൾക്ക് ചാമ്പുപൈപ്പുകൾ വേണ്ടത്ര ലഭിച്ചിട്ടില്ല.

## നിർദ്ദേശങ്ങൾ

1. പുന്നൂർക്കാവിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിലേക്ക് ശുദ്ധജലം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കുക.
2. അണ്ടത്തോട് ചെറിയടാങ്ക് സ്ഥാപിച്ച് കുടിവെള്ളക്ഷാമം നേരിടുന്ന 5,6,7 വാർഡുകളിലേക്ക് പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തുക.
3. മഴവെള്ളം പാഴായിപോകാതെ പരമാവധി സംരക്ഷിക്കാനുള്ള ശാസ്ത്രീയ നടപടികൾ സ്വീകരിക്കുക.
4. തരിശുകിടക്കുന്ന കൃഷിസ്ഥലങ്ങൾ ജലസംഭരണത്തിന് ഉപയുക്തമാക്കുക.
5. തോടുകളും കുളങ്ങളും ആഴവും വീതിയും കൂട്ടി സംരക്ഷിക്കുക.

# വനിത

പുന്നയൂർക്കുളം പഞ്ചായത്തിലെ വനിതകളുടെ പഴയകാല ചരിത്രം എടുത്ത് പരിശോധിക്കുമ്പോൾ സാമൂഹ്യസാംസ്കാരിക-സാഹിത്യരാഷ്ട്രീയ രംഗത്ത് അളവറ്റ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് കാണാൻ കഴിയുന്നു. 'സ്വാതന്ത്ര്യ സമ്പാദനത്തിന് വർഷങ്ങൾക്ക് മുമ്പെ തന്നെ ജാതി മത ഉച്ചനീചത്വങ്ങൾക്ക് അതീതമായി നിന്നുകൊണ്ട് ഏലിയങ്ങാട്ടെ കോവിലകത്തെ അമ്മത്തമ്പുരാന്റെ അദ്ധ്യക്ഷതയിൽ കൂടിയ സംഗമത്തിൽ ധാരാളം വനിതകൾ പങ്കെടുത്തിരുന്നു. ക്ഷേത്രപ്രവേശന വിളംബരം നടപ്പാക്കിയിട്ടില്ലാത്ത അന്ന് അവർണ്ണർക്ക് ക്ഷേത്രപ്രവേശനം നൽകണമെന്ന് ആവശ്യപ്പെടുന്ന ഒരു പ്രമേയം പ്രസ്തുത യോഗത്തിൽ എല്ലാവരും ഒപ്പിട്ടു അംഗീകരിക്കുകയുണ്ടായി.

ദേശീയ പ്രസ്ഥാന കാലഘട്ടത്തിൽ ചർക്കയിൽ നൂൽ നൂൽക്കൽ, കൈത്തറിത്തുണി നെയ്യൽ തുടങ്ങിയവ പുന്നയൂർക്കുളത്ത് ആരംഭിക്കുകയും അതിൽ ധാരാളം സ്ത്രീകൾ പങ്കെടുക്കുകയും ചെയ്തു. 1931ൽ നമ്മുടെ രാഷ്ട്രപിതാവിന്റെ ധർമ്മപത്നി കസ്തൂർബാഗാന്ധി രാമരാജാ യു.പി. സ്കൂൾ സന്ദർശിക്കുകയും ധാരാളം വനിതകൾ അവർക്ക് വരവേൽപ്പ് നൽകുകയും ചെയ്തു.

പ്രമുഖ സാമൂഹ്യപ്രവർത്തകയും, പുന്നയൂർക്കുളം മഹിളാസമാജത്തിന്റെ ഖജാഞ്ചിയും കൂടിയായ ശ്രീമതി എൻ. അമ്മിണി അമ്മ പുന്നയൂർക്കുളത്തിന്റെ സാമൂഹ്യ സാംസ്കാരിക രംഗത്ത് നിറഞ്ഞുനിന്നിരുന്നു. 1962ലെ ഇന്ത്യാ-ചൈനാ യുദ്ധകാലത്ത് പഞ്ചായത്തിലെ വനിതകൾ അവരുടെ സ്വർണ്ണാഭരണങ്ങൾ യുദ്ധഫണ്ടിലേക്ക് സംഭാവന ചെയ്യുകയുണ്ടായി. ഇതിനു പുറമെ ഭക്ഷണം, അരി, വസ്ത്രം എന്നിവ ശേഖരിച്ച് യുദ്ധഫണ്ടിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

1965-70 കാലഘട്ടങ്ങളിൽ പുന്നയൂർക്കുളം പഞ്ചായത്തിൽ രണ്ട് സാക്ഷരതാ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഈ പ്രദേശത്തെ വനിതകൾ ഏറ്റെടുത്തു നടത്തിയിരുന്നു. ഇതിനുപുറമെ ഒരു സൗജന്യ ഹിന്ദി ക്ലാസും ഇവർ നടത്തുകയുണ്ടായി.

സാഹിത്യരംഗത്ത് നിരവധി സംഭാവനകൾ ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്ന ശ്രീമതി. ബാലാമണിയാമ്മ ഈ നാടിന്റെ അഭിമാനമാണ്. ഇവരുടെ സാഹിത്യകൃതികൾ പുന്നയൂർക്കുളത്തെ സാമൂഹ്യ, രാഷ്ട്രീയ, സാഹിത്യരംഗത്ത് ഒരു വലിയ മാറ്റത്തിനു തന്നെ വഴി തെളിയിച്ചിട്ടുണ്ട്. യുവതലമുറയിലെ കഥാ സാഹിത്യകാരി ശ്രീമതി. മാധവിക്കുട്ടിയും ഈ ഗ്രാമത്തിന്റെ സന്തതിയാണ്. 1956ൽ പുന്നയൂർക്കുളത്ത് രൂപം കൊണ്ട മഹിളാ സമാജം സ്വന്തമായി ഒരു കയ്യെഴുത്തുമാസിക നടത്തിയിരുന്നു. 1960 കാലഘട്ടങ്ങളിൽ മഹിളാപ്രവർത്തകരംഗത്ത് ശ്രദ്ധ പിടിച്ചുപറ്റിയ ഒരു വനിതയായിരുന്നു ശ്രീമതി. തറയിൽ ദേവകി. മഹിളാപ്രവർത്തകരംഗത്തും കർഷകത്തൊഴിലാളി രംഗത്തും ഇവർ ശ്രദ്ധേയമായ സംഭാവനകൾ കാഴ്ചവെച്ചിട്ടുണ്ട്.

ഈ കാര്യങ്ങൾ പരിശോധിക്കുമ്പോൾ വനിതാ പ്രവർത്തനരംഗത്ത് പുന്നയൂർക്കുളം പഞ്ചായത്തിന് വലിയ സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

വനിതാ വിമോചന പ്രസ്ഥാനങ്ങളിൽ ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ വനിതകൾ ഈ രംഗത്തേക്ക് കടന്നുവരാൻ വിമുഖത കാണിക്കുന്നു. ഇന്നത്തെ സ്ത്രീകൾ പഴയകാലഘട്ടത്തിലെ വനിതാ പ്രവർത്തകരുടെ പാരമ്പര്യം പഠിക്കുവാനും, ഉൾക്കൊള്ളുവാനും തയ്യാറാകാത്തതിന്റെ ഫലമാണിത്. ഉപഭോഗ സംസ്കാരത്തിന്റെ മാസ്മരികവലയത്തിലാണ് ഇന്നത്തെ സ്ത്രീകൾ ജീവിക്കുന്നത്. ഇത് നമ്മുടെ സമൂഹത്തിൽ പൊങ്ങച്ചസംസ്കാര

362

ത്തിനും, ആഡംഭര ജീവിതത്തിനും വഴി തെളിയിക്കുന്നു.

മൊത്തം ജനസംഖ്യയിൽ (29795) 15830 സ്ത്രീകളും 13965 പുരുഷൻമാരുമാണ്. ഇങ്ങിനെ നോക്കുമ്പോൾ സ്ത്രീജനമാണ് പുരുഷൻമാരെക്കാളും കൂടുതൽ കാണുന്നത്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ സാക്ഷരതയിൽ സ്ത്രീകളെക്കാൾ മുന്നിലാണ് പുരുഷൻമാർ എന്ന് കാണാം.

വിദ്യാഭ്യാസരംഗത്ത് വനിതകൾ മുൻ കാലങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണെന്ന്

| | മൊത്തം ജനസംഖ്യ | സാക്ഷരർ | നിരക്ഷരർ |
|---|---|---|---|
| പുരുഷൻമാർ | 13965 | 10472 | 3493 |
| സ്ത്രീകൾ | 15830 | 11083 | 4847 |
| **ആകെ** | **29795** | **21555** | **8340** |

കാണാം. SSLC പാസ്സാകുന്ന കുട്ടികളിൽ വനിതകളുടെ എണ്ണം ആൾകുട്ടികളെക്കാൾ കൂടുതലാണെന്ന് കാണാൻകഴിയും. ഉയർന്ന വിദ്യാഭ്യാസത്തിലും സാങ്കതിക വിദ്യാഭ്യാസരംഗങ്ങളിലും വനിതകളുടെ എണ്ണം വർദ്ധിച്ചുവരുകയാണ്. ഇതിൽ പ്രധാനപ്പെട്ട പങ്ക് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ട്. കുന്നത്തൂരിൽ പ്രവർത്തിക്കുന്ന വനിതാകോളേജും, പതിറ്റാണ്ടുകളായി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന പ്രതിഭാ കോളേജും ഈ രംഗത്ത് വലിയ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുകയാണ്.

ആധുനിക ചികിത്സാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റെ ഫലമായി നമ്മുടെ പഞ്ചായത്തിൽ വനിതകളുടെ ആരോഗ്യവും സാമാന്യം മെച്ചപ്പെട്ട നിലയിലാണ്. ആയുർദൈർഘ്യകാര്യത്തിൽ സ്ത്രീകൾ പുരുഷൻമാരെ അപേക്ഷിച്ച് മുന്നിലാണ്. വനിതകൾ ഉപഭോഗ സംസ്കാരത്തിന്നനുസൃതമായി ജീവിതം രൂപപ്പെടുത്തുന്നത്കൊണ്ടുള്ള ഈ കാലഘട്ടത്തിൽ സന്ധിവാതം, സ്തനാർബുദം, ഗർഭാശയാർബുദം എന്നിവ വളരെ വർദ്ധിച്ചുവരുന്നുണ്ട്. അദ്ധ്വാന ശീലം വീട്ടമ്മമാരിൽ കുറഞ്ഞുവരുന്നതാണ് പല രോഗങ്ങൾക്കും കാരണം. കേബിൾ ടി.വി. സംസ്കാരം ഈ പഞ്ചായത്തിലെ വീടുകളെയും പിടികൂടിയിട്ടുണ്ട്. ആരോഗ്യപരമായ കാര്യങ്ങളിൽ മോശമാവാൻ പ്രധാനമായ മറ്റൊരു കാര്യം സമീകൃതാഹാരത്തിന്റെ കുറവാണ്.

പുന്നയൂർക്കുളം പഞ്ചായത്ത് സ്ത്രീ വിദ്യാഭ്യാസ രംഗത്ത് നേട്ടമുണ്ടായിട്ടും, കുട്ടികളുടെ എണ്ണം കുറവായിട്ടും, വരുമാനം ഉണ്ടാക്കുന്ന തൊഴിലുകളിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം താരതമ്യേനെ കുറവാണ്. പലതരത്തിലുള്ള തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവരാണ് ഇവിടുത്തെ സ്ത്രീകൾ. ഭൂരിഭാഗം തൊഴിലാളികളും കർഷകത്തൊഴിലാളികളാണ്. കർഷകത്തൊഴിലാളികളുടെ ജീവിതം കാലഘട്ടത്തിനനുസരിച്ച് ഉയരുന്നില്ല എന്നത് വളരെ ഗൗരവമായ ഒരു

പ്രശ്നമായി കാണേണ്ടതുണ്ട്. ഇവരിൽ ഭൂരിഭാഗം ആളുകൾക്കും സ്ഥിരമായി ജോലി ലഭിക്കാറില്ല. വർഷത്തിൽ നാലോ അഞ്ചോ മാസങ്ങളിലേ ഇവർക്ക് തൊഴിൽ ലഭിക്കാറുള്ളു. അതുപോലെ ഗവർമെന്റ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ മിക്കതൊഴിലാളികളും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താറില്ല. കർഷകത്തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ ബോധപൂർവ്വമായ ഇടപെൽ മൂലം ക്ഷേമനിധിയിൽ ഭൂരിഭാഗം സ്ത്രീകളും അംഗങ്ങളാണ്.

വീട്ടു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾ പുന്നയൂർക്കുളം പഞ്ചായത്തിൽ മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂടുതലാണ്. സ്ത്രീകൾ തൊഴിൽ മേഖലകളിലേക്ക് കടന്നു വരാതിരിക്കാൻ പ്രധാന കാരണം സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷമേധവിത്വവും, ഓരോ മതവിഭാഗത്തിലും നിലനിൽക്കുന്ന കർശനനിയമങ്ങളും, സാങ്കതികപരിശീലനത്തിന്റെ അഭാവവും ഇതിന് പ്രധാന കാരണമായി പറയാൻ കഴിയും. മേൽപറഞ്ഞ കാര്യങ്ങൾ പരിശോധിക്കുമ്പോൾ തൊഴിലിന്റെ വിതരണത്തിൽ സ്ത്രീ-പുരുഷ അന്തരം നിലനിൽക്കുന്നു. സ്ത്രീകളെക്കാൾ പുരുഷൻമാരാണ് തൊഴിലിന്റെ കാര്യത്തിൽ മുന്നിട്ടു നിൽക്കുന്നത്.

മുൻ കാലങ്ങളിൽ നമ്മുടെ പഞ്ചായത്ത് പരമ്പരാഗത വ്യവസായങ്ങളിലും, കുടിൽവ്യവസായങ്ങളിലും വളരെ മുന്നിലായിരുന്നു. എന്നാൽ ഇന്ന് ഈ രംഗം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്ത്രീകൾക്ക് വരുമാനം നേടിക്കൊടുത്തുകൊണ്ടിരുന്ന കൊട്ട നെയ്ത്ത്, പായനെയ്ത്ത്, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ രംഗം നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായി മാത്രമെ ഇപ്പോൾ ഉള്ളൂ പരമ്പരാഗത വ്യവസായരംഗങ്ങളെ പുനർനിർമ്മിച്ചുകൊണ്ടേ ഈ മേഖലയിൽ പുരോഗതി കൈവരിക്കുവാൻ സാധിക്കുകയുള്ളൂ.

തൊഴിലില്ലാത്ത സ്ത്രീ വിഭാഗം നമ്മുടെ പഞ്ചായത്തിൽ ഉണ്ട് എന്നുതന്നെ പറയാം. ഇവരിൽ ഭൂരിഭാഗവും വീട്ടു ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാൻ കഴിയുന്നു. കുട്ടികളെ ശുശ്രൂഷിക്കുക, അടുക്കളപണികൾ ചെയ്യുക തുടങ്ങിയവയിലും, മറ്റു ചിലർ വീടിനോടനുബന്ധിച്ചു തന്നെ തുന്നൽ പണികൾ നടത്തുക, പച്ചക്കറി കൃഷി, പശു, ആട്, കോഴി എന്നിവയെ വളർത്തൽ തുടങ്ങിയ ജോലികളിൽ ഏർപ്പെടുന്നുണ്ട്.

സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള ധാരാളം വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിന് പ്രധാനപ്പെട്ട ഒരു കാരണം ഭൂരിഭാഗം വീടുകളിലെയും ആളുകൾ ഗൾഫിൽ ജോലി ചെയ്യുന്നതുകൊണ്ടാണ്

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി മൊത്തം 22 അംഗൻവാടികൾ ഇപ്പോൾ നിലവിലുണ്ട്. അംഗൻവാടികളിൽ മിക്കതിനും സ്വന്തമായിതന്നെ കെട്ടിടങ്ങൾ ഉണ്ട്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഭൂരിഭാഗം അങ്കൻ വാടികളും നല്ല രീതിയിൽ തന്നെ പ്രവർത്തിക്കുന്നവയാണ്. സന്നദ്ധ പ്രവർത്തനത്തിന്റെ ഫലമായി സ്ഥലവും, കെട്ടിടവും നിർമ്മിച്ചവയും ഇക്കൂട്ടത്തിലുണ്ട്. പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം 178 ആണ്. ഇതിൽ പ്രത്യേക പരിചരണം ആവശ്യമായ ഗർഭിണികളുടെ എണ്ണം 114 ആണ്. [AW ലിസ്റ്റ്] മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 178 ആണെന്ന് കാണാം. ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ചവർ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

DWCRA യൂണിറ്റുകളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ കാര്യക്ഷമമായി നടക്കുന്നില്ല. 2,3 വാർഡുകളിൽ കേന്ദ്രീകരിച്ചാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നത്. മറ്റ് 10 വാർഡുകളിലും

## പോഷകാഹാര പട്ടിക - 2

| | | |
|---|---|---|
| 1 | പോഷകാഹരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 741 |
| 2 | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 741 |
| 3 | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 96 |
| | ആകെ | **927** |

DWCRA ക്ക് യൂണിറ്റുകൾ ഇപ്പോൾ നിലവിൽ ഇല്ല. ഇതു കൂടാതെ കുന്നത്തൂർ കേന്ദ്രമാക്കി കൊണ്ട് ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണം നടക്കുന്നു. ഇതിൽ 20 ഓളം വനിതകൾ ജോലിചെയ്യുന്നുണ്ട്. AED ഓഫീസ് സെന്ററിലും ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം നടക്കുന്നു. ഇതിൽ 10 ഓളം വനിതകൾ തൊഴിലെടുക്കുന്നു.

പഞ്ചായത്തിലെ സ്ത്രീകളുടെ രാഷ്ട്രീയ പദവിയിൽ ഒട്ടേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമപ്രകാരം 4 വനിതാ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളും ഒരു ബ്ലോക്ക് ജനപ്ര

### DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച വിവരം |
|---|---|---|---|---|
| I | ഇല്ല | - | - | - |
| II | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 1995-96 | 10 | നല്ല രീതിയിൽ പ്രവർത്തിക്കുന്നു |
| III | ആടുവളർത്തൽ | 1996-97 | 11 | പദ്ധതി പ്രവർത്തനം തിരക്കേടില്ലാതെ പോകുന്നു |

മറ്റുള്ള വാർഡുകളിൽ മേൽ പറഞ്ഞ സംരംഭങ്ങളില്ല.

തിനിധിയും വ്യത്യസ്ഥ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് ഇപ്പോൾ ഉള്ളത്. ഇവരുടെ രാഷ്ട്രീയപ്രവർത്തനം വനിതകളിൽ സ്വാധീനം ചെലുത്തുന്നുണ്ട് എങ്കിലും വലിയ തോതിൽവ നിതാ മുന്നേറ്റം നടക്കുന്നുണ്ട് എന്ന് പറയാൻ സാധിക്കുകയില്ല. ഇനിയും ഒട്ടേറെ മാറ്റങ്ങൾ ഈ രംഗത്ത് നമുക്ക് വരുത്താനുണ്ട്. ഇതിന് രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് എത്തുന്നവർ കാര്യക്ഷമവും, ബോധപൂർവ്വമായി ഇടപെൽ നടത്തണം എന്ന് കാണാൻ കഴിയുന്നു.

## പ്രശ്നങ്ങൾ

1. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ ബോധപൂർവ്വം പ്രവർത്തനസജ്ജരായി വരുന്നില്ല.
2. തൊഴിൽ മേഖലിൽ സ്ത്രീകൾ അവഗണന നേരിടുന്നുണ്ട്.
3. തൊഴിൽ രംഗത്തിന് ആവശ്യമായ സാങ്കേതികനൈപുണ്യവും, കൂടുതൽ പരിശീലനവും ലഭിക്കാനാവശ്യമായ സാഹചര്യം ഇപ്പോൾ നിലവിലില്ല.
4. സ്വയംതൊഴിൽ കണ്ടെത്തുന്നതിൽ സ്ത്രീകൾ വേണ്ടത്ര താത്പര്യം കാട്ടുകയോ. സ്വയം സംരംഭങ്ങൾ തുടങ്ങുകയോ ചെയ്യുന്നില്ല.
5. തുല്യജോലിക്ക് തുല്യവേതനം ഗ്രാമപ്രദേശങ്ങളിൽ ഇപ്പോഴും ലഭ്യമല്ല.
6. തൊഴിൽ നിയമങ്ങളിലെ അജ്ഞത.
7. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയാണെന്നും, എങ്ങിനെ ഉപയോഗപ്പെടുത്തണം എന്നതിനെക്കുറിച്ചുള്ള അറിവില്ലായ്മ.
8. അംഗനവാടി അധ്യാപകർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല. മിക്ക അംഗനവാടികൾക്കും മുഴുവൻ സൗകര്യമില്ല.
9. വിദ്യാലയങ്ങളിലെ പാഠ്യേതരവിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തക്കുറവ്.
10. സ്വയം ശക്തിയാർജ്ജിച്ച് സാമൂഹ്യ സാംസ്കാരിക രംഗത്ത് ധീരമായി പ്രവർത്തിക്കാനുള്ള കഴിവില്ലായ്മ.
11. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയമായ ബോധനിലവാരം സ്ത്രീകളിൽ കുറവാണ്. ഇതുകാരണം അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ വലിയ സ്വാധീനം ചെലുത്തുന്നു.

## സാധ്യതകൾ

1. ഉത്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കാൻ മുൻകൈ എടുക്കുക.
2. തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പുവരുത്തുക.
3. വനിതകളെ സമൂഹത്തിന്റെ മുഖ്യധാരകളിലേക്ക് കൊണ്ടുവരാൻ മഹിളാ സംഘങ്ങൾ, വനിതാ ക്ലബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.
4. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിച്ചാൽ ആവശ്യമായ സഹായം ചെയ്യുക.
5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുക.

6. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ എല്ലാ ആനുകൂല്യങ്ങളും അർഹരായ എല്ലാ സ്ത്രീകൾക്കും ലഭ്യമാക്കുക.
7. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
8. കുട്ടികളുടെ ആരോഗ്യത്തിനും, വിനോദത്തിനും, വിശ്രമത്തിനും വേണ്ട സംവിധാനം വികസിപ്പിച്ചെടുക്കുക.
9. വിഭവസാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്യുക.
10. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ നൽകുക.
11. സാമൂഹ്യ രംഗത്തും, തൊഴിൽ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.
12. രാഷ്ട്രീയ സാംസ്കാരിക സംഘടനകളുടെ നേതൃത്വനിരയിലേക്ക് വനിതകളെ കൊണ്ടുവരാൻ ശ്രമിക്കുക.
13. പഞ്ചായത്ത് തലത്തിൽ വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
14. സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ ശ്രമിക്കുക.
15. മാതൃസംഗമങ്ങളിലും, അയൽക്കൂട്ടങ്ങളിലും വനിതാ പങ്കാളിത്തം ഉറപ്പുവരുത്തുക.
16. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം ഉപയോഗിച്ച് സ്ത്രീകൾക്കായി നടത്താവുന്ന ചെറുകിടയൂണിറ്റുകൾക്ക് സാദ്ധ്യത കാണുന്നു.
17. വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനങ്ങൾക്കെതിരെ വാർഡുകൾതോറും സ്ത്രീ ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുക.



# വ്യവസായം

നാമമാത്രമായി ചെറുകിട വ്യവസായങ്ങൾ മാത്രമുള്ള നമ്മുടെ പഞ്ചായത്തിൽ, കുടിൽ വ്യവസായങ്ങളും, പരമ്പരാഗത വ്യവസായങ്ങളും അന്യമായിക്കൊണ്ടിരിക്കുകയാണ്. ചെറുകിട വ്യവസായങ്ങൾ ഒഴിച്ച് അനുബന്ധവ്യവസായങ്ങളോ, വൻകിട വ്യവസായമോ ഈ പഞ്ചായത്തിൽ നിലവിലില്ല. ഉപഭോകൃത സംസ്ഥാനമായ കേരളത്തിന്റെ ഒരു ഭാഗം എന്ന നിലയ്ക്ക് അതെ സ്വഭാവഗുണങ്ങൾതന്നെയാണ് നമ്മുടെ പഞ്ചായത്തിലും നിലനിൽക്കുന്നത്. 95ശതമാനത്തോളം കുടുംബങ്ങൾ ഗൾഫുനാടുകളെ മാത്രം ആശ്രയിച്ചു ജീവിക്കുമ്പോൾ 5ശതമാനത്തോളം മാത്ര മാണ് മറ്റ് തൊഴിലുകളെ ആശ്രയിച്ച് കഴിയുന്നത്. വ്യവസായികാടിസ്ഥാനത്തിൽ കാര്യമായി ഒന്നുതന്നെ ഉൽപാദിപ്പിക്കപ്പെടാത്ത നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കുന്ന ഓരോ വസ്തുവും മറ്റും സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്താണ് ഉപയോഗിച്ചുവരുന്നത് എന്ന വസ്തുത അതീവദു:ഖകരം തന്നെ. ഉപഭോകൃത വസ്തുക്കൾ ലക്ഷ്വറി ഉൽപന്നങ്ങൾ ആണ് വരുമാന ത്തിന്റെ ഭൂരിഭാഗത്തോളം നമ്മൾ ചിലവിടുന്നത്. സൈക്കിളുകൾ അപ്രത്യക്ഷമായി ഇരുചക്രമോ ട്ടോർ വാഹനങ്ങളും, ലക്ഷങ്ങളോളം രൂപ വിലമതിക്കുന്ന കാറുകളും റോഡിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടേയിരിക്കുന്നു. വിദേശത്തു നിന്നും സമ്പാദിച്ചതിൽ ഒരു ചെറിയ ഭാഗം പോലും വ്യവസാ യങ്ങൾക്കു വേണ്ടി മുതൽ മുടക്കാതെ കോൺക്രീറ്റ് മന്ദിരങ്ങൾക്കുവേണ്ടി ചിലവിടുന്നത് ബോധ വത്കരണത്തിലൂടെ തടയേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മ രൂക്ഷമാണെങ്കിലും വിദേശ രാജ്യങ്ങളുടെ കാരു ണ്യംകൊണ്ട് അതു നമുക്ക് അനുഭവപ്പെടുന്നില്ല. തൊഴിൽ വിദേശരാജ്യങ്ങളിൽ ലഭിക്കും എന്ന വിശ്വാസത്തിൽ വിദ്യാഭ്യാസത്തിന് വലിയ പ്രസക്തി നമ്മളിൽ ബഹുഭൂരിഭാഗവും നൽകുന്നില്ല എന്നതാണ് സത്യം. കേരളത്തിലെ പ്രമുഖ കലാസാംസ്കാരിക സാക്ഷരരുടെ പൈതൃകം അവകാ ശപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ അഭ്യസ്ത വിദ്യരായ തൊഴിൽരഹിതരുടെ എണ്ണവും വിരളമല്ല. പഞ്ചായത്തിൽ ഒരു വശത്ത് തൊഴിലില്ലായ്മ നിലനിൽക്കുമ്പോൾ തന്നെ മറുവശത്ത് പല തൊഴി ലുകളിലും ആവശ്യത്തിന് വിദഗ്ദതൊഴിലാളികളെ ലഭിക്കാത്ത ഒരു അവസ്ഥ നിലനിൽക്കുന്നു ണ്ട്. ചിലതരം തൊഴിലുകളിൽ തൊഴിലാളികൾ കൂടുതലായും അനുഭവപ്പെടുന്നു. ആയതിനാൽ നമ്മുടെ പഞ്ചായത്തിലെ വിവിധതരം വ്യവസായങ്ങൾക്കായി ആവശ്യം വരുന്ന വിദഗ്ദതൊഴിലാളി കളെ പരിപോഷിപ്പിച്ചെടുക്കുകയും, ഒരു തൊഴിലിൽ വിദഗ്ദരായ തൊഴിലാളികളുടെ എണ്ണം ആവശ്യത്തിൽ കൂടുതലാണെങ്കിൽ ബാക്കി വരുന്നവർക്ക് അതേ തൊഴിലിൽ അവസരം സൃഷ്ടി ക്കുകയോ, വേറെ എതെങ്കിലും തൊഴിൽ പരിശീലനം കൊടുത്ത് നമ്മുടെ വ്യവസായിക വളർച്ച ക്കായി ഉപയോഗപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. വിദ്യാർത്ഥികൾക്ക് അതിനുവേണ്ടി പഞ്ചായ ത്തിലെ സ്കൂളുകളിൽ രണ്ടുമണിക്കൂർ വീതമെങ്കിലും തൊഴിൽ പരിശീലനം നൽകുകയും, തൊഴി ലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

## നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങളും പ്രശ്നങ്ങളും.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും കുറച്ചു ചെറുകിട വ്യവസായങ്ങൾ മാത്രമാണ് ഉള്ള ത്. കുടിൽ വ്യവസായങ്ങളോ പരമ്പരാഗത വ്യവസായങ്ങളോ നിലവിലില്ല. ഇപ്പോൾ നിലവിലുള്ള തിൽ പ്രധാന വ്യവസായങ്ങളാണ് രാമച്ചം, സ്റ്റീൽ ഫർണീച്ചർ നിർമ്മാണം, തടിവ്യവസായം,

ഹോളോബ്രിക്സ് നിർമ്മാണം, ഓയിൽ മില്ലുകൾ, വുഡൺ ഫർണീച്ചർ നിർമ്മാണം എന്നിവ.

**രാമച്ചം**

പഞ്ചായത്തിന്റെ തീരപ്രദേശത്ത് നടത്തുന്ന ഈ വ്യവസായത്തിൽ നല്ല സാദ്ധ്യതയുണ്ട്. നമ്മൾ രാമച്ചം മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റിവിടുന്നുണ്ട്. രാമച്ചം അസംസ്കൃത വസ്തുവായാണ് കയറ്റി അയക്കുന്നത്. അത് കിടക്ക, വിശറി എന്നീ ഉൽപന്നങ്ങളാക്കി മാറ്റുന്നത് അയൽ സംസ്ഥാനത്ത് വെച്ചാണ്. ഔഷധഗുണമുള്ള ഈ ഉൽപന്നത്തിന്റെ വ്യവസായം വളരെ ചിലവുകുറഞ്ഞതാണ്. കൂടുതൽ തൊഴിലാളികളുടെ ആവശ്യം ഈ വ്യവസായങ്ങൾക്കില്ല എന്നും കണക്കിലെടുക്കേണ്ടതുണ്ട്.

**സ്റ്റീൽ ഫർണീച്ചർ/വുഡൺ ഫർണീച്ചർ.**

ഒരു സ്റ്റീൽ ഫർണീച്ചർ വ്യവസായവും ഒന്നു രണ്ട് വുഡൺ ഫർണീച്ചർ വ്യവസായവും പഞ്ചായത്തിൽ നിലവിലുണ്ട്. സ്റ്റീൽ അലമാരകൾ, ടേബിളുകൾ തുടങ്ങി ഗ്രില്ലുകൾ വരെ അവിടെ നിർമ്മിച്ചു കൊടുക്കുന്നു. പത്തുതൊഴിലാളികളോളം ഇവിടെ തൊഴിൽ ചെയ്യുന്നുണ്ട്. വിജയകരമായി പ്രവർത്തിച്ചുവരുന്നു.

**തടിവ്യവസായം**

നാല് തടിമില്ലുകൾ പഞ്ചായത്തിൽ നിലനിൽക്കുന്നു. മരങ്ങൾ മറ്റുസ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് ആവശ്യമുള്ള നീളത്തിലും, വീതിയിലും കനത്തിലും അറുത്തുകൊടുക്കുകയാണ് ഈ മില്ലുകൾ ചെയ്യുന്നത്. ഇരുപതോളം തൊഴിലാളികൾ ഇവിടങ്ങളിലായി ജോലിചെയ്യുന്നു.

**ഹോളോബ്രിക്സ്**

ഒരു ഹോളോബ്രിക്സ് നിർമ്മാണ ശാലമാത്രമാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ആറു തൊഴിലാളികൾ ജോലിചെയ്യുന്ന ഈ നിർമ്മാണശാല ഏതാനും മാസങ്ങൾ മുമ്പാണ് മന്ദലംകുന്ന് ആരംഭിച്ചത്. 2.5 ലക്ഷത്തോളം മുതൽ മുടക്കിയ ഈ നിർമ്മാണശാല ഒരു വ്യക്തിയുടേതാണ്. 450 ബ്രിക്കുകൾ ഇവിടെ ദിവസം പ്രതി ഉൽപാദിപ്പിക്കുന്നു. 3200, രൂപയോളം ഇത്രയും ബ്രിക്കുകൾക്ക് ലഭിക്കുന്നു. ഇത് അവിടെവെച്ചുതന്നെയാണ് വിപണനം ചെയ്യുന്നത്. ഓർഡർ അനുസരിച്ച് സൈറ്റിൽ വെച്ചും അവർ ബ്രിക്കുകൾ നിർമ്മിച്ചുകൊടുക്കുന്നുണ്ട്.

**ഓയിൽ മില്ലുകൾ**

വ്യവസായിക അടിസ്ഥാനത്തിൽ എണ്ണപ്പെട്ട ഓയിൽ മില്ലുകൾ ഇല്ലെങ്കിലും, രണ്ട് മൂന്ന് സ്വകാര്യ വ്യക്തികൾ നടത്തുന്ന ഓയിൽ മില്ലുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. ആവശ്യമായ വ്യക്തികൾക്ക് കൊപ്ര ആട്ടി വെളിച്ചെണ്ണയാക്കികൊടുക്കുകമാത്രമാണ് ഇവിടെ ചെയ്യുന്നത്.

**പഞ്ചായത്തിൽ പരാജയപ്പെട്ട ചില വ്യവസായങ്ങൾ:**

പഞ്ചായത്തിൽ പരാജയപ്പെട്ടുപോയ ചില വ്യവസായവും ഉണ്ട്. അതിൽ പ്രധാനമാണ് ഗ്ലാസ്സ് നിർമ്മാണശാല. അസംസ്കൃതവസ്തു ലഭിച്ചിരുന്നത് കൽക്കത്തയിൽ നിന്നുമായിരുന്നു. അതിനാൽ ഉൽപന്നങ്ങൾക്ക് വില വർദ്ധിക്കുകയും അതിൽ കുറഞ്ഞവിലയ്ക്കു അതേ ഉൽപന്നം മാർക്കറ്റിൽ ഉണ്ടായിരുന്നതുമാണ് പരാജയത്തിന്റെ പ്രധാനകാരണം. അസംസ്കൃത വസ്തുവിൽ 1 മാസം മുമ്പ് വിലകൊടുക്കേണ്ടി വരികയും മാർക്കറ്റിൽ രണ്ടുമാസത്തോളം ഉൽപന്നത്തിന് ക്രെഡിറ്റ് നിലനിർത്തേണ്ടി വന്നതും ഈ വ്യവസായത്തിന്റെ പരാജയകാരണങ്ങളിൽ ഒന്നാണ്.

ഒരു മുളകുപൊടി വ്യവസായമാണ് നിലച്ചുപോയ മറ്റൊരു വ്യവസായം. അസംസ്കൃത വസ്തു കുറഞ്ഞ വിലയ്ക്കെടുത്ത് മറ്റൊരുമില്ലിൽ നിന്നും പൊടിച്ച് മാർക്കറ്റ് വിലയേക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് വിറ്റിരുന്ന ഈ ഉൽപന്നത്തിൽ മായംചേർക്കുന്നുണ്ട് എന്ന കുപ്രചരണമാണത്രേ ഈ

വ്യവസായത്തിന്റെ പരാജയകാരണം. ഇത് കണക്കിലെടുത്ത് പഞ്ചായത്തിൽ നിർമ്മിക്കുന്ന ഓരോ ഉൽപന്നത്തിനും ഗുണനിലവാരം തെളിയിക്കുന്ന ചിഹ്നങ്ങൾ പ്രദർശിപ്പിക്കുന്നതും നല്ലതായിരിക്കും.

**നമ്മുടെ പഞ്ചായത്തിൽ വ്യവസായിക വികസനത്തിനു തടസ്സമായിനിൽക്കുന്ന ചില പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.**

**a. സ്ഥലദൗർലഭ്യം:** ജനങ്ങൾ കൂടുതൽ ഇടതിങ്ങിതാമസിക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. അടുത്തടുത്തായണ് വീടുകൾ സ്ഥിതിചെയ്യുന്നത്. ഓരോ കുടുംബത്തിനും ഓരോ വീട് എന്ന ലക്ഷ്യം തന്നെ അപ്രാപ്യമായികൊണ്ടിരിക്കുകയാണ്. എന്നാൽ വ്യവസായം ആരംഭിക്കുവാൻ ഏറ്റവും ആവശ്യമായ ഘടകവും ഭൂമിതന്നെയാണ്. ഇത് പഞ്ചായത്തിൽ വിരളമാണ്. ഗൾഫ് സ്വാധീനംകൊണ്ട്, നഗരത്തിനോടു കിടപിടിക്കുന്ന തരത്തിലുള്ള വിലയാണ് ഭൂമിക്ക് ഈ പഞ്ചായത്തിലുള്ളത്. ആയതിനാൽ കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും മറ്റുവ്യവസായങ്ങൾ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളിൽ ആരംഭിക്കുന്നതിന് ശ്രമിക്കേണ്ടതും ആവശ്യമാണ്.

**b. വൈദ്യുതി ക്ഷാമം:** വ്യവസായവൽക്കരണവുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ് വൈദ്യുതി. വൈദ്യുതിയുടെ അഭാവത്തിൽ മിക്ക വ്യവസായങ്ങളും ആരംഭിക്കുക സാദ്ധ്യമല്ല. ഇതിന്റെ ക്ഷാമം സംസ്ഥാനത്തിലേതു പോലെത്തന്നെ നമ്മുടെ പഞ്ചായത്തിലും രൂക്ഷമാണ്. ഗാർഹിക ആവശ്യത്തിനുപോലും ശരിയായി വൈദ്യുതി പഞ്ചായത്തിൽ ലഭ്യമല്ല. പകലും സ്റ്റപ്പ്അപ്പ് ഉപയോഗിക്കേണ്ടി വരുന്ന 90 ശതമാനം വീടുകളിൽ പോലും ഫിലമെന്റ് പോലും കാണുവാൻ വിഷമിക്കുന്ന രാത്രികളാണ് നിലനിൽക്കുന്നത് എന്റെ ഉപഭോഗക്താവിനും വൈദ്യുതി ബോർഡിനും ഭരണനേതൃത്വത്തിനും അറിയാവുന്ന സത്യമാണ്. ഇത്രയും രൂക്ഷമായ വൈദ്യുതി പ്രതിസന്ധിനിലനിൽക്കുമ്പോൾ വ്യവസായത്തിന്റെ കാര്യം പറയേണ്ടതില്ലല്ലോ. ഈ പഞ്ചായത്തിലെ വ്യവസായിക വളർച്ചയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്ന പുതിയ കെട്ടിടങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

**c.മുതൽമുടക്ക്:** ഒരു വ്യവസായ ആരംഭത്തിന് മുതൽ മുടക്കുവാൻ സംരംഭകർ തയ്യാറാകേണ്ടതുണ്ട്. എന്നാൽ പല വിദേശമലയാളികളും അതിൽ മടികാട്ടുന്നു. താൽപര്യമുള്ളവർക്ക് മുതൽ മുടക്കുവാനുള്ള സാമ്പത്തിക ഭദ്രതയും കാണാറില്ല. കോൺക്രീറ്റ് മന്ദിരങ്ങൾക്കുവേണ്ടി ലക്ഷങ്ങൾ മുടക്കുമ്പോൾ അതിൽ ഒരംശംപോലും വ്യവസായത്തിനുവേണ്ടി കരുതുവാൻ നമ്മൾ തയ്യാറാവുന്നില്ല. തയ്യാറാക്കുന്നവരെ സാമ്പത്തികമായ സഹായിക്കുവാൻ സർക്കാരോ, വിവിധ പണമിടപാടുസ്ഥാപനങ്ങളോ തയ്യാറാകുന്നില്ല. ആയതിനാൽ ജനങ്ങളെ വ്യവസായികരംഗത്ത് മുതൽ മുടക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തിക ഭദ്രതയില്ലാത്തവർക്ക് സഹായം സർക്കാരും, പണമിടപാടു സ്ഥാപനങ്ങളും നൽകേണ്ടതുമാണ്.

**d. സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങൽ:** ഒരു വ്യവസായം ആരംഭിക്കുന്നതിൽ മുന്നോടിയായി സംരംഭകർ മാസങ്ങളോളം വിവിധ സർക്കാർ ഓഫീസികളിൽ കയറിയിറങ്ങേണ്ടി വരുന്നു. ചിലർ വിജയിക്കുകയും, മറ്റുചിലർ പരാജയം സമ്മതിച്ച് പിൻമാറുകയും ചെയ്യുന്നു. ഇതിൽ ഒരു പരിഹാരം കാണേണ്ടതുണ്ട്. അതിനാവശ്യമായ നടപടികൾ എടുക്കേണ്ടതുമാണ്.

**e. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം:** ഒരു വ്യവസായം ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിക്ക്, അയാൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന വ്യവസായത്തെക്കുറിച്ച് പൂർണ്ണമായ പരിജ്ഞാനം ഉണ്ടായിരിക്കണമെന്നില്ല. ആയതിനാൽ അത്തരം വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും അവർ ആഗ്രഹിക്കുന്ന വിഷയങ്ങളെക്കുറിച്ചും, മെഷിനറികളെക്കുറിച്ചും, അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെക്കുറിച്ചും, ഉപയോഗിക്കേണ്ട മനുഷ്യാദ്ധ്വാനത്തെക്കുറിച്ചും എല്ലാം വ്യക്തമായ

370

പരിജ്ഞാനം ലഭിക്കുവാൻ വേണ്ട സൗകര്യം ഒരുക്കിയെടുക്കേണ്ടതുണ്ട്. ഇത് വ്യവസായ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

**f. അസംസ്കൃതവസ്തുക്കളുടെ അപര്യാപ്തത:** അസംസ്കൃത വസ്തുക്കൾ ശരിയായി ലഭ്യമല്ലാത്ത ഒരു വ്യവസായം വിജയിക്കുക അസാദ്ധ്യമാണ്. നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ച പരാജയപ്പെട്ട ഗ്ലാസ്സ് നിർമ്മാണശാല അതിന് ഉദാഹരണമാണ്. അതിന് കൽക്കത്തയിൽ നിന്നുമാണ് അസംസ്കൃത വസ്തു ലഭ്യമായിരുന്നത്. അതിനാൽ ഉൽപാദനചിലവ് വളരെകൂടുതലായിരുന്നു. അത് മാർക്കറ്റിൽ ഈ ഉൽപന്നത്തിൽ വില കൂട്ടുന്നതിനും ക്രമേണ ഈ വ്യവസായം നിർത്തലാക്കുന്നതിനും കാരണമായി. അത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ, ഈ പഞ്ചായത്തിൽ സൗജന്യമായോ അല്ലെങ്കിൽ കുറഞ്ഞ വിലയ്ക്കോ ലഭ്യമാവുന്ന അസംസ്കൃ വസ്തുക്കൾ ഉപയോഗിച്ച് ചെയ്യാവുന്ന വ്യവസായങ്ങൾ ആരംഭിക്കുന്നതിൽ മുൻഗണന നൽകേണ്ടതുണ്ട്.

**g. തൊഴിൽ സമരങ്ങൾ:** മറ്റു സംസ്ഥാനങ്ങളിലെ പ്രമുഖ വ്യവസായികളിൽ ഭൂരിഭാഗവും മലയാളികളായിരുന്നിട്ടുകൂടി, നമ്മുടെ സംസ്ഥാനത്തിലോ പഞ്ചായത്തിലോ ഒരു നല്ല വ്യസായം ആരംഭിക്കുവാൻ അത്തരം ആളുകൾ തയ്യാറാവാത്തത് എന്തുകൊണ്ട് എന്ന വസ്തുത നാം വിമർശനാത്മകമായി പരിശോധിക്കേണ്ടതുണ്ട്. പ്രധാനമായി തൊഴിൽ സമരങ്ങളാണ് എന്നു കാണാം. നാലോ അഞ്ചോ പേർ ജോലിചെയ്യുന്ന സ്ഥാപനമായാൽപോലും ഇത്തരം സമരങ്ങളുടെ പേരിൽ ക്രമേണ ഈ വ്യവസായം നിന്നു പോരുന്നതായി കാണാം. തൊഴിൽ സമരങ്ങളെ പ്രധാനമായും രണ്ടായി തരം തിരിക്കാം.

1. ഉത്പാദന വർദ്ധനവനുസരിച്ചുള്ള വേതനവർദ്ധന സമരങ്ങൾ.
2. ഉത്പാദന വർദ്ധന ഇല്ലാതെയുള്ള വേതന വർദ്ധന സമരങ്ങൾ.

ഇതിൽ ഒന്നാമത്തേതിനെ പ്രോത്സാഹിപ്പിക്കുകയും രണ്ടാമതു വരുന്നതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടതാണ്. മറ്റുസംസ്ഥാനങ്ങളിൽ കൂലികുറവും ഉത്പാദനക്ഷമത കൂടുതലും നിലനിൽക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് കൂലി കൂടുതലും ഉത്പാദനക്ഷമത കുറവും ആണ് എന്നതാണ് മലയാളികൾ മറ്റു സംസ്ഥാനങ്ങളിൽ മുതൽ മുടക്കുവാൻ തയ്യാറാകുന്നതിന്റെ പ്രധാന വസ്തുത. ഇത് മാറ്റിയെടുക്കുവാൻ നമുക്ക് സാധിക്കുമോ എന്നു പരിശോധിക്കേണ്ടതുണ്ട്.

## പഞ്ചായത്ത് വികസനത്തിൽ വിവിധതരം വ്യവസായങ്ങൾക്കുള്ള പങ്ക്.

1. **പരമ്പരാഗത വ്യവസായങ്ങൾ:** ഇത്തരം വ്യവസായങ്ങൾ പഞ്ചായത്തിൽ നിന്നും പൂർണ്ണമായും മാഞ്ഞു പോയി എന്നു തന്നെ പറയാം. ജാതിതിരിച്ച് തൊഴിൽ വിഭജനം നടത്തിയിരുന്ന ഈ മേഖലയിൽ ജോലിചെയ്തിരുന്ന തൊഴിലാളികൾക്ക് തങ്ങൾ നീചജാതിയിൽ ജനിച്ചവരാണ് എന്ന ബോധം വളർന്നു വന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം വ്യവസായങ്ങൾ ക്ഷയിച്ചുപോകുന്നതിനു കാരണമാക്കിയതും അതിനാൽ ഇത്തരം ബോധം അവരിൽ നിന്നും മാറ്റിയെടുക്കുവാൻ ശ്രമിക്കുകയും, ജാതി മത വിത്യാസമില്ലാതെ താൽപര്യമുള്ള എല്ലാ ആളുകളും ഇത്തരം തൊഴിൽ രംഗത്ത് വരുന്നതിനുവേണ്ടി ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്. എല്ലാ തൊഴിലിനും സമൂഹത്തിൽ ഉന്നതസ്ഥാനമുണ്ടെന്ന് നാം സമൂഹത്തെ ബോധ്യപ്പെടുത്തുകയും ഇത്തരം തൊഴിലുകൾക്ക് ആധുനിക നാമകരണം ചെയ്ത് ശാസ്ത്രീയമായരീതിയിൽ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്താൽ ഇത്തരം മേഖലകളിൽ തൊഴിലാളികളെ നമുക്ക് ലഭ്യമാകും. ഇത്തരം വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ കാലാവസ്ഥയ്ക്കും ഏറ്റവും അനുയോജ്യമായ വ്യവസായങ്ങളിൽ ഒന്നാണ്. അത് പുനരുജ്ജീവിപ്പിക്കുവാൻ നാം കൂട്ടായി ശ്രമിക്കേണ്ടതും അത്തരം ഉൽപന്നങ്ങൾ നാം സ്വയം

ഉപയോഗിച്ച് മറ്റുള്ളവർക്ക് മാതൃക കാട്ടേണ്ടതുമാണ്.

ഉദാ: സ്റ്റീൽ അലൂമിനിയ പാത്രങ്ങളുടെ ഉപയോഗം കുറച്ച് മൺപാത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക.

പ്ലാസ്റ്റിക് പായകൾക്കും, പ്ലാസ്റ്റിക് കുട്ടകൾക്കും പകരം പുല്ലുപായകളും, പനയോലകൊണ്ടുള്ള പായകളും മുളകൊണ്ടുള്ള കുട്ടകളും പ്രചരിപ്പിക്കുക.

2. <u>കുടിൽ വ്യവസായങ്ങൾ:</u> നമ്മുടെ പഞ്ചായത്തിൽ ഏറ്റവും അനുയോജ്യമായ വ്യവസായമേഖലയാണ് കുടിൽ വ്യവസായങ്ങൾ. ഇത്തരം വ്യവസായങ്ങൾക്ക് പഞ്ചായത്തിന്റെ വ്യാവസായിക വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുവാനും ഗൾഫ് സ്വാധീനവലയത്തിൽ മുങ്ങിയ നാം നമ്മുടെ ഒഴിവുസമയങ്ങൾ വീട്ടിലിരുന്നുകൊണ്ടുതന്നെ പഞ്ചായത്തിന്റെ വ്യവസായികവളർച്ചയ്ക്ക് എങ്ങിനെ ഉപയോഗപ്രദമാക്കാം എന്ന് ചിന്തിക്കാറില്ല. ഏതെങ്കിലും ഒരു തൊഴിൽ ചെയ്യുവാനുള്ള താൽപര്യമാണ് നാം സ്വയം വളർത്തിയെടുക്കേണ്ടത്. അതുണ്ടായാൽ മാത്രമേ വ്യവസായിക വികസനം സാദ്ധ്യമാകൂ. അതിന് ഈ 9-ാം പദ്ധതിയുടെ ഭാഗമായി നാമെല്ലാം കൂട്ടമായി ശ്രമിക്കേണ്ടതുണ്ട്. ഏറ്റവും ഉൽപാദനച്ചിലവ് കുറഞ്ഞതും, വിപണന സാദ്ധ്യത ഏറിയതുമായ വസ്തുക്കൾ കണ്ടെത്തി, അതിനുള്ള അസംസ്കൃതവസ്തുക്കൾ ഓരോ വീടുകളിലും ഏൽപിച്ച്, ആ വീടുകളിലെ എല്ലാ അംഗങ്ങളും ചേർന്ന് അവരാവരുടെ ഒഴിവുസമയങ്ങളിലൂടെ അത് ഉൽപന്നമാക്കി, ഓരോ വീട്ടുകാർക്കും അവർ നിർമ്മിച്ച ഉല്പന്നത്തിന് മതിയായ വേതനം നൽകി, ആ ഉല്പന്നം പഞ്ചായത്ത് തലത്തിൽ കേന്ദ്രീകരിച്ച് വിപണനം ചെയ്യുന്ന ഒരു രീതി നാം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഇത്തരം വ്യവസായങ്ങളിൽ ഒന്നോ രണ്ടോ തരം ഉൽപന്നങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നന്നായിരിക്കും. ഉദാ:- നോട്ടുപുസ്തക നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നിവ.

**ചെറുകിട വ്യവസായം:** പരമ്പരാഗത വ്യവസായവും, കുടിൽ വ്യവസായവും പോലെത്തന്നെ നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതയുള്ള വ്യവസായമാണ് ചെറുകിട വ്യവസായം. (മറ്റ് അനുബന്ധവ്യവസായങ്ങൾക്കോ, വൻകിടവ്യവസായങ്ങൾക്കോ പഞ്ചായത്തിൽ തീരെ സാദ്ധ്യത കാണുന്നില്ല.) ചെറുകിട വ്യവസായമായി അംഗീകരിച്ച കുറച്ചുവ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. അതെല്ലാം പരിപൂർണ്ണവിജയമാണെന്ന് പറയുക വയ്യ. അവയിൽ ഭൂരിഭാഗവും കുറഞ്ഞ ഉത്പാദനക്ഷമത മാത്രമുള്ളവയാണ്. അതിൽ നിന്നും മാറ്റം വരുത്തി പരമാവുധി നമ്മുടെ പഞ്ചായത്തിൽ നിന്നും ലഭ്യമായ അസംസ്കൃതവസ്തുക്കളും, പരമാവധി മനുഷ്യശക്തിയും ഉപയോഗപ്പെടുത്തി നിർമ്മിക്കാവുന്ന ഉല്പന്നങ്ങളുടെ കണ്ടെടുത്ത്, അതിൽ കൂടുതൽ വിപണനസാദ്ധ്യതയുള്ളയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള പ്രവർത്തനമാണ് നാം നടത്തേണ്ടത്. ശാസ്ത്രീയമായി വ്യവസായം ആരംഭിക്കുവാൻ നാം പ്രോൽസാഹനം നൽകുകയും, അശാസ്ത്രീയമായി ഏതെങ്കിലും ഒരു വ്യവസായം ആരംഭിച്ച് മാസങ്ങൾക്കുള്ളിൽ അത് അടച്ചുപൂട്ടുന്നത് തടയുകയും വേണം. ഒരു വ്യക്തിയോ, സംഘമോ ഒരു ചെറുകിട വ്യവസായം ആരംഭിക്കുവാൻ തയ്യാറാകുമ്പോൾ ഉടൻതന്നെ SSI രജിസ്ട്രേഷൻ നൽകാതെ അവരുടെ പദ്ധതിയുടെ വിജയസാദ്ധ്യതയും അതിലൂടെയുണ്ടാകുന്ന തൊഴിൽസാദ്ധ്യതയും എല്ലാം പഠിച്ചതിനുശേഷം മാത്രം അംഗീകാരം നൽകുന്ന ഒരു സംവിധാനം പഞ്ചായത്തുതലത്തിൽ തയ്യാറാക്കേണ്ടതുണ്ട്.

**പഞ്ചായത്ത് വികസനത്തിൽ സഹകരണസംഘങ്ങളുടെ പങ്ക്**

വികസനവും, സഹകരണസംഘങ്ങളും തമ്മിൽ വളരെയധികം അടുത്ത ബന്ധം പുലർത്തുന്നുണ്ട്. പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം സഹകരണസംഘങ്ങൾക്ക് നൽകേണ്ടതുണ്ട്.

തവസ്തു വെളിച്ചെണ്ണയായതിനാൽ സഹകരണാടിസ്ഥാനത്തിൽ സോപ്പ്നിർമ്മാണ യൂണിറ്റ് നിർമ്മിച്ച് അവർക്കും ആവശ്യമായ വെളിച്ചെണ്ണ നൽകാവുന്നതാണ്.

**ഗുണങ്ങൾ**

1. നാളികേര ഉത്പാദനം വർദ്ധിക്കുന്നതോടൊപ്പം നാളികേരത്തിന് നല്ല വില കർഷകന് ലഭ്യമാകുന്നു.
2. നല്ലവില ലഭിക്കും എന്നതിനാൽ കൂടുതൽ ആളുകൾ കാർഷികരംഗത്തേക്ക് വരുവാൻ താത്പര്യം പ്രകടിപ്പിക്കും.
3. പഞ്ചായത്തിലെ ബഹുഭൂരിഭാഗം തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും തൊഴിലവസരം ലഭ്യമാകുന്നു.
4. അഭ്യസ്ഥവിദ്യരായ വിദഗ്ദതൊഴിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ആളുകളെ മറ്റു സംസ്ഥാനങ്ങളിലേക്കും, മറ്റു രാജ്യങ്ങളിലേക്കും പറഞ്ഞയക്കണം. അവരുടെ കഴിവ് നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിക്കും അവരുടെ തന്നെ പുരോഗതിക്കും വേണ്ടി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നു.
5. നമ്മുടെ ആവശ്യത്തിനുള്ള വെളിച്ചെണ്ണ ശുദ്ധമായതും, മിതമായ വിലക്കും സഹകരണ സ്റ്റോർ വഴി നമുക്ക് ലഭ്യമാകുന്നു.
6. തൊഴിൽ നികുതിയിനത്തിലും, മറ്റു വകയിലും പഞ്ചായത്തിന് വരുമാനം വർദ്ധിക്കുന്നു.
7. അതോടൊപ്പം പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾ സജീവമാക്കാൻ നമുക്കു കഴിയുന്നു.
8. മറ്റു സംസ്ഥാനങ്ങളിൽ നിന്നും, മറ്റു രാജ്യങ്ങളിൽനിന്നും നസമ്പത്ത് നമ്മുടെ സംസ്ഥാനത്തിലേക്കും, നമ്മുടെ പഞ്ചായത്തിലേക്കും എത്തിപ്പെടും.

**കാലിത്തീറ്റ**

വെളിച്ചെണ്ണ സംസ്കരിച്ചെടുത്തതിനുശേഷം ലഭിക്കുന്ന പിണ്ണാക്ക് ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഒരു ഉത്പന്നമാണ്. കാലിത്തീറ്റ നിർമ്മാണം അതിനു വേണ്ടി അതിനു താത്പര്യമുള്ള തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണ സംഘം രൂപീകരിക്കുകയും അവർ പിണ്ണാക്കിനോടൊപ്പം നമുക്ക് ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കളും ചേർത്ത് അത്യുത്പാദന ശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ കേന്ദ്രം സ്ഥാപിതമാവുന്നതാണ്. ഇതിനുവേണ്ട സാങ്കേതിക പരിജ്ഞാനം തൊഴിലാളികൾക്ക് നൽകുകയും, ഇത്തരം വ്യവസായശാലകളിൽ ജോലിചെയ്ത് പരിചയമുള്ള ആളുകൾ പഞ്ചായത്തിൽ ഉണ്ടെങ്കിൽ അവരുടെ സഹകരണം തേടുകയും ചെയ്യാവുന്നതാണ്. ഇത് വളരെ വിജയകരമായി നടപ്പിലാക്കാവുന്ന ഒരു വ്യവസായമാണ്. ഈ പിണ്ണാക്ക് കൊണ്ട് തന്നെയാണ് 'ക്രഞ്ച്' പോലുള്ള ബിസ്കറ്റുകൾ നിർമ്മിച്ച് നമ്മുടെ വിപണികളിൽ ഇറങ്ങുന്നത് എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഗുണങ്ങൾ**

1. തൊഴിലവസരം വർദ്ധിക്കുന്നു
2. വരുമാനം വർദ്ധിക്കുന്നു (ജനങ്ങളുടെയും ഒപ്പം പഞ്ചായത്തിന്റെയും)
3. അസംസ്കൃത വസ്തുവായ പിണ്ണാക്ക് സൗജന്യമായി ലഭിക്കുന്നു.
4. ശുദ്ധമായ കാലിത്തീറ്റ കുറഞ്ഞവിലക്ക് നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നു.
5. ബാക്കിവരുന്നവ നമ്മുടെ പഞ്ചായത്തിന് പുറത്ത് വിൽപനക്ക് സാദ്ധ്യമാകുന്നു.

**കയറുൽപന്നങ്ങൾ**

തെങ്ങിൽ നിന്നും ലഭിക്കുന്ന ഏറ്റവും പ്രധാനമായ മറ്റൊരു അസംസ്കൃതവസ്തുവാണ് ചകിരി. ഒരുപാട് സാദ്ധ്യതയുള്ള ഉൽപന്നങ്ങൾ ചകിരി കൊണ്ട് നിർമ്മിക്കുവാൻ സാധിക്കും. അതിന് പ്രധാനമായവയാണ് കയർ, ചവിട്ടി, കിടക്ക, മാലകൾ എന്നിവ. എന്നിട്ടും ഈ ചകിരി നാം കത്തിച്ചു കളയുകയും കുഴികളെല്ലാം തൂർക്കുന്നതിനുവേണ്ടി നാം ഉപയോഗിക്കുകയും ചെയ്യുന്നു. അങ്ങിനെ ചെയ്യുമ്പോൾ ലഭിക്കുന്ന ഗുണത്തേക്കാൾ എത്രയോ മടങ്ങ് ഗുണമാണ് ചകിരിയെ

മേൽ പറഞ്ഞ ഏതെങ്കിലുംഉൽപന്നമാക്കി മാറ്റുമ്പോൾ നമുക്ക് ലഭ്യമാകുന്നത്. തൊഴിലവസരങ്ങൾ ലഭിക്കുന്നതിനാൽ ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നതാകുകയും അതോടൊപ്പം സാമൂഹ്യരംഗത്തെ ഉയർച്ചയും ഉണ്ടാകുന്നു. ഇതിനു വേണ്ടി സ്കൂളുകളിൽ ഒരു നിശ്ചിതസമയം തൊഴിൽ പരിശീലനം നൽകുകയും അങ്ങിനെ ലഭ്യമാകുന്ന ഉത്പന്നങ്ങൾ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിച്ച് മേൽത്തരം ഉത്പന്നങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ ഉണ്ടാക്കി പഞ്ചായത്തിന് പുറത്ത് വിൽപന നടത്തുകയും ചെയ്യാവുന്നതാണ്. ഈ പഞ്ചായത്തിലെ അസംസ്കൃതവസ്തുക്കൾ പോരാതെ വന്നാൽ മറ്റുപഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച് ഉത്പാദനം നടത്താവുന്നതാണ്. ചിലവ് താരതമ്യേന കുറഞ്ഞ വ്യവസായമാണ് ഇതെന്നതിനാൽ ഇത്തരം വ്യവസായങ്ങൾ പ്രാധാന്യമർഹിക്കുന്നു.

ഗുണങ്ങൾ

1. വില കുറഞ്ഞ അസംസ്കൃതവസ്തു ഉപയോഗിച്ച് വിലകൂടിയ ഉൽപന്നങ്ങൾ നിർമ്മിക്കുവാൻ കഴിയില്ല.
2. തൊഴിൽ സാദ്ധ്യത വീണ്ടും വർദ്ധിക്കും.
3. അസംസ്കൃതവസ്തുക്കളുടെ ലഭ്യത വളരെ കൂടുതലാണ്.
4. വ്യവസായത്തിൽ മുതൽമുടക്ക് കുറവാണ്.
5. സ്കൂളിൽ പരിശീലനം കൊടുക്കുന്നതോടെ ഭാവിയിൽ വിദഗ്ദ തൊഴിലാളികളെ പഞ്ചായത്തിൽ നിന്ന് തന്നെ ലഭ്യമാകും. അതോടൊപ്പം ഉൽപാദനം വർദ്ധിക്കും.
6. കുട്ടികൾക്ക് ജോലി ചെയ്യുവാനുള്ള താത്പര്യം വർദ്ധിക്കുന്നു.

## ഇളനീരുകൊണ്ടുള്ള ശീതള പാനീയങ്ങൾ

മാങ്ങ കൊണ്ട് നിർമ്മിക്കുന്ന ഫ്രൂട്ടിയും, മറ്റ് ബോട്ടിൽ ചെയ്ത ശീതള പാനീയങ്ങളും മാർക്കറ്റിൽ സുലഭമായി ലഭിക്കുമ്പോൾതന്നെ നമുക്ക് സുലഭമായി ലഭിക്കാവുന്ന ഇളനീർ സംസ്കരിച്ച് പാക്കറ്റിലാക്കി ശീതള പാനീയമാക്കി മാർക്കറ്റിൽ ഇറക്കേണ്ടതിനെ പറ്റി സമഗ്രമായി പഠിക്കേണ്ടതുണ്ട്. വലുപ്പവും കനവും ഉള്ളതിനാൽ നമുക്ക് ലഭിക്കുന്ന അസംസ്കൃതവസ്തുവായ ഇളനീർ റോഡുകളിൽ എന്നതൊഴിച്ച് മറ്റു വിപണികളിൽ എത്തിക്കുക പ്രയാസമാണ്. അതിനാൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ഇളനീർ സംസ്കരിച്ചെടുത്ത് പ്ലാസ്റ്റിക് പാക്കറ്റുകളിലാക്കി വിപണിയിൽ എത്തിക്കുവാൻ കഴിയുകയാണെങ്കിൽ, അത് വൻവിജയമായിരിക്കും എന്നതിൽ സംശയമില്ല.

## ചിരട്ടകൊണ്ടുള്ള കരകൗശലവസ്തുക്കൾ

നാം നിസ്സാരമായി കത്തിച്ചുകളയുന്ന ചിരട്ട പഞ്ചായത്തിന്റെ വ്യാവസായികവളർച്ചയായി വളർത്തി എടുക്കേണ്ടത് അത്യാവശ്യമാണ്. ചിരട്ട എന്ന അസംസ്കൃതവസ്തു വിരളമായി ലഭിക്കുന്ന മറ്റു സ്ഥലങ്ങളിൽ വെച്ച് നിർമ്മിച്ച ചില ഉത്പന്നങ്ങളാൽ ഇന്ന് നമ്മുടെ പല കര കൗശല പ്രദർശന ശാലകളിലും കണ്ടുവരുന്നത്. ആ സ്ഥിതി മാറ്റിയെടുത്ത്, എല്ലാതരം കരകൗശലവസ്തുക്കളും നമ്മുടെ പഞ്ചായത്തിൽ തന്നെ നിർമ്മിച്ചെടുക്കുവാൻ നാം തയ്യാറാകേണ്ടതാണ്. പരമ്പരാഗത വ്യവസായം നിലനിന്നിരുന്ന കാലങ്ങളിൽ ചില തൊഴിലാളികൾ ചിരട്ടക്കയ്യിലും മറ്റും നിർമ്മിച്ച് വിതരണം ചെയ്തിരുന്നത് മറക്കുകവയ്യ. അതിൽ നിന്ന് വ്യത്യസ്ഥമായി കയ്യിലുകളും, മറ്റ് ചെറിയ പാത്രങ്ങളും മറ്റ കരകൗശല വസ്തുക്കളും നിർമ്മിക്കുവാൻ താത്പര്യമുള്ള ഒരു സംഘം രൂപീകരിച്ച് അവർക്ക് സാങ്കേതിക വൈദഗ്ദ്യ പരിശീലനം കൊടുത്ത് മികച്ചതരം ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ചെടുക്കാൻ നാം ശ്രമിക്കേണ്ടതാണ്. അതോടൊപ്പം തന്നെ നാം ഉപയോഗിക്കുന്ന സ്റ്റീൽ, അലൂമിനിയം ഉത്പന്നങ്ങൾ പരമാവധി മാറ്റി അവക്ക് പകരം നാം തന്നെ നിർമ്മച്ചെടുക്കുന്ന ഇത്തരം ഉത്പന്നങ്ങൾ ഉപയോഗിച്ച് അവക്ക് പ്രചാരം കൊടുക്കുകയും ചെയ്യേണ്ടതാണ്. വിദേശ രാജ്യങ്ങളിൽ ഇത്തരം ഉത്പന്നങ്ങൾ വലിയ മാർക്കറ്റ് ആയിരിക്കുകയും ചെയ്യും.

## മറ്റുള്ളവ (തെങ്ങിൽ നിന്ന്)

തെങ്ങിൽ നിന്നും ലഭിക്കുന്ന മറ്റ് അസംസ്കൃതവസ്തുക്കളാണ് ഓല, വിറക്, തടി എന്നിവ. ഇതിൽ ഓലയും മറ്റും ഇന്നും വീടുകെട്ടുവാനും മറ്റുമായി ഉപയോഗിക്കുന്നു. എങ്കിലും മറ്റ് സ്ഥലങ്ങളിലേക്ക് വീടുമേയുന്നതിനു വേണ്ടിയും ഇവിടെനിന്നും ഓല കയറ്റി അയക്കുന്നുണ്ട്. ചകിരിയും, ചിരട്ടയും നാം വ്യാവസായിക ഉത്പന്നമാക്കി മാറ്റുമ്പോൾ അവയുടെ സ്ഥാനത്ത് ജൈവ ഊർജ്ജത്തിനായി തെങ്ങിന്റെ ബാക്കി ഭാഗങ്ങൾ ഉപയോഗിക്കാവുന്നതാണ്. വിറകും പഞ്ചായത്തിൽ നിന്നും മറ്റുഭാഗങ്ങളിലേക്ക് കൊണ്ടുപോകുന്നു.

തെങ്ങിന്റെ തടി വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കാവുന്ന ഒരു ഉല്പന്നമാണ്. ഓടും ഓലയും ഉപയോഗിച്ച് പണിയുന്ന കെട്ടിടങ്ങൾക്കാണ് സാധാരണയായി നാട്ടിൽ തെങ്ങിന്റെ തടി ഉപയോഗിക്കുന്നത്. എന്നാൽ നല്ല മൂത്ത തടികൾ ഫർണ്ണീച്ചർ നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

തെങ്ങിന്റെ തടി വ്യാവായികാടിസ്ഥാനത്തിൽ ഉപയോഗിക്കാവുന്ന ഒരു ഉല്പന്നമാണ്. കടഞ്ഞെടു തെങ്ങിന്റെ തടികൊണ്ടുള്ള ഫർണ്ണീച്ചർ അത്യന്തം സുന്ദരമാണ്.

## നെല്ല്

നമ്മുടെ നാട്ടിൽ തെങ്ങ് കൃഷി കഴിഞ്ഞാൽ അടുത്ത സ്ഥാനം നെല്ലുൽപന്നത്തിനാണ്. കൂലിച്ചിലവിലുണ്ടായ വർദ്ധനവിനാലും പകുതിയോളം ആളുകൾ കൃഷി ഉപേക്ഷിച്ച് കൃഷിയിടങ്ങൾ തരിശ്ശായി ഇടുകയും അവരിൽ ചിലർ കൃഷിയിടം തൂർത്ത് പറമ്പാക്കി ഇടുകയുമാണ് ഉണ്ടായിട്ടുള്ളത്. സ്വന്തം ആവശ്യത്തിനു പോലും മറ്റുസംസ്ഥാനങ്ങളിൽ ഉത്പാദിപ്പിച്ച് കേരളത്തിൽ വിപണിയാക്കിയ അരിയാണ് ഉപയോഗിച്ചുവരുന്നത്. ഗൾഫ് രാജ്യങ്ങളിൽ ഇന്നാട്ടുകാർ സ്ഥാനം പിടിച്ചതോടുകൂടി അവരുടെ സമ്പാദ്യം കൊണ്ട് ജോലി ചെയ്യാതെ ജീവിക്കുക എന്ന നിലവന്നു.ഇവിടെ തൊഴിലില്ലായ്മ നിലനിൽക്കുമ്പോൾ തന്നെ തമിഴ് നാട്ടിലെയും മറ്റും ആളുകൾ ഇവിടെ വന്ന് വലിയ കൂലിയും വാങ്ങി ജീവിച്ചുവരുന്നു. നമ്മുടെ നാട്ടുകാർ വിദേശത്ത് ജോലിചെയ്യുകയും, നമുക്കുവേണ്ടി മറ്റു സംസ്ഥാനക്കാർ ജോലി ചെയ്യുകയും ചെയ്യുന്നത് പരസ്പരവിരുദ്ധം തന്നെ. ആയതിനാൽ കൃഷിമേഖല ചിലവു കുറഞ്ഞതാക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കുകയും ഈ പഞ്ചായത്തിലെ നെല്ലുത്പാദനശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അങ്ങിനെ ഉത്പാദനം വർദ്ധിക്കുകയാണ് എങ്കിൽ നമ്മുടെ ആവശ്യത്തിനുള്ള അരി മാറ്റിവെച്ചതിനു ശേഷം ബാക്കിയുള്ളവ മറ്റു പഞ്ചായത്തിൽ നിന്ന് സംഭരിക്കുന്നവയും എടുത്ത് ഇന്ന് മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങളിലും കാണുന്നതു പോലെ കല്ലില്ലാത്ത അരി ആക്കി വില്പന നടത്തുന്നതും ആലോചിക്കാവുന്നതാണ്. ഇത് സ്ത്രീകൾക്കും കുട്ടികൾക്കും ചെയ്യാവുന്ന ജോലിയായതു കൊണ്ട് അത് അവരുടെ ഉയർച്ചക്കും, സമ്പാദ്യത്തിനും അതോടൊപ്പം സാമൂഹ്യവളർച്ചക്കും സഹായകമാകും.

## രാമച്ച വ്യവസായം

പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ, വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്ത് അസംസ്കൃതവസ്തുവായി മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്ന കൃഷിയാണ് രാമച്ചകൃഷി. ഒരു ആയുർവ്വേദ ഉൽപന്നമായ രാമച്ചം മറ്റു സംസ്ഥാനങ്ങളിലെത്തി സംസ്കരിച്ച് കിടക്കകളും, വിശറികളും ഉത്പാദിപ്പിച്ച് വീണ്ടും കേരളത്തിന്റെ മാർക്കറ്റുകളിൽ തന്നെയെത്തുന്നു. രാമച്ചകൃഷി വ്യാവസായിക അടിസ്ഥാനത്തിൽ ചെയ്യുന്നുണ്ടെങ്കിലും പലരും ശാസ്ത്രീയമായ രീതിയിലല്ല കൃഷി കൈകാര്യം ചെയ്യുന്നത് എന്നതുകൊണ്ട് വലിയൊരു തൊഴിൽമേഖല സൃഷ്ടിക്കുവാനോ, വലിയതോതിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിന് ആക്കം കൂട്ടുവാനോ ഈ കൃഷി കൊണ്ട് കഴിഞ്ഞിട്ടില്ല.

ഈ കൃഷി ഏതാനും വ്യക്തികളിലാണ് ഒതുങ്ങി നിൽക്കുന്നത്, അതിലുപരി പഞ്ചായത്തിന്റെ കഴിയാവുന്ന ഭാഗങ്ങളിൽ രാമച്ചം ഇടവിളയായി കൃഷി ചെയ്യുവാൻ വേണ്ട നടപടികൾ എടുക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ നല്ലപോലെ വളരുന്ന ഒരു ഉത്പന്നമാണ് ഇത്. ഇതിന് കാര്യമായ വളങ്ങളോ, കീടനാശിനികളോ ആവശ്യമില്ല. ഇതിന് ഔഷധവീര്യമുള്ളതിനാൽ ജീവികളുടെ ആരോഗ്യത്തിനുകൂടി ഇതിന്റെ സാമീപ്യം കൊണ്ട് ഗുണം ചെയ്യുന്നു. വിശറിയായി ഈ ഉത്പന്നം ഉപയോഗിക്കുന്നതും ഈ ഉദ്ദേശത്തോടുകൂടിയാണ്. ഈ 9-ാം പദ്ധതിയോടുകൂടി രാമച്ചകൃഷി വ്യാപകമാകുകയും നമുക്ക് ലഭിക്കുന്ന അസംസ്കൃതവസ്തു മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സ്വയം സംസ്കരിച്ചെടുത്ത് കിടക്ക, വിശറി എന്നീ ഉത്പന്നങ്ങളാക്കി മാറ്റി വിപണനം ചെയ്യേണ്ടതാണ്. മറ്റ വിധത്തിലുള്ള തലയിണകളും, കിടക്കകളും ഉപേക്ഷിക്കുവാനും, ഇത്തരം രാമച്ചത്തിന്റെ കിടക്കകളും, തലയിണകളും ഈ പഞ്ചായത്തിലെ നിവാസികളായ നമ്മൾ മാതൃകാപരമായി ഉപയോഗിക്കുവാൻ തയ്യാറാകുകയും ബാക്കി കൂടുതലായി ഉത്പാദിപ്പിക്കുന്ന ഉത്പന്നം വിറ്റഴിക്കുന്നതിന് മറ്റു വിപണികൾ കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

**ഗുണങ്ങൾ**

1. കൂടുതൽ തൊഴിൽ ലഭ്യത
2. വ്യക്തികളുടേതിനൊപ്പം സഹകരണസംഘത്തിന്റെയും, പഞ്ചായത്തിന്റെയും സാമ്പത്തികവികസനം.
3. ഇതിന് ഔഷധ ഗുണമുള്ളതിനാൽ നമ്മൾ ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ഗുണകരമാണ്.
4. അസംസ്കൃതവസ്തുക്കൾ നമ്മൾ തന്നെ നിർമ്മിക്കുന്നതിനാൽ അസംസ്കൃതവസ്തുക്കളുടെ അഭാവം ഉണ്ടാകുകയില്ല.
5. ഉത്പന്നത്തിന്റെ കുറഞ്ഞ സാമ്പത്തികചിലവ്.

## കശുവണ്ടി വ്യവസായം

തീരെ മോശമല്ലാത്തരീതിയിൽ നടക്കുന്ന ഒരു കൃഷിയാണ് കശുമാവ് കൃഷി. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിലാണ് ഈ കൃഷി വ്യാപകമായി നടക്കുന്നത്. എന്നാൽ ഇത് വ്യവസായികമായി എങ്ങിനെ വളർത്തിയെടുക്കണം എന്ന് നമ്മൾ ഇതുവരെ ചിന്തിച്ചിട്ടില്ല എന്ന് തോന്നുന്നു. കശുമാങ്ങ, അണ്ടിപരിപ്പ്, വിനാഗിരി, ജാം തുടങ്ങിയ തുടങ്ങിയ ഉത്പന്നങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയുന്ന ഒരു വ്യവസായമാണ് കശുവണ്ടി വ്യവസായം. അതിൽ ഏറ്റവും വിലകൂടിയ ഉത്പന്നമാണ് കശുവണ്ടിപ്പരിപ്പ്. നമ്മുടെ നാട്ടിൽ കശുവണ്ടി വ്യാപകമായി ഉപയോഗിക്കാം എങ്കിലും ഇത് നമുക്ക് മറ്റുവിപണികളിൽ നിന്നും കൂടുതൽ വിലകൊടുത്ത് വാങ്ങിക്കേണ്ടി വരുന്നു. ഈ 9-ാം പദ്ധതിയിൽ വളരെ പ്രധാനപങ്ക് കശുമാവ് കൃഷി വളർത്തിയെടുക്കുന്നതിന് വേണ്ടി മാറ്റി വെക്കേണ്ടതുണ്ട്. അധികം സംരക്ഷണം നൽകാതെ വിള തരുന്ന വൃക്ഷമാണ് കശുമാവ്. അത് പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കുകയും അത് സംസ്കരിച്ചെടുത്ത് വിവിധ ഉൽപന്നങ്ങളാക്കുന്നതിനുള്ള സാങ്കേതികവിദ്യനൽകി വിദഗ്ദ തൊഴിലാളികളെ സൃഷ്ടിക്കുകയും അവരിലൂടെ ഈ വ്യവസായം സഹകരണാടിസ്ഥാനത്തിൽ വളർത്തിയെടുക്കേണ്ടതും പഞ്ചായത്തിന്റെ വ്യാവസായിക വളർച്ചക്കു വേണ്ടി ചെയ്യാവുന്നതാണ്.

## പപ്പട വ്യവസായം

ഈ പഞ്ചായത്തിൽ ഉദ്ദേശം ഇരുപതോളം പപ്പടക്കമ്പനികൾ ഉണ്ട്. എല്ലാം തന്നെ മൂന്നും നാലും പേർ മാത്രം ജോലി ചെയ്യുന്ന കമ്പനികളാണ്. ഇതുകൊണ്ടുമാത്രം ഓരോ കുടുംബങ്ങൾ കഴിഞ്ഞുപോരുന്നുണ്ട്. എന്നാൽ ചിലവുകഴിഞ്ഞ് മിച്ചം വെക്കാൻ ഇവർക്ക് കഴിയുന്നില്ല. അസംസ്കൃത പദാർത്ഥമായി കടലമാവിന് വലിയ വിലയായതിനാൽ പപ്പടത്തിനും വില വർദ്ധിപ്പിക്കേണ്ടി വരുന്നു. ഈ ചെറിയ വ്യവസായ യൂണിറ്റുകൾക്ക് അതിനു ചുറ്റുപാടും മാത്രമാണ് പപ്പടം വിതരണം

ചെയ്യുവാൻ കഴിയുന്നത്. എന്നാൽ ഇത്രയും യൂണിറ്റുകൾ ഒന്നിച്ച് ഒരു സഹകരണസംഘമാക്കി കുറച്ചുകൂടി വലിയ രീതിയിൽ ആരംഭിച്ച് ഗുണനിലവാരം അറിയിക്കുന്ന ചിഹ്നത്തോടു കൂടി വിപണിയിൽ എത്തിക്കുവാൻ കഴിഞ്ഞാൽ അതു വലിയനേട്ടമായിരിക്കും. പഞ്ചായത്തിലെ വലിയൊരു വിഭാഗം തൊഴിലാളികൾ രാജ്യത്തിന്റെ പല ഭാഗങ്ങളിൽ പോയി പപ്പടപണി ചെയ്യുന്നുണ്ട്. അവരുടെയെല്ലാം സഹകരണത്തോടുകൂടി ഒരു പ്രത്യേകപേരിൽ പപ്പടം നിർമ്മിച്ച് കേരളമാകെ എത്തിക്കാവുന്ന ഒരു സംവിധാനം ഉണ്ടാക്കിയാൽ ഈ വ്യവസായം പഞ്ചായത്തിലെ ഏറ്റവും നല്ല വ്യവസായമാക്കി മാറ്റിയെടുക്കുവാൻ കഴിയും. അതോടെ അന്യനാടുകൾ വിട്ട് സ്വന്തം നാട്ടിൽ തന്നെ അവന്റെ മാനുഷിക അദ്ധ്വാനം ചിലവഴിച്ച് കുടുംബത്തിനോടൊപ്പം ജീവിക്കുവാനും, നാടിന് വ്യാവസായിക അടിത്തറ ഉണ്ടാക്കുവാനും കഴിയും എന്നതിൽ സംശയമില്ല. ഇത് ഈ പദ്ധതിക്കാലത്ത് പ്രത്യേക പരിഗണന നൽകേണ്ട ഒന്നാണ്.

### ബീഡി വ്യവസായം

ഇത് ആരോഗ്യത്തിന് ഹാനികരമാണെങ്കിലും ഈ പഞ്ചായത്തിൽ കുടിൽ വ്യവസായമായി ആരംഭിച്ച് വിജയിപ്പിക്കുവാൻ സാധ്യതയുള്ള ഒന്നാണ്. ഇത് വീട്ടമ്മമാർക്ക് വരുമാനമുണ്ടാക്കി കൊടുക്കുന്നു. ദിനേശ് ബീഡിയുടെ ശാഖ ലഭിക്കുകയാണ് എങ്കിൽ ഇതും ആലോചിക്കാവുന്നതാണ്.

### വസ്ത്ര നിർമ്മാണം

ആധുനിക കാലത്ത് വളരെയധികം പ്രചാരം ലഭിച്ചിട്ടുള്ള ഒന്നാണ് റെഡിമെയ്ഡ് വസ്ത്രങ്ങൾ. പഞ്ചായത്തിൽ പൊതുവെ ജനങ്ങൾ വലിയൊരുതുക വസ്ത്രങ്ങൾക്കായി ചിലവഴിക്കുന്നുണ്ട്. പ്രത്യേകിച്ച് ഓണം, വിഷു, പെരുന്നാൾ, ക്രിസ്തുമസ് എന്നീ അവസരങ്ങളിൽ. പെരുന്നാളിനാണ് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വസ്ത്രങ്ങൾ വിറ്റഴിക്കുന്നത് എന്ന് വ്യാപാരികൾ പറയുന്നു. റെഡിമെയ്ഡ് അധികവും ഡൽഹി, ബോംബെ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിർമ്മിച്ച് വരുന്നവയാണ്. ഈ പഞ്ചായത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ വസ്ത്ര നിർമ്മാണം നടക്കുന്നില്ല. എന്നാൽ ഈ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരെണ്ണം സ്ഥാപിക്കുകയാണ് എങ്കിൽ ഈ വ്യവസായം വളർത്തിയെടുക്കാൻ കഴിയും. പെരുന്നാൾ അവസരത്തിൽ രണ്ടും, മൂന്നും ലക്ഷം രൂപയുടെ കച്ചവട് പഞ്ചായത്തിൽ നടക്കന്നുണ്ട്. ഇത്തരം വസ്ത്രങ്ങൾ ഇവിടെ നിർമ്മിച്ച് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിനു ശേഷം മറ്റുവിപണകളിൽ വില്പന നടത്താവുന്നതാണ്. പ്രധാനമായും വനിതാ സഹകരണ സംഘങ്ങളെയാണ് ഈ ജോലി ഏല്പിക്കേണ്ടത്. ആദ്യം അത്തര് വനിതാ സഹകരണസംഘങ്ങൾക്ക് പരിശീലനംനൽകേണ്ടതാണ്. അതോടൊപ്പം നാം ഇവിടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നം ഉപയോഗിക്കുന്നതിനുവേണ്ടി ജനങ്ങളെ ഉത്ബോധിപ്പിക്കേണ്ടതും ആവശ്യമാണ്. വിദേശ വസ്ത്രങ്ങൾ ഒഴിവാക്കുവാനും, സ്വദേശത്ത് നിർമ്മിക്കുന്ന വസ്ത്രങ്ങൾ ഉപയോഗിക്കുവാനും അവരെ പ്രേരിപ്പിക്കണം. അതോടെ റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും ഈ പഞ്ചായത്തിൽ നമുക്ക് വികസിപ്പിച്ചെടുക്കാനാകും.

### ഐസ് ഫാക്ടറി

ഇത് മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുകിടക്കുന്ന വ്യവസായമാണ്. അറബിക്കടൽ ഒരതിരായിക്കിടക്കുന്ന ഈ പഞ്ചായത്തിലെ വലിയൊരു ശതമാനം കുടുംബങ്ങൾ മത്സ്യവ്യവസായവുമായി ബന്ധപ്പെട്ടാണ്. ഉപജീവനം നടത്തുന്നത്. അതിനാൽ ലഭിക്കുന്ന മത്സ്യം ഉടൻതന്നെ കേടുവരാതെ സൂക്ഷിക്കുന്നതിന് ഐസ് ആവശ്യമാണ്. ഈ ആവശ്യത്തിലേയ്ക്കായി പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് ഒരു ഐസ് ഫാക്ടറി സ്ഥാപിക്കേണ്ടതും അനിവാര്യമാണ്.

**IX മത്സ്യവ്യവസായം**

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന വ്യവസായമാണ് മത്സ്യവ്യവസായം. പഞ്ചായത്തിന്റെ പടിഞ്ഞാറ് അതിര് അറബിക്കടലാണ്. അതിനോടനുബന്ധിച്ച് ഉപജീവനം നടത്തുന്ന തൊഴിലാളികളാണ്. പടിഞ്ഞാറ് ഭാഗത്തു താമസിക്കുന്നവരിൽ ഭൂരിഭാഗവും ഈ വ്യവസായം വളർച്ചക്കുവേണ്ട സാമ്പത്തിക സഹായങ്ങൾ 9-ാം പദ്ധതിയോടെ ചെയ്യേണ്ടതാണ്.

**X ക്രാസി വ്യാസം**

ഹോളോബ്രിക്സ്, കോൺക്രീറ്റ് കട്ടിലുകൾ, ജനലുകൾ, വെന്റിലേറ്റുകൾ എന്നിവ നിർമ്മിക്കുന്ന ഈ വ്യവസായം പഞ്ചായത്തിൽ ആരംഭിക്കാവുന്ന ഒന്നാണ്. മരത്തിന് തീപിടിച്ച വിലയുള്ളപ്പോൾ ഇടത്തരം കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നത് ഇത്തരം വ്യവസായമാണ്. ഇത്തരം റെഡിമെയ്ഡ് ഉൽപന്നങ്ങൾ കെട്ടിടനിർമ്മാണത്തെ ചിലവു കുറച്ചതും, പെട്ടെന്ന് ചെയ്തു തീർക്കാവുന്നതും ആയ ഒന്നാക്കിത്തീർത്തിരിക്കുന്നതോടൊപ്പം തന്നെ കോൺക്രീറ്റ് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരം നൽകുന്നുണ്ട്.

**XI ഫർണീച്ചർ നിർമ്മാണവ്യവസായം**

ഈ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന ഫർണീച്ചർ കമ്പനികളാണുള്ളത്. അവയെല്ലാം ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപോയഗിച്ചാണ് അവിടെ ഓർഡർ അനുസരിച്ച് ചെറിയ കുറച്ചു കടകളിലേയും, ചില സെറ്റിലേയ്ക്കും എത്തിക്കാവുന്നത്ര മാത്രമേ വികസിപ്പിച്ചെടുത്തിട്ടുള്ളു. ചെറിയ മുതൽമുടക്കിൽ ചില സ്വകാര്യവ്യക്തികൾ ആരംഭിച്ചിട്ടുള്ള ഈ കമ്പനികളിൽ ആകെ ഇരുപതോളം പേർ ജോലിചെയ്യുന്നുണ്ട്. അവരെല്ലാം ശരാശരി ജീവിച്ചു പോകുകമാത്രമാണ് ചെയ്യുന്നത്. കാർപെന്റർമാർക്ക് പൊതുവെ ക്ഷാമമുണ്ടെങ്കിലും ചിലർ തൊഴിൽ രഹിതരാണ് എന്നു കാണാം. എന്നിൽ കൂടി ഈ മേഖലയിൽ വിദഗ്ദരായ തൊഴിലാളികളുടെ ദൗർലഭ്യം നിലവിലുണ്ട്. അതിനാൽ ഈ പഞ്ചായത്തിൽ സ്കൂളുകളിൽ ഇതിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകേണ്ടതുണ്ട്. പഞ്ചായത്തിൽ വിദഗ്ദ തൊഴിലാളികളുടെ രൂപീകരിക്കുകയും അവരെ ഉപയോഗപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ വലിയൊരു വ്യവസായശാല ആരംഭിക്കുകയും ഫർണീച്ചർ വ്യവസായത്തിൽ ആവശ്യമാണ്. ഇതിലേക്ക് ആവശ്യമായ തൊഴിലാളികളെ സ്കൂളുകളിൽ വച്ചുതന്നെ പരിശീലിപ്പിച്ച് എടുക്കുകയും വേണം. ഇതിൽ കൂടുതൽ മുതൽ മുടക്ക് ആവശ്യമാണ്. കൂടാതെ അസംസ്കൃത വസ്തുക്കൾ. മറ്റു ഭാഗങ്ങളിൽ എത്തിക്കുകയും വേണം. ഈ പഞ്ചായത്തിൽ ലഭ്യമല്ല.

**XII. ബുക്ക് ബൈൻഡിംഗ്**

കേരളത്തിലും ഇന്ത്യയിൽ തന്നെയും ബുക്ക് ബൈൻഡിംഗ് വ്യവസായത്തിൽ പ്രസിദ്ധിയാർജ്ജിച്ച കുന്നംകുളത്തിനടുത്തായ പഞ്ചായത്തായിട്ടുപോലും ഒരു ബുക്ക് വൈൻഡിംഗ് യൂണിറ്റുപോലും നമ്മുടെ പഞ്ചായത്തിലില്ല എന്നാത് നമ്മുടെ വ്യാവസായിക രംഗത്തെ ശോച്യാവസ്ഥ വിളിച്ചറിയിക്കുന്നതാണ്. സഹകരണ മേഖലയിൽ മുൻതൂക്കംകൊടുത്തുകൊണ്ട് ഇത്തരം ഒരു വ്യവസായ യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിലുള്ള ഓരോ സ്കൂളുകളിലും പുസ്തകനിർമ്മാണം പരിശീലിപ്പിക്കുകയും അവർ ഉൽപാദിപ്പിക്കുന്ന പുസ്തകങ്ങൾ സ്കൂളിൽ തന്നെ ചുരുങ്ങിയ വിലയ്ക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയും കൂടുതലായുണ്ടെങ്കിൽ പഞ്ചായത്തുകൾമുഖേനെ ബുക്ക് ബൈൻഡിംഗ് സഹകരണസംഘത്തിന് വിൽക്കുകയും ചെയ്യുന്ന ഒരു രീതി പഞ്ചായത്തിൽ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഇത് വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിനും, കുറഞ്ഞവിലയ്ക്ക് പുസ്തകം ലഭിക്കുന്നതിനും സഹായകമാകും. ഈ വ്യവസായം വളരെ പെട്ടെന്ന് വികസിപ്പിച്ചെടുക്കാവുന്ന ഒന്നാണ്. ഇതിൽ ആവശ്യമുള്ള തൊഴിലാളികളെ

പരിശീലിപ്പിച്ചെടുക്കുകയും അവർക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കളും, മെഷിനറികളും ലഭ്യമാക്കേണ്ടതും ഉണ്ട്.

## XIII. കോഴി വളർത്തൽ

ഏതാനും വർഷങ്ങൾ മുമ്പുവരെ കോഴികൾക്കും വളർത്തുന്ന ഒരു വീടുപോലും നാട്ടിൽ ഉണ്ടായിരുന്നില്ല. അതതു വീട്ടിലെ ആവശ്യങ്ങൾക്കുള്ള മുട്ടയും, ഇറച്ചിയും അതതു വീട്ടിൽ തന്നെ ഉൽപാദിപ്പിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് കോഴിമുട്ടയുടെ ഉപഭോഗം വർദ്ധിക്കുകയും ഉത്പാദനം കുത്തനെ ഇടിയുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ലക്ഷക്കണക്കിന് രൂപയുടെ കോഴിമുട്ടയും, ഇറച്ചിക്കോഴികളും അയൽ സംസ്ഥാനത്തുനിന്നും വാങ്ങിജനങ്ങൾ ഉപയോഗിച്ചു വരുന്നു. ഇതിന് മാറ്റം വരുത്തേണ്ടിയിരിക്കുന്നു. നമുക്ക് ആവശ്യത്തിനുള്ള ഇറച്ചിക്കോഴികളും, കോഴിമുട്ടകളും പഞ്ചായത്തിന് തന്നെ ഉൽപാദിപ്പിക്കപ്പെടേണ്ടതാണ്. ഇതിൽ വ്യക്തിക്കോ, സംഘങ്ങൾക്കോ സൗകര്യം ചെയ്തുകൊടുക്കേണ്ടതുണ്ട്. ഇത് പഞ്ചായത്തിൽ നടപ്പിലാക്കാവുന്ന ഒരു നല്ല വ്യവസായമാണ്. ഇതോടെ ജനങ്ങളുടേയും, പഞ്ചായത്തിന്റെയും വരുമാനം വർദ്ധിക്കുകയും മറ്റു സംസ്ഥാനങ്ങളിലേക്കു നമ്മുടെ പണം ഒഴുകുന്നത് തടയുവാനും കഴിയും. ഇതിൽ താൽപര്യമുള്ളവർക്ക് സാമ്പത്തിക സഹായം, സാങ്കേതിക സഹായവും പഞ്ചായത്തു വഴി ലഭ്യമാക്കണം.

## XIV. ആടുവളർത്തൽ

കോഴിവളർത്തൽ പോലെ ആടുവളർത്തലും നമ്മുടെ നാട്ടിൽ നിന്ന് അപ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു. ഈ പ്രദേശങ്ങൾ ആടിന്റെ പാലും, ഇറച്ചിയും ഉപയോഗിക്കുന്നത് കുറഞ്ഞിരിക്കുകയാണ്. വിലവർദ്ധനയാണ് അതിനു കാരണം. ആടുവളർത്തൽ കൂടുതൽ തൊഴിൽ സാദ്ധ്യതയ്ക്കും പഞ്ചായത്തിന്റെ ആകെയുള്ള വളർച്ചയ്ക്കും പ്രയോജനപ്രദമാക്കാവുന്നതാണ്. അതിനും വേണ്ട സാമ്പത്തിക സഹായം പഞ്ചായത്തു വഴി ചെയ്തുകൊടുക്കേണ്ടതുണ്ട്.

## XV. പഞ്ചായത്തിൽ പ്രോത്സാഹിപ്പിക്കേണ്ട മറ്റു വ്യവസായങ്ങൾ

a. കുട്ടനെയ്ത്ത്, പായനെയ്ത്ത്, പരമ്പ് നെയ്ത്ത്, എന്നീ വ്യവസായങ്ങൾ നാട്ടിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്ന ഇന്ന് ഇവയെല്ലാം പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. ഇതിൽ താൽപര്യമുള്ള ആളുകളുടെ ജാതിയുടേയോ, മതത്തിന്റേയോ അല്ലാതെ സംഘടിപ്പിച്ച് സംഘങ്ങളാക്കി ഇത്തരം ഉൽപന്നങ്ങൾ നിർമ്മിച്ചെടുക്കേണ്ടതുണ്ട്. ഇതെല്ലാം ചെറുകിട വ്യവസായ യൂണിറ്റുകളാക്കിയെടുക്കുകയും അവയ്ക്കു ആവശ്യമുള്ള സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കിക്കൊടുക്കുകയും ആവശ്യമാണ്.

### b. മൺപാത്രനിർമ്മാണം

ഇതും കാലഹരണപ്പെട്ടുപോയ ഒരു വ്യവസായമാണ്. ഇത് വീണ്ടും ആരംഭിക്കുന്നതിനു വേണ്ട നടപടികൾ എടുക്കേണ്ടതുണ്ട്. പഞ്ചായത്തുതലത്തിൽ മൺപാത്രനിർമ്മാണ ശാലകൾ സ്ഥാപിക്കുകയും സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിലാളികൾക്ക് വിദഗ്ദപരിശീലനം നൽകുകയും ചെയ്യണം. പഞ്ചായത്തിലെ ജനങ്ങളെ കഴിയാവുന്ന അത്ര സ്റ്റീൽ/അലുമിനിയ പാത്രങ്ങളുടെ ഉപയോഗത്തിൽ നിന്നും പിൻതിരിക്കുകയും, മൺപാത്രങ്ങൾ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്ത് ഈ വ്യവസായം വളർത്തിയെടുക്കുന്നത് നല്ലതായിരിക്കും.

### C. സോപ്പ് നിർമ്മാണം

ലോകത്തെ തന്നെ പലതരം കമ്പനികൾ സോപ്പ് വിപണിയിൽ ഇറക്കുന്നുണ്ട്. എല്ലാസോപ്പുകളുടെ ഒന്നിനോടൊന്ന് മികച്ചുനിൽക്കുന്നതായി അവരവർ തന്നെ ലക്ഷക്കണക്കിനു രൂപ ചിലവഴിച്ച് ടി.വി.യിലൂടെയും, റേഡിയോവിലൂടെയും നമ്മെ അറിയിക്കുന്നു. ഇത്രയെല്ലാം ബുദ്ധിമുട്ടി ഈ രംഗത്ത് കൂടുതൽ കൂടുതൽ കമ്പനികൾ രംഗത്തു വരുന്നത് അതിന്റെ വൻപിച്ച ലാഭംകൊണ്ടു

മാത്രമാണ്. എന്തുകൊണ്ട് ഒരു സോപ്പ് നിർമ്മാണയൂണിറ്റ് നമുക്ക് സ്വന്തമായി ആരംഭിച്ചുകൂടാ പ്രധാന അസംസ്കൃത വസ്തുവായ വെളിച്ചെണ്ണ നമുക്ക് സുലഭമായി ലഭിക്കാനുണ്ട്. ഏതായാലും ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് നമുക്ക് അത്യാവശ്യമാണ്. മറ്റ് കുത്തക കമ്പനികളുടെ സോപ്പ് നമ്മൾ ബഹിഷ്കരിക്കുകയും നാം നിർമ്മിക്കുന്ന ശുദ്ധമായ, വിലകുറഞ്ഞ അത്രതന്നെ ഭംഗിയില്ലാത്ത കവറിൽ വിപണനരംഗത്ത് ഇറങ്ങുന്നതുമായ സോപ്പിൻ പ്രചാരം നൽകുകയും ചെയ്താൽ ഈ പദ്ധതിയും വിജയപ്രദമാക്കുവാൻ കഴിയൂ. ചുരുങ്ങിയത് നമ്മുടെ പഞ്ചായത്തിന്റെ ഉപഭോഗമെങ്കിലും ഈ സോപ്പിനു ലഭിക്കും.

നാം ഇത്രയും വ്യവസായ പദ്ധതികളെക്കുറിച്ച് പ്രതിപാദിച്ചുവല്ലൊ. ഇത്രയും വ്യവയാസങ്ങളിൽ നമുക്ക് ഏറ്റവും പ്രധാന്യം കൊടുക്കേണ്ടത് കേരള ഉൽപന്നങ്ങൾക്കുതന്നെയാണ്. അത്രത്തോളം അസംസ്കൃത വസ്തുക്കൾ ലഭ്യമായ വ്യവസായങ്ങൾ പഞ്ചായത്തിൽ ഒന്നുംതന്നെയില്ല എന്ന് തോന്നുന്നു. പിന്നീട് രാമച്ചം, മത്സ്യവ്യവസായം, പപ്പടവ്യവസായം, നെല്ല് ഉൽപന്നങ്ങൾ എന്നിവ വരുന്നു. മറ്റുള്ളവയെല്ലാം അടുത്ത മുൻഗണനാർഹമാണ്.

**d. മെഴുകുതിരി നിർമ്മാണം**

കുടിൽ വ്യവസായമായി ചെയ്യാവുന്ന വ്യവസായമാണിത്. ഇത് വിപണന സാദ്ധ്യതയുള്ളതും ചിലവു താരതമ്യേന കുറഞ്ഞതും ആയ ഒരു വ്യവസായമാണ്. ഇത് വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളെ പരിശീലിപ്പിച്ചെടുക്കുകയും ചെയ്യേണ്ടതുണ്ട്.

## വ്യവസായം ആരംഭിക്കുന്നതിനുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ഒറ്റനോട്ടത്തിൽ

| പ്രശ്നങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ |
|---|---|
| 1. വൈദ്യുതിയുടെ അപര്യാപ്തത | 1. ഈ ഭാഗത്ത് അനുവാദം കിട്ടിക്കിടക്കുന്ന പുന്നയൂർക്കുളം സബ്സ്റ്റേഷൻ ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനു വേണ്ട നടപടി എടുക്കുക. |
| 2. വ്യവസായങ്ങൾആരംഭിക്കുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ നിന്ന് ഓഫീസുകളിലേയ്ക്കുള്ള നെട്ടോട്ടം | 2. വ്യവസായ ആരംഭത്തിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക. |
| 3. ഭൂമിയുടെ അപര്യാപ്തത | 3. ഭൂമിയ്ക്ക്, വാടകമുറികൾക്കും, വില കൂടുതലുള്ളതിനാൽ ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് മുൻതൂക്ക് നൽകുക. |
| 4. വിദഗ്ദ തൊഴിലാളികളുടെ അഭാവം | 4. പഞ്ചായത്തിലെ ഓരോ വാർഡിലേയും തൊഴിൽ രഹിതരെ കണ്ടുപിടിച്ച് അവർക്ക് താൽപര്യമുള്ളതും, നമുക്ക് പഞ്ചായത്തിൽ ആരംഭിക്കേണ്ട വ്യവസായങ്ങൾക്ക് ആവശ്യവുമായ ജോലികളിൽ വിദഗ്ദ പരിശീലനം സൗജന്യമായി നൽകുക.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഞ്ചായത്തിലേക്ക് ആവശ്യമുള്ള തൊഴിലാളികളെ വാർ |

| | | | |
|---|---|---|---|
| | | | ത്തെടുക്കുന്നതിനു വേണ്ടി നിശ്ചിത സമയം തൊഴിൽ പരിശീലനം നിർബ്ബന്ധമാക്കുക. |
| 5. | മൂലധനമില്ലായ്മ | 5. | മൂലധനം സ്വരൂപീക്കുന്നതിനുവേണ്ടി വ്യക് തികളിൽ നിന്നും, ഗ്രൂപ്പുകളിൽ നിന്നും ഓഹരി വാങ്ങുക. |
| 6. | തൊഴിൽ സമരം | 6. | അന്യായമായ തൊഴിൽ സമരം തടയുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക. |
| 7. | വ്യവസായ യൂണിറ്റുകളുടെ അശാസ്ത്രീയമായ നടത്തിപ്പ് | 7. | ശരിയായ നടത്തിപ്പിന് വേണ്ടി യൂണിറ്റ് സഹകരണ സംഘങ്ങളുടെ കീഴിൽ കൊണ്ടുവരിക. |
| 8. | ലോൺ ലഭിക്കുന്നതിനുള്ള നൂലാമാലകൾ. | 8. | സ്വകാര്യവ്യക്തികൾക്ക് വായ്പ നൽകുന്നതിൽ പല ദേശീയ ബാങ്കുകളും മടികാണിക്കുന്നു. (ഉദാ: PMRY അനുവദിച്ച ലോൺ നിസ്സാര കാര്യവും പറഞ്ഞ് ബാങ്കിൽ നിന്നും നൽകാതിരിക്കുന്നുണ്ട്.) |
| 9. | വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവാണ് | 9. | വസ്തുക്കളും പഞ്ചായത്ത് കേന്ദ്രീകരിച്ചുകൊട് ഒരു നാളികേര വികസന കോപ്ലക്സിന് രൂപം നൽകുക. |
| 10. | വ്യവസായ മേഖലയുമായുള്ള ജനങ്ങളുടെ സമ്പർക്കക്കുറവ്. | 10. | പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ രാമച്ചം ഉൽപാദിപ്പിച്ച്, സംസ്കരണം നടത്തി വിപണന സാധ്യതകൾ കണ്ടെത്താൻ ഒരു വ്യവസായിക സമിതിക്ക് രൂപം നൽകുക. ഇത് രജിസ്ട്രേഷൻ നടത്തണം. |
| 11. | വ്യവസായം തുടങ്ങുന്നതിന് സംരംഭകന് ആവശ്യം വേണ്ട മാനസിക തയ്യാറെടുപ്പിന്റെ അപര്യാപ്തത. | 11. | വൈദ്യുതിയുടെ അമിതമായ ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി ശാസ്ത്ര സാഹിത്യ പരിഷത്ത് KSEB, ANERT എന്നിവയുടെ സഹകരണത്തോടെ പരിക്ഷണാർത്ഥം വീടുകളിൽ സോളാർ വിളക്കുകൾ, പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുക. |
| 12. | വിപണന സാദ്ധ്യതകുറവ് | 12. | വ്യവസായം തുടങ്ങുന്നതിന് പ്രധാന വിഘാതം ഭൂമിയുടെ ലഭ്യതകുറവാണ്. ഇത് പരിഹരിക്കാൻ പഞ്ചായത്ത് നേതൃത്വത്തിൽ 3 ഏക്കർ സ്ഥലം |

വാങ്ങി ചെറുകിട വ്യവസായ സംരംഭ കർക്ക്സ്ഥലം ആവശ്യത്തിനനുസരിച്ച് വാടകക്ക് കൊടുക്കുന്ന പദ്ധതിയും യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുക.

13. വ്യവസായം തുടങ്ങുന്നതിനുവേണ്ട സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം
14. സാങ്കേതിക വൈദഗ്ദ്യം ഒരോ മേഖലയിലും ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സാധ്യതക്കുറവ്.
15. പരമ്പരാഗത തൊഴിൽ മേഖലയോടുള്ള അവഗണനയും കൈത്തൊഴിലുകാർക്ക് പരിശീലനം സിദ്ധിക്കുന്നതിനുള്ള സാദ്ധ്യതകുറവ്.
16. പ്രധാനപ്പെട്ട കാർഷികോൽപന്നമായ നാളികേരം വ്യവസായികരംഗത്ത് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
17. സഹകരണ മേഖലയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

## സാധ്യതകൾ

ഗ്രാമസഭയിൽ നിന്ന് നിർദ്ദേശിച്ച വ്യവസായങ്ങളുടെ ഇനം

1. മത്സ്യ സംസ്ക്കരണം
2. പട്ടുനൂൽ വ്യവസായം
3. പ്രിന്റിംഗ് ടെക്നോളജി
4. കമ്പ്യൂട്ടർ ടെക്നോളജി
5. ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ
6. നാളികേര ഉൽപന്നങ്ങൾ
7. കരകൗശല നിർമ്മാണം
8. മെഴുകുതിരി, തീപ്പെട്ടി നിർമ്മാണം
9. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ
10. ചെറുകിട ഗ്ലാസ് ഫാക്ടറി
11. ഐസ് ഫാക്ടറി
12. രാമച്ചവ്യവസായം

## പട്ടിക 1
### ചെറുകിട വ്യവസായ യൂണിറ്റുകൾ

| Sl. No. | ഇനം | എണ്ണം |
|---|---|---|
| 1 | നാളികേരം | 8 |
| 2. | തടിവ്യവസായം | 4 |
| 3. | ഐസ്ഫാക്ടറി | 4 |
| 4. | അച്ചടി | 3 |
| 5. | എഞ്ചിനിയറിംഗ് | 1 |
| 6. | ആയുർവ്വേദമരുന്ന് | 8 |
| 7. | കയർ | ...... |
| 8. | ഭക്ഷ്യസംസ്കരണം | ...... |
| 9. | ഖാദിമേഖല | ...... |
| 10. | രാമച്ച കയറ്റുമതി യൂണിറ്റുകൾ | 10 |
| 11. | സ്റ്റീൽ ഫർണീച്ചർ | 1 |
| 12. | ഹോളോബ്രിക്സ് നിർമ്മാണം | 1 |
| 13. | വുഡൻ ഫർണീച്ചർ | 3 |
| 14. | ഓയിൽ മില്ലുകൾ | 3 |
| | ആകെ | 45 |


## പട്ടിക 2
### വിവിധമേഖലകളിലെ കൂലിനിരക്ക്

| No. | ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1 | തടിവ്യവസായം | 110 | .... |
| 2. | അച്ചടി | 60 | 35 |
| 3. | ഐസ്ഫാക്ടറി | 65 | .... |
| 4. | ബേക്കറി | ...... | 30 |
| 5. | ആയുർവ്വേദം | 60 | 50 |
| 6. | ഓയിൽമിൽ | 60 | ...... |
| 7. | പപ്പടം | 50 | ...... |
| 8. | ഭക്ഷ്യധാന്യംപൊടിക്കൽ | 75 | 40 |
| 9. | പായനെയ്ത്ത് | ...... | 40 |
| 11. | എൻജിനിയറിംഗ് | 100 | ...... |
| 12. | പടക്കനിർമ്മാണം | 50 | 30 |
| 14. | കല്ലുവെട്ട് | 90 | ...... |

## സ്വദേശി പ്രസ്ഥാനവും പഞ്ചായത്ത് വികസനവും


സ്വകാര്യ സമരകാലത്ത് ഗാന്ധിജി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കുകയും, ബ്രിട്ടീഷ് മേധാവിത്വത്തിന്റെ ഉരുക്കു മനസ്സിൽ കനത്ത ആഘാതമായി ഭവിക്കുകയും ചെയ്ത സ്വദേശി പ്രസ്ഥാനം ഇന്ന് ചരിത്രത്തിലെ വെറുമൊരു സമരമുറ മാത്രമായിത്തീർന്നിരിക്കുകയാണെന്നിലും 9ാം പദ്ധതിയുടെ ഭാഗമായി നടക്കുവാൻ പോകുന്ന സമഗ്ര വികസനപ്രവർത്തനങ്ങളുടെ വിജയത്തിൽ ഈ പ്രസ്ഥാനത്തെ വീണ്ടും നാം മൂർച്ചകൂട്ടി എടുക്കേണ്ടതുണ്ട്. അന്ന് വിദേശനിർമ്മിത വസ്തുക്കളെല്ലാം പരസ്യമായി ബഹിഷ്കരിച്ച് അന്യന്റെ പല്ലിനേക്കാൾ അവനവന്റെ തൊണ്ണ് നല്ലത്" എന്നപോലെ ചർക്കയിൽ നൂൽനൂറ്റ് എടുത്ത് നിർമ്മിച്ച പരുപരുത്ത വസ്ത്രങ്ങളും മറ്റും ധരിച്ചിരുന്ന ധീര പോരാളികളുടെ പിൻഗാമികളായ നമ്മൾ പൂർണ്ണമായും "അന്യന്റെ പല്ലുകൾ" ഉപയോഗിക്കുവാനാണ് താൽപര്യം കാണിക്കുന്നത് എന്ന് ദുഃഖകരംതന്നെ. അതു നാം സ്വയം മനസ്സിലാക്കി നാം ഒറ്റപ്പടിക്ക് എല്ലാം മാറ്റി മറിച്ചില്ലെന്നില്ല നാം ഉപയോഗിക്കുന്നതിൽ കഴിയാവുന്ന ഉൽപന്നങ്ങൾ നമ്മുടെ നാട്ടിൽ നിർമ്മിച്ചതു തന്നെയായിരിക്കണം എന്ന് സ്വയം തീരുമാനിക്കുകയും ചെയ്യേണ്ടതുണ്ട്.

മേൽ പറഞ്ഞ വ്യവസായിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ആരംഭിക്കുവാൻ പോകുന്ന ഓരോ വസ്തുക്കളും സ്വയം ഉപയോഗിച്ച് മറ്റുള്ളവർക്ക് മാതൃകയായാൽ മാത്രമേ ഈ പദ്ധതി നടപ്പിലാവുകയുള്ളു. പഞ്ചായത്തിൽ നിർമ്മിക്കുന്ന സോപ്പിനു പകരം, അതുപേക്ഷിച്ച് വിദേശനിർമ്മിത സോപ്പ് ഉപയോഗിക്കാൻ നാം തയ്യാറാകുകയാണെങ്കിൽ ഇത്തരം പദ്ധതികൾ ഒരു പരിപൂർണ്ണ പരാജയം തന്നെയായിരിക്കും എന്നതിൽ തർക്കമില്ല. സ്റ്റീൽ അലൂമിനിയ പാത്രങ്ങൾ കഴിയാവുന്നത്ര ഉപേക്ഷിച്ച് നമ്മൾ നിർമ്മിക്കുന്ന മൺപാത്രങ്ങൾ കൂടുതൽ ഉപയോഗിക്കുവാൻ തയ്യാറാകുകയും, അന്താരാഷ്ട്ര കമ്പനികളുടെ റിബൈൻസ് കോക്കനട്ട് ഓയിൽ ഒഴിവാക്കി നാം പഞ്ചായത്തിൽ നിർമ്മിക്കുന്ന വെളിച്ചെണ്ണ, ഉപയോഗിക്കുകയും പ്ലാസ്റ്റിക് കുട്ടകൾ മാറ്റി നമ്മുടെ നാട്ടിൽ നിർമ്മിക്കുന്ന മുളകൊണ്ടുള്ള കുട്ടകളും പരമ്പുകളും ഉപയോഗിക്കുകയും മറ്റും ചെയ്ത് നാം നിർമ്മിക്കുന്ന ഉൽപന്നങ്ങൾ നാം തന്നെ ഉപയോഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്താൽ മാത്രമേ ഈ ഒമ്പതാം പദ്ധതി അക്ഷരാർത്ഥത്തിൽ ജനകീയ പദ്ധതി ആക്കി മാറ്റുവാൻ കഴിയൂ.





# ഗതാഗതം



പുന്നയൂർക്കുളം പഞ്ചായത്തിൽ വാഹന ഗതാഗതവും റോഡും, 1940 കളിലാണ് എത്തിയത് ഈ കാലഘട്ടം വരെ കനോലികനാൽ വഴിയായിരുന്നു ജനങ്ങൾ ദൂരസ്ഥലങ്ങളിലേക്ക് യാത്ര ചെയ്തത്. കോഴിക്കോട്, ചാവക്കാട് ഭാഗത്തേക്ക് പോയിരുന്നത് കനാൽ മാർഗ്ഗത്തിലൂടെയായിരുന്നു. കുന്നുംകുളം തൃശ്ശൂർ ഭാഗത്തേക്ക് കാട്ടകമ്പാൽ വരെ വഞ്ചിയിൽ യാത്ര ചെയ്ത് അവിടെ നിന്നാണ് ബസ്സിൽ യാത്ര ചെയ്തിരുന്നത്. 1953ലാണ് ഇന്നുകാണുന്ന റോഡിന്റെ ആദ്യരൂപം ഉണ്ടായത്. പഞ്ചായത്ത് ഭരണ സമിതിയുടെ വികസന നയത്തിന്റെ ഭാഗമായി റോഡുകളിൽ കൂടിയുള്ള ഗതാഗതം ക്രമേണ വികസിച്ചു. പഞ്ചായത്തിലെ വിവിധഭാഗങ്ങളിലേക്ക് പോകുന്നതിന് റോഡ് ഗതാഗതം സഹായിക്കുന്നു. പഞ്ചായത്തിൽ ഇപ്പോൾ 4PWD റോഡുകളും, 23 പഞ്ചായത്ത് നേരിട്ട് പണിചെയ്യിപ്പിച്ച റോഡുകളുമാണ് ടാർചെയ്തിട്ടുള്ളത്. പഞ്ചായത്ത് നേരിട്ട് പണിചെയ്യുന്ന 9മെറ്റൽ ചെയ്ത റോഡുകളും, 22 മെറ്റൽ ചെയ്യാത്ത റോഡുകളും ഉണ്ട്.

ആൽത്തറ-പനംന്തറ റോഡ്, AEO ഓഫീസ് നാക്കോലറോഡ്, കോട്ടപ്പടി കുണ്ടുകടവ് റോഡ്, AEO ഓഫീസ് നാക്കോലറോഡ്, കോട്ടപ്പടി കുണ്ടുകടവ് റോഡ് (AEO ഓഫീസ്) ഉപ്പുങ്ങൽ ഫെറിറോഡ്, മാവിൻചുവട് ചെറായിറോഡ്, ആൽത്തറ - വടക്കേക്കാട് അതിർത്തി (നാലാപ്പാടൻ) റോഡ്, ആറ്റുപുറം വടുതലറോഡ്, എടക്കഴിയൂർ വെളിയംങ്കോട് റോഡ്, അണ്ടത്തോട് ദേശാഭിമാനി റോഡ് തുടങ്ങിയവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ടറോഡുകൾ പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ ആകെ റോഡ് 67.100 കി.മീ ആണ്. ഇതിൽ 40.250 കി.മീ. ടാർചെയ്തും, 9.050 കി.മീ റോഡ് ടാർചെയ്യാനുള്ളതുമാണ്. 17.800 കി.മീ. റോഡ് മെറ്റൽ ചെയ്യാത്തതാണ്. ഈ കണക്കുകൾ എടുത്ത് കാണിക്കുന്നത് പഞ്ചായത്തിൽ ഒരു വിധം റോഡുകൾ ടാർചെയ്തതാണ്. ടാർചെയ്യാത്ത റോഡുകൾ എത്രയും പെട്ടെന്ന് ടാർ ചെയ്താൽ മാത്രമെ ഗതാഗതസൗകര്യം മെച്ചപ്പെട്ടതാണെന്ന് പറയാൻ കഴിയുകയുള്ളു.

പഞ്ചായത്തിൽ ഒരു ബസ്സ്റ്റാന്റ് ഇല്ലാത്തതുകൊണ്ട് ആൽത്തറസെന്ററിലാണ് മിക്ക ബസ്സുകളും, പാർക്കുചെയ്യുന്നതും, വിവിധസ്ഥലങ്ങളിലേക്ക് തിരിച്ചുപോകുന്നതും. ഒരു ബസ്സ്റ്റാൻഡിന്റെ ആവശ്യകത അനിവാര്യമാണ്. 10 ഓട്ടോറിക്ഷാ സ്റ്റാൻഡുകളും 7 ടാക്സി, ടൂറിസ്റ്റ് സ്റ്റാൻഡുകളും 2 ടെമ്പോസ്റ്റാൻഡുകളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ഉണ്ട്. പഞ്ചായത്തിലെ റോഡ് ഗതാഗതം താരതമ്യേന മോശമായ അവസ്ഥയിലാണ്. അതാതു സമയങ്ങളിൽ അറ്റകുറ്റപണികൾ നടക്കാത്തതുകൊണ്ടും, കരാറുകാരുടെ പിടിപ്പുകേടും, കാര്യക്ഷമതയില്ലായ്മയുമാണ് ഇതിന് പ്രധാന കാരണം. 9-ാം പദ്ധതിയിലൂടെ നമ്മൾ ലക്ഷ്യമിടുന്നത് ജനപങ്കാളിത്തത്തോടെ, സന്നദ്ധസേവനാപ്രവർത്തനം സംഘടിപ്പിച്ചുകൊണ്ടും, ജനകീയ കമ്മറ്റി ഏറ്റെടുത്തുകൊണ്ടും, റോഡ് വികസനം നടത്താവുന്നതാണ്.

## ഗതാഗതരംഗത്തെ പ്രശ്നങ്ങൾ

### റെയിൽഗതാഗതം

പുന്നയൂർക്കുളം പഞ്ചായത്തിൽ റെയിൽ ഗതാഗതം ഇപ്പോൾ നിലവിലില്ല. റെയിൽ ഗതാഗതരംഗത്ത് സാധ്യതയുള്ള ഒരു പ്രദേശമാണ് പുന്നയൂർക്കുളം പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖല. തീരദേശ റെയിൽവെ ഈ പഞ്ചായത്തിൽ വരുന്നതിന്റെ സാധ്യത അനുകൂലമായി ഉണ്ട്.

## പട്ടിക 1
## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം(കി.മീ.) | വീതി(മീ.) | ബസ്/മറ്റു യാത്രാസൗകര്യം |
|---|---|---|---|---|---|
| 1. | ആൽത്തറ - പനംതറ | PWD | 1.8 | 8 | ഉണ്ട് |
| 2. | അണ്ടത്തോട് തെരുവത്ത് - അണ്ടത്തോട് ബീച്ച് | പഞ്ചായത്ത് | 2.000 | 20 | ഇല്ല |
| 3. | പുഴിക്കള - പുന്നയൂർക്കുളം പഞ്ചായത്ത് അതിർത്ഥി | പഞ്ചായത്ത് | 1.000 | 16 | ഇല്ല |
| 4. | അണ്ടത്തോട് നാക്കോല - അണ്ടത്തോട് പാലം | പഞ്ചായത്ത് (ഇപ്പോൾ PWD) | 1.000 | 8 | ഇല്ല |
| 5. | അണ്ടത്തോട് നാക്കോല - പെരുമ്പടപ്പ് അതിർത്ഥി | പഞ്ചായത്ത് | 1.000 | 6 | ഇല്ല |
| 6. | A.E.O. ഓഫീസ് - നാക്കോല | പഞ്ചായത്ത് | 2.000 | 8 | ഉണ്ട് |
| 7. | A.E.O ഓഫീസ് - പുന്നയൂർക്കുളം | പഞ്ചായത്ത് | 0.720 | 8 | ഉണ്ട് |
| 8. | ആറ്റുപുറം - വടക്കേക്കാട് | പഞ്ചായത്ത് | 0.500 | 6 | ഇല്ല |
| 9. | ആൽത്തറ - പഞ്ചായത്ത് | പഞ്ചായത്ത് | 1.000 | 6 | ഇല്ല |
| 10. | പാപ്പാളി അറപ്പ - മന്ദലാംകുന്ന് ബീച്ച് | പഞ്ചായത്ത് | 0.650 | 6 | ഇല്ല |
| 11. | കോട്ടപ്പടി കുണ്ടുകടവ് A.E.O ഓഫീസ് - ഉപ്പുങ്ങൽ ഫെറി | PWD | 2.200 | 10 | ഇല്ല |
| 12. | ആൽത്തറ - പുഞ്ചപ്പാടം റോഡ് | പഞ്ചായത്ത് | 0.200 | 6 | ഇല്ല |
| 13. | ടിപ്പുസുൽത്താൻ റോഡ് - പെരിയമ്പലം ബീച്ച് | പഞ്ചായത്ത് | 1.000 | 20 | ഇല്ല |
| 14. | മാവിൻ ചുവട് - ചെറായി | പഞ്ചായത്ത് | 0.800 | 6 | ഇല്ല |
| 15. | പുന്നൂക്കാവ് - തൃപ്പറ്റ് ഹരിജൻ കോളനി | പഞ്ചായത്ത് | 0.780 | 5 | ഇല്ല |
| 16. | ആൽത്തറ - വടക്കേക്കാട് അതിർത്ഥി (നാലാപ്പാടൻ) | പഞ്ചായത്ത് | 1.200 | 5 | ഇല |
| 17. | മാഞ്ചിറ-മുരിയംതറ വടക്കേക്കാട് അതിർത്തി | പഞ്ചായത്ത് | 1.000 | 5 | ഇല്ല |
| 18. | അണ്ടത്തോട് ദേശാഭിമാനി റോഡ് | പഞ്ചായത്ത് | 1.000 | 5 | ഇല്ല |
| 19. | കുമാരൻപടി-ബീച്ച് | പഞ്ചായത്ത് | 1.000 | 5 | ഇല്ല |
| 20. | ചമ്മന്നൂർ-സ്കൂൾ താഴം ചാലക്കോഴ വടക്കേക്കാട് അതിർത്തി | പഞ്ചായത്ത് | 2.500 | 6 | ഇല്ല |
| 21. | കുന്നത്തൂർ-എള്ളൂരയിൽ പറമ്പ് | പഞ്ചായത്ത് | 1.000 | 5 | ഇല്ല |
| 22. | പുഴിക്കള-തൃപ്പറ്റ്- കോറോത്തയിൽ പള്ളി കൂടി | പഞ്ചായത്ത് | 1.500 | 5 | ഇല്ല |
| 23. | പെരിയമ്പലം ബീച്ച്-ഹരിജൻ കോളനി | പഞ്ചായത്ത് | 1.000 | 6 | ഇല്ല |
| 24. | പുഴിക്കള-തെക്കിനിയേടത്ത് പടി | പഞ്ചായത്ത് | .400 | 6 | ഇല്ല |
| 25. | ആറ്റുപുറം വടുതല റോഡ് | PWD | 5.000 | 9 | ഉണ്ട് |
| 26. | എടക്കഴിയൂർ-വെളിയംകോട് | PWD | 6.000 | 9 | ഉണ്ട് |

## മെറ്റൽ ചെയ്ത ടാർ ചെയ്യേണ്ട റോഡുകൾ പട്ടിക-2

| നമ്പർ | റോഡിന്റെ പേര് | നീളം കി.മീ. |
|---|---|---|
| 1. | പുന്നൂക്കാവ് - ആൻതോ പറമ്പ് | 1.300 |
| 2. | മാഞ്ചിറ - കുന്നംചിറ | 2.000 |
| 3. | ചെറായി - കൊഴപ്പാമാടം അമ്പലം | 1.000 |
| 4. | ആറ്റുപുറം - കുപ്രവള്ളി റോഡ് | 0.700 |
| 5. | പരൂർ - പുഞ്ചപ്പാടം റോഡ് | 0.650 |
| 6. | പരൂർ - മുരിയംന്തടം വടക്കേക്കാട് | 0.400 |
| 7. | അണ്ടത്തോട് കൈതച്ചിറ ബീച്ച് റോഡ് | 1.000 |
| 8. | പെരിയമ്പലം സൗത്ത് ഹരിജൻ കോളനി റോഡ് | 1.000 |
| 9. | കടിക്കാട് കിട്ടപ്പടി-തൃപ്പറ്റ് റോഡ് | 1.000 |

## പഞ്ചായത്തിലെ മെറ്റൽ ചെയ്യാത്ത റോഡുകൾ പട്ടിക-3

| നമ്പർ | റോഡിന്റെ പേര് | നീളം കി.മീ. |
|---|---|---|
| 1. | ചമ്മന്നൂർ ഹരിജൻ കോളനി | 1.300 |
| 2. | ചമ്മന്നൂർ - പുഞ്ചപ്പാടം | 2.000 |
| 3. | പരൂർ തറയിൽ തായം - പുഞ്ചപ്പാടം | 1.000 |
| 4 | ആറ്റുപുറം പള്ളി - എള്ളൂരായിൽ | 0.700 |
| 5. | കിസാൻ റോഡ് (കൊങ്ങരപുള്ളി) | 0.650 |
| 6. | പുഴിക്കള - ഈച്ചിപ്പാടം റോഡ് | 0.400 |
| 7. | കടിക്കാട് - ഈച്ചിപ്പാടം റോഡ് | 1.000 |
| 8. | കൊട്ടിലിങ്ങൽ കോളനി | 1.000 |
| 9. | കടിക്കാട് - ദുബൈ റോഡ് | 1.000 |
| 10. | ചെറായി പെരുമ്പടപ്പ് അതിർത്തി | 0.400 |
| 11. | കൊയ്പാമടം - പടിഞ്ഞാറെ ചെറായി | 0.400 |
| 12. | മാവിൻ ചുവട് - കൂനത്തേൽ | 0.400 |
| 13. | പടിഞ്ഞാറെ ചെറായി - മാതയിൽ കെട്ട്ങ്ങൽ റോഡ് | 0.400 |
| 14. | തങ്ങൾപടി നോർത്ത് | 0.400 |
| 16. | മഹാത്മഗാന്ധി-അണ്ടത്തോട് | 1.000 |
| 17. | കുമാരം പടി ബീച്ച് | 1.000 |
| 18. | പാപ്പാളി ബീച്ച് | 1.000 |
| 19. | പനംതറ-പാപ്പാളി റോഡ് | 0.600 |
| 20. | എടക്കര-ലക്ഷം വീട് കോളനി | 0.500 |
| 21. | കിണർ റോഡ് | 0.500 |
| 22. | അണ്ടത്തോട്-അറപ്പ റോഡ് | 0.800 |

| വാർഡ് | നിർദ്ദേശിക്കുന്ന പേര് | ദൂരം |
|---|---|---|
| 1 a) | പെരിയമ്പലം കോളനിറോഡും, തങ്ങൾ പടി റോഡും ബന്ധിപ്പിക്കുന്നത് | 650 മീ |
| b) | തങ്ങൾപടി കനോലി കനാൽറോഡ് | 350 മീ |
| c) | പെരിയമ്പലം മദ്രസ്സ റോഡ് | 1 കി.മീ |
| d) | പെരിയമ്പലം ബീച്ച് അണ്ടത്തോട് | 600 മീ |
| 2 a) | അണ്ടത്തോട് അങ്കൻവാടി റോഡ് | 250 മീ |
| b) | ഭൂരഹിത കർഷകതൊഴിലാളി കോളനി | 150 മീ |
| c) | അണ്ടത്തോട് കടപ്പുറം നിയുക്ത റോഡ് | 1.200 മീ |
| 7 a) | തൃപ്പറ്റ് മിച്ചഭൂമി സെന്ററിൽ നിന്ന് നാക്കോല AEO ലേക്കുള്ള റോഡ് | |
| b) | തൃപ്പറ്റ് ക്ഷേത്രം മുതൽ പടിഞ്ഞാറെ വട്ടംനിലം വരെയുള്ള റോഡ് | |
| 9 | കൊരച്ചനാട്ട്-പുഞ്ചപ്പാടം റോഡ് | 400 മീ |
| | കോതോട്-പുഞ്ചപ്പാടം റോഡ് | 300 മീ |
| | മാവിൻചുവട്-പങ്ങം റോഡ് | 800 മീ |
| | പുന്നൂക്കാവ്-മുനിയത്തേൽ പാടം റോഡ് | 800 മീ |
| | മാവിൻചുവട്-പങ്ങം റോഡ് | 400 മീ |
| | ഇളമ്പനേകാട്ടേൽ-പുഞ്ചപ്പാടം റോഡ് | 500 മീ |
| 10 a) | കൊങ്ങരപ്പിള്ളി വില്ലേജ് ഓഫീസ് റോഡ് | 400 മീ |
| b) | വില്ലേജി ഓഫീസ് - കുന്നത്തൂർ | 300 മീ |
| c) | എലിയങ്ങാട്ട് - നാലാപ്പാട്ട് റോഡ് | 100 മീ |
| 11 a) | കുപ്രവള്ളി - പറയങ്ങാട് റോഡ് | 400 മീ |
| b) | പുഞ്ചപ്പാടം - കല്ലേമ്പാറയിൽ റോഡ് | 250 മീ |

ഈ സാധ്യത ഉപയോഗിപ്പെടുത്തുന്നതിലൂടെ മാത്രമേ തീരദേശ റെയിൽവെ എന്ന നമ്മുടെ ചിരകാല ആഗ്രഹം സഫലമാകുകയുള്ളു. തീരദേശറെയിൽവെയുടെ സർവ്വെ ഇപ്പോൾ നിർത്തിവെച്ചിരിക്കുകയാണ്. സർവ്വെ, പുനരാരംഭിക്കാനും, റെയിൽഗതാഗതം യാഥാർത്ഥ്യമാകാനുവേണ്ടി ആക്ഷൻ കൗൺസിലുകൾ രൂപംകൊണ്ടു കഴിഞ്ഞിട്ടുണ്ട് തീരദേശറെയിൽവെ നടപ്പായി കഴിഞ്ഞാൽ പ്രത്യേകിച്ച് പടിഞ്ഞാറൻ മേഖലയും, പുന്നയൂർക്കുളം പഞ്ചായത്ത് ആകെതന്നെയും വാണിജ്യ വ്യവസായിക രംഗങ്ങളിൽ വികസനം നടക്കും എന്നതിൽ യാതൊരു തർക്കവുമില്ല. ഈ മേഖലയിലെ പ്രധാന ഉല്പന്നമായ രാമച്ചം, കശുവണ്ടി, മത്സ്യം തുടങ്ങിയവ മറ്റുസംസ്ഥാനങ്ങളിലേക്ക് കയറ്റുമതി ചെയ്യാനും റെയിൽ ഗതാഗതം സഹായകമാകും.

### റോഡുകൾ-ചെറുവിവരണം

പഞ്ചായത്തിലെ ഇപ്പോൾ നിലവിലുള്ള ടാർ റോഡുകളിൽ പലരും ഗതാഗത യോഗ്യമല്ല.

റോഡുകളുടെ ഗുണനിലവാരമില്ലായ്മയും, റോഡ് നടത്തിപ്പിലെ കാര്യക്ഷമതാകുറവും ഇപ്പോഴും ഒരു പ്രശ്നമായി നിലനിൽക്കുകയാണ്. ഇത് പരിഹരിച്ച് മികച്ച യാത്രാ സൗകര്യത്തിന് അനുയോജ്യമായ വിധത്തിൽ റോഡുകളെ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. മൺറോഡുകളും, മെറ്റൽ ചെയ്ത റോഡുകളും ടാർചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. ഇതിനുവേണ്ടി ഒരു തീവ്രയ്തന റോഡ് വികസന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

പഞ്ചായത്തിൽ ഇപ്പോൾ ടാർചെയ്തറോഡുകളും മെറ്റൽചെയ്ത റോഡുകളും, മൺറോഡുകളും, ഗ്രാമസഭയിൽ നിന്നു വന്ന പുതിയ റോഡ് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങളും അടങ്ങുന്നതിന്റെ പട്ടിക 1,2,3,4 ൽ കൊടുത്തിരിക്കുന്നു.

### പ്രശ്നങ്ങൾ

#### ഗതാഗതരംഗത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ

1. തീരദേശ റെയിൽവെയുടെ സർവ്വെ നിർത്തിവെച്ചിരിക്കുന്നു.
2. പഞ്ചായത്തുകാരുടെ ചിരകാലാഭിലാഷമായ തീരദേശറെയിൽവെ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.
3. ടാർചെയ്ത് റോഡുകളുടെ അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടക്കുന്നില്ല.
4. മെറ്റൽ ചെയ്ത പലറോഡുകളും ടാർചെയ്തിട്ടില്ല.

(ചെറായി-കുഴപ്പമാടം അമ്പലം, ആറ്റുപുറം - കുഗ്രവള്ളി റോഡ്, പരൂർ പുഞ്ചപ്പാടം റോഡ്, പരൂർമുരിയന്തടം വടക്കേക്കാട് റോഡ്, അണ്ടത്തോട് കൈതച്ചിറ ബീച്ച് റോഡ്, പെരിയമ്പലം സൗത്ത് ഹരിജൻ കോളനി റോഡ്, കടിക്കാട് കിട്ടപ്പടി - തൃപ്പറ്റ് റോഡ്, പുന്നൂക്കാവ് ആൻന്തോ പറമ്പ് റോഡ്)

5. മൺറോഡുകൾ മെറ്റൽചെയ്തിട്ടില്ല.

(ചമ്മന്നൂർ ഹരിജൻ കോളനിറോഡ്, ചമ്മന്നൂർ പുഞ്ചപ്പാടം റോഡ്, ആറ്റുപുറം പള്ളി, എള്ളുരായിൽ, കിസാൻ റോഡ്, (കൊങ്ങരപ്പുള്ളി) പുഴിക്കള - ഈച്ചിപാടം, കടിക്കാട് - ദുബൈറോഡ്, മാവിൻ ചുവട് - കൂനത്തേൽ, പടിഞ്ഞാറെ ചെറായി - മാതയിൽ കെട്ട്ങ്ങൽ റോഡ്, മഹാത്മാഗാന്ധി അണ്ടത്തോട് റോഡ്, കുമാരംപടി ബീച്ച് റോഡ്, എടക്കര ലക്ഷംവീട് കോളനി റോഡ് തങ്ങൾപ്പടി (N & S) റോഡ്

6. എ, ഗ്രേഡ് പഞ്ചായത്തായ പുന്നയൂർക്കുളത്തിന്റെ വ്യാപാരകേന്ദ്രമായ ആൽത്തറയിൽ ഒരു ബസ്സ്റ്റാന്റ് ഇനിയും യാഥാർത്ഥ്യമായിട്ടില്ല.
7. ഓട്ടോ, ടാക്സി, ടെമ്പോ സ്റ്റാൻഡുകൾ നിലവിൽ വന്നിട്ടില്ല.
8. പഞ്ചായത്തിലെ പല ഉൾപ്രദേശങ്ങളിലേക്ക് വാഹനഗതാഗതം (ബസ്സർവ്വീസ്) ഇല്ല.
9. ആൽത്തറയിൽ വന്ന് തിരിച്ചുപോകുന്ന ബസ്സുകൾ സമയം ഉണ്ടായിട്ടും, ചെറായി, നാക്കോലവഴി സർവ്വീസ് നടത്തുന്നില്ല.
10. അണ്ടത്തോട് പാലം പണി ഇനിയും യാഥാർത്ഥ്യമായിട്ടില്ല.
11. ഉപ്പുങ്ങൽ - ആമയം പാലം പണി തുടങ്ങിയിട്ടുണ്ടെങ്കിലും പണി പൂർത്തിയായിട്ടില്ല.
12. തങ്ങൾപടിയെയും, പടിഞ്ഞാറെ ചെറായിയെയും ബന്ധിപ്പിക്കുന്ന പാലം പണി തുടങ്ങിയിട്ടില്ല.

#### ഗതാഗതരംഗത്തെ സാധ്യതകൾ

1. തീരദേശറെയിൽവെ നടപ്പാക്കാനുള്ള സാധ്യത ഏറെയാണ്
2. തീരപ്രദേശവുമായി ബന്ധിപ്പിക്കുന്ന അണ്ടത്തോട് പാലം നിർമ്മിച്ചാൽ യാത്രാക്ലേശം ഒഴിവാക്കാൻ കഴിയുന്നതാണ്.
3. തങ്ങൾപടി - പടിഞ്ഞാറെ ചെറായിയെയും ബന്ധിപ്പിക്കുന്ന പാലം പണിക്കുള്ള സാധ്യത

389

കൂടുതലാണ്.

4. കഴിഞ്ഞകാലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സിനും, ബസ്സ്റ്റാൻഡിനും വേണ്ടി പഞ്ചായത്ത് ഭരണസമിതി അക്വസിഷൻ നടപടികൾ തുടങ്ങിവെച്ച ഭൂമികേസിൽപെട്ട് അക്വസിഷൻ നടപടി തടസ്സപ്പെട്ടിരിക്കുന്നു. കോടതിനടപടികൾ എത്രയും പെട്ടെന്ന് ഒഴിവാക്കി നിർദ്ദിഷ്ടം സ്ഥലത്തുതന്നെ ബസ്സ്റ്റാൻഡ് നിർമ്മിക്കേണ്ടതുണ്ട്.

5. ആൽത്തറ സെന്ററിൽ അനുയോജ്യമായ സ്ഥലത്ത് ഓട്ടോ, ടാക്സി സ്റ്റാൻഡുകൾ സ്ഥാപിക്കാം.

8. AEO ഓഫീസ് കേന്ദ്രീകരിച്ച് ടാക്സി, സ്റ്റാൻഡ് സ്ഥാപിക്കണം.

7. കനോലികനാലിലൂടെയുള്ള ജലഗതാഗതം വ്യാപാരാടിസ്ഥാനത്തിൽ പുന സംഘടിപ്പിക്കാവുന്നതാണ്.


8. പൊന്നാനിയിൽനിന്നും, തിരുവനന്തപുരത്തെക്കും, എറണാകുളത്തേക്കും ആൽത്തറ വഴി KSRTC ബസ്സർവ്വീസ് നടത്തണം.

9. തീർത്ഥാടനകേന്ദ്രമായ പുത്തൻപള്ളിയിൽ നിന്നും പുന്നയൂർക്കുളം വഴി KSRTC ബസ്സർവ്വീസ് ആരംഭിക്കണം.

10. മുടങ്ങികിടക്കുന്ന മാഞ്ചിറപാലം റോഡുപണി പുനരാരംഭിക്കുക.

ജനശക്തിയും, അർപ്പണമനോഭാവവും കൂടി ചേരുമ്പോഴാണ് വികസനം യാഥാർത്ഥ്യമാവുകയുള്ളു. റോഡ് വികസനത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ഫണ്ടില്ലായ്മയും, ഉദ്യോഗസ്ഥ മേധാവിത്വവും, കരാറുകാരുടെ പിടിപ്പുകേടും ഒഴിവാക്കി സന്നദ്ധപ്രവർത്തനം സംഘടിപ്പിച്ചുകൊണ്ടും, ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുകൊണ്ടും മാത്രമേ ഇത് സാധ്യമാവുകയുള്ളു. അതിനുവേണ്ടിയുള്ള ഒരു തീവ്രയത്ന പരിപാടിക്കായിരിക്കണം ഒമ്പതാം പഞ്ചവത്സരപദ്ധതിയിലൂടെയുള്ള പുന്നയൂർക്കുളം പഞ്ചായത്തിന്റെ ഗതാഗത വികസനം

11. പുഴിക്കള കേന്ദ്രീകരിച്ചുകൊണ്ട് ഒരു ബസ് സ്റ്റാന്റിന് സാധ്യത ഏറെയാണ്.



# ഊർജ്ജം

മുപ്പത്തിയാറ് വർഷങ്ങൾക്കുമുമ്പ് 1960 ലെ ഒരു സായാഹ്നത്തിൽ കോറോത്തയിൽ പള്ളിയിൽ വൈദ്യുത ബൾബ് പ്രകാശിതമായതോടെയാണ് പുന്നയൂർക്കുളം പഞ്ചായത്തിലേക്ക് വൈദ്യുതിയുടെ വെള്ളി വെളിച്ചം എത്തിച്ചേരുന്നത്. തുടർന്ന് ഇത്രയും കാലമെടുത്തിട്ടും പഞ്ചായത്തിലെ പല ഭാഗങ്ങളിലും ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല.

വൈദ്യുതി ബോർഡിന്റെ ഒരു ഇലക്ട്രിക്കൽ മേജർ സെകക്ഷൻ ഓഫീസ് നമ്മുടെ പഞ്ചായത്തിലെ സിരാകേന്ദ്രമായ ആൽത്തറയിൽ പ്രവർത്തിക്കുന്നു. ഈ സെക്ഷനോഫീസിന്റെ കീഴിലുള്ള 16000ത്തോളം ഉപഭോക്താക്കളിൽ ബഹുഭൂരിഭാഗവും മറ്റ് പഞ്ചായത്തുകളുടെ ഭാഗത്താണ് നമ്മുടെ ചുറ്റുപാടുമായുള്ള ഏഴ് പഞ്ചായത്തുകൾക്ക് കൂടിയുള്ള ഒരേ ഒരു ഓഫീസ് ആണ് ആൽത്തറയിൽ സ്ഥിതിചെയ്യുന്നത്. ഏകദേശം 5500 ഓളം ഉപഭോക്താക്കൾ നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നു. ഇതിൽ തന്നെ ഭൂരിഭാഗവും ഗാർഹിക ഉപഭോക്താക്കളാണ്. ഏകദേശം 78% ത്തോളം 14% കാർഷിക ഉപഭോക്താക്കളും 7% വ്യാപാര സ്ഥാപനങ്ങളുമാണ്. വ്യവസായിക കണക്ഷനുകൾ കേവലം 25എണ്ണത്തോളമേ വരൂ എന്നത് നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. വ്യാവസായിക രംഗത്തെ പിന്നോക്കവസ്ഥയേയാണ് ഇതു സൂചിപ്പിക്കുന്നത്.

പുന്നയൂർക്കുളം പഞ്ചായത്തിലേക്ക് ഇപ്പോൾ വൈദ്യുതി എത്തുന്നത് ഗുരുവായൂർ 66Kv സബ്സ്റ്റേഷനിൽ നിന്നുമാണ്. ഏകദേശം 20 കിലോ മീറ്ററോളം ദൂരം വരുന്ന HT ലൈനിലൂടെയാണ് നമ്മുടെ പഞ്ചായത്തിലേക്കു വൈദ്യുതി എത്തുന്നത്. ഈ ലൈനിലൂടെ തന്നേയാണ് വരുന്ന വഴിയ്ക്കുള്ള പഞ്ചായത്തുകളിലേക്കും വൈദ്യുതി എത്തിക്കുന്നത്. അതിനാൽ ട്രാൻസ്ഫോർമർ പോയന്റിലേക്ക് എത്തുമ്പോഴേക്കും വോൾട്ടതയിൽ കാര്യമായ കുറവ് അനുഭവപ്പെടുന്നു.

വൈദ്യുതിയുടെ കാര്യത്തിൽ പുന്നയൂർക്കുളത്തിന്റെ ഏറ്റവും വലിയ ശാപം വോൾട്ടതയില്ലായ്മതന്നെയാണ്. സന്ധ്യാ സമയങ്ങളിൽ ബൾബ് ഓൺ ചെയ്താൽ ഒരു വരപോലും കാണാൻ കഴിയാത്ത പ്രദേശങ്ങളാണ് നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗവും വൈകീട്ട് 10Volt വൈദ്യുതി പോലും ലഭിയ്ക്കാത്ത സ്ഥലങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വോൾട്ടേജിലുള്ള കുറവുമൂലം മോട്ടോർ പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ ജലസേചനം നടത്തുവാൻ സാധിക്കുന്നില്ല. ആയതിനാൽ കൃഷിയിറക്കുവാൻ പോലും കർഷകർ വിമുഖതകാണിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ഈ വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുവാൻ ഒരു സബ്സ്റ്റേഷൻ സ്ഥാപിച്ചാൽ മാത്രമേ കഴിയുകയുള്ളൂ. പുന്നയൂർക്കുളത്തിന് ഒരു സബ്റ്റേഷൻ വൈദ്യുതി ബോർഡ് അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ സബ്സ്റ്റേഷൻ നിർമ്മിതിയ്ക്കാവശ്യമായ ഏകദേശം 21/2 ഏക്കറോളം സ്ഥലം ലഭിയ്ക്കാൻ കഴിയാത്തതിനാൽ അതിന്റെ പ്രവർത്തനം ഇതുവരെ തുടങ്ങുവാൻ സാധിച്ചിട്ടില്ല. ഉപ്പുങ്ങൽ ഭാഗത്ത് സ്ഥലം കണ്ടെത്തി അക്വാസിഷൻ നടപടികൾക്കായി ബോർഡ് തലത്തിൽ ശ്രമം നടന്നുവരുന്നുണ്ട്. അത് ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ നമ്മൾ കൈക്കൊള്ളേണ്ടതുണ്ട്. 9-ാം പദ്ധതിയുടെ തുടക്കത്തിൽ തന്നെ സബ്സ്റ്റേഷന്റെ പണിതുടങ്ങുവാൻ സാധിക്കണം. പണിതുടങ്ങിയാൽ തന്നെ 2,3, വർഷം എടുക്കുവാൻ സാദ്ധ്യതയുണ്ട്. അതിന്റെ കാലവിളംബം കുറയ്ക്കുവാൻ വേണ്ട നടപടികൾക്കും നമ്മൾ മുൻകയ്യെടുക്കേണ്ടതായുണ്ട്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ആകെ 17 ട്രാൻസ്ഫോമറുകളാണുള്ളത്. ഉള്ളവയെല്ലാം താങ്ങാവുന്നതിലധികം ഭാരം താങ്ങുന്നവയും അധികഭാരം മൂലം ട്രാൻസ്ഫോമറുകൾ ഇടയ്ക്കിടെ

കത്തിപോവുന്നത് ഇവിടെ സർവ്വ സാധാരണമാണ്. പഞ്ചായത്തിലെ പലപ്രദേശത്തും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്നുള്ള ആവശ്യം ശക്തമാണ്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോമറുകളും കപ്പാസിറ്റിയും

| | സ്ഥലം | കപ്പാസിറ്റി |
|---|---|---|
| 1. | പെരിയമ്പലം | 100KVA |
| 2. | അണ്ടത്തോട് | 100KVA |
| 3. | നാക്കോല | 100KVA |
| 4. | പനന്തറ | 100KVA |
| 5. | ചെറായി | 100KVA |
| 6. | ചെറായി ഈസ്റ്റ് | 100KVA |
| 7. | AEO II | 100KVA |
| 8. | AEO II | 100KVA |
| 9. | ഉപ്പുങ്ങൽ | 100KVA |
| 10. | ആൽത്തറ | 250KVA |
| 11. | ആറ്റുപുറം | 160KVA |
| 12. | കണ്ണാത്തൽപ്പടി | 63KVA |
| 13. | കുന്നത്തൂർ | 100KVA |
| 14. | മാഞ്ചിറ | 100KVA |
| 15. | ചമ്മന്നൂർ | 160KVA |
| 16. | ചമ്മന്നൂർ | 100KVA |
| 17. | പരൂർകെട്ട് | 66KVA |

ഇതിൽ കുറഞ്ഞ KVA യിലുള്ള ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി ഉയർത്തുകയാണെങ്കിൽ ഒരു പരിധിവരെ വോൾട്ടത ഉയർത്താൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ 219 ബൾബുകളും, 8 ട്യൂബുകളും, 5 സോഡിയം പേപ്പർ ലാമ്പുകളും അടക്കം 232 സ്ട്രീറ്റ് ലൈറ്റുകളാണുള്ളത്. ഇതിൽ 70 ശതമാനവും മാസങ്ങളോളമായി കത്താത്തവയാണ്. 8ട്യൂബുകളിൽ ഒന്നുപോലും കത്തുന്നില്ല. പ്രതിമാസം തെരുവുവിളക്കിന്റെ കറണ്ട് ചാർജിനത്തിൽ 4902 ക യാണ് പഞ്ചായത്തു ഓഫീസിൽ അടക്കുന്നത്. തെരുവ് വിളക്കുകൾ കത്തിക്കുന്ന കാര്യത്തിൽ വൈദ്യുതിബോർഡ് ജീവനക്കാർ വളരെ നിരുത്തരവാദിത്വമാണ് പ്രകടപ്പിക്കുന്നത്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വാർഡിന്റെ മുഴുവൻ ഭാഗങ്ങളിലും ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല.
2. ഏഴു പഞ്ചായത്തുകളിലും കൂടി ഒരു ഒറ്റ വൈദ്യുതി ഓഫീസ് ആയതിനാൽ പലകാര്യങ്ങളിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. നമ്മുടെ പഞ്ചായത്ത് തലത്തിൽ നടത്തേണ്ടുന്ന പ്രവർത്തന

ങ്ങൾക്ക് ഇത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

3. പ്രേക്ഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ അശ്രദ്ധ പ്രത്യേകിച്ച് മരച്ചില്ലകളും കമ്പുകളും യഥാസമയം വെട്ടിമാറ്റാതിരിക്കുക. ലൈൻ റീഷാക്കിൾ ചെയ്യുന്നതിനാൽ കമ്പികൾ പരസ്പരം കൂട്ടിയുരസുക തുടങ്ങിയവക്കുള്ള സ്ഥിരം പ്രശ്നമായി തുടരുന്നു.

4. പഞ്ചായത്തിലെ 8 ഹരിജൻ കോളനികളിൽ ഇനിയും നാലെണ്ണം വൈദ്യുതീകരിക്കാനുണ്ട്.

5. പല വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ ഇടുവാൻ ഇനിയും ഉണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ആകെ 22 പുതിയ സ്ട്രീറ്റ് ലൈറ്റുകൾ മാത്രമേ വൈദ്യുതീബോർഡ് സ്ഥാപിച്ചിട്ടുള്ളു. ഒരു വർഷത്തേക്ക് 12 ബൾബുകൾ വൈദ്യുതബോർഡ് സ്ഥാപിക്കേണ്ടതാണ്. അങ്ങിനെയെങ്കിൽ 38 ബൾബുകൾ കൂടെ ഉടനെ സ്ഥാപിക്കേണ്ടതാണ്.

6. വീടുകളിൽ പണ്ടുള്ളതിനേക്കാൾ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചതിനാൽ KSEB രജിസ്റ്ററിൽ ഉള്ളതിനേക്കാൾ പതിന്മടങ്ങ് ഉപയോഗം വർദ്ധിച്ചിരിക്കുന്നു.

7. സമ്പന്ന കുടുംബങ്ങളിലേയും, കടകളിലേയും സ്റ്റപ്പ്അപ് ഉപയോഗം മറ്റുള്ളവരെ ദോഷകരമായി ബാധിക്കുന്നു.

8. വൈദ്യുത ബോർഡ് ജീവനക്കാരുടെ നിരുത്തരവാദപരമായ പെരുമാറ്റം അനാസ്ഥ, വമ്പിച്ച അഴിമതി, കൈക്കൂലി, എന്നിവയും വിഷമതകൾ ഉണ്ടാക്കുന്നു.

9. വൈദ്യുതിബോർഡിലെ പുന്നയൂർക്കുളം മേജർ സെക്ഷൻ ഓഫീസിൽ ആകെവേണ്ടുന്ന 64ഓളം ജീവനക്കാരിൽ 23 പേർ മാത്രമാണ് ഇന്നുള്ളത്. 39 ഓളം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ഇതും പ്രശ്നങ്ങളുണ്ടാക്കുന്നു.

10. നമ്മുടെ പഞ്ചായത്തിൽ 80 ശതമാനം പേരും പാചകത്തിനുപയോഗിക്കുന്നത് വിറകാണ്. വിറകിന്റെ വർദ്ധിച്ചുവരുന്ന ദൗർലഭ്യം പ്രശ്നമാണ്.

**സാദ്ധ്യതകൾ**

1. അടിയന്തിരമായും നമുക്ക് ആവശ്യം ഒരു സബ്സ്റ്റേഷനാണ്. അതിന്റെ നിർമ്മാണത്തിന് നമ്മുടേയും സമീപ പഞ്ചായത്തുകളിലേയും ജനങ്ങളുടെ ഒരു കൂട്ടായ്മ ആവശ്യമാണ്. സമീപ പഞ്ചായത്തുകളുമായി സഹകരിച്ച് സാമ്പത്തിക, സേവന മേഖലകളിൽ ഒത്തൊരുമിച്ച് മുന്നേറി സ്ഥലം അക്വസിഷൻ തുടങ്ങിയ നടപടികൾക്ക് വേണ്ടത് സ്വരൂപിക്കുവാൻ കഴിയും. അങ്ങിനെ ഒരു കൂട്ടായ്മയിലൂടെ മുന്നേറിക്കഴിഞ്ഞാൽ സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കാൻ വലിയ ബുദ്ധിമുണ്ടുണ്ടാവുകയില്ല. നമ്മുടെ പഞ്ചായത്തിൽ നിലവിലിരിക്കുന്ന സ്ഥലവിലയ്ക്ക് ഭൂമി അക്വാസിഷൻ നടത്തുവാൻ ബോർഡിന് കഴിയുകയില്ല. ഉപ്പുങ്ങൽ പ്രദേശത്ത് ബോർഡ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന വിലക്ക് സ്ഥലം ഉടമ സ്ഥലം വിട്ടുകൊടുക്കുവാൻ സാദ്ധ്യത വിരളവുമാണ്. ഇത്തരമൊരവസ്ഥയിൽ കൂട്ടായ്മ പ്രവർത്തനത്തിലൂടെ ശിഷ്ടം വരുന്ന തുക സമാഹരിച്ചുകൊടുക്കുവാൻ നമുക്കു കഴിഞ്ഞാൽ സബ്സ്റ്റേഷൻ നിർമ്മിതിയിൽ വരുന്ന കാലതാമസം ഒഴിവാക്കി ഉടനടി പ്രവർത്തനം തുടരുവാൻ കഴിയും. ഇക്കാര്യത്തിൽ മുൻകയ്യ് എടുത്തു പ്രവർത്തിക്കുവാൻ പുന്നയൂർക്കുളം പഞ്ചായത്തിന് കഴിയേണ്ടതാണ്.

2. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുകയാണ് ഉടനടി ചെയ്യേണ്ടുന്ന മറ്റൊരു പ്രധാനകാര്യം. നിലവിലുള്ള 66KVA 100KVA ആക്കുകയും 100KVA 160KVA ആയും 160KVA 250KVA ആയും ഉടനടി ഉയർത്തേണ്ടിയിരിക്കുന്നു. ചെറിയൊരളവിൽ വോൾട്ടേജ് ക്ഷാമം പരിഹൃതമാക്കുവാൻ ഇതുകൊണ്ട് കഴിയും. ഇതുപോലെ ഒരു വർഷം മുന്നേ ടെണ്ടർ വിളിച്ച് ഇതുവരെ പണിതുടങ്ങാതിരിക്കുന്ന പരൂർ ട്രാൻസ്ഫോർമറിന്റെ പണി ആരംഭിക്കേണ്ടതാണ്. പുന്നൂക്കാവ് കുന്നത്തൂർ, കടിക്കാട് പ്രദേശങ്ങളിൽ സ്ഥാപിക്കുവാൻ

അനുമതി ലഭിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ പണി ഉടൻ തുടങ്ങുകയും ചെയ്യേണ്ടതാണ്. ആറ്റുപുറം ട്രാൻസ്ഫോമറിലെ ഉപഭോക്താക്കളിൽ പകുതിയിലേറയും വടക്കേക്കാട് പഞ്ചായത്തിൽപെടുന്നവരാണ്. മുക്കിലപീടികയിൽ ഒരു വർഷം മുന്നെ ടെണ്ടർ വിളിച്ച ട്രാൻസ്ഫോമർ ഉടനെ സ്ഥാപിക്കുകയാണെങ്കിൽ ആറ്റുപുറം പ്രദേശത്തെ വോൾട്ടേജ് ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

3. നമ്മുടെ പഞ്ചായത്തിലെ കത്താത്ത സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്നതിൽ വൈദ്യുത ബോർഡിന് വേണ്ട നിർദ്ദേശം ഉടനെ നൽകേണ്ടതാണ്. 70%വും കത്താത്തവയാണ്. ട്യൂബ് ലൈറ്റുകളിൽ ഒന്നുപോലും കത്തുന്നില്ല. നമ്മുടെ നാട്ടിലെ വോൾട്ടേജ് ക്ഷാമത്തിനിടയിൽ ട്യൂബ് ലൈറ്റുകൾ കത്തുവാൻ സാദ്ധ്യതയില്ല. ആയതിനാൽ ട്യൂബിന്റെ സ്ഥാനത്തെല്ലാം സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നമ്മുടെ പഞ്ചായത്തിന് ലഭിയ്ക്കേണ്ട വിഹിതമായ 38 ലൈറ്റുകൾ ഉടനെ സ്ഥാപിച്ചു കിട്ടാൻ വേണ്ട നടപടികൾ കൈക്കൊള്ളണം. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന്റെ കാര്യത്തിൽ ഗ്രാമസഭകൾക്ക് ശ്രദ്ധചെലുത്തുവാൻ കഴിഞ്ഞാൽ വളരെ നന്നായിരിക്കും. അതുപോലെ വൈദ്യുതി എത്താത്ത പ്രദേശങ്ങളിലും, ചില കോളനികളിലും സൗരോർജ്ജ വിളക്കുകൾ, സ്ഥാപിക്കുവാൻ മുൻകയ്യെടുക്കണം. തീരപ്രദേശത്ത് സൗരോർജ്ജ വിളക്ക് സ്ഥാപിച്ചാൽ മത്സ്യതോഴിലാളികൾക്ക് വളരെ സൗകര്യപ്രദമാവും. NH17 കടന്നുപോകുന്ന പടിഞ്ഞാറൻ മേഖലയിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

4. പഞ്ചായത്തിലെ 8 ഹരിജൻ കോളനികളിൽ 4 എണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. മന്ദലാംകുന്ന്, പനന്തറ, തൃപ്പറ്റ്, ചമ്മന്നൂർ തുടങ്ങിയ കോളനികൾ മാത്രമേ ഇതുവരെ വൈദ്യുതീകരിച്ചിട്ടുള്ളൂ. വൈദ്യുതീകരിയ്ക്കാത്ത കൊട്ടിലുങ്ങൽ, കടിക്കാട്, പെരിയമ്പലം, അണ്ടത്തോട് തുടങ്ങിയ ഹരിജൻ കോളനികൾ ഉടനെ വൈദ്യുതീകരിയ്ക്കേണ്ടതാണ്. അതേപോലെ തന്നെ മത്സ്യത്തൊഴിലാളികോളനികളിലും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. അവ വൈദ്യുതീകരിക്കണം.

5. വൈദ്യുത ലൈനിലെ പ്രസരണ നഷ്ടം വളരെ കൂടുതലുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. ഏതു ലൈനിൽ നോക്കിയാലും, മരച്ചില്ലകളും, കമ്പുകളും മറ്റും തട്ടിനിൽക്കുന്ന വൈദ്യുതകമ്പികൾ നമുക്ക് കാണുവാൻ കഴിയും. ഇത് വോൾട്ടേജ് ക്ഷാമത്തിന് ഇടവരുത്തുന്നു. അതേപോലെ പലവീടുകളിലും മുന്നേ ഉണ്ടായിരുന്നതിന്റെ പതിന്മടങ്ങ് ഉപയോഗമാണിന്ന്. വൈദ്യുത ബോർഡിന്റെ രജിസ്റ്ററിലുള്ളതിനേക്കാൾ വളരെയധികം ഉപയോഗം. ഇപ്പോൾ കൂടിയിരിക്കുന്നു. സമ്പന്ന കുടുംബങ്ങളിലേയും, കടകളിലേയും സ്റ്റപ് അപ്പ് ഉപയോഗം മറ്റുള്ളവരുടെ വീടുകളിൽ വോൾട്ടേജ് കുറയ്ക്കുന്നു ഇത്തരം കാര്യങ്ങൾ കാര്യക്ഷമമാക്കുവാൻ വേണ്ടുന്ന സംവിധാനം പ്രാദേശിക തലങ്ങളിൽ കണ്ടെത്തേണ്ടിയിരിക്കുന്നു.

6. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 5500 ഓളം ഉപഭോക്താക്കളാണുള്ളത്. പുന്നയൂർക്കുളം വൈദ്യുതി ഓഫീസിൽ 16000 ത്തോളം ഉപഭോക്താക്കളുണ്ട്. ബോർഡിന്റെ നിയമപ്രകാരം 5000 ൽ കൂടുതൽ ഉപഭോക്തക്കൾക്ക് ഒരു മേജർ സെക്ഷൻ ഓഫീസ് വേണം. ആയതുകൊണ്ട്, മറ്റുപഞ്ചായത്തുകളിൽ പുതിയ ഓഫീസ് തുടങ്ങി, പുന്നയൂർക്കുളം ഓഫീസിന്റെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിന് മാത്രമായി ചുരുക്കേണ്ടതാണ്. അങ്ങിനെയെങ്കിൽ നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി മേഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിയും.

7. കോൾ കൃഷിക്കാർക്ക് കൃഷി ആവശ്യത്തിന് താൽക്കാലിക കണക്ഷൻ നൽകുന്നതുപോലെ, രാമച്ച കൃഷിക്കാർക്കും ടെമ്പററി കണക്ഷൻ നൽകേണ്ടതാണ്. മറ്റൊരു പ്രധാനകാര്യം പെരിയമ്പലം, അണ്ടത്തോട്, മന്ദലംകുന്ന്, തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ ആളുകൾക്ക് ഏഴെട്ട് കിലോമീറ്റർ താണ്ടി ആൽത്തറയിൽ എത്തിച്ചേരേണ്ടതുണ്ട്. ശരിയായ വാഹനസൗകര്യം പോലും ഇല്ലാത്തതിൽ ആളുകൾക്ക് ഇതു വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ആയതിനാൽ വൈദ്യുതബോർഡിന്റെ ഒരു കാഷ്കളക്ഷൻ കൗണ്ടർ പടിഞ്ഞാറൻ മേഖലയിൽ സ്ഥാപിക്കേണ്ടതുണ്ട്.

8. 9-ാം പദ്ധതി അവസാനിക്കുന്നതിനിടയിൽ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യു തീകരിയ്ക്കുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി വേണം നമുക്ക് മുന്നേറുവാൻ. അതിനുവേണ്ടുന്നതായ കാര്യങ്ങൾക്ക് വേണം നമ്മൾ മുൻഗണന നൽകാൻ

9. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന വിമർശനങ്ങളിൽ ഏറ്റവും രൂക്ഷമായത് ബോർഡ് ജീവനക്കാർക്കെതിരേയുള്ളതായിരുന്നു. അഴിമതിയിലും, കൈക്കൂലിയിലും മുങ്ങിക്കുളിച്ച സാമൂഹ്യപ്രതിബദ്ധതയില്ലായ്ത്ത ജീവനക്കാരുടെ ശൈലിയിൽ കാതലായ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ വൈദ്യുതബോർഡിന്റെ പ്രവർത്തനം കൊണ്ടുവന്ന് ജനകീയ പരിശോധന നടത്തുവാൻ കഴിഞ്ഞാൽ ബോർഡിന്റെ പ്രവർത്തനം ഒരു പരിധിവരെ കാര്യക്ഷമമാക്കുവാൻ കഴിയും.

10. നമ്മുടെ പഞ്ചായത്തിൽ കുക്കിങ്ങ് ഗ്യാസ് ഉപയോഗിച്ച് പാചകം നടത്തുന്നവരുടെ എണ്ണം വളരെ അധികം വർദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ കിലോമീറ്ററുകൾക്ക് അകലെ, പൊന്നാനിയിൽ നിന്നും, ചാവക്കാടുനിന്നുമാണ് പാചക ഗ്യാസ് വീടുകളിൽ എത്തുന്നത്. ഇതുവളരെ ബുദ്ധിമുണ്ടാക്കുന്നു. ആയതിനാൽ പുന്നയൂർക്കുളം 'പഞ്ചായത്തിൽ ഒരു കുക്കിങ്ങ് ഗ്യാസ് ഏജൻസി ഉടനെ ആരംഭിക്കേണ്ടതാണ്.

11. വിറക് പ്രധാന ഇന്ധനമായി ഉപയോഗിക്കുന്ന നമ്മുടെ ഗ്രാമത്തിൽ പുകയേൽക്കാത്ത അടുപ്പുകളുടെ പ്രചാരണം വളരെ വ്യാപകമാക്കണം. ഇപ്പോൾ നൂറിൽ താഴെ വീടുകളിൽ മാത്രമാണ് പുകയേൽക്കാത്ത അടുപ്പുകൾ ഉള്ളത്.

12. കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ഒരു പാട് കുംടുബങ്ങൾ നമ്മുടെ പ്രദേശത്തുണ്ട്. ചാണകം ഉപയോഗിച്ച് നടത്താവുന്ന ബയോഗ്യാസ് പ്ലാന്റുകൾ, വീടുകളിൽ സ്ഥാപിക്കുകയാണെങ്കിൽ, അതുവളരെ ഫലപ്രദമാവും. അതേപോലെ തന്നെ വെട്ടിക്കുറച്ച മണ്ണെണ്ണ പെർമിറ്റിന്റെ അളവ് കൂട്ടുകയും പുതിയ പെർമിറ്റുകൾ അനുവദിക്കുകയും ചെയ്യേണ്ടതാണ്.

വൈദ്യുതി രംഗം വളരെ പരിമിതമാണെങ്കിലും ഈ രംഗത്തെ രക്ഷിക്കുവാൻ നാം അടിയന്തരമായി പല കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. വളരെ അധികം ചർച്ചക്ക് വിധേയമാക്കുന്നതാണ് ഊർജ്ജ പ്രതിസന്ധി.



# മാർക്കറ്റ്

പുന്നയൂർക്കുളം പഞ്ചായത്തിൽ വളരെ വർഷങ്ങൾക്ക് മുൻപ് സുലഭമായി വിപണനം നടക്കുകയും, പുറം ദേശങ്ങളിലേക്ക് അയക്കുകയും ചെയ്തിരുന്ന നാളികേരം, കശുവണ്ടി, രാമച്ചം, കുരുമുളക്, ഇത്തിൾ,ചകിരി ഉത്പന്നങ്ങൾ, എന്നിവ ഇന്ന് മിക്കവെറും മാർക്കറ്റിങ്ങ് ഭൂപടത്തിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നഷ്ടപ്പെട്ടവ തിരിച്ചുകൊണ്ടുവരാൻ എളുപ്പമല്ലെന്നിരിക്കെ നിലവിലുള്ള പ്രകൃതിവിഭവങ്ങളും, കാർഷികവിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണ ചന്തസംസ്കാരവും, പ്രസ്തുത ചന്തയോട് കഴിയാവുന്നത്ര ആശ്രിതത്വവും, വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെടുക്കാൻകഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്വത്തിന്റെ ചുവട് ഉറപ്പിക്കുവാനും, സമ്പന്നതയുടെ തിരുമുറ്റത്തേക്ക് നടന്നുകയറാനും കഴിയും എന്ന ഉൾവിളി ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നു കേട്ടു. നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടക്ക, നെല്ല്, കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവയാണ് പ്രധാനപ്പെട്ട കാർഷികവിളകൾ. ഇവയിൽ പ്രധാനപ്പെട്ട ഉത്പന്നങ്ങളായ നാളികേരത്തിനും, നെല്ലിനും ഒരു പൊതുവിപണിയോ, സഹകരണവിപണിയോ വിശ്വസിക്കാവുന്ന ഒരു സ്വകാര്യവിപണിയോ പഞ്ചായത്തിനില്ല എന്നുള്ളതാണ് പരിതാപകരമായ വസ്തുത. നിരവധി ആഴ്ച ചന്തകൾ ഉണ്ടായിരുന്ന ഒരു പഞ്ചായത്താണ് പുന്നയൂർക്കുളം പഞ്ചായത്ത്, ഇന്ന് ആ ചന്തകളൊന്നും നിലവിൽ ഇല്ല.

കാർഷികോത്പന്നങ്ങൾളും, അവയുടെ മാർക്കറ്റിങ്ങ് പ്രശ്നങ്ങളും, നിവാരണനിർദ്ദേശങ്ങളും അടങ്ങിയ വാർഡിൽനിന്നും വന്ന ഗ്രാമസഭാ നിർദ്ദേശങ്ങളാണ് താഴെ കൊടുക്കുന്നത്.

1. നാളികേരത്തിന് പൊതുവിപണിയോ മാർക്കറ്റോ നിലവിൽ ഇല്ല. പൊതുമാർക്കറ്റ് നിലവിൽ വരണം.
2. നെല്ലിന് പൊതുവിപണിയോ, മാർക്കറ്റോ നിലവിൽ ഇല്ല. അതുകൊണ്ട് നെല്ല് സംഭരണ സംസ്കരണ കേന്ദ്രം തുടങ്ങണം.
3. അടക്കക്ക് നമ്മുടെ പഞ്ചായത്തിൽ പൊതുവിപണി ഇല്ല. അതുകൊണ്ട് പൊതുവിപ്ണി അത്യാവശ്യമാണ്.
4. കശുവണ്ടി, രാമച്ചം, ഇത്തിൾ തുടങ്ങിയവക്ക് പൊതുമാർക്കറ്റോ, ആഴ്ചചന്തയോ ഇല്ല. അതുകൊണ്ട് പൊതുമാർക്കറ്റോ, ആഴ്ചചന്തയോ തുടങ്ങണം.
5. നാളികേരം, പച്ചക്കറി, നേന്ത്രക്കായ എന്നിവക്ക് വിപണനസൗകര്യം ഇല്ല. വിപണനസൗകര്യം ഉണ്ടാക്കണം.
6. മരച്ചീനി, എള്ള്, നെല്ല്, നേന്ത്രക്കായ, പച്ചക്കറി തുടങ്ങിയവക്ക് ആഴ്ചചന്തയോ, മാർക്കറ്റോ വിപണന കേന്ദ്രങ്ങളോ ഇല്ല. പുഴിക്കള കേന്ദ്രീകരിച്ച് ആഴ്ചചന്ത തുടങ്ങണം.
7. നാളികേരം, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവക്ക് വിപണന കേന്ദ്രം ഇല്ല. ആറ്റുപുറ് കേന്ദ്രീകരിച്ച് പൊതുമാർക്കറ്റ് തുടങ്ങണം.
8. പച്ചക്കറി, നേന്ത്രക്കായ, മരച്ചീനി, കിഴങ്ങ്വർഗ്ഗങ്ങൾ എന്നിവക്ക് ആഴ്ചചന്തയോ, മാർക്കറ്റോ ഇല്ല. നാക്കോല കേന്ദ്രീകരിച്ച് പൊതുമാർക്കറ്റ് ഉണ്ടാക്കണം.
9. കശുവണ്ടി, പഴവർഗ്ഗങ്ങൾ, നാളികേരം എന്നിവക്ക് ആഴ്ചചന്തയോ, പൊതുമാർക്കറ്റോ ഇല്ല. മത്സ്യം, മാംസം തുടങ്ങിയവക്ക് ചന്ത ഇല്ല.
10. അണ്ടത്തോട്, പുഴിക്കള, നാക്കോല, ചമ്മണ്ണൂർ, മാവിൻചുവട് എന്നിവിടങ്ങളെ കേന്ദ്രീകരിച്ച് മത്സ്യമാർക്കറ്റ് തുടങ്ങുക.

11. അറവുശാലകൾക്ക് പൊതുമാനദണ്ഡങ്ങൾ നിശ്ചയിക്കുക. ഇപ്പോൾ നിലവിലുള്ള അറവുശാലകളിലെ അശാസ്ത്രീയമായ വിപണന, സംസ്കരണ രീതി മാറ്റുക. ഈരംഗത്ത് കുറ്റമറ്റ രീതി നടപ്പിലാക്കുക.

12. സഹകരണ അടിസ്ഥാനത്തിൽ സ്വകാര്യവ്യക്തികൾ ഒന്നിച്ച്ചേർന്ന് (വിവിധ ഗ്രാമ സഭകൾ പ്രാതിനിധ്യസ്വഭാവത്തിൽ സംഘടിച്ചോ) നാളികേരം ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും, വിപണനം നടത്തുന്നതിനുമായുള്ള സംരംഭങ്ങൾക്ക് പഞ്ചായത്തിൽ നല്ല സാധ്യതകൾ ഉണ്ട്. പഞ്ചായത്തിലെ ഏറ്റവും വലിയ കാർഷിക വിളയാണ് നെല്ല്. നെല്ല് സംഭരണ, സംസ്കരണ, വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിൽ നിലവിൽ ഇല്ല. സഹകരണാടിസ്ഥാനത്തിൽ വിപണന, സംസ്കരണ സാദ്ധ്യതകൾ നില്നിൽക്കുന്നു. മിക്ക വാർഡുകളിലും നടക്കുന്ന കൃഷിയാണ് നേന്ത്രവാഴ. ജനങ്ങളിൽ നല്ലൊരുഭാഗം ഏത്തക്ക ഉപയോഗിച്ച് ഉണ്ടാക്കുന്ന വിഭവങ്ങളുടെ ഉപഭോക്താക്കളാണ്. ഏത്തക്ക മുഴുവൻ ഉപയോഗിച്ച് അതിനോട് ബന്ധപ്പെട്ട ഭക്ഷ്യോത്പന്നങ്ങളുടെ നിർമ്മിതിക്കും, വിപണനത്തിനും നമ്മുടെ പഞ്ചായത്തിൽ നല്ല സാദ്ധ്യത ഉണ്ട്. മറ്റു കാർഷിക വിഭവങ്ങൾ ഉപയോഗിച്ചും ഇത്തരം ഒരു വിപണനശൃംഖല പഞ്ചായത്തിൽ വികസിപ്പിച്ചെടുക്കേണ്ടതിനെപ്പറ്റി ഗൗരവമായി ആലോചിക്കണം. ഓരോന്നിന്റെയും അധിക ലഭ്യതയും, ഇല്ലായ്മയും സമതുലനം ചെയ്യാൻ ഉള്ള കരുത്തുറ്റ വ്യവസ്ഥയോടു കൂടിയ ഒരു പഞ്ചായത്ത് വിപണന സമ്പ്രദായം കരുപ്പിടിപ്പിക്കുന്നത് സ്വാശ്രയ ഗ്രാമത്തിലേക്കുള്ള ഒന്നാമത്തെ ചുവടു വെയ്പായിരിക്കും.

13. പുന്നയൂർക്കുളം പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിനുവേണ്ടി അക്വിസിഷൻ നടപടികൾ തുടങ്ങിവെച്ച ഭൂമി കോടതി നടപടികളിൻമേൽ കുടുങ്ങിക്കിടക്കുകയാണ്. കോടതി നടപടികൾ അവസാനിപ്പിക്കാൻ എത്രയും പെട്ടെന്ന് ശ്രമിക്കേണ്ടതുണ്ട്. നിർദ്ദിഷ്ട സ്ഥലത്തു തന്നെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കേണ്ടതുണ്ട്.







# ആരോഗ്യം

ആരോഗ്യമേഖലയിൽ കേരളം കൈവരിച്ചിട്ടുള്ള നേട്ടം എടുത്തുപറയേണ്ട ഒരു കാര്യമാണ്. ആരോഗ്യ രംഗത്തെ കേരളമാതൃക ഇന്ന് മറ്റു സംസ്ഥാനങ്ങളിലും, ഇതര രാജ്യങ്ങളിൽ തന്നെയും ചർച്ചയ്ക്കും, മാതൃകാപരമായ പ്രവർത്തനങ്ങൾക്കും വഴിതെളിയിച്ചുണ്ടെന്നത് യാഥാർത്ഥ്യമായ ഒരു കാര്യമാണ്. ആരോഗ്യമേഖലയിലെ അംഗീകൃതമാന ദണ്ഡങ്ങളായ പൊതു ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക്, ആയുർദൈർഘ്യം ഇവയൊക്കെ കണക്കിലെടുക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണെന്ന് കാണാൽ കഴിയും. ഇപ്പോഴത്തെ കേരളത്തിന്റെ ആയൂർദൈർഘ്യം കണക്കിലെടുക്കുമ്പോൾ പുരുഷൻമാരേക്കാൾ സ്ത്രീകളാണ് മുൻപന്തിയിൽ എന്ന് കാണാൻ കഴിയുന്നു.

ആരോഗ്യരംഗത്ത് നമ്മൾ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾക്ക് കാരണമായി ഉയർന്ന സാക്ഷരത, പ്രത്യേകിച്ച് സ്ത്രീ സാക്ഷരത, കുടുംബാസൂത്രണ രംഗത്തുണ്ടായിട്ടുള്ള നേട്ടം, സ്ത്രീകളുടെയും പുരുഷന്മാരുടെയും ഉയർന്ന സാക്ഷരത, രോഗങ്ങളെ കുറിച്ചുള്ള മുന്നറിവ് എന്നിവയൊക്കെ പൊതു ഘടകങ്ങളായി കാണാൻ കഴിയുന്നു.

ആരോഗ്യരംഗത്ത് മുഴുവൻ നേട്ടങ്ങളും കൈവരിച്ചു എന്ന്പറയാൻ കഴിയില്ല. പൊതു മരണനിരക്കിൽ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ പല പഠന റിപ്പോർട്ടുകളും കാണിക്കുന്നത് നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്ന് നമ്മൾ കരുതിയിരുന്ന പല രോഗങ്ങളും പൂർവ്വാധികം ശക്തികളോടെ തിരിച്ചുവരികയാണ്. കോളറ, മലേറിയ, മഞ്ഞപിത്തം, ക്ഷയരോഗം തുടങ്ങിയ ദാരിദ്ര്യ ജന്യരോഗങ്ങളും, കാൻസർ, രക്തസമ്മർദ്ദം പ്രമേഹം തുടങ്ങിയ സമ്പന്നതയുടെ രോഗമെന്ന് വിശേഷിപ്പിക്കപ്പെടുന്നവയും, കോളറ, എലിപ്പനി, എൻസൈഫലറ്റീസ്, മഞ്ഞപനി, ഡെങ്കിപനി, തുടങ്ങിയ സമീപകാലത്തുണ്ടായ രോഗങ്ങളും, നമ്മുടെ മുന്നിൽ ഭീഷണിയായി നിലനിൽക്കുന്നുണ്ട്.

## പട്ടിക 2

| Sl. No. | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തമായി/ വാടകക്ക് | ഉദ്യോഗസ്ഥരുടെ എണ്ണം | വർഷം | സ്ഥാപന പരമായ പ്രശ്നം |
|---|---|---|---|---|---|---|
| 1 | ഗവൺമെന്റ് ഫിഷറീസ് ഡിസ്പെൻസറി അണ്ടത്തോട് | അലോപ്പതി | സ്വന്തം | 6 | 12-08-1986 | സ്ഥിരം Drറെ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും Join ചെയ്തിട്ടില്ല. Dr 3 ദിവസം മാത്രമേ വരുന്നുള്ളു. |

പുന്നയൂർക്കുളം പഞ്ചായത്തിന്റെ ആരോഗ്യമേഖലയെ എടുത്തുപരിശോധിക്കുകയാണെങ്കിൽ ആദ്യസ്ഥാപനം 1952ൽ സ്ഥാപിച്ച റൂറൽ ഡിസ്പെൻസറിയാണ്, Dr. C.K. കുമാരനായിരുന്നു പ്രഥമ ഡോക്ടർ. അണ്ടത്തോട് രജിസ്ട്രാഫീസിന് സമീപം ഇന്നും പ്രവർത്തിക്കുന്ന ഡോ. വാസുദേവന്റെ സ്വകാര്യസ്ഥാപനമായ സന്ധ്യക്ലീനിക്കും പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നിന്ന് രോഗികൾ ഈ സ്ഥാപനത്തെയാണ് ആശ്രയിച്ചിരുന്നത്. ഒരു ഡോക്ടറും, ഒരു നേഴ്സും ആണ് ഈ സ്ഥാപനത്തിൽ ജോലിനോക്കുന്നത്. രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നില്ല.

ആയുർവേദ ചികിത്സാരംഗത്ത് പ്രഗത്ഭരായ ഒട്ടേറെ നാട്ടുവൈദ്യന്മാർ ഈ രംഗത്ത് പ്രശസ്തമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പുഴിക്കളയിൽ മരുന്ന് കടയും, ചികിത്സയും നടത്തിയിരുന്ന ശ്രീമാൻ മാരാർ വൈദ്യരും, കറുപ്പുണ്ണിവൈദ്യരും, ആയുർവേദരംഗത്ത് പ്രശസ്തമായ സേവനം നടത്തിയിട്ടുള്ളവരാണ്.

1960 ലാണ് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ചമ്മണൂരിൽ സ്ഥാപിതമായത്. വളരെ പരിമിതമായ സൗകര്യങ്ങളുള്ള ഒഴിപ്പിക്കൽ ഭീഷണി നിലനിൽക്കുന്ന ഒരു വാടക കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഒരു ഡോക്ടറടക്കം, നാല് ജീവനക്കാരാണ് ഇതിൽ പ്രവർത്തിക്കുന്നത്.

**പട്ടിക 3**

| Sl. No. | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തമായി/ വാടകക്ക് | ഉദ്യോഗസ്ഥരുടെ എണ്ണം | വർഷം | സ്ഥാപന പരമായ പ്രശ്നം |
|---|---|---|---|---|---|---|
| 2 | ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി GAD അണ്ടത്തോട് | ആയുർവ്വേദം | വാടക | 4 | 1960 | സ്വന്തം കെട്ടിടം വേണം ഒഴിപ്പിക്കൽ ഭീഷണി നിലനിൽക്കുന്നു. |

1963 ലാണ് റൂറൽ ഡിസ്പെൻസറി ആയിരുന്ന സ്ഥാപനം പബ്ലിക് ഹെൽത്ത് സെന്റർ കുന്നത്തൂർ കേന്ദ്രമായി ഒരു വാടക കെട്ടിടത്തിൽ തുടങ്ങിയത്. ഇതിന്റെ ആദ്യകാല പ്രവർത്തനം വളരെ പരിമിതമാണെങ്കിലും, അന്നത്തെ അവസ്ഥ നോക്കുമ്പോൾ വളരെ വലിയ സേവനമാണ് കിട്ടിയിട്ടുള്ളത് എന്ന് പറയാൻ കഴിയും. ഇതാണ് പിന്നീട് വടക്കേകാട് ഹെൽത്ത് സെന്ററായി മാറിയത്. ജീവനക്കാർക്ക് താമസിക്കാനുള്ള ഒരു കോർട്ടേഴ്സും ഈ സ്ഥാപനത്തിനോടനുബന്ധിച്ചാണ് സ്ത്രീകളുടെ വാർഡിൽ വാർഡിൽ 12 ബെഡ്ഡും, പുരുഷൻമാരുടെ വാർഡിൽ 10 ബെഡും, പേവാർഡിൽ 3 ബെഡും, കുട്ടികളുടെ വാർഡിൽ 8 ബെഡ്ഡും ആണ് ഉള്ളത്. ഡോക്ടർമാരുടെ ഇപ്പോഴത്തെ സേവനം തൃപ്തികരമല്ല. നിലവിലുള്ള ബെഡുകളുടെയും, രോഗികളുടെയും എണ്ണ

ത്തിനനുസൃതമായി നേഴ്സുമാരുടെയും, മറ്റ് സ്റ്റാഫുകളുടെയും എണ്ണത്തിൽ അപര്യാപ്തതയു ണ്ട്. ഈ സ്ഥാപനത്തിൽ 3 ഡോക്ടർമാരാണ് ഇപ്പോൾ ഉള്ളത്. ഒരു ലേഡിഡോക്ടറുടെ തസ്തിക ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. പുന്നയൂർക്കുളം, വടക്കേക്കാട് പഞ്ചായത്തിലെ ജനങ്ങളാണ് ഈ സ്ഥാപനത്തെ ആശ്രയിക്കുന്നത്. 34 ജീവനക്കാരാണ് ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നത്.

പുന്നയൂർക്കുളത്തിന് മാത്രമായുള്ള ഗവൺമെന്റ് ഫിഷറീസ് ഡിസ്പെൻസറി ഈ പഞ്ചായ ത്തിന്റെ ഏറ്റവും പടിഞ്ഞാറെ അറ്റത്ത് സ്ഥിതിചെയ്യുന്ന 2-ാം വാർഡിന്റെ തീരപ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. സ്വന്തം കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ലഭ്യമല്ല. ആഴ്ചയിൽ 3 ദിവസം പഴഞ്ഞി PHC യിൽ നിന്നുള്ള ഡോക്ട റാണ് ഇവിടെ സേവനം നടത്തുന്നത്. ഡോക്ടറർമാർക്ക് താമസിക്കാൻ ഒരു കോട്ടേഴ്സ് ഇല്ല. ഒരു PHCക്കു വേണ്ട പ്രാഥമക സൗകര്യങ്ങളായ, വെളിച്ചം, വെള്ളം, തുടങ്ങിയവ ലഭ്യമാണ്.

പടിഞ്ഞാറെ ചെറായി കേന്ദ്രമായി ഒരു അലോപ്പതി സബ്സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഒരു നേഴ്സ് മാത്രമാണ് ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നത്. സ്ഥിരം കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. പ്രാഥമിക സൗകര്യങ്ങളിൽപ്പെട്ട വൈദ്യുതി ഇവിടെ ഇല്ല. മുൻകാ ലങ്ങളിൽ ലഭിച്ചിരുന്ന ഡോക്ടറുടെ സേവനം ഇപ്പോഴില്ല. സ്വകാര്യമേഖലയിൽ ശാന്തി നേഴ്സിങ്ങ് ഹോം എന്ന സ്ഥാപനം പുന്നൂർക്കാവ് സെന്ററിൽ പ്രവർത്തിക്കുന്നുണ്ട്. ഡോ. കൃഷ്ണൻ നമ്പൂ തിരിയുടെ ഉടമസ്ഥതയിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. 1980 മുതലാണ് ഈ സ്ഥാപനം പ്രവർത്തനം തുടങ്ങിയത്. ഈ സ്ഥാപനത്തിൽ 3 സ്ഥിരം ഡോക്ടർമാർ അടക്കം 16 ജീവനക്കാ രാണുള്ളത്. ഒരു ആധുനിക സൗകര്യത്തോടുകൂടിയ ആശുപത്രിക്കുവേണ്ട സൗകര്യങ്ങൾ ഈ സ്ഥാപനത്തിൽ കുറവാണ്.

### പട്ടിക 4

| Sl. No. | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തമായി/ വാടകക്ക് | ഉദ്യോഗസ്ഥ രുടെ എണ്ണം | വർഷം | സ്ഥാപന പരമായ പ്രശ്നം |
|---|---|---|---|---|---|---|
| 3 | PHC വടക്കേക്കാട് | അലോപ്പതി | സ്വന്തം | 34 | 1963 | |

ആയൂർവേദ ചികിത്സാരംഗത്തെ സ്വകാര്യമേഖലയിൽ കാര്യമേഖലയിൽ കാര്യമായ ക്ലിനിക് സൗകര്യങ്ങൾ ഇല്ലെങ്കിലും മൂന്ന് നാല് സ്ഥാപനങ്ങളിൽ പ്രഗത്ഭരായ വൈദ്യൻമാർ പ്രാക്ടീസ് നടത്തുന്നുണ്ട്. ശരാശരി 6500 രോഗികൾ ഒരു വർഷത്തിൽ പ്രസ്തുത വൈദ്യൻമാരിൽ നിന്ന് ചികിത്സക്കായി വരുന്നത്. 5 പെട്ടിമരുന്ന് കടകളും, പ്രശസ്തരായ ആര്യവൈദ്യഫാർമസി, വൈദ്യ രത്നം, ദാബർ ഫാർമാസി, എന്നിവയുടെ ബ്രാഞ്ചുകളും 26 മറ്റ് മരുന്ന് ഷാപ്പുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നു.

ഹോമിയോ ചികിത്സാ രംഗത്ത് പുന്നയൂർക്കുളം പഞ്ചായത്തിൽ ഗവൺമെന്റ് ഡിസ്പെൻസറി ഇല്ല. എന്നാൽ 2 സ്വകാര്യ പരിശീലകരിൽ നിന്ന് വർഷത്തിൽ ശരാശരി 4000 ത്തോളം രോഗികൾ ചികിത്സ സ്വീകരിച്ചു വരുന്നുണ്ട്. ഈ മേഖലയിൽ പഞ്ചായത്തിന് പുറമെനിന്ന് ചികിത്സനേടുന്ന വരുടെ എണ്ണം വളരെ കൂടുതലാണ്. ഇത്തരം സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഇത്തരം ഒരു ഹോമിയോ ഡിസ്പെൻസറിയുടെ ആവശ്യകത വളരെ അനിവാര്യമാണ്. നിലവിലുള്ള രണ്ട് ഗവൺമെന്റ് (ആയുർവ്വേദ & അലോപതി) ഡിസ്പെൻസറികൾ പഞ്ചായത്തിന്റെ രണ്ട് അറ്റങ്ങളിൽ ആയതുകൊണ്ട് മറ്റ് പ്രദേശങ്ങളിൽ ഉള്ളവർക്ക് ചികിത്സാ രംഗത്ത് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. സിദ്ധയുനാനി, പ്രകൃതി ചികിത്സാ എന്നീ ചികിത്സാ സമ്പ്രദായങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം.

**പട്ടിക 4**

| വർഷം | ഇൻ പേഷ്യന്റ് | ഔട്ട് പേഷ്യന്റ് | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ |
|---|---|---|---|---|---|---|---|
| 92-93 | - | 17967 | - | - | 75 | - | - |
| 93-94 | - | 7146 | - | - | 23 | - | - |
| 94-95 | - | 5895 | - | - | 46 | - | - |
| 95-96 | - | 6508 | - | - | 3 | - | - |
| ആകെ | - | 37516 | - | - | 147 | - | - |

## ആരോഗ്യനിലയുടെ സൂചികകൾ

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 29795 ആണ്. ഇതിൽ പൊതുമരണനിരക്ക് 1000ത്തിന് 6 എന്ന തോതിലാണ്. (0.6%) ജനസംഖ്യാനുപാതം വെച്ച് നോക്കുമ്പോൾ മരണനിരക്കിൽ ഗണ്യ മായ കുറവ് ആണ് എന്നു കാണാൻ കഴിയുന്നുണ്ട്. പൊതു ജനാരോഗ്യരംഗത്തെ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പുന്നയൂർക്കുളം പഞ്ചായത്ത് ഏറെ മുന്നിലാണെന്ന് കാണുന്നുണ്ട്. 1995ൽ ജനനനിരക്ക് 334 ആണ് രജിസ്ട്രർ ചെയ്തിട്ടുള്ളത്. ജനസംഖ്യാ അടി സ്ഥാനത്തിൽ നോക്കുമ്പോൾ ഇത് (1.2%) ആണ്. എന്നാൽ ഈ പഞ്ചായത്തിൽ സ്വകാര്യമേഖല യിൽ ഉള്ള ഒരു നേഴ്സിംഗ് ഹോമിലും, വീടുകളിലും നടക്കുന്ന ജനന കണക്കുമാത്രമാണ് ഇവിടെ രജിസ്ട്രർ ചെയ്തിട്ടുള്ളു. പഞ്ചായത്തിലെ കുട്ടികളുടെ ജനനവുമായി ബന്ധപ്പെട്ട കണ ക്കെടുത്ത് പരിശോധിക്കുമ്പോൾ കുടുംബാസൂത്രണം സ്വീകരിച്ചവരുടെ എണ്ണം സംസ്ഥാന ശരാ ശരിയേക്കാൾ കൂടുതലാണെന്ന് കാണാം. കുടുംബക്ഷേമ കാര്യങ്ങളിൽ ഒരു മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചു വരുന്നത്. പ്രതിരോധ കുത്തിവെപ്പുകളായ പോളിയോ, BCG, മുതലായവ

90% കുടുംബങ്ങളും സ്വീകരിച്ചു വരുന്നുണ്ട്. തൽഫലമായി അംഗവൈകല്യമുള്ളവർ തുലോം കുറവാണെന്ന് കാണാം. ഗർഭിണികൾക്കും കുട്ടികൾക്കും, സബ്സെന്ററുകൾ, അംഗനവാടികളിൽ നിന്നും കിട്ടേണ്ട പരിരക്ഷ വേണ്ട വിധം ലഭിക്കുന്നില്ല. എന്നാൽ വ്യക്തികൾ ഏറെക്കുറെ ശ്രദ്ധചെലുത്തുന്നതുകൊണ്ട് അവ ലഭ്യമാക്കാൻ സ്വകാര്യ സ്ഥാപനങ്ങൾ മുഖേന കഴിയുന്നുണ്ട്.

പരിസരമലിനീകരണം ആൽത്തറ പട്ടണത്തിൽ മാത്രമാണ് കൂടുതൽ രൂക്ഷമായിരിക്കുന്നത്. കോളനി പ്രദേശങ്ങളിൽ കക്കൂസുകൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ട് പരിസരജന്യമായ രോഗങ്ങൾ പിടിപെടാൻ സാധ്യത് ഏറെയാണ്. പഞ്ചായത്തിനെ മൊത്തം എടുത്ത് പരിശോധിക്കുമ്പോൾ ദാരിദ്രജന്യരോഗങ്ങൾ ഭാഗികമായി ഇല്ലെന്ന് പറയാൻ വയ്യ.

കെട്ടിടനിർമ്മാണം നമ്മുടെ പഞ്ചായത്തിൽ ത്വരിതഗതിയിൽ നടക്കുന്നതിന്റെ ഫലമായി, പെയിന്റിംഗ്, കോൺഗ്രീറ്റിംഗ് എന്നീ തുറകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ത്വക്ക് രോഗങ്ങൾ അലർജി എന്നിവ പിടിപെടാൻ സാദ്ധ്യത ഏറെയാണ്.

പ്രായാടിസ്ഥാനത്തിൽ പുന്നയൂർക്കുളം പഞ്ചായത്തിലെ ദമ്പതിമാരുടെ പ്രായക്രമം എടുത്ത് പരിശോധിക്കുകയാണെങ്കിൽ താഴെ പറയുന്ന പ്രകാരമാണ് ഇതിന്റെ കണക്കുകൾ.

പട്ടിക 1

| Sl No | സ്ത്രീയുടെ പ്രായ ഘടന | എണ്ണം |
|---|---|---|
| A | 15-19 | 190 |
| A | 20-24 | 655 |
| C | 25-29 | 843 |
| D | 30-34 | 610 |
| E | 35-39 | 407 |
| F | 40-44 | 320 |

സ്ത്രീസാക്ഷരതയിൽ പുന്നയൂർക്കുളം പഞ്ചായത്ത് താരതമ്യേന ഏറെക്കുറെ മുൻപന്തിയിലാണ്. തത്ഫലമായി കുട്ടികളുടെ പോഷണ നിലവാരത്തിലും മറ്റ് കാര്യങ്ങളിലും ഏറെകുറെ മുന്നിലാണെന്ന് കാണാൻ കഴിയുന്നു. എങ്കിലും പോഷണനിലവാരത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് കണക്കുകൾ വെളിപ്പെടുത്തുന്നത്.

ആരോഗ്യരക്ഷാചെലവിൽ പുന്നയൂർക്കുളം പഞ്ചായത്ത് പൂർണ്ണതകൈവരിച്ചു എന്ന് പറയാൻ കഴിയില്ല. സമീപകാലത്ത് ഉണ്ടായ ഒട്ടേറെ രോഗങ്ങൾക്കുള്ള പ്രതിരോധ നടപടികൾ കൈവരിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിൽ പഞ്ചായത്ത് പുറകിലാണെന്ന് കാണാൻ കഴിയുന്നു.

വടക്കേക്കാട് PHCയും, അണ്ടത്തോട് ഫിഷറീസ് ഡിസ്പെൻസറിയുടെയും, ചമ്മണൂർ ഡിസ്പെൻസറിയുടെയും പ്രവർത്തനം വേണ്ടത്ര ശരിയായ രീതിയിലല്ല നടക്കുന്നത്. ഗവൺമെന്റ് അധീനതയിൽ നടക്കുന്ന ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്തതിന്റെ കാരണം വേണ്ടത്ര ആധുനിക സൗകര്യങ്ങളുടെ അപര്യാപ്തതയും, ഡോക്ടർമാരുടെയും, മറ്റ് ജോലിക്കാരുടെയും ആത്മാർത്ഥത കുറവുമാണ്.

## ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ.

1. പഞ്ചായത്തിലെ എല്ലാവാർഡുകളിലും കൂടി ഏകദേശം 40-50% ത്തോളം വീടുകളിൽ കക്കൂസുകളില്ല. 9-ാം പദ്ധതിപൂർത്തിയാകുമ്പോഴേക്കും എല്ലാ വാർഡുകളിലും പ്രാഥമിക സൗകര്യം ലഭ്യമാക്കണം.
2. ജനസ്ഖ്യാനുപാതികമായ രീതിയിൽ അർഹമായ എണ്ണം സബ്സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടില്ല.
3. കൊതുക് ശല്യം പഞ്ചായത്ത് പ്രദേശങ്ങളിൽ വ്യാപകമായി അനുഭവപ്പെടുന്നു.
4. ആയൂർവ്വേദ ആശുപത്രിയുടെ സേവനം പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ല. ആശുപത്രിക്ക് സ്ഥിരം കെട്ടിടമില്ല.
5. ഹോമിയോ ചികിത്സയെയാണ് ഇന്ന് ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നത്. ഹോമിയോ ആശുപത്രി പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നില്ല.
6. സ്കൂൾ തലത്തിലുള്ള ആരോഗ്യപരിപാടി കാര്യക്ഷമമായി നമ്മുടെ പഞ്ചായത്തിൽ നടക്കുന്നില്ല.
7. നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രാത്രികാലത്ത് ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
8. പുന്നയൂർക്കുളം പഞ്ചായത്തിലെ പൊതുകേന്ദ്രമായ ആൽത്തറ സെന്ററിൽ പൊതുകക്കൂസും, മൂത്രപുരയും നിലവിലില്ല. മാലിന്യസംസ്കരണത്തിനുള്ള ഒരു സംവിധാനവും നിലവിലില്ല.
9. ഹോട്ടലിനോട് അനുബന്ധിച്ച് സാനിട്ടറി സൗകര്യങ്ങൾ ഇല്ല.
10. അറവുശാലകൾക്ക് പൊതുമാനദണ്ഡം നിലവിലില്ല.
11. നിലവിലുള്ള PHC വടക്കേക്കാട്, താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്കും അണ്ടത്തോട് GFD PHC നിലവാരത്തിലേക്കും ഉയർത്തിയിട്ടില്ല.
12. ആൽത്തറ Drainage പദ്ധതി ഇനിയും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

## സാധ്യതകൾ

1. പഞ്ചായത്തിലെ എല്ലാ പ്രദേശക്കാർക്കും ഉപകാരപ്പെടുന്ന വിധത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് ഒരു PHC ഉണ്ടാക്കേണ്ടതാണ്.
2. കോളനി പ്രദേശങ്ങളിൽ ഓരോ വീടുകൾക്കും ഓരോ കക്കൂസ്, കിണർ എന്നിവ പ്രായോഗികമല്ല. പൊതുകിണർ സ്ഥാപിച്ച് പൊതുടാങ്ക് സ്ഥാപിച്ച് ഇതിന്റെ പരിഹാരം കണ്ടെത്തണം.
3. ആയൂർവേദ ആശുപത്രിക്ക് കിടത്തി ചികിത്സിക്കാൻ പറ്റുന്നരീതിയിലുള്ള ഒരു സ്വന്തം വക കെട്ടിടം.

4. കൊതുനിവാരണം കാര്യക്ഷമവും, സമ്പൂർണ്ണമായും നടപ്പാക്കാൻ ദീർഘകാല അടിസ്ഥാനത്തിലുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

5. പുന്നയൂർക്കുളം പഞ്ചായത്തിന്റെ പൊതുകേന്ദ്രമായ ആൽത്തറയിൽ പൊതു കക്കൂസും, മൂത്രപ്പുരയും അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കണം.

6. നിലവിലുള്ള PHC വടക്കേക്കാട് താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്താം.

7. ഒന്നോ രണ്ടോ വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു സബ്സെന്റർ സ്ഥാപിക്കാം. ഈ സ്ഥാപനത്തിൽ രാത്രികാല ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

8. ആധുനിക നിലവാരമുള്ള അറവുശാലകൾക്ക് രൂപകല്പനചെയ്ത് നിലവിൽ വരുത്താം.

9. ഹോട്ടലിനോടനുബന്ധിച്ചുള്ള സാനിട്ടറി സൗകര്യം കർശനമാക്കാം.

10. ഗവൺമെന്റ് ഹോമിയോ ആശുപത്രി അനിവാര്യമായും നടപ്പാക്കാം.

11. ഹെൽത്ത് വിസിറ്റേഴ്സിന്റെ സേവനം മുറപ്രകാരം എല്ലാവീടുകളിലും ലഭ്യമാക്കാം.

## പട്ടിക 6

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 75 | - | - | - |
| 1994-95 | 23 | - | - | - |
| 1995-96 | 30 | 16 | - | - |

## പട്ടിക 7

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 48 | 12 | Nil |
| 1994-95 | 42 | 14 | Nil |
| 1995-96 | 37 | 8 | Nil |

## പട്ടിക 8

## രോഗങ്ങൾ സംബന്ധിച്ച വിവരം

### പ്രതിവർഷം (എണ്ണം)

| വർഷം | ഇൻ പേഷ്യന്റ് | ഔട്ട് പേഷ്യന്റ് | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ |
|---|---|---|---|---|---|---|---|
| 92-93 | - | 141210 | 3650 | 8260 | 300 | 200 | 1800 |
| 93-94 | - | 15526 | 4020 | 9000 | 506 | 100 | 1900 |
| 94-95 | - | 16149 | 6100 | 7036 | 240 | 150 | 2623 |
| 95-96 | - | 13800 | 5020 | 6950 | 130 | 75 | 1625 |
| ആകെ | - | 59685 | 18790 | 31264 | 1176 | 525 | 7948 |

## പട്ടിക 9

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായു രോഗങ്ങൾ | പ്രാണി രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 36 | 17 | 21 | - |
| 1994-95 | 42 | 21 | 23 | - |
| 1995-96 | 31 | 20 | 26 | - |
| **ആകെ** | **109** | **58** | **70** | - |

405

# പട്ടികജാതി പട്ടികവർഗ്ഗം ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 4.8% പട്ടിക ജാതി വിഭാഗമാണ്. പട്ടിക വർഗ്ഗക്കാർ ഈ പഞ്ചായത്തിൽ ഇല്ല. 1991ൽ നടത്തിയ സർവ്വെയിൽ ആകെയുള്ള 2051 കുടുംബങ്ങളിൽ 273 കുടുംബങ്ങൾ പട്ടികജാതി വിഭാഗമാണ്. ഇവർ കോളനികളിൽ ഒതുങ്ങിജീവിക്കുന്നത് ഈ പഞ്ചായത്തിൽ വിരളമാണ്. 8 ഹരിജൻ കോളനികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ കോളനികളിൽ താമസിക്കുന്ന ഏതാനും കുടുംബങ്ങളൊഴിച്ചു ബാക്കി കുടുംബങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇടകലർന്നാണ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ സാംസ്കാരികമായി ഇവർ തുലോം മുന്നിലാണ്.

വിദ്യാഭ്യാസ സാമൂഹിക മേഖലയിൽ കുറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക മേഖലയിൽ ഇപ്പോഴും വേണ്ടത്ര പുരോഗതികൈവരിച്ചില്ല.

മുൻകാലങ്ങളിൽ നിരവധി പീഠനങ്ങളും ചൂഷണങ്ങളും അനുഭവിച്ചിട്ടുള്ള ഇവർ ഇന്ന് ഭൂരിഭാഗവും ഇവയിൽ നിന്ന് മുകതരാണ്. ഇതിന്ന് പ്രധാന കാരണം മറ്റുള്ളവർക്കെന്നപോലെ ഈ വിഭാഗത്തിന് കിട്ടിയിട്ടുള്ള കുടികിടപ്പവകാശവും മിച്ച ഭൂമിലഭ്യതയും ആണ്. സാമൂഹികമായ ചടങ്ങുകളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഇവർക്കുള്ള സ്ഥാനം ഒട്ടും പുറകിലല്ല എന്ന് കാണാൻ കഴിയും. മാത്രമല്ല പൊതുപരിപാടികളിലും ഇവരുടെ പങ്കാളിത്തം വളരെ വലുതാണ്.

പട്ടികജാതി വിഭാഗത്തിന്റെ ഉയർച്ചക്കു വേണ്ടി സർക്കാർ നടപ്പാക്കുന്ന പല പദ്ധതികളും അവയെ സംബന്ധിച്ച അജ്ഞതയും കക്ഷി രാഷ്ട്രീയക്കാരുടെ അമിതമായ കൈകടത്തലും നിയമ തടസവും മൂലം ഫലപ്രദമായി ഇവ ഉപയോഗിപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

## വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ ഈ വിഭാഗത്തിൽ നിരക്ഷരർ മറ്റു സമുദായങ്ങളെ അപേക്ഷിച്ചു കൂടുതലാണ്. വിദ്യഭ്യാസരംഗത്ത് കാര്യമായി പുരോഗതി പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും സാങ്കേതികവും സർവ്വകലാശാല വിദ്യാഭ്യാസവും നേടിയവർ ഇല്ലാതില്ല. എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തുടർന്നു പഠിക്കുന്നവർ വളരെ കുറവാണ്. ഇതിനുള്ള പ്രധാന കാരണം രക്ഷിതാക്കളുടെ അജ്ഞതയും സാമ്പത്തികമായ പിന്നോക്കാവസ്ഥയും മാർഗ്ഗനിർദ്ദേശക്കുറവുമാണ്.

ഈ പഞ്ചായത്തിലെ കടിക്കാട് ഗവ.ഹൈസ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ 395 കുട്ടികളിൽ 66 പേർ പട്ടികജാതിക്കാരാണ് മൊത്തം പരിശോധിക്കുമ്പോൾ വിദ്യാഭ്യാസപരമായി ഇവരെ ഇനിയും മാറ്റി എടുക്കേണ്ടതുണ്ട്.

## തൊഴിൽ

പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ തൊഴിലെടുത്തു ഉപജീവനം നടത്തുന്നവരാണ്. പല യുവാക്കളും പരമ്പരാഗതമായി എടുത്തിരുന്ന തൊഴിൽ ഉപേക്ഷിച്ചു നൂതന തുറകളിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുന്ന പ്രവണതയുണ്ട്. വളരെ കുറച്ചു പേർ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലും തൊഴിലെടുക്കുന്നുണ്ട്. കാർഷിക മേഖലയിലും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലും തൊഴിലെടുക്കുന്നവർക്ക് ആശരി പുരുഷന് 125കയും സ്ത്രീക്ക് 70 കയും കൂലിലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ തെങ്ങുകയറ്റതൊഴിലാളികൾക്ക് സ്ഥിരമായ ഒരു

ഏകീകരിച്ച കൂലി ഈ പ്രദേശത്ത് നിലവിലില്ല. പല പ്രദേശത്തും പല നിരക്കിലുള്ള ഉയർന്ന കൂലിയാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. ഇതിനുള്ള പ്രധാന കാരണം ഈ വിഭാഗത്തിലെ ഒരു ന്യൂനപക്ഷം മാത്രമാണ് ഈ തൊഴിൽ ഇപ്പോൾ എടുത്തു കൊണ്ടിരിക്കുന്നത്. ഇവിടെ വിവിധ തുറകളിൽ ഇന്ന് തൊഴിലാളികളെ ലഭിക്കുവാൻ പ്രയാസകരമാണ്. തമിഴ്നാട്ടിൽ നിന്നെത്തുന്ന നിരവധി തൊഴിലാളികളാണ് ഈ വിടവ് നികത്തുന്നത്. ഇതിനുള്ള പ്രധാനകാരണം ഗൾഫ് പണത്തിന്റെ അധിപ്രസരവും പരമ്പരാഗത തൊഴിൽ തിരസ്കാരവുമാണ്. ഇവിടെ തൊഴിലെടുക്കാൻ തയ്യാറുള്ളവരെ സംഘടിപ്പിച്ചു എല്ലാ കാലത്തും തൊഴിൽ ലഭിക്കാവുന്ന വിധത്തിൽ യുക്തമായ ഒരു തൊഴിൽ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

## പാർപ്പിടം

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ |
|---|---|---|
| I | 15 | 13 |
| II | 18 | 15 |
| III | 16 | 12 |
| IV | 6 | 6 |
| V | 18 | 16 |
| VI | 10 | 10 |
| VII | 34 | 8 |
| VIII | 21 | 15 |
| IX | 11 | 10 |
| X | 24 | 7 |
| XI | 17 | 7 |
| XII | 83 | 20 |

പുന്നയൂർക്കുളം പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിപൂർണ്ണമായി പരിഹരിച്ചിട്ടില്ലെങ്കിലും സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന ഭവനനിർമ്മാണപദ്ധതികൾ മുഖേന ഒരു പരിധിവരെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മിക്ക ഹരിജൻ വീടുകളിലും മിതമായ രീതിയിലുള്ള സൗകര്യങ്ങൾ ഉണ്ടെങ്കിലും ചെറ്റകുടിലുകളിൽ നിന്നും ഒരു പരിധിവരെ മോചനം ലഭിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങളിൽ ഇപ്പോഴും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. വ്യത്യസ്ത ഏജൻസികളിൽ നിന്നും പണം കടം എടുത്ത് വീടുവെച്ചവർ പലരും കടകെണിയിൽപെട്ടിട്ടുണ്ട്. പലർക്കും വീടു നിർമ്മാണത്തിന് ആവശ്യമായ പണം ലഭിക്കാറില്ല എന്നതൊരു വസ്തുതയാണ്.

പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടുകൾക്കും കക്കൂസ് അനുവദിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. ഈ വിഭാഗങ്ങളിൽ ഭൂരിഭാഗത്തിനും വിദ്യാഭ്യാസ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കോളനി പ്രദേശങ്ങളിൽ നിരക്ഷരത നിലനിൽകുന്നു. പ്രൈമറി തലങ്ങളിൽ പഠനം നിർത്തിപോകുന്നവർ ധാരാളമായുണ്ട്.
2. കോളനി പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതം വളരെ ദുസ്സഹമാണ്.
3. പട്ടികവിഭാഗങ്ങളിൽ ഭൂരിഭാഗം ആളുകൾക്കും സ്വന്തമായി പാർപ്പിടമില്ല.
4. കോളനികൾക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമല്ല. (കിണർ, കക്കൂസ്, വൈദ്യുതി)
5. ഭൂരഹിതകർഷകർക്ക് ഇതുവരെയായിട്ടും പട്ടയം ലഭിച്ചിട്ടില്ല.
6. ഇവർക്കുള്ള ആരോഗ്യസംരക്ഷണ സംവിധാനം തൃപ്തികരമല്ല.
7. നിർദ്ധനകുടുംബങ്ങളിലെ അംഗങ്ങളുടെ ചികിൽസക്കും, പെൺമക്കളുടെ വിവാഹ ആവശ്യങ്ങൾക്കും സാമ്പത്തികസഹായം ലഭിക്കുന്നില്ല.
8. സർക്കാർ ഏജൻസികളിൽ നിന്നു ലഭിക്കുന്ന വിവിധ ധനസഹായ പദ്ധതികളെക്കുറിച്ച് ഇവർക്ക് വേണ്ടത്ര അറിവില്ല.
9. IRDP പോലെയുള്ള മിക്ക പദ്ധതികളും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.
10. ഹരിജൻ സൊസൈറ്റി ഇപ്പോൾ നിലവിലുണ്ടെങ്കിലും പ്രവർത്തനം മുരടിച്ചുനിൽക്കുന്നു.
11. ഈ വിഭാഗത്തിലെ ഭൂരിഭാഗം ജനങ്ങളും കടബാധ്യതയിൽപ്പെട്ടുപോകുന്നുണ്ട്.
12. കാർഷികമേഖലയിൽ തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരുന്നതിന്റെ ഫലമായി തൊഴിലാളികൾ ഈ മേഖലവിട്ട് പലതരത്തിലുള്ള തൊഴിലുകളിൽ ഏർപ്പെടുന്നു.
13. ഉയർന്നുപഠിക്കുന്നതിനുള്ള സാമ്പത്തികം ലഭിക്കുന്നില്ല.
14. ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല.
15. ഭൂരിഭാഗം ആളുകൾക്കും സ്ഥിരമായി തൊഴിൽ ലഭ്യമാകുന്നില്ല. അതുകൊണ്ട് വരുമാനം സ്ഥിരമല്ല.
16. ക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമായി ഭൂരിഭാഗം ആളുകൾക്കും ലഭ്യമല്ല.

## സാധ്യതകൾ

1. വൈദ്യുതീകരിക്കാത്ത നരവധി ഹരിജൻ വീടുകൾ പഞ്ചായത്തിൽ ഉണ്ട് കോളനികളിൽ വൈദ്യുതീകരണം എത്രയും പെട്ടെന്ന് തന്നെ നടത്തേണ്ടതുണ്ട്.
2. കോളനിപ്രദേശങ്ങളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാം. ചില സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല.
3. മിക്കവാറും വീടുകളിൽ കക്കൂസ് ഇല്ല. 9-ാം പദ്ധതി അവസാനിക്കുമ്പോഴേക്കും എല്ലാ ഹരിജൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകുക.
4. കാർഷികമേഖലയിൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാൻ, കൃഷി വാണിജ്യാ അടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കുക.
5. ഹരിജൻ യുവതികൾക്ക് തൊഴിൽലഭ്യമാക്കുന്നതിന്റെ ആദ്യപടിയായി ഹരിജൻ സൊസൈറ്റി പുനർജീ·

വിപ്പിക്കുക. ഇതിന്റെ കീഴിൽ കൈതൊഴിൽ, സാങ്കേതിക പരിശീലനം, എന്നിവ നൽകുക.

6. സഹകരണമേഖലയിൽ ഹോളോബ്രിക്സ് യൂണിറ്റ് സ്ഥാപിക്കുക.
7. ലക്ഷം വീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടാക്കി മാറ്റുക.
8. 5 മുതൽ 10വരെ സ്റ്റാൻറ്റേർഡിൽ പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.
9. SSLC വരെയും, തുടർന്നും, പഠനം തുടർന്നുകൊണ്ടുപോകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേന ആസൂത്രണം ചെയ്ത് നടപ്പാക്കുക.
10. ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി.സെറ്റുകൾ സ്ഥാപിക്കുക.
11. മിക്കകോളനി പ്രദേശങ്ങളിലും (12,7,1,5 വാർഡ്) ഗതാഗതസൗകര്യം പരിമിതമാണ്. ഗതാഗതസൗകര്യം കോളനികളിൽ ലഭ്യമാക്കുക.
12. വായനശാലകൾ സ്ഥാപിക്കുക.
13. പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കി വരുന്ന 3മുതൽ 5വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികൾ, രണ്ടോ മൂന്നോ കോളനികൾക്ക് സംയ്കുതമായി ഏർപ്പെടുത്തുക.
14. സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
15. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുക.
16. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണമേഖലയിൽ പായനെയ്ത്ത് 1 റെഡിമെയ്ഡ്, കയറുല്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ രൂപപ്പെടുത്തുക

## പട്ടിക 1

| മൊത്തം ജനസംഖ്യ | പട്ടിക ജാതിക്കാർ | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|---|
| 29 795 | 3148 | 1546 | 1602 |

## പട്ടിക 2
## Sc/St വിദ്യാർത്ഥികളുടെ കണക്ക്

| LP | | UP | | HS | |
|---|---|---|---|---|---|
| ആകെ | Sc/St | ആകെ | Sc/St | ആകെ | Sc/St |
| 2266 | 322 | 1179 | 159 | 395 | 66 |

# ടൂറിസം



പ്രകൃതിരമണീയമായ പുന്നയൂർക്കുളം പഞ്ചായത്തിൽ ടൂറിസം വികസനത്തിനുള്ള സാധ്യത കൂടുതലാണ്. ഇതുവരെയും ടൂറിസം മേഖലയിൽ സർക്കാരിന് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. 9-ാം പഞ്ചവത്സരപദ്ധതി ടൂറിസം മേഖലയെ പരിപോഷിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിലെ പടിഞ്ഞാറൻമേഖലയും, മലപ്പുറം ജില്ലയോട് തൊട്ടുകിടക്കുന്ന ഗ്രാമ പ്രദേശമായ ഉപ്പുങ്ങലും, ടൂറിസം വികസനത്തിന് സാധ്യത ഏറെയുള്ള സ്ഥലങ്ങളാണ്. ഈ പ്രദേശങ്ങളിൽ ടൂറിസം വികസനം നടന്നാൽ പഞ്ചായത്തിന് സാമ്പത്തികവരുമാനവും, സാംസ്കാരികമായ ഒരു മുന്നേറ്റവും നടത്താൻ കഴിയും എന്നതിൽ യാതൊരു തർക്കവുമില്ല. ടൂറിസം വികസനത്തെ വ്യവസായികഅടിസ്ഥാനത്തിൽ കൊണ്ടുപോകാതെ ജനങ്ങളുടെ വിനോദത്തിനും, വിശ്രമത്തിനുവേണ്ടിയും, അതിലുപരിയായി ഒരു സാംസ്കാരിക മുന്നേറ്റത്തിനുമാണ് ടൂറിസം വികസനത്തിൽ പ്രധാന്യം കൊടുക്കേണ്ടത്.

ഉപ്പുങ്ങൽ പ്രദേശത്ത് വർണമനോഹരമായ നിരവധി ഇനം പക്ഷികളുടെ വിഹാരകേന്ദ്രമാണ്. ആയിരക്കണക്കിനു ദേശാടനപക്ഷികളുടെ സംഗമഭൂമിയാണ് പ്രസ്തുത പ്രദേശം. വർഷങ്ങൾക്കുമുമ്പു തന്നെ ഇവിടെ പക്ഷികളുടെ വിഹാരകേന്ദ്രമാണെന്ന് ജനങ്ങൾ അഭിപ്രായപ്പെടുന്നു.

## നിർദ്ദേശങ്ങൾ

1. പക്ഷികളുടെ വംശനാശം ഇല്ലാതാക്കാൻ ടൂറിസം മേഖലയിൽ സംരക്ഷണം ഉറപ്പുവരുത്തുക.
2. പക്ഷികൾക്ക് വിഹരിക്കാനാവശ്യമായ ചെടികൾ നട്ടുപിടിപ്പിക്കുക.
3. പക്ഷിനിരീക്ഷണത്തിനുവേണ്ടി ഒരു നിരീക്ഷണകേന്ദ്രം സ്ഥാപിക്കുക. (ബൈനോകുലർ, ടെലസ്കോപ്പ്).
4. പഞ്ചായത്ത് അതിർത്തിക്കുള്ളിലും പക്ഷി സങ്കേതത്തിന് അകലെയുമല്ലാതെ ഒരു (Information Center) സ്ഥാപിക്കുക.
5. പക്ഷിമ്യൂസിയം സ്ഥാപിക്കുക.
6. പെരിയമ്പലം ബീച്ച് പിക്നിക്ക് സ്പോട്ടായി ഉയർത്തുക.
7. കനോലികനാലിൽ ദേശീയജലപാതാ പദ്ധതി നടപ്പാക്കി ബോട്ട് സർവ്വീസ് ആരംഭിക്കുക.
8. കനോലി കനാലിനോടനുബന്ധിച്ച് ഒരു (Resort Center) സ്ഥാപിക്കുക. (മുൻവിശ്രമകേന്ദ്രം സ്ഥിതിചെയ്തിരുന്ന സ്ഥലം പഞ്ചായത്തിനെ ഏൽപിക്കുകയും, ജനസേവനപദ്ധതികൾ നടപ്പാക്കുക)

# ചരിത്ര പശ്ചാത്തലം

മഹോദയപുരം തലസ്ഥാനമാക്കിവാണ കുലശേഖരപരമ്പരയിലെ അവസാനത്തെ പെരുമാൾ പൂർവ്വികരായി ധരിച്ചുപോന്ന കിരീടവും, പണ്ടങ്ങളും തന്റെ മരുമകനായ പെരുമ്പടപ്പിലെ അംഗത്തിന് സമ്മാനിച്ചു. അവസാനത്തെ കുലശേഖര പെരുമാളിന്റെ സഹോദരിയെ പെരുമ്പടപ്പിലെ ഒരു നമ്പൂതിരിയാണ് വിവാഹം ചെയ്തിരുന്നത്. അങ്ങിനെ ക്ഷത്രിയ നമ്പൂതിരിക്കു ജനിച്ച പുത്രൻ പെരുമ്പടപ്പ് സ്വരൂപം സ്ഥാപിച്ചു എന്നാണ് ഐതിഹ്യം.

പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനമായ വന്നേരിയിൽ ഉൾപ്പെടുന്ന പ്രദേശമാണ് പുന്നയൂർക്കുളം. പെരുമ്പടപ്പ് രാജാക്കൻമാരുടെ തലസ്ഥാനമായിരുന്നു വന്നേരി. സാമൂതിരിയുടെ ആക്രമണം ഭയന്ന് പെരുമ്പടപ്പ് രാജാക്കൻമാർ വന്നേരി ഉപേക്ഷിച്ച് തിരുവഞ്ചിക്കുളത്തേക്കും അതിനുശേഷം കൊച്ചിയിലേക്കും ആസ്ഥാനം മാറ്റിയതോടെ പെരുമ്പടപ്പ് രാജാവ്, കൊച്ചി രാജാവും പെരുമ്പടപ്പ് രാജ്യം കൊച്ചിരാജ്യവുമായി മാറി. ഒരു കാലത്ത് വന്നേരി തലപ്പിള്ളി രാജ്യവംശത്തിന്റെ അധീനതയിൽപെട്ടിരുന്നതായും രേഖകളിൽ കാണുന്നു.

പ്രകൃതി മനോഹരമായ പല പ്രദേശങ്ങളും ചേർന്നതാണ് വന്നേരിനാട്. വന്നേരിയുടെ വളരെ വ്യക്തമായ ഒരു ചരിത്രം ലഭ്യമല്ല. ഏകദേശം എട്ടാം നൂറ്റാണ്ടുവരെയുള്ള ചരിത്രമാകട്ടെ അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണുതാനും. എങ്കിലും പുരാവസ്തു ഗവേഷണം നരവംശ ശാസ്ത്രം, നാണയ ശാസ്ത്രം, ഭാഷാ ശാസ്ത്രം എന്നിവയിൽ വന്നിട്ടുള്ള പഠനങ്ങൾ വന്നേരിയുടെ ചരിത്രത്തിലേക്ക് വെളിച്ചം വീശാൻ പ്രയോജനപ്പെടുന്നുണ്ട്.

പഞ്ചായത്ത് ചരിത്രത്തിലേക്കൊരു എത്തിനോട്ടം:-

കേരളത്തിലെ സാമൂഹിക-സാംസ്കാരിക രാഷ്ട്രീയ ചരിത്രത്തിൽ ഗണ്യമായ സ്ഥാനം വഹിച്ച ഒരു കൊച്ചുഗ്രാമമാണ് പുന്നയൂർക്കുളം. ഒട്ടനവധി മഹാ വ്യക്തികൾക്ക് ജന്മം കൊടുക്കാൻ പുന്നയൂർക്കുളത്തിന് സാധിച്ചിട്ടുണ്ട്.

വന്നേരി നാട്ടിലെ ഒരു പ്രശസ്ത തറവാടായിരുന്നു ഏലിയങ്ങാട്ട് കോവിലകം. ഈ കോവിലകത്തിന്റെ ഉൽപത്തി ഗതകാലചരിത്രത്തിന്റെ നൂലാമാലകളിൽ കുടുങ്ങിക്കിടക്കുന്നു. എങ്കിലും വന്നേരി നാട്ടിലെ ഏറ്റവും പഴക്കംചെന്ന തറവാടാണ് ഇത് എന്നുള്ളത് നിസ്തർക്കമാണ്.

ബ്രിട്ടീഷ് ആധിപത്യത്തിനെതിരായും, സാമ്രാജ്യത്ത്വവാഴ്ചക്കെതിരായും, ഫ്യൂഡൽ വർഗ്ഗ പാരമ്പര്യത്തിന്നെതിരായും ദേശീയപ്രസ്ഥാനത്തിന്റെ അലകൾ ശക്തിയായി അടിച്ചുകൊണ്ടിരുന്ന കാലഘട്ടങ്ങളിൽ അതിന്റെ ശക്തിയായ പ്രതിധ്വനി വന്നേരി നാടിന്റെ ഹൃദയമായ പുന്നയൂർക്കുളത്തും മാറ്റൊലി കൊണ്ടു.

വിദേശ ശക്തികൾക്കെതിരായുള്ള പോരാട്ടത്തിൽ 1931ൽ രാഷ്ട്രപിതാവിന്റെ ധർമ്മപത്നി കസ്തൂർബാഗാന്ധി രാമരാജാ യു.പി. സ്കൂളിൽ വന്നത് ഈ നാടിന് അഭിമാനിക്കുവാൻ കഴിയുന്ന ഒരു നേട്ടമാണെന്ന് കാണാം. പ്രായാധിക്യവും, ഉച്ചനീചത്വങ്ങളും മറന്ന് ഏലിയങ്ങാട്ട് കോവിലകത്ത് അമ്മത്തമ്പുരാട്ടിയുടെ അദ്ധ്യക്ഷതയിൽ അന്നവിടെ കൂടിയ സംഗമത്തിൽ ധാരാളം സ്ത്രീകൾ പങ്കെടുത്തിരുന്നു. ക്ഷേത്രപ്രവേശന വിളംബരം നടപ്പാക്കിയിട്ടില്ലാത്ത അന്ന് അവർണ്ണർക്ക് ക്ഷേത്ര പ്രവേശനം വേണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം പ്രസ്തുത യോഗത്തിൽ എല്ലാവരും ഒപ്പിട്ട്

അംഗീകരിച്ചു. ഇതിനോടനുബന്ധിച്ച് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ചർക്കയിൽ നൂൽനൂൽക്കൽ, കൈത്തറി നെയ്ത്തൽ തുടങ്ങിയവ പുന്നയൂർക്കുളത്ത് ആരംഭിക്കുകയും ചെയ്തു.

മുൻകാലങ്ങളിൽ തണ്ണീർപന്തലുകളും, അത്താണികളും പല സ്ഥലങ്ങിലും ഉണ്ടായിരുന്നു. ജാതിവ്യവസ്ഥ ഉച്ചാവസ്ഥയിൽ നിന്നിരുന്ന ആ കാലഘട്ടങ്ങളിൽ സവർണ്ണ മേധവിത്വം മൂലം അവർണ്ണരുടെ കുട്ടികൾക്ക് സ്കൂളിൽ പഠിക്കുന്നതിന് സാധിച്ചിരുന്നില്ല. ഇന്നത്തെപോലെ ചായക്കടകൾ ഒന്നും ഇല്ലാതിരുന്ന അക്കാലത്ത് വഴിപ്പോക്കർക്ക് സംഭാരം നൽകാൻ തണ്ണീർ പന്തലുകളും, ചുമടെടുത്ത് പോകുന്നവർക്ക് ഭാരമിറക്കാൻ അത്താണികളും ഭൂ പ്രഭുക്കൻമാർ സ്ഥാപിച്ചിരുന്നു. ജാതിവ്യത്യാസം അനുസരിച്ച് സംഭാരം നൽകുവാനുള്ള സംവിധാനം തണ്ണീർപന്തലുകളിലുണ്ടായിരുന്നു. വലിയ കവുങ്ങ് നടുപൊളിച്ച് അതിലെ ചോറ് കളഞ്ഞ് ഒരു പാത്തിപോലെ തണ്ണീർപന്തലിലെ തിണ്ണയിൽനിന്നും താഴോട്ട് വച്ചിരിക്കും. തീണ്ടാപ്പാടകലത്തിൽ നിർത്തി അതിനനുസരിച്ചുള്ള പാത്തികളിലൂടെയായിരിക്കും തീണ്ടക്കാർക്ക് സംഭാരം ഒഴിച്ചു കൊടുക്കുക. ഇത് ആ കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയെ എടുത്തുകാണിക്കുന്നതാണ്.

അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം എന്നിവക്കുവേണ്ടി എ.കെ. ഗോപാലൻ (AKG), ശ്രീ. നാരായണ ഗുരുകേളപ്പൻ എന്നീ സാമൂഹ്യ-രാഷ്ട്രീയ പരിഷ്കർത്താക്കൾ പുന്നയൂർക്കുളത്ത് വരികയും അനീതികൾക്കെതിരെ പോരാടാൻ പുന്നയൂർക്കുളത്തെ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തുന്നു. ഇതിന്റെ ഭാഗമായി ദേശീയപ്രസ്ഥാനത്തിലെ സവർണ്ണ വാഴ്ചക്കെതിരായും, ഉള്ളവനും ഇല്ലാത്തവനും എന്ന വ്യത്യാസത്തെ കുറക്കാനും ഈ മഹാന്മാരുടെ സാന്നിദ്ധ്യം വലിയൊരളവോളം നമുക്ക് പ്രയോജനപ്പെട്ടു.

ഭൂദാന പ്രസ്ഥാനത്തിന്റെ സന്ദേശവുമായി 1956ൽ ആചാര്യ വിനോഭാവ പുന്നയൂർക്കുളം സന്ദർശിക്കുകയുണ്ടായി. രാമരാജ സ്കൂളിൽ വെച്ചുകൂടിയ യോഗത്തിൽ പല വ്യക്തികളും ഭൂമിദാനം ചെയ്യുകയുണ്ടായി.

1930ൽ ഗാന്ധിജിയുടെ ദണ്ഡിയാത്രയോടുകൂടി ആരംഭിച്ച ഉപ്പുസത്യാഗ്രഹവും, മറ്റു സത്യാഗ്രഹങ്ങളും കേരളത്തിൽ കേളപ്പന്റെയും മറ്റും നേതൃത്വത്തിൽ മുന്നേറിക്കൊണ്ടിരുന്നു. സി.പി. രാമപ്പണിക്കർ, കപ്പ്യാരത്ത് കുമാരൻ നായർ, സി.പി. ശങ്കരപ്പണിക്കർ, കടിക്കാട് അപ്പുണ്ണി (അബൂബക്കർ), ടി. രാഘവൻ നായർ, ഉണ്ണിക്കണ്ണൻ നായർ, വി.സി. കൃഷ്ണൻ മേനോൻ, ജയദേവൻ നായർ തുടങ്ങിയ നിരവധി പ്രമുഖർ കർഷക പ്രസ്ഥാനത്തിന്റേയും, ദേശീയപ്രസ്ഥാനത്തിന്റെയും നേതൃനിരയിൽ സജീവമായിരുന്നു.

സാഹിത്യ നഭോമണ്ഡലത്തിലെ തേജോഗോളമായ മഹാകവി നാലാപ്പാട്ട് നാരായണമേനോൻ പുന്നയൂർക്കുളത്തിന്റെ സന്താനമാണ്. സാംസ്കാരികപരമായി പുന്നയൂർക്കുളത്തെ ലോകമെമ്പാടും പ്രശസ്തിയിലേക്ക് എത്തിച്ചത് ഈ മഹാകവിയാണ്. അതുപോലെത്തന്നെ സാംസ്കാരികപരമായി എടുത്തുപറയേണ്ടവർ ബാലാമണിയമ്മ, പുന്നയൂർക്കുളം വി. ബാപ്പു, മാധവിക്കുട്ടി എന്നിവരാണ്. ജ്ഞാനപീഠം ലഭിച്ച എം.ടി. വാസുദേവൻ നായർക്ക് പുന്നയൂർക്കുളംമണ്ണുമായി അഭേദ്യമായ ബന്ധമുണ്ട്. ആദ്യമായി പുന്നയൂർക്കുളത്ത് സഹകരണ പ്രസ്ഥാനത്തിന് അടിത്തറയിട്ടത് ശങ്കുണ്ണി മേനോൻ, പി. ചേക്കുമുസ്ല്യാർ, ടി. രാഘവമേനോൻ, കെ.ജി. കരുണാകരമേനോൻ എന്നിവരാണ്.

സ്വാതന്ത്ര്യ സമ്പാദനത്തിനു മുൻപ് എഴുത്താശാൻമാരുടെ കീഴിൽ നിലത്തെഴുത്ത് അഭ്യസിക്കുകയായിരുന്നു വിദ്യാഭ്യാസത്തിന്റെ ആദ്യ പടി. കുടുക്കയിൽ പൂഴിമണൽനിറച്ച് പനയോലകളും കൊണ്ടാണ് അന്നത്തെ വിദ്യാർത്ഥികൾ എഴുത്ത്പള്ളിയിൽ പോകുക. ചൂണ്ടാണിവിരൽ കൊണ്ട് പൂഴിയിൽ ഹരിശ്രീ കുറിക്കുക. അക്ഷരങ്ങൾ ഓലയിൽ എഴുതിക്കൊടുക്കുകയും ചെയ്യും അതായി

രുന്നു അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം. സവർണ്ണകുട്ടികളെ ഒരിടത്തും, അവർണ്ണരെ അകലെ മാറ്റിനിർത്തുകയും ചെയ്യും. ദേഷ്യം വന്നാൽ ആശാൻ സവർണ്ണ വിദ്യാർത്ഥികളെ വടികൾ കൊണ്ട് കയ്യിൽ അടിക്കുകയും, അവർണ്ണവിദ്യാർത്ഥികളെ വടകൊണ്ട് എറിയുകയും ആണ് പതിവ്. ജാതി യുടെ പേരിൽ സ്വന്തം ശിഷ്യന്മാരോടു പോലും ആശാൻമാർ വിവേചനം കാട്ടിയിരുന്നു. 1892ൽ ആണ് പുന്നയൂർക്കുളത്ത് ഇന്നത്തെ വിദ്യാഭ്യാസരീതിക്ക് തുടക്കം കുറിച്ചത്. പുഴിക്കളയിൽ ആണ് ഹിന്ദു എലിമെന്ററി സ്കൂൾ എന്ന സ്ഥാപനം ആദ്യമായി സ്ഥാപിച്ചത്. ഇതിന് ശേഷമാണ് ഈ സ്കൂൾ രാമരാജാ യു.പി. സ്കൂളായി മാറിയത്. സ്വാതന്ത്ര്യസമ്പാദനത്തിനു മുൻപ് തന്നെ പുന്ന യൂർക്കുളം GMLP സ്കൂൾ പരൂർ, കുമ്പ്രവള്ളി സ്കൂൾ, കടിക്കാട് സ്കൂൾ എന്നിവ നിലവിൽ വന്നിരുന്നു. ഇന്നീ പ്രദേശത്ത് നിരവധി വിദ്യാലയങ്ങൾ സ്വകാര്യമേഖലയിലും, സർക്കാർ മേഖല യിലും നിലവിലുണ്ട്. വിദ്യാഭ്യാസപരമായ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ പുന്ന യൂർക്കുളത്ത്കാർക്ക് സാധിച്ചെങ്കിലും, സാങ്കേതിക വിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്.

2ാം ലോകമഹായുദ്ധത്തിന്റെ ആരംഭത്തോടെ കോൺഗ്രസ്സിലെ ഇടതു പക്ഷവും, വലതുപ ക്ഷവും തമ്മിലുള്ള സംഘർഷം മൂർദ്ധന്യാവസ്ഥയിൽ എത്തി. ഇടതുപക്ഷ KPCC പിരിച്ചുവിടപ്പെ ട്ടതോടെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്കാർ ഒന്നടങ്കം കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് നീങ്ങി. ഉച്ചനീചത്വങ്ങൾക്കെതിരെയും, ഭൂമിക്കും സ്വാതന്ത്ര്യത്തിനു വേണ്ടിയും ഉള്ള സമരം പുതിയ രൂപ ങ്ങളിൽ മുന്നോട്ടുപോയി. അസംഖ്യം കർഷക സമരങ്ങളിൽ പുന്നയൂർക്കുളവും പങ്കാളിയായി. സ്വാതന്ത്ര്യാനന്തരകാലത്തും ബഹുജനപ്രസ്ഥാനങ്ങളുടെ മുഖ്യധാര ഭൂമിക്കുവേണ്ടിയുള്ള പോരാട്ട ങ്ങൾ തന്നെയായിരുന്നു. ഈ പോരാട്ടങ്ങളിൽ പുന്നയൂർക്കുളത്തുകാരും സജീവമായി പങ്കുകൊണ്ടു.ണ്ട്. ഈ ബഹുജനപ്രക്ഷോഭങ്ങളുടെ ഫലമായി 1967ൽ അന്നത്തെ കേരളമുഖ്യമന്ത്രി ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഭൂപരിഷ്കരണ നിയമം പാസ്സാക്കി. ഇതിന്റെ ഭാഗമായി ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചയും ഭൂപരിഷ്കരണവും നാടിന്റെ മുഖച്ഛായ തന്നെ മാറ്റി. കൊടികുത്തി വാണിരുന്ന ഫ്യൂഡൽ ജന്മിത്വം അപ്രത്യക്ഷമായി. ഭൂ പരിഷ്കരണനിയമം നിലവിൽവരുന്നതിന് മുൻപ് പുന്നയൂർക്കുളത്തെ ഭൂരിഭാഗം പേർക്കും കൃഷിഭൂമി സ്വന്തമായി ഉണ്ടായിരുന്നില്ല. ഭൂമിയെ ല്ലാം ചില നാട്ടുപ്രമാണിമാരുടെ വകയായിരുന്നു. ഭൂപരിഷ്കരണ നിയമത്തിലൂടെ നിരവധി കുടി യാൻമാർക്കും, കുടികിടപ്പുകാർക്കും പുന്നയൂർക്കുളത്ത് ഭൂമി സ്വന്തമായി ലഭിച്ചു. ജന്മിക്കു നൽകി യിരുന്ന പാട്ടം കൃഷിക്കാരന് സ്വന്തമായി. കിടക്കാൻ ഒരിടം സ്വന്തമായി കിട്ടിയ കർഷകതൊഴിലാ ളിയുടെ വിലപേശൽകഴിവുണർന്നു. ഭൂവുടമ ബന്ധങ്ങളിൽ വന്ന മാറ്റം സവർണ്ണമേധാവിത്വത്തിന്റെ അടിത്തറ തോണ്ടി. ഭൂസ്വത്തുക്കളുടെ 90% ഏതാനും ജന്മികുടുംബങ്ങളുടെ കൈവശമായിരുന്ന പുന്നയൂർക്കുളത്ത് ഭൂമിക്ക് വേണ്ടിയുള്ള സമരം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും, കർഷകസംഘ ത്തിന്റെയും നേതൃത്വത്തിൽ ശക്തമായി നടന്നിരുന്നു. ഭൂപരിഷ്കരണനിയമം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂസ്വത്തുക്കളുടെ ഉടമസ്ഥരാക്കി മാറ്റി. ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റം സാമൂഹിക ജീവിതത്തിൽ അവർണ്ണനീയമായ മാറ്റമാണ് വരുത്തിയത്. ഭൂപരിഷ്കരണം, വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹിക ചുറ്റുപാടുകളിൽ പ്രകടമായ മാറ്റം സൃഷ്ടിച്ചു. ഭൂപരിഷ്കരണ ത്തെതുടർന്നാണ് സാക്ഷരതയിൽ ഒരു കുതിച്ചുചാട്ടം തന്നെ നമ്മുടെ പഞ്ചായത്തിന് സാദ്ധ്യമാ ക്കാൻ കഴിഞ്ഞത്.

പുന്നയൂർക്കുളം പഞ്ചായത്തിൽ കരുമത്താഴമനയിലെ ഭൂമിക്ക് വേണ്ടിയുള്ള മിച്ച ഭൂമി പ്രക്ഷോഭം പല രാഷ്ട്രീയ സാമൂഹിക മാറ്റങ്ങൾക്കും വഴി തെളിയിച്ചു. ഒരു കാലത്ത് നിരവധി സാമൂഹിക

രാഷ്ട്രീയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച പുന്നയൂർക്കുളം പഞ്ചായത്തിലെ ഒരു ചന്തയാണ് ആറ്റുപുറം ചന്ത (ഇന്ന് ഈ ചന്ത നിലവിലില്ല) മുതലാളിത്ത വ്യവസ്ഥയെ അംഗീകരിക്കാത്തതുകാരണം അയമു എന്ന വ്യക്തിയെ പ്രമാണിമാർ തെങ്ങിൽ കെട്ടിയിട്ട് മർദ്ദിച്ചത് ഈ ചന്തയിൽവെച്ചാണ്. ദേശീയ പ്രസ്ഥാനത്തിന്റെയും പുരോഗമന പ്രസ്ഥാനത്തിന്റേയും വളർച്ചക്ക് ഈ ചന്ത നല്ല ഒരു അളവോളം പങ്കുവഹിച്ചിട്ടുണ്ട്.

1927-30 കാലഘട്ടത്തിൽ കോൺഗ്രസ്സ് സംഘടന പുന്നയൂർക്കുളത്ത് രൂപംകൊണ്ടു. ശ്രീമാരാത്താട്ടിൽ ശങ്കരൻ നായർ സി.വി. രാമപണിക്കാർ എന്നിവരുടെ നേതൃത്വത്തിലാണ് കോൺഗ്രസ്സ് സംഘടനക്ക് രൂപം നൽകിയത്.

1944ൽ കമ്മ്യൂണിസ്റ്റ് നേതാവ് കൊളാടി ഉണ്ണിയുടെ ശ്രമഫലമായി പുന്നയൂർക്കുളത്ത് ആദ്യമായി ഒരു കർഷകസംഘത്തിന് രൂപം നൽകി. പരൂർക്ഷേത്ര മൈതാനിയിൽ രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനം ഔപചാരികമായി കർഷക സംഘടനക്ക് രൂപം നൽകി. അറക്കൽ M.യൂസഫ്, T.രാഘവൻ നായർ എന്നിവരായിരുന്നു. ഈ സംഘടനയുടെ പുന്നയൂർക്കുളത്തെ ആദ്യകാല നേതാക്കൾ. ആ കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു ബ്രാഞ്ച് പരസ്യമായി പുന്നയൂർക്കുളത്ത് പ്രവർത്തനം ആരംഭിച്ചിരുന്നു. I.കുഞ്ഞുണ്ണി T.രാഘവൻനായർ VP മാമു V.ബാലൻ നായർ, പരീത് എന്നിവരായിരുന്നു ഇതിന്റെ ആദ്യകാലനേതാക്കൾ.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനഫലമായി 1953ൽ പുന്നയൂർക്കുളം പഞ്ചായത്തിൽ ആദ്യമായി പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഒരു മത്സരം ഉണ്ടാക്കാൻ സാധിച്ചു. 'ബാലറ്റ് പേപ്പർ' സമ്പ്രദായം നിലവിലില്ലായിരുന്ന അക്കാലത്ത്, വോട്ടർമാർ പരസ്യമായി കൈപൊക്കിയായിരുന്നു വോട്ട് രേഖപ്പെടുത്തിയിരുന്നത്.

## പഞ്ചായത്ത് സമിതികളുടെ ചരിത്രം:

പഴയമലബാർ ഡിസ്ട്രിക്ട് ബോർഡിൽ ഉൾപ്പെട്ടിരുന്ന പ്രദേശമായിരുന്ന പുന്നയൂർക്കുളം പഞ്ചായത്ത് പിന്നീട് അത് ആറ്റുപുറം, അണ്ടത്തോട് എന്നീ രണ്ടു പഞ്ചായത്തുകളായി മാറുകയാണ് ഉണ്ടായത്. 1962ൽ ആണ് ഇന്ന് നിലവിലുള്ള ഏകീകൃത പുന്നയൂർക്കുളം പഞ്ചായത്തായി മാറിയത്. ആദ്യം കോഴിക്കോട് ജില്ലയിലും പിന്നീട് 1956നു ശേഷം പാലക്കാട് ജില്ലയിലും ഉൾപ്പെട്ടിരുന്ന പുന്നയൂർക്കുളം പഞ്ചായത്ത് 1970 കൾക്ക് ശേഷമാണ് തൃശൂർ ജില്ലയിലേക്ക് മാറിയത്. പുന്നയൂർക്കുളം പഞ്ചായത്തിൽ കടിക്കാട്, പുന്നയൂർക്കുളം എന്നീ രണ്ടു വില്ലേജുകളാണ് നിലവിലുണ്ടായിരുന്നത്. ഇത് പുന്നയൂർക്കുളം വില്ലേജ് കമ്മിറ്റി ഏകീകൃത പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടായി ദേശീയ പ്രസ്ഥാനത്തിന്റേയും പുരോഗമന പ്രസ്ഥാനത്തിന്റേയും നെടും തൂണായ C.P. രാമപണിക്കർ തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം മരിക്കുന്നത് വരെയും ഈ സ്ഥാനത്ത് തുടരുകയും ചെയ്തു പുന്നയൂർക്കുളം പഞ്ചായത്തിന്റെ രാഷ്ട്രീയ സാമൂഹിക മാറ്റങ്ങൾക്ക് ഇദ്ദേഹം വളരെ അധികം സംഭാവനകൾ ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഭരണശേഷം നിരവധി പഞ്ചായത്ത് പ്രസിഡന്റുമാർ ഭരണ സമിതിയുടെ നേതൃത്വം ഏറ്റെടുക്കുകയുണ്ടായി ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡണ്ട് വി.പി.മാമു, കെ. ആലു, എം.പി. മുഹമ്മദ് എന്നിവരായിരുന്നു, C.P. രാമപണിക്കരുടെ നേതൃത്വത്തിലുള്ള ഭരണസമിതിക്ക് ശേഷം പ്രസിഡണ്ടുമാർ ആയത്.

1983ൽ പഞ്ചായത്ത് ഭരണസിതിയുടെ പ്രസിഡന്റായി കെ. ആലു തെരഞ്ഞെടുക്കപ്പെട്ടു. സമിതിയുടെ പ്രസിഡന്റായിരുന്ന ശ്രീ.കെ. ആലു പ്രസിഡന്റ് സ്ഥാനം ഒഴിയുകയും ഈ ഒഴിവ് നികത്തി. ശ്രീ. എം. പി. മുഹമ്മദിനെ പ്രസിഡന്റാക്കുകയും ചെയ്തു. വി.കെ. വി. തിലകമേനോൻ, വി.പി. മാമു, ടി.കെ. കുമാരൻ, എം.പി. മുഹമ്മദ്, കെ. ആലു ടി.പി. വിനോദിനിഅമ്മ, പി.എം. മൊയ്തീൻ, എ.കെ. അമ്മിണി, കെ. ജനാർദ്ദനൻ നമ്പ്യാർ വി.സി. രാമചന്ദ്രമേനോൻ എന്നീ 10

മെമ്പർമാരാണ് 1983ൽ ഭരണസമിതിയിൽ ഉണ്ടായിരുന്നത്. 1990ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയിൽ 11 മെമ്പർമാർ ഉണ്ടായിരുന്നു. ഈ ഭരണസമിതിയുടെ പ്രസിഡണ്ടായി വി.പി. മാമുവിനെ തെരഞ്ഞെടുക്കുകയുണ്ടായി. ഇതിന്റെ വൈസ് പ്രസിഡന്റായി. വി.കെ.വി. തിലകമേനോനും തെരഞ്ഞെടുക്കപ്പെട്ടു. വി.കെ.വി. തിലകമേനോൻ, വി.പി.മാമു, എം.പി. മുഹമ്മദ് എം. വാസു, ടി.പി. വിനോദിനി അമ്മ, സി.കെ. ശകുന്തള. കെ. അബ്ദുൾഹമീദ്, M. അബ്ദുപ്പ, ടി.എ. കാസ്മി മുഹമ്മദുണ്ണി. പികെ. അറക്കൽ യൂസഫ് മൊയ്തീൻ എന്നിവരായിരുന്നു. അന്നത്തെ മെമ്പർമാർ. ഈ ഭരണസമിതിക്ക്ശേഷം പുതിയപഞ്ചായത്ത് രാജ് നിയമപ്രകാരം വാർഡ് വിഭജനം നടക്കുകയും 11 വാർഡുകൾ 12 വാർഡുകളായി മാറുകയുണ്ടായി. 1996ൽ പഞ്ചായത്ത് രാജ് നിയമപ്രകാരം നടന്ന ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 12വാർഡുകൾ നിലവിൽ വന്നിരുന്നു. 1996 ലെ ഭരണസമിതി മെമ്പർമാരായി. 1-ാം വാർഡ് ടി.എസ്. ഉദയൻ, 2-ാം വാർഡ് വി.കെ. യൂസഫ്, 3-ാം വാർഡ് സുബൈദമുഹമ്മദുകുട്ടി. 4-ാം വാർഡ് എ.അലാവുദ്ദീൻ, 5-ാം വാർഡ് വിപിൻ മോഹൻ, 6-ാംവാർഡ് സതിജനാർദ്ദനൻ 7-ാം വാർഡ് കമലം വാസുപണിക്കർ, 8-ാം വാർഡ് സി.എം. വേണു, 9-ാം വാർഡ് സി.പി. ഇസ്മായിൽ 10-ാം വാർഡ് ടി.പി. ഉണ്ണി, 11-ാം വാർഡ് വി.പി. മാമു 12-ാം വാർഡ് വി.കെ. സരോജനിനി ടീച്ചർ എന്നിവരെ തെരഞ്ഞെടുക്കുകയുണ്ടായി.

ഈ ഭരണസമിതിയുടെ പ്രസിഡണ്ട് ആയി 11-ാം വാർഡ് മെമ്പർ ശ്രീ. വി.പി. മാമു വൈസ്പ്രസിഡണ്ട് ആയി 7-ാം വാർഡ് മെമ്പർ ശ്രീമതി കമലം വാസുപണിക്കർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആയി 1-ാം വാർഡ് മെമ്പർ ശ്രീ. ടി. എസ്. ഉദയൻ എന്നിവരുടെ നേതൃത്വത്തിൽ 1996 ഒക്ടോബർ രണ്ടിന് പഞ്ചായത്ത് ഭരണ സമിതി അധികാരമേറ്റു.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ഓഫീസ് 1983ൽ അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന കെ. ആലു ഉൽഘാടനം ചെയ്തു. ഈ കെട്ടിടം നിലവിൽ വരുന്നത് വരെ ഷാജിബൽഡിംഗിലായിരുന്നു പഞ്ചായത്ത് പ്രവർത്തിച്ചിരുന്നത്. പിന്നീട് 1990ൽ സാംസ്കാരിക നിലയവും പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് സ്ഥാപിച്ചു പൊതുശ്മശാനവും പഞ്ചായത്ത് നിർമ്മിക്കുകയുണ്ടായി. ഷോപ്പിംഗ് കോംപ്ലക്സ്, ബസ്സ്റ്റാന്റ് കമ്മ്യൂണിറ്റിഹാൾ എന്നിവയുടെ അക്വിസിഷൻ നടപികൾ ആരംഭിച്ചെങ്കിലും ഇത് കോടതി നടപടികളിൽപ്പെട്ട് ഇതിന്റെ അക്വസിഷൻ നടപടിപൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

# ഭൂപ്രകൃതി

**അവലംബം-വിഭവ ഭൂപട, നിർമ്മാണം, റവന്യൂ രേഖകൾ, പഠനപര്യടനം.**

**ഭൂപ്രകൃതി അനുസരിച്ച് പുന്നയൂർക്കുളം പഞ്ചായത്തിനെ 6 ആയി തരം തിരിക്കാം**

1. ചരിവ് പ്രദേശം.
2. ചെറു ചരിവ്
3. വെള്ളം കയറുന്ന മേഖല.
4. സമതലം.
5. തീരസമതലം
6. ചതുപ്പുകലർന്ന മണൽ പ്രദേശം.

| ഭൂപ്രകൃതിമേഖലകൾ | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| 1. ചെരവ് പ്രദേശം | 42.7 |
| 2. ചെറുചരിവ് | 55.6 |
| 3. സമതലം | 155.6 |
| 4. വെള്ളം കയറുന്നമേഖല | 16.2 |
| 5. തീരസമതലം | 136.9 |
| 6. ചതുപ്പുകലർന്ന മണൽപ്രദേശം | 15.00 |
| ആകെ | 422.00 |

## ഇവയിൽ ഓരോന്നിന്റേയും വിസ്തൃതി താഴെ കൊടുക്കുന്നു.

### ചരിവു പ്രദേശം

വിസ്തൃതിയിൽ 42.7 ഹെക്ടർ വിസ്തീർണ്ണമുള്ള ചരിവ് പ്രദേശം പാടശേഖരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രദേശങ്ങളിൽ നീർച്ചാലുകൾ ഇല്ല എന്നു തന്നെ പറയാം. കനാലുകൾ ഉണ്ടെങ്കിലും വേനൽക്കാലങ്ങളിൽ വെള്ളം വറ്റാറുണ്ട്. നെൽക്കൃഷിയും, തോട്ടവിളകൃഷിയുമാണ് ഇവിടെയുള്ളത്. തോട്ടവിളകൃഷിയിൽ ഇടവിളയായും കൃഷി നടത്തുന്നുണ്ട്. കവുങ്ങും തെങ്ങുമാണ് തോട്ടവിളകൃഷിയിൽ പ്രധാനം. ഇടവിളയായി വാഴ, കുരുമുളക്, ചേമ്പ്, പയർവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്ത് പോരുന്നു. ചെമ്മൺപ്രദേശമായതുകൊണ്ട് കൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. ഈ പ്രദേശങ്ങളുടെ വേറൊരു പ്രത്യേകത വിളകൾ ധാരാളമായി ഉണ്ടാകുന്നു എന്നതാണ്.

### ചെറു ചെരിവു പ്രദേശം

വിസ്തൃതിയിൽ 55.6 ഹെക്ടർ ഹെക്ടർ വിസ്തീർണ്ണമുള്ള ചെറുചെരിവ് പ്രദേശം ചരൽകലർന്ന ചെമ്മൺ പ്രദേശമാണ്. പ്രധാനമായും കൃഷിനടക്കുന്ന പ്രദേശമാണിത്. കൃഷിക്കാവശ്യമായ വെള്ളം

സുലഭമല്ലാത്തതുകൊണ്ട് കൃഷിക്കാർ പമ്പ്സെറ്റ് ഉപയോഗിക്കുന്നുണ്ട്. ഈ പ്രദേശത്തിന്റെ ഒരുവലിയ ഭാഗം പാടശേഖരമാണ്. നെൽകൃഷി ഇവിടെ ധാരാളമായി ഉണ്ട്. തോട്ടവിളകൃഷിയായ കവുങ്ങ് ഇവിടെ ധാരാളമായുണ്ട്. ഈ പ്രദേശങ്ങളിൽ നെൽപ്പാടം തൂർത്ത് തെങ്ങ്കൃഷി ആരംഭിച്ച കർഷകർ ധാരാളമാണ്. നെൽകൃഷി ആദായകരമല്ല എന്നുള്ളതാണ് ഇതിന്റെ പ്രധാന കാരണം. ഇടവിളയായി കുരുമുളക്, വാഴ, പച്ചക്കറി കൃഷിയും നടക്കുന്നു.

## സമതലപ്രദേശം

155.6 ഹെക്ടർ വിസ്തൃതിയിലാണ് സമതലപ്രദേശം വ്യാപിച്ചുകിടക്കുന്നത്. മാവിൻചുവട് മുതൽ ആൽത്തറവരെയും, പുഴിക്കളയുടെ തെക്ക്ഭാഗവും തൃപ്പറ്റ്, ചെറായി എന്നിവിടങ്ങളിലും, ഈ പ്രദേശം സ്ഥിതിചെയ്യുന്നു. ഇവിടുത്തെ ജനങ്ങളുടെ പ്രധാനപ്പെട്ട കൃഷി തെങ്ങാണ്. ചില പ്രദേശങ്ങളിൽ ഇടവിള നടത്തുന്നുണ്ട്. ആവശ്യത്തിന്ന് വെള്ളം ലഭ്യമല്ലാത്തതുകൊണ്ട് ജലസേചനസൗകര്യം ലഭ്യമാക്കുകയാണെങ്കിൽ ഇടവിളകൃഷിക്ക് ഏറ്റവും നല്ല പ്രദേശമാണിത്.

## വെള്ളം കയറുന്ന മേഘല

ഈ പ്രദേശം ഭൂവിസ്തൃതിയിൽ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ചെറിയതാണ്. 16.2 ഹെക്ടർ വിസ്തൃതിയിലാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. പരൂർ ശവക്കോട്ട പ്രദേശമാണിത്. നെൽകൃഷി ഇവിടെ നടക്കുന്നു. പുഞ്ചക്കൃഷി എന്നാണ് ഇതിനെ പറയുക. വെള്ളം കയറാത്ത പ്രദേശങ്ങളിൽ തെങ്ങുകൃഷിയും ധാരാളം നടക്കുന്നുണ്ട്. ഇടവിളയായി കുരുമുളക്, വാഴ എന്നിവയും കൃഷി ചെയ്തുപോരുന്നു. വാഴകൃഷിക്ക് ഏറ്റവും അനുയോജ്യമായ പ്രദേശനമാണിത്.

## തീര സമതലം

പെരിയമ്പലം മുതൽ മന്ദലാം കുന്ന് വരെ ഏകദേശം 3Km നീളത്തിൽ ഈ പ്രദേശം സ്ഥിതിചെയ്യുന്നു. 136.9 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുകയാണ് ഈ തീരപ്രദേശം. ഈ പ്രദേശങ്ങളിലുള്ള ജനങ്ങളുടെ പ്രധാനതൊഴിൽ മീൻപിടുത്തമാണ്. കശുമാവ്, രാമച്ചം, തെങ്ങ് എന്നിവ കൂടുതലായി തീരപ്രദേശത്ത് ഉണ്ടാകുന്നു. വർഷത്തിലെ ഒരു സീസണിൽ രാമച്ചകൃഷിയിൽ ഭൂരിഭാഗം ആളുകളും ഏർപ്പെടുന്നു. മാങ്ങ മുരിങ്ങക്കായ, കശുവണ്ടി, രാമച്ചം തുടങ്ങിയവ അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു.

## ചെരിവ് കലർന്ന മണൽപ്രദേശം

ഭൂവിസ്തൃതിയിൽ ഏറ്റവും വിസ്തൃതി കുറഞ്ഞ പ്രദേശമാണിത്. 15.00 ഹെക്ടർ പ്രദേശത്ത് ഇത് വ്യാപിച്ചുകിടക്കുന്നു. പനന്തറ മുതൽ വടക്കോട്ട് പൊന്നത്തേൽപടിവരെയാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. പച്ചക്കറികൃഷിക്ക് ഏറ്റവും അനുയോജ്യമായ പ്രദേശമാണിത്. ഇടവിളയായി പച്ചക്കറി കൃഷിയും ഈ പ്രദേശത്തുകാർ ചെയ്തുവരുന്നുണ്ട്. ചതുപ്പുനിലങ്ങൾ ഫലഭൂയിഷ്ഠമാണ്. ചതുപ്പ്നിലത്തിന്റെ അരികിൽ നെല്ലും, വരമ്പുകളിൽ തെങ്ങും കൃഷിചെയ്യുന്നുണ്ട്. ചെമ്മീൻ കൃഷിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണിത്.

## ജനപ്രകൃതി

1991ലെ കാനേഷുമാരി കണക്ക് പ്രകാരം പുന്നയൂർക്കുളം പഞ്ചായത്തിലെ ജനസംഖ്യ 29795 ആണ്. ഇതിൽ 13965 പുരുഷൻമാരും, 15830 സ്ത്രീകളും ആണ് ഉള്ളത്. പട്ടികജാതി ജനസംഖ്യ 3046 ആണ്. ഇതിൽ 1544 പുരുഷൻമാരും, 1602 സ്ത്രീകളും ഉണ്ട്. ആകെ ജനങ്ങളിൽ 21555 പേർ സാക്ഷരരാണ്.

ഇതിൽ 10472 പുരുഷൻമാരും, 11083 പേർ സ്ത്രീകളുമാണ്. മൊത്തം ജനസംഖ്യയിൽ അക്ഷരാഭ്യാസം നേടിയവർ 72.37 ശതമാനമാണ്. ഈ കണക്ക് കാണിക്കുന്നത് മുൻകാലങ്ങളെ അപേക്ഷിച്ച് നിരവധി പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ്.

1991ലെ സർവ്വെ പ്രകാരമുള്ള ജനസംഖ്യയിൽനിന്നും 1996 വർഷത്തിൽ ജനസംഖ്യ കുടിയിട്ടുണ്ട് എന്ന് കാണാൻ കഴിയുന്നു.

തൃശ്ശൂർ ജില്ലയുടെ ഇങ്ങേഅറ്റത്തും, മലപ്പുറം ജില്ലയുടെ അതിർത്ഥിയിൽ കിടക്കുന്നതുമായ പുന്നയൂർക്കുളം പഞ്ചായത്ത് വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ മുൻപന്തിയിൽ നിൽക്കുന്നതാണ്. പ്രാഥമികതലം മുതൽ സർവ്വകലാശാലാവിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം കാലാനുസൃതമായി വർദ്ധനവുണ്ടാകുന്നെങ്കിലും, ബോധനനിലവാരത്തിലും, പാഠ്യേതര പ്രവർത്തനങ്ങിലും പുരോഗതി കൈവരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസരംഗത്തെ ബോധപൂർവ്വമായ ഇടപെടലിലൂടെമാത്രമാണ് ഇത് അടിയന്തിരമായി പരിഹരിക്കാൻ സാധിക്കുകയുള്ളു എന്ന വസ്തുത ഇപ്പോഴും നിലനിൽക്കുന്നു.

അഭ്യസ്ഥവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാന പ്രശ്നമാണ്. കാർഷിക മേഖലയോടുള്ള യുവതീയുവാക്കളുടെ വിമുഖത ഇതിനൊരു കാരണമായി നിൽക്കുകയാണ്. തൊഴിലധിഷ്ഠിത കോഴ്സുകളും, ശില്പശാലകളും, സംഘടിപ്പിക്കുക വഴി മാത്രമെ തൊഴിലില്ലായ്മ ഒരു പരിധിവരെ കുറച്ചുകൊണ്ടുവരാൻ സാധിക്കുകയുള്ളു.

നമ്മുടെ പഞ്ചായത്തിലെ പ്രധാനവരുമാനമാർഗ്ഗമായ കാർഷികമേഖല ഇന്ന് വൻ തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരുക്കുകയാണ്. കൃഷി ലാഭകരമല്ലാത്തതിനാലും, ആകർഷണീയമല്ലാത്തതിനാലും ആണ് ഈ പ്രശ്നം രൂക്ഷമായത്. അതുകൊണ്ട് മറ്റു വരുമാനകുറവുള്ള, സാങ്കേതികവൈദഗ്ദ്യമില്ലാത്ത തൊഴിലുകളിൽ ജനങ്ങൾ ആകർഷരാകുന്നു. പരമ്പരാഗത, കുടിൽവ്യവസായങ്ങൾ കടുത്ത ഭീഷണിയിലാണ്. അഭ്യസ്ഥ വിദ്യരിൽ വനിതാതൊഴിലില്ലായ്മ രൂക്ഷമാണ്. തൊഴിലെടുത്ത് ജീവിക്കാൻ പ്രാപ്തിയുള്ളവരിൽ ഒരുവിഭാഗത്തിന് ഒരുതൊഴിലും ലഭിക്കുന്നില്ല.

പഴയ ജന്മി-ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന കാലഘട്ടത്തിൽ ജാതിമത ഉച്ചനീചത്വങ്ങൾ നമ്മുടെ പഞ്ചായത്തിലും നിലനിന്നിരുന്നു. ഇതിനെതിരായി പുരോഗമന ജനാതിപത്യശക്തികളുടെ കൂട്ടായ പോരാട്ടത്തിന്റെയും, പ്രവർത്തനത്തിന്റെയും, ഫലമായി ഈ അവസ്ഥക്ക് കടിഞ്ഞാണിടാൻ കഴിഞ്ഞുഎന്നത് ചരിത്രപരമായ ഒരു വസ്തുതയാണ്. അതുകൊണ്ട് മതനിരപേക്ഷ സാമൂഹ്യനേട്ടങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലും വേരൂന്നിയിട്ടുണ്ട്.

## ജലപ്രകൃതി

ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്നത്. ഒരു വർഷത്തിൽ ശരാശി 3100 മി.മീ മഴ താരതമ്യേനെ ലഭിക്കാറുണ്ട്. ഒക്ടോബർ, നവംബർ മാസങ്ങളിലും മഴ ലഭിക്കുന്നുണ്ട്. ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് മഴ തീരെ ലഭിക്കാത്ത മാസങ്ങൾ.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിര് അറബിക്കടലാണ്. ഈ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഉപരിതല ജലസ്രോതസ്സായ കനോലി കനാൽ പ്രസിദ്ധമാണ്. ഏകദേശം 200ൽ ഏറെ കുളങ്ങളും കൂടിച്ചേർന്നാൽ പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകളായി. ശുദ്ധജലക്ഷാമം അനുഭവപ്പെടാറുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഇതിന്റെ രൂക്ഷത അനുഭവപ്പെടുന്നത്. ശുദ്ധജലവിതരണത്തിനായി പൈപ്പ് ലൈൻ ഇട്ടിട്ടുണ്ടെങ്കിലും, ആവശ്യമുള്ള സ്ഥലങ്ങളിൽ ഇപ്പോഴും ശുദ്ധജലം ലഭ്യമല്ല. ചെറായി, നാക്കോല എന്നീ സ്ഥലങ്ങളിൽ ആണ് ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്.

418

# ഉപസംഹാരം

കേരളത്തിന്റെ ഒൻപാതം പദ്ധതി ജനകീയ പദ്ധതിയിലൂടെ സംസ്ഥാന ആസൂത്രണബോർഡും, കേരളസർക്കാരും ഒരു നവയുഗപിറവിക്ക് നാന്ദികുറിക്കുകയാണ് പതിവ് ആസൂത്രണ പരിപാടിയിൽ നിന്ന് തികച്ചും വ്യത്യസ്തമായി ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ഒരു വികസന കാഴ്ചപ്പാട് ഉണ്ട്. ഇതുവരെ നമ്മൾ നടപ്പാക്കിവരുന്ന വികലമായ, മുകളിൽ നിന്ന് അടിച്ചേൽപ്പിക്കുന്ന പദ്ധതികളെ ഒരു പൊളിച്ചെഴുത്തിന് വിധേയമാക്കുകയും, ഏറ്റവും അടിത്തട്ടായ ഗ്രാമങ്ങളിൽ നിന്നുള്ള ഒരു സമഗ്രവികസനത്തിന് തയ്യാറെടുക്കുന്ന ഈ സുവർണാവസരത്തിൽ ഈ ജനകീയ പ്രസ്ഥാനത്തിൽ നിന്ന് വിട്ടുനിൽക്കാനോ ഇതിനെപ്പറ്റി ചിന്തിക്കാതിരിക്കാനോ നമുക്ക് കഴിയുകയില്ല. സാധാരണജനങ്ങളെ ഇന്ന് പിടികൂടിയിരിക്കുന്ന നിരാശയും, ലക്ഷ്യമില്ലായ്മയും മറ്റും മാറ്റിയെടുത്ത്, ദിശാബോധവും കർമ്മോത്സുകതയുമുള്ള ഒരു പുത്തൻ വികസന പരിപ്രേക്ഷ്യം കരുപിടിപ്പിക്കുന്ന പ്രവർത്തനങ്ങളിലാണ് നമ്മൾ ഏർപ്പെട്ടിരിക്കുന്നത്. വികസനം ജനങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണെന്നും, ഇതിൽ ഞാനും, എന്റെ പ്രസ്ഥാനവും ഒരു പടി മുന്നിലാണെന്നുള്ള വീറും, വാശിയും വളർത്തിയെടുക്കുന്നതിലൂടെ ഇതൊരു ജനകീയ മുന്നേറ്റമായി പരിണമിക്കും എന്നതിൽ യാതൊരു തർക്കവുമില്ല. ഈ പദ്ധതി ഒരു പരീക്ഷണമാണ്. ഇതിന് അവശ്യം വേണ്ടത് പദ്ധതി നടത്തിപ്പിന്റെ ഓരോ കർമ്മഘട്ടത്തിലും ജനങ്ങളുടെ ജാഗ്രത്തായ സ്വയം സന്നദ്ധപ്രവർത്തനമാണ്. ഇന്ത്യയിൽ തന്നെ ആദ്യമായും സംസ്ഥാന ആസൂത്രണ ബോർഡിന്റെ ചരിത്രത്തിൽ ഒരു പുതുപുത്തൻ അധ്യായം എഴുതിചേർക്കുക കൂടിയാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയിലൂടെ നമ്മൾ ഓരോർത്തരും ചെയ്യുന്നത്.

ഒൻപതാം പദ്ധതി 1997 ഏപ്രിൽ ഒന്നുമുതൽ അഞ്ചുവർഷത്തേക്കാണ്. ഈ കാലയളവിൽ ഏകദേശം 14000 കോടി രൂപയാണ് കേരള സംസ്ഥാനത്ത് പദ്ധതിയിനത്തിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്നത്. അതായത് കഴിഞ്ഞ എട്ട് പദ്ധതികളിലും ചേർന്ന് പദ്ധതി വിഹിതമായി സർക്കാർ ചെലവഴിച്ചിരുന്ന തുകയേക്കാൾ കൂടുതൽ, ഇതിന്റെ 40 ശതമാനത്തോളം ഏതാണ്ട് 5 കോടി ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്നു.

ഗ്രാമസഭകളിൽ ചർച്ചചെയ്ത് ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും, വികസനസാദ്ധ്യതകളും സമഗ്രമായി അടങ്ങുന്ന ഒരു വികസന റിപ്പോർട്ടാണ് എഴുതി തയ്യാറാക്കിയിട്ടുള്ളത്. വികസനസെമിനാറിൽ പങ്കെടുക്കുന്ന ഓരോ പ്രതിനിധികളും വികസനറിപ്പോർട്ട് ആഴത്തിൽ ചർച്ചചെയ്യുകയും 5 വർഷംകൊണ്ട് നടപ്പിലാക്കേണ്ട വികസന പദ്ധതികൾക്കുവേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം. ഈ വികസന റിപ്പോർട്ട് പൂർണ്ണമല്ല. വികസനറിപ്പോർട്ട് പൂർണ്ണമാകണമെങ്കിൽ വികസനസെമിനാറിൽ നിന്ന് നിർദ്ദേശങ്ങളും, പ്രായോഗിക പദ്ധതികളും ഇനിയും ലഭിക്കേണ്ടതുണ്ട്.

അധികാരം ജനങ്ങൾക്ക്, വികസനം ബഹുജനപങ്കാളിത്തത്തോടെ എന്ന ഈ പദ്ധതി നമുക്ക് ലഭിച്ചിട്ടുള്ള അസുലഭ അവസരങ്ങളിൽ ഒന്നുമാത്രമാണ്. ചരിത്രത്തിന്റെ രജതലിപികളിൽ പുന്നയൂർക്കുളം പഞ്ചായത്തിന്റെ സമഗ്രവികസനം എഴുതി ചേർക്കാൻ പോവുകയാണ്. നമുക്ക് ലഭിച്ചിട്ടുള്ള ഈ ധന്യമുഹൂർത്തത്തെ ഇച്ഛാശക്തിയോടെയും ജാഗ്രതാ പ്രവർത്തനത്തിലൂടെയും പരിപൂർണ്ണമാക്കാനുള്ള സാമൂഹിക ദൗത്യം പൂർത്തീകരിച്ചുകൊണ്ടും നമ്മുടെ പദ്ധതിയെ, നാടിന്റെ പദ്ധതിയെ അതിന്റെ ഗിരിശൃംഖത്തിലേക്കെത്തിക്കാം.

പഞ്ചായത്തിലെ ഒരു പിടി പ്രാദേശിക വിദഗ്ധൻമാരും, സന്നദ്ധസേവനരംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ ചേർന്നിരുന്നുകൊണ്ട് തയ്യാറാക്കിയ ഈ വികസന റിപ്പോർട്ട് പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിനുവേണ്ടി വീകസന സെമിനാറിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് സമർപ്പിക്കുകയാണ്.

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**ചെയർമാൻ:- സി.ടി. സോമരാജ്** **കൺവീനർ:- വി. സുനിൽകുമാർ**

**കൃഷി -ജലസേചനം**
- സി.ടി. സോമരാജ്
- ചിയാമു കെ.
- വി.പി. മാമു
- ടി.പി. ഉണ്ണി
- എം. മോഹൻദാസ്
- വി. ബാലകൃഷ്ണൻ മാസ്റ്റർ

**മത്സ്യബന്ധനം-മൃഗപരിപാലനം**
- വി. സുനിൽകുമാർ
- വി.പി. ലത്തീഫ്
- വി.എ. സുനിൽകുമാർ

**വിദ്യാഭ്യാസം**
- വി. സുനിൽകുമാർ
- വി.പി. ലത്തീഫ്
- വി.എ. സുനിൽകുമാർ
- സി.പി. ഇസ്മയിൽ
- കാദർ മാസ്റ്റർ

**ആരോഗ്യം-കുടിവെള്ളം**
- കാദർ മാസ്റ്റർ
- വി. സുനിൽകുമാർ
- സി.ടി. സോമരാജ്

**റോഡുകൾ-ഊർജ്ജം-മാർക്കറ്റ്**
- വി. സുനിൽ കുമാർ
- സി. മോഹനൻ
- വി.പി. ലത്തീഫ്
- വി.പി. മാമു
- വി.കെ. യൂസഫ്
- ടി.എസ്. ഉദയൻ
- ടി.പി. ഉണ്ണി

**ഭവനനിർമ്മാണം-ക്ഷേമ പ്രവർത്തനം**
- വി. സുനിൽകുമാർ
- കാദർ മാസ്റ്റർ
- വി.പി. ലത്തീഫ്
- ടി. ഉണ്ണികൃഷ്ണൻ
- സി.പി. ഇസ്മായിൽ

**സംസ്കാരം-വനിത**
- വി. സുനിൽകുമാർ
- വി.പി. ലത്തീഫ്
- കാദർ മാസ്റ്റർ
- വി.എ. സുനിൽകുമാർ

**വ്യവസായം**
- വി.സി. സുരേഷ്
- വി. സുനിൽകുമാർ

**സഹകരണമേഖല**
- വി. സുനിൽകുമാർ
- വി.പി. ലത്തീഫ്
- ധർമപാലൻ
- കളത്തിൽ വേലായി
- വി.പി. മാമു

**പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം**
- വി. സുനിൽകുമാർ
- കാദർ മാസ്റ്റർ
- വി.പി. ലത്തീഫ്
- ടി. ഉണ്ണികൃഷ്ണൻ
- പെരിയമ്പലം വാസു

**വിഭവസമാഹരണം**
- സി. ഷാജു
- വി. സുനിൽകുമാർ
- വി.പി. ലത്തീഫ്

**നാട്ടറിവ്-ചരിത്രം**
- വി.പി. ലത്തീഫ്
- ടി.പി. ഉണ്ണി
- വി. സുനിൽകുമാർ
- വി.എ. സുനിൽകുമാർ
- എം. മോഹൻദാസ്
- വി.പി. മാമു
- കാർത്ത്യായനി ടീച്ചർ
- കെ.പി. വേണു ഗോപാൽ

# ജനകീയാസൂത്രണ പ്രസ്ഥാനം



- ഒമ്പതാം പദ്ധതി 1997 ഏപ്രിൽ ഒന്ന് മുതൽ അഞ്ച്‌വർഷം.
- വികസനം ഗ്രാമങ്ങളിൽ നിന്ന്.
- ഒമ്പതാം പദ്ധതിയിലൂടെ 5 കോടി രൂപയോളം പഞ്ചായത്തുകൾക്ക്.
- നാടിന്റെ വികസന പ്രക്രിയ അഴിമതി രഹിതമാകുന്നു.
- വികസനം ജനങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണ്.
- ബഹുജന മുന്നേറ്റം അനിവാര്യമാകുന്നു.

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി

നമ്മുടെ പദ്ധതി

ജനകീയാസൂത്രണപ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

# തൈക്കാട്
# ഗ്രാമപഞ്ചായത്ത്

1996

ഒമ്പതാം പദ്ധതി
നമ്മുടെ പദ്ധതി

ജനകീയാസൂത്രണപ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

# തൈക്കാട്
# ഗ്രാമപഞ്ചായത്ത്

1996

## ഉള്ളടക്കം


- വികസനറിപ്പോർട്ട് (ആമുഖം - ചരിത്രം)
- കൃഷി, ജലസേചനം
- മത്സ്യമേഖലയും മൃഗപരിപാലനവും
- വിദ്യാഭ്യാസം
- ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
- വ്യവസായം
- ഗതാഗതം, ഊർജ്ജം
- പാർപ്പിടം
- സംസ്കാരം
- വനിത
- സഹകരണമേഖല
- പട്ടികജാതി - പട്ടികവർഗ്ഗം
- വിഭവസമാഹരണം

# തൈക്കാട് ഗ്രാമ പഞ്ചായത്ത്
# വികസന റിപ്പോർട്ട് - 1996

## 1. ആമുഖം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | തൈക്കാട് |
| ഉൾപ്പെടുന്ന വില്ലേജ് | : | തൈക്കാട്, ചാവക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | ചാവക്കാട് |
| ജില്ലാ ഡിവിഷൻ | : | കടപ്പുറം |
| താലൂക്ക് | : | ചാവക്കാട് |
| ജില്ല | : | തൃശൂർ |
| നിയമസഭമണ്ഡലം | : | മണലൂർ |
| ലോക്സഭമണ്ഡലം | : | തൃശൂർ |
| വിസ്തീർണം | : | 8.08 ച. കി.മീ. |
| അതിരുകൾ കിഴക്ക് | : | തലപ്പിള്ളി താലൂക്ക്, കണ്ടാണശ്ശേരി പഞ്ചായത്ത് |
| തെക്ക് | : | എളവള്ളി പഞ്ചായത്ത്, പാവറട്ടി പഞ്ചായത്ത് |
| വടക്ക് | : | ഗുരുവായൂർ മുനിസിപ്പാലിറ്റി പൂക്കോട് പഞ്ചായത്ത് |
| പടിഞ്ഞാറ് | : | ചാവക്കാട് മുനിസിപ്പിലിറ്റി ഒരുമനയൂർ പഞ്ചായത്ത് |
| ജനസംഖ്യ | : | 14079 |
| സാക്ഷരതാനിരക്ക് | : | 94.17 % |
| വാർഡുകളുടെ എണ്ണം | : | 8<br>സ്ത്രീസംവരണം - 3<br>പട്ടികജാതി-പട്ടികവർഗം- 1<br>ജനറൽ - 4 |
| പ്രസിഡൻറ് | : | ശ്രീമതി. മിനി ബേബി |
| വൈസ് പ്രസിഡൻറ് | : | ശ്രീ. ജയൻ പി.എസ്. |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. ജമാൽ പി.കെ. |

1962 ലാണ് തൈക്കാട് പഞ്ചായത്ത് രൂപീകൃതമായത്. ശ്രീ. എൻ.എം. മൂസ്സകുട്ടി സാഹിബ് ആയിരുന്നു ആദ്യത്തെ പ്രസിഡൻറ്. ഇദ്ദേഹത്തിനുശേഷം ശ്രീ. സി. സി. ഫ്രാൻസിസ്, ശ്രീമതി. വി.കെ. യശോദ, ശ്രീ./ഒ.ടി. അബ്ദു, ശ്രീ. കുന്നത്ത് പരമേശ്വരൻ, ശ്രീ. പി.വി. മോഹൻദാസ് എന്നിവരും മുൻപഞ്ചായത്ത് പ്രസിഡൻറുമാർ ആയിരുന്നു. തൈക്കാട്, ബ്രഹ്മക്കുളം, നെന്മിനി, പാലുവായ്, ചക്കുംകണ്ടം, ചാവക്കാട് എന്നീ ദേശങ്ങൾ ചേർന്നതാണ് ഇന്നത്തെ തൈക്കാട് പഞ്ചായത്ത്.

## 2. സാമൂഹിക - സാംസ്കാരിക - ചരിത്ര പശ്ചാത്തലം

1956നവമ്പർ 1-ാം തീയതിവരെ പഴയ മദ്രാസ് സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന തെക്കൻ മലബാറിലെ പൊന്നാനി താലൂക്കിൽപ്പെട്ട ഏതാനും ദേശങ്ങളാണ് ഇന്ന് തൈക്കാട് പഞ്ചായത്തിൻെറ പരിധിയിൽ വരുന്നത്.

സമാധാനപരമായ അന്തരീക്ഷത്തിൽ കൃഷിയിലേർപ്പെട്ട് കഴിഞ്ഞിരുന്ന ഇവിടത്തെ ആളുകളുടെ ജീവിതത്തിൽ ദേശീയ പ്രസ്ഥാനമോ, സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളോ ആദ്യകാലത്ത് കാര്യമായ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് പറഞ്ഞുകൂടാ. എങ്കിലും ഗുരുവായൂർ സത്യാഗ്രഹത്തിലും മറ്റും സജീവമായി പങ്കെടുത്ത ശ്രീ. നെന്മിനി പരമേശ്വരൻ ഭട്ടതിരിപ്പാടിനെപ്പോലെ ചുരുക്കം ചിലർ ഈ പ്രദേശത്തുകാരായി ഉണ്ടായിരുന്നു.

ബ്രഹ്മക്കുളത്ത് ശ്രീ. വലിയാക്കൽ അപ്പുമാസ്റ്റർ പഞ്ചമർക്കുവേണ്ടി സ്വന്തം തറവാട്ടുവളപ്പിൽ തുടങ്ങിയ പഞ്ചമം പ്രൈമറി സ്ക്കൂൾ ഈ പ്രദേശത്തിൻെറ സാമൂഹിക- സാംസ്കാരിക രംഗത്ത് വലിയ മാറ്റം കുറിച്ചു എന്നു പറയാം. കീഴാളരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ ഇതൊരു സുപ്രധാന കാൽവെയ്പായി. അപ്പുമാസ്റ്ററുടെതന്നെ നെന്മിനി സ്ക്കൂൾ (ഇന്നത്തെ വി.ആർ. അപ്പു മെമ്മോറിയൽ ഹൈസ്ക്കൂൾ), സെൻറ് ജോൺസ് എൽ.പി. സ്ക്കൂൾ, സെൻറ് തെരേസാസ് ഗേൾസ് ഹൈസ്ക്കൂൾ, പാലുവായ് സെൻറ് ആൻറണീസ് യു.പി. സ്ക്കൂൾ, എ.എം.എൽ.പി. സ്ക്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ പ്രദേശത്തിൻെറ സാമൂഹ്യ-സാംസ്കാരികരംഗത്തെ വളർച്ചയ്ക്ക് വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ട്.

തൈക്കാട് പഞ്ചായത്തിൽപ്പെട്ടി ചക്കുംകണ്ടം പഴയ കാലത്ത് ഒരു ചെറിയ തുറമുഖമായിരുന്നു. ചരക്കു നിറച്ച കെട്ടുവള്ളങ്ങൾ, യാത്രാബോട്ടുകൾ, രാജകീയനൗകകൾ ഇവയൊക്കെ അക്കാലത്ത് ചക്കുംകണ്ടം തുറമുഖത്തെ സജീവമാക്കിയിരുന്നു. ടിപ്പുവിൻെറ പടയോട്ടകാലത്തിൻെറ ഓർമ്മക്കുറിപ്പായി വെടിത്തറ ഇപ്പോഴും ഇവിടെയുണ്ട്. ചൊവ്വല്ലൂർപ്പടിയിൽ പഴയ കാലംമുതൽ ആണ്ടുതോറും നടത്തിവരാറുള്ള വിഷുവാണിഭം ധാരാളം ആളുകളെ ആകർഷിച്ചിരുന്നു.

കോകസന്ദേശത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ബ്രഹ്മക്കുളം ശിവക്ഷേത്രത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഒരു നൂറ്റാണ്ടോളം പഴക്കമുള്ള ആരാധനാലയങ്ങളായ ബ്രഹ്മക്കുളം മുസ്ലീംപള്ളി, പാലുവായ് മുസ്ലീംപള്ളി, സെൻറ് തോമസ് പള്ളി, കോതകുളങ്ങര ക്ഷേത്രം തുടങ്ങിയവയും ഈ പഞ്ചായത്തിലാണ്. ഗുരുവായൂർ ക്ഷേത്രനഗരിയെ തൊട്ടുകിടക്കുന്നു എന്ന പ്രാധാന്യവും തൈക്കാട് പഞ്ചായത്തിനുണ്ട്.

ഇന്ന് തൈക്കാട് പഞ്ചായത്തിലെ സമൂഹത്തിൻെറ ചിത്രം ഏറെ മാറിയിട്ടുണ്ട്. ഈ നൂറ്റാണ്ടിൻെറ തുടക്കത്തിൽ പല മാറ്റങ്ങൾക്കും ത്വരകമായത് ഇംഗ്ലീഷ് വിദ്യാഭ്യാസവും, സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുമാണ്. അന്ധവിശ്വാസങ്ങളും പ്രാകൃതാചാരങ്ങളും ജനങ്ങൾക്കിടയിൽനിന്ന് തുടച്ചുമാറ്റപ്പെട്ടിരിക്കുന്നു. 1951 മുതൽ നടപ്പിലായ വിവിധ ഭൂപരിഷ്കരണ നിയമങ്ങളും, കുടികിടപ്പവകാശസമരം, മിച്ചഭൂമിസമരം തുടങ്ങിയ ബഹുജനപ്രസ്ഥാനങ്ങളും നാടിൻെറ മുഖച്ഛായ മാറ്റുന്നതിൽ കാര്യമായ പങ്കു വഹിച്ചു.

അറുപതുകളുടെ അവസാനം തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്കുള്ള തൊഴിലന്വേഷകരുടെ ഒഴുക്ക് ഈ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തികോന്നമനത്തിൽ വഹിച്ച പങ്ക് ചെറുതല്ല. പഞ്ചായത്തിൽ ജനസാന്ദ്രതയേറുകയും, കൃഷിനിലങ്ങൾ നികത്തുന്ന പ്രക്രിയയുടെ ഗതിവേഗം വർദ്ധിക്കുകയും ചെയ്തു. കുടിയിരിപ്പുകളും, കോൺക്രീറ്റ് സൗധങ്ങളുംകൊണ്ട് പുത്തൻ മുഖച്ഛായകൾ പഴമയെ ആവരണം ചെയ്തുകഴിഞ്ഞിരിക്കുന്നു. എങ്കിലും സാമ്പത്തിക വളർച്ചയ്ക്കും അതുവഴി പുരോഗതിക്കും, സാമൂഹ്യക്ഷേമരംഗങ്ങളുടെ ഉയർച്ചയ്ക്കും ലക്ഷ്യമാക്കിയ മൂലധനനിക്ഷേപം ഇനിയുമുണ്ടായിട്ടില്ല.

ആധുനികവിദ്യഭ്യാസം വ്യാപകമായതോടെ കൃഷി, തൊണ്ടുതല്ലൽ, കയറുല്പാദനം, എന്നീ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരുടെ പിന്മുറക്കാർ കെട്ടിടനിർമ്മാണം, ബീഡിതെറുപ്പ് തുടങ്ങിയ തൊഴിൽമേഖലകളിലേക്ക് മാറിക്കഴിഞ്ഞിട്ടുണ്ട്.

മറ്റേതു പഞ്ചായത്തിലുമെന്നപോലെ വിഭിന്ന ദർശനങ്ങളിൽ വിശ്വസിക്കുന്നവരുടെയും വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങൾ പിന്തുടരുന്നവരുടെയും പ്രവർത്തനമേഖലയാണ് തൈക്കാട് പഞ്ചായത്ത് എന്നാൽ സമുദായമൈത്രിയെ തുരങ്കം വയ്ക്കുന്നതോ, സമാധാനാന്തരീക്ഷത്തെ കലുഷിതമാക്കുന്നതോ ആയ സംഭവങ്ങൾ ഒരിക്കലും ഇവിടെ ഉണ്ടായിട്ടില്ല.

ക്ഷേമരംഗങ്ങളുടെ വളർച്ചയ്ക്കായി പോയ വർഷങ്ങളിൽ ജനങ്ങളുയർത്തിയ മുറവിളികൾക്ക് ഫലമുണ്ടായിട്ടുണ്ട്. ആഴമേറിയ ഇടവഴികളുടെ ദുർഘടങ്ങൾ മാറി, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഗ്രന്ഥശാല, ആരോഗ്യകേന്ദ്രം, റോഡുകൾ എന്നിങ്ങനെ പലതും വന്നു. അളവിൽ വർദ്ധനവുണ്ടായെങ്കിലും ഗുണത്തിൽ ഇനിയും വർദ്ധനവുണ്ടാവേണ്ടിയിരിക്കുന്നു. സാമൂഹ്യ-സാമ്പത്തിക മണ്ഡലങ്ങളിൽ സ്ത്രീകളുടെ സജീവസാന്നിദ്ധ്യവും ഉറപ്പാക്കേണ്ടതുണ്ട്.

ഗ്രാമസമൂഹത്തിൻെറ ഒരു പരിച്ഛേദം ഇതുവരെയുള്ള ആസൂത്രണപ്രക്രിയയുടെ ഭിന്നഘട്ടങ്ങളിൽ പങ്കാളികളായിട്ടുണ്ട്. അടുത്ത അഞ്ചു വർഷത്തിനിടയിൽ തൈക്കാട് പഞ്ചായത്ത് കൈവരിക്കേണ്ട പുരോഗതി ലക്ഷ്യമാക്കിയുള്ള വികസനപരിപാടികളുടെ രൂപരേഖയാണ് ഇനിയുള്ള പേജുകളിൽ.

പരസ്പരപൂരകമായി പൊതുജനങ്ങളുടെയും ഭരണാധികാരികളുടെയും പ്രവർത്തനങ്ങൾ ഭാവിയിൽ ഉണ്ടാവുമെന്നും, അധികാരവികേന്ദ്രീകരണംവഴി അധികാരം ജനജീവിതത്തെ കൂടുതൽ സുഗമവും സംതൃപ്തവുമാക്കി മാറ്റുമെന്നും നമുക്ക് പ്രതീക്ഷിക്കാം, പ്രതീക്ഷയുടെ ദീപനാളം മനസ്സിൽ അണയാതെ കാത്തുവയ്ക്കാം....

## 3. ഭൂപ്രകൃതി

തൈക്കാട് പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയിൽ 75% തീരസമതലമാണ്. 20% വയൽ. പറമ്പും പാടവും തമ്മിലുള്ള ഉയരവ്യത്യാസം ഒന്നര മീറ്റർ. നെൽകൃഷി നടത്തിയിരുന്ന സ്ഥലങ്ങൾ ഇപ്പോൾ ഏതാണ്ട് പൂർണ്ണമായും നികത്തി തെങ്ങിൻതൈ നട്ടുകഴിഞ്ഞിരിക്കുന്നു. നെൽവിളവ് പണ്ടുതന്നെ മോശമായിരുന്നു. പ്രധാന പാടശേഖരങ്ങളായ വിളക്കാട്ടുപാടം, മഞ്ഞിക്കരപാടം, പുതുശ്ശേരിപാടം, മണ്ണാർപാടം, കിഴക്കേ പാടം, പെരിങ്കരപാടം ഇവയെല്ലാം മിക്കവാറും നികത്തി കുടിയിരിപ്പുകളാക്കിയിരിക്കുന്നു.

ബ്രഹ്മക്കുളം ശിവക്ഷേത്രപരിസരത്ത് മാത്രമാണ് കരിങ്കൽപ്പാറകൾ കാണപ്പെടുന്നത്. പാറയ്ക്കുചുറ്റും മേൽമണ്ണിനടിയിൽ കുഴിച്ചുചെല്ലുമ്പോൾ ചെങ്കല്ലുകലർന്ന മണ്ണും കാണാം. മറ്റിടങ്ങളിലെല്ലാം മണൽ കലർന്ന മണ്ണാണ് കാണപ്പെടുന്നത്. ഒരു മീറ്റർ താഴെ കളി കലർന്ന മണ്ണു കാണാം. പത്തുമീറ്റർ താഴ്ത്തിയിൽ പ്രാദേശികമായി ചാണകപ്പാറ എന്നു വിളിക്കപ്പെടുന്ന ചളികലർന്ന കാഠിന്യമേറിയ ഒരുതരം മണ്ണാണ് കാണപ്പെടുന്നത്. ചാണകപ്പാറയിലൂടെ ജലം ഊർന്നിറങ്ങുന്നതായി കാണുന്നില്ല. എന്നാൽ പഞ്ചായത്തിൻെറ പടിഞ്ഞാറൻ (7,8 വാർഡുകളിൽ) അതിർത്തിയിൽ പുളികലർന്ന ചളിയോടുകൂടിയ പാണ്ടിനിലങ്ങളായിരുന്നു. അത്തരം മണ്ണടങ്ങിയ പ്രദേശമാണ് പ്രസ്തുത സ്ഥലങ്ങൾ.

കിണറുകളിൽ 8 - 10 മീറ്റർ താഴ്ചയിൽ ജലം ലഭിക്കും. കുടിവെള്ളത്തിനേ ഇത് തികയൂ. കാർഷികാവശ്യത്തിന് ഉപയോഗിക്കാവുന്ന വറ്റാത്ത ജലസ്രോതസ്സുകൾ ഈ പഞ്ചായത്തിൽ ചുരുക്കമാണ്. അത്തരം ചില കിണറുകളിൽനിന്ന് വേനൽക്കാലത്ത് ിരുപത്തിനാലും മണിക്കൂറും വെള്ളം പമ്പുചെയ്ത് ഗുരുവായൂർക്കും മറ്റും ടാങ്കർ ലോറികളിൽ കൊണ്ടുപോകുന്നുണ്ട്. വേനൽക്കാലത്ത് നെന്മിനി, തൈക്കാട് ഭാഗത്തും ചക്കുംകണ്ടം ഭാഗത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. ചക്കുംകണ്ടത്ത്

പുഴയിലെ ഓരുജലമാണ് കുടിവെള്ളക്ഷാമത്തിന് കാരണമാവുന്നത്.

ഗുരുവായൂരിൽനിന്ന് ചക്കുംകണ്ടം തോട്ടിലൂടെ ഒഴുക്കിവിടുന്ന മലിനജലം ഈ പഞ്ചായത്തിലെ പൊതുജനാരോഗ്യത്തിനും, പരിസ്ഥിതിക്കും ഭീഷണിയായിത്തീർന്നിരിക്കുന്നു. ഇതിനെതിരെ ജനപ്രതിഷേധം അലയടിക്കുന്നുണ്ട്. പ്രതിഷേധപ്രവർത്തനത്തിന് മുൻപഞ്ചായത്ത് കമ്മിറ്റികളും ഇപ്പോഴത്തെ പഞ്ചായത്ത് കമ്മിറ്റിയും നേതൃത്വം കൊടുത്തിട്ടുണ്ടെങ്കിലും ഇനിയും പരിഹാരമുണ്ടായിട്ടില്ല.

## 4. ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം തൈക്കാട് പഞ്ചായത്തിലെ ജനസംഖ്യ 14,079 ആണ്. ഇതിൽ 6,581 പുരുഷന്മാരും 7,498 സ്ത്രീകളുമാണ്. പട്ടികജാതിക്കാർ 1,741 പേരും പട്ടികവർഗ്ഗക്കാർ 7 പേരുമുണ്ട്. കുട്ടികളുടെ എണ്ണം 1,743. മൊത്തം 2,960 കുടുംബങ്ങളുള്ളതിൽ 35% ദാരിദ്ര്യരേഖയ്ക്ക് ചുവടെയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പുതിയ കണക്കനുസരിച്ച് 1995-'96 ലെ ജനസംഖ്യ 16,430-ഉം അതിൽ പുരുഷന്മാർ 7,836-ഉം, സ്ത്രീകൾ 8,594-ഉം ആണ്. ഇതിൽ പട്ടികജാതി - പട്ടികവർഗ്ഗക്കാർ 2,328 പേരും ആണ്. പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 94.17ശതമാനമാണ്.

## 5. ജലവിഭവങ്ങൾ

മഴയെമാത്രം ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് ഈ പഞ്ചായത്തിൽ നിലനിന്നു വരുന്നത്. വർഷം മുഴുവൻ ജലമൊഴുകുന്ന പുഴകൾ ഇവിടെയില്ല. കിഴക്കെ അതിർത്തിയിലെ തോട് വേനൽക്കാലത്ത് വറ്റിവരണ്ടുപോകും. പടിഞ്ഞാറെ അതിർത്തിയിലെ ചക്കുംകണ്ടം തോട്ടിലാവട്ടെ വേനൽക്കാലത്ത് ഓര് (പുളി) കയറും.

പണ്ട് പടിഞ്ഞാറോട്ട് വെള്ളം ഒഴുകിപ്പോയിരുന്ന തോടുകളിൽ മിക്കവയും ഇന്ന് റോഡുകളായി മാറിയിട്ടുണ്ട്. പക്ഷേ, വർഷക്കാലത്ത് വെള്ളം ഒഴിഞ്ഞുപോകാനുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല. നാലഞ്ചുവർഷംമുമ്പ് പുതുതായി നിർമ്മിച്ച ഗുരുവായൂർ റെയിൽപ്പാത ഈ പഞ്ചായത്തിൻെറ മദ്ധ്യത്തിലൂടെയാണ് പോകുന്നത്. ഭൂനിരപ്പിൽനിന്നും ഉയർന്നുനില്ക്കുന്ന റെയിൽപ്പാത ഇരുപുറവുമുള്ള കുറേ ഭൂഭാഗത്തേയും, ചില റോഡുകളേയും വർഷക്കാലത്ത് ചെളിക്കുണ്ടുകളാക്കി മാറ്റുന്നു.

തൈക്കാട് പഞ്ചായത്തിൽ പൊതുകുളങ്ങളില്ല. സ്വകാര്യകുളങ്ങളാവട്ടെ നികത്തിവരികയുമാണ്. ജലസേചനത്തിന് ഉപയോഗപ്പെടുത്തിയാൽ വറ്റാത്ത കുളങ്ങൾ ഇവിടെയില്ലെന്നു പറയാം. കുടിവെള്ളത്തിന് കിണറുകൾമാത്രമാണ് ആശ്രയം.

## 6. കൃഷി

തെങ്ങാണ് പ്രധാന കൃഷി. തെങ്ങിൻതോട്ടങ്ങളിൽ മാവൊഴിച്ച് മറ്റൊന്നും ഇപ്പോൾ ഇടവിളയായി കൃഷി ചെയ്തു വരുന്നില്ല. വർഷാരംഭത്തിൽ പയറും, റാഗിപ്പുല്ലും കൃഷി ചെയ്യാറുണ്ടായിരുന്നു, രണ്ടു പതിറ്റാണ്ടുമുമ്പുവരെ. വാഴ, ചേന, അമര, ചേമ്പ്, കൂർക്ക മുതലായവയും കൃഷി ചെയ്തിരുന്നു. ജലക്ഷാമം, കീടങ്ങളുടെ ആക്രമണം എന്നിങ്ങനെയുള്ള കാരണങ്ങൾകൊണ്ട് ഇവയൊക്ക ഇപ്പോൾ കൃഷി ചെയ്യാതായിരിക്കുന്നു. നെൽപ്പാടങ്ങൾ നികത്തിയത്, കൊയ്ത്തുകഴിഞ്ഞ പാടത്ത് വേനല്ക്കാലത്ത് ചെയ്യാറുള്ള പച്ചക്കറികൃഷിയെ ഗണ്യമായി ബാധിച്ചു. പഞ്ചായത്തിലേക്ക് ഈ ഉല്പന്നങ്ങളുടെ ഇറക്കുമതി വൻതോതിൽ വർദ്ധിക്കുകയും ചെയ്തു.

ഇന്ന് തെങ്ങുകൃഷിപോലും ലാഭകരമല്ലാതായിരിക്കുന്നു. തേങ്ങയുടെ വിലയിടിവും, കൂലിച്ചെലവിലെ വർദ്ധനവും, കീടങ്ങളുടെ ആക്രമണവും, രാസ-ജൈവവളങ്ങളുടെ വിലക്കൂടുതലും കാരണങ്ങളാണ്.

'ഗൾഫ് പ്രതിഭാസം' സാമ്പത്തികസമൃദ്ധി നേടിത്തന്നുവെങ്കിലും കാർഷികജോലിക്ക് തൊഴിലാളികളെ കിട്ടാതിരിക്കുക, വലിയ കോൺക്രീറ്റ്വീടുകൾ പണിയാനുള്ള പ്രവണത, ഉപഭോഗസംസ്കാരത്തോടുള്ള അതിരുകടന്ന അഭിനിവേശം എന്നിങ്ങനെ ചില ദോഷഫലങ്ങളും പ്രദാനംചെയ്തിട്ടുണ്ടെന്ന് പറയാതെ വയ്യ.

ശാരീരികശേഷി ആവശ്യമായ ജോലികൾക്കെല്ലാം ഇന്ന് തമിഴ്നാട്ടിൽനിന്നുള്ള തൊഴിലാളികളെയാണ് ആശ്രയിച്ചുവരുന്നത്. തെങ്ങുകയറ്റംപോലുള്ള ജോലികളിൽ പരിശീലനം സിദ്ധിച്ചവരുടെ ലഭ്യതക്കുറവ് ഒരു പ്രശ്നമായി മാറുന്നുണ്ട്.

# കൃഷി - ജലസേചനം

## കാർഷികചരിത്രം

ചാവക്കാട് എൻ.ഇ.എസ്. ബ്ലോക്കിൻെറ പരിധിയിലാണ് ഈ പ്രദേശം. മൊത്തത്തിൽ 7 പഞ്ചായത്തുകളും ഇന്നത്തെ 2 മുനിസിപ്പാലിറ്റികളും അടങ്ങുന്നതായിരുന്നു പ്രസ്തുത ബ്ലോക്ക്. ഇത്രയും വിസ്തൃതമായ ഏരിയകൾ അടങ്ങുന്നതുകൊണ്ട് ബ്ലോക്കിന് കൃഷിക്കുപുറമെ പല മേഖലകളും കൈകാര്യം ചെയ്തിരുന്നുതുകൊണ്ട്, കൃഷിക്കാരുടെ കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും തദ്വാര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിരുന്നില്ല. മാത്രമല്ല രാസവളങ്ങളും, ജലസേചനസൗകര്യങ്ങളും, കീടനാശിനികളും, അത്യുല്പാദന വിത്തിനങ്ങളുടെ അഭാവവും, കാർഷികപരിശീലനത്തിൻെറ അഭാവവും, വായ്പാസൗകര്യങ്ങളുടെ കുറവും കാരണം ഉല്പാദനവും ഉല്പാദനക്ഷമതയും ശരാശരിയിൽനിന്നും വളരെ കുറവിലായിരുന്നു. ആയത് ദൂരീകരിക്കുന്നതിന് ഇന്ന് നിലവിലുള്ള കൃഷിഭവനുകൾ പഞ്ചായത്ത്തോറും കേന്ദ്രീകരിക്കുകയും കൃഷിക്കാരുടെ കാര്യങ്ങൾ ശ്രദ്ധിക്കപ്പെടുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. അതിൻെറ ഫലമായി കൃഷിക്കാരിൽ മാറ്റങ്ങൾ കുറേശ്ശെ ഉണ്ടാകുകയും (പല പോരായ്മകൾ ഉണ്ടെങ്കിലും) ചെയ്തുവരുന്നുണ്ട്. കൃഷിക്ക് മുൻതൂക്കവും ജീവിതോപാധിയുമായി കൃഷിയെ കാണാത്തതുംകൊണ്ട് കൃഷിക്കാർക്ക് കാർഷികകാര്യങ്ങളിൽ ഒരു വിമുഖത പൊതുവെ നിലവിലുണ്ട്. ഈ അലസത മാറ്റിയെടുക്കുക എന്നതാണ് ഈ റിപ്പോർട്ടിൻെറ പ്രധാന ലക്ഷ്യം. ഇതോടൊപ്പംതന്നെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങൾക്ക് ഈ റിപ്പോർട്ടിൽ പ്രാധാന്യം നല്കിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മൊത്തം 903 ഹെക്ടർ വിസ്തീർണ്ണത്തിൽ സുമാർ 200 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നുവെങ്കിലും ഇന്ന് 5.5 ഹെക്ടർ മാത്രമാണ് നെൽകൃഷി ചെയ്തുവരുന്നത്. നെൽകൃഷി ഇത്രയും കുറച്ചായി ചുരുങ്ങുന്നതിന് പ്രധാന കാരണം നെൽകൃഷി ലാഭകരമല്ലാത്ത സ്ഥിതിവിശേഷവും ജനസംഖ്യാവർദ്ധനവിൻെറ ഫലമായി ഭൂമികൾ തുണ്ടുതുണ്ടുകളായി വിഭജിക്കപ്പെടുകയും കെട്ടിടനിർമ്മാണത്തിന് ഉപയോഗ്യമാക്കിയതുകൊണ്ടുമാണ്. മാത്രമല്ല, ജൈവവളങ്ങളുടെ ലഭ്യതക്കുറവും രാസവള കീടനാശിനികളുടെ അമിതമായ വിലവർദ്ധനവും വർദ്ധിച്ച കൂലിനിരക്കും വായ്പാ സൗകര്യങ്ങളുടെ അഭാവവും ഇതിന് മറ്റു കാ...ണങ്ങളാണ്.

## വിളചേരുവ

മേൽപ്പറഞ്ഞ രീതിയിൽ നെൽകൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ നാണ്യവിളകൾക്കും കെട്ടിടനിർമ്മാണങ്ങൾക്കും ഉപയോഗിച്ചുവെങ്കിലും ഈ പഞ്ചായത്തിൽ കൃഷി ചെയ്യുന്ന വിളകളുടെ ഇന്നത്തെ വിസ്തൃതി ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| നെല്ല് | : | 5.5 | ഹെക്ടർ |
| പയർ | : | 42.0 | ,, |
| എള്ള് | : | 14.00 | ,, |
| പച്ചക്കറി | : | 18.00 | ,, |
| തെങ്ങ് | : | 835.00 | ,, |
| വാഴ | : | 52.00 | ,, |
| കുരുമുളക് | : | 4.00 | ,, |
| മറ്റു ഫലവർഗ്ഗങ്ങൾ | : | 13.00 | ,, |

നെൽകൃഷി ചെയ്യുന്ന 5.5 ഹെക്ടർ ഒഴികെ ബാക്കിയുള്ള എല്ലാ വിളകളും തെങ്ങിൻതോട്ടത്തിലെ ഇടവിളകളാണ്. സുമാർ 40 ഹെക്ടർ സ്ഥലം ചക്കുംകണ്ടം പ്രദേശത്തെ ഉപ്പുവെള്ളം കയറിക്കിടക്കുന്ന കൃഷിയോഗ്യ തരിശുഭൂമിയാണ്. ബാക്കിയുള്ളവ കെട്ടിടങ്ങളും തോടുകളും കുളങ്ങളും മറ്റുമായിക്കിടക്കുന്നു.

## ഉല്പാദനക്ഷമത

ശാസ്ത്രീയമായി കൃഷി ചെയ്യാനുള്ള പരിജ്ഞാനത്തിൻെറ കുറവും അവ ആർജ്ജിക്കുന്നതിനുള്ള താല്പര്യക്കുറവ്, സാമ്പത്തികഭദ്രതയില്ലായ്മ, അത്യുല്പാദനശേഷിയുള്ള നല്ലയിനം നടീൽവസ്തുക്കളുടെ ലഭ്യതക്കുറവ്, ജലസേചനസൗകര്യക്കുറവ്, ജൈവവളങ്ങളുടെ അഭാവം, രാസവളകീടനാശിനികളുടെ വിലക്കൂടുതൽ, തൊഴിലാളികളുടെ കൂലിവർദ്ധനവ് ഇതെല്ലാം മൊത്തത്തിൽ ഉല്പാദനക്ഷമതയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഓരോ വിളകളുടെയും ഉല്പാദനക്ഷമത നിലവിലുള്ള ഉല്പാദനത്തേക്കാൾ $^1/_4$ മാത്രമാണ്.

## കൃഷിപ്പണി കലണ്ടർ

ഏപ്രിൽ - മെയ് മാസങ്ങളിൽ കിട്ടുന്ന മഴയ്ക്ക് പറമ്പുകൾ പൂട്ടി പച്ചിലവളച്ചെടികൾ വിതയ്ക്കുന്നു. കാലവർഷം തുടങ്ങിയ ജൂൺ, ജൂലായ് മാസങ്ങളിൽ പറമ്പിൽ കട്ടയും വരമ്പുവയ്ക്കലും തെങ്ങിൻതടങ്ങളെടുക്കലും ചെയ്യുന്നു. അപ്പോൾ ജൈവവളങ്ങളും പച്ചിലകളും മറ്റും തെങ്ങിൻതടത്തിലിട്ട് രാസവളങ്ങളുടെ ആദ്യഗഡുവും ചെയ്യുന്നു. ഒക്ടോബർ - നവംബർ മാസങ്ങളിൽ പറമ്പിൽ കുനകൂട്ടുകയും ഡിസംബർ - ജനുവരിയിൽ അവ തട്ടിനിരപ്പാക്കിയും തെങ്ങിൻതടങ്ങളും മൂടിയിടുകയും ജലസേചനം നടത്തുന്നവ തടമെടുത്ത് തയ്യാറാക്കുകയും ചെയ്യുന്നു. കൂനകൂട്ടാത്ത തോട്ടങ്ങളിൽ പൂട്ടും കിളയും നവംബർ മാസത്തിൽ നടത്തുന്നു.

## ജലസേചനം

ജലസേചനത്തിന് ജലലഭ്യത കുറവാണെങ്കിലും ഉള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ജലസേചനം നടത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർ വേണ്ടത്ര താത്പര്യം കാണിക്കുന്നില്ല. സാമ്പത്തിക ഭദ്രതയില്ലായ്മയാണിതിന് പ്രധാന കാരണം. കൃഷി ചെയ്യുന്ന മൊത്തം 835 ഹെക്ടർ സ്ഥലത്തിൽ വെറും 209 ഹെക്ടർ സ്ഥലം മാത്രമാണ് ജലസേചനം നടത്തുന്നത്. മാത്രമല്ല, വൈദ്യുതികണക്ഷൻ കിട്ടാനുള്ള കാലതാമസവും ആയതിനുള്ള നിബന്ധനകളും കൃഷിക്കാരെ ദോഷകരമായി ബാധിക്കുന്നു.

## വെള്ളക്കെട്ട്

കെട്ടിടങ്ങൾക്കുവേണ്ടിയും റോഡുകൾ നിർമ്മിച്ചും തോടുകൾ റോഡാക്കി മാറ്റുന്നതുകൊണ്ടും താഴ്ന്ന സ്ഥലങ്ങൾ വെള്ളമൊഴിഞ്ഞുപോകാതെ വെള്ളം കെട്ടിക്കിടക്കുന്നുണ്ട്. കൂടാതെ, പഞ്ചായത്തിന്റെ 7-ാം വാർഡിൽ കിടക്കുന്ന ചക്കുംകണ്ടം പ്രദേശത്ത് കൃഷിയോഗ്യമായ ഭൂമി ഏകദേശം 40 ഹെക്ടർ ഉപ്പുവെള്ളം കയറി കെട്ടിക്കിടക്കുന്നു.

## രോഗങ്ങൾ

സാധാരണയായി ഈ പ്രദേശങ്ങളിൽ Blast, Blight, Bud rot, Stem bleeding, ചെള്ളിന്റെ ആക്രമണം, കുമ്പടപ്പ്, ദ്രുതവാട്ടം എന്നീ രോഗങ്ങൾ കണ്ടുവരുന്നു. രോഗനിയന്ത്രണങ്ങൾക്കുള്ള സാഹചര്യങ്ങളുടെ കുറവുണ്ട്.

## വിപണനം

പ്രധാനപ്പെട്ട ഉല്പന്നമായ തേങ്ങയുടെ വിപണനം ഇടത്തട്ടുകച്ചവടക്കാരുടെ ചൂഷണംമൂലം കൃഷിക്കാർക്ക് വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്. യഥാർത്ഥ വില അവർക്ക് ലഭിക്കുന്നില്ല. നാളികേരം കൊപ്രയാക്കി വില്ക്കുന്നതിന് കർഷകർ വേണ്ടത്ര ശ്രദ്ധിക്കാറില്ല.

## വായ്പാസൗകര്യങ്ങൾ

ഈ പഞ്ചായത്തിന്റെ 1,2,3 വാർഡുകൾ ചൊവ്വല്ലൂർപടി ഫെഡറൽബാങ്കിന്റെ പരിധിയിലും 4,5,6 വാർഡുകൾ ഗുരുവായൂർ യൂണിയൻബാങ്കിന്റെ പരിധിയിലും 7,8 വാർഡുകൾ ചാവക്കാട് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പരിധിയിലുമാണ്. കൃഷിവകുപ്പിന്റെ സബ്സിഡിക്കുള്ള വായ്പകൾപോലും മേൽബാങ്കുകൾ കൃഷിക്കാർക്ക് നല്കുന്നതിന് താത്പര്യക്കുറവ് കാണിക്കുന്നു. അവരുടെ നിബന്ധനകളും ചട്ടങ്ങളും വളരെ ദുഷ്കരമായതുകൊണ്ട് കൃഷിക്കാർ വായ്പാസൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് വിമുഖത കാട്ടിവരുന്നു. പഞ്ചായത്തിലെ മുഴുവൻ ഏരിയയും കവർചെയ്യുന്ന തൈക്കാട് സർവ്വീസ് സഹകരണബാങ്ക് കാർഷികവായ്പകൾക്ക് അമിതമായ പലിശ ഈടാക്കുന്നതുകൊണ്ടും കാലതാമസംകൊണ്ടും യഥാസമയത്ത് അവ കൃഷിക്കാർക്ക് ലഭിക്കാത്തതുകൊണ്ടും കൃഷിക്കാർക്ക് വായ്പാസൗകര്യം ഉപയോഗപ്പെടുത്തുന്നതിന് കഴിയുന്നില്ല.

## വളപ്രയോഗം

ജൈവവളങ്ങളുടെ നിർമ്മാണവും ഉപയോഗവും വളരെ ശോചനീയമാണ്. ആയതിന് പ്രധാന കാരണങ്ങൾ കന്നുകാലികളെ വളർത്തുന്നതിനുള്ള താല്പര്യക്കുറവും, മരങ്ങളും മറ്റും വെട്ടി നശിപ്പിക്കുന്നതുകൊണ്ടും, പച്ചിലവളച്ചെടികൾ നട്ടുവളർത്തുന്നതിനോ കമ്പോസ്റ്റ് നിർമ്മിക്കുന്നതിനോ ഉള്ള താല്പര്യക്കുറവുമാണ്. രാസവളങ്ങളുടെ അമിതമായ വിലവർദ്ധനവുമൂലം അവ പ്രയോഗിക്കുന്നതിന് കൃഷിക്കാർ തയ്യാറാവുന്നില്ല.

## വിത്തുകൾ

അത്യുല്പാദനശേഷിയുള്ള വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യതക്കുറവ്, ഈ പ്രദേശത്ത് രൂക്ഷമാണ്. പ്രധാനമായി തെങ്ങിൻതോട്ടത്തിലെ ഇടവിളകളുടെയും ഫലവർഗ്ഗച്ചെടികളുടെയും പച്ചക്കറികളുടെയും മറ്റും പോരായ്മയും രൂക്ഷമാണ്.

## സബ്സിഡി

ഓരോ വിളകളുടെയും ഉല്പാദനത്തിന് ഒരു വലിയ സംഖ്യ കൃഷിക്കാരന് ചിലവു വരുന്നുണ്ട്. ഉല്പാദനമനുസരിച്ചുള്ള വില കൃഷിക്കാർക്ക് കിട്ടുന്നുമില്ല. ആയതുകൊണ്ട് കൃഷിക്കാരെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഇപ്പോൾ വിവിധ ഡിപ്പാർട്ടുമെന്റുകൾ നല്കിവരുന്ന സബ്സിഡി വളരെ കുറവാണ്. ആയത് കൃഷിക്കാരുടെ കാർഷികതാല്പര്യക്കുറവിന് കാരണമാണ്.

## സംഘടനാഘടകങ്ങൾ

1. തെങ്ങുകൃഷിക്കാരുടെ ഉന്നമനത്തിനുവേണ്ടി പഞ്ചായത്തിലെ കേരവികസനസമിതി രൂപീകരിച്ച് രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനമേഖലയും പ്രവർത്തനവും വളരെ മോശമാണ്.
2. നെൽകൃഷി കുറവാണെങ്കിലും നെൽകൃഷിക്കാരുടെ ഒരു ഗ്രൂപ്പ്ഫാമിംഗ്സമിതിയുടെ അഭാവം പ്രസ്തുത കൃഷിയെ മുരടിപ്പിച്ചിട്ടുണ്ട്.

3) കർഷകതൊഴിലാളികളടെ കുറവും അവരുടെ തൊഴിൽക്ഷമതാകുറവും കാർഷികപ്രവർത്തിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ആയതിന് അവരുടെ ഒരു സംഘടനയുടെ അഭാവക്കുറവുണ്ട്.

4) കൂലിവേതനവ്യവസ്ഥകൾ ഏകീകരിക്കേണ്ടതിൻെറ കുറവുണ്ട്.

അനുബന്ധം 3

**ഞെക്കാട് പഞ്ചായത്ത്**

3.1 **ഭൂമി സംബന്ധിച്ച വിവരങ്ങൾ (അടിസ്ഥാനവിവര രജിസ്റ്റർ)**

| *ഇനം* | | *വിസ്തീർണം* |
|---|---|---|
| നിലം | : | 215.4924 |
| പുരയിടം | : | 427.2531 |
| പുറമ്പോക്ക് | : | 7.6407 |
| കൃഷിയോഗ്യമായത് | : | 3.6357 |
| കൃഷിയോഗ്യമല്ലാത്തത് | : | 35.6562 |
| ആകെ | : | 689.6781 |

## കാർഷിക വികസനകേന്ദ്രങ്ങൾ

കാർഷികവികസനത്തിനുവേണ്ടി പലപല ഏജൻസികൾ നിലവിലുള്ളതുകൊണ്ട് കൃഷിക്കാർക്ക് ധാരാളം ബുദ്ധിമുട്ടുകൾ ഇന്നുണ്ട്. അവയെ ഒരു പഞ്ചായത്തിൽ ഒറ്റ ഏജൻസി എന്ന നിലയ്ക്ക് കൃഷിഭവനെ ഏർപ്പെടുത്തേണ്ടത് കൃഷിക്കാർക്ക് ഗുണകരമായിരിക്കും.

## 1. പച്ചക്കറിവികസനം

ഇപ്പോൾ മൊത്തം ഈ പഞ്ചായത്തിൽ 18 ഹെക്ടർ സ്ഥലത്ത് തെങ്ങിൻതോട്ടങ്ങളിലെ ഇടവിളയായി പച്ചക്കറി കൃഷിചെയ്തു വരുന്നുണ്ട്. അല്പം ചില കുടുംബങ്ങളുടെ ഉപയോഗത്തിനു മാത്രമാണിത് ഉപയോഗിക്കുന്നത്. ഉല്പാദനം വളരെ കുറവാണ്. വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ പഞ്ചായത്തിലെ ഒന്നാംവാർഡിൽ നാലേക്കറും മൂന്നാംവാർഡിൽ നാലേക്കറും പച്ചക്കറികൃഷി സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതിന് നിർദ്ദേശിക്കുന്നു. കൂടാതെ ഓരോ വാർഡിലും ഓരോ വർഷവും നൂറ് അടുക്കളത്തോട്ടങ്ങൾവീതം 8 വാർഡുകളിലുംകൂടി പഞ്ചായത്തിൽ ഒരു കൊല്ലം 800 തോട്ടങ്ങൾവീതം 5 വർഷങ്ങൾകൊണ്ട് മൊത്തം 4,000 വീടുകളിൽ അടുക്കളത്തോട്ട-പച്ചക്കറികൃഷി തുടങ്ങേണ്ടതാണ്. ഇതുകൂടാതെ ഒരു അടുക്കളത്തോട്ടത്തിൽ 5 വാഴക്കന്നുവീതം ഓരോ വർഷവും 4,000 വാഴക്കന്ന്വീതം 5 വർഷംകൊണ്ട് 20,000 വാഴക്കന്നുകൾ വിതരണം ചെയ്യാനുള്ള പദ്ധതികൾ സമർപ്പിക്കുന്നു. ഏറ്റവും നല്ല പച്ചക്കറികൃഷിക്കാരന് 1,000 രൂപ പ്രോത്സാഹനസമ്മാനം നല്കുന്നതും നന്നായിരിക്കും.

| ഇനം | നടത്തിപ്പ്രീതി | ഒരു വർഷത്തിൽ തുടങ്ങുന്ന വിസ്തീർണം / എണ്ണം | മൊത്തം പഞ്ചായത്തിൻെറ വിസ്തീർണം / കുടുംബം (5 വർഷം) | നടപ്പിൽ വരുത്തുന്ന ഏജൻസിരീതി |
|---|---|---|---|---|
| അടുക്കളത്തോട്ടം | വിത്ത്, വളം | 3.2 ഹെക്ടർ (800 കുടുംബം) | 16 ഹെക്ടർ (4000 കുടുംബം) | വാർഡുതലകമ്മറ്റി |
| വാഴക്കന്ന് | ,, | 4000 വാഴക്കന്ന് | 2000 എണ്ണം | ,, |
| പച്ചക്കറി | 10 സെൻററിൽ കുടുതൽ കൃഷി ചെയ്യുന്ന ഏറ്റവും നല്ല കൃഷിക്കാരന് 1000 രൂപ സമ്മാനം | | | പഞ്ചായത്ത് |
| വ്യവസായ | കൃഷിക്കാരുടെ ഷെയറുകൾ | 1,3 വാർഡുകളിൽ 4 ഏക്കറുവീതം | 8 ഏക്കർ | ചിലവിൻെറ $^{1}/_{4}$ ഭാഗം പഞ്ചായത്ത് ധനസഹായം |

വാർഡുതലകർമ്മസമിതിയുടെ നിയന്ത്രണവും സാങ്കേതികകാര്യങ്ങൾ കൃഷിഭവനും, പഞ്ചായത്തിലെ കുടുംബങ്ങൾക്ക് ചുരുങ്ങിയ വിലയ്ക്ക് പച്ചക്കറിവിതരണം.

# തൈക്കാട് പഞ്ചായത്ത് കാർഷിക വികസനം ഒറ്റനോട്ടത്തിൽ

| ക്രമനമ്പർ | പദ്ധതിയുടെ പേര് | 1997 - 1998 | | 1998 - 1999 | | 1999 - 2000 | | 2000 - 2001 | | 2001 - 2002 | | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | |
| I | പച്ചക്കറിവികസനം | | | | | | | | | | | |
| | a) അടുക്കളത്തോട്ടം | 100 കുടുംബം | 800 കുടുംബം | 100 കുടുംബം | 800 കുടുംബം | 100 കുടുംബം | 800 കുടുംബം | 100 കുടുംബം | 800 കുടുംബം | 100 കുടുംബം | 800 കുടുംബം | വാർഡുതല കർമ്മസമിതി |
| | b) വാഴക്കന്നുകൾ | 500 എണ്ണം | 4000 എണ്ണം | 500 എണ്ണം | 4000 എണ്ണം | 500 എണ്ണം | 4000 എണ്ണം | 500 എണ്ണം | 4000 എണ്ണം | 500 എണ്ണം | 4000 എണ്ണം | വാർഡുതല കർമ്മസമിതി |
| | c) പച്ചക്കറികൃഷി പ്രോത്സാഹനസമ്മാനം | ----- | 1 കർഷകന് 1000 രൂപ | ----- | 1 കർഷകന് 1000 രൂപ | ----- | 1 കർഷകന് 1000 രൂപ | ----- | 1 കർഷകന് 1000 രൂപ | ----- | 1 കർഷകന് 1000 രൂപ | ഗ്രാമ പഞ്ചായത്ത് |
| | d) വ്യാവസായികാടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷി | 1-ാം വാർഡിലും 3-ാം വാർഡിലും | 1,6 ഹെക്ടർ വീതമാകെ 3.2 ഹെക്ടർ | 1,3 എന്നീ വാർഡുകളിൽ | 1,6 ഹെക്ടർ വീതമാകെ 3.2 ഹെക്ടർ | 1,3 എന്നീ വാർഡുകളിൽ | 1,6 ഹെക്ടർ വീതമാകെ 3.2 ഹെക്ടർ | 1,3 എന്നീ വാർഡുകളിൽ | 1,6 ഹെക്ടർ വീതമാകെ 3.2 ഹെക്ടർ | 1,3 എന്നീ വാർഡുകളിൽ | 1,6 ഹെക്ടർ വീതമാകെ 3.2 ഹെക്ടർ | കർഷകരുടെ ഷെയറുകൾ |

| ക്രമനമ്പർ | പദ്ധതിയുടെ പേര് | 1997 - 1998 | | 1998 - 1999 | | 1999 - 2000 | | 2000 - 2001 | | 2001 - 2002 | | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | |
| II | ജൈവവള ഉത്പാദനം | | | | | | | | | | | |
| | a) കമ്പോസ്റ്റ്നിർമ്മാണം | 100 എണ്ണം | 800 എണ്ണം | 100 എണ്ണം | 800 എണ്ണം | 100 എണ്ണം | 800 എണ്ണം | 100 എണ്ണം | 800 എണ്ണം | 100 എണ്ണം | 800 എണ്ണം | കേരവികസന സമിതി |
| | b) പച്ചിലവളച്ചെടികളുടെ വിത്തുകൾ കൃഷി ചെയ്യൽ | 6 ഹെക്ടർ എണ്ണം | 4.8 ഹെക്ടർ എണ്ണം | 6 ഹെക്ടർ എണ്ണം | 4.8 ഹെക്ടർ എണ്ണം | 6 ഹെക്ടർ എണ്ണം | 4.8 ഹെക്ടർ എണ്ണം | 6 ഹെക്ടർ എണ്ണം | 4.8 ഹെക്ടർ എണ്ണം | 6 ഹെക്ടർ എണ്ണം | 4.8 ഹെക്ടർ എണ്ണം | കേരവികസന സമിതി |

| ക്രമനമ്പർ | പദ്ധതിയുടെ പേര് | 1997 - 1998 | | 1998 - 1999 | | 1999 - 2000 | | 2000 - 2001 | | 2001 - 2002 | | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | |
| III | **തെങ്ങുകൃഷിവികസനം** | | | | | | | | | | | |
| | a) പഞ്ചായത്തുതല കേരവികസനസമിതിയുടെ പ്രവർത്തനം ഊർജിതപ്പെടുത്തൽ | ഒന്നാംവർഷത്തിൽ തുടങ്ങി രണ്ടാംവർഷത്തിൽ അവസാനിക്കണം. 5 സെൻറിനുമേൽ തെങ്ങിൻതോട്ടമുള്ള എല്ലാവരേയും അംഗങ്ങളാക്കുക. | | | | | | | | | | |
| | b) പ്രവർത്തനമേഖലകൾ | കേരവികസനസമിതിക്ക് ആസ്ഥാനം - നടീൽവസ്തുക്കൾ, രാസവളം, കീടനാശിനി, ജൈവവളം, പച്ചക്കറിവിത്തുകൾ എന്നിവയുടെ ശേഖരണം, വിതരണം സൗജന്യമായി | | | | | | | | | | |
| | c) കാർഷികോപകരണങ്ങൾ | ഒരു വാർഡിന് ഒന്ന് എന്ന തോതിൽ 8 പവർടില്ലർ, 2 ട്രാക്ടർ, തെങ്ങുകയറ്റയന്ത്രങ്ങൾ, 10 റോക്കർ സ്പ്രെയർ. ഒരു വാർഡിൽ ഒരു വർഷം 1000 എന്ന തോതിൽ ഓരോ വർഷവും 80,000 തെങ്ങിന് ബോർഡോമിശ്രിതം തളിക്കുവാനുള്ള മരുന്നുകളും ശേഖരിച്ച് സൗജന്യമായി വിതരണം. തെങ്ങിൻെറ മറ്റു കീടരോഗനിയന്ത്രണത്തിനുള്ള മരുന്നുകളും ശേഖരിച്ച് സൗജന്യമായി വിതരണം. | | | | | | | | | | |
| IV | **തെങ്ങുകൃഷിജലസേചനം** | | | | | | | | | | | |
| | a) കണികജലസേചനം | 10 ഹെ. | 80 ഹെ | 10ഹെ. | 80 ഹെ | 10 ഹെ. | 80 ഹെ. | 10 ഹെ. | 80 ഹെ. | 10 ഹെ. | 80 ഹെ. | വാർഡുതല കർമ്മസമിതി |
| | b) കിണറും പമ്പുസെറ്റും | 10 എണ്ണം | 80 എണ്ണം | 10 എണ്ണം | 80 എണ്ണം | 10 എണ്ണം | 80 എണ്ണം | 10 എണ്ണം | 80 എണ്ണം | 10 എണ്ണം | 80 എണ്ണം | വാർഡുതല കർമ്മസമിതി |
| | c) കിണർ - പമ്പ്സെറ്റ് ഗ്രൂപ്പ് ഇറിഗേഷൻ | 1 | 8 | 1 | 8 | 1 | 8 | 1 | 8 | 1 | 8 | വാർഡുതല കർമ്മസമിതി |
| | d) കിണറുകൾ താഴ്ത്തി നന്നാക്കൽ | 10 | 80 | 10 | 80 | 10 | 80 | 10 | 80 | 10 | 80 | വാർഡുതല കർമ്മസമിതി |
| | e) ജലസേചനം കുളങ്ങളിലൂടെ | പോത്തക്കുളം, മുന്നിനിക്കുളം, മേക്കാടിക്കുളം, കരുപ്പായിക്കുളം, മഞ്ഞിക്കരക്കുളം, നാറാണത്തുകുളം എന്നിവ താഴ്ത്തി വശങ്ങൾ കെട്ടി മോട്ടോർ സ്ഥാപിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ ജലസേചനം നടത്തുന്നവർക്ക് സബ്സിഡി. | | | | | | | | | | വാർഡുതല കർമ്മസമിതി |
| | f) കാർഷികവൈദ്യുതി | വൈദ്യുതിസൗജന്യം - മണ്ണെണ്ണ ഏക്കറിന് 50 ലിറ്റർ വീതം 6 മാസം. | | | | | | | | | | പഞ്ചായത്ത് |

| ക്രമനമ്പർ | പദ്ധതിയുടെ പേര് | 1997 - 1998 | | 1998 - 1999 | | 1999 - 2000 | | 2000 - 2001 | | 2001 - 2002 | | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | |
| V | **തെങ്ങുകൃഷിക്ക് പൊതുനിർദ്ദേശങ്ങൾ** | | | | | | | | | | | |
| | a) ജലസംരക്ഷണശേഷിക്ക് ചളി, പുതുമണ്ണ് ഇടൽ | 1000 എണ്ണം | 8000 തെങ്ങ് | 1000 എണ്ണം | 1000 തെങ്ങ് | 8000 എണ്ണം | 1000 തെങ്ങ് | 1000 എണ്ണം | 8000 തെങ്ങ് | 1000 എണ്ണം | 8000 തെങ്ങ് | കേരവികസന സമിതി |
| | b) സംഭരണം, സംസ്കരണം | പഞ്ചായത്തിലെ തേങ്ങ മുഴുവൻ സംഭരിച്ച് കൊപ്രസംഭരണം, ഓയിൽമിൽ സ്ഥാപിക്കൽ | | | | | | | | | | പഞ്ചായത്ത് |
| | c) വളപ്രയോഗം | രാസവളങ്ങൾക്കും കീടനാശിനികൾക്കും 50% സബ്സിഡി | | | | | | | | | | കേരവികസന സമിതി |
| | d) നശിക്കുന്ന തെങ്ങുകൾക്ക് സഹായം | ചികിത്സിച്ചിട്ടും ഭേദമാകാത്ത തെങ്ങുകൾക്ക് 1000 രൂപവീതം സബ്സിഡി | | | | | | | | | | വാർഡ്തല കർമ്മസമിതി |
| | e) ജൈവവളങ്ങൾ | പിണ്ണാക്കുകൾ, ചാണകം എന്നിവ ഉപയോഗിക്കുന്നവർക്ക് 50% സബ്സിഡി | | | | | | | | | | കേരകർഷക സമിതി |
| | f) സ്വകാര്യവ്യക്തികൾക്ക് കൊപ്ര ഉണക്കുന്ന യന്ത്രം | 5 | 40 | 5 | 40 | 5 | 40 | 5 | 40 | 5 | 40 | കേരവികസന സമിതി |
| | g) താഴ്ന്ന സ്ഥലങ്ങൾ നികത്തൽ | 4 ഹെ. | 32 ഹെ. | 4 ഹെ. | 32 ഹെ. | 4 ഹെ. | 32 ഹെ. | 4 ഹെ. | 32 ഹെ. | 4 ഹെ. | 32 ഹെ. | വാർഡുതല കർമ്മസമിതി |
| | h) നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കുക | | | | | | | | | | | പഞ്ചായത്ത് |
| | i) നാളികേരത്തിന്റെ താങ്ങുവില 6 രൂപയാക്കുക | | | | | | | | | | | പഞ്ചായത്ത് |
| | j) പ്രോത്സാഹനം | ഏറ്റവും നല്ല കേരകർഷകന് ഓരോ വർഷവും ഒന്നാം സമ്മാനം 1000 രൂപ, രണ്ടാംസമ്മാനം 750 രൂപ, മൂന്നാംസമ്മാനം 500 രൂപ. | | | | | | | | | | പഞ്ചായത്ത് |
| | k) പുതുതായി തെങ്ങുകൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനം | ചുരുങ്ങിയ ഭൂപരിധി 10 സെൻറാക്കുക. തൈയൊന്നിന് 50 രൂപവച്ച് അടിതൈകൾ വയ്ക്കുന്നവർക്കുകൂടി ബാധകമാക്കുക. | | | | | | | | | | കേരവികസന സമിതി |
| | l) ചക്കുംകണ്ടം കായൽപ്രദേശത്തെ വികസനം | 100 ഏക്കർ സ്ഥലം ചെമ്മീൻകൃഷിയും ബണ്ടിൽ തെങ്ങിൻതൈകൾ വയ്ക്കലും നടപ്പിലാക്കുന്ന കൃഷിക്കാർക്ക്. | | | | | | | | | | പഞ്ചായത്ത് |

| ക്രമനമ്പർ | പദ്ധതിയുടെ പേര് | 1997 - 1998 | | 1998 - 1999 | | 1999 - 2000 | | 2000 - 2001 | | 2001 - 2002 | | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | |
| VI | **ഇടവിളകളുടെ പ്രോത്സാഹനം** | | | | | | | | | | | |
| | a) കുരുമുളകുവള്ളി - സൗജന്യമായി | 1000 | 8000 | 1000 | 8000 | 1000 | 8000 | 1000 | 8000 | 1000 | 8000 | കേരവികസനസമിതി |
| | b) വാഴക്കന്നുകൾ - സൗജന്യമായി | 1000 | 8000 | 1000 | 8000 | 1000 | 8000 | 1000 | 8000 | 1000 | 8000 | കേരവികസനസമിതി |
| | c) ചേന - 10 കിലോ വീതം | 100 പേർക്ക് | 8000 കി. | 100 പേർക്ക് | 8000 കി. | 100 പേർക്ക് | 8000 കി. | 100 പേർക്ക് | 8000 കി. | 100 പേർക്ക് | 8000 കി. | കേരവികസനസമിതി |
| | d) ജാതി - കരയാമ്പൂ | 100 പേർക്ക് | 800 എണ്ണം | 100 പേർക്ക് | 800 എണ്ണം | 100 പേർക്ക് | 800 എണ്ണം | 100 പേർക്ക് | 800 എണ്ണം | 100 പേർക്ക് | 800 എണ്ണം | കേരവികസനസമിതി |
| | e) കവുങ്ങ് | 50 പേർക്ക് | 800 എണ്ണം | 50 പേർക്ക് | 800 എണ്ണം | 50 പേർക്ക് | 800 എണ്ണം | 50 പേർക്ക് | 800 എണ്ണം | 50 പേർക്ക് | 800 എണ്ണം | കേരവികസനസമിതി |
| | f) പയർ | 10 ഹെക്ടർ | 80 ഹെക്ടർ | 10 ഹെക്ടർ | 80 ഹെക്ടർ | 10 ഹെക്ടർ | 80 ഹെക്ടർ | 10 ഹെക്ടർ | 80 ഹെക്ടർ | 10 ഹെക്ടർ | 80 ഹെക്ടർ | കേരവികസനസമിതി |
| | g) കശുമാവ് - ബഡ് ചെയ്തത് | 50 എണ്ണം | 400 ഹെ. | 50 എണ്ണം | 400 ഹെ. | 50 എണ്ണം | 400 ഹെ. | 50 എണ്ണം | 400 ഹെ. | 50 എണ്ണം | 400 ഹെ. | കേരവികസനസമിതി |
| | h) ഔഷധച്ചെടികൾ - 10 സെൻറ് | 10 എണ്ണം | 80 ഹെ. | 10 എണ്ണം | 80 ഹെ. | 10 എണ്ണം | 80 ഹെ. | 10 എണ്ണം | 80 ഹെ. | 10 എണ്ണം | 80 ഹെ. | കേരവികസനസമിതി |
| VII | **നൂതനകൃഷി നടപ്പിലാക്കൽ** | | | | | | | | | | | |
| | a) ഓർക്കിഡ്, ഒരു യൂണിറ്റ് | 10 | 80 | 10 | 80 | 10 | 80 | 10 | 80 | 10 | 80 | വാർഡുതല കർമ്മ സമിതി |
| | ആന്തൂറിയം 100 ചട്ടി | 10 | 80 | 10 | 10 | 10 | 10 | 10 | 10 | 10 | 10 | |
| | കുറ്റിമുല്ല | 10 | 80 | 80 | 80 | 80 | 80 | 80 | 80 | 80 | 80 | |
| | b) കൂൺകൃഷി - കുടുംബത്തിന് പെട്ടികളും പ്രാണികളും സൗജന്യം | 10 | 80 | 10 | 80 | 10 | 80 | 10 | 80 | 10 | 80 | വാർഡുതല കർമ്മസമിതി |
| | c) തേനീച്ച വളർത്തൽ - ഒരു കർഷകന് 5 പെട്ടി | 10 | 80 | 10 | 80 | 10 | 80 | 10 | 80 | 10 | 80 | വാർഡുതല കർമ്മസമിതി |

| ക്രമനമ്പർ | പദ്ധതിയുടെ പേര് | 1997 - 1998 | | 1998 - 1999 | | 1999 - 2000 | | 2000 - 2001 | | 2001 - 2002 | | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | |
| VIII | **നെൽകൃഷി** | | | | | | | | | | | |
| | a) തൈക്കാട് നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് സമിതി എന്ന പേരിൽ ഒരു സംഘം രൂപീകരിച്ച് രജിസ്റ്റർ ചെയ്യുക. | | | | | | | | | | | |
| | b) സമിതിക്ക് ഒരു പവർടില്ലർ സൗജന്യമായി അനുവദിക്കുക (ട്രെയിലറടക്കം). | | | | | | | | | | | |
| | c) രാസവളവും കീടനാശിനിയും പകുതിവിലയ്ക്ക് നല്കുക. | | | | | | | | | | | |
| | d) പച്ചിലവളച്ചെടിയുടെ വിത്തുകൾ കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുക. | | | | | | | | | | | |
| | e) 8 നാപ്നാക്ക് സ്പ്രെയറുകൾ 75 ശതമാനം സബ്സിഡിയിൽ നല്കുക. | | | | | | | | | | | ഗ്രൂപ്പ് ഫാമിംഗ് സമിതി |
| | f) നെൽവിത്തുകൾ സൗജന്യമായി വിതരണം ചെയ്യുക. | | | | | | | | | | | |
| | g) വാകത്തോട് (മഞ്ഞിക്കര) ചീപ്പ് നന്നാക്കി സൈഡ് കെട്ടുക. | | | | | | | | | | | |
| | h) സമിതിക്ക് ഒരു മെതിയന്ത്രം സൗജന്യമായി അനുവദിക്കുക. | | | | | | | | | | | |
| IX | **ബയോഗ്യാസ് പദ്ധതി** | | | | | | | | | | | |
| | സബ്സിഡി 5000 രൂപ വേണം | 5 | 40 | 5 | 40 | 5 | 40 | 5 | 40 | 5 | 40 | പഞ്ചായത്ത് |
| X | **പഞ്ചായത്തിന്റെ ജലസേചനപദ്ധതികൾ** | | | | | | | | | | | |
| | a) വലിയതോട് | ഒന്നാംവർഷത്തിൽ തുടങ്ങി രണ്ടാം വർഷത്തിൽ അവസാനിപ്പിക്കണം. | | | | | | | | | | |
| | b) ചെമ്പ്രത്തോട് | ഒന്നാംവർഷത്തിൽ തുടങ്ങി രണ്ടാംവർഷത്തിൽ അവസാനിപ്പിക്കണം. | | | | | | | | | | |
| | c) ചക്കുംകണ്ടം കായൽപദ്ധതി | ഒന്നാംവർഷത്തിൽ തുടങ്ങി രണ്ടാംവർഷത്തിൽ അവാസാനിപ്പിക്കണം. | | | | | | | | | | |
| | d) മഞ്ഞിക്കര ചീപ്പ് - തോട് | ആദ്യവർഷം തുടങ്ങി അവസാനിപ്പിക്കണം. | | | | | | | | | | |

| ക്രമനമ്പർ | പദ്ധതിയുടെ പേര് | 1997 - 1998 | | 1998 - 1999 | | 1999 - 2000 | | 2000 - 2001 | | 2001 - 2002 | | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | എണ്ണം / വിസ്തീർണം ഒരു വാർഡിൽ | ആകെ എണ്ണം / വിസ്തീർണം | |
| XI | **പട്ടികജാതിവികസനം - കൃഷിയിലൂടെ - സൗജന്യം** | | | | | | | | | | | |
| | a) ഗ്രൂപ്പ് ജലസേചനം - മൂന്ന് പേർക്ക് / കിണർ - പമ്പുസെറ്റ് | 1 | 8 | 1 | 8 | 1 | 8 | 1 | 8 | 1 | 8 | വാർഡുതല കർമ്മസമിതി |
| | b) നിലവിലുള്ള കിണറുകൾ താഴ്ത്തുവാൻ സഹായം | 5 | 40 | 5 | 40 | 5 | 40 | 5 | 40 | 5 | 40 | " |
| | c) ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം | 1 | 8 | 1 | 8 | 1 | 8 | 1 | 8 | 1 | 8 | " |
| | d) വ്യക്തികൾക്ക് കിണറും പമ്പുസെറ്റും ചുരുങ്ങിയത് 10 സെൻറുള്ളവർക്ക് | 5 | 40 | 5 | 40 | 5 | 40 | 5 | 40 | 5 | 40 | " |
| | e) തെങ്ങിനും മറ്റു വിളകൾക്കും രാസവളം | എല്ലാ കൃഷിക്കാർക്കും എല്ലാ വർഷവും | | | | | | | | | | " |
| | f) പണിയായുധങ്ങളും തെങ്ങുകയറ്റ യന്ത്രങ്ങളും | ആവശ്യമുള്ള എല്ലാ കർഷകർക്കും എല്ലാ വർഷവും | | | | | | | | | | " |
| | g) പച്ചക്കറിവിത്തുകളും മറ്റു നടീൽവസ്തുക്കളും | എല്ലാ വർഷവും എല്ലാ കർഷകർക്കും | | | | | | | | | | " |
| XII | **വായ്പകൾ - പലിശയും വായ്പയുടെ കാലതാമസവും ഒഴിവാക്കുക** | | | | | | | | | | | |
| | a) സഹകരണസംഘങ്ങളിലൂടെ വായ്പയുടെ പരിധി നോക്കാതെ 12% പലിശനിരക്കിൽ ആവശ്യമുള്ള കർഷകർക്ക് കടം അനുവദിക്കുക. യഥാർത്ഥ ആവശ്യത്തിന് കടം ഉപയോഗിക്കുന്ന കർഷകൻ തിരിച്ചടയ്ക്കുമ്പോൾ 2% കിഴിവ് അനുവദിക്കുക. | | | | | | | | | | | പഞ്ചായത്ത് |
| | b) മറ്റു ബാങ്കുകളിലൂടെ കൊടുക്കുന്ന വായ്പയ്ക്ക് പലിശയിളവ് അനുവദിക്കുക. കിണറിനും പമ്പുസെറ്റിനുമുള്ള ഭൂപരിധി 20 സെൻറായി ചുരുക്കുക. | | | | | | | | | | | പഞ്ചായത്ത് |
| | c) തിരിച്ചടവ് - കടം തിരിച്ചടയ്ക്കാൻ കൃഷിഭവൻ, കർമ്മസമിതി, കേരവികസനസമിതി, പഞ്ചായത്ത്സമിതിയുടെ പ്രേരണ ഉണ്ടാവുക. | | | | | | | | | | | പഞ്ചായത്ത് |
| XIII | **പരിശീലനം** | | | | | | | | | | | |
| | a) വാർഡുതലം - രണ്ടുമാസത്തിൽ ഒന്ന് | 6 | 48 | 6 | 48 | 6 | 48 | 6 | 48 | 6 | 48 | പഞ്ചായത്ത് |
| | b) പഞ്ചായത്തുതലം - കൊല്ലത്തിൽ മൂന്ന് | ----- | 3 | ----- | 3 | ----- | 3 | ----- | 3 | ----- | 3 | " |
| | c) പര്യടനപരിപാടി | ----- | 1 | ----- | 1 | ----- | 1 | ----- | 1 | ----- | 1 | " |

## 2. ജൈവവള ഉല്പാദനം

മണ്ണിൻെറ ഫലഭൂയിഷ്ഠത ജൈവവളങ്ങളുടെ കുറവു കാരണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. കന്നുകാലികളെ വളർത്തുന്നത് പ്രോത്സാഹിപ്പി ക്കുന്നതോടൊപ്പം കമ്പോസ്റ്റ് നിർമ്മാണത്തിന് ഒരു വാർഡിൽ കൊല്ലംതോറും 100 കുടുംബങ്ങളെ തിരഞ്ഞെടുത്ത് കമ്പോസ്റ്റ് നിർമ്മിക്കുകയും അവർക്കിന്ന് നിലവിലുള്ള സബ്സിഡി 25 രൂപ എന്നത് വർദ്ധിപ്പിച്ച് 200 രൂപയാക്കി ഉയർത്തണം.
2. ഈ പഞ്ചായത്തിൽ ഓരോ കൊല്ലവും ഒരു വാർഡിൽ 6 ഹെക്ടർവീതം ഒരു കൊല്ലം 48 ഹെക്ടർ എന്ന തോതിൽ 5 കൊല്ലംകൊണ്ട് 240 ഹെക്ടർ സ്ഥലത്ത് ഡെയിഞ്ച, ചണമ്പ് മുതലായ പച്ചിലവളച്ചെടി വിത്തുകൾ സൗജന്യമായി നല്കണം.

## 3. തെങ്ങുകൃഷിവികസനം

ഈ പഞ്ചായത്തിൽ 835 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്യുന്നുണ്ട്. ഇതിൽ സുമാർ 200 ഹെക്ടർ സ്ഥലത്തുള്ള തെങ്ങുകൾ കായ്ക്കാത്തതാണ്. നമ്മുടെ പഞ്ചായത്തിൽ തെങ്ങൊന്നിന് ഒരു വർഷം ശരാശരി 35 തേങ്ങയാണ് കിട്ടുന്നത്. ഇത് 100 തേങ്ങയായി ഉയർത്തേണ്ടത് വളരെ അത്യാവശ്യമാണ്. ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ വെയ്ക്കുന്നു.

1. നിലവിൽ രജിസ്റ്റർചെയ്ത് പ്രവർത്തിച്ചുവരുന്ന കേരവികസനസമിതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും പഞ്ചായത്തിലെ 5 സെൻറിൽ കൂടുതൽ കൃഷിചെയ്യുന്ന എല്ലാ കേരകർഷകരേയും അതിലുൾപ്പെടുത്തി പ്രവർത്തനങ്ങളേകീകരിക്കണം.
2. തൈക്കാട് പഞ്ചായത്തിൻെറ അധീനതയിലുള്ള മൃഗാസ്പത്രിയോടു ചേർന്നു കിടക്കുന്ന സ്ഥലത്ത് കേരവികസനസമിതിക്കൊരാസ്ഥാനം നിർമ്മിക്കേണ്ടതാണ്. ആയതിൽ കൃഷിക്കാർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, വളം, കീടനാശിനി (രാസവളങ്ങളും ജൈവവളങ്ങളും), പച്ചക്കറിവിത്തുകൾ ബാക്കി കൃഷിസംബന്ധമായ എല്ലാ കാര്യങ്ങളും സൂക്ഷിക്കുന്നതിനും വിതരണത്തിനും പറ്റിയ തരത്തിലുള്ള സംവിധാനം ഉണ്ടാക്കുക, മാത്രമല്ല അതിൽ കൃഷിക്കാർക്ക് ഒത്തുകൂടുന്നതിനും ചർച്ചകൾക്കും ക്ലാസ്സുകൾക്കും മറ്റുമായി ഒരു ഹാൾകൂടി നിർമ്മിക്കേണ്ടതാണ്.
3. സമിതിയുടെ നിയന്ത്രണത്തിൽ ഒരു വാർഡിന് ഒരു പവർടില്ലർവെച്ച് 8 വാർഡുകൾക്കുമായി 8 പവർടില്ലറുകൾ സൗജന്യമായി സമിതിക്ക് വിതരണം ചെയ്യണം. രണ്ട് Tractor with Traitor ഉം സൗജന്യമായി സമിതിക്കു നല്കണം.
4. ആവശ്യമുള്ള കൃഷിക്കാരുടെ മണ്ണ്സാമ്പിളുകൾ ശേഖരിച്ച് കൃഷിഭവനിലൂടെ പരിശോധിപ്പിച്ച് റിസൽട്ട് കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കേണ്ട ചുമതല കേരസമിതി ഏറ്റെടുക്കണം.
5. ജൈവവള-രാസവളങ്ങളുടെ ശേഖരണവും വിതരണവും കീടരോഗനിയന്ത്രണവും സമിതി ഏറ്റെടുക്കേണ്ടതാണ്. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഏജൻസി സമിതി എടുക്കണം. പച്ചിലവളച്ചെടികളുടെ വിത്തുകൾ ശേഖരിച്ച് വിതരണം നടത്തുകയും സമിതി ചെയ്യേണ്ടതാണ്.
6. ആവശ്യമുള്ള കൃഷിക്കാർക്ക് തെങ്ങുകയറ്റയന്ത്രവും അവയുടെ സബ്സിഡിയും സമിതി എത്തിച്ചുകൊടുക്കണം.
7. പത്ത് റോക്കർ സ്പെയറുകൾ സമിതിക്ക് സൗജന്യമായി നല്കണം.
8. ഓലചീയൽ, കൂമ്പുചീയൽ ഇവയ്ക്ക് മരുന്നു തളിക്കുന്നതിനുവേണ്ട കുമ്മായവും തുരിശും സൗജന്യമായി സമിതിക്കു നല്കണം. ഒരു വാർഡിന് 10,000 തെങ്ങുകൾവീതം 8 വാർഡിലും 80,000 തെങ്ങുകൾക്ക് ഓരോ വർഷവും മരുന്നു തളിക്കേണ്ട ചുമതല സമിതി ഏറ്റെടുക്കണം.
9. ചെന്നീരൊഴുക്കിന് വേണ്ട കാലക്സിൻ, വേപ്പിൻപിണ്ണാക്ക്, ബോർഡോ മിശ്രിതം, ടാർ എന്നിവ ആവശ്യാനുസരണം ശേഖരിച്ച് സൗജന്യമായി കൃഷിക്കാരന് വിതരണം ചെയ്യേണ്ടതാണ്.

## 4. തെങ്ങുകൃഷി ജലസേചനം

1. **കണികജലസേചനം:** ഈ പദ്ധതിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സബ്സിഡി 50 ശതമാനത്തിൽനിന്നും 75 ശതമാനമാക്കി ഉയർത്തേണ്ടതാണ്. മാത്രമല്ല, സ്പ്രിംഗ്ലർ സ്ഥാപിക്കുന്നവർക്കുകൂടി പ്രസ്തുത സബ്സിഡി അനുവദിക്കേണ്ടതാണ്. ഇതനുസരിച്ച് ഓരോ വാർഡിലും ഓരോ വർഷം 10 ഹെക്ടർ സ്ഥലംവീതം 8 വാർഡുകളിലുമായി 5 വർഷംകൊണ്ട് 400 ഹെക്ടർ സ്ഥലത്ത് ഇത്തരം ജലസേചനപദ്ധതി ഏർപ്പെടുത്തേണ്ടതാണ്.
2. **കിണറും പമ്പുസെറ്റും:** നിലവിലുള്ള പദ്ധതിയനുസരിച്ച് കിണർ കുഴിക്കുന്നതിന് 2,500 രൂപ സബ്സിഡി എന്നത് മാറ്റി കിണറിനുവരുന്ന ചിലവിൻെറ പകുതിയോ 10,000 രൂപയോ ഏതാണ് കുറവ് എങ്കിൽ അത് എന്നാക്കേണ്ടതും, പമ്പുസെറ്റിന് 2,500 രൂപ എന്നത് 5,000 രൂപയായും സബ്സിഡി അനുവദിക്കേണ്ടതാണ്.
3. 10 സെൻറ് ഭൂമി വീതമുള്ള 3 കൃഷിക്കാർക്ക് ഗ്രൂപ്പ് ഇറിഗേഷൻ നടത്തുന്നതിന് കിണറും പമ്പുസെറ്റും, ഒരു വാർഡിൽ ഒരു കൊല്ലം ഒരു ഗ്രൂപ്പ്വീതം 5 കൊല്ലംകൊണ്ട് 40 ഗ്രൂപ്പുകൾക്ക് കിണറിനും പമ്പ്സെറ്റിനും 10,000 രൂപ, 5,000 രൂപ എന്ന നിലയ്ക്ക് സബ്സിഡി അനുവദിക്കുക.
4. നിലവിലുള്ള കിണറുകൾ താഴ്ത്തി ജലസേചനസൗകര്യം ഏർപ്പെടുത്തുന്നവർക്ക് ഒരു വാർഡിൽ 10 വീതം, ഒരു വർഷത്തിൽ 80 കിണർ എന്ന തോതിൽ മൊത്തം 400 കിണറുകൾക്ക് ചിലവിൻെറ പകുതിയോ 2,500

രൂപയോ ഏതാണ് കുറവ് എങ്കിൽ ആയത് സബ്സിഡിയായി അനുവദിക്കേണ്ടതാണ്.

5. താഴെ പറയുന്ന കുളങ്ങൾ താഴ്ത്തി വശങ്ങൾ കെട്ടി പമ്പുസെറ്റ് സ്ഥാപിച്ച് പരിസരത്തുള്ള കൃഷിക്കാരുടെ 5 ഏക്രയെങ്കിലും സ്ഥലം ഗ്രൂപ്പ് ഇറിഗേഷൻ സമ്പ്രദായം നടപ്പിലാക്കുന്നവർക്ക് ചിലവിൻെറ പകുതി സബ്സിഡി അനുവദിക്കണം.

1) പോത്തക്കുളം, 2) മൂന്നിനിക്കുളം,
3) മേക്കാടിക്കുളം, 4) കരുപ്പായിക്കുളം,
5) മണിക്കരക്കുളം, 6) നാറാണത്ത് കുളം.

6. ജലസേചനത്തിന് വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. കാർഷികാവശ്യത്തിന് വൈദ്യുതി സൗജന്യമാക്കണം.

7. കാർഷികാവശ്യത്തിന് മണ്ണെണ്ണ ഒരേക്കറിന് 50 ലിറ്റർ എന്ന തോതിൽ പെർമിറ്റ് അനുവദിക്കണം. അവ ഡിസംബർ മുതൽ മേയ്മാസം കൂടിയുള്ള 6 മാസത്തേക്ക് നല്കണം.

## 5. തെങ്ങുകൃഷിവികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

1. മണൽപ്രദേശമായതിനാൽ മണ്ണിൻെറ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് ചളി, പുതുമണ്ണ് ഇവ ഇടുന്നതിന് ചിലവിൻെറ പകുതി സബ്സിഡി അനുവദിക്കുക. ഇപ്രകാരം ഒരു വാർഡിൽ ഒരു വർഷം 1,000 തെങ്ങ് എന്ന തോതിൽ 8 വാർഡിന് ഓരോ വർഷവും 8,000 തെങ്ങുകൾവെച്ച് 5 കൊല്ലംകൊണ്ട് 40,000 തെങ്ങുകൾക്ക് നടപ്പിലാക്കുന്നതിന് ഇപ്രകാരം സബ്സിഡി അനുവദിക്കണ്ട്.

2. കൃഷിക്കാർക്ക് ന്യായമായ വില ഉല്പന്നത്തിന് ലഭിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ തേങ്ങ സംഭരണവും, സ്സ്കരണവും, വിപണനവും മറ്റും നടത്തുന്നതിന് ഒരു വ്യവസായ കോപ്ലക്സ് സ്ഥാപിക്കേണ്ടതാണ്.

3. രാസവളങ്ങൾക്കും കീടനാശിനികൾക്കും വിലയുടെ 50% സബ്സിഡി അനുവദിക്കേണ്ടതാണ്.

4. ജൈവവളങ്ങളായ വേപ്പിൻപിണ്ണാക്ക്, മറ്റു പിണ്ണാക്കുകൾ, ചാണകം എന്നിവയ്ക്കുകൂടി വിലയുടെ 50% സബ്സിഡി അനുവദിക്കണം.

5. രോഗങ്ങൾമൂലം ചികിത്സിച്ചിട്ടും ഭേദമാകാതെ നശിച്ചുപോകുന്ന തെങ്ങുകൾക്ക് തെങ്ങൊന്നിന് 1,000 രൂപവീതം ധനസഹായംനല്കേണ്ടതാണ്.

6. സ്വകാര്യകൃഷിക്കാർക്ക് കൊപ്ര ഉണക്കുന്നതിന് നല്കിവരുന്ന കൊപ്ര ഡ്രയറിൻെറ സബ്സിഡി നിലവിലുള്ള 50% എന്നതു വർദ്ധിപ്പിച്ച് 75% ആക്കി ഉയർത്തേണ്ടതാണ്. ഇതനുസരിച്ച് ഓരോ വർഷവും ഒരു വാർഡിൽ 5 ഡ്രയർവീതം 8 വാർഡുകൾക്കുംകൂടി 40 ഡ്രയറുകൾ ഓരോ വർഷവുംവെച്ച് മൊത്തം 5 വർഷത്തിന് 200 ഡ്രയറുകൾ പഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

7. താഴ്ന്ന പ്രദേശങ്ങളിൽ വെച്ചിട്ടുള്ള 3 കൊല്ലം പ്രായമായ തെങ്ങിൻതൈകൾ സംരക്ഷിക്കുന്നതിനും നികത്തുന്നതിനും വായ്പാസൗകര്യങ്ങളും വായ്പയുടെ 25% സബ്സിഡിയും അനുവദിക്കേണ്ടതാണ്. ഒരു വാർഡിൽ ആദ്യവർഷം 10 ഏക്കർ എന്ന തോതിൽ 8 വാർഡിലും കൂടി 80 ഏക്കറിൽ ഇപ്രകാരം പദ്ധതി ഏർപ്പെടുത്തണം. ഇത് 2-ാം വർഷം മുതൽ മൊത്തം വായ്പയുടെ പകുതി കണക്കാക്കി 25% സബ്സിഡിയും അനുവദിക്കേണ്ടതാണ്.

8. നാളികേരം എണ്ണക്കുരുവായി പ്രഖ്യാ [illegible]ിക്കേണ്ടതാണ്. ആയതിൻെറ ആനുകൂല്യങ്ങളും തെങ്ങ്കൃഷിക്കാർക്ക് ലഭിക്കേണ്ടതാണ്.

9. നാളികേരത്തിന് താങ്ങുവില പ്രഖ്യാപിക്കേണ്ടതും ചുരുങ്ങിയത് 6 രൂപയായി വില പ്രഖ്യാപിക്കേണ്ടതുമാണ്.

10. പഞ്ചായത്തിലെ ഏറ്റവും നല്ല 3 തെങ്ങ്കൃഷിക്കാർക്ക് (ചുരുങ്ങിയത് 50 സെൻറിൽ കൂടുതൽ ഭൂമിയിൽ കൃഷി ചെയ്യുന്നവർ) 1,000 രൂപ, 750 രൂപ, 500 രൂപ എന്ന ക്രമത്തിൽ 3 പേർക്ക് പ്രോത്സാഹന സമ്മാനം നല്കേണ്ടതാണ്.

11. പുതുതായി തെങ്ങുകൃഷി നടത്തുന്നവർക്കും നിലവിലുള്ള തെങ്ങിൻതോട്ടങ്ങളിൽ അടിത്തൈ വെയ്ക്കുന്നവർക്കും ഇപ്പോൾ നല്കിവരുന്ന സബ്സിഡിക്ക് ചുരുങ്ങിയ ഭൂപരിധി 10 സെൻറാക്കുകയും ഒരു തൈയിന് 50 രൂപ കണക്കിൽ സബ്സിഡി അനുവദിക്കേണ്ടതുമാണ്.

12. ചക്കുംകണ്ടം പ്രദേശത്ത് കൃഷിചെയ്യാതെ ഉപ്പുവെള്ളം കിടക്കുന്ന കയറിക്കിടക്കുന്ന സുമാർ 100 ഏക്കർ സ്ഥലം സ്വകാര്യവ്യക്തികൾ കൈവശം വെച്ചിരിക്കുന്നത് താഴ്ത്തി ചെമ്മീൻകൃഷിക്കും ചുറ്റും നിർമ്മിക്കുന്ന ബണ്ടുകളിൽ തെങ്ങ്കൃഷിയും ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് വായ്പാസൗകര്യങ്ങളും വായ്പയുടെ 50% സബ്സിഡിയും അനുവദിക്കേണ്ടതാണ്.

## 6. ഇടവിളകൾ

തെങ്ങിൻതോട്ടങ്ങളിലെ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അവയ്ക്ക് താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. കുരുമുളക്: ഒരു വാർഡിന് 1,000 എന്ന തോതിൽ 8,000 കുരുമുളക്വള്ളികൾ ഓരോ കൊല്ലവും സൗജന്യമായി വിതരണം ചെയ്യുകയും രാസവള കീടനാശിനികൾ ഉപയോഗിക്കുന്നവർക്ക് ചിലവിൻെറ 50% സബ്സിഡി അനുവദിക്കുകയും ചെയ്യുക.

2. വാഴ: ഒരു വാർഡിന് 1,000 വാഴക്കന്ന് എന്ന തോതിൽ 8,000 വാഴക്കന്നുകൾ വീതം ഓരോ വർഷവും സൗജന്യമായി വിതരണം ചെയ്യുകയും വളങ്ങളും കീടനാ

ശിനികളും ഉപയോഗിക്കുന്നവർക്ക് ചിലവിൻെറ 50% സബ്സിഡി അനുവദിക്കുകയും ചെയ്യുക.

3. ചേന: ഒരു വാർഡിൽ 100 വീതം കൃഷിക്കാർക്ക് 10 കിലോ വീതം ഓരോ കൊല്ലവും 8,000 കിലോവച്ച് ചേനവിത്ത് 5 കൊല്ലം സൗജന്യമായി വിതരണം ചെയ്യുകയും വളത്തിൻെറ ചിലവിൻെറ 50% സബ്സിഡി അനുവദിക്കുകയും ചെയ്യുക.

4. ജാതി, കരയാമ്പു: ഒരു വാർഡിന് 100 എന്ന തോതിൽ 800 എണ്ണം ഓരോ വർഷവും സൗജന്യമായി വിതരണം ചെയ്യുക.

5. കവുങ്ങ്: പുതിയ ഇനം കവുങ്ങിൻതൈകൾ ഒരു വാർഡിന് 50 എണ്ണംവച്ച് 400 എണ്ണം ഓരോ വർഷവും സൗജന്യമായി നല്കുക.

6. കശുമാവ്: ബഡ്ഡുചെയ്ത കശുമാവിൻതൈകൾ ഒരു വാർഡിന് 50 എണ്ണംവീതം 400 എണ്ണം ഓരോ വർഷവും സൗജന്യമായി വിതരണം ചെയ്യുക.

7. ഔഷധച്ചെടികൾ: 10 സെൻറിൽ കൂടുതൽ സ്ഥലത്ത് വിവിധയിനം ഔഷധച്ചെടികൾ കൃഷി ചെയ്യുന്നവർക്ക് തൈകൾ സൗജന്യമായി വിതരണം ചെയ്യേണ്ടതും കൃഷി ചെയ്യുന്നവർക്ക് സബ്സിഡി 1,500 രൂപ വെച്ച് നല്കുകയും ചെയ്യുക. ഇത് ഒരു വാർഡിൽ 10 പേർക്ക്‌വീതം 80 പേർക്ക് ഓരോ വർഷവും നല്കണം.

8. പയർ: ഒരു വാർഡിൽ 10 ഹെക്ടർ എന്ന തോതിൽ 80 ഹെക്ടർ സ്ഥലത്ത് ഓരോ കൊല്ലവും കൃഷി ചെയ്യുവാനുള്ള വിത്ത് സൗജന്യമായി നല്കുക.

## 7. നെൽകൃഷി

നെൽകൃഷി പഞ്ചായത്തിൽ ഉണ്ടെങ്കിലും അവരുടെ ഒരു ഏകോപിതസമിതി ഇല്ല എന്ന ന്യൂനത പരിഹരിക്കുന്നതിന് പഞ്ചായത്തിൽ **തൈക്കാട് നെൽകൃഷി ഗ്രൂപ്പ്ഫാമിംഗ് സമിതി** എന്ന പേരിൽ ഒരു സംഘം രൂപീകരിക്കേണ്ടതാണ്. ഈ സമിതിയിലൂടെ കൃഷിക്കാർക്ക് നല്കേണ്ട സഹായങ്ങൾ താഴെ നിർദ്ദേശിക്കുന്നു.

1. സമിതിക്ക് ഒരു പവർടില്ലർ ട്രൈലറടക്കം അനുവദിക്കുക.
2. സമിതിയിലൂടെ കൃഷിക്കാർക്ക് രാസവളങ്ങളും കീടനാശിനികളും പകുതിവിലയ്ക്ക് നല്കുക.
3. പാടങ്ങളിൽ കൃഷി ചെയ്യാനുള്ള പച്ചിലവളച്ചെടികളുടെ വിത്തുകൾ പകുതി വിലയ്ക്ക് നല്കുക.
4. 75% സബ്സിഡിയോടുകൂടി 8 നാപ്സാക്ക് സ്പ്രെയറുകൾ സമിതിക്ക് വിതരണം ചെയ്യുക.
5. നല്ലയിനം വിത്തുകൾ പകുതിവിലയ്ക്ക് നല്കുക.

## 8. നൂതനകൃഷി

1. ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല:

ഇവ ഓരോന്നിൻെറയും ഓരോ യൂണിറ്റ് (100 ചട്ടിവീതം) ഒരു വാർഡിന് 10 യൂണിറ്റ് എന്ന തോതിൽ 80 യൂണിറ്റ് ഓരോ കൊല്ലവും തുടങ്ങേണ്ടതും വായ്പ എടുത്തവർക്കും എടുക്കാത്തവർക്കും ചിലവിൻെറ 50% സബ്സിഡി അനുവദിക്കുകയും ചെയ്യുക.

2. കൂൺകൃഷി:

സ്വകാര്യവ്യക്തികൾ കൂൺകൃഷി നടത്തുന്നവർക്ക് ഒരു വാർഡിൽ 10 പേർക്കുവീതം 80 പേർക്ക് ഓരോ വർഷവും വിത്തുകൾ സൗജന്യമായി നല്കുകയും കൃഷി ചെയ്യുന്നവർക്ക് 100 രൂപവീതം സബ്സിഡി നല്കുകയും ചെയ്യുക.

3. തേനീച്ചവളർത്തൽ:

ഒരു കർഷകന് 5 പെട്ടി എന്ന തോതിൽ ഒരു വാർഡിൽ 10 കർഷകർക്കുവീതം 8 വാർഡിൽ 80 കർഷകർക്ക് ഓരോ കൊല്ലംവെച്ച് പെട്ടികളും പ്രാണികളും സൗജന്യമായി വിതരണം ചെയ്യും.

## 9. ബയോഗ്യാസ്

കന്നുകാലികളെ വളർത്തുന്ന കൃഷിക്കാർക്ക് ഒരു വാർഡിൽ 5 എന്ന തോതിൽ 40 ബയോഗ്യാസ് പ്ലാൻറുകൾ ഓരോ വർഷവും സ്ഥാപിക്കേണ്ടതാണ്. ഇതിന് ഇന്നു നിലവിലുള്ള സബ് സിഡി 2,400 രൂപ എന്നത് ചെലവിൻെറ 50% ആക്കി ഉയർത്തേണ്ടതാണ്.

## 10. പഞ്ചായത്തിൻെറ ജലസേചനപദ്ധതികൾ

1. വലിയതോട്:

പഞ്ചായത്തിൻെറ 1,2,3 വാർഡുകളിലെ കിഴക്കേ അതിർത്തിയിലൂടെ പോകുന്ന 3 കി.മീ. നീളവും 15 മീറ്റർ വീതിയുമുള്ള തോട് താഴ്ത്തി വശങ്ങൾ കെട്ടി 4 തടയണകൾ കെട്ടിയും ഇന്നു നിലവിലുള്ള 2 ചീപ്പുകൾ നന്നാക്കി ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും സൗകര്യമുണ്ടാക്കുക.

ഇതുമൂലം തോടിനരുകിൽ കിടക്കുന്ന സുമാർ 100 ഹെക്ടർ സ്ഥലത്തെ കൃഷികൾക്ക് ജലസേചനസൗകര്യത്തിനും ജലനിർഗ്ഗമനത്തിനും വഴിയൊരുക്കും. കുടാതെ മറ്റ് കൃഷികളായ എള്ള്, പയർ, പച്ചക്കറി എന്നിവ 25 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാവുന്നതാണ്. മാത്രമല്ല, ഇതുമൂലം സമീപപ്രദേശങ്ങളിലെ കുളങ്ങളിലെയും കിണറുകളിലെയും ജലസംഭരണശേഷി കുറയാതെ കാത്തുസൂക്ഷിക്കുന്നതിനും കഴിയും.

2. ചെമ്പ്രത്തോട്:

പഞ്ചായത്തിലെ 4,5,6,7,8 വാർഡുകളിലൂടെ പോകുന്ന സുമാർ 5 കി.മീ. നീളവും 10 മീ. വീതിയും ഉള്ള തോട് താഴ്ത്തി വശങ്ങൾ കെട്ടി 15 തടയണകൾ നിർമ്മിച്ചും നിലവിലുള്ള 2 ചീപ്പുകൾ നന്നാക്കി ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും കായലിൽ നിന്ന് പുളിവെള്ളം കയറാതിരിക്കുന്നതിനും സൗകര്യമുണ്ടാക്കേണ്ടതാണ്. മാത്രമല്ല, ഈ തോട് ചക്കുംകണ്ടം കായിലിൽ ചെന്ന് ചേരുന്ന സ്ഥലത്തുള്ള ചീപ്പ് (ഡബിൾ ഷട്ടർ) പാവറട്ടി പഞ്ചായത്തിൻെറ അധീനതയിൽനിന്നും തൈക്കാട് പഞ്ചായത്തിന് കൈമാറേണ്ടതാണ് (പാവറട്ടി പഞ്ചായത്തിന് ഈ ചീപ്പുകൊണ്ട് യാതൊരു പ്രയോജനവുമില്ല എന്നതാണ് വാസ്തവം). ഇതുമൂലം സുമാർ 200 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും സൗകര്യം

ലഭിക്കും. കൂടാതെ 50 ഹെക്ടർ സ്ഥലത്ത് പയർ, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിനും കഴിയും. മാത്രമല്ല, സമീപപ്രദേശങ്ങളിലെ കുളങ്ങളിലെയും കിണറുകളിലെയും ശുദ്ധവെള്ളസംഭരണശേഷി കുറയാതെ നോക്കുന്നതിനും കഴിയും.

3. ചക്കുംകണ്ടം കായൽപദ്ധതി:

പഞ്ചായത്തിലെ 7-ാം വാർഡിൻെറ പടിഞ്ഞാറേ അതിർത്തിയിലൂടെയും പഞ്ചായത്തിൻെറ പടിഞ്ഞാറേ അതിർത്തിയിലൂടെയും പോകുന്ന 2 തോടുകൾ താഴ്ത്തി വശങ്ങൾ കെട്ടി അവ ഒന്നായിച്ചേരുന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളതും ഇപ്പോൾ കേടുവന്ന് കിടക്കുന്നതുമായ ഡബിൾഷട്ടർ ചീപ്പ് പൊളിച്ചുപണിത് സ്ക്രൂടൈപ്പ് ഷട്ടറാക്കി പണിയേണ്ടതാണ്. പ്രസ്തുത ചീപ്പിനോട് ബന്ധപ്പെട്ടു കിടക്കുന്ന റോഡ് ഉയർത്തി വശങ്ങൾ കെട്ടേണ്ടതുമാണ്. അതുമൂലം ഇപ്പോൾ കവിഞ്ഞുകയറുന്ന ഉപ്പുവെള്ളം തടയാൻ കഴിയും. രണ്ട് തോടുകളുംകൂടി സുമാർ $1^3/_4$ കി.മീ. നീളവും 10 മീ. വീതിയും ഉണ്ട്. ഇതിന് 3 തടയണകളും നിർമ്മിക്കേണ്ടതാണ്.

ഇതുമൂലം സുമാർ 60 ഹെക്ടർ സ്ഥലത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും പച്ചക്കറികളും പയറുവർഗങ്ങളും കൃഷിചെയ്യുന്നതിനും ഈ പ്രദേശത്തെ കുളങ്ങളിലേയും കിണറുകളിലേയും പുളിവെള്ളം കയറുന്നത് ഇല്ലാതാക്കി ശുദ്ധജലം സംഭരിക്കുന്നതിനും സാധിക്കും.

4. മഞ്ഞിക്കര ചീപ്പ് (വാകത്തോട് ചീപ്പ്):

കേടുവന്ന ഈ ചീപ്പ് നന്നാക്കുകയും 100 മീറ്റർ നീളത്തിലുള്ള തോട് താഴ്ത്തി വശങ്ങൾ കെട്ടുകയും ചെയ്യുക. 5 ഹെക്ടർ സ്ഥലത്തെ നെൽകൃഷി ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും ഇതുകൊണ്ട് സാധിക്കും.

## 11. പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ കൃഷിവികസനപദ്ധതി

താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു.

1. 10 സെൻറ് വീതമുള്ള 3 കർഷകർക്ക് ജലസേചനം നടത്തുവാൻ കിണറും പമ്പുസെറ്റും സ്ഥാപിക്കുക. ഒരു വാർഡിൽ ഒരു ഗ്രൂപ്പ്‌വീതം ഓരോ വർഷവും 8 വാർഡുകളിലും നടപ്പിലാക്കണം.
2. നിലവിലുള്ള കിണറുകൾ താഴ്ത്തുന്നതിന് ഒരു വാർഡിൽ ഒരുവർഷം 5 വീതം 8 വാർഡുകളിലും പദ്ധതി നടപ്പിലാക്കുക.
3. കന്നുകാലികളെ വളർത്തുന്നവർക്ക് ഒരു വാർഡിൽ ഒരു വർഷം ഒന്നു വീതം 8 വാർഡുകളിലും ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.
4. ചുരുങ്ങിയത് 10 സെൻറ് സ്ഥലം കൈവശമുള്ളവർക്ക് ഒരു വാർഡിൽ 5 വീതം 8 വാർഡുകളിലും ഓരോ വർഷവും വ്യക്തികൾക്ക് കിണറും പമ്പ്സെറ്റും നല്കുക.
5. തെങ്ങിനും മറ്റ് കൃഷികൾക്കും രാസവളങ്ങളും കീടനാശിനികളും സൗജന്യമായി നല്കുക.
6. പണിയായുധങ്ങളും തെങ്ങുകയറ്റ യന്ത്രങ്ങളും നല്കുക.
7. പച്ചക്കറിവിത്തുകളും, നടീൽവസ്തുക്കളും വിതരണം ചെയ്യുക.

## 12. വായ്പകൾ

കൃഷിക്കാർക്ക് കാർഷികവായ്പകൾ അവരുടെ ആവശ്യാനുസരണം സമയത്തിന് ലഭിക്കുന്നില്ല. കൂടാതെ പലിശ കൂടുതലും കാലതാമസവും കൃഷിക്കാരെ കഷ്ടത്തിലാക്കുന്നു. ഇതിന് പരിഹാരമായി താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. കൃഷിക്കാരനുവേണ്ട വായ്പകള് 3 ഭൂരിഭാഗവും സർവ്വീസ് സഹകരണബാങ്കുകളിലൂടെ വായ്പാസംഖ്യയുടെ പരിധി നോക്കാതെ 12% പലിശയ്ക്ക് നല്കേണ്ടതാണ്. യഥാർത്ഥ കാർഷികാവശ്യത്തിന് കടമെടുത്ത് പ്രസ്തുത ആവശ്യം നിറവേറ്റി വായ്പ സമയത്തിന് തിരിച്ചടയ്ക്കുന്ന കർഷകന് 2% പലിശ ഇളവ് അനുവദിക്കേണ്ടതാണ്.
2. മറ്റു ബാങ്കുകളിലൂടെ വിതരണം ചെയ്യുന്ന വായ്പയുടെ പലിശനിരക്ക് കുറയ്ക്കേണ്ടതും ജാമ്യവ്യവസ്ഥകൾ ലഘൂകരിക്കേണ്ടതും ആണ്. കിണറിനും പമ്പ്സെറ്റിനുമുള്ള ചുരുങ്ങിയ ഭൂപരിധി 20 സെൻറായി ചുരുക്കേണ്ടതാണ്.
3. കൃഷിവികസനത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതും രൂപീകരിക്കുന്നതുമായ സമിതികളും കൃഷിഭവനും പഞ്ചായത്ത് അധികൃതരും കൃഷിക്കാരൻ എടുത്ത വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ വേണ്ട ശുഷ്കാന്തിയും പ്രേരണയും ചെലുത്തേണ്ടതും അവ കൃത്യസമയത്ത് തിരിച്ചടയ്ക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതുമാണ്.

## 13. പരിശീലനം

കൃഷിവികസനത്തിന് അത്യന്താപേക്ഷിതമായ ഒരു പരിപാടി എന്ന നിലയ്ക്ക് കാർഷികപരിശീലനത്തിന് താഴെ പറയുന്ന പദ്ധതികൾ സമർപ്പിക്കുന്നു.

1. വാർഡ്തലത്തിൽ കർഷകർക്ക് 2 മാസത്തിലൊരിക്കൽ എന്ന പ്രകാരം കൊല്ലത്തിൽ 6 പരിശീലനം എന്ന നിലയ്ക്ക് 48 വാർഡ്തലപരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.
2. പഞ്ചായത്ത്തലത്തിൽ കൊല്ലത്തിൽ 3 പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.
3. കൊല്ലംതോറും കർഷകരുടെ ഓരോ പഠനപര്യടനപരിപാടി സംഘടിപ്പിക്കേണ്ടതാണ്.
4. കൃഷിഭവനിലെ ജോലിഭാരം കൂടുതലായതിനാൽ 2 വാർഡിന് ഒരു കൃഷി അസിസ്റ്റൻറ് എന്ന നിലയ്ക്ക് സ്റ്റാഫിനെ നിയമിക്കേണ്ടതാണ്.

# മൃഗപരിപാലനവും മത്സ്യമേഖലയും

## മൃഗസംരക്ഷണപ്രവർത്തനങ്ങളുടെ പരിപോഷണവും വൈവിധ്യവത്കരണവും

ഭൂമിയുടെ ലഭ്യതയും കാലിത്തീറ്റയ്ക്കായി ഉപയോഗിക്കാവുന്ന ജൈവപദാർത്ഥങ്ങളുടെ സ്രോതസ്സുകളും ചുരുങ്ങിവരികയും കാർഷികമേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരികയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ വീട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള കാർഷികസമീപനത്തിന്റെ അവിഭാജ്യഘടകമായി കന്നുകാലിവികസനം പരിഗണിക്കപ്പെടണം. കർഷകന്റെ വിളസമ്പ്രദായവുമായി ഇണങ്ങി പരസ്പരപൂരകങ്ങളായി വർത്തിക്കുന്ന വിള - കന്നുകാലി സമ്മിശ്രരീതിയാണ് ഈ സമീപനത്തിന്റെ ഭാഗമായി സ്വീകരിക്കപ്പെടേണ്ടത്. വീടിന്റെ പിന്നാമ്പുറത്ത് വീടിനു ചുറ്റുമുള്ള ജൈവലഭ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗതമായി നാം അനുഷ്ഠിച്ചുപോരുന്ന കാലിവളർത്തൽരീതി കാർഷികകുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിന് വളരെയേറെ സഹായിക്കുന്നതാണ്. കൃഷിയിടങ്ങളുടെ വലിപ്പത്തിലുണ്ടായ കുറവും ഹ്രസ്വകാലവിളകളിൽനിന്ന് ദീർഘകാലവിളകളിലേക്കുള്ള കാർഷികമേഖലയുടെ മാറ്റവും വൻതോതിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. ഗതാഗതസൗകര്യങ്ങളും ഉഴവുമാടുകളുടെ ആവശ്യകതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതിന്റെ ഫലമായി അവയുടെ എണ്ണത്തിൽ ഏറെ കുറവു വന്നിട്ടുണ്ട്. നഗരജീവിതത്തോടുള്ള ആഭിമുഖ്യവും ജീവിതരീതികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും പാലിന്റെ ആഭ്യന്തരവിപണി പ്രാദേശികാടിസ്ഥാനത്തിൽ ശക്തി പ്രാപിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. അതേസമയം കാർഷികമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളൊന്നും (ഉദാഹരണമായി നെൽകൃഷിയുടെ വിസ്തൃതിയിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവ്, പച്ചിലയായി ഉപയോഗിക്കാവുന്ന വൃക്ഷവിള നടീലിലുള്ള താത്പര്യക്കുറവ്) കന്നുകാലിമേഖലയെ സചേതനമാക്കുന്നതിന് സഹായിക്കുന്നവയല്ല. ഈ പരിമിതി മനസ്സിലാക്കിക്കൊണ്ടുവേണം നാം കാലിവളർത്തലിനുള്ള തന്ത്രം മെനഞ്ഞെടുക്കേണ്ടത്. പുല്ലും കാലിത്തീറ്റയും തദ്ദേശീയമായി ലഭ്യമാക്കാൻ പരിമിതികൾ ഏറെ നിലനില്ക്കുമ്പോൾ കന്നുകാലി ഉത്പന്നങ്ങൾ ആദായകരമായി ഉല്പാദിപ്പിച്ച് വിപണി വിപുലീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ വിരളമായിത്തീരുന്നു. അതേസമയം ചെറുകിട തുണ്ടുഭൂമികളെ ആശ്രയിക്കുന്ന കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണകുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും ഗ്രാമജീവിതവുമായി ഇണങ്ങിപ്പോകുന്നതിനും കാർഷിക അടിത്തറയ്ക്ക് ഭദ്രത നല്കുന്നതിനും കന്നുകാലി മേഖലയ്ക്കുള്ള കഴിവ് അഭംഗുരം നില്ക്കുന്നു. പുല്ലും തീറ്റയും എത്രകണ്ട് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ കഴിയുമോ അതിനെ ആശ്രയിച്ചിരിക്കുന്നു ഈ മേഖലയുടെ ഭാവി. കാലിവളർത്തൽ നമ്മുടെ സാഹചര്യങ്ങളിൽ സചേതനമായിത്തീരണമെങ്കിൽ ജൈവവസ്തുക്കളുടെ സ്രോതസ്സുകൾ വിപുലമാക്കുന്നതിന് നമുക്ക് തനതായ വിഭവസ്രോതസ്സുകൾ (നീണ്ട വർഷക്കാലം, സൂര്യപ്രകാശം, മനുഷ്യശക്തി) പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ലഭ്യതയുള്ള ഉല്പാദന ഉപാധികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന പരിപാലന ക്രമങ്ങൾ അനുഷ്ഠിക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

കൃഷിയുമായി പൊരുത്തപ്പെട്ടുപോകുന്ന കന്നുകാലി വികസന സമീപമാണ് നമുക്കനുയോജ്യം. അവശ്യംവേണ്ട കാർഷികപശ്ചാത്തലവും താത്പര്യവുമുള്ള കർഷകകുടുംബങ്ങളെ കണ്ടെത്തി പ്രാദേശികപരിസ്ഥിതികൂടി കണ

ക്കിലെടുത്തുവേണം കന്നുകാലികളെ തെരഞ്ഞെടുക്കാൻ.

ക്ഷീരോത്പാനദനത്തോടൊപ്പം കോഴിവളർത്തലും മുയൽവളർത്തലുമൊക്കെ ശ്രദ്ധിക്കപ്പെടണം. ക്ഷീരോത്പാദനരംഗത്ത് പശുക്കളെക്കൂടാതെതന്നെ എരുമയും ആടും വളർത്തുന്നതിനുള്ള സാദ്ധ്യതകളും ആരായേണ്ടതുണ്ട്. വെള്ളക്കെട്ട് പ്രദേശങ്ങളിൽ എരുമയും പച്ചപ്പ് ധാരാളമുള്ള മലയോരപ്രദേശങ്ങളിൽ ആടുവളർത്തലും പ്രോത്സാഹനമർഹിക്കുന്നു.

കന്നുകാലിവികസനം ത്വരിതപ്പെടുത്തുന്നതിനുവേണ്ട പ്രത്യേക സൗകര്യങ്ങളും പരിശീലനപരിപാടികളും സംഘടിപ്പിക്കാവുന്നതാണ്. ആവശ്യമായ കന്നുകുട്ടികളേയും, കോഴി, താറാവ് തുടങ്ങിയവയുടെ കുഞ്ഞുങ്ങളേയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വകാര്യമേഖലയിൽക്കൂടിയോ സഹകരണാടിസ്ഥാനത്തിലോ ആവശ്യമായ പ്രോത്സാഹനം നല്കി ഒരുക്കേണ്ടതാണ്. ജലസേചനസൗകര്യം ഒരുക്കാവുന്ന തെങ്ങിൻതോപ്പുകളിൽ പുൽക്കൃഷി പ്രോത്സാഹിപ്പിക്കുക വഴി ആദായകരമായ പശുവളർത്തലിനും പാലുല്പാദനത്തിനും വഴിയൊരുക്കാം. കന്നുകാലിവളർത്തലിന് ഒരു പുതിയ ഉണർവ് നല്കുകവഴി ഗ്രാമീണ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിന് സഹായിക്കും.

## മൃഗപരിപാലനം

1. ഈ പഞ്ചായത്തിൻെറ 2-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മൃഗാശുപത്രി 1,2,3 വാർഡുകൾക്കും 4-ാം വാർഡിൻെറ കുറച്ച് ഭാഗങ്ങൾക്കുംമാത്രമേ പ്രയോജനം ചെയ്യുന്നുള്ളു. അതിനാൽ 4-ാം വാർഡിൻെറ ബാക്കി ഭാഗങ്ങൾക്കും 5,6,7,8 വാർഡുകൾക്കും ഉപയോഗപ്രദമായി ഒരു ആശുപത്രി യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിച്ച് ഒരു ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുകയും വേണം.

   ഇപ്പോൾ നിലവിലുള്ള ആശുപത്രി കെട്ടിടത്തിൻെറ ചുമരുകളും മറ്റും പൊട്ടിപ്പൊളിഞ്ഞ് ഭയപ്പെടാവുന്ന രൂപത്തിലാണ്. അതിനാൽ എത്രയുംവേഗം അതിൻെറ അറ്റകുറ്റപ്പണികൾ തീർക്കണം.

2. മൃഗാശുപത്രിയിൽ പേവിഷബാധയ്ക്കുള്ള മരുന്നുകൾ സൗജന്യമായി കുത്തിവയ്ക്കണം. മൃഗങ്ങൾക്കും മറ്റു വളർത്തുപക്ഷികൾക്കുമുണ്ടാകുന്ന പകർച്ചവ്യാധികൾക്ക് പ്രതിരോധമരുന്നുകൾ എല്ലാ സമയത്തും ലഭ്യമാക്കണം.

3. പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരെ തെരഞ്ഞുപിടിച്ച് ഓരോ വാർഡിലുമുള്ള 20 പേർക്ക് എരുമ, ആട്, പശു എന്നിവ സൗജന്യനിരക്കി ൽ വിതരണം ചെയ്യണം.

4. പട്ടികജാതിയിൽപ്പെട്ട 'സാമ്പത്തികമായി' പിന്നോക്കമുള്ളവരെ കണ്ടുപിടിച്ച് ഓരോ വാർഡിലും 5 പേർക്ക് 100% സബ്സിഡിയായി കറവുള്ള പശു, എരുമ എന്നിവ വിതരണം ചെയ്യണം. ഇത് എല്ലാ വർഷവും തുടർച്ചയായി പ്രവർത്തിച്ചാൽ 5 കൊല്ലംകൊണ്ട് ഈ പഞ്ചായത്തിലെ പാലിൻെറ ക്ഷാമം പരിഹരിക്കാൻ കഴിയും.

5. കന്നുകാലികളെ വളർത്തുന്ന എല്ലാവർക്കും (സാമ്പത്തികമായി പിന്നോക്കംനില്ക്കുന്നവർക്ക്) തൊഴുത്ത്, വളക്കുഴി, ബയോഗ്യാസ് പ്ലാൻറ് എന്നിവയ്ക്ക് സഹായധനം ഏർപ്പെടുത്തണം.

6. പട്ടികജാതിയിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കർഷകർക്ക് തൊഴുത്ത്, വളക്കുഴി, ബയോഗ്യാസ് പ്ലാൻറ് എന്നിവ സൗജന്യമായി ചെയ്തുകൊടുക്കണം. ഇത്തരം കാര്യങ്ങൾ യഥാർത്ഥവ്യക്തികൾക്ക് ലഭിച്ചു എന്ന് ഉറപ്പു വരുത്തുകയും വേണം.

7. ആട്, പന്നി, മുയൽ എന്നിവയ്ക്കുള്ള കൂടുകൾക്ക് സബ്സിഡി അനുവദിക്കണം.

8. കോഴി, താറാവ് തുടങ്ങിയ വളർത്തുപക്ഷികളെ പഞ്ചായത്തിലെ എല്ലാവർക്കും ലഭ്യമാക്കണം. ഇവയുടെ വിതരണം ആശുപത്രിവഴി നടത്തുകയും വേണം. 3 മാസത്തിലൊരിക്കലെങ്കിലും ഇത്തരം വിതരണം നടത്തണം.

9. പക്ഷിമൃഗാദികൾക്ക് വരുന്ന രോഗങ്ങളെപ്പറ്റിയും പ്രതിവിധികളെപ്പറ്റിയും കൃഷിക്കാർക്ക് ബോധവത്കരണം നടത്തണം.

10. കോഴിവളർത്തൽ (ഫാം) നടത്തുവാൻ തയ്യാറുള്ളവർക്ക് കൂട് മുതലായവ പണിയുന്നതിനായി സാമ്പത്തികസഹായം കൊടുക്കണം. അതിന് 25% വരെ സബ്സിഡി അനുവദിക്കാവുന്നതാണ്.

11. കന്നുകാലി വളർത്തുന്നവർക്ക് മേത്തരം പുൽവിത്തുകളും വളവും കൃഷിഭവൻമുഖാന്തിരം സൗജന്യമായി വിതരണം ചെയ്യണം.

12. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു പാൽ സൊസൈറ്റി സ്ഥാപിച്ച് അതിന് ഒന്നോ രണ്ടോ ഉപശാഖകൾകൂടി സ്ഥാപിച്ചാൽ ഏറ്റവും നന്നായിരിക്കും.

13. കാലിത്തീറ്റകളുടെ ദിനംപ്രതിയുള്ള വിലക്കയറ്റം തടഞ്ഞുനിർത്തി കർഷകർക്ക് സബ്സിഡി വ്യവസ്ഥയിൽ തീറ്റകൾ വിതരണം ചെയ്യുവാൻ സൊസൈറ്റി മുഖേന സാധിക്കണം.

14. പഞ്ചായത്തിലെ എല്ലാ മൃഗസംരക്ഷകരുടെയും പാലുകൾ സൊസൈറ്റിവഴി സംഭരണവും വിതരണവും ചെയ്യാൻ സാധിക്കണം. അതുപോലെ പാലിൽനിന്ന് ഉല്പാദിപ്പിക്കാൻ കഴിയുന്ന എല്ലാ വിഭവങ്ങളും ഈ സൊസൈറ്റിയിൽ ലഭ്യമാക്കണം. അതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ സംഘടിപ്പിക്കണം.

ഇത്രയും ചെയ്താൽ കുറച്ച് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരമുണ്ടാവും.

15. ഈ സൊസൈറ്റിയിൽ പഞ്ചായത്തിലെ മുഴുവൻ മൃഗസംരക്ഷകർക്കും അംഗത്വം നല്കിയിരിക്കണം.

16. പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചുകൊല്ലുവാൻ ഏർപ്പാടുകൾ ഉണ്ടാക്കണം. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം.

17. സങ്കരയിനം കന്നുകുട്ടികൾക്ക് 9 മാസം പ്രായംവരെ 4,500 ക.യുടെ തീറ്റസാധനങ്ങൾ സൗജന്യമായി കൊടുക്കുന്നുണ്ട്. അത് ഇവിടെയുള്ള 100 കുട്ടികൾക്ക് അനുവദിക്കണം. ഇപ്പോൾ ലഭ്യമാകുന്ന 4,500 രൂപ എന്നത് 7,000 രൂപയാക്കി ഉയർത്തുകയും വേണം.

18. ഒരു ഡയറിഫാം ഈ പഞ്ചായത്തിൽ സ്ഥാപിക്കണം. ഡയറിഫാം വഴി മേൽത്തരം പുൽവിത്തുകൾ വിതരണം ചെയ്യണം.

## മത്സ്യബന്ധനം

1. പഞ്ചായത്തിലെ ഉപയോഗശൂന്യമായ കുളങ്ങൾ വൃത്തിയാക്കി മത്സ്യകൃഷി ചെയ്യുവാൻ താല്പര്യമുള്ളവർക്ക് നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കണം. മാത്രമല്ല, മത്സ്യകൃഷിയെക്കുറിച്ച് ഒരു ബോധവത്കരണം നടത്തണം.

2. ചക്കുംകണ്ടം ഭാഗത്ത് ഇപ്പോൾ കൃഷി ചെയ്യാതെ കിടക്കുന്ന ഏകദേശം 100 ഏക്കർ വരുന്ന പാടം ചെമ്മീൻകൃഷിക്ക് അനുയോജ്യമാണ്. ഈ സ്ഥലങ്ങൾ സ്വകാര്യവ്യക്തികളുടെ കൈവശമാണ്. ഈ സ്ഥലത്തിന്റെ ഉടമസ്ഥർ കൃഷി ചെയ്യുവാൻ തയ്യാറുണ്ടെങ്കിൽ കൂട്ടുകൃഷിസമ്പ്രദായം നടപ്പാക്കാവുന്നതാണ്. ഇങ്ങനെ കൃഷിചെയ്യുകയാണെങ്കിൽ പാടങ്ങൾ താഴ്ത്തുന്നതിനും ബണ്ടുകൾ നിർമ്മിക്കുന്നതിനും മറ്റും ചിലവുകൾ വരുന്നതിന്റെ 50%വരെ സബ്സിഡി അനുവദിക്കണം.

   ബണ്ടുകൾ നിർമ്മിച്ചാൽ അതിന്റെ മുകളിൽ തെങ്ങ്, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുവാനും സാധിക്കും. ഏറ്റവും ലാഭകരമായി നടത്താവുന്ന 2 തരം കൃഷികൾക്ക് ഈ ഭാഗം വളരെയധികം അനുയോജ്യമാണ്. അതിനാൽ അടിയന്തിരമായി ഇതിനുള്ള ഊർജ്ജിതപരിപാടികൾക്ക് രൂപംകൊടുക്കണം.

3. നമ്മുടെ പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികളുടെ പേരും വിവരങ്ങളും മറ്റും അന്വേഷണത്തിൽ കിട്ടിയില്ല. ആയതിനാൽ യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ പേരും വിവരങ്ങളും മറ്റും ശേഖരിച്ച് അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുവാനായി ഈ പഞ്ചായ ത്തിലെ മെമ്പർമാർ ഇറങ്ങണം.

4. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് അവരുടെ ക്ഷേമസമിതിയുമായി ബന്ധപ്പെട്ട് അവരുടെ ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കണം.

5. മത്സ്യവിപണനത്തിനായി ഒരു പൊതുമാർക്കറ്റ് ഉണ്ടാക്കണം.

✪✧✪

# വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസം അതിശക്തമായ സമ്മർദ്ദങ്ങളെയും ഭീഷണികളെയും നേരിടുകയാണ്. വിദ്യാഭ്യാസത്തിൻെറ വ്യാപകമായ കച്ചവടവത്കരണം അതിൻെറ ഘടനയെ തകർക്കുന്നു. സാമൂഹ്യ ആവശ്യങ്ങളെ നിറവേറ്റാനും ജനങ്ങളിൽ വലിയൊരു വിഭാഗത്തിന് തൊഴിൽ കണ്ടെത്താനുമുള്ള അടിസ്ഥാനവിദ്യാഭ്യാസവും കഴിവുകളും വികസിപ്പിക്കാൻ ഇന്നത്തെ വിദ്യാഭ്യാസത്തിന് കഴിയുന്നില്ല. കലാലയരാഷ്ട്രീയം മുതൽ കച്ചവടവത്കരണംവരെ പല വിധത്തിലുള്ള പ്രവണതകൾ ചർച്ച ചെയ്യപ്പെടുന്നു. എന്നാൽ വ്യക്തമായ ഒരു നയപരിപ്രേഷ്യത്തിൻെറ പേരിലല്ല ഇത്തരം ചർച്ചകളും പ്രവർത്തനങ്ങളും നടക്കുന്നത്. ന്യൂനതകളെയും ദൗർബല്യങ്ങളെയും തിരുത്തുകയും നാടിൻെറ സർവ്വതോന്മുഖമായ പുരോഗതി ഉറപ്പ് വരുത്തുകയും ചെയ്യുന്ന ജനകീയവികസന കാഴ്ചപ്പാടിൽനിന്നും ഉരുത്തിരിഞ്ഞ്‌വരുന്ന വിദ്യാഭ്യാസനയമാണ് നമുക്കിന്നാവശ്യം.

തൈക്കാട് പഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂളുകളും, ഒരു യു.പി.സ്ക്കൂളും, മൂന്ന് പ്രൈമറി സ്ക്കൂളുകളും സ്ഥിതിചെയ്യുന്നു. പഞ്ചായത്തിലെ ബ്രഹ്മക്കുളം പ്രദേശത്ത് 1896-ൽ ആദ്യമായി ശ്രീ. വി.ആർ. അപ്പുമാസ്റ്റർ കുടിപള്ളിക്കൂടമായി ആരംഭിച്ച സ്ഥാപനമാണ് ഇന്ന് അപ്പുമാസ്റ്റർ മെമ്മോറിയൽ ഹൈസ്ക്കൂളായി അറിയപ്പെടുന്നത്. 1927-ൽ തൈക്കാട് സൗത്ത് ഹയർ എലിമെൻററി സ്ക്കൂൾ ആയി ഈ വിദ്യാലയം ഉയർത്തപ്പെട്ടു. 56 വർഷത്തോളം ഈ സ്ഥാപനം ഒരു അപ്പർ പ്രൈമറി സ്ക്കൂളായി തുടർന്നു. 1983-ൽ ഇതൊരു ഹൈസ്ക്കൂളായി ഉയർന്നു. ഇന്ന് (1995 - '96ൽ) 45 ഡിവിഷനുകളിൽ 2200 വിദ്യാർത്ഥികളും 64 അദ്ധ്യാപകരും 7 ഓഫീസ് ജീവനക്കാരും ഈ വിദ്യാലയത്തിലുണ്ട്.

1929-ൽ ബ്രഹ്മക്കുളത്ത് സെൻറ് തെരേസാസ് എലിമെൻററി സ്ക്കൂൾ രൂപംകൊണ്ടു. 1931-ൽ ഈ സ്ക്കൂൾ ഒരു ഹയർ എലിമെൻററി സ്ക്കൂളായി ഉയർത്തപ്പെട്ടു. ഇന്ന് പ്രസ്തുത കോൺവെൻറിൻെറ ഭാഗമായി 1945-ൽ ആരംഭിച്ച സെൻറ് ജോസഫ് ബാലഭവനിൽ 200-ൽപരം കുട്ടികൾ താമസിച്ച് പഠനം നടത്തുന്നു. 1966-ൽ ജൂൺ 1ന് സെൻറ് തെരാസാസ് എലിമെൻററി സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. പ്രസ്തുത സ്ക്കൂളിൽ 46 വനിത അദ്ധ്യാപകരുണ്ട്. 1645 പെൺകുട്ടികളും, പ്രൈമറി വിഭാഗത്തിൽ 175 ആൺകുട്ടികളും പഠനം നടത്തുന്നു.

പഞ്ചമം എന്ന പേരിൽ ബ്രഹ്മക്കുളത്ത് 1925-ൽ ആരംഭിച്ച സ്ക്കൂളാണ് ഇന്ന് ബ്രഹ്മക്കുളം എ.എൽ.പി. സ്ക്കൂളായി അറിയപ്പെടുന്നത്. ചാതുർവർണ്യം നിലനില്ക്കുന്ന കാലത്ത് അയിത്തജാതിക്കാരെ അഞ്ചാമത്തെ വർഗ്ഗമായി മാറ്റി നിർത്തിയിരുന്നു. അയിത്ത ജാതിക്കാരായ പഞ്ചമവർഗ്ഗത്തെ അക്ഷരങ്ങളുടെ ലോകത്തിലേക്ക് കൊണ്ടുവന്നത് ശ്രീ. അപ്പുമാസ്റ്ററാണ്. 114 വിദ്യാർത്ഥികളും 5 അദ്ധ്യാപകരും ഈ സ്ഥാപനത്തിലുണ്ട്.

പാലുവായ് പ്രദേശത്ത് 1909-ൽ ശ്രീ. ബാപ്പുട്ടി മുസ്ല്യാർ മതപഠനത്തിനും അതിനോടൊപ്പം ഗ്രാമവാസികൾക്ക് വിദ്യാഭ്യാസം നല്കുന്നതിനുംവേണ്ടി സ്ഥാപിച്ച സ്ക്കൂളാണ് ഇന്ന് എ.എം.എൽ.പി. സ്ക്കൂളായി അറിയപ്പെടുന്നത്. 67 ആൺകുട്ടികളും 60 പെൺകുട്ടികളും ഈ വിദ്യാലയത്തിൽ പഠിക്കുന്നു. 5 അദ്ധ്യാപകർ ഇവിടെയുണ്ട്.

1928-ലാണ് തൈക്കാട് സെൻറ് ജോൺസ് എൽ.പി. സ്ക്കൂൾ സ്ഥാപിതമായത്. ശ്രീ. പി.സി. ഇട്ടൂപ്പ്മാസ്റ്ററുടെ മാനേജ്മെൻറിലാണ് വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. ഈ വിദ്യാലയത്തിൽ 9 അദ്ധ്യാപകരുണ്ട്. 122 ആൺകുട്ടികളും 103 പെൺകുട്ടികളും ഇവിടെ പഠിക്കുന്നു.

ചക്രമാക്കിൽ ശ്രീ. ആൻഡ്രൂസ് പാലുവായ് പ്രദേശത്ത് ആരംഭിച്ച വിദ്യാലയമാണ് ഇന്ന് സെൻറ് ആൻറണീസ് യു.പി.സ്ക്കൂളായി അറിയപ്പെടുന്നത്. 1937 മുതൽ ഈ വിദ്യാലയം ക്രിസ്ത്യൻ മാനേജ്മെൻറിനു കീഴിൽ പ്രവർത്തിച്ച് വരുന്നു. 20 അദ്ധ്യാപകരും 409 ആൺകുട്ടികളും 412 പെൺകുട്ടികളും ഈ വിദ്യാലയത്തിലുണ്ട്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് രണ്ട് ലൈബ്രറികൾ നിലനില്ക്കുന്നു. അതിലൊന്ന് ബ്രഹ്മക്കുളം പ്രദേശത്തുള്ള കർഷക ഗ്രന്ഥാലയം വായനശാലയാണ്. രണ്ടാമത്തേത് ഇപ്പോൾ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് വക ലൈബ്രറിയാണ്. പത്ത് വർഷത്തിനുള്ളിൽ രണ്ട് ഗ്രന്ഥശാലകൾ നാമാവശേഷമായിട്ടുണ്ട്. തുടർസാക്ഷരതാപ്രവർത്തനത്തിൻെറ ഫലമായി പഞ്ചായത്തിൻെറ രണ്ട് മേഖല കളിൽ രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ നിലവിലുണ്ടെങ്കിലും സർക്കാർ പദ്ധതികൾ തയ്യാറാക്കാത്തതുമൂലം നിശ്ചലമായി കിടക്കുന്നു. കലാസമിതികളും, ക്ലബ്ബുകളും, മഹിളാസമാജങ്ങളും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പേരിനു മാത്രം പ്രവർത്തിക്കുന്നു. കൃത്യമായ പ്രവർത്തനപരിപാടികളുടെ അടിസ്ഥാനത്തിൽ ചലിക്കുന്ന സംഘടനകളും ഇക്കൂട്ടത്തിലുണ്ട്. രജിസ്ട്രേഷൻ ഉണ്ടെങ്കിലും സ്വന്തമായോ വാടകയ്ക്കോ കെട്ടിടമില്ലാത്ത ഒറ്റപ്പെട്ട ചില വായനശാലകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രാദേശികമായി കഴിയുന്നതുംവേഗം ഇവ പുനഃസംഘടിപ്പിക്കണം.

1991-ലെ സെൻസസ്പ്രകാരം തൈക്കാട് പഞ്ചായത്തിൽ 14,079 പേരുള്ളതിൽ 6,581 പുരുഷന്മാരും 7,498 സ്ത്രീകളും ഉള്ളതായി കാണപ്പെട്ടു. ഇതിൽ വിദ്യാർത്ഥികളായി 5,372 ആൺകുട്ടികളും 5,982 പെൺകുട്ടികളും ഉണ്ട്. പഞ്ചായത്തിനകത്തെ രണ്ട് ഹൈസ്ക്കൂളുകൾ തമ്മിൽ ഏകദേശം ഒരു ഫർലോംഗ് ദൂരം മാത്രമേയുള്ളൂ. സെൻറ് തെരേസാസ് ഗേൾസ് ഹൈസ്ക്കൂളിൽ 5-ാം സ്റ്റാൻഡേർഡ് മുതൽ എസ്.എസ്.എൽ.സി. വരെ പെൺകുട്ടികൾക്കു മാത്രമേ പ്രവേശനമുള്ളൂ. ബ്രഹ്മക്കുളം വി.ആർ.എ.എം.എം. ഹൈസ്ക്കൂളിലാകട്ടെ ആൺകുട്ടികളും പെൺകുട്ടികളും എസ്.എസ്.എൽ.സി.വരെ ഒരുമിച്ച് പഠിക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ഒരു യു.പി. സ്ക്കൂൾ 6-ാം വാർഡിൽ പാലുവായ് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു. ഈ പ്രദേശത്തെ വിദ്യാർത്ഥികൾ 7-ാം സ്റ്റാൻഡേർഡ് വിദ്യാഭ്യാസത്തിനുശേഷം അതിർത്തിപ്രദേശമായ പാവറട്ടി പഞ്ചായത്തിലെ സെൻറ് ജോസഫ് സെക്കണ്ടറി സ്ക്കൂളിലേക്കും, ക്രൈസ്റ്റ് കിംഗ് കോൺവെൻറിലേക്കും പോകേണ്ടിവരുന്നു.

എൽ.പി. സ്ക്കൂളുകളിൽ ചൊവ്വല്ലൂർപടി തൈക്കാട് ഭാഗത്ത് 1-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സെൻറ് ജോൺസ് എൽ.പി.സ്ക്കൂളാണ് മറ്റൊന്ന്. ഈ സ്ക്കൂളിൻെറ ഭൗതികസ്ഥിതികൾ വളരെ മോശമാണ്. 3-ാം വാർഡിൽ പഞ്ചായത്തിൻെറ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന എ.എൽ.പി.സ്ക്കൂളാണ് മറ്റൊരു വിദ്യാഭ്യാസസ്ഥാപനം. പാലുവായ് എ.എം.എൽ.പി. സ്ക്കൂൾ പഞ്ചായത്തിൻെറ അതിർത്തിപ്രദേശമായ 8-ാം വാർഡിൽ പാലുവായ് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു. അതിർത്തി പ്രദേശമായ പാവറട്ടി പഞ്ചായത്തിൽ നിലനില്ക്കുന്ന അൺ-എയിഡഡ് സ്ക്കൂൾ ഈ പ്രൈമറി വിദ്യാലയത്തിന് ഭീഷണിയാണ്. അൺ എയിഡഡ് രംഗത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ ഏകസ്ഥാപനം ബ്രഹ്മക്കുളം പ്രദേശത്ത് രണ്ടാം വാർഡിലുള്ള ദേവി അക്കാദമി എന്ന ഇംഗ്ലീഷ്മീഡിയം സ്ക്കൂളാണ്.

## പ്രശ്നങ്ങൾ - സാധ്യതകൾ

പഞ്ചായത്തിലെ കലാലയ അന്തരീക്ഷം രാഷ്ട്രീയ വിമുക്തമാക്കുക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുക തുടങ്ങിയ പ്രശ്നങ്ങൾ പരിഗണിക്കേണ്ടതുണ്ട്. മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞ് വരുന്നതായി കാണാം. നിലവിലുള്ള രണ്ട് ഹൈസ്ക്കൂളുകളും പഞ്ചായത്തിൻെറ ഒരു അറ്റത്ത് അടുത്തടുത്ത് സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും വനിതകളാണ്. പഞ്ചായത്തിൽ 15 അങ്കണവാടികൾ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിൻെറ സാംസ്കാരികനിലയത്തിൽ സർക്കാർ 11 ഇന പരിപാടിപ്രകാരം പ്രവർത്തിക്കേണ്ട ശിശുവിഹാർ ഇതുവരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല. അക്കാദമിക് നിലവാരവും, വിദ്യാർത്ഥികളുടെ എണ്ണവും വർഷംതോറും കുറഞ്ഞുവരികയാണ്. ഗുരുകുലം, പഠനോത്സവം, വിദ്യാജ്യോതി, അക്ഷരപുലരി, പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സുകൾ തുടങ്ങിയ മാതൃകകൾ നമ്മുടെ പഞ്ചായത്തിൽ പരീക്ഷിക്കാവുന്നതാണ്. വിദ്യാലയങ്ങളിൽ പഠനയാത്രകൾ വളരെ കുറവായിമാത്രം സംഘടിപ്പിക്കപ്പെടുന്നു.

പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസം, വയോജന - അനൗപചാരിക വിദ്യാഭ്യാസം, ലൈബ്രറികൾ, വായനശാലകൾ എന്നിവയുടെ പ്രവർത്തനം ഉടൻതന്നെ ഏറ്റെടുത്ത് നടത്തണം. സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുക, പ്രീ പ്രൈമറി, പ്രൈമറി വിദ്യാലയങ്ങളുടെ നടത്തിപ്പും നിയന്ത്രണവും ഏറ്റെടുക്കുകയും പൊതുവിദ്യഭ്യാസസ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുകയും വിദ്യാലയങ്ങളിലെ ഹാജർനില മെച്ചപ്പെടുത്തുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും പോഷകാഹാരവിതരണപരിപാടി ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് പൊതു നിർദ്ദേശമായി വന്നിരിക്കുന്നു. കൂടാതെ സാക്ഷരതാ തുടർപ്രവർത്തനം നടത്തുകയും ഗ്രാമീണവായനശാലകളും ഗ്രന്ഥശാലകളും സ്ഥാപിച്ച് പുസ്തകങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും വേണം. പഞ്ചായത്ത് ലൈബ്രറിയിലേക്ക് സ്ഥിരമായി ഒരു ലൈബ്രേറിയനെ നിയമിക്കുകയും നിലവിലുള്ള സമയക്രമം മാറ്റി വനിതാവായനക്കാർക്കും ലൈബ്രറിയിൽനിന്നും പുസ്തകങ്ങൾ മാറ്റിയെടുക്കാവുന്ന രീതിയിൽ വൈകീട്ട് 4 മുതൽ 8 വരെയായി ക്രമീകരിക്കേണ്ടതാണ്.

പഞ്ചായത്തിൻെറ പടിഞ്ഞാറൻഭാഗത്ത് ഒരു യു.പി. സ്ക്കൂൾമാത്രമേ നിലവിലുള്ളൂ. അതുകൊണ്ടുതന്നെ അപ്പർ പ്രൈമറിവിദ്യാഭ്യാസം കഴിഞ്ഞാൽ ഈ പ്രദേശത്തെ

വിദ്യാർത്ഥികൾ മറ്റ് പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലേക്ക് ഉപരിപഠനത്തിനായി പോകേണ്ടിവരുന്നു. പഞ്ചായത്തിലെ നിലവിലുള്ള രണ്ട് ഹൈസ്ക്കൂളുകളിലേക്ക് യാത്രാസൗകര്യം കുറവാണെന്നുള്ളതുകൊണ്ടാണ് ഇതു സംഭവിക്കുന്നത്. നിലവിലുള്ള പി.ഡബ്ല്യു.ഡി.റോഡുകൾ വീതികൂട്ടുകയും പുനർനിർമ്മാണപ്രവർത്തനം നടത്തുകയും ചെയ്ത് ബസ്സർവ്വീസിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. മുൻകാലങ്ങളിൽ ബസ്സർവ്വീസ് ഉണ്ടായിരുന്ന പ്രദേശമാണിത്.

തൈക്കാട് പഞ്ചായത്തിലെ കുട്ടികൾ സ്വന്തം പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠനം പൂർത്തീകരിക്കണമെന്ന അഭിപ്രായം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ, ഫർണീച്ചറുകൾ, മൂത്രപ്പുര, കിണർ എന്നിവ നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും ധനസഹായം ലഭ്യമാക്കണം. ഇന്ന് പഞ്ചായത്തിൽ നിന്നും അനുവദിച്ച്കൊണ്ടിരിക്കുന്ന ഉച്ചകഞ്ഞിക്കുള്ള തുക കുട്ടി ഒന്നിന് ഒരു ദിവസത്തേക്ക് 10 പൈസ വെച്ചാണ്. ഈ തുക വളരെ കുറവാണ്. ഇക്കാര്യത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കണം. ലംസംഗ്രാൻറ്, വികലാംഗ സ്കോളർഷിപ്പ്, മെറിറ്റ് സ്കോളർഷിപ്പ്, മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്, ബീഡിതൊഴിലാളി സ്കോളർഷിപ്പ് എന്നിവയ്ക്കുള്ള സാമ്പത്തിക ആനുകൂല്യം വർദ്ധിപ്പിക്കണം. എല്ലാ സ്ക്കൂളുകളിലും റേഡിയോ, ടേപ്പ് റിക്കാർഡർ എന്നിവ സർക്കാർ നല്കിയിട്ടുണ്ടെങ്കിലും അവ റിപ്പയർ ചെയ്യുന്നതിനാണ് കൂടുതൽ സമയവും ധനവും ചെലവഴിക്കേണ്ടിവരുന്നതെന്ന് ബോദ്ധ്യപ്പെട്ടു. ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ വൃത്തിയായും ഭദ്രമായും സൂക്ഷിക്കുന്നതിനാവശ്യമായ അലമാരകൾ സ്ക്കൂളുകളിലില്ല. ഓരോ വിദ്യാലയങ്ങളിലും ഓഫീസിലേക്ക് രണ്ട് സ്റ്റീൽ അലമാരയെങ്കിലും ലഭ്യമാക്കണം. പ്രൈമറി സ്ക്കൂളുകളുടെ ഓഫീസ്റൂം സുരക്ഷിതമല്ല. ആവശ്യമായ ജനൽപാളികൾ ഓഫീസ്റൂമുകൾക്കില്ല. കിണർ, മൂത്രപ്പുര, കളിസ്ഥലം എന്നിവ മേൽപ്പറഞ്ഞ പ്രൈമറി സ്ക്കൂളുകളിൽ മതിയായില്ല. പഞ്ചായത്തിലെ സ്ക്കൂളുകളിലെ അക്കാദമിക് നിലവാരം സാമാന്യം മെച്ചപ്പെട്ടതാണെന്ന് അദ്ധ്യാപകർ അവകാശപ്പെടുന്നു. പഠനോപകരണങ്ങളായ ചാർട്ടുകൾ, മാപ്പുകൾ, ഗ്ലോബ് എന്നിവ സ്ക്കൂളുകളിൽ വേണ്ടത്രയില്ല. ഓരോ വർഷവും കുട്ടികൾക്കുള്ള പാഠപ്പുസ്തകങ്ങൾ സ്ക്കൂൾ തുറന്ന് മാസങ്ങൾക്കുശേഷമാണ് കിട്ടുന്നത്. ആയതിനാൽ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ സമയത്തിന് എത്തിച്ച് കൊടുക്കാൻ ഏർപ്പാടുണ്ടാക്കണം. സ്ക്കൂളുകളിലേക്ക് അനുവദിക്കാറുള്ള പാമോലിൻ കുറച്ച് കാലമായി കിട്ടാറില്ല എന്നു പരാതിയുണ്ട്. സിലബ[illegible]ുകൾ മാറുന്നതിനനുസരിച്ച് അദ്ധ്യാപകർക്ക് നിർബന്ധമായും പരിശീലനം നല്കിക്കൊണ്ടിരിക്കണം. പാഠപുസ്തകങ്ങളുടെ ഗൈഡ് മാതൃകയാക്കിക്കൊണ്ടുള്ള അദ്ധ്യാപനം നിറുത്തലാക്കണം.

പൊതുവിൽ പ്രൈമറി സ്ക്കൂളുകളിലാണ് ഭൗതിക സാഹചര്യങ്ങൾ വളരെ കുറവായി കാണപ്പെടുന്നത്. ചുറ്റുമതിൽ പ്രൈമറിസ്ക്കൂളുകൾക്കില്ല. പഞ്ചായത്തിൽ പട്ടികജാതി - പട്ടികവർഗവിഭാഗത്തിൽ തോറ്റ് പഠിക്കുന്ന കുട്ടികളുടെ എണ്ണം താരതമ്യേന വളരെ കുറവാണ്. ഇടയ്ക്കുവച്ച് പഠനം നിറുത്തിയ വിദ്യാർത്ഥികൾ തീരെയില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എല്ലാ സ്ക്കൂളുകളിലും അദ്ധ്യാപകരുടെ എണ്ണം തൃപ്തികരമായി കാണുന്നു. ഈ വർഷം സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യായനദിവസം 3-ഉം പൊതു അവധികളിലൂടെ നഷ്ടപ്പെട്ട അധ്യായന ദിനങ്ങൾ 6-ഉം ആണെന്ന് കാണപ്പെട്ടു. പി.ടി.എ., മാതൃസംഘം എന്നിവ സജീവമാണ്. ടി.വി.സെറ്റ്, വി.സി.ആർ.,

പട്ടിക – 2

| നമ്പർ | സ്ക്കൂളിൻെറ പേര് | വർഷം | എസ്.എസ്.എൽ.സി. വിജയശതമാനം |
|---|---|---|---|
| 1. | സെൻറ് തെരേസാസ് ഗേൾസ് ഹൈസ്ക്കൂൾ ബ്രഹ്മക്കുളം | 1991 - 1992 | 100% |
| | | 1992 - 1993 | 98% |
| | | 1993 - 1994 | 100% |
| | | 1994 -1995 | 99 % |
| | | 1995 - 1996 | 96 % |
| 2. | വി.ആർ. അപ്പുമാസ്റ്റർ മെമ്മോറിയൽ ഹൈസ്ക്കൂൾ ബ്രഹ്മക്കുളം | 1991 - 1992 | 90% |
| | | 1992 - 1993 | 81% |
| | | 1993 - 1994 | 79% |
| | | 1994 -1995 | 86 % |
| | | 1995 - 1996 | 80 % |

സിനിമാപ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ എന്നിവ സ്ക്കൂളുകളിലില്ല. എന്നാൽ പഞ്ചായത്തിലെ ഏക അൺ എയിഡഡ് സ്ഥാപനത്തിൽ കമ്പ്യൂട്ടർപഠനം നടത്തുന്നുണ്ടെന്ന് അറിഞ്ഞു.

സർക്കാർ വിദ്യാലയങ്ങൾ, സാങ്കേതികവിദ്യാലയങ്ങൾ, കോളേജുകൾ, പാരലൽ കോളേജുകൾ എന്നിവ ഈ പഞ്ചായത്തിലില്ല. പ്രൈമറി സ്ക്കൂളുകളൊന്നും വൈദ്യുതീകരിച്ചതല്ല. തൈക്കാട് സെൻറ് ജോൺസ് എൽ.പി. സ്ക്കൂൾ ഓല മേഞ്ഞതും, പാലുവായ് എ.എം.എൽ.പി. സ്ക്കൂൾ ആസ്ബസ്റ്റോസും, ബ്രഹ്മക്കുളം എ.എൽ.പി. സ്ക്കൂളിൻെറ മേൽക്കൂര ഓടിട്ടതുമാണ്. പ്രാദേശികതലത്തിലും ജില്ലാതലത്തിലും ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ അവാർഡുകളും ട്രോഫികളും കരസ്ഥമാക്കിയിട്ടുണ്ട്. സയൻസ്ക്ലബ്ബുകൾ സ്ക്കൂളുകളിൽ സജീവമല്ല. പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികൾക്ക് രസകരമായി അക്ഷരങ്ങൾ പഠിക്കാൻ സഹായിക്കുന്ന പഠനോപകരണങ്ങൾ ഇല്ല.

വിദ്യാലയരാഷ്ട്രീയം സജീവമല്ല. രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള സ്ക്കൂൾ തിരഞ്ഞെടുപ്പുകളും ഈ പഞ്ചായത്തിൽ നടക്കുന്നില്ല. അദ്ധ്യാപകയൂണിയനുകൾ പേരിനെങ്കിലും പ്രവർത്തിക്കുന്നു. അവകാശസമരങ്ങളിൽ അദ്ധ്യാപകരുടെ പങ്കാളിത്തം വളരെ കുറവാണ്. സംസ്ഥാന വിദ്യാഭ്യാസവകുപ്പിൻെറ സഹകരണത്തോടെ കേരള ശാസ്ത്ര സാഹിത്യപരിഷത്ത് കേരളത്തിൽ നടത്തിവരുന്ന വിജ്ഞാനപരീക്ഷ എല്ലാ വർഷവും നമ്മുടെ പ ഞ്ചായത്തിൽ നടക്കുന്നു. എന്നാൽ വിദ്യാർത്ഥികളുടെ പൂർണ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിൽ സ്ക്കൂൾ അധികൃതർ ഉപേക്ഷ കാണിക്കുന്നുണ്ട്. ഒരു പരീക്ഷ നടത്തി മാർക്കിടുക എന്നതല്ല വിജ്ഞാനോത്സവത്തിൻെറ ലക്ഷ്യം. മറിച്ച് അറിവുനേടുക ആനന്ദകരമായ പ്രക്രിയയാണെന്ന് അനുഭവിച്ചറിയുവാൻ ഒരവസരം നല്കുകയാണ്.

കഴിഞ്ഞ 5 വർഷത്തെ വിദ്യാർത്ഥികളുടെ കണക്കുകൾ പരിശോധിച്ചാൽ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുവരുന്നുണ്ടെന്ന് കാണാം. കുറഞ്ഞുവരുന്ന ജനനനിരക്കും, പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും അടുത്തകാലത്തായി ഉണ്ടായ അൺ-എയിഡഡ് സ്ഥാപനങ്ങളുമാണ് ഇതിന് പ്രധാന കാരണം. കുട്ടികളുടെ കുറവ് നികത്തുന്നതിന് സ്ക്കൂൾ പി.ടി.എ.കൾക്ക് കാര്യമായ പങ്കുണ്ട്. ഇത്തരം കാര്യങ്ങളിൽ അധ്യാപക-രക്ഷാകർത്തൃ സമിതികൾ വിപുലമായ സ്ക്കൂൾസമിതികളായി പുനഃസംഘടിപ്പിച്ച് പ്രവർത്തനപരിപാടികൾക്ക് നേതൃത്വം നല്കണം. സ്ക്കൂൾ വിദ്യാഭ്യാസത്തിൻെറ എല്ലാ നയങ്ങളിലും ജനകീയപങ്കാളിത്തം ഉറപ്പുവരുത്തണം. ഓരോ അദ്ധ്യാപകനും താൻ പഠിപ്പിക്കുന്ന വിഷയങ്ങൾ സ്വയം ഹോംവർക്ക് ചെയ്യാൻ സന്നദ്ധരാകണം.

കുട്ടികളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തണം. പഠനോപകരണനിർമ്മാണം നടത്തണം. കുട്ടികളുടെ സഹവാസക്യാമ്പുകൾ സംഘടിപ്പിക്കണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കണം.

പഞ്ചായത്തിലെ വിദ്യാലയങ്ങളോട് വളരെ അടുത്ത് കിടക്കുന്ന പല പഞ്ചായത്ത്വക റോഡുകളും സഞ്ചാരയോഗ്യമല്ല. വർഷക്കാലത്ത് ഇത്തരം റോഡുകളിലൂടെ കുട്ടികൾക്കും വാഹനങ്ങൾക്കും സ്ക്കൂളിലെത്താൻ വളരെയധികം കഷ്ടപ്പെടേണ്ടിവരുന്നു. ബ്രഹ്മക്കുളം വി.ആർ.എ.എം.എം. ഹൈസ്ക്കൂൾ, ബ്രഹ്മക്കുളം എ.എൽ.പി. സ്ക്കൂൾ, തൈക്കാട് സെൻറ് ജോൺസ് എൽ.പി. സ്ക്കൂൾ എന്നീ വിദ്യാലയങ്ങളിലേക്ക് വരുന്ന റോഡുകളാണ് അടിയന്തിരമായി റിപ്പയർ ചെയ്യേണ്ടത്. സെൻറ് ആൻറണീസ് യു.പി.സ്ക്കൂളിന് മുൻവശം വെള്ളം അമിതമായി കെട്ടിക്കിടക്കാറുണ്ട്. റോഡിന് ഇരുവശവും കാനകൾ വൃത്തിയാകാത്തതുമൂലമാണ് ഇതുണ്ടാകുന്നത്. ഈ പ്രദേശത്തെ യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തണമെന്ന് നിർദ്ദേശമുണ്ട്. പ്രസ്തുത സ്ക്കൂളിൻെറ കളിസ്ഥലത്തിന് 70 സെൻറ് സ്ഥലവും ക്യാമ്പസിന് 1 ഏക്കർ സ്ഥലവുമുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഈ സ്ഥാപനത്തിനില്ല.

ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പ്രശ്നങ്ങൾക്കും ഒറ്റയടിക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഇതിൽ സൂചിപ്പിച്ചിട്ടില്ലാത്ത അനുകരണീയമായ പല പ്രവർത്തനമാതൃകകളും റിപ്പോർട്ട് ചെയ്യാത്തതുകൊണ്ടുമാത്രം ശ്രദ്ധിക്കപ്പെടാതെ പോയിട്ടുമുണ്ടാകും. അത്തരം അനുഭവങ്ങൾ പരമാവധി മനസ്സിലാക്കാൻ ശ്രമിക്കുകയും നമ്മുടെ പഞ്ചായത്തിന് യോജിച്ച രീതിയിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ സാധിക്കുകയും വേണം.

''പഠനം പാൽപ്പായസം
അദ്ധ്യാപനം അതിമധുരം...''

പട്ടിക – 3

| നമ്പർ | തരം | ശരാശരി ദൂരം കി.മീ. | പരമാവധി ദൂരം കി.മീ. |
|---|---|---|---|
| 1. | ലോവർ പ്രൈമറി സ്ക്കൂൾ | 1.5 | 4 |
| 2. | അപ്പർ പ്രൈമറി സ്ക്കൂൾ | 1 | 2 |
| 3. | ഹൈസ്ക്കൂൾ | 1 | 4 |
| 4. | അൺ - എയിഡഡ് സ്ക്കൂൾ | 1 | 4 |

## സ്ക്കൂളിനെ സംബന്ധിച്ച വിവരങ്ങൾ

### പട്ടിക – 1

| ക്രമനമ്പർ | സ്ക്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | വി.ആർ.അപ്പുമാസ്റ്റർ മെമ്മോറിയൽ ഹൈസ്ക്കൂൾ, ബ്രഹ്മക്കുളം | എയിഡഡ് | 1242 | 431 | 1673 | 15 | 49 | 64 |
| 2. | സെൻറ് തെരേസാസ് ഗേൾസ് ഹൈസ്ക്കൂൾ, ബ്രഹ്മക്കുളം | എയിഡഡ് | 175 | 1405 | 1580 | Nil | 34 | 34 |
| 3. | സെൻറ് ആൻറണീസ് യു.പി.സ്ക്കൂൾ പാലുവായ് | എയിഡഡ് | 409 | 412 | 821 | Nil | 20 | 20 |
| 4. | എ.എം.എൽ.പി. സ്ക്കൂൾ പാലുവായ് | എയിഡഡ് | 67 | 60 | 127 | Nil | 5 | 5 |
| 5. | എ.എൽ.പി.സ്ക്കൂൾ, ബ്രഹ്മക്കുളം | എയിഡഡ് | 62 | 52 | 114 | 1 | 4 | 5 |
| 6. | സെൻറ് ജോൺസ് എൽ.പി.സ്ക്കൂൾ തൈക്കാട് | എയിഡഡ് | 122 | 103 | 226 | Nil | 9 | 9 |
| 7. | ദേവി അക്കാദമി, ബ്രഹ്മക്കുളം (ഇംഗ്ലീഷ് മീഡിയം) | അൺ എയിഡഡ് | 272 | 119 | 471 | 5 | 29 | 34 |

### പട്ടിക – 4: വിദ്യാലയസൗകര്യങ്ങാം

| നമ്പർ | സ്ക്കൂളിൻെറ പേര് | വിസ്തീർണം | സ്റ്റാഫ്മുറി | ഓഫീസ്മുറി | ലബോറട്ടറി | ക്ലസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | ലൈബ്രറി |
|---|---|---|---|---|---|---|---|---|---|---|---|
| 1. | വി.ആർ.എ.എം.എം.ഹൈസ്ക്കൂൾ ബ്രഹ്മക്കുളം | 2 ഏക്കർ 46 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് - 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | സെൻറ് തേരാസാസ് ഗേൾസ് ഹൈസ്ക്കൂൾ, ബ്രഹ്മക്കുളം | 1 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് - 3 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 3. | സെൻറ് ആൻറണീസ് യു.പി. സ്ക്കൂൾ പാലുവായ് | 1 ഏക്കർ 70 സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് - 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | എ.എം.എൽ.പി.സ്ക്കൂൾ, പാലുവായ് | 60 സെൻറ് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് - 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 5. | എ.എൽ.പി.സ്ക്കൂൾ, ബ്രഹ്മക്കുളം | 1 ഏക്കർ | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് - 2 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 6. | സെൻറ് ജോൺസ് എൽ.പി.സ്ക്കൂൾ തൈക്കാട് | 10 സെൻറ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് താല്ക്കാലികം | ഉണ്ട് | ഇല്ല |

# ആരോഗ്യം, കുടിവെള്ളം

## ○ കുടിവെള്ളം

തൈക്കാട് പഞ്ചായത്തിലെ കുടിനീർ ശ്രോതസ്സ് കിണറുകൾ മാത്രമാണെന്നു പറയാം. ഏകദേശം 75%ത്തിൽ താഴെ വീടുകൾക്ക് സ്വന്തമായി കിണറുകൾ ഉണ്ട്. അവയിൽ പലതിലും വേനൽക്കാലങ്ങളിൽ വെള്ളം കിട്ടാറില്ല. ബാക്കി 25 ശതമാനത്തോളം വീട്ടുകാർ മറ്റുള്ളവരുടെ കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ കേവലം 4 ടാപ്പുകൾ മാത്രമാണ് കുടിവെള്ളവിതരണത്തിനായി നിലവിലുള്ളത്. ഈ ടാപ്പുകളിൽത്തന്നെ ഭാഗികമായേ വെള്ളം ലഭിക്കാറുള്ളു.

7,8 വാർഡുകളിൽ രൂക്ഷമായും 1,2,3,4,5,6 വാർഡുകളിൽ ഭാഗികമായും ജലക്ഷാമം അനുഭവപ്പെടാറുണ്ട്. 7,8 വാർഡുകളിൽ പുഴയിലെ ഓരുകേറ്റവും ഗുരുവായൂരിൽനിന്ന് ഒഴുക്കിവിടുന്ന മലിനജലവുമാണ് കുടിവെള്ളക്ഷാമത്തിൻെറ രൂക്ഷത വർദ്ധിപ്പിക്കുന്ന അടിസ്ഥാന കാരണങ്ങൾ. ഗുരുവായൂരിൽനിന്നുള്ള മലിനജലപ്രവാഹം ഈ പ്രദേശത്ത് കുടിവെള്ളപ്രശ്നത്തെ മാത്രമല്ല ബാധിക്കുന്നത്. അതിനോടൊപ്പം പകർച്ചവ്യാധികളും ദുർഗന്ധവും മറ്റു പാരിസ്ഥിതികപ്രശ്നങ്ങളും രൂക്ഷമായി ഉണ്ടാക്കുന്നുണ്ട്. മത്സ്യസമ്പത്ത് മൊത്തമായും നശിച്ചുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ 7,8 വാർഡുകൾ മൊത്തമായി മനുഷ്യവാസയോഗ്യമല്ലാത്ത സ്ഥിതിവിശേഷം സാജാതമാക്കുന്നു.

ഇവിടെ ശുദ്ധജലവിതരണപദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല. ലക്ഷംവീടു കോളനികൾ എല്ലാംതന്നെ വേനല്ക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നു.

കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ഈ പഞ്ചായത്തുപ്രദേശങ്ങളിൽനിന്ന് നൂറിൽകൂടുതൽ ഡയേറിയ (വയറിളക്കം) കേസുകൾ വിവിധ ആശുപത്രികളിലായി ചികിത്സയ്ക്കു വിധേയമായിട്ടുണ്ട്. എല്ലാ വിഭാഗങ്ങളും ഒത്തുചേർന്ന് തക്കതായ മുൻകരുതലുകൾ സമയാസമയങ്ങളിൽ എടുത്തതിൻെറ ഫലമായി അവയെ നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും കുടിവെള്ളക്ഷാമം മൂലം ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പലതരത്തിലുള്ള പകർച്ചവ്യാധികളും വ്യാപകമായി പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത രൂക്ഷമായി നിലനില്ക്കുന്നു.

## ○ പൊതുജനാരോഗ്യം

(1) ഈ പഞ്ചായത്തിൽ 75 ശതമാനത്തിൽതാഴെ വീടുകൾക്ക് സ്വന്തമായി കക്കൂസുകൾ ഉണ്ട്. (അവലംബം സർവ്വേ റിപ്പോർട്ട്). (2) ഭൂരിഭാഗം വീടുകളിലും മലിനജലം കൈകാര്യം ചെയ്യാനുള്ള പ്രത്യേക സംവിധാനങ്ങൾ ഒന്നും തന്നെയില്ല. (3) ഇവിടത്തെ മൊത്തം മരണനിരക്ക് 2.3 മാത്രമാണ്. (സംസ്ഥാനശരാശരിയുടെ പകുതിയിലും താഴെ). (4) ശിശുമരണവും പ്രസവത്തിനോടനുബന്ധിച്ചുള്ള മരണവും (മാതൃമരണവും) അടുത്ത രണ്ടു വർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. (5) ജനനനിരക്ക് 21 ആണ്. (സംസ്ഥാനനിരക്ക് 17). (6) സന്താനനിയന്ത്രണം ഉൾപ്പെടെയുള്ള കുടുംബക്ഷേമപദ്ധതികൾ ഈ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഫലപ്രദമായി നടപ്പിൽ വന്നിട്ടില്ല. (7) മൊത്തം അംഗവൈകല്യമുള്ളവർ 186. (8) മന്ദബുദ്ധികൾ 63. (9) ഒരു വയസ്സിനു താഴെ പ്രായമുള്ള മൊത്തം 251 കുട്ടികളിൽ പൂർണ്ണമായി പ്രതിരോധകുത്തിവയ്പുകൾ നടത്തിയവർ കേവലം 83 മാത്രം. ബൂസ്റ്റർ ഡോസ് എടുക്കുന്ന കാര്യത്തിലാണ് ഏറ്റവും വീഴ്ച കാണുന്നത്. (മേൽ പ്രസ്താവിച്ച വസ്തുതകൾക്ക് അവലംബം ഹെൽത്ത് ഡിപ്പാർട്ടു മെൻറിൽനിന്നുള്ള റിപ്പോർട്ടുകളും മറ്റു അനുബന്ധ സ്ഥിതി വിവരകണക്കുകളും). (10) ഈ പഞ്ചായത്തിലെ പ്രൈമറി ഹെൽത്തു സെൻറർ ഈ പഞ്ചായത്തിൻെറ ഏറ്റവും കിഴക്കേ അറ്റത്ത് അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഈ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലുള്ളവർക്ക് ഇതു പ്രയോജനപ്പെടുന്നില്ല. കേവലം ഒരു വർഷത്തിൽ 8,000 ത്തിൽ താഴെ രോഗികൾ മാത്രമാണ് ഈ ഹെൽത്തു സെൻററിൽ ചികിത്സയ്ക്കായി വരുന്നത്. ഇവിടെ ഒരു ഡോക്ടറുടെ പോസ്റ്റ്മാത്രമെ നിലവിലുള്ളു. മറ്റു പാരമെഡിക്കൽ സ്റ്റാഫിൽ നാലു

പോസ്റ്റ് ഒഴിഞ്ഞു കിടക്കുന്നു. ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ചവർ കൂടുതലായിട്ടില്ലെങ്കിലും ഒറ്റപ്പെട്ട കേസ്സുകൾ അങ്ങിങ്ങായി കാണപ്പെടുന്നു. മലമ്പനി, തിമിരം തുടങ്ങിയ രോഗങ്ങളും പഞ്ചായത്തിൽ പല ഭാഗത്തായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. (11) വരൾച്ചയിലും മഴക്കാലത്തും ചിലയിടങ്ങളിൽ കാണപ്പെടുന്ന വയറിളക്കവും മറ്റു അനുബന്ധ പകർച്ചവ്യാധികൾ എല്ലാംതന്നെയും കാലാകാലങ്ങളിൽ ഈ പഞ്ചായത്തിലും ഉണ്ടാകാറുണ്ട്. (12) ഗുരുതരമായ പോഷണക്കുറവുള്ള ഒരു കുട്ടിയെ മാത്രമെ കണ്ടെത്തിയിട്ടുള്ളു. അനുപൂരകപോഷകാഹാരം 696 കുട്ടികൾക്ക് കൊടുക്കുന്നുണ്ട്. (13) ഈച്ച, കൊതുക് തുടങ്ങിയ പ്രാണികളുടെ ശല്യം വർദ്ധിച്ചുവരുന്നു. പ്രത്യേകിച്ചും കക്കൂസ്ടാങ്കുകളും, അഴുക്കുചാലുകളും, വെള്ളക്കെട്ടുള്ള പ്രദേശങ്ങളും കൊതുകുകളുടെ വളർച്ചാ കേന്ദ്രങ്ങളായി മാറുന്നു. പല സ്ഥലത്തും കൂടിക്കിടക്കുന്ന മാലിന്യകുമ്പാരങ്ങൾ ഈച്ചകളുടെ വർദ്ധനവിന് കാര്യപ്പെട്ട സാഹചര്യം ഒരുക്കുന്നു. (14) മറ്റു ചികിത്സാ സമ്പ്രദായത്തിലുള്ള (ആയുർവ്വേദം, ഹോമിയോ) പൊതു സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല.

## കുടിവെള്ളം

### പ്രശ്നങ്ങൾ:

1. ചില വാർഡുകളിൽ കുടിവെള്ളക്ഷാമം സ്ഥിരമായും മറ്റു ചില വാർഡുകളിൽ ഭാഗികമായും അനുഭവപ്പെടുന്നു.
2. ചക്കുംകണ്ടം പുഴയിൽ ഓരു കയറുന്നതുകൊണ്ടും ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽനിന്നും അഴുക്കുജലം ചക്കുംകണ്ടം ഭാഗത്തേക്ക് ഒഴുക്കിവിടുന്നതുകൊണ്ടും 7,8 വാർഡുകളിലെ കിണറ്റുവെള്ളം കുടിക്കാനോ കുളിക്കാനോ മറ്റു യാതൊരു തരത്തിലുള്ള ഉപയോഗത്തിനോ കേവലം വളർത്തുമൃഗങ്ങൾക്കുപോലും ഉപയോഗിക്കാൻ പറ്റാത്തതായി തീർന്നിരിക്കുന്നു. അഴുക്കജലം മൂലം ഈ വാർഡുകളിൽ ജനവാസംതന്നെ അസാദ്ധ്യമായിത്തീർന്നിരിക്കുന്നു.
3. സാധാരണ കിണറുകളിൽ പലതും വേനൽക്കാലങ്ങളിൽ വറ്റിവരണ്ടുകൊണ്ടിരിക്കുന്നു.
4. കുഴൽകിണറുകൾ വിജയപ്രദമാക്കുവാൻ വേണ്ട ഭൂഗർഭ ജലസ്രോതസ്സ് ഈ പഞ്ചായത്തിലില്ലെന്നാണ് ബന്ധപ്പെട്ട വിദഗ്ദ്ധരുടെ അഭിപ്രായം.
5. ശുദ്ധജലപദ്ധതികൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല.
6. പുതുതായി ശുദ്ധജലവിതരണപദ്ധതികൾ ഒന്നുംതന്നെ പരിഗണിച്ചിട്ടില്ല.

### സാദ്ധ്യത:

1. ഗുരുവായൂർ മുനിസിപ്പാലിറ്റിക്കുള്ളിൽവെച്ചുതന്നെ അവിടത്തെ മലിനജലം ശുദ്ധീകരിക്കുവാനുള്ള പദ്ധതി തയ്യാറാക്കി ശുദ്ധീകരിച്ച ജലം മറ്റു കൃഷി ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കാനുള്ള ഏർപ്പാടുചെയ്യണം. അതിനുവേണ്ടി പഞ്ചായത്തുകമ്മിറ്റി കേരള ഗവൺമെൻറിൽ ഫലപ്രദമായ സമ്മർദ്ദം ചെലുത്തണം. അക്കാര്യത്തിൽ സജീവമായ പൊതുജനസഹകരണം തേടണം.
2. ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിവരെ പ്രവർത്തനക്ഷാമമായിരുന്ന ചക്കുംകണ്ടം അങ്ങാടിത്താഴം മിനിറിപ്പോർട്ട് പുനരുദ്ധരിക്കുക.
3. പുഴയ്ക്കരുകിൽ ടൂറിസ്റ്റ് കുടിലുകൾ പണിയുകയും പുഴയിൽക്കൂടെ ഉല്ലാസയാത്രയ്ക്ക് സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ ഇവിടെ ടൂറിസ്റ്റ്വികസനംകൂടി സാദ്ധ്യമാകും.
4. മീൻവളർത്തലും വിജയകരമായി നടപ്പിലാക്കാവുന്നതാണ്.
5. 7,8 വാർഡുകളിലെ കുടിവെള്ളപ്രശ്നത്തിൻെറ അടിയന്തിരസ്വഭാവം കണക്കിലെടുത്ത് നിലവിലുള്ള 'അയ്പ്പാൻകുളം' പോലെയുള്ള സ്രോതസ്സുകൾ പരിശോധിച്ച് അവിടെനിന്ന് കുടിവെള്ളവിതരണത്തിനുള്ള പദ്ധതി എത്രയുംവേഗം നടപ്പിലാക്കണം.
6. ഉപ്പുവെള്ളക്കയറ്റം തടയാൻ അനായാസം പ്രവർത്തിപ്പിക്കാവുന്ന ആധുനികസംവിധാനം ഉടനടി നടപ്പിലാക്കണം.
7. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ field test -ഉം water quality test -ഉം നടത്തി ഉറവിടം കണ്ടെത്തി, വെള്ളത്തിൻെറ ലഭ്യതയനുസരിച്ച് മിനിപ്രൊജക്റ്റുകൾ തയ്യാറാക്കി നടപ്പാക്കാം. അവയുടെ നടത്തിപ്പ് പഞ്ചായത്തുതന്നെ ഏറ്റെടുക്കണം.
8. തൃത്താല - ഗുരുവായൂർ ശുദ്ധജലവിതരണപദ്ധതിയിൽ തൈക്കാടു പഞ്ചായത്ത് ഉൾപ്പെടുത്തി വീടുകളിലേക്ക് water connection നല്കണം. ഗുരുവായൂർ ശവക്കോട്ടയ്ക്കടുത്ത് നിർമ്മിച്ചിരിക്കുന്ന water tank ഉടനെത്തന്നെ പ്രവർത്തനക്ഷമമാക്കി ഈ നിർദ്ദേശം നടപ്പാക്കാവുന്നതാണ്. പഞ്ചായത്തു കമ്മിറ്റി ഈ നിർദ്ദേശം നടപ്പാക്കാൻ ഗവർമെൻറിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.
9. തൈക്കാട് പഞ്ചായത്ത് ഉൾപ്പെടെയുള്ള പ്രദേശത്തേക്ക് പീച്ചിയിൽനിന്ന് കുടിവെള്ളം കൊണ്ടുവരാനുള്ള ഒരു പദ്ധതിയുടെ സർവ്വേ കഴിഞ്ഞിട്ടുണ്ട്. അതു പെട്ടെന്ന് നടപ്പാക്കികിട്ടാൻ പഞ്ചായത്ത് കമ്മിറ്റി ഇപ്പോഴുള്ള അനുകൂലസാഹചര്യം കണക്കിലെടുത്ത് ഒരു ജനകീയസമ്മർദ്ദംകൂടി ചെലുത്തി നേടിയെടുക്കേണ്ടതാണ്.

10. ലക്ഷംവീടുകോളനികളിൽ പൊതുകിണർ സ്ഥാപിച്ച് കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത കുറയ്ക്കാൻ പെട്ടെന്നു ശ്രമിക്കണം.

## പൊതുജനാരോഗ്യം

**പ്രശ്നങ്ങൾ:**

1. ഈ പഞ്ചായത്തിൽ ആകെയുള്ള ഒരു പ്രൈമറി ഹെൽത്ത് സെൻറർ പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് മറ്റു ഭാഗങ്ങളിലുള്ളവർക്ക് ഈ സ്ഥാപനത്തിന്റെ പ്രയോജനം ലഭിക്കുന്നില്ല.
2. ഈ സ്ഥാപനത്തിൽ ഇപ്പോൾ വേണ്ടത്ര ഡോക്ടർമാരോ മറ്റു ആരോഗ്യ ക്ഷേമ പ്രവർത്തകരോ ഇല്ല.
3. രോഗികളെ കിടത്തി ചികിത്സയ്ക്കുവാനുള്ള സൗകര്യങ്ങൾ ഒന്നുംതന്നെയില്ല.
4. രോഗികളെ കിടത്തി ചികിത്സയ്ക്കുവാനുള്ള സൗകര്യങ്ങൾ ഒന്നുംതന്നെയില്ല.
5. ഈ ആശുപത്രിയിൽ അത്യാവശ്യം വേണ്ട പ്രസവമുറി, ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടറി തുടങ്ങിയ യാതൊരു സംവിധാനങ്ങളും നിലവിലില്ല.
5. ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ ഗവർമെൻറ് ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറി ഒന്നുംതന്നെയില്ല. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്കു സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.

**സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും:**

1. പ്രൈമറി ഹെൽത്തുസെൻററിന്റെ നിലവിലുള്ള സംവിധാനങ്ങൾ വിപുലീകരിക്കണം.
2. 18 കിടക്കകളുള്ള ഒരു ഇൻപേഷ്യൻറ് വാർഡ് സ്ഥാപിക്കണം. അതിനോടനുബന്ധിച്ച് ഒരു പ്രസവമുറി, ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടറി തുടങ്ങിയ സംവിധാനങ്ങളും ഏർപ്പെടുത്തണം.
3. മൂന്നു ഡോക്ടർമാരുടെ പോസ്റ്റ് അനുവദിച്ച് അതിൽ ഡോക്ടർമാരെ നിയമിക്കണം.
4. ഡോക്ടർമാർക്ക് താമസസൗകര്യം ഏർപ്പെടുത്തി അവരുടെ സേവനം എല്ലാ സമയത്തും ലഭ്യമാക്കണം.
5. ആവശ്യമായ സ്റ്റാഫ്നേഴ്സ്, ടെക്നീഷ്യൻ, മറ്റു ജീവനക്കാർ എന്നിവരുടെ തസ്തികകൾ അനുവദിച്ച് അതിൽ ആളുകളെ നിയമിക്കണം.
6. ആശുപത്രിക്കാവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിന് നിലവിലുള്ള കിണർ താഴ്ത്തി വൃത്തിയാക്കി വെള്ളം പമ്പ് ചെയ്യുന്നതിന് പമ്പ്സെറ്റ്, ഓവർ ഹെഡ്ടാങ്ക് ആവശ്യമായ ടാപ്പുകൾ എന്നിവ സ്ഥാപിക്കണം.
7. ഇപ്പോൾ നിലവിലുള്ള സബ്സെൻററുകൾക്കു പുറമെ രണ്ട് സബ്സെൻററുകൾകൂടി സ്ഥാപിക്കണം. എല്ലാ സബ്സെൻററുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കണം. (കുടുംബക്ഷേമം, മാതൃസംരക്ഷണം, ആരോഗ്യവിദ്യാഭ്യാസം എന്നീ സേവനങ്ങളുടെ വിപുലീകരണത്തിനായ്)

   സബ്സെൻററുകളുടെ സ്ഥാനങ്ങൾ:

   (1) മില്ലുംപടി മൃഗാശുപത്രി പരിസരം (പുതിയത്). (2) നെമ്മിനി ഭാഗത്ത് പഞ്ചായത്തുവക സ്ഥലം നികത്തി അവിടെ സബ്സെൻറർ, അംഗൻവാടി, വായനശാല എന്നിവ സ്ഥാപിക്കണം. (3) പാലുവായി കോതകുളങ്ങര പരിസരം (പുതിയത്). (4) ചക്കുംകണ്ടം.
8. നിലവിലുള്ള രണ്ടു JHI പോസ്റ്റുകൾക്കു പുറമെ രണ്ട് പുതിയ JHI പോസ്റ്റുകൾകൂടി സ്ഥാപിക്കണം. (പൊതുജനാരോഗ്യസേവനങ്ങളുടെ ശക്തമായ പ്രവർത്തനത്തിന്).
9. മാമാബസാർ പരിസരത്ത് ഓരോ ആയുർവ്വേദ, ഹോമിയോ ആശുപത്രികൾകൂടി സ്ഥാപിക്കണം.
10. നിലവിലുള്ള അംഗൻവാടികൾക്കും കെട്ടിടം നിർമ്മിച്ച് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തണം.
11. അംഗൻവാടികളുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലവിലുള്ള മഹിള സ്വസ്ത് സംഘ് (MSS) ന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമപ്രവർത്തനങ്ങൾക്കും ആരോഗ്യവിദ്യാഭ്യാസത്തിനും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ സാമ്പത്തികസഹായമടക്കമുള്ള പദ്ധതികൾ പഞ്ചായത്തുകമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കണം.
12. പ്രകൃതിചികിത്സാരീതി പ്രചരിപ്പിക്കാനും പ്രോത്സാഹിപ്പാക്കാനുമായി പഞ്ചായത്ത് തയ്യാറാകണം. അതിനായി സന്നദ്ധസംഘടനകളുടെയും മറ്റും സഹായം തേടുകയും വേണം.

## പരിസ്ഥിതിമലിനീകരണം

**പ്രശ്നങ്ങൾ:**

1. ബസാറുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ കുമിഞ്ഞുകൂടുന്ന ചപ്പുചവറുകളും മറ്റു മാലിന്യങ്ങളും.
2. ഹോട്ടലുകൾ, ഇറച്ചി - മത്സ്യ - പച്ചക്കറി വില്പനശാലകൾ എന്നിവിടങ്ങളിലെ മലിനജലവും മാലിന്യവസ്തുക്കളും.
3. നിലവിലുള്ള എല്ലുസംഭരണശാലകളിൽനിന്നു വരുന്ന ദുർഗന്ധം.

4. അനധികൃതമായ അറവും എല്ല്, തോല്, നെയ്യ് എന്നിവയുടെ സംഭരണവും.

5. ഇപ്പോൾ നിലവിലുള്ളതും പുതുതായി തുടങ്ങിയിട്ടുള്ളതുമായ പന്നിവളർത്തൽ കേന്ദ്രത്തിൽനിന്നും പരിസരവാസികൾക്കും പൊതുജനാരോഗ്യത്തിനും മൊത്തത്തിലും നേരിടുന്ന ഭീഷണി.

6. കാനകളിലും തോടുകളിലും കുഴികളിലും വെള്ളം കെട്ടിനിന്നു മലിനമായി അവ കൊതുകുവളർത്തുകേന്ദ്രമായി മാറുന്നു.

7. തുറന്ന സ്ഥലങ്ങളിലെ മലമൂത്രവിസ്സർജ്ജനം.

8. ഗുരുവായൂരിൽനിന്നു ചക്കുംകണ്ടം ഭാഗത്തേക്ക് ഒഴുക്കിവിടുന്ന മലിനജലം.

## സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും:

1. ബസാറുകളിലും മാർക്കറ്റുകളിലും പൊതുസ്ഥലങ്ങളിലും സൗകര്യപ്രദമായ സ്ഥലത്ത് കുപ്പത്തൊട്ടികൾ സ്ഥാപിച്ച് ചപ്പുചവറുമാലിന്യങ്ങൾ എന്നിവ അവയിൽ നിക്ഷേപിക്കാൻ പൊതുജനങ്ങളേയും കച്ചവടക്കാരേയും ബോധവത്കരിക്കുക, നിർബന്ധിക്കുക. ഇതു (ചപ്പുചവറുകൾ) ദിവസേന നീക്കംചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

2. ഹോട്ടലുകൾ, ഇറച്ചി - മത്സ്യ - പച്ചക്കറി വില്പനശാലകൾ എന്നിവകളുടെ ലൈസൻസിലെ നിബന്ധനകൾക്കനുസരിച്ച് മാലിന്യങ്ങൾ അവർതന്നെ നീക്കംചെയ്യണമെന്നുള്ള നിബന്ധന നടപ്പാക്കുകയും അധികൃതർ അതിനായി നിർബന്ധിക്കുകയും ചെയ്യണം.

3. നിലവിലുള്ള എല്ലു സംഭരണശാലയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻവേണ്ട സംവിധാനങ്ങൾ ഉടമസ്ഥൻ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അധികൃതർ ഉറപ്പു വരുത്തണം.

4. പഞ്ചായത്തിൻെറ കീഴിൽ അറവുശാലയും എല്ലു സംഭരണശാലയും സ്ഥാപിക്കുക.

5. അനധികൃതമായ എല്ലുസംഭരണവും തോല്, നെയ്യ് എന്നിവ സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നത് കർശനമായി നിരോധിക്കുക.

6. നിലവിലുള്ളതും ഇപ്പോൾ പ്രാരംഭദശയിലുള്ളതുമായ എല്ലാ പന്നിവളർത്തൽകേന്ദ്രങ്ങളും പൊതുജനാരോഗ്യത്തിന് ഭീഷണിയാകുമെന്നുള്ളതുകൊണ്ട് അവയെല്ലാം അടിയന്തിരമായി നിർത്തിവയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

7. കാനകൾ അരിക്കെട്ടി തോടുകൾ, കുഴികൾ ഇവ യിലെ കെട്ടിനില്ക്കുന്ന വെള്ളം സമയാസമയങ്ങളിൽ ഒഴുക്കിക്കളയാനുള്ള സംവിധാനം ഏർപ്പെടുത്തുക.

8. മലിനജലം കെട്ടിനില്ക്കുന്ന സ്ഥലങ്ങൾ ആവശ്യമായ സന്ദർഭങ്ങളിൽ കൊതുകുനിയന്ത്രണത്തിനായി ഓയിൽ തെളിക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം. കൂടാതെ ഗ്രാമസഭയുടെ ആഭിമുഖ്യത്തിൽ ഒരു ഫോഗിംഗ് മെഷീൻ വാങ്ങിച്ച് അത്യാവശ്യമായ സന്ദർഭങ്ങളിൽ പ്രവർത്തിപ്പിക്കണം.

9. ഈ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ തെങ്ങുകൃഷിക്കാവശ്യമായി ഉപയോഗിക്കുന്ന മത്സ്യവളം ഉപയോഗിക്കുന്നവർ അവ വേണ്ടത്ര ആഴത്തിൽ കുഴിച്ചുമൂടി അതിനുമീതെ കുമ്മായം തുടങ്ങിയ വസ്തുക്കൾകൂടി ഇടണമെന്നുള്ള കാര്യം കർഷകരെ ബോധവത്കരിക്കുകയും നിർബന്ധിക്കുകയുമ വേണം. ഇല്ലെങ്കിൽ ഈ വളപ്രയോഗം ഈച്ചവർദ്ധനയ്ക്കും അതുവഴി പകർച്ചവ്യാധികളുടെ വർദ്ധനവിനും കാരണമാകും.

10. കക്കൂസില്ലാത്ത എല്ലാ വീടുകൾക്കും ഗ്രാമപഞ്ചായത്തിൻെറ ധനസഹായത്തോടുകൂടി സാനിട്ടറി ടൈപ്പ് കക്കൂസുകൾ നിർമ്മിച്ചുകൊടുത്ത് അവ നിർബന്ധമായും ഉപയോഗിക്കുവാൻ അവരെ ബോധവത്കരിക്കുകയും വേണം.

11. അത്യാവശ്യമായ സ്ഥലങ്ങളിൽ പൊതുകക്കൂസുകൾ നിർമ്മിച്ച് അവ വൃത്തിയായി കൊണ്ടുനടത്താൻ സന്നദ്ധസംഘടനകളുടെ സഹകരണം തേടുകയോ മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തകയോ ചെയ്യാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം.

12. പുതുതായി കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഹോട്ടലുകൾ ഇവ നിർമ്മിക്കുമ്പോൾ അതിനോടനുബന്ധിച്ച് മലമൂത്രവിസ്സർജ്ജനത്തിനും ശുദ്ധജലവിതരണത്തിനും ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കണമെന്നുള്ള നിബന്ധന കർശനമായി നടപ്പിലാക്കണം.

# വ്യവസായം

## ആമുഖം

ഈ പ്രദേശങ്ങളിലെ 7,8 വാർഡുകൾ ചക്കുംകണ്ടം പുഴയോരപ്രദേശങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ പ്രദേശങ്ങളിൽ പരമ്പരാഗതമായി ചകിരിവ്യവസായം നിലവിലുണ്ടായിരുന്നതായി അറിയുന്നു. കിഴക്കുഭാഗത്തു കൂടി ഒഴുകുന്ന വലിതോടിനോടു ചേർന്ന് തെക്ക്വടക്കായി അല്പം വയൽപ്രദേശങ്ങൾ ഒഴിച്ച് ബാക്കിയുള്ള 80% പ്രദേശവും തെങ്ങിൻപറമ്പുകളാണ്. ഈ മേഖലയിൽ നാളികേരസംബന്ധമായ പരമ്പരാഗതരീതിയിലുള്ള കൊപ്രവെട്ടും അവിടവിടങ്ങളിലായി നാടൻചക്കുകൾ ഉപയോഗിച്ചുള്ള വെളിച്ചെണ്ണ ഉത്പാദനവും നടന്നുവന്നിരുന്നു. എന്നാൽ ക്രമേണ നാടൻചക്കുകളുടെ സ്ഥാനത്ത് മില്ലുകൾ വന്നതോടെ പഴയ ചക്കുകൾ അപ്രത്യക്ഷമായി. എന്തുകൊണ്ടോ എന്നറിയില്ല, ചകിരിവ്യവസായത്തിനും ഇതേ ഗതികേടുതന്നെയാണ് വന്നുചേർന്നത്. ഗൾഫുമേഖലയായതിനാൽ കെട്ടിടനിർമ്മാണരാഗത്താണ് ഇന്ന് ഏറ്റവുമധികം തൊഴിൽ സാദ്ധ്യതകളുള്ളതായി അനുഭവപ്പെടുന്നത്. ഉയർന്ന വരുമാനം ലഭിക്കുന്നതിനാൽ ഈ രംഗത്തേക്ക് കൂടുതൽപേർ അനുദിനം പ്രവേശിച്ചുകൊണ്ടിരിക്കുന്നു. ഇതിനു പുറമേ ബീഡി വ്യവസായവും ഈ മേഖലയിൽ തഴച്ചുവളർന്നിരുന്നു. എന്നാൽ ഈ രംഗം കൂടുതലും ഇന്ന് വനിതകളുടെ വ്യവസായമേഖലയായി മാറിയിരിക്കുന്നു.

## വ്യവസായവികസനത്തിന് ഒരു മാർഗ്ഗരേഖ

സാമ്പത്തികപ്രക്രിയയിലെ അവിഭാജ്യഘടകങ്ങളായ പ്രകൃതിവിഭവങ്ങൾ സ്വതവേ നിഷ്ക്രിയാവസ്ഥയിലാണ്. മാനുഷികമായ ഇടപെടലുകളുടെ സ്വഭാവവും തീവ്രതയുമായിരിക്കും ഈ വിഭവങ്ങൾകൊണ്ട് ഒരു പ്രദേശത്തിനുണ്ടാകുന്ന നേട്ടങ്ങൾ നിർണ്ണയിക്കുക. സാങ്കേതികവിദ്യ, ധനം, വാണിജ്യപരമായ മറ്റു ഘടകങ്ങൾ എന്നിവയുടെ വിദഗ്ദ്ധമായ ഒരു ചേരുവയാണ് ഇത്തരം ഇടപെടലുകളെ സാമ്പത്തികമായ നേട്ടങ്ങളാക്കി മാറ്റുന്നത്. പ്രകൃതി സംരക്ഷണം, വിജ്ഞാനത്തിന്റെ കണ്ണികൾ (Information linkages) എന്നിവ അവിഭാജ്യഘടകങ്ങളായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ, വ്യവസായവികസനപ്രക്രിയ വളരെ സങ്കീർണ്ണമായിത്തീരുകയാണ്. വിഭവങ്ങൾ കുഴിച്ചെടുത്ത് വില്ക്കുന്നതിലല്ല, മറിച്ച്, മൂല്യമേറിയ ഉത്പന്നങ്ങൾ (Value added products) നിർമ്മിച്ച് വിദൂരകമ്പോളങ്ങളിൽ എത്തിക്കുന്നതിലാണ് നമുക്ക് താത്പര്യമുണ്ടാകേണ്ടത്. പ്രാദേശികമായ പ്രകൃതിവിഭവങ്ങളെ ആശ്രയിക്കാതെയുള്ള വ്യാവസായികസാദ്ധ്യതകൾ (Foot loose industries) അനുദിനം വർദ്ധിച്ചുവരുന്നു. മാനവശേഷി, സാങ്കേതികവും വാണിജ്യപരവുമായ അറിവ് എന്നിവയുടെ ബലത്തിലാണ് ഇത്തരം സംരംഭങ്ങൾ വിജയിക്കുക. വൻകിട വ്യവസായശാലകൾ കെട്ടിപ്പടുക്കുമ്പോൾ ഇത്തരം പ്രശ്നങ്ങൾ ഒരളവുവരെ കൈകാര്യം ചെയ്യാൻ കഴിഞ്ഞേക്കും. എന്നാൽ ചെറുകിടസ്ഥാപ

നങ്ങളുടെ കാര്യത്തിൽ, പദ്ധതിയെപ്പറ്റിയുള്ള ആശയം (Project idea) മുതൽ വിപണനം (Marketing) വരെ പൊതുവായ പ്രയത്നത്തിലൂടെ മാത്രം പോംവഴി കണ്ടെത്താനാവുന്ന സങ്കീർണമായ പ്രശ്നങ്ങളുണ്ട്. സംരംഭകരുടെ ദാരിദ്ര്യം, സർക്കാർ ജോലിക്കുവേണ്ടിയുള്ള പരക്കംപാച്ചിൽ, ഉദ്യോഗാർത്ഥികളെ പടച്ചുവിടുന്ന വിദ്യാഭ്യാസം തുടങ്ങിയ സാമൂഹികപ്രശ്നങ്ങൾ ഇതിനുപരിയാണ്.

സാമ്പത്തികമായ ഇളവുകൾ നല്കുന്ന പുതിയ പുതിയ പദ്ധതികളിലൂടെയാണ് ഇക്കാലമത്രയും നാം പൊതുജനങ്ങളെ വ്യവസായരംഗത്തേക്ക് ആകർഷിക്കുവാൻ ശ്രമിച്ചിരുന്നത്. ഇത്തരം പദ്ധതികൾ വാസ്തവത്തിൽ ഉത്തേജകഘടകങ്ങളായിരുന്നില്ല. എന്നുമാത്രമല്ല, സഹായങ്ങൾ സംരംഭങ്ങളുടെ ജീവനക്ഷമതയെ (Viability) പ്രത്യേകിച്ച് മെച്ചപ്പെടുത്തുന്നുമില്ല. സുപ്രധാനഘടകങ്ങൾ വ്യക്തികളുടെ ഗുണവും, സ്ഥാപനങ്ങൾ നടത്തുവാനുമുള്ള സാഹചര്യവും (അടിസ്ഥാനസൗകര്യങ്ങളും, സമൂഹത്തിൻെറ കാഴ്ചപ്പാടും) ആണെന്നുള്ള കാര്യം നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ മാർഗ്ഗനിർദ്ദേശം, സാമൂഹികമായ ഉത്തേജനം, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ഒരേസമയം ലക്ഷ്യംവച്ചുകൊണ്ടുള്ള പഞ്ചായത്തുതല വ്യാവസായികവികസനം നടത്തേണ്ടിയിരിക്കുന്നു.

ഇത്തരുണത്തിൽ സ്വയംതൊഴിൽപദ്ധതികളും ചെറുകിടവ്യവസായങ്ങളും തമ്മിൽ വേർതിരിച്ചുകാണുവാൻ ശ്രമിക്കുന്നത് നല്ലതാണ്. സ്വയംതൊഴിൽപദ്ധതികൾക്ക് വളരെയധികം പരിമിതികളുണ്ട് എന്നതുതന്നെയാണ് ഇതിന് ഒരു കാരണം.

കേരസംബന്ധമായ തൊഴിലുകൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള ഒരു വ്യവസായശൃംഖലയ്ക്ക് രൂപം നല്കുകയാണ് നമ്മുടെ പ്രധാന ലക്ഷ്യം. അതിനായി താഴെ കാണുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണം.

1. പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തായി 50 സെൻറ് സ്ഥലത്തിൽ കുറയാതെ ഒരു മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
2. എല്ലാ വാർഡുകളേയും പ്രതിനിധീകരിച്ച് സഹകരണാടിസ്ഥാനത്തിലോ സ്വകാര്യവത്കരണത്തിലോ കൊപ്ര വെട്ടോടുകൂടി ഒരു ഓയിൽമിൽ സ്ഥാപിക്കണം. ഇതിൻെറ ഗുണം എല്ലാ കേരകർഷകർക്കും ലഭ്യമാകുന്നതാണ്.
3. പച്ചതൊണ്ട് സംസ്കരിച്ചെടുക്കുന്നതിനുള്ള ഒരു ഫാക്ടറി പഞ്ചായത്തിൻെറ ഏതാണ്ട് മദ്ധ്യഭാഗത്ത് സ്ഥാപിക്കുക.
4. കയറും കയറുല്പന്നങ്ങളും നിർമ്മിക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ അടങ്ങുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക. വിദഗ്ധ തൊഴിലാളികൾ ഈ പ്രദേശങ്ങളിലുണ്ട്.
5. ചിരട്ടകൊണ്ട് കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിനുപുറമേ ചിരട്ടയിൽനിന്ന് ടെസ്റേ എണ്ണ, ചിരട്ടക്കരിയിൽനിന്ന് ബ്ലേക്ക് ഓക്സൈഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുക.
6. തെങ്ങിൻതടി ഉപയോഗിച്ചുള്ള ഫർണിച്ചർ നിർമ്മിക്കുന്നതിനുള്ള ഒരു സ്ഥാപനം ഏതു മേഖലയിലായാലും സ്ഥാപിക്കുന്നത് നന്നായിരിക്കും.
7. ഗൃഹോപകരണവസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ഓരോ ഫാക്ടറി രണ്ടു മേഖലകളിലായി സ്ഥാപിക്കുക. ഇതിൽ ഹോളോബ്രിക്സ്, ജനൽ, കട്ടിള, ക്രാസി, ലിൻറൽ തുടങ്ങിയ വസ്തുക്കൾ പഞ്ചായത്തിൻെറ ആവശ്യത്തിനുവേണ്ടി ഇവിടെ നിർമ്മിക്കുക.
8. ഖാദി ഗ്രാമവ്യവസായങ്ങൾ അടക്കമുള്ള കുടിൽവ്യവസായങ്ങൾക്കും, ക്ഷീരവ്യവസായസഹകരണ അടിസ്ഥാനത്തിലും സംഘടിപ്പിച്ച് ക്ഷീരകർഷകർക്കും ആശ്വാസം നല്കാം.
9. പ്ലാസ്റ്റിക് വർക്ക്സ്, റബ്ബർവർക്ക്സ്, മസാലപൊടി യൂണിറ്റ്, അച്ചാർ, സോപ്പ്, മെഴുകുതിരി, നീലം, സ്പ്രിംഗ്, സ്ക്രൂ, അലുമിനിയം ഫാബ്രിക്കേഷൻ, ഗേറ്റ്, ഗ്രിൽ, സാനിട്ടറിസാധനങ്ങൾ, നോട്ടുബുക്കുകൾ എന്നീ വ്യവസായങ്ങൾ തുടങ്ങാം. പഞ്ചായത്തിൽ നിർമ്മിക്കുന്ന വസ്തുക്കളുടെ ഷോറൂമുകൾ രണ്ടു മേഖലയിലും സ്ഥാപിച്ച് വിപണനത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.
10. വ്യവസായയൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ, ലൈസൻസുകൾ, വൈദ്യുതി കണക്ഷൻ, സാമ്പത്തിക സഹായങ്ങൾ എന്നിവ സുതാര്യമാക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

✪✧✪

## തൈക്കാട് പഞ്ചായത്തിലെ ചെറുകിട വ്യവസായ – കച്ചവട തൊഴിലാളികളുടെ എണ്ണം

| ചെറുകിട വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | കൈത്തൊഴിൽ മേഖല | തൊഴിലാളികളുടെ എണ്ണം | കച്ചവടം | തൊഴിലാളികളുടെ എണ്ണം | റിപ്പയർ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|---|---|---|
| വൈരക്കൽ | 32 | കൊപ്രസംഭരണം | 100 | ബേക്കറി | 30 | സൈക്കിൾ വർക്സ് | 24 |
| റൈസ് - ഫ്ളവർമിൽ | 14 | പപ്പടനിർമ്മാണം | 50 | പച്ചക്കറി | 30 | ഓട്ടോ വർക്ഷോപ്പ് | 18 |
| എഞ്ചിനീയറിംഗ്‌വർക്സ് | 30 | മത്സ്യവില്പന | 50 | മാർബിൾ / മൊസൈക് | 15 | ഇലക്ട്രോണിക് | 18 |
| കൊപ്രമിൽ | 20 | ആശാരിപണി | 50 | ഇലക്ട്രിക്ഷോപ്പ് | 10 | | |
| എല്ല്ശേഖരണം, സംസ്കരണം | 30 | കല്പണി | 80 | തുണിക്കടകൾ | 24 | | |
| | | കരിങ്കൽപ്പണി | 24 | ഹാർഡ്‌വെയർ | 12 | | |
| പ്ലാസ്റ്റിക്‌വ്യവസായം | 8 | കിണർവാർപ്പ് | 20 | ഹോമിയോ | 1 | | |
| മരക്കമ്പനി | 25 | ചകിരിമൂടൽ | 25 | അലോപ്പതി | 8 | | |
| പ്രിൻറിംഗ്പ്രസ്സ് | 12 | കരുവാൻപണി | 10 | ആയുർവ്വേദഷോപ്പ് | 15 | | |
| ടയർ റീസോളിംഗ് | 6 | സ്വർണ്ണപ്പണി | 10 | സ്വർണ്ണക്കട | 10 | | |
| | | | | പലചരക്ക് | 80 | | |
| | | | | സ്റ്റേഷനറി | 40 | | |
| | | | | ഹോട്ടൽ, ചായക്കട | 120 | | |

# ഗതാഗതം, ഊർജ്ജം

തൈക്കാട് ഗ്രാമപഞ്ചായത്തിന് ആവശ്യമായ വൈദ്യുതിവിതരണം ചെയ്യുന്നത് ഈ പഞ്ചായത്തിൻെറ അതിർത്തിയിലുള്ള ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന ചൊവ്വല്ലൂർപ്പടിയിലെ 110 കെ.വി. സബ്സ്റ്റേഷനിൽനിന്നാണ്. ഈ പഞ്ചായത്തിൽ ആവശ്യത്തിന് വൈദ്യുതി, സർവ്വേ പ്രകാരം കിട്ടിയ കണക്കനുസരിച്ച് 17 ട്രാൻസ്ഫോർമറുകളിൽകൂടിയാണ്. ഇവിടെയുള്ള ഊർജ്ജ ഉപയോഗത്തിൻെറ കണക്കുകൾ പരിശോധിച്ചാൽ ഗാർഹിക ആവശ്യത്തിൻെറ 86% ഉപയോഗിച്ചു വരുന്നു. അടുത്ത കാലത്ത് കാർഷികമേഖലയിൽ ഉണ്ടായ മാറ്റം കണക്കിലെടുത്താൽ 4.76% മാത്രമാണ് കൂടുതലായി ഉപയോഗിക്കുന്നത് ഈ പഞ്ചായത്തിൽ വ്യവസായശാലകൾ ഇല്ലാത്തതിനാൽ ഇപ്പോൾ ഉള്ള ചില ചെറിയ വ്യവസായശാലകളുടെ കണക്കു പരിശോധിച്ച് നോക്കിയാൽ ഇവിടെ അതിനുവേണ്ടി 1.32% വൈദ്യുതി മാത്രമാണ് ഉപയോഗിക്കുന്നത്. ഈ പഞ്ചായത്ത് അതിർത്തിയിൽ ഉള്ള വ്യാപാരശൃംഖലയുടെ കണക്ക് പരിശോധിച്ചപ്പോൾ ഇവിടെ അതിനുവേണ്ടി ഉപയോഗിക്കുന്ന വൈദ്യുതി 7.65% ആണ് എന്നു മനസ്സിലായി.

ഇവിടെ ആകെയുള്ള വീടുകളിൽ ഇപ്പോൾ വൈദ്യുതി ലഭിച്ചിട്ടുള്ളത് 74.63% ആണ്. ബാക്കി വരുന്നവരിൽ 5.60% വീട്ടുകാർ വൈദ്യുതികണക്ഷനുവേണ്ടി കാത്തിരിക്കുന്നവരാണ്. ശേഷം വരുന്ന 19.76% വീട്ടുകാരും സാമ്പത്തികമായി വരുമാനമില്ലാത്തവരും വീട് വൈദുതീകരിക്കാതെ മണ്ണെണ്ണവിളക്കിൻെറ വെളിച്ചത്തിൽ കഴിയുന്നവരാണ്.

| വൈദ്യുതിയുടെ ഉപഭോഗവിവരം | | | |
|---|---|---|---|
| മൊത്തം വീടുകളുടെ എണ്ണം | വൈദ്യുതീകരിച്ച വീടുകൾ | സൗജന്യമായി വൈദ്യുതി ലഭിച്ച വീടുകൾ | തെരുവു വിളക്കുകൾ |
| 2,960 | 2,209 | 100 | 275 |

**പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ**

| നമ്പർ | സ്ഥലം | എണ്ണം | നമ്പർ | സ്ഥലം | എണ്ണം |
|---|---|---|---|---|---|
| 1. | പാലുവായ് | 2 | 10 | കഴുമപാടം | 1 |
| 2. | മാമബസാർ | 1 | 11 | മനപ്പടി | 1 |
| 3. | ഡോബിപടി | 1 | 12 | കർണംകോട്ട | 1 |
| 4. | പഞ്ചാരമുക്ക് | 1 | 13 | ഷാർജ തിയറ്റർ | 1 |
| 5. | ചക്കുംകണ്ടം | 1 | 14 | ചൊവ്വല്ലൂർ പടി തിരിവ് | 1 |
| 6. | തെക്കൻപാലയൂർ | 1 | 15 | കെ.ബി.യം | 1 |
| 7. | പാലബസാർ | 1 | 16 | അപ്പുമാസ്റ്റർ | 1 |
| 8. | ബ്രഹ്മക്കുളം | 1 | 17 | കല്ലായിബസാർ | 1 |
| 9. | മില്ലുംപടി | 1 | | | |

ടി പഞ്ചായത്തിൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ 70% വോൾട്ടേജ്ക്ഷാമം അഭിമുഖീകരിക്കുന്നവരാണ്. ബാക്കി വരുന്നവരിൽ അധികഭാഗവും സ്റ്റെപ്പപ്പ് ഉപയോഗിച്ച് വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുന്നവരാണ്.

പീക്ക്ലോഡ് സമയത്ത് വോൾട്ടേജ് 40V ആയി കുറയുന്നു. ധാരാളം ഉപഭോക്താക്കൾ 110V ബൾബ് ഉപയോഗിക്കുന്നു. ഇവിടെ ചില സ്ഥലങ്ങളിൽ ചിമ്മിണിവിളക്കിനേക്കാൾ ചുരുങ്ങിയ വെളിച്ചമാണ് വൈദ്യുതീകരിച്ച വീടുകളിൽ ഉണ്ടാവുന്നത്. ഐ.ആർ.ഇ.പി. പ്രോജക്റ്റ് ആപ്പീസ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. അനെർട്ടിൻെറ സൗരോർജത്തിൽ പ്രവർത്തിക്കുന്ന മോട്ടോറുകളും, പുകയില്ലാത്ത അടുപ്പുകളും, കുക്കറുകളും, വാട്ടർഹീറ്ററുകളും എന്നിവ വേണ്ടത്ര രീതിയിൽ പ്രവർത്തിപ്പിച്ചാൽ ഊർജ്ജത്തിൻെറ ഭീമമായ നഷ്ടം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും.

## പ്രശ്നങ്ങളും സാദ്ധ്യതകളും:

1. ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കണം.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനോടൊപ്പം

കണക്ഷൻ ലഭിക്കാത്തവർക്ക് അതു നല്കാൻ വേണ്ട നടപടികൾ വേണം.

3. ബയോഗ്യാസ്പ്ലാൻറ് സ്ഥാപിക്കണം.

4. ഐ.ആർ.ഇ.പി. (സംയോജിത ഗ്രാമീണ ഊർജ്ജ ആസൂത്രണപദ്ധതി) പ്രോജക്റ്റ് ഓഫീസ് ഈ പഞ്ചായത്തിൽ ഉടൻ ആരംഭിക്കണം.

5. ഈ പഞ്ചായത്തിൽ അടുത്ത 5 വർഷത്തിനുള്ളിൽ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുവാനുള്ള പദ്ധതി തയ്യാറാക്കണം.

6. ദക്ഷത കൂടിയ പുകയേല്ക്കാത്ത അടുപ്പുകൾ വീടുകൾ തോറും സ്ഥാപിക്കുക.

## ഗതാഗതം

ഈ പഞ്ചായത്തിൽക്കൂടി പോകുന്ന തൃശൂർ - ഗുരുവായൂർ പി.ഡബ്ല്യു.ഡി. റോഡ് ഗുരുവായൂർ മുനിസിപ്പാലിറ്റിയുമായും ചാവക്കാട് - മുള്ളൂർകായൽ റോഡ് ചാവക്കാട് മുനിസിപ്പാലിറ്റിയുമായും ഈ പഞ്ചായത്തിനെ ബന്ധിപ്പിച്ചിരിക്കുന്നു. ഏകദേശം 12 കി.മീ. ദൂരം പി.ഡബ്ല്യു.ഡി. റോഡ് ഈ പഞ്ചായത്തിൽ ഉണ്ട്. ഇതുകൂടാതെ, പഞ്ചായത്തിൻെറ കീഴിൽ 32 കി.മീ. റോഡ് ഉണ്ട്. ഇതിൽ 18 കി.മീ. ടാർ ചെയ്തതും 2 കി.മീ. മെറ്റൽ ചെയ്തതും ബാക്കിവരുന്ന 12 കി.മീ. മൺറോഡുകളുമാണ്. സ്വകാര്യ ബസ്സുകളും, കെ.എസ്.ആർ.ടി.സി. ബസ്സുകളും സർവ്വീസ് നടത്തി പല ഭാഗങ്ങളുമായും ഈ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു. ഈ പഞ്ചായത്തിൽ ഏകദേശം 2 കി.മീ ദൂരം ഗുരുവായൂർ - തൃശൂർ റെയിൽപ്പാത കടന്നുപോകുന്നുണ്ട്. എന്നാൽ ഈ ചെറിയ ദൂരത്തിനുള്ളിൽ 2 ലെവർക്രോസ്സുണ്ട്. ഈ 2 ക്രോസ്സിൽ ബ്രഹ്മക്കുളം, കോതക്കുളങ്ങര റോഡിൽ ഉള്ള ക്രോസ്സിൽ എത്രയുംപെട്ടെന്ന് റെയിൽവേഗേറ്റ് ഉണ്ടാക്കുവാനുള്ള തീരുമാനം പഞ്ചായത്ത്കമ്മിറ്റി എടുക്കണം. ഇതിനായി പാർലമെൻറ് മെമ്പറെ നേരിൽ കണ്ട് പഞ്ചായത്ത് റസലൂഷൻ സമർപ്പിച്ച് സമ്മർദ്ദം ചെലുത്തണം. ഈ പഞ്ചായത്തിൽക്കൂടി വളരെയധികം ബസ്സർവ്വീസുകൾ നടത്തുന്നുണ്ട് എങ്കിലും ഉൾഭാഗങ്ങളിൽ സർവ്വീസ് ഒന്നുംതന്നെയില്ല. പഞ്ചായത്തിൽ ബ്രഹ്മക്കുളം ഭാഗത്ത് സ്ഥിതിചെയ്യുന്ന ഹൈസ്ക്കൂളിലേക്ക് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം കുറവാണ്. ഇവിടെ ജില്ലയിലെ പല ഭാഗത്തുനിന്ന് വിദ്യാർത്ഥികൾ പഠിക്കുവാൻ എത്തിച്ചേരുന്നുണ്ട്. എന്നാൽ സ്ക്കൂൾ സമയത്ത് ബസ്സൗകര്യം ഇല്ലാത്തതിനാൽ ഏകദേശം മൂന്നുനാല് കി.മീ. ദൂരം നടന്നാണ് വിദ്യാർത്ഥികൾ എത്തിച്ചേരുന്നത്. ആയതിനാൽ സ്ക്കൂൾ സമയത്തെങ്കിലും ഒന്നോ രണ്ടോ ബസ്സുകൾക്ക് സ്പെഷ്യൽ പെർമിറ്റ് കൊടുക്കുവാൻ കഴിയുമോ എന്ന് ആർ.ടി.ഒ.യെ ബന്ധപ്പെട്ട് അതിനുള്ള ഒരു പരിഹാരം കണ്ടെത്തണം. ഒരിക്കൽ ടാറിംഗ് കഴിഞ്ഞ റോഡുകൾക്ക് പിന്നീട് അറ്റകുറ്റപ്പണികൾ നടത്തുവാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം പഞ്ചായത്തിന് കഴിയാതെ വരുന്നു. മഴക്കാലമായാൽ ഈ പഞ്ചായത്തിലെ എല്ലാ റോഡുകളും നടക്കാൻകൂടി കഴിയാതെയാകുന്നു. ശരിയായ കാനകൾ ഇല്ലാത്തതും വൃത്തിയാക്കിയ കാനകൾ അടയുന്നതും ഇതിന് കാരണമാണ്. പല സ്ഥലങ്ങളിലും വേണ്ടത്ര രീതിയിലുള്ള റോഡുകൾ ഇല്ല. വളരെ വീതികുറഞ്ഞ റോഡുകളാണ് പലതും. പഞ്ചായത്തിൽ ഓട്ടോറിക്ഷകൾ, ടാക്സികാറുകൾ, ടെമ്പോ സർവ്വീസുകൾ എന്നിവ പാർക്കു ചെയ്യുന്നതിനുള്ള സ്റ്റാൻറുകളില്ല. അതിനാൽ തിരക്കേറിയ മാർക്കറ്റുകളിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മേല്പറഞ്ഞ കാര്യങ്ങളിലെല്ലാം ശ്രദ്ധയൂന്നിക്കൊണ്ട് പഞ്ചായത്ത് ഭരണസമിതി പ്രവർത്തിക്കണം. അതുപോലെ ഈ പഞ്ചായത്തിലെ ജനങ്ങളും അതിനോടൊപ്പം സഹകരിക്കണം.

ടി പഞ്ചായത്തിൻെറ ബ്രഹ്മക്കുളം - കോതകുളങ്ങര റോഡും പുതുശ്ശേരിപാടം റോഡും പൊതുമ രാമത്ത്വകുപ്പിന് കൈമാറേണ്ടതാണ്. ഈ റോഡുകളിൽക്കൂടി ബസ്സർവ്വീസ് ആരംഭിക്കണം. മണ്ണുത്തി - തിരുവത്ര രാജപാത ഈ പഞ്ചായത്തിൽക്കൂടി കടന്നുപോയാൽ അത് വളരെ ഗുണംചെയ്യും. ഇതിനെല്ലാം പഞ്ചായത്ത് ഭരണസമിതി വേണ്ടത്ര ശ്രദ്ധിക്കണം. ഇപ്പോൾ ടാർ ചെയ്തിട്ടുള്ള റോഡുകളിൽ വെള്ളം ഒഴുകിപ്പോകുന്നത് മിക്ക സ്ഥലങ്ങളിലും വാർപ്പുകൊണ്ടുള്ള ഓവുകൾ വഴിയാണ്. ലോറികളിലും മറ്റും കയറ്റിവരുന്ന ഭാരം താങ്ങാനാവാതെ ഓവുകൾ ഉടഞ്ഞ് റോഡുകൾ സഞ്ചാരയോഗ്യമല്ലാതെയാകുകയാണ്. അതെടുത്തുമാറ്റി അവിടെ കൾവർട്ടുകൾ സ്ഥാപിക്കണം. പുതുതായി ടാർ ചെയ്യുന്ന എല്ലാ റോഡുകളും ഇരുഭാഗത്തും ഒരടി വീതിയിൽ കാന ഉണ്ടാക്കണം. അല്ലാതെ റോഡ് ടാർ ചെയ്യുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. എല്ലാ വർഷവും മഴയാരംഭിക്കുന്നതിനുമുമ്പ് കാനകൾ വൃത്തിയാക്കണം. കഴിയുമെങ്കിൽ റോഡിൻെറ ഇരുഭാഗത്തും കാന വാർക്കുന്നത് നന്നായിരിക്കും.

## പ്രശ്നങ്ങളും സാദ്ധ്യതകളും:

### വാർഡ് 1

1. ചൊവ്വല്ലൂർപടി ലക്ഷംവീട് കോളനിയിലേക്കുള്ള റോഡ് ശരിയാക്കണം.
2. പെരിങ്ങര പാടത്ത് പുതിയ റോഡ് നിർമ്മിക്കണം.
3. ഷാർജ തിയേറ്റർ റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.
4. മഹാത്മാഗാന്ധി റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
5. ബ്രഹ്മക്കുളം റോഡിൽനിന്ന് കെ.ബി.എം. റോഡിലേക്കുള്ള ലിങ്ക് റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.
6. കഴുമലൂർ ക്ഷേത്രറോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

### വാർഡ് 2

7. മേയ്ക്കക്കുളം - മന റോഡ് വീതികൂട്ടി, മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
8. ഡിസ്പെൻസറി - മഞ്ഞിക്കര റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.

9. മണിക്കര - ലിങ്ക്റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

10. ശ്മശാനംറോഡ് അടിയന്തിരമായി സഞ്ചാരയോഗ്യമാക്കണം.

വാർഡ് 3

11. ആല്മാവ് - ശിവക്ഷേത്രം റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.

12. കിഴ്യര കോർണർ - ബ്രഹ്മക്കുളം റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

13. പ്രിയദർശിനി റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.

14. കിസാൻറോഡും എളവള്ളി പഞ്ചായത്തിലുള്ള റോഡും തമ്മിൽ ബന്ധിപ്പിക്കണം.

വാർഡ് 4

15. ബ്രഹ്മക്കുളം - കോതകുളങ്ങര റോഡ് കാന കീറുകയും വശങ്ങൾ കെട്ടി റീടാർ ചെയ്യണം.

16. നെന്മിനി റോഡിൽനിന്ന് ലിങ്ക്റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം. ആവശ്യമായ പാലം പണിയണം.

17. പാലാബസാർ - നെന്മിനി റോഡും, ഞാർക്കോലി റോഡും ആയി പുതിയ ലിങ്ക്റോഡ് ഉണ്ടാക്കണം.

18. വിളക്കാട് പാടത്ത് ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തേക്കുള്ള അംബേദ്കർ റോഡ് ശരിയാക്കണം.

19. ലക്ഷംവീട് കോളനികളിലേക്കുള്ള റോഡ് ടാർ ചെയ്യണം.

വാർഡ് 5

20. ഭഗവാൻറോഡ് ശരിയാക്കണം.

21. ലക്ഷംവീട് കോളനിയിലേക്ക് റോഡ് ഉണ്ടാക്കണം.

22. പാലുവായ് മഠത്തിന്റെ സമീപത്തുനിന്ന് ആരംഭിക്കുന്ന പെരുമ്പായിപ്പടി റോഡ് പൂർത്തീകരിക്കണം.

23. റെയിലിന് പാരലൽ ആയി നെന്മിനിയിലേക്ക് പുതിയ റോഡ് ഉണ്ടാക്കണം.

വാർഡ് 6

24. ചിറ്റാട ലിങ്ക്റോഡ് പാലം മുഖേന ഗുരുവായൂർ മുനിസിപ്പാലിറ്റി റോഡുമായി ബന്ധിപ്പിക്കണം.

25. ചിറ്റാട ലിങ്ക്റോഡ് കല്ലായിബസാർ റോഡുമായി ബന്ധിപ്പിച്ച് പാലം നിർമ്മിക്കണം.

26. സ്വപ്ന റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

27. ഹരിജൻ റോഡ് കല്ലായി ബസാർ റോഡുമായി ബന്ധിപ്പിക്കണം..

28. പാലുവായ് മഠം - പുതുശ്ശേരിപ്പാടം റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.

വാർഡ് 7

29. കല്ലായിബസാറിൽനിന്ന് ചക്കുംകണ്ടം ഭാഗത്തേക്ക് രാമകുളങ്ങര ക്ഷേത്രംവരെ എത്തിനില്ക്കുന്ന റോഡിന്റെ പണി പൂർത്തീകരിക്കണം.

30. മാമബസാർ - ചക്കുംകണ്ടം റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.

വാർഡ് 8

31. മസ്ജിദ് റോഡിന്റെ രണ്ടറ്റത്തും നെയിംബോർഡു വയ്ക്കണം.

32. മസ്ജിദ് റോഡിൽ ഉള്ള നിലംപതി മാറ്റി കൾവർട്ട് പണിയണം.

33. മസ്ജിദ് റോഡിൽനിന്ന് പാവറട്ടി പഞ്ചായത്തിന്റെ അതിർത്തിയിലേക്കുള്ള റോഡിന്റെ മുടങ്ങിക്കിടക്കുന്ന പണി എത്രയുംപെട്ടെന്ന് നടത്തണം.

34. ഈ വാർഡിന്റെ പടിഞ്ഞാറുഭാഗത്ത് പുതിയ റോഡ് നിർമ്മിക്കണം.

പേരുകളില്ലാത്ത റോഡുകൾക്ക് പേരിടുകയും റോഡുകളിൽ നെയിംബോർഡുകൾ സ്ഥാപിക്കുകയും വേണം. ഈ പഞ്ചായത്തിന്റെ എല്ലാ അതിർത്തികളിലും പഞ്ചായത്തിന്റെ പേരും പഞ്ചായത്തിന്റെ വിസ്തീർണവും ബോർഡിൽ നിർമ്മിക്കണം. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സ്ക്കൂളുകളുടെ പരിസരത്ത് റോഡിൽ ഹംപ് നിർമ്മിക്കണം. സ്ക്കൂൾ എന്ന സിഗ്നൽ വെയ്ക്കുകയും വേണം. നെന്മിനി മുതൽ വിളക്കാട്ടുപാടം റെയിൽവേ ക്രോസ്സുവരെ റെയിൽനിർമ്മാണംമൂലം റോഡുകൾക്കും വഴികൾക്കും ഉണ്ടായിട്ടുള്ള തടസ്സങ്ങൾക്ക് പകരം സംവിധാനം ഉണ്ടാക്കണം.

പഞ്ചായത്തിലുള്ള പി.ഡബ്ല്യു.ഡി., പുറമ്പോക്കും, പഞ്ചായത്ത് റോഡുകളും പല സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിട്ടുള്ളതായി അറിയുന്നു. അത് സർവ്വേ നടത്തി സംരക്ഷിക്കുന്നതിന് പഞ്ചായത്ത് മുൻകൈയെടുക്കണം. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളായ ചൊവ്വല്ലൂർപ്പടി, പാലാബസാർ, മാമാബസാർ, പഞ്ചാരമുക്ക്, മസ്ജിദ് റോഡ് എന്നിവിടങ്ങളിൽ പഞ്ചായത്ത്വക ബസ്സ്റ്റോപ്പുകൾ നിർമ്മിക്കണം.

കണക്ഷൻ ലഭിക്കാത്തവർക്ക് അതു നല്കാൻ വേണ്ട നടപടികൾ വേണം.

3. ബയോഗ്യാസ്പ്ലാൻറ് സ്ഥാപിക്കണം.

4. ഐ.ആർ.ഇ.പി. (സംയോജിത ഗ്രാമീണ ഊർജ്ജ ആസൂത്രണപദ്ധതി) പ്രോജക്റ്റ് ഓഫീസ് ഈ പഞ്ചായത്തിൽ ഉടൻ ആരംഭിക്കണം.

5. ഈ പഞ്ചായത്തിൽ അടുത്ത 5 വർഷത്തിനുള്ളിൽ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുവാനുള്ള പദ്ധതി തയ്യാറാക്കണം.

6. ദക്ഷത കൂടിയ പുകയേല്ക്കാത്ത അടുപ്പുകൾ വീടുകൾ തോറും സ്ഥാപിക്കുക.

## ഗതാഗതം

ഈ പഞ്ചായത്തിൽക്കൂടി പോകുന്ന തൃശൂർ - ഗുരുവായൂർ പി.ഡബ്ല്യു.ഡി. റോഡ് ഗുരുവായൂർ മുനിസിപ്പാലിറ്റിയുമായും ചാവക്കാട് - മുള്ളൂർകായൽ റോഡ് ചാവക്കാട് മുനിസിപ്പാലിറ്റിയുമായും ഈ പഞ്ചായത്തിനെ ബന്ധിപ്പിച്ചിരിക്കുന്നു. ഏകദേശം 12 കി.മീ. ദൂരം പി. ഡബ്ല്യു.ഡി. റോഡ് ഈ പഞ്ചായത്തിൽ ഉണ്ട്. ഇതുകൂടാതെ, പഞ്ചായത്തിൻെറ കീഴിൽ 32 കി.മീ. റോഡ് ഉണ്ട്. ഇതിൽ 18 കി.മീ. ടാർ ചെയ്തതും 2 കി.മീ. മെറ്റൽ ചെയ്തതും ബാക്കിവരുന്ന 12 കി.മീ. മൺറോഡുകളുമാണ്. സ്വകാര്യ ബസ്സുകളും, കെ.എസ്.ആർ.ടി.സി. ബസ്സുകളും സർവ്വീസ് നടത്തി പല ഭാഗങ്ങളുമായും ഈ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു. ഈ പഞ്ചായത്തിൽ ഏകദേശം 2 കി.മീ ദൂരം ഗുരുവായൂർ - തൃശൂർ റെയിൽപ്പാത കടന്നുപോകുന്നുണ്ട്. എന്നാൽ ഈ ചെറിയ ദൂരത്തിനുള്ളിൽ 2 ലെവർക്രോസ്സുണ്ട്. ഈ 2 ക്രോസ്സിൽ ബ്രഹ്മക്കുളം, കോതക്കുളങ്ങര റോഡിൽ ഉള്ള ക്രോസ്സിൽ എത്രയുംപെട്ടെന്ന് റെയിൽവേഗേറ്റ് ഉണ്ടാക്കുവാനുള്ള തീരുമാനം പഞ്ചായത്ത്കമ്മിറ്റി എടുക്കണം. ഇതിനായി പാർലമെൻറ് മെമ്പറെ നേരിൽ കണ്ട് പഞ്ചായത്ത് റസലൂഷൻ സമർപ്പിച്ച് സമ്മർദ്ദം ചെലുത്തണം. ഈ പഞ്ചായത്തിൽക്കൂടി വളരെയധികം ബസ്സർവ്വീസുകൾ നടത്തുന്നുണ്ട് എങ്കിലും ഉൾഭാഗങ്ങളിൽ സർവ്വീസ് ഒന്നുംതന്നെയില്ല. പഞ്ചായത്തിൽ ബ്രഹ്മക്കുളം ഭാഗത്ത് സ്ഥിതിചെയ്യുന്ന ഹൈസ്ക്കൂളിലേക്ക് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം കുറവാണ്. ഇവിടെ ജില്ലയിലെ പല ഭാഗത്തുനിന്ന് വിദ്യാർത്ഥികൾ പഠിക്കുവാൻ എത്തിച്ചേരുന്നുണ്ട്. എന്നാൽ സ്ക്കൂൾ സമയത്ത് ബസ്സൗകര്യം ഇല്ലാത്തതിനാൽ ഏകദേശം മൂന്നുനാല് കി.മീ. ദൂരം നടന്നാണ് വിദ്യാർത്ഥികൾ എത്തിച്ചേരുന്നത്. ആയതിനാൽ സ്ക്കൂൾ സമയത്തെങ്കിലും ഒന്നോ രണ്ടോ ബസ്സുകൾക്ക് സ്പെഷ്യൽ പെർമിറ്റ് കൊടുക്കുവാൻ കഴിയുമോ എന്ന് ആർ.ടി.ഒ.യെ ബന്ധപ്പെട്ട് അതിനുള്ള ഒരു പരിഹാരം കണ്ടെത്തണം. ഒരിക്കൽ ടാറിംഗ് കഴിഞ്ഞ റോഡുകൾക്ക് പിന്നീട് അറ്റകുറ്റപ്പണികൾ നടത്തുവാൻ സാമ്പത്തികബുദ്ധിമുട്ടുകൾമൂലം പഞ്ചായത്തിന് കഴിയാതെ വരുന്നു. മഴക്കാലമായാൽ ഈ പഞ്ചായത്തിലെ എല്ലാ റോഡുകളും നടക്കാൻകൂടി കഴിയാതെയാകുന്നു. ശരിയായ കാനകൾ ഇല്ലാത്തതും വൃത്തിയാക്കിയ കാനകൾ അടയുന്നതും ഇതിന് കാരണമാണ്. പല സ്ഥലങ്ങളിലും വേണ്ടത്ര രീതിയിലുള്ള റോഡുകൾ ഇല്ല. വളരെ വീതികുറഞ്ഞ റോഡുകളാണ് പലതും. പഞ്ചായത്തിൽ ഓട്ടോറിക്ഷകൾ, ടാക്സികാറുകൾ, ടെമ്പോ സർവ്വീസുകൾ എന്നിവ പാർക്കു ചെയ്യുന്നതിനുള്ള സ്റ്റാൻറുകളില്ല. അതിനാൽ തിരക്കേറിയ മാർക്കറ്റുകളിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മേല്പറഞ്ഞ കാര്യങ്ങളിലെല്ലാം ശ്രദ്ധയൂന്നിക്കൊണ്ട് പഞ്ചായത്ത് ഭരണസമിതി പ്രവർത്തിക്കണം. അതുപോലെ ഈ പഞ്ചായത്തിലെ ജനങ്ങളും അതിനോടൊപ്പം സഹകരിക്കണം.

ടി പഞ്ചായത്തിൻെറ ബ്രഹ്മക്കുളം - കോതകുളങ്ങര റോഡും പുതുശ്ശേരിപാടം റോഡും പൊതുമ രാമത്ത്വകുപ്പിന് കൈമാറേണ്ടതാണ്. ഈ റോഡുകളിൽക്കൂടി ബസ്സർവ്വീസ് ആരംഭിക്കണം. മണ്ണുത്തി - തിരുവത്ര രാജപാത ഈ പഞ്ചായത്തിൽക്കൂടി കടന്നുപോയാൽ അത് വളരെ ഗുണംചെയ്യും. ഇതിനെല്ലാ ം പഞ്ചായത്ത് ഭരണസമിതി വേണ്ടത്ര ശ്രദ്ധിക്കണം. ഇപ്പോൾ ടാർ ചെയ്തിട്ടുള്ള റോഡുകളിൽ വെള്ളം ഒഴുകിപ്പോകുന്നത് മിക്ക സ്ഥലങ്ങളിലും വാർപ്പുകൊണ്ടുള്ള ഓവുകൾ വഴിയാണ്. ലോറികളിലും മറ്റും കയറ്റിവരുന്ന ഭാരം താങ്ങാനാവാതെ ഓവുകൾ ഉടഞ്ഞ് റോഡുകൾ സഞ്ചാരയോഗ്യമല്ലാതെയാകുകയാണ്. അതെടുത്തുമാറ്റി അവിടെ കൾവർട്ടുകൾ സ്ഥാപിക്കണം. പുതുതായി ടാർ ചെയ്യുന്ന എല്ലാ റോഡുകളും ഇരുഭാഗത്തും ഒരടി വീതിയിൽ കാന ഉണ്ടാക്കണം. അല്ലാതെ റോഡ് ടാർ ചെയ്യുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. എല്ലാ വർഷവും മഴയാരംഭിക്കുന്നതിനുമുമ്പ് കാനകൾ വൃത്തിയാക്കണം. കഴിയുമെങ്കിൽ റോഡിൻെറ ഇരുഭാഗത്തും കാന വാർക്കുന്നത് നന്നായിരിക്കും.

### പ്രശ്നങ്ങളും സാദ്ധ്യതകളും:

**വാർഡ് 1**

1. ചൊവ്വല്ലൂർപടി ലക്ഷംവീട് കോളനിയിലേക്കുള്ള റോഡ് ശരിയാക്കണം.
2. പെരിങ്ങര പാടത്ത് പുതിയ റോഡ് നിർമ്മിക്കണം.
3. ഷാർജ തിയേറ്റർ റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.
4. മഹാത്മാഗാന്ധി റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
5. ബ്രഹ്മക്കുളം റോഡിൽനിന്ന് കെ.ബി.എം. റോഡിലേക്കുള്ള ലിങ്ക് റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.
6. കഴുമലൂർ ക്ഷേത്രറോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

**വാർഡ് 2**

7. മേയ്ക്കക്കുളം - മന റോഡ് വീതികൂട്ടി, മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
8. ഡിസ്പെൻസറി - മഞ്ഞിക്കര റോഡ് മെറ്റൽ ചെയ്ത് ടാർ ഇടണം.

പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സുമാർ 200-ഓളം തൊഴിലാളികൾ കടത്തിണ്ണകളിൽ അന്തിയുറങ്ങുകയും മറ്റ് ആവശ്യങ്ങൾ വഴിവക്കുകളിലും മറ്റും നിർവ്വഹിച്ചു വരുന്നതുമൂലം പരിസരമലിനീകരണപ്രശ്നങ്ങൾ സംജാതമാകുന്നുണ്ട്. നല്ല വരുമാനമാർഗ്ഗമുള്ള ഒരു വിഭാഗം ആകയാൽ അവർക്ക് അടിസ്ഥാനാവശ്യങ്ങൾക്ക് സൗകര്യം ചെയ്ത് കൊടുക്കുന്നതിനുവേണ്ടി വാടകയിനത്തിലും മറ്റും പണം സമാഹരിക്കാവുന്നതാണ്. പഞ്ചായത്ത് സ്ഥലങ്ങളിൽ താത്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്തുകവഴി ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. ഇതിന് ചെലവാകുന്ന സംഖ്യ തിരിച്ചുവരികയും ചെയ്തുകൊണ്ടിരിക്കും.

സർക്കാരിൽനിന്ന് ആനുകൂല്യങ്ങൾ ലഭിച്ചുകഴിഞ്ഞ വ്യക്തികൾ കാലക്രമത്തിൽ വീടുകൾ വില്പന നടത്തി വിലകുറവുള്ള പാടങ്ങളും താഴ്ന്ന പ്രദേശങ്ങളും ഭവനനിർമ്മാണത്തിന് ഉപയോഗിച്ചുവരുന്നുണ്ട്. മഴക്കാലത്ത് ഈ പ്രദേശങ്ങൾ വെള്ളം കെട്ടിനിന്ന് പുറത്തിറങ്ങുന്നതിനുപോലും സാധിക്കാതെ വരുന്നു. 1,2,4,5,7 എന്നീ വാർഡുകളിൽ ഈ ഉപദ്രവം കൂടുതൽ കാണുന്നു. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ പുരയിടങ്ങൾ മണ്ണിട്ടു നികത്തുന്നതിനും വെള്ളം ഒഴിഞ്ഞുപോകുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഒരു സർവ്വേ നടത്തി ഇങ്ങനെയുള്ള പ്രദേശങ്ങൾ കണ്ടെത്തി നിവാരണമാർഗ്ഗങ്ങൾ നടത്തേണ്ടതാണ്. കാലാകാലങ്ങളിലായി തരിശു ഭൂമികളായി കിടക്കുന്ന സ്ഥലങ്ങൾ സർവ്വേ നടത്തി കണ്ടുപിടിച്ച് ഭവനനിർമ്മാണപദ്ധതികൾക്കായി അവ വിലയ്ക്കെടുക്കുവാൻ ഒരു പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്. അതുപോലെതന്നെ ഗതാഗതസൗകര്യമില്ലാത്ത ഉൾപ്രദേശങ്ങളിൽ കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭ്യമാകുന്നതാണ്. അങ്ങിനെയുള്ള പ്രദേശങ്ങളിലേക്ക് പുതിയ വഴികളും മറ്റും ഏർപ്പെടുത്തി ഭവനനിർമ്മാണത്തിന് വിനിയോഗിക്കാവുന്നതാണ്.

കെട്ടിടനിർമ്മാണവസ്തുക്കൾ പഞ്ചായത്തിനുള്ളിൽതന്നെ രണ്ടോ മൂന്നോ മേഖലകളിൽ നിർമ്മിക്കുന്നതിനുള്ള നിർമ്മിതികേന്ദ്രങ്ങൾ പഞ്ചായത്ത് നിയന്ത്രണത്തിൽ ഏർപ്പെടുത്തണം. 200 പേർക്ക് വിവിധ തുറകളിൽ ഇതുമൂലം സ്ഥിരംതൊഴിലുകൾ ലഭിക്കുന്നതാണ്. മാത്രമല്ല, മെച്ചപ്പെട്ട സേവനവും ചെലവുകുറഞ്ഞ നിർമ്മാണരീതികൾ പ്രത്യേകിച്ച് പരമ്പരാഗത വാസ്തുശില്പരീതികളും നിലനിർത്തിക്കൊണ്ടുപോകാൻ ഇത് സഹായകമാകുന്നു.

നിർമ്മിതികേന്ദ്രങ്ങളിൽത്തന്നെ കെട്ടിട മെയിൻറനൻസിനുള്ള ഒരു വിഭാഗം ഏർപ്പെടുത്തിയാൽ മെച്ചപ്പെട്ട സർവ്വീസും ചുരുങ്ങിയ ചെലവിലും ഇവ നടത്താവുന്നതാണ്. ഈ രംഗത്ത് ചുരുങ്ങിയത് 60 പേർക്ക് തൊഴിലവസരമുണ്ടാക്കാം. പുതിയ വീടുകൾ അതിനു ചേർന്ന ഡിസൈനിൽ പുരയിടത്തിനു ചുറ്റും കോൺക്രീറ്റ് മതിലുകൾ തീർത്തതിനുശേഷമേ പണി അവസാനിപ്പിക്കുന്നുള്ളു. ഇത് പല പരിസ്ഥിതിപ്രശ്നങ്ങൾക്കും കാരണമാകുന്നതുമാണ്. വമ്പിച്ച നിർമ്മാണച്ചെലവും നേരിടേണ്ടിവരുന്നു. പുരയിടത്തിന് മുൻവശത്തുമാത്രം മതിൽ നിർമ്മിച്ച് മറ്റ് മൂന്നു ഭാഗങ്ങളിലും ജൈവവേലികൊണ്ട് സംരക്ഷിക്കുന്നതിനുള്ള പ്രേരണ എല്ലാവരിലും ചെലുത്തുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതുമൂലം പുരയിടത്തിലേക്കാവശ്യമായ പച്ചിലവളം, ശുദ്ധവായു എന്നിവ കാലാകാലം ലഭിക്കുകയും ചെയ്യും.

ഭവനനിർമ്മാണരംഗത്ത് ദുർവ്യയം വർദ്ധിച്ചുവരികയാണ്. ആർഭാടവും നിയന്ത്രണാധീനമായി കണ്ടുവരുന്നു. ഇതിന് കടിഞ്ഞാണിടേണ്ടത് അത്യാവശ്യമാണ്. പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാം വേണമെന്ന് ചിന്തിക്കാം.

1. ഭാവിയിൽ നിർമ്മിക്കുന്ന 600 സ്ക്വയർ ഫീറ്റിന് താഴെയുള്ള ഓടുമേഞ്ഞ പുരകൾക്ക് നികുതിയിളവ് പ്രഖ്യാപിക്കുക.
2. 1,000 സ്ക്വയർ ഫീറ്റിനുമുകളിൽ വരുന്ന കെട്ടിടങ്ങളുടെ പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്ത് അംഗീകരിക്കുകയും എസ്റ്റിമേറ്റിൻെറ 5% പഞ്ചായത്ത് ഭവനനിർമ്മാണ സെസ് ഇനത്തിലേക്ക് ചുമത്തുകയും ചെയ്യുക.
3. നിലവിലുള്ള വീടുകൾ പലതും നികുതി ഈടാക്കാത്തവയായുണ്ട്. അവ കണ്ടുപിടിച്ച് നികുതി ഈടാക്കുവാൻ വ്യവസ്ഥ ചെയ്യണം.
4. ഈ രീതിയിലുള്ള ഒരു സർവ്വേ നിലവിലുള്ള പീടികമുറികളുടെ കാര്യത്തിലും നടത്തി ടാക്സ് ചുമത്താത്തവർക്ക് നികുതി ചുമത്തുവാൻ വ്യവസ്ഥ ചെയ്യണം.
5. ലൈസൻസുകൾ പുതുക്കുമ്പോൾ പഞ്ചായത്ത് ഭവനനിർമ്മാണഫണ്ടിലേക്ക് 10% ടാക്സ് ചുമത്തുക.
6. വിനോദനികുതി ഇനത്തിലും നഷ്ടപ്പെടുവാൻ ഇടയുള്ളവ പരിശോധിച്ച് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. വിവിധ തുറകളിലുള്ള അധികവരുമാനം ഭവനനിർമ്മാണപദ്ധതിക്ക് ആക്കം കൂട്ടുകയും ചെയ്യും.

## സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ ജനസാന്ദ്രത 1996 വർഷത്തിൽ 2,000 ത്തിനു മുകളിലായി. ജനസംഖ്യ ഏകദേശം 16,430. ഇവർ 2,960 ഭവനങ്ങളിലായി താമസിച്ചുവരുന്നു. ഇവരിൽ 918 കുടുംബങ്ങൾ (സുമാർ 35%) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളാണ്. സാമ്പത്തികദൗർബല്യങ്ങൾപോലെ സാമൂഹ്യമേഖലയിലും ഇവർ വളരെയേറെ പിന്നിലാണ്. അയിത്താചരണങ്ങൾ തുടങ്ങിയ ഹീന പ്രവൃത്തികളിൽനിന്ന് മുക്തരായെങ്കിലും ഇന്നും പൊതുവേദികളിൽ അവർക്കുവേണ്ട പ്രാതിനിധ്യം ലഭിക്കുന്നില്ല. വിദ്യാഭ്യാസരംഗത്താണെങ്കിൽ മറ്റുള്ളവരോടൊപ്പം എത്തുന്നതിനുള്ള ഗാർഹികസാഹചര്യങ്ങളും അവർക്ക് ലഭ്യമായിട്ടില്ല.

നാളിതുവരെയായി ഈ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതികളിൽ 134 പേർക്കാണ് ധനസഹായം ലഭിച്ചത്. 6.75 % മാത്രം. ഇതിൽ 90 കുടുംബങ്ങൾ പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾമൂലം 79 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തി എന്നതാണ് ഒരു ഏകദേശ കണക്ക്. ബാക്കി 839 ഭവനങ്ങൾ (93.25%) ഇന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന വസ്തുത തികച്ചും ലജ്ജാവഹമാണ്. ഇത്രയും ഭവനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തുന്നതിനുള്ള ഒരു തീവ്രയത്നപരിപാടിയാണ് 9-ാം പദ്ധതിയിൽ നാം ലക്ഷ്യമാക്കേണ്ടത്.

ഈ വിഭാഗങ്ങൾക്ക് തൊഴിലിൽ പരിശീലനം നല്കി പുനരധിവസിപ്പിക്കുന്നതിനുള്ള 'ട്രൈസം' 'DWCRA' എന്നീ പദ്ധതികളും നാമമാത്രമായേ ഈ പഞ്ചായത്തിൽ പ്രചാരത്തിൽ എത്തിയിട്ടുള്ളൂ. ട്രയസത്തിൽ 29 പേർക്ക് പരിശീലനം നല്കിയതിൽ 16 പേർ സ്വയംതൊഴിൽ കണ്ടെത്തിയതായും 5 പേർ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടതായും 8 പേർ പൂർവ്വസ്ഥിതിയിൽത്തന്നെ അവശേഷിക്കുന്നു. 'DWCRA' സംരംഭമാണെങ്കിൽ കേവലം 10 പേർക്ക് പാർട് ടൈം തൊഴിൽ നല്കുന്ന ഒരു പലഹാരയൂണിറ്റിൽമാത്രം ഒതുങ്ങി നില്ക്കുന്നു. എല്ലാ വാർഡുകളിലും **മഹിളായൂണിറ്റുകൾ** സംഘടിപ്പിച്ച് നിത്യോപയോഗവസ്തുക്കളുടെയും ഉപഭോഗവസ്തുക്കളുടെയും ഉല്പാദനവിപണനംവഴി 200 ഭവനങ്ങൾക്ക് തൊഴിൽസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ട്രൈസം സ്കീം അനുസരിച്ച് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് പരിശീലനം നല്കുന്നതിനുള്ള സൗകര്യങ്ങൾ പാർപ്പിടസ്കീമുകളിൽ പ്രതിപാദിച്ചിട്ടുള്ള **3 നിർമ്മിതികേന്ദ്രങ്ങൾ** വഴി നടത്തേണ്ടതാണ്. ആശാരിപ്പണി, മേസൻ, മെയിൻറനൻസുപണികൾ, തറപണി, നിലംപണി, കരുവാൻപണി എന്നിവകൾക്ക് വർഷത്തിൽ ആവശ്യം വരുന്ന 100 - 150 ജോലിക്കാരെ ഇതുവഴി പരിശീലിപ്പിച്ചെടുത്ത് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാം.

അർഹരായവരെ പ്രത്യേകിച്ച്, പട്ടികജാതി - പട്ടികവർഗ ഗുണഭോക്താക്കളെ കണ്ടുപിടിച്ച് വിവിധ തുറകളിൽ സ്വയംതൊഴിൽ കണ്ടുപിടിക്കുന്നതിനുള്ള വ്യവസായസംരംഭങ്ങൾ കൂട്ടായും വ്യക്തിപരമായും നടത്തുന്നതിനുള്ള **'മിനിവ്യവസായ യൂണിറ്റ്'** പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് സ്ഥാപിക്കുക. 100 പേർക്ക് വിവിധ തുറകളിൽ ഇവിടെ തൊഴിൽസാദ്ധ്യതകൾ ഉണ്ടാക്കാം. പാരമ്പര്യതൊഴിലുകളായ കൊട്ട, പനമ്പുനെയ്ത്ത്, തഴപ്പായ നെയ്ത്ത് തുടങ്ങിയവയുടെ പുനഃപ്രതിഷ്ഠയ്ക്കുവേണ്ടി വിദഗ്ദ്ധരെ തിരഞ്ഞുപിടിച്ച് അവർ മുഖേന താല്പര്യമുള്ളവർക്ക് പരിശീലനം നല്കുകയും തൊഴിൽസൗകര്യങ്ങൾ കണ്ടെത്തുകയും ചെയ്യുക.

കയറുല്പന്നങ്ങളുടെ ആവശ്യകത ഇന്നും നമ്മുടെ നാട്ടിൽ പ്രചുരപ്രചാരത്തിലുണ്ട്. ഒരു മാതൃകാ കയറുല്പാദനകേന്ദ്രം കയർബോർഡിൻെറ സഹായത്താൽ നമ്മുടെ പഞ്ചായത്തിൽ തുടങ്ങുന്നതിന് സാധിക്കുന്നപക്ഷം 50 തൊഴിലാളികളെ പുനരധിവസിപ്പിക്കാം. സാമൂഹ്യക്ഷേമരംഗത്ത് വിധവാപെൻഷൻ ഇനത്തിൽ ഇതുവരെ 73 പേർക്ക് 100 രൂപ വീതം പെൻഷൻ നല്കിവരുന്നുണ്ട്. 1996 ഫെബ്രുവരിവരെ ഈ സംഖ്യ നല്കിയതായി കണക്കുകളിൽനിന്ന് കാണുന്നു. *തുടർന്നുള്ള കാലങ്ങളിലെ പെൻഷൻ ഉടനടി നല്കുന്നതോടൊപ്പം ഇനിയും അർഹതയുള്ളവരെ കണ്ടുപിടിച്ച് ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന്* ശ്രമിക്കണം. വാർദ്ധക്യകാല അഗതിപെൻഷൻ ഇനത്തിൽ ഈ പഞ്ചായത്തിൽ 30 പേർക്ക് പെൻഷൻ നല്കുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. ഈ രംഗത്തും ഇനിയും അർഹരായവരുടെ കണക്കെടുത്ത് പെൻഷൻ നല്കേണ്ടതാണ്.

*വികലാംഗർക്കുള്ള കേന്ദ്ര ആവിഷ്കൃത ധനസഹായ പദ്ധതികൾ, സ്കോളർഷിപ്പുകൾ* തുടങ്ങിയ ഇനങ്ങളിൽ ഈ പഞ്ചായത്തിൽ അർഹരായവരെ കണ്ടുപിടിക്കുകയും ധനസഹായം നേടിക്കൊടുക്കുകയും ചെയ്യേണ്ടതാണ്. മേലുദ്ധരിച്ച വിവിധ പെൻഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് മറ്റു ധനസഹായങ്ങൾക്കും പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തുന്നതിനും വിവിധതരം സന്നദ്ധസംഘടനകളുടെയും ഗ്രാമസഭകളുടെയും സഹായസഹകരണങ്ങൾ ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിനുമായി പഞ്ചായത്ത്തലത്തിൽ ഒരു 'വെൽഫെയർ തസ്തിക' സൃഷ്ടിക്കുക.

*മഹിളാസമാജങ്ങൾ, അംഗൻവാടികൾ* തുടങ്ങിയവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് പോഷകാഹാര പ്രതിരോധപ്രവർത്തനങ്ങൾ ഓരോ വാർഡുകളിലും ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. ഇതിനുതകുന്നവിധം അംഗൻവാടികൾക്ക് സ്വന്തമായ കെട്ടിടം അത്യന്താപേക്ഷിതമാണ്. കെട്ടിടസൗകര്യങ്ങളനുസരിച്ച് *അംഗൻവാടികൾ ആവശ്യാനുസരണം അപ്ഗ്രേഡ്* ചെയ്ത് നേഴ്സറികളായി ഉയർത്തുകയും വേണ്ടത്ര പഠന ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യണം. പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലം സ്ഥാപിക്കേണ്ടതിന് സ്ഥലമെടുത്ത് പദ്ധതി നടപ്പിൽ വരുത്തണം.

ദരിദ്രവിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതികളുടെ കുറവ് ഇന്ന് നാട്ടിലില്ല. എന്നാൽ പൊതുവെയുള്ള പരാതി അർഹിക്കുന്നവർക്ക് ഈ സഹായം യഥാസമയം എത്തിക്കുന്നതിലും അഴിമതികൾക്ക് അതീതമായും മറ്റുള്ളവരുടെ ചൂഷണങ്ങളിൽനിന്നും മുക്തമായ രീതിയിലും പദ്ധതികൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിർവ്വാഹമില്ലേ എന്ന് വ്യസനസമേതം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിനുള്ള പരിഹാരമാണ് ഇന്ന് അത്യാവശ്യമായി വന്നിരിക്കുന്നത്. ബന്ധപ്പെട്ടവരെല്ലാം ഇതിനൊരു അറുതി വരുത്തണം.

*ദരിദ്രവിഭാഗങ്ങൾക്ക് എന്നും ശാപമായുള്ള ചാരായം തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് ഈ പഞ്ചായത്ത് ഒരു മദ്യവിമുക്തപഞ്ചായത്തായി പ്രഖ്യാപിക്കുകയും* മദ്യത്തിനെതിരെയുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നല്കുന്നതിനും സന്നദ്ധസംഘടനകളുടെയും ഗ്രാമസഭകളുടെയും സഹായസഹകരണത്തോടെ ഈ ലക്ഷ്യം പ്രാപിക്കുന്നതിന് രംഗത്തിറങ്ങേണ്ടത് അത്യാവശ്യമായിരിക്കുകയാണ്.

ലക്ഷംവീടുകോളനികളിൽ ഉള്ള റോഡുകൾ സംരക്ഷണമില്ലായ്കയാൽ കുത്തിയൊലിച്ച് സ്ഥിരം മണ്ണൊലിപ്പ് നടന്നുകൊണ്ടിരിക്കയാണ്. 1,4,5,7 വാർഡുകളിലുള്ള ലക്ഷംവീട് കോളനികളിൽ ഈ റോഡുകൾ മെറ്റൽ ചെയ്ത് ടാറിടേണ്ട പണി അടിയന്തിരപ്രാധാന്യം കൊടുത്ത് നിർവ്വഹിക്കേണ്ടതാണ്.

# സംസ്കാരം

ഉത്കൃഷ്ടമായ ഒരു സാംസ്കാരിക പാരമ്പര്യം ഈ പഞ്ചായത്തിനുണ്ട്. രാജഭരണത്തിൻെറയും ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയുടെയും ഫ്യൂഡൽ പ്രഭുവർഗ സർവ്വാധിപത്യത്തിൻെറയും രുചി ഓരോരോ കാലങ്ങളിലായി അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാന വർഗം. അനുസ്യൂതമായ കാലപ്രവാഹത്തിലൂടെ രൂപം കൊണ്ട ചരിത്രബോധം ഈ ഗ്രാമജനതയുടെ സാംസ്കാരികവീക്ഷണത്തെ സമ്പന്നമാക്കിയിരിക്കുന്നു. സവർണ്ണ സമ്പന്ന നാടുവാഴിപ്രഭുക്കളുടെ അധീശാധികാരത്തെ ചെറുത്തുനിന്ന പോരാട്ടത്തിൻെറ ചരിത്രവും നിറഞ്ഞുനില്ക്കുന്ന ഐതിഹ്യങ്ങളും ഈ പഞ്ചായത്തിൽ ഗ്രാമപ്പഴമയായി ഇന്നും പ്രചാരത്തിലുണ്ട്. ഇന്നാട്ടിലെ സാംസ്കാരിക പൈതൃകത്തെ ഈ ഐതിഹ്യങ്ങൾ പ്രതിയുക്തമാക്കുന്നു. ചാതുർവർണ്യം നിലനിന്നിരുന്ന കാലത്തെ അന്നത്തെ സാമൂഹ്യ ഉച്ചനീചത്വത്തിനെതിരെ പ്രതികരിക്കുകയും പാവപ്പെട്ടവരും അവർണരുമായ സാധാരണക്കാർക്ക് തണലായി നില്ക്കുകയും ചെയ്ത ശ്രീ. അപ്പു മാസ്റ്റർ നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യപരിഷ്കർത്താക്കളിൽ പ്രധാനിയായിരുന്നു.

കോതകുളങ്ങര അമ്പലത്തിൽ നിലനിന്നിരുന്ന കോഴിവെട്ടൽ ആചാരം നിർത്തലാക്കുവാൻ ശക്തമായ സമരപരിപാടികൾകൊണ്ട് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ 7 ഹൈന്ദവക്ഷേത്രങ്ങളും 9 മുസ്ലീംപള്ളികളും 2 ക്രിസ്ത്യൻ ദേവാലയങ്ങളും നിലനില്ക്കുന്നു.

ഓരോ മതവിഭാഗത്തിൻെറയും ആചാരാനുഷ്ഠാനങ്ങളോടുകൂടിയ ഉത്സവങ്ങൾ നടക്കാറുണ്ട്. സാംസ്കാരിക നവോത്ഥാനത്തിന് വീഥിയൊരുക്കുന്ന പ്രസ്ഥാനങ്ങളായ കലാസമിതികളും വനിതാസമാജങ്ങളും നിലകൊള്ളുകയും അകാലമൃത്യു വരിക്കുകയും ചെയ്തിട്ടുണ്ട്.

ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും മതസൗഹാർദ്ദത്തോടെ ഇവിടെ വസിക്കുന്നു. വർഗ്ഗീയസംഘടനകൾ ഒരു കാലത്തും പഞ്ചായത്തിനെ ബാധിച്ചിട്ടില്ല എന്നത് നമ്മുടെ സാംസ്കാരിക പ്രബുദ്ധതയ്ക്ക് ഉത്തമ ഉദാഹരണമാണ്.

സ്വാതന്ത്ര്യത്തിനുശേഷം ഈ ഗ്രാമത്തിലെ പ്രഥമ രാഷ്ട്രീയകക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ആയിരുന്നു. ഇന്ന് ഈ പാർട്ടിയെ കൂടാതെ സി.പി.ഐ. (എം), ബി.ജെ.പി., സി.പി.ഐ., ജനതാദൾ, മുസ്ലിം ലീഗ് എന്നീ രാഷ്ട്രീയപ്പാർട്ടികൾ ഇവിടെയുണ്ട്. ഇവയുടെയൊക്കെ യുവജനവിഭാഗവും നിലവിലുണ്ട്. എന്നാൽ മതപരമോ രാഷ്ട്രീയമോ ആയ സംഘട്ടനങ്ങളിൽനിന്ന് ഈ ഗ്രാമം മോചിതമാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

സിനിമാസംവിധാനരംഗത്ത് ദേശീയ പുരസ്കാരങ്ങൾ നേടിയ കലാകാരന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. പക്ഷേ, അർഹമായ പ്രോത്സാഹനവും പരിഗണനയും ലഭിക്കാതെ കരിഞ്ഞുപോയ മൗലികപ്രതിഭകൾ നിരവധിയാണ്. സാംസ്കാരികചരിത്രത്തിലെ നാഴികക്കല്ലുകളാണല്ലോ വിദ്യാലയങ്ങൾ. ഈ പഞ്ചായത്തിലെ വി.ആർ. അപ്പു മെമ്മോറിയൽ ഹൈസ്ക്കൂളിന് മഹത്തായ ചരിത്രമുണ്ട്. സംസ്കാരത്തിൻെറ കൈവിളക്കായ ലൈബ്രറിരംഗത്ത് 1956-ൽ കർഷകഗ്രന്ഥാലയം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ബാസ്കോ, യുവജനസംഘം, കലാസദൻ, അജന്ത മുതലായ കലാ - സാംസ്കാരികകേന്ദ്രങ്ങൾ നാടിൻെറ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിൽ ശ്രദ്ധേയരായിരുന്നു. ഇടക്കാലത്തുവച്ച് ഇവയുടെ പ്രവർത്തനം മന്ദീഭവിക്കുകയോ നിലച്ചുപോവുകയോ ചെയ്തു.

## കായികരംഗം

കായികരംഗങ്ങളിൽ ഒറ്റപ്പെട്ട മുന്നേറ്റങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടില്ല. പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്തതിൻെറ കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്ക്കൂൾതലത്തിൽ നടപ്പാക്കുന്നില്ല എന്നതുതന്നെയാണ്. സർക്കാർതലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ പലതും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോകുന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധക്കുറവുമൂലമാണ് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. അർപ്പണബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുവാൻ കാര്യമായ ശ്രമം നടത്തുക.

## സാംസ്കാരിക–സന്നദ്ധസംഘടനകൾ

| | സാംസ്കാരിക സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | കെട്ടിട ത്തിൻെറ വിവരം | ധന സഹായം | രജിസ്ട്രേഷൻ | പ്രവർത്തനത്തിൻെറ ലഘുവിവരം |
|---|---|---|---|---|---|---|
| 1. | റെയിൻബോ ആർട്സ് ആൻറ് സ് സ്പോർട്സ് ക്ലബ്ബ്, ചൊവ്വല്ലൂർപടി | 1993 | ഇല്ല | ഇല്ല | ഇല്ല | അമേച്വർനാടകം, സ്പോർട്സ് എന്നിവയിൽ ശ്രദ്ധിക്കുന്നു. |
| 2. | ഹരിശ്രീ ക്ലബ്ബ്, ആലുവരമ്പ് | 1995 | വാടക | ഇല്ല | ഇല്ല | കലാസാമൂഹ്യരംഗം |
| 3. | ബാപ്പുജി, ബ്രഹ്മക്കുളം | 1992 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരികപ്രവർത്തനങ്ങൾ സ്പോർട്സ് പ്രവർത്തനങ്ങൾ |
| 4. | അക്ഷരകലാസാംസ്കാരിക വേദി, ബ്രഹ്മക്കുളം | 1996 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരികരംഗം |
| 5. | ചൈതന്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് | 1981 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരികപ്രവർത്തനം |
| 6. | അക്ഷയ കലാസാംസ്കാരിക വേദി, നെന്മിനി | 1995 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരികപ്രവർത്തനം |
| 7. | ജനക്ഷേമ ക്ലബ്ബ് | 1984 | വാടക | ഇല്ല | ഉണ്ട് | " |
| 8. | ശാന്തിപുരം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പാലുവായ് | 1990 | ഇല്ല | ഇല്ല | ഇല്ല | " |
| 9. | വിവേകാനന്ദ കലാ സാംസ്കാരികവേദി, മാമാബസാർ | | ഇല്ല | ഇല്ല | ഇല്ല | " |
| 10. | ഗ്രാമദീപം സാംസ്കാരിക വേദി, പാലുവായ് | | ഇല്ല | ഇല്ല | ഇല്ല | " |
| 11. | തപസ്യ സാംസ്കാരികവേദി, പാലുവായ് | | ഇല്ല | ഇല്ല | ഇല്ല | " |
| 12. | കർഷകഗ്രന്ഥാലയം | 1956 | വാടക | ഉണ്ട് | ഉണ്ട് | 3552 പുസ്തകങ്ങൾ ഉണ്ട്. 1995വരെ 600 രൂപ ഗ്രാൻറും 700 രൂപ ലൈബ്രേറിയൻ അലവൻസുമായി ലഭിച്ചിരുന്നു. 1996-ൽ ഗ്രാൻറ് 3000 രൂപയും ലൈബ്രേറിയൻ അലവൻസായി 6000രൂപയും ലഭിച്ചു. |
| 13. | രഞ്ജിനി കലാസമിതി ആൻറ് ലൈബ്രറി, മാമബസാർ, പാലുവായ് | 1986 | ഇല്ല | ഇല്ല | 480 / 1987 NYKR - 11/87 | കലാസാംസ്കാരികരംഗത്ത് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. 1500 പുസ്തകങ്ങൾ ലൈബ്രറിയിലുണ്ട്. |
| 14. | ജി.ശങ്കരപ്പിള്ള സ്മാരക കലാകേന്ദ്രം, പാലുവായ് | 1989 | ഇല്ല | ഇല്ല | 897/1989 | അമേച്വർ നാടകരംഗത്ത് പുരോഗമനപരവും സാമൂഹ്യപ്രസക്തിയുമുള്ള നാടകങ്ങളുടെ രചന, സംവിധാനം, അവതരണം എന്നിവ സംഘടിപ്പിക്കുക. |

## സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സംഘടനകൾ

- കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൈക്കാട് യൂണിറ്റ്
- പുരോഗമന കാല സാഹിത്യസംഘം, തൈക്കാട് യൂണിറ്റ്
- വനിതാ വികസനവേദി, പാലുവായ് യൂണിറ്റ്

2. പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട കായികസമിതി യുടെ നേതൃത്വത്തിൽ ജനകീയപങ്കാളിത്തത്തോടെ കായികമേളകൾ സംഘടിപ്പിക്കുക.

3. അവധിക്കാലസമയങ്ങളിൽ വിവിധ കോച്ചിംഗ്ക്യാമ്പുകൾ പ്രഗത്ഭരെ പങ്കെടുപ്പിച്ച് നടത്തിക്കുക.

4. കായികമേഖലയെ പോഷിപ്പിക്കാൻ ആവശ്യമായ സാമ്പത്തികസഹായങ്ങൾ കായികസംഘടനകൾക്ക് അനുവദിക്കാൻ ശ്രദ്ധിക്കുക.

5. പഞ്ചായത്തിൽ ചുരുങ്ങിയത് 2 കളിസ്ഥലങ്ങളെങ്കിലും നിർമ്മിക്കുക.

## സാംസ്കാരികപ്രശ്നങ്ങൾ

1. രണ്ടാംഘട്ട സാക്ഷരതാപ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമായി കിടക്കുകയാണ്.

2. കായികരംഗത്ത് പ്രാചീനങ്ങളായ കളികൾ അന്യം നിന്ന് പോയിരിക്കുന്നു.

3. നമ്മുടെ സംസ്കാരത്തിൻെറ ഭാഗമായ നാടൻ കലാരൂപങ്ങൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.

4. കലാ - സാഹിത്യാഭിരുചിയുള്ള ദരിദ്ര വിദ്യാർത്ഥികളുടെ മുന്നിൽ ഉന്നതങ്ങളിലേക്കുള്ള മാർഗം അടഞ്ഞുകിടക്കുകയാണ്. സർഗ്ഗാത്മകഭാവനകൾക്ക് വേണ്ടവിധം പ്രോത്സാഹനങ്ങൾ ലഭിക്കുന്നില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു വിവരഗ്രഹണകേന്ദ്രം (ഇൻഫർമേഷൻ സെൻറർ) ആരംഭിക്കുക.

2. മധ്യവേനലവധിയിൽ കലാ - സാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക.

3. സാക്ഷരതാപ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

4. സാംസ്കാരികകേന്ദ്രങ്ങൾക്ക് ധനസഹായം നല്കുക.

5. പഞ്ചായത്തിൻെറ സാംസ്കാരികകേന്ദ്രം, കമ്മ്യൂണിറ്റിഹാൾ എന്നിവ തുറന്നുകൊടുക്കുക.

6. ചക്കുംകണ്ടം കായൽപ്രദേശം ഒരു ടൂറിസ്റ്റ്കേന്ദ്രമായി വളർത്തിയെടുക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക.

7. കർഷകഗ്രന്ഥാലയത്തിന് സ്വന്തമായ ഒരു കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

8. പഞ്ചായത്തിന് പൊതു കളിസ്ഥലം ഇല്ല എന്നത് വലിയൊരു പ്രശ്നമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ഹൈസ്കൂളുകളിൽപോലും കളിസ്ഥലം ഇല്ല എന്നത് നമ്മുടെ കായികമേഖലയുടെ മുരടിപ്പിനെ സൂചിപ്പിക്കുന്നു.

9. പ്രധാനപ്പെട്ട പൊതുസ്ഥലങ്ങളിൽ ടി.വി., റേഡിയോ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

അത്യാധുനികമായ ഇലക്ട്രോണിക് മാധ്യമങ്ങളുടെ രംഗപ്രവേശം അന്യരാഷ്ട്രങ്ങളിലെ ഗ്രാമങ്ങളും നമ്മളും തമ്മിലുള്ള അകലം നന്നേ കുറച്ചിരിക്കുകയാണ്. സംസ്കാരങ്ങൾ തമ്മിൽ നടക്കേണ്ടുന്ന ആദാനപ്രദാന പ്രക്രിയകൾക്ക് പകരം സാംസ്കാരികാധിനിവേശത്തിന് നാമിന്ന് മൂകസാക്ഷികളായിത്തീർന്നിരിക്കുന്നു. പരിവർത്തനത്തിൻേറതെന്ന് പ്രശംസിക്കപ്പെടുന്ന ഈ കാലവും ലോകവും മൂല്യാപചയത്തിൻെറ അഗാധഗർത്തത്തിലേക്ക് അനുപദം നീങ്ങുന്ന കാഴ്ച ഭീതിദമാണ്. നമ്മുടെ പഞ്ചായത്തും ഇതിൽ നിന്ന് ഭിന്നമല്ല.

ജീവിതത്തിൽ നാനാമേഖലകളിലും ഗുണപരമായ മാറ്റം 5 വർഷംകൊണ്ട് വരുത്താൻ സാംസ്കാരികമണ്ഡലത്തിലെ ഉയിർത്തെഴുന്നേല്പുകൊണ്ട് നമുക്ക് സാധിക്കും. അമൂല്യമെന്ന് അനുമാനിച്ചിരുന്ന നൈതികമൂല്യങ്ങൾക്ക് അനുക്ഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്കെതിരെ ജാഗരൂകരാവുക; പ്രതിരോധനിര പടുത്തുയർത്ത് പ്രതിലോമശക്തികളെ ചെറുത്ത് തോല്പിക്കുക... ഇതാണ് നമ്മുടെ ചരിത്രപരമായ കർത്തവ്യം.

മൂന്നാംവാർഡിൽ പ്രവർത്തിക്കുന്ന ചൈതന്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബിന് 3 സെൻറ് സ്ഥലം സ്വന്തമായുണ്ട്. ഈ സ്ഥലത്ത് ഒരു സാംസ്കാരികനിലയം സ്ഥാപിക്കാനായി ക്ലബ്ബംഗങ്ങൾ ആഗ്രഹിക്കുന്നു. പഞ്ചായത്ത് അതിന് മുൻകൈയെടുക്കണം.

✪✧✪

# വനിത

## സ്ത്രീകളുടെ സാമ്പത്തികപദവി

കേരള വികസനപ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നതാണ്. 9-ാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഈ പോരായ്മ നികത്തുകയാണ്. തൈക്കാട് പഞ്ചായത്തിലെ 1991-ലെ സെൻസസ് കണക്കനുസരിച്ച് ജനസംഖ്യ 14,079 ആണ്. അതിൽ 6,581 പുരുഷന്മാരും 7,498 സ്ത്രീകളുമാണ്. പുതിയ കണക്കനുസരിച്ച് ഇപ്പോഴത്തെ ജനസംഖ്യ 16,430 ആണ്. അതിൽ പുരുഷന്മാർ 7,836ഉം സ്ത്രീകൾ 8,594 ഉം ആണ്. ഇതിൽ പട്ടികജാതി - പട്ടികവർഗ്ഗക്കാർ 2,328 പേരുണ്ട്. അവരിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കുറവാണ്. കഠിനാദ്ധ്വാനവും പോഷകാഹാരക്കുറവും മൂലമുണ്ടാകുന്ന അനാരോഗ്യവുംമൂലം ഉണ്ടാകുന്ന വർദ്ധിച്ച മരണനിരക്കുമാണ് ഇതിനു കാരണം.

വിദ്യാഭ്യാസത്തിന്റെ കാര്യമെടുത്താൽ വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ് എന്നു കാണാം. 1991 - '95ലെ കണക്കനുസരിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന ആൺകുട്ടികളുടെ എണ്ണം 5,372 ഉം പെൺകുട്ടികളുടെ എണ്ണം 5982ഉം ആണ്.

കർഷകത്തൊഴിലാളികളിൽ ഇപ്പോൾ സ്ത്രീകൾ വളരെ കുറവാണ്. കാരണം കൃഷിസ്ഥലങ്ങൾ പുരയിടങ്ങൾക്കുവേണ്ടി നികത്തുകയും തെങ്ങിൻതൈകൾ വയ്ക്കുന്നതിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. പോരാത്തതിന് യന്ത്രവത്കൃതസാമഗ്രികൾ ഉപയോഗിക്കുന്നു. കൂലിവർദ്ധനവുമൂലം സാധാരണക്കാർ ഉള്ള കൃഷിസ്ഥലങ്ങൾതന്നെ തരിശാക്കിയിടുന്നു.

മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ കുടിൽ വ്യവസായങ്ങളോ, സ്ത്രീകളുടെ സഹകരണസംഘങ്ങളോ ഇല്ലെന്നു പറയാം. തൈക്കാട് പഞ്ചായത്തിൽ 4-ാം വാർഡിൽമാത്രമാണ് DWCRA യുടെ കീഴിൽ ഒരു പലഹാരയൂണിറ്റ് പ്രവർത്തിക്കുന്നത്. അതിൽ 10 സ്ത്രീത്തൊഴിലാളികൾ മാത്രമാണ് ഉള്ളത്. തരക്കേടില്ലാത്ത രീതിയിൽ അത് പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള രണ്ടോ മൂന്നോ യൂണിറ്റുകൾകൂടി മറ്റു വാർഡുകളിലും സംഘടിപ്പിച്ച് അച്ചാർ, മസാല, സ്ക്വാഷ്, ജാം, പപ്പടം, മെഴുകുതിരി, ചന്ദനത്തിരി, തീപ്പെട്ടി, സോപ്പ്, പ്ലാസ്റ്റിക് ഉപകരണങ്ങൾ, കുട, റെഡിമെയ്ഡ്സ് നിർമ്മാണം, തയ്യൽപരിശീലനം എന്നിവ ആരംഭിക്കണം. 200 പേർക്കെങ്കിലും പുതിയ തൊഴിലവസരം സൃഷ്ടിക്കണം.

ഭൂരിഭാഗം സ്ത്രീകളും മറ്റ് ജോലികൾ ചെയ്യുന്നതിനേക്കാൾ വീട്ടുജോലിക്കാണ് പ്രാധാന്യം കൊടുക്കുന്നത്. അടുക്കളജോലി ചെയ്യുന്ന ഒരു സ്ത്രീ പുരുഷൻ ചെയ്യുന്ന ജോലിയേക്കാൾ ഇരട്ടി അദ്ധ്വാനം ചെയ്യുന്നു. അടുക്കളയിൽ സ്ത്രീകളെ സഹായിക്കാൻ പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്നത് സഹായകമാണ്. പുരുഷമേധാവിത്വം നിലനില്ക്കുന്ന കുടുംബങ്ങളാണ് മിക്ക വാർഡുകളിലും. ആയതുകൊണ്ട് പൊതുരംഗങ്ങളിൽ സ്ത്രീകൾക്ക് അവരുടെ കഴിവ് പ്രകടിപ്പിക്കാൻ കഴിയുന്നില്ല. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് നേതൃത്വം നല്കുന്ന വനിത വികസന വേദി മറ്റുള്ള വാർഡുകളിലേക്കും വ്യാപിപ്പിക്കണം.

ഈ പഞ്ചായത്തിൽ സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരേക്കാൾ കൂടുതൽ സ്ത്രീതൊഴിലാളികൾ ബീഡിതൊഴിലാളികളും കെട്ടിട

നിർമ്മാണതൊഴിലാളികളുമായി ഉണ്ട്. ബീഡിതൊഴിലാളികൾക്ക് ഗവർമെൻറ് ജീവനക്കാർക്ക് നല്കിവരുന്ന എല്ലാവിധ ആനുകൂല്യങ്ങളും ഉള്ളതുകൊണ്ടാണ് ആ രംഗത്ത് കൂടുതൽ സ്ത്രീകൾ പ്രവർത്തിക്കുന്നത്. മറ്റു തൊഴിലിനേക്കാൾ കൂടുതൽ കൂലി കിട്ടുന്നതുകൊണ്ടാണ് കഠിനാദ്ധ്വാനമുണ്ടായിട്ടും കെട്ടിടനിർമ്മാണത്തിലേക്ക് സ്ത്രീകൾ താത്പര്യം കാണിക്കുന്നത്. അവരുടെ കഠിനാദ്ധ്വാനത്തെ പരിഗണിച്ച് വേണ്ട ക്ഷേമപ്രവർത്തനങ്ങൾ ഏർപ്പെടുത്തണം.

വനിതകൾക്ക് കൂട്ടായി നടത്താൻ കഴിയുന്ന പദ്ധതികളൊന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. സർക്കാർ ഭാഗത്തുനിന്നും ബോധവത്കരണവും ധനസഹായവും ലഭിക്കുകയാണെങ്കിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സ്ത്രീകൾ തയ്യാറാണ്.

ഈ പഞ്ചായത്തിൽ പെൻഷന് അർഹതപ്പെട്ടവർക്ക് കഴിയുന്നതുംവേഗം അനുവദിച്ചുകൊടുക്കേണ്ടതാണ്. പെൻഷന് അർഹതയുള്ളവരെ കണ്ടെത്തുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കണം. വിധവാ പെൻഷൻ 73 ഉം വാർദ്ധക്യകാല പെൻഷൻ 30 ഉം ആണ്. വിധവാപെൻഷനുള്ള അപേക്ഷാഫോറം സൗജന്യമായി നല്കണം. ട്രൈസം പദ്ധതിപ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി സഹായം ലഭിക്കുക എന്നത് ആവശ്യമാണ്. ദിരദ്രഭവനങ്ങളിൽ വിവാഹപ്രായം കഴിഞ്ഞുനില്ക്കുന്ന വനിതകളുടെ രക്ഷിതാക്കൾക്ക് അവരുടെ വിവാഹാവശ്യത്തിനായി ചുരുങ്ങിയ സംഖ്യ സഹായധനമായി നല്കാൻ പദ്ധതിയുണ്ടാക്കണം.

തൈക്കാട് പഞ്ചായത്തിൽ 8 വാർഡുകളിലായി 15 അംഗൻവാടികളുണ്ട്. 1-ാം വാർഡിലും 7-ാം വാർഡിലും ഓരോ അംഗൻവാടികൾ. 2,3,4,6,8 എന്നീ വാർഡുകളിൽ രണ്ടുവീതം. 5-ാം വാർഡിൽ മൂന്ന് അംഗൻവാടികൾ ആണ് ഉള്ളത്. 1,7 എന്നീ വാർഡുകളിൽ പുതുതായി ഒന്നോ രണ്ടോ അംഗൻവാടികൾകൂടി പ്രവർത്തിപ്പിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ രണ്ട് അംഗൻവാടികൾക്കുമാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. മറ്റുള്ള അംഗൻവാടികളുടെ അവസ്ഥ വളരെ ശോചനീയമാണ്. സ്വന്തമായി സ്ഥലമില്ലാത്തതും ചോർന്നൊലിക്കുന്നതും സൈ്വരമായി കുട്ടികൾക്ക് ഇരിക്കുന്നതിനോ കിടന്നുറങ്ങുന്നതിനോ സൗകര്യമില്ലാത്തതുമാണ് ഇതിൽ ഭൂരിഭാഗവും. രണ്ട് സെൻറ് സ്ഥലം ഒരംഗൻവാടിക്ക് ലഭിക്കുകയാണെങ്കിൽ കെട്ടിടനിർമ്മാണത്തിനുള്ള സംഖ്യ ഗവൺമെൻറിൽനിന്ന് ലഭിക്കുന്നതാണ്. ഇക്കാര്യം പഞ്ചായത്ത് പ്രത്യേകം പരിഗണിക്കേണ്ടതാണ്. രണ്ടാം വാർഡിൽ മൃഗാശുപത്രിക്ക് സമീപം 2 സെൻറ് സ്ഥലം കിട്ടാൻ സാധ്യതയുണ്ടെന്നും ആയത് അംഗൻവാടിക്കുവേണ്ടി അനുവദിക്കണമെന്നും പൊതുവെ അഭിപ്രായമുണ്ട്. മുൻ ഗവൺമെൻറ് ഡിസ്പെൻസറി നടത്തിയിരുന്ന സ്ഥലം ഐ.സി.ഡി.എസ്. സ്കീം പ്രകാരം കെട്ടിടം പണിയുന്നതിനുള്ള സംഖ്യ അനുവദിച്ചുകിട്ടുന്നതാണ്. മാത്രമല്ല, കക്കൂസ്, കോമ്പൗണ്ട്‌വാൾ തുടങ്ങിയവയ്ക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. തത്ക്കാലസഹായം എന്ന നിലയ്ക്ക് ഉടൻതന്നെ അംഗൻവാടിയുടെ ഉൾവശം കോൺക്രീറ്റ് ചെയ്യുവാനും അടുപ്പുണ്ടാക്കുന്നതിനും ധനസഹായം അത്യാവശ്യമാണ്. 2-ാം വാർഡിലെ ബ്രഹ്മക്കുളം അംഗൻവാടി സ്ഥിതിചെയ്യുന്ന സ്ഥലം മറ്റൊരു വ്യക്തിക്ക് കൈമാറിയതിനാൽ സ്ഥലം ഒഴിഞ്ഞുകൊടുക്കണമെന്ന് സ്ഥലമുടമ ആവശ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഡിസ്പൻസറി സ്ഥിതിചെയ്യുന്ന സ്ഥലത്ത് സ്ഥലം അനുവദിക്കേണ്ടതാണ്. ഒരു വനിതാ സൊസൈറ്റി രൂപീകരിക്കണമെന്നും അഭിപ്രായമുണ്ട്.

4,5,6,8 (കാശ്മീ റോഡ്) വാർഡുകളിലെ അംഗൻവാടികളുടെ സ്ഥിതി വളരെ ശോചനീയമായതിനാൽ പ്രത്യേക പരിഗണന ആവശ്യമാകുന്നു. ഈ പഞ്ചായത്തിലെ അംഗൻവാടികളിൽ കുട്ടികൾക്ക് കളിക്കുവാൻവേണ്ട കളിപ്പാട്ടങ്ങളോ മറ്റുപകരണങ്ങളോ വേണ്ടത്രയില്ല. കുട്ടികളുടെ ഉച്ചഭക്ഷണത്തിനുവേണ്ടി അരി വാങ്ങുന്നതിന് ജോലിക്കാർ സ്വന്തം പൈസ ഉപയോഗിച്ച് റേഷൻകടയിൽനിന്ന് വാങ്ങി മാസങ്ങൾക്കുശേഷമാണ് ബിൽ മാറിക്കിട്ടുന്നത്. അവർക്കു കിട്ടുന്ന തുച്ഛമായ വേതനത്തിൽ നിന്നു വേണം ഈ പൈസ ചിലവഴിക്കാൻ. ഈ റേഷൻ വാങ്ങുന്നതിനുവേണ്ടി സ്വന്തം കൈയിൽനിന്ന് ഓട്ടോറിക്ഷയ്ക്കുവേണ്ട പൈസയും ചിലവാക്കണം. ബിൽ മാറുമ്പോൾ അരിയുടെ വില മാത്രമേ കിട്ടുന്നുള്ളു. ഈ അവസ്ഥ മാറ്റി ഓരോ അംഗൻവാടികളിലും മുൻകാലത്തെപ്പോലെ സ്റ്റോക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്.

പ്രൈമറി അദ്ധ്യാപകരേക്കാൾ കൂടുതൽ ബുദ്ധിമുട്ടും ഉത്തരവാദിത്വവും ഉള്ളവരാണ് അംഗൻവാടി ജീവനക്കാർ. എന്നാൽ അവർക്ക് കിട്ടുന്ന വേതനം വളരെ നിസ്സാരമാണ്. അവരെ ഓണറേറിയം ജീവനക്കാരിൽനിന്നും വ്യത്യസ്തപ്പെടുത്തി പ്രൈമറി അദ്ധ്യാപകർക്ക് നല്കുന്ന വേതനം നല്കേണ്ടതാണ്. നിർത്തലാക്കിയ പ്രമോഷൻ സമ്പ്രദായം വീണ്ടും നടപ്പിലാക്കുക. അതായത് അർഹതപ്പെട്ടവർക്ക് അർഹതപ്പെട്ട ജോലി നല്കുക.

എസ്.എസ്.എൽ.സി. തോറ്റതും അഞ്ചിൽക്കൂടുതൽ വർഷം സേവനത്തിലിരുന്നതും അതിൽ യോഗ്യതയുള്ളതുമായ എസ്.സി. വിഭാഗത്തിൽപ്പെട്ട ഹെൽപ്പർമാരെ വർക്കർമാരായി നിയമിക്കുക. 2 വർഷത്തോളം സേവനത്തിലിരുന്നിട്ടും പ്രത്യേക കാരണങ്ങൾകൂടാതെ നീക്കം ചെയ്ത് അതേ ഒഴിവിലേക്ക് പുതിയ ലിസ്റ്റിൽനിന്ന് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. അതിൻെറ കാരണങ്ങൾ കണ്ടെത്തി അവർക്ക് എത്രയും പെട്ടെന്ന് തൊഴിൽ സാധ്യത ഉണ്ടാക്കുക. ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ തൊഴിൽ ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ പുതിയ നിയമനങ്ങൾ നടത്താവൂ. അംഗൻവാടികളുടെ ചുമതലകൾ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തണം.

ഇപ്പോൾ തൈക്കാട് പഞ്ചായത്തിൽ 2 മഹിളാസമാജങ്ങൾ ഉണ്ട്. ഒന്ന് നാലാംവാർഡിൽ പ്രവർത്തിക്കുന്നു. മൂന്നാംവാർഡിൽ ബ്രഹ്മക്കുളം മഹിളാസമാജം എന്ന പേരിൽ രണ്ടാമത്തേത് അറിയപ്പെടുന്നു.

1971-ൽ രജിസ്റ്റർ ചെയ്ത ഈ സമാജത്തിൽ ഇപ്പോൾ കാര്യമായ പ്രവർത്തനങ്ങളൊന്നുംതന്നെ നടക്കുന്നില്ല. കൂട്ടായ്മയായുള്ള പ്രവർത്തനത്തിന് ആരും തയ്യാറാവുന്നില്ല എന്നതാണ് പ്രധാന കാരണം. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നേതൃത്വം നല്കുന്ന വനിതാവികസനവേദി സ്ത്രീകളുടെമാത്രം സംഘടനയായി 5-ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ബീഡിത്തൊഴിലാളികളിൽ അധികം സ്ത്രീകളാണ്. അവരെ 6 മാസത്തിലൊരിക്കലെങ്കിലും വിദഗ്ദ്ധ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കണം. പുകയിലയുമായുള്ള സമ്പർക്കംകൊണ്ട് ക്ഷയം, കാൻസർ തുടങ്ങിയ രോഗങ്ങൾക്ക് അവർ അടിമയാകുന്നു. സ്ത്രീധനത്തിന്റെ പേരിൽ ഇപ്പോഴും പീഡനമനുഭവിക്കുന്ന ധാരാളം സ്ത്രീകൾ നമ്മുടെയിടയിലുണ്ട്. പക്ഷേ, ആരുംതന്നെ അത് പുറത്തു കാണിക്കാത്ത ഒരു സാഹചര്യമാണ്. ഈ നിലപാട് നിർബന്ധമായും തുടച്ചുനീക്കണം. മദ്യനിരോധനത്തെക്കുറിച്ച് പറയുകയാണെങ്കിൽ ചാരായം പൂർണമായി നിർത്തലാക്കി എന്നു പറയാൻ സാദ്ധ്യമല്ല. പോക്കറ്റുറോഡുകളിൽ മാത്രമല്ല, പൊതുവഴികളിൽ പോലും രഹസ്യമായ രീതിയിൽ മദ്യവില്പന നടത്തുന്നുണ്ട്. പഞ്ചായത്ത് മുൻകൈയെടുത്ത് ഈ പ്രവണത പൂർണമായും നിരോധിച്ചേ പറ്റൂ.

ഏറ്റവും പ്രധാനമായ ഒരു വസ്തുത വനിതകൾക്ക് വൈദ്യസഹായം ലഭിക്കണം എന്നുള്ളതാണ്. മാസത്തിൽ ഒരു തവണയെങ്കിലും പഞ്ചായത്തിലെ ഓരോ വാർഡുകളിലും വനിതകൾക്ക് വൈദ്യപരിശോധന നടത്താനുള്ള സംവിധാനം ഏർപ്പെടുത്തണം.

✪✧✪

## അംഗൻവാടികളിൽനിന്ന് ശേഖരിച്ച വിവരം

| | | | |
|---|---|---|---|
| I. | a) പഞ്ചായത്തിലെ ആകെ ജനസംഖ്യ | : | 16,430 |
| | b) പുരുഷന്മാർ | : | 7,836 |
| | c) സ്ത്രീകൾ | : | 8,594 |
| II. | a) പട്ടികജാതി ജനസംഖ്യ | : | 2,328 |
| | b) പട്ടികവർഗ ജനസംഖ്യ | : | ഇല്ല |
| III. | a) അംഗൻവാടികളുടെ എണ്ണം | : | 15 |
| IV. | a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | : | 251 |
| | b) 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 382 |
| | c) 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | " |
| | d) വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | : | 81 |
| V. | a) ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : | ---- |
| VI. | a) മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 83 |
| VII. | a) കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | : | 350 |
| | b) ചാപിള്ള ജനനങ്ങൾ | : | ഇല്ല |
| VIII. | a) ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96) | : | ---- |
| | b) 1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | : | ---- |
| | c) 3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | : | ---- |
| IX. | a) ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | : | ഇല്ല |
| | b) മറ്റു മരണങ്ങളുടെ എണ്ണം | : | 74 |
| X. | a) അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : | 696 |
| | b) അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : | 52 |
| | a) അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 51 |

# വിഭവസമാഹരണം

തെങ്ങുകൃഷിയാണ് ഈ പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗം. നെൽകൃഷിയും ചില സ്ഥലങ്ങളിൽ നാമമാത്രമായി അവശേഷിക്കുന്നുണ്ട്. ഗൾഫ് പണത്തിന് ഈ പഞ്ചായത്തിൽ വലിയ സ്വാധീനമുണ്ട്. വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ കൂലിത്തൊഴിലാളികൾ ധാരാളമായുണ്ട്. ബീഡിതെറുപ്പ് പല കുടുംബങ്ങളുടെയും മുഖ്യ വരുമാനമാർഗ്ഗമാണ്. ചെറുകിട കച്ചവടക്കാർ, മത്സ്യത്തൊഴിലാളികൾ എന്നിവരും ഇവിടെ നാമമാത്രമായുണ്ട്.

തെങ്ങുകൃഷി തികച്ചും അശാസ്ത്രീയമായ രീതിയിലാണ് നടത്തുന്നത്. അതിനാൽത്തന്നെ ഏറ്റവും കുറഞ്ഞ ഉല്പാദനക്ഷമത മാത്രമാണ് ഈ കൃഷിയിൽനിന്നും ലഭിക്കുന്നത്. തെങ്ങുകൃഷിക്കാർ ഈ മേഖലയിൽ അസംഘടിതരാണ്. ദീർഘകാലവിളയായ ഈ കൃഷിയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടത് കൃഷിക്കാരുടെയു പഞ്ചായത്തിൻെറയും ആവശ്യമാണ്. പഞ്ചായത്തിനും കൃഷിഭവനും സഹകരണസംഘത്തിനും ഈ രംഗത്ത് കാര്യമായ സംഭാവനകൾ നല്കാൻ കഴിയും.

നെൽകൃഷി തീർത്തും നാശോന്മുഖമായ അവസ്ഥയിലാണ്. കൃഷിസ്ഥലങ്ങളിൽ ഭൂരിഭാഗവും നികത്തി പറമ്പുകളും, പാർപ്പിടങ്ങളുമായി മാറ്റിക്കഴിഞ്ഞു. ശേഷിച്ച മേഖലയിലും നെൽകൃഷി ആദായകരമല്ലാത്ത സ്ഥിതിയിലാണ്. പലരും കൃഷിഭൂമി തരിശിടുന്ന അവസ്ഥയാണ്. ഈ മേഖലയിലെ പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിച്ച് ശേഷിച്ച കൃഷിസ്ഥലങ്ങളെങ്കിലും നിലനിർത്തേണ്ടതാണ്.

ഈ പഞ്ചായത്തിലെ വിഭവസമാഹരണത്തിൽ ഗൾഫ്പണത്തിൻെറ സ്വാധീനം വിസ്മരിച്ചുകൂടാ. ധാരാളം കുടുംബങ്ങൾ ഗൾഫ്പണത്തെ ആശ്രയിച്ച് നേരിട്ടും അല്ലാതെയും ജീവിക്കുന്നുണ്ട്.

വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ നൂറുകണക്കിന് തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പലരും പാരമ്പര്യത്തൊഴിലുകൾ ഉപേക്ഷിച്ച് കൂടുതൽ സൗകര്യപ്രദമായ തൊഴിലുകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്. അതിനാൽ പല മേഖലയിലും വിദഗ്ദ്ധ തൊഴിലാളികളെ കിട്ടാത്ത അവസ്ഥ സംജാതമായിരിക്കയാണ്. തമിഴ്നാട്ടിൽനിന്നുള്ളവർ ഈ മേഖലയിൽ ധാരാളം പണം കൊയ്യുമ്പോൾ സ്വദേശികൾ പലരും അലസരായി തൊഴിലില്ലായ്മയെപ്പറ്റി പരാതിപ്പെടുന്ന അവസ്ഥയുമുണ്ട്. ഈ മേഖലയിലെ തൊഴിലില്ലായ്മ പലപ്പോഴും കൃത്രിമമാണ്. ഏത് തൊഴിലും മാന്യമാണ് എന്ന അടിസ്ഥാനതത്വം മനസ്സിലാക്കാത്തവരാണ് ഇപ്രകാരം അലസരായി മാറിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്തിൽ ജനങ്ങൾക്കിടയിൽ തൊഴിലിനോടുള്ള മനോഭാവം മാറ്റേണ്ടതുണ്ട്. ഒരേ തൊഴിലിൽ ഏർപ്പെടുന്നവരുടെ കൂലി ഏകീകരണം ഈ മേഖലയിൽ നടപ്പിലാക്കേണ്ടതുണ്ട്.

പഞ്ചായത്തിൻെറ അതിർത്തിക്കുള്ളിൽ ഒരു സഹകരണസംഘം നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഒരു ഷെഡ്യൂൾഡ് ബാങ്കും ഒരു അർബൻ സഹകരണബാങ്കും ഈ മേഖലയിലുണ്ട്. ധാരാളം സ്വകാര്യപണമിടപാടുസ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൻെറ പ്രധാന വരുമാനം ഗ്രാൻറുകൾ മുഖാന്തിരമാണ് ലഭിക്കുന്നത്. നികുതിയിനത്തിൽ പഞ്ചായത്തിന് സാമാന്യം നല്ല വരുമാനമുണ്ട്.

പട്ടിക 1

| വരുമാനം | 1995 – '96 കണക്ക് | രൂപയിൽ |
|---|---|---|
| കെട്ടിടനികുതി | 16% | 2.61,189 |
| തൊഴിൽനികുതി | 5% | 85,415 |
| വിനോദനികുതി | 2% | 27,527 |
| ഗ്രാൻറുകൾ, അൺടൈഡ്ഫണ്ട് | 70% | 11,77,255 |
| പഞ്ചായത്ത്നികുതി | 1% | 15,589 |
| മറ്റ് വരുമാനമാർഗങ്ങൾ | 6% | 10,76,44 |
| | 100% | 16,74,619 |

പട്ടിക 2

| ചിലവുകൾ | 1995 – '96 കണക്ക് | രൂപയിൽ |
|---|---|---|
| എസ്റ്റാബ്ലിഷ്മെൻറ് ആൻറ് കണ്ടിൻജൻസി | 39% | 4,17,131 |
| പൊതുമരാമത്ത് | 44% | 4,73,719 |
| പട്ടികജാതിവികസനം | 4% | 37,973 |
| വിദ്യാഭ്യാസം, സംസ്കാരം | 1% | 11,292 |
| തെരുവുവിളക്കുകൾ | 3% | 30,336 |
| മറ്റ് ചിലവുകൾ, തിരിച്ചടവുകൾ | 9% | 1,04,256 |
| | 100% | 10,74,707 |

| പട്ടിക 3 | | | | | |
|---|---|---|---|---|---|
| കെട്ടിടം | 1995–'96–ലെ കണക്കനുസരിച്ച് | | | | |
| പീടിക മുറികൾ | കോൺ ക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | ആകെ |
| 672 | 1,122 | 1,193 | 645 | 59 | 3,691 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന് സ്വന്തമായ വരുമാനമാർഗ്ഗമില്ല. ഗ്രാൻറുകളാണ് മുഖ്യവരുമാനമാർഗ്ഗം. 70% വരുമാനവും ഈ ഇനത്തിലും അൺടൈഡ് ഫണ്ട് മുഖാന്തിരവുമാണ് ലഭിക്കുന്നത്. നികുതിയിനത്തിൽ 24% ലഭിക്കുന്നു. ഗ്രാൻറുകളെ മുഖ്യമായും ആശ്രയിക്കുന്നതിനാൽ വികസനപ്രവർത്തനങ്ങൾ പലപ്പോഴും വഴിമുട്ടിനില്ക്കുന്ന അവസ്ഥയാണ്.
2. പഞ്ചായത്ത്വർക്കുകൾ നടത്തുമ്പോൾ കോൺട്രാക്ടർമാരും ഇടനിലക്കാരും അമിതചൂഷണം നടത്തുന്നുവെന്ന പരാതികൾ ഉണ്ട്. ജനങ്ങൾ പലപ്പോഴും കാണികളായി മാറുന്ന അവസ്ഥയുണ്ട്.
3. പഞ്ചായത്തിലെ മനുഷ്യവിഭവം വേണ്ടവിധത്തിൽ ചൂഷണം ചെയ്യപ്പെടുന്നില്ല. തൊഴിലില്ലായ്മയും കൃത്രിമമായ തൊഴിലില്ലായ്മയും കാണപ്പെടുന്നു.
4. പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല.
5. സ്വകാര്യപണമിടപാടുകാരുടെ അമിതചൂഷണം പഞ്ചായത്തിൽ നിലനില്ക്കുന്നു.
6. മാർക്കറ്റുകളിൽനിന്നും കാര്യമായ നികുതി ലഭിക്കുന്നില്ല.
7. ഗൾഫ്മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കാനോ അവരുടെ ഫണ്ടുകൾ വികസനത്തിന് ഉപയോഗിക്കുവാനോ ശ്രമിച്ചുകാണുന്നില്ല.
8. പുനർനിക്ഷേപപദ്ധതികളിൽ പഞ്ചായത്തിൽ വേണ്ടത്ര നിക്ഷേപമില്ല. ഈ മേഖലയിൽ ബോധവത്കരണത്തിൻെറ കുറവ് അനുഭവപ്പെടുന്നു.
9. പ്രധാന വരുമാനമാർഗ്ഗമായ തെങ്ങുകൃഷിയിൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.
10. മത്സ്യവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നില്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ വരുമാനത്തിൻെറ ഏകദേശരൂപം പട്ടിക 1-ൽ അന്യത്ര ചേർത്തിരിക്കുന്നു. ഇതിൽ 24% നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. കെട്ടിടനികുതിയിനത്തിലാണ് 16% വരുമാനം. കാലാനുസൃതമായ മാറ്റം ഈ മേഖലയിൽ വരുത്തേണ്ടതുണ്ട്. പീടികമുറികൾക്കും കോൺക്രീറ്റ് കെട്ടിടങ്ങൾക്കും നികുതി വർദ്ധിപ്പിക്കാവുന്നതാണ്. നികുതി ഗഡുവുകളായി അടയ്ക്കുവാനുള്ള സൗകര്യം ചെയ്ത് കൊടുക്കാവുന്നതാണ്. പഞ്ചായത്ത് സ്വയംപര്യപ്തമാവുന്ന മുറയ്ക്ക് നികുതികൾ കുറച്ചുകൊണ്ട് വരാവുന്നതാണ്. കെട്ടിടങ്ങളുടെ സ്ഥിതിവിവരകണക്ക് പട്ടിക 3-ൽ അന്യത്ര ചേർത്തിരിക്കുന്നു.
2. തൊഴിൽനികുതിയിനത്തിൽ ശമ്പളവർദ്ധനയ്ക്ക് അനുസരിച്ച് നികുതി വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യതകളുണ്ട്.
3. പഞ്ചായത്ത് വർക്കുകൾ പരമാവധി പഞ്ചായത്തിലെ തന്നെ തൊഴിലില്ലാത്തവർക്ക് തൊഴിൽ നല്കുന്ന തരത്തിൽ പുനഃസംവിധാനം ചെയ്ത് മനുഷ്യവിഭവം പ്രയോജനപ്പെടുത്തേണ്ടതാണ്.
4. പഞ്ചായത്തിൽ ഒരു തൊഴിൽബാങ്ക് ആരംഭിക്കുന്നത് നന്നായിരിക്കും. പഞ്ചായത്തിലെ തൊഴിലില്ലാത്തവരെ പ്രത്യേകമായി ഇനംതിരിച്ച് ഇതിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്നവർക്ക് പഞ്ചായത്ത് വികസനപ്രവർത്തനങ്ങളിൽ മുൻഗണന കൊടുക്കാവുന്നതാണ്.
5. പഞ്ചായത്തിലെ ധനകാര്യപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായി തൈക്കാട് സഹകരണസംഘത്തെ കൊണ്ടുവരേണ്ടതാണ്. പഞ്ചായത്തിൻെറ മുഴുവൻ ഇടപാടുകളും ഈ സഹകരണസംഘം മുഖേന നടത്താവുന്നതാണ്. പഞ്ചായത്തിലെ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിൽ സംഘത്തിന് നിയമതടസ്സങ്ങൾ ഉണ്ടെങ്കിൽ അത് നീക്കം ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ പ്രവർത്തനങ്ങളുടെ ജീവനാഡിയായ സഹകരണസംഘം ഉയരേണ്ടതുണ്ട്. ജനങ്ങളിൽനിന്നും നിക്ഷേപസമാഹരണത്തിന് കൂടുതൽ ആകർഷകമായ പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്. ഉല്പാദനക്ഷമമല്ലാത്ത ലോണുകൾ നിരുത്സാഹപ്പെടുത്താവുന്നതാണ്.
6. സ്വകാര്യപണമിടപാടുസ്ഥാപനങ്ങൾ നിയന്ത്രിക്കുവാൻ നിയമം കൊണ്ടുവരുവാൻ പഞ്ചായത്ത് സമ്മർദ്ദം ചെലുത്തേണ്ടതാണ്.
7. പഞ്ചായത്തിലെ മറ്റു ഷെഡ്യൂൾഡ് ബാങ്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതാണ്. ഇവിടങ്ങളിലെ നിക്ഷേപ - വായ്പ അനുപാതത്തിൽ കാതലായ മാറ്റം വരുത്തുവാൻ സമ്മർദ്ദം ചെലുത്താവുന്നതാണ്.
8. പഞ്ചായത്തിന് സ്വന്തവരുമാനമാർഗ്ഗം ഉണ്ടാകുന്നതിന് മർമ്മപ്രധാനകേന്ദ്രങ്ങളിൽ സ്ഥലമെടുത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കാവുന്നതാണ്.

9. മാർക്കറ്റുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

10. പഞ്ചായത്തിൽ ഒരു ഗ്രീൻചാനൽ കൗണ്ടർ ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിൽ കൃഷി, വ്യവസായം, തൊഴിൽമേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഈ കൗണ്ടർവഴി തരണംചെയ്യുവാൻ പരിശ്രമിക്കേണ്ടതാണ്.

11. ഗൾഫ്മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾ പഞ്ചായത്ത് അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണ്. ഒരു സർവ്വേ നടത്തുവാൻ പഞ്ചായത്തിന് മുൻകൈ എടുക്കാവുന്നതാണ്. ഇവരിൽ പലരും നാടിന്റെ വികസനപ്രവർത്തനങ്ങളിൽ നിക്ഷേപം നടത്തുവാൻ താത്പര്യമുള്ളവരാണ് എന്ന വസ്തുത നാം വിസ്മരിക്കരുത്. ഗൾഫിൽനിന്നും തിരിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്. ഇങ്ങനെ ആവിഷ്കരിക്കുന്ന പദ്ധതികളിൽ ഇവരുടെ നിക്ഷേപം പരമാവധി സ്വരൂപിക്കേണ്ടതാണ്.

12. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പുനർനിക്ഷേപം നടത്തുവാൻ സഹായിക്കുന്ന ഇന്ദിരാ വികാസ്പത്രിക മുതലായവ പഞ്ചായത്ത് അതിർത്തിക്കുള്ളിൽതന്നെ നിക്ഷേപം നടത്തുവാൻ ബോധവത്കരണം നടത്താവുന്നതാണ്.

13. ഗുരുവായൂർ തീർത്ഥകേന്ദ്രത്തിനരികെ കിടക്കുന്ന ഈ പഞ്ചായത്തിനെ തീർത്ഥകേന്ദ്രത്തിലെ വാണിജ്യാവശ്യങ്ങൾ പരമാവധി ചൂഷണം ചെയ്യത്തക്കവിധത്തിൽ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രവർത്തിക്കാവുന്നതാണ്. ഇവിടെ വിറ്റുപോകുന്ന വസ്തുക്കളിൽ സിംഹഭാഗവും നമ്മുടെ പഞ്ചായത്തിന് വിതരണം ചെയ്യാവുന്ന തരത്തിലായിരിക്കണം ഇത് സംവിധാനം ചെയ്യേണ്ടത്.

14. നാളികേരവികസനത്തിന് നാം ഏറ്റവും ഊന്നൽ കൊടുക്കണം. ഇന്നത്തെ ഉല്പാദനക്ഷമത അടുത്ത പദ്ധതി കാലയളവിൽ ഇരട്ടിയെങ്കിലും ആക്കുവാനുള്ള ഒരു സമഗ്രപദ്ധതിക്ക് രൂപം കൊടുക്കാവുന്നതാണ്.

15. ചക്കുംകണ്ടംപ്രദേശത്തെ പ്രശ്നങ്ങൾ പ്രത്യേകമായി പഠിക്കാവാൻ ശ്രമിക്കാവുന്നതാണ്. ഇവിടെ ചെമ്മീൻ കൃഷി വലിയ മുതൽമുടക്കില്ലാതെ ലാഭകരമായി ചെയ്യാൻ കഴിയുമോ എന്ന് പഠിക്കേണ്ടതുണ്ട്. ഇവിടെ ഒരു ടൂറിസ്റ്റ്കേന്ദ്രമായി വികസിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

കാലാകാലമായി അവഗണനയിൽ കിടക്കുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. വികസനം ഇവിടെ പലപ്പോഴും മരുപ്പച്ചയായി മാറുന്നതിൽ ഭരണകർത്താക്കളും ജനങ്ങളും ഒരേപോലെ കുറ്റക്കാരാണ് എന്നു കാണുവാൻ കഴിയും. അടുത്ത അഞ്ചു വർഷംകൊണ്ട് നമ്മുടെ പഞ്ചായത്ത് സ്വയംപര്യപ്തമാകത്തക്കവിധത്തിൽ വിഭവസമാഹരണം നടത്തേണ്ടതുണ്ട്. വിഭവങ്ങളുടെ ദുരുപയോഗവും നിരുപയോഗവും ഇവിടത്തെ പ്രശ്നങ്ങളാണ്.

നാം എപ്പോഴും സഹായത്തിനായി മേലോട്ട് നോക്കുന്ന അവസ്ഥ ദയനീയമാണ്. ഇത് മാറ്റേണ്ടതുമാണ്. സ്വന്തം കാലിൽ നില്ക്കുവാനുള്ള പ്രവണത നാം കാണിക്കേണ്ടിയിരിക്കുന്നു. അതിന് പ്രധാനമായും ആവശ്യം ഇച്ഛാശക്തിയും കൂട്ടായ പരിശ്രമവുമാണ്. പഞ്ചായത്തിനെ ധനസഹായത്തോടൊപ്പം ശരിയായ മാർഗ്ഗനിർദ്ദേശവും ഇക്കാര്യത്തിൽ ചെയ്യുവാൻ കഴിയേണ്ടതാണ്. എല്ലാ മേഖലകളും സംഘടിപ്പിച്ച് ഒരു മാസ്റ്റർപ്ലാൻ ഇക്കാര്യത്തിൽ തയ്യാറാക്കി മുന്നോട്ടു പോകേണ്ടതുണ്ട്.

# സഹകരണം

'നെന്മിനി വിവിധോദ്ദേശ ഐക്യനാണയസംഘം' എന്ന പേരിൽ 1922-ൽ സ്ഥാപിതമായ ഒരു ചെറിയ പ്രസ്ഥാനമാണ് പിന്നീട് സുമാർ 35 സംവത്സരങ്ങൾക്കു ശേഷം തൈക്കാട് സർവ്വീസ് സഹകരണബാങ്കായി ഉയർന്നതും പിന്നീട് ഇന്നത്തെ രൂപത്തിൽ പടിപടിയായി വളർന്നുവലുതായതും.

## സംഘത്തിൻെറ പ്രവർത്തനം

ഒരു വായ്പാസംഘം എന്ന നിലയിൽ പ്രധാനമായും സംഘത്തിൻെറ പ്രവർത്തനമേഖല വായ്പാവിതരണം തന്നെയാണ്. വിവിധതരം വായ്പകൾ സംഘം വിതരണം ചെയ്തു വരുന്നുണ്ട്. (1) ദീർഘ - ഹ്രസ്വകാല കാർഷിക വായ്പകൾ; (2) രണ്ടാൾ ജാമ്യത്തിൽ കൊടുക്കുന്ന സാധാരണ വായ്പകൾ; (3) സ്വയം തൊഴിലിനായുള്ള വായ്പകൾ; (4) ഹരിജനങ്ങൾക്കായുള്ള പ്രത്യേക വായ്പകൾ; (5) മദ്ധ്യകാല വായ്പകൾ; (6) നിക്ഷേപങ്ങളിന്മേൽ കൊടു ക്കുന്ന വായ്പ; (7) പണ്ടം പണയത്തിന്മേൽ കൊടുക്കുന്ന വായ്പകൾ എന്നിവയാണ് ഇപ്രകാരം കൊടുത്തുവരുന്ന വായ്പകൾ.

ഇതുകൂടാതെ പ്രത്യേക വായ്പകൾ എന്ന നിലയിൽ ഐ.ആർ.ഡി.പി. വായ്പകൾ; ഹയർപർച്ചേയ്സ് വായ്പകൾ; ഭവനനിർമ്മാണവായ്പകൾ; കൺസംപ്ഷൻ വായ്പ; അംഗങ്ങൾക്കുള്ള വ്യാപാരവായ്പ (O.D.) എന്നിവയും സഹകരണബാങ്ക്വഴി വിതരണം ചെയ്തുവരുന്നുണ്ട്.

ഇപ്രകാരം വായ്പാവിതരണം നടത്തുന്നതിനു പുറമെ സംഘം മറ്റു മേഖലകളിലും ജനോപകാരപ്രദമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. അവയിൽ പ്രധാനമായത് വളം, കീടനാശിനി എന്നിവയുടെ വില്പനയാണ്. ഈ രംഗത്ത് തൈക്കാട് കൃഷിഭവനുമായി പരമാവധി സഹകരിച്ച് ഒരുവിധം ഭേദപ്പെട്ട രീതിയിൽ നമ്മുടെ കർഷകർക്ക് ആവശ്യമായി വരുന്ന വളങ്ങളും കീടനാശിനികളും സംഘംവഴി വില്പന നടത്തിവരുന്നുണ്ട്. ഇതുകൂടാതെ മലബാർ സിമൻറ് ഫാക്ടറിയുമായി ഉടമ്പടിയിലേർപ്പെട്ട് മലബാർ സിമൻറ് നിയന്ത്രിതവിലയ്ക്ക് വില്ക്കുവാൻ സംഘത്തിന് കഴിയുന്നുണ്ട്. കൂടാതെ, ഓണക്കാലത്ത് സംഘാംഗങ്ങൾക്കും മറ്റും കുറഞ്ഞ വിലയ്ക്ക് പഴം, പച്ചക്കറികൾ വില്പന എല്ലാ കൊല്ലവും നടത്തിവരുന്നുണ്ട്.

നാളികേരത്തിന് വിലയിടിഞ്ഞ് കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ സംഘത്തിൻെറ കഴിവുകളുടെ പരിധിയിൽ നിന്നുകൊണ്ട് കൊപ്രസംഭരണം നടത്തി കൃഷിക്കാരെ സഹായിച്ചുവന്നിട്ടുണ്ട്.

'കേരള ചിട്ടി ആക്റ്റി'ൻെറ നിയമങ്ങൾ പാലിച്ചുകൊണ്ട് സംഘം വിവിധ സംഖ്യകൾക്കുള്ള പ്രതിമാസക്കുറികൾ നടത്തിവരുന്നുണ്ട്. ഈ കൂട്ടത്തിൽ തൃശൂർ സഹകരണ ജോയിൻറ് രജിസ്ട്രാർ അവർകളുടെ അനുമതി കിട്ടുന്ന മുറയ്ക്ക് മറ്റൊരു 'മന്ത്‌ലി ഡിപ്പോസിറ്റ് സ്കീം' എന്ന പദ്ധതികൂടി അടുത്തുതന്നെ ആരംഭിക്കാൻ സംഘത്തിന് പ്ലാനുണ്ട്.

വായ്പകൾ കൊടുക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കത്തക്കവിധം വിവിധതരം നിക്ഷേപങ്ങളും - നിക്ഷേപപദ്ധതികളും സംഘം ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

ചെറുകിട - ഇടത്തരം കച്ചവടക്കാരുടെ വ്യാപാരാഭിവൃദ്ധി ലക്ഷ്യംവച്ചുകൊണ്ടുള്ള വ്യാപാരവായ്പ അഥവാ ഓവർ ഡ്രാഫ്റ്റ് (O.D.) സംവിധാനം സംഘം നടപ്പിലാക്കിയിട്ടുണ്ട്.

കേന്ദ്രസർക്കാർ നല്കിവരുന്ന സബ്സിഡി ആനുകൂല്യം പരമാവധി പ്രയോജനപ്പെടുന്ന രീതിയിൽ വിവിധ തുറകളിൽ സ്വയംതൊഴിൽ കണ്ടെത്തലിനുള്ള ഐ.ആർ.ഡി.പി. വായ്പകളും സംഘം സുലഭമായി നല്കുന്നുണ്ട്. ഗൃഹോപകരണങ്ങളും ഇരുചക്രവാഹനങ്ങളും വാങ്ങുവാൻ അംഗങ്ങൾക്ക് 'ഹയർ പർച്ചേയ്സ്' വായ്പയും നല്കിവരുന്നുണ്ട്.

## സംഘത്തിൻെറ സാമ്പത്തികനില

സാമാന്യം ഭേദപ്പെട്ട മൂലധനമുള്ള ഒരു സംഘമാണ് നമ്മുടേത്. പക്ഷേ, അംഗങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ ഫണ്ടിൻെറ കാര്യത്തിൽ നമുക്ക് വേണ്ടത്ര മുന്നേറാൻ കഴിയുന്നില്ല. ഇതിന് പ്രധാന കാരണം നിക്ഷേപങ്ങളുടെ ദൗർലഭ്യംതന്നെയാണ്. സ്വകാര്യ പണമിടപാടുകാരുടെ ഈയടുത്ത കാലത്തുണ്ടായ പെരുപ്പംകാരണമാണ് ഇപ്രകാരം നിക്ഷേപങ്ങൾ കുറഞ്ഞുപോകാൻ കാരണം. മൂന്ന് കോടിയിൽപരം രൂപ നിക്ഷേപവും

രണ്ട് കോടിയോളം രൂപ വായ്പയും നമ്മുടെ സംഘത്തിന് നിലവിലുണ്ട്. വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിൽ അംഗങ്ങൾ കാണിക്കുന്ന അലംഭാവമാണ് സംഘം നേരിടുന്ന പ്രധാന പ്രശ്നം.

## പരിമിതികൾ

നമ്മുടെ പഞ്ചായത്തിൽ ഒരേ ഒരു സഹകരണബാങ്കു മാത്രമാണ് ഇന്നുള്ളത്. ഈ സഹകരണസ്ഥാപനത്തിന് ഒരു ഹെഡ്ഓഫീസും രണ്ട് ബ്രാഞ്ചുകളുമുണ്ട്. ഇതിൽ കവിഞ്ഞ് ഇത്രയും കാലമായിട്ടും സഹകരണമേഖലയിൽ പ്രവർത്തിക്കാവുന്ന മറ്റൊരു സ്ഥാപനവും നിലവിൽ വന്നിട്ടില്ല എന്നത് ദുഃഖകരമായ ഒരു സത്യമാണ്. ഒരേ ഒരു സഹകരണവായ്പാസംഘത്തിൻെറ പരിമിതമായ സേവനംമാത്രമേ നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ളു. ഇത് നമ്മുടെ പഞ്ചായത്തിൻെറ പൊതുവായ വികസനത്തിന് ഗുണകരമല്ല. ഈ അവസ്ഥ മാറ്റി സഹകരണമേഖലയിലെ വ്യത്യസ്തങ്ങളായ സംരംഭങ്ങൾക്ക് രൂപം നല്കേണ്ടിയിരിക്കുന്നു. കൃഷിയുടെയും ചെറുകിട - ഇടത്തരം വ്യവസായങ്ങളുടെയും പരമ്പരാഗത തൊഴിലിൻെറയും വ്യാപാരങ്ങളുടെയും മറ്റും രംഗങ്ങളിൽ സഹകരണമേഖലയെ കൂടുതൽ കൂടുതൽ വ്യാപിപ്പിച്ചെങ്കിൽ മാത്രമേ മേല്പറഞ്ഞ ലക്ഷ്യം കൈവരിക്കാനാകൂ.

## സാദ്ധ്യതകൾ

അഭ്യസ്തവിദ്യരായ ധാരാളം വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെതായ പ്രത്യേക സഹകരണ സംഘങ്ങൾ രൂപീകരിച്ച് അതുവഴി ചെറുകിടവ്യവസായം, മറ്റു കൈത്തൊഴിലുകൾ എന്നിവ ആരംഭിക്കുകയും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാവുന്ന വിപണനസംഘങ്ങൾക്ക് രൂപം നല്കാവുന്നതുമാണ്.

അതുപോലെത്തന്നെ ഒരു പുതിയ പരീക്ഷണമെന്ന നിലയിൽ മനുഷ്യാധ്വാനം സഹകരണമേഖലയിലേക്ക് കൊണ്ടുവരാവുന്നതാണ്. ഇത്തരം 'ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ' നിലവിൽ വരുന്നതുവഴി തൊഴിലവസരങ്ങൾ വർദ്ധിക്കുമെന്നു മാത്രമല്ല, അന്യസംസ്ഥാനത്തുനിന്നും വന്നുകൂടുന്ന തൊഴിലാളികളുടെ വർദ്ധനമൂലം നാട്ടിലുള്ള തൊഴിൽക്കൂടി നഷ്ടമാകുന്ന ഇന്നത്തെ അവസ്ഥയ്ക്കും ഒരു പരിധിവരെ മാറ്റമുണ്ടാക്കാൻ കഴിയും. ഒരു പ്രത്യേക സീസണിൽ മാത്രം തൊഴിൽ കിട്ടുകയും മറ്റു കാലങ്ങളിൽ തൊഴിലില്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയ്ക്കും ഈ സംരംഭം വഴി മാറ്റമുണ്ടാക്കാൻ കഴിഞ്ഞേക്കും.

'മൾട്ടിപർപ്പസ് സർവ്വീസ് സൊസൈറ്റി'കൾ സ്ഥാപിച്ച് തദ്വാരാ പ്രൊഫഷണൽ മാനേജ്മെൻറ് പരിശീലനം, സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം മുതലായവ പരീക്ഷിക്കാവുന്നതാണ്.

പട്ടികജാതി - പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും അതുവഴി പരമ്പരാഗത കുടിൽവ്യവസായങ്ങൾ പരിപോഷിപ്പിക്കുകയും ചെയ്യാവുന്നതാണ്. മുള, ചകിരി എന്നീ അസംസ്കൃത പദാർത്ഥങ്ങൾ സുലഭമായി കിട്ടുന്ന നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു വലിയ പങ്ക് സാധ്യതയാണ് ഈ സംരംഭംവഴി തുറന്നുകിട്ടുക.

## ക്ഷീരസഹകരണസംഘം

നമ്മുടെ പഞ്ചായത്ത് പരിധിക്കുള്ളിൽ നൂറുകണക്കിന് കന്നുകാലി കർഷകരുണ്ട്. എന്നാൽ ഇവർ ഉല്പാദിപ്പിക്കുന്ന ക്ഷീരപദാർത്ഥങ്ങൾക്ക് ശരിയായ വില ലഭിക്കുന്നില്ല. എന്നു മാത്രമല്ല, കന്നുകാലികൾക്ക് ആവശ്യമായ കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ ഇപ്പോൾ നിവൃത്തിയില്ല. ഈ രണ്ട് കാര്യങ്ങൾക്കു പരിഹാരം കാണുന്നതിനായി പഞ്ചായത്തിൽ ഒന്നോ രണ്ടോ (കഴിയുമെങ്കിൽ വാർഡുതോറും) ക്ഷീരസംഘങ്ങൾക്ക് രൂപം നല്കുന്നത് വളരെ പ്രയോജനകരമായിരിക്കും. ഐ.ആർ.ഡി.പി. വായ്പകൾ ഉപയോഗിച്ച് വളർത്തുമൃഗങ്ങളെ വാങ്ങി ഉപജീവനം നടത്തുന്ന ആളുകൾക്ക് ഇത്തരം സംരംഭങ്ങൾ വലിയ അനുഗ്രഹമായിരിക്കും.

## ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി

ചിന്നഭിന്നമായി കിടക്കുന്ന കൃഷിഭൂമികളും ഒറ്റപ്പെട്ട രീതിയിലുള്ള കൃഷിസമ്പ്രദായങ്ങളും കാർഷിക വൃത്തിയിലുള്ള അജ്ഞതയും അശാസ്ത്രീയമായ രാസവള - കീടനാശിനി പ്രയോഗവുമാണ് സത്യത്തിൽ നമ്മുടെ കാർഷിക മേഖലയെ ദരിദ്രമാക്കിക്കൊണ്ടിരിക്കുന്നത്. ഈ അവസ്ഥ മാറ്റിയെടുക്കാതെ മറ്റെന്തു തരം പദ്ധതികൾകൊണ്ടും കാര്യമായ പുരോഗതി കൈവരിക്കാൻ നമ്മുടെ കൃഷിക്കാർക്ക് കഴിയുമെന്ന് തോന്നുന്നില്ല. ഇവിടെയാണ് കൂട്ടുകൃഷിസമ്പ്രദായത്തിൻെറ പ്രസക്തിയും കുടികൊള്ളുന്നത്. മാത്രമല്ല, പലപ്പോഴും ഉണ്ടാകാറുള്ള തൊഴിൽ - കൂലി തർക്കങ്ങൾക്കും ഒരു പരിധിവരെ ഈ സംരംഭം പരിഹാരമാണ്. ഇതിനുംപുറമെ കൃഷിക്കാർക്കുവേണ്ടി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ കൊണ്ടുവരുന്ന വിവിധതരം പദ്ധതികളും ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കാനും ഇത്തരം സംരംഭങ്ങൾക്ക് കഴിയും. ചെറുകിട ജലസേചനപദ്ധതികൾക്ക് സർക്കാരിൽനിന്നും കിട്ടുന്ന ഗ്രാൻറുകളും മറ്റും ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾ മുഖേന മാത്രമേ ലഭ്യമാകുകയുള്ളൂ. എങ്ങനെയെടുത്ത് നോക്കിയാലും കർഷകർക്ക് വളരെ പ്രയോജനപ്പെടുന്ന ഒരു പരിപാടിയാണ് ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾ. ഇത് നമ്മുടെ പഞ്ചായത്തിൽ ഇല്ല.

## കേരോല്പന്ന നിർമ്മാണ വിപണന സംഘം

നാളികേരം എന്ന ഉല്പന്നത്തിൻെറ അനുബന്ധ ഉല്പന്നങ്ങളായ നാളികേരവെള്ളം, ചിരട്ട, ചകിരി, ഓല തുടങ്ങിയ വസ്തുക്കൾ ഇന്ന് കാര്യമായ ഒരു വരുമാനവും നേടിത്തരാത്ത പാഴ്‌വസ്തുക്കളായി കണക്കാക്കി വരികയാണ്. എന്നാൽ ഇപ്രകാരം പാഴാക്കിക്കളയുന്നതും പുറംനാടുക

ളിൽ ഏറെ പ്രിയങ്കരവുമായ ഇത്തരം അനുബന്ധ വസ്തുക്കൾ ഉപയോഗപ്പെടുത്തി ശീതളപാനീയങ്ങളും ഗൃഹോപകരണങ്ങളും കളിക്കോപ്പുകളും ഉണ്ടാക്കി വിപണനം നടത്തുന്നതിനായി ഒരു സഹകരണാടിസ്ഥാനത്തിലുള്ള സംരംഭം വളർത്തിയെടുത്താൽ തന്മൂലം നമ്മുടെ പഞ്ചായത്തിലെ നാളികേരകർഷകർക്ക് കൈവരുന്ന അഭിവൃദ്ധി പ്രത്യേകം പറയേണ്ടതില്ല. ഇതു കൂടാതെ കൊപ്ര, വെളിച്ചെണ്ണ, വെളിച്ചെണ്ണ അസംസ്കൃതപദാർത്ഥമായി ഉപയോഗിച്ചു നിർമ്മിക്കുന്ന സോപ്പ് എന്നിവയുടെ ഉല്പാദന - വിപണനസൗകര്യങ്ങളും ഈ സംരംഭം വഴി വികസിപ്പിച്ചെടുക്കാൻ സാദ്ധ്യതകൾ വളരെയുണ്ട്.

## ഭവനനിർമ്മാണസംഘം

ചുരുങ്ങിയപക്ഷം പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റിയെങ്കിലും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. വർദ്ധിച്ചുവരുന്ന പാർപ്പിടപ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യം കൈവരിക്കാൻ ഇത് വളരെയേറെ പ്രയോജനപ്പെട്ടേക്കും.

ഇന്ന് സർക്കാരിൽനിന്ന് പലതരം ഭവനനിർമ്മാണപദ്ധതികളും നടപ്പിലാക്കുന്നുണ്ടെങ്കിലും ഫലത്തിൽ പലതരം സാങ്കേതിക ബുദ്ധിമുട്ടുകളാൽ സാധാരണക്കാരായ ഒട്ടുമിക്ക ആളുകൾക്കും അത്തരം ഭവനപദ്ധതികൾ കൈയെത്താദൂരത്ത് നിലകൊള്ളുകയാണ്. അത് പരിഹരിക്കാൻ കൂടി പ്രദേശികഭവനനിർമ്മാണ സഹായ സഹകരണസംഘങ്ങൾക്ക് കഴിയും. പ്രാദേശികമായി നടപ്പാക്കാൻ കഴിയുന്ന നിയമാവലികൾക്ക് വിധേയമായി ഇത്തരം സംഘങ്ങൾ പഞ്ചായത്തിൽ ഒരെണ്ണമെങ്കിലും അടിയന്തിരമായും ഉണ്ടാകേണ്ടതാണ്.

## സ്ക്കൂൾ സഹകരണസംഘങ്ങൾ

ഇന്ന് നാമമാത്രമായി ഏതാനും സ്ക്കൂളുകളിൽമാത്രം പ്രവർത്തിക്കുന്ന സ്ക്കൂൾ സഹകരണസംഘങ്ങൾ എല്ലാ സ്ക്കൂളുകളിലും സ്ഥാപിക്കാനും ഉള്ളവയിലെതന്നെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാനും കഴിയണം. പാഠ്യവസ്തുക്കൾ, സ്ക്കൂൾ ഉപകരണങ്ങൾ എന്നിവ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക മാത്രമല്ല, കുട്ടികളിൽ സഹകരണമനോഭാവം വളർത്തി എടുക്കുന്നതിനും നാടിന്റെ വികസനപ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളിൽ താത്പര്യം ജനിപ്പിക്കുന്നതിനും അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും ഇത് ഉപകരിക്കും. കുട്ടികളിൽ കണ്ടുവരുന്ന ദുർവ്യയപ്രവണത ഇല്ലാതാക്കാൻ ചെറിയ സംഖ്യകൾക്കുള്ള 'കാഷ് സർട്ടിഫിക്കറ്റുകൾ' വാങ്ങി സൂക്ഷിക്കാൻ അവരെ പ്രേരിപ്പിക്കുകയും വേണം.

## നിലവിലുള്ള സഹകരണസ്ഥാപനത്തിന്റെ പോരായ്മകൾ

നാളികേരകൃഷിക്ക് മുൻതൂക്കമുള്ള ഒരു പഞ്ചായത്ത് എന്ന നിലയിൽ കൃഷിക്കാർക്ക് നാളികേരത്തിന് ന്യായമായ വില ലഭിക്കാനാവശ്യമായ നടപടികൾ വേണം. ഇതിന് കൊപ്രസംഭരണം വളരെ ഫലപ്രദമാണ്. എന്നാൽ ഇന്ന് പ്രവർത്തനത്തിലിരിക്കുന്ന ഏക സഹകരണസംഘമായ തൈക്കാട് സർവ്വീസ് സഹകരണസംഘത്തിന് ഇക്കാര്യത്തിൽ വളരെ പരിമിതികളുണ്ട്. കൊപ്ര സംഭരിക്കാനും അത് കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഉണക്കുന്നതിനും വേണ്ട ഒരുവിധ സൗകര്യവും ഇന്നില്ല. മഴക്കാലത്ത് സംഭരിക്കുന്ന നാളികേരം ഉണക്കുന്നതിന് ശാസ്ത്രീയമായ 'ഡ്രയർ' സൗകര്യം ലഭ്യമാകേണ്ടതുണ്ട്. അതുപോലെ വേനൽക്കാലത്ത് കൊപ്ര ചിക്കി ഉണക്കുന്നതിനുള്ള 'യാർഡും' അത്യാവശ്യമാണ്. സംഘം ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലെ നാമമാത്രമായ സൗകര്യമാണ് ഇപ്പോൾ ലഭ്യമുള്ളൂ.

ഇത്തരം സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കാൻ സംഘത്തിന് ധനശേഷി ഉണ്ടെങ്കിലും ആവശ്യമായ സ്ഥലം വിലയ്ക്കു തരാൻപോലും കൃഷിക്കാരായ നാട്ടുകാർ തയ്യാറാകുന്നില്ല എന്നതാണ് വസ്തുത. സ്വയം സഹകരിക്കുക - മറ്റുള്ളവരെ സഹകരിപ്പിക്കുക എന്ന തത്വത്തിൽ ഊന്നി നിന്നുകൊണ്ട് പഞ്ചായത്തും ജനപ്രതിനിധികളും മറ്റു സന്നദ്ധസംഘടനകളും ഒത്തൊരുമിച്ച് ശ്രമിച്ചാൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ.

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ

### പൊതുമേഖല

മുമ്പ് പറഞ്ഞപോലെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനം എന്ന നിലയിൽ ഒരേ ഒരു സഹകരണസംഘത്തിന്റെ പ്രവർത്തനം മാത്രമേ നമ്മുടെ പഞ്ചായത്തിന് ലഭ്യമാകുന്നുള്ളൂ. അതും വായ്പാരംഗത്ത് ഊന്നൽ കൊടുക്കുന്ന വിഭാഗത്തിൽ പ്രവർത്തിക്കുന്ന സംഘം. അതുകൊണ്ടുതന്നെ അതിന്റെ നിലനില്പ് പ്രധാനമായും നിക്ഷേപങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. എന്നു പറഞ്ഞാൽ നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആ നിക്ഷേപങ്ങൾ കൃഷിക്കാർ ഉൾപ്പെടെയുള്ള ആളുകൾക്ക് കടമായി വിതരണം ചെയ്യുക എന്നതാണ് നമ്മുടേതുപോലുള്ള വായ്പാസംഘങ്ങളുടെ പ്രധാന കർത്തവ്യം.

### സ്വകാര്യമേഖല

ഈ അടുത്ത കാലത്തായി സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്ഥാപനങ്ങളും നിക്ഷേപങ്ങൾ സമാഹരിച്ച് വായ്പാവിതരണം നടത്തുന്നുണ്ട്. പക്ഷേ, കൃഷിക്കാരുൾപ്പെട്ട സാധാരണ ജനങ്ങളുടെ ക്രയശേഷി വിലയിരുത്തിക്കൊണ്ടല്ല ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. നിക്ഷേപങ്ങൾക്ക് കൊടുക്കുന്ന പലിശയ്ക്കനുസൃതമായി വായ്പകൾക്ക് ഈടാക്കുന്ന അനിയന്ത്രിത പലിശ വായ്പയെടുക്കുന്ന സാധാരണക്കാരനെ കടക്കെണിയിൽ പെടുത്തി നശിപ്പിക്കുന്നു എന്നതാണ് ഇതിൽനിന്നുളവാകുന്ന വിപത്ത്. സ്വകാര്യമേഖലയിലെ ധനസ്ഥാപനങ്ങൾ നല്കുന്ന വർദ്ധിച്ച പലിശാ

സൗകര്യത്തിലാകൃഷ്ടരാകുന്ന നിക്ഷേപകർ തങ്ങളുടെ നിക്ഷേപങ്ങൾ സ്വകാര്യമേഖലയിൽ നിക്ഷേപിക്കാൻ നിർബന്ധിക്കപ്പെടുന്നതുവഴി നിയന്ത്രിതനിരക്കിൽമാത്രം പലിശ കൊടുക്കുന്ന സഹകരണസംഘംപോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിക്ഷേപങ്ങൾ കിട്ടാൻ ബുദ്ധിമുട്ട് വന്നുചേരുകയും തത്ഫലമായി കുറഞ്ഞ പലിശനിരക്കിൽ കൃഷിക്കാർക്കും മറ്റും പണം കടം കൊടുക്കാനുള്ള ശേഷി അവയ്ക്ക് നഷ്ടമാകുകയും ചെയ്യുന്നു. ഈ പ്രതിസന്ധിയിൽനിന്ന് പൊതുമേഖലാ സ്ഥാപനങ്ങളേയും സഹകരണ സ്ഥാപനങ്ങളേയും സർവ്വോപരി സാധാരണക്കാരായ കൃഷിക്കാരുൾപ്പെട്ട ജനസാമാന്യത്തേയും രക്ഷിച്ചെടുക്കാനുള്ള പോംവഴികളാണ് ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി നാം കൈക്കൊള്ളേണ്ടത്.

## സഹകരണസ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ

മുകളിൽ വിവരിച്ച സാമ്പത്തിക പ്രതിസന്ധികൾക്കു പുറമെ പ്രാഥമിക സഹകരണസ്ഥാപനങ്ങൾ നേരിടുന്ന മറ്റു പ്രതിസന്ധികളിൽ ഏറ്റവും പ്രധാനമായവ: (1) വായ്പ എടുക്കുന്ന ആളുകൾ വായ്പ യഥാസമയം തിരിച്ചടയ്ക്കാത്തതും, (2) സംഘങ്ങളുടെ ആദായമോ നിലനില്പോ പരിഗണിക്കാതെ ഏർപ്പെടുത്തുന്ന സേവന - വേതന വ്യവസ്ഥകളുടെ ഫലമായി അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സിൽബന്ധിച്ചിലവുകളുമാണ്.

പിരിഞ്ഞുകിട്ടാനുള്ള വൻസംഖ്യകൾക്ക് ഓരോ വർഷവും നീക്കിവയ്ക്കുന്ന കരുതൽസംഖ്യകളാണ് സംഘങ്ങളെ നഷ്ടത്തിൻെറ പട്ടികയിലേക്ക് തള്ളിവിടുന്നത്. ഇപ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിലെ അംഗങ്ങൾക്ക് ലാഭവിഹിതം കിട്ടാൻ അർഹത നഷ്ടപ്പെടുകയും ചെയ്യുന്നു. തത്ഫലമായി സഹകരണസ്ഥാപനങ്ങളോടുള്ള ജനങ്ങളുടെ താത്പര്യത്തിനും ഇടിവു സംഭവിക്കുന്നു. അതേസമയം സർക്കാർമേഖലയിലെ ജീവനക്കാർക്ക് തുല്യമോ ഒരുപക്ഷേ അതിൽ കൂടുതലോ വരുന്ന സേവന-വേതനവ്യവസ്ഥകൾ സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കൊടുക്കാൻ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾപോലും നിർബന്ധിക്കപ്പെടുകയും ചെയ്യുന്നു.

## സാധ്യതകൾ - നിവാരണങ്ങൾ

സഹകരണമേഖലയെ മെച്ചപ്പെടുത്താനുള്ള സാദ്ധ്യതകൾ നമ്മുടെ പഞ്ചായത്തിൽ സുലഭമാണ്. ഗൾഫ്നാടുകളിലും ഇതരസംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന ആളുകൾ നാട്ടിലേക്ക് അയയ്ക്കുന്ന പണം ഒട്ടുമുക്കാലും ഇപ്പോൾ നിക്ഷേപിക്കുന്നത് ദേശവത്കൃതബാങ്കുകളിലോ അതല്ലെങ്കിൽ വാണിജ്യബാങ്കുകളിലോ പലപ്പോഴും സ്വകാര്യ പണമിടുസ്ഥാപനങ്ങളിലോ ആണ്. ഇതുമാറി അത്തരം നിക്ഷേപങ്ങളെ പൂർണമായും നാടിൻെറ വികസനം ലക്ഷ്യമാക്കി സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ നിർബന്ധം ചെലുത്തുകയും അതിനാവശ്യമായ പോത്സാഹനങ്ങൾ നടപ്പാക്കുകയും ചെയ്യുക.

സമ്പന്നവിഭാഗത്തിൻെറ നിക്ഷേപങ്ങളെമാത്രം ആശ്രയിച്ച് നിലകൊള്ളുന്ന ഇന്നത്തെ വായ്പാസംവിധാനം പൊളിച്ചെഴുതുക. വായ്പ ഉപയോഗിക്കുന്നവർതന്നെ നിക്ഷേപകരാകുന്ന പുതിയ സംവിധാനം ഉണ്ടാകണം. ഇതിനായി ഏതാനും നിർദ്ദേശങ്ങൾ വയ്ക്കുന്നു:

1. ലക്ഷങ്ങൾ മുടക്കി നിർമ്മിക്കുന്ന ബഹുനിലഭവനങ്ങൾ നിരുത്സാഹപ്പെടുത്തുക. മിച്ചം വരുന്ന തുകകൾ സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കട്ടെ.
2. ഉത്സവങ്ങളുടെയും മറ്റ് ആഘോഷപരിപാടികളുടെയും പേരിൽ അനിയന്ത്രിതമായി ധൂർത്തടിക്കുന്ന വൻസംഖ്യകളിൽ ഒരു നിശ്ചിത ശതമാനം സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ ജനങ്ങൾ സന്മനസ്സു കാണിക്കട്ടെ!
3. സർവ്വീസിൽനിന്നു വിരമിക്കുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ തുടങ്ങിയ സമൂഹത്തിലെ ഉന്നത നിലവാരം പുലർത്തുന്ന വിഭാഗം ആളുകൾ തങ്ങൾക്ക് ലഭിക്കുന്ന റിട്ടയർമെൻറ് ആനുകൂല്യതുകകളിൽ ഒരു നിശ്ചിതശതമാനമെങ്കിലും തങ്ങൾ കൂടി ഉൾപ്പെടുന്ന ഒരു പഞ്ചായത്തിൻെറ ശ്രേയസ്സിനെ മുൻനിർത്തി സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കാനുള്ള ഉദാരമനസ്സ് പ്രദർശിപ്പിക്കട്ടെ!
4. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ നിക്ഷേപങ്ങളിൽ ഒരു നിശ്ചിതശതമാനം കാർഷിക വായ്പാ വിതരണത്തിനായി സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ നിർബന്ധിക്കുംവിധം കർശനമായ നിയമം കൊണ്ടുവരിക. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിലെ ആദായവും ആദായനികുതിവെട്ടിപ്പും കണ്ടുപിടിക്കാൻ കർശനമായ നിയമസംവിധാനം നടപ്പാക്കുക.

ഇത്രയും കാര്യങ്ങൾ പ്രാവർത്തികമാക്കാൻ സർക്കാർ മുൻകൈയെടുക്കണം. എന്നാൽ അതുകൊണ്ടുമാത്രം കാര്യങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞെന്നുവരില്ല. അതിന് ശക്തവും ശാസ്ത്രീയവുമായ ബോധവത്കരണം അത്യന്താപേക്ഷിതമാണ്. ഇതിനായി ജനകീയാസൂത്രണ പരിപാടി പ്രവർത്തകരും, വികസനസമിതി പ്രവർത്തകരും കൂട്ടായി പ്രവർത്തിക്കണം. ലക്ഷ്യം കൈവരിക്കാനാവശ്യമായ പ്രചരണം നല്കണം. കലാപരിപാടികൾ, നാടകങ്ങൾ, സിമ്പോസിയങ്ങൾ, ചർച്ചാക്ലാസ്സുകൾ എന്നിവ ഇതിലേക്കായി സംഘടിപ്പിക്കാം.

നാടിൻെറ പൊതുവായ പുരോഗതിക്കും വികസനത്തിനുംവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ജാതി - വർഗ്ഗീയ - രാഷ്ട്രീയവ്യത്യാസം മറന്ന് പ്രവർത്തിക്കുക എന്ന നമ്മുടെ പഞ്ചായത്തിൻെറ തനതായതും മഹത്തായതുമായ പൈതൃകം ഈ കാര്യങ്ങൾ ഭംഗിയായും ആത്മാർത്ഥതയോടുംകൂടി ചെയ്ത് വിജയിപ്പിക്കുന്നതിന് നമുക്ക് ഏവർക്കും പ്രചോദനമാകട്ടെ! ജനകീയ ആസൂത്രണം എന്ന ഈ മഹത്തായ പരിപാടിയിൽ പങ്കുചേർന്ന് ഈ പദ്ധതിയുടെ ഓരോ ചുവടും അത്യന്തം ഭദ്രമാക്കിത്തീർക്കാൻ എല്ലാവരോടും ആത്മാർത്ഥമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഇവിടെ പര്യവസാനിപ്പിച്ചുകൊള്ളട്ടെ!

# പട്ടികജാതി - പട്ടികവർഗ്ഗം

തൈക്കാട് ഗ്രാമപഞ്ചായത്തിൽ 469 പട്ടികജാതി കുടുംബങ്ങളും ഒരു പട്ടികവർഗ്ഗ കുടുംബവും ഉണ്ട്. മൊത്തം 470. ഇതിൽ മിക്കവർക്കും സ്വന്തമായി 5 സെൻറിൽ കൂടുതൽ സ്ഥലമുള്ളവരും അതിൽ കുറഞ്ഞ സ്ഥലമുള്ളവരും ഉണ്ട്. ഇവർ ചെറ്റക്കുടിലുകളിലും മൺകുടിലുകളിലും ഭേദപ്പെട്ട വീടുകളിലും ആയി താമസിക്കുന്നവരാണ്. ഇതിൽ ഒന്നും രണ്ടുമായി പറഞ്ഞ വിഭാഗങ്ങൾക്ക് വീടുണ്ടാക്കാൻ കൂടുതൽ ധനസഹായം ലഭിക്കണം. ഇവർക്ക് ധനസഹായം നേരിട്ടു നല്കുന്നതിന് പകരം പഞ്ചായത്ത് തന്നെ നേരിട്ട് ചെലവുകുറഞ്ഞതും ഉറപ്പുള്ളതും ചോരാത്തതുമായ വീടുകൾ നിർമ്മിച്ചു കൊടുക്കണം. എല്ലാ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട്ടുനികുതി ഒഴിവാക്കണം.

കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കണം.

വൈദ്യുതിയില്ലാത്ത വീടുകൾക്ക് അത് ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. വയറിംഗ്ചാർജിന് സഹായം കിട്ടണം. വൈദ്യുതി സൗജന്യമായി നല്കണം.

കിണറുകൾ ഇല്ലാത്ത എല്ലാ വീട്ടുകാർക്കും കുടിവെള്ളത്തിന് വേണ്ട കിണറുകൾ സൗജന്യമായി പഞ്ചായത്ത് നേരിട്ട് കുഴിപ്പിച്ച് കൊടുക്കുകയോ അതിനുവേണ്ട മുഴുവൻ ചെലവും നേരിട്ടു കൊടുക്കുകയോ ചെയ്യുക.

ഭൂമിയും വീടും ഇല്ലാത്തവരെ പുനരധിവസിപ്പിക്കുക. താഴ്ന്ന സ്ഥലത്ത് വീടുവച്ച് താമസിക്കുന്നവർക്ക് അത് നികത്താനുള്ള ധനസഹായം കൊടുക്കണം.

ഈ പഞ്ചായത്തിലെ ഒട്ടുമിക്കവരും വ്യത്യസ്ത തൊഴിലുകൾ ചെയ്ത് ജീവിക്കുന്നവരാണ്. വിരലിൽ എണ്ണാവുന്നവർ മാത്രമേ സ്ഥിരവരുമാനക്കാരായുള്ളൂ. അധികമാളുകളും പല തരത്തിലുള്ള ദിവസക്കൂലിവേലക്കാരാണ്. ഇവർക്ക് തൊഴിൽ ചെയ്യാൻ വേണ്ട ആയുധങ്ങൾ സൗജന്യമായി നല്കണം.

സർക്കാർതലത്തിൽ എസ്.സി. / എസ്.ടി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന് സഹായധനം കൊടുക്കുന്നുണ്ടെങ്കിലും ഇടക്കാലങ്ങളിൽ ധാരാളം വരുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാൻ പ്രൈമറിതലം തുടങ്ങി പ്രത്യേക കോച്ചിംഗ്ക്ലാസ്സുകൾ സംഘടിപ്പിക്കണം. അതാത് വാർഡ് അടിസ്ഥാനത്തിൽ ഈവനിംഗ്ക്ലാസ്സ് മോഡൽ നടപ്പിലാക്കണം. ഇതിനുവേണ്ട അദ്ധ്യാപകരെ എസ്.സി. / എസ്.ടി.യിൽനിന്നുതന്നെ നിയമിക്കണം. ഇന്ന് എസ്.എസ്.എൽ.സി.ക്കും അതിനു മുകളിലും ഇത് നടപ്പിലുണ്ടെങ്കിലും അത് അവഹേളിതമായ രീതിയിലായതുകൊണ്ട് കുട്ടികൾ പങ്കെടുക്കാവാൻ താത്പര്യപ്പെടുന്നില്ല.

പട്ടികജാതി - പട്ടികവർഗ്ഗക്കാരായ അപേക്ഷകർക്ക് പി.എസ്സ്.സി., ബാങ്ക്ടെസ്റ്റ് പോലുള്ള പരീക്ഷകളിൽ പങ്കെടുക്കാനുള്ള പരശീലനകോഴ്സുകൾ അടിയന്തിരമായി നടത്തണം. പരീക്ഷകൾക്കും കൂടിക്കാഴ്ചകൾക്കും പോകുന്നവർക്ക് പെൺകുട്ടികളാണെങ്കിൽ അവർക്കും എസ്കോർട്ട് പോകുന്നവർക്കും യാത്രപ്പടി നല്കണം.

വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കണം. എസ്.സി. / എസ്.ടി.ക്കാരുടെ തൊഴിൽ രഹിതവേതനം പ്രതിമാസം 250 രൂപയാക്കി വർദ്ധിപ്പിക്കണം.,

വനിതാ തൊഴിൽ യൂണിറ്റ് അടിയന്തിരമായി സ്ഥാപിക്കണം.

കന്നുകാലികളെ വളർത്തുന്നതിനും തൊഴുത്ത് ഉണ്ടാക്കാനും വേണ്ട ധനസഹായം നല്കണം. ആവശ്യമുള്ളവർക്ക് ബയോഗ്യാസ് നിർമ്മാണത്തിനുവേണ്ട ധനസഹായം നല്കണം.

എസ്.സി. / എസ്.ടി.ക്കാർക്ക് വിവേചനാധിഷ്ഠിത ഗ്രാൻറ് പദ്ധതി നടപ്പാക്കണം.

ആകസ്മികമായി സംഭവിക്കാവുന്ന അപകടങ്ങൾ, രോഗങ്ങൾ, ആശുപത്രിയിൽവച്ച് മരിച്ചവരെ വീട്ടിൽ കൊണ്ടുപോകാൻവേണ്ട വാഹനവാടക, രോഗികൾക്ക് മരുന്നു വാങ്ങുന്നതിനായി വേണ്ടി വരുന്നതും രോഗനിർണയത്തിനുവേണ്ട പരിശോധനകൾക്ക് വേണ്ടിവരുന്നതും ആയ ചെലവ് എന്നിവയ്ക്ക് പഞ്ചായത്തിൽനിന്നും സഹായം ലഭിക്കണം. ശവം മറവുചെയ്യാൻ വേണ്ട ധനസഹായം കൊടുക്കണം.

എസ്.സി./ എസ്.ടി.ക്കാർക്കുള്ള ആരോഗ്യപദ്ധതി നടപ്പിലാക്കണം. വർഷത്തിൽ രണ്ടുപ്രാവശ്യം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കണം. പൊതുവ്യാപാരസ്ഥലങ്ങളിലും റോഡുവക്കുകളിലും പരസ്യമായി വിറ്റുവരുന്ന ലഹരി വസ്തുക്കൾ അടങ്ങിയ പാക്ക് (മുറുക്കാൻ) കർശനമായും പഞ്ചായത്ത് നിരോധിക്കണം. ഈ പാക്ക് വായസംബന്ധമായ കാൻസർരോഗത്തിന് കാരണമാണ്.

നിർദ്ധനരായ എസ്.സി. / എസ്.ടി.ക്കാർക്ക് ചികിത്സക്കും, പെൺകുട്ടികളുടെ വിവാഹത്തിനും ഇപ്പോൾ കൊടുക്കുന്ന സഹായധനം ഇരട്ടിയായി വർദ്ധിപ്പിക്കണം.

30 സെൻറും അതിൽക്കൂടുതലും ഭൂമിയുള്ളവർക്ക് കൃഷി ആവശ്യത്തിന് കിണറും പമ്പുസെറ്റും കൊടുക്കുന്നതുപോലെ ആ ആനുകൂല്യം 10 സെൻറ് ഭൂമി കൈവശമുള്ളവർക്കും കൊടുക്കണം.

പഞ്ചായത്ത് അടിസ്ഥാനമാക്കി ഒരു പട്ടികജാതി കോപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കണം. തൊഴിൽപരവും ധനപരവുമായ പ്രശ്നങ്ങൾക്ക് ഇത് വളരെ ഉപകാരപ്രദമായിരിക്കും.

പഞ്ചായത്ത് അടിസ്ഥാനമാക്കി ഒരു തൊഴിൽപരിശീലനകേന്ദ്രം സ്ഥാപിക്കണം. ടൈലറിംഗ്, മരപ്പണി, വയറിംഗ്, പ്ലംബിങ്, കൊട്ടനെയ്ത്ത്, കട്ടപ്പണി, ഡ്രൈവിംഗ്, വെൽഡിംഗ് മുതലായവ പഠിപ്പിക്കണം. പരിശീലനത്തിന് വരുന്നവർക്ക് സ്റ്റൈപ്പൻറ് നല്കണം.

വിളക്കാട്ടുപാടത്ത് ഒരു പട്ടികജാതി കോളനി സ്ഥാപിക്കാൻവേണ്ട നടപടി എടുക്കണം.


പട്ടികജാതി സങ്കേതങ്ങളിൽ കക്കൂസുകൾ കുഴിക്കൽ, വീടുകളിൽ വയറിംഗ് നടത്തൽ, വീടുകൾ ഓടുമേയുന്നതിനുള്ള സഹായം എന്നിവകൾക്ക് ഇപ്പോൾ നല്കിവരുന്ന സംഖ്യ ഇരട്ടിപ്പിക്കണം.

കോളനികളെ തെരഞ്ഞെടുക്കാനുള്ള അധികാരം ജില്ലാ പഞ്ചായത്തിനു നല്കണം.

ഈ പഞ്ചായത്തിൽ സ്വന്തമായി സ്ഥലമില്ലാത്തവരും കിടപ്പാടമില്ലാത്തവരും ഉണ്ട്. അതുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കണം.

✪✧✪

PLAN LAY OUT OF THAIKKAD PANCHAYATH





P.W.D ROAD

PANCHAYATH ROAD

THODU

AGRICULTURE MAP OF THAIKKAD PANCHAYATH



അധികാരം ജനങ്ങളിലേക്ക്

# ഒമ്പതാം പദ്ധതി ജനകീയ പദ്ധത



# വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസനരേഖ

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## 1996

## വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസനരേഖ

480

## ഉള്ളടക്കം

ആമുഖം

പൊതുവിവരം

ചരിത്രം

കൃഷിയും ജലസേചനവും

മത്സ്യമേഖല - മൃഗപരിപാലനം

വിദ്യാഭ്യാസം

പൊതുജനാരോഗ്യം - കുടിവെള്ളം

കുടിവെള്ളം

വ്യവസായം

ഊർജ്ജം - റോഡുകൾ

ഗതാഗതം

ഭവനനിർമ്മാണം - സാമൂഹ്യക്ഷേമം


സംസ്കാരം

വനിത


സഹകരണമേഖല

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വിഭവസമാഹരണം




(A) പൊതുശ്മശാനത്തിനുള്ള സ്ഥലം
(B) പി. എച്ച് . സെൻറർ
(C) സർവ്വീസ് സഹകരണബാങ്ക്
(D) കൊച്ചന്നൂർ ഹൈസ്ക്കൂൾ
(E) പഞ്ചായത്ത് ആഫീസ്
(F) ഷോപ്പിങ്ങ് കോംപ്ലക്സ്
(G) വില്ലേജ് ആഫീസ്
(H) വൈലത്തൂർ സബ്ബ്സെൻറർ
(I) മൃഗാശുപത്രി



എന്റെ ജീവിതമാണ് എന്റെ സന്ദേശം



എൻ. എം. കുഞ്ഞുമുഹമ്മദ്
പ്രസിഡൻറ്
വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

## ആമുഖം

ഒമ്പതാം പദ്ധതി രൂപികരിക്കുന്നതിനുള്ള ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ വിവിധ ഘട്ടങ്ങൾ കടന്ന് നമ്മുടെ പഞ്ചായത്തിൻെറ വികസനറിപ്പോർട്ടിൻെറ കരട് പ്രസിദ്ധീകരിക്കുന്ന ഈ അവസരത്തിൽ പഞ്ചായത്ത് രാജ് ഭരണ സംവിധാനത്തിൻെറ ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് ഒരുതിരിഞ്ഞു നോട്ടം നടത്തുന്നത് സന്ദർഭോചിതമായിരിക്കുമെന്ന് കരുതുന്നു.

പ്രാചീനകാലം മുതൽ ഭാരതത്തിൽ പഞ്ചായത്ത് ഭരണ സമ്പ്രദായം നിലനിന്നിരുന്നു. ഒരു ഗ്രാമത്തിൻെറ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഗ്രാമസമിതിയും ''ഗ്രാമണി'' എന്നു വിളിച്ചിരുന്ന ഗ്രാമത്തലവനും ഉണ്ടായിരുന്നു. രാജാക്കന്മാരും രാജഭരണവും മാറിമറിഞ്ഞു കൊണ്ടിരുന്നപ്പോഴും ഗ്രാമനായകരും അവരുടെ ഭരണരീതികളും മാററമില്ലാതെ തുടർന്നു കൊണ്ടിരുന്നു. ക്ഷേത്രപരിസരങ്ങളിലും വൃക്ഷചുവടുകളിലും വെച്ചു കൂടിയ ഗ്രാമസമിതികൾ പ്രതിരോധം, നികുതി പിരിവ്, പൊതുജനാരോഗ്യം തുടങ്ങി ദേശത്തിൻെറ രക്ഷക്കും പുരോഗമന പ്രവർത്തനത്തിനും വേണ്ടിയുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഗ്രാമത്തലവൻെറ നേതൃത്വത്തിൽ നടത്തിയിരുന്നുവെന്ന് ചരിത്രരേഖകൾ തെളിയിക്കുന്നു. ഇന്നത്തെ പഞ്ചായത്തുകളുടെ പ്രാകൃത രൂപങ്ങളായിരുന്നു അന്നത്തെ ഗ്രാമസമിതികൾ.

പുരാതന കേരളത്തിൽ ''തറ'' തറകളുടെ സഭയായ ''തറക്കൂട്ടം'' നാട്ടുകൂട്ടം'' എന്നിങ്ങനെ പല പേരുകളിലും ഗ്രാമസമിതികൾ നിലനിന്നിരുന്നു. ഈ സമിതികൾ നിയമനിർമ്മാണം പോലുള്ള ഗ്രാമത്തിൻെറ സുപ്രധാനമായ പല കാര്യങ്ങളും നിർവ്വഹിച്ചിരുന്നു. അവരുടെ തീരുമാനങ്ങൾ ഗ്രാമീണർ അനുസരിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. ഭരണകൂടങ്ങൾക്കുപോലും ഈ സമിതികളുടെ തീരുമാനങ്ങൾ സ്വീകാര്യമായിരുന്നു. എന്നാൽ വൈദേശികാക്രമണത്തോടും ആധിപത്യത്തോടും കൂടി നമ്മുടെ ഗ്രാമസമിതികൾ നാമമാത്രമായി.

ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നും ജനസംഖ്യയിൽ എൺപത്തിയഞ്ചു ശതമാനത്തിലധികം പേർ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങൾക്ക് മോചനവും മുക്തിയും ലഭിച്ചെങ്കിൽ മാത്രമെ നമ്മുടെ രാഷ്ട്രം പുരോഗതി പ്രാപിക്കുകയുള്ളുവെന്നും വിശ്വസിച്ചിരുന്ന ഗാന്ധിജിയുടെ സ്വപ്നമായിരുന്നു ''ഗ്രാമസ്വരാജ്'' എന്ന ആശയം. എന്നാൽ അതിന് വേണ്ടത്ര പരിഗണന ലഭിച്ചില്ല.

സ്വാതന്ത്ര്യലബ്ധിക്കുശേഷം രൂപീകൃതമായ കേന്ദ്ര പാർലമെൻറും സംസ്ഥാന നിയമസഭകളും ജനാധിപത്യത്തിൻെറ ശക്തമായ വേദികളായിരുന്നുവെങ്കിലും ജില്ലാതലം മുതൽ താഴോട്ട് പഞ്ചായത്ത് തലംവരെ ജനാധിപത്യം നിലനിർത്തുന്നതിനാവശ്യമായ ജനകീയ സമിതികളുണ്ടായിരുന്നില്ല. ഉള്ളവക്കുതന്നെ വേണ്ടത്ര അധികാരങ്ങളുണ്ടായിരുന്നില്ല. ആയതിനാൽ ജില്ലാതലം മുതൽ പഞ്ചായത്ത് തലംവരെ സ്വയം ഭരണാധികാരമുള്ള ഭരണസമിതികൾ ഉണ്ടെങ്കിൽ മാത്രമെ ജനായത്തഭരണം പൂർണ്ണമാകുകയുള്ളുവെന്ന് മനസ്സിലാക്കിയതിൻെറ അടിസ്ഥാനത്തിൽ അതിനെപ്പററി പഠിക്കുവാൻ നിയമിച്ച ശ്രീ. ബൽവന്ത്റായ് മേത്ത സമർപ്പിച്ച റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് അധികാര വികേന്ദ്രീകരണത്തിനുവേണ്ടി ''പഞ്ചായത്ത് രാജ്'' എന്ന ത്രിതല ഭരണസമ്പ്രദായത്തിന് രൂപം കൊടുത്തത്. എന്നാൽ ഈ ഭരണ സമ്പ്രദാ

യത്തിന് ഭരണ ഘടനയുടെ പിൻബലമില്ലാതിരുന്നത് പ്രധാനപ്പെട്ട ഒരു പോരായ്മയായിരുന്നു. തന്മൂലം പല പഞ്ചായത്തുകളിലും യഥാസമയം തെരഞ്ഞെടുപ്പ് നടത്താതെ ഒ ന്നുകിൽ ഭരണസമിതികളുടെ കാലാവധി ദീർഘിപ്പിച്ചുകൊടുക്കുകയോ അല്ലെങ്കിൽ ഭരണസമിതികൾ പിരിച്ചുവിട്ട് ഭരണം ഉദ്യോഗസ്ഥന്മാരുടെ കൈകളിൽ ഏല്പിക്കുകയോ ആണ് ചെയ്തിരുന്നത്.

സമഗ്രമായ ഒരു പഞ്ചായത്ത് രാജ് നിയമം കൊണ്ടുവരുന്നതിനും അതിന് ഭരണഘടനയുടെ പിൻബലം നൽകുന്നതിനുമുള്ള ഒരു ശ്രമം നമ്മുടെ മുൻ പ്രധാനമന്ത്രിയായിരുന്ന ശ്രീ. രാജീവ് ഗാന്ധിയുടെ ഭാഗത്തു നിന്നുണ്ടായി. എന്നാൽ പാർലമെൻറിൽ ഭൂരിപക്ഷം ലഭിക്കാത്തതിനാൽ ഭരണഘടനാ ഭേദഗതി കൊണ്ടുവരുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ അകാലത്തിലുള്ള വേർപാടിനുശേഷം ഈ രംഗത്ത് വേണ്ടത്ര പ്രവർത്തനങ്ങൾ നടന്നില്ല.

പിന്നീട് വന്ന് ശ്രീ. പി. വി. നരസിംഹറാവുവിൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറ് പാർലമെൻറിൽ അവതരിപ്പിച്ച 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് സംവിധാനത്തിന് നിയമപരമായ നിലനില്പ് ഉറപ്പായി. അതിനെത്തുടർന്ന് കേരള നിയമസഭ പാസ്സാക്കിയ കേരളാ പഞ്ചായത്ത് രാജ് ആക്ററിലൂടെ കേരളത്തിലും ത്രിതല പഞ്ചായത്ത് ഭരണം നിലവിൽ വന്നു. അഞ്ചുവർഷം കൂടുമ്പോൾ തെരഞ്ഞെടുപ്പ്, വനിതകൾക്ക് മൂന്നിലൊന്ന് സീററുകൾ സംവരണം, ആറുമാസത്തിലൊരിക്കൽ കൂടുന്ന ഗ്രാമസഭകൾ ഇവയെല്ലാം ഈ നിയമത്തിൻെറ സവിശേഷതകളാണ്.

നമ്മുടെ വർദ്ധിച്ചു വരുന്ന ജനതതിയുടെ ആവശ്യങ്ങൾ നിറവേററുന്നതിന് ഇപ്പോഴത്തെ ആസൂത്രണരീതിയിൽ നിന്ന് വ്യതിചലിച്ച് ഓരോ മേഖലയിലും ദ്രുതഗതിയിലുള്ള പുരോഗതി കൈവരിച്ചേ മതിയാകു. ആസൂത്രണത്തിന് ഒരു നവ ചൈതന്യം പകർന്നുകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. ഇത്രയും നാൾ പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പൊതുജനങ്ങൾക്ക് യാതൊരു പങ്കാളിത്തവും ഉണ്ടായിരുന്നില്ല. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞുള്ള പദ്ധതികളായിരുന്നില്ല നടപ്പിലാക്കിയിരുന്നത്. പദ്ധതികൾ മുകളിൽ നിന്ന് താഴോട്ട് അടിച്ചേല്പിക്കുകയായിരുന്നു. അതിനൊരപവാദമെന്നനിലയിൽ വികസന പരിപാടികൾ പൊതു ജനപങ്കാളിത്തത്തോടുകൂടി രൂപീകരിച്ച് ഒമ്പതാം പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ടി രൂപീകൃതമായ ജനകീയ ആസൂത്രണ പ്രസ്ഥാനം എന്തുകൊണ്ടും സ്വാഗതാർഹമാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആധികാരിക ചരിത്രരേഖകൂടിയാണ് ഈ വികസനറിപ്പോർട്ട്. ഭാരതീയർ പണ്ടുമുതൽക്കേ ചരിത്രം രേഖപ്പെടുത്തിവെയ്ക്കുന്നതിൽ വിമുഖരായിരുന്നു. വിദേശ സഞ്ചാരികൾ ഇന്ത്യ സന്ദർശിച്ചതിനുശേഷം രേഖപ്പെടുത്തിയ സഞ്ചാരക്കുറിപ്പുകളാണ് പലപ്പോഴും ചരിത്ര രചനയിൽ നമ്മെ സഹായിച്ചിട്ടുള്ളത്. ഇന്ന് നമുക്ക് ഇന്ത്യാ ചരിത്രവും കേരള ചരിത്രവും ഉണ്ട്. ഇതുപോലെ നമ്മുടെ പഞ്ചായത്തിനും അതിൻേറതായ ചരിത്രമുണ്ട്. വാമൊഴിയായും വരമൊഴിയായും ലഭിച്ച വിവരങ്ങൾ ഏകോപിപ്പിക്കുവാനുള്ള ഒരു ശ്രമം കൂടിയാണിത്. അതുപോലെ അടുത്ത അഞ്ചു വർഷമോ അതിലധികം കാലമോ കൊണ്ട് ചെയ്തു തീർക്കേണ്ട വികസന പ്രവർത്തനങ്ങളേതെല്ലാമാണെന്ന നിർദ്ദേശവും ഇതിലുണ്ട്.

എന്തെങ്കിലും തെററുകൾ ഈ റിപ്പോർട്ടിൽ കടന്നിട്ടുണ്ടെങ്കിൽ സാദരം ക്ഷമിക്കുമല്ലോ. ഈ റിപ്പോർട്ട് പൂർണ്ണമാകുന്നത് നമ്മളെല്ലാം ഒത്തുചേരുന്ന വികസന സെമിനാറിൽ വെച്ചുള്ള വിശദമായ ചർച്ചയിലൂടെയാണ്. ഒത്തിരി പേർ ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. അവരെയെല്ലാം നന്ദിപൂർവ്വം ഇത്തരുണത്തിൽ സ്മരിക്കുന്നു. ഈ വികസന റിപ്പോർട്ടിൻെറ കരട് നിങ്ങൾക്കുവേണ്ടി നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

(ഒപ്പ്)
എൻ. എം. കുഞ്ഞുമുഹമ്മദ്

## മുൻ പ്രസിഡൻറുമാർ


എ. മുഹമ്മദ്



സി. ആർ. നായർ


വി. എ. മുഹമ്മദ്



കെ. എ. നമ്പൂതിരിപ്പാട്


കൊടമന നാരായണൻ നായർ



എ. സി. കുഞ്ഞിമോൻ ഹാജി



പി. പി. രാമചന്ദ്രൻ പിള്ള
സെക്രട്ടറി



എ. പി. കുഞ്ഞഹമ്മദ്
1-ാം വാർഡ്



അശോകൻ എടക്കാട്ട്
2-ാം വാർഡ്



ഫാത്തിമ മുഹമ്മദ്
3-ാം വാർഡ്



വി. കെ. ഷംസു
5-ാം വാർഡ്



റഷീദ അബൂബക്കർ
6-ാം വാർഡ്




റോസി ജോർജ്

7-ാം വാർഡ്




റഹ്ന റഫീക്

11-ാം വാർഡ്



കെ. സി. ചേന്ദൻ

10-ാം വാർഡ്



സോറിൻ തോമാസ്

സ്ററാൻറിങ്ങ് കമ്മിററി ചെയർമാൻ


9-ാം വാർഡ്



ഉഷ ഗോപാലകൃഷ്ണൻ

ബ്ലോക്ക് മെമ്പർ

വടക്കേക്കാട്



ജാഫർ സാദിക്ക്

ബ്ലോക്ക് മെമ്പർ

തൊഴിയൂർ

വടക്കേക്കാട് പഞ്ചായത്തും വൈലത്തൂർ പഞ്ചായത്തും സംയോജിപ്പിച്ച് വടക്കേക്കാട് പഞ്ചായത്ത് നിലവിൽ വന്നു. ആദ്യമായി ജനാധിപത്യ പ്രക്രിയയിലൂടെ നിലവിൽ വന്ന ഭരണസമിതിയിലെ അംഗങ്ങൾ 20-12-1963 ഉച്ചക്ക് 3 മണിക്ക് സത്യപ്രതിജ്ഞ ചെയ്തു അധികാരമേററു.

1. കൊടമന നാരായണൻ നായർ (പ്രസിഡണ്ട്)

2. എം. എ. കുട്ടി

3. ടി. ടി. ഫ്രാൻസിസ്

4. കെ. ബാലകൃഷ്ണൻ

5. എ. ടി. കാദർ

6. എ. സി. കുഞ്ഞിമോൻ

7. കെ. മൊയ്തു

8. വി. യു. പാപ്പുണ്ണി

# വികസനറിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. വി. സി. ഗോപാലകൃഷ്ണൻ
2. ഇ. എം. അമ്മു, ചക്കിത്തറ
3. ബാലകൃഷ്ണൻ കാഞ്ഞേങ്ങാട്ട്
4. എം. ഷംസുദീൻ
5. ആൻറണി ജേക്കബ്
6. എ. ശ്രീകുമാർ
7. വി. ശങ്കരനാരായണൻ
8. ഡോ. സി. എൻ. വിനോദ്
9. ഷരീഫ് കെ. എ.
10. എം. ഗിരീഷ്
11. ഫസലുൽ അലി
12. പി. ടി. ഭാസ്കരൻ
13. ലൂക്കോസ്, തലക്കോട്ടൂർ
14. ഇ. ബാലകൃഷ്ണൻ
15. കെ. കുമാരൻ
16. കെ. മുഹമ്മദ്കുട്ടി, കൊച്ചന്നൂർ
17. വി. വിദ്യാധരൻ
18. എ. കെ. മോഹനൻ
19. കെ. ചാന്ദ്നി ടീച്ചർ
20. വി. വി. രുഗ്മിണി
22. ഷംസു, കല്ലൂർ
23. വി. ബാലകൃഷ്ണമേനോൻ
24. സുബൈർ മുളക്കാഞ്ചേരി
25. ഐ. എം. എ. ബഷീർ



കോട്ടയിൽ ഖാലിദ്
ജനറൽ കൺവീനർ
(വടക്കേക്കാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട്)

# പൊതു വിവരം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | - വടക്കേക്കാട് ഗ്രാമപഞ്ചായത്ത് |
| വിലാസം | - പോസ്ററ് ഞമനേങ്ങാട് |
| | പിൻ. 679 563 |
| | ഫോൺ. 542240, പുന്നയൂർക്കുളം |
| ഉൾപ്പെടുന്ന വില്ലേജ് | - വടക്കേക്കാട് |
| ഉൾപ്പെടുന്ന ദേശങ്ങൾ | - വടക്കേക്കാട്, തെക്കെക്കാട്, കല്ലൂർ, തിരുവളയന്നൂർ, കൗക്കാനപ്പെട്ടി, കൊച്ചന്നൂർ, വൈലത്തൂർ, അഞ്ഞൂർ ഞമനേങ്ങാട് |
| പഞ്ചായത്തിലെ സബ് പോസ്ററ് ഓഫീസുകൾ | - വടക്കേക്കാട്; 679 562, ഞമനേങ്ങാട്; 679 563 |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | - വടക്കേക്കാട്, തൊഴിയൂർ |
| താലൂക്ക് | - ചാവക്കാട് |
| അസംബ്ലി മണ്ഡലം | - ഗുരുവായൂർ |
| ലോക്സഭാ മണ്ഡലം | - തൃശൂർ |
| വിസ്തീർണ്ണം | - 13.72 ച. കി. മീ. |
| അതിരുകൾ | - വടക്ക് - പുന്നയൂർക്കുളം പഞ്ചായത്ത് |
| | തെക്ക് - പൂക്കോട് പഞ്ചായത്ത് |
| | കിഴക്ക് - ആർത്താററ്, കാട്ടകാമ്പാൽ |
| | പടിഞ്ഞാറ് - പുന്നയൂർ പഞ്ചായത്ത് |
| ജനസാന്ദ്രത | - 1718 |
| ജനസംഖ്യ | - 26342 |
| | പുരുഷന്മാർ - 12118 |
| | സ്ത്രീകൾ - 14224 |
| സാക്ഷരത | - 77.88% |
| ആകെ വാർഡുകൾ | - 11 എണ്ണം |
| | സ്ത്രീ സംവരണം - 4 |
| | പട്ടിക ജാതി സംവരണം - 1 |
| പഞ്ചായത്ത് പ്രസിഡൻറ് | - എൻ. എം. കുഞ്ഞുമുഹമ്മദ് |
| വൈസ് പ്രസിഡൻറ് | - കോട്ടയിൽ ഖാലിദ് |
| സ്ററാൻഡിങ്ങ് കമ്മററി ചെയർമാൻ | - സോറിൻ തോമസ് |

# വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചവർ

1. ടി. എഫ്. കുരിയാക്കോസ്
2. വി. രാവുണ്ണിമേനോൻ
3. കെ. എം. അബൂബക്കർ വൈലത്തൂർ
4. എം. പി. മുഹമ്മദ്
5. എം. ടി. കുരിയാക്കോസ്
6. ഹാജി കെ. വി. അബ്ദുൽ അസീസ്
7. ജോസഫ് മാസ്ററർ എം. ഐ.
8. ടി. പി. കൊച്ചുവാറു മാസ്ററർ
9. അബൂബക്കർ മാസ്ററർ കൊച്ചന്നൂർ
10. സി. കെ. അബൂബക്കർ
11. കെ. കെ. അബ്ദുൽ ജലീൽ
12. സി. കുമാരമേനോൻ
13. പി. കെ. മുഹമ്മദാലി
14. ടി. എം. അലി
15. കെ. എ. യൂസഫ് മാസ്ററർ
16. ആഞ്ഞിലക്കടവത്ത് ഹൈദ്രു
17. വി. എൻ. ഭാസ്കരൻ മാസ്ററർ
18. എ. കെ. സലിം കുമാർ
19. പി. ഹരിദാസ് കൗക്കാനപ്പെട്ടി
20. സി. എ. ഹൈദ്രോസ്
21. ഹരിദാസൻ തയ്യിൽ
22. പി. എച്ച്. കുഞ്ഞുമുഹമ്മദ് നായരങ്ങാടി
23. പി. എ. മൊയ്തുട്ടി
24. കെ. ഷാജി ഞമനേങ്ങാട്
25. സി. എ. അബൂബക്കർ
26. എം. ഇ. അബൂബക്കർ
28. സുബ്രഹ്മണ്യൻ തറയിൽ
29. സൈമൺ കള്ളായി
30. ബാലകൃഷ്ണൻ വൈലത്തൂർ
31. ഒ. പ്രദീപ്
32. ഫ്രാൻസീസ് ചീരൻ
33. രാജൻ ചീരൻ
34. തളികശ്ശേരി സുബൈർ
35. വി. മുരളീധരൻ
36. സി. സി. ഹംസ
37. പി. സി. പപ്പൻ
38. വി. അബ്ദുൽ റസാഖ്
39. കുഞ്ഞിമോൻ കാഞ്ഞങ്ങാട്
40. ടി. സി. സത്യൻ
41. കെ. കെ. നാസർ
42. വി. എ. വിജയൻ
43. ടി. സി. സുബ്രഹ്മണ്യൻ
44. വി. റഹിം
45. കെ. കെ. ജയപ്രകാശ്
46. എം. കെ. കുഞ്ഞുമുഹമ്മദ്
47. കെ. എം. നാസർ
48. എ. എം. നസീർ
49. അസീസ് എം.
50. ജോസ് അന്തിക്കാട്
51. എം. ഒ. ജോസഫ്
52. ഗദ്ദാഫി ഇ. എ.
53. കെ. എം. പ്രദീപ്
54. വിനോദ് പി. എസ്
55. ദമയന്തി മോഹനൻ
56. വി. അരവിന്ദാക്ഷൻ
57. അസീസ് തൊഴുക്കാട്ടിൽ
58. സതീഷ് ചന്ദ്രൻ
59. ഫാദർ സി. ഐ. ജോബ്
60. ആദിത്യൻ മുണ്ടൻതറയിൽ
61. ടി. എ. അബു
62. എ. എ. മുഹമ്മദ് ഷാഫി
63. വേണുഗോപാൽ ടി.
64. എ. എം. മൊയ്തുണ്ണി
65. വത്സലൻ മാളിയേക്കൽ
66. എം. സി. കുഞ്ഞിമോൻ
67. പാലിശ്ശേരി ചങ്ങൻ
68. ചാത്തൻമാസ്ററർ
69. കെ. എസ്. വിജയൻ കൊച്ചനൂർ
70. വി. കെ. വേലായുധൻ
72. കെ. മോഹനൻ
73. ടി. ബി. ഉമ്മർ
74. എം. കെ. കമറു
75. പി. കെ. കുഞ്ഞു
76. കെ. എച്ച്. മൊയ്തുണ്ണി
77. കെ. സത്യൻ
78. സക്കീർ പി. എച്ച്.
79. ബാജി. ഞമനേങ്ങാട്
80. റാഫി വൈലത്തൂർ
81. ബാബു വടക്കേക്കാട്
82. ടി. സുരേഷ്

## പഞ്ചായത്ത് അതിർത്തിക്കുള്ളിലെ പൊതു സ്ഥലങ്ങൾ

| വാർഡ് | സ്ഥാപനം | സ്ഥലം | വാർഡ് | സർവ്വെ നമ്പർ | വിസ്തൃതി |
|---|---|---|---|---|---|
| 1 | വടക്കേക്കാട് ഗ്രാമപഞ്ചായത്ത് | നായരങ്ങാടി | 7 | 81/1 | 111/2 സെൻറ് |
| 2 | പഞ്ചായത്ത് ഷോപ്പിംഗ് | | | 82/13 | |
| | കോപ്ലക്സ് | നായരങ്ങാടി | 10 | 81/5 | 22 സെൻറ് |
| | | | | 81/6 | |
| 3 | ശ്മശാനത്തിനുള്ള നിലം | കുന്താപ്പാലം | 2 | 114/2 | 60 സെൻറ് |
| 4 | വില്ലേജ് ആപ്പീസ് | കച്ചേരിപ്പടി | 10 | 67/5 B | 15 സെൻറ് |
| 5 | ഹെൽത്ത് സബ്ബ്സെൻറർ | കടലായിപ്പടി | 7 | 91/1A1 | 9 സെൻറ് |
| 6 | മൃഗാസ്പത്രി | ഞമനെങ്ങാട് | 8 | 132/10 | 22 സെൻറ് |
| 7 | പി. എച്ച്. സി. വടക്കേക്കാട് | വടക്കേക്കാട് | 4 | 62/1 C | 116 സെൻറ് |
| | | | | 62/2 | 8 സെൻറ് |
| 8 | ജി. എച്ച്. എസ്. കൊച്ചന്നൂർ | കൊച്ചന്നൂർ | 6 | 295/1 B | 403 സെൻറ് |
| 9 | സർവ്വീസ് സഹകരണ ബാങ്ക് | വടക്കേക്കാട് | 1 | 62/94 | $5^{1}/_{16}$ സെൻറ് |

# വികസനരേഖയെക്കുറിച്ച്.............

ഇന്ത്യ സ്വതന്ത്രമായ ശേഷം 8 പഞ്ചവത്സരപദ്ധതികൾ നടപ്പിലായിട്ടുണ്ട്. വലിയ പ്രതീക്ഷയോടെ ആസൂത്രണം ചെയ്യപ്പെട്ട പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ മഹത്തരമായിരുന്നെങ്കിലും അതിന്റെ ഫലപ്രാപ്തി തികച്ചും നിരാശജനകമായിരുന്നു. കാർഷിക രാജ്യമായ ഇന്ത്യക്ക് അനുയോജ്യമായ രീതിയിൽ ആസൂത്രണം ചെയ്യാനായില്ല. ഒട്ടേറെ പുരോഗതി കൈവരിക്കാനായെങ്കിലും, ദാരിദ്ര്യം ഇന്നുമൊരു സമസ്യയായിത്തുടരുന്നു. നിരക്ഷരതയും രോഗാവസ്ഥയും ഭീതിതമായി നിലനില്ക്കുന്നു. തൊഴിലില്ലാത്തവർ അനുദിനം പെരുകി വരുന്നു. മനഷ്യശക്തിയുൾപ്പെടെയുള്ള വിഭവങ്ങളുടെ ശരിയായ രീതിയലുള്ള വിനിയോഗത്തിന്റെ അഭാവവും ആവശ്യങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ വന്ന പാകപ്പിഴകളും മുകളിൽ നിന്ന് താഴോട്ടുള്ള ആസൂത്രണ ശൈലിയും പദ്ധതികളുടെ പ്രയോജനം ഭൂരിഭാഗം ജനങ്ങൾക്കും അനുഭവയോഗ്യമാകുന്നതിന് തടസ്സം നിന്ന ഘടകങ്ങളാണ്.

ഈ അവസരത്തിലാണ് കേരളത്തിൽ ''ഒമ്പതാം പദ്ധതി ജനകീയ പദ്ധതി'' എന്നു മുദ്രാവാക്യത്തിന്നനുസരിച്ച് 1996 ൽ അധികാരത്തിൽ വന്ന പുതിയ സർക്കാർ ആസൂത്രണത്തിന് തുടക്കം കുറിച്ചത്. ഓരോ പ്രദേശത്തിന്റെയും ഉൾത്തുടിപ്പറിയുന്ന പ്രവർത്തകർ തങ്ങളുൾപ്പെടുന്ന പ്രദേശത്തിന്റെ വിഭവ ലഭ്യത-ആവശ്യങ്ങൾ - എന്നിവയെക്കുറിച്ച് സമഗ്രമായ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ രേഖയുണ്ടാക്കി അതിന്നനസൃതമായി ആസുത്രണത്തെ സംവിധാനം ചെയ്യുക എന്ന ശ്രമകരമായ കർത്തവ്യമാണ് ഏറെറടുത്തിരിക്കുന്നത്. പൂർണ്ണമായ ജനപങ്കാളിത്തത്തിന്റെയും കൂട്ടായ്മയുടേതുമായ ഈ സംരംഭം നാടിന്റെ സമഗ്രമായ വികസനത്തിന് ഉതകും. ആവശ്യങ്ങളെക്കുറിച്ചും അവശതകളെക്കുറിച്ചും പരിപൂർണ്ണബോധ്യമുള്ള സാധാരണ ജനങ്ങൾ അവയെക്കുറിച്ച് അന്വേഷിച്ചും പഠിച്ചും തയ്യാറാക്കിയ ഈ വികസന രേഖയാണ് ജനകീയാസൂത്രണത്തിന്റെ ആണിക്കല്ല്, കാലം മാറിയാലും ഭരണകൂടം മാറിയാലും ഈ അടിസ്ഥാനപ്രമാണത്തിന്ന് മാററം വരികയില്ല. അതുകൊണ്ട് ഈ വികസനരേഖ വെച്ച് ആസൂത്രണ പരിപാടികൾ സംവിധാനം ചെയ്താൽ അത് സാധാരണക്കാരന്റെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുരൂപവും നാടിന്റെ സമഗ്രമായ പുരോഗതിക്ക് അനിവാര്യവും ആയിത്തീരും. ഈ മഹത്തായ സംരംഭത്തിൽ ജാതി, മത, കക്ഷിരാഷ്ട്രീയ ഭേദം ഒരു വിലങ്ങുതടിയാവരുത്. മനുഷ്യൻ, പൗരൻ എന്ന നിലയിലുള്ള ഈ കൂട്ടായ്മ നമ്മുടെ വികസനത്തിന്റെ രജത രേഖയാവണം.

വടക്കേക്കാട് പഞ്ചായത്തിന്റെ വികസനരേഖ ഞങ്ങൾ വിനയപൂർവ്വം അവതരിപ്പിക്കട്ടെ. ഒരു കൂട്ടം പ്രവർത്തകരുടെ നിരന്തരമായ പരിശ്രമം കൊണ്ടും കൂട്ടായ്മ കൊണ്ടും രൂപം കൊണ്ട ഈ രേഖ വടക്കേക്കാടിന്റെ ഇന്നലെയുടെയും, ഇന്നിന്റേയും നാളെയുടേയും നിദർശനമാകുമെന്ന വിശ്വാസത്തോടെ നിർത്തട്ടെ!

എഡിറേറാറിയൽ ബോർഡ്

54

## ചരിത്രം

പ്രവർത്തിക്കുന്ന ഒരു ജനതയാണ് ചരിത്രം സൃഷ്ടിക്കുന്നത്. മനുഷ്യൻ ചരിത്രത്തിൻെറ ഇരയല്ല; സ്രഷ്ടാവാണ്. മനുഷ്യൻ ചരിത്രം സൃഷ്ടിക്കുകയാണ്. മനുഷ്യനു മാത്രമേ ചരിത്രമുള്ളു. പ്രകൃതിയുടെ ചരിത്രത്തിൽ മനുഷ്യൻ തൻേറതായ മുദ്രകൾ അവശേഷിപ്പിക്കുന്നു.

ദീർഘകാലത്തെ ചരിത്രമന്വേഷിക്കുന്ന ഒരാൾ മനുഷ്യവർഗ്ഗത്തിൻെറ പഴമകളിൽ ചെന്നു മുട്ടുന്നു. പഴമയെ കണ്ടെടുക്കുന്നത് പുതുമയുടെ സ്വപ്ന നിർമ്മിതിക്കുവേണ്ടിയാണ്. ഭൂതകാലം അറിയാത്ത ഒരു ജനത ശൂന്യതയിൽ അസ്തിത്വമുറപ്പിച്ചിരിക്കുന്നു. അവർക്കാകട്ടെ സ്വന്തം ഉറവിടം തന്നെ നഷ്ടപ്പെട്ടിരിക്കുന്നു.

വടക്കേക്കാടിൻെറ ചരിത്രം പരതുന്ന ഒരു കുറിപ്പ് പഴമയുടെ പുതുമ ദർശിക്കാനുള്ള ഒരു ശ്രമമാണ്. ഇത് വസ്തുനിഷ്ഠമായ ചരിത്ര രചനയല്ല. ചരിത്രനിർമ്മിതിക്കാവശ്യമായ വസ്തുതകൾ (Facts) ആഴത്തിൽ അന്വേഷിക്കുവാനുള്ള ശ്രമവും നടത്തിയിട്ടില്ല. ചില ലിഖിത രേഖകളേയും പഴമക്കാരുടെ വാക്കുകളേയും ആധാരമാക്കിയിരിക്കുന്നു. പൊതുവെ ദേശീയ പ്രസ്ഥാനത്തിൻെറ ചലനങ്ങൾ ഈ പഞ്ചായത്തിൽ എങ്ങിനെയായിരുന്നു എന്നതിനാണ് ഊന്നൽ.

വടക്കേക്കാടിൻെറ പുരാവൃത്തമന്വേഷിക്കുന്നയാൾ ഈ പേരുതന്നെ എങ്ങിനെയുണ്ടായി എന്ന് സ്വയം ചോദിച്ചിരിക്കും. നാമോത്ഭവം അജ്ഞതയിൽത്തന്നെ കിടക്കട്ടെ. വടക്കേക്കാടിൻെറ ഉത്ഭവത്തെക്കുറിച്ച് ലിഖിതരേഖകൾ ലഭ്യമല്ല. ജനജീവിതമാരംഭിച്ചതുമുതൽ ഇവിടെയും വലിയ സംഭവങ്ങളില്ലാതെ ജീവിതം മുന്നേറിയിരിക്കും. നാട്ടുവഴികളുടെ ചെറുനിഴലുകളിലും, തോടുകളുടെ സുഖകരമായ ഇരുട്ടിലും, കൈതപ്പൊന്തകളുടെ ചില ചില ഭയങ്ങളിലും ജനത ഗ്രാമജീവിതത്തിൻെറ സുഖദുഃഖങ്ങൾ ആഘോഷിച്ചിരിക്കും.

അറിയപ്പെട്ടിടത്തോളം ഈ ഗ്രാമത്തെ സംഭവങ്ങളിലേക്ക് ഒരു പക്ഷെ, ബോധപൂർവ്വമുള്ള സംഘാടനത്തോട് ബന്ധപ്പെട്ട ചലനങ്ങളിലേക്ക് കൊണ്ടുവരുന്നത് ദേശീയ പ്രസ്ഥാനമാണ്. മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ നേഷണൽ കോൺഗ്രസ്സിൻെറ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടന്നിരുന്നു. കേരളത്തിലെ ഒട്ടല്ലാ ഗ്രാമങ്ങളിലും നിലനിന്നിരുന്ന സാമൂഹിക ഭേദബോധവും ഉച്ചനീചത്വങ്ങളും ഈ ഗ്രാമത്തിന്നും അപരിചിതമായിരുന്നില്ല. ഒരു ഭാഗത്ത് സ്വാതന്ത്ര്യത്തിൻേറയും ജനന ന്മയുടേയും ആശയങ്ങൾ, അവയുടെ നീചമായ നിഴൽ പോലെ അയിത്തം തുടങ്ങിയ തിന്മകൾ. ഗ്രാമചിത്രം അങ്ങിനെയൊക്കെയാണ്. അയിത്തജാതിക്കാരനായ ഒരുവൻെറ വീക്ഷണത്തിൽ ചരിത്രമെഴുതുമ്പോൾ സത്യം തലകുത്തിനില്ക്കുമെന്നുറപ്പാണ്. എന്നാൽ ദേശ സ്വാതന്ത്ര്യത്തിലാകൃഷ്ടരായി പ്രവർത്തിച്ചിരുന്നവരുടെ വാക്കും കർമ്മവും സമൂഹത്തിൽ വേരോടിയിരുന്ന തിന്മകൾക്കെതിരെയായിരുന്നു. അതുകൊണ്ടുതന്നെ ഒരേ സമയം രാഷ്ട്രീയവും അതുവഴി സാമൂഹികവുമായ സമരമാണ് അവർക്കു നയിക്കാനുണ്ടായിരുന്നത്. ഗാന്ധിജി, സ്വാതന്ത്ര്യം, എന്നീ വാക്കുകൾ തന്നെ വളരെയധികം തെററിദ്ധരിക്കപ്പെട്ടിരുന്ന കാലത്ത് വിദേശ വസ്ത്ര ബഹിഷ്കരണമടക്കമുള്ള സമരങ്ങൾ, ചെറു രൂപത്തിലെങ്കിലും ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. വടക്കേക്കാട് മണികണ്ഠേശ്വര ക്ഷേത്രപരിസരത്തുവെച്ച് പതിനഞ്ചോളമാളുകൾ, മാധവക്കുറുപ്പ്, അച്ചുതക്കുറുപ്പ്, ചെട്ടിയാട്ടു ബാലകൃഷ്ണമേനോൻ കൊടമന നാരായണൻനായർ, നാണു ആശാൻ കടലായി മന അഷ്ടമൂർത്തി നമ്പൂതിരിപ്പാട് എന്നിവരുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാരുടെ പാരതന്ത്ര്യത്തിൻെറ വസ്ത്രം ചുട്ടെ രിക്കുകയുണ്ടായി. വീടുകളിൽ കയറിയിറങ്ങി വസ്ത്രം ശേഖരിച്ചാണ് ആ സമരം നടത്തിയത്. വസ്ത്രം കത്തിക്കുന്നതിൻെറ 'രാഷ്ട്രീയം' അറിയാത്ത ഒരു ചെറു ജനതയുടെ ബോധത്തിൽ ഈ സമരം ചലനമുണ്ടാക്കി. ദേശീയ സമരത്തിൻെറ സന്ദേശം ചെറുതായെങ്കിലും ഇത് ആളുകളിലെത്തിച്ചു.

വടക്കേക്കാട് പഞ്ചായത്തിൽ ചലനമുണ്ടാക്കിയ മറെറാരു സമരം 1931 ലെ ഗുരുവായൂർ സത്യഗ്രഹമാണ്. സത്യഗ്രഹത്തിൻെറ ഭാഗമായി കണ്ണൂരിൽ നിന്നും വന്ന ജാഥയെ വടക്കേക്കാട് മണി

കണ്ഠേശ്വരത്തുള്ള ചിററഴിത്തറവാട്ടിൽ സ്വീകരിച്ചു. മഹാകവി വള്ളത്തോളിൻെറ പത്നീഗൃഹമായ ഇവിടെവെച്ച് പന്തിഭോജനവും നടന്നു. ജാതിമതഭേദമില്ലാതെ മനുഷ്യർ ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്ന ചിത്രം അയിത്തജാതിക്കാരുടെത്തന്നെ അത്ഭുതത്തിനും വിമർശനത്തിന്നും ഇടയാക്കിയെന്ന് വള്ളത്തോളിൻെറ പുത്രൻ സി. അച്യുതക്കുറുപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. സമൂഹ ശ്രേണിയിലെ ഇടത്തരക്കാരിലും അവർക്കുമുകളിലുള്ളവരിലുമാണ് ദേശ സ്വാതന്ത്ര്യത്തിൻേറയും ജാതി വിരുദ്ധതയുടേയും ആശയങ്ങൾ ചെറുരൂപത്തിലെങ്കിലും നിലനിന്നിരുന്നത്. വിദേശ ഭാഷയുമായും സംസ്കാരവുമായും ഉള്ള പരിചയം, വിദ്യാഭ്യാസം എന്നിവ ഇത്തരമൊരു ബോധ രൂപീകരണത്തിൽ പങ്കെടുത്തിരിക്കാം. അധഃസ്ഥിതിൻ സ്വന്തം ജീവിതാവസ്ഥതന്നെ ശരിയായി തിരിച്ചറിഞ്ഞിരുന്നില്ലെന്നു വേണം കരുതാൻ.

തൊട്ടടുത്തു നടന്ന ഗുരുവായൂർ സത്യഗ്രഹത്തിൻെറ കാലത്ത് വടക്കേക്കാട് സാമൂഹികമായ ചലനം നേടുന്നുണ്ട്. സത്യഗ്രഹത്തോടുബന്ധപ്പെട്ട് ഗുരുവായൂരിലെത്തിയ മന്നത്തു പത്മനാഭനെ പങ്കെടുപ്പിച്ചുകൊണ്ട് വൈലത്തൂരിൽ ഒരു സമ്മേളനം നടന്നത് ഇതിന്നുദാഹരണമാണ്. 'വൈലത്തൂർ മഹാസമ്മേളനം' എന്ന പേരിലാണ് ഇത് പിന്നീട് അറിയപ്പെട്ടത്.

തൊള്ളായിരത്തി മുപ്പതുകൾ ഭാരതത്തിലും കേരളത്തിലും പൊതുവെ പ്രക്ഷോഭങ്ങളുടെ കാലമാണ്. സ്വാതന്ത്ര്യാശയത്തിൽ വിശ്വസിച്ചിരുന്ന ഏതാനും വ്യക്തികളുടെ ചില ശ്രമങ്ങളാണ് വടക്കേക്കാട് ഇക്കാലത്തുണ്ടായത്. സ്വാതന്ത്ര്യസമരസേനാനികളെ നാട്ടിലെ ''കൂള സംഘ''മെന്നു വിശേഷിപ്പിച്ചിരുന്ന കാലത്താണ് കൊടമന, അച്യുതക്കുറുപ്പ്, മാധവക്കുറുപ്പ്, ബാലകൃഷ്ണക്കുറുപ്പ് എന്നീ യുവാക്കൾ വടക്കേക്കാട് നിന്ന് പയ്യന്നൂരിൽ പോയി ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്ററു വരിച്ചത്. ഗാന്ധിജിയായിരുന്നു അക്കാലത്ത് അവരുടെ കർമ്മത്തിൻെറ ഊർജ്ജരൂപം.

സ്വാതന്ത്ര്യസമരത്തോട് ഇഴപിരിഞ്ഞുതന്നെ സാമൂഹിക പരിഷ്കരണശ്രമത്തിൻെറ ഒരു ധാരയും ഇവിടെയുണ്ടായിരുന്നു. നമ്പൂതിരിയെ 'മനുഷ്യനാക്കാൻ' വേണ്ടി നടന്ന പ്രവർത്തനങ്ങളുടെ അലകൾ ഇവിടെയും കാണുന്നു. വി. ടി. ഭട്ടതിരിപ്പാടും പ്രേംജിയും എം. ആർ. ബി. യും നേതൃത്വം നല്കിയ പരിഷ്കരണ സംരംഭങ്ങൾ ഇവിടെ ഇല്ലങ്ങളുടെ അകത്തളങ്ങളിലും ചലനമുണ്ടാക്കി. കൗക്കാനപ്പെട്ടിയിൽ തണ്ണന്നൂർ മനയിൽ വി. ടി. പ്രസംഗിച്ച ഒരു യോഗം നടന്നു.

ഭൂദാനം, ശ്രമദാനം എന്നൊന്നും കേട്ടറിവുപോലുമില്ലാതിരുന്ന കാലത്താണ് കടലായി നാരായണൻ നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിൽ ജനങ്ങളുടെ സംഘബോധത്തിലൂന്നിയ പ്രവർത്തനത്തിൻെറ ഫലമായി വടക്കേക്കാട് ഒരു റോഡുവെട്ടുന്നത്. അഞ്ഞൂരിൽ വെട്ടി നിർത്തിയ റോഡ് രണ്ടാഴ്ചകൊണ്ട് അന്നത്തെ വടക്കേക്കാട് പഞ്ചായത്തിൻെറ തെക്കേ അതിർത്തിവരെ എത്തിച്ചു. സംഘടിതമായി നടന്ന ആദ്യത്തെ ഉദ്യമം അതു വിജയിക്കുകയും ചെയ്തു. പൂർത്തിയായ റോഡ് ഉൽഘാടനം ചെയ്തത് അന്നത്തെ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡൻറ് ശ്രീ കെ. കേളപ്പനായിരുന്നു. കേളപ്പനു തന്നെ അഭിമാനമുണ്ടായ ഒന്നായിരുന്നു ജനേച്ഛയുടെ ഈയൊരു വിജയം. ഇന്നത്തെ നിലയിലുള്ള ഒരു റോഡുവെട്ടല്ല അത്. മറിച്ച് ദേശീയപ്രസ്ഥാനത്തിൻെറ ആദർശങ്ങളാൽ പ്രചോദിതമായ ഒരു രാഷ്ട്രീയ പ്രവർത്തനം തന്നെയാണ് അത്. ഈ റോഡു വെട്ടൽ അധഃസ്ഥിതൻെറ സാമൂഹ്യബോധത്തിൻെറ ഉടലാർന്ന രൂപമായി വൈലത്തൂർ കൃഷ്ണനാശാരിയെ പഴമക്കാർ ഓർക്കുന്നുണ്ട്.

റോഡുനിർമ്മാണത്തിൽ പങ്കെടുത്ത കടലായി അഷ്ടമൂർത്തി നമ്പൂതിരിപ്പാട് ഇന്നും ജീവിച്ചിരിപ്പുണ്ട്. ജനാധിപ്യം എന്നത് കേവലം ആശയതലത്തിലല്ലാതെ രക്തത്തിൽത്തന്നെ ലയിച്ചു ചേർന്ന, ഒരുപക്ഷെ, രാഷ്ട്രീയം ജീവശാസ്ത്രത്തിൻെറ ഭാഗമായ ഒരു മനുഷ്യൻ അദ്ദേഹത്തിൻെറ ഓർമ്മകളിൽ ആകാലം ജീവനാർന്നു വരുന്നു.

കേരളത്തിൻെറയും ഭാരതത്തിൻെറ തന്നെയും ചരിത്രത്തിലേക്കു നടന്നുകയറിയ കുറച്ചു മനുഷ്യരും ഈ പഞ്ചായത്തിൽ ജീവിച്ചിരുന്നിട്ടുണ്ട്. നമ്പൂതിരി സമുദായത്തിൽ നിന്ന് ആദ്യമായി എസ്. എസ്. എൽ. സി. പരീക്ഷ ജയിച്ച വനിതയായ പ്രിയദത്ത അന്തർജ്ജനം വടക്കേക്കാട് മുല്ലമംഗലം മനയിലെ അംഗമാണ്. 1937 ൽ ഇവർ എസ്. എസ്. എസ്. എൽ. സി. ജയിച്ചു. നമ്പൂതിരി സ്ത്രീകൾക്ക് ഉപരിപഠനം നിഷേധിക്കപ്പെട്ടിരുന്ന കാലത്താണ് ഇവർ സ്വന്തം ജീവിതം മർത്ത്യസ്വാതന്ത്ര്യത്തിന് മാതൃകയാക്കിയത്. പിൽക്കാലത്ത് അനേകം രാഷ്ട്രീയ സാമൂഹിക സംഘടനകളിൽ ഇവർ അംഗ

മായിരുന്നിട്ടുണ്ട്. കമ്മ്യൂണിസ്ററ് പാർട്ടിയുടെ മഹിളാസംഘടനാംഗം, അന്തർജ്ജന സമാജത്തിൻെറ സെക്രട്ടറി, ലക്കിടിയിൽ നമ്പൂതിരി സ്ത്രീകൾക്കായി രൂപംകൊണ്ട് തൊഴിൽ കേന്ദ്രത്തിൻെറ മേട്രൻ എന്നിങ്ങനെ ഇവരുടെ പ്രവർത്തന മേഖല വിപുലമാണ്. പാലിയം സത്യാഗ്രഹത്തിൽ പങ്കെടുത്ത് ഇവർ പോലീസ് മർദ്ദനം അനുഭവിച്ചു.

പ്രേംജിയും എം. ആർ. ബിയും കേരളനും കേരളത്തിൻെറത്തന്നെ ചരിത്രത്തിൻെറ ഭാഗമായ ഇവർ വടക്കേക്കാട് മുല്ലമംഗലം മനയിൽ ജനിച്ചവരാണം. വി. ടി. ഭട്ടതിരിപ്പാട്, കുട്ടികൃഷ്ണമാരാർ, നാലാപ്പാടൻ എന്നിവരുടെയെല്ലാം സംവാദകേന്ദ്രം കൂടിയായിരുന്നു മുല്ലമംഗലം മന.

കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനും ചിന്തകനും എഴുത്തുകാരനുമായ ശ്രീ ഉണ്ണിരാജയുടെ ജന്മസ്ഥലവും വടക്കേക്കാടുതന്നെ. വടക്കേക്കാടു ജനിച്ച് ഐ. എൻ. എ. യുടെ നേതൃത്വനിര വരെയെത്തിയ അഗതി മുഹമ്മദ് എന്ന എ. മുഹമ്മദ് ഇന്ത്യാ ചരിത്രത്തിൻ ഭാഗമായിരിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ മലയാള ഭാഷയിൽ ജ്വലിപ്പിച്ച മഹാകവി വള്ളത്തോളിൻെറ സ്വപ്നങ്ങളുടെ ആകാശമാകാനും വടക്കേക്കാടിനു കഴിഞ്ഞിട്ടുണ്ട്.

വിശ്രുത മതപണ്ഡിതനായിരുന്ന ഞമനേങ്ങാട് ഏനുകുട്ടി മുസ്ല്യാർ, തൃശൂർ പൂരത്തിൽ തിരുവമ്പാടി വിഭാഗത്തിൻെറ മദ്ദളത്തിൻെറ പ്രമാണക്കാരനായിരുന്ന മദ്ദളം മാധവൻനായർ തുടങ്ങിയവരും വടക്കേക്കാട് ജനിച്ചു ജീവിച്ചവരായിരുന്നു.

ജനതയുടെ ജീവിതത്തെ അതിൻെറ ജൈവികമായ താളത്തിൽ രാഷ്ട്രീയം സ്പർശിക്കുക ജനജീവിതത്തെ നിർണ്ണയിക്കുന്ന നയരൂപീകരണത്തിലൂടെയാണ്. ഒരു കാലത്ത് വൃഥാ വേല ചെയ്യുന്നവരെന്ന് ആളുകൾ കരുതിയിരുന്ന ദേശീയ പ്രസ്ഥാനക്കാർക്ക ചില സ്വാധീനങ്ങളൊക്കെയുണ്ടെന്ന് ഈ പഞ്ചായത്തിലെ ആളുകൾ തിരിച്ചറിഞ്ഞത് ഒരു സംഭവത്തിലൂടെത്തന്നെ. 1937ൽ രാജാജിയുടെ മന്ത്രിസഭ കർഷകർക്കനുകൂലമായി ഒരു ബില്ലുകൊണ്ടുവന്നപ്പോൾ...... ഈ ബില്ലിൻെറ പ്രതിഫലനം വടക്കേക്കാട് പഞ്ചായത്തിലുണ്ടായി. ദേശീയ പ്രസ്ഥാനത്തിൽ ചിലർക്കെങ്കിലും പുതിയൊരു മമതയുണ്ടായി. കർഷക സമ്മേളനത്തോടനുബന്ധിച്ച് കുരഞ്ഞിയൂരിൽ അവതിരിപ്പിച്ച കെ. ദാമോധരൻെറ പാട്ടബാക്കി നടാകത്തിൻെറ അണിയറ പ്രവർത്തനങ്ങൾ നടന്നത് വൈലത്തൂരിലെ കടലായി മനയിലാണ്. ആ നാടകാവതരണം ഇന്നും ഓർമ്മിക്കുന്നവരുണ്ട്.

സമീപകാല ചരിത്രത്തിന് ഇവിടെ ഊന്നൽ നല്കിയിട്ടില്ല. റാംമനോഹർ ലോഹ്യയുടെയും ജയപ്രകാശ് നാരായണൻെറയും രാഷ്ട്രീയ ആദർശങ്ങൾക്ക് ഈ പഞ്ചായത്തിൽ അനുയായികളുണ്ടായിട്ടുണ്ട് എന്നതടക്കം ഇന്ത്യൻ രാഷ്ട്രീയത്തിൻെറ ഒട്ടെല്ലാ പ്രതിഫലനങ്ങളും ഈ പഞ്ചായത്തിനെയും തൊട്ടുപോയി. കോൺഗ്രസ്സിന് എ. സി. കുഞ്ഞുമോൻ ഹാജിയുടെ നേതൃത്വത്തിൽ ശക്തമായ ഒരു നേതൃത്വം ഈ പഞ്ചായത്തിലുണ്ടായി. വർഷങ്ങളോളം കോൺഗ്രസ്സിൻെറ നേതൃസ്ഥാനത്ത് കുഞ്ഞിമോൻ ഹാജി പ്രവർത്തിച്ചു.

ഇന്നത്തെ വടക്കേക്കാട് പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം മുമ്പ് വടക്കേക്കാടു പഞ്ചായത്തും വൈലത്തൂർ പഞ്ചായത്തുമായി വിഭജിക്കപ്പെട്ടുകിടന്നിരുന്നു. വടക്കേക്കാട് പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ് ശ്രീ. എ. മുഹമ്മദ് ആയിരുന്നു. തുടർന്ന് ശ്രീ. സി. ആർ. നായരും, ശ്രീ. വി എ. മുഹമ്മദും പ്രസിഡൻറുമാരായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. വൈലത്തൂർ പഞ്ചായത്തിൻെറ പ്രസിഡൻറ് ശ്രീ. കടലായി മന അഷ്ടമൂർത്തി നമ്പൂതിരിപ്പാടായിരുന്നു. ഇന്നത്തെ രൂപത്തിലുള്ള പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറായി 1963 ൽ ശ്രീ കൊടമന നാരായണൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം രാജിവെച്ചതിന്നുശേഷം ശ്രീ. എ. സി. കുഞ്ഞിമോൻ ഹാജി ദീർഘകാലം പ്രസിഡൻറായി പ്രവർത്തിച്ചു.

ഗതകാല ചരിത്രത്തിൻെറ നന്മകളിലൂടെ മുന്നേറിയ ഈ ഗ്രാമം ഇന്നും കർമ്മശൂന്യമല്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ നക്ഷത്ര ദീപ്തിയിൽ പുതുമാനവനെ സ്വപ്നംകണ്ട വള്ളത്തോൾ നടന്നുപോയ വഴികളിൽ സ്വന്തം ലിപിയിൽ മർത്ത്യ പുരാണത്തിന് അർത്ഥം ചമയ്ക്കുന്ന ഒരു ജനസമൂഹം ഇന്നും ഈ പഞ്ചായത്തിലുണ്ട്.

# കൃഷി

വടക്കേക്കാട് പഞ്ചായത്തിൻെറ കാർഷിക മേഖലയെക്കുറിച്ചു പറയുമ്പോൾ പ്രാമുഖ്യം നെൽക്കൃഷിക്കും തെങ്ങിന്നുമാണ്. കിഴക്ക് അതിർത്തിയിൽ പുഞ്ചയും മററിടങ്ങളിൽ നഞ്ചയും കൃഷി ചെയ്തുവരുന്നു. പടിഞ്ഞാറൻ മേഖലയിൽ വിശാലമായ കുട്ടാടൻ പാടവും ഉണ്ട്. പിന്നെ പ്രധാനമായത് തെങ്ങാണ്. നാണ്യവിളകൾ ഇല്ലെന്ന് തന്നെ പറയാം.

കൃഷിയിടങ്ങളെല്ലാം സമ്പന്നരുടെ കൈവശമാണ് ഇപ്പോഴും. പഴയകാലത്ത് പാട്ടക്കൃഷി സമ്പ്രദായം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അതില്ല. സ്വന്തം കൃഷിയിടത്തിൽ കൃഷിയിറക്കാൻ കഴിയാത്ത ഭൂവുടമകൾ പോലും മററു കൃഷിക്കാരെക്കൊണ്ട് കൃഷി ചെയ്യിക്കാൻ തല്പരാകുന്നില്ല. ഇതിനാൽ ഇന്ന് കൃഷി താരതമ്യേന ശുഷ്കമായിക്കൊണ്ടിരിക്കുന്നു. കൃഷി ചെയ്യുന്ന ഇടങ്ങളേക്കാൾ കൃഷി ചെയ്യാത്ത ഇടങ്ങളാണ് കൂടുതൽ. ജലസേചനം, ജലനിർഗ്ഗമനം എന്നിവയുടെ അപര്യാപ്തതയും ഉല്പാദനച്ചെലവിലെ വർദ്ധനയും കൃഷിയുടെ നഷ്ടത്തിന് കാരണമായിട്ടുണ്ട്.

കാർഷികത്തൊഴിലാളികൾ അധികവും പിന്നോക്കവിഭാഗത്തിൽപ്പെടുന്നവരാണ്. കന്നുപൂട്ടൽ, വിതക്കൽ, നടൽ, കളപറിക്കൽ, കൊയ്യൽ, മെതിക്കൽ തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും മനുഷ്യ പ്രയത്നമായിരുന്നു ഉണ്ടായിരുന്നത്. രാസവളപ്രയോഗം തീരെ ഇല്ലായിരുന്നു. തോലും ചാണകവുമായിരുന്നു പ്രധാന വളം.

പാട്ടക്കൃഷി സമ്പ്രദായം നിന്നതോടെ കർഷകത്തൊഴിലാളികൾ വെറും കൂലിക്കാരായി മാറുകയാണുണ്ടായത്. എന്നാലും കർഷകത്തൊഴിലാളി സംഘടനയുടെ പ്രവർത്തനം മൂലം നിശ്ചിതവേതനവും പതമ്പും കാലാകാലങ്ങളിൽ പരിഷ്ക്കരിക്കാൻ കഴിഞ്ഞിരുന്നു. കൃഷി ഇറക്കാതെ കിടക്കുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കാൻ നടപടി സ്വീകരിച്ചും ഉല്പാദന ക്ഷമത വർദ്ധിപ്പിച്ചും കൊണ്ടല്ലാതെ കാർഷികമേഖലയുടെ മുരടിപ്പ് മാററാൻ കഴിയുകയില്ല.

തെങ്ങാണ് മറെറാരു പ്രധാന കൃഷി. വൻ തെങ്ങിൻ തോപ്പുകൾ ഇന്നും പണക്കാരുടെ കൈകളിലാണ്. ഭൂപരിഷ്ക്കരണനിയമം എല്ലാവർക്കും 10 സെൻ ഭൂമി ലഭിക്കുന്നതിന്ന് ഇടയാക്കിയിട്ടുണ്ട്. തെങ്ങുകയററവും ഓലമെടയലും ആണ് ഈ മേഖലയിലെ പ്രധാന തൊഴിലുകൾ. ഒരു പ്രത്യേക സമുദായത്തിലെ പുരുഷന്മാരാണ് പ്രധാന തെങ്ങുകയററത്തൊഴിലാളികൾ. ന്യായമായ വേതനം ലഭിക്കുന്നുണ്ടെങ്കിലും മതിയായ സംരക്ഷണം ലഭിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. അതുകൊണ്ടു തന്നെ പുതിയ തലമുറ ഈ രംഗത്തേക്ക് അധികമായി കടന്നു വരുന്നില്ല.

മുമ്പൊക്കെ ആവശ്യമായ പച്ചക്കറികൾ ഇവിടെ കൃഷി ചെയ്തിരുന്നു. ചേമ്പ്, ചേന, കൂർക്ക, കാവത്ത് മററു കിഴങ്ങുവർഗ്ഗങ്ങൾ, വെള്ളരി, മത്തൻ, കുമ്പളം, പടവലം, കൈപ്പ, ചക്കരമത്ത, വെണ്ട, വഴുതന, അമര പയർ എന്നിവയായിരുന്നു അവയിൽ പ്രധാനമായവ. ഒരു കാലഘട്ടത്തിൽ കൊള്ളിക്കിഴങ്ങും ചക്കരക്കിഴങ്ങും ഇവിടെ വ്യാപകമായി കൃഷി ചെയ്തിരുന്നു. ഏകദേശം 407 ഹെക്ടർ വരുന്ന നെൽപ്പാടങ്ങളിൽ ഇരുപ്പൂവും ഒരുപ്പൂവുമായി കൃഷി ചെയ്തിരുന്നു.

നാടൻ സമ്പ്രദായത്തിലുള്ള കൃഷിക്ക് വട്ടൻ, ചീര, കുട്ടാടൻ, ആര്യൻ, തവളക്കണ്ണൻ, ചിറേറ്യനി, കൊടിയൻ മുതലായ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. കുട്ടാടൻ, കൊടിയൻ, ആര്യൻ എന്നിവ ദീർഘകാല വിളകളും മററു വിത്തുകൾ മധ്യകാല വിളകളുമാണ്. വളമായി ചാണകം, വെണ്ണീറ്, പച്ചില മുതലായവയാണ് ഉപയോഗിച്ചിരുന്നത്. നിലം ഉഴുതു മറിച്ചിരുന്നത് കന്നുകാലികളെക്കൊണ്ടായിരുന്നു. ഏകദേശം 407 ഹെക്ടർ വന്നിരുന്ന നെൽകൃഷിപ്പാടങ്ങൾ, നെൽകൃഷി ലാഭകരമല്ലാതായതുകൊണ്ടും പാർപ്പിടാവശ്യങ്ങൾ കൂടിവന്നതുകൊണ്ടും 300 ഹെക്ടറായി കുറഞ്ഞു.

പുരയിടങ്ങളിൽ പ്രധാനമായും തെങ്ങുകൃഷിയും ഇടവിളയായി വാഴയും ചുരുക്കം ചില പ്രദേങ്ങളിൽ കവുങ്ങും ഒട്ടുമിക്ക പ്രദേശങ്ങളിലും പലയിനം മാവുകളും വ്യാപകമായിരുന്നു. 1970 കളോടെ കൃഷിയിൽ ഉണ്ടായിരുന്ന ജനങ്ങളുടെ താല്പര്യം കുറഞ്ഞുവന്നു. കൃഷി ആദായകരമല്ലാതായിത്തീർന്നതും, പുറം നാടുകളിൽ തൊഴിൽ സാധ്യതകൾ തുറന്നു കാട്ടിയതും ജീവിതസാഹചര്യങ്ങളിൽ വന്നു ചേർന്ന മാററങ്ങളും കൃഷിയിലുള്ള ജനങ്ങളുടെ താല്പര്യം കുറയാൻ ഇടയാക്കിയ കാരണങ്ങളാണ്. എഴുപതുകളുടെ അവസാനമായപ്പോഴേക്കും പച്ചക്കറി കൃഷി നാമാവശേഷമായി. പിന്നീടുള്ള കാലഘട്ടത്തിൽ കർഷകത്തൊഴിലാളികളുടെ കുറവ്, കൂലികൂടുതൽ, ഉല്പന്നങ്ങളുടെ വിലയിടിവ്, തൊഴിലാളികളുടെ സേവനത്തിലെ കുറവ്, ഭൂവുടമയുടെ കാർഷികത്തൊഴിലുകളോടുള്ള വിമുഖത എന്നിവയെല്ലാം കൃഷി കുറഞ്ഞുവരാനുള്ള ഘടകങ്ങളാണ്.

സമതല പ്രദേശമായ ഇവിടെ കളിമണ്ണു കലർന്ന മണലാണ് മുകൾത്തട്ടിൽ. ഏകദേശം മൂന്നടി താഴ്ത്തിയാൽ പശയുള്ള കളിമണ്ണാണ്. പഞ്ചായത്തിൻെറ പടിഞ്ഞാറൻ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന കുട്ടാടൻ

പാടശേഖരത്തിൽ കണ്ടുവരുന്ന മണ്ണിൻെറ സ്വഭാവം മണൽ കലർന്ന ചളിമണ്ണാണ്. പഞ്ചായത്തിനെറ കിഴക്കുള്ള പാടശേഖരത്തിൽ ചളികലർന്ന കൃഷിക്ക് അനുയോജ്യമായ മണ്ണാണ്.

## തെങ്ങുകൃഷി

ഏകദേശം 1000 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ഉണ്ടായിരുന്നുവെങ്കിലും സുമാർ 850 ഹെക്ടർ വരുന്ന സ്ഥലത്തുമാത്രമാണ് ഇപ്പോൾ തെങ്ങുകൃഷിയുള്ളത്. രണ്ടു ലക്ഷത്തോളം തെങ്ങുകൾ ഉള്ളതിൽ ഒരു ലക്ഷത്തിനാല്പതിനായിരത്തോളം തെങ്ങുകൾ ശരാശരി ഉല്പാദനം ഉള്ളവയും ഏകദേശം മുപ്പത്തി അയ്യായിരത്തോളം തെങ്ങുകൾ ഉല്പാദനം തുടങ്ങാത്തവയുമാണ്. രോഗബാധകൊണ്ടും പ്രായാധിക്യംകൊണ്ടും വെട്ടിമാററപ്പെടേണ്ട ഇരുപത്തി അയ്യായിരത്തോളം തെങ്ങുകളുണ്ടിവിടെ. ഉയർന്ന ഉല്പാദന ക്ഷമതയുള്ളയിനം തെങ്ങിൻ തൈകളുടെ വിതരണം കുറഞ്ഞ തോതിലേ ഇവിടെ നടക്കുന്നുള്ളു.

വളക്കൂറുള്ള മണ്ണായതുകൊണ്ട്, ശരിയായ ജലസേചനവും ജൈവ, പച്ചില, രാസവളപ്രയോഗവും ശാസ്ത്രീയമായ വിധത്തിൽ ചെയ്യുകയാണെങ്കിൽ ഉല്പാദനം ഇരട്ടിയെങ്കിലുമാക്കാവുന്നതാണ്. തെങ്ങുകൃഷിയെ ബാധിക്കുന്ന പ്രധാനപ്പെട്ട രോഗങ്ങൾ കൂമ്പു ചീയലും ചെന്നീരൊലിപ്പുമാണ്. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി എന്നീ പ്രാണികളുടെ ആക്രമണവും സർവ്വസാധാരണമാണ്. എലി ശല്യവും ധാരാളമാണ്.

## നെൽകൃഷി

മുന്നൂറു ഹെക്ടർ വരുന്ന നെൽപ്പാടങ്ങളിൽ നാമമാത്രമായ സ്ഥലങ്ങളിൽ മാത്രമാണ് ഒന്നാം വിള ചെയ്തു വരുന്നത്. രണ്ടാം വിള മാത്രമാണ് ഭൂരിഭാഗം സ്ഥലത്തും നടത്തി വരുന്നത്. മൂന്നാം വിളയായ പുഞ്ചകൃഷി പരിമിതമായ തോതിൽ നടത്തിവരുന്നുണ്ട്. തോടുകളുടെയും കുഴികളുടേയും ജലസംഭരണശേഷി കുറഞ്ഞതുകൊണ്ട് ജല ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ ഭൂരിഭാഗം സ്ഥലത്തും പുഞ്ചകൃഷി ചെയ്യാൻ സാധിക്കുന്നില്ല. ഇതിനൊരു പരിഹാരമുണ്ടായാൽ പുഞ്ചകൃഷി വ്യാപകമാക്കാൻ കഴിയും. രാസവളമാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്. ജൈവ-പച്ചില വളപ്രയോഗം തീരെയില്ലന്നു തന്നെ പറയാം. ഈ കുറവു നികത്തിയാൽ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്. മറെറാരു ന്യൂനത ഇവിടെ കണ്ടുവരുന്നത് ഭൂമി കൂടുതലും തുണ്ടവല്ക്കരിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഈ സാഹചര്യത്തിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ ഗ്രൂപ്പു ഫാമിംഗ് നടപ്പിലാക്കിയാൽ വളരെ നന്നായിരിക്കും.

## ഇട വിളകൾ

ഈ പ്രദേശത്തു കണ്ടുവരുന്ന പ്രധാന ഇട വിളകൾ മാവ്, പ്ലാവ്, കവുങ്ങ്, കുരുമുളക്, വാഴ എന്നിവയാണ്. പച്ചക്കറികൃഷിയും ഇഞ്ചി, ചേന, മഞ്ഞൾ, കൂർക്ക, പയർ എന്നിവയും ലാഭകരമായി കൃഷി ചെയ്യാൻ സാധ്യതയുള്ള സ്ഥലമാണ്.

ഭൂവിനിയോഗം

| വിനിയോഗം | വിസ്തീർണ്ണം |
|---|---|
| 1. നെല്ല് - ഒന്നാം വിള | 50 ഹെക്ടർ |
| 2. നെല്ല് - രണ്ടാം വിള | 250 ഹെക്ടർ |
| 3. നെല്ല് - മൂന്നാം വിള | 50 ഹെക്ടർ |
| 4. തെങ്ങ് | 850 ഹെക്ടർ |
| 5. കവുങ്ങ് | 15 ഹെക്ടർ |
| 6. മാവ് | 50 ഹെക്ടർ |
| 7. വാഴ | 60 ഹെക്ടർ |
| 8. കുരുമുളക് | 2 ഹെക്ടർ |
| 9. പച്ചക്കറി | 1 ഹെക്ടർ |

## ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ

1. തുണ്ടുഭൂമിയിൽ ലാഭകരമായി കൃഷി ചെയ്യാൻ സാധിക്കുന്നില്ല.
2. നെൽകൃഷി ലാഭകരമല്ല.
3. നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നില്ല.
4. വെള്ളക്കെട്ടുകൊണ്ട് നെൽകൃഷി നശിക്കുന്നു.
5. കർഷകത്തൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല. കൂലി നിരക്കു കൂടുതലും സേവന നിലവാരം കുറവുമാണ്.
6. നല്ലയിനം വിത്തുകൾ ലഭ്യമല്ല.
7. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്.
8. രാസവളത്തിൻെറയും കീടനാശിനികളുടെയും

ലഭ്യത സുഖമമല്ല.

9. ജലസേചന സൗകര്യമില്ലാത്തതിനാൽ കൃഷി മഴയെ മാത്രം ആശ്രയിച്ചു നടത്തുന്നു.

10. കൃഷി ഭവൻെറ സേവനം പരിതാപകരമാണ്.

11. ഉല്പന്നങ്ങളുടെ വിപണി പ്രധാനമായും സ്വകാര്യ വ്യക്തികളാണ് നിയന്ത്രിക്കുന്നത്.

12. മാവു പൂക്കുമ്പോൾ ഉണ്ടാകുന്ന കീടബാധ ഉല്പാദന നഷ്ടം ഉണ്ടാക്കുന്നു.

13. വാഴയുടെ കൂമ്പടപ്പു രോഗം വാഴകൃഷിയെ നാശത്തിലെത്തിച്ചിരിക്കുന്നു.

14. കുരുമുളക് കൃഷിക്ക് നല്ല സാധ്യതയുള്ള പ്രദേശമാണ്.

15. കവുങ്ങു കൃഷി പ്രധാന ഇടവിളയായി വളർത്തിയെടുക്കാവുന്നതാണ്.

16. എലി ശല്യം ധാരാളമുണ്ട്.

## ഗ്രാമ സഭകളിൽ വന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥനാത്തിൽ കാർഷിക പുരോഗതിക്കായി ഉടനടി ചെയ്യേണ്ടതായ പ്രവർത്തന പദ്ധതികൾ

1. പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തിയിലുള്ളതും പുന്നയൂർ പഞ്ചായത്തിനോട് ചേർന്നു കിടക്കുന്നതുമായ കുട്ടാടൻ പാടശേഖരത്തിൽ നിലവിലുള്ള സുമാർ നാലു കി. മീററോളം നീളം വരുന്ന തോടുകൾ ആഴവും വീതിയും കൂട്ടുക.

2. പാലക്കുഴിക്കും ദേശത്തോടിന്നും ഇടക്കുള്ള 280 മീററർ സ്ഥലത്ത് പുതുതായി തോടു നിർമ്മിച്ച് ദേശത്തോടിനെയും പാലക്കുഴിയേയും തമ്മിൽ ബന്ധിപ്പിക്കുക.

3. അണ്ടിക്കോട് കടവുമുതൽ ആലാപ്പാലം വരെയുള്ള തോടിൻെറ തെക്കുവശത്ത് 920 മീററർ നീളത്തിൽ ട്രാക്ടർ മുതലായവ കൊണ്ടു പോവാൻ കഴിയുന്ന വിധത്തിൽ ബണ്ട് നിർമ്മിക്കുകയും പാലക്കുഴിക്കു സമീപം പാലം, ചീർപ്പ് മുതലായവ നിർമ്മിക്കുകയും ചെയ്യുക.

4. കടാമ്പുള്ളി പാലത്തിന് തെക്കുവശം വരെ വന്നു നില്ക്കുന്ന തോട് മന്ദലാംകുന്ന് - കൊച്ചന്നൂർ റോഡിൽ എരിഞ്ഞിപ്പടി വരെ നീട്ടുക. ഇത് സമുമാർ 700 മീററർ നീളം വരും.

5. പുന്നയൂർക്കുളം, വടക്കേകാട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ടുകിടക്കുന്ന പരൂർക്കെട്ട് എന്ന പുഞ്ചപ്പാടത്തു നിന്നു പുഞ്ച കൃഷി സമയത്തു പുറം തള്ളുന്ന വെള്ളം പാലത്തിങ്കൽ ചക്കിത്തറ പെരുന്തോടു വഴി കരിയത്തടം പാടത്തേക്ക് പമ്പു ചെയ്തു സംഭരിക്കുക. ഇതിനായി പാലത്തിങ്കലും ചക്കിത്തറ വടക്കു ഭാഗത്തും ഓരോ ലോക്കു നിർമ്മിക്കുക. പാലത്തിങ്കൽ മുതൽ പുല്ലാംവളപ്പു ബണ്ടുവരെയുള്ള മൂന്നു കി. മീററർ തോട് അഞ്ചടി താഴ്ത്തുകയും തോടിൻെറ ഒരു കര, വാഹന ഗതാഗതയോഗ്യമാക്കുകയും ചെയ്യുക. പുല്ലാംവളപ്പ് ബണ്ടിന്മേലുള്ള ലോക്ക് റിപ്പയർ ചെയ്യുക.

6. കൃഷി സ്ഥലങ്ങൾ കൂടുതലും തുണ്ടുഭൂമികളായതിനാൽ കൃഷിച്ചെലവു കൂടിവരുന്നതുകൊണ്ട് ഗ്രൂപ്പു ഫാമിംഗ് ഏർപ്പെടുത്തുക.

7. കുട്ടാടൻ പാടശേഖരത്തിൽ കണ്ടുവരുന്ന പോട്ട, കിടങ്ങ് മുതലായവയെ നശിപ്പിച്ച് കൃഷി യോഗ്യമാക്കുക.

8. കൃഷി ഭവനിൽ അർപ്പണബോധവും ആത്മാർത്ഥതയുമുള്ള കൃഷി ഉദ്യോഗസ്ഥരെ സ്ഥിരമായി നിയമിക്കുകയും തദ്വാര കൃഷിഭവൻെറ പ്രവർത്തനം കാര്യമാത്ര പ്രസ്കതമാക്കുകയും ചെയ്യുക.

9. രോഗപ്രതിരോധ ശേഷിയുള്ള അത്യുല്പാദന ഇനത്തിൽപ്പെട്ട വിത്തിനങ്ങൾ വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക.

10. ഉല്പാദന ശേഷിയുള്ള നല്ലയിനം തെങ്ങിൻ തൈകളും ഇടവിള കൃഷിക്ക് ആവശ്യമായ കവുങ്ങിൻ തൈകൾ, വാഴക്കന്നുകൾ, കുരുമുളകു വള്ളികൾ, ഔഷധച്ചെടികൾ എന്നിവയും ലഭ്യമാക്കുക.

11. മുഴുവൻ വീടുകളിലും പച്ചക്കറി നടത്തിന്നതിന് ആവശ്യമായ വിത്തുകളും വളവും എത്തിക്കുക. പച്ചക്കറി കൃഷിയെ സംബന്ധിച്ച് സാങ്കേതികമായ അറിവുണ്ടാക്കാൻ ക്ലാസുകൾ സംഘടിപ്പിക്കുക.

12. ജലസേചനത്തിനാവശ്യമായ പമ്പുസെററുകൾ കിണറുകൾ, കുളങ്ങൾ എന്നിവക്ക് സബ്സിഡിയും കുറഞ്ഞ പലിശനിരക്കിൽ വായ്പയും ലഭ്യമാക്കുക.

13. പമ്പുസെററുകൾ മററു കാർഷിക ഉപകരണങ്ങൾ മുതലായവ വായ്പ അടിസ്ഥാനത്തിലും സബ്സിഡി അടിസ്ഥാനത്തിലും വാങ്ങുമ്പോൾ ഉണ്ടാവുന്ന ചൂഷണം ഒഴിവാക്കാൻ വേണ്ടതു ചെയ്യുക.

14. രാസവളം, കീടനാശിനി എന്നിവയുടെ വിതരണം സഹകരണ സംഘങ്ങളെ ഏല്പിക്കുക.

15. വിളവുകൾക്ക് ഇൻഷുറൻസ് സംരക്ഷണം ഏർപ്പെടുത്താൻ നിയമ നിർമ്മാണം നടത്തുക.

16. രോഗ ബാധിതവും ഉല്പാദനശേഷി നശിച്ചതുമായ തെങ്ങുകൾ വെട്ടിമാററി പുതിയ തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കാൻ വേണ്ട സഹായം ഏർപ്പെടുത്തുക.

17. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിൽ നിന്ന് ഇടത്തട്ടുകാരെ ഒഴിവാക്കി സഹകരണ സംഘങ്ങൾ വഴി

സംഭരിക്കാൻ നടപടികൾ സ്വീകരിക്കുക.

18. മണ്ണു പരിശോധനക്കു വേണ്ട സംവിധാനം ഏർപ്പെടുത്തുക.

19. എലി നശീകരണത്തിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുക.

20. ഡ്രിപ്പ് ഇറിഗേഷൻ മുഖേന ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിന്നുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.

മുകളിൽ വിവരിച്ച കാര്യങ്ങൾ കാര്യക്ഷമമായും സത്യസന്ധമായും നടപ്പാക്കുകയാണെങ്കിൽ കാർഷികരംഗം അഭിവൃദ്ധിപ്പെടുത്തുവാനും ജനങ്ങളുടെ സാമ്പത്തിക - തൊഴിൽ പ്രശ്നങ്ങൾ പരിമിതമായ തോതിലെങ്കിലും പരിഹരിക്കപ്പെടുവാനും തീർച്ചയായും സഹായകരമാവുമെന്നു കരുതാം.

# മൃഗസംരക്ഷണ മേഖല

## ആമുഖം

വടക്കേക്കാട് പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയ്ക്ക് ഗണ്യമായ സ്ഥാനമാണുള്ളത്. സമഗ്രമായ ആസൂത്രണ തന്ത്രം ആവിഷ്കരിക്കുകയാണെങ്കിൽ ഈ മേഖലയുടെ വികസനത്തിനും അതുവഴി സാമ്പത്തികനേട്ടവും തൊഴിൽ ലഭ്യതയും വർദ്ധിപ്പിക്കുവാനും സാധിക്കും.

പോഷകപ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം, വ്യാവസായിക ആവശ്യത്തിനുള്ള എല്ല് തുകൽ, ഓസീൻ, ജെലാററിൻ കൊഴുപ്പ് എന്നിവയുടെ ലഭ്യത, ഔഷധ വ്യവസായത്തിനുള്ള ഹോർമോൺ, വാക്സീൻ, എൻസൈമുകൾ, പരീക്ഷശാലയിലേക്കുള്ള മൃഗങ്ങൾ എന്നിവയെല്ലാം മൃഗസംരക്ഷണത്തിൻെറ വികസന സാധ്യതകളാണെന്നിരിക്കേ, കേവലം പാൽ ഉൽപാദനത്തിൽ ഊന്നികൊണ്ടുള്ള വികസന തന്ത്രമാണ് പഞ്ചായത്തിൽ ഇതുവരേയും നിലനിന്നു പോന്നിട്ടുള്ളത്.

പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന ജന്തു - ജന്യ- രോഗങ്ങളായ പേ-വിഷബാധ, ബ്രൂസെല്ലോസിസ്, എലിപ്പനി അഥവാ ലെപ്ററോ സ്പൈറോസിസ് എന്നിവയുടെ നിയന്ത്രണവും നിർമ്മാർജ്ജനവും കൂടാതെ, വെററിനറി മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോൽപാദനം തുടങ്ങിയ പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന സേവനങ്ങളും മൃഗസംരക്ഷണ മേഖലയ്ക്ക് നിർവ്വഹിക്കുവാൻ കഴിയും. ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണ നിർമ്മാർജ്ജന രംഗത്തും, ശാസ്ത്രീയമായ മാംസോൽപാദനത്തിലൂടെ മാംസത്തിൽ നിന്ന് പകരുവാൻ സാധ്യതയുള്ള വിവിധ രോഗങ്ങൾ ഒഴിവാക്കുക വഴി പൊതുജനാരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിലും ഈ പഞ്ചായത്തിൽ ക്രിയാത്മകവും സമഗ്രവുമായ യാതൊരു നീക്കവും ഇതുവരെ നടത്തപ്പെട്ടിട്ടില്ല.

ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന മാംസത്തിനുള്ള മൃഗങ്ങളിൽ 90 ശതമാനത്തിലധികവും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. മുട്ടയുടെ കാര്യമെടുത്താൽ ഈ പഞ്ചായത്തിലെ മുഴുവൻ കമ്പോള സാധ്യതകളും ചൂഷണം ചെയ്യുന്നത് അയൽ - സംസ്ഥാനങ്ങളാണ്. ഇതുവഴി പഞ്ചായത്തിന് ഗണ്യമായ സാമ്പത്തിക നഷ്ടം സംഭവിക്കുകയും തൊഴിൽ സാധ്യതയില്ലാതാവുകയും ചെയ്യുന്നു.

കാർഷിക മേഖലയ്ക്ക ആവശ്യമായ ജൈവവളവും നിലമൊരുക്കുവാനും ഭാരം വലിക്കുവാനും ഉള്ള വലിയൊരളവ് മൃഗശക്തിയും മൃഗസംരക്ഷണ മേഖല ഈ പഞ്ചായത്തിന് സംഭാവന ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ലഭ്യമാകുന്ന ചാണകം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിഞ്ഞാൽ, അതിൽ നിന്നും ലഭിക്കുന്ന ബയോഗ്യാസിലൂടെ ഈ പഞ്ചായത്തിലെ പാചകാവശ്യത്തിനും വെളിച്ചത്തിനുമുള്ള ഊർജ്ജത്തിൻെറ ഗണ്യമായ പങ്ക് സംഭാവന ചെയ്യുവാൻ കഴിയും. ഇതുമൂലം പാചകത്തിന് വിറകിനെ കൂടുതൽ ആശ്രയിക്കുന്നത് ഒഴിവാക്കുവാനും, പാവപ്പെട്ടവരുടെ വീട്ടിൽ വളിച്ചത്തിനുവേണ്ടിയുള്ള തീരാത്ത കാത്തിരിപ്പ് ഒഴിവാക്കുവാനും സാധിക്കും.

ഈ പഞ്ചായത്തിലെ 90 ശതമാനത്തിലും മീതെ മൃഗസമ്പത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കൈകളിലാണ്. ഈ മേഖലയിലെ അദ്ധ്വാനം നിർവ്വഹിക്കുന്നത് കൂടുതലായും വീട്ടമ്മമാരാണ്. ആയതുകൊണ്ട് മൃഗസംരക്ഷണമേഖലയുടെ ആസൂത്രിത വികസനം വഴി പഞ്ചായത്തിൻെറ അഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, ദുർബല വിഭാഗങ്ങളുടെ നിത്യവരുമാനം ഉയർത്തുന്നതിനും, ഈ രംഗത്ത് പഞ്ചായത്തിന് സ്വയം പര്യാപ്തതയിലേക്ക് നീങ്ങുക വഴി സാമ്പത്തിക ചോർച്ച ഒഴിവാക്കുവാനും, യുവതീയുവാക്കൾക്ക് തൊഴിൽ - ഉപതൊഴിൽ ലഭ്യത കൂട്ടുവാനും സാധിക്കുന്നു.

## പഞ്ചായത്തിലെ മൃസംരക്ഷണ മേഖല

പണ്ടുമുതൽക്കേ, ഈ പഞ്ചായത്ത് മൃഗസമ്പത്തിൻെറ കാര്യത്തിൽ മെച്ചപ്പെട്ട സ്ഥാനം നിലനിർത്തിപോരുന്നുണ്ട്. പക്ഷേ മുൻകാലങ്ങളിലെല്ലാം നമ്മുടെ കന്നുകാലികളുടെ ഉല്പാദന ക്ഷമത കുറവായിരുന്നു. വളരെയധികം പകർച്ചവ്യാധികൾ മൂഖേന കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ കൃത്രിമ ബീജാധാനത്തിൻേറയും പ്രതിരോധകുത്തിവയ്പ് മുതലായ ശാസ്ത്രീയ സമീപനത്തിൻേറയും ഫലമായി പഞ്ചായത്തിലെ കന്നുകാലികളുടെ ഉൽപാദനക്ഷമത കൂട്ടുവാൻ കഴിഞ്ഞു. ഉൽപാദനക്ഷമത കുറഞ്ഞ നാടൻ പശുക്കളിൽ നിന്നും സങ്കരവർഗ്ഗം പശുക്കളെ ഉണ്ടാക്കിയെടുക്കുന്നതിന് സാധിച്ചു. ഇപ്പോഴുള്ള കാലി സമ്പത്തിൻെറ 80 ശതമാനവും ഉൽപാദന ക്ഷമതയുള്ള സങ്കരവർഗ്ഗം പശുക്കളാണ്.

പണ്ടു മുതൽക്കേ മൃഗസമ്പത്തിൻെറ ഏറിയ പങ്കും

കൃഷി പണിക്കും ഭാരം വലിക്കുന്നതിനും മാത്രമാണ് ഉപയോഗിച്ചിരുന്നത്. പാലുല്പാദനത്തിന് കറവമാടുകളും എരുമകളും ധാരാളമായി ഉണ്ടായിരുന്നു. ഈ പഞ്ചായത്തിലെ പഴയ തലമുറയിൽപ്പെട്ടവർ, തങ്ങളുടെ കറവമാടുകളിൽ നിന്ന് മൊന്തയിലും ചെറിയ പാത്രങ്ങളിലും പാൽ കറന്നെടുത്ത അനുഭവം ഇന്നും ഓർമ്മിക്കുന്നു. കുളമ്പുരോഗം, കുരലടപ്പൻ എന്നീ രോഗങ്ങൾ കാലാകാലമായി തങ്ങളുടെ മൃഗസമ്പത്തിനെ ഗണ്യമായ നഷ്ടം വരുത്തിയ അ ുഭവങ്ങൾ ഇന്നും ഭീതിയോടെ ഇന്നാട്ടിലെ മുൻതലമുറക്കാർ ഓർക്കുന്നു. ആധുനിക ചികിത്സാസൗകര്യങ്ങൾ ലഭ്യമാകാതിരുന്ന അക്കാലത്ത്, നാട്ടറിവുകളിൽ നിന്നും ലഭിച്ച വിവരങ്ങളനുസരിച്ചാണ് പശുക്കളുടെ ചികിത്സ നടത്തിയിരുന്നത്.

കുളമ്പുരോഗം വന്ന വ്രണങ്ങളിൽ പുളിയില വെള്ളം ഒഴിക്കുക, ഉപ്പും ചാരവും ചേർത്ത് മുറിവുകളിൽ പുരട്ടുക, അടുപ്പിനുമുകളിലെ അട്ടക്കരിയും വെളിച്ചെണ്ണയും ഉപ്പും ചേർത്ത് പുരട്ടുക, മഞ്ഞളും ആര്യവേപ്പിലയും ചേർത്ത് പുരട്ടുക തുടങ്ങിയ നാടൻ ചികിത്സാരീതികൾ കൂടാതെ മന്ത്രങ്ങൾ പൂജകൾ എന്നിവയും മൃഗങ്ങൾക്ക് രോഗം വരാതിരിക്കുന്നതിന് വേണ്ടി അവലംബിച്ചു പോന്നിരുന്ന നാടൻ രീതികളാണ്. പക്ഷെ ഇവയിൽ ചില രീതികൾ ഇന്നും തുടർന്നു പോരുന്നുണ്ട്.

കഴിഞ്ഞ 20 വർഷത്തിൽ ഈ മേഖല കൈവരിച്ച പുരോഗതി വളരെ താല്പര്യത്തോടുകൂടിയാണ് പഴയ തലമുറക്കാർ വീക്ഷിക്കുന്നത്. പണ്ടുകാലത്ത് ചെറിയ പാത്രങ്ങളിൽ പാൽ കറന്നെടുത്തിരുന്ന ഇവർ, ഇന്ന് വലിയ ബക്കററുകളിൽ ഉൽപാദനക്ഷമതകൂടിയ സങ്കര വർഗ്ഗം പശുക്കളിൽ നിന്നും പാൽ കറന്നെടുക്കുന്ന സ്ഥിതി അഭിമാനത്തോടെ കാണുന്നു.

ഈ പഞ്ചായത്തിനോട് അടുത്തുകിടക്കുന്ന കുന്നംകുളത്ത് വെററിനറി ആശുപത്രി ആരംഭിച്ചതോടെ ആധുനിക ചികിത്സാ സൗകര്യങ്ങൾ, ഈ പഞ്ചായത്തിലുള്ളവർക്കും ലഭിച്ചു തുടങ്ങി. കുളമ്പുരോഗത്തിനെതിരെയുള്ള വിവിധ പ്രതിരോധ കുത്തിവയ്പുകൾ കാലാകാലങ്ങളിൽ കന്നുകാലികൾക്ക് നൽകിപോന്നു. ഉയർന്ന ജനുസുകളിൽപെട്ട മൂരികൾ, പശുക്കളുടെ വർഗ്ഗോദ്ധാരണത്തിനുള്ള ആദ്യപടിയായിരുന്നു. കൃത്രിമ ബീജാധാനം വഴി വർഗ്ഗോദ്ധാരണത്തിനുള്ള സാങ്കേതികവിദ്യ വളരെ ആവേശപൂർവ്വമാണ് പഞ്ചായത്തിലുള്ളവർ സ്വീകരിച്ചത്.

ഈ പഞ്ചായത്തിൽ പശു വളർത്തൽ, ആട് വളർത്തൽ, എരുമ വളർത്തൽ, അടുക്കള മുററത്തെ കോഴിവളർത്തൽ എന്നീ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നിലനിന്നു പോരുന്നുണ്ട്. പാലുല്പാദനത്തിനുവേണ്ടി പശു വളർത്തലിനു മാത്രമേ ശാസ്ത്രീയ സമീപനം ഉണ്ടാക്കിയിട്ടുള്ളു. എരുമ വളർത്തൽ ക്രമേണ ചുരുങ്ങി വരുന്നതായിട്ടാണ് കണ്ടുവരുന്നത്. വീടുകളിൽ നായ്ക്കളേയും വളർത്തുന്നുണ്ട്.

1996 ൽ നടത്തിയ സെൻസസ് പ്രകാരം; ഭാരം വലിക്കുന്നതിനും കൃഷിപ്പണിക്കും വേണ്ടി ഉപയോഗിക്കുന്ന കാളകളുടേയും പോത്തുകളുടേയും എണ്ണത്തിൽ 1987 ലെ സെൻസസിനെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ട്.

## മൃഗസമ്പത്ത് - 87 ലേയും 96 ലേയും സെൻസസ് താരതമ്യപഠനം

| മൃഗസമ്പത്ത് | 1987 | 1996 |
|---|---|---|
| നാടൻ പശു | 1154 | 829 |
| നാടൻ കാള | 64 | 49 |
| സങ്കരവർഗ്ഗം പശു | 1147 | 1932 |
| സങ്കരവർഗ്ഗം കാള | 73 | 116 |
| എരുമ | 258 | 197 |
| പോത്ത് | 56 | 48 |
| ആട് - ആൺ | 201 | 268 |
| ആട് - പെൺ | 790 | 958 |
| കോഴി - നാടൻ | 8619 | 10418 |
| കോഴി - മേൽത്തരം | 410 | 679 |
| താറാവ് | 186 | 212 |
| നായ | 240 | 346 |

## കഴിഞ്ഞ 10 മാസത്തിനുള്ളിൽ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ മൃഗങ്ങളുടെ രോഗവിവരങ്ങൾ

| രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|
| ദഹനസംബന്ധമായവ | 284 | 28 | 79 | |
| ശ്വാസകോശ സംബന്ധം | 41 | 8 | 12 | 284 |
| ഉപാപചയ സംബന്ധം | 14 | 2 | 11 | |
| ത്വക് രോഗങ്ങൾ | 24 | 8 | 5 | |
| ധാതുലവണങ്ങളുടെ അഭാവം | 8 | 4 | 7 | |
| പരാദരോഗങ്ങൾ | 108 | 14 | 23 | 160 |
| പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 64 | 12 | 5 | |
| വന്ധ്യത | 14 | | | |
| അകിടുവീക്കം | 38 | | 6 | |
| മുടന്തൻ പനി | 21 | | | |

ആടുവളർത്തൽ, കോഴി വളർത്തൽ എന്നീ മേഖലകളിൽ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെങ്കിലും, അത് ആശാവഹമായ പുരോഗതി കൈവരിച്ചിട്ടില്ല.

വടക്കേകാട് മൃഗാസ്പത്രി സ്ഥാപിതമായിട്ട് 10 മാസമേ ആയിട്ടുള്ളൂ. ഈ കാലയളവിലെ കണക്കു പരിശോധിക്കുകയാണെങ്കിൽ ദഹനസംബന്ധിയായിട്ടുള്ള രോഗങ്ങൾ, ഉല്പാദനരോഗങ്ങൾ, അകിടുവീക്കം, പരാദരോഗങ്ങൾ എന്നിവ കൂടുതലായി കണ്ടുവരുന്നുണ്ട്.

## കൃത്രിമ ബീജസങ്കലനത്തെ കുറിച്ചുള്ള വിവരങ്ങൾ

| ഇനം | ആകെ | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജധാനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 564 | 471 | 212 |
| കിടാരി | 394 | 208 | 157 |
| എരുമ | 36 | 36 | 8 |

## പേ. വിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | ആട് | നായ |
|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പു നൽകിയവയുടെ എണ്ണം | - | - | 56 |
| കടിയേററതിനുശേഷം കുത്തിവെയ്പ്പു നടത്തിയവ ചികിത്സ നൽകിയവ | - | 9 | - |

വന്ധ്യതയും വലിയൊരു പ്രശ്നമായി കാണുന്നു.

പഞ്ചായത്തിലെ 80 ശതമാനം കർഷകരും ആശുപത്രിയിലെ ബീജാധാന സൗകര്യം പ്രയോജനപ്പെടുത്തുന്നു.

### പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

1964 മുതൽ പഞ്ചായത്തിൽ പ്രവർത്തിച്ചു വന്നിരുന്ന വെററിനറി സബ്ബ്സെൻറർ 1996 ൽ മൃഗാസ്പത്രിയായി ഉയർത്തപ്പെട്ടു. വെററിനറി ഡോക്ടറുടെ സേവനം ലഭ്യമാവുകയും ചെയ്തു.

### ആശുപത്രി ജീവനക്കാർ

| തസ്തിക | എണ്ണം |
|---|---|
| വെററിനറി സർജൻ | 1 |
| ലൈവ്സ്റേറാക്ക് ഇൻസ്പെക്ടർ | 1 |
| അററൻഡൻറ് | 1 |
| പാർട് - ടൈം സ്വീപർ | 1 |

ആശുപത്രി പ്രവർത്തിക്കുന്നത് 22 സെൻറ് സ്ഥലത്ത് സർക്കാർ വക കെട്ടിടത്തിലാണ്. പ്രാഥമിക ആവശ്യങ്ങൾ നിറവേററുന്നതിനുവേണ്ട സൗകര്യങ്ങൾ ആശുപത്രിയിൽ ഇപ്പോൾ ലഭ്യമല്ല.

ഒരു ആശുപ്രതിയ്ക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒന്നും തന്നെ കെട്ടിടത്തിൽ ഇല്ല. ഓപ്പറേഷൻ തിയ്യററർ, ലാബ് സൗകര്യങ്ങൾ, റഫ്രിജറേററർ, മൈക്രോസ്കോപ്പ്, സ്റെററിലൈസർ, ഫോൺ, പേജർ, വാഹനം, കർഷക പരിശീലനഹാൾ എന്നീ സൗകര്യങ്ങൾ ആശുപ്രതിയിൽ ലഭ്യമാക്കിയാൽ കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സാധിക്കും.

### ആശുപത്രിയിൽ ലഭ്യമാകുന്ന സേവനങ്ങൾ

1. കൃത്രിമ ബീജാധാനം
2. വന്ധ്യതാ നിവാരണം
3. പേ വിഷബാധക്കെതിരെയുള്ള കുത്തിവയ്പ്
4. വിവിധ പദ്ധതികളുടെ നടത്തിപ്പ്
5. വിജ്ഞാന വ്യാപനം
6. രോഗങ്ങളുടെ ചികിത്സ
7. സർജറി
8. രോഗങ്ങൾക്കെതിരെയുള്ള കുത്തിവയ്പ്

പരിമിതമായ സാഹചര്യങ്ങളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തിയാണ് മേൽപ്പറഞ്ഞ സേവനങ്ങൾ ആശുപത്രിയിൽ ലഭ്യമാക്കുന്നത്. കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്, ആശുപത്രിയിലുള്ള അസൗകര്യങ്ങൾ മുഴുവനും അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതുണ്ട്.

ഗണ്യമായ മൃഗസമ്പത്തുള്ള ഈ പഞ്ചായത്തിൽ ഒരു വെററിനറി ഡോക്ടറുടെ സേവനം അപര്യാപ്തമാണ്. മൃഗചികിത്സ, പദ്ധതി നടത്തിപ്പ്, വിജ്ഞാനവ്യാപനം എന്നീ കാര്യങ്ങളുടെ ചുമതല മുഴുവനും ഒരു വെററിനറി ഡോക്ടറാണ് നിർവ്വഹിക്കുന്നത്. ഒരു ഡിസ്പെൻസറി കൂടി പഞ്ചായത്തിൽ സ്ഥാപിക്കപ്പെടുകയാണെങ്കിൽ കർഷകർക്ക് മെച്ചപ്പെട്ടതും തക്കസമയത്തുമുള്ള സേവനവും കൂടുതൽ ലഭ്യമാക്കുവാൻ ഉപകരിക്കും.

## പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പാക്കിയ സ്കീമുകൾ

1. വന്ധ്യതാ നിവാരണം - കഴിഞ്ഞ 5 വർഷകാലത്തിൽ രണ്ടു ക്യാമ്പുകൾ മാത്രമാണ് നടത്തിയത്.

2. ഗോരക്ഷാക്യാമ്പ് - 4 ക്യാമ്പുകൾ നടത്തി.

3. കോഴി വിതരണം - 333 കർഷകർക്ക് 3 മുട്ട കോഴികൾ വീതം വിതരണം ചെയ്തു.

4. പേ വിഷ നിർമ്മാർജ്ജന പദ്ധതി - 108 പ്രതിരോധ കുത്തിവെയ്പ്പുകൾ നടത്തി.

വന്ധ്യതമൂലം പശുക്കളിൽ രണ്ടു പ്രസവത്തിനിടയ്ക്ക് നഷ്ടപ്പെടുന്ന ഓരോ ദിവസത്തിനും കർഷകന് ഏകദേശം 30 രൂപയുടെ അധിക ചെലവ് ഉണ്ടാകുന്നു. ഇപ്പോൾ നിലവിലുള്ള വന്ധ്യതാ നിവാരണ പദ്ധതി അപര്യാപ്തമാണ്. വന്ധ്യതാ നിവാരണത്തിന് സ്ഥിരം പദ്ധതി ആവിഷ്കരിക്കണം. പഞ്ചായത്തിൽ ഓരോ മാസത്തിലും രണ്ടു ക്യാമ്പുകൾ വീതം നടത്തുന്നതിന് ബ്ലോക്കു തല വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയാൽ കർഷകനുണ്ടാകുന്ന ഭീമമായ സാമ്പത്തിക നഷ്ടം ഒഴിവാക്കുവാൻ സഹായകമാവും.

കോഴികുഞ്ഞുങ്ങളുടെ ഗുണനിലവാരമില്ലായ്മ കൊണ്ട് ഗണ്യമായ എണ്ണം കോഴികളും ചത്തുപോകുന്നു. വിതരണം ചെയ്യുന്ന കോഴികളുടെ എണ്ണം കുറവാണ്. കാലാകാലങ്ങളിൽ വാക്സിനേഷൻ നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.

പേ വിഷബാധ നിർമ്മാർജ്ജനത്തിനുവേണ്ടി വീട്ടു നായകളെ കർശനമായ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കേണ്ടതുണ്ട്.

## പാലുല്പാദന രംഗം

വടക്കേകാട് പഞ്ചായത്തിൽ ഏകദേശം 23 ലക്ഷം ലിററർ പാലാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. ഈ പാലിൻെറ മൂല്യം ഏകദേശം രണ്ടരകോടി രൂപ വരും. ഉൽപാദിപ്പിക്കപ്പെടുന്ന പാൽ പഞ്ചായത്തിനകത്തു തന്നെ വിററഴിയ്ക്കപ്പെടുന്നു. 10 മുതൽ 20 ശതമാനം വരെ ഉല്പാദകൻെറ വീട്ടിൽ ഉപയോഗിക്കപ്പെടുന്നു. പാൽ വിപണനത്തിന് സ്ഥിരം സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. അകിടുവീക്കം, വന്ധ്യത, ഉല്പാദനരോഗങ്ങൾ എന്നിവ പാലുല്പാദന രംഗത്തെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നു. സ്ഥിരമായ സഹകരണ വിപണന സൗകര്യം ഉണ്ടാവുകയാണെങ്കിൽ, പാലുല്പാദനം വർദ്ധിപ്പിക്കുവാനും, പഞ്ചായത്തിൻെറ ആവശ്യത്തിലധികം ഉല്പാദിപ്പിക്കപ്പെടുന്ന പാൽ പഞ്ചായത്തിന് പുറത്ത് വിപണനം നടത്തുവാനും സാധിക്കും. ഇതുമൂലം ഈ പഞ്ചായത്തിലുള്ള പാലുൽപാദനത്തിൽ നിന്നും ഗണ്യമായ വരുമാന വർദ്ധനവും തൊഴിൽ ലഭ്യതാ വർദ്ധനവും പ്രതീക്ഷിക്കാവുന്നതാണ്.

ഈ രംഗത്ത വികസനത്തിനുവേണ്ടി, മെച്ചപ്പെട്ട പാൽ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക. താല്പര്യമുള്ളവർക്ക് പശു വളർത്തൽ പദ്ധതികൾ ആവിഷ്ക്കരിക്കുക, അകിടുവീക്കം നിയന്ത്രിക്കുന്നതിന് ശാസ്ത്രീയമായ തൊഴുത്തുകൾ നിർമ്മിക്കുക, ഉല്പാദന രോഗങ്ങൾ തടയുന്നതിനും, മെച്ചപ്പെട്ട തീററക്രമത്തെ കുറിച്ച് കർഷകരെ പരിശീലിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുക, വന്ധ്യതാ നിവാരണ പദ്ധതികൾ ഊർജ്ജിതമായി നടപ്പാക്കുക, തീററപുൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നീ കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കപ്പെടേണ്ടതുണ്ട്.

## മാംസോൽപാദന രംഗം

വടക്കേക്കാട് പഞ്ചായത്തിലെ 90 ശതമാനത്തിൽ അധികം വരുന്നവരും മാംസം ഉപയോഗിക്കുന്നവരാണ്. ഈ പഞ്ചായത്തിൽ 12 അറവു നടത്തുന്ന സ്ഥലങ്ങളുണ്ട്. എന്നാൽ ശാസ്ത്രീയമായി അറവ് നടത്തുന്ന ഒരു അറവുശാല പോലും പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാംസംവേണ്ടത്ര ശുദ്ധമല്ല. ഇതിനുകാരണം അറവ് നടത്തുന്നതിനുമുമ്പും അറവിന് ശേഷവും മൃഗത്തെ വിശദമായ വെറററിനറി പരിശോധനയ്ക്ക് വിധേയമാക്കാത്തതുകൊണ്ട്. ഈ പരിശോധനകൾകൊണ്ട്, ആരോഗ്യമുള്ള മൃഗങ്ങളെ മാത്രം അറവിന് വിധേയമാക്കിയശേഷം ശുദ്ധമായ മാംസം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നു. എന്നാൽ പഞ്ചായത്തിൽ ഈ പരിശോധനകൾക്ക് യാതൊരു സംവിധാനവും നിലവിലില്ല. അനാരോഗ്യകരവും വൃത്തികെട്ടതുമായ ചുററുപാടുകളിൽ വച്ച് അറവുകൾ നടത്തുന്നതുമൂലവും വെറററിനറി മാംസപരിശോധനയുടെ അഭാവം മൂലവും, ചത്ത മൃഗങ്ങളുടേയും രോഗം ബാധിച്ച മൃഗങ്ങളുടെയും മാംസം വിററഴിക്കപ്പെടുവാൻ സാധ്യതയുള്ളതുകൊണ്ട് ഇതിനെ വലിയൊരു പൊതുജനാരോഗ്യ പ്രശ്നമായി വീക്ഷിക്കേണ്ടതുണ്ട്.

പ്രതിവർഷം 1.25 കോടി രൂപയുടെ മാംസം ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നു. മാംസാവശ്യത്തിനുള്ള മൃഗങ്ങൾ 90 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഇതുമൂലം പഞ്ചായത്തിന് ഈ രംഗത്തുനിന്നു മാത്രം വലിയൊരു സാമ്പത്തിക ചോർച്ച

## പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാംസത്തിൻെറ മൂല്യം

| ഇനം | പ്രതിമാസം അറക്കപ്പെടുന്നത് | പ്രതിമാസം കിട്ടുന്ന മാംസം കി. ഗ്രാം | മാംസത്തിൻെറ മൂല്യം (രൂപ) |
|---|---|---|---|
| പശു } എരുമ | 138 | 13800 | 165600.00 |
| ആട് | 27 | 405 | 4860.00 |

ഉണ്ടാകുന്നു. മാത്രവുമല്ല അതിനോടനുബന്ധിച്ച തൊഴിൽ സാധ്യതകളും നഷ്ടപ്പെടുന്നു.

വൃത്തികെട്ട സാഹചര്യങ്ങളിൽ അറവു നടത്തുന്നതു നിമിത്തം വലിയ മൂല്യമുള്ള ഉപോൽപന്നങ്ങൾ സംസ്കരിക്കാനാവാതെ പാഴായി പോകുന്നു. ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതു ലക്ഷ്യമാക്കിയുള്ള ആസൂത്രണ തന്ത്രം ആവിഷ്ക്കരിക്കുക വഴി പഞ്ചായത്തിനുള്ള സാമ്പത്തിക ചോർച്ച ഒഴിവാക്കുവാനും ഒട്ടേറെ തൊഴിൽ സാധ്യത ഉണ്ടാക്കുവാനും കഴിയും. മാംസോൽപാദന രംഗത്തെ വികസനത്തിനുവേണ്ടി, കാള കുട്ടികളേയും പോത്തിൻകുട്ടികളെയും ഉല്പാദിപ്പിക്കുന്ന പദ്ധതികൾ, ആടുവളർത്തൽ പദ്ധതി, ടർക്കി, താറാവ് യൂണിററ് പദ്ധതി എന്നിവ ആവിഷ്കരിക്കാവുന്നതാണ്.

മാംസോൽപാദനരംഗത്ത്, ഉപഭോക്താവിനേയും ഉല്പാദകനെയും ഒരുപോലെ ചൂഷണം ചെയ്യുന്ന വലിയൊരു ലാഭം കൈക്കലാക്കുന്ന ഇടനിലക്കാരെ ഒഴിവാക്കുന്നതിന്, മാംസോൽപാദകരുടെ ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. ഈ സഹകരണ സംഘം മുഖേന അതിലെ അംഗങ്ങൾക്ക് മാംസോൽപാദനത്തിന് വേണ്ട മൃഗങ്ങളുടെ വിതരണം, ധനസഹായം, പരിശീലനം എന്നിവ ലഭ്യമാക്കാവുന്നതാണ്.

മാംസോൽപ്പാദനത്തിനും ഉപോൽപന്ന സംസ്കരണത്തിനും സമീപത്തുള്ള പഞ്ചായത്തുകളുമായി സഹകരിച്ച് ഒരു സംസ്കരണശാല മേഖലാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

### ആടുവളർത്തൽ

പഞ്ചായത്തിൽ കുറഞ്ഞ തോതിൽ ആടുവളർത്തൽ നിലവിലുണ്ട്. 96 ലെ സെൻസസ് പ്രകാരം 1226 ആടുകൾ പഞ്ചായത്തിൽ ഉണ്ട്. പക്ഷേ ആടുവളർത്തലിന് ശാസ്ത്രീയമായ സമീപനം കർഷകർക്ക് പകർന്നു കൊടുക്കുന്നതിനുള്ള നീക്കം ഇതുവരെ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. തീററ സമ്പ്രദായം, വിര മരുന്ന് നൽകൽ, രോഗപ്രതിരോധം എന്നീ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ആടുകൾക്ക് തീററയായി നൽകുന്ന വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിന് കൂട്ടിനകത്ത് കെട്ടിയിട്ടുള്ള വളർത്തൽ ആണ് പഞ്ചായത്തിന് അഭികാമ്യം.

ആടുകൾക്കുള്ള തീററ ലഭ്യത കൂട്ടുവാൻ; പ്ലാവ്, സുബാബുൾ, പ്ലാശ്, മുരുക്ക് എന്നീ വൃക്ഷങ്ങൾ ഉൽപാദകൻെറ വീട്ടുവളപ്പിലും ഒഴിഞ്ഞ പ്രദേശങ്ങളിലുമായി വച്ചുപിടിപ്പിക്കേണ്ടതുണ്ട്. ഉൽപാദകർകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകേണ്ടതുണ്ട്. മാംസോൽപ്പാദനം, സംസ്കരണം എന്നിവയിൽ കൂട്ടായ്മയോടെയുള്ള സമീപനം ആവശ്യമാണ്.

### മൂരികുട്ടി പരിപാലനം

പഞ്ചായത്തിൽ പ്രതിവർഷം ഏകദേശം 550 പ്രസവങ്ങൾ നടക്കുന്നു എന്നാണ് കണക്കാക്കപ്പെടു ന്നത്. ഇത്രയും പ്രസവത്തിൽനിന്ന് ഏകദേശം 300 കാളക്കുട്ടികളെയാണ് പ്രതിവർഷം പഞ്ചായത്തിന് ലഭിക്കുന്നത്. ഈ കാളകുട്ടികളിൽ 90 ശതമാനവും, പരിചരണം ലഭിക്കാതെ ചത്തുപോവുകയാണ് ചെയ്യുന്നത്. അതായത് ഇത്രയും കാളകുട്ടികളിൽ നിന്ന് കിട്ടാവുന്ന മാംസം ഉപയോഗിക്കപ്പെടാനാവാതെ നഷ്ടമാവുന്നു. ശാസ്ത്രീയമായ സമീപനം അവലംബിക്കുകയാണെങ്കിൽ ഈ നഷ്ടം ഇല്ലായ്മ ചെയ്ത, കർഷകരുടെ വരുമാനവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കാൻ സാധിക്കും. ഈ രംഗത്തും കൂട്ടായ്മയോടെയുള്ള സമീപനം ആവശ്യമാണ്.

## മുയൽ , ടർക്കി, കാട എന്നിവയുടെ വളർത്തൽ

പഞ്ചായത്തിൻെറ മാംസാവശ്യം നിറവേററുന്നതിനും സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനും മുയൽ ടർക്കി, കാട എന്നിവയെ ശാസ്ത്രീയമായി വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

## കാലിത്തീററ ഉൽപാദനരംഗം

കാലിത്തീററ ഉല്പാദനരംഗത്ത് പഞ്ചായത്തിൽ ശാസ്ത്രീയമായ നീക്കം ഇതുവരെ ഉണ്ടായിട്ടില്ല. തന്മൂലം കർഷകർ, അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന മിശ്രിത കാലിത്തീററയാണ് ഉപയോഗിക്കുന്നത്. തീററപുൽ കൃഷിരംഗത്ത് ആത്മാർത്ഥമായ പദ്ധതികൾ ആവിഷ്കരിക്കണം. ആഭ്യന്തര ഉൽപാദനം ഇല്ലാത്തതുകൊണ്ട് സാമ്പത്തിക നഷ്ടം വളരെയേറെയാണ്.

കാലിത്തീററ മിശ്രിതത്തിനാവശ്യമായ പിണ്ണാക്കും, തവിടും പഞ്ചായത്തിൽ ലഭ്യമാകുന്നതിനാൽ, മററു പഞ്ചായത്തുകളുമായി സഹകരിച്ച് ബ്ലോക്കടിസ്ഥാനത്തിൽ സംഭരണ കേന്ദ്രങ്ങളും മിശ്രിത കേന്ദ്രങ്ങളും നിർമ്മിക്കേണ്ടതാണ്.

തീററപുതൽ ഉൽപാദനത്തിന് പഞ്ചായത്തിൽ ഉള്ള തെങ്ങിൻ തോപ്പുകൾ, ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ (കൗക്കാനപ്പെട്ടി, 2-ാം വാർഡ്;: നായരങ്ങാടിയുടെ പടിഞ്ഞാറുവശം) എന്നിവ ഉപയുക്തമാക്കേണ്ടതാണ്. കൂട്ടായ്മയിലൂടെ തീററപുൽ കൃഷി വ്യാപകമാക്കാവുന്നതും വ്യാവസായിക അടിസ്ഥാനത്തിൽ വിപണനം ചെയ്യുവാനും മിതമായ നിരക്കിൽ കർഷകന് ലഭ്യമാക്കുവാനും സധിക്കും.

## ബ്രോയിലർ കോഴി വളർത്തൽ

പഞ്ചായത്തിൽ ഒരു ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രം പോലുമില്ല. പഞ്ചായത്തിൽ കോഴികളുടെ എണ്ണം കുറവായതിനാൽ, മാംസാവശ്യത്തിന് കോഴികളെ അന്യസ്സ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരികയാണ് ചെയ്യുന്നത്. ദിനംപ്രതി വീട്ടാവശ്യത്തിനും, പഞ്ചായത്തിലെ വിവിധ ആഘോഷ വേളകളിലുമായി പ്രതിവർഷം 6 ലക്ഷം കിലോഗ്രാം കോഴിമാസം ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നതായി കണക്കാക്കുന്നു.

ബ്രോയിലർ കോഴി വളർത്തലിൻെറ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്, കോഴികുഞ്ഞുങ്ങളെ ആവശ്യത്തിന് ലഭ്യമാക്കുക, ഹാച്ചറികൾ സ്ഥാപിക്കുക. വാക്സിനേഷൻ മററു വെററിനറി സൗകര്യങ്ങൾ ലഭ്യമാക്കുക, കർഷക പരിശീലനം നൽകുക, വിപണന സാധ്യത കണ്ടെത്തുക എന്നീ പദ്ധതികൾ ആവിഷ്കരിക്കണം. തൽഫലമായി ഈ രംഗത്തുനിന്ന് സാമ്പത്തിക നേട്ടവും തൊഴിൽ ലഭ്യതയും പഞ്ചായത്തിന് നേടിയെടുക്കാം.

## മുട്ടയുല്പാദനം

പഞ്ചായത്തിൽ വളർത്തപ്പെടുന്ന മുട്ട കോഴികളുടെ എണ്ണം കുറവായതിനാൽ, അവയിൽ നിന്നും കിട്ടുന്ന മുട്ട പഞ്ചായത്തിന് വളരെ അപര്യാപ്തമാണ്.

പഞ്ചായത്തിൻെറ ഉപയോഗത്തിന് ആവശ്യമായി ആഴ്ചതോറും 50,000 കോഴിമുട്ടകൾ ഇവിടേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു. പ്രതിവർഷം ഏകദേശം 25 ലക്ഷം രൂപ അന്യസംസ്ഥാനങ്ങൾ ഈ പഞ്ചായത്തിൽ നിന്നും മുട്ട വിപണനത്തിലൂടെ നേടിയെടുക്കുന്നു.

### തുകൽ സംസ്കരണം / അറവുശാല ഉപോൽപന്ന സംസ്കരണം

| ഇനം | പ്രതിവർഷം അറക്കപ്പെടുന്നത് | കിട്ടുന്ന തുകലിൻെറ എണ്ണം | മൂല്യം (രൂപ) |
|---|---|---|---|
| കാള } പോത്ത് | 1768 | 1768 | 1060800.00 |
| ആട് | 312 | 312 | 37440.00 |

മുട്ടയുല്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കൂടുതൽ മുട്ടകോഴികളെ വളർത്തുവാനുള്ള പദ്ധതികൾ നടപ്പാക്കുക, മുട്ട സംഭരണത്തിനും വിപണനത്തിനും സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

കോഴിത്തീററ മിശ്രണ യൂണിററുകൾ മേഖലാടിസ്ഥാനത്തിൽ സ്ഥാപിക്കുക. എന്നീ കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

പഞ്ചായത്തിൽ അറവു നടത്തപ്പെടുന്ന മൃഗങ്ങളിൽ നിന്ന് പ്രതിവർഷം 11 ലക്ഷം രൂപയുടെ തുകൽ ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ സംസ്കരണശാല നിലവിലില്ല. പരിസരമലിനീകരണത്തിന് സാധ്യതയുള്ളതിനാൽ, തുകലിൻെറ പ്രാഥമിക സംസ്കരണ പ്രക്രിയയ്ക്കുശേഷം കയററിയയ്ക്കുവാനുള്ള സംവിധാനം പഞ്ചായത്തു തലത്തിലോ ബ്ലോക്കുതലത്തിലോ ഏർപ്പെടുത്തേണ്ടതുണ്ട്.

### ജൈവവളം

ദിവസേന ഓരോ പശുവിൽ നിന്നും എരുമയിൽ നിന്നും 35 മുതൽ 40 കിലോ വരെ ചാണകം ലഭിക്കുമെന്നതിനാൽ, മൃഗസമ്പത്തിൻെറ വർദ്ധനവ് കൃഷി ആവശ്യങ്ങൾക്കുള്ള ജൈവ വളത്തിൻെറ കുറവ് പരിഹരിക്കപെടാൻ സഹായകമാകും. ആസൂത്രിത പദ്ധതികൾ വഴി ഈ ചാണകം നഷ്ടപ്പെടാതെ പഞ്ചായത്തിനു തന്നെ ഉപയുക്തമാക്കേണ്ടതാണ്.

### മൃഗശക്തി

ഈ പഞ്ചായത്തിൽ കാളകളെയും പോത്തുകളെയും കൃഷി നിലം ഒരുക്കുന്നതിനായി ഉപയോഗിച്ചു വരുന്നു. കൃഷി രംഗത്ത് യന്ത്രവൽക്കരണം നിലവിൽ വന്നിട്ടുകൂടി ഈ പഞ്ചായത്തിൽ ഏകദേശം 20 ജോടി പോത്തുകളെ നിലം ഒരുക്കുന്നതിന് ഉപയോഗിച്ചു പോരുന്നുണ്ട്.

### ബയോഗ്യാസ്

പഞ്ചായത്തിൻെറ രണ്ടു ബയോഗ്യാസ് പ്ലാൻറുകളും ഉപയോഗിക്കാതെ കിടക്കുകയാണ്.

രണ്ട് പശുക്കളുള്ള ഡയറി യൂണിററ് പദ്ധതി നടപ്പാക്കുകയും അതോടൊപ്പം ഒരു ബയോഗ്യാസ് പ്ലാൻറ് നൽകുകയും ചെയ്താൽ നാലംഗങ്ങളുള്ള കുടുംബത്തിന് ആവശ്യമായ പാചകവാതകം അവർക്കുതന്നെ ഉല്പാദിപ്പിക്കുന്നതിനു സാധിക്കും.

### പേ വിഷബാധ നിർമ്മാർജ്ജനം

പഞ്ചായത്തിൽ വളർത്തപ്പെടുന്ന എല്ലാ നായ്ക്കൾക്കും നിർബന്ധ പ്രതിരോധ കുത്തിവെയ്പ്പ് നൽകുകയും ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യേണ്ടതാണ്. അലഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുന്നതിനുള്ള പദ്ധതി നടപ്പാക്കേണ്ടതുണ്ട്. പൊതു ജനബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.

### സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി

കന്നുകാലികളുടെ ആകസ്മിക മരണം മൂലം ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങളിൽ നിന്ന് കർഷകർക്ക് പരിരക്ഷ നല്കുന്നതിന് പ്രീമിയം കുറച്ചു കൊണ്ടുള്ള ഇൻഷുറൻസ് പദ്ധതി നടപ്പാക്കേണ്ടതുണ്ട്.

### കർഷക പരിശീലനം

കർഷകർക്ക് പരിശീലനം നല്കുന്നതിന് ജില്ലയിൽ സ്ഥാപനം നിലവിലില്ല. ബോക്ക് തലത്തിലോ പഞ്ചായത്തു തലത്തിലോ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

### കർഷകർക്ക് അവാർഡ്

പഞ്ചായത്തിലെ നല്ല കർഷകർക്ക് പ്രോത്സാഹന സമ്മാനം നൽകേണ്ടതാണ്.

## വടക്കേകാട് പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

### 1. ആശുപത്രി

1. ആശുപത്രിയിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി നവീകരിക്കുക. മൈക്രോസ്കോപ്പ്, റെഫ്രിജറേററർ, സ്റെററിലൈസർ, ഓപ്പറേഷൻ തിയ്യററർ, ഫോൺ, പേജർ, വാഹനം, കർഷക സെമിനാർ ഹാൾ എന്നിവ ലഭ്യമാക്കുക.
2. പഞ്ചായത്തിൽ ഒരു മൃഗാസ്പത്രികൂടി സ്ഥാപി

ക്കുക.

2. പാലുല്പാദന രംഗം

1. പാൽ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. പാലുൽപാദന സഹകരണ സംഘം സ്ഥാപിക്കുക.
3. ഡയറി യൂണിററുകൾ നടപ്പിലാക്കുക.
4. അകിടു വീക്കം നിയന്ത്രിക്കുന്നതിന് ശാസ്ത്രീയമായ തൊഴുത്തുകൾ നിർമ്മിക്കുക.
5. തൊഴുത്തുകളുടെ നിലം പുനർ നിർമ്മിക്കുക.
6. മെച്ചപ്പെട്ട തീററക്രമത്തെ കുറിച്ച് കർഷക പരിശീലനം നൽകുക.
7. വന്ധ്യതാ നിവാരണ പദ്ധതികൾ ഊർജ്ജിതമായി നടപ്പാക്കുക.
8. തീററപുൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

3. മാംസോൽപാദന രംഗം

1. ശാസ്ത്രീയമായ അറവുശാല നിർമ്മിക്കുക.
2. അറവിനു മുമ്പും പിമ്പും വെററിനറി മാംസ പരിശോധന നിർബന്ധമാക്കുക.
3. മാംസോൽപാദക സഹകരണ സംഘം രൂപീകരിക്കുക.
4. മാംസോൽപാദനത്തിനും ഉപോൽപന്ന സംസ്കരണത്തിനും സംസ്കരണശാല സ്ഥാപിക്കുക.
5. മാംസോൽപാദനരംഗത്ത് കർഷക പരിശീലനം നൽകുക.

4. ആടു വളർത്തൽ

1. ശാസ്ത്രീയ ആടുവളർത്തൽ പദ്ധതിയെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക.
2. തീററ ലഭ്യമാക്കുന്നതിന് പ്ലാവ്, സുബാബുൾ, പ്ലാശ്, മുരുക്ക് എന്നീ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.
3. മാംസോൽപാദനത്തിന് സഹകരണ സംഘം സ്ഥാപിക്കുക.

5. മൂരികുട്ടി പരിപാലനം

1. മൂരിക്കുട്ടികളെ സംഭരിക്കുന്നതിനും ശാസ്ത്രീയമായി വളർത്തി മാംസോൽപാദനത്തിന് ഉപയുക്തമാക്കുന്നതിനും സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6. കാലിത്തീററ

1. ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലും, തെങ്ങിൻ തോപ്പുകളിലും തീററപ്പുൽ കൃഷി ചെയ്യുക.
2. കാലിത്തീററ സംഭരണ കേന്ദ്രങ്ങളും മിശ്രണ കേന്ദ്രങ്ങളും സ്ഥാപിക്കുക.

7. ബ്രോയിലർ കോഴി വളർത്തൽ

1. മേൽതരം കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുക.
2. ഹാച്ചറികൾ സ്ഥാപിക്കുക.
3. വാക്സിനേഷൻ തുടങ്ങിയ വെററിനറി സൗകര്യങ്ങൾ ലഭ്യമാക്കുക.
4. കർഷക പരിശീലനം നൽകുക.
5. ബ്രോയിലർ യൂണിററുകൾ സ്ഥാപിക്കുക.
6. വിപണന ശൃംഖല ആവിഷ്ക്കരിക്കുക.

8. മുട്ടയുൽപാദനം

1. മുട്ട കോഴി വളർത്തൽ പദ്ധതികൾ നടപ്പാക്കുക.
2. മുട്ടയുൽപാദനത്തിനും സംഭരണത്തിനും വിപണനത്തിനും സഹകരണ സംഘം രൂപീകരിക്കുക.
3. കോഴിത്തീററ മിശ്രണ യൂണിററുകൾ സ്ഥാപിക്കുക.

9. തുകൽ സംസ്കരണം

1. തുകൽ സംസ്കരണശാലയും ഉപോൽപന്ന സംസ്കരണശാലയും ശാസ്ത്രീയ രീതിയിൽ നിർമ്മിക്കുക.

10. ജൈവവളം

1. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ചാണകം ശേഖരിച്ച അത് കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക.

**11. ബയോഗ്യാസ്**

1. ഡയറി യൂണിററുകൾ ഓരോ വീട്ടിലും സ്ഥാപിക്കുക.
2. ബയോഗ്യാസ് പ്ലാൻറിൻെറ ലഭ്യത ഉറപ്പാക്കുക.

**12. പേ വിഷ നിർമ്മാർജ്ജനം**

1. നായ്ക്കൾക്ക് നിർബ്ബന്ധ പ്രതിരോധ കുത്തിവെയ്പ്പു നടത്തുക.
2. വളർത്തുന്നതിനുള്ള ലൈസൻസ് നിർബ്ബന്ധമാക്കുക.
3. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിന് പദ്ധതി നടപ്പാക്കുക.
4. പൊതുജന ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

## രോഗവിവരങ്ങൾ

| | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മററുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ദഹന സംബന്ധമായവ | 88 | 14 | 33 | | | | | | | |
| 2. | ശ്വാകോശ സംബന്ധം | 12 | | 8 | | | 210 | | | | |
| 3. | ഉപാപചായ സംബന്ധം | 14 | 2 | 11 | | | | | | | |
| 4. | ത്വക് രോഗങ്ങൾ | 24 | 8 | 5 | | | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 8 | 4 | 7 | | | | | | | |
| 6. | പരാദ രോഗങ്ങൾ | 88 | 14 | 11 | | | 160 | | | | |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 64 | 4 | 5 | | | | | | | |
| 8. | വന്ധ്യത | | | | | | | | | | |
| 9. | തകിടുവീക്കം | 24 | | 6 | | | | | | | |
| 10. | മുടന്തൻ പനി | 21 | | | | | | | | | |
| 11. | പകർച്ച വ്യാധികൾ | | | | | | | | | | |

51

13. സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക.
14. കർഷക പരിശീലനത്തിന് കേന്ദ്രം സ്ഥാപിക്കുക.
15. കന്നുകാലി പ്രദർശനങ്ങൾ മത്സരാടിസ്ഥാനത്തിൽ നടത്തുക.

സാമാന്യം ബൃഹത്തായ ഒരു പദ്ധതിയാണ് ഇതെന്ന് കരുതാം. ഇത് ആത്മാർത്ഥമായി നടപ്പാക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ സാമ്പത്തിക നില വളരെ മെച്ചപ്പെടുമെന്ന് ന്യായമായും ഉറപ്പിക്കാം.

## മത്സ്യ മേഖല

ആഹാരത്തിലെ ഒരു മഖ്യ ഇനമായി മത്സ്യം ഉപയോഗിക്കുന്നവരാണ് ഈ പഞ്ചായത്തിലെ ഏതാണ്ട് 95 ശതമാനം ആൾക്കാരും. ഏകദേശം 3 കിലോമീററർ അകലെ സ്ഥിതിചെയ്യുന്ന അറബിക്കടൽ മത്സ്യത്തിൻെറ ഒരു അക്ഷയ ഖനിയായിരുന്നു ഈ പ്രദേശത്തുകാരെസ്സംബന്ധിച്ച്. അതോടൊപ്പം തന്നെ ഉൾനാട്ടിലും മത്സ്യസമ്പത്ത് സുലഭമായിരുന്നു.

പഞ്ചായത്തിൻെറ വടക്കുകിഴക്കു ഭാഗത്തുള്ള കായൽ പ്രദേശങ്ങൾ പടിഞ്ഞാറുഭാഗത്തുള്ള കുട്ടാടൻ പാടം കൂടാതെ നിരവധി കുളങ്ങളും ചിറകളും ഇവയെ പരസ്പരം ബന്ധിപ്പിക്കുന്ന തോടുകൾ ഇവയൊക്കെ ശുദ്ധജല മത്സ്യങ്ങളുടെ കേളീ രംഗമായിരുന്നു. കടൽ മത്സ്യത്തോടൊപ്പം ഈ ശുദ്ധ ജല മത്സ്യങ്ങളും സമൃദ്ധമായി ഉപയോഗിച്ചിരുന്ന ഒരു നല്ല കാലമുണ്ടായിരുന്നു.

വർഷക്കാലത്ത് ഈ ജലാശയങ്ങൾ ജല സമ്പന്നമായിരുന്നു. ഇവയിൽ വരാൽ (ബ്രാൽ, കണ്ണൻ) മുയ്യ്, കടു, കണമ്പ്, പലതരം പരലകുൾ തുടങ്ങിയ മത്സ്യങ്ങൾ ധാരാളം കണ്ടുവന്നിരുന്നു. ചൂണ്ടയിട്ടും ഓടയും തുളിയും ഉപയോഗിച്ച് ഊതിപ്പിടിച്ചും, ചാട്ടം കെട്ടിയും ഒററിയുമൊക്കെ മത്സ്യം പിടിക്കുന്നത് അന്നൊക്കെ ഉത്സവം പോലെ കണ്ടിരുന്നു. ഇന്നതെല്ലാം പഴം കഥയായി മാറി.

കുളങ്ങളും ചിറകളും പാടശേഖരങ്ങളുമെല്ലാം തെങ്ങിൻ തോപ്പുകളായി മാറി. തോടുകൾ നികത്തുകയോ നിരത്തുകളായി മാറുകയോ ചെയ്തു. ഇതുകൊണ്ട് മത്സ്യം വളർത്തിലന്ന് മാത്രമല്ല പരിസ്ഥിതിക്കുടി വിനകളുണ്ടാവുന്നുണ്ട്.

മഴക്കാലത്ത് നിറഞ്ഞു നിന്നിരുന്ന കായലിലെ വെള്ളം കടലിലേക്കൊഴുകുമ്പോൾ മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നു. വെള്ളം തടഞ്ഞു നിർത്തുമ്പോൾ മത്സ്യങ്ങൾക്കു പ്രിയങ്കരമായ പ്ലാങ്ക്ടണുകളും പായലുകളും നിലനില്ക്കുകയും ചെയ്യുന്നു. മണ്ണിൻെറ അമിതമായ അമ്ലഗുണം സ്വാഭാവികമായും പരിഹരിക്കപ്പെടുന്നു. ഏററുമീൻ എന്ന പേരിൽ അറിയപ്പെടുന്ന പുതുമത്സ്യങ്ങൾ മുട്ടയിടാനും വംശം നിലനിർത്താനും ഈ ജല സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നു. ഈ ജലസമൃദ്ധി മണ്ണിൻെറ ഈർപ്പം നിലനിർത്തുകയും അതുവഴി വരൾച്ചയെ തടയുകയും ചെയ്യുന്നു.

പണ്ടൊക്കെ ചിറകളും, കുളവും, തോടും മുറിയുക എന്ന ഒരു പ്രതിഭാസമുണ്ടായിരുന്നു. പുതുമഴ പെയ്തു കുളവും ചിറയുമെല്ലാം നിറഞ്ഞാൽ പാടത്തേക്കോ തോട്ടിലേക്കോ പൊട്ടി ഒഴുകുന്നു. ഈ അവസരത്തിലാണ് ഒഴുക്കിനെതിരെ നീന്താൻ താല്പര്യപ്പെടുന്ന മത്സ്യങ്ങൾ ഇവകളിലെത്തുന്നതും ഇവയിലെ മത്സ്യങ്ങൾ പുറത്തുപോകുന്നതും. ഇവയെ വലവീശിയും ഒററിയും ചാട്ടം കെട്ടിയും കുരുത്തിവെച്ചും പിടിക്കുന്നത് ആഹ്ലാദകരമായ ഒരനുഭൂതിയായിരുന്നു. ഒപ്പം ഒരു കൂട്ടായ്മയുടെ മധുരവും. പിടിക്കുന്ന മത്സ്യത്തിൻെറ തോതിനേക്കാളേറെ അതിൻെറ ഒരുക്കങ്ങളാണ് ചാരിതാർത്ഥ്യജനകം.

ഇന്ന് ഇവയെല്ലാം നിരുപയോഗമായിരിക്കുന്നു. കാരണം - ജലസങ്കേതങ്ങൾ ഇല്ലാതാവുന്നു. തന്മൂലം ജലനിർഗ്ഗമനത്തിന്നു പോലും വിഷമം. ജലസംഭരണികളുടെ പാർസപര്യമില്ലായ്മ കാരണം മത്സ്യങ്ങളുടെ ഗമനാഗമനവും ഇല്ലാതായി. ഉള്ള മത്സ്യത്തിന്നു തന്നെ രോഗവും പിടിപെട്ടു. കീടനാശിനികളുടെ അമിത ഉപയോഗം ഇതിന് കാരണമായിട്ടുണ്ടാവാമെന്ന് കരുതാം. ഇത്തരം സാഹചര്യത്തിൽ ജനങ്ങൾ കായൽ മത്സ്യത്തിൻെറ രുചി മറക്കുന്ന കാലം വിദൂരമല്ല.

പഞ്ചായത്തിൽ ഏകദേശം രണ്ടായിരം കിലോ മത്സ്യം ദിനം പ്രതി ഉപയോഗിക്കുന്നുണ്ടെന്ന് കരുതാം. കിലോ ഗ്രാമിന്ന് ശരാശരി 30 രൂപ വിലവെച്ചാണെങ്കിൽ വർഷത്തിൽ 2 കോടി രൂപയുടെ മത്സ്യം ഉപയോഗിക്കപ്പെടുന്നു. നമ്മുടെ കടൽ വന്ധ്യമായിക്കൊണ്ടിരിക്കുന്നതിനാൽ നാടൻ കടൽ മത്സ്യത്തിൻെറ ലഭ്യത കുറവാണ്. പകരം മംഗലാപുരം, തൂത്തുകുടി രാമേശ്വരം തുടങ്ങിയ ഇടങ്ങളിൽ നിന്നു വരുന്ന മത്സ്യങ്ങളാണ് മാർക്കററിലെത്തുന്നത്. ഇവക്ക് എന്തുമാത്രം പഴക്കമുണ്ടെന്നോ, എത്രമാത്രം ഉപയോഗയോഗ്യമാണെന്നോ ഒരു നിശ്ചയവുമില്ല. എന്തായാലും വാങ്ങി ഉപയോഗിക്കേണ്ട ഗതികേടിലാണ് ജനങ്ങൾ.

ഉൾനാടൻ മത്സ്യങ്ങളാണെങ്കിൽ ദുർല്ലഭമായിക്കൊണ്ടിരിക്കുന്നു. ഉള്ളവതന്നെ രോഗഭീഷണി നേരിടുന്നു. വരാൽ എന്ന മത്സ്യം വംശനാശത്തെ അഭിമുഖീകരിക്കുന്നു.

ഈ പഞ്ചായത്തിൽ ഏകദേശം 300 കുളങ്ങളുണ്ട്. ഇവ നന്നാക്കിയെടുക്കുകയും ജലനിർഗ്ഗമനം സുസാദ്ധ്യമാക്കുകയും ചെയ്തുകൊണ്ട് മത്സ്യം വളർത്താൻ

ഉപയോഗപ്പെടുത്താവുന്നതാണ്. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന്ന് ധനസഹായം ചെയ്തു കൊടുക്കുകയും ചെയ്താൽ ആവശ്യത്തിൻെറ 25 ശതമാനമെങ്കിലും ഉല്പാദിപ്പിക്കാൻ കഴിയുന്നതാണ്.

## പ്രശ്നങ്ങൾ

1. നാടൻ കടൽ മത്സ്യം കിട്ടുന്നില്ല. പഴകി ജീർണ്ണിച്ചതും സംസ്ഥാനത്തിന്ന് പുറത്തുനിന്ന് വരുന്നതുമായ മത്സ്യം വാങ്ങാൻ നിർബ്ബന്ധിതരാണ് ജനങ്ങൾ.

2. ശുദ്ധജല മത്സ്യങ്ങൾ രോഗ ഭീഷണി നേരിടുന്നു.

3. കുളങ്ങളുടെയും തോടുകളുടെയും പരസ്പര ബന്ധമില്ലായ്മ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നു. മത്സ്യസമ്പത്ത് ശോഷിക്കുന്നു.

## സാദ്ധ്യതകൾ

1. മുന്നൂറോളം വരുന്ന കുളങ്ങളിലും പാടശേഖരങ്ങളിൽ സാദ്ധ്യമായ സ്ഥലങ്ങളിലും മത്സ്യം വളർത്താൻ ഉപയോഗിക്കാവുന്നതാണ്.

2. കുളങ്ങളുടെയും തോടുകളുടെയും ആഴവും വീതിയും വർദ്ധിപ്പിച്ച് ജലസംഭരണശേഷി വർദ്ധിപ്പിച്ചാൽ കൃഷിക്കും കുടിവെള്ളത്തിൻെറ ലഭ്യതക്കും അത് ഗുണകര മാകുന്നതാണ്.

## നിർദ്ദേശങ്ങൾ

1. കീടനാശിനിയുടെ അമിത ഉപയോഗം നിയന്ത്രിക്കുക.

2. കടലിലെ മത്സ്യസമ്പത്തിൻെറ ശോഷണത്തെക്കുറിച്ച് പഠിക്കാനും പ്രതിവിധി നിശ്ചയിക്കാനും സർക്കാർ തലത്തിൽ ശ്രമം നടത്തുക.

3. മത്സ്യവിപണനത്തിന് സഹകരണാടിസ്ഥാനത്തിൽ സംവിധാനമേർപ്പെടുത്തുക.

നമ്മുടെ ആവശ്യം മുഴുവനായി നിറവേററപ്പെടുകയില്ലെങ്കിലും ഈ പ്രദേശത്തെ സമ്പത്ത് അന്യനാടുകളിലേക്ക് ഒഴുകുന്നത് ഒരു പരിധിവരെ തടയാൻ നിലവിലുള്ള സാധ്യതകൾ പ്രയോജനപെടുത്തിയാൽ കഴിയുമെന്ന കാര്യം നിസ്തർക്കമാണ്.

# വിദ്യാഭ്യാസം

ഒരു കാലഘട്ടത്തിലെ ജനതയുടെ അക്ഷരദാഹശമ നികളായി വർത്തിച്ച ലോനപ്പനാശാൻ, കേളപ്പനാശാൻ തുടങ്ങിയ എഴുത്താശ്ശാൻ പരമ്പര. അവരുടെ എഴുത്തുപള്ളികളിൽ നിന്നും നിലത്തെഴുത്തിലൂടെ അക്ഷരം പഠിച്ചു വളർന്ന ഒരു ജനസമൂഹം. ഇന്ന് അതൊരു പഴങ്കഥ മാത്രം. ആ പഴംതലമുറയുടെ ഇളം തലമുറക്കാരിന്ന് നവീന വിദ്യാഭ്യാസ പാഠശാലകളിലെ വിദ്യാർത്ഥികളായി മാറിയിരിക്കുന്നു.

ഈ നൂററാണ്ടിൻെറ പിറവിക്കുമുൻമ്പുള്ള രണ്ടു വിദ്യാലയങ്ങൾ ഇന്നും നിലവിലുണ്ട്. ഇന്നത്തെ ആററുപുറം സെൻറ് ആൻറണീസ് സ്കൂളും, കല്ലൂർ സെൻറ് ജോസഫ്സ് എൽ. പി. സ്ക്കൂളും. ഇതിൽ പ്രായം കൂടുതലുള്ളത് വൈലത്തൂർ പള്ളിയുടെ കീഴിൽ കുര്യാക്കോസച്ചൻെറ മേൽ നോട്ടത്തിൽ നടന്നിരുന്ന സ്ക്കൂളിനാണ്. 1928 മുതൽ അത് പുതിയ മാനേജ്മെൻറിനു കീഴിൽ ഇന്നുള്ള സ്ഥലത്തേക്ക് മാറി കല്ലൂർ സെൻറ് ജോസഫ് എൽ. പി. സ്കൂളായി മാറിയിരിക്കുന്നു. നൂററാണ്ടിൻെറ പഴക്കമുള്ള ഇന്നത്തെ ആററുപുറം സെൻറ് ആൻറണീസ് സ്കൂൾ ഇപ്പോഴും നല്ലനിലയിൽ പ്രവർത്തിക്കുമ്പോൾ മുൻപറഞ്ഞ കല്ലൂർ സെൻറ് ജോസഫ് എൽ. പി. സ്കൂൾ ഇന്ന് അടച്ചു പൂട്ടലിൻെറ വക്കിലാണ്. ഓരോ ക്ലാസ്സും രണ്ടു വീതം ഡിവിഷനുകൾ ഉണ്ടായിരുന്ന പ്രസ്തുത സ്കൂളിൽ ഇന്ന് ആകെയുള്ളത് വെറും നാൽപത്തിരണ്ട് കുട്ടികളാണ്. 1991 മുതൽ ഈ സ്കൂൾ അൺ എക്കണോമിക് ആയാണ് പ്രവർത്തിച്ചുവരുന്നത്.

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ അൺ എയിഡഡ് മേഖലയിൽ ഒരു ഹയർ സെക്കൻററി വിഭാഗം പ്രവർത്തനമാരംഭിച്ചതൊഴിച്ചാൽ ഔപചാരിക വിദ്യാഭ്യാസരംഗത്ത് പുതിയ സ്കൂളുകളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ കാലപ്പഴക്കമുള്ള തെക്കേകാട് ജി. എം. എൽ. പി. സ്കൂൾ 'ലാഭകരമല്ലാത്ത' ലിസ്ററിൽപെടുത്തി 1992 - ൽ നിർത്തലാക്കുകയുണ്ടായി.

വടക്കേകാട് പഞ്ചായത്തതിർത്തിക്കുള്ളിൽ പതിമൂന്ന് സ്കൂളുകളിലായി എണ്ണായിരത്തി മുന്നൂററി അറുപത്തിയേഴ് (8367) കുട്ടികൾ പഠിക്കുന്നു. ഇതിൽ വെറും നാൽപത്തിരണ്ട് (42) കുട്ടികളുള്ള കല്ലൂർ സെൻറ് ജോസഫ്സ് സ്കൂളും, 3013 കുട്ടികളുള്ള ഹൈസ്ക്കൂൾ തിരുവളയന്നൂരും ഉൾപ്പെടുന്നു. ആകെ കുട്ടികളിൽ 4565 ആൺകുട്ടികളും 3802 പെൺകുട്ടികളും ആണുള്ളത്. ഇവരിൽ SC വിഭാഗത്തിൽപ്പെട്ട 428 ആൺകുട്ടികളും 356 പെൺകുട്ടികളും ഉൾപ്പെടുന്നു. തോററ് പഠിക്കുന്ന കുട്ടികളിൽ 387 ആൺകുട്ടികളും 259 പെൺകുട്ടികളുമാണുള്ളത്. ഇവരിൽ SC വിഭാഗത്തിൽ പെട്ടവരുടെ എണ്ണം യഥാക്രമം 63 ഉം 34 ഉം ആണ്. പഠനം നിർത്തിയ മൊത്തം കുട്ടികളുടെ എണ്ണം 259 ആണ്.

1990-91മുതൽ I. C. A. ഇംഗ്ലീഷ് മീഡിയം സ്കൂൾ ഹയർ സെക്കണ്ടറിയായി പ്രവർത്തിച്ചുവരുന്നു. ഇവിടെ പ്ലസ് വൺ, പ്ലസ്ററു തലത്തിൽ 138 കുട്ടികൾ പഠിക്കുന്നു. ഇവരിൽ പെൺകുട്ടികളുടെ എണ്ണം 61 ആണ്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനൾക്കു പുറമെ 3 ട്യൂഷൻ സെൻററുകളും 3 ടൈപ്പ് റൈററിങ്ങ് സെൻററുകളും ഒരു കായികാഭ്യാസ കേന്ദ്രവും രണ്ട് ടൈലറിങ്ങ് പരിശീലന കേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

സ്ക്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികളിൽ ഏതാണ്ട് 2633 പേർ പഞ്ചായത്തിൻെറ പുറത്തു നിന്നും വരുന്നവരാണ്. ഏതാണ്ട് 600 പേർ പഞ്ചായത്തിന്ന് പുറത്തുള്ള സ്ക്കൂളുകളിലേക്ക് പോകുന്നുണ്ട്.

വിദ്യാഭ്യാസരംഗത്തെ ഇന്നത്തെ അവസ്ഥ പരിശോധിച്ചാൽ ദുഃഖകരമായ വസ്തുതകളാണ് വ്യക്തമാവുക. 30 ശതമാനത്തിലും താഴെമാർക്കുവാങ്ങുന്നവരുടെ എണ്ണം ഏതാണ്ട് 25 ശതമാനത്തോളം വരും. അതിനേക്കാൾ ദയനീയമാണ് ഉയർന്ന ക്ലാസ്സുകളിൽ പോലുമുള്ള ഭാഷാപരമായ നിരക്ഷരത. എയിഡഡ് മാനേജുമെൻറിനു കീഴിലുള്ള തിരുവളയന്നൂർ ഹൈസ്കൂളിലേയും കൊച്ചന്നൂർ ഗവ. ഹൈസ്കൂളിലേയും ഇക്കഴിഞ്ഞ വർഷത്തെ S. S. L. C. വിജയശതമാനം യഥാക്രമം 21 ഉം 25 ഉം ശതമാനമായിരുന്നു. അൺ എയിഡഡ് മാനേജുമെൻറിന്ന് കീഴിലുള്ള I. C. A. ഇംഗ്ലീഷ് സ്കൂളിൽ S. S. L. C. ക്ക് 100 ശതമാനം വിജയം കൈവരിച്ചു. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന, പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ, മുസ്ലിം മതസമൂഹത്തിൽ വിദ്യാസമ്പന്നരായ ഒരു പുതിയ തലമുറക്ക് ജന്മം കൊടുക്കാൻ പ്രസ്തുത സ്ക്കൂളിന്ന് കഴിഞ്ഞിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

വളരെ മോശമായ ഭൗതിക സാഹചര്യമുള്ള രണ്ടു സ്ക്കൂളുകൾ ഉണ്ടെന്ന് സർവ്വെ വ്യക്തമാക്കുന്നു. അദ്ധ്യാപകരുടെ കുറവു മൂലം ദുരിതം അനുഭവിക്കുന്ന ഒരു സ്ക്കൂളാണ് വടക്കേകാട് G. M. L. P. അതുകൊണ്ടു തന്നെ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്ന മറെറാരു സ്കൂളാണ് വാലിശ്ശേരി ഈസ്ററ് A. L. P. സ്കൂൾ. വെള്ളവും വെളിച്ചവും ഫർണിച്ചറുകളും മാത്രമല്ല ഒരു വഴിപോലും ഇല്ലെന്നുള്ളതാണ് ഇവിട

## S. S. L. C. വിജയശതമാനം

| സ്കൂളിൻെറ പേര് | | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| H. S. തിരുവലയന്നൂർ | വിജയ ശതമാനം | 38.8% | 32.9% | 30.4% | 27.9% | 21.1% |
| | പരീക്ഷ എഴുതിയവർ | 381 | 388 | 398 | 369 | 417 |
| G. H. S. കൊച്ചന്നൂർ | വിജയ ശതമാനം | - | 17% | 18% | 14% | 25% |
| | പരീക്ഷ എഴുതിയവർ | 83 | 105 | 106 | 115 | 115 |
| I. C. A. H. S. E. S. വടക്കേകാട് | വിജയ ശതമാനം | 100% | 100% | 98.82% | 100% | 100% |
| | പരീക്ഷ എഴുതിയവർ | 52 | 61 | 85 | 83 | 101 |

ത്തെ അവസ്ഥ - ഗതാഗത സൌകര്യത്തിൻെറ കുറവ് കൊച്ചന്നൂർ ഗവ : ഹൈസ്കൂളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരു പോലെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

വിദ്യാർത്ഥികളിലെ ആൺ പെൺ അനുപാതം ഏതാണ്ട് തുല്യമാണെങ്കിലും അദ്ധ്യാപക - അദ്ധ്യാപിക അനുപാതം അങ്ങനെയല്ല. പ്രാദേശിക തലത്തിലുള്ള അദ്ധ്യാപകരുടെ എണ്ണം കുറഞ്ഞു വരുന്നത് ഒട്ടും ആശാസ്യമല്ലാത്ത പ്രവണതയാണ്.

പി. ടി. എ. കളുടെ പ്രവർത്തനം ഭൂരിഭാഗം സ്കൂളുകളിലും വേണ്ടത്ര കാര്യക്ഷമമല്ല. മാതൃ പി. ടി. എ. കളും ക്ലാസ്സ് റൂം പി. ടി. എ. കളും ഒരു സ്കൂളിലും തൃപ്തികരമായി നടക്കുന്നില്ല. ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, കുടിവെള്ളത്തിന്നുള്ള സൌകര്യം എന്നിവയുടെ കാര്യത്തിലും മിക്ക വിദ്യാലയങ്ങളും വളരെ പുറകിലാണ്. പഞ്ചായത്തിൻെറ ഏതൊരു ഭാഗത്തും ഒരു കി. മീററർ ചുററളവിൽ പ്രൈമറി വിദ്യാഭ്യാസം നടത്തുന്നതിന്നുള്ള സാഹചര്യം ഉണ്ട്. കൌക്കാനപ്പെട്ടി പ്രദേശത്തെ പ്രൈമറി വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിന്ന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് കൌക്കാനപ്പെട്ടി എ. എൽ. പി. സ്ക്കൂൾ യു. പി. യായി അപ്ഗ്രേഡ് ചെയ്യുന്നത് ഉചിതമായിരിക്കും.

സാമൂഹ്യക്ഷേമവകുപ്പിൻെറ കീഴിൽ പ്രവർത്തിച്ചു വരുന്ന 18 അങ്കണവാടികളുണ്ട്. ഇവയിൽ ഏതാണ്ട് 400 ഓളം കുട്ടികൾ ഉണ്ട്. എന്നാൽ അങ്കണവാടികളൊന്നും തന്നെ വേണ്ടത്ര കാര്യക്ഷമമല്ല എന്നു വേണം പറയാൻ. ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തത ഏതാണ്ട് എല്ലാ അങ്കണവാടികൾക്കും ഉണ്ട്. സ്വന്തമായി കെട്ടിടമുള്ള അങ്കണ വാടികൾ രണ്ടെണ്ണം മാത്രമാണുള്ളത്. വേണ്ടത്ര കളിക്കോപ്പുകൾ ഒററ അങ്കണവാടിയിലും ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ചില സ്ക്കൂളുകളിലെ ഒഴിഞ്ഞു കിടക്കുന്ന ക്ലസ്സു മുറികൾ അങ്കണവാടികളായി ഉപയോഗിക്കുന്നതിന്നുള്ള സാദ്ധ്യത ആലോചനാ വിഷയമാക്കേണ്ടതുണ്ട്.

ഓരോ വാർഡിലേയും അങ്കണവാടികളെ പ്രസ്തുത വാർഡിലെ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ സംഘടനകളുടെ സഹായത്തോടെ മോണിററർ ചെയ്യുന്നതിനും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിനും ഉള്ള സാദ്ധ്യതകൾ ആരായേണ്ടതുണ്ട്.

ഇവയ്ക്ക് പുറമെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അഞ്ച് നഴ്സറി സ്കൂളുകളുണ്ട്. ഇവയിൽ രണ്ടെണ്ണം ഇംഗ്ലീഷ് മീഡിയങ്ങളാണ്.

സ്കൂൾ തലത്തിലും പ്ലസ് ടു തലത്തിലുമായി ഏതാണ്ട് ഒൻപതിനായിരത്തോളം കുട്ടികൾ പഠിക്കുന്ന വടക്കേകാട് പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഇല്ലെന്നുള്ളത് ഒരു പോരായ്മയായി കാണേണ്ടതുണ്ട്.

അനൗപചരിക വിദ്യാഭ്യാസരംഗത്ത് കാര്യമായ സംഭാവന നൽകിയ പൊതുകേന്ദ്രങ്ങൾ ഒന്നുംതന്നെ വടക്കേകാട് പഞ്ചായത്തിൽ ഉണ്ടായിരുന്നിട്ടില്ല. ഇക്കാര്യത്തിൽ ഇന്നും സ്ഥിതി മാറിയിട്ടില്ല എന്നു വേണം കരുതാൻ. അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ അപര്യാപ്തത വേണ്ടത്ര പ്രകടമായി കാണപ്പെടുന്നുണ്ട്. മുതിർന്നവരിലെ നിരക്ഷരത ഗൗരവപൂർവ്വം വീക്ഷിക്കപ്പെടേണ്ടതാണ്. വായനശാലകളുടെ അഭാവം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

## പ്രശ്നങ്ങൾ

* പഠന നിലവാരം കുറഞ്ഞു വരുന്നു.
* എസ്. എസ്. എൽ. സി. വിജയശതമാനം ഗണ്യമായി കുറയുന്നു.
* വടക്കേകാട് ജി. എം. എൽ. പി. സ്കൂളിലെ അദ്ധ്യാപകരുടെ കുറവ്
* വാലിശ്ശേരി എ. എൽ. പി. സ്കൂളിൻെറ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.
* അദ്ധ്യാപക അദ്ധ്യാപിക അനുപാതത്തിലെ അശാസ്ത്രീയത
* കുട്ടികളുടെ എണ്ണത്തിലെ കുറവ്.
* മാതൃ പി. ടി. എ . കളും ക്ലാസ്സ് റൂം പി. ടി. എ. കളും നിർജ്ജീവം.
* അംഗനവാടികളുടെ കാര്യക്ഷമക്കുറവ്.
* കൊള്ളന്നൂർ ഗവ. ഹൈസ്ക്കൂളിലെ ഗതാഗത അസൗകര്യം.
* സ്കുളുകളിലെ മോശമായ ഭൗതിക സാഹചര്യങ്ങൾ.
* അനൗപചാരിക വിദ്യാഭ്യാസരംഗത്തെ നിസ്സംഗത.
* മോണിററിംഗിൻെറ അഭാവം.
* അദ്ധ്യാപക പുനഃപരിശീലനത്തിലെ നിസംഗത.
* കലാകായിക രംഗത്തെ പിന്നോക്കാവസ്ഥ.

ഒരു വർഷം ആവർത്തന ചിലവിനത്തിൽ മാത്രമായി ഒന്നേകാൽ കോടി രൂപയോളം വിദ്യാഭ്യാസരംഗത്ത് നമ്മുടെ പഞ്ചായത്തിൽ ചിലവഴിക്കപ്പെടുന്നു എന്ന വസ്തുത മുൻ നിർത്തി വേണം വിദ്യാഭ്യാസ മേഖലയിലെ ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത്.

## നിർദ്ദേശങ്ങൾ

* ജനകീയ പങ്കാളിത്തമുള്ള വിദ്യാഭ്യാസ കോപ്ലക്സ് പ്രവർത്തനം ഊർജ്ജിതമാക്കുക.
* അദ്ധ്യാപകർക്ക് ഉപയുക്തമായ പഠനകളരികൾ നിർബന്ധമാക്കുക.
* മാതൃ പി. ടി. എ., ക്ലാസ്സ് റൂം പി ടി എ എന്നിവ ശക്തമാക്കുക.
* സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജനകീയ ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുക.
* പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.
* കവുക്കാനപ്പെട്ടി എ. എൽ. പി. സ്കൂൾ യി. പി. യായി അപഗ്രേഡ് ചെയ്യുക.
* സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്ക് പഠനോപകരണങ്ങളും വസ്ത്രങ്ങളും സൌജന്യമായി നൽകുക.
* കലാ കായിക ക്ഷമത കൂട്ടുന്നതിനുള്ള പഠന കളരികൾ സംഘടിപ്പിക്കുക.
* ഉയർന്ന മാർക്കു വാങ്ങുന്നവർക്ക് പ്രോത്സാഹനം നല്കുക.

മേൽ വിവരിച്ച കാര്യങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കി ഈ പ്രദേശത്തെ വിദ്യാഭ്യാസ നിലവാരത്തകർച്ച പരിഹരിക്കേണ്ടതാണ്.

## പഠിക്കുന്നവരും പഠനം നിർത്തിയവരും

| സ്ററാൻ ഡേർഡ് | ആകെ കുട്ടികൾ | | | S C കുട്ടികൾ | | | തോററു പഠിക്കുന്നവർ: S C കുട്ടികൾ | | | തോററു പഠിക്കുന്നവർ: മററുള്ളവർ | | | പഠനം നിർത്തിയവർ: S C കുട്ടികൾ | | | പഠനം നിർത്തിയവർ: മററുള്ളവർ | | | പഠനം നിർത്തിയവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 397 | 339 | 736 | 34 | 32 | 66 | 1 | 1 | 2 | - | - | - | - | - | - | 8 | 2 | 10 | 10 |
| 2 | 429 | 363 | 792 | 35 | 29 | 64 | 7 | - | 7 | 32 | 24 | 56 | 2 | - | 2 | 3 | 2 | 5 | 7 |
| 3 | 415 | 407 | 822 | 42 | 38 | 80 | 7 | 2 | 9 | 35 | 22 | 57 | - | 1 | 1 | 2 | 2 | 4 | 5 |
| 4 | 464 | 372 | 836 | 32 | 29 | 61 | 5 | 7 | 12 | 31 | 18 | 49 | - | - | - | 2 | 1 | 3 | 3 |
| 5 | 484 | 386 | 870 | 33 | 39 | 72 | 6 | - | 6 | 32 | 18 | 50 | 1 | - | 1 | 4 | 3 | 7 | 8 |
| 6 | 475 | 347 | 822 | 54 | 36 | 90 | 2 | 3 | 5 | 38 | 25 | 63 | 1 | - | 1 | 4 | 3 | 7 | 8 |
| 7 | 557 | 393 | 950 | 56 | 46 | 102 | 14 | 5 | 19 | 61 | 33 | 94 | 4 | - | 4 | 23 | 7 | 30 | 34 |
| 8 | 459 | 460 | 919 | 68 | 38 | 106 | 12 | 7 | 19 | 48 | 45 | 93 | 16 | 1 | 17 | 46 | 17 | | 80 |
| 9 | 477 | 409 | 886 | 47 | 37 | 84 | 9 | 9 | 18 | 47 | 40 | 87 | 9 | 4 | 13 | 47 | 28 | 75 | 88 |
| 10 | 311 | 340 | 651 | 27 | 27 | 54 | | | | | | | | | | 7 | 4 | 11 | 11 |
| ആകെ | 4468 | 3816 | 8284 | 428 | 351 | 779 | 63 | 34 | 97 | 324 | 225 | 549 | 33 | 6 | 39 | 149 | 71 | 202 | 259 |

| | | H S തിരു വളയന്നൂർ | | | GHSകൊച്ചന്നൂർ | | | I C A വടക്കേകാട് | | | സെൻറ് ഫ്രാൻസിസ് വൈലത്തൂർ | | | E A L P വൈലത്തൂർ | | | A L P കവുക്കാനപ്പെട്ടി | | | സെൻറ് ജോസഫ് കല്ലൂർ | | | G M L P വടക്കേകാട് | | | AMLPഞമനേക്കാട് (ന്യൂ) | | | സെൻറ് ആൻറണീസ് ആററുപുറം | | | G M L P വൈലത്തൂർ | | | SHCLPS വൈലത്തൂർ | | | A M L P ഞമനേങ്ങാട് (ഓൾഡ്) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| STD | Categories | M | F | T | N | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T |
| I | Others | 31 | 34 | 65 | 49 | 25 | 44 | 140 | 80 | 220 | | | | 5 | 4 | 9 | 29 | 28 | 57 | 2 | 4 | 6 | 6 | 9 | 15 | 14 | 11 | 25 | 58 | 41 | 99 | 4 | 4 | 8 | 44 | 50 | 94 | 11 | 17 | 28 |
| | SC | 6 | 5 | 11 | 1 | 7 | 8 | | | | | | | 1 | 0 | 1 | 2 | 2 | 4 | 1 | 1 | 2 | - | - | - | 1 | - | 1 | 6 | 6 | 12 | 2 | 4 | 6 | 10 | 4 | 14 | 4 | 3 | 7 |
| II | Others | 38 | 30 | 68 | 35 | 24 | 59 | 142 | 88 | 230 | | | | 8 | 4 | 12 | 27 | 28 | 55 | 3 | 6 | 9 | 7 | 7 | 14 | 14 | 16 | 30 | 54 | 46 | 100 | 6 | 10 | 66 | 47 | 53 | 100 | 13 | 22 | 35 |
| | SC | 6 | 7 | 13 | 6 | 7 | 13 | | | | | | | 1 | - | 1 | 7 | 1 | 8 | 1 | 1 | 2 | - | - | - | - | - | - | 1 | 5 | 6 | 4 | 2 | 6 | 8 | 6 | 14 | 1 | - | 1 |
| III | Others | 39 | 51 | 90 | 24 | 34 | 58 | 150 | 89 | 239 | | | | 5 | 8 | 13 | 26 | 34 | 60 | 5 | 6 | 11 | 7 | 10 | 17 | 11 | 20 | 31 | 48 | 44 | 93 | 2 | 3 | 5 | 45 | 50 | 95 | 10 | 20 | 30 |
| | SC | 9 | 10 | 19 | 6 | 6 | 12 | | | | | | | 2 | 2 | 4 | 3 | 2 | 5 | 1 | - | 1 | 1 | 1 | 2 | 2 | - | 2 | 6 | 5 | 11 | 4 | 6 | 10 | 7 | 5 | 12 | 1 | 1 | 2 |
| IV | Others | 47 | 66 | 113 | 35 | 43 | 78 | 123 | 75 | 198 | | | | 8 | 8 | 16 | 26 | 23 | 49 | 4 | 7 | 11 | 16 | 10 | 26 | 11 | 19 | 30 | 41 | 27 | 68 | 7 | 3 | 10 | 50 | 43 | 93 | 14 | 19 | 23 |
| | SC | 6 | 7 | 13 | 8 | 3 | 11 | | | | | | | 4 | 1 | 5 | - | 5 | 5 | 2 | - | 2 | - | - | - | 1 | 1 | 2 | 3 | 2 | 5 | 5 | 5 | 10 | 3 | 5 | 8 | - | - | - |
| V | Others | 142 | 148 | 280 | 73 | 52 | 125 | 153 | 81 | 234 | 74 | 59 | 133 | 9 | 7 | 16 | | | | | | | | | | | | | | | | | | | | | | | | |
| | SC | 12 | 23 | 35 | 5 | 6 | 11 | | | | 14 | 5 | 19 | 2 | 5 | 7 | | | | | | | | | | | | | | | | | | | | | | | | |
| VI | Others | 142 | 121 | 263 | 54 | 56 | 110 | 153 | 77 | 230 | 72 | 57 | 129 | | | | | | | | | | | | | | | | | | | | | | | | | | | |
| | SC | 21 | 16 | 37 | 9 | 10 | 19 | | | | 24 | 10 | 34 | | | | | | | | | | | | | | | | | | | | | | | | | | | |
| VII | Others | 184 | 145 | 329 | 79 | 70 | 149 | 137 | 69 | 206 | 101 | 63 | 164 | | | | | | | | | | | | | | | | | | | | | | | | | | | |
| | SC | 27 | 25 | 52 | 4 | 11 | 15 | | | | 25 | 10 | 35 | | | | | | | | | | | | | | | | | | | | | | | | | | | |
| VIII | Others | 291 | 256 | 547 | 99 | 81 | 128 | 85 | 214 | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| | SC | 51 | 38 | 89 | 17 | 10 | 27 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| IX | Others | 265 | 227 | 492 | 69 | 90 | 159 | 96 | 55 | 151 | | | | | | | | | | | | | | | | | | | | | | | | | | | | | | |
| | SC | 38 | 24 | 62 | 9 | 8 | 17 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| X | Others | 183 | 202 | 385 | 36 | 64 | 100 | 65 | 47 | 112 | | | | | | | | | | | | | | | | | | | | | | | | | | | | | | |
| | SC | 19 | 21 | 40 | 8 | 6 | 14 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| ആകെ | | 1551 | 1456 | 3013 | 613 | 596 | 1209 | 1288 | 746 | 2034 | 310 | 204 | 514 | 45 | 39 | 84 | 120 | 123 | 243 | 19 | 25 | 44 | 37 | 37 | 74 | 54 | 67 | 121 | 218 | 176 | 394 | 34 | 37 | 71 | 216 | 214 | 430 | 54 | 82 | 136 |

## കുട്ടികളുടെ നിലവാരം

| സ്കൂളിൻെറ പേര് | 30% താഴെ | | | 30% - 40% | | | 40% - 50% | | | 50% - 60% | | | 60% മുകളിൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | III+IV | U P | H S | III+IV | U P | H S | III+IV | U P | H S | III+IV | U P | H S | III+IV | U P | H S |
| ഈസ്ററ് A L P S വൈലത്തൂർ | 12.5 | 12 | | 35.00 | 13.00 | | 22.5 | 20.00 | | 17.5 | 30.00 | | 12.5 | 25.00 | |
| G M L P S വടക്കേകാട് | 26.67 | | | 31.11 | | | 22.22 | | | 13.83 | | | 6.67 | | |
| സെൻറ് ജോസഫ് A L P S കല്ലൂർ | -- | | | 10.00 | | | 16.67 | | 23.33 | | | | 50.00 | | |
| S H C L P S വൈലത്തൂർ | | | | | | | | | | | | | | | |
| A L P S (old) ഞമനേങ്ങാട് | 18.18 | | | 23.64 | | | 17.73 | | | 27.27 | | | 36.36 | | |
| സെൻറ് ഫ്രാൻസീസ് U P S വൈലത്തൂർ | | 35.92 | | | 24.27 | | | 18.45 | | | 17.48 | | | 3.89 | |
| A L P S (new) ഞമനേങ്ങാട് | 16.92 | -- | | 12.31 | | | 20.00 | | | 21.54 | | | 29.23 | | |
| I C A E H S വടക്കേകാട് | 6.40 | 7.46 | 5.24 | 13.04 | 16.72 | 17.61 | 19.45 | 24.33 | 23.27 | 19.68 | 18.96 | 20.13 | 41.43 | 32.53 | 33.75 |
| G H S കൊച്ചന്നൂർ | 5.00 | 10.00 | 31.66 | 62.50 | 63.33 | 47.66 | 22.50 | 20.66 | 16.00 | 5.00 | 5.00 | 3.00 | 5.00 | 2.66 | 1.33 |
| H S T V R | 41.52 | 51.98 | 52.16 | 25.00 | 26.24 | 24.66 | 13.28 | 10.06 | 12.10 | 10.15 | 6.75 | 6.47 | 5.46 | 5.06 | 4.59 |
| സെൻറ് ആൻറണീസ് വടക്കേകാട് | | | | | | | | | | | | | | | |
| A M L P വൈലത്തൂർ | 25.71 | | | 25.71 | | | 20.00 | | | 11.42 | | | 17.14 | | |
| A L P S കവുക്കാനപ്പെട്ടി | -- | | | 42.02 | | | 31.93 | | | 16.52 | | | 10.43 | | |

# സ്ക്കൂളിനെ സംബന്ധിച്ച വിവരങ്ങൾ

| സ്കൂളിൻെറ പേര് | അദ്ധ്യാപകരുടെ എണ്ണം | | | | | | | Divisions | | | | ഒരു വർഷത്തെ ചിലവ് | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഉടമസ്ഥത | മാതൃ പി. ടി. എ. | ജില്ലാ തലത്തിൽ കല-കായിക മത്സരങ്ങളിൽ സമ്മാനം നേടിയവർ | ഭൗതിക സാഹചര്യം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | L P | | U P | | H S | | | | | | | | | | | | തൃപ്തികരം | മോശം | വളരെ മോശം |
| | M | F | M | F | M | F | Total | L P | U P | H S | Total | | | | | | | | |
| A M L P വൈലത്തൂർ | 2 | 3 | | | | 5 | 4 | | | | 4 | 226776 | 50 സെൻറ് | എയിഡഡ് മാനേജ് മെൻറ് | സജീവമല്ല | ഇല്ല | | ✓ | |
| A L P S കവുക്കാനപ്പെട്ടി | 2 | 7 | | | | 9 | 8 | | | | 8 | 531540 | 100 „ | „ | „ | „ | ✓ | | |
| സെൻറ് ജോസഫ് A L P S കല്ലൂർ | 1 | 2 | | | | 3 | 4 | | | | 4 | 113000 | 10 „ | „ | „ | „ | | | ✓ |
| G M L P വടക്കേകാട് | 2 | 1 | | | | 3 | 4 | | | | 4 | 366279 | 12 „ | ഗവൺ മെൻറ് | „ | „ | | ✓ | |
| സെൻറ് ആൻറണീസ് ആററുപുറം | 4 | 9 | | | | 13 | 12 | | | | 12 | 410880 | ഇല്ല | എയിഡഡ് മാനേജ് മെൻറ് | „ | „ | ✓ | | |
| A L P ഞമനേങ്ങാട് ന്യൂ | 2 | 3 | | | | 5 | 4 | | | | 4 | 241980 | 30 സെൻറ് | „ | „ | „ | ✓ | | |
| ഈസ്ററ് A L P വൈലത്തൂർ | 1 | 3 | | | | 4 | 5 | | | | 5 | 253700 | 20 „ | „ | „ | „ | | | ✓ |
| S H C L P S വൈലത്തൂർ | | 11 | | | | 11 | 9 | | | | 9 | 465059 | ഇല്ല | „ | „ | „ | ✓ | | |
| A L P ഞമനേങ്ങാട് Old | 1 | 4 | | | | 5 | 4 | | | | 4 | 244632 | ഇല്ല | „ | „ | „ | | ✓ | |
| സെൻറ് ഫ്രാൻസീസ് U P വൈലത്തൂർ | | | 3 | 17 | | 20 | | 13 | | | 13 | 1169618 | ഇല്ല | „ | „ | „ | ✓ | | |
| G H S കൊച്ചന്നൂർ | 2 | 7 | 2 | 8 | 5 | 13 | 37 | 8 | 10 | 12 | 30 | 2201186 | 153 സെൻറ് | ഗവൺ മെൻറ് | „ | „ | | ✓ | |
| I C A വടക്കേകാട് | | | 18 | 43 | 5 | 6 | 72 | 23 | 17 | 13 | 53 | 2286200 | 224 „ | അൺ എയിഡഡ് | „ | „ | ✓ | | |
| H S തിരുവളയന്നൂർ | 1 | 10 | 8 | 23 | 12 | 45 | 99 | 10 | 23 | 35 | 68 | 3539720 | 100 „ | എയിഡഡ് | „ | „ | | ✓ | |
| ആകെ | 18 | 60 | 31 | 91 | 22 | 64 | 285 | 95 | 63 | 60 | 218 | 12050370 | | | | | . | | |

# പൊതുജനാരോഗ്യം

കാർഷിക ജീവിതവൃത്തി സ്വീകരിച്ച ജനങ്ങൾക്ക് സ്വാഭാവികമായുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ വടക്കേക്കാട് പഞ്ചായത്തിലെ ജനങ്ങൾക്കും പണ്ടുകാലത്തൊക്കെ ഉണ്ടായിരുന്നുള്ളു. അവയെ നേരിടാൻ പാരമ്പര്യ ചികിത്സാരീതികളും ഉണ്ടായിരുന്നു.

നാടൻ ചികിത്സാരീതിയിൽ മുള്ളൂരയിൽ അഹമ്മദ് വൈദ്യർ, മണലിപ്പറമ്പിൽ വേലുവൈദ്യർ, മുള്ളൂരയിൽ ഏനുകുട്ടി വൈദ്യർ, കണ്ടം പുള്ളി കൃഷ്ണൻ വൈദ്യർ, എൻ. ടി. രാമൻ വൈദ്യർ, വടക്കേ പുരക്കൽ അപ്പു വൈദ്യർ, വടക്കേ പുരക്കൽ ഗോവിന്ദൻ വൈദ്യർ തുടങ്ങിയ പ്രഗത്ഭമതികൾ സമർത്ഥരായിരുന്നു. വിശാലമായ വളപ്പുകളിൽ ആയുർവ്വേദമരുന്നുകളും സുലഭമായിരുന്നു. ഒടിവ്, ചതവ്, തുടങ്ങിയവക്ക് കളരിയാശാന്മാരോ, അവരുടെ ശിഷ്യഗണങ്ങളോ ചികിത്സ നടത്തിയിരുന്നു. പ്രസവസംബന്ധമായ കാര്യങ്ങളിൽ വിദഗ്ദരായ ആയമാരും പതിച്ചികളും ഒരളവുവരെ വിജയിച്ചിരുന്നു.

നാല്പതുകളുടെ കാലഘട്ടത്തിൽ ഇതായിരുന്നു സ്ഥിതി. പതുക്കെ പതുക്കെ അലോപ്പതി മരുന്നുകൾ ഉപയോഗിക്കേണ്ട സ്ഥിതിയിലേക്കു വന്നെങ്കിലും അതിനുള്ള സൗകര്യങ്ങൾ പരിമിതമായിരുന്നു. ചാവക്കാട്, പൊന്നാനി, കുന്നംകുളം എന്നിവടങ്ങളിൽ മാത്രമായിരുന്നു ഇംഗ്ലീഷ് ചികിത്സാ സമ്പ്രദായത്തിലുള്ള ശുശ്രൂഷാ കേന്ദ്രങ്ങൾ ഉണ്ടായിരുന്നത്. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത ഈ കേന്ദ്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന്നു തടസ്സമായിരുന്നു. ചാവക്കാട്ടെയും പൊന്നാനിയിലേയും ആശുപത്രികളിലേക്ക് രോഗികളെ കൊണ്ടു പോകാൻ കനോലി കനാൽ മാത്രമായിരുന്നു ഏക ആശ്രയം. കുന്നംകുളത്തേക്കു കാൽ നാടയോ, മഞ്ചലോ വേണ്ടിയിരുന്നു. ആയുർവ്വേദത്തിനു മെരുങ്ങാത്തതും സത്വരചികിത്സ വേണ്ടതുമായ മാരക രോഗങ്ങൾ പിടിപെട്ടാൽ മരിക്കുകയല്ലാതെ മററു വഴികൾ ഉണ്ടായിരുന്നില്ല. മതപുരോഹിതന്മാരെ സമീപിച്ചു കൊണ്ട് വിശ്വാസ സംബന്ധമായ ചില മന്ത്ര ജപങ്ങളും പലരും ചെയ്തു പോന്നു. കൃഷ്ണൻ വൈദ്യരും അദ്ദേഹത്തിന്റെ അഞ്ചു മക്കളും മുള്ളൂരയിൽ അഹമ്മദ് വൈദ്യരും അദ്ദേഹത്തിന്റെ മക്കളും വൈദ്യശാസ്ത്ര രംഗത്ത് പ്രഗത്ഭരായിരുന്നു. ഡോ. മാധവനുണ്ണി വീടുകളിൽ പോയി അലോപ്പതി ചികിത്സയും ആയുർവ്വേദ ചികിത്സയും നടത്തിയിരുന്നു. 1952 ലാണ് ഡോ: കുമാരൻ പനന്തറയിൽ ചികിത്സാകേന്ദ്രം തുടങ്ങുന്നത്. അക്കാലത്തൊക്കെ പകർച്ച വ്യാധികളായ മസൂരി, കോളറ, തുടങ്ങിയവക്കൊക്കെ കുത്തിവെപ്പു നടത്തിയിരുന്നത് ഇവിടങ്ങളിലായിരുന്നു. സർക്കാരിന്റെ നിർബ്ബന്ധത്തിനു വഴങ്ങിയാണ് കുത്തിവെപ്പു നടത്തിയിരുന്നത്. എന്നാൽ ഭൂരിഭാഗം ജനങ്ങളും ഇക്കാര്യത്തിൽ ബോധവാന്മാരായിരുന്നില്ല.

അണ്ടത്തോട് ബ്ലോക്കിന്റെ കീഴിലായി കുന്നത്തൂരിൽ ആരംഭിച്ച പ്രൈമറി ഹെൽത്തു സെൻറർ 1964 നോടുകൂടി വടക്കേകാട് സെൻററിൽ പതിനാലു കിടക്കകളോടെ പ്രവർത്തനമാരംഭിച്ചു. വടക്കേകാട്, പുന്നയൂർ, പുന്നയൂർക്കുളം എന്നീ പഞ്ചായത്തുകൾ ഈ സ്ഥാപനത്തിന്റെ പരിധിയിലാകുന്നു. വടക്കേകാട് കോൺഗ്രസ്സ് ബ്ലോക്ക് കമ്മിററിയുടെ സഹായത്തോടെ എ. സി. കുഞ്ഞിമോൻ ഹാജിയുടെ ശ്രമത്തിൽ ആറ് കിടക്കകളോടു കൂടിയ നാലു പേവാർഡു മുറികളും പന്ത്രണ്ടു കിടക്കകളോടുകൂടിയ ജനറൽ വാർഡും 1971 ൽ നിലവിൽ വന്നു. ഇത് ഇന്ത്യയിലെ ഏററവും വലിയ പ്രാഥമിക ആരോഗ്യകേന്ദ്രമാണെന്നാണ് അറിവ്. 1980 ൽ എട്ടു കിടക്കകളോടു കൂടിയ കുട്ടികളുടെ വാർഡും എട്ടു കിടക്കകളുള്ള, പ്രസവം നിർത്തുന്നതിനുള്ള സ്ത്രീകളുടെ വാർഡും കൂടിയായപ്പോൾ ഈ സ്ഥാപനത്തിൽ കൂടുതൽ സൗകര്യങ്ങളുണ്ടായി.

ഇപ്പോൾ ആകെ 48 കിടക്കകളും പ്രസവം നിർത്തുന്നതിനുള്ള ഓപ്പറേഷൻ തിയററും ആശുപ്രതിക്ക് ആവശ്യമായ അടുക്കളയും അടങ്ങിയ ഈ സ്ഥാപനത്തിന് ഒരു ഏക്കർ 24 സെൻറ് സ്ഥലമുണ്ട്. ഡോക്ടർമാർക്കും മററു സ്ററാഫുകൾക്കും ക്വാർട്ടേഴ്സ് സൗകര്യങ്ങളും ഇവിടെയുണ്ട്.

സൗജന്യ ചികിത്സ, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പ്രതിരോധ കുത്തിവെപ്പ്, ത്വക്ക് രോഗ ചികിത്സ, വയറിളക്കത്തിനുള്ള ചികിത്സ, ഗർഭനിരോധന ഉപാധികൾ സൗജന്യമായി നല്കുക, മലമ്പനി രോഗനിർണ്ണയം നടത്തി ചികിത്സിക്കുക, കുടുംബ ക്ഷേമ പ്രവർത്തനങ്ങൾ, ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, ഹോട്ടൽ, ശീതളപാനീയ ഉല്പാദന വിപണന കേന്ദ്രങ്ങൾ, ഇറച്ചിക്കടകൾ, മററു മലിന പ്രശ്നങ്ങളുണ്ടാകാനിടയുള്ള സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർ നിർദ്ദേശങ്ങൾ കൊടുക്കുക, സൗജന്യ കണ്ണു പരിശോധന തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇവിടെ നടത്തുന്നത്. മൂന്ന് ഡോക്ടർമാരും ഫീൽഡ് സ്ററാഫുകളടക്കം 54 സ്ററാഫുകളുണ്ട്.

## വടക്കേകാട് പി. എച്ച്. സി. യിലെ കുടുംബ ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി

| വർഷം | സ്ഥിരമായ മാർഗ്ഗം സ്വീകരിച്ചവർ | താല്കാലിക മാർഗ്ഗം സ്വീകരിച്ചവർ | വിതരണം ചെയ്ത ഗർഭനിരോധന ഉപാധികൾ | സ്ത്രീകൾക്ക് നല്കിയ നിരോധന ഉപാധികൾ |
|---|---|---|---|---|
| 1986-87 | 291 | 130 | 28449 | 117 |
| 1987-88 | 478 | 180 | 44340 | 173 |
| 1988-89 | 460 | 160 | 48260 | 181 |
| 1989-90 | 249 | 135 | 64990 | 192 |
| 1990-91 | 236 | 141 | 63340 | 172 |
| 1991-92 | 212 | 163 | 61260 | 176 |
| 1992-93 | 263 | 161 | 36920 | 817 |
| 1993-94 | 204 | 101 | 39510 | 935 |
| 1994-95 | 216 | 132 | 44130 | 921 |

## Anual I P and O P

| No. | Year | In Patient | Out Patient |
|---|---|---|---|
| 1 | 1977 | 859 | 42605 |
| 2 | 1978 | 945 | 36658 |
| 3 | 1979 | 1033 | 51683 |
| 4 | 1980 | 1714 | 36723 |
| 5 | 1981 | 2495 | 44116 |
| 6 | 1982 | 2023 | 34994 |
| 7 | 1983 | 2059 | 32117 |
| 8 | 1984 | 1324 | 21456 |
| 9 | 1985 | 1738 | 27015 |
| 10 | 1986 | 1525 | 23387 |
| 11 | 1987 | 1509 | 21043 |
| 12 | 1988 | 1825 | 21615 |
| 13 | 1989 | 1450 | 15650 |
| 14 | 1990 | 1725 | 15981 |
| 15 | 1991 | 1410 | 14260 |
| 16 | 1992 | 690 | 12294 |
| 17 | 1993 | 1160 | 20938 |
| 18 | 1994 | 1017 | 21170 |
| 19 | 1995 | 793 | 19710 |

## ഈ സ്ഥാപനത്തിൻെറ പരിമിതികളും സാധ്യതകളും

1. കുട്ടികളുടെ രോഗങ്ങൾ ജനങ്ങളെ കൂടുതൽ ഉത്കണ്ഠയുണ്ടാക്കുന്നതാണ്. വടക്കേകാട് പഞ്ചായത്തിൽ നാനൂറോളം കുട്ടികളുള്ള 18 അങ്കണവാടികളും പി. എച്ച്. സി. യിൽ 8 കിടക്കകളുള്ള കുട്ടികളുടെ വാർഡും നിലവിലുള്ള സ്ഥിതിക്ക് ഒരു ശിശുരോഗ വിദഗ്ദനായ ഡോക്ടറെ നിയമിക്കുന്നത് അത്യാവശമായിരിക്കുന്നു.

2. ഈ പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. പി. എച്ച്. സി. യിൽ പ്രസവം നിർത്തുന്നതിനുള്ള ഓപ്പറേഷൻ തിയററും അതിനാവശ്യമായ 8 കിടക്കകളുള്ള ഒരു വാർഡും സ്ത്രീകൾക്കുള്ള ജനറൽ വാർഡും ഉള്ള സ്ഥിതിക്ക് ഒരു ലേഡീ ഡോക്ടറുടെ സേവനം ഇവിടെ അനിവാര്യമാണ്.

3. ഇവിടെയുള്ള 3 ഡോക്ടർമാർക്കും ക്വാർട്ടേഴ്സുകൾ ഉള്ള സ്ഥിതിക്ക് രാത്രി കാലങ്ങളിൽ അവരുടെ സേവനം ഉറപ്പാക്കണം.

4. ഇവിടെ ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാകാത്തതിനാൽ രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇതിനു പരിഹാരം കാണേണ്ടതുണ്ട്.

5. ഈ കേന്ദ്രത്തിൽ ഗവൺമെൻറു തലത്തിലോ സഹകരണാടിസ്ഥാനത്തിലോ രാവും പകലും പ്രവർത്തിക്കുന്ന ഒരു അലോപ്പതി മരുന്നു ഷോപ്പ് ആരംഭിക്കുകയാണെങ്കിൽ ജനങ്ങൾക്ക് വളരെ സഹായകരമായിരിക്കും.

6. ഈ ആരോഗ്യ കേന്ദ്രത്തിൽ ഒരു ആമ്പുലൻസും എക്സ്-റേ യൂണിററും ആധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറിയും സ്ഥാപിക്കുന്നത് ജനങ്ങൾക്ക് വളരെ പ്രയോജനകരമായിരിക്കും.

7. ഈ ആരോഗ്യ കേന്ദ്രം നില്ക്കുന്നത് കടലോരത്തു നിന്നും 3 കി. മീററർ മാത്രം അകലത്തിലാണ്. അതുകൊണ്ട് ഈ സ്ഥാപനത്തെ തീരദേശ ആരോഗ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും കമ്മ്യൂണിററി ഹെൽത്തു സെൻററായി ഉയർത്തുകയും ചെയ്യേണ്ടതാണ്.

8. വോൾട്ടേജ് പ്രശ്നം ഇവിടെ രൂക്ഷമാണ്. ആയതുകൊണ്ട് ആശുപത്രി കോമ്പൗണ്ടിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണുക.

9. പണമടച്ച് അപേക്ഷിച്ചിട്ടുള്ള ടെലഫോൺ കണക്ഷൻ ഉടനെ അനുവദിക്കുക.

10. കരാർ വ്യവസ്ഥ കൂടാതെതന്നെ അത്യാവശ്യ സന്ദർഭങ്ങളിൽ മരുന്നു വാങ്ങി രോഗികൾക്കു നല്കുന്നതിനുള്ള ഫണ്ട് മെഡിക്കൽ ഓഫീസർക്കു നല്കുക.

11. പേ വിഷബാധക്കെതിരെയുള്ള വാക്സിൻ സ്ഥിരമായി ഇവിടെ കിട്ടാനുള്ള സംവിധാനം ഏർപ്പെടുത്തുക.

12. ആരോഗ്യകേന്ദ്രത്തിൽ ഒഴിവുള്ള തസ്തികകൾ നികത്തുക.

13. കിണറും കുഴൽ കിണറും ഇവിടെ ഉണ്ട്. എന്നാൽ ആവശ്യത്തിന് ശുദ്ധജലം ലഭ്യമല്ല. ഇതിനു പരിഹാരം കാണേണ്ടതുണ്ട്.

## ഇതര ആരോഗ്യ സ്ഥാപനങ്ങൾ

വടക്കേകാട് പഞ്ചായത്തിൽ 18 സ്ററാഫുകളുള്ള സാമാന്യം സൗകര്യങ്ങളോടെയുള്ള മാർകൂറിലോസ് മിഷ്യൻ ഹോസ്പിററൽ 1972 മുതൽ അഞ്ഞൂരിൽ പ്രവർത്തിക്കുന്നുണ്ട്.

മുക്കിലപ്പീടികയിൽ സാമാന്യം സൗകര്യമുള്ള ഒരു സ്വകാര്യ ഡെൻറൽ ക്ലിനിക്ക് രണ്ടു വർഷമായി പ്രവർത്തിക്കുന്നു. അഞ്ചിൽ കൂടുതൽ ഡോക്ടർമാർ പഞ്ചായത്തിൽ സ്വകാര്യ പ്രാക്ടീസ് നടത്തി വരുന്നു. 8 അലോപ്പതി മരുന്നുഷാപ്പുകളും 2 ലബോറട്ടറികളും ഇവിടെയുണ്ട്.

## ആയുർവ്വേദം

ഈ പഞ്ചായത്തിൽ പത്തിൽ കൂടുതൽ ആയുർവ്വേദ ഡോക്ടർമാരും ഏതാനും പാരമ്പര്യ വൈദ്യന്മാരും ചികിത്സ നടത്തുന്നുണ്ട്. പതിനാറ് ആയുർവ്വേദ മരുന്നുകടകൾ ഇവിടെയുണ്ട്. ഒരു ആയ്ർവ്വേദ ഡിസ്പെൻസറി ഇവിടെ ആവശ്യമാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിൽ ഇതിനു സ്ഥലം കണ്ടെത്താവുന്നതാണ്.

## ഹോമിയോ

ചിലവു കുറഞ്ഞതും ഫലപ്രദവുമായ ചികിത്സാ രീതിയായതുകൊണ്ട് കൂടുതൽ ആളുകൾ ഈ ചികിത്സാരംഗത്തേക്കു വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇവിടെയുള്ളവർ ചികിത്സാവശ്യത്തിനായി മററു സ്ഥലങ്ങളിലേക്കാണ് പോകുന്നത്. ഇവിടെ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കേണ്ടത് ആവശ്യമാണ്.

## പരിസര പ്രശ്നങ്ങൾ

മനുഷ്യരുടെ ജീവിത സാഹചര്യത്തെ അവഗണിച്ചു കൊണ്ട് ആരോഗ്യത്തെക്കുറിച്ച് ആലോചിക്കാൻ കഴിയില്ല. ഗ്രാമസഭകളിലെ വിവരണങ്ങളിൽ നിന്നും മനസ്സിലാകുന്നത് പഞ്ചായത്തിൽ നാല്പതു ശതമാനത്തോളം വീടുകളിൽ കക്കൂസ് സൗകര്യം ഇല്ല എന്നതാണ്. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാൻ വലിയ വിഭാഗം ആളുകൾ പ്രയാസമനുഭവിക്കുന്നതോടൊപ്പം ജീവിത പരിസരം മലിനമാവുന്ന ഒരു പ്രശ്നം കൂടി ഇതുണ്ടാക്കുന്നുണ്ട്. രണ്ടായിരത്തോളം കക്കൂസുകൾ ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി നിർമ്മിക്കേണ്ടതുണ്ട്.

അനാരോഗ്യകരമായ പരിസരത്തിന്റെ ഉദാഹരണങ്ങളായും ഒരു പരിസര പ്രശ്നം എന്ന രീതിയിൽ അടിയന്തിരമായി പരിഹാരം കാണേണ്ടതായ ചില പ്രശ്നങ്ങൾ ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

1. വട്ടംപാടം തെക്കുഭാഗത്ത് കെട്ടിക്കിടക്കുന്ന മലിനജലം ദുർഗ്ഗന്ധം പരത്തുകയും കൊതുകുശല്ല്യമുണ്ടാക്കുകയും ചെയ്യുന്നു.

2. ഷാജി ഹാളിൽ നിന്നും പുറന്തള്ളുന്ന ഭക്ഷണാവശിഷ്ടങ്ങളും പ്ലാസ്ററിക് കടലാസുകളും പെരുന്തോട്ടിലൂടെ ഒഴുകി പലയിടത്തും അടിഞ്ഞു കൂടുന്നു. പത്താം വാർഡിലും ഇതു മൂലം പ്രശ്നങ്ങളുണ്ട്.

3. അഞ്ചാം വാർഡിലെ കടപ്പായി മുക്ക് പരിസരത്ത് ഇറച്ചിക്കടയിലെ മാലിന്യങ്ങളും അവശിഷ്ടങ്ങളും ശരിയായി സംസ്കരിക്കാത്തതിനാൽ ആ പ്രദേശത്ത് മലിന ജലം കെട്ടിക്കിടക്കുന്നു. ഇത് അവിടെ മുഴുവൻ ദുർഗ്ഗന്ധം പരത്തുകയും കൊതുകു ശല്യം വ്യാപകമാക്കുകയും ചെയ്യുന്നു.

4. കൊമ്പത്തേൽപ്പടിയിലെ അറവുശാലയിൽ നിന്നുള്ള മൃഗാവശിഷ്ടങ്ങൾ ആ പ്രദേശത്ത് ദുർഗ്ഗന്ധം പരത്തുന്നുണ്ട്.

5. മുക്കിലപ്പീടികയിലെ മത്സ്യമാർക്കററു പരിസരത്ത് വെള്ളം ഒഴിഞ്ഞു പോകാൻ ശരിയായ സംവിധാനമില്ലാത്തതിനാൽ മലിനജലം കെട്ടിക്കിടക്കുന്നുണ്ട്.

6. നാലാങ്കല്ലിനു കിഴക്കു ഭാഗം കൂളിയാട്ട് പാടത്ത് വീടുകൾ കൂട്ടമായുള്ള സ്ഥലത്ത് മലിന ജലം കെട്ടിക്കിടക്കാറുണ്ട്.

7. ആറാം വാർഡിൽ തോടുകളിലും കുളങ്ങളിലും മൃഗാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതുമൂലം പരിസര പ്രശ്നങ്ങളുണ്ടാകുന്നു. ഇവിടങ്ങളിൽ ചപ്പുചവറുകൾ കുന്നുകൂടുന്ന കാര്യവും ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്.

8. ഒമ്പതാം വാർഡിൽ പൊതു നിരത്തിൽ മത്സ്യം വില്ക്കുന്നതു പരിസര പ്രശ്നമുണ്ടാക്കുന്നുണ്ട്. വാർഡിന്റെ ചില ഭാഗങ്ങളിൽ മലിന ജലം കെട്ടിക്കിടക്കുന്നു.

9. മണികണ്ഠേശ്വരം ക്ഷേത്ര പരിസരത്ത് വ്യാപകമായി നടക്കുന്ന മലമൂത്രവിസർജ്ജനം ആ പ്രദേശത്ത് ദുർഗ്ഗന്ധം പരത്തുകയും ക്ഷേത്രക്കുളത്തെ മലിനമാക്കുകയും ചെയ്യുന്നു.

10. മിക്ക കോളനികളിലും മലിന ജലം കെട്ടിക്കിടക്കുന്നതു മൂലമുണ്ടാകുന്ന പ്രയാസങ്ങളുണ്ട്.

## ആരോഗ്യ രംഗത്തെ പ്രശ്ന പരിഹാരങ്ങൾക്കായുള്ള പൊതുവായ നിർദ്ദേശങ്ങൾ

1. കൊതുകിന്റെ വ്യാപനം തടയാൻ കക്കൂസ് പൈപ്പുകൾക്കുമീതെ നെററ് നിർബ്ബന്ധമാക്കുക. പഞ്ചായത്തു മുഖേനയോ പി. എച്ച്. സി. വഴിയോ സൗജന്യമായി നെററ് വിതരണം ചെയ്യുക.

2. വൈലത്തൂരിലെ സബ്സെൻറർ പൂർണ്ണ ഹെൽത്തു സെൻററായി ഉയർത്തുക.

3. തെരുവുനായ്ക്കളെ കൊല്ലാനുള്ള സംവിധാനം കർശനമാക്കുക.

4. ഗ്രാമീണർക്ക് ഫലപ്രദമായ ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

5. ആശുപത്രിയിലെ രോഗികൾക്ക് ആഹാരസാധനങ്ങൾ കൃത്യമായി ലഭ്യമാക്കുക.

6. പൊതു മത്സ്യമാർക്കററുകളും ഇറച്ചി മാർക്കററുകളും ശാസ്ത്രീയമായി സംവിധാനം ചെയ്തു നിർമ്മിക്കുക.

7. മാർക്കററുകളിലെ പാഴ്വസ്തുക്കൾ നിക്ഷേപിക്കാനും നീക്കം ചെയ്യാനും സംവിധാനമേർപ്പെടുത്തുക.

8. വെള്ളം കെട്ടിനില്ക്കുന്നയിടങ്ങളിൽ കാനകൾ നിർമ്മിച്ച് ഒഴുക്കിക്കളയാനുള്ള മാർഗ്ഗമുണ്ടാക്കുക.

9. കൊതുകു നിവാരണത്തിനായുള്ള ശാസ്ത്രീയമായ സംവിധാനങ്ങളുണ്ടാക്കുക.

10. ഭക്ഷ്യ വസ്തുക്കളുടെ വില്പന ശാലകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പരിശോധനകൾ കർശനമാക്കുക.

11. വടക്കേക്കാട് പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു ടി. വി. സെററ് സ്ഥാപിക്കുക.

* ഒരു മാരക രോഗം കടന്നുവരുന്നു - മനുഷ്യന്റെ പ്രതിരോധ ശേഷി മുഴുവൻ നശിപ്പിച്ച് നരകയാതനകളിലേക്കും മരണത്തിലേക്കും നയിക്കുന്ന, ഇതുവരെ ചികിത്സ കണ്ടെത്തിയിട്ടില്ലാത്ത എയ്ഡ്സ് എന്ന മാരക

മായ രോഗം ഓരോ ഗ്രാമത്തിലേക്കും എത്തിയിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വൈറസ് ബാധയുള്ളവരുമായുള്ള ലൈംഗിക ബന്ധങ്ങളിലൂടെയാണ് പ്രധാനമായും ഈ രോഗം പകരുന്നത്. വളരെ വൃത്തികെട്ട ഒരു ലൈംഗിക സംസ്കാരം നമ്മുടെ പ്രദേശത്തുള്ള പലരിലും നില നില്ക്കുകയും വ്യാപിക്കുകയും ചെയ്യു ന്നുണ്ട് എന്നത് ഈ രോഗത്തിന് നമ്മുടെ പ്രദേശത്തേ ക്കും കടന്നു വരുന്നതിനുള്ള വഴിയൊരുക്കുകയാണ്. ഇതിനെ പ്രതിരോധിക്കുക എന്നത് ഗൗരവമായ ഒരു ആരോഗ്യ സാമൂഹ്യ പ്രശ്നമാണ്.

* എയ്ഡ്സിനെക്കുറിച്ചുള്ള ബോധവല്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

* ഹോസ്പിററൽ, ബാർബർ ഷാപ്പുകൾ തുടങ്ങിയവയിലെ ഉപകരണങ്ങളിൽ നിന്നും ഈ രോഗം പകരാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനം ഉണ്ടാക്കുക.

* സമൂഹ രക്ത പ്രതിജ്ഞകളിൽ ഒരേ സൂചി പലരിലും ഉപയോഗിക്കുന്നത് ഒഴിവാക്കുക, കാതുകുത്തുന്ന സൂചികൾ സ്റെററിലൈസ് ചെയ്യുക.

* പ്രായഭേദമന്യേ വ്യാപിക്കുന്ന സംസ്കാര ശൂന്യവും അനാരോഗ്യവുമായ ലൈംഗികതയുടെ വിപത്തുകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

ഇങ്ങിനെയുള്ള കാര്യങ്ങളിൽ പ്രധാന ശ്രദ്ധ കൊടുത്തുകൊണ്ട് എയ്ഡ്സിൻെറ വ്യാപനത്തെ ചെറുക്കേണ്ടത് അനിവാര്യമായിരിക്കുന്നു.

### ആഹാരവും രോഗവും

രക്ത സമ്മർദ്ദം, ഹൃദയ സംബന്ധമായ രോഗങ്ങൾ, പ്രമേഹം, വാതം, ഉദര സംബന്ധമായ രോഗങ്ങൾ, ആസ്തമ, നേത്രരോഗങ്ങൾ ദന്തരോഗങ്ങൾ തുടങ്ങിയവ നമ്മുടെ പ്രദേശത്ത് വ്യാപകമായി കണ്ടുവരുന്ന രോഗങ്ങളാണ്. ഇവയുടെ ചിക്തസയുമായി വലിയൊരു വിഭാഗം ആളുകൾ ബുദ്ധിമുട്ടുകയാണ്. ജനങ്ങളുടെ ഭക്ഷണശീലങ്ങൾ രോഗങ്ങളെ ക്ഷണിച്ചു വരുത്തുന്നുണ്ട്. അമിതമായ ആഹാരശീലം, പോഷകാഹാരങ്ങളെക്കുറിച്ചുള്ള അശാസ്ത്രീയമായ ധാരണകൾ... ഇവയെല്ലാം തിരുത്തപ്പെടേണ്ടതാണ്. കുഞ്ഞുനാൾ മുതൽ ആരോഗ്യകരമായ ഒരു ഭക്ഷണ സംസ്കാരവും ശീലവും വളർത്തേണ്ടിയിരിക്കുന്നു.

രോഗി - ഡോക്ടർ - ചികിത്സ എന്ന ആരോഗ്യത്തെക്കുറിച്ചുള്ള സാമ്പ്രദായിക ധാരണകളെ മാററിക്കൊണ്ട് ആരോഗ്യത്തെക്കുറിച്ചുള്ള ഒരു വികസിച്ച ബോധം ജനങ്ങളിൽ സൃഷ്ടിക്കാനുള്ള കൂട്ടായ ശ്രമങ്ങൾ കാലഘട്ടത്തിൻെറ ആവശ്യകതയായിരിക്കുന്നു.

ജനന മരണങ്ങൾ 21 ദിവസത്തിനകം പഞ്ചായത്തുകളിൽ രജിസ്ററർ ചെയ്യുക.

## കുടിവെള്ളം

വടക്കേകാട് പഞ്ചായത്തിലെ ജനങ്ങൾ കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. കുടിവെള്ള ക്ഷാമം ഈ പ്രദേശത്തുണ്ടാകാറില്ലെങ്കിലും അമ്പതു ശതമാനത്തോളം വീടുകൾക്കും സ്വന്തമായി കിണറുകളില്ലാത്തതിൻെറ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. കൊച്ചന്നൂരിലെ തെക്കം തിരുത്തു ഭാഗത്തു മാത്രമാണ് വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം നിലനില്ക്കുന്നത്. വടക്കേകാട് പഞ്ചായത്തിൽ 26 പൊതു കിണറുകളും പത്തു സെൻേറാളം വലുപ്പമുള്ള പൊതു കുളവും ഉണ്ട്.

1. ജനങ്ങൾ കൂടുതൽ താമസിക്കുന്നിടത്ത് പൊതു കിണർ സ്ഥാപിക്കുക.

2. കോളണികളിലെ ശുദ്ധജല ലഭ്യതക്ക് കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

3. പൊതു കിണറുകൾ ഉപയോഗ ശൂന്യമായി കിടക്കുന്നത് ഉപയോഗ്യമാക്കുക.

4. ചവർപ്പു വെള്ളവും ഓരും ഉള്ള കിണറുകളിലെ വെള്ളം ഉപയോഗിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

5. പഞ്ചായത്തു റോഡുകളിൽ പൈപ്പു ലൈൻ സ്ഥാപിച്ചു ജലവിതരണം നടത്തുക.

6. കൊച്ചന്നൂർ തെക്കം തിരുത്ത് ഭാഗത്ത് വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ പൈപ്പു ലൈൻ സ്ഥാപിക്കുക. മററു പരിഹാര മാർഗ്ഗങ്ങളും ആലോചിക്കുക.

7. കിണറില്ലാത്ത വീടുകൾക്ക് കിണറു കുഴിക്കാനുള്ള സാമ്പത്തിക സഹായം നല്കുക.

8. വൈലേരിപ്പീടിക ഭാഗത്ത് നിർമ്മിക്കുന്ന വാട്ടർ ടാങ്കിൻെറ നിർമ്മാണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി ജലവിതരണം നടത്തുക.

9. നിലവിലുള്ള വാട്ടർ ടാങ്കിൻെറ സംഭരണശേഷി വർദ്ധിപ്പിച്ചുകൊണ്ട് അഞ്ഞൂർ സെൻററിലുള്ള വാട്ടർ ടാങ്കിൽ നിന്ന് വിതരണം ചെയ്യുന്ന കുടിവെള്ളം, അഞ്ഞൂർ ആസ്പത്രി - പിള്ളക്കാട് റോഡിൽ തൊഴിയൂർ മുസ്ലീം പള്ളി (നമസ്കാരം) വരെ പൈപ്പ് നീട്ടി ഉപയോഗ്യമാക്കേണ്ടതാണം. അഞ്ഞൂർ കിഴക്കേ തലവരെ നില

185 * ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം

691 * ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം

571 * വിററാമൻ എ. തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം

316 * ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം

--- * വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്പ്

| കുട്ടികൾ | ബി സി ജി | ഡി. പി. ററി | | | | പോളിയോ | | | | ഡി. ററി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിന് താഴെ | 282 | 241 | 219 | 203 | 34 | 222 | 196 | 208 | 41 | 7 | 1 | 1 | 6 | 177 |
| 1-3 വയസ്സ് | 343 | 193 | 181 | 214 | 410 | 187 | 184 | 185 | 417 | 23 | 46 | 9 | 58 | 303 |
| 3-6 വയസ്സ് | 447 | 261 | 244 | 258 | 256 | 260 | 255 | 295 | 415 | 62 | 19 | 68 | 402 | 286 |

## ടെററനസ് ടോക്സായിസ് (T T)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 85 | 74 | - |

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | ഒന്നാം ഗ്രേഡ് | | രണ്ടാം ഗ്രേഡ് | | മൂന്നാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിനു താഴെ | 104 | 93 | 64 | 53 | 22 | 18 | - | - |
| 1-3 വയസ്സ് | 209 | 159 | 130 | 129 | 59 | 51 | - | - |
| 3-6 വയസ്സ് | 284 | 259 | 193 | 177 | 63 | 43 | - | - |

1-ാം ഗ്രേഡ് - ലഘുവായ പോഷണ കുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണ കുറവുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണ കുറവുള്ളവർ

വിലുള്ള പൈപ്പ് പുതിയ നാരായണൻ നമ്പൂതിരി റോഡ് വഴി നീട്ടി പൂങ്ങാട്ട് പറമ്പ് കോളനി നിവാസികൾക്ക് ഉപകാരപ്രദമാക്കുന്നവിധത്തിൽ പുന:സ്ഥാപിക്കുക.

10. തൊഴുപ്പറമ്പിൽ ഒരു കിണർ സ്ഥാപിക്കുക.

ആരോഗ്യം - കുടിവെള്ളം എന്നീ പ്രശ്നങ്ങൾ സംബന്ധിച്ച പ്രശ്നങ്ങളും നിർദ്ദേശങ്ങളുമെല്ലാമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയും ഈ രംഗത്തെ പ്രശ്നങ്ങളെ ശാസ്ത്രീയമായി കാണാനും ജനപങ്കാളിത്തത്തോടെ പരിഹാര നിർദ്ദേശ ങ്ങൾ നടപ്പിലാക്കാനുമാണ് ശ്രമിക്കേണ്ടത്.

## ഈ പഞ്ചായത്തിലെ വിവരശേഖരം

| | | | |
|---|---|---|---|
| 1. | a) പഞ്ചായത്തിലെ ആകെ ജനസംഖ്യ | : | 26342 |
| | b) പുരുഷന്മാർ | : | 12118 |
| | c) സ്ത്രീകൾ | : | 14224 |
| 2. | a) പട്ടിക ജാതി ജനസംഖ്യ | : | 2688 |
| | b) പട്ടികവർഗ്ഗ ജനസംഖ്യ | : | 3 |
| 3. | അങ്കണവാടികളുടെ എണ്ണം | : | 18 |
| 4. | a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികശ | : | 355 |
| | b) 1-2 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ | : | 372 |
| | c) 2-3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ | : | 408 |
| | d) 3-6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ | : | 934 |
| 5. | a) പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം | : | 123 |
| | b) ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : | 45 |
| 6. | മുലയൂട്ടുന്ന അമ്മാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള) | : | 163 |
| 7. | a) കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | : | 243 |
| | b) ചാപ്പിള്ള ജനനങ്ങൾ | : | 1 |
| 8. | a) ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം | : | 1 |
| | b) 1-3 വയസ്സു വരെ മരിച്ച കുട്ടികളുടെ എണ്ണം | : | - |
| | c) 3-6 വയസ്സു വരെ മരിച്ച കുട്ടികളുടെ എണ്ണം | : | - |
| 9. | a) ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | : | 1 |
| | b) മററു മരണങ്ങളുടെ എണ്ണം | : | 151 |
| 10. | a) അനുപൂരകപോക്ഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : | 877 |
| | b) അനുപൂരകപോക്ഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : | 60 |
| | c) അനുപൂരകപോക്ഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മാരുടെ എണ്ണം | : | 70 |

# വ്യവസായം

നമ്മുടെ പഞ്ചായത്തിലെ വ്യവസായ രംഗത്തെസ്സംബന്ധിച്ച് ഒരവലോകനം നടത്തിയാൽ മൊത്തത്തിൽ സ്ഥിതി വളരെ ശോചനീയമാണ്. വിദഗ്ദരായ തൊഴിലാളികൾ പല മേഖലകളിലുമുണ്ടെങ്കിലും അവരിൽ നല്ലൊരു ഭാഗം പഞ്ചായത്തിനു പുറത്തു പോയി തൊഴിൽ ചെയ്തു ജീവിക്കുന്നവരാണ്. കഴിഞ്ഞ കാലത്തെ അവസ്ഥ പരിശോധിച്ചാൽ കുടിൽ വ്യവസായം ഒരു വിധം നന്നായി നടന്നിരുന്നതായി കാണാം. ജാതിവ്യവസ്ഥ നിലനിന്നിരുന്ന പഴയ കാലത്ത് കുലത്തൊഴിലായി, മുളകൊണ്ടുണ്ടാക്കുന്ന കുട്ട, മുറം, തൊട്ടിൽ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിൽ സാർവ്വത്രികമായി നിർമ്മിച്ചു പോന്നിരുന്നു. എന്നാൽ ഇന്ന് മുളയുടെ ലഭ്യതക്കുറവും വിദഗ്ദ തൊഴിലാളികളുടെ കുറവും ഈ രംഗത്തെ സാരമായി ബാധിച്ചിരിക്കുന്നു. പഞ്ചായത്തിലെ ആവശ്യങ്ങൾക്ക് മററു സ്ഥലങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ വന്നു ചേർന്നു. അതുപോലെതന്നെ സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്തിരുന്ന തൊഴിൽമേഖലകളിൽ ഒന്നായിരുന്നു എണ്ണയാട്ട്. ക്രിസ്ത്യാനികളാണ് കൂടുതലും ഈ രംഗത്ത് പ്രവർത്തിച്ചിരുന്നത്. പണ്ടുകാലത്ത് ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചിരുന്ന ഈ കുടിൽ വ്യവസായമേഖല ഇന്ന് ഏറെക്കുറെ വേരററ നിലയിലാണ്. വൻകിടമില്ലുകളുടെ ആവിർഭാവം ഈ രംഗത്തു പ്രവർത്തിച്ചുകൊണ്ടിരുന്ന കുടുംബങ്ങളെ തൊഴിൽ രഹിതരാക്കുകയും നല്ലെണ്ണയും വെളിച്ചെണ്ണയും മററും പുറമെ നിന്നും കൊണ്ടുവരേണ്ട സ്ഥിതി വന്നു ചേരുകയും ചെയ്തു.

സ്വർണ്ണപ്പണി, ഇരുമ്പ് ഉപയോഗിച്ചു കൊണ്ടുള്ള പണി എന്നിവ കുലത്തൊഴിലായി ഇവിടെ പരക്കെ ചെയ്തു പോന്നിരുന്നു. വിരലിലെണ്ണാവുന്നവ മാത്രമേ ഇപ്പോൾ ഈ രംഗത്തു നില നില്ക്കുന്നുള്ളു. വളരെയേറെ വിദഗ്ദരായ തൊഴിലാളികൾ ഈ പ്രദേശത്തുണ്ടെങ്കിലും അവരെല്ലാം വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം നടക്കുന്ന മേഖലകളിലേക്ക് ചേക്കേറിയിരിക്കയാണ്. കൈതോലകൊണ്ട് പായയുണ്ടാക്കി വിററ് ഉപജീവനം നടത്തിയിരുന്ന ഒരു ചെറിയ വിഭാഗം ഇവിടെയുണ്ടായിരുന്നു. ഇന്ന് ഈ രംഗത്ത് ആരും പ്രവർത്തിക്കുന്നില്ല. കൈത്തറിത്തുണി നിർമ്മാണം, മീൻ വല നെയ്ത്ത് ചകിരി ഉപയോഗിച്ചുകൊണ്ടുള്ള ഉല്പന്ന നിർമ്മാണം എന്നിവയൊക്കെ നിലനിന്നിരുന്നെങ്കിലും അതൊക്കെ ഇന്നു പഴങ്കഥയായി മാറി.

യന്ത്രവല്ക്കരണം വ്യാപകമായതോടെ ഉല്പാദനരംഗം വൻകിടക്കാരുടെ പിടിയിലമരുകയും അവരോട് മത്സരിക്കാനുള്ള ശേഷി ചെറുകിട ഉല്പാദകർക്കും കുടിൽ വ്യവസായികൾക്കും നഷ്ടമാവുകയും ചെയ്തതാണ് ഈ രംഗത്തെ തകർച്ചയിലേക്കു നയിച്ചത്. ഗൾഫു നാടുകളിൽ തൊഴിൽ സാധ്യത തുറന്നു കിട്ടിയതോടെ കുറെയാളുകളെ അങ്ങോട്ട് ആകർഷിച്ചു. ഗൾഫു മേഖല കൊണ്ട് ഈ പ്രദേശത്ത് പൊതുവെ സാമ്പത്തികമായ മാററം വന്നെങ്കിലും അതു ഉല്പാദന തൊഴിൽ മേഖലകളിലേക്ക് തിരിച്ചുവിടാൻ കഴിഞ്ഞിട്ടില്ല. കുറെ കോൺക്രീററു കെട്ടിടങ്ങൾ ഉണ്ടായതും ഉപഭോക്തൃസാധനങ്ങളുടെ കച്ചവട സ്ഥാപനങ്ങളുടെ വർദ്ധനവും ആണ് ഉണ്ടായ നേട്ടം.

ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള തൊഴിൽ സ്ഥാപനങ്ങളിൽ പ്രധാനമായത് അമ്പതോളം തൊഴിലാളികൾ ജോലി ചെയ്യുന്ന പൽപ്പൊടി നിർമ്മാണ യൂണിററാണ്. കൂടാതെ മരം, ഇരുമ്പ്, അലുമിനിയം എന്നിവ ഉപയോഗിച്ചു കൊണ്ടുള്ള നിർമ്മാണ പ്രവർത്തനം നടത്തുന്ന തൊഴിൽ ശാലകളും അങ്ങിങ്ങായുണ്ട്. ഓയൽ മിൽ, ഫ്ളവർ മിൽ, പപ്പട നിർമ്മാണം ബേക്കറി, ഐസ് ഫാക്ടറി, പ്രിൻറിംഗ് പ്രസ്സ് എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും തൊഴിലവസരങ്ങൾ വളരെ കുറവാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പഞ്ചായത്തിനെ വ്യവസായികമായി അഭിവൃദ്ധിപ്പെടുത്താനും എന്തൊക്കെ ചെയ്യാമെന്നതാണ് പരിശോധിക്കപ്പെടേണ്ടത്.

## വ്യവസായ സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ പ്രധാന കൃഷിയാണ് തെങ്ങ്. വ്യവസായികാടിസ്ഥാനത്തിൽ നാം ഇന്നുവരെ തെങ്ങിനെയും അതിൽ നിന്നുകിട്ടുന്ന ഉല്പന്നങ്ങളേയും കണ്ടിട്ടില്ല എന്നതാണ് സത്യം. ഇവിടെ വളരെയധികം പേർ കൊപ്ര സംഭരിച്ചു വിററും കൊപ്ര ആട്ടാനുള്ള യൂണിററുകൾ സ്ഥാപിച്ചും ഈ വ്യവസായത്തിലേക്ക് കടന്നിട്ടുണ്ട് എന്നത് വിസ്മരിക്കുന്നില്ല. കൂടുതൽ ആളുകൾക്ക് തൊഴിലവസരമുണ്ടാക്കാൻ ഉപയോഗിക്കപ്പെടാവുന്ന ഒരു സംരംഭമാണ് യന്ത്രച്ചക്കുപയോഗിച്ചു കൊണ്ടുള്ള എണ്ണയാട്ടൽ. ഇതിൽ നിന്നു കിട്ടുന്ന വെളിച്ചെണ്ണ വിററഴിക്കാൻ ഇവിടെ പ്രയാസമുള്ള കാര്യമല്ല. ഇതിൽ നിന്നും ലഭിക്കുന്ന മററു ഉല്പന്നമായ പിണ്ണാക്ക് നവീന സാങ്കേതിക വിദ്യയുടെ സഹായത്താൽ കാലിത്തീററ നിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. ചിരട്ട ചികിരി എന്നിവയിൽ നിന്ന് പലതരം വസ്തുക്കൾ നിർമ്മിക്കാവുന്ന സംരംഭങ്ങൾ തുടങ്ങാവുന്നതാണ്. കൂ

തെങ്ങിൻ തടികൊണ്ട് ഇൻറീരിയർ ഡെക്കറേഷന് ആവശ്യമായ സാധനങ്ങൾ നിർമ്മിക്കാനും ഉപയോഗപ്പെടുത്താവുന്നതാണ്. തെങ്ങിനും അതിനോടനുബന്ധിച്ച സാധനങ്ങൾക്കും പ്രാധാന്യം നല്കിക്കൊണ്ട് സഹകരണടിസ്ഥാനത്തിൽ നിർമ്മാണയൂണിററുകൾ തുടങ്ങുകയാണെങ്കിൽ ധാരാളം തൊഴിൽ സാധ്യതകൾ തുറന്നു കിട്ടാനുള്ള ഒരു മേഖലയാണ് ഇതെന്നു കാണാം.

### പപ്പട നിർമ്മാണം

ധാരാളം പേർ ഇന്നും ജോലി ചെയ്യുന്ന ഒരു മേഖലയാണ് പപ്പട നിർമ്മാണ രംഗം. നമ്മുടെ പഞ്ചായത്തിൽ നിർമ്മിക്കുന്ന പപ്പടം ഗുണമേന്മയുള്ളവയാണ്. ഈ തൊഴിലിലേർപ്പെട്ട ധാരാളം പേർ മററു സ്ഥലങ്ങളിലും തൊഴിൽ ചെയ്യുന്നുണ്ട്. പപ്പടത്തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണ പപ്പട നിർമ്മാണ യൂണിററുകൾ തുടങ്ങി വൻതോതിൽ ഉല്പാദനം നടത്തി മററു സ്ഥലങ്ങളിലേക്ക് ഉല്പന്നങ്ങളുടെ വിപണി വ്യാപിപ്പിക്കാവുന്നതാണ്.

### ഫർണിച്ചർ

ഈ പ്രദേശത്തേക്ക് ആവശ്യമായ ഫർണിച്ചർ സാധനങ്ങൾ കൂടുതലും മററു സ്ഥലങ്ങളിൽ നിർമ്മിച്ച് ഇവിടെ വിററഴിക്കപ്പെടുക മാത്രം ചെയ്യുന്നതാണ്. മരം കൊണ്ടും, അലുമിനിയം, ഇരുമ്പ് എന്നിവകൊണ്ടും ഫർണീച്ചർ സാമഗ്രികൾ ഉണ്ടാക്കുന്ന ഏതാനും ചെറിയ യൂണിററുകൾ അങ്ങിങ്ങായി ഈ പ്രദേശത്തുണ്ട്. ഇത്തരം സ്ഥാപനങ്ങൾ ഇവിടെ ഇനിയും തുടങ്ങാനുള്ള സാധ്യതകൾ നിലനില്ക്കുന്നു. കൂടുതൽ തൊഴിലവസരങ്ങൾക്കു സാധ്യതയുള്ള ഈ മേഖല വികസിപ്പിച്ചെടുക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ട തുണ്ട്.

### കെട്ടിട നിർമ്മാണസാമഗ്രികളുടെ നിർമ്മാണം

ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന ഒരു പ്രദേശമാണ് ഇതെങ്കിലും കെട്ടിട നിർമ്മാണസാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള സ്ഥാപനങ്ങൾ വളരെ കുറവാണ്. മരം കൊണ്ടുള്ള കട്ടള, ജനൽ, ചിത്രപ്പണികളുള്ള വാതിലുകൾ കോൺക്രീററുകൊണ്ടുള്ള കട്ടള, ജനൽ എന്നിവ നിർമ്മിക്കാനുള്ള യൂണിററുകൾ തുടങ്ങുകയാണെങ്കിൽ ധാരാളം വിപണി സാധ്യത കണ്ടെത്താവുന്നതാണ്. സിമൻറും ബേബിമെററലും ഉപയോഗിച്ചുള്ള ഹോളോ ബ്രിക്ക്സ് നിർമ്മാണവും കൂടുതൽ സാധ്യതയുള്ള വ്യവസായമാണ്.

### റെഡിമെയ്ഡ് വസ്ത്രനിർമ്മാണം

റെഡിമെയ്ഡ് വസ്ത്രങ്ങൾ ധാരാളമായി ഉപയോഗിക്കുന്ന ഒരു പ്രദേശമാണിത്. ഈ വസ്ത്ര നിർമ്മാണവുമായി ബന്ധപ്പെട്ട യാതൊരു സ്ഥാപനങ്ങളും ഈ പഞ്ചായത്തിലില്ല. ടൈലറിംഗിലും എംബ്രോയ്ഡറി വർക്കുകളിലും വൈദഗ്ദ്ധ്യം നേടിയ ധാരാളം പേർ പ്രത്യേകിച്ച് വനിതകൾ തൊഴിൽ രഹിതരായി ഇവിടെയുണ്ട്. അവരെ സംഘടിപ്പിച്ച് വിപുലമായതോതിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററുകൾ തുടങ്ങാവുന്നതാണ്.

### ബീഡി വ്യവസായം

പുകവലി ആരോഗ്യത്തിന് ഹാനികരമാണെങ്കിലും ഇന്നും നമ്മുടെ നാട്ടിൽ വലിയൊരു വിഭാഗം ആളുകളും പുകവലിക്കുന്നവരാണ്. ഈ പ്രദേശത്താണെങ്കിൽ സ്ത്രീകൾ കൂടുതലായും ഏർപ്പെട്ടിട്ടുള്ള ഒരു തൊഴിലാണിത്. ഇവിടെയുള്ള തൊഴിലാളികൾ വലിയ കമ്പനികളിൽ പോയി ഇലയും പുകയിലയും കൊണ്ടുവന്ന് വീട്ടിലിരുന്ന് ബീഡിയുണ്ടാക്കി കമ്പനികളിൽത്തന്നെ കൊണ്ട് കൊടുത്തു കൂലി വാങ്ങുകയാണ് ചെയ്യുന്നത്. ചൂഷണം നിലനില്ക്കുന്ന ഒരു മേഖലയാണിത്. വളരെ കുറഞ്ഞ കൂലിയാണിവർക്കു കിട്ടുന്നത്.

ഈ തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ ബീഡി നിർമ്മാണ യൂണിററുകൾ തുടങ്ങാവുന്നതാണ്. മുൻപ് ഇവിടെ 19 കുടിൽ വ്യവസായ ബീഡി നിർമ്മാണ യൂണിററുകൾ ഉണ്ടായിരുന്നു.

### മരുന്നുനിർമ്മാണ യൂണിററ്

ആശുപത്രികളിലേക്ക് ആവശ്യമായി വരുന്ന ഏതാനും അവശ്യമരുന്നുകൾ ഉല്പാദിപ്പിക്കാനുള്ള ഒരു കേന്ദ്രം തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ബ്ലോക്കിൻെറ കീഴിലുള്ള മുഴുവൻ പഞ്ചായത്തുകൾക്കും ആവശ്യമായ മരുന്നുകൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഫാക്ടറി സ്ഥാപിക്കുന്നതായിരിക്കും സൗകര്യപ്രദമാവുക. ഇതിന്നായി സംസ്ഥാന സർക്കാരിൻെറ സഹായത്തോടെ സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമാക്കാവുന്നതാണ്.

## ബേക്കറി

വളരെ കൂടുതൽ ബേക്കറി ഉല്പന്നങ്ങൾ വിററഴിക്കപ്പെടുന്ന മേഖലയാണിത്. മററു സ്ഥലങ്ങളിൽ നിന്നു കൊണ്ടുവരുന്ന ഉല്പന്നങ്ങൾ വിററഴിക്കപ്പെടുക എന്ന തൊഴിച്ചാൽ നിർമ്മാണരംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. അതുകൊണ്ട് ബേക്കറി ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിററുകൾ ഇവിടെ തുടങ്ങാവുന്നതാണ്. ധാന്യം, മുളക്, മല്ലി തുടങ്ങിയവ പേയ്ക്കു ചെയ്യുന്നതിന്നും, അച്ചാറുകൾ, ജാമുകൾ, സ്ക്വാഷുകൾ എന്നിവ ഉണ്ടാക്കുന്നതിന്നും, സോഡ, സോഫ്ററ് ഡ്രിംഗ്സ് നിർമ്മാണം എന്നിവയും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. സ്ത്രീകൾക്കു കൂടുതൽ പ്രവർത്തിക്കാൻ കഴിയുന്ന ഒരു മേഖലയാണിത്.

## ഇലക്ട്രോണിക് അസംബ്ലിംഗ് യൂണിററ്

ആധുനിക യുഗത്തിൽ ഇലക്ട്രോണിക് വസ്തുക്കളുടെ സ്ഥാനം വളരെ വലുതാണ്. നിർമ്മാണാവശ്യത്തിനു പരിശീലനം കൊടുത്തുകൊണ്ട് ഇലക്ട്രോണിക് സാധനങ്ങളുടെ ഒരു അസംബ്ലിംഗ് യൂണിററിന് ഇവിടെ സാധ്യതയുണ്ട്.

നമ്മുടെ പഞ്ചായത്തിൽ സാധ്യതയുള്ള ഏതാനും വ്യവസായ സംരംഭങ്ങളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത് കൂട്ടായ ചർച്ചകളിലൂടെ കൂടുതൽ സാധ്യതകളിലേക്ക് അന്വേഷണം നടത്തേണ്ടതാണ്. വ്യവസായ സംരംഭങ്ങളെല്ലാം പഞ്ചായത്തു നേരിട്ടു നടത്തുക എന്നതു പ്രായോഗികമാവില്ല. പഞ്ചായത്തിൽ ഒരു വ്യവസായ വിദഗ്ദനെ നിയമിക്കുകയും പരിശീലന കേന്ദ്രങ്ങൾ തുറന്നുകൊണ്ട് ഒററക്കും കൂട്ടായ്മയുള്ള വ്യവസായ സംരംഭകർക്ക് വേണ്ട പരിശീലനം കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.

# ഊർജ്ജം

വടക്കേകാട് പഞ്ചായത്തിലേക്ക് ഇപ്പോൾ വൈദ്യുതി വിതരണം ചെയ്യുന്നത് കുന്നംകുളം, ഗുരുവായൂർ, എടപ്പാൾ എന്നീ 66 കെ. വി. സബ്ബ് സ്റേറഷനുകളിൽ നിന്നാണ്. ഈ പഞ്ചായത്തിൽ നിലവിലുള്ള 18 ട്രാൻസ് ഫോർമറുകളും ഓവർലോഡാണെന്ന് മനസ്സിലാക്കുന്നു. എന്നാൽ നിലവിലുള്ള ഈ അവസ്ഥയിൽ തന്നെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായികൊണ്ടിരിക്കുന്നു. എന്നാൽ നിലവിലുള്ള ഈ അവസ്ഥയിൽ തന്നെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായികൊണ്ടിരിക്കുന്നു. വൈദ്യുതി ഉപയോഗത്തിൻെറ ഏകദേശം 75% ഗാർഹിക ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഈ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം ഒരു പ്രധാന വിഷയമാണ്. വൈകുന്നേരങ്ങളിൽ വോൾട്ടേജ് 40 വോൾട്ട് താഴെയാണുണ്ടാകുന്നത്. വീടുകളിലും, കടകളിലും വ്യാപകമായി സ്റെറപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ ഉപയോഗിച്ചു വരുന്നു. ഇവിടത്തെ 50% വരുന്ന എനർജി മീററുകൾ കേടുവന്നതാണ്. ആറു മാസത്തിലൊരിക്കൽ മീററർ പരിശോധിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. വൈദ്യുതി നഷ്ടത്തിന് കാരണം പ്രേക്ഷണ വിതരണ സംവിധാനങ്ങളിലെ തകരാറാണ്.

താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയാൽ വൈദ്യുതി നഷ്ടം കുറെയെല്ലാം പരിഹരിക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. അതിരൂക്ഷമായ വോൾഡ്ഡേജ് ക്ഷാമം പരിഹരിക്കുവാൻ ഈ പഞ്ചായത്ത് അതിർത്തിയിലോ സമീപ പഞ്ചായത്തിലോ 66 കെ. വി. ഇലക്ട്രിക് സബ്ബ്സ്റേറഷൻ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് മുൻകയ്യെടുക്കണം.

2. ചാർജ് ചെയ്യാത്ത ട്രാൻസ്ഫോർമറുകൾ രണ്ടെണ്ണം നമ്മുടെ പഞ്ചായത്തിലുണ്ട്. അവ എത്രയും പെട്ടെന്ന് ചാർജ് ചെയ്യിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. പുതിയതായി സ്ഥാപിക്കാൻ അനുമതി ലഭിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥലങ്ങളിലെ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

1. കൗക്കാനപ്പെട്ടി
2. കൊച്ചന്നൂർ സെൻറർ
3. നായരങ്ങാടി
4. മുക്കിലപീടിക

വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള താഴെപറയുന്ന സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

1. വല്ലാശ്ശേരി പടി (അഞ്ചാം വാർഡ്)
2. പേങ്ങാട്ട്തറ കോളനി(രണ്ടാം വാർഡ്)

3.ഓവർ ഹെഡ് ലൈനിലും, ട്രാൻസ്ഫോർമറുകളിലും അപ്പപ്പോൾ അററകുററപണികൾ ചെയ്യുക.

4. വൈദ്യുതി ലൈനിൽ മുട്ടിക്കിടക്കുന്ന മരങ്ങളുടെ ശാഖകൾ വെട്ടിമാററുക.

5. ഓവർ ഹെഡ് ലൈൻ കാററത്ത് മുട്ടാത്ത വിധം ലൈൻ വലിച്ചു കെട്ടുക.

6. ലൈനിൽ കൊടുത്തിട്ടുള്ള ജമ്പറുകളുടെ ബന്ധം സുദൃഢമാക്കുക.

7. ലൈനുകളിൽ ലൂസ് കണക്ഷൻ വരാതെ നോക്കുക.

8. പഞ്ചായത്തിൻെറ പല ഭാഗത്തേക്കും വൈദ്യുതി ഇനിയും എത്തിയിട്ടില്ല. പാതു വഴികൾ ഇല്ലാത്തതും ഭൂവുടമകളുടെ സമ്മത പത്രം ലഭിക്കാത്തതുമാണ് മുഖ്യ കാരണം ഇതിനൊരു പരിഹാരം കാണുവാൻ പഞ്ചായത്ത് മുൻകയ്യെടുത്ത് ഉഭയകക്ഷി ചർച്ചകൾ നടത്തുന്നത് അഭികാമ്യമായിരിക്കും.

## സ്ട്രീററ് ലൈററുകൾ

പഞ്ചായത്ത് റോഡുകളിൽ ചിലതിൽ മാത്രമേ വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുള്ളു. ഉള്ളവ തന്നെ ശരിയായി കത്തുന്നുമില്ല.

## നിർദ്ദേശങ്ങൾ

1. എല്ലാ പഞ്ചായത്ത് റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കുക.

2. പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

3. വഴിവിളക്കുകൾ കത്തിക്കുവാൻ നൽകുന്ന ബൾബ്, ട്യൂബ് എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക.

4. പഞ്ചായത്തിലെ എല്ലാ കോളനികളും വൈദ്യുതീകരിക്കുക.

5. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുടെ വീടുകളിൽ വയറിംഗ് ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകുക.

6. പറമ്പുകളിലൂടെയുള്ള വൈദ്യുതി ലൈൻ സാധ്യതക്കനുസരിച്ച് പഞ്ചായത്ത് റോഡുകളിലേക്ക് മാററി സ്ഥാപിക്കുക.

7. വീടുകളിൽ പാചകാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് വിറകാണ്. ഇന്ധനക്ഷാമം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവക്ക് പരിഹാരമാകും വിധത്തിൽ പുകയേല്ക്കാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് മുൻകയ്യെടുക്കുക.

8. ദാരിദ്ര്യരേഖക്ക് താഴെയുള്ള വിഭാഗങ്ങളിൽപെട്ടവർക്ക് സൗജന്യമായി പുകയേല്ക്കാത്ത അടുപ്പുകൾ സ്ഥാപിക്കുവാൻ പഞ്ചായത്ത് നേതൃത്വം നൽകണം.

9. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ വേണ്ട പ്രോത്സാഹനങ്ങൾ പഞ്ചായത്ത് നൽകുക.

10. ഇലക്ട്രിസിററി ജീവനക്കാരുടെ കുറവ്, സേവന മനോഭാവമില്ലായ്മ, സാധന സാമഗ്രികളുടെ കുറവ് ഇവയൊക്കെയാണ് ഈ പ്രദേശത്തെ ഉപഭോക്താക്കൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഇവ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

11. വീടുകൾക്ക് മുകളിലൂടെ പോകുന്ന 11 കെ. വി. ലൈനിന് താഴെ ഗാർഡിങ്ങ് നിർമ്മിക്കുക.

ജനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഏററവും പ്രധാനമായ ഊർജ്ജപ്രശ്നം വൈദ്യുതി രംഗത്തെ പ്രശ്നങ്ങളാണ്. ഈ രംഗത്തെ പഞ്ചായത്തിലെ അവസ്ഥ വളരെ പരിതാപകരമാണ്. കൂട്ടായ പരിശ്രമങ്ങളിലൂടെ വൈദ്യുതി പ്രശ്നത്തിന് പരിഹാരം കണ്ട് കൊണ്ടല്ലാതെ നമ്മുടെ പഞ്ചായത്തിൻെറ വികസന സംരംഭങ്ങൾ മുന്നോട്ട് നയിക്കാനാകില്ല.

## ഗതാഗതം

### റോഡുകൾ

പുരാതന കാലങ്ങളിൽ ജനങ്ങൾ കാൽനടയാണ് യാത്ര ചെയ്തിരുന്നത്. മഴക്കാലത്ത് തോടുകളിലൂടെയുള്ള കാൽ നടയാത്ര അരക്കൊപ്പം വെള്ളത്തിൽ കൂടെയായിരുന്നു. അന്നൊക്കെ ധാരാളമായി ഉണ്ടായിരുന്ന തോടുകളും, കായലുകളും, പാടശേഖരങ്ങളും ഉപയോഗിച്ചു ജലഗതാഗതം സാധ്യമായിരുന്നു നാടൻ വഞ്ചികളാണ് ഇതിന്ന് ഉപയോഗിച്ചിരുന്നത് രോഗികളെ കൊണ്ടുപോകാനും മററു അത്യാവശ്യഘട്ടങ്ങളിലും മഞ്ചൽ ആയിരുന്നു. ഇവിടങ്ങളിൽ ഉപയോഗിച്ചിരുന്നത്. ചില പ്രമുഖ വ്യക്തികളും മഞ്ചൽ ഉപയോഗിച്ചിരുന്നു. ചില സ്ഥലങ്ങളിൽ കുതിര സവാരിയും ഉണ്ടായിരുന്നു. പുരാതനകാല കൊച്ചി നാട്ടുരാജ്യത്തിൻെറ അതിർത്തിയിൽ നിന്ന് തൊഴിയൂർ ബിഷപ്പ് പാലാസിലേക്ക് ബ്രിട്ടീഷ് ഗവർമ്മേണ്ടു നിർമ്മിച്ചുകൊടുത്ത റോഡാണ് ഈ പ്രദേശത്തെ ആദ്യത്തെ റോഡ്. എന്നാൽ വൈലത്തൂർ പഞ്ചായത്തിൽപ്പെട്ട അഞ്ഞൂർ മുതൽ പഞ്ചായത്തിൻെറ വടക്കെ അതിർത്തിയായ നായരങ്ങാടി വരെ ശ്രമദാനം കൊണ്ട് നിർമ്മിച്ച റോഡാണ് ഇവിടെ രണ്ടാമത്തെ റോഡ്. ഇന്നത്തെ കാലഘട്ടത്തിൽ, ശ്രമദാനം കൂട്ടായ്മ എന്നിവയൊക്കെ സർവ്വസാധാരണയാണെങ്കിലും, ഈ റോഡിൻെറ നിർമ്മാണം. 55 വർഷങ്ങൾക്ക് മുൻപ് ശ്രമദാനത്തിലൂടെ രണ്ടാഴ്ച കൊണ്ട് സാധിച്ചു എന്നത് എടുത്തു പറയേണ്ട ഒന്നാണ്. പിന്നീട് ഈ റോഡ് വടക്കേക്കാട് പഞ്ചായത്തിൻെറ വടക്കെ അററം വരെ എത്തിക്കാൻ അന്നത്തെ സാമൂഹ്യ പ്രവർത്തകർക്ക് കഴിഞ്ഞു.

വടക്കേകാട് പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 49.615 കി. മീ. വരും. അതിൽ പഞ്ചായത്ത് റോഡുകൾ 36.615 കി. മീ. വരും. പഞ്ചായത്ത് റോഡ് 19.505 കി. മീ. ടാർ ചെയ്തവയും ബാക്കി 17.11 കി. മീ. ടാർ ചെയ്യാത്തവയുമാണ്. റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമാണ്. പല റോഡുകളും മഴക്കാലത്ത് തോടുകളായി രൂപാന്തരപ്പെടാറുണ്ട്. ഇതിനുള്ള പ്രധാന കാരണം റോഡിനിരു ഭാഗത്തും വേണ്ടത്ര വീതിയിലും, ആഴത്തിലും കാനകൾ ഇല്ലാത്തതാണ്. മറെറാരു കാരണം പല റോഡുകളും പഴയ തോടുകൾ മാററിയെടുത്തതായതിനാൽ പറമ്പുകളിൽ നിന്നും വളരെ താഴെയാണ് റോഡുകൾ സ്ഥിതിചെയ്യുന്നത്.

മഴ വെള്ളത്തിൻെറ സുഗമമായ ഒഴുക്കിന് റോഡിന്നിരുവശവുമുള്ള കാനകൾ ഇടക്കിടെ വൃത്തിയാക്കുകയും, റോഡുകൾ ക്രമാനുഗതമായി ഉയർത്തിക്കൊണ്ടുവരികയും ചെയ്യുക. അടിയന്തിരമായി അററകുററപണികൾ നടത്തേണ്ടുന്ന റോഡുകളുടേയും പുതുതായി നിർമ്മിക്കേണ്ടതും ഏറെറടുക്കേണ്ടതുമായ റോഡുകളുടെ പേരു വിവരം വാർഡ് അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

ഗ്രാമസഭകളിൽ നിന്നുള്ള ചർച്ചകളിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ

#### ഒന്നാം വാർഡ്

1. നമ്പലാട്ട് പറമ്പ് റോഡ് ഗതാഗത യോഗ്യമാക്കുക.
2. ചേരത്ത്പറമ്പ് റോഡിൻെറ പഞ്ചായത്ത് ഏറെറടു

ക്കാത്ത ഭാഗം ഏറെറടുക്കുകയും ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.

3. നാലപ്പാട്ടു റോഡ് ടാർ ചെയ്യുക.

4. ഹാഷ്മി നഗറിൽ നിന്ന് പുന്നയൂർ കുളം പഞ്ചായത്തുമായി ബന്ധിക്കുന്ന റോഡ് പഞ്ചായത്ത് ഏറെറടുക്കുക.

5. നാലാംകല്ലിൽ നിന്ന് പടിഞ്ഞാറോട്ട് (ലക്ഷം വീടുകളിലേക്ക്) പോകുന്ന റോഡ് അററകുററപണി നടത്തുക. ഇരുവശങ്ങളിലേയും കാനകൾ ആഴത്തിൽ നിർമ്മിച്ച് നീർകെട്ടു ഒഴിവാക്കുക. നാലാം കല്ല് ചക്കംപറമ്പ് തുടങ്ങുന്ന സ്ഥലത്ത് ഒരു കൽവർട്ട് കെട്ടി തെക്ക് ഭാഗത്തേക്ക് വിടുക.

6. എരഞ്ഞിപ്പടി റോഡിൽ നിന്ന് പള്ളിയിലേക്കു പോകുന്ന റോഡ് പഞ്ചായത്ത് ഏറെറടുക്കുക.

7. ഗുരുവായൂർ പൊന്നാനി റോഡിൽ വൈലേരി പീടികയിൽ നിന്ന് പടിഞ്ഞാറോട്ട് പോകുന്നതോടും, മുല്ല മംഗലം കുളത്തിൽ നിന്ന് പടിഞ്ഞാറോട്ടു പോകുന്നതോടും റോഡാക്കുക.

8. പാവുകോട്ടയിൽ പറമ്പ് - വെൺമാടത്തെയിൽ പറമ്പ് റോഡ് പഞ്ചായത്ത് ഏറെറടുക്കുക.

## രണ്ടാം വാർഡ്

1. പേങ്ങാട്ട് തറ-മൂന്നാം കല്ല്-അങ്ങിക്കോടു കടവ് റോഡ് തമ്മിൽ ബന്ധിപ്പിക്കുക.

2. മാളിയക്കൽ റോഡിൽ തെക്കോട്ടുള്ള ഭാഗം വികസിപ്പിക്കുകകയും, മാളിയേക്കൽ റോഡും കടാംമ്പുള്ളി റോഡും ബന്ധിപ്പിക്കുകയും ചെയ്യുക.

3. തിരുവളയന്നൂർ സ്ക്കൂൾ വഴി നാലാം കല്ലിലേക്കുള്ള റോഡ് വികസിപ്പിക്കുക.

4. മാളിയക്കൽ ലക്ഷം വീട്ടിലേക്കുള്ള വഴി റോഡ് ആക്കിമാററണം.

5. നാലാം കല്ല് കടാംമ്പുള്ളി റോഡ് ടാർ ചെയ്യണം.

6. തിരുവളയന്നൂർ ഹൈസ്ക്കൂൾ വഴി നാലാം കല്ലിലേക്കുള്ള റോഡ് ശ്രമദാനമായി വികസിപ്പിക്കാവുന്നതാണ്.

## മൂന്നാം വാർഡ്

1. വി. കെ. അബൂബക്കർ റോഡ് ടാർ ചെയ്യണം.

2. ഫക്രുദ്ദീൻ അലി അഹമ്മദ് റോഡ് ടാർ ചെയ്യണം.

3. കല്ലൂർ പള്ളിയുടെ കിഴക്ക് ഭാഗത്ത് നിന്ന് തുടങ്ങി പയക്കാട് വീട് വഴി വട്ടം പാടം - കല്ലിങ്ങൽ റോഡിൽ യോജിപ്പിക്കുന്ന തരത്തിൽ പുതിയ റോഡു വികസിപ്പിക്കണം.

4. കല്ലൂർ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്ത് നിന്ന് തുടങ്ങി ഫക്രുദ്ദീൻ അലി അഹമ്മദ് റോഡിൽ യോജിപ്പിക്കുന്ന തരത്തിൽ റോഡ് നിർമ്മിക്കണം.

5. കൊമ്പത്തെയിൽ പടിക്ക് കിഴക്ക് ഭാഗത്ത് നിന്ന് പോകുന്ന റോഡ് ചെട്ടിയാട്ടിൽ പറമ്പിൽ യോജിപ്പിക്കുന്ന റോഡ് നിർമ്മിക്കണം.

6. നാലാം കല്ലിൽ നിന്ന് കിഴക്കു ഭാഗത്തേക്ക് പോയി കല്ലിങ്ങൽ വട്ടംപാടം റോഡിൽ മുട്ടുന്ന റോഡ് പഞ്ചായത്ത് ഏറെറടുക്കണം.

## നാലാം വാർഡ്

1. ഉളിയങ്ങാട് ലക്ഷം വീട് റോഡ് പഞ്ചായത്ത് ഏറെറടുക്കണം.

2. പറയങ്ങാട് പള്ളി റോഡ് ടാർ ചെയ്യുക.

3. കല്ലിങ്ങൽ നായാടി തറ റോഡ് ടാർ ചെയ്യുക.

4. കല്ലിങ്ങൽ നായാടിത്തറ റോഡ് പറയങ്ങാട് പള്ളി റോഡുമായി ബന്ധിപ്പിക്കുക.

5. മുക്കില പീടിക കൊച്ചനൂർ എം. എൽ. എ. റോഡ്. അററകുററപണി നടത്തുകയും കാനകൾ ആഴത്തിൽ നിർമ്മിച്ച് നീർക്കെട്ട് ഒഴിവാക്കുക.

6. കല്ലിങ്ങൽ വട്ടംപാടം റോഡ് അററകുറപണി നടത്തുക. കാന താഴ്ത്തി നീർക്കെട്ട് ഒഴിവാക്കുക.

## അഞ്ചാം വാർഡ്

1. ഏ. കെ. കുഞ്ഞഹമ്മദ് റോഡ് ടാർ ചെയ്യുക പ്രസ്തുത റോഡ് തൗണ്ടേങ്ങാട്ടയിൽ പീടികവരെ പുതുതായി റോഡ് നിർമ്മിക്കുക.

2. മച്ചിങ്ങൽ - പാലത്തിങ്കൽ റോഡു ടാർ ചെയ്യുക.

3. തൗണ്ടേങ്ങാട്ടിൽ പീടിക പരിസരത്തുള്ള പാലം പുതുക്കി പണിതു ഗതാഗതയോഗ്യമാക്കുക.

4. എ. ടി. കാദർ സാഹിബ് റോഡ് റീടാറിങ്ങു ചെയ്യുക.

5. ഏ. കെ. കുഞ്ഞഹമ്മദ് റോഡ് പാലക്കുഴി വഴി ഞമനെക്കാട് - കൊച്ചനൂർ റോഡുമായി ബന്ധിപ്പിക്കുക.

## ആറാം വാർഡ്

1. കാട്ടകാമ്പൽ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതും കാർഷിക പ്രധാനമുള്ളതുമായ കൊച്ചന്നൂർ-

കരിച്ചാൽ കടവ് റോഡ് - ടാർ ചെയ്യുക.

2. തെക്കൻ തിരുത്ത് റോഡ് ടാർ ചെയ്യുക.

3. കല്ലുവെച്ച പീടികയിൽ നിന്ന് കിഴക്കോട്ട് അർത്താററു പഞ്ചായത്ത് അതിർത്തിയിലേക്കു പോകുന്ന റോഡ് പഞ്ചായത്ത് ഏറെറടുത്തു ടാർ ചെയ്യുക.

### ഏഴാം വാർഡ്

1. മൂന്നാംകല്ല് - കല്ലൂർ പള്ളി റോഡ് വികസിപ്പിക്കുകയും ടാർ ചെയ്യുകയും വേണം.

2. കൊടിമരം - വല്ലാശ്ശേരി റോഡ് വികസിപ്പിച്ചു ടാർ ചെയ്യണം.

3. പത്മനാഭപുരം ടെമ്പിൾ റോഡ് ടാർ ചെയ്യണം.

### എട്ടാം വാർഡ്

1. ഞമനെക്കാട് സെൻററിൽ നിന്ന് ഐ. സി. എ സ്ക്കൂളിലേക്കുള്ള റോഡ് അററകുററപണി നടത്തുക.

2. ഞമനെക്കാട് - കൊച്ചന്നൂർ റോഡ് റീടാറിങ്ങ് ചെയ്യുക.

3. ഞമനെക്കാട് - നമ്പ്യാശൻ റോഡ് റീടാറിങ്ങു ചെയ്യുക.

4. ചക്കിത്തറ - അഞ്ഞൂർ റോഡ് ടാർ ചെയ്യുക.

5. കരുവാംമ്പായി - എഴുവപടി ( കെ. ബാലകൃഷ്ണൻ) റോഡ് ടാർ ചെയ്യുക.

6. ഞമനെക്കാട് - കരുവാംപറമ്പ് ലക്ഷം വീടു കോളനി റോഡ് അററകുററ പണി ചെയ്തു ടാർ ചെയ്യുക.

7. ഞമനെങ്ങാട്ട് - പൂവ്വത്തൂർ പടി റോഡ് പഞ്ചായത്ത് ഏറെറടുത്ത് ടാർ ചെയ്യുക.

8. കരുവമ്പായി - പള്ളിപ്പുറം റോഡ് പഞ്ചായത്ത് ഏറെറടുത്ത് ടാർ ചെയ്യുക.

9. പോസ്ററോഫീസ് - കാഞ്ഞിരപ്പടി റോഡ് ടാർ ചെയ്യുക.

10. ചുള്ളിയിൽ ലക്ഷം വീട് - ഞമനെങ്ങാട് പോസ്ററോഫീസ് റോഡ് ടാർ ചെയ്യുക.

11. അഞ്ഞൂർ - എഴുവപ്പടി റോഡ് കാനകൾ താഴ്ത്തി അററകുററപണി ചെയ്തു ടാർ ചെയ്യുക.

12. കരുവമ്പായിൽ നിന്ന് കിഴക്കോട്ടു പോകുന്ന കെ. ബാലകൃഷ്ണൻ റോഡ് അർത്താററ് പഞ്ചായത്ത് അതിർത്തിയിലുള്ള പുല്ലാം വളപ്പ് റഗുലേററർ കം ബണ്ട് വരെ റോഡ് നിർമ്മിക്കുക.

13. ഞമനെങ്ങാട്ട് - കൊച്ചന്നൂർ റോഡിൻെറ ചക്കിത്തറ ചെറിയ പാലത്തിൻെറ 200 മീററർ പടിഞ്ഞാറ് ഭാഗത്തായി തെക്കോട്ട് തിരിഞ്ഞു. മിച്ചഭൂമി കോളനിയിലേക്ക് കുത്തിയൊഴുകുന്ന വെള്ളം റോഡിൻെറ വടക്കു ഭാഗത്തുകൂടെ കാന താഴ്ത്തി വെള്ളം തിരിച്ചു വിടുക.

14. ചക്കിത്തറ പാലത്തിൻെറ കിഴക്ക് ഭാഗം വികസിപ്പിക്കുക.

### ഒമ്പതാം വാർഡ്

1. നമ്പീശൻ പടി - തൊഴിയൂർ ഹൈസ്ക്കൂൾ റോഡ് ടാർ ചെയ്യുക.

2. കടലായ് മന - വൈദ്യർ റോഡ് ടാർ ചെയ്യുക.

2. പി. എം. നാരായണൻ നമ്പൂതിരി റോഡ് ടാർ ചെയ്യുക.

4. ഗോതമ്പ് റോഡ് - വൈദ്യർ റോഡ് എന്നിവ ബന്ധിപ്പിക്കുന്ന റോഡ് ടാർ ചെയ്യുക.

(സെൻററ് ഫ്രാൻസീസ് യു. പി. സ്കൂളിനേയും ഗോതമ്പു റോഡിനേയും ബന്ധിപ്പിക്കുന്ന റോഡ്)

5. കോൺവെൻററ് - തൃക്കണമുക്ക് റോഡ് ടാർ ചെയ്യുക.

6. മാർകുറിലോസ് ആശുപത്രിക്ക് സമീപത്തു കൂടി പോകുന്ന പാലസ് റോഡ് റീടാർ ചെയ്യുക.

7. വൈലത്തൂർ ഈസ്ററ് എ. എൽ. പി. (വാലിശ്ശേരി) സ്കൂളിലേക്ക് പുതുതായി റോഡ് നിർമ്മിക്കണം.

8. പൂക്കോടു പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കലക്ടർ കുഞ്ഞഹമ്മദ് സാഹിബ് റോഡ് ടാർ ചെയ്യുക.

9. അത്താണി - കരുവാൻ വയൽ (ഗോതമ്പ് റോഡ്) റോഡ് റീടാറിങ്ങ് ചെയ്യണം.

### പത്താം വാർഡ്

1. അണ്ടിക്കോട് കടവ് മുതൽ മൂന്നാം കല്ല് റോഡ് വരെ റീടാർ ചെയ്യുക.

2. നായരങ്ങാടി - അണ്ടിക്കോട് കടവ് റോഡ് റീടാർ ചെയ്യുക.

3. കല്ലൂർ കാവ് - നായരങ്ങാടി റോഡ് ടാർ ചെയ്യുക.

4. കണ്ണഞ്ചിറ - വൈലത്തൂർ റോഡ് റീടാർ ചെയ്യുക.

5. വൈലത്തൂർ ക്രിസ്ത്യൻ പള്ളിയുടെ പടിഞ്ഞാറും നായരങ്ങാടിയുടെ തെക്കും, തൃക്കണമുക്ക് ക്ഷേത്രത്തിൻെറ പടിഞ്ഞാറും സ്ഥിതിചെയ്യുന്ന പട്ടിക ജാതിക്കാർ അടക്കം ഏകദേശം 22 വീടുകൾക്ക് റോഡ് സൗകര്യം ഇല്ല. പി. ഡബ്ല്യു. ഡി. റോഡിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന വഴി വീതികൂട്ടി റോഡാക്കി മാററി വൈലത്തൂർ പടിഞ്ഞാക്കര മന്തിയിൽ മുക്ക് റോഡുമായി ബന്ധിപ്പിക്കുക.

6. മുല്ലമംഗലം അണ്ടിക്കോട്ടു കടവിന്റെ മദ്ധ്യ ഭാഗത്തുള്ള തോട് റോഡാക്കി പേങ്ങാട്ടുതറ (2-ാം വാർഡ്) റോഡിനോട് ബന്ധിപ്പിക്കുക.

## പതിനൊന്നാം വാർഡ്

1. വൈലത്തൂർ പഴയ പോസ്ററാഫീസ് റോഡിൽ നിന്ന് 1/2 കി. മീ. വടക്കു ഭാഗത്തേക്ക് നിർമ്മിച്ചിട്ടുള്ള റോഡ് വികസിപ്പിച്ച് ടാർ ചെയ്യണം.

2. മന്തിയിൽ മുക്കിൽ നിന്ന് - പൈച്ചാക്കി പാടത്തേക്കുള്ള റോഡ് 10-ാം വാർഡുമായി ബന്ധിപ്പിക്കുക.

3. അണ്ടികോടുകടവിൽ നിന്ന് പുന്നയൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡും, പഴയ പോസ്ററാഫീസ് റോഡും, ഏരിമേൽ അമ്പല റോഡും, വൈലത്തൂർ കണ്ണഞ്ചിറ റോഡുമായി ബന്ധിപ്പിക്കുകയും ടാർ ചെയ്യുകയും വേണം.

4. വൈലത്തൂർ - പനാമ റോഡ് ടാർ ചെയ്യണം.

## യാത്രാസൗകര്യങ്ങൾ

വടക്കേകാട് പഞ്ചായത്തിലെ പൊതുജനങ്ങൾ യാത്രക്കായി സ്വകാര്യബസ്സുകളെയാണ് ആശ്രയിക്കുന്നത്. വിദ്യാഭ്യാസം, ചികിത്സ, കച്ചവടം. എന്നിവക്കായി തൊട്ടടുത്തുള്ള നഗര പ്രദേശങ്ങളായ കുന്നംകുളം, ഗുരുവായൂർ ചാവക്കാട് എന്നിവടങ്ങളിലേക്കുള്ള യാത്ര വേണ്ടത്ര വാഹന സൗകരങ്ങളില്ലാത്തത് കൊണ്ട് വളരെ ദുഷ്കരമാണ്. ഇതിനൊരു പരിഹാരമായി കൂടുതൽ സ്വകാര്യ ബസ്സുകളും, കെ. എസ്. ആർ. ടി. സി. വക ബസ്സുകളും സർക്കുലർ ആയി സർവ്വീസ് നടത്തേണ്ടത് അത്യാവശ്യമാണ്. വളരെ കുറച്ച് മാത്രം സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുള്ള പ്രദേശം ഉൾപ്പെടുന്ന മുക്കില പീടികയിൽ നിന്ന് കിഴക്കോട്ടും, പടിഞ്ഞാറോട്ടും കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തണം. കുന്നംകുളം - വടുതല ചക്കിത്തറ, വടക്കേകാട് വഴി പൊന്നാനിയിലേക്ക് പുതിയ ബസ് സർവ്വീസ് ഏർപ്പെടുത്തണം. ഗുരുവായൂർ, അഞ്ഞൂർ, ചക്കിത്തറ, കൊച്ചന്നൂർ കാട്ടാകാമ്പൽ വഴി കുററിപ്പുറത്തേക്ക് ബസ് സർവ്വീസ് ആരംഭിക്കണം.

ആൽത്തറ - കൊമ്പത്തയിൽ, പടി - ഐ. സി. എ. സ്കൂൾ വഴി കുന്നംകുളത്തേക്ക് സർവ്വീസ് നടത്തിയിരുന്ന ബസ്സുകൾ ഒന്നും തന്നെ ഇപ്പോൾ ഓടുന്നില്ല. അവ പുനഃസ്ഥാപിക്കണം.

അഞ്ഞൂരിൽ നിന്നും ഞമനേങ്ങാടിൽ നിന്നും ഗുരുവായൂരിലേക്ക് സർവ്വീസ് നടത്തിയിരുന്ന ബസ്സുകൾ പുനഃസ്ഥാപിക്കണം.

### ബസ്സ് സ്റേറാപ്പുകൾ

പഞ്ചായത്തിൽ രണ്ട് ബസ്സ് സ്റേറാപ്പുകളാണുള്ളത്. ഈ രണ്ട് ബസ്സ് സ്റേറാപ്പുകളും അതാതു കാലങ്ങളിൽ റിപ്പയർ ചെയ്യാത്തതിനാൽ നാശം നേരിട്ടു കൊണ്ടിരിക്കുകയും അതുവഴി ജനങ്ങൾക്ക് ഭീഷണിയായി ത്തീർന്നു കൊണ്ടിരിക്കുകയുമാണ്. എത്രയും വേഗം ഇതിന്റെ റിപ്പയറിങ്ങ് നടത്തണം.

## റെയിൽ ഗതാഗതം

താനൂർ - ഗുരുവായൂർ തീരദേശ റെയിൽവേ വടക്കേക്കാട് പഞ്ചായത്തിലൂടെ കടന്നു പോകുന്നതിനും, വടക്കേക്കാട് ഒരു റെയിൽവേ സ്റേറഷൻ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

പഴയ കാലത്ത് കാൽനട സവാരിയിൽ നിന്നും സമൂഹം ഏറെ മുന്നോട്ട് പോയി. ഇന്ന് വിമാനയാത്രപോലും ഒരു സാധാരണ സംഭവമായി മാറി. എങ്കിലും ഗതാഗത രംഗത്ത് വടക്കേകാട് പ്രദേശത്ത് ഒട്ടേറെ ഇനിയും ചെയ്യാനുണ്ട്. നമുക്ക് കൂട്ടായ്മയോടെ അതിന് പ്രവർത്തിക്കാം.

## വടക്കേകാട് ഗ്രാമപഞ്ചായത്ത്
## റോഡുകളുടെ വിവരങ്ങൾ

| | റോഡിന്റെ പേര് | നീളം കി. മീ. | വീതി കി. മീ. | ഇപ്പോഴത്തെ ഉപരിതലം |
|---|---|---|---|---|
| 1. | എരിഞ്ഞിപ്പടി ആൽത്തറ റോഡ് | 0.260 | 4-20 | ഗ്രാനൈററ് മെററൽഡ് |
| 2. | എരിഞ്ഞപ്പടി റോഡ് | 0.400 | 3-50 | ടാർഡ് |

| | | | | |
|---|---|---|---|---|
| 3. | ചേരത്ത് പറമ്പ് റോഡ് | 0.410 | 4-00 | ഗ്രാവൽഡ് |
| 4. | വടക്കേകാട് - ചക്കംപറമ്പ് ഹരിജൻ കോളനി റോഡ് | 0.820 | 6-00 | ടാർഡ് |
| 5. | കടാമ്പുള്ളി ഒ. എൽ. എച്ച്. കോളനി റോഡ് | 0.505 | 6-00 | ഗ്രാനൈററ് സോൾഡ് |
| 6. | പ്രിയദർശിനി റോഡ് | 1.305 | 6-00 | ടാർഡ് |
| 7. | പേങ്ങാട്ടുതറ ഹരിജൻ കോളനി റോഡ് | 0.295 | 4-50 | ടാർ റോഡ് |
| 8. | മാളിയേക്കൽ ഹരിജൻ കോളനി റോഡ് | 0.750 | 6-00 | ഗ്രാനൈററ് മെററൽഡ് |
| 9. | വീട്ടിപറമ്പിൽ റോഡ് | 0.120 | 4-00 | ഗ്രാവൽഡ് |
| 10. | കർണ്ണാക്കിൽ പള്ളി റോഡ് | 0.270 | 6-00 | ടാർഡ് |
| 11. | വി. കെ. അബൂബക്കർ റോഡ് | 0.910 | 4-50 | ലാററററ് സോൾഡ് |
| 12. | രാജീവ് ഗാന്ധി റോഡ് | 1.060 | 6-00 | ടാർഡ് |
| 13. | പി. ഉമ്മർ മാസ്ററർ റോഡ് | 0.790 | 3-50 | ടാർഡ് |
| 14. | നായാടിത്തറ കോളനി റോഡ് | 0.280 | 3-50 | എർത്തേൺ |
| 15. | പറയങ്ങാട് പള്ളി റോഡ് | 1.050 | 6-00 | ലാററററ് സോൾഡ് |
| 16. | ഇടിയാട്ടയിൽ താഴം റോഡ് | 1.045 | 6-00 | ടാർ റോഡ് 0.825<br>എർത്തേൺ 0.220 |
| 17. | എ. ടി. കാദർ റോഡ് | 0.830 | 6-00 | ടാർഡ് |
| 18. | എ. കെ. കുഞ്ഞഹമ്മദ് റോഡ് | 0.980 | 6-00 | ഗ്രാനൈററ് മെററൽഡ് |
| 19. | പാലത്തിങ്കൽ റോഡ് | 0.685 | 6-00 | ഗ്രാവൽഡ് |
| 20. | എം. ജി. റോഡ് (മഹാത്മാ ഗാന്ധി റോഡ്) | 0.455 | 6-00 | ടാർഡ് |
| 21. | കൊച്ചന്നൂർ - കരിച്ചാൽ റോഡ് | 0.750 | 4-50 | എർത്തേൺ റോഡ് |
| 22. | തെക്കൽ തിരുത്തുമ്മൽ റോഡ് | 0.485 | 4-00 | ലേററററ് സോൾഡ് |
| 23. | വട്ടം പാടം - വാണിയപറമ്പ് റോഡ് | 0.405 | 6-00 | ഗ്രാനൈററ് സോൾഡ് |
| 24. | ടി. ടി. ഫ്രാൻസിസ് റോഡ് | 1.150 | 8-00 | ടാർഡ് |
| 25. | പട്ടാളം റോഡ് | 0.200 | 6-00 | പാററററ് സോൾഡ് |
| 26. | പത്മനാഭപുരം ടെമ്പിൾ റോഡ് | 0.455 | 6-00 | ഗ്രാവൽ റോഡ് |
| 27. | പോസ്ററാഫീസ് റോഡ് | 0.865 | 5-00 | ലാററററ് സോൾഡ് |
| 28. | മൃഗാസ്പത്രി റോഡ് | 0.380 | 4.50 | ഗ്രാവൽഡ് |
| 29. | കെ. ബാലകൃഷ്ണൻ റോഡ് | 0.540 | 4.50 | ഗ്രാനൈററ് മെററൽ 400 എം.<br>എർത്തൺ 140 എം. |
| 30. | വാളങ്ങാട്ടിൽ റോഡ് | 0.590 | 5-00 | ലാററററ് സോൾ റോഡ് |
| 31. | കരുവാൻ പറമ്പ് ഒ. എൽ. എച്ച്. കോളനി റോഡ് | 0.130 | 5-00 | എർത്തേൺ |
| 32. | അഞ്ഞൂർ - ചക്കിത്തറ റോഡ് | 1.100 | 6-00 | ഗ്രാനൈററ് സോൾഡ് |
| 33. | തൊഴിയൂർ ഹൈസ്ക്കൂൾ റോഡ് | 0.325 | 3-60 | എർത്തേൺ |
| 34. | എ. കെ. ജി. റോഡ് | 0.575 | 6-00 | ടാർഡ് |

| | | | | |
|---|---|---|---|---|
| 35. | വൈലത്തൂർ യു. പി. സ്ക്കൂൾ റോഡ് | 0.600 | 3-60 | എർത്തേൺ |
| 36. | വൈദ്യർ റോഡ് | 0.625 | 3-50 | ഗ്രാവൽഡ് |
| 37. | അംബേദ്ക്കർ റോഡ് | 0.870 | 5-00 | ടാർഡ് |
| 38. | വേളൂർ പറമ്പ് - മാങ്കിയത്ത് പറമ്പ് റോഡ് | 0.580 | 3-50 | എർത്തേൺ |
| 39. | പൈച്ചാക്കൽ റോഡ് | 0.180 | 3-50 | ഗ്രാവൽഡ് |
| 40. | വൈലത്തൂർ - പനാമ റോഡ് | 0.465 | 6-00 | ഗ്രനൈററ് സോൾഡ് |
| 41. | കൊടമന നാരായണൻ നായർ റോഡ് | 0.820 | 6-00 | ടാർഡ് |
| 42. | കാമരാജ് റോഡ് | 1.035 | 6-00 | ടാർഡ് |
| 43. | ഇന്ദിരാഗാന്ധി റോഡ് | 3.550 | 8-00, 6-00 | ടാർഡ് |
| 44. | അബ്ദുൾ കലാം ആസാദ് റോഡ് | 2.275 | 6-00 | ടാർഡ് |
| 45. | മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബ് റോഡ് | 1.600 | 8-00 | ടാർഡ് |
| 46. | ജവഹർ ലാൽ നെഹ്റുജി റോഡ് | 0.580 | 6-00 | ടാർഡ് |
| 47. | ചുള്ളിയിൽ പറമ്പ് ലക്ഷം വീട് റോഡ് | 0.860 | 5-00 | ഗ്രാവൽഡ് |
| 48. | ഫക്രുദീൻ അലി അഹമ്മദ് റോഡ് | 0.925 | 6-00 | ഗ്രാനൈററ് മെററൽഡ് |
| 49. | അരിമ്പുരയിൽ പടി - തോണിക്കടവ് റോഡ് | 0.480 | 3-50 | എർത്തേൺ |

# പാർപ്പിടം

മനുഷ്യൻെറ അടിസ്ഥാനാവശ്യങ്ങളിൽ പ്രധാനമായ ഒന്നാണല്ലോ പാർപ്പിടം. വീട് എന്ന ഒരു സ്വപ്നം ഏതൊരാൾക്കുമുണ്ടാകും. കൂട്ടു കുടംബവ്യവസ്ഥയിൽ ഒരു വീട്ടിൽ കുറെ അംഗങ്ങൾ ഉണ്ടായിരുന്നു. ഈ വ്യവസ്ഥ തകരുകയും 'ക്യാപ്സൂൾ കുടുംബങ്ങൾ' ആവിർഭവിക്കുകയും ചെയ്തപ്പോൾ നമ്മുടെ പ്രദേശത്തും വീടുകൾ പെരുകിവന്നു. മുൻപ്, പ്രാദേശികമായി ലഭ്യമായിരുന്ന കളിമണ്ണും മരങ്ങളും ഉപയോഗിച്ചാണ് നമ്മുടെ പ്രദേശത്തും ആളുകൾ വീടു പണിതിരുന്നത്. നഗരങ്ങളിൽ നിന്നും കോൺക്രീററു വീടുകൾ ഗ്രാമങ്ങളിലേക്കും വന്നു ചേർന്ന കാലത്തുതന്നെ നമ്മുടെ പ്രദേശത്തും അവ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. എഴുപതുകളിലാണ് കോൺക്രീററു വീടുകളുടെ വ്യാപനം നമ്മുടെ പ്രദേശത്തുണ്ടായിട്ടുള്ളത്. ഇന്ന് വീട് എന്നത് വസിക്കാനുള്ള ഇടം മാത്രമല്ല. സമൂഹത്തിലെ സാമ്പത്തിക നിലയുടേയും ആഡംബരത്തിൻെറയുമെല്ലാം പ്രതീകങ്ങളായി വീടുകൾ വളരുന്നു. ദരിദ്രൻെറ വീടുകൾ, ഇടത്തരക്കാരുടെ വീടുകൾ, സമ്പന്നരുടെ വീടുകൾ എല്ലാം ഇന്നു പ്രത്യക്ഷത്തിൽത്തന്നെ അവയുടെ ബാഹ്യരൂപങ്ങൾകൊണ്ട് ബോധ്യമാവുന്നു. പ്രാദേശികമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് ശാസ്ത്രീയമായും മനോഹരമായും ഭവനങ്ങൾ നിർമ്മിക്കുന്ന പുതിയ രീതികൾ സ്വീകരിക്കേണ്ടത് ഇന്നത്തെ ആവശ്യമായി വന്നിരിക്കയാണ്.

വടക്കേകാട് പഞ്ചായത്തിൽ ആകെ 4568 വീടുകളാണുള്ളത്. ഇതിൽ 1800 വീടുകൾ വലുതും ചെറുതുമായ കോൺക്രീററു ഭവനങ്ങളാണ്. 1400 വീടുകൾ ഓടുമേഞ്ഞവയും 1300-വീടുകൾ ഓലമേഞ്ഞതും 150 വീടുകൾ ചെററക്കുടിലുകളുമാണ്.

ലക്ഷം വീടു കോളനികൾ അഞ്ചെണ്ണവും മററു രണ്ടു കോളനികളും (പഞ്ചായത്തു ഭൂമി നല്കി ഉപഭോക്താക്കൾ സ്വന്തം നിലയിൽ നിർമ്മിച്ചത്) ഈ പഞ്ചായത്തിലുണ്ട്. കോളനികളിലെ പല വീടുകളും കാലപ്പഴക്കം ചെന്ന് താമസ യോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. ചക്കിത്തറയിൽ 25 ചെററക്കുടിലുകളുള്ള ഒരു മിച്ചഭൂമി കോളനിയുണ്ട്. പത്തു സെൻറ് ഭൂമി വിതരണം ചെയ്ത കാലഘട്ടത്തിൽ ഒരു കുടുംബമായിരുന്നുവെങ്കിൽ ഇന്ന് അവയിലെ അംഗസംഖ്യ കൂടി. കൂട്ടുകുടുംബം എന്നത് പ്രായോഗികമല്ലാത്ത സ്ഥിതിയിൽ പത്തുസെൻറിൽത്തന്നെ രണ്ടും മൂന്നും കുടിലുകൾ കെട്ടി താമസിക്കുന്നവരുണ്ട്. സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന എല്ലാ വിഭാഗത്തിലും പെട്ട കുറെ കുടുംബങ്ങൾ മൺഭിത്തിയുള്ള കാലപ്പഴക്കം ചെന്ന വീടുകളിൽ താമസിക്കുന്നുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവരും വീടില്ലാത്തവരുമായ കുറെയാളുകൾ ഇവിടെയുണ്ട്. കുടിൽ കെട്ടി താമസിക്കുന്നവർ എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്നു. ഇവിടെ ഭവന നിർമ്മാണ സഹ കരണ സംഘങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

ഇവിടെ കൃഷി ചെയ്തു ജീവിക്കുന്നവർ കുറവാണ്. ഗൾഫുനാടുകളിൽ ജോലിചെയ്യുന്ന നിരവധിയാളുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ സമ്പാദ്യത്തിൻെറ നല്ലൊരു പങ്ക് വീടുകൾ നിർമ്മിക്കുന്നതിനാണ് ചെലവഴിക്കുന്നത്. കെട്ടിട നിർമ്മാണ സാമഗ്രികൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന യൂണിററുകൾ ഇല്ല. കെട്ടിടനിർമ്മാണത്തിന് നല്ലൊരു ശതമാനം തൊഴിലാളികൾ തമിഴ്നാട്ടിൽ നിന്നുള്ളവരാണ്. കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് പുരുഷന്മാർക്ക് 120 രൂപയും സ്ത്രീകൾക്ക് 70 രൂപയുമാണ് കൂലി ലഭിച്ചു വരുന്നത്. പഴയ വീടുകൾ പൊളിച്ചു മാററി പുതിയവ പണിയുന്നവരും പാടങ്ങൾ നികത്തി വീടുപണിയുന്നവരും ഇവിടെയുണ്ട്. പാടങ്ങൾക്കു വില ആപേക്ഷികമായി കുറവായതിനാലാണ് ഇങ്ങിനെ ചെയ്യുന്നത്. വലിയ അകലമില്ലാത്ത നിലയിലാണ് വീടുകൾ നില്ക്കുന്നത്. വീടുകൾ ഇല്ലാത്ത പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ കുറവാണെങ്കിലും ഉണ്ടെന്നു പറയാം.

### പ്രശ്നങ്ങൾ

1. ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനു സ്ഥലം കൊടുക്കുന്ന പദ്ധതി ഫലപ്രദമായി നടക്കുന്നില്ല.

2. അവശ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ വായ്പക്കു അപേക്ഷിച്ച ധാരാളം പേർക്ക് വായ്പ കിട്ടേണ്ടതുണ്ട്.

3. കെട്ടിട നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ വിലവർദ്ധനവ്, വേണ്ട സമയത്ത് സാധനങ്ങൾ കിട്ടാത്ത അവസ്ഥ എന്നിവ നിലനില്ക്കുന്നു.

4. നിർമ്മാണത്തൊഴിലാളികളെ ആവശ്യത്തിനു കിട്ടാനില്ല.

5. സ്ഥിരവരുമാനമില്ലാത്തവർക്ക് വീടു നിർമ്മാണം ഒരു സ്വപ്നമായി അവശേഷിക്കുന്നു.

6. ഈ പഞ്ചായത്തിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന വീടുകൾ ശാസ്ത്രീയമാണെന്നു പറയാൻ കഴിയില്ല.

## നിർദ്ദേശങ്ങൾ

1. രണ്ട് ഏക്കറിൽ കുറയാത്ത സ്ഥലമോ, പാടശേഖരമോ പഞ്ചായത്തടിസ്ഥാനത്തിൽ വിലക്കെടുത്ത് വീടില്ലുള്ളവർക്ക് വീടുണ്ടാക്കാനുള്ള പദ്ധതികളുണ്ടാക്കുക.

2. പുതിയ കോളനികൾക്കു സ്ഥലം കണ്ടെത്തുക.

3. കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിനു കിട്ടുന്നതിന്നും അമിത വില ഒഴിവാക്കുന്നതിന്നും വേണ്ടി ഇവ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാനാവശ്യമായ യൂണിററുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക.

4. ചിലവു കുറഞ്ഞ വീടുകൾ പ്രോത്സാഹിപ്പിക്കുകയും ഇവ ഉണ്ടാക്കുന്നതിനുള്ള പരിശീലന പരിപാടികൾ നിർമ്മിതി കേന്ദ്രം, കോസ്ററ് ഫോർഡ് എന്നിവയുമായി ബന്ധപ്പെട്ടു നടത്തുക.

5. നിർമ്മിതി കേന്ദ്രത്തിൻെറ ശാഖ പഞ്ചായത്തിൽ ആരംഭിക്കുക.

6. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും വീടു റിപ്പയർ ചെയ്യാനുള്ള സഹായം നല്കുകയും ചെയ്യുക.

7. ചാവക്കാട് താലൂക്ക് ഹൗസിംഗ് സൊസൈററിയുടെ ശാഖ വടക്കേകാട് പഞ്ചായത്തിൽ ആരംഭിക്കുക.

8. ലക്ഷം വീടുകോളനികൾ കാലാനുസൃതമായി പുനരുദ്ധരിക്കാനും അററകുററ പണികൾ നടത്താനും പദ്ധതികൾ ഉണ്ടാക്കുക. കോളനിയിലെ ഇരട്ടവീടുകൾ ഒററവീടാക്കാനുള്ള സംവിധാനം കാര്യക്ഷമമായി നടപ്പാക്കുക. വീടുകൾക്ക് കക്കൂസും, വൈദ്യുതി സൗകര്യവും ഉണ്ടാക്കുക.

9. ചെററക്കുടിലുകൾ മാററി ഉറപ്പുള്ള വീടുണ്ടാക്കിക്കൊടുക്കുക.

10. ഭവന നിർമ്മാണ വായ്പയുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

11. ആഡംബര വീടു നിർമ്മാണത്തെ നിരുത്സാഹപ്പെടുത്തുക.

12. പഞ്ചായത്തിലെ വീട്ടുനികുതികൾ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുക.

13. മൺഭിത്തിയുള്ള കാലപ്പഴക്കം ചെന്ന സാമ്പത്തികശേഷിയില്ലാത്തവരുടെ വാസയോഗ്യമല്ലാത്ത വീടുകൾ മാററിപ്പണിയാൻ പദ്ധതി ഏർപ്പെടുത്തുക.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോഴും നിലവിലുള്ളവ പുതുക്കി പണിയുകയോ വിപുലീകരിക്കുകയോ ഭേദഗതി ചെയ്യുമ്പോഴോ റോഡതിർത്തിയിൽ നിന്ന് 3 മീററർ വിട്ട് പണിയുക.

### വിവിധ വാർഡുകളിലെ വീടുകളുടെ കണക്ക് (വാർഡു വിഭജനത്തിനുമുമ്പ് 1994-95)

| വാർഡ് | ഓല മേഞ്ഞ വീടുകൾ | ഓട് / വാർപ്പ് വീടുകൾ | ആകെ |
|---|---|---|---|
| 1 | 28 | 289 | 317 |
| 2 | 255 | 530 | 785 |
| 3 | 116 | 356 | 472 |
| 4 | 124 | 283 | 407 |
| 5 | 118 | 296 | 414 |
| 6 | 160 | 348 | 508 |
| 7 | 247 | 364 | 611 |
| 8 | 108 | 291 | 399 |
| 9 | 109 | 248 | 357 |
| 10 | 106 | 192 | 298 |
| ആകെ | 1371 | 2229 | 3600 |

## സാമൂഹ്യക്ഷേമം

സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ നിലവാരം ഉയർത്തുന്നതിന്നു വേണ്ടിയുള്ള വിവിധ പദ്ധതികൾക്കു സ്വാതന്ത്ര്യത്തിനു ശേഷമുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകൾ രൂപം നല്കിയിട്ടുണ്ട്. സ്ത്രീകളുടെയും, കുട്ടികളുടേയും ജീവിതാഭിവൃദ്ധിക്കു വേണ്ടിയും കർഷകത്തൊഴിലാളികൾ, വികലാംഗർ, വിധവകൾ, വൃദ്ധരായ അവശർ ഇങ്ങനെയുള്ളവരുടെയെല്ലാം പരിമിതമായ ജീവിതാവശ്യങ്ങൾ നിവർത്തിക്കുവാനും, വിവിധ പെൻഷനുകളും നിലനില്ക്കുന്നു.

എന്നാൽ ഈ പദ്ധതികളും പ്രവർത്തനങ്ങളുമൊന്നും യഥാർത്ഥത്തിൽ ഫലപ്രാപ്തിയിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട സമയമായിരിക്കുന്നു. ദാരിദ്ര്യംകൊണ്ട് ദുരിതങ്ങളനുഭവിക്കുന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ട വ്യക്തികളും കുടുംബങ്ങളും വ്യാപകമായ നമ്മുടെ സമൂഹത്തിൽ നിലനില്ക്കുന്നു എന്നത് ദുഃഖകരമായ യാഥാർത്ഥ്യമാണ്. നമ്മുടെ പഞ്ചായത്തിലും ദാരിദ്ര്യവും അവശതയുമെല്ലാം ഭേദമാകാത്ത ഒരു സാമൂഹ്യരോഗമായിത്തന്നെ ഒരു വിഭാഗം ജനങ്ങളിൽ നിലനില്ക്കുകയാണ്.

ഗ്രാമീണ ജനതയുടെ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതിയാണല്ലോ ഐ. ആർ. ഡി. പി. ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളെയാണ് ഈ ലിസ്ററിൽ ഉൾപ്പെടുത്തുന്നത്. വടക്കേകാട് പഞ്ചായത്തിൽ 1703 കുടുംബങ്ങളാണ് ഐ. ആർ. ഡി. പി. ലിസ്ററിൽ ഉള്ളത്. ഇതിൽ 391 കുടുംബങ്ങൾ പട്ടിക ജാതിയിൽപ്പെടുന്നു. 1992 മുതൽ ഇതുവരെ സഹായം കിട്ടിയവരായി 144. കുടുംബങ്ങളാണ് ആകെയുള്ളത്. ഇവയിൽ 78 കുടുംബങ്ങൾ പട്ടിക ജാതിയിൽപ്പെട്ടതാണ്. ഈ ലിസ്ററിൽ ഉൾപ്പെടേണ്ട മുഴുവൻ കുടുംബങ്ങളും ഉൾപ്പെട്ടിട്ടില്ല. ജെ. ആർ. വൈ. പദ്ധതിപ്രകാരം 1989-90 മുതൽ 1995-96 വരെ പട്ടിക ജാതി വിഭാഗക്കാർക്കായി 41 വീടുകൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ബ്ലോക്കു മുഖേന 1992 മുതൽ 6 കക്കൂസുകളും 79 വീടുകളുമാണ് പട്ടിക ജാതിക്കാർക്കായി നിർമ്മിച്ചിട്ടുള്ളത്. അൺടൈഡ് ഫണ്ടുപയോഗിച്ച് 1990-91 വർഷത്തിൽ പട്ടിക ജാതിക്കാരുടെ 104 വീടുകളിൽ വയറിംഗ് ചെയ്തിട്ടുണ്ട്. പിന്നീട് ഈ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല.

വടക്കേകാട് പഞ്ചായത്തിൽ വിധവാ പെൻഷൻ ലഭിക്കുന്നവർ 77 പേരും വാർദ്ധക്യകാലപെൻഷൻ ലഭിക്കുന്നവർ 28 പേരും കർഷകത്തൊഴിലാളിപെൻഷൻ ലഭിക്കുന്നവർ 209 പേരുമാകുന്നു. ഇവിടെ അംഗവൈകല്യം സംഭവിച്ചിട്ടുള്ളവരായി 174 പേരാണ് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 30 പേർക്കു മാത്രമാണ് സഹായം ലഭിക്കുന്നത്.

പഞ്ചായത്തിൽ 18 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഒന്നാം വാർഡിലൊഴികെ എല്ലാ വാർഡുകളിലും ഒന്നോ രണ്ടോ അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഭൗതിക ചുററുപാടുകൾ തൃപ്തികരമല്ല. വിവിധ അങ്കണവാടികളിലായി 400 കുട്ടികൾ ഉണ്ട്. ഈ പഞ്ചായത്തിൽ മഹിളാ സമാജങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

വടക്കേകാട് പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനരംഗത്തെ ബാധിക്കുന്ന ഏതാനും പ്രശ്നങ്ങളും അവയുടെ പരിഹാരത്തിനായുള്ള ചില നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

### പ്രശ്നങ്ങൾ

1. സാമൂഹ്യക്ഷേമത്തിനായുള്ള നിലവിലുള്ള വിവിധ പദ്ധതികളുടെ അപര്യാപ്തത, പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്കു കിട്ടാതെവരിക, ആവശ്യത്തിനും സമയത്തിനും കിട്ടാതിരിക്കുക, സാങ്കേതിക നൂലാമാലകൾ ഇവയെല്ലാം ഈ രംഗത്തു തടസ്സങ്ങളായി നിലനില്ക്കുന്നു.

2. ഐ. ആർ. ഡി. പി. ലിസ്ററിൽ ഉൾപ്പെടുത്തേണ്ടവരായി ധാരാളം പേർ ഇനിയും ഇവിടെയുണ്ട്. നിലവിൽ ലിസ്ററിൽ ഉള്ളവരെ ഉൾപ്പെടുത്തി ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ഫലപ്രദമായി നടത്തുന്നില്ല. ഐ. ആർ. ഡി. പി. സഹായം കിട്ടിയതുകൊണ്ടു മാത്രം അങ്ങിനെയുള്ളവർ ദാരിദ്ര്യരേഖക്കു മുകളിൽ വന്നുവെന്നു കരുതാൻ കഴിയില്ല.

3. ഐ. ആർ. ഡി. പി. സഹായം കിട്ടുന്നവർ പലരും തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ഉപയോഗിക്കാതെ മററു പലതിനുവേണ്ടി ഉപയോഗിക്കുന്ന സ്ഥിതി നിലനില്ക്കുന്നു.

4. അർഹരായ മുഴുവൻ ആളുകൾക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിൻെറ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

5. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾക്കു വായ്പകൊടുക്കുന്നതിൽ ബാങ്കുകൾ ഗുരുതരമായ അലംഭാവം കാട്ടുന്നുണ്ട്.

6. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന പദ്ധതി (ഡി. ഡബ്ലിയു. സി. ആർ. എ.) ഈ പ്രദേശത്ത് ഫലപ്രദമായി പ്രവർത്തി

ക്കുന്നില്ല. ഒമ്പതാം വാർഡിൽ പത്തു സ്ത്രീകൾ പ ങ്കെടുത്തുകൊണ്ടുള്ള ഓലമെടയുകയും വില്പന നടത്തുകയും ചെയ്യുന്ന ഒരു യൂണിററുമാത്രമാണ് നിലവിലുള്ളത്. ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കുവേണ്ടത്ര അറിവില്ല. സ്ത്രീകൾ തൻേറടത്തോടെ ഇങ്ങിനെയുള്ള രംഗത്തേക്കു കടന്നു വരാൻ പല തടസ്സങ്ങളും നിലനില്ക്കുന്നുണ്ട്.

7. ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്കു കക്കൂസ് നിർമ്മിക്കാൻ സഹായം നല്കുന്ന പദ്ധതി (സി. ആർ. എസ്സ്. പി.) ഫലപ്രദമല്ല. ധനസഹായത്തിൻെറ പരിധി വർദ്ധിപ്പിക്കേണ്ടതുണ്ട്.

8. വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ തുടങ്ങിയവയുടെ പ്രവർത്തനം തൃപ്തികരമല്ല. അർഹരായ പലർക്കും കിട്ടുന്നില്ല. അർഹരല്ലാത്ത പലർക്കും ഇവ കിട്ടുന്നുമുണ്ട്. ജീവസന്ധാരണത്തിനു മാർഗ്ഗം കാണാതെ വിഷമിക്കുന്ന പലർക്കും പെൻഷൻ സമയത്തിനു കിട്ടുന്നില്ല.

9. സാമൂഹ്യക്ഷേമ പ്രവർത്തനരംഗം ഫലപ്രദമാക്കാനുള്ള അങ്കണവാടികൾ പഞ്ചായത്തിൽ 18 എണ്ണം ഉണ്ടെങ്കിലും അവയുടെ നില ഭദ്രമല്ല. പലതും വാടക കെട്ടിടത്തിലാണ്. പലതും ചെററക്കുടിലുകളുമാണ് കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകളുടെ കുറവ്, മൂത്രപ്പുര, കക്കൂസ്, മുതലയാവയുടെ അഭാവം, കുട്ടികൾക്ക് എളുപ്പം എത്താവുന്നിടത്തല്ല, അങ്കണവാടികൾ നിലനില്ക്കുന്നത് എന്ന് പ്രശ്നം ഇവയെല്ലാം നിലനില്ക്കുന്നു.

10. കർഷകത്തൊഴിലാളി ക്ഷേമനിധി, കെട്ടിടത്തൊഴിലാളിക്ഷേമനിധി, കൈത്തൊഴിലാളി - വിദഗ്ദ തൊഴിലാളി ക്ഷേമനിധി - മത്സ്യത്തൊഴിലാളി ക്ഷേമനിധി ഇവയെല്ലാം നിലവിലുണ്ടെങ്കിലും ഇവയുടെ പരിധിയിലേക്ക് ഗുണഭോക്താക്കളെ മുഴുവൻ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഇവയുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല.

11. പൊതു വിതരണം കാര്യക്ഷമമല്ല. റേഷൻ കടകളിലൂടെ വിതരണം ചെയ്യാവുന്ന മുഴുവൻ സാധനങ്ങളും വിതരണം ചെയ്യപ്പെടുന്നില്ല. റേഷൻ കടകളിൽ നല്ലയിനം അരി മറിച്ചു വില്ക്കുന്നു എന്ന പരാതി നിലനില്ക്കുന്നുണ്ട്. വില കുറഞ്ഞ അരിക്കും വിലകൂട്ടി വാങ്ങുന്നു എന്നതും ഒരു പരാതിയാണ്.

12. വയറിംഗ് ചെയ്ത പട്ടിക ജാതി ഭവനങ്ങൾ മുഴുവൻ വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രോപ്പർട്ടി ക്രോസിംഗ് പ്രശ്നം തടസ്സമായി നിലനില്ക്കുന്നു.

## നിർദ്ദേശങ്ങൾ

1. ദാരിദ്ര്യരേഖ എന്ന സങ്കല്പത്തിൻെറ സാമ്പത്തിക പരിധി വർദ്ധിപ്പിക്കേണ്ടതുണ്ട്. പതിനൊന്നായിരം രൂപ വാർഷിക വരുമാനം ഉള്ള കുടുംബം ദാരിദ്ര്യരേഖയ്ക്കു മുകളിലാണ് എന്നത് കേരളത്തെസ്സംബന്ധിച്ച് അപ്രസക്തമാണ്. ഇത് പ്രാദേശികമായി കണക്കാക്കേണ്ടിയിരിക്കുന്നു.

2. ദാരിദ്ര്യ നിർമ്മാർജ്ജനം ശാസ്ത്രീയമായി നടപ്പാക്കാൻ ആലോചിക്കേണ്ടതുണ്ട്. സംസ്ഥാന, ജില്ലാ, പ്രാദേശിക സഹകരണ ബാങ്കുകൾ വഴിയും സർക്കാർ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

3. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്താൻ കാലദൈർഘ്യമില്ലാതെ സർവ്വേകൾ നടത്തുക.

4. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായുള്ള നിലവിലുള്ള പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

5. യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനത്തിനായുള്ള ട്രൈസം പദ്ധതിയിലൂടെ ചുരുക്കമാളുകൾക്കാണ് പരിശീലനം കിട്ടുന്നത്. പരിശീലനം നേടിയവർക്ക് തൊഴിൽ കണ്ടെത്താൻ സാമ്പത്തിക സഹായം നല്കേണ്ടിയിരിക്കുന്നു. പ്രാദേശികമായി സാധ്യതയുള്ള തൊഴിലുകളിൽ ഫലപ്രദമായി പരിശീലനം കൊടുക്കുക.

6. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ, വാർദ്ധക്യ കാലപെൻഷൻ ഇവയുടെ ഗുണഭോക്താക്കളെ കണ്ടെത്താൻ ശരിയായ സംവിധാനമുണ്ടാക്കണം. കാലതാമസം കൂടാതെ പെൻഷനുകൾ പഞ്ചായത്തു മുഖേന വിതരണം ചെയ്യണം.

7. അങ്കണവാടികൾ : അങ്കണവാടികളുടെ കെട്ടിടങ്ങൾ നല്ലനിലയിലല്ല. കുട്ടികൾക്ക് സന്തോഷകരമായ ഒരന്തരീക്ഷം അങ്കണവാടികളിൽ ഇല്ല എന്നത് ആ സങ്കല്പത്തെ തന്നെ ബാധിക്കുന്നു. കെട്ടിടങ്ങൾ ഉറപ്പോടെ ഉണ്ടാക്കാൻ സംവിധാനമുണ്ടാവണം. കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ മററുപകരണങ്ങൾ, കക്കൂസ്, മൂത്രപ്പുര മുതലായ സൗകര്യങ്ങൾ ഇവ അങ്കണവാടികൾക്ക് ലഭ്യമാക്കണം. അങ്കണവാടികൾക്ക് കെട്ടിടമുണ്ടാക്കാൻ നല്കുന്ന ധനസഹായം പോലെ സ്ഥലം വാങ്ങാനും നല്കണം. 1000 പേർക്ക് ഒരു അങ്കണവാടികയെന്ന ഐ. സി. ഡി. എസ്. ൻെറ ലക്ഷ്യം ഫലപ്രദമാക്കേണ്ടതുണ്ട്.

**8. ക്ഷേമനിധികൾ : കർഷകത്തൊഴിലാളി ക്ഷേമനിധി, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, മത്സ്യത്തൊഴിലാളി ക്ഷേമനിധി, കൈത്തൊഴിലാളി - വിദഗ്ദ തൊഴിലാളി ക്ഷേമനിധി ഇവയുടെ ഗുണാഭോക്താക്കളാവേണ്ട മുഴുവൻ ആളുകളേയും സർവ്വേ നടത്തിക്കൊണ്ടുതന്നെ ഇവയുടെ പരിധിയിലേക്കു കൊണ്ടുവരാനുള്ള പ്രവർത്തനം നടത്തണം.**

**9. പൊതുവിതരണം : ഓരോ വാർഡിലെയും ജനങ്ങളുടെ സൗകര്യം കണക്കിലെടുത്തുകൊണ്ട് റേഷൻഷാപ്പുകൾ പുനിർ നിർണ്ണയം ചെയ്യേണ്ടതുണ്ട്. റേഷൻ സംബന്ധിച്ച അപേക്ഷകൾ പഞ്ചായത്തു തലത്തിൽ കൈകാര്യം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. ഈ പഞ്ചായത്തിൽ ഒരു മാവേലി സ്റേറാർ അനുവദിക്കണം. റേഷൻ ഷാപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.**

**10. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം ആവശ്യമാണ്.**

**11. മഹിളാ സമാജങ്ങൾ രൂപീകരിക്കാൻ പഞ്ചായത്തു മുൻകൈയെടുക്കണം.**

**12. അങ്കണവാടികളിൽ കുട്ടികൾക്കായുള്ള ഉച്ചവ**രെയുള്ള പ്രവർത്തനം കഴിഞ്ഞാൽ, ഉച്ചതിരിഞ്ഞ് 2 മണി മുതൽ 5 മണി വരെ സ്ത്രീകൾക്ക് ഒത്തുകൂടാനും അതാതുപ്രദേശത്തെ സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിൽ പരിശീലനങ്ങളും പഠന ക്ലാസ്സുകളും എന്നും നടത്താൻ പഞ്ചായത്ത് മുൻകൈയെടുത്ത് പ്രവർത്തിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമം എന്നത് ഏതെങ്കിലും മേഖലകളിൽ നിന്നും ദാനമായി വന്നു ചേരുന്നതല്ല. ജനങ്ങളുടെ അവകാശബോധത്തിന്റെ കരുത്തിലൂടെയും ആവശ്യങ്ങളുടെ പൂർത്തീകരണത്തിനായുള്ള നിരന്തരമായ പ്രവർത്തനങ്ങളിലൂടെയും നേടിയെടുക്കേണ്ട ഒരു സാമൂഹ്യനിലതന്നെയാണത്. ജനങ്ങളെ ബോധവാന്മാരാക്കിക്കൊണ്ടും ഈ രംഗത്തെ ചൂഷണങ്ങളെ ചെറുത്തുകൊണ്ടും ജനകീയമായ കൂട്ടായ്മയിലൂടെയും സമൂഹത്തിലെ ദാരിദ്ര്യം, ദുരിതങ്ങൾ, അവശതകൾ എന്നീ സാമൂഹ്യരോഗങ്ങളെ എതിർത്തു പരാജയപ്പെടുത്തേണ്ടിയിരിക്കുന്നു. അങ്ങിനെ ഐശ്വരസമ്പൂർണ്ണമായ ഒരു സാമൂഹ്യ ജീവിതത്തിനായി നമുക്കു കൂട്ടായി പ്രയത്നിക്കാം.

# സംസ്കാരം

## സംസ്കാരം അവസ്ഥയും ആവശ്യകതയും

സാഹിത്യ സാംസ്കാരിക രംഗത്ത് കേരളം എന്നു കാതോർത്തിരുന്ന വന്നേരിനാടിൻെറ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന വടക്കേകാട് ഗ്രാമം. സാഹിത്യസാംസ്കാരിക കൂട്ടായ്മ വളർത്തുന്ന സംഘടനകളോ കേന്ദ്രങ്ങളോ ഇല്ലായിരുന്നു എങ്കിലും ഏറെ സംസ്കാരിക ഉള്ളറകൾ ഈ ഗ്രാമത്തിനുണ്ട്. തെക്കൻ കാശി എന്നറിയപ്പെടുന്ന മണികണ്ഠേശ്വരം ക്ഷേത്രം. ഈ ക്ഷേത്ര പരിസരത്തുള്ള തൻെറ ഭാര്യാഗൃഹത്തിൽ കേരളത്തിൻെറ മഹാകവി ശ്രീ. വള്ളത്തോൾ ഒരു വ്യാഴവട്ടത്തിലേറെ കാലം താമസിച്ചിരുന്നു. ഒരു കാലഘട്ടത്തിൻെറ കഥപറയുന്ന ചരിത്രംസൃഷ്ടിച്ച 'പാട്ടബാക്കി' എന്ന നാടകത്തിന് അരങ്ങും അണിയറയും ഒരുങ്ങിയത് വൈലത്തൂർ 'കടലായിമന' ആയിരുന്നു. 1937- ൽ പഴയ പൊന്നാനി താലൂക്കിലെ കാർഷികസമ്മേളനം കുരഞ്ഞിയൂരിൽ നടക്കുന്ന വേളയിൽ കൊഴുപ്പ് കൂട്ടുന്നതിനുവേണ്ടിയായിരുന്നു പ്രസ്തുത നാടകം രൂപംകൊണ്ടത്.

അഭിനയമികവിന് നാട്യശാസ്ത്രകർത്താവ് ഭരതമുനിയുടെ പേരിലുള്ള അവാർഡ് കൈപ്പറ്റിയ ശ്രീഭരത് പ്രേംജിയും. പാലിയം സത്യാഗ്രഹത്തിൽ പങ്കെടുത്ത ശ്രീമതി. പ്രിയം ദത്തയും. ജനിച്ചുവളർന്ന വടക്കേകാട് വൈലേരിപീടികക്കടുത്തുള്ള മുല്ലമംഗലം മന. പ്രസ്തുത മനയിലേക്കായിരുന്നു വിധവാവിവാഹത്തിലൂടെ കേരളത്തിൻെറ സാമൂഹ്യരംഗത്ത് വിപ്ലവം സൃഷ്ടിച്ചുകൊണ്ട് ശ്രീമതി ആര്യാഅന്തർജനം എം ആർ. ജിയുടെ ഭാര്യയായി കടന്നുവന്നത്

പ്രമുഖ മാർകിസ്ററ് സൈദ്ധാന്തികൻ ശ്രീ. സി. ഉണ്ണിരാജയുടെ അടിവേരുകളും വടക്കേ കാട് ഗ്രാമത്തിലാണ്.

തിരകളും പൂതനും കാളിയും ഉറഞ്ഞുതുള്ളുന്ന കപ്ലേങ്ങാട്, കോമരങ്ങൾ ആടിത്തിമർക്കുന്ന ഭഗവതിക്കാവുകൾ പൂരക്കാവടികൾ, പൂരക്കളികൾ തനതുകലാ രൂപങ്ങൾ ഇന്നും തനിമയോടെ കാത്തുസൂക്ഷിക്കുന്ന പന്തിരുകുലത്തിലെ പാക്കനാരുടെ പിൻതലമുറക്കാരായ പറയ സമൂഹം കന്നുപൂട്ടലിലൂടെയും കൊയ്തുമറിക്കലിലൂടെയും കുത്തിപുഴുങ്ങലിലൂടെയും കാർഷികോത്സവങ്ങളുടെ ഉൾതുടിപ്പുകൾ നെഞ്ചിലേറ്റിപുളകം കൊണ്ടിരുന്ന വടക്കേകാട് ഗ്രാമം!

ആ പൈതൃകം അനുസ്യൂതം തുടരുവാൻ നമ്മുക്ക് കഴിഞ്ഞുവോ?

ഇന്ന് വടക്കേകൊടിൻെര അവസ്ഥയെന്താണ്? സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ നന്നെ വിരളം. ചലനങ്ങൾസൃഷ്ടിച്ചിരുന്ന ഗ്രാമവേദിക്കും മറ്റും നിഷ്ക്രയത്വം ബാധിച്ചിരിക്കുന്നു. സാഹിത്യസംസ്കാരിക രംഗത്ത് കൂട്ടായ്മ വളർത്തുന്നതിനോ, പ്രോത്സാഹിപ്പിക്കുന്നതിനോ ഉതകുന്ന ഒരൊറ്റ സംഘടനയോ കേന്ദ്രമോ ഇന്ന് നമ്മുടെ ഗ്രാമത്തിൽ ഇല്ലെന്നുള്ളത് വളരെ ഖേദകരമാണ്. ഒന്നോ രണ്ടോ വായനശാലകൾ തപ്പി നോക്കിയാൽ കണ്ടെങ്കിലായി എന്നതാണ് അവസ്ഥ. സി. ആർ. നായർ കേരള സന്താനം ഭട്ടതിരി തുടങ്ങിയ മഹാരഥൻമാർ മുൻകൈയെടുത്ത് നടത്തിയിരുന്ന ഒരുവായനശാല (ജയ് ഹിന്ദ്) ദശാബ്ദങ്ങൾക്ക് മുന്നേ ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു എന്നറിയുമ്പോളാണ് ഈ ദുരവസ്ഥയുടെ തീക്ഷ്ണത നമുക്ക് വ്യക്തമാകുക. അതുകൊണ്ടുതന്നെയാണ് എല്ലാ ഗ്രാമസഭാറിപ്പോർട്ടുകളും വായനശാലയും, സംസ്കാരിക ക്രേന്ദവും അടിയന്തിരമായി തങ്ങളുടെ ഗ്രാമത്തിൽ തുടങ്ങണമെന്ന് ആവശ്യപ്പെടുന്നത്. തികച്ചും ആസുത്രിതമായ ഒരിടപെടൽ സാംസ്കാരിക രംഗത്ത് അടിയന്തിരമായി നടത്തിയേ പറ്റൂ.

### പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വരുത്തുന്ന പത്രങ്ങൾ

| നമ്പർ | പത്രത്തിൻെറ പേര് | എണ്ണം |
|---|---|---|
| 1 | മാത്രൃഭൂമി | 500 |
| 2 | മലയാള മനോരമ | 1000 |
| 3 | മാധ്യമം | 250 |
| 4 | ദേശാഭിമാനി | 100 |
| 5 | ചന്ദ്രിക | 25 |
| 6 | ദി. ഹിന്ദു | 40 |
| 7 | ഇന്ത്യൻ എക്സ്പ്രസ്സ് | 40 |
| 8 | ദീപിക | 50 |
| 9 | എക്സ്പ്രസ്സ് | 50 |
| | ആകെ | 2025 |

ആർട്ട്സ് സ്പോർട്സ് ക്ലബ്ബുകൾ ഒരു ഡസനിലേറെ കണ്ടേക്കാം. പക്ഷേ മിക്കതും കടലാസ് ക്ലബ്ബുകൾ ആണ്. ഇനിയും ചിലത് വാർഷികാഘോഷപണപ്പിരിവ് ക്ലബ്ബുകളാണ്.

## പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

### വായനശാലകളുടെ അഭാവം

ഓരാ വർഡിലും ഓരോ ഗ്രാമീണവായനശാല രൂപപ്പെടുത്തുന്നതിനുള്ള അടിയന്തിരശ്രമം ആരംഭിക്കേണ്ടതുണ്ട്. ജനകീയ സംരംഭത്തോടെ ഇതിനുള്ള സാദ്ധ്യതകൾ കണ്ടെത്താവുന്നതാണ്.

### സാംസ്കാരികനിലയം

സാംസ്കാരിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഒരു പഞ്ചായത്ത് സാംസ്കാരികനിലയം ആധുനീകസജ്ജീകരണങ്ങളോടെ അനുയോജ്യമായ സ്ഥലത്ത് പടുത്തുയർത്തണം ഈ നിലയത്തിൽ അനൗപചാരിക വിദ്യാഭ്യാസകേന്ദ്രം മഹിളാസമാജ കേന്ദ്രം, ലൈബ്രറി, വായനശാല, ടെലിവിഷൻ, റേഡിയോ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കണം. ഇതുകൂടാതെ സാദ്ധ്യമായ സ്ഥലങ്ങളിൽ സാംസ്കാരികനിലയങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊള്ളണം.

### കലാസാഹിത്യം

കലാസാഹിത്യഅഭിരുചികൾ വളർത്തുന്നതിനുള്ള ഒരൊറ്റക്രേന്ദവും ഇന്ന് പഞ്ചായത്തിലില്ല. സാംസ്കാരികനിലയത്തിന് അനുബന്ധമായി കലാഅഭ്യസനകേന്ദ്രങ്ങളും, കലാസാഹിത്യ അഭിരുചികൾ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തപ്പെടേണ്ടതുണ്ട്. പരമ്പരാഗത നാടൻകലകളെ (ഉദ:- പറയൻ കളി) തനിമയോടെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

### കായികം

കായികരംഗത്ത് വേണ്ടത്ര ശ്രദ്ധകൊടുക്കേണ്ടതുണ്ട്. പഞ്ചായത്തിന് ഒരുകളിസ്ഥലം ഒരുക്കിയെടുക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ സ്കൂൾ കളിസ്ഥലങ്ങൾ നാട്ടുകാർക്ക് സ്ക്കൂൾസമയത്തിനു ശേഷം ഉപയോഗിക്കുന്നതിനുള്ള കാര്യം ആലോചനാവിഷയമാക്കേണ്ടതുണ്ട്.

### ഓണം

ഓണാഘോഷം ഒരു സാംസ്കാരിക ഉത്സവമായി ആഘോഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. ഓണക്കളികൾ, സാഹിത്യകലാമത്സരങ്ങൾ (ഉദാ:- അക്ഷരശ്ലോകം, കവിതാരചന) തുടങ്ങിയവ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കണം.

### ഉത്സവങ്ങൾ

പഞ്ചായത്തിലെ പ്രധാന ഉത്സവങ്ങൾ ( ഭരണി, പൂരം തിരുന്നാൾ, വേല, നേർച്ചകൾ) ബഹുജനപങ്കാളിത്തത്തോടെ നടത്തുന്നതിന് സാധ്ധ്യതകൾ ആരായേണ്ടതുണ്ട്. ഓരോ ഗ്രാമത്തിലും നടത്തുന്ന ഉത്സവം ജാതിമതപരിഗണനകൾ കൂടാതെ ആ ഗ്രാമത്തിൻെറ ഉത്സവങ്ങളാക്കി മാറ്റുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കണം. വിപുലമായ ആഘോഷക്കമ്മറ്റികൾ ജനകീയ നേതൃത്വം, കൂട്ടായ്മ ഉയർത്തുന്ന പ്രവർത്തനങ്ങൾ എന്നിവ ഇതിൻെറ ഭാഗമായിരിക്കേണ്ടതുണ്ട്.

### കമ്മ്യൂണിറ്റിഹാൾ

ഒരു പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ നിർബന്ധമായും പണിയണം.

### പഞ്ചായത്ത് ലൈബ്രറി

ഇന്നത്തെ പഞ്ചായത്ത് ലൈബ്രറിയുടെ അവസ്ഥ വളരെ പരിതാപകരമാണ്. 1990നുശേഷം ഒരൊറ്റപുതിയ പുസ്തകംപോലും വാങ്ങിയിട്ടില്ല എന്നാണറിയുന്നത്. ഓരോവർഷവും ഒരു നിശ്ചിത തുക പുസ്തകം വാങ്ങുന്നതിന് വകയിരുത്തേണ്ടതുണ്ട്.

544

# വനിത

## വനിതാരംഗം പ്രശ്നങ്ങളും പ്രതിവിധികളും

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ പകുതിയിലധികം സ്ത്രീകളാണ് ( '91 ലെ സെൻസസ് പ്രകാരം പുരുഷൻമാരുടെ എണ്ണം 12118 ഉം സ്ത്രീകളുടെ എണ്ണം 14224 ഉം ആണ്) ആയിരം പുരുഷൻ മാർക്ക് 1173 സ്ത്രീകൾ! നമ്മുടെ സംസ്ഥാനത്ത് പൊതുവെയുള്ള അനുകൂലലിംഗ അനുപാതത്തേക്കാൾ വളരെ ഉയർന്ന നിരക്കാണിത്. എങ്കിലും പൊതുരംഗത്ത് സ്ത്രീകളുടെ അസാന്നിദ്ധ്യം ഒരു ഖേദകരമായ വസ്തുതയാണ്. കേരളത്തിലെ ആദ്യത്തെ മുസ്ലീം വനിതാ ഡോക്ടറെ (ഡോ: ആയിഷ.) സംഭാവനചെയ്ത നാട്, വിധവാ വിവാഹത്തിലൂടെ വിപ്ലവം സൃഷ്ടിച്ചുകൊണ്ട് എ. ആർ ബിയുടെ ഭാര്യയായി ശ്രീമതി. ആര്യാഅന്തർജനം കടന്നുവന്നനാട്, നമ്പൂതിരിസമൂഹത്തിൽ നിന്നും ആദ്യമായി എസ്. എസ്. എൽ. സി. പരീക്ഷ പാസായ വനിത (പ്രിയംദത്ത) ജനിച്ചുവളർന്ന നാട്. ആദ്യമായി സർക്കാർ സർവ്വീസിൽ പ്രവേശിച്ച നമ്പൂതിരി വനിതയുടെ നാട്, അയിത്തജാതിക്കാർക്ക് വഴിനടക്കാനുള്ള അവകാശത്തിനുവേണ്ടി നടത്തപ്പെട്ട പാലിയം സത്യാഗ്രഹത്തിൽ പങ്കെടുത്ത് മർദ്ദനം ഏറ്റുവാങ്ങിയ ശ്രീമതി പ്രിയംദത്തയുടെ നാട്. ഈ പാരമ്പര്യങ്ങളുണ്ടായിട്ടുപോലും എന്തേ ഇങ്ങനെ!

സാമൂഹികവും വിദ്യാഭ്യാസപരവും മതപരവുമായ ഒട്ടനവധി പ്രശ്നങ്ങൾ ഇതിനുകാരണമായി ചൂണ്ടിക്കാണിക്കാനാകും. മതപരമായ വിലക്കുകൾ വലിയൊരു വിഭാഗം സ്ത്രീകളെ അകത്തളങ്ങളിൽ തന്നെ തളച്ചിടുന്നതിന് പ്രേരകമായിട്ടുണ്ട്. അതുപോലെതന്നെ വിദ്യാഭ്യാസത്തിൻെറ പോരായ്മയും. സ്ത്രീസാക്ഷരത പുരുഷസാക്ഷരതയെ അപേക്ഷിച്ച് വളരെപുറകിലാണ് എന്നാണ് സർവ്വേഫലങ്ങൾ കാണിക്കുന്നത്. എങ്കിലും വളർന്നുവരുന്ന തലമുറ ഇക്കാര്യത്തിൽ ഗുണകരമായ മാറ്റങ്ങൾക്ക് വിധേയമാകുന്നുണ്ടെന്നുവേണം കരുതാൻ. ഔപചാരിക വിദ്യാഭ്യാസ രംഗത്ത് ആൺകുട്ടികൾക്കൊപ്പംതന്നെ പെൺകുട്ടികളും ഉണ്ട്. എന്നാൽ അനൗപചാരിക വിദ്യാഭ്യാസ പ്രക്രിയ സ്ത്രീകൾക്കിടയിൽ ഒട്ടുംതന്നെ നടക്കുന്നില്ല എന്നതാണ് വാസ്തവം.

പഞ്ചായത്തിലെ കുടുംബങ്ങളിൽ ഏതാണ്ട് അഞ്ചിലൊന്ന് കുടുംബത്തിൻേറയും നേതൃത്വം വനിതകൾക്കാണ്. പക്ഷേ പഞ്ചായത്ത് തലത്തിലുള്ള ബഹുജനസംഘടനകളിൽ വനിതാ നേതൃത്വം പോയിട്ട് വനിതാ പ്രാതിനിധ്യം തന്നെ വിരളമാണ്.

തൊഴിൽ മേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണ്. ഉള്ള തൊഴിൽ പങ്കാളിത്തം തന്നെ പ്രധാനമായും ഭാഗിക തൊഴിൽ മേഖലയിലാണ്. കെട്ടിടനിർമ്മാണം, ബീഡിതെറുപ്പ്; കൃഷിപണി, ഓലമെടയൽ എന്നീ മേഖലകളിലാണ് അധികം സ്ത്രീ ശക്തിയും വിനിയോഗിക്കപ്പെടുന്നത്. തുല്യജോലിക്ക് പുരുഷൻമാർക്കൊപ്പം വേതനം ലഭിക്കുന്നില്ല എന്നതും സ്ത്രീതൊഴിലാളികൾ നേരിടുന്ന ഒരു പരാധീനതയാണ്. സ്വയംതൊഴിൽ രംഗത്ത് വനിതാ സംരംഭങ്ങൾ വളരെ കുറവാണ്. സംഘപ്രവർത്തനത്തിനുള്ള സംരംഭം ഒരൊററ ടൈലറിംഗ് സെൻറർ മാത്രമാണ് ചൂണ്ടിക്കാണിക്കാനാവുന്നത്. കലാകായികരംഗത്തും വനിതാ പ്രവർത്തനം തീരെ ശുഷ്കമാണ്. മഹിളാസമാജപ്രവർത്തനം ഒട്ടും തന്നെയില്ല.

## സാദ്ധ്യതകൾ

മഹിളാസമാജം പ്രവർത്തനം അടിയന്തിരമായി ആരംഭിക്കണം. പഞ്ചായത്തിലെ വനിതാമെംബർമാരുടെ നേതൃത്വത്തിൽ വിവിധ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുമായി ചേർന്ന് ഇതിന്നുള്ള പ്രവർത്തനം ഊർജ്ജിതമാക്കണം. വാർഡുതലമഹിളാ സംഘങ്ങളും ഓരോവാർഡിലേയും രണ്ടു പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു പഞ്ചായത്തുതല കോർ ഗ്രൂപ്പും ഉൾപ്പെടുത്തണം.

തൊഴിൽ രംഗത്തും കലാകായികരംഗത്തും അനൗപചാരിക വിദ്യാഭ്യാസരംഗത്തും വേണ്ടത്ര പരിശീലനകളരികൾ സ്ത്രീകൾക്കായി സംഘടിപ്പിക്കണം അതൊടൊപ്പം കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വേദികളും രൂപപ്പെടുത്തണം

വനിതാ സഹകരണസംഘം രൂപപ്പെടുത്തുകവഴി വനിതാ രംഗത്തെ തൊഴിലില്ലായ്മ ഒരളവുവരെ പരിഹരിക്കുന്നതിന് സാധിക്കും. ഗാർമെൻറ്സ്, ബുക്ക് ബൈൻറിംഗ്, പച്ചക്കറി കൃഷി, നെയ്ത്ത്, കോഴിവളർത്തൽ തുടങ്ങിയവ സാദ്ധ്യതകളുള്ള മേഖലകളാണ്.

സ്ത്രീകൾക്കായുള്ള അനൗപചാരികവിദ്യാഭ്യാസകേന്ദ്രം ആരാംഭിക്കുന്നതും ഏറെ പ്രയോജനകരമായിരിക്കും. വായനാശീലം സ്ത്രീകൾക്കിടയിൽ കുറവാണ് എന്നത് ദുഖകരമായ വസ്തുതയാണ്.

സ്ത്രീകളുടെ കാര്യക്ഷമതവർദ്ധിപ്പിക്കുന്നതിന് ടൂ വീലർ (സൈക്കിൾ, മൊപെഡ്) പരിശീലനം ഏറെ സഹായകമായിരിക്കും ഇതിന്നുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്.

അസംഘടിതമേഖലയിലെ സ്ത്രീ തൊഴിലാളികളുടെ ക്ഷേമവും വേതനവും നീതിപൂർവമാക്കുന്നതിനുള്ള നടപടികളും ബോധവൽക്കരണവും നടത്തേണ്ടതുണ്ട്.

546

# സഹകരണമേഖല

## സഹകരണം

സാമൂഹ്യജീവിതത്തിൽ സഹകരണമേഖലയ്ക്ക് വളരെ പ്രധാന്യമേറിയ സ്ഥാനമാണുള്ളതം. വടക്കേകാട് പഞ്ചായത്തിൽ സഹകരണരംഗത്തെ സാധ്യതകൾ ശരിയായി ഉപയോഗപ്പെടുത്തുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ 3 സ്ക്കൂൾ സഹകരണ സംഘ ങ്ങളുൾപ്പെടെ 8 സഹകരണസംഘങ്ങളാണുള്ളത്.

1. വടക്കേകാട് സർവ്വീസ് സഹകരണ ബാങ്ക്- P. 562
2. വടക്കേകാട് പട്ടികജാതി സർവ്വീസ് സഹകരണ സംഘം R. 934
3. വടക്കേകാട് കൺസ്യൂമർ സഹകരണസംഘം R. 842
4. ചാവക്കാട് ബ്ലോക്ക് വനിതാ സഹകരണസംഘം R. 916
5. വടക്കേകാട് പഞ്ചായത്ത് കേര കർഷക സഹകരണ സംഘം R. 937
6. കൊച്ചനൂർ G M U P സ്ക്കുൾ സഹകരണ സംഘം R. 565
7. തിരുവളയന്നൂർ ഹൈസ്ക്കുൾ സഹകരണ സംഘം R. 588
8. വൈലത്തൂർ സെൻറ് ഫ്രാൻസീസ് UP സ്ക്കൂൾ സഹകരണ സംഘം R. 607

ഇതിൽ സ്ക്കൂൾ സഹകരണസംഘമൊഴിച്ചാൽ വടക്കേകാട് സർവ്വീസ് സഹകരണബാങ്ക് മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘത്തിന് ഒരു സെക്രട്ടറിയും ഓഫിസും ഉണ്ടെന്നതൊഴിച്ചാൽ മറ്റുപ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

## വടക്കേകാട് സർവ്വീസ് സഹകരണ ബേങ്ക്

1933ൽ വടക്കേകാട് അംശം കൗക്കാനപ്പെട്ടി ദേശത്ത് രൂപംകൊണ്ട ഐക്യനാണയസംഘവും അതേകാലത്തു തന്നെ വൈലത്തൂരിൽ രൂപംകൊണ്ട ഐക്യനാണയസംഘവും ചേർന്ന് 1966 ൽ വടക്കേകാട് സർവ്വീസ് സഹകരണ സംഘം P. 562 എന്ന പേരിൽ പുനഃസംഘടിപ്പിച്ചു. വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സംഘം 1976ൽ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി. തുടർന്ന് ഇതൊരു ബാങ്ക് ആയി ഉയർത്തപ്പെടുകയും കൊച്ചനൂരിൽ ഒരു ബ്രാഞ്ച് തുടങ്ങുകയും ചെയ്തു. 5250 അംഗങ്ങളും 23 ജീവനക്കാരും ഇപ്പോൾ ഈ സ്ഥാപനത്തിലുണ്ട്. വൈലത്തൂരിൽ ഒരു ബ്രാഞ്ചുതുടങ്ങുന്നതിനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. ഇരുപതിനായിരത്തോളം വരുന്ന ജനസംഖ്യയിൽ ഇരുപത്തിഅഞ്ചുശതമാനം ആളുകൾ മാത്രമേ സഹകരണമേഖലയുമായി ബന്ധപ്പെട്ടിട്ടുള്ളു എന്നത് ഒരു കുറവായിത്തന്നെ കണക്കാക്കണം

ഈ സ്ഥാപനത്തിൻെറ പ്രധാന ധനാഗമമാർഗ്ഗങ്ങൾ താഴെപറയുന്നവയാണ്-

1. അംഗങ്ങളിൽ നിന്നു കിട്ടുന്ന ഓഹരിസംഖ്യ.
2. ഗവൺമെൻറ് ഏജൻസികളിൽ നിന്നും കിട്ടുന്ന വായ്പകൾ.
3. പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾ.
4. സ്വർണ്ണപ്പണ്ടത്തിന്മേൽ കൊടുക്കുന്ന വായ്പകളിൽ നിന്നും കിട്ടുന്ന വരുമാനം.
5. ചിട്ടി നടത്തിപ്പിൽനിന്നും കിട്ടുന്ന കമ്മീഷൻ.

നിക്ഷേപ വായ്പയൊഴിച്ച് ബാക്കി വായപകളെല്ലാം സംഘാംഗങ്ങൾക്ക് മാത്രമുള്ളതാണ്. ആൾജാമ്യവായ്പ, സ്വർണ്ണപണ്ടപണയ വായ്പ, IRDP, MNP, എഡ്യുക്കേഷൻ വായ്പ എന്നിവയാണ് ഇവിടെ നല്കിവരുന്ന മറ്റു വായ്പകൾ. അയ്യായിരം രൂപമുതൽ അര ലക്ഷം രൂപവരെയുള്ള ചിട്ടികളും നടന്നു വരുന്നു. കൊപ്രസംഭരണത്തിനുവേണ്ടി ഒരു ഡ്രയർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല. മുമ്പ് ഈ സ്ഥാപനം കർഷകർക്കാവശ്യമായ വളവും കീടനാശിനികളും വിതരണം ചെയ്തിരുന്നെങ്കിലും ഇപ്പോൾ ആപ്രവർത്തനം നടക്കുന്നില്ല. ഓണക്കാലങ്ങളിൽ ഓണച്ചന്തകൾ നടത്താറുണ്ട്.

പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരേയൊരു സഹകരണ സ്ഥാപനം എന്ന നിലയിൽ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തുവാൻ ഇതിന്നു കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ അമ്പതിൽ കൂടുതൽ സ്വകാര്യപണമിടപാടുസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടം. ജനങ്ങൾ അത്യാവശ്യം വരുമ്പോൾ കൂടുതൽ സാങ്കേതിക ബുദ്ധിമുട്ടുകൾകൂടാതെ ഈ സ്ഥാപനങ്ങൾ ഉയർന്ന പലിശക്കുവായപകൾ കൊടുക്കുന്നു. കൂടിയ പലിശനിരക്കിൽ ജനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സ്വകാര്യപണമിടപാടുസ്ഥാപനങ്ങളുടെ അപകടാവസ്ഥമനസ്സിലാക്കാതെ വർദ്ധിച്ച പലിശനിരക്ക് എന്ന ചൂണ്ടയിൽ ജനങ്ങൾ കുടുങ്ങുന്ന അവസ്ഥ നിലനില്ക്കുന്നു. ഈ പ്രശംനം സഹ

കരണരംഗത്തേയും ജനങ്ങളേയും ദോഷകരമായാണ് ബാധിക്കുന്നത്. സ്വകാര്യപണമിടപാടുസ്ഥാപനങ്ങൾ ജനങ്ങൾക്ക് ഒരു വിപത്തായാണ് വളർന്നുവരുന്നത്. ജനങ്ങളുടെ പണസംബന്ധമായ അത്യാവശ്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയുന്നവിധം സഹകരണസംഘങ്ങളുടെ പ്രവർത്തനശൈലി മാറ്റിക്കൊണ്ടേ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ കഴിയൂ.

ഭൂമി പണയത്തിന്മേൽ വായ്പ എളുപ്പത്തിൽ ലഭിക്കാനുള്ള നടപടികൾ സഹകരണസംഘം സ്വീകരിച്ചാൽ ഈ വിപത്തിനെ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയുന്നതാണ്. പണ്ടംപണയത്തിലൂടെയും അമിതപലിശ ഈടാക്കിക്കൊണ്ട് സ്വകാര്യസ്ഥാപനങ്ങൾ ജനങ്ങളെ കൊള്ളയടിക്കുന്നുണ്ട്. അഞ്ഞൂർ,നായരങ്ങാടി, വട്ടംപാടം എന്നിവിടങ്ങളിൽ സംഘം വക പണ്ടംപണയകൗണ്ടറുകൾ പ്രവർത്തിപ്പിച്ചുകൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. അമ്പതിൽ കൂടുതൽ സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്ന് സൂചിപ്പിച്ചുവല്ലോ? ഇവയിൽ നിന്നും പഞ്ചായത്തിന് കാര്യമായ വരുമാനമൊന്നും ഇല്ല. ഇവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള അവകാശം തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് ലഭിക്കേണ്ടതുണ്ട്.

സഹകരണമേഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കാനും ജനങ്ങൾക്ക് കൂടുതൽ സഹായകരമാകാനും ഇടയുള്ള ചില നിർദ്ദേശങ്ങൾ സൂചിപ്പിക്കട്ടെ.

1. അർഹതപ്പെട്ടവർക്കെല്ലാം സഹകരണബാങ്കിൽ മെമ്പർഷിപ്പു വിതരണം നടത്തുക.

2. പഞ്ചായത്തിൽ മാവേലിസ്റേറാറുകൾ നിലവില്ലാത്ത സാഹചര്യത്തിൽ മാവേലി സ്റേറാറുകളിലൂടെ വിതരണം ചെയ്യപ്പെടുന്ന സാധനങ്ങൾ അതേ വിലക്കും അളവിലും പൊതുജനങ്ങൾക്ക് സംഘം വഴി വിതരണം ചെയ്യുക.

3. കൃഷിക്കാർക്ക് ആവശ്യമായ കാർഷിക ഉപകരണങ്ങൾ, വളം, കീടനാശിനികൾ എന്നിവ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

4. L P G ഗ്യാസിൻെറ വിതരണം സംഘത്തെ ഏല്പിക്കുക.

5. വൈദ്യുതിചാർജ്ജ്, ടെലിഫോൺ ചാർജ്ജ് എന്നിവ സംഘം വഴി സ്വീകരിക്കുക.

6. വൈലത്തൂരിൽ സഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ച് ആരംഭിക്കുക.

7. കൊപ്ര സംഭരണം ആരംഭിക്കുക.

8. സഹകരണസംഘത്തിൽ ഒരു കൃഷി വിദഗ്ദനെ നിയമിക്കുക.

9. ഗ്രാമപഞ്ചായത്തിൻെറ വിവിധ ഇനങ്ങളിലുള്ള ഫണ്ടുകൾ സഹകരണസംഘത്തിൽ നിക്ഷേപിക്കുക.

10. കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

11. മെമ്പർമാർക്കും, ഡയറക്ടർമാർക്കും, ഉദ്യോഗസ്ഥാനമാർക്കും പരിശീലന ക്ലാസ്സുകൾ നടത്തുക.

12. ചാവക്കാട് താലൂക്ക് ഹൗസിംഗ് സൊസൈറ്റിയുടെ R. 344 ഒരു ശാഖ വടക്കേകാട് പഞ്ചായത്തിൽ തുടങ്ങുക.

ഇത്തരം കാര്യങ്ങൾ പ്രവർത്തികമാക്കുകയാണെങ്കിൽ ഈ സംഘത്തെ കുടുതൽ ജനകീയമാക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിന്നും കഴിയുന്നതാണ്.

ഈ പഞ്ചായത്തിലെ സഹകരണമേഖലയിലെ മറ്റു സാധ്യതകളിലേക്ക് സജീവമായ ഒരന്വേഷണത്തിന് ഇതു വരെ ശ്രമിച്ചതായികാണാൻ കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് സാധ്യതയുള്ള ചില നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കുന്നു.

## A ക്ഷീരസഹകരണസംഘം

കൂടുതൽപാലുല്പാദിപ്പിക്കുന്ന കന്നുകാലികളെ പലരും വളർത്താൻ തയ്യാറാകാത്തത് പാലിൻെറ വിപണന സാധ്യതകളുടെ പരിമിതികൾ മൂലമാണ്. ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിച്ച് പാൽസംഭരിക്കാനുള്ള സംവിധാനം ഉണ്ടാക്കിയാൽ കുടുതൽ ആളുകൾ നല്ലയിനം കന്നുകാലികളെ വളർത്തുവാൻ താല്പര്യം കാണിക്കും. കാർഷിക ആവശ്യത്തിനുള്ള ജൈവവളത്തിൻെറ കുറവ് പരിഹരിക്കാനും ഗോബർ പ്ലാൻറുകൾ സ്ഥാപിച്ച് ഈർജ്ജപ്രശ്നത്തിന് ചെറിയതോതിൽ പരിഹാരം കാണാനും സാധിക്കും. നമ്മുടെ പ്രദേശത്ത് മാംസത്തിൻെറ ഉപയോഗം കുടുതൽ ഉള്ളതുകൊണ്ട് മാംസവശ്യത്തിനുള്ള കന്നുകാലികളുടെ ലഭ്യത കാര്യക്ഷമ്യാക്കാനും സാധിക്കുന്നതാണ്.

## B മത്സ്യ- മാംസ സഹകരണ സംഘം

തൊണ്ണൂറുശതമാനത്തിലധികം ആളുകൾ മത്സ്യമാംസം കഴിക്കുന്നവരാണ്. ഇവിടെ ഇപ്പോൾ വിറ്റഴിക്കപ്പെടുന്ന മത്സ്യങ്ങൾ കൂടുതലും പുറം നാടുകളിൽ നിന്നും വരുന്നവയും, പഴകിയവയും, ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നവയുമാണ്. മാംസവശ്യത്തിന് കൊണ്ടുവരുന്ന കന്നുകാലികളിലധികവും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാണ്. ഇത്തരം

കന്നുകാലികളുടെ രോഗാവസ്ഥയെനിർണ്ണയിക്കാനുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടല്ല മാംസത്തിനായി ഇവയെ ഉപയോഗിക്കുന്നത്.

ഒരു ദിവസം 500 കിലോ മാംസവും 1500 കിലോ മത്സ്യവും ശരാശരി നമ്മുടെ പഞ്ചായത്തിൽ ഒരു ദിവസം ഉപയോഗിക്കുന്നുണ്ട്. കൂടാതെ ഒരു ദിവസം രണ്ടായിരത്തിനും മുവായിരത്തിനും ഇടയിൽ കോഴിമുട്ടയും ഇവിടെ വിറ്റഴിക്കപ്പെടുന്നു. ഇവയുടെ ഉല്പാദനത്തേയും വിതരണത്തേയും സഹകരണമേഖലയിലേക്ക് കൊണ്ടുവരേണ്ടതാണ്. ഇതുമൂലം ജനങ്ങൾക്ക് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ലഭ്യമാകുന്നതോടൊപ്പം സാമ്പത്തികവും തൊഴിൽ പരവുമായ രംഗങ്ങളിൽ അഭിവൃദ്ധിയും ഉണ്ടാക്കാവുന്നതാണ്.

1. ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുക.
2. ശീതീകരണസംവിധാനം ഏർപ്പെടുത്തുക.
3. വാർഡുകൾ തോറും വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. ശുചിത്വ പരിശോധന നിർബ്ബന്ധമാക്കുക.

## C വനിതാ സഹകരണ വ്യവസായ കേന്ദ്രങ്ങൾ

ഗൾഫുനാടുകളിൽ ജോലിചെയ്യുന്ന ആളുകൾ ധാരാളമുള്ള ഒരു പ്രദേശമാണിത്. റെഡിമെയ്ഡ് വസ്ത്രങ്ങൾ ഇവിടെയുള്ളവർ ധാരാളം ഉപയോഗിക്കുന്നുണ്ട്. ഇവയെല്ലാം വാങ്ങുന്നത് നമ്മുടെ ജില്ലയിലെയും മറ്റുമുള്ള നഗരങ്ങളിൽ നിന്നാണ്. നമ്മുടെ പ്രദേശത്ത് റെഡിമെയഡ് വസ്ത്രനിർമാണ കേന്ദ്രങ്ങൾ ആരംഭിക്കുകയും നിർമ്മാണം ക്രേന്ദത്തോടൊപ്പം തന്നെ പരിശീലന കേന്ദ്രം ആരംഭിക്കുകയും ചെയ്തുകൊണ്ട് വസ്ത്രനിർമ്മാണരംഗത്തെ സാധ്യതകൾ ഉപയോഗപ്പെടുത്താവുന്ന താണ്.

നമ്മുടെ അടുത്തുകിടക്കുന്ന തീർത്ഥാടന ക്രേന്ദമായ ഗുരുവായൂരിൽ ധാരാളം വിറ്റഴിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രതിമകൾ കൂടുതലും മറ്റു സംസ്ഥാനങ്ങളിൽനിന്നും ഉണ്ടാക്കിക്കൊണ്ടുവരുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഇവയുടെ ഒരു നിർമ്മാണ കേന്ദ്രം വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപിക്കാവുന്നതാണ്.

മെഴുകുതിരി നിർമ്മാണം, സോപ്പുനിർമ്മാണം, ബുക്കുബൈൻഡിംഗ്, തേനീച്ച വളർത്തൽ, ഖാദിബോർഡിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സഹകരണ വ്യവസായ സംരംഭങ്ങൾ ഇവയെല്ലാം ആരംഭിക്കണമെന്ന് ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

വടക്കേകാട് സെൻററിൽ കോർപ്പറേഷൻ ബാങ്കിൻെറ ഒരു ശാഖയും വട്ടംപാടം സെൻററിൽ ഇതിൻെറ കൗണ്ടറും, സൗത്ത് ഇന്ത്യ ബാങ്കിൻെറ ഒരു ബ്രാഞ്ച് വൈലത്തുരും ഒരു ബ്രാഞ്ച് അഞ്ഞൂരും, കാത്തലിക് സിറിയൻ ബാങ്കിൻെറ ഒരു കൗണ്ടർ മണികണ്ഠേശ്വരത്തും പ്രവർത്തിക്കുന്നുണ്ട്. ഈ പ്രദേശത്തുള്ള ജനങ്ങളുടെ നിക്ഷേപം പ്രധാനമായും ഈ ബാങ്കുകളിൽത്തന്നെയാണ് നടക്കുന്നത്. പക്ഷെ ബാങ്കുകൾ വായ്പ കൊടുക്കുന്നതിൽ കുറ്റകരമായ അലംഭാവം പ്രകടിപ്പിക്കുകയാണ്. ഇവിടെയുള്ളവരിൽനിന്നും ഭീമമായ സംഖ്യ നിക്ഷേപമായി സ്വീകരിക്കുന്ന ഈ ബാങ്കുകൾ ഇവിടെയുള്ള വർക്ക് അഞ്ചു ശതമാനംപോലും വായ്പയായികൊടുക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്. ഈ പഞ്ചായത്തിലുള്ളവർക്ക് അമ്പതുശതമാനമെങ്കിലും വായ്പകൊടുക്കുന്ന സ്ഥിതി ഉണ്ടാക്കേണ്ടതുണ്ട്.

സഹകരണ മേഖലയിലെ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ സാധ്യതകളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയെന്ന് അവകാശപ്പെടാൻ കഴിയുകയില്ല. കൂടുതൽ സാധ്യതകളിലേക്ക് കുട്ടായ അന്വേഷണം നടത്തിക്കൊണ്ട് നമ്മുടെ പ്രദേശത്തിൻെറ സാമ്പത്തികവും തൊഴിൽ പരവുമായ അഭിവൃദ്ധിക്കുവേണ്ടി സംഘടിതമായിനിലകൊള്ളുകയാണ് തീർച്ചയായും അനിവാര്യമായ കാര്യം.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

എന്നും അവഗണനയും അവശതയും മാത്രം വിധിക്കപ്പെട്ട ഒരു ജനവിഭാഗമായിരുന്നല്ലോ പട്ടികജാതി- വർഗ്ഗങ്ങൾ- വടക്കേക്കാട് പഞ്ചായത്തിലും സ്ഥിതി വിഭിന്നമല്ലായിരുന്നു.

കഴിഞ്ഞ് സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ 2688 പട്ടിക ജാതിക്കാരുണ്ട്.

പട്ടികജാതിക്കാരിൽ അധികവും അടിയാളന്മാരായിരുന്നു. ജന്മികുടുംബങ്ങളിലെ കാർഷിക പ്രവൃത്തികളും തെങ്ങുകയററം, മുളകൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം എന്നിവയുമാണ് പ്രധാനതൊഴിൽ- ജാതിഹിന്ദുക്കളിൽനിന്ന് തീണ്ടപ്പാടകലെയാണ് സാമൂഹ്യമായും സാംസ്ക്കാരികമായും അവരുടെ സ്ഥാനം. സാമ്പത്തികമായോ വിദ്യാഭ്യാസപരമായോ ഒരടിത്തറയുമില്ലായിരുന്നു.

അടിയാളന്മാരായവർക്ക് ജോലി സ്ഥിരതയോ നിശ്ചിതവേതനമോ ഇല്ലായിരുന്നു. ഭൂവുടമകളുടെ കുടികിടപ്പുകാരായ ഇവർക്ക് അന്തിയുറങ്ങാനുള്ള അവകാശം പോലും അനിശ്ചിതത്വത്തിലായിരുന്നു. കുടിയിറക്കും മർദ്ദനവും നിത്യ സംഭവമായിരുന്നു. അന്തിയോളം പണിചെയ്താൽ കൂലികിട്ടുമെന്ന് യാതൊരു ഉറപ്പുമില്ലായിരുന്നു. ഇതിന്നൊരുമാററമുണ്ടാവാൻ തുടങ്ങിയത് നാല്പതുകളിലാണ്. അടുത്തപ്രദേശമായ പുന്നയൂർ പഞ്ചായത്തിലെ കുരഞ്ഞിയൂർ വെച്ചു നടന്ന കർഷകസമ്മേളനത്തിൻെറ പ്രഥമയോഗം ഈ അധഃസ്ഥിതരുടെ മനോഭാവത്തിൽ ചെറിയ മാററം വരുത്താനിടയായി. അന്നവതരിപ്പിച്ച 'പാട്ടബാക്കി' നാടകത്തിൻെറ ശക്തമായ സ്വാധീനം കർഷകത്തൊഴിലാളികൾക്ക് സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള ബോധത്തിന് പ്രേരകമായി. ഗുരുവായൂർ സത്യഗ്രഹത്തിലും അതോടനുബന്ധിച്ചുള്ള പന്തിഭോജനത്തിലും ധാരാളം അധഃസ്ഥിതർ പങ്കെടുത്തിരുന്നു. തന്മൂലം മർദ്ദനമനുഭവിക്കേണ്ടിവന്നവരും അടുത്ത കാലം വരെ ജീവിച്ചിരിപ്പുണ്ടായിരുന്നു. ക്രമേണ പരിവർത്തനത്തിൻെറ കാററ് അടിക്കാൻ തുടങ്ങി. കർഷകത്തൊഴിലാളിയൂണിയൻ, കർഷകസംഘം തുടങ്ങിയവയുടെ പ്രവർത്തനഫലമായി ജോലിസ്ഥിരത സമ്പാദിക്കാൻ കഴിഞ്ഞു. 1967 ലെ ഇ. എം. എസ്സ്. മന്ത്രിസഭ പാസ്സാക്കിയ ഭൂനിയമം വന്നതോടെ കുടികിടപ്പാവകാശ പ്രശ്നവും പരിഹൃതമായി. വിദ്യാഭ്യാസപരമായി ഇപ്പോഴും ഇവരുടെ സ്ഥിതിപുറകിലാണ്- പ്രൈമറി, ഹൈസ്ക്കൂൾ, കോളേജ്, സാങ്കേതിക കോളേജ് സൗകര്യങ്ങളുണ്ടെങ്കിലും വിദ്യാഭ്യാസം നേടിയവർ വിരളമാണ് ഒരേയൊരു ഡോക്ടറാണ് ഈ വിഭാഗത്തിൽ നിന്ന് ഈ പ്രദേശത്തുള്ളത്. സിനിമാരംഗത്ത് പ്രവർത്തിക്കുന്ന ഒരാളും ഉണ്ട്. ക്ഷേത്രകലകളിൽ പ്രാവീണ്യമുള്ള ഒരു പററം യുവാക്കളും ഉണ്ട് സ്വന്തമായി ആരാധനാലയങ്ങളും ഇവരിൽ ചില വിഭാഗക്കാർക്കുണ്ട്.

എന്നിരുന്നാലും ഇതെല്ലാം വിപുലമായ ഒരു സാമൂഹ്യക്രമത്തിൽ വളരെ നിസ്സാരമാണ്. വ്യാപകമായ പ്രചരണവും ഉദ്ബോധനവും കൊണ്ട് വിദ്യാഭ്യാസപരമായ ഉന്നതി നേടിയെങ്കിൽ മാത്രമെ ഇവരുടെ സമ്പൂർണ്ണ പുരോഗതി സാക്ഷാൽക്കരിക്കാനാവൂ.

തൊഴിലില്ലായ്മ ഏററവും രൂക്ഷമായി നിലനില്ക്കുന്നസ്ഥിതിയാണ് ഇന്നു നിലവിലുള്ളത് സർക്കാർ സർവ്വീസിൽ ജോലിചെയ്യുന്നവർ ഏകദേശം 30 പേരുണ്ട്. കാർഷികത്തൊഴിൽ രംഗത്താണ് കൂടുതൽപേരും ജോലിചെയ്യുന്നത്. കെട്ടിടനിർമ്മാണരംഗത്തും പ്രവർത്തിക്കുന്നവരുണ്ട്. സ്വന്തമായി എന്തെങ്കിലും വ്യവസായസ്ഥാപനങ്ങൾ നടത്തുന്നവർ ഈ വിഭാഗത്തിലില്ല. കൊട്ടനെയ്ത്ത് തുടങ്ങിയ ജോലികളിലും ഏതാനും പേർ ഏർപ്പെട്ടിട്ടുണ്ട്. പരമ്പരാഗത തൊഴിൽ രംഗത്തുനിന്ന് ഒഴിഞ്ഞു നില്ക്കാനാണ് ചെറുപ്പക്കാർ താല്പര്യപ്പെടുന്നത്. IRDP സ്കീം പ്രകാരം 1992 മുതൽ 78 പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. ആകെ IRDP ലിസ്ററിലുള്ള പട്ടികജാതികുടുംബങ്ങൾ 391 ആണ്. പാരമ്പര്യതൊഴിൽ മേഖലയിൽ ആധുനികവൽക്കരണം ഏർപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിക്കാൻ സഹായകരമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഉല്പന്നങ്ങളുടെ വിപണനസൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതുണ്ട്. അങ്ങിനെയായാൽ കൈത്തൊഴിൽ മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ കഴിയുന്നതാണ്. IRDP പദ്ധതി പ്രകാരം ഒരു കുടുംബത്തിന്ന് കുറഞ്ഞത് 15000 രൂപയെങ്കിലും വായ്പയായി ലഭിക്കുന്നുണ്ട്. ഈ വായ്പാസൌകര്യം ഉപയോഗപ്പെടുത്താൻ തൊഴിൽ പരമായ വൈദഗ്ദ്ധ്യം ഇന്ന് പല ചെറുപ്പക്കാർക്കും ഇല്ല. തൊഴിൽപരമായി വൈദഗ്ദ്ധ്യംനേടാനുള്ള സ്ഥാപനങ്ങൾ സ്ഥാപിച്ചുകൊണ്ട് ഈ കുറവ് നികത്തേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ തെങ്ങുകയററതൊഴിലാളികൾ ഉണ്ടെങ്കിലും അവർക്ക് ആധുനീക രീതിയിലുള്ള തെങ്ങുകയററയന്ത്രത്തെപ്പററി ഒരറിവുമില്ല. ഈ യന്ത്രം വാങ്ങാനും അത് ഉപയോഗിക്കാനുള്ള പരിശീലനംനേടാ

നും സൌകര്യപ്പെടുത്തേണ്ടതാണ്.

വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗത്തിൽപ്പെട്ട സ്ക്കുളിൽ പോകാൻ പ്രായാമായ എല്ലാ കുട്ടികളും സ്ക്കുളിൽ പോകുന്നുണ്ട്. 10-ാം തരം എത്തുംമുമ്പെ കൊഴിഞ്ഞു പോകുന്നുണ്ട് രക്ഷിതാക്കൾക്ക് ഒരു സ്ഥിര വരുമാനമില്ലാത്തതിനാൽ മററു ജീവിതമാർഗ്ഗങ്ങൾ അന്വേഷിച്ച് പോകുന്നതിലാണ് ഇതു സംഭവിക്കുന്നത്. S. S. L. C വിജയ ശതമാനം വളരെ പരിതാപകരമാണ്. ജയിച്ചവർ തന്നെ പ്രിഡിഗ്രി എന്ന കടമ്പകടക്കാൻ കഴിയുന്നവർ വിരളം- ഡിഗ്രീ പൂർത്തിയാക്കിയവർ ഏതാനും പേർ ഉണ്ട്. മെഡിക്കൽ, എഞ്ചിനീയറിങ്ങ് കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയവരും പഠിച്ചുകൊണ്ടിരിക്കുന്നവരും അപൂർവ്വം. മുതിർന്നവരിൽ നിരക്ഷരർ ഉണ്ട്.

വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പ്രത്യേക ട്യൂഷൻ ക്ലാസ്സുകൾ സൌജന്യമായി ഏർപ്പെടുത്താൻ സൌകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

കുടികിടപ്പവകാശമായി കിട്ടിയ 10 സെൻറ് ഭൂമിയിൽ ഇന്ന് മൂന്നും നാലും കുടിലുകൾവരെയുണ്ട്. ഇപ്പോൾ. പാർപ്പിട പ്രശ്നം ഇന്ന് വളരെ രൂക്ഷമാണ്. ഭൂമി അക്വയർ ചെയ്ത് അതിൽ വീടുനിർമ്മിച്ച് പട്ടികജാതിക്കാരായ ഭവനരഹിതർക്ക് വിതരണം ചെയ്യേണ്ടതാണ്. ഭൂമി കൈവശമുള്ളവർക്കായി ഭവനനിർമ്മാണത്തിന്ന് ഇപ്പോൾ കൊടുത്തുവരുന്ന 22000 രൂപ തീരെ അപര്യാപ്തമാണ്. അത് 50000 രൂപയെങ്കിലുമായി ഉയർത്തണം. ഭവനനിർമ്മാണ സാമഗ്രികളുടെ നിർമ്മാണയൂണിററുകൾ തുടങ്ങുന്നത് അഭികാമ്യമായിരിക്കും

## ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് 4 സെൻറ് സ്ഥലവും ഭവനനിർമ്മാണ സഹായവും നലംകുന്ന പദ്ധതിയാണിത്. 4 സെൻറ് സ്ഥലത്തിൻെറ വിലയായി നിശ്ചയിച്ചിട്ടുള്ള 10000-00 രൂപക്ക് ഭൂമിലഭ്യമാക്കുക എന്നത് ഇവിടെ ദുഷ്ക്കരമാണ്. ആയതുകൊണ്ട് ഈ സംഖ്യവർദ്ധിപ്പിക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം ഭവനനിർമ്മാണ വായ്പയ്ക്ക് ധാരാളം അപേക്ഷകരുണ്ടെങ്കിലും ആർക്കും ഇതേവരെ കിട്ടിയതായി അറിവില്ല.

## നിർദ്ധനരായ പട്ടികജാതിക്കാർക്ക് ചികിത്സ, പെൺമക്കളുടെ വിവാഹം എന്നിവക്ക് സഹായം നല്കുന്ന പദ്ധതി

ഈ പദ്ധതി പ്രകാരം വിവാഹത്തിന് 2000 രൂപയും ചികിത്സക്ക് 1000 രൂപയുമാണ് നൽകിവരുന്നത്. ഇത് അപര്യാപ്തമാണ് സംഖ്യവർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

പട്ടിക ജാതി പട്ടികവർഗ്ഗവികസനകോർപ്പറേഷൻെറ പ്രവർത്തനം തൃപ്തികരമല്ല. അതിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കൾക്ക് സാമൂഹികബന്ധം വളരെ കുറവാണ്. ഇത് പരിഹരിക്കാൻ കലാസാംസ്ക്കാരിക രംഗത്ത് ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും മററുവിധത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

ഈ വിഭാഗത്തിൽപ്പെട്ടവരുടെ പരമ്പരാഗത അനുഷ്ഠാന കലാരൂപങ്ങളായ പറയൻ കാളി, മൂക്കൻ ചാത്തൻ, കരിങ്കാളി എന്നിവയെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേ ശങ്ങൾ

1. കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും അവനിർമ്മിച്ചു കൊടുക്കുക.
2. വൈദ്യുതി എത്താത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക വൈദ്യുതി ലൈൻ വലിക്കാൻ ഭൂവുടമകളുടെ സമ്മതപത്രം വേണമെന്നുള്ള നിയമം ഭേദഗതി ചെയ്ത് വൈദ്യുതി കണക്ഷൻ കിട്ടുന്നതിന്നുള്ള തടസ്സം ഒഴിവാക്കുക.
3. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുക.
4. കോളനികളിൽ കുടിവെള്ളത്തിന്ന് കിണർ നിർമ്മിച്ചുകൊടുക്കുക.
5. കോളനികളിൽ വായനശാലയും ഗ്രന്ഥശാലയും ടെലിവിഷൻ സെററും സ്ഥാപിക്കുക.
6. പൊതുസത്രം നിർമ്മിക്കുക.
7. ഒരു മാവേലി സ്ററോർ തുടങ്ങുക.
8. തരിശിടുന്ന കൃഷിഭുമിയിൽ കൃഷി ചെയ്യാൻ പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികളെ അനുവദിക്കുക.
9. ഇലക്ട്രോണിക്സിൽ വൈദഗ്ധ്യം നേടിയ യുവാ

ക്കൾക്ക് തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങേണ്ടതാണ്.

10. എല്ലാ പട്ടിക ജാതി വീടുകളിലും 'പരിഷത്ത് അടുപ്പു' കൾ സ്ഥാപിച്ചുകൊടുക്കുക.

11. തെഹ്ങുകയററ തൊഴിലാളികൾക്ക് ഇൻഷൂറൻസ് സംരക്ഷണം ഏർപ്പെടുത്തുക.

12. പട്ടിക ജാതി വിദ്യാർത്ഥികസ്ക്ക് സൌജന്യ ട്യൂഷ്യൻ ഏർപ്പെടുത്തുക.

13. 10-ാം വാർഡിൽ തട്ടാൻ തറ എന്ന സ്ഥലത്തേക്ക് വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്ന റോഡുനിർമ്മാണം ഭൂമി അക്വയർ ചെയ്ത് പൂർത്തീകരിക്കുക.

14. പഞ്ചായത്തിൽ ഒരു പട്ടികജാതി പട്ടികവർഗ്ഗ വികസന സെൽ തുറക്കുക.

15. പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങൾ കോളനികളായി അംഗികരിക്കുകയും ഇവിടേക്ക് വേണ്ട എല്ലാവിധ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

കരിച്ചാൽ
വൈലത്തൂർ കണ്ണത്ത് പറമ്പ്
പാട്ടപ്പറമ്പ്
വെളുത്താട്ടിൽ പറമ്പ്
ആലത്തുരയിൽ പറമ്പ്
ചെല്ലിപ്പുറത്ത് പറമ്പ്
എളയേടത്ത് പറമ്പ്
തട്ടാൻ തറ
ചക്കിത്തറ
കൌക്കാനപ്പെടി
തെക്കുംതറ
ആഞ്ഞൂർ റോഡ്
പുങ്ങാട്ട് ആലിൻറടുത്ത്.

16. കോഴി, കാലി എന്നിവ വളർത്താനും അവയെ സംരക്ഷിക്കാനുള്ള തൊഴുത്തും കൂടും മററും നിർമ്മിക്കാനാവശ്യമായ സഹായം ചെയ്യുക.

17. റെഡിമെയിഡ് വസ്ത്രനിർമ്മാണ യൂണിറ്റ് തുടങ്ങുകയും തയ്യൽപരിശീലനത്തിന്ന് ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

18. ബാങ്കുകളുടെ വായ്പാനയത്തിൽ മാററം വരുത്തുക.

19. പട്ടികജാതി- പട്ടികവർഗ്ഗസഹകരണസംഘത്തിൽ അർഹരായമുഴുവൻ പേർക്കും അംഗത്വം നൽകി പ്രവർ ത്തനം ഊർജ്ജിതപ്പെടുത്തുക.

ഇതുവരെ നിലനിന്നിരുന്ന വികസന സങ്കല്പം നമ്മെ സംബന്ധിച്ചേടത്തോളം ഏതാനും സർക്കാർ ആനുകൂല്യങ്ങളിൽ ഒതുങ്ങിനിന്നിരുന്നു. യഥാർത്ഥ വികസനം സമ്പത്തിൻെറ ഉല്പാദനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. സമ്പത്ത് ഉല്പാദിപ്പിക്കാൻ തലമുറകളായി പാടുപെട്ടിരുന്നവരായിരുന്നെങ്കിലും അർഹമായ വിഹിതം ഇതുവരെയും ലഭിച്ചിട്ടില്ല. സമ്പത്തിൻെറ വിതരണം ന്യായമായ രീതിയിൽ നടത്താനുള്ള പോരാട്ടം സമ്പത്തുല്പാദനം പോലെതന്നെ പ്രാധാന്യമുള്ളതാണ്. പുതിയൊരുവികസന സംസ്കാരത്തിന്ന് തുടക്കം കുറിച്ച ഈ അവസരത്തിൽ നമുക്ക് അതിന്നായി പ്രയത്നിക്കാം.

### 1992- 93 മുതൽ വിവിധ ഏജൻസികൾ വഴി അനുവദിച്ച സഹായങ്ങൾ

| | | |
|---|---|---|
| 1. | ഐ. ആർ ഡി. പി | 78 |
| 2. | ട്രൈസം | 12 |
| 3. | ഭവനനിർമ്മാണം | 128 |
| 4. | കക്കൂസ് | 42 |
| 5. | വയറിങ്ങ് | 107 |

552

# വിഭവസമാഹരണം

ഏതൊരു വികസന പ്രവർത്തനത്തിന്നും ഒഴിച്ചുകൂടാനാവാത്തതാണ് വിഭവം. ആ വിഭവങ്ങൾ സമാഹരിക്കാൻ ഇവിടെ പരമ്പരാഗതമായ ചില രീതികൾ നിലനിന്നിരുന്നു. അന്നൊന്നും മനുഷ്യാധ്വാനത്തിൻെറ വലിപ്പം ആർക്കും കാണാൻ കഴിഞ്ഞിരുന്നില്ല. നമ്മുടെ പ്രദേശത്താണെങ്കിൽ അത് ധാരാളം ലഭ്യമാണുതാനും പുതിയൊരു വികസനസങ്കല്പം സാക്ഷാത്ക്കരിക്കാൻ മനുഷ്യാധ്വാനം സംഭാവനയായി സ്വീകരിക്കേണ്ട ആവശ്യകതക്ക് ഊന്നൽ നൽകേണ്ടിയിരിക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നിലവിലുള്ള പ്രധാന വരുമാനമാർഗ്ഗം കെട്ടിട നികുതിയാണ്. എന്നാൽ കെട്ടിട നികുതി കൊണ്ട് മാത്രം പഞ്ചായത്തിൻെറ ദൈനംദിന പ്രവർത്തനങ്ങൾ പോലും നടത്താൻ കഴിയില്ല എന്നത് ഒരു വസ്തുതയാണ് ആയതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനമാർഗ്ഗങ്ങളെക്കുറിച്ച് സമഗ്രമായ ഒരു പഠനം ആവശ്യമാണ്. ആയതിലേക്ക് ഏതാനും നിർദ്ദേശങ്ങൾ:-

1. കെട്ടിട നികുതിയിനത്തിൽ വളരെയധികം മാററങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ് ഉദാ:- 2000 സ്ക്വയർ ഫീററുള്ള ഒരേ തരം വീടുകൾക്ക് വ്യത്യസ്ഥമായ നികുതിയാണ് ചുമത്തിയിരിക്കുന്നത് എന്ന് ചൂണ്ടികാണിക്കപ്പെടുന്നു. ആയതിലേക്ക് ഗ്രാമ പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയമായ പഠനം നടത്തികൊണ്ട് നികുതി ഏകോപിപ്പിക്കുക. ഇതുമൂലം പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

2. പഞ്ചായത്തിന് ലഭിച്ചു കൊണ്ടിരിക്കുന്ന മറെറാരു വരുമാന മാർഗ്ഗമാണ് വിനോദനികുതി. ഈയിനത്തിൽ വിവിധയിനം വിനോദ പരിപാടികൾക്കു കുടി നികുതി ചുമത്താവുന്നതാണ്. ഉദാ- ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതിയനം സിനിമാപ്രദർശനം മാത്രമാണ്. എന്നാൽ ഗാനമേള, മിമിക്രി, നാടകം, സമ്മാന പദ്ധതി, വിവിധയിനം സ്പോർട്ട്സ് പരിപാടികൾ എന്നിവക്ക് കൂടി ഒരു നിശ്ചിത ശതമാനം നികുതി ഈടാക്കാവുന്നതാണ്.

3. മോട്ടോർ വാഹന നികുതിയിനത്തിൽ സർക്കാരിൽനിന്നും ഒരു നിശ്ചിത ശതമാനം ഫണ്ട് പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിക്കുള്ളിലെ മോട്ടോർ വാഹനങ്ങൾക്ക് ചെറിയ ശതമാനം അഡീഷണൽ നികുതി പരിച്ചെടുക്കാവുന്നതാണ്.

4. മുൻ കാലങ്ങളിൽ പഞ്ചായത്തുകൾക്ക് ലഭിച്ചു കൊണ്ടിരുന്ന ഒരു വരുമാന മാർഗ്ഗമാണ് ഭൂനികുതി. എന്നാൽ ഈ നികുതി സമ്പ്രദായം ഇപ്പോൾ നിലവില്ല. ആയതിനാൽ ഈ നികുതി സമ്പ്രദായം പുന: സ്ഥാപിക്കുന്നതുമൂലം പഞ്ചായത്തിന്ന് കൂടുതൽ വരുമാനം പ്രതീക്ഷിക്കാവുന്നതാണ്. ഇങ്ങനെ നികുതി ചുമത്തുന്നത് 25 സെൻററിൽ കൂടുതൽ ഭൂമി ഉള്ളവരിൽ നിന്നാകുമ്പോൾ സാധാരണക്കാരൻ അല്ലെങ്കിൽ ഏററവും കുറഞ്ഞ വരുമാനമുള്ള ഭൂഉടമകളെ ബാധിക്കുന്നതുമല്ല.

5. വസ്തുകൈമാററയിനത്തിൽ പഞ്ചായത്തിന് 75 ശതമാനം സ്ററാമ്പ് ഡ്യൂട്ടി ലഭിക്കുന്നുണ്ട്. എന്നാൽ വസ്തു ക്രയവിക്രിയത്തിൽ നമ്മുടെ നാട്ടിൽ നടന്നു കൊണ്ടിരിക്കുന്ന സമ്പ്രദായത്തിൽ പലവിധ പോരായ്മകളും ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഉദാ:- സെൻറ് ഒന്നിന് 24000/ രൂപ വിലമതിക്കുന്ന സ്ഥലത്തിന്ന് 6000 മോ അതിൽ കുറവോ ആയ സംഖ്യയാണ് പലപ്പോഴും കാണിക്കാറുള്ളത്. എന്നാൽ വിലമതിക്കാവുന്ന സ്ഥലങ്ങൾക്ക് അർഹിക്കുന്ന മതിപ്പ് വില നിർണ്ണയിക്കുക വഴി ന്യായമായും ഗ്രാമ പഞ്ചായത്തിന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന സംഖ്യയുടെ എത്രയോ പതിന്മടങ്ങ് ഉയർത്താവുന്നതാണ്.

6. നമ്മുടെ ഗ്രാമങ്ങളിൽ അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന സ്വകാര്യപണമിടപാട് സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിന് പുറമെ "അഡീഷണൽ ലൈസൻസ് ഫീ പ്രതിവർഷം ഈടാക്കാവുന്നതാണ്.

7. ഏതൊരു സംരംഭത്തിൻെറയും പ്രധാന വിജയം ഇന്ന് പരസ്യം മുഖേനെയാണ്. ആയതിനാൽ നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെടുന്ന പരസ്യ ബോർഡുകൾക്ക് നികുതി ചുമത്തുന്നതുമൂലം വരുമാനം ഉയർത്താവുന്നതാണ്.

8. രാജ്യത്തിൻെറ സമ്പദ് വളർച്ചക്കും. പുരോഗതിക്കും ഉതകുന്ന വിധത്തിൽ നിക്ഷേപ സമാഹരണ യജ്ഞത്തിലും ഇന്ദിരാ വികാസ് പത്ര പോലെയുള്ള സമ്പാദ്യപദ്ധതിയിലും കുടുതൽ ആളുകളെ പങ്കെടുപ്പിക്കുക വഴി. നമ്മുടെ പഞ്ചായത്തിൻെറ ദൈനംദിന പ്രവർത്തനങ്ങൾക്കായി നിക്ഷേപ സംഖ്യയുടെ 20% ഗ്രാൻറ് ലഭിക്കുന്നതാണ്.

9. നമ്മുടെ നാട്ടിലെ വിവിധ കലാ കായിക- സാംസ്കാരിക സംഘടനകൾ രജിസ്റ്ററർ ചെയ്യുന്നയിനത്തിൽ ചെറിയ തോതിൽ നികുതി ചുമത്താവുന്നതാണ്.

10. മുൻകാലങ്ങളിൽ റേഡിയോ ലൈസൻസ് സംവിധാനം ഉണ്ടായിരുന്നു. ഇപ്പോൾ ആ ലൈസൻസ് സ

സമ്പ്രദായം നിലവിലില്ല. ആയതിനാൽ കേബിൾ TV, ടെലി വിഷൻ, എന്നീ ദൃശ്യശ്രാവ്യമാദ്ധ്യമങ്ങൾക്ക് ചെറിയ തോതിൽ നികുതി ഏർപ്പെടുത്താവുന്നതാണ്.

11. കാർഷിക മേഖലയെ തളർത്തുന്നവിധം വ്യാപകമായ രീതിയിൽ നെൽപാടങ്ങൾ നികത്തികൊണ്ടിരിക്കുന്നു. ഇതു വഴി വസ്തുവിന് പതിന്മടങ്ങ് വില മതിക്കുന്നത് സ്വാഭാവികമാണ്. ഈ പ്രവണതയെ നിമയം നിരുൽസാഹപ്പെടുത്തുന്നുവെങ്കിൽ കൂടി പ്രത്യേക അനുമതി മൂലം നികത്തുന്ന നെൽപാടങ്ങൾക്ക് അധികരിച്ച തോതിൽ നികുതി ചുമത്താവുന്നതാണ്.

12. ധാരാളം വിദേശ മലയാളികൾ അധിവസിക്കുന്ന നമ്മുടെ നാട്ടിൽ വിദേശ നാണയം ഉപയോഗപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങളും, വ്യവസായങ്ങളും ആരംഭിക്കുക വഴി പഞ്ചായത്തിന്ന് തൊഴിൽ നികുതി വഴിയും, രജിസ്ട്രേഷൻ ഫീസിനത്തിലും നികുതി പ്രതീക്ഷിക്കാവുന്നതാണ്.

13. സന്നദ്ധസംഘടനകളുടെയും വ്യക്തികളുടെയും നേതൃത്വത്തിൽ മനുഷ്യാധ്വാനം സ്വീകരിച്ച് വികസന പ്രവർത്തനം നടത്താവുന്നതാണ്. കൂടാതെ പണമായി സംഭാവനയും സ്വീകരിക്കാവുന്നതാണ്.

വടക്കേകാട് പഞ്ചായത്ത് ഒമ്പതാം പദ്ധതിക്കായി സമർപ്പിക്കുന്ന വിവിധ പദ്ധതികൾ സർക്കാരിൽ നിന്നും കിട്ടുന്ന സാമ്പത്തിക സഹായങ്ങൾകൊണ്ടുമാത്രം നടക്കുകയില്ല. ജനങ്ങളുടെ വിവിധ തരത്തിലുള്ള പങ്കാളിത്തത്തോടെ, മനുഷ്യാദ്ധ്വാനവും, ധനപരമായ സഹായങ്ങളും എല്ലാം യോജിച്ചുപ്പിച്ചുകൊണ്ടുള്ള ഒരു വികസനകാഴ്ചപ്പാട് ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. സാമ്പ്രദായിക രീതികളിൽ നിന്നും വ്യത്യസ്ഥമായ ഒരു വികസന കാഴ്ചപ്പാട് ജനങ്ങളിൽ സൃഷ്ടിച്ചാലല്ലാതെ നമ്മുടെ ശ്രമങ്ങൾ വിജയിക്കുകയില്ല. ഒമ്പതാം പദ്ധതി യഥാർത്ഥ ജനകീയ സംരംഭമാക്കിത്തീർക്കാൻ നമുക്കു കൂട്ടായി ശ്രമിക്കാം.

പട്ടിക 1. വരവ് സംബന്ധിച്ച വിവരങ്ങൾ 95-96

| ഇനം | വരവ് |
|---|---|
| കെട്ടിട നികുതി | Rs451654-30 |
| തൊഴിൽ നികുതി | Rs148095-00 |
| ലൈസൻസ് ഫീസ് | Rs 8054-00 |
| വസ്തുകൈമാററ നികുതി | Rs 60410-00 |
| സർക്കാർ ഗ്രാൻറുകൾ | Rs 29477-00 |
| ഡെപ്പോസിററ് | Rs 71481-00 |
| മററുള്ളവ | Rs485704-00 |
| ആകെ | Rs 1254875-95 |

പട്ടിക 2 പഞ്ചായത്ത് വരുമാനം

| വർഷം | തുക | വാർഷിക വർദ്ധന നിരക്ക് |
|---|---|---|
| 1991-92 | Rs 1085446.80 | |
| 1992-93 | Rs 1279552.25 | |
| 1993-94 | Rs1531441.05 | |
| 1994-95 | Rs1601763.35 | |
| 1995-96 | Rs1254875.95 | |

പട്ടിക 3. ചെലവുസംബന്ധിച്ച വിവരങ്ങൾ

| ഇനം | ചെലവ് രൂപ |
|---|---|
| ഭരണം | Rs 561215-00 |
| പൊതുമരാമത്ത് (Untied) | Rs 665939-00 |
| വിദ്യഭ്യാസം | Rs 45513-10 |
| തെരുവുവിളക്ക് കത്തിക്കൽ | Rs 33720-00 |
| മററുള്ളവ | Rs 979581-30 |
| ആകെ | Rs 2285968 -40 |

പട്ടിക 5 JRY വരവ്

| വർഷം | തുക | ജനറൽ | ശതമാനം | പ. ജാതി | ശതമാനം |
|---|---|---|---|---|---|
| 1991-92 | 398100 | 338385 | 85% | 59715 | 15% |
| 1992-93 | 40400 | 343400 | 85% | 60600 | 15% |
| 1993-94 | 457350 | 354446 | 77.5% | 102904 | 22.5% |
| 1994-95 | 326610 | 253123 | 77.5% | 73487 | 22.5% |
| 1995-96 | 299900 | 232422 | 77.5% | 67478 | 22.5% |

JRY ചെലവ്

| വർഷം | തുക | ജനറൽ | ശതമാനം | പ. ജാതി | ശതമാനം |
|---|---|---|---|---|---|
| 1991-92 | 400851 | 338851 | 84.53% | 62000 | 15.47% |
| 1992-93 | 405113 | 344613 | 85.06% | 60500 | 14.94% |
| 1993-94 | 221762 | 186362 | 84.03% | 35400 | 15.97% |
| 1994-95 | 462474 | 383574 | 82.94% | 78900 | 17.06% |
| 1995-96 | 401200 | 365000 | 90.98% | 36200 | 9.02% |

പട്ടിക. 4. അൺ ടൈഡ് ഫണ്ട്

| വർഷം | ജനറൽ വരവ് | ചെലവ് | എസ്. സി. പി വരവ് | ചെലവ് |
|---|---|---|---|---|
| 1990-91 | 120000-00 | 120000-00 | 50000-00 | 50000-00 |
| 1991-92 | 125000-00 | 125000-00 | 51000-00 | 51000-00 |
| 1992-93 | 128500-00 | 128500-00 | 56000-00 | 56000-00 |
| 1993-94 | 122600-00 | 122600-00 | 70000-00 | 70000-00 |
| 1994-95 | 218100-00 | 218100-00 | 76000-00 | 76000-00 |
| 1995-96 | 196300-00 | 196300-00 | 106400-00 | 106400-00 |

## ഉപസംഹാരം

വടക്കേക്കാട് പഞ്ചായത്തിലെ ജനങ്ങളുടെ അനുഭവത്തിന്റേയും അറിവിന്റേയും അടിസ്ഥാനത്തൽ തയ്യാറാക്കിയതാണ്, ഈ വികസന റിപ്പോർട്ട്. നമ്മുടെ ഗ്രാമ പ്രദേശത്തിന്റെ അഭിവൃദ്ധിക്കും വികസനത്തിനും വേണ്ടി പുതിയൊരു ജനകീയ കൂട്ടായ്മയാണ് അനിവാര്യമായിരിക്കുന്നത്. സാമ്പ്രദായികമായ രീതികളിൽ നിന്നും വേറിട്ടുകൊണ്ട് ഈ ഗ്രാമത്തിലെ ജനങ്ങളുടെ ആത്മാവു കണ്ടെത്തുന്ന പുതിയ ഐക്യബോധത്തിലേക്ക് നാം വളരേണ്ടതുണ്ട്. പുതിയ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ ആവശ്യങ്ങളും സാധ്യതകളും അടങ്ങിയ ഒരുരേഖയാണിത്. ജനകീയ ചർച്ചകളിലൂടെ ഈ രേഖയെ സമ്പുഷ്ടമാക്കണമെന്നും, അതിന്റെ പ്രയോഗവല്കരണത്തിനായി ഇവിടുത്തെ ജനങ്ങൾ അണിനിരക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

എന്ന്
വടക്കേക്കാട്
ഗ്രാമപഞ്ചായത്ത്
ഭരണസമിതി

# കുറിപ്പുകൾ

# കുറിപ്പുകൾ

## കുറിപ്പുകൾ

559

# 1996

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസനരേഖ

Typesetting

Mouse & Minds Shornur Road Thrissur Ph : 334542

Ebenezer, Thrissur - 12. Ph: 3618